# വശീകരണ മന്ത്രം

Vasheekarana Manthram | Author : Chankyan | www.kambistories.com

ഹായ് ഗയ്സ് ഞാൻ ആദ്യമായി എഴുതുന്ന ഫിക്ഷൻ സ്റ്റോറി ആണ്. എല്ലാവരുടെ യും സപ്പോർട്ടും സ്നേഹവും പ്രതീക്ഷിക്കുന്നു.

അനന്തുവിന്റെ അച്ഛച്ചൻ മരിച്ചിട്ട് ഇന്നേക്ക് ഒരു മാസം തികഞ്ഞു. അച്ഛച്ചൻ പേരക്കുട്ടി എന്ന ബന്ധത്തിൽ ഉപരി അവർ രണ്ടു ശരീരവും ഒരു മനസ്സുമായിരുന്നു. അവനെ അച്ഛച്ചന് പെരുത്ത് ഇഷ്ട്ടമായിരുന്നു.

അനന്തുവിനും അങ്ങനെ തന്നെ. ഞാൻ ഇന്ന് അനന്തു കൃഷ്ണന്റെ ജീവിത കഥയാണ് ഇവിടെ നിങ്ങൾക്കു മുൻപിൽ വെളിപ്പെടുത്താൻ പോകുന്നത്. അനന്തുവിന്റെ അച്ഛൻ രവി, അച്ഛച്ചൻ രാജേന്ദ്രൻ, അമ്മ മാലതി അനിയത്തി ശിവപ്രിയ എന്ന ശിവ ഇതായിരുന്നു അവരുടെ കുടുംബം.

എന്നാൽ 5 വർഷങ്ങൾക്ക് മുൻപ് അച്ഛൻ ആക്സിഡന്റിൽ മരണപെട്ടു. അതിനു ശേഷം അവരെ നോക്കിയത് അച്ഛച്ചൻ ആയിരുന്നു. അമ്മ ഒരു അംഗനവാടി ടീച്ചർ ആണ്.

സാമ്പത്തികമായി വളരെ പിന്നോക്കം ആയതുകൊണ്ട് അവർ ഒരു പഴയ വീട്ടിൽ  ആണ് താമസം.ഒരു മാസം മുൻപ് ആണ് ഹൃദയാഘാതത്തെ തുടർന്ന് അച്ഛച്ചൻ അവരെ  വിട്ടു പിരിഞ്ഞത്. അച്ഛന്റെയും അമ്മയുടെയും ഒരു ഒളിച്ചോട്ടം ആയിരുന്നതിനാൽ പറയത്തക്ക ബന്ധുമിത്രാദികൾ അവർക്ക് ഇല്ലായിരുന്നു.

അമ്മയ്ക്ക് ഒരു ജോലി ഉള്ളതിനാൽ ആരുടേയും മുമ്പിൽ കൈ നീട്ടാതെ അല്ലലില്ലാതെ ജീവിക്കാൻ പറ്റുന്നു.  അങ്ങനെ ഒരു മാസത്തിനു ശേഷം അമ്മയുടെ നിർബന്ധത്താൽ അനന്തുവും ശിവയും വീണ്ടും പഠിക്കാൻ പോകുവാൻ തുടങ്ങി.

അനന്തു ബി. എഡ് അവസാനവർഷ വിദ്യാർത്ഥി ആണ്. അനിയത്തി പ്ലസ് വണ്ണിൽ പഠിക്കുന്നു. വിരസമായ ക്ളാസ്സുകൾ അവന്റെ മനസ്സിനെ വല്ലാതെ മടുപ്പിച്ചു. പിന്നെ ആകെ ഉണ്ടായിരുന്ന സമാധാനം അവന് അവിടെ നിന്നും കിട്ടിയ രണ്ടു ചങ്കുകളുടെ സൗഹൃദം ആണ്. സ്നേഹയും രാഹുലും.

അനന്തുവും രാഹുലും സ്നേഹയും കട്ട കമ്പനി ആണ്.മൂവർ സംഘം.  ക്ലാസ്സ് കട്ട് ചെയ്യാനും അലമ്പാക്കാനും ഉഴപ്പാനും ഒക്കെ അവർ അവന്റെ കൂടെ ഉണ്ട്. മൂന്നുപേരും ഒരു മനസ്സായി അടിച്ചു പൊളിക്കുന്നു. സ്നേഹ സാമ്പത്തികമായി വളരെ ഉന്നതിയിൽ ഉള്ള പെൺകുട്ടി ആണ് .

അവളുടെ അച്ഛൻ അറിയപ്പെടുന്ന ഒരു കോൺട്രാക്ടർ ആണ്. എന്നാൽ രാഹുൽ പക്കാ ഒരു ഗ്രാമവാസി ആയിരുന്നു. തനി ശുദ്ധൻ. ഇടക്കിടക്ക് രാഹുലും അനന്തുവും സ്നേഹയുടെ വീട് സന്ദർശിക്കാറുണ്ട്. അവളുടെ അച്ഛനും അമ്മയ്ക്കും അവർ മക്കളെ പോലെ തന്നെ ആണ്.

അങ്ങനെ അച്ഛച്ചന്റെ വിയോഗത്തെ തുടർന്നുള്ള ദുഃഖം മറക്കാൻ പഠനത്തിൽ മുഴുകിയിരുന്ന സമയത്താണ് അവിചാരിതമായി  അച്ഛച്ചന്റെ മുറിയിൽ അനന്തു കയറുന്നത്.

അസൈൻമെന്റ് നുള്ള പേപ്പർ വർക്ക് തയാർ ആക്കാൻ  ബുക്ക്സ് റെഫർ ചെയ്യാൻ ആണ് അവിടെ കയറിയത്. അദ്ദേഹത്തിന് വിശാലമായ ഒരു ലൈബ്രറി കൈ വശം ഉണ്ടായിരുന്നു.

ഒരു തത്വജ്ഞാനിയെപ്പോലെയാണ് അദ്ധേഹം പെരുമാറിയിരുന്നത്. മുറിയിൽ കയറി നിന്നപ്പോഴും അച്ഛച്ചന്റെ മണം ഇപ്പോഴും അവിടെ നിറഞ്ഞു നിൽക്കുന്നതായി അവന് അനുഭവപ്പെട്ടു.പതിയെ തനിക്ക് ആവശ്യമായ ബുക്ക്സ് പരതാൻ തുടങ്ങി.

എന്നാൽ അവന് ആ ബുക്ക്സ് കണ്ടെത്താൻ സാധിച്ചില്ല. നിരാശയോടെ മുറിയിൽ ആകമാനം കണ്ണോടിക്കുന്നതിന് ഇടയിൽ ആണ് ഭിത്തിയുടെ മുകൾ തട്ടിൽ ഒരു പഴയ ട്രങ്ക് പെട്ടി അനന്തുവിന്റെ ശ്രദ്ധയിൽ പെട്ടത്.

അവൻ പൊടുന്നനെ മുറിയിൽ ഉണ്ടായിരുന്ന സ്റ്റൂൾ എടുത്തിട്ട് അതിന്റെ മുകളിൽ കയറി നിന്നു ഏന്തി വലിഞ്ഞു അത് വലിച്ചെടുത്തു. കിരുകിരാ ശബ്ദം അവന്റെ കാതിൽ പതിഞ്ഞു.പതിയെ താഴേക്കിറങ്ങി ആ ട്രങ്ക് പെട്ടി സൂക്ഷ്മതതോടെ അച്ഛച്ചന്റെ കട്ടിലിൽ വച്ചു.

അനന്തു അമ്പരപ്പോടെ  ആ പെട്ടി പുറമേ പരിശോധിച്ചു നോക്കി. മരത്തിന്റെ തടികൊണ്ട് നിർമിച്ച ഒരു പെട്ടിയായിരുന്നു അത്.പതിയെ കൈയിലെടുത്ത് അത് തിരിച്ചും മറിച്ചും സൂഷ്മതയോടെ നോക്കി.

പെട്ടിയുടെ ഒരു വശത്ത് ചിറകുകൾ വിടർത്തിയ ഒരു കൂറ്റൻ പക്ഷിയുടെ തോളിലേറി അമ്പും വില്ലും കുലയ്ക്കുന്ന ഒരു യോദ്ധാവിന്റെ ചിത്രം ആലേഖനം ചെയ്തിട്ടുണ്ട്. ചിത്രത്തിലുള്ള യോദ്ധാവ് തീർത്തും നഗ്നനാണ്. പതിയെ അവന്റെ കൈവിരലുകൾ ആ യോദ്ധാവിന്റെ മുഖത്തിലൂടെ ഓടിച്ചു.

ഇത്രയും സൗന്ദര്യമുള്ള ഒരു യുവാവിനെ അവൻ ആദ്യമായി കാണുകയായിരുന്നു. അവനും സുന്ദരൻ ആണെങ്കിലും ആ യുവാവിന്റെ മുഖത്ത് നിന്നും കണ്ണെടുക്കാൻ അനന്തുവിന് തോന്നിയില്ല. ചിത്രത്തിൽ ആലേഖനം ചെയ്തിട്ടുള്ള യോദ്ധാവിന്റെ കണ്ണുകൾക്ക് പോലും വല്ലാത്ത കാന്തിക ശക്തി ഉള്ളതായി അനന്തുവിന് അനുഭവപ്പെട്ടു.

പൊടുന്നനെ യോദ്ധാവിന്റെ ചിത്രത്തിൽ നിന്നും കണ്ണുകളെടുത്ത് അവൻ പെട്ടി തിരിച്ചുപിടിച്ചു.അതിൽ വലിയൊരു വൃത്തത്തിനു മധ്യേ താമരയിതൾ പോലെ ഓവൽ ഷേപ്പിലുള്ള 5 രൂപങ്ങൾ വൃത്തത്തിന്റെ മധ്യത്തിലുള്ള കേന്ദ്ര ബിന്ധുവിൽ ബന്ധിപ്പിച്ച പോലെ കോർത്തു വച്ചിരിക്കുന്നു. ഈ രൂപം അതിൽ കൊത്തിവച്ചിരുക്കുന്നു.

വൃത്തത്തിനു ചുറ്റും നാല് ഭാഗത്തായി ക്രീം നിറത്തിലുള്ള കൂർത്ത മുനയുള്ള ഒരു വസ്തു ബന്ധിപ്പിച്ചു വച്ചിരിക്കുന്നു. അനന്തുവിന് അത് ഏതോ ജീവിയുടെ പല്ലോ നഖമോ അന്നെന്ന് ഒരു നിമിഷം തോന്നി. ഒരുപാട് വർഷത്തെ പഴക്കം ആ പെട്ടിക്ക് ഉള്ളതായി അവനു തോന്നി.

പെട്ടി തുറക്കാൻ വേറൊരു വഴിയും കാണാത്തതിനാൽ അവൻ വേഗം തന്റെ റൂമിലേക്ക് പോയി ചുറ്റികയും കട്ടിംഗ് പ്ലയറും അടുക്കളയിൽ നിന്ന് കത്തിയും കൈയ്യിലേന്തി അച്ഛച്ചന്റെ റൂമിലേക്ക് നടന്നെത്തി. വാതിൽ അകത്തു നിന്നും പൂട്ടി അനന്തു  ട്രങ്ക് പെട്ടിക്ക് ചാരെ ഇരുന്നു.

എന്തോ ഒരു വിലപ്പെട്ട നിധി ഇതിനുള്ളിൽ ഉണ്ടെന്ന് അവന്റെ മനസ്സ് മന്ത്രിച്ചു.ചുറ്റിക ഉപയോഗിച്ച് അവൻ പെട്ടി പൊളിക്കാൻ തുടങ്ങി പക്ഷെ നിരാശയായിരുന്നു ഫലം. ആ പെട്ടിയിൽ ഒരു പോറൽ പോലും പറ്റാത്തത് അവനെ അത്ഭുതപ്പെടുത്തി.

ചുറ്റികയ്ക്ക് പുറമേ കത്തിയും കട്ടിംഗ് പ്ലയറും ഉപയോഗിച്ച് അനന്തു പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും തോറ്റു പോയി. അവസാനം ദേഷ്യവും സങ്കടവും സഹിക്കാനാവാതെ മുഷ്ടി ചുരുട്ടി അവൻ പെട്ടിയിലിടിച്ചു. കലിതീരാതെ വീണ്ടും ഇടിച്ചപ്പോൾ അനന്തുവിന്റെ വിരൽ അവിടുള്ള കൂർത്തഭാഗത്തിൽ കൊണ്ട് മുറിഞ്ഞു.അവൻ വേദനയോടെ കൈ പുറകിലേക്ക് വലിച്ചു.

എന്നാൽ കൈ വലിക്കുന്നതിനിടെ കുറച്ചു രക്ത തുള്ളികൾ ആ വൃത്തത്തിനുള്ളിൽ ഇറ്റു വീണു. അനന്തു വിരൽ മുറിഞ്ഞ ഭാഗത്തു അമർത്തി പിടിച്ചു ദേഷ്യത്തോടെ പെട്ടിയിലേക്ക് നോക്കിയപ്പോൾ വൃത്തത്തിനുള്ളിൽ വീണ രക്തം അതു ആലേഖനം ചെയ്ത രേഖകളിലൂടെ പതിയെ ചലിക്കുന്നത് ശ്രദ്ധയിൽ പെട്ടു.

ദേഷ്യം പൊടുന്നനെ പോയി അത്ഭുതത്തോടെ അവൻ കൺമുമ്പിൽ നടക്കുന്നത് സത്യമോ മിഥ്യയോ എന്ന ചിന്തയിൽ ആശങ്കാകുലനായി ഇരുന്നു. ഓവൽ ഷേപ്പിലൂടെയും വൃത്തത്തിലൂടെയും രക്ത തുള്ളികൾ ഒഴുകി പരന്ന ശേഷം പൊടുന്നനെ പ്രത്യേക ശബ്ദത്തോടെ ട്രങ്ക് പെട്ടി രണ്ടായി വിഭജിച്ചു മാറി.

ആകാംക്ഷയോടെ അനന്തു മിടിക്കുന്ന ഹൃദയത്തോടെ പെട്ടി വലിച്ചു തുറന്നു. അപ്പോൾ അവിടാകമാനം എന്തോ ഒരു തരം സുഗന്ധം പരക്കുന്നതായി അവനു തോന്നി. വല്ലാതെ മത്തുപിടിപ്പിക്കുന്ന ഗന്ധം. അവന്റെ ജീവിതത്തിൽ ആദ്യമായി ആണ് അത്തരം ഒരു സുഗന്ധം അവനു അനുഭവപ്പെടുന്നത്.

പെട്ടിയുടെ ഉള്ളിലേക്ക് അവൻ ഉറ്റു നോക്കി. ഒരു ചുവന്ന പട്ടിൽ എന്തൊക്കെയോ പൊതിഞ്ഞു വച്ചിരിക്കുന്നതായി അവനു മനസ്സിലായി. വിറയ്ക്കുന്ന കൈകളോടെ അവൻ ആ പൊതി എടുത്തു പട്ടിനു മുകളിൽ കുടുക്കി വച്ചിരിക്കുന്ന ചരട് വലിച്ചെടുത്തു.

ഈ സമയം ചുവന്ന പട്ട് താഴേക്ക് ഉതിർന്നു വീണു. അവൻ പതിയെ പട്ട് കൈകൾകൊണ്ട് വകഞ്ഞു മാറ്റി. ആ സമയം അവനു കണ്മുൻപിൽ പ്രത്യക്ഷപ്പെട്ടത് കുറച്ചു താളിയോലകൾ ആണ്. അനന്തു സസൂക്ഷ്മം അതിൽ നിന്നും ഒരു കെട്ട് കയ്യിൽ എടുത്തു.

അവൻ അതിലേക്ക് തന്നെ ദൃഷ്ടി പതിപ്പിച്ചു. പനയോലയിൽ നാരായം കൊണ്ടു എഴുതിയതാണിവ എന്ന് അനന്തുവിനു മനസ്സിലായി. എന്നാൽ അതിൽ രേഖപ്പെടുത്തിയത് മലയാള ഭാഷയ്ക്ക് പകരം കൊൽപി എന്ന പ്രാകൃതമായ ഭാഷ ആയിരുന്നു.

മലയാള ഭാഷയ്ക്ക് ഒപ്പം തന്നെ മലബാറിലെ ജനങ്ങൾ ഉപയോഗിച്ചിരുന്ന ഭാഷ ആയിരുന്നു കൊൽപി. എന്നാൽ ബ്രിട്ടീഷ് അടിച്ചമർത്തലിനൊപ്പം കൊൽപി എന്ന ഭാഷ നാമാവശേഷമായി.

ഇന്ന് കൊൽപി വായിക്കാനും എഴുതാനും അറിയുന്നവർ വളരെ വിരളമോ വിരലിൽ എണ്ണാവുന്നരോ മാത്രമായിരിക്കും എന്ന് അച്ഛച്ചൻ ഒരിക്കൽ പറഞ്ഞിരുന്നത് അവനു ഓർമ വന്നു.

അച്ഛച്ചൻ കൊൽപി ഭാഷയിൽ അഗ്രഗണ്യൻ ആയിരുന്നു. അനന്തുവിനെയും അദ്ദേഹം ആ ഭാഷ സ്വായത്തമാക്കാൻ അനുവദിച്ചിട്ടുണ്ട്. അനന്തു കൗതുകത്തോടെ ആ താളിയോലകെട്ട് എടുത്തു മേശപ്പുറത്തു വച്ചു. സ്റ്റൂൾ എടുത്ത് വച്ചു അതിനു മുകളിൽ ഇരുന്നു അവൻ താളിയോലക്കെട്ട് വായിക്കുവാൻ തുടങ്ങി.

അതിനു മുകളിൽ ഇപ്രകാരം കൊൽപി ഭാഷയിൽ എഴുതിയിരുന്നു.......

"വിട്കടച്ചതുപുര "

അനന്തു ആ വാക്ക് വായിച്ചു നോക്കി. അതിന്റെ മലയാളം തർജ്ജമ ഇപ്രകാരമായിരുന്നു.....

"വശീകരണ മന്ത്രം "

ഒരു നാല് വരി ശ്ലോകം പോലുള്ള മന്ത്രം അവൻ മനസ്സിരുത്തി വായിച്ചു.വായിച്ചപാടേ തന്നെ അനന്തു ആ ശ്ലോകം ഹൃദിസ്ഥമാക്കി. അതു മനസ്സിൽ പതിഞ്ഞതും മനസ്സിന് വല്ലാത്തൊരു ധൈര്യവും ആവേശവും വന്നു ചേരുന്നതായി അവനു തോന്നി.

ശരീരത്തിൽ ആകെ ഒരു തരം തരിപ്പ് വന്നു നിറയുന്നതായി അവനു തോന്നി. മുൻപ് പെട്ടി തുറന്നപ്പോൾ ഉണ്ടായിരുന്ന ഗന്ധം വീണ്ടും അവിടെ അലയടിക്കുന്നതായി അവനു തോന്നി. പെട്ടെന്നു ആ താളിയോലക്കെട്ടിൽ നിന്നും മിന്നൽപിണർ പോലെ വെളുത്ത പ്രകാശം അവനെ സ്പർശിച്ചതും പൊടുന്നനെ അനന്തു ബോധം കെട്ടു നിലത്തു വീണു.

അപ്പോഴും മേശപ്പുറത്തു ഇരുന്ന താളിയോലക്കെട്ട് വല്ലാതെ തിളങ്ങുന്നുണ്ടായിരുന്നു. വീണ്ടും അതിൽ നിന്നും ആ സുഗന്ധം അവിടാകമാനം പരക്കാൻ തുടങ്ങി.

സുഖകരമായ നിദ്രക്ക് ശേഷം അനന്തു പതിയെ കണ്ണു തുറന്നു. വല്ലാത്ത ക്ഷീണത്തോടെ അവൻ നിലത്തു നിന്നു എണീറ്റു മൂരി നിവർന്നു. കണ്ണുകൾ അമർത്തി തുടച്ചു അവൻ നോക്കുമ്പോഴാണ് അവൻ നിലത്തു നിന്നാണ് എണിറ്റതെന്നു ബോധം വന്നത്.

അവൻ പതിയെ  സ്റ്റൂളിൽ പോയി ഇരുന്നു ഈ സമയം അനന്തുവിന്റെ അമ്മ മാലതി പുറത്തു നിന്നും വാതിലിൽ കൊട്ടികൊണ്ട് ഉറക്കെ വിളിച്ചു കൂവി.

"ഡാ ചെക്കാ നീ എന്താക്ക്ന്ന് ഉള്ളിൽ? "

"ഒന്നും ഇല്ലമ്മ  കുറച്ച് ബുക്ക്സ് നോക്കുവാ"

"അത് കഴിഞ്ഞിട്ട് വേഗം ചായ കുടിക്കാൻ വായോ ചെക്കാ "വാതിലിനപ്പുറം നിന്ന് അമ്മ കയറു പൊട്ടിച്ചു.

"വരാം അമ്മേ ... അമ്മ പൊയ്ക്കോ"

അനന്തു ആശ്വാസത്തോടെ നെഞ്ചിൽ കൈ വച്ചു. പൊടുന്നനെ അവൻ താളിയോലക്കെട്ട് പട്ടിൽ പൊതിഞ്ഞു ഭദ്രമായി ട്രങ്ക് പെട്ടിയിൽ വച്ചു അതു യഥാസ്ഥാനത്തു തിരികെ വച്ചു.

വാതിൽ തുറന്നു റൂമിനു വെളിയിലേക്ക് ഇറങ്ങി അവൻ അടുക്കളയിൽ ചെന്നു ചായ മോത്തി കുടിച്ചു.അമ്മയോട് കുറേ നേരം കൊഞ്ചി അനിയത്തിയുമായി തല്ലു കൂടി അവൻ സമയം കളഞ്ഞു. പിന്നെ കുളിക്കാൻ പോയി വന്നു ഒരു മുണ്ടും ബനിയനും ഇട്ട് വീടിനു മുൻപിലൂടെ ഉലാത്തികൊണ്ടിരുന്നു.

ഈ സമയം അനന്തുവിന്റെ വീടിനു തൊട്ട് അടുത്ത വീട്ടിലേക്ക് അവന്റെ കണ്ണുകൾ പാറി. അവിടെ വീടിനു പുറത്തു ഫോണിൽ ആരോടോ സംസാരിക്കുകയാണ് ഇന്ദു ചേച്ചി. അവന്റെ കണ്ണുകൾ ഇന്ദുവിന്റെ ശരീരത്തിലൂടെ ആകമാനം ഉഴിഞ്ഞു കൊണ്ടിരുന്നു.

രണ്ടാമത്തെ പ്രസവം കഴിഞ്ഞു ഒരു മാസം മുൻപ് ആണ് ചേച്ചി ഇവിടേക്ക് വന്നത്. മുമ്പത്തേതിനേക്കാളും ഇപ്പൊ ചേച്ചി ഒന്നുകൂടി തടിച്ചു കൊഴുത്തെന്നു അവനു തോന്നി. സൗന്ദര്യം ഒക്കെ ഇരട്ടിയായി. അവൻ കണ്ണുകൾകൊണ്ട് അവളെ കൊത്തിപറിച്ചു.

കണ്ടാൽ 30 വായസായി എന്ന് ആരും പറയില്ലെന്ന് ആത്മഗതം പറഞ്ഞു അവൻ വീണ്ടും പഴയപോലെ ഉലാത്താൻ തുടങ്ങി. ഇന്ദു ചേച്ചിയിൽ പണ്ടേ ഒരു കണ്ണ് ഉണ്ടെങ്കിലും അവരെ അപ്രോച്ച് ചെയ്യാൻ അനന്തുവിനു പേടിയായിരുന്നു.

കാരണം അവരുടെ തന്റേടിയായിട്ടുള്ള സ്വഭാവവും പുരുഷ വിദ്വേഷവും ആയിരുന്നു.ഒരു ആണുങ്ങളെയും അവർ അടുപ്പിക്കാറില്ല, എന്തിന് ചെറുപ്പം മുതലേ കാണുന്ന തന്നോട് പോലും അവർ ചിരിച്ചു കാണിച്ചിട്ടില്ല ഇതുവരെ. ഇനി താൻ ചിരിച്ചാൽ പോലും അവർ മുഖം വെട്ടിക്കുകയാണ് പതിവ്.

പിന്നെ താനും തീരെ അവരെ ഗൗനിക്കാറില്ല. ഇത്രയും മൂശേട്ട സ്വഭാവമുള്ള ഇന്ദു ചേച്ചി കല്യാണം കഴിക്കാൻ എങ്ങനെ സമ്മതിച്ചു എന്ന രഹസ്യം ഇന്നും അറിഞ്ഞൂടാ ആർക്കും.അനന്തു പതിയെ മുറ്റത്തൂടെ നടക്കുമ്പോൾ പെട്ടെന്ന് വശീകരണ മന്ത്രത്തെക്കുറിച്ച് ഓർത്തു. അതിൽ വശീകരിക്കേണ്ട അളുടെ കണ്ണിൽ നോക്കിയോ അല്ലെങ്കിൽ മനസിൽ ഓർത്തോ വേണം മന്ത്രം ചൊല്ലാൻ എന്ന് പ്രത്യേകം എഴുതിയത് അവൻ ഓർത്തു.

ഏതായാലും ഒരു നേരംമ്പോക്ക് ആവട്ടെ എന്ന് ഓർത്ത് അനന്തു കളിയായി ഇന്ദു വിന്റെ കണ്ണിൽ നോക്കി വശീകരണ മന്ത്രം ഉരുവിട്ടു. പെട്ടെന്ന് അനന്തുവിന്റെ അമ്മ അവനെ വിളിച്ചപ്പോൾ അങ്ങോട്ടേക്ക് ഓടി പോയി. വീടിനു പുറകിലുള്ള വാഴയിൽ നിന്ന് ഇല ചീന്തിയെടുക്കുന്ന സമയത്താണ് അമ്മ അനന്തൂ എന്ന് ഉറക്കെ വിളിച്ചത് അവന്റെ കാതിൽ പതിഞ്ഞത്.

ചെയ്യുന്ന ജോലി പൂർത്തിയാക്കാൻ പറ്റാത്ത ദേഷ്യത്തിൽ അടുക്കള വഴി വീടിന്റെ ഉമ്മറത്തേക്ക് അവൻ ചവിട്ടിത്തുള്ളി വന്നു .മുൻപിൽ നിൽക്കുന്ന ഇന്ദു ചേച്ചിയെ കണ്ടതും അനന്തു തറഞ്ഞു നിന്നു. ഇന്ദു അവനെ നോക്കി വശ്യമായി പുഞ്ചിരിച്ചു.ഈ നടക്കുന്നത് സ്വപ്നമാണോ അതോ ഉള്ളതാണോ എന്നറിയാൻ അവൻ കയ്യിൽ പിടിച്ചു നുള്ളി. വിശ്വാസം വരാതെ അവൻ ഇന്ദുവിനെ നോക്കി ചിരിച്ചു. പെട്ടെന്നു അവിടെ ഇന്നലെ ആ പെട്ടി തുറന്നപ്പോൾ ഉണ്ടായിരുന്ന സുഗന്ധം ആകെ പരക്കുന്നതായി അവനു തോന്നി.

"എന്താ ഇന്ദു മോളെ" അനന്തുവിന്റെ അമ്മ അവളെ നോക്കി.

"ഒന്നുമില്ല ആന്റി എനിക്ക് ഒന്ന് ഷോപ്പിംഗിനു പോകണം. നല്ല തലവേദന ആയോണ്ട് കാർ ഓടിക്കാൻ പറ്റില്ല. അപ്പൊ അനന്തു ഫ്രീ ആണേൽ കൂടെ വരുമോ എന്ന് ചോദിക്കാനാ ഞാൻ വന്നേ. "

ഇന്ദു പ്രതീക്ഷയോടെ അനന്തുവിനെയും അമ്മയെയും മാറി മാറി നോക്കി.

"അനന്തു മോള് വിളിച്ചത് കണ്ടില്ലേ നീ പോയിട്ട് വാ. "

"ഞാൻ പോയിട്ട് വരാം അമ്മേ "

അനന്തു അത്യധികം സന്തോഷത്തോടെ ഇന്ദുവിന്റെ കൂടെ അവളുടെ വീട്ടിലേക്ക് പോയി. ഇന്ദു കാറിന്റെ ചാവി കൊണ്ടുവന്നു അനന്തുവിനെ കയ്യിൽ കൊടുത്തു അവനെ ശൃഗാരത്തോടെ നോക്കി. എന്നിട്ട് ഡ്രസ്സ് മാറി വരാമെന്ന് പറഞ്ഞു ഉള്ളിലേക്ക് പോയി.

അനന്തു കാറിന്റെ ഉള്ളിൽ കയറി വണ്ടി ഒന്ന് ഓൺ ചെയ്തു എഞ്ചിൻ ഒന്ന് ഇരപ്പിച്ചു മുറ്റത്തേക്ക് ഇറങ്ങി. പതുക്കെ വണ്ടി ഓഫ് ചെയ്തു അവൻ കാറിൽ ചാരി ഇരുന്നു ഇന്ദു ചേച്ചിയെ കാത്തിരുന്നു.

ഈ സമയം ഇന്ദു ഒരു നീല ജീൻസും ടി ഷർട്ടും അണിഞ്ഞു കയ്യിൽ പഴ്‌സും ഫോണും പിടിച്ചു പുറത്തേക്ക് വന്നു. അനന്തു വാ തുറന്നു അവളുടെ സൗന്ദര്യം ആസ്വദിച്ചു നിന്നു. ഇന്ദു ചേച്ചിയെ പോലെ ഒരു പെണ്ണിനെ ഭാര്യ ആയി കിട്ടിയിരുന്നേൽ എന്ന് ആത്മഗതം പറഞ്ഞു അവൻ നിരാശ പൂണ്ടു. അവൾ ഡോറിനു സമീപം എത്തിയതും അനന്തു അവളെ ആവേശത്തോടെ നോക്കി

"ചേച്ചി സുന്ദരി ആയിട്ടുണ്ട് . "അനന്തു മനസ്സിൽ പറഞ്ഞതെങ്കിലും അറിയാതെ അതു പുറത്തു വന്നു

"ആണോടാ അനന്തു.. എന്റെ അനന്തുവും ചുന്ദരൻ അല്ലേ ? " അനന്തുവിന്റെ കവിളിൽ നുള്ളി ഇന്ദു അവനു സമീപം നിന്നു. അനന്തു ഇന്ദുവിനെ അടിമുടി നോക്കി. ടി ഷർട്ടിനു മുകളിലൂടെ ഉയർന്നു താഴുന്ന ഇന്ദുവിന്റെ മാറിടത്തിൽ ആയിരുന്നു കമ്പിസ്റ്റോറിസ്.കോം അവന്റെ കണ്ണു പതിഞ്ഞത്. അതു മനസ്സിലാക്കിയ ഇന്ദു വല്ലാത്തൊരു ചിരിയോടെ അവനെ നോക്കി കണ്ണിറുക്കി കാണിച്ചു.

ഇന്ദുവിന്റെ ചിരിയുടെ ഭംഗി തന്നെ കൊല്ലാതെ കൊല്ലുന്നുവെന്നു അവനു തോന്നി. അനന്തു പരിഭ്രമത്തോടെ ഡോർ തുറന്നു ഇന്ദുവിനെ ഇരുത്തി ഡ്രൈവിംഗ് സീറ്റിൽ കയറി അവനും ഇരുന്നു കാർ മുന്നോട്ട് എടുത്തു. ഡ്രൈവിങ്ങിനു ഇടയിലും ഇന്ദു ചേച്ചിയോട് വല്ലാത്ത കാമം തന്നിൽ വന്നു നിറയുന്നതായി അനന്തുവിനു മനസ്സിലായി.

എന്നാലും ഇന്ദു ചേച്ചിടെ പെരുമാറ്റത്തിൽ അമ്പരന്നു നിൽക്കുവാണ് അനന്തു. എന്നാലും ചേച്ചി എന്താ ഇങ്ങനെ പെരുമാറുന്നേ..? ഡ്രൈവിങ്ങിനു ഇടയിലും അവൻ ചിന്തിച്ചു. ഇനി ആ വശീകരണ മന്ത്രം സത്യമാണോ? ഏയ് അതു വല്ല ഉടായിപ്പ് ആയിരിക്കും. മറ്റു ചിന്തകൾ ഒഴിവാക്കി അവൻ ഇന്ദു ചേച്ചിയോട് കൂടുതൽ അടുത്തു. യാത്രയിലുടനീളം അവർ എന്തൊക്കെയോ സംസാരിച്ചു

അവസാനം അവർ വലിയൊരു ഷോപ്പിംഗ് മാളിൽ എത്തി ചേർന്നു. ഇന്ദു അനന്തുവിന്റെ കൈ പിടിച്ചു ലിഫ്റ്റിൽ കേറി തേർഡ് ഫ്ലോറിലേക്ക് പോയി. ഇന്ദുവിന്റെ കയ്യിലെ പതുപതുപ്പ് അവനെ വല്ലാതെ കുളിരണിയിച്ചു.

അവർ ഒരു കപ്പിളിനെ പോലെ പെരുമാറി . നേരെ ഒരു ലേഡീസ് വെയറിലേക്ക് അവർ കയറി. അവിടുത്തെ സെയിൽസ് ഗേളിനോട് പുതിയ മോഡൽ സാരീ എടുക്കാൻ ഇന്ദു ആവശ്യപ്പെട്ടു.

"അനന്തു എനിക്ക് ചേരുന്ന ഒരെണ്ണം സെലക്ട് ചെയ്തു തന്നെ മോനെ "

അനന്തു സാരീ സെക്ഷനിലേക്ക് നോക്കി.എല്ലാം വിലക്കൂടുതൽ ഉള്ള സാരീ മാത്രം.താനൊക്കെ മാളിൽ വരുന്നത് കറങ്ങാൻ മാത്രമാണമല്ലോ എന്ന് ഓർത്തപ്പോൾ അവനു ചളിപ്പ് തോന്നി. സെയിൽസ് ഗേൾസ് എടുത്തു വിതറിയ സാരികളിൽ നിന്നും പിങ്ക് നിറമുള്ള ഒരെണ്ണം എടുത്തു അനന്തു ഇന്ദുവിന്റെ മേലെ വച്ചു നോക്കി. അവൻ സന്തോഷത്തോടെ അതുമതി എന്ന് പറഞ്ഞു. ഇന്ദു ചിരിയോടെ അതു പാക്ക് ചെയ്യാൻ നിർദ്ദേശിച്ചു.

"ഇനി ഇന്നേഴ്സ് വേണം " ഇന്ദു സെയിൽസ് ഗേളിനേ നോക്കി

"ബ്രാ മാത്രം മതിയോ മാഡം? "

"പോരാ പാന്റീസും വേണം. "ഇന്ദു കള്ള ചിരിയോടെ അനന്തുവിനെ നോക്കി. അനന്തു ഇതൊക്കെ കെട്ട് കിളി പോയ അവസ്ഥയിലും.

"അനന്തു എനിക്ക് കൊള്ളാവുന്ന നിനക്ക് ഇഷ്ട്ടപെട്ടതു സെലക്ട് ചെയ്യ്."മുൻപിൽ നിരത്തിയ ഇന്നേഴ്സിന്റെ ശേഖരത്തിലേക്ക് അവൾ വിരൽ ചൂണ്ടി

"ചേച്ചി ഞാനോ ? "അനന്തു ഒന്ന് ഞെട്ടി വിറച്ചു

"അതേ നീ തന്നെ പിന്നല്ലതാരാ? " ഇന്ദു അനന്തുവിനെ നോക്കി വശ്യമായി ചിരിച്ചു

അനന്തു അവനു ഇഷ്ട്ടപെട്ട ബ്രായും പാന്റീസും ചേച്ചിക് സെലക്ട് ചെയ്തു കൊടുത്തു. അവൾ അവന്റെ കൈ പിടിച്ചു മുൻപോട്ടു നടന്നു. അനന്തു അനുസരണ ഉള്ള കുട്ടിയെ പോലെ അവളെ അനുഗമിച്ചു. സാധനങ്ങൾ പാക്ക് ചെയ്തു ബില്ല് പേ ചെയ്ത് അവർ നേരെ മെൻസ് വെയറിലേക്ക് പോയി.

അനന്തുവിനു ചേരുന്ന കുറച്ചു ഡ്രസ്സ് വാങ്ങി അവർ പുറത്തിറങ്ങി. ഇന്ദുവിന്റെ ആഗ്രഹ പ്രകാരം പിന്നീട് അവർ സിനിമയ്ക്ക് കയറി.റിലീസ് ചെയ്തു കുറച്ചു ദിവസങ്ങൾ ആയതിനാൽ മിക്ക സീറ്റുകളും കാലി ആയിരുന്നു. ഇന്ദുവും അനന്തുവും ഏറ്റവും പുറകിലെ സീറ്റിൽ പോയി ഇരുന്നു.

സിനിമ സ്ക്രീനിൽ കാണിക്കാൻ തുടങ്ങിയതും ഇന്ദു പതിയെ അനന്തുവിന്റെ തോളിലേക്ക് ചാഞ്ഞു. ഇന്ദുവിന്റെ അഭൗമ്യമായ സൗന്ദര്യവും പെർഫ്യൂം ന്റെയും വിയർപ്പിന്റെയും സമ്മിശ്രമായ മണം അനന്തുവിനെ വല്ലാതെ മത്തുപിടിപ്പിച്ചു. അവൻ അവളുടെ തോളിലൂടെ കയ്യിട്ടു അവളെ ചേർത്തുപിടിച്ചു.

ഇന്ദു ചിണുങ്ങിക്കൊണ്ട് അവനെ ഇറുക്കി കെട്ടിപിടിച്ചു. സിനിമ തുടങ്ങി കഴിഞ്ഞതും ഇന്ദുവിന്റെ കൈകൾ അവന്റെ നെഞ്ചിലൂടെ ഉഴിഞ്ഞു വികൃതി കാണിച്ചു. അനന്തു ഇന്ദുവിന്റെ സ്പർശന സുഖത്തിൽ മതി മറന്നു ഇരുന്നു. പതിയെ കാമം തലക്ക് പിടിച്ച അനന്തു കൈകൾ ഇന്ദുവിന്റെ തോളിൽ നിന്നും കൈകളിലൂടെ താഴേക്ക് ഉതിർന്നു ഇടുപ്പിൽ കൊണ്ടു വച്ചു.

ധൈര്യം സംഭരിച്ചു അവൻ ഇന്ദുവിന്റെ ഇടുപ്പിൽ കരം അമർത്തിപ്പിടിച്ചു. "ഹൌ " പെട്ടെന്നു അവളിൽ നിന്നും ഒരു ഞരക്കം
ഉയർന്നു. അനന്തുവിന്റെ കൈ വിരലുകൾ ഇന്ദുവിന്റെ ടി ഷിർട്ടിന് ഇടയിലൂടെ അവളുടെ മനോഹരമായ അണിവയറിലേക്ക് നീണ്ടു. ഗ്രാനൈറ്റ് പോലെ മിനുസമായ അവളുടെ വയറിലൂടെ അവന്റെ വിരലുകൾ ഓടി നടന്നു. ഇന്ദുവിന് തന്റെ രോമകൂപങ്ങൾ പോലും എണീറ്റു നിക്കുന്നതായി തോന്നി.ലജ്ജയോടെ അവൾ അവന്റെ മാറിലേക്ക് മുഖം പൂഴ്ത്തി. അനന്തു ഇന്ദുവിന്റെ താടിയിൽ പിടിച്ചു പതിയെ മുഖം ഉയർത്തി. ഇന്ദുവിന്റെ കണ്ണുകൾ നാണംകൊണ്ട് കൂമ്പിയടഞ്ഞു. അവളുടെ ചുവന്ന അധരങ്ങൾ അനന്തുവിനെ വല്ലാതെ കൊതിപ്പിച്ചു.അവളുടെ മുഖത്തു ഉതിർന്നു വീണിരുന്ന മുടിയിഴകൾ വിരൽ കൊണ്ടു കോതി വച്ചു അവൻ വിറയ്ക്കുന്ന അധരങ്ങളോടെ ഇന്ദുവിന്റെ അധരങ്ങളിൽ അമർത്തി മുത്തം നൽകി.

പെട്ടെന്നു ഇന്ദുവിന്റെ ഫോൺ ശബ്ദിച്ചു. അവൾ ഫോൺ എടുത്തു കാതോരം ചേർത്തു. മറുവശത്തു നിന്നും എന്തോ കേട്ടതും അവളുടെ മുഖം വാടി

"അനന്തു ചേച്ചിക്ക് ഇപ്പൊ പോണമെടാ വീട്ടിൽ ഒരു ഗസ്റ്റ് വന്നിട്ടുണ്ട് വാവയെ കാണാൻ. "
ഫോൺ കയ്യിൽ വച്ചു തെല്ല് സങ്കടത്തോടെ അവനെ നോക്കി

"സാരമില്ല ചേച്ചി. നമുക്ക് പിന്നൊരിക്കൽ ആവാം. വായോ "

ഇന്ദുവിന്റെ കൈകൾ പിടിച്ചു സാധങ്ങൾ എടുത്തു അവൻ നടന്നു. തിയേറ്ററിൽ നിന്നു ഇറങ്ങി ലിഫ്റ്റിൽ കേറി ഇറങ്ങി അവർ മാളിന് പുറത്തേക്ക് ഇറങ്ങി. കാർ പാർക്ക് ചെയ്ത സ്ഥലത്തേക്ക് പോയി അവർ വണ്ടിയിൽ കയറി.അനന്തു ഇന്ദുവിന്റെ വീട് ലക്ഷ്യമാക്കി കാർ മുന്നോട്ട് പായിച്ചു.

വിരസമായ യാത്രക്ക് ശേഷം സന്ധ്യയോടെ അവർ വീട്ടിലെത്തി. അനന്തു കാർ ഓഫ് ചെയ്തു ചാവി ഇന്ദുവിനു നേരെ നീട്ടി. അവൾ അവന്റെ കയ്യിൽ ഇറുക്കെ പിടിച്ചു പതിയെ ചാവി വാങ്ങി അവനെ നോക്കി വശ്യമായി പുഞ്ചിരിച്ചുകൊണ്ട് വീട്ടിലേക്ക് കയറിപ്പോയി.

ഇന്ദുവിനൊപ്പം ഇത്രയും സമയം ചിലവഴിച്ചതിന്റെ ഓർമ്മകൾ അയവിറക്കി നിറഞ്ഞ മനസ്സോടെ അനന്തു വീട്ടിലേക്ക് പോയി . രാത്രി ഭക്ഷണം കഴിച്ചു അവൻ കിടക്കയിലേക്ക് മറിഞ്ഞു വീണു ഇന്ദുവിനെ ഓർത്തുകൊണ്ട്..... വരാനിരിക്കുന്ന സൗഭാഗ്യങ്ങളുടെ തുടക്കം മാത്രമാണ് ഇതെന്ന് അറിയാതെ.......

പിറ്റേന്ന് രാവിലെ അനന്തു ഉഷാറോടെ എണീറ്റു. കുളിയും പല്ലു തേപ്പും കഴിഞ്ഞു ഷർട്ടും ജീൻസും ഇട്ട് കണ്ണാടിയുടെ മുൻപിൽ നിന്നും സൗന്ദര്യം ആസ്വദിച്ചു.

തന്റെ ജിമ്മൻ ബോഡിയിലൂടെ കൈകൊണ്ട് തഴുകി.സ്ഥിരമായി വർക്ക്ഔട്ട് ചെയ്യുന്നതുകൊണ്ടും ചെറുപ്പം മുതലേ കളരി പഠിക്കുന്നത് കൊണ്ടും ആരോഗ്യമുള്ള ശരീരം അവനു പണ്ടേ പ്രാപ്തമാണ്.

അനന്തുവിന്റെ അച്ഛച്ചൻ രാജേന്ദ്രന്റെ നിർബന്ധമായിരുന്നു കളരി പഠിക്കണം എന്നുള്ളത്.തന്റെ ചുരുണ്ട മുടി ചീർപ്പ് കൊണ്ടു ചീകിവച്ചു താടിയിലൂടെ വിരൽ ഓടിച്ചു അവൻ അടുക്കള ലക്ഷ്യമാക്കി നീങ്ങി.

അടുക്കളയിൽ എത്തിയതും അമ്മ ദോശ ചുടുന്നു. അനിയത്തി ആണേൽ അതു കഴിക്കാൻ ഉള്ള തത്രപ്പാടിലും. അവൻ പതിയെ അമ്മയുടെ അടുത്തേക്ക് നീങ്ങി നിന്നു.

"അമ്മേ എനിക്കും ദോശ തന്നേ... വല്ലാണ്ട് വിശക്കുന്നു."  അനന്തു കൊഞ്ചലോടെ പറഞ്ഞു.

"അയ്യോ ഒരു ഇള്ള കുട്ടി ." ശിവ അവനെ നോക്കി ചുണ്ടുകൾ കൂർപ്പിച്ചു.

"അതിനെന്താടി പെണ്ണെ.. അവനിപ്പോഴും എന്റെ കുഞ്ഞ് തന്നാ"  മാലതി ചിരിയോടെ ദോശയും കറിയും എടുത്തു അനന്തുവിനു നേരെ നീട്ടി.

അവൻ പതിയെ അത് ആസ്വദിച്ചു കഴിച്ചു ഉള്ളിലെ വിശപ്പിനു ശമനം വരുത്തി. കൈകൾ കഴുകി ബാഗും എടുത്തു ശിവയും അനന്തുവും അമ്മ മാലതിയുടെ കവിളുകളിൽ അമർത്തി ചുംബിച്ചു.

ബൈക്കിന്റെ ചാവിയുമായി പുറത്തേക്ക് ഇറങ്ങിയ അനന്തു അപ്പുറത്തെ വീട്ടിലേക്ക് ഒന്ന് പാളി നോക്കി. അവിടെ എവിടെയും അവനു ഇന്ദുവിനെ കാണാൻ സാധിച്ചില്ല.

നിരാശയോടെ അവൻ ബൈക്കിൽ കയറി ഓൺ ചെയ്തു. ശിവ അമ്മക്ക് ടാറ്റാ കൊടുത്തു അവന്റെ പിന്നിൽ കയറി. രണ്ടുപേരും മാലതിക്ക് നേരെ കൈ വീശി കാണിച്ചു.

അനന്തു പതിയെ വണ്ടി മുൻപോട്ടു എടുത്തു. റോഡിലേക്ക് ഇറങ്ങി വലത്തോട്ട് വെട്ടിച്ചു കയറിയതും ഇന്ദു റോഡ് സൈഡിൽ നിന്നും അവർക്ക് നേരെ കൈ നീട്ടി.

അനന്തു ഇന്ദുവിനു സമീപം വന്നു വണ്ടി നിർത്തി. ഇന്ദുവിനെ കണ്ടതും അനന്തു സന്തോഷത്തോടെ അവളെ നോക്കി. ചുവന്ന ചുരിദാർ ടോപ്പും ബ്ലാക്ക് കളർ ലെഗ്ഗിൻസും ആയിരുന്നു അവളുടെ വേഷം.

അതിലൂടെ ഇന്ദുവിന്റെ ആകാരവടിവ് മുഴച്ചു നിന്നു. അവരുടെ കണ്ണുകൾ തമ്മിൽ കോർത്തപ്പോൾ ഇന്ദുവിന്റെ കണ്ണുകൾ അനന്തുവിന്റെ സൗന്ദര്യത്തിൽ മതിഭ്രമിച്ചു നിന്നു.

ഇന്നലെ തിയേറ്ററിൽ വച്ചു അനന്തു ഒന്ന് തൊട്ടപ്പോൾ തന്നെ അവളുടെ വികാരങ്ങൾ അണപൊട്ടിയൊഴുകിയതായി അവൾ ഓർത്തു. അനന്തുവിന്റെ കൈവിരലുകൾ അവളുടെ വയറിലൂടെ ഓടി നടന്നത് ഓർത്തപ്പോൾ തന്നെ അവളുടെ ശരീരത്തിലെ ഓരോ രോമരാജികളും എണീറ്റു നിന്നു.

അനന്തുവിനെ കാണുമ്പോൾ ഇത്രയും കാലം ഉണ്ടാകാതിരുന്ന വികാര വിചാരങ്ങൾ ഇന്നലെ മുതൽ എങ്ങനെ തോന്നി തുടങ്ങിയെന്നു ഓർത്ത് അവൾ അത്ഭുതം കൂറി. എന്നാൽ ഈ സമയം അനന്തു ഇന്ദുവിന്റെ ശരീരത്തിൽ നിന്നും വമിപ്പിക്കുന്ന സുഗന്ധത്തിൽ ആയിരുന്നു ശ്രദ്ധ.

ഇന്നലെ ആ പെട്ടി തുറന്നപ്പോൾ ഉണ്ടായിരുന്ന അതേ സുഗന്ധമാണ് ഇതെന്ന് തിരിച്ചറിഞ്ഞപ്പോൾ അവനിൽ ഒരു ഞെട്ടലുണ്ടായി. എങ്കിലും അവൻ സംയമനം വീണ്ടെടുത്ത് അവൻ ഇന്ദുവിനെ കൺകുളിർക്കെ കണ്ടു.

"എന്താ ഇന്ദു ചേച്ചി? "

"അനന്തു ...ചേച്ചിയുടെ വീട്ടിലെ കംപ്യൂട്ടറിനു എന്തോ കംപ്ലയിന്റ്. അതൊന്നു നീ റിപ്പയർ ചെയ്തു തരുമോ ? " ഇന്ദു അനന്തുവിനെ നോക്കി വശ്യതയോടെ ചിരിച്ചു.

"ഞാൻ വരാലോ ചേച്ചി.. ക്ലാസ്സ് കഴിഞ്ഞു വൈകുന്നേരം എത്താം. "

"അനന്തു ചേച്ചി കാത്തിരിക്കുവേ"

ആക്സിലേറ്ററിലെ അവന്റെ കയ്യിൽ വിരൽ നഖങ്ങൾ ആഴ്ത്തി അവനെ നോക്കി കണ്ണിറുക്കി പുറകിൽ ഉള്ള ശിവയെ നോക്കി അവൾ കൈ വീശി കാണിച്ചു.

ഇതികർത്തവ്യതാമൂഢൻ ആയി അനന്തു ബൈക്ക് കോളേജ് ലക്ഷ്യമാക്കി കുതിച്ചു. രാവിലെ തന്നെ ഇന്ദു ചേച്ചിയെ ദർശന സുഖമായി കിട്ടിയത് അവന്റെ മനസ്സിനെ സന്തോഷിപ്പിച്ചു.

അനിയത്തിയെ അവളുടെ സ്കൂളിൽ ഡ്രോപ്പ് ചെയ്തു അനന്തു കോളേജിന്റെ പാർക്കിംഗ് ഗ്രൗണ്ടിൽ ബൈക്ക് നിർത്തി നേരെ ക്ലാസ്സിലേക്ക് വച്ചു പിടിച്ചു. ക്ലാസ്സിലേക്ക് എത്തിയപ്പോൾ തന്നെ അവനെ കാത്ത് അക്ഷമരായി ഇരിക്കുന്ന സ്നേഹയെയും രാഹുലിനെയും അവൻ കണ്ടു.

അനന്തുവിനെ കണ്ടതും ഐഡി കാർഡ് കയ്യിലിട്ട് കറക്കി ബബ്ബിൾഗം ചവച്ചുകൊണ്ട് സ്നേഹ എണീറ്റു നിന്നു ചിരിച്ചു.

"ഡാ അനന്തൂട്ടാ അസൈൻമെന്റ് കംപ്ലീറ്റ് ചെയ്തോ? "

ആകാംക്ഷയോടെ അവൾ അനന്തുവിന്റെ കണ്ണിലേക്കു ഉറ്റു നോക്കി.

"പിന്നല്ലാ അതൊക്കെ കംപ്ലീറ്റ് ആണ് മോളേ. "

അനന്തു അവളെ നോക്കി കണ്ണിറുക്കി

സ്നേഹ ചാടിയെഴുന്നേറ്റ് സന്തോഷത്തോടെ അനന്തുവിന്റെ കവിളിൽ ചുണ്ടുകൾ അമർത്തി. അനന്തുവിന് ശരീരത്തിലൂടെ ഒരു കോരിത്തരിപ്പ് ഉണ്ടായി.

അവൻ അവളെ നോക്കി പുഞ്ചിരിച്ചു. രാഹുൽ തന്റെ സ്പെക്സ് ശെരിയാക്കി വച്ചു ഒരു ബുജി ഭാവത്തിൽ അവന്റെ അടുത്തേക്ക് വന്നു ബാഗിൽ പരതി അസൈൻമെന്റ് പുറത്തെടുത്തു സ്നേഹയെ കാണിച്ചു.

"കിട്ടി മോളെ ..... " രാഹുൽ സ്നേഹയെ നോക്കി അലറി.

രണ്ടുപേരും ആഹ്ലാദത്തോടെ ബെഞ്ചിലിരുന്ന് അനന്തുവിന്റെ അസൈൻമെന്റ് നോക്കി പകർത്തി എഴുതാൻ തുടങ്ങി. എന്നാൽ

അനന്തുവിന്റെ കണ്ണുകൾ സ്നേഹയുടെ ശരീരത്തിലൂടെ ഉഴിയുവായിരുന്നു.

നീല നിറത്തിലുള്ള ചുരിദാർ ടോപ്പും കറുപ്പ് പാന്റ്സും ആയിരുന്നു അവൾ അണിഞ്ഞിരുന്നത്. കറുത്ത ഷാൾ കൊണ്ടു മാറിടം പൂർണമായും മൂടിയിരിക്കുന്നു. എന്നാലും അതു ട്രാൻസ്പരന്റ് ആയതിനാൽ അതിലൂടെ അവളുടെ ഉരുണ്ട മാമ്പഴങ്ങൾ പുറത്തേക്ക് ഉന്തി നിൽക്കുന്നു.

സ്നേഹയുടെ മെലിഞ്ഞ ശരീരത്തിൽ അവ വല്ലാതെ ഭാരം ചെലുത്തുന്നു. ഇരു നിറമെങ്കിലും അവളുടെ ഉരുണ്ട മുഖത്തു വല്ലാത്ത ഐശ്വര്യം നിറഞ്ഞു നിൽക്കുന്നു.

കാപ്പി നിറമുള്ള കണ്ണുകൾക്ക് കട്ടി പുരികങ്ങൾ അഴക് വർധിപ്പിക്കുന്നു.നെറ്റിയിൽ ചാലിച്ച ഭസ്മവും ഒതുങ്ങിയ നാസികയും ചോര ചുണ്ടുകളും അവളുടെ ഭംഗി ഇരട്ടിയാക്കി.

ജീവിതത്തിൽ ആദ്യമായി ആണ് സ്നേഹയെ മറ്റൊരു കണ്ണിലൂടെ കാണുന്നത്..എന്താണോ എനിക്ക് പറ്റിയത് ആത്മഗതം പറഞ്ഞു അനന്തു തല ചൊറിഞ്ഞു കൊണ്ടു സ്നേഹയ്ക്ക് സമീപം വന്നിരുന്നു.

പെട്ടെന്നു ക്ലാസ്സ് ടീച്ചർ വന്നതിനാൽ അവൻ പഠനത്തിൽ മുഴുകി. ബ്രേക്കിന്റെ സമയത്തു സ്നേഹയും അനന്തുവും രാഹുലും മരച്ചോട്ടിൽ ഇരുന്നു അവിടുള്ള കിളികളുടെ സെൻസസ് എടുക്കാൻ തുടങ്ങി.

"അനന്തൂട്ടാ ഫസ്റ്റ് ഇയറിലെ ആ പെണ്ണില്ലേ നയന, അവൾക്ക് നിന്നെ നല്ല നോട്ടം ഉണ്ട്. "
ആൺകിളികളെ സ്കാൻ ചെയ്യുന്നതിനിടയിൽ സ്നേഹ എന്തോ ഓർത്തപോലെ പറഞ്ഞു

"ഏത് ആ കണ്ണട വച്ചിട്ടുള്ള പെണ്ണ് ആണോ? "
രാഹുൽ അവളെ ചോദ്യഭാവേന നോക്കി

"മ്മ്... അതന്നേ "

"നീ എന്താ ഒന്നും പറയാതെ അനന്തു "

"ഞാൻ എന്ത് പറയാനാ. എനിക്ക് ഇപ്പൊ പ്രേമിക്കാൻ വലിയ മൂഡ് ഒന്നുമില്ല. "

അനന്തു പതിയെ ദീർഘ നിശ്വാസം എടുത്തു വിട്ടു

സ്നേഹയും രാഹുലും കിളികളുടെ കണക്കെടുപ്പിൽ വ്യാപൃതരായി. സമയം കഴിഞ്ഞതും അവർ ക്ലാസ്സിലേക്ക് പോയി. ഏറ്റവും പുറകിലത്തെ ബെഞ്ചിലാണ് മൂവർ സംഘം ഇരിക്കാറുള്ളത്.

മുൻപിൽ ഇരിക്കുന്ന അശ്വതിയുമായി കത്തിയടിച്ചിരിക്കുന്ന സമയത്താണ് ലാംഗ്വേജ് പഠിപ്പിക്കാൻ അധ്യാപിക കയറി വന്നത്. ഏതോ ഒരു ഭാഗം പഠിപ്പിച്ച ശേഷം ബെഞ്ച് വൈസ് ചെയ്യാൻ ഒരു ഗ്രൂപ്പ് വർക്ക് കൊടുത്തു അധ്യാപിക പുറത്തേക്ക് പോയി.

തേനീച്ച കൂട് ഇളകിയ പോലെ ക്ലാസ്സ് അലങ്കോലമായി. എല്ലാവരും വിശേഷം പറയുന്ന തിരക്കിലും. ഈ സമയത്താണ് അനന്തുവിന്റെ കണ്ണുകൾ സ്നേഹയുടെ കഴുത്തിലേക്ക് പാറി വീണത്.

അവൾ അണിഞ്ഞിരുന്ന ഷാളിനു ഇടയിലൂടെ ഗ്യാപ് അനാവൃതമായിരുന്നു. അനന്തുവിന്റെ കണ്ണുകൾ അവിടേക്ക് കൂടുതൽ  അരിച്ചിറങ്ങി. തിങ്ങി നിറഞ്ഞു നിൽക്കുന്ന സ്നേഹയുടെ മാമ്പഴങ്ങളുടെ വീർപ്പുമുട്ടൽ അവനെ വല്ലാതെ ഹരംകൊള്ളിച്ചു. പാൽ നിറമുള്ള അവളുടെ മാറിടം കണ്ടപ്പോഴേ അനന്തുവിനു വായിൽ വെള്ളം വന്നു.

പതിയെ പാന്റ്സിനുള്ളിൽ ഒരാൾ അനുവാദമില്ലാതെ ബലം വയ്ക്കുന്നതായി അവൻ തിരിച്ചറിഞ്ഞു. സംയമനം വീണ്ടെടുത്ത് അവൻ സ്നേഹയോട് സംസാരിക്കാൻ തുടങ്ങിയതും ഉച്ചഭക്ഷണത്തിനുള്ള ബ്രേക്ക് ടൈം ആയതും ഒരുമിച്ചായിരുന്നു.

തല്ക്കാലം മനസ്സിൽ വന്ന ദുർചിന്തകളെ ഒരു മൂലക്ക് എറിഞ്ഞു അവൻ അവരുടെ കൂടെ ഇരുന്നു ഭക്ഷണം ആസ്വദിച്ചു കഴിച്ചു. അതിനുശേഷം ഗ്രൗണ്ടിലൂടെ മൂവർസംഘം  ചുറ്റിയടിച്ചു.

ബ്രേക്ക് കഴിഞ്ഞതും അവർ ക്ലാസ്സിലേക്ക് ഓടി വന്നു . ഉച്ചക്ക് ശേഷമാണ് അസൈൻമെന്റ് അവതരണ സെഷൻ. ക്ലാസ്സിലെ കുട്ടികൾ 5 ഗ്രൂപ്പുകളായി തരം തിരിഞ്ഞു.

സ്നേഹയും അനന്തുവും ഒരേ ഗ്രൂപ്പിലും നിർഭാഗ്യവശാൽ രാഹുൽ മറ്റൊരു ഗ്രൂപ്പിലുമാണ് ഉൾപ്പെട്ടത്. അധ്യാപികയുടെ സാന്നിധ്യത്തിൽ അസൈൻമെന്റ് അവതരണം തുടങ്ങി.

അസൈൻമെന്റ് അവതരണവും ചോദ്യോത്തര വേളകളും തകൃതിയായി നടന്നു. ഇതിനിടയ്ക്ക് അനന്തുവും സ്നേഹയും മുഖാമുഖം ഇരുന്നു കണ്ണുകൾ കൊണ്ടു ദ്വന്ദയുദ്ധം നടത്തി

"എന്താടാ ചെക്കാ "

സ്നേഹ കണ്ണുകൾ കൂർപ്പിച്ചു അവനെ നോക്കി.

"ച്ചും " അനന്തു ചുമൽ കൂച്ചി.

സെഷൻ മുന്നോട്ട് പൊക്കോണ്ടിരിക്കുന്ന സമയത്താണ് അനന്തു ഇന്ദു ചേച്ചിയെ കുറിച്ച് ഓർത്തത്. അപ്പൊ തന്നെ അവനു വല്ലാതെ കുളിരു കോരി.

വൈകുന്നേരം വീട്ടിലേക്ക് വിളിപ്പിച്ചത് കമ്പ്യൂട്ടർ ശെരിയാക്കാൻ അല്ല എന്ന് അവനു ഏകദേശം ഊഹം തോന്നി. പതിയെ അവൻ വിരൽ കൊണ്ടു കയ്യിൽ രാവിലെ ഇന്ദു ചേച്ചി നഖങ്ങൾ ആഴ്ത്തിയ പാടിലൂടെ തലോടി.

വല്ലാത്തൊരു അനുഭൂതി അവനെ പൊതിഞ്ഞു. പെട്ടെന്നു ഇന്നലത്തെ അച്ഛച്ചന്റെ  മുറിയിൽ നടന്ന സംഭവ വികാസങ്ങൾ അവന്റെ ബോധമണ്ഡലത്തിലേക്ക് വന്നു.

വശീകരണ മന്ത്രം സത്യമാണോ മിഥ്യയാണോ എന്ന് അവൻ ഒരു നിമിഷം ശങ്കിച്ചു.എന്നാൽ രാവിലെ ഇന്ദു ചേച്ചിയിൽ നിന്നും വീണ്ടും ആ സുഗന്ധം പകരാൻ തുടങ്ങിയത് ഓർത്തപ്പോൾ അവനിൽ നേർത്ത ഒരു ആശങ്ക ഉടലെടുത്തു.

ഓരോന്നു ആലോചിച്ചു അവസാനം കാട് കയറിയപ്പോൾ ചിന്തകൾക്ക് വിരാമം ഇട്ട് അവൻ കൈ കൊണ്ടു മുഖം അമർത്തി തുടച്ചു. പതിയെ മുന്നോട്ട് നോക്കിയപ്പോൾ അവിടെ കൂട്ടുകാരികളോട് കത്തി അടിക്കുന്ന സ്നേഹ അവന്റെ ശ്രദ്ധയിൽ പെട്ടു.

പെട്ടെന്നു അവനു ആ വശീകരണ മന്ത്രം ഒന്നുകൂടി ഉപയോഗിച്ചു നോക്കണമെന്ന് തോന്നി. അതിനു പറ്റിയ ആൾ സ്നേഹ തന്നെ ആണെന്ന് അവൻ നിശ്ചയിച്ചു. സ്നേഹയ്ക്ക് ഒരിക്കലും ഇതുവരെ തന്നോട് ഒരു താല്പര്യവും തോന്നിയിട്ടില്ല.

എന്നാൽ മന്ത്രം ഉപയോഗിച്ചു കഴിഞ്ഞു സ്നേഹയ്ക്ക് മാറ്റം ഒന്നുമില്ലെങ്കിൽ മന്ത്രം ഉടായിപ്പ്  തന്നെ എന്ന് ആവുമെന്ന് അവൻ മനസ്സിൽ കണക്ക് കൂട്ടി.

പതിയെ അവൻ നേരെ ഇരുന്നു ശ്വാസം വലിച്ചെടുത്തു സ്നേഹയ്ക്ക് നേരെ വിരൽ ഞൊട്ടി. അവൾ അവനെ എന്താ എന്ന അർത്ഥത്തിൽ നോക്കി. ഈ സമയം സ്നേഹയുടെ കണ്ണുകളിലേക്ക് നോക്കി അനന്തു വശീകരണ മന്ത്രം ഉരുവിട്ടു.

പൊടുന്നനെ അവിടെ അതേ സുഗന്ധം പരക്കുന്നതായി അനന്തുവിനു മനസ്സിലായി. ഞെട്ടലോടെ അവൻ അവളുടെ കണ്ണിലേക്കു തന്നെ ഉറ്റു നോക്കി. സ്നേഹയുടെ കണ്ണുകൾ പതിയെ വികസിച്ചു വന്നു. പുരികങ്ങൾ വിടർന്നു മുഖത്തെ സൗഹൃദ മനോഭാവം മാറി പ്രണയത്തിന്റെയും കാമത്തിന്റെയും ലാഞ്ഛന പൊട്ടി വിടരുന്നത് അനന്തു അത്ഭുതത്തോടെ നോക്കി നിന്നു.

പെണ്ണിന്റെ കവിളുകൾ തുടുത്ത് നിന്നു. കീഴ്ചുണ്ട് മലർത്തി വശ്യമായ പുഞ്ചിരി അവൾ അവനു നേരെ സമ്മാനിച്ചു. ഇതൊക്കെ കണ്ടു അനന്തു കിളി പോയ അവസ്ഥയിൽ ആയിരുന്നു. മുൻപിൽ നടക്കുന്നത് വിശ്വസിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ അവൻ ബുദ്ധിമുട്ടി.

എന്നാലും അനന്തു അവളെ നോക്കി പുഞ്ചിരിച്ചു. ആദ്യമായിട്ട് അനന്തുവിനോട് ഇങ്ങനൊരു വികാരം തോന്നിയതിൽ സ്നേഹ അത്ഭുതപ്പെട്ടു. താനിപ്പോൾ അനന്തുവിന്റെ കൂടെ കാമ കേളിയിലാടൻ വല്ലാതെ വിവശയാണെന്നു തിരിച്ചറിഞ്ഞു.

പ്രണയവും കാമവും നാണവും കൂടി ചേർന്ന വല്ലാത്ത ഭാവം അവളിൽ നിറഞ്ഞു നിന്നു. അവനോടു വല്ലാത്ത ഒരു ഭ്രാന്ത് അവൾക്ക് തോന്നി. അനന്തുവിന്റെ നെഞ്ചിൽ ചായാനും അവന്റെ ഓരോ സ്പർശനത്തിനും അവൾ വല്ലാതെ ദാഹിച്ചു.

തന്റെ ഇഷ്ട്ടം അറിയിക്കാൻ അവൾ പേന വായിലിട്ട് പല്ലു കൊണ്ടു കടിച്ചു കൊണ്ടിരുന്നു.വല്ലാത്തൊരു ലാസ്യ ഭാവം ആയിരുന്നു അപ്പോൾ അവളുടെ മുഖത്തു അനന്തു കണ്ടത്. സ്നേഹയുടെ കാപ്പി കണ്ണുകൾ വല്ലാതെ അവനെ വലിച്ചടുപ്പിക്കുന്നതായി തോന്നി.

അനന്തു സംയമനം വീണ്ടെടുത്ത് അടങ്ങി ഇരിക്കുവാൻ ശ്രമിച്ചെങ്കിലും സ്നേഹയുടെ ശ്വാസഗതിക്ക് അനുസരിച്ചു ഉയർന്നു താഴുന്ന മാറിടം കണ്ടതും അനന്തുവിന്റെ സകല നിയന്ത്രണങ്ങളും നഷ്ട്ടപെട്ടു. സ്നേഹ കണ്ണുകൾ കൂർപ്പിച്ചു  ശൃംഗാര ഭാവത്തോടെ അവനെ തറപ്പിച്ചു നോക്കി.

മുഖഭാവങ്ങൾക്ക് അനുസരിച്ചു വികസിച്ചു വരുന്ന അവളുടെ കണ്മഷി ഇട്ട കണ്ണുകൾ കണ്ടതും വികാര വായ്പോടെ അനന്തു പൊടുന്നനെ എണീറ്റു. സ്നേഹയുടെ കാതോരം ചുണ്ടുകൾ അവൻ ചുണ്ടുകൾ അടുപ്പിച്ചു മന്ത്രിച്ചു.

"പുറത്തേക്ക് വാ.... "

അനന്തുവിന്റെ ചുടു നിശ്വാസം അവളുടെ പിൻ കഴുത്തിൽ പതിഞ്ഞതും സ്നേഹയുടെ ശരീരത്തിലൂടെ കോരിതരിപ്പ് ഉണ്ടായി.

അധ്യാപികയുടെ അനുവാദത്തോടെ അവർ പുറത്തേക്ക് ഇറങ്ങി. വെളിയിൽ എത്തിയതും അനന്തു സ്നേഹയുടെ കയ്യും പിടിച്ചു കെട്ടിടത്തിന് പുറകിൽ ഉള്ള മോട്ടോർ പുരയിലേക്ക് അവളുടെ കയ്യും പിടിച്ചു ഓടി.

"എന്താ അനന്തൂട്ടാ.." മോട്ടോർ പുരയുടെ മുൻപിൽ നിന്നും കിതപ്പോടെ സ്നേഹ അവനോടു ചോദിച്ചു.

"അതൊക്കെ ഉണ്ടെടി.. വാ  " ചുറ്റുപാടും ഒന്ന് വീക്ഷിച്ചു അനന്തു സ്നേഹയുടെ കൈ പിടിച്ചു മോട്ടോർ പുരയിലേക്ക് കയറി.

വാതിൽ ചാരി അനന്തു അവളെ നോക്കി

"എന്താ ചെക്കാ ഉദ്ദേശം? " സ്നേഹ ഇടുപ്പിൽ കൈ കുത്തി അവനെ വശ്യതയോടെ നോക്കി.

"ഉദ്ദേശമല്ല പെണ്ണെ ദുരുദ്ദേശം "

അനന്തു കള്ള ചിരിയോടെ സ്നേഹയുടെ ഇടുപ്പിൽ രണ്ടു കൈ കൊണ്ടും പിടിച്ചു അവനിലേക്ക് വലിച്ചു ചേർത്തു. സ്നേഹ വികാര വായ്പോടെ അവനെ നോക്കി ഇറുക്കി പിടിച്ചു.

അനന്തു പതിയെ വിരൽ കൊണ്ടു സ്നേഹയുടെ ചോര ചുണ്ടുകളിൽ പതിയെ ഉഴിഞ്ഞു അവന്റെ അധരങ്ങൾ അവളുടെ അധരങ്ങളിലേക്ക് ചേർത്ത് ചുംബിച്ചു. അനന്തു അവളുടെ ഇടുപ്പിൽ പിടിച്ചു വീണ്ടും അവനിലേക്ക് ചേർത്തു.

സ്നേഹ ആവേശത്തോടെ അനന്തുവിന്റെ ചുണ്ടുകൾ ഞൊട്ടി നുണഞ്ഞു. അനന്തു സ്നേഹയുടെ ചുണ്ടുകൾ ചപ്പി വലിച്ചു. മേൽ ചുണ്ടിനെയും കീഴ്ച്ചുണ്ടിനെയും കീഴ്പെടുത്തി അവർ അധരപാനം തുടർന്നു.

ശ്വാസം പോലും വിടാതെ രണ്ടുപേരും ചുണ്ടുകൾ കോർത്തു ദ്വന്ദയുദ്ധം നടത്തി. പരസ്പരം അധരങ്ങൾ കടിച്ചു പോറൽ ഏൽപ്പിച്ചു ഊരി വരുന്ന രക്തം മത്സരത്തോടെ പാനം ചെയ്തു.

അനന്തു സ്നേയുടെ ചുണ്ടുകളിൽ തുപ്പൽ കൊണ്ടു ഉഴിഞ്ഞു ചുംബിച്ചു. നാവുകൾ പരസ്പരം വലിച്ചു കുടിച്ചു അവർ പൂർണമായും കാമത്തിൽ ബന്ധനസ്ഥരായി. പോടുന്നനെ അനന്തുവിനെ തള്ളി മാറ്റി സ്നേഹ ശ്വാസം വലിച്ചെടുത്തു.

കിതപ്പോടെ അവനെ നോക്കി. അവളുടെ ചുണ്ടിൽ ഒളിപ്പിച്ച നനുത്ത പുഞ്ചിരി മറ്റു പാലത്തിനുമുള്ള അനുവാദം ആണെന്ന് അവനു മനസ്സിലായി. അനന്തു സ്നേഹയെ അവന്റെ മുൻപിൽ തിരിച്ചു നിർത്തി അവളുടെ വയറിലൂടെ കൈകൾ കോർത്തു പിടിച്ചു അവളെ ചേർത്ത് പിടിച്ചു.

സ്നേഹയുടെ പിൻഭാഗം അനന്തുവിന്റെ ഉദ്ധരിച്ചു നിൽക്കുന്ന ലിംഗത്തിൽ അമർന്നതും അവൾ കള്ള ചിരിയോടെ അവനെ നോക്കി.അനന്തു ആവേശത്തോടെ അവളുടെ കണ്ണുകളിലേക്ക് ഉറ്റു നോക്കികൊണ്ട് കൈകൾ പതിയെ മുകളിലേക്ക് തഴുകി അവളുടെ മാറിടത്തിൽ കൊണ്ടു വന്നു അഭയം പ്രാപിച്ചു. അനന്തു പതിയെ അവളുടെ കാതിൽ ചുണ്ടുകൾ ചേർത്തു.

"ചെയ്യട്ടെ പെണ്ണെ? "

"ചെയ്യ് അനന്തൂട്ടാ..." അനന്തുവിന്റെ ചുണ്ടുകൾ കാതിൽ ഉരുമ്മിയതും സ്നേഹ പുളകം കൊണ്ടു.

അനന്തു സംയമനത്തോടെ സ്നേഹയുടെ കവിളിൽ അവന്റെ കവിൾ ചേർത്ത് ഷാളിനടിയിലൂടെ മാറിടത്തെ ഞെക്കി പിഴിഞ്ഞു. അവൾ കുറുകലോടെ അവനിലേക്ക് കൂടുതൽ ചേർന്നു നിന്നു.

അനന്തു സ്നേഹയുടെ മാമ്പഴങ്ങളിൽ കൈകൾകൊണ്ട് കശക്കി. കൈപ്പത്തി വികസിപ്പിച്ചു അവളുടെ ഉരുണ്ട മാമ്പഴങ്ങളിൽ അമർത്തി ഞെരിച്ചു.വികാര വായ്പോടെ സ്നേഹയുടെ മിഴികൾ കൂമ്പിയടഞ്ഞു.

അവളുടെ ചന്തിവിടവിലേക്ക് അനന്തു ലിംഗം കുത്തി കയറ്റി മാറിടങ്ങളെ ഞെക്കി പിഴിഞ്ഞു.
ഉഫ് സ്നേഹയിൽ നിന്നും നേർത്ത മൂളലുകൾ ഉയരാൻ തുടങ്ങി. മാറിടത്തിന്റെ മൃദുലത അവനെ വല്ലാതെ കോരി ധരിപ്പിച്ചു.

സ്നേഹയുടെ പിൻ കഴുത്തിൽ അനന്തു ചുണ്ടുകൾ അമർത്തിയതും സ്നേഹ ഞെട്ടി വിറച്ചു. അനന്തു ആവേശത്തോടെ അവളെ ഇറുക്കി പിടിച്ചതും മോട്ടോർ പുരയുടെ പുറത്തു നിന്നും ശബ്ദം കേട്ടതും അനന്തുവും സ്നേഹയും ഞെട്ടിപിടഞ്ഞു മാറി.

അനന്തു ദേഷ്യത്തോടെ വാതിലിനിടയിലൂടെ ഒളിഞ്ഞു നോക്കി.ഒരു പെണ്ണും ആണും അവിടെ തോളോട് ചേർന്നു ഇരുന്നു കിന്നരിക്കുന്നതു അവന്റെ ശ്രദ്ധയിൽ പെട്ടു. സ്നേഹ ഈ സമയം ടെൻഷൻ അടിച്ചു നഖം കടിക്കുവാൻ തുടങ്ങി.

"പേടിക്കണ്ട പെണ്ണെ കുഴപ്പമില്ല" അനന്തു അവളെ നോക്കി കണ്ണുകൾ ചിമ്മികൊണ്ടു പറഞ്ഞു.

പതിയെ അവളുടെ കയ്യിൽ പിടിച്ചു വാതിൽ തുറന്നു അവൻ പുറത്തേക്ക് ഇറങ്ങി. സ്നേഹയും അനന്തുവും പമ്മി പമ്മി നടന്നു പുറത്തേക്ക് ഇറങ്ങി. ആശ്വാസത്തോടെ അവർ ക്ലാസ്സിലേക്ക് വച്ചു പിടിപ്പിച്ചു.

എവിടെ പോയെന്നു രാഹുൽ ചോദിച്ചെങ്കിലും ഒന്നും പറയാതെ അവർ ഒഴിഞ്ഞു മാറി.
വൈകുന്നേരം ക്ലാസ്സ് കഴിഞ്ഞു മൂവർസംഘം പുറത്തേക്ക് ഇറങ്ങി.

സ്നേഹയുടെ അച്ഛൻ കാറുകൊണ്ട് വന്നതും അനന്തുവിനെ നോക്കി കണ്ണുകൾ കൊണ്ടു അവൾ പോകാനുള്ള മൗനാനുവാദം ചോദിച്ചു. അനന്തു സമ്മതത്തോടെ തലയാട്ടി.

"രാഹുലെ പോട്ടെടാ? "

"ആടി നാളെ കാണാം മുത്തേ" രാഹുൽ അവളെ നോക്കി കൈ വീശി.

രണ്ടുപേരെയും കൈ വീശി അവൾ കാറിൽ കയറി യാത്രയായി. സ്നേഹയുമായുള്ള ഓർമ്മകൾ അയവിറക്കി അനന്തു നിന്നു.

ഇപ്പോഴും തന്റെ കരങ്ങളിൽ സ്നേഹയുടെ മുലകളുടെ പതുപതുപ്പ് നിലനിൽക്കുന്നതായി അവനു തോന്നി. അവൻ പതിയെ ഒരു ദീർഘ നിശ്വാസം എടുത്തു വിട്ടു.

"മച്ചാനെ പോകാടാ" രാഹുൽ അവിടെ നിന്നു തിടുക്കം കാണിച്ചു.

"ആട ഇപ്പൊ പോകാം"

രാഹുലിന്റെ തോളിൽ കയ്യിട്ട് അനന്തു നടന്നു. പാർക്കിംഗ് ഗ്രൗണ്ടിൽ എത്തി ബൈക്ക് സ്റ്റാർട്ട് ആക്കി രാഹുലിനെയും പുറകിൽ കയറ്റി നേരെ മുന്നോട്ടേക്ക് കുതിച്ചു. കോളേജിന്റെ പ്രവേശനകവാടം കടന്നു അനന്തു വണ്ടി പറപ്പിച്ചു വിട്ടു

രാഹുലിനെ ബസ്സ്റ്റാന്റിൽ ഇറക്കി അനന്തുവിന്റെ അനിയത്തി ശിവ അവന്റെ പുറകിൽ വലിഞ്ഞു കയറി

"ഡാ മരമാക്രി പോകാം "

"ശരി ഈനാംപേച്ചി "

ശിവ അവന്റെ തോളിൽ അമർത്തി കടിച്ചു.

"ആഹ് "അനന്തു വേദനയോടെ തോളിൽ തിരുമ്മി ശിവയുടെ തുടയിൽ പിച്ചി.

"ആഹ് ഡാ പട്ടി " ശിവ വേദനയോടെ ചുണ്ടുകൾ കൂർപ്പിച്ചു തുടയിൽ അമർത്തി തടവി. അനന്തു ഊറി ചിരിച്ചുകൊണ്ട് ആക്സിലേറ്റർ തിരിച്ചു ബൈക്ക് വീട്ടിലേക്ക് പറപ്പിച്ചു

----------------------------------------------------

ഈ സമയം അങ്ങ് കിഴക്ക് ഒരു മലയോര ഗ്രാമത്തിലെ മലയടിവാരത്തിൽ ശാന്തമായി ഒഴുകുന്ന പുഴ.അതിന്റെ കരയിൽ സ്ഥിതി ചെയ്യുന്ന ആശ്രമവും കുറച്ചു പർണശാലകളും .

അവിടെ ശുചി ആക്കുവാനും പൂജ സാമഗ്രികളും ശേഖരിക്കുന്ന കാവി വസ്ത്ര ധാരികളായ പുരോഹിത ശ്രേഷ്ഠന്മാർ.സ്ത്രീകളും പുരുഷന്മാരും അടങ്ങിയ സന്ന്യാസി സമൂഹം.

ആശ്രമത്തിലൂടെ സ്വൈര്യ വിഹാരം നടത്തുന്ന വന്യ ജീവികൾ. തികച്ചും ശാന്തമായ ഒരു അന്തരീക്ഷം.ഉദ്യാനത്താൽ മനോഹരമായ ചുറ്റുപാട്. അതിൽ ഒരു പർണശാലയുടെ ഉള്ളിൽ ജ്വലിക്കുന്ന ഹോമകുണ്ഡത്തിനു മുൻപിൽ ചമ്രം പടിഞ്ഞു ഇരിക്കുന്ന ഒരു സന്യാസിനി.

അവർ അല്പം തടിച്ച ശരീര പ്രകൃതം ഉള്ളവർ ആയിരുന്നു. കാർകൂന്തൽ ഉച്ചിയിൽ കെട്ടി കാവി വസ്ത്രങ്ങൾ ധരിച്ചു ധ്യാനമഗ്നയായി ഇരിക്കുന്നു. കയ്യിലും കഴുത്തിലും രുദ്രാക്ഷ മാലകൾ അണിഞ്ഞിരിക്കുന്നു. നെറ്റിയിൽ ചാലിച്ച ചന്ദത്തിൽ ത്രിശൂലം കുങ്കുമത്താൽ ആലേഖനം ചെയ്തിരിക്കുന്നു.

മുഖത്തു വല്ലാത്തൊരു ഓജസ്സും തേജസ്സും നിറഞ്ഞു നിക്കുന്നു. ഹോമകുണ്ഡത്തിനു സമീപം തളികകളിൽ പൂക്കളും പൂജാ ദ്രവ്യങ്ങളും നിറച്ചു വച്ചിരിക്കുന്നു. വിളക്കുകളിലും തൂക്കുവിളക്കിലും ചിരാതുകളിലും തീ നാളം അണയാതെ ശോഭയോടെ ജ്വലിക്കുന്നു.

സന്യാസിനിയ്ക്ക് സമീപം ഒരു പുരോഹിതൻ തൊഴു കൈയോടെ നിക്കുന്നു. ധ്യാനത്തിൽ നിന്നും നയനങ്ങൾ തുറന്ന് ഉണർന്ന അവർ ഹോമകുണ്ഡത്തിനു ചാരേ ഉള്ള ഓട്ടുരുളിയിലേക്ക് മിഴികൾ പായിക്കുന്നു.

അവിടെ ആ ഉരുളിയിൽ ചന്ദന നിറത്തിൽ ജലം നിറഞ്ഞു കിടക്കുന്നു. സന്യാസിനി അതിലേക്ക് ഉറ്റു നോക്കിയപ്പോൾ ഓട്ടുരുളിയിൽ ജലോപരിതലത്തിൽ ഒരു യുവാവിന്റെയും കന്യകയുടെയും ദൃശ്യം അനാവൃതമായി.

ഒരു ഇടുങ്ങിയ മുറിയിൽ വച്ചു ആലിംഗനബദ്ധരായി പരസ്പരം ചുണ്ടുകൾ ചേർത്ത് ചുംബിക്കുന്ന യുവാവും കന്യകയും. അതു വീക്ഷിച്ചപ്പോഴേക്കും നനുത്ത പുഞ്ചിരിയോടെ ആ സന്യാസിനി ഓട്ടുരുളിയിളെ ജലോപരിതലത്തിൽ കൈ ഓടിച്ചതും അതിൽ പ്രകടമായ ദൃശ്യങ്ങൾ ഓളപ്പരപ്പിനു അനുസരിച്ചു അവ്യക്തമാകാൻ തുടങ്ങി.

പതിയെ അതു മങ്ങി മങ്ങി പഴയ അവസ്ഥയായി മാറി. ഇത് കണ്ട സന്യാസി ശ്രേഷ്ഠൻ തൊഴു കൈയോടെ അവരെ വണങ്ങി.

"സ്വാമിനി.. ആ മന്ത്രം ആ യുവാവ് പ്രാപ്തമാക്കി അല്ലെ? "

"അതേ ശിഷ്യ . അയാൾ അതു സ്വായത്തമാക്കി. "

"സ്വാമിനി ഇനി എന്താണ് സംഭവിക്കാൻ പോകുന്നത്? "

"അതിന്റെ പരിണിത ഫലം അയാൾ നേരിട്ടേ മതിയാകൂ... ഏറ്റവും അവസാനം ആയിരിക്കും ആ പ്രതിസന്ധി അയാളെ നേരിടുക. അയാളെ തേടി ആ പ്രതിയോഗി എത്തും. ഒരുപക്ഷെ അവൻ മരണപ്പെട്ടേക്കാം അല്ലെങ്കിൽ അതിജീവിച്ചേക്കാം. എല്ലാം ജഗദീശ്വരന്റെ കയ്യിൽ. ഹെയ് അനന്തു കൃഷ്ണാ... നീ എന്നെ തേടി വരും. ഈ മായാമോഹിനിയെ തേടി വരും. നിന്റെ നിയോഗത്തിലേക്കുള്ള ആദ്യ ചുവട് എന്നിൽ നിന്നും ആയിരിക്കും. അതിനു നീ എന്നെ കണ്ടെത്തിയേ തീരൂ.. നാം കാത്തിരിക്കുന്നു നിന്റെ ആഗമനത്തിനായി. "

ആർത്തട്ടഹസിച്ചുകൊണ്ടു സ്വാമിനി സാവധാനം മിഴികൾ പൂട്ടി ധ്യാനമഗ്നയായി.സന്യാസി ശ്രേഷ്ഠൻ അവരെ നോക്കി കൈകൾ കൂപ്പി വണങ്ങി.

----------------------------------------------------

വീട്ടിലേക്ക് ബൈക്ക് കയറ്റി വച്ചു ഓഫ് ചെയ്തു അനന്തുവും ശിവയും ചാടിയിറങ്ങി. അപ്പോഴേക്കും മാലതി അവിടേക്ക് വന്നെത്തി

"ആഹാ മക്കൾ വന്നോ? "

"പിന്നില്ലേ... ടീച്ചറമ്മ നേരത്തെ വന്നോ ? " ശിവ കൊഞ്ചലോടെ മാലതിയുടെ കവിളുകൾ പിച്ചി വലിച്ചു.

"പിന്നെ വരാതെ.. മക്കൾക്ക് ഇഷ്ട്ടമുള്ള ഉള്ളിവട ആക്കുവായിരുന്നു. "അമ്മ മാലതി ഉത്സാഹത്തോടെ പറഞ്ഞു.

"അതു പൊളിച്ചു.. എനിക്ക് ആനയെ തിന്നാനുള്ള വിശപ്പുണ്ടമ്മേ ." അനന്തു വയറു തടവിക്കൊണ്ട് വീടിനു ഉള്ളിലേക്ക് കയറി

"എങ്കിൽ പോയി ആനയെ തിന്നടാ മരമാക്രി" ശിവ അവനെ നോക്കി കൊഞ്ഞനം കുത്തി.

"മാക്രി നിന്റെ കെട്ടിയോൻ "

"അമ്മേ കണ്ടോ എന്റെ കെട്ടിയോനെ പറയുന്നത്? " ശിവ കള്ള കരച്ചിൽ തുടങ്ങി.

"തുടങ്ങി രണ്ടും കൂടി. മടുത്തു ഞാൻ. എന്നെ ഒറ്റക്ക് കഷ്ട്ടപെടുത്താൻ ആണല്ലേ നേരത്തെ അങ്ങ് പോയത് ? " ഭിത്തിയിൽ തൂക്കിയിട്ടിരുന്ന അനന്തുവിന്റെയും ശിവയുടെയും അച്ഛന്റെ ഫോട്ടോയിലേക്ക് മാലതി ഉറ്റു നോക്കി.

പതുക്കെ സാരിയുടെ കോന്തലകൊണ്ടു ഈറനണിഞ്ഞ കണ്ണുകൾ തുടച്ചു അവർ അടുക്കളയിലേക്ക് പോയി. ശിവയും അനന്തുവും ഓടി വന്നു മാലതിയെ ഇറുക്കി കെട്ടിപിടിച്ചു. മാലതി രണ്ടുപേരെയും ചേർത്ത് പിടിച്ചു

"അച്ഛനു പകരം ഒരു തടി മാടനെയും ചീവീടിനെയും അമ്മക്ക് കിട്ടിയില്ലേ... അപ്പൊ ടീച്ചറമ്മ ഹാപ്പി അല്ലെ? " അനന്തു മാലതിയുടെ തോളിൽ തല ചായ്ച്ചു.

"അതേടാ അച്ഛൻ എനിക്ക് രണ്ടു ചുണക്കുട്ടികളെ തന്നില്ലേ അമ്മ ഹാപ്പി ആണ് കേട്ടോ "

അനന്തുവിന്റെ കവിളിലും ശിവയുടെ നെറ്റിയിലും മാലതി ചുണ്ടുകൾ അമർത്തി. അമ്മയുടെ ഒപ്പം ചായ കുടിച്ചു അച്ഛച്ചൻറെ മുറിയിലേക്ക് എണീറ്റു പോകാൻ നോക്കുമ്പോൾ ആണ് അനന്തുവിന്റെ ഫോൺ റിങ് ചെയ്തത്.

അവൻ നോക്കിയതും പരിചയമില്ലാത്ത നമ്പറിൽ നിന്നും ആയിരുന്നു കാൾ. അല്പം മാറി നിന്നു അവൻ ഫോൺ കാതോരം ചേർത്തു

"ഹലോ "

"ഹലോ അനന്തു " മറുതലയ്ക്ക് പരിചിതമായ ഒരു സ്ത്രീ ശബ്ദം.

"ആരാ മനസ്സിലായില്ല? "

"അനന്തു ഇത് ഞാനാ ഇന്ദു "

"ആരാ ഇന്ദു ചേച്ചിയോ.... ചേച്ചി പറഞ്ഞോ" ആദ്യം ഒന്ന് ഞെട്ടിയെങ്കിലും സംയമനം വീണ്ടെടുത്ത് അനന്തു ചോദിച്ചു.

"ഡാ വീട്ടിലേക്ക് വന്നോ നീ? "

"വന്നു ചേച്ചി "

"അനന്തു........ ചേച്ചിക്ക് നിന്നെ കാണണം" ഇന്ദു അവനോടു കൊഞ്ചി.

"ഞാൻ വരാം ചേച്ചി. ഇപ്പൊ വരട്ടെ ? " അനന്തു ഉത്സാഹത്തോടെ ചോദിച്ചു

"വേണ്ട കുട്ടാ നൈറ്റ് മതി.ചേച്ചി മെസ്സേജ് അയക്കാം അപ്പൊ വന്നേക്കണേ ..." അപ്പുറത്ത് ഇന്ദുവിന്റെ കള്ള ചിരി അവൻ കേട്ടു.

"ശെരി ചേച്ചി ബൈ "

"ബൈ ഡാ "

അനന്തു കാൾ കട്ട് ചെയ്തു. അവൻ ആകെ ത്രില്ലടിച്ചു നിക്കുവായിരുന്നു. ഇന്ന് സ്നേഹയുമായുള്ള ഓർമ്മകൾ തന്നെ കുളിരണിയിക്കുന്നുണ്ടെങ്കിലും ഇന്ദു ചേച്ചിയെ കണ്ടപാടെ മറ്റെല്ലാം താൻ മറക്കുന്നു.

ചെറുപ്പം മുതലേ സ്വപ്നം കണ്ടിട്ടുള്ളത് ഒരാളെ മാത്രമാണ്. ഇന്ദു ചേച്ചിയെ.. ചേച്ചിയുടെ ശബ്ദത്തിനു പോലും തന്നെ കീഴ്പ്പെടുത്താൻ ഉള്ള കഴിവ് ഉണ്ടെന്നു അവൻ ഓർത്തു.

ചേച്ചിയുമായുള്ള ആദ്യ സമാഗത്തിനു ഇന്ന് രാത്രി വരെയേ കാത്തിരിപ്പ് ഉള്ളു എന്ന് ഓർത്തപ്പോൾ തന്നെ അവനു കുളിരു കോരി.

സാവധാനം അവൻ അച്ഛച്ചന്റെ മുറിയിലേക്ക് നടന്നെത്തി. വാതിൽ തുറന്നു ഉള്ളിൽ കയറി ലോക്ക് ചെയ്തു അവൻ സ്റ്റൂളിൽ കയറി ട്രങ്ക് പെട്ടി വലിച്ചെടുത്തു. അതുമായി കട്ടിലിൽ ഇരുന്നു അവൻ കൗതുകത്തോടെ ആ പെട്ടിയിൽ തഴുകി.

പതുക്കെ അനന്തു കരം ആ വൃത്തത്തിനുള്ളിൽ വച്ചു അമർത്തി. അൽപ സമയത്തിനകം പെട്ടി രണ്ടായി വിഭജിച്ചു മാറി.അവൻ ആവേശത്തോടെ അതു വലിച്ചു തുറന്നു.വീണ്ടും അവിടെ അതേ സുഗന്ധം പരക്കാൻ തുടങ്ങി.

അനന്തു ആ സൗരഭ്യം ആസ്വദിച്ചു മണത്തു.അവനെ അതു വല്ലാതെ മത്തുപിടിപ്പിച്ചു. പതിയെ അവൻ ചെമ്പട്ടിൽ പൊതിഞ്ഞ താളിയോലക്കെട്ട് എടുത്തു. പട്ട് വകഞ്ഞു മാറ്റി താളിയോലക്കെട്ട് കയ്യിൽ എടുത്തു.

സന്തോഷം തുടിക്കുന്ന മനസ്സോടെ അവൻ ആ താളിയോലക്കെട്ടിനെ ഇരു കണ്കളിലും മുട്ടിച്ചു വണങ്ങി.ശരീരത്തിൽ ആകെ ഒരു തരം ഉന്മേഷവും ആവേശവും നിറയുന്നതായി അനന്തുവിനു തോന്നി.

"ദൈവം ഉണ്ടോ ഇല്ലയോ എന്നെനിക്ക് അറിഞ്ഞൂടാ. പക്ഷെ എല്ലാത്തിനും കാതലായി പ്രകൃതി ഉണ്ടെന്നു വിശ്വസിക്കാനാണ് എനിക്ക് ഇഷ്ടം. ഇന്ന് ഞാൻ ഈ താളിയോലക്കെട്ടുകളെ പൂർണമായി വിശ്വസിക്കുന്നു. ഇത് സത്യം ആണ്. പരമ്പരാഗതമായി എനിക്ക് കിട്ടിയ അമൂല്യ നിധിയാണ് ഇത്. ഒരിക്കലും ഞാൻ കൈ വിടില്ല "

അനന്തു ആഹ്ളാദത്തോടെ പിറു പിറുത്തു.

സൂക്ഷ്മതയോടെ അവൻ അതു തിരികെ ചേമ്പട്ടിൽ പൊതിഞ്ഞു കെട്ടി വച്ചു പെട്ടിയിൽ ഭദ്രമായി വച്ചു.ട്രങ്ക് പെട്ടി അടച്ചു പഴയതു പോലെ തിരികെ വച്ചു.തിരികെ അടുക്കളയിലേക്ക് വന്നു അമ്മയോടും അനിയത്തിയോടും കത്തി വച്ചുകൊണ്ടിരുന്നു.

എത്രയും പെട്ടെന്നു രാത്രി ആവാൻ അവനു ധൃതി ആയി. കിടന്നും ഉറങ്ങിയും അനന്തു സമയം തള്ളി നീക്കി. രാത്രി ഭക്ഷണത്തിനു ശേഷം അമ്മയും അനിയത്തിയും കിടന്നുറങ്ങിയെന്ന് ഉറപ്പു വരുത്തി അവൻ ഇന്ദുവിന്റെ മെസേജിന് വേണ്ടി കാത്തിരുന്നു. അർധരാത്രിയോടടുത്ത സമയം ഉറക്കം തൂങ്ങി അനന്തുവിന്റെ മിഴികൾ പതിയെ അടഞ്ഞു തുടങ്ങി.

"ക്ണിം"

അനന്തുവിന്റെ ഫോൺ പൊടുന്നനെ ശബ്ദിച്ചു. ഉറക്ക പിച്ചിൽ നിന്നും അനന്തു ഞെട്ടി എഴുന്നേറ്റു.അവൻ കണ്ണുകൾ തിരുമ്മിക്കൊണ്ട് ഫോൺ തുറന്നു നോക്കി. അതിൽ ഇന്ദുവിന്റെ മെസ്സേജ് വന്നിരിക്കുന്നു. അവൻ ഉത്സാഹത്തോടെ അതു തുറന്നു നോക്കി.

"അനന്തൂ ടെറസ്സിലേക്ക് വാടാ "

മെസ്സേജ് വായിച്ചതും അവനു കുളിരുകോരി. കാത്തിരുന്ന സ്വപ്നം സഫലമാകാൻ പോകുന്നതായി അവന്റെ മനസ്സ് മന്ത്രിച്ചു. ഉറക്കപ്പിച്ചു മാറാൻ പെട്ടെന്നു എണീറ്റു അനന്തു മുഖം കഴുകി. ടവൽ കൊണ്ടു മുഖം തോർത്തി ഒരു ടി ഷർട്ടും ഷോർട്സും വലിച്ചു കേറ്റി അവൻ പമ്മി പമ്മി അടുക്കള ലക്ഷ്യമാക്കി നടന്നു.

അടുക്കള വാതിൽ ശബ്ദമുണ്ടാക്കാതെ പതിയെ തുറന്നു അവൻ പുറത്തേക്ക് ഇറങ്ങി വാതിൽ ചാരി. ഇരുട്ട് പറ്റി വീടിന്റെ പിന്നാമ്പുറത്തിലൂടെ ഇന്ദുവിന്റെ വീട് ലക്ഷ്യമാക്കി നടന്നു. വെളുത്ത വാവ് ആയതിനാൽ പൂർണ ചന്ദ്രൻ അവനായി നിലാവ് പൊഴിച്ച് അവനു വഴി തെളിച്ചു.

മൂങ്ങയുടെ കുറുകലും ചീവീടുകളുടെ ശബ്ദവും അവഗണിച്ചു അവൻ ഇന്ദുവിന്റെ വീടിനു സമീപത്തെ മതിലിനു അരികെ വന്നു നിന്നു.ചുറ്റുപാടും ഒന്ന് നോക്കി അവൻ കൈകുത്തി മതിലിൽ വലിഞ്ഞു കയറി.

മതിലിൽ നിന്നും താഴേക്ക് എടുത്തു ചാടി. സാവധാനം ഇന്ദുവിന്റെ വീടിനു പുറകിലേക്ക് പോയി അവിടുള്ള  കോണിപ്പടി വഴി മുകളിലേക്ക് കയറാൻ തുടങ്ങി. പാതി രാത്രി ഇത്തരം ഒരു സാഹസിക യാത്ര നടത്തുന്നതിൽ അവനു സ്വയം അഭിമാനം തോന്നി. എന്നാലും ഇന്ദുവിന്റെ ആ ചിരിയും ആരെയും മനം മയക്കുന്ന ആകാരവടിവും അവനെ കൂടുതൽ ഉത്തേജിപ്പിച്ചു.

കോണിപ്പടി കയറി അനന്തു ടെറസിന്റെ കുറച്ചു ഇരുട്ട് ഉള്ള ഭാഗത്തേക്ക് ഒതുങ്ങി നിന്നു. കിതപ്പ് ഒന്നടങ്ങിയ ശേഷം അവൻ ഫോൺ എടുത്തു ഇന്ദുവിനു മെസ്സേജ് അയച്ചു. അൽപ സമയത്തെ കാത്തിരിപ്പിന് ശേഷം ഇന്ദു ടെറസിലേക്കുള്ള വാതിൽ തുറന്നു പുറത്തേക്ക് ഇറങ്ങി.

അനന്തു ഇരുട്ട് നിറഞ്ഞ ഭാഗത്തു നിന്നും പതുക്കെ മുന്നോട്ട് നടന്നു. അനന്തുവിനെ കണ്ടതും ഇന്ദു അവനെ നോക്കി വശ്യമായി പുഞ്ചിരിച്ചു. അനന്തു നിലാവത്തു തിളങ്ങി നിൽക്കുന്ന ഇന്ദുവിന്റെ അഭൗമ്യ സൗന്ദര്യത്തിൽ നോക്കി നിന്നു പോയി.

മുട്ട് വരെ ഇറക്കമുള്ള പാവാടയും ഇറുകിയ ടി ഷർട്ടും ആയിരുന്നു അവളുടെ വേഷം. ടി ഷർട്ടിൽ മാറിടം പുറത്തേക്ക് ഉന്തി നിൽക്കുന്നു.അവയ്ക്ക് അസാമാന്യ വലുപ്പം ഉണ്ടെന്നു അവനു തോന്നി. കഴുത്തിൽ ചുറ്റി കിടക്കുന്ന നേർത്ത സ്വർണമാലയും മൂക്കുത്തിയും ഇന്ദുവിന്റെ ഭംഗി ഇരട്ടിയാക്കി.

ഇത്രയും ആകാര വടിവ് ഉള്ള പെണ്ണിനെ ജീവിതത്തിൽ ഇതുവരെ കണ്ടിട്ടില്ലെന്നു അനന്തുവിനു തോന്നി. പൊടുന്നനെ പഴയ ആ സുഗന്ധം അവിടെ അലയടിക്കുന്നതായി അനന്തുവിനു തോന്നി.

അവന്റെ നാസികയിലേക്ക് അതു അടിച്ചു കയറിയതും വല്ലാത്തൊരു ആവേശം അവനു വലിഞ്ഞു കയറി. ലഹരി തലക്ക് പിടിച്ച പോലെ ആയി അനന്തുവിന്. ഈ സമയം ഇന്ദു അനന്തുവിനെ നോക്കി കാണുവായിരുന്നു.

ടി ഷർട്ടിനു ഉള്ളിൽ തെളിഞ്ഞു കാണുന്ന അവന്റെ ജിമ്മൻ ബോഡിയും കൈകളിലെ ഉറച്ച പേശികളും വീർത്തു നിക്കുന്ന ഞരമ്പുകളും ഗന്ധർവനെ പോലെ വെട്ടി തിളങ്ങി നിക്കുന്ന അനന്തുവിന്റെ സൗന്ദര്യവും നീല കണ്ണുകളും ചുരുണ്ട മുടിയും മീശയും കുറ്റി താടിയും അവളെ വല്ലാതെ ഭ്രമിപ്പിച്ചു. അവന്റെ നെഞ്ചിലേക്ക് ചായാൻ ഇന്ദു വല്ലാതെ കൊതിച്ചു.

സംയമനം എടുത്തു ഇന്ദു ഓടി വന്നു അനന്തുവിന്റെ കയ്യിൽ പിടിച്ചു അവിടെ മൂലയിലേക്ക് നടന്നു. ചാക്കുകെട്ടുകളും മരപ്പലകകളും പെറുക്കി വച്ച സ്ഥലത്തു മാവിന്റെ വലിയൊരു ശിഖരം പടർന്നു പന്തലിച്ചതിന്റെ ചോട്ടിൽ അവർ നിന്നു. ഇന്ദുവും അനന്തുവും പരസ്പരം മുഖാമുഖം നോക്കി നിന്നു.

ഇന്ദുവിൽ നിന്നും മുല്ല പൂവിന്റെ സുഗന്ധം ഉയര്ന്നു വന്നു. അവളുടെ  പെർഫ്യൂം ആകാമെന്ന് അവൻ ചിന്തിച്ചു. ഇന്ദു പൊടുന്നനെ അനന്തുവിന്റെ നെഞ്ചിലേക്ക് ചാഞ്ഞു.അവൻ അവളെ ഇറുക്കി പിടിച്ചു

നെഞ്ചോടു ചേർത്തു. ഇന്ദുവിന്റെ ശരീരത്തിന്റെ പതുപതുപ്പും ചൂടും നെഞ്ചിൽ ഉതിരുന്ന അവളുടെ ചുടു നിശ്വാസങ്ങളും അനന്തുവിനെ വല്ലാത്ത ഉന്മാദാവസ്ഥയിൽ എത്തിച്ചു.

അനന്തു  പതിയെ ഇന്ദുവിന്റെ മുഖം കൈക്കുമ്പിളിൽ കോരിയെടുത്തു മൂർദ്ധാവിൽ ചുണ്ടുകൾ അമർത്തി ചുംബിച്ചു. ചുംബനത്തിന്റെ ആലസ്യത്തിൽ ഇന്ദുവിന്റെ മിഴികൾ കൂമ്പിയടഞ്ഞു. പതിയെ അവൻ രണ്ടു കൺതടങ്ങളിലും ചുണ്ടുകൾ അമർത്തി. സാവധാനം ചുണ്ടുകൾ ഉരസി മൂക്കിൻ തുമ്പിൽ കൊണ്ടു വന്നു പല്ലുകൾ ആഴ്ത്തി.

"ആഹ്  "

ഇന്ദുവിൽ നിന്നും ഞരക്കം ഉയർന്നു.

ഈ സമയം പൂർണചന്ദ്രൻ നാണത്തോടെ കണ്ണുകൾ ഇറുക്കി പിടിച്ചു. നക്ഷത്രങ്ങൾ ചമ്മലോടെ പിന്തിരിഞ്ഞു നിന്നു.

അനന്തു അവളുടെ തുടുത്ത രണ്ടു കവിളും ചുണ്ടുകൾ അമർത്തി ചുംബനം നൽകി. പതിയെ രണ്ടു കവിളിലും മാറി മാറി പല്ലുകൾ ആഴ്ത്തി.

"ആഹ് ചെക്കാ വേദനിക്കുന്നു " ഇന്ദു കൊഞ്ചലോടെ കുറുകി.

അനന്തു ചുണ്ടുകൾ കവിളിലൂടെ ഉരസി കാതിൽ അമർത്തി ചുംബിച്ചു. പതിയെ അവൻ നാവ് നീട്ടി കാതിലൂടെ ചിത്രം വരച്ചു. ഇന്ദു പതിയെ കുറുകാൻ തുടങ്ങി. നാവുകൊണ്ട് പതിയെ നക്കി ചെവിയുടെ വിളുമ്പിൽ പല്ലുകൾ ആഴ്ത്തി മൃദുവായി കടിച്ചു.

"ഊഫ് "

ഇന്ദുവിന്റെ ശരീരത്തിലൂടെ ഒരു മിന്നൽ പിണർ പാഞ്ഞു പോയി. അവൾ അനന്തുവിനെ പൂണ്ടടക്കം കെട്ടിപിടിച്ചു.കവിളുകളിൽ അനന്തുവിന്റെ കുറ്റി താടി രോമങ്ങൾ ഉരസിയതും ഇന്ദു ഇക്കിളിയോടെ നിന്നു പുളഞ്ഞു.അനന്തു ഇന്ദുവിന്റെ വിറയ്ക്കുന്ന ചുവന്ന അധരങ്ങളിൽ അവന്റെ അധരങ്ങൾ ചേർത്തു.

അവർ പരസ്പരം ചുണ്ടുകൾ നുണഞ്ഞെടുത്തു. ഇന്ദു വികാരവായ്പോടെ അനന്തുവിനെ മുതുകിൽ നഖങ്ങൾ ആഴ്ത്തി. അനന്തു ഇന്ദുവിന്റെ മേൽച്ചുണ്ടിനെ ഉറിഞ്ചി വലിച്ചു. ഇന്ദു അവന്റെ ചുണ്ടുകൾ ചപ്പി വലിച്ചു കുടിച്ചു. അനന്തു അവളുടെ അരക്കെട്ടിൽ പിടിച്ചു അവനിലേക്ക് വലിച്ചടുപ്പിച്ചു ചുണ്ടുകൾ കോർത്തു വലിച്ചു.

രണ്ടു പേരും പരസ്പരം ആവേശത്തോടെ ചുണ്ടുകൾ നുണഞ്ഞെടുത്തു.അവളുടെ കീഴ്ചുണ്ടിൽ പല്ലുകൾ ആഴ്ത്തി അനന്തു കടിച്ചു വലിച്ചു. ചോര പൊടിഞ്ഞ കീഴ്ചുണ്ടുമായി ചിണുങ്ങിക്കൊണ്ട് ഇന്ദു അവനെ വശ്യമായി നോക്കി. അവൻ നാവ് നീട്ടി അവളുടെ ചുണ്ടിൽ പൊടിഞ്ഞ ചോര നക്കിയെടുത്തു.

ഇന്ദു നീറ്റലോടെ മിഴികൾ ബലമായി പൂട്ടി.ഇന്ദുവിന്റെ അധരങ്ങളിൽ നിന്നും അവന്റെ അധരങ്ങൾ വേർപെടുത്തി അവളുടെ കഴുത്തിലേക്ക് അനന്തു മുഖം പൂഴ്ത്തി. കഴുത്തിൽ ചുണ്ടുകൾ അമർത്തി ഉഴിഞ്ഞു അനന്തു ഇന്ദുവിന്റെ പിൻകഴുത്തിൽ
ചുണ്ടുകൾ അമർത്തി ചുംബിച്ചു. അനന്തുവിന്റെ ചുടു നിശ്വാസം അവളെ പുളകം കൊള്ളിച്ചു.

ഇന്ദു ഒരു പൂച്ചകുഞ്ഞിനെ പോലെ അവനിലേക്ക് കുറുകി കിടന്നു.ഇന്ദു അനന്തുവിന്റെ ഉദ്ധരിച്ച ലിംഗത്തിലേക്ക് അവളുടെ അടിവയർ കൊണ്ടു ഉരസിക്കൊണ്ടിരുന്നു. അനന്തു അവളെ ചേർത്തു പിടിച്ചു ഇന്ദുവിന്റെ നിറഞ്ഞ മാറിൽ മുഖം പൂഴ്ത്തി

"ആാാഹ് "

ഇന്ദുവിൽ നിന്നും ഒരു അപശബ്ദം പുറപ്പെട്ടു.അനന്തു ഇന്ദുവിന്റെ  ഇടുപ്പിൽ പിടിച്ചു മുഖം ടി ഷർട്ടിനു മുകളിലൂടെ വയറിലേക്ക് പൂഴ്ത്തി വച്ചു. ഇന്ദു നിന്നു ഞെട്ടി വിറച്ചു. അവൾ അനന്തുവിന്റെ മുടിയിഴകളിലൂടെ വിരലുകൾ ഓടിക്കുവാൻ തുടങ്ങി.

അവളുടെ വയറിൽ ചുണ്ടുകൾ അമർത്തി ചുംബിച്ചു അവൻ ടി ഷർട്ട് മാറിടം വരെ പൊന്തിച്ചു വച്ചു. ഇന്ദുവിന്റെ വയറു കണ്ടു അനന്തുവിന്റെ കണ്ണുകൾ പുറത്തേക്ക് തള്ളി. ഷേപ്പ് ഒത്ത പാൽ നിറമാർന്ന വയറിന്റെ മദ്ധ്യേ ഒരു നാഭി ചുഴികാണാം.

നാഗത്തെ പോലെ ചുറ്റിപ്പിണഞ്ഞു കിടക്കുന്ന സ്വർണ അരഞ്ഞാണം ആ അണിവയറിന്റെ മാറ്റ് കൂട്ടുന്നു.അനന്തു ലഹരി തലക്ക് പിടിച്ച പോലെ വയറിലേക്ക് മുഖം അമർത്തി.

ഈ സമയം പൊടുന്നനെ ചന്ദ്രൻ മേഘങ്ങൾക്കിടയിലേക്ക് നൂണ്ട് കയറി. പാൽ നിലാവ് മങ്ങി മങ്ങി പകരം ഇരുട്ടിന്റെ അന്ധകാരം നിറയാൻ തുടങ്ങി. നക്ഷത്രങ്ങൾ ഭയത്തോടെ അപ്രത്യക്ഷരാകാൻ ശ്രമിച്ചു.ആകാശത്തു മിന്നൽ പിണറുകൾ പ്രത്യക്ഷപെട്ടു.

പ്രകൃതി എന്തോ ദുസ്സൂചന പുറപ്പെടുവിച്ചു. പൊടുന്നനെ ഒരു കഴുകൻ ആകാശത്തിലൂടെ പറന്നു വന്നു ഇന്ദുവിന്റെ വീടിനു ചുറ്റും വലം വച്ചു പറന്നു. പതിയെ അതു ടെറസിലേക്ക് പടർന്നു പന്തലിച്ച മാവിന്റെ ശിഖരത്തിലേക്ക് പറന്നു വന്ന് ചിറകടിച്ചിരുന്നു.

ഈ സമയം ഇന്ദുവും അനന്തുവും ഇണ ചേരുന്ന നാഗങ്ങളെ പോലെ കെട്ടുപിണഞ്ഞു നിലത്തേക്ക് കിടന്നതും മരക്കൊമ്പിൽ ഇരുന്ന കഴുകന്റെ ചോരകണ്ണുകൾ പുറത്തേക്ക് ഉന്തി വന്നു. അതു പതിയെ അപശബ്ദമുണ്ടാക്കി നിന്ന നിൽപ്പിൽ വട്ടം കറങ്ങി.

പതിയെ കഴുകൻ ചിറകടിച്ചു ഉയർന്നതും മരത്തിന്റെ ശിഖരത്തിൽ അതു കാല് കൊണ്ടു അമർത്തി ചവിട്ടി. പൊടുന്നനെ ആ മാവിന്റെ ശിഖരം വലിയ ശബ്ദത്തോടെ പൊട്ടി വീണു.ഈ സമയം ആലിംഗനബദ്ധരായി സുഖത്തിന്റെ കൊടുമുടിയിൽ നിന്നിരുന്ന അനന്തുവും ഇന്ദുവും ഞെട്ടി പിടഞ്ഞെണീറ്റു.

"അനന്തു വേഗം പൊക്കോ എന്തോ പ്രശ്നമുണ്ട്. ഇപ്പോ എല്ലാരും എണീറ്റു വരും. നാളെ നമുക്ക് കാണാവേ"   ഇന്ദു കൂരിരുട്ടിലും നന്നായി ഭയന്ന്  വിറച്ചു.

"ശെരി ചേച്ചി നാളെ കാണാം. "

മനസ്സിൽ മരത്തിനെ പ്രാകി കൊണ്ടു അനന്തു കോണിപ്പടി വഴി പുറത്തേക്ക് ഇറങ്ങി. ഇന്ദു സമയം പാഴാക്കാതെ വാതിൽ തുറന്നു ഉള്ളിൽ കയറി ലോക്ക് ചെയ്തു. അവൾ ആശ്വാസത്തോടെ നെഞ്ചിൽ കൈ വച്ചു റൂം ലക്ഷ്യമാക്കി നടന്നു.

അനന്തു മതിൽ ചാടി ഇറങ്ങി വീട് ലക്ഷ്യമാക്കി ഓടി. മിനിറ്റുകൾ കൊണ്ടു വീട്ടിലേക്ക് എത്തി അടുക്കള വഴി റൂമിലേക്ക് പോയി അവൻ കിതപ്പോടെ കട്ടിലിൽ ഇരുന്നു. ദേഷ്യത്തോടെ മുഷ്ടി ചുരുട്ടി ബെഡിൽ ഇടിച്ചു അവൻ അസ്വസ്ഥതയോടെ ബെഡിൽ കിടന്നു

ആകാശത്തിലൂടെ വലം വച്ചു കറങ്ങി കൊണ്ടിരുന്ന ആ കഴുകൻ പ്രത്യേക ശബ്ദത്തിൽ കരഞ്ഞു തെക്ക് ദിക്ക് ലക്ഷ്യമാക്കി പറന്നു. അപ്പോഴും അതിന്റെ ചോരക്കണ്ണുകൾ വല്ലാതെ തിളങ്ങി.

മണിക്കൂറുകൾകൊണ്ടു പറന്നു കഴുകൻ ആവസാനം വലിയൊരു ചുടലക്കാട്ടിൽ എത്തി. അവിടെ പലയിടത്തായി മൃതദേഹങ്ങൾ ദഹിപ്പിച്ചതിന്റെ പുകച്ചുരുൾ ഉയരുന്നു.പലയിടത്തും ചാരവും അസ്ഥികളും കൂട്ടിയിട്ടിരിക്കുന്നു.അവിടെ  വായുവിൽ ആകെ ധൂമപടലങ്ങൾ നിറഞ്ഞു നിക്കുന്നു.

ചുടലക്കാടിന്റെ ഒരു മൂലയിൽ പുതിയതായി എടുത്ത ഒരു കുഴിയിൽ കിടക്കുന്ന നഗ്നമായ മൃതദേഹത്തിൽ ഭോഗിച്ചു രസിക്കുന്ന ഒരു അഘോരി.അയാളുടെ ദേഹമാകെ ചുടലക്കാട്ടിലെ ചാരം പൂശിയിരിക്കുന്നു.ജട പിടിച്ച മുടിയും നീണ്ട താടിയും മീശയും  മുഖത്താകെ പൂശിയ ചാരവും ആ മുഖത്തെ വികൃതമാക്കിയിരിക്കുന്നു.

എങ്കിലും നിർഭയവും ക്രൗര്യവും നിറഞ്ഞ കലങ്ങിയ കണ്ണുകൾ എടുത്തു നിന്നു.  കഴുത്തിൽ അണിഞ്ഞ രുദ്രാക്ഷ മാലകൾ ഒഴിച്ച് അയാൾ തീർത്തും നഗ്നനാണ്. കുഴിക്ക് സമീപനം അയാൾ നാട്ടിയ വടിയുടെ അറ്റത്തു സ്ഥാപിച്ച പഴകിയ തലയോടിൽ ആ കഴുകൻ ശബ്ദത്തോടെ ചിറകടിച്ചു വന്നിരുന്നു. പൊടുന്നനെ കഴുകൻ അതിന്റെ തല വട്ടത്തിൽ ചുഴറ്റി.

"ഹാ നീ നിന്റെ ഉദ്യമം പൂർത്തിയാക്കി അല്ലെ അവന്റെ രതി വേഴ്ചക്ക് നീ വിഘ്നം സൃഷ്ട്ടിച്ചല്ലേ? "

അഘോരി കഴുകന്റെ ചോര കണ്ണുകളിലേക്ക് ഉറ്റു നോക്കികൊണ്ടു ചോദിച്ചു

അതേ എന്ന അർത്ഥത്തിൽ കഴുകൻ ചിറകിട്ടടിച്ചു. ശവഭോഗത്തിനിടയിലും അയാൾ ആർത്തട്ടഹസിച്ചു. അയാളുടെ അട്ടഹാസം അവിടാകമാനം പ്രകമ്പനം കൊണ്ടു.

"കന്യക അല്ലാത്ത പെണ്ണുമായി രതിയിൽ ഏർപ്പെടാൻ നിനക്ക് കഴിയില്ല അഥർവാ...നിന്റെ നിയോഗം അല്ല അത്.  അതിനു ഈ ഞാൻ അനുവാദം നൽകില്ല.കന്യക അല്ലാത്ത പെണ്ണുമായി രതിയിൽ രമിക്കുവാൻ ശ്രമിച്ചാലും അപ്പോഴൊക്കെ ഞാൻ നിനക്ക് മുൻപിൽ വിഘ്നങ്ങൾ തീർത്തിരിക്കും.നീ നിന്റെ ജന്മ ലക്ഷ്യത്തിന്  ഹിതമായി ഒന്നും പ്രവർത്തിക്കരുത്. ദുർ ചിന്തകൾ നിന്റെ മനസ്സിനെ ഹനിക്കുമ്പോൾ സൂചനയുമായി ഞാൻ വന്നിരിക്കും. നിനക്ക് വഴി കാണിക്കുക എന്നതും ഈ അഘോരിയുടെ നിയോഗം തന്നെ.
ഹ ഹ ഹ ഹ "

അഘോരിയുടെ വാക്കുകൾ ദിഗന്തകങ്ങൾ വിറപ്പിച്ചു കടന്നു പോയി.കഴുകൻ ചിറകിട്ടടിച്ചു പ്രാണ രക്ഷാർഥം എങ്ങോട്ടോ പറന്നു പോയി.പ്രകൃതി ആകെ അസ്വസ്ഥമായി. മാനത്തു നിന്നും ഇടിയോടു കൂടിയ മഴ പെയ്തിറങ്ങി.കൊടുങ്കാറ്റടിച്ചു പലയിടത്തും മരങ്ങൾ കടപുഴകി വീണു. പുഴകൾ ശക്തമായി കുത്തിയൊഴുകി. പക്ഷി മൃഗാദികൾ അവരവരുടെ ആവാസവ്യവസ്ഥകളിൽ അഭയം പ്രാപിച്ചു.

ശിലാ ഭാഗങ്ങൾ കൊണ്ടു നിർമ്മിക്കപ്പെട്ട നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു വലിയ ഗുഹ. അതിനു ചുറ്റും വള്ളിപ്പടർപ്പുകളും കാടും പടലും കൊണ്ടു മൂടപ്പെട്ടിരുന്നു.

ഗുഹയ്ക്ക് ഉള്ളിൽ ആവശ്യത്തിന് സ്ഥല സൗകര്യവും.പകൽ സമയത്തും ഇരുളിൽ നിറഞ്ഞു നിൽക്കുന്ന ഗുഹയ്ക്കുള്ളിൽ ശിലാ പാളികളിലെ വിള്ളലിലൂടെ അരിച്ചിറങ്ങുന്ന സൂര്യ പ്രകാശം അവിടത്തെ ഇരുളിന് അല്പം ശമനം നൽകുന്നു.

ഗുഹയ്ക്ക് നടുവിലായി ഒരു വലിയ ചിതൽ പുറ്റിനു മുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു മൂർത്തിയുടെ കൽ വിഗ്രഹം. അതിനു ചുറ്റും വട്ടത്തിൽ കുങ്കുമം വിതറിയിരിക്കുന്നു.

വിഗ്രഹത്തിനു തൊട്ട് താഴെയായി പല വർണങ്ങളിലുള്ള കാട്ട് പൂക്കൾ നിരത്തിയിരിക്കുന്നു.ഗുഹയ്ക്ക് മദ്ധ്യേ നിർജീവമായ ഹോമകുണ്ഡം കാണാം.

അങ്ങിങ്ങായി കുറച്ചു ഭാണ്ഡക്കെട്ടുകളും ചൂരൽ കൊട്ടകളിൽ കാട്ട് പൂക്കളും കാട്ട് ഫലങ്ങളും ശേഖരിച്ചിരുന്നു.മറ്റൊരു ഭാഗത്തു കുറേ അസ്ഥികളും തലയോട്ടികളും കൂട്ടിയിട്ടിരിക്കുന്നു.

ഹോമകുണ്ഡത്തിനു വലതു ഭാഗത്തായി തറയിൽ വിരിച്ചിരിക്കുന്ന പുൽപ്പായയിൽ കാമ കേളികളാടുന്ന ഒരു യുവാവും സ്ത്രീയും.

നിലത്തു നീണ്ടു നിവർന്നു കിടക്കുന്ന യുവാവിന്റെ ലിംഗം യോനിയിൽ കയറ്റി നിരങ്ങി നീങ്ങുന്ന ഒരു സ്ത്രീ.നീണ്ടു കിടക്കുന്ന കാർകൂന്തലും തെറിച്ചു നിൽക്കുന്ന മുഴുത്ത മാറിടവും ഒതുങ്ങിയ അരക്കെട്ടും വിരിഞ്ഞ നിതംബവും ഒക്കെ ഉള്ള ഒരു  വെണ്ണക്കൽശിൽപം പോലെ അവളുടെ സൗന്ദര്യം വെട്ടി തിളങ്ങി.

എന്നാൽ അവരുടെ മുഖം തീർത്തും അവ്യക്തമായിരുന്നു. യുവാവിന്റെ നെഞ്ചിൽ കരങ്ങൾ അമർത്തി ആ സ്ത്രീ ശക്തിയിൽ നിതംബം അനക്കി അയാളെ ഭോഗിച്ചുകൊണ്ടിരുന്നു.

വന്യമായ ആവേശത്തോടെ അവരുടെ നിതംബം പൊങ്ങി താഴ്ന്നു. യുവാവിൽ നിന്നും അപശബ്ദങ്ങൾ ഉയരുവാൻ തുടങ്ങി. കുതിരയെ ഓടിക്കുന്ന ലാഘവത്തോടെ ആ സ്ത്രീ അയാളുടെ ലിംഗത്തെ യോനി ഉപയോഗിച്ചു ഉഴുതു മറിച്ചു.

മാറിടം ശക്തിയിൽ കുലുങ്ങി.അവൾ ഉറക്കെ ശീൽക്കാര ശബ്ദം പുറപ്പെടുവിച്ചു.അരക്കെട്ട് പ്രത്യേക താളത്തിൽ ഇളക്കി അവൾ അയാളുടെ ലിംഗത്തെ അമർത്തി ഭോഗിച്ചുകൊണ്ടിരുന്നു.

രണ്ടുപേരുടെയും ശീൽക്കാര ശബ്ദങ്ങൾ ഗുഹയിൽ ആകമാനം അലയടിച്ചു.ആ സ്ത്രീ യോനി കൊണ്ടു ലിംഗത്തിൽ നൽകിയ ഓരോ താഡനവും അയാളെ വിവശനാക്കി.

കേളിയുടെ അവസാനം സുഖത്തിന്റെ പാരമ്യതയിൽ അവൾ മുക്രയിട്ടുകൊണ്ട് അരക്കെട്ട് വട്ടത്തിൽ ചുഴറ്റി.രതി മൂർച്ച സംഭവിച്ച ആ സ്ത്രീ ശീൽക്കാരത്തോടെ അയാളുടെ  നെഞ്ചിലേക്ക് ചാഞ്ഞു.

നിമിഷങ്ങൾക്കകം കിതപ്പോടെ അവൾ പുൽപ്പായയിൽ നിന്നും എണീറ്റു യോനിയിൽ നിന്നു ലിംഗം വേർപെടുത്തി പുറ്റിനു മുൻപിൽ ഉള്ള പീഠത്തിൽ നഗ്നയായി ചമ്രം പടിഞ്ഞിരുന്നു.

പതിയെ മിഴികൾ പൂട്ടി അവൾ ധ്യാനമഗ്നയായി. പുൽപ്പായയിൽ നിന്നും ഞരക്കത്തോടെ എണീറ്റ നഗ്നനായ യുവാവ് ശിലാ പാളികളിൽ കയ്യെത്തിച്ചു പിടിച്ചു സാവധാനം വിവശതയോടെ എണീറ്റു നിന്നു.

അയാൾ ആകെ വിയർത്തു കുളിച്ചിരുന്നു.അയാളുടെ ലിംഗം ഉദ്ധാരണം നഷ്ട്ടപെട്ടു പകുതിക്ക് വച്ചു ഒടിഞ്ഞു തൂങ്ങിയിരുന്നു.പൊടുന്നനെ അലർച്ചയോടെ അയാൾ തറയിൽ വീണു കിടന്നുരുണ്ടു.

അസഹ്യമായ വേദനയാൽ അയാൾ കരങ്ങൾകൊണ്ട് ലിംഗത്തിൽ മുറുകെ പിടിച്ചു. അല്പ നേരത്തെ പരാക്രമത്തിനു ശേഷം അയാൾ മരണത്തിനു വിധേയനായി.

പതിയെ അയാളുടെ ശരീരത്തിൽ നിന്നും ആത്മാവ് വേർപെട്ടപ്പോൾ പീഠത്തിൽ ഇരുന്ന സ്ത്രീയുടെ ചുണ്ടുകളിൽ നനുത്ത പുഞ്ചിരി തത്തി കളിച്ചു.

"ഈ നിമിഷം മുതൽ 60 ഭൗമ ദിനങ്ങൾ തികയുന്ന നാൾ ഞാൻ നിന്നെ തേടി വരും അഥർവാ... നിന്റെ നാളുകൾ ഇതാ എണ്ണപെട്ടിരിക്കുന്നു....... "

ക്രൂരമായ മുഖ ഭാവത്തോടെ അവൾ കൽ വിഗ്രഹത്തെ നോക്കി പറഞ്ഞു. പൊടുന്നനെ അവളുടെ കണ്ണുകളിൽ നിന്നും സ്ഫുരിച്ച ചുവന്ന പ്രകാശം ഗുഹയുടെ ഉത്തരത്തിൽ തല കീഴായി കിടന്നിരുന്ന കട വാവലുകൾക്ക് മേൽ പതിച്ചു.

ഒരു സ്ഫോടന ശബ്ദത്തോടൊപ്പം അവറ്റകളുടെ കരച്ചിൽ ഉച്ചസ്ഥായിൽ ആയി മാറി. പതിയെ വാവലുകളുടെ തൂവലുകൾ പൊഴിഞ്ഞു വീണു.

അവയുടെ കണ്ണുകൾ ചോര നിറമായി മാറി.കൊക്കുകൾക്ക്  മൂർച്ച കൂടി വന്നു. കാലിലെ നഖങ്ങൾ ബ്ലേഡ് പോലെ നീണ്ടു വന്നു. ചിറകുകൾ വലുതായി വന്നു.

അങ്ങനെ അവ ഒരു വികൃത രൂപമായി രൂപാന്തരം പ്രാപിച്ചു.
രൂപം മാറിയ കട വാവലുകൾ ഒച്ചപ്പാടോടെ കൂട്ടത്തോടെ താഴേക്ക് പറന്നു വന്നു ആ യുവാവിന്റെ മൃത ശരീരത്തെ കൊത്തി തിന്നാൻ തുടങ്ങി. പരസ്പരം ആവേശത്തോടെ അവ തിന്നു തുടങ്ങി.

ഈ സമയം അവ്യക്തമായ മുഖമുള്ള  ആ സ്ത്രീ ധ്യാനത്തിലേക്ക് മടങ്ങി. അപ്പോഴും ആ സ്ത്രീയുടെ അഭൗമ സൗന്ദര്യവും മദിപ്പിക്കുന്ന ശരീര സൗന്ദര്യവും അവളെ അപ്സരസ്സിനെ പോലെ തോന്നിപ്പിച്ചു.

അനന്തു ഉറക്കത്തിൽ നിന്നും ഞെട്ടി എണീറ്റു.കണ്ണുകൾ തിരുമ്മി കൊണ്ടു അവൻ ക്ഷീണത്തോടെ കട്ടിലിൽ എണീറ്റു ഇരുന്നു. ഇത്രയും നേരം കണ്ട സ്വപ്നം അവനെ നേരിയ തോതിൽ ഭയപെടുത്തിയിരുന്നു.

ഒരു മൃത ദേഹത്തെ കൊത്തി തിന്നുന്ന പക്ഷികളുടെ ദൃശ്യം അവന്റെ മനസ്സിലേക്ക് ആഴ്ന്നിറങ്ങി. അപ്പോഴാണ് അനന്തു ഷോർട്ട്സിനു ഉള്ളിൽ അവന്റെ ഉദ്ധരിച്ചു നിൽക്കുന്ന ലിംഗത്തെ പറ്റി ബോധം വന്നത്.

സ്വപ്നത്തിൽ ആ സ്ത്രീയുടെ ശരീര സൗന്ദര്യം കണ്ടിട്ട് ലിംഗം ഉദ്ധരിച്ചതിൽ അവനു അത്ഭുതം തോന്നി.സ്വപ്നം ആണെങ്കിൽ പോലും ഇപ്പോഴും ആ സ്ത്രീയുടെ സൗന്ദര്യം അവന്റെ ഓർമകളിൽ നിന്നും പിടി വിടാതെ നിന്നു.

പിന്നെ അവർ ഉച്ചരിച്ച അഥർവൻ എന്ന പേരിനെ പറ്റിയായിരുന്നു അനന്തുവിന്റെ ചിന്ത. അവസാനം ചിന്തിച്ചു കാട് കേറിയപ്പോൾ ചിന്തകൾക്ക് വിരാമം ഇട്ട് അവൻ കട്ടിലിൽ നിന്നും ചാടി എണീറ്റു.

പല്ലു തേപ്പിനിടയിൽ ആണ് കഴിഞ്ഞ രാത്രിയിലെ സംഭവ വികാസങ്ങൾ അവന്റെ ഓർമ്മയിലേക്ക് വന്നത്. അനന്തു വേഗം ഫോൺ എടുത്തു നോക്കി.

എന്നാൽ ഇന്ദുവിന്റെ ഒരു മെസ്സേജോ കോളോ ഒന്നും വരാത്തത് അവനെ നിരാശപ്പെടുത്തി.പല്ലു തേപ്പ് കഴിഞ്ഞു പതിയെ അടുക്കളയിലേക്ക് വച്ചു പിടിപ്പിച്ചു.

"ആഹാ എണീറ്റോ രാജാവ് ? " ശിവ പുട്ട് കഴിക്കുന്നതിനിടയിൽ അവനെ നോക്കി കളിയാക്കി.

"ആ പുട്ടിനെ ഇങ്ങനെ വധിക്കാതെടി... ഒരു മയത്തിൽ ഒക്കെ തള്ളി കേറ്റ് "അനന്തു മീശ പിരിച്ചു കൊണ്ടു പറഞ്ഞു.

"പോടാ വീരപ്പാ !!!"

"വീരപ്പൻ നിന്റെ മറ്റവൻ "

"തുടങ്ങി രണ്ടും കൂടി.. ഈശ്വരാ വേഗം ഒന്ന് തിങ്കളാഴ്ച ആയിരുന്നേൽ രണ്ടിന്റെയും ശല്യം കുറഞ്ഞു കിട്ടിയേനെ." മാലതി ആവലാതിയോടെ നെഞ്ചിൽ കൈ വച്ചു.

"ഓഹോ അപ്പൊ ഇന്ന് ശനിയാഴ്ച ആണോ ? " അനന്തു തല ചൊറിഞ്ഞുകൊണ്ട് ചോദിച്ചു

"അതേ സാർ.. ബോധോം പോക്കണോം ഒന്നുമില്ല അല്ലെ രാവിലെ ആയിട്ട് ? " ശിവ അവനെ നോക്കി മുഖം ചുളിച്ചു.

"ഇല്ല മോളെ... ഇന്നലെ തൊട്ടേ എന്റെ റിലേ തെറ്റി കിടക്കുവാ "

"അതു പണ്ടേ അങ്ങനാണല്ലോ " ശിവ വായ് പൊത്തി ചിരിച്ചു.

അനന്തു ചിരിയോടെ ഭക്ഷണം എടുത്തു ഹാളിലേക്ക് പോയി. അവിടെ ചെന്നു ടീവി ഓൺ ചെയ്തു ന്യൂസ് കണ്ടു കൊണ്ട് പ്രാതൽ കഴിച്ചു.

കൈ കഴുകി അവൻ റൂമിലേക്ക് ചെന്നു. കട്ടിലിലേക്ക് നീണ്ടു വിവർന്നു കിടന്നു അവൻ രാഹുലിനെ ഫോൺ വിളിച്ചു. അവനുമായി കത്തിയടിച്ച ശേഷം അനന്തു സ്നേഹയെ ഫോൺ ചെയ്തു. അല്പ സമയം റിങ് ചെയ്തു മറു തലയ്ക്കൽ കാൾ കണക്ട് ആയി.

"അനന്തു എവിടാടാ? "കാൾ എടുത്തപാടെ സ്നേഹ ചാടി കേറി ചോദിച്ചു.

"വീട്ടിലാടി... നീയോ? "  അനന്തു കുശലം ചോദിച്ചു

"ഞാനും വീട്ടിലാ.. നാളെ നീ ഇങ്ങോട്ട് വരുമോ? " സ്നേഹയുടെ മധുരമായ ശബ്ദത്തിൽ കാമം പൊട്ടി വിടരുന്നത് അവൻ മനസ്സിലാക്കി.

"ഞാൻ വരാടി പക്ഷെ അച്ഛനും അമ്മയും ഉണ്ടാവില്ലേ ? " അനന്തു സംശയം പ്രകടിപ്പിച്ചു.

"അവർ ഒരു മീറ്റ് അപ്പിന് പോകുവാ..... ലേറ്റ് ആയെ വരൂ " സ്നേഹ കുണുങ്ങി ചിരിച്ചു.

"എങ്കിൽ ഞാൻ ഉറപ്പായിട്ടും വരാം. ഒന്നുകൂടി കൺഫേം ചെയ്തിട്ട് പറയണേ എന്നോട് "

ഞാൻ പറയാം അനന്തു.

"ആഹ് ഇന്നലെ എങ്ങനുണ്ടായിരുന്നു?  ഇഷ്ട്ടപെട്ടോ നിനക്ക് ? " അനന്തു താല്പര്യത്തോടെ അവളോട് ചോദിച്ചു.

"ആം.. ഒത്തിരി ഇഷ്ട്ടായി.  "

"സത്യം ആണോ? "  അനന്തു പുളകം കൊണ്ടു.

"അതേടാ... ശെരിക്കും എനിക്ക് ഫീൽ ആയി. ആദ്യമായിട്ട് അല്ലെ ഇങ്ങനെ.. അപ്പൊ താഴെ മൊത്തം വെള്ളപ്പൊക്കം ആയിരുന്നു നീ തൊട്ടു കഴിഞ്ഞപ്പോൾ "  സ്നേഹയുടെ ചിരി അവനെ വല്ലാത്തൊരു ഉന്മാദാവസ്ഥയിൽ എത്തിച്ചു.

"നമുക്ക് ഇനിയും കൂടണം . "

"ഉറപ്പായിട്ടും ഡാ ...."സ്നേഹ കാതരമായി അവനോടു പറഞ്ഞു.

"എങ്കിൽ ശെരി ഞാൻ നിന്നെ വിളിക്കാം "

"ഓക്കേ ഡാ ബൈ "

"ബൈ ഡീ "

അനന്തു കാൾ കട്ട് ചെയ്ത് ഫോൺ ബെഡിലേക്ക് ഇട്ടു. ഇന്നലെ ഇന്ദുവുമായി ശെരിക്കും സംഗമിക്കാൻ സാധിക്കാത്തത് അവനെ വല്ലാതെ നിരാശപ്പെടുത്തിയിരുന്നു.

മോഹഭംഗം സംഭവിച്ച മനസ്സുമായി അവൻ തലയിണയെ കെട്ടിപിടിച്ചു കിടന്നു. ഇതുവരെ ഇന്ദുവിന്റെ മെസ്സേജും കോളും വരാത്തത് അവനെ തെല്ലൊന്നു നിരാശപ്പെടുത്തി.

ഓരോന്നു ആലോചിച്ചു തല പെരുക്കവെ വീടിനു മുറ്റത്തു ഒരു കാർ വന്നു നിർത്തുന്നതിന്റെ ഇരമ്പൽ അനന്തു കേട്ടു. മടിയോടെ അവൻ പതിയെ കട്ടിലിൽ നിന്നും എണീറ്റു വീടിന്റെ ഉമ്മറത്തേക്ക് നടന്നു.

ഈ സമയം മാലതിയും ശിവയും മുറ്റത്തു സന്നിഹിതരായിരുന്നു. മുറ്റത്തു നിർത്തിയിട്ട നീല കളർ ബെൻസ് കണ്ടതും ശിവയുടെ കണ്ണുകൾ പുറത്തേക്ക് ഉന്തി വന്നു.

അവൾ അത്ഭുതത്തോടെ ആ കാർ വീക്ഷിച്ചു കൊണ്ടിരുന്നു. പൊടുന്നനെ ബെൻസിന്റെ ഫ്രന്റ് ഡോർ തുറന്നു പ്രായമായ ഒരാൾ ഇറങ്ങി വന്നു.ഖദർ ജുബ്ബയും മുണ്ടും അണിഞ്ഞ ഒരാൾ.

സ്വർണ്ണ നിറമുള്ള വാച്ചും കണ്ണടയും കഴുത്തിൽ തൂങ്ങി കിടക്കുന്ന സ്വർണ്ണ ലോക്കറ്റും അയാൾക്ക് പ്രൗഢി നൽകി. വെളുത്ത മുടിയിഴകൾ കരം കൊണ്ടു പിന്നിലേക്ക് തഴുകി ഡോർ വലിച്ചടച്ചു അയാൾ അവരെ സാകൂതം നോക്കി.

പൊടുന്നനെ തേങ്ങലോടെ മാലതി മുറ്റത്തേക്ക് ഇറങ്ങി അയാളെ വട്ടം ചുറ്റി പിടിച്ചു. അയാളെ ഇറുക്കി പിടിച്ചു മാലതി പൊട്ടിക്കരഞ്ഞു.അമ്മയുടെ ഭാവ മാറ്റം കണ്ടു ഞെട്ടിയ ശിവയും കിളി പോയ അവസ്ഥയിൽ അവരെ നോക്കി നിന്നു.

അപ്പോൾ കാറിന്റെ ഫ്രന്റ് ഡോർ തുറന്നു മധ്യവയസ്ക്കനായ മറ്റൊരാൾ പുറത്തേക്ക് ഇറങ്ങി വന്നു.മുണ്ടും ഷർട്ടും അണിഞ്ഞ കായ ബലമുള്ള ആജാനു ബാഹുവായ മറ്റൊരാൾ.

അയാൾ ഈറനണിഞ്ഞ കണ്ണുകളോടെ മാലതിയെ ഉറ്റു നോക്കി.മാലതിയെ കെട്ടിപ്പിടിച്ച വ്യക്തി വിതുമ്പലോടെ തോർന്നു തുടങ്ങിയ കണ്ണീരോടെ അവളെ നോക്കി പറഞ്ഞു .

"മോളെ "

"അച്ഛാ "ഏങ്ങി കരയുന്നതിനിടയിൽ മാലതി വിറയലോടെ അയാളെ നോക്കി വിളിച്ചു.

അതു കേട്ടതും ശിവ ഞെട്ടലോടെ നോക്കി.

അയാൾ മാലതിയെ കെട്ടിപിടിച്ചു അവളുടെ നെറുകിൽ ചുണ്ടുകൾ അമർത്തി ചുംബിച്ചു. മതി വരാതെ അവളുടെ നെറുകയിൽ വാത്സല്യത്തോടെ അയാൾ തഴുകി.

ഒരുപാടു നാളുകൾക്ക് ശേഷം നഷ്ട്ടപെട്ട വിലപ്പെട്ട നിധി തിരിച്ചു കിട്ടിയ സന്തോഷം ആയിരുന്നു അയാൾക്ക്. അപ്പോഴാണ് തന്റെ സമീപം നിൽക്കുന്ന ആളെ മാലതി ശ്രദ്ധിച്ചത്.

പൊടുന്നനെ അവൾ അച്ഛനിൽ നിന്നും വിട്ടു മാറി അയാളുടെ നെഞ്ചിലേക്ക് ഓടി കയറി ഒട്ടികിടന്നു.

"ഏട്ടാ..... "വിതുമ്പലിനിടെ അവളിൽ നിന്നും വാക്കുകൾ വിക്കി

"മോളെ സുഖമാണോ നിനക്ക്? " ഉള്ളിൽ തികട്ടി വന്ന സങ്കടം കടിച്ചമർത്തി അയാൾ ചോദിച്ചു.

"അതേ ഏട്ടാ " മാലതി മുരണ്ടുകൊണ്ട് അയാളെ ഉറുമ്പടക്കം കെട്ടിപിടിച്ചു.

മാലതിയുടെ പുറത്തു തട്ടി അയാൾ അവളെ സമാധാനിപ്പിച്ചു. പരിസരം മറന്നു കൊണ്ടുള്ള അവരുടെ സ്നേഹ പ്രകടനത്തിന് ശേഷം ആണ് മൂവരും വാതിൽക്കൽ നിൽക്കുന്ന ശിവയെ ശ്രദ്ധിക്കുന്നത്.

മാലതി അവളെ കൈ കാട്ടി വിളിച്ചു.ശിവ ചെറിയൊരു അപരിചത്വത്തോടെ അവരുടെ സമീപം നടന്നെത്തി.മാലതി അവളെ അവർക്കു മുൻപിൽ പിടിച്ചു നിര്ത്തിക്കൊണ്ട് പറഞ്ഞു.

"അച്ഛാ.... ഏട്ടാ... ഇതാ എന്റെ മകൾ ശിവ"

മാലതി ഉത്സാഹത്തോടെ അവരെ നോക്കി.

മാലതിയുടെ അച്ഛനും ഏട്ടനും അവളെ കൺ കുളിർക്കെ കണ്ടു. അയാൾ തന്റെ പേരമകളെ കൈ കാട്ടി വിളിച്ചു.

ശിവ സന്തോഷത്തോടെ അദ്ദേഹത്തിന് നേരെ ചെന്നു.അയാൾ വാത്സല്യത്തോടെ അവളെ ഇറുകെ പുണർന്നു. അവളുടെ നെറുകയിൽ പതിയെ തഴുകി.

"മോളെ ഞാൻ നിന്റെ മുത്തശ്ശനാ... എന്റെ കൂടെ വന്നത് നിന്റെ അമ്മാവനും. അതായതു മോൾടെ അമ്മയുടെ ആങ്ങള "

ശിവ അവരെ മാറി മാറി നോക്കി.എന്തിനെന്നറിയാതെ അവളുടെ കണ്ണുകളും പെയ്തു തുടങ്ങാൻ പാകത്തിൽ ആയി മാറി.

ശിവയ്ക്ക് അദ്ദേഹത്തിന്റെ സ്നേഹ ചുംബനം ലഭിച്ചു.മാലതിയുടെ ഏട്ടൻ നിറകണ്ണുകളോടെ അവളുടെ നേരെ വന്നു. ശിവയെ മുറുക്കെ കെട്ടിപിടിച്ചു അദ്ദേഹം സ്നേഹം പ്രകടിപ്പിച്ചു.

ശിവ വല്ലാതെ ആഹ്ലാദത്തിൽ ആയിരുന്നു പുതിയതായി കിട്ടിയ ബന്ധുക്കളെ ഓർത്ത്. കഥകളിൽ മാത്രം വായിച്ചിട്ടുള്ള ബന്ധുക്കളുടെയും മുത്തശ്ശന്റെയും ഒക്കെ സ്നേഹം അവൾ ആദ്യമായി നേരിട്ട് അനുഭവിക്കുകയായിരുന്നു.

"മോൾക്ക് ഞങ്ങളുടെ പേരൊക്കെ അറിയുമോ? " മാലതിയുടെ ഏട്ടൻ ശിവയെ പാളി നോക്കി.

"ഉവ്വ് മുത്തശ്ശന്റെ പേര് ശങ്കരൻ എന്നാണെന്നും മുത്തശ്ശിയുടെ പേര് കാർത്യായനി എന്നും ആണെന്ന് പറഞ്ഞു തന്നിട്ടുണ്ട്. അമ്മ. പിന്നെ അമ്മയുടെ മൂത്ത ചേട്ടന്റെ പേര് ബലരാമൻന്ന് ആണെന്നും പറഞ്ഞു തന്നിട്ടുണ്ട്." അവൾ അഭിമാനത്തോടെ അവരെ നോക്കി പറഞ്ഞു. ബാലരാമന്റെയും ശങ്കരന്റെയും കണ്ണുകൾ അതു കേട്ട് തിളങ്ങി.

ഈ സമയം ആണ് അനന്തു മുറ്റത്തേക്ക് ഇറങ്ങി വന്നത്. മുറ്റത്തു നിൽക്കുന്ന ആൾക്കാരെയും വില കൂടിയ കാറും കണ്ട് അവൻ ഒന്ന് പകച്ചു.

മുറ്റത്തേക്ക് ഇറങ്ങി വന്ന അനന്തുവിനെ കണ്ട് മാലതിയുടെ അച്ഛനും ഏട്ടനും ഒരുപോലെ ഞെട്ടി. അവർ അനന്തുവിനെ അത്ഭുതത്തോടെ നോക്കി നിന്നു.

"മോളെ ഇത് "സംയമനം വീണ്ടെടുത്ത ബലരാമൻ അനന്തുവിനെ നേരെ വിരൽ ചൂണ്ടിക്കൊണ്ട് ശങ്കയോടെ മാലതിയുടെ നേർക്ക് തിരിഞ്ഞു.

"ഏട്ടാ അത് എന്റെ മൂത്ത മകനാണ്. അനന്തു " ഏട്ടന്റെ മുഖത്തു പകപ്പ് കണ്ട് മാലതിയുടെ മനം സന്തോഷം കൊണ്ടു അല തല്ലി.

"സത്യമാണോ മോളെ? "മാലതിയുടെ അച്ഛൻ വിറയലോടെ വിശ്വാസം വരാതെ അവളോട് ചോദിച്ചു

"അതേ അച്ഛാ എന്റെ മകനാ.. "

ശിവയെ പതിയെ തന്നിൽ നിന്നും മാറ്റി മാലതിയുടെ അച്ഛൻ അനന്തുവിലേക്ക് നടന്നടുത്തു. അയാൾ പരവശത്തോടെ അവന്റെ ചുമലിൽ കൈ വച്ചു.

പതുക്കെ അവനെ ആകെ ഒന്ന് ഉഴിഞ്ഞു നോക്കി. അയാളുടെ ചുണ്ടുകൾ വിറച്ചു കണ്ണുകൾ നിറഞ്ഞു ഒഴുകി.

"മോനെ ദേവാ.... "അനന്തുവിന്റെ ചുമലിലേക്ക് അയാൾ പൊട്ടി കരച്ചിലോടെ വീണു.അയാൾ എങ്ങി കരഞ്ഞു.

ബലരാമൻ ദേവാ എന്ന് വിളിച്ചുകൊണ്ടു ഓടി വന്നു അവനെ ചേർത്തു പിടിച്ചു കരഞ്ഞു.അനന്തു ആകെ സ്തബ്ധനായിപ്പോയി.

അവൻ അവരെ എങ്ങനൊക്കെയോ സമാധാനപ്പെടുത്തി. ശിവ ഇതൊന്നും മനസ്സിലാകാതെ വാ പൊളിച്ചിരുന്നു. മാലതി സാരിയുടെ കോന്തല കൊണ്ടു കണ്ണുകൾ ഒപ്പിയെടുത്തു.

അനന്തു പണിപ്പെട്ടു അവരിൽ നിന്നും വിട്ടുമാറി. മാലതിയുടെ അച്ഛനും ഏട്ടനും അവനെ കൊതിതീരുവോളം കണ്ടു.അനന്തു ഒന്നും മനസ്സിലാകാതെ മാലതിയെ നോക്കി.

"ഞാൻ മാലതിയുടെ അച്ഛനാ.. ഇത് മാലതിയുടെ ഏട്ടനും " ബലരാമനെ കാണിച്ചുകൊണ്ട് അയാൾ പറഞ്ഞു. അനന്തു വിശ്വാസം വരാതെ അവരെ നോക്കി.സന്തോഷം കൊണ്ടു അവന്റെ കണ്ണുകൾ ഈറനണിഞ്ഞു.

"മോനെ സുഖമാണോ നിനക്ക്? "ബലരാമൻ അവന്റെ ചുമലിൽ തട്ടിക്കൊണ്ടു ചോദിച്ചു.

"അതേ സുഖമാണ് "അനന്തു വിനീതനായി പറഞ്ഞു.

"ഡാ എന്നെ മുത്തശ്ശനെന്നും അവനെ അമ്മാവനെന്നും വിളിക്കണം മനസ്സിലായോ? " മീശ പിരിച്ചുകൊണ്ട് കൃത്രിമ ഗൗരവത്തിൽ ശങ്കരൻ പറഞ്ഞു. അനന്തു ചിരിച്ചുകൊണ്ട് തലയാട്ടി.

"

അയ്യോ അച്ഛാ ഏട്ടാ കയറിയിരിക്ക്.. ഉള്ളിലേക്ക് വായോ "പെട്ടെന്നു എന്തോ ഓർത്ത പോലെ മാലതി കിടന്നു നിലവിളിച്ചു.

അതുകണ്ടു മാലതിയുടെ അച്ഛനും ഏട്ടനും പൊട്ടിച്ചിരിച്ചു. അനന്തുവും ശിവയും ആ ചിരിയിൽ പങ്ക് കൊണ്ടു.

അവർ പതിയെ വീടിനുള്ളിലേക്ക് കയറി.മാലതിയുടെ അച്ഛൻ ശങ്കരൻ ശിവയെ തന്റെ സമീപം തന്നെ ഇരുത്തി വിശേഷങ്ങൾ ആരാഞ്ഞു.

വീടിനകം ഒന്ന് കണ്ണോടിച്ച ശേഷം ബലരാമൻ മാലതിയോടു അനന്തുവിന്റെ അച്ഛനെ കുറിച്ച് ചോദിച്ചു. ഭിത്തിയിൽ തൂക്കിയിരുന്ന ഫോട്ടോയിലേക്ക് അവൾ വിരൽ ചൂണ്ടി സങ്കടത്തോടെ. പിന്നെ കൂടുതൽ ചോദിക്കാൻ അയാൾ മുതിർന്നില്ല.

ബലരാമൻ അനന്തുവിന്റെ കൂടെ മുറ്റത്തേക്ക് ഇറങ്ങി ചുറ്റുപാട് ഒക്കെ ഒന്ന് കണ്ടു നടന്നു. കൂട്ടത്തിൽ അവന്റെ പഠിത്തത്തെക്കുറിച്ചും ആരാഞ്ഞു.

അനന്തുവിന്റെ അച്ഛനെ കുറിച്ചും അച്ഛച്ചനെ കുറിച്ചും തിരക്കി.പൊടുന്നനെ മാലതി ഏട്ടനെ ചായ കുടിക്കാൻ വിളിച്ചു.അയാൾ അനന്തുവിന്റെ കൂടെ വീടിന്റെ ഉള്ളിലേക്ക് നടന്നു വന്നു.

ഈ സമയം കൊണ്ടു ശിവയും മുത്തശ്ശനും നല്ല കൂട്ടായി.ആവശ്യത്തിന് മധുരമുള്ള നല്ല പാൽ ചായയും ബേക്കറി പലഹാരവും അവർക്ക് മുൻപിൽ നിരത്തി വച്ചു.

ബലരാമൻ ചായ ഗ്ലാസ് എടുത്തു ചുണ്ടോടു ചേർത്തു ചായ പതിയെ മോത്തി കുടിച്ചു.പൊടുന്നനെ അയാൾ അച്ഛനെ ഉറ്റു നോക്കി. അദ്ദേഹം ചോദ്യ ഭാവേന ബലരാമനെ നോക്കി.

"അമ്മ ചായ വയ്ക്കുന്ന പോലെ തന്നെ. അമ്മയുടെ കൈപ്പുണ്യം ഇപ്പോഴും അവൾക്ക് കൈ മോശം വന്നിട്ടില്ല "ബലരാമൻ അദ്ദേഹത്തെ അത്ഭുതത്തോടെ നോക്കി

ശങ്കരൻ ബലരാമനെ നോക്കി പുഞ്ചിരിച്ചു.ചായ പതിയെ കുടിച്ചു അവർ മാലതിയോടു വിശേഷങ്ങൾ ആരാഞ്ഞു. ഉച്ചഭക്ഷണത്തിനു നിൽക്കണമെന്ന് മാലതി പറഞ്ഞെങ്കിലും മറ്റൊരു സ്ഥലത്തേക്ക് അത്യാവശ്യം പോകേണ്ടതിനാൽ അവർ അതു വേണ്ടാന്നു വച്ചു.

അല്പ സമയം കഴിഞ്ഞു മാലതിയുടെ അച്ഛന്റെ നിർബന്ധ പ്രകാരം എല്ലാരും കാറിൽ ടൗണിലേക്ക് പോയി. മകൾക്കും പേരമക്കൾക്കുമായി അദ്ദേഹം ഒരുപാടു തുണിത്തരങ്ങളും മറ്റും വാങ്ങി കൊടുത്തു.

മുത്തശ്ശൻ  അനന്തുവിനു ഒരു വാച്ചും ശിവയ്ക് മാലയും വാങ്ങി നൽകി.ബാലരാമനും എന്തൊക്കെയോ സമ്മാനങ്ങൾ വാങ്ങി കൂട്ടി.  മാലതിയുടെ ഹൃദയം ഇതൊക്കെ കണ്ട് സന്തോഷത്തിന്റെ പെരുമ്പറ കൊട്ടി.ഇതൊക്കെ കാണാൻ കുട്ടികളുടെ അച്ഛൻ കൂടെ ഉണ്ടായിരുന്നെങ്കിൽ എന്ന് അവർ വൃഥാ ചിന്തിച്ചു.

ഒരുപാടു സമയം ടൗണിൽ ചിലവഴിച്ചു അവർ വീട്ടിലേക്ക് തിരിച്ചെത്തി. പോകാൻ നേരം ശങ്കരൻ മാലതിയെ ചേർത്തു നിർത്തി പറഞ്ഞു

"ഒരിക്കൽ ഞങ്ങളെയെല്ലാം വിട്ടെറിഞ്ഞു പോയതാ നീ. പക്ഷെ ഈ വയസ്സാംകാലത്തു മുത്തശ്ശനും മുത്തശ്ശിക്കും അവരുടെ മകളും പേരമക്കളും കൂടെ തന്നെ വേണമെന്ന് ഭയങ്കര ആഗ്രഹമാ..അപ്പൊ മോളും മക്കളും 2 ദിവസത്തിനുള്ളിൽ തന്നെ വീട്ടിലേക്ക് വന്നേക്കണം. ഇനി നിങ്ങൾ അവിടെയാ താമസിക്കുക "

"പക്ഷെ അച്ഛാ ഞങ്ങൾ പെട്ടെന്ന്....... " മാലതി പറഞ്ഞു മുഴുവിപ്പിക്കും മുൻപേ ബലരാമൻ ഇടപെട്ടു.

"അച്ഛൻ പറഞ്ഞത് മോള് കേൾക്ക്.. എന്തേലും കാര്യം ഉള്ളതോണ്ടല്ലേ അച്ഛൻ പറഞ്ഞേ. ഇനി ഈ ചെറിയ വീട്ടിൽ ദാരിദ്ര്യത്തിൽ കഴിയേണ്ടവരല്ല എന്റെ പെങ്ങളും അവളുടെ മക്കളും. നിന്നെ ഇനി ഞങ്ങൾ നോക്കിക്കോളാം"

അനന്തുവും ശിവയും വിശ്വാസം വരാതെ അവരെ നോക്കി.

"അപ്പൊ 2 ദിവസത്തിനുള്ളിൽ എല്ലാം പാക്ക് ചെയ്ത് വച്ചു പറയാൻ ഉള്ളവരോടൊക്കെ പറഞ്ഞോ.. ശിവയ്ക്കും അനന്തുവിനും അവിടുന്ന് പഠിക്കാൻ പോകാലോ " പേരമക്കളെ ശങ്കരൻ പ്രതീക്ഷയോടെ നോക്കി.

"മോളെ ഇന്നേക്ക്  60 ദിവസങ്ങൾ കഴിഞ്ഞാൽ ഭൂമി പൂജയാണ്.മോള് മറന്നിട്ടില്ലല്ലോ അല്ലെ? "

ബലരാമൻ താടിയിൽ ഉഴിഞ്ഞു അവളെ ഉറ്റു നോക്കി.

"മറന്നിട്ടില്ല ഏട്ടാ .... ഒരിക്കൽ തറവാട്ടിലേക്ക് തിരിച്ചു വരേണ്ടി വരും എന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. ആ ദിവസത്തിന് വേണ്ടി ആണ് 22 വർഷങ്ങളായി ഞാൻ കാത്തിരിക്കുന്നത്. "മാലതിയുടെ മുഖത്തെ ഭാവമാറ്റം അനന്തുവിനെ ഞെട്ടിച്ചു. ഒരിക്കൽ പോലും അമ്മയുടെ മുഖം ഇങ്ങനെ കണ്ടിട്ടില്ലെന്നു അവൻ ഓർത്തു.
ബലരാമനും ശങ്കരനും ക്രോധം കൊണ്ടു നിന്നു വിറച്ചു. അല്പ സമയം കഴിഞ്ഞു സംയമനം വീണ്ടെടുത്ത് അവർ പോകാൻ തയാറായി. പേരമക്കളെ കണ്ടു കോതി തീരാതെ അദ്ദേഹം അവരെ കെട്ടിപിടിച്ചു. ബലരാമൻ മാലതിയുടെ നമ്പറും മറ്റും വാങ്ങി.

അനന്തുവിനോടും ശിവയോടും മാലതിയോടും യാത്ര പറഞ്ഞു അവർ പുറപ്പെട്ടു. അവർക്ക് നേരെ കൈ വീശി മാലതി അവരെ യാത്രയാക്കി. പതുക്കെ അനന്തുവും ശിവയും അവളെ വന്നു കെട്ടിപിടിച്ചു നിന്നു.മാലതി അവരെ ഇരു കയ്യിലും ചേർത്തു നിർത്തി.

"എന്റെ പൊന്നു മക്കൾ ഇനി പേടിക്കണ്ട. നിങ്ങൾക്ക് ഇനി എല്ലാരും ഉണ്ടാകും. ബന്ധുക്കളും സ്വന്തക്കാരും ഒക്കെ " സന്തോഷം കൊണ്ടു മാലതിയുടെ ശബ്ദം ഇടറി.

"അമ്മേ നമ്മൾ ഇത്രേം വർഷത്തിന് ശേഷം തിരിച്ചു ചെല്ലുമ്പോ അവർക്ക് ഇഷ്ടപ്പെടുമോ ? " അനന്തു അവന്റെ സംശയം പ്രകടിപ്പിച്ചു.

"ഇല്ല മക്കളെ.. ഒന്നും ഓർത്തു വേവലാതി വേണ്ട. അവർ നമ്മളെ നല്ല രീതിയിൽ സ്വീകരിക്കുമെന്നാ അമ്മയുടെയും പ്രതീക്ഷ." മാലതി ഒന്ന് നെടുവീർപ്പെട്ടു.

"അപ്പൊ എപ്പോളാ അമ്മേ നമ്മൾ തറവാട്ടിലേക്ക് പോകുവാ ? "ശിവ സന്തോഷത്തോടെ തുള്ളി ചാടി.

"മറ്റന്നാൾ പോകാം മോളെ "മാലതി അവളുടെ കവിളിൽ പതുക്കെ പിച്ചികൊണ്ട് പറഞ്ഞു.

പതുക്കെ അവർ വീടിനുള്ളിലേക്ക് കയറി. മാലതി ബാക്കി ഉണ്ടായിരുന്ന ചായ തിളപ്പിച്ച് ആറ്റി ശിവയ്ക്കും അനന്തുവിനും കൊടുത്തു .

"അമ്മേ നമ്മുടെ കുടുംബക്കാര് ഭയങ്കര പൈസക്കാർ ആണല്ലേ ? " ബാക്കി വന്ന പലഹാരം വായിലേക്ക് തട്ടിക്കൊണ്ടു അനന്തു ചോദിച്ചു.

"അതു മോനെങ്ങനെ മനസ്സിലായി.? "

"മുത്തശ്ശനും അമ്മാവനും വന്ന കാർ കണ്ടില്ലേ അപ്പൊ മനസ്സിലായി "

"ശെരിയാ ഞാനും നോക്കി. "ശിവ ഇടക്ക് ചാടി കേറി പറഞ്ഞു.

"അതേ മക്കളെ അമ്മയുടെ വീട്ടുകാർ വലിയ പണക്കാർ ആണ്. നിങ്ങൾ തേവക്കാട്ട് ഗ്രൂപ്പ് ഓഫ് ബിസിനസ് എന്ന് കേട്ടിട്ടുണ്ടോ? " മാലതി അവരെ നോക്കി പുരികം കൂർപ്പിച്ചു.

"ഉണ്ടല്ലോ അവർക്ക് റിയൽ എസ്റ്റേറ്റും ഫൈനാൻസും ഒക്കെ അല്ലെ.. കുറേ സിനിമകൾ അവര് പ്രൊഡ്യൂസ് ചെയ്തിട്ടുണ്ട്. പിന്നെ കൺസ്ട്രക്ഷൻ കമ്പനിയും ഉണ്ടെന്നു തോന്നുന്നു. "അനന്തു ഓർമയിൽ നിന്നും ചികിയെടുത്തു പറഞ്ഞു.

"എന്നാലേ തേവക്കാട്ട് ഗ്രൂപ്പ് ഓഫ് ബിസിനസ് എന്റെ അച്ഛന്റെയാ.. അതായത് നിങ്ങടെ മുത്തശ്ശന്റെ.... "മാലതി അഭിമാനത്തോടെ അവരെ നോക്കി

അനന്തു ഇതൊക്കെ കേട്ട് കിളി പോയ അവസ്ഥയിൽ ആയിരുന്നു.കുടിച്ച ചായ തൊണ്ടയിൽ കുടുങ്ങി അവൻ ഉറക്കെ ചുമച്ചു. തലയിൽ കൈകൊണ്ട് തട്ടി വിശ്വാസം വരാതെ അവൻ അമ്മയെ നോക്കി.

കേരളത്തിലെ അറിയപ്പെടുന്ന കോടീശ്വരന്റെ പുത്രി ആണ് ഈ ചെറ്റ കുടിലിൽ കരിയും പുകയും കൊണ്ടു കുട്ടികളെയും പഠിപ്പിച്ചു ജീവിക്കുന്നതെന്ന് ഓർത്തപ്പോൾ അനന്തു വല്ലാതെ സങ്കടത്തിൽ ആയി.

ഒരു റാണിയെ പോലെ ജീവിക്കേണ്ട അമ്മയാണ് തന്റെ മുൻപിൽ ഇങ്ങനെ കരുവാളിച്ചു മെലിഞ്ഞു മുഷിഞ്ഞ വസ്ത്രങ്ങളും ഇട്ട് നിൽക്കുന്നത് എന്ന് ഓർത്തപ്പോൾ അവന്റെ കണ്ണുകൾ ഈറനണിഞ്ഞു.

"അമ്മേ എനിക്ക് അമ്മയുടെ വീടിനെ കുറിച്ചും നാടിനെ കുറിച്ചും ഒക്കെ കേൾക്കണം." ശിവ മാലതിയോടു കൊഞ്ചി

"അതിനെന്താ മോളെ പറയാലോ.. ഞാൻ ജനിച്ചു വളർന്നത് ദേശം എന്ന ഗ്രാമത്തിൽ ആണ്. ആ ഗ്രാമത്തിലെ ഗ്രാമത്തലവൻ ആണ് എന്റെ അച്ഛൻ..അതായതു നിങ്ങളുടെ മുത്തശ്ശൻ. ആ ഗ്രാമത്തിൽ ഏറ്റവും കൂടുതൽ പവർ ഉള്ളത് എന്റെ അച്ഛനാണ് .അവിടുത്തെ ജനങ്ങളുടെ ജീവിതവും ക്ഷേമവും ഒക്കെ അച്ഛന്റെ കുടുംബം ആയിരുന്നു നോക്കി നടത്തിയിരുന്നത്. ആ ഗ്രാമം മൊത്തം അച്ഛന്റെ കുടുംബത്തിന്റെ ആയിരുന്നു.അവിടുത്തെ കൃഷി ഒക്കെ നോക്കി നടത്തുന്നതും ആളുകൾക്ക് ഉപജീവന മാർഗം നല്കിയിരുന്നതും ഞങ്ങടെ കുടുംബം ആണ്. അങ്ങനെ ആണ് ഒരിക്കൽ അച്ഛന് അമ്മയുമായുള്ള കല്യാണം ഉറപ്പിച്ചത്. "

"മുത്തശ്ശിയുമായോ ? "ശിവ പെട്ടെന്നു ഉത്സാഹത്തോടെ ചോദിച്ചു.

"അതേലോ നിങ്ങടെ മുത്തശ്ശിയുമായി.അങ്ങനെ കല്യാണത്തിന് ശേഷം അവർക്ക് 6 മക്കൾ ഉണ്ടായി. ഏറ്റവും ഇളയത് ഞാൻ ആയിരുന്നു. അതുകൊണ്ട് തന്നെ എന്നോട് എല്ലാവർക്കും ഭയങ്കര വാത്സല്യവും സ്നേഹവും ആയിരുന്നു. അങ്ങനെ ഞാൻ വളർന്നു വലുതായി പിഡിസിയ്ക്ക് പഠിക്കുമ്പോഴായിരുന്നു കലോത്സവത്തിന് പന്തൽ പണിയ്ക്ക് വന്ന കോലൻ മുടിയുള്ള നീണ്ടു മെലിഞ്ഞ ഒരാളെ കണ്ടു മുട്ടുന്നുന്നത്."

"ആഹാ അത് അച്ഛനല്ലേ? " അനന്തു അമ്മയെ നോക്കി പല്ലിളിച്ചു

"അതെ" മാലതിക്ക് വല്ലാത്തൊരു അനുഭൂതി വന്നു നിറയുന്നപോലെ തോന്നി. അവൾ ലജ്ജയോടെ അവരെ നോക്കി.

"ആഹാ അമ്മക്കുട്ടിക്ക് നാണം വരുന്നോ? " അനന്തു മാലതിയെ കളിയാക്കി.

"

എന്നിട്ട് എന്തായി അമ്മേ? "  ശിവ കഥ കേൾക്കാനുള്ള ആകാംക്ഷയിൽ ചോദിച്ചു.

അങ്ങനെ അന്ന് ഞങ്ങൾ കണ്ണും കണ്ണും നോക്കിനിന്നു. അത് കഴിഞ്ഞ് നാട്ടിലെ ഉത്സവത്തിന് വീണ്ടും ഞാൻ ഏട്ടനെ കണ്ടു. അന്ന് എന്റെ പുറകെ കുറേ പുള്ളിക്കാരൻ നടന്നു.പിന്നെ ഇടക്കിടക്ക് എന്നെ കാണാൻ വരാൻ തുടങ്ങി.അങ്ങനെ കണ്ട് കണ്ട് ഞാനും ഏട്ടനെ ഇഷ്ട്ടപെട്ടു തുടങ്ങി. പിന്നെ എന്റെ കൂട്ടുകാരി വഴി ഞങ്ങൾ പരസ്പരം ഹൃദയം കൈ മാറി. ഒരുപാട് കത്തുകൾ ഞാൻ ഏട്ടനും ഏട്ടൻ എനിക്കും എഴുതി. കത്തുകളിലൂടെ ഞങ്ങൾ പ്രണയിച്ചു.അവസാനം എനിക്ക് ഒരു കല്യാണാലോചന വന്നപ്പോൾ ഗത്യന്തരമില്ലാതെ ഞങ്ങൾ ഒളിച്ചോടി. അവർ ഞങ്ങളെ കുറേ അന്വേഷിച്ചെങ്കിലും കണ്ടു കിട്ടിയില്ല.അങ്ങനെ ഞാനും ഏട്ടനും കല്യാണം കഴിഞ്ഞു ഒരുമിച്ചു താമസിക്കാൻ തുടങ്ങി ഇവിടെ.മരിക്കുന്നതുവരെ എന്നെ പൊന്നുപോലെയാ നോക്കിയേ എന്റെ ഏട്ടൻ " മാലതി വിതുമ്പിക്കൊണ്ട് പറഞ്ഞു.

അനന്തുവും ശിവയും മാലതിയെ കെട്ടിപിടിച്ചിരുന്നു അവളെ ആശ്വസിപ്പിച്ചു.വരാൻ പോകുന്ന നല്ല ദിവസങ്ങൾ ആയിരുന്നു അവളുടെ മനസ്സ് നിറയെ.

"അല്ല അമ്മേ മുത്തശ്ശനും അമ്മാവനും എന്തിനാ ഏട്ടനെ നോക്കി ദേവാ എന്ന് വിളിച്ചേ?"? ശിവ സംശയം പ്രകടിപ്പിച്ചു.

"അതോ അത് നിങ്ങൾക്ക് സർപ്രൈസ്" മാലതി പൊട്ടിചിരിച്ചുകൊണ്ടു പറഞ്ഞു.

പതിയെ റൂമിലേക്ക് ചെന്ന അനന്തു ഫോൺ എടുത്തു നോക്കിയപ്പോൾ ഇന്ദുവിന്റെ മെസ്സേജ് വന്നത് കണ്ടു. ആകാംക്ഷയോടെ അവൻ ഫോൺ തുറന്നു നോക്കി. മെസ്സേജിലൂടെ അവന്റെ കണ്ണുകൾ ഓടി നടന്നു

"അനന്തു കുറച്ചു ബിസി ആയിപോയി. ഞാൻ ഇപ്പൊ എന്റെ വീട്ടിലാ... വൺ വീക്ക് കഴിഞ്ഞു വരും.. അപ്പൊ കാണാവേ.. ഉമ്മാ "

മെസ്സേജ് വായിച്ചു കഴിഞ്ഞതും അനന്തു സ്തബ്ധനായിപോയി. നാളെ കഴിഞ്ഞാൽ അവർ തറവാട്ടിലേക്ക് പോകുന്നതിനാൽ ഇന്ദുവിനെ ഇനി കാണാൻ പറ്റില്ലല്ലോ എന്ന ചിന്ത അവനെ നിരാശപെടുത്തി.

പോയി കഴിഞ്ഞാൽ ഉടനെ തിരിച്ചു വരാൻ ഒന്നും പറ്റൂല എന്നൊരു ഊഹം അവനു ഉണ്ടായിരുന്നു. നിലാവത്ത് അഴിച്ചു വിട്ട കോഴിയെ പോലെ അവൻ റൂമിലൂടെ നടന്നു.

വൈകുന്നേരം  കഴിഞ്ഞു മാലതിയും അനന്തുവും ശിവയും അയൽവീടുകളിൽ പോയി. തറവാട്ടിലേക്ക് പോകുന്ന കാര്യം അവരോടു സൂചിപ്പിച്ചു.

വർഷങ്ങൾക്ക് ശേഷം മുത്തശ്ശിയെ കാണാൻ പോകുന്ന സന്തോഷം അമ്മയുടെ മുഖത്തു പ്രകടമാണെന്നു അവൻ ഓർത്തു.
രാത്രി ഭക്ഷണത്തിനിടെ മൂവരും പോകുന്നതിനെ കുറിച്ചാണ് ചർച്ച ചെയ്തുകൊണ്ടിരുന്നത്.

ഭക്ഷണത്തിനു ശേഷം ബെഡിലേക്ക് കിടന്ന അനന്തു തറവാട്ടിലേക്ക് പോകുന്നതിനെ കുറിച്ച് സ്നേഹയുമായും രാഹുലുമായും ചർച്ച ചെയ്തു.

ഇരുവർക്കും അത് സമ്മതമുള്ള കാര്യം ആയിരുന്നു.അങ്ങനെ ഓരോ കാര്യങ്ങൾ ഓർത്തു കൊണ്ടു അനന്തു മയക്കത്തിലേക്ക് വഴുതി വീണു.

പിറ്റേ ദിവസം രാവിലെ ഫോൺ റിംഗ് ചെയ്യുന്നത് കേട്ടാണ് അനന്തു മയക്കം വിട്ടു ഉണർന്നത്. അവൻ കണ്ണുകൾ അമർത്തി തിരുമ്മി കോട്ടുവാ ഇട്ടുകൊണ്ട് ഫോൺ എടുത്തു ചെവിയിലേക്ക് ചേർത്തു.

"ഹലോ "

"ഡാ ചെക്കാ നീ എണീറ്റെ ഉള്ളോ ? " സ്നേഹയുടെ പരിഭവം നിറഞ്ഞ ചോദ്യം കേട്ടതും അവനിൽ നിന്നും ഉറക്കപ്പിച്ച് വിട്ടകന്നു.

"അതെന്നെ ഇപ്പൊ കണ്ണു തുറന്നതേ ഉള്ളു "

"ഡാ പൊട്ടാ വേഗം എണീറ്റു 10 മണി ആവുമ്പോഴേക്ക് വീട്ടിലേക്ക് വാ ഞാൻ കാത്തിരിക്കും." സ്നേഹ കാൾ കട്ട് ചെയ്തു.

അനന്തു ഫോണിലേക്ക് നോക്കി.സമയം 9.30 എന്ന് കണ്ടതും അവൻ വെപ്രാളത്തോടെ ബാത്റൂമിലേക്ക് ഓടി. കുളിയും പല്ലു തേപ്പും കഴിഞ്ഞു അവൻ ബൈക്കും എടുത്തു സ്നേഹയുടെ വീട്ടിലേക്ക് കുതിച്ചു പാഞ്ഞു.

അര മണിക്കൂർ യാത്രക്ക് ശേഷം അവൻ സ്നേഹയുടെ വീട്ടിലേക്ക് എത്തി ചേർന്നു. കാർപൊച്ചിൽ ബൈക്ക് നിർത്തി ഓഫ് ചെയ്തു ചാവിയെടുത്ത് അവൻ സിറ്റ്ഔട്ടിലേക്ക് കയറി കാളിങ് ബെല്ലിൽ അമർത്തി.

അല്പ സമയത്തിന് ശേഷം വാതിൽ മലർക്കനെ തുറന്നു സ്നേഹ പുറത്തേക്കിറങ്ങി.ഒരു ടി ഷർട്ടും പാന്റ്സും ആയിരുന്നു അവളുടെ വേഷം. മുടി പുറകിലേക്ക് പിന്നി കെട്ടിയിരിക്കുന്നു.

മേക്കപ്പ് ഇല്ലാതെ തന്നെ പെണ്ണ് ഇത്രക്കും സുന്ദരി ആണേൽ മേക്കപ്പ് ചെയ്താൽ എന്തായിരിക്കുമെന്ന് അവൻ ഓർത്തു പോയി. സ്നേഹയുടെ കണ്ണുകൾക്ക് വല്ലാത്ത കാന്തിക ശക്തി പോലെ അവനു തോന്നി.

"ഇങ്ങനെ ചോര ഊറ്റി കുടിക്കാതെടാ" സ്നേഹ കപട ദേഷ്യത്തോടെ അവനെ നോക്കി പറഞ്ഞു

അനന്തു ചമ്മിയ ചിരിയോടെ അവളെ നോക്കി. സ്നേഹ അവന്റെ കൈ പിടിച്ച് ഉള്ളിലേക്ക് നടന്നു.

"ഭക്ഷണം കഴിച്ചോടാ നീയ്? "

"ഇല്ലാന്നെ വിശക്കുവാ "

"എങ്കിൽ വാടാ ആദ്യം ഭക്ഷണം കഴിക്കാം"

സ്നേഹ അനന്തുവിന്റെ കൈയും പിടിച്ച് അടുക്കളയിലേക്ക് നടന്നു.അവിടെ എത്തിയതും രാവിലെ സ്നേഹയുടെ അമ്മ ഉണ്ടാക്കിയ പുട്ടും കടലക്കറിയും പാത്രത്തിലാക്കി അവന് നൽകി..

അനന്തു സ്ളാബിലേക്ക് കയറി ഇരുന്നു  സന്തോഷത്തോടെ പുട്ട് കഴിച്ചു. ഒരുരുള സ്നേഹയ്ക്കും നൽകി. അവൾ അത് സന്തോഷത്തോടെ കഴിച്ചു.

പുട്ട് കഴിച്ചു കഴിഞ്ഞു അവൻ എണീറ്റപ്പോൾ സ്നേഹ അവനിൽ നിന്നും പാത്രം പിടിച്ചു വാങ്ങി കഴുകാൻ തുടങ്ങി. അനന്തു അടുക്കളയിലെ വാഷ് ബേസിനിൽ കൈ കഴുകി തിരിച്ചു വന്നു പുറം തിരിഞ്ഞു പാത്രം കഴുകുന്ന സ്നേഹയെ വയറിലൂടെ കൈകൾ ഇട്ട് കെട്ടിപിടിച്ചു അവളുടെ പിൻ കഴുത്തിൽ മുഖം അമർത്തി

"ആാഹ് "

സ്നേഹ ഒന്ന് ഞെട്ടി വിറച്ചു.അവൾ ചിരിയോടെ അവനെ പതിയെ തള്ളി മാറ്റി ഹാളിലേക്ക് ഓടി. അനന്തു അവളുടെ പുറകെ ഹാളിലേക്ക് ഓടി വന്നു. എങ്ങോട്ട് ഓടുമെന്നു ശങ്കിച്ച് നിൽക്കുന്ന സ്നേഹയെ രണ്ടു കൈകൾകൊണ്ട് കോരിയെടുത്തു അനന്തു അവളുടെ മുറിയിലേക്ക് സ്റെപ്സ് കേറി നടന്നു.

സ്നേഹയുടെ മുറിയിലേക്ക് നടന്നെത്തി കട്ടിലിലേക്ക് അവളെ പതിയെ ഇട്ട് അവൻ റൂമിന്റെ ഡോർ പോയി ലോക്ക് ചെയ്തു.  അനന്തു പതുക്കെ കട്ടിലിലേക്ക് നടന്നെത്തി.

സ്നേഹ കിതപ്പോടെ കട്ടിലിൽ അമർന്നു കിടന്നു.ശ്വാസതിയ്ക്ക് അനുസരിച്ചു അവളുടെ മാറിടം ഉയർന്നു താഴ്ന്നുകൊണ്ടിരുന്നു.

അനന്തു അവളുടെ ദേഹത്തേക്ക് പതിയെ പടർന്നു കയറാൻ തുടങ്ങി.ഈ സമയം പഴയ ആ സുഗന്ധം അവളിൽ നിന്നും പരക്കുന്നതായി അവനു തോന്നി. ആ ഗന്ധം ആഞ്ഞു വലിച്ചു ശ്വസിച്ചു സ്നേഹയുടെ മുഖത്തേക്ക് അവൻ മുഖം അടുപ്പിച്ചു ആ ചുവന്ന അധരങ്ങളിൽ അമർത്തി ചുംബിച്ചു.

പതിയെ സ്നേഹയും അനന്തുവും ചുണ്ടുകൾ കോർത്തു വലിച്ചു കുടിച്ചു. രണ്ടുപേരും പരസ്പരം ചുണ്ടുകൾ ചപ്പി വലിച്ചു. അനന്തു നാവു കൊണ്ടു അവളുടെ ചുണ്ടുകൾ ഉഴിഞ്ഞു വലിച്ചു കുടിച്ചു.

സ്നേഹ അവനെ ഇറുകെ പുണർന്നു ചുണ്ടുകൾ ഉറിഞ്ചി കുടിച്ചു. ചുണ്ടിൽ നിന്നും വിട്ട് പതിയെ നാവ് പരസ്പരം വലിച്ചു കുടിച്ചു. നാവുകൾ തമ്മിൽ കെട്ടി വരിഞ്ഞു മുറുകി.

സ്നേഹ ശ്വാസം കിട്ടാതെ അനന്തുവിന്റെ മുഖം തള്ളി മാറ്റി.അവൾ ദീർഘ ശ്വാസമെടുത്തു കാതരയായി അവനെ നോക്കി. അനന്തു പൊടുന്നനെ അവളുടെ കഴുത്തിലേക്ക് മുഖം പൂഴ്ത്തി.

ചുണ്ടുകൾ കൊണ്ട് കഴുത്തിൽ അമർത്തി ചുംബിച്ചപ്പോൾ സ്നേഹ കിടന്നു പുളഞ്ഞു. അവൻ ചുണ്ടുകള്കൊണ്ട് കഴുത്തിലാകെ ഉഴിഞ്ഞു ചുംബിച്ചുകൊണ്ടിരുന്നു.

പതിയെ അവൻ അവളുടെ നിറഞ്ഞ മാറിലേക്ക് മുഖം പൂഴ്ത്തി വച്ചു. സ്നേഹ ആവേശത്തോടെ അവനെ ചേർത്തുപിടിച്ചു. അവളുടെ മാറിൽ മുഖം അമർത്തി ഇളക്കിയ ശേഷം അനന്തു സ്നേഹയുടെ ടി ഷർട്ട് ഊരി മാറ്റി.

പതിയെ അവളുടെ ബ്രായ്ക്ക് മുകളിലൂടെ മുലകൾ അമർത്തി കശക്കി.

"ഊഫ് "

സ്നേഹ കിടന്നു പുളഞ്ഞു.

പതിയെ സ്നേഹയുടെ പൊക്കിളിൽ അനന്തു ചുണ്ടുകൾ അമർത്തി ചുംബിച്ചു.

"ഹൌ "

സ്നേഹയുടെ നടു പൊങ്ങി താണു.പൊക്കിളിൽ നാവ് ഇട്ട് കറക്കി അവൻ നാക്കിയെടുത്തു.വയറിലാകെ ഉമ്മ വച്ചു അവൻ അവളുടെ പാന്റ്സ് വലിച്ചു ഊരി എടുത്തു.

സാവധാനം സ്നേഹയുടെ തുടകളിൽ അനന്തു ചുംബിച്ചു. കൈകൾ കൊണ്ടു തൂങ്ങി കിടക്കുന്ന മാംസം ഞെരിച്ചു.സ്നേഹ ബെഡിൽ കിടന്നു പുളകം കൊണ്ടു.

അവൾ ഇട്ടിരുന്ന ബ്ലാക്ക് പാന്റീസ് വലിച്ചു ഊരി കളഞ്ഞു അനന്തു അവന്റെ ലിംഗം എടുത്തു യോനി കവാടത്തിൽ മുട്ടിച്ചു വച്ചു.

സ്നേഹയുടെ കണ്ണുകളിലേക്ക് അവൻ ഉറ്റു നോക്കി. അവൾ സമ്മതമെന്ന മട്ടിൽ തലയാട്ടി.

അനന്തു വർധിത വീര്യത്തോടെ ലിംഗം യോനിയിൽ മുട്ടിച്ചു വച്ചു അവളിലേക്ക് ചാഞ്ഞു കിടന്നു. പതിയെ അരക്കെട്ട് മുന്നിലേക്ക് അനക്കി ലിംഗം കയറ്റാൻ തുടങ്ങി.

"ആാഹ് "

സ്നേഹ വേദനയോടെ അവനെ കെട്ടിപിടിച്ചു. അനന്തു അവളുടെ ഇറുകിയ യോനിയിലൂടെ പണി പെട്ട് ലിംഗം കയറ്റി.അവൾ മുരൾച്ചയോടെ അവന്റെ മുതുകിൽ നഖങ്ങൾ ആഴ്ത്തി.

ലിംഗം മുഴവനായി കേറിയതും സ്നേഹ ഒന്ന് വെട്ടി വിറച്ചു. അവളുടെ കണ്ണുകൾ ഈറനണിഞ്ഞു.

പതിയെ അനന്തു അരക്കെട്ട് അനക്കി തുടങ്ങി. മുന്നോട്ടും പിന്നോട്ടും പതിയെ അനക്കി തുടങ്ങി. സാവധാനം ലിംഗം കയറ്റിയിറക്കി.

സ്നേഹ വിറച്ചുകൊണ്ട് മുരണ്ടു.കാമം തലക്ക് പിടിച്ചതും അനന്തു സ്നേഹയെ ഇറുകി പുണർന്നു കൊണ്ടു ശക്തിയിൽ അരക്കെട്ട് അടിച്ചു. താളത്തിൽ അരക്കെട്ട് അനങ്ങി.

ലിംഗം യോനിയിൽ ദ്രുതഗതിയിൽ കയറിയിറങ്ങി. സ്നേഹയുടെ കൺകോണിലൂടെ കണ്ണീർ ഇറ്റു വീണുകൊണ്ടിരുന്നു.

ദീർഘ നേരം നീണ്ടു നിന്ന യുദ്ധത്തിന് ശേഷം അത് പരിസമാപ്തിയിലേക്ക് എത്തി. ഒരേ സമയം അനന്തുവിനും സ്നേഹയ്ക്കും രതി മൂർച്ച ഉണ്ടായി. അനന്തു മുക്രയിട്ടുകൊണ്ട് തളർന്നു സ്നേഹയുടെ മാറിൽ മുഖം പൂഴ്ത്തി കിടന്നു.

അനന്തുവിനെ ഇറുകെ പുണർന്നു വികാര നിർവൃതിയിൽ സ്നേഹയുടെ കണ്ണുകൾ താനേ കൂമ്പിയടഞ്ഞു. കിതപ്പോടെ അവർ പരസ്പരം ഒട്ടിച്ചേർന്നു കിടന്നു. പതിയെ മയക്കത്തിലേക്ക് വീണു.

ഫോൺ റിംഗ് ചെയ്യുന്നത് കേട്ടാണ് അനന്തു ഞെട്ടി എണീറ്റത്. പതിയെ കണ്ണു തിരുമ്മി അവൻ എണീറ്റിരുന്നു.

അടുത്ത് ഒരു കൊച്ചു കുഞ്ഞിനെ പോലെ പുതപ്പിനുള്ളിൽ ചുരുണ്ടു കിടക്കുന്ന സ്നേഹയെ കണ്ട് അവനു അവളോട് വാത്സല്യം തോന്നി.

അവളുടെ മുഖത്തേക്ക് ഉതിർന്നു വീണ മുടിയിഴകൾ അവൻ കോതിയൊതുക്കി. എന്നിട്ട് പതുക്കെ കയ്യെത്തിച്ചു അവൻ ഫോൺ എടുത്തു.

"ഹലോ "

"ചെക്കാ നീ എവിടാ ഉള്ളെ? " മറു വശത്തു കട്ട കലിപ്പിൽ മാലതി ചോദിച്ചു.

"ഞാൻ സ്നേഹയുടെ വീട്ടിലുണ്ട് അമ്മേ " അനന്തു അമ്മയെ സമാധാനിപ്പിക്കാൻ എന്ന വണ്ണം പറഞ്ഞു.

"ആണോ എങ്കിൽ വേഗം ഇങ്ങോട്ട് വാടാ. നമുക്ക് എല്ലാം പാക്ക് ചെയ്യണ്ടേ മറന്നോ നീയ് "

"ഇല്ലമ്മേ ഓർമയുണ്ട്. ഞാൻ ഉടനെ വരാം. "

"ശെരി പെട്ടന്ന് ആയ്ക്കോട്ടെ" മാലതി തിടുക്കം കൂട്ടി.

"ആം. " അനന്തു ഈർഷ്യയോടെ കാൾ കട്ട് ചെയ്തു.

ഈ സമയം സ്നേഹ മയക്കം വിട്ടു ഉണർന്നു.അവൾ അവനെ നോക്കി വശ്യമായി പുഞ്ചിരിച്ചു. അനന്തു അവളിലേക്ക് ആഞ്ഞു ആ നെറ്റിയിൽ ചുണ്ടുകൾ അമർത്തി ചുംബിച്ചു.

"പോട്ടെടി.... "അനന്തു അവളെ നോക്കി ചോദിച്ചു

"ആം " സ്നേഹ ആലസ്യത്തോടെ പുലമ്പിക്കൊണ്ട് അവനെ നോക്കി തലയാട്ടി.

സാവധാനം എണീറ്റു അവൻ താഴെ കിടക്കുന്ന ഡ്രസ്സ് എടുത്തു അണിഞ്ഞു റൂമിനു വെളിയിലേക്ക് ഇറങ്ങി. പതിയെ സ്റെപ്സ് ഇറങ്ങി പുറത്തേക്ക് വന്നു.

പൊച്ചിൽ നിർത്തിയ ബൈക്കിൽ കയറി ഇരുന്നു ചാവി ഇട്ട് ഓൺ ചെയ്തു വണ്ടി ഒന്ന് ഇരപ്പിച്ചു അവൻ പുറത്തേക്ക് ഇറക്കി വീട് ലക്ഷ്യമാക്കി കുതിച്ചു.

കുറച്ചു സമയത്തെ യാത്രക്ക് ശേഷം അവൻ വീട്ടിൽ തിരിച്ചെത്തി.വണ്ടിയിൽ നിന്നു ഇറങ്ങിയപ്പോഴെ പുറത്ത് ബാഗ് കഴുകി വെയിലത്ത് ഉണക്കാൻ വച്ചത് അവന്റെ ശ്രദ്ധയിൽപ്പെട്ടു.

ചിരിയോടെ അവൻ ഉള്ളിലേക്ക് കയറിയപ്പോൾ വെപ്രാളത്തോടെ ഓടി നടക്കുന്ന അമ്മയെ കണ്ടു.ശിവ കുറേ ബുക്ക്സ് ഒരു കെട്ടിലാക്കി എടുത്തു വയ്ക്കുന്നു. അനന്തു പതിയെ റൂമിലേക്ക് നടന്നു വന്നു.

അത്യാവശ്യം വേണ്ട തുണിത്തരങ്ങളും മറ്റും അവൻ എടുത്തു വച്ചു. വൈകുന്നേരം എല്ലാം പാക്ക് ചെയ്യാം എന്ന ഉദ്ദേശത്തോടെ അവൻ ടി വി യുടെ മുൻപിൽ ഇരുന്നു.

ഇടക്കിടക്ക് ചില ചാനലുകളിൽ തേവക്കാട്ട് ഗ്രൂപ്പിന്റെ പരസ്യം കണ്ടതും അവൻ പുഞ്ചിരിച്ചു. എല്ലാവരെയും കാണാൻ പോകുന്നതിന്റെ അത്യുത്സാഹം അമ്മയുടെ മുഖത്തു അവൻ കണ്ടു.

അവർ ഉഷാറോടെ എല്ലാ പണികളും ചെയ്തുകൊണ്ടിരുന്നു.കുറച്ചു കഴിഞ്ഞു മടുപ്പ് തോന്നിയതും അനന്തു ടി വി യിലേക്ക് കണ്ണും നട്ട് സ്നേഹയുമായി ഇടപഴകിയ കാര്യങ്ങൾ അയവിറക്കി.

അന്നത്തെ ദിവസത്തെ ശേഷിച്ച സമയം പാക്കിങ് കൊണ്ടും വീട് വൃത്തിയാക്കലും കൊണ്ടു തീർന്നു. രാത്രി ഭക്ഷണത്തിനു ശേഷം അനന്തു അവശതയോടെ റൂമിലേക്ക് വന്നു കിടന്നു.

കിടന്ന കിടപ്പിലേ അവൻ മയങ്ങി പോയി.പിറ്റേ ദിവസം രാവിലെ അമ്മ കുലുക്കി വിളിച്ചപ്പോൾ അനന്തു ഞെട്ടിപിടഞ്ഞെണീറ്റു. വേഗം കുളിയും പല്ലു തേപ്പും കഴിഞ്ഞു അടുക്കളയിലേക്ക് ചെന്നു.

"അനന്തു ഒരു മണിക്കൂർ കഴിഞ്ഞിട്ട് വണ്ടി വരുമെന്നാ ഏട്ടൻ പറഞ്ഞേ വേഗം റെഡി ആവ് "

"അല്ല അമ്മേ നമുക്ക് വണ്ടി ആക്കി പോയാൽ പോരെ അവരെ എന്തിനാ ബുദ്ധിമുട്ടിക്കുന്നേ? "

"മോനെ അതു വേണ്ട ഏട്ടൻ പറയുന്നത് പോലെ നമുക്ക് അനുസരിക്കാം അതുമതി." മാലതി ഒരു താക്കീത് എന്ന പോലെ പറഞ്ഞു.

അനന്തു മിണ്ടാതെ ഭക്ഷണം കഴിച്ചു നേരെ മുത്തശ്ശന്റെ മുറിയിലേക്ക് ചെന്നു. അവിടെ കട്ടിലിൽ കിടന്നു കുറച്ചു നേരം അവൻ ചിന്തയിൽ ആണ്ടു.

ഈ വീടും മുത്തശ്ശന്റെ മുറിയും ഒക്കെ വിട്ടു പോകുവാണെന്നു ഓർത്തപ്പോൾ അവനു സങ്കടം അല തല്ലി. അല്പ നേരം അവിടെ കിടന്നപ്പോൾ അനന്തുവിന് ഒരു ആശ്വാസം പോലെ തോന്നി.

പൊടുന്നനെ വാതിൽ തുറക്കുന്നത് കേട്ട് അവന്റെ കണ്ണുകൾ അങ്ങോട്ടേക്ക് പാറി.ശിവ ഒരു നീല ചുരിദാർ അണിഞ്ഞു മുടിയൊക്കെ പുറകിലേക്ക് പിന്നിക്കെട്ടി സുന്ദരിയായി നിൽക്കുന്നു.

ശെരിക്കും അമ്മയുടെ സൗന്ദര്യം അതുപോലെ അവൾക്കും കിട്ടിയെന്നു അവനു തോന്നിപോയി. അവൻ അവളെ നോക്കി പുഞ്ചിരിച്ചു.

"ഡാ മരമാക്രി വണ്ടി വന്നു. പെട്ടെന്ന് വാ "

"ഡീ നിന്നെ കാണാൻ നല്ല ചേലുണ്ട് ട്ടോ "

"ആണോടാ " ശിവ നിന്ന നിൽപ്പിൽ കാൽ വിരൽ കൊണ്ടു നിലത്തു കളം വരയ്ക്കാൻ തുടങ്ങി.

"അധികം വരച്ചു മോള് അവിടെ കുഴിയാക്കണ്ടട്ടാ " അനന്തു ഊറി ചിരിച്ചുകൊണ്ട് പറഞ്ഞു.

"പോടാ പട്ടി "അവനെ നോക്കി കൊഞ്ഞനം കുത്തി ശിവ പോയി.

അനന്തു പതിയെ എണീറ്റു നിന്നു. സ്റ്റൂൾ എടുത്തു വച്ചു കയ്യെത്തിച്ചു ട്രങ്ക് പെട്ടി കയ്യിൽ എടുത്തു. അതുമായി കട്ടിലിലേക്ക് വന്നിരുന്നു.

ആഹ്ലാദത്തോടെ പെട്ടിയിൽ ആകെ അവൻ കയ്യോടിച്ചുകൊണ്ടിരുന്നു. അതിന്റെ പുറത്തു ആലേഖനം ചെയ്ത യോദ്ധാവിന്റെ ചിത്രത്തിൽ ചുംബിച്ചു.

അല്പ നേരം ആ പെട്ടി നെഞ്ചോടു ചേർത്തു വച്ചു മിഴികൾ പൂട്ടി അവൻ ഇരുന്നു. സാവധാനം അവൻ പെട്ടി കട്ടിലിലേക്ക് വച്ചു.

"ഇത് എന്റെ കയ്യിലേക്ക് വന്നത് മുതൽ മൊത്തം സൗഭാഗ്യങ്ങൾ ആണ് എനിക്ക് കിട്ടുന്നത്. സ്ത്രീകളെ മയക്കുന്ന വശീകരണ മന്ത്രം എനിക്ക് പ്രാപ്തമായി. ഇപ്പോഴിതാ ഇത്രയും കാലം അനുഭവിച്ച ദാരിദ്ര്യത്തിനും പട്ടിണിക്കും അവസാനം വന്നിരിക്കുന്നു. ഇന്ന് ഞങ്ങൾ തറവാട്ടിലേക്ക് പോകുകയാണ്. എന്റെ അമ്മയുടെ കുടുംബത്തിലേക്ക്. ഇനി ഞങ്ങൾ അനാഥരല്ല. ഞങ്ങൾക്ക് മുത്തശ്ശനുണ്ട് മുത്തശ്ശിയുണ്ട് അമ്മാവന്മാർ ഉണ്ട് ബന്ധുക്കൾ ഉണ്ട് ഇന്ന് ഞങ്ങൾക്ക് എല്ലാവരും ഉണ്ട്. എല്ലാം ഈ പെട്ടി കാരണമാണെന്ന് വിശ്വസിക്കാൻ ആണ് എനിക്കിഷ്ട്ടം. ഒരിക്കലും ഇത് ഞാൻ ദുരുപയോഗം ചെയ്യില്ല. ഇത് എന്റെ വാക്ക് ആണ്. "

അനന്തു സന്തോഷത്തോടെ ആ പെട്ടി ഭദ്രമായി തിരികെ വച്ചു.റൂമിനു വെളിയിലേക്ക് ഇറങ്ങി അവൻ മുറി പൂട്ടി  നേരെ ബാഗും മറ്റും എടുക്കാൻ സ്വന്തം  റൂമിലേക്ക് പോയി.

ഈ സമയം അച്ഛച്ചന്റെ മുറിയിൽ പഴയ ആ സുഗന്ധം വീണ്ടും അലയടിക്കാൻ തുടങ്ങി. പതിയെ ആ ട്രങ്ക് പെട്ടി വായുവിൽ ഉയർന്നു മുറിയ്ക്ക് മധ്യഭാഗത്തു നിലയുറപ്പിച്ചു.

വീണ്ടും അതിൽ നിന്നും അഭൗമ്യമായ സുഗന്ധം അവിടമാകെ പരന്നു. പതിയെ ആ പെട്ടിയുടെ പുറത്തു ആലേഖനം ചെയ്ത യോദ്ധാവിന്റെ ചിത്രത്തിലെ കണ്ണുകളിൽ നിന്നും ഒരു ചുവന്ന പ്രകാശം പൊട്ടി പുറപ്പെട്ടു.

അതു മുറിയിലാകമാനം പ്രകാശ പൂരിതമായി. വായുവിലൂടെ അതു രണ്ടു തവണ ഭ്രമണം ചെയ്തു പറന്നു സാവധാനം യഥാ സ്ഥാനത്തേക്ക് എത്തിച്ചേർന്നു.

റൂമിൽ നിന്നും എടുത്ത ബാഗുകളുമായി അനന്തു മുറ്റത്തേക്ക് ഇറങ്ങി. ഈ സമയം ശിവയും മാലതിയും അവരവരുടെ സാധനങ്ങളുമായി മുറ്റത്തേക്ക് ഇറങ്ങിയിരുന്നു .
മാലതി ഒരു ചുവന്ന സാരീ ആയിരുന്നു ചുറ്റിയിരുന്നത്. അനന്തു ഒരു ജീൻസും ബ്ലാക്ക് ഷർട്ടും ആണ് അണിഞ്ഞിരുന്നത്.

പുറത്തു നിൽക്കുന്ന പജീറോ കണ്ടു അനന്തുവിന്റെ കണ്ണുകൾ തിളങ്ങി.അവന് ഏറ്റവും ഇഷ്ട്ടപെട്ട വാഹനമായിരുന്നു അത്.

കാറിൽ നിന്നു ഇറങ്ങിയ ഡ്രൈവർ അവരെ വണങ്ങിയ ശേഷം അവരുടെ ബാഗും മറ്റു സാധനങ്ങളും കാറിലേക്ക് എടുത്തു വച്ചു.

"ഏട്ടൻ പറഞ്ഞു വിട്ടതാ"  മാലതി അനന്തുവിനെ നോക്കി പറഞ്ഞു .

അവൻ സന്തോഷത്തോടെ തലയാട്ടി. പോകുന്നതിന് മുൻപായി അച്ഛന്റെയും അച്ഛച്ചന്റെയും ഫോട്ടോയ്ക്ക് മുൻപിൽ നിന്നു ശിവയും അനന്തുവും കൈകൾ കൂപ്പി പ്രാർത്ഥിച്ചു.

മാലതിയുടെ കണ്ണുകൾ അറിയാതെ ഈറനണിഞ്ഞു.അവൾ മക്കളെ ചേർത്തു പിടിച്ചു കൊണ്ടു പറഞ്ഞു.

"മക്കളെ ഇന്ന് നമ്മൾ തറവാട്ടിലേക്ക് പോകുവാണ്. അവിടുള്ള എല്ലാവരെയും എന്റെ മക്കൾ സ്വന്തക്കാരെ പോലെ സ്നേഹിക്കണം. ആരെയും വേദനിപ്പിക്കരുത്. ഉപദ്രവിക്കരുത്. കേട്ടോ.  "മാലതി അറിയാതെ വിതുമ്പി പോയി.

"ഇല്ലമ്മേ ഒരിക്കലും ഞങ്ങൾ അങ്ങനെ ആരെയും ഉപദ്രവിക്കില്ല. എല്ലാവരെയും സ്നേഹിച്ചോളാം. ഞങ്ങൾ കാരണം ആരും അമ്മയെ കുറ്റം പറയൂല. ഞങ്ങൾ വാക്ക് തരുന്നു. "

അനന്തു അമ്മയെ ഇറുക്കി പിടിച്ചു.ശിവ മാലതിയുടെ കണ്ണുകൾ പതിയെ കൈകൊണ്ടു തുടച്ചു മാറ്റി.അവർ ആന്തോഷത്തോടെ വീടിനു വെളിയിലേക്കിറങ്ങി.കാറിലേക്ക് കേറാൻ നേരം മാലതി തിരിഞ്ഞു നിന്നു വീട്ടിലേക്ക് ഒന്ന് പാളി നോക്കി.

ഒന്ന് ദീർഘ നിശ്വാസം എടുത്തു അവൾ കാറിലേക്ക് കയറി. കൂടെ ശിവയും കയറി ഇരുന്നു. ഡോർ അടച്ചു അനന്തു ഫ്രന്റ് സീറ്റിലേക്ക് കയറിയിരുന്നു.ഡ്രൈവർ വണ്ടി ഓൺ ചെയ്തു റോഡിലേക്കിറക്കി നേരെ ദേശം എന്ന ഗ്രാമം ലക്ഷ്യമാക്കി മുന്നോട്ട് കുതിച്ചു.

യാത്രയിലുടനീളം അനന്തു ഡ്രൈവർ ചേട്ടനുമായി  സംസാരിച്ചുകൊണ്ടിരുന്നു. അദ്ദേഹം 10 വർഷത്തോളമായി തറവാട്ടിലെ ഡ്രൈവറായി ജോലി ചെയ്യുന്നു.രാജൻ എന്നായിരുന്നു അയാളുടെ പേര്.

യാത്രയ്ക്കിടെ ദേശം ഗ്രാമത്തിന്റെ സൗന്ദര്യത്തെക്കുറിച്ചും സംസ്കാരത്തെ കുറിച്ചും ജനങ്ങളെ കുറിച്ചും അയാൾ വാചാലനായി.

അനന്തു ആവേശത്തോടെ അതൊക്കെ കേട്ടു കൊണ്ടിരുന്നു. ശിവ ഈ സമയം മാലതിയുടെ മടിയിൽ കിടന്നു നിദ്രയെ പ്രാപിച്ചിരുന്നു. മാലതി മകളുടെ നെറുകയിൽ പതിയെ തഴുകിക്കൊണ്ട് പുറം കാഴ്ച്ചകൾ കാണുന്നതിൽ വ്യാപൃതയായി.

ഏകദേശം 7 മണിക്കൂർ യാത്ര ദേശത്തേക്ക് ഉണ്ടെന്നു ഡ്രൈവർ ചേട്ടൻ അനന്തുവിനോട് പറഞ്ഞു. അടുത്ത ജില്ലയിൽ ആണ് ആ സ്ഥലം എന്ന് അവനു ചെറിയൊരു ഊഹം ഉണ്ടായിരുന്നു.

ദേശം ഒരു അതിർത്തി ഗ്രാമം ആണെന്നും സാധാരണക്കാരായ ജനങ്ങൾ ആണ് അവിടെ താമസിക്കുന്നതെന്നും അവനു ഡ്രൈവർ ചേട്ടന്റെ  പറച്ചിലിലൂടെ മനസ്സിലായി.

വേഗം ആ ഗ്രാമത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ അനന്തുവിന് തിടുക്കമായി. ഇടക്ക് ഭക്ഷണം കഴിക്കാൻ ഹോട്ടലിൽ കേറിയും വഴിവക്കിൽ കാഴ്ചകൾ കണ്ടും അവർ യാത്രയിലെ വിരസത അകറ്റി.

വൈകുന്നേരം 5 മണിയോടെ അവർ ദേശം ഗ്രാമത്തിലേക്ക് എത്തി ചേർന്നു. തന്റെ ജന്മ സ്ഥലത്തേക്ക് തിരികെയെത്തിയതും മാലതി കൂടുതൽ ഉത്സാഹവതിയായി.തണുത്ത മന്ദ മാരുതൻ അവളെ സ്വാഗതം ചെയ്യാൻ എന്നവണ്ണം അവളെ തഴുകി തലോടി.

അവളുടെ കണ്ണുകൾ ആവേശത്തോടെ എല്ലായിടത്തും ഓടി നടന്നു.ദേശം ഗ്രാമത്തിന്റെ നാട്ടു കവലയിൽ എത്തിയപ്പോൾ അവൻ അത്ഭുതപ്പെട്ടു. വലിയ വികസനം ഇല്ലാത്ത സിനിമകളിൽ ഒക്കെ കണ്ടിട്ടുള്ള പോലത്തെ നാൽക്കവല ആണെന്ന് അവനു തോന്നിപോയി.

അവിടുത്തെ വായുവിന് പോലും വല്ലാത്തൊരു ഊർജം ശരീരത്തിന് നൽകാൻ ആവുന്നുണ്ടെന്നു അവനു തോന്നി. ഇത്രയും പണക്കാർ ആയ തന്റെ അമ്മ വീട്ടുകാർ ഇങ്ങനൊരു ഗ്രാമത്തിൽ താമസിക്കുന്നതിന്റെ ഗുട്ടൻസ് അവനു പിടി കിട്ടിയില്ല.

കവലയിലൂടെ കുതിച്ചു പാഞ്ഞ പജീറോ ഒരു ഇറക്കം ഇറങ്ങി ചെന്നപ്പോൾ വലതു ഭാഗത്ത് ഒരു ഹയർ സെക്കന്ററി സ്കൂൾ അനന്തു കണ്ടു.

"മോനെ ഇതാ ഞാൻ പഠിച്ച സ്കൂൾ " മാലതി സന്തോഷത്തോടെ അവനെ പുറകിൽ നിന്നും തോണ്ടി.

"ആണോ അമ്മേ ? "അനന്തു ചിരിയോടെ ആ സ്കൂളിന്റെ അങ്കണത്തിലേക്ക് എത്തിനോക്കി.

"അതേടാ"  മാലതിയുടെ ശബ്ദത്തിൽ എന്തോ നഷ്ട്ട ബോധം പോലെ അവനു തോന്നി.

അനന്തു ഡ്രൈവർ ചേട്ടനോട് കാർ നിർത്താൻ പറഞ്ഞു.അയാൾ സ്കൂളിന്റെ മുറ്റത്തേക്ക് കാർ കൊണ്ടു വന്നു നിർത്തി. അനന്തു പുറത്തേക്ക് ചാടിയിറങ്ങി പുറകിൽ നിന്നും മാലതിയുടെ കയ്യിൽ പിടിച്ചു വലിച്ചു. അവൾ പുറത്തേക്ക് ഇറങ്ങി വന്നു.

"എന്താ മോനെ ? " അവൾ അത്ഭുതത്തോടെ അനന്തുവിനെ ഉറ്റു നോക്കി.

"വാ നമുക്ക് അമ്മയുടെ സ്കൂൾ ഒക്കെ കണ്ടിട്ട് വരാം." ചുറ്റുപാടും ഒന്ന് വീക്ഷിച്ചുകൊണ്ട് അവൻ പറഞ്ഞു.

"ശെരി മോനെ" മാലതി സന്തോഷത്തോടെ തലയാട്ടി.

ശിവ നല്ല ഉറക്കപ്പിച്ചയതിനാൽ കൂടെ വരാൻ കൂട്ടാക്കിയില്ല. മാലതി അത്യുത്സാഹത്തോടെ അവൾ പഠിച്ച സ്കൂളിലൂടെ ഓടി നടന്നു.

അനന്തുവിന്റെ കയ്യിൽ പിടിച്ചു അവൾ ഓരോ കാര്യങ്ങളും ഓർമയിൽ നിന്നും പറഞ്ഞു കൊടുത്തു.അമ്മ ആ പഴയ ഏഴാം  ക്ലാസ്കാരിയായി മാറിയെന്നു അനന്തുവിന് തോന്നി.മാലതി സന്തോഷം കൊണ്ടു വീർപ്പുമുട്ടി.

"മോനെ അത് കണ്ടോ ? " കുറച്ചു മാറി ഒരു കിണറ്റിനു സമീപം പുതുക്കി പണിഞ്ഞ ഷെഡിലേക്ക് നോക്കി മാലതി കൈ ചൂണ്ടി കാണിച്ചു.

"എന്താ അമ്മേ അത്? "

"മോനെ അത് ഞാൻ ഇവിടെ പഠിക്കുന്ന സമയത്തു അവിടായിരുന്നു ഞങ്ങളുടെ കഞ്ഞിപ്പുര .ജാനുചേച്ചിയായിരുന്നു ഞങ്ങൾക്ക് കഞ്ഞി വച്ചു തന്നുകൊണ്ടിരുന്നത്. "

"അയ്യേ പഠിക്കാൻ വന്നാലും തീറ്റയുടെ വിചാരം മാത്രേയുള്ളൂ അല്ലെ ? "

അനന്തു മാലതിയെ കളിയാക്കി. അവൾ അവനെ തല്ലാനായി കയ്യോങ്ങിയപ്പോൾ അനന്തു ഒഴിഞ്ഞു മാറി. അങ്ങനെ മുന്നോട്ട് നടക്കുന്ന സമയത്താണ് അങ്ങേ മൂലയിൽ ഒരു പഴഞ്ചൻ കെട്ടിടം കണ്ടത്.

മാലതി അങ്ങോട്ടേക്ക് വേഗം നടന്നു. അനന്തു പുറകെ നടന്നെത്തി.മാലതി ആ ക്ലാസ്സ് മുറിയിലേക്ക് കയറി.പെട്ടെന്നു അവൾ പഴയ ആ ഒന്നാം ക്ലാസ്സുകാരി ആയി മാറി.

"അനന്തു ഈ റൂമിലാ അമ്മ ഒന്നാം ക്ലാസ്സിൽ പഠിച്ചേ " മാലതി ആ ക്ലാസ്സ് മുറിയുടെ പഴമയുടെ ഗന്ധം ആവോളം നുകർന്നുകൊണ്ട് പറഞ്ഞു.

തന്റെ നാടും വീടും കൂട്ടുകാരെയും ഒക്കെ വിട്ടു പോകേണ്ടി വന്നതിൽ അവളുടെ ഹൃദയം വിങ്ങി. ഇത് മനസ്സിലാക്കിയ അനന്തു ബാക്കി ഒന്നും കാണാൻ നിക്കാതെ മാലതിയുടെ കൈ പിടിച്ചു കാറിനു സമീപത്തേക്ക് നടന്നു.

അപ്പോഴും മാലതിയ്ക്ക് തന്നിൽ വല്ലാത്തൊരു അനുഭൂതി വന്നു നിറയുന്നതായി തോന്നി.അനന്തു അമ്മയെ കാറിലേക്ക് കയറ്റി പതിയെ ഫ്രന്റ്സീറ്റിലേക്ക് കയറിരുന്നു.

ഡ്രൈവർ ചേട്ടൻ പതുക്കെ വണ്ടി മുന്നോട്ട് എടുത്തു. അല്പ ദൂരം പിന്നിട്ടപ്പോൾ വിശാലമായ ഒരു നെൽപ്പാടം റോഡിന്റെ ഇരു വശത്തുമായി കാണപ്പെട്ടു.

സിറ്റിയിൽ നിന്നും ഗ്രാമീണതയിലേക്ക് എത്തിയതിന്റെ നവ്യാനുഭൂതി അവൻ  ആവോളം നുകർന്നു. പാടത്തിൽ ട്രാക്ടർ കൊണ്ടു ഉഴുതുമറിക്കുന്ന ഏതോ ഒരു കർഷകൻ. അങ്ങിങ്ങായി കുറേ ഞാറു നടുന്ന സ്ത്രീ പുരുഷ ജനങ്ങൾ.

ഇതൊക്കെ കണ്ട് ആസ്വദിച്ചു അനന്തു ഇരുന്നു. ഒരു ചെറിയ കലുങ്ക് കയറി കാർ വലത്തോട്ടേക്ക് തിരിഞ്ഞപ്പോൾ റോഡ് സൈഡിൽ പ്രൗഢിയോടെ നിക്കുന്ന ഒരു മന അനന്തുവിന്റെ ശ്രദ്ധയിൽ പെട്ടു.

ഡ്രൈവറെ കണ്ടതും സെക്യൂരിറ്റി വലിയ ഗേറ്റ് മലർക്കനെ തുറന്നു.അതിൽ തേവക്കാട്ട് മന എന്ന് എഴുതപ്പെട്ടത് അവൻ സാകൂതം നോക്കി.  ഡ്രൈവർ പജീറോ മനയുടെ മുൻപിലേക്ക് ഓടിച്ചു കൊണ്ടു വന്നു.

മുറ്റത്തു നിർത്തിയ അനേകം കാറുകൾക്കിടയിൽ അയാൾ പജീറോ കൊണ്ടു വന്നു നിർത്തി. അനന്തു മനയുടെ പുറംമോടി കണ്ടപ്പോഴേ ബോധം പോകുമെന്ന അവസ്ഥയിൽ ആയിരുന്നു.

ഇത്രയും വലിയൊരു വീട് അവൻ ജീവിതത്തിൽ ആദ്യമായിട്ടാണ് കാണുന്നത്.അത് ഒരു നാല് കെട്ട് ആണെന്ന് ഒറ്റ നോട്ടത്തിൽ അവനു മനസ്സിലായി.

മനയുടെ പൂമുഖത്തു കുറേ ആൾക്കാർ തടിച്ചു കൂടി നിൽക്കുന്നത് കണ്ടപ്പോഴേ അവനിൽ നേരിയ ഒരു ഭയം നിറഞ്ഞു നിന്നു. അവൻ ചുറ്റുപാടും ഒന്ന് നോക്കി.

മുറ്റത്തിന്റെ പലയിടത്തും നാളികേരവും അടക്കയും റബ്ബറും ഒക്കെ കൂട്ടിയിട്ടിരിക്കുന്നത് അവൻ കണ്ടു.വലിയ പണക്കാർ ആയിട്ടുപോലും തനി നാടൻ ശൈലിയിൽ ആണ് ഇവർ ജീവിക്കുന്നതെന്ന് ഡ്രൈവർ ചേട്ടൻ പറഞ്ഞതിന്റെ പൊരുൾ അപ്പോഴാണ് അവനു മനസ്സിലായത്.

ഈ സമയം മാലതി ആകെ വല്ലാത്ത ധർമ്മസങ്കടത്തിൽ ആയിരുന്നു. സ്വന്തം അമ്മയെ വർഷങ്ങൾക്ക് ശേഷം കാണുമ്പോ എങ്ങനെ അവർ പ്രതികരിക്കുമെന്ന് അവൾക്ക് ഒരു നിശ്ചയവുമില്ലായിരുന്നു.

എങ്കിലും പൂമുഖത്തു തടിച്ചു കൂടി നിൽക്കുന്നവരെ കണ്ടപ്പോൾ മാലതി സകലതും മറന്നു കാറിൽ നിന്നും വെളിയിലേക്കിറങ്ങി.

സാരിയുടെ കോന്തല കയ്യിൽ മുറുകെ പിടിച്ചു വിറയലോടെ അവൾ ശിവയുടെ കയ്യിൽ പിടിച്ചു മുന്നോട്ട് നടന്നു.പൂമുഖത്തു നിന്നവർ വെളിയിലേക്ക് വേഗം ഇറങ്ങി.

അമ്മയെ മുൻപിൽ കണ്ടതും മാലതിയ്ക്ക് സന്തോഷം കൊണ്ടു കണ്ണുകൾ ഈറനണിഞ്ഞു. ആ വൃദ്ധ മാതാവ് തന്റെ വയ്യായ്ക മറന്നു തന്റെ മകളെ കാണാൻ പുറത്തേക്ക് ഇറങ്ങി വന്നു.

"മോളെ"

ആ അമ്മ ഓടി പിടഞ്ഞു വന്നു മാലതിയെ ഇറുകെ പുണർന്നു പൊട്ടി കരഞ്ഞു.മാലതി വിതുമ്പികൊണ്ട് അവരെ കെട്ടിപിടിച്ചു.

"അ... അമ്മേ "

എങ്ങി കരയുന്നതിനിടെ മാലതി വാക്കുകൾ പറയാൻ വിക്കി.

"ന്റെ പൊന്നു മോളെ എന്തിനാ ഈ അമ്മേനെ വിട്ടു പോയെ? അമ്മ കാത്തിരിക്കുവായിരുന്നു ഇത്രേം കാലം ന്റെ കുട്ടീനെ ഒരു നോക്ക് കാണാൻ. കണ്ണടയ്ക്കുന്നതിനു മുൻപ് ഒന്ന് കാണണെന്നാ കണ്ണനോട് പ്രാർത്ഥിച്ചേ. അവസാനം ന്റെ പ്രാർത്ഥന ഈശ്വരൻ കേട്ടൂലോ "

ആ വൃദ്ധ അവളുടെ നെറുകയിൽ തഴുകി. മാലതി മാപ്പിരക്കുന്ന പോലെ അമ്മയുടെ കാലിലേക്ക് വീണു.

"അമ്മേ എന്നോട് ക്ഷമിക്കണേ "

"ന്താ ന്റെ കുട്ടീ ഈ കാട്ടണേ. ന്റെ കുട്ടിയോട് ഈ അമ്മക്ക് സ്നേഹം മാത്രേ ഉള്ളു. "

വൃദ്ധ മാതാവ് മാലതിയുടെ കവിളിൽ ചുംബിച്ചു.

"ഇതാണോ എന്റെ മാലതീടെ കുട്ടി ശിവ മോള് "

ശിവയെ ഇറുകെ പുണർന്നുകൊണ്ട് കാർത്യായനി ചോദിച്ചു. ശിവ ലജ്ജകൊണ്ടു അതേ എന്ന് തലയാട്ടി.

"അതേ അമ്മേ ഇതാ എന്റെ ശിവ "

മാലതി അമ്മയെ നോക്കി. ഈ സമയം മാലതിയുടെ ആങ്ങളമാരും അവരവരുടെ ഭാര്യമാരും അവരെ വന്നു പൊതിഞ്ഞു.

തങ്ങളുടെ നഷ്ട്ടപെട്ടു പോയ കുഞ്ഞിപ്പെങ്ങളെ തിരിച്ചു കിട്ടിയതിൽ അവർ അതിയായി സന്തോഷിച്ചു. മുത്തശ്ശൻ മാലതിയെ തന്നിലേക്ക് ചേർത്തു പിടിച്ചു.

അവൾ അദ്ദേഹത്തിന്റെ കാലിൽ തൊട്ട് വന്ദിച്ചു. ആ വൃദ്ധ പിതാവ് അവളെ നിറഞ്ഞ കണ്ണുകളോടെ ആശ്ലേഷിച്ചു.

"മാലതി അനന്തുട്ടൻ എവിടെ? "

ബലരാമൻ ശങ്കയോടെ വണ്ടിയിലേക്ക് നോക്കി.അനന്തു അമ്മയ്ക്ക് കിട്ടുന്ന സന്തോഷത്തിലും സ്നേഹത്തിലും മതി മറന്നു നിൽക്കുവായിരുന്നു.

അവൻ ഡ്രൈവർ ചേട്ടനോട് നന്ദി പറഞ്ഞു ബാഗ്പാക്കും കയ്യിൽ എടുത്തു പുറത്തേക്കിറങ്ങി. പതിയെ അത് തോളത്തേക്കിട്ട് അവൻ അവരെ നോക്കി പുഞ്ചിരിച്ചു.

അനന്തുവിനെ കണ്ടതും എല്ലാവരുടെയും മുഖത്തു ഞെട്ടൽ കണ്ട് മുത്തശ്ശൻ ചിരിച്ചു. ബലരാമൻ ഗൂഢ മന്ദസ്മിതത്തോടെ അവരുടെ ഞെട്ടൽ കണ്ട് ആസ്വദിച്ചു.

മാലതിയുടെ അമ്മ കാർത്യായനി കണ്ണുകൾ അമർത്തി തുടച്ചു ഒരു നോക്ക് അവനെ കണ്ടു. പതിയെ വിറയലോടെ അനന്തുവിന്റെ അടുത്തേക്ക് നടന്നു വന്നു. അവർ വിതുമ്പലോടെ അനന്തുവിനെ നെഞ്ചിലേക്ക് വീണു പൊട്ടിക്കരഞ്ഞു

"മോനെ ദേവാ..... എന്റെ പൊന്നു മോനെ "

ആ വൃദ്ധ മാതാവ് പൊട്ടികരഞ്ഞു. അനന്തു ആകെ ധർമ്മസങ്കടത്തിലായി. അന്ന് മുത്തശ്ശനും തന്നെ ദേവാ എന്ന് വിളിച്ചു കരഞ്ഞത് അവനു ഓർമ്മ വന്നു.

അവൻ സങ്കടത്തോടെ മുത്തശ്ശിയെ കെട്ടിപിടിച്ചു അവരുടെ കണ്ണുകൾ അമർത്തി തുടച്ചു. ബലരാമൻ ഓടി വന്നു അമ്മയെ പിടിച്ചു അനന്തുവിൽ നിന്നും അടർത്തി മാറ്റി.

"അമ്മേ ഇത് ദേവനല്ല അനന്തുവാണ്. മാലതിയുടെ മകൻ.സൂക്ഷിച്ച് നോക്കമ്മേ ഒന്നുകൂടി "

ബലരാമൻ പറഞ്ഞത് കേട്ട് കാർത്യായനി അവനെ സൂക്ഷിച്ചു നോക്കി.പക്ഷെ ആ മുഖത്ത് നിന്നും കണ്ണെടുക്കാൻ ആ മാതാവിന് തോന്നിയില്ല.

"അനന്തുവാണോ ഇത് "

ബലരാമനെ അവർ സങ്കടത്തോടെ നോക്കി.

"അതേ അമ്മേ ഇത് നമ്മടെ അനന്തുവാണ്."

അയാൾ അമ്മയെ ചേർത്തു പിടിച്ചു കൊണ്ട് പറഞ്ഞു. അവർ അനന്തുവിന്റെ കൈയിൽ മുറുകെ പിടിച്ചു.മാലതിയുടെ സഹോദരന്മാർ വന്നു അനന്തുവിനെ കെട്ടിപിടിച്ചു.

പിന്നെ അവന്റെ മുഖത്തേക്ക് ആശ്ചര്യത്തോടെ നോക്കി നിന്നു.അവർക്കൊക്കെ തന്നോട് വല്ലാത്ത ഒരു വാത്സല്യമാണെന്ന് അവന് തോന്നി.ബലരാമൻ ഓരോരുത്തരെ പിടിച്ചുക്കൊണ്ട് പറഞ്ഞു.

"അനന്തു ഇതെന്റെ അനിയന്മാരാ... പ്രഭാകരൻ, ഭാസ്കരൻ, വിജയൻ. ഇത് പ്രഭാകരന്റെ ഭാര്യ സുഷമ. പിന്നെ ഇത് വിജയന്റെ ഭാര്യ ഷൈല. അത് ഭാസ്കരന്റെ ഭാര്യ രാധ . അതാണ് നിന്റെ അമ്മായിമാർ."

അവിടുള്ള സ്ത്രീ ജനങ്ങളെ നോക്കി ബലരാമൻ പറഞ്ഞു. അവർ അനന്തുവിനെ ഉറ്റു നോക്കി.അനന്തു അവരെ നോക്കി കൈകൾ കൂപ്പി.

"അനന്തു ഇതാണ് എന്റെ ഭാര്യ സീത "

ബലരാമൻ തന്റെ അടുത്തുള്ള മെലിഞ്ഞു കൊലുന്നനെ ഉള്ള സ്ത്രീ രത്നത്തെ ചേർത്തു നിർത്തിക്കൊണ്ട് പറഞ്ഞു. അനന്തു അവരെ നോക്കി കൈ കൂപ്പി. സീത അനന്തുവിന്റെ നെറുകയിൽ വാത്സല്യപൂർവ്വം തലോടി.

അനന്തു പൂമുഖത്തേക്ക് എത്തിനോക്കി. അവിടെ കുറേ പേര് നിൽക്കുന്നത് അവൻ കണ്ടു. ബലരാമൻ അവരെ കൈ കാട്ടി വിളിച്ചു. ഈ സമയം അനന്തുവും ശിവയും മാലതിയും ഒരുമിച്ചു നിന്നു.

"മാലതി ഇതെന്റെ മക്കളാ ശിവജിത്തും മീനാക്ഷിയും."

ബലരാമൻ മക്കളെ അവളുടെ മുൻപിലേക്ക് പിടിച്ചു നിർത്തി. മാലതി അവരെ ചേർത്തു പിടിച്ചു. ശിവജിത്തും മീനാക്ഷിയും പുച്ഛത്തോടെ അനന്തുവിനെ നോക്കി.

അനന്തുവിന് അത് മനസിലായെങ്കിലും അത് കാര്യമാക്കാതെ അവർക്ക് കൈ നീട്ടി.ശിവയോടും അങ്ങനെ തന്നായിരുന്നു അവരുടെ പ്രതികരണം.

"ശിവജിത്ത് നമ്മുടെ ബിസിനസ് നോക്കി നടത്തുവാ.. മീനാക്ഷി നമ്മുടെ തന്നെ എയ്ഡഡ് സ്കൂളിൽ തന്നെ ടീച്ചറാണ്. "

ബലരാമൻ അഭിമാനത്തോടെ പറഞ്ഞു.

"മാലതി ഇതെന്റെ മക്കളാ അനുരാധയും അനുരാജും. അനുരാധ നമ്മുടെ ബിസിനസിൽ ആണ്. ശിവജിത്തിന്റെ കൂടെ ..അനുരാജ് MBA കഴിഞ്ഞതേയുള്ളൂ ഇപ്പോ " ഭാസ്കരൻ തന്റെ മക്കളെ ചേർത്തു നിർത്തി പറഞ്ഞു.

"മാലതി എനിക്ക് മൂന്ന് പിള്ളേരാ...മൂത്തയാളുടെ പേര് രേവതി BCA പഠിക്കുന്നു. നടുക്കുള്ളത് രഞ്ജിത്ത്. അവനിപ്പോ SSLC ആണ്. അവസാനത്തെ ആള് അമൃത. അവൾ ആറാം ക്ലാസ്സിൽ പഠിക്കുന്നു . പ്രഭാകരൻ സന്തോഷത്തോടെ പറഞ്ഞു.

"മോളെ മാലതി ഇതാ എന്റെ മക്കൾ.. ഇരട്ടകളാ..അമല, അമൽ... എഞ്ചിനീയറിംഗ് പഠിക്കുവാ... പിന്നെ ഉള്ളത് എന്റെ അഞ്ജലി മോളാ. അവൾ വീടിന്റെ ഉള്ളിലുണ്ട്. ഒരു ചെറിയ ആക്സിഡന്റ് പറ്റി അവൾക്ക്. ഇപ്പൊ കിടപ്പിലാണ്. പക്ഷെ എന്റെ കുട്ടി വേഗം തിരിച്ചു വരും എല്ലാ വയ്യായ്കയും മാറി. വിജയൻ പതർച്ചയോടെ പറഞ്ഞു. എല്ലാരും പൊടുന്നനെ മൗനത്തിലായി.മാലതി ഏട്ടനെ സമാധാനിപ്പിക്കാൻ എന്നവണ്ണം കയ്യിൽ പിടിച്ചു. സെക്കൻഡുകൾ അവിടെ ഒരു നിശ്ശബ്ദത തട്ടി കളിച്ചു. വിജയന്റെ ഭാര്യ ഷൈല സങ്കടത്തോടെ കണ്ണുകൾ ഒപ്പിയെടുത്തു.

"മോളെ ഷൈലേ വിഷമിക്കാതെ. നമ്മുടെ മാലതി മോള് വർഷങ്ങൾക്ക് ശേഷം തിരിച്ചു വന്നിരികുവല്ലേ അവളെയും വിഷമിപ്പിക്കാതെ"

മുത്തശ്ശൻ ഒരു ശാസന എന്നപോലെ പറഞ്ഞു.

"അവരെ മുറ്റത്തു തന്നെ നിർത്താതെ ഉള്ളിലേക്ക് കേറട്ടെ. "

ബലരാമൻ ഉറക്കെ വിളിച്ചു പറഞ്ഞു.

"മുത്തശ്ശൻ മാലതിയുടെയും ശിവയുടെയും കൈകൾ പിടിച്ചു വീടിന്റെ പൂമുഖം കടന്നു ഉള്ളിലേക്ക് കയറി. തന്റെ വീട്ടിലേക്ക് തിരിച്ചു കയറിയപ്പോൾ നഷ്ട്ടപെട്ടതെന്തോ തിരിച്ചു കിട്ടിയ അനുഭൂതി ആയിരുന്നു മാലതിക്ക്.

വിശാലമായ ഹാൾ ആണെന്ന് അനന്തുവിനു മനസ്സിലായി. നാലുകെട്ട് ആണെങ്കിലും ആധുനികമായ സൗകര്യങ്ങളുമായി  സമന്വയിപ്പിച്ച ഒരു മന ആണ് ഇതെന്ന് അവനു തോന്നി.പഴമയിൽ ഒരു ലക്ഷ്വറി സൗകര്യങ്ങൾ അവിടുണ്ടെന്നു അവനു തോന്നി.

തോളിൽ തൂക്കിയിരുന്ന ബാഗ് അവൻ കയ്യിൽ പിടിച്ചു നിന്നു.ബന്ധുക്കൾ എല്ലാവരും അവർക്ക് ചുറ്റുമായി നിൽക്കുന്നു. ശിവയ്ക്ക് വല്ലാതെ ശ്വാസം മുട്ടുന്നതായി തോന്നി. അവൾ മാലതിയുടെ പുറകെ നിന്നു.

ബലരാമൻ അനന്തുവിനെ നോക്കി ഹാളിന്റെ അറ്റത്തേക്ക് കൈ ചൂണ്ടി. അവൻ ആകാംക്ഷയോടെ അങ്ങോട്ട് നോക്കി. ഒറ്റ നോട്ടം നോക്കിയതും വിശ്വാസം വരാതെ അവൻ കണ്ണുകൾ വീണ്ടും ചിമ്മി തുറന്നു.

അനന്തുവിന്റെ നട്ടെല്ലിലൂടെ ഒരു മിന്നൽ പിണർ പാഞ്ഞത് പോലെ അവനു തോന്നി. വിറയലോടെ അവന്റെ കയ്യിൽ നിന്നും ബാഗ് നിലത്തേക്ക് ഊർന്നു വീണു.

അവൻ അടിവച്ചടി വച്ചു ഭിത്തിയ്ക്ക് മദ്ധ്യേ ഉള്ള ജാലകത്തിനു സമീപം വന്നു നിന്നു.അതിനു സമീപം തൂക്കിയിരിക്കുന്ന മാലയിട്ടിരിക്കുന്ന ഛായാ ചിത്രത്തിലേക്ക് അവൻ ഉറ്റു നോക്കി.

തന്റെ അതേ മുഖഛായാ ഉള്ള ആളുടെ ചിത്രം കണ്ടു അവൻ ഞെട്ടിത്തരിച്ചു നിന്നു. വിശ്വാസം വരാതെ അവൻ ആ ചിത്രത്തിലൂടെ കൈകൾ കൊണ്ടു തഴുകി.

കൈയ്യിലൂടെ തന്റെ ശരീരത്തിലേക്ക് വിദ്യുത് പ്രവാഹം നടക്കുന്നതായി അവനു അനുഭവപ്പെട്ടു. തളർച്ചയുടെ അവൻ ആ ചിത്രത്തിൽ നിന്നും കൈ വലിച്ചെടുത്തു.

ആ മിഴിവുറ്റ ചിത്രത്തിലേക്ക് അവൻ ഉറ്റു നോക്കി. തന്റെ അതേ ചിരിയും മുഖവും മുടിയും എന്തിനു കണ്ണുകൾപോലും ഒരേ പോലെയാണെന്നത് അവനെ അത്ഭുതപ്പെടുത്തി.

തന്റെ അതേ നീല കണ്ണുകൾ ആണ് ചിത്രത്തിൽ ഉള്ള ആൾക്കും ഉള്ളതെന്ന് തിരിച്ചറിഞ്ഞപ്പോൾ അനന്തുവിനു മോഹാലസ്യപ്പെടുന്നതായി തോന്നി. അവൻ വീഴാതിരിക്കാൻ അടുത്ത് കണ്ട ദിവാനിൽ കൈയുറപ്പിച്ചു വച്ചു.

ആ ചിത്രത്തിൽ നിന്നും കണ്ണുകൾ എടുക്കാൻ അവനു തോന്നിയതേയില്ല . അത് തന്റെ ആരോ ആണെന്നും അയാളുമായി മുൻപ് പരിചയമുണ്ടെന്നും ആരോ അശരീരി പോലെ അവന്റെ കാതിൽ പറയുന്നതായി അവനു തോന്നി.

ഈ സമയം ബലരാമൻ അനന്തുവിന്റെ അടുത്തേക്ക് വന്നു അവനെ ചേർത്തു നിർത്തിക്കൊണ്ട് പറഞ്ഞു.

"അനന്തുട്ടാ ഇതാണ് ഞങ്ങളുടെ ദേവൻ. എന്റെ കുഞ്ഞനിയൻ. അതായതു നിന്റെ അമ്മയുടെയും ഞങ്ങളുടെയും മറ്റൊരു അനിയൻ " ബാലരാമന്റെ ശബ്ദത്തിൽ എന്തോ നഷ്ട്ടബോധം ഘനീഭവിക്കുന്നതായി അവനു തോന്നി.

"ഇതാണ് അനന്തു ഞാൻ പറഞ്ഞ സർപ്രൈസ് " മാലതി ദേവന്റെ ഫോട്ടോയിലേക്ക് സങ്കടത്തോടെ ഉറ്റു നോക്കി.

ശിവ ഇതൊക്കെ കണ്ടു തലകറങ്ങിവീഴുമെന്ന അവസ്ഥയിലായി.

ഈ സമയം അങ്ങ് മൈലുകൾക്കപ്പുറം പർണശാലയിൽ  ഓട്ടുരുളിയിലെ ചന്ദനം ചാലിച്ച ജലത്തിൽ അനന്തുവിന്റെ മുഖം ദർശിച്ചതും ജലോപരിതലത്തിലൂടെ കൈവിരൽ ഓടിച്ചു ഓളങ്ങൾ സൃഷ്ട്ടിച്ചു ആ ദൃശ്യത്തെ മായാമോഹിനി മറച്ചു. അവർ ആകെ ചിന്താധീനയായി കാണപ്പെട്ടു. അവർക്ക് സമീപം നിന്നിരുന്ന സന്യാസി ശ്രേഷ്ഠൻ മായാമോഹിനിയെ നോക്കി കൈകൾ കൂപ്പി വണങ്ങി.

"സ്വാമിനി അതെന്തൊരു മായയാണ്. എങ്ങനാണ് അവർ ഇരുവർക്കും അണുകിട വ്യത്യാസമില്ലാതെ ഒരേ മുഖസാദൃശ്യം ലഭിച്ചത് ?"

അയാൾ ചോദ്യഭാവേന അവരെ നോക്കി ചോദിച്ചു.

"അതിനു കാരണം ഒന്നേയുള്ളു. നമ്മൾ ആ ഛായാചിത്രത്തിൽ ദർശിച്ച ദേവൻ എന്ന ആളുടെ പുനർജന്മം തന്നെയാണ് അനന്തു എന്ന ആ യുവാവ് . "

"അതെങ്ങനെ സംഭവ്യമായി ദേവി ?  പുനർജ്ജന്മം ആണെങ്കിൽ എന്തുകൊണ്ട് സ്വന്തം മാതാപിതാക്കളെ പുനർജ്ജന്മം വീണ്ടെടുത്ത ആൾ തിരിച്ചറിഞ്ഞില്ല ? "

സന്യാസി ശ്രേഷ്ഠൻ തന്റെ സംശയം പ്രകടിപ്പിച്ചു.

"കാരണം ഇതാണ് ശ്രവിച്ചോളൂ... മുൻജന്മത്തിലെ ഓർമ്മകൾ അവനു തിരികെ കിട്ടാൻ കാരണഭൂതയായിട്ടുള്ള ആളുടെ സാമീപ്യം അവിടെ കാണുന്നില്ല. അവർ ഇരുവരും എപ്പോൾ കണ്ടുമുട്ടുന്നുവോ അപ്പോൾ മുതൽ അനന്തുവിന് മുൻജന്മത്തിലെ ഓർമ്മകൾ ഓരോന്നായി സമയമെടുത്ത് തിരികെ കിട്ടും. അതിനായി നമുക്കും കാത്തിരിക്കാം. "

പുഞ്ചിരിയോടെ അവർ ഓട്ടുരുളിയിലേക്ക് ദൃഷ്ടി പതിപ്പിച്ചു.

ഛായാചിത്രത്തിലെ തന്റെ അതേ മുഖം കണ്ടതിന്റെ ഞെട്ടൽ മാറാൻ അനന്തുവിന് കുറച്ചു സമയം എടുക്കേണ്ടി വന്നു. പറഞ്ഞറിയിക്കാൻ പറ്റാത്ത വികാരത്തോടെ അവൻ മലാതിയ്ക്കും ശിവയ്ക്കും ഒപ്പം ദിവാനിൽ ഇരുന്നു.മാലതിയുടെ നാത്തൂന്മാർ അടുക്കളയിൽ നിന്നും ബഹുവിധ പലഹാരങ്ങളും

ചായയും അവർക്ക് സമീപം കൊണ്ടു വന്നു വച്ചു. ഇത്രയും പലഹാരം കണ്ടതോടെ ശിവയുടെ കണ്ണുകൾ തള്ളി.

ഇത്രയും പലഹാരക്കൂട്ടം അവൾ കടകളിൽ മാത്രമേ ഇതുവരെ കണ്ടിട്ടുള്ളു. എങ്കിലും സംയമനം പാലിച്ചു നല്ല കുട്ടി ആയി അവൾ ഇരുന്നു.

വീട്ടിൽ കാണിക്കുന്ന ആക്രാന്തം ഇവിടെ കാണിച്ചാൽ മോശമാണെന്നു അവൾക്ക് തന്നെ തോന്നി. മുത്തശ്ശി അനന്തുവിന്റെ അടുത്ത് വന്നിരുന്നു അവന്റെ കയ്യിൽ മുറുകെ പിടിച്ചു.

തുടരെ തുടരെ അവന്റെ മുഖത്തേക്ക് നോക്കി തുടങ്ങി. മുത്തശ്ശി അവരുടെ മരിച്ചു പോയ മകനെ തന്നിലൂടെ കാണുവാണെന്നു അനന്തുവിന് തോന്നി. എന്നാൽ മുത്തശ്ശിക്ക് അങ്ങനെങ്കിലും കുറച്ചു ആശ്വാസം കിട്ടട്ടെ എന്ന് അവനും കരുതി.

ഈ സമയം ബലരാമന്റെ മക്കളായ ശിവജിത്തും മീനാക്ഷിയും ബാലരാമനോട് എന്തോ സ്വകാര്യമായി ചെവിയിൽ പറഞ്ഞു. അയാൾ മാലതിയ്ക്ക് നേരെ കൈ ചൂണ്ടി.ശിവജിത്തും മീനാക്ഷിയും പതുക്കെ മാലതിയുടെ അടുത്തേക്ക് നടന്നു വന്നു.

"മാലതി എളേമ്മേ... ഞങ്ങൾ ഒന്ന് പുറത്തു പോയിട്ട് വേഗം വരാം. എല്ലാവരെയും കാണാൻ വേണ്ടി ഞങ്ങൾ കാത്തിരിക്കുവായിരുന്നു. "

മീനാക്ഷി വിനീതയായി പറഞ്ഞു.

"അതിനെന്താ മക്കളെ പോയിട്ട് വായോ.. ഞങ്ങൾ ഇനി ഇവിടുണ്ടല്ലോ.. വന്നിട്ട് ശെരിക്കും സംസാരിക്കാട്ടോ.." മാലതി സന്തോഷത്തോടെ പറഞ്ഞു.

അത് കേട്ടതും ശിവജിത്തിന്റെ മുഖ ഭാവം മാറി. കടന്നൽ കുത്തിയ പോലെ അവൻ മുഖം വീർപ്പിച്ചിരുന്നു.

അനന്തുവിന് അത് മനസ്സിലായെങ്കിലും കാര്യമാക്കാൻ പോയില്ല. അവൻ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും സ്നേഹ പ്രകടനത്തിൽ മതി മറന്നിരുന്നു.

അപ്പോൾ തന്നെ അവർ വെളിയിലേക്ക് ഇറങ്ങി കാറിൽ കയറി പുറത്തേക്ക് യാത്രയായി. ഈ സമയം എല്ലാവരും മത്സരത്തോടെ അവരെ പലഹാരം കഴിപ്പിക്കുന്ന തിരക്കിൽ ആയിരുന്നു.

മാലതി എല്ലാവരുടെയും സ്നേഹപ്രകടനത്തിൽ പൂർണ സംതൃപ്ത ആയിരുന്നു.

"അനന്തുട്ടാ ഇത് കഴിക്ക് "

ബലരാമൻ ഒരു ലഡ്ഡു എടുത്തു അവന്റെ വായിൽ വച്ചു കൊടുത്തു.

മുത്തശ്ശിയും മുത്തശ്ശനും മാലതിക്കും ശിവയ്ക്കും ജിലേബി കഴിപ്പിക്കുന്ന തിരക്കിൽ ആയിരുന്നു. ഇങ്ങനെ കഴിപ്പിച്ചാൽ എല്ലാം കൂടി തൊണ്ടയിൽ കുടുങ്ങുമെന്ന് ശിവയ്ക്ക് തോന്നി.

"മാലതി നല്ലോണം കഴിക്ക് അങ്ങോട്ട്.. കണ്ടില്ലേ ഒരുമാതിരി മെലിഞ്ഞ് കോലു പോലെ നീ ഇരിക്കുന്നത്.ഒന്നും തിന്നാറില്ലെ നീ "

ബലരാമന്റെ ഭാര്യ സീത ചോദ്യഭാവേന അവളെ നോക്കി.

"ജോലി തിരക്കല്ലേ സീതേട്ടത്തി... പിന്നെ ഈ രണ്ടെണ്ണത്തിനെ മേയ്ക്കുന്ന പാട് എനിക്കല്ലേ അറിയൂ. "

മാലതി കുസൃതി ചിരിയോടെ അവരെ നോക്കി. സീത അവളെ നോക്കി പുഞ്ചിരിച്ചു.

"ഇനി ഞങ്ങൾ നോക്കിക്കോളാം രണ്ടുപേരെയും" മുത്തശ്ശി തലയുയർത്തി അവരെ നോക്കി പറഞ്ഞു.

"അതേ അവർ ഇനി ഞങ്ങടെ കൂടെ നിക്കട്ടെ "

മുത്തശ്ശൻ ശബ്ദത്തിനു അല്പം ഗാംഭീര്യം നൽകി. അനന്തുവും ശിവയും പരസ്പരം നോക്കി ചിരിച്ചു.

"അനന്തുട്ടാ ഇതും കഴിക്ക് "

ഒരു കേക്ക് എടുത്തു അവന്റെ നേരെ ബലരാമൻ അടുപ്പിച്ചു.

"മതി ബലരാമൻ അമ്മാവാ മതിയായി. "

"അയ്യോ അത് പറ്റില്ല ഇതും കൂടി "

ബലരാമൻ അപേക്ഷയുടെ സ്വരത്തിൽ അവനെ നോക്കി.

അനന്തു ചിരിയോടെ അത് വാങ്ങി കഴിച്ചു. പലഹാരം തിന്നു അവനു വയറു നിറഞ്ഞു

"എനിക്ക് മതിട്ടോ.. വയറു ഫുൾ ആയി. "

അനന്തു വയറിൽ തടവിക്കൊണ്ട് വിളിച്ചു പറഞ്ഞു. അത് കേട്ട് എല്ലാവരും പൊട്ടി ചിരിച്ചു. അടുക്കള പണി കഴിഞ്ഞ ശേഷം വീട്ടുവേലയ്ക്ക് നിക്കുന്ന സ്ത്രീകൾ വാതിൽ പടിയിൽ നിന്നും എത്തി നോക്കി.

ചെറുപ്പത്തിൽ നാട് വിട്ടു പോയ തേവക്കാട്ട് ശങ്കരന്റെ മകളെയും പേരമക്കളെയും ഒരു നോക്ക് കണ്ട ശേഷം അവർ ജോലികളിൽ വ്യാപൃതരായി.

ഈ സമയം ശിവജിത്ത് തന്റെ BMW കാർ പ്രധാന നഗരത്തിലേക്ക് പായിക്കുകയാരുന്നു. മീനാക്ഷി പുറത്തേക്ക് കണ്ണും നട്ടിരിക്കുകയായിരുന്നു.

പതിയെ അവൾ ശിവജിത്തിനെ തിരിഞ്ഞു നോക്കി. അവൻ ഡ്രൈവിംഗിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയായിരുന്നു. അവന്റെ മുഖം വല്ലാതെ ഗൗരവം പൂണ്ടിരിക്കുകയാണെന്ന് മീനാക്ഷിയക്ക് തോന്നി.

കണ്ണുകളൊക്കെ രക്തമയം ആയിരിക്കുന്നു. പ്രക്ഷുബ്ധമായ കടലിനു സമാനമാണ് അവന്റെ മനസ്സ് എന്ന് അവൾക്ക് തോന്നി. ആരോടോ ഉള്ള ദേഷ്യം ആക്സിലേറ്ററിൽ തീർക്കുന്ന പോലെ.

അവൾ അവനെ ആശ്വസിപ്പിക്കാൻ എന്നവണ്ണം ശിവജിത്തിന്റെ കൈയിൽ മുറുകെ പിടിച്ചു.

"ഏത് നേരത്താണാവോ ആ തെണ്ടി കൂട്ടങ്ങൾക്ക് കേറി വരാൻ തോന്നിയത്.ബുൾഷിറ്റ്...ഇത്രയും കാലം എവിടായിരുന്നു അവർ..? ഇപ്പൊ ആരും ഹെല്പ് ചെയ്യാൻ ഇല്ലാത്തോണ്ട് ഗതികേട് കൊണ്ട് കേറി വന്നതാവും അതുങ്ങൾ. യൂസ് ലെസ് ഫെല്ലോസ് "

ശിവജിത്ത് മുഷ്ടി ചുരുട്ടി സ്റ്റിയറിങ്ങിൽ അടിച്ചു. ഗ്രാമത്തിൽ നിന്നും

പട്ടണത്തിലേക്കുള്ള മെയിൻ റോഡിലേക്ക് അവൻ വണ്ടി കയറ്റി.

"ആർക്കറിയാം ജിത്തു. ഏതായാലും വന്ന ആൾ കൊള്ളാം.. സോ ഹാൻഡ്സം. ഇത്രയും ഗ്ളാമറുള്ള ഒരാളെ ഞാൻ ആദ്യായിട്ടാ കാണുന്നെ.. ഞാൻ കമ്മിറ്റഡ് അല്ലായിരുന്നേൽ ഉറപ്പായിട്ടും അവനെ വളച്ചെടുത്തേനേ.. എന്റെ മുറച്ചെറുക്കൻ അല്ലെ.. മൈ സ്വീറ്റ് അനന്തു "

മീനാക്ഷി കുളിരോടെ അവനോടു പറഞ്ഞു

"ഷട്ട് യുവർ മൌത്ത്. "

ശിവജിത്ത് കിടന്നു ചീറി. മീനാക്ഷി ശെരിക്കും ഭയന്നു. ശിവജിത്തിന് ദേഷ്യം വന്നു കഴിഞ്ഞാൽ ആർക്കും തടയാൻ പറ്റൂലാന്ന് അവൾക്ക് നന്നേ അറിയാം.

"അവന്റെ സ്തുതി പാടിയത് ആരായാലും ഞാൻ ക്ഷമിക്കില്ല.. അത് എന്റെ പെങ്ങളായ നീ ആണെങ്കിൽ കൂടിയും. "

ശിവജിത്ത് രോഷത്തോടെ അലറി.

"ചിൽ മാൻ... ഞാൻ വെറുതെ പറഞ്ഞതല്ലേ.. ലീവ് ഇറ്റ്.ജിത്തു നീ ഇങ്ങനെ ദേഷ്യപ്പെട്ടിട്ട് എന്ത് കിട്ടാനാ "

മീനാക്ഷി അവനെ ഉപദേശിക്കാൻ നോക്കി.

"വന്നു കേറിയപ്പോഴേ അവർ മുത്തശ്ശിയെ കയ്യിലെടുത്തു, മുത്തശ്ശൻ അവരുടെ വാല് പോലെ നടക്കുന്നു. വാട്ട് ഹാപ്പെൻഡ് ടു ഹിം? "

"വർഷങ്ങൾക്ക് ശേഷം മകളെ കണ്ടതിന്റെ എക്സൈറ്റ്മെന്റ് അല്ലെ.. അതാ നീ കാര്യാക്കണ്ട "

"ഇതിനിടക്ക് നമ്മുടെ അച്ഛന്റെ റോൾ എന്താ? അച്ഛനെങ്ങനാ അവരെ പരിചയം? "

ശിവജിത്ത് ചോദ്യഭാവേന അവളെ നോക്കി.

"അച്ഛനാണ് അവരെ കണ്ടു പിടിച്ചത്. എന്തിനാണെന്ന് മാത്രം എനിക്ക് അറിഞ്ഞൂടാ "

അവൾ കൈ മലർത്തി.

"അത് കണ്ടെത്തണം. അവര് നമ്മുടെ ഫാമിലിയിൽ വേണ്ട. നമ്മുടെ സ്വത്തൊക്കെ അടിച്ചു മാറ്റാൻ ആണ് അവരുടെ വരവെന്ന് എനിക്ക് തോന്നുന്നു.അവരെ കുറിച്ച് ഡീറ്റൈൽഡ് ആയിട്ട് അന്വേഷിക്കണം നീ കേട്ടോ"

ശിവജിത്ത് അവളെ തറപ്പിച്ചു നോക്കി.

"ഞാൻ ട്രൈ ചെയ്യാം ജിത്തു."

മീനാക്ഷി അവനെ നോക്കി പുഞ്ചിരിച്ചു. അവരെയും കൊണ്ട് ആ കാർ തന്റെ ലക്ഷ്യ സ്ഥാനത്തേക്ക് കുതിച്ചു.

ഈ സമയം അങ്ങ് തേവക്കാട്ടെ മനയിൽ മാലതിയെയും മക്കളെയും എല്ലാവരും കൂടി ഊട്ടുകയായിരുന്നു. മാലതി സന്തോഷംകൊണ്ട് വീർപ്പു മുട്ടി.

അനന്തുവിന്റേയും ശിവയുടെയും ഹൃദ്യമായ പെരുമാറ്റം അവരെ സന്തോഷിപ്പിച്ചു. അവർക്ക് വിശ്രമിക്കാൻ വേണ്ടി മുറി കാണിക്കാൻ പറയാൻ തുനിഞ്ഞതും അനന്തു പൊടുന്നനെ ഇടപെട്ടു.

"എനിക്ക് അഞ്ജലിയെ കൂടി കാണണമെന്നുണ്ട്. എല്ലാവരെയും കണ്ടു.ആ കുട്ടിയെ മാത്രം കാണാൻ പറ്റിയില്ലല്ലോ . നിങ്ങൾ അനുവദിക്കുകയാണെങ്കിൽ ? "

അനന്തു ഒന്ന് പറഞ്ഞു നിർത്തി എല്ലാവരെയും നോക്കി.

ചിലരുടെയൊക്കെ കണ്ണുകൾ തിളങ്ങുന്നതും വികസിക്കുന്നതും അവൻ കണ്ടു.

"അതിനെന്താ മോനെ ഇത് നിന്റെയും കൂടി തറവാട് അല്ലെ.. എങ്ങോട്ട് പോകാനും എന്തിനാ അനുവാദം ചോദിക്കുന്നെ... മോൻ പോയിട്ട് വാ.... വിജയാ നീ അഞ്ജലി മോളുടെ മുറി കാണിച്ചു കൊടുക്ക്. "

മുത്തശ്ശൻ അഞ്ജലിയുടെ അച്ഛനെ നോക്കി ആജ്ഞാപിച്ചു. അയാൾ വേഗം അനന്തുവിനെയും കൂട്ടി വടക്കിനി ഭാഗത്തേക്ക് പോയി. മാലതിയും ശിവയും അവരെ അനുഗമിച്ചു.

വീടിന്റെ ഇടനാഴിയിലൂടെ നടന്നു നടു മുറ്റത്തു എത്തിയപ്പോൾ അനന്തു ഒരു നിമിഷം തറഞ്ഞു നിന്നു പോയി. സിനിമകളിൽ അല്ലാതെ ആദ്യമായാണ് അവൻ ഇങ്ങനെ ഒരു സൗകര്യങ്ങളൊക്കെ നേരിട്ട് കാണുന്നത്.

നടു മുറ്റത്തിന്റെ ഭംഗി ആസ്വദിച്ചുകൊണ്ട് അവർ വടക്കിനി അറയിലേക്ക് കയറി. അവിടെ കണ്ട മുറിയുടെ വാതിൽ വിജയൻ മലർക്കെ തുറന്നു.

"വാ ഇതാ അഞ്ജലിടെ മുറി "

അയാൾ സന്തോഷത്തോടെ അവരെ സ്വീകരിച്ചു. വിജയന്റെ പുറകെ അനന്തുവും ശിവയും മാലതിയും മുറിയിലേക്ക് കയറി.

കയറിയ പാടെ അനന്തുവിന്റെ കണ്ണുകൾ പതിഞ്ഞത് മുറിയിലെ ബൃഹത്തായ പുസ്തക ശേഖരങ്ങളിലേക്കാണ്. അവൻ പതിയെ അതിലൂടെ വിരലോടിച്ചു. അവിടെങ്ങും ചിതറി കിടക്കുന്ന

പുസ്തകങ്ങളും ചിത്രങ്ങളും ചായക്കൂട്ടുകളും ബ്രഷുകളും നിറഞ്ഞ ലോകം ആണ് അവനെ സ്വാഗതം ചെയ്തത്.

എല്ലാത്തിലൂടെയും കണ്ണോടിച്ചുകൊണ്ട് അവൻ നിലത്തു ചാരി വച്ചിരിക്കുന്ന ഒരു പെയിന്റിംഗ് എടുത്തു നോക്കി. അതിൽ ഇരുളിന്റെ പശ്ചാത്തലത്തിൽ ഒരു മരത്തിനു കീഴെ ചുറ്റി പറക്കുന്ന മിന്നാമിന്നി കൂട്ടങ്ങളെ അസാധ്യമായി വരച്ചിരുന്നു.

അത്രയ്ക്ക് മനോഹരം ആയിരുന്നു ആ ചിത്രം  മറ്റു ചിത്രങ്ങളും ഒന്നിനൊന്നു മികച്ചത് തന്നെ. ഇതിന്റെയെല്ലാം സൃഷ്ട്ടാവ് അഞ്ജലി തന്നെ ആണെന്ന് അവനു തോന്നി.ആ ചിത്രങ്ങളിലൂടെ അവൻ ആരാധനയോടെ നോക്കി.

"എന്നെക്കാണാൻ ആണോ അതോ എന്റെ പെയിന്റിംഗ്സ് കാണാൻ ആണോ വന്നേ ? "

പുറകിൽ നിന്നും കേട്ട കിളി നാദം കാതോർത്തു കൊണ്ട് അവൻ തിരിഞ്ഞു നോക്കി . മുറിയുടെ ഒരു മൂലയിൽ ജനാലയ്ക്ക് സമീപമുള്ള കട്ടിലിൽ അമ്മ ഷൈലയുടെ നെഞ്ചിൽ തല ചായ്ച്ചു കിടക്കുന്ന അഞ്ജലിയെ കണ്ടതും അനന്തു അവളെ നോക്കി പുഞ്ചിരിച്ചു.

ആദ്യം അവനെ കണ്ടൊന്നു അമ്പരന്നെങ്കിലും അഞ്ജലിയും അവനു തിരിച്ചൊരു പുഞ്ചിരി സമ്മാനിച്ചു. അഞ്ജലി കാണാൻ ഒരു പാവക്കുട്ടിയെ പോലെ ആണെന്ന് അവനു തോന്നി.

വാലിട്ട് എഴുതിയ കണ്ണുകളും ചെറിയ മൂക്കുത്തിയും ഇട തൂർന്ന മുടിയും അവളെ ഒരുപാട് സുന്ദരിയാക്കുന്നു. അവൾ അണിഞ്ഞിരുന്ന മിഡിയും ടോപ്പും അവൾക്ക് കൂടുതൽ ഇണങ്ങുന്നതായി അനന്തുവിന് തോന്നി.

അനന്തു കൈകൾ കെട്ടി വച്ചു അവളെ നോക്കി നിന്നു. അഞ്ജലിയും അവനെ തന്നെ നോക്കി നിന്നു.ശിവ അവൾ കിടക്കുന്ന കട്ടിലിനു സമീപം ഉള്ള കസേരയിൽ ഇരുന്നു.

മാലതി അഞ്ജലിയുടെ കാൽക്കൽ ഇരുന്നു അവളെ വാത്സല്യത്തോടെ നോക്കി.അഞ്ജലി എല്ലാവരെയും ഒന്ന് മാറി മാറി നോക്കി. പിന്നെ ആ നോട്ടം വീണ്ടും അനന്തുവിൽ ചെന്നെത്തി.

"അമ്മേ നമ്മുടെ വീടിന്റെ ഹാളിൽ തൂക്കിയ ദേവൻ എളേച്ഛന്റെ അതേ ഛായ ആണല്ലേ ഇയാൾക്കും  "

അവൾ ചൂണ്ടു വിരൽ താടിക്ക് കുത്തി ഗഹനമായ ചിന്തയിൽ ആണ്ടു. അവളുടെ കണ്ണുകളിൽ മാറി മറിയുന്ന ഭാവങ്ങൾ കണ്ട് അനന്തുവിന് ചിരി പൊട്ടി. അത് കണ്ട് മാലതി അവനെ ശാസിക്കുന്ന പോലെ നോക്കി...

"അതേ മോളെ.. ഞങ്ങൾ എല്ലാവരും അത് പറയുവായിരുന്നു. രണ്ടു പേരും ഒരുപോലാ ഇരിക്കുന്നെ.. "

ഷൈല മകളുടെ നെറുകയിൽ പതിയെ തലോടി. വിജയൻ അപ്പുറം മാറി നിന്നു അവരെ വീക്ഷിച്ചു. പുള്ളി പൊതുവെ ഒരു സൈലന്റ് മോഡ് ആണെന്ന് അനന്തുവിനു തോന്നി.

"മോള് എത്രയിലാ പഠിക്കണേ? "

മാലതി അഞ്ജലിയെ ഉറ്റു നോക്കി.

"ഞാൻ പ്ലസ് വണ്ണിലാ ആന്റി "

"മോളെ ആന്റി അല്ല അപ്പച്ചി എന്ന് വിളിക്ക് "

ഷൈല അഞ്ജലിയെ തിരുത്താൻ ശ്രമിച്ചു

"ഹേയ് അത് സാരമില്ല ഏട്ടത്തി അവൾ ആന്റി എന്ന് തന്നെ വിളിച്ചോട്ടെ "

മാലതി വാത്സല്യപൂർവ്വം അവളുടെ കവിളിൽ തലോടി.

"ഇതാ അഞ്ജലി മോളെ എന്റെ മക്കൾ ശിവയും അനന്തുവും "

അഞ്ജലി ശിവയെ നോക്കി കൈ നീട്ടി. അവൾ അഞ്ജലിയുടെ കൈ പിടിച്ചു കുലുക്കി. പൊടുന്നനെ അഞ്ജലി തല വെട്ടിച്ചു അനന്തുവിനെ നോക്കി.

"ഇയാളെ ഞാൻ എന്താ വിളിക്കുക? "

അഞ്ജലി തല ചൊറിഞ്ഞു കൊണ്ട് അവനെ നോക്കി

"അഞ്ജലിയ്ക്ക് ഇഷ്ടമുള്ളത് വിളിച്ചോ "

"ഹാ കിട്ടിപ്പോയി നന്ദുവേട്ടൻ എന്ന് വിളിക്കട്ടെ ?"

അഞ്ജലി ഉത്സാഹത്തോടെ അവനെ നോക്കി.

"നല്ല പേരാ.. അതു മതി "

അനന്തു ഇഷ്ട്ടപെട്ടെന്ന മട്ടിൽ തലയാട്ടി.

"ശരി നന്ദുവേട്ടാ "

ഷൈലയും വിജയനും പരസ്പരം വിശ്വാസം വരാതെ അഞ്ജലിയെ നോക്കി. അവൾ അച്ഛനെ നോക്കി കണ്ണിറുക്കി.

"മോളെ എങ്ങനാ നിനക്ക് വയ്യാണ്ടായേ? "

മാലതി ഷൈലയെയും അഞ്ജലിയെയും നോക്കി.

"ചെറിയൊരു ആക്സിഡന്റ് പറ്റിയതാ. അത് അന്ന്........ "

വിജയൻ പറഞ്ഞു മുഴുവിപ്പിക്കും മുൻപേ ഷൈല ഇടക്ക് കയറി പറഞ്ഞു.

"ഇപ്പൊ ഒരു വർഷത്തോളം ആവാനായി. നമ്മുടെ നാട്ടിലെ തന്നെ ഒരു വൈദ്യനെയാ കാണിക്കുന്നേ..ആള് ബഹു കേമനാണെന്നാണ് കേട്ട് കേൾവി. അദ്ദേഹം ശരിയാക്കി തരാമെന്നു വാക്ക് തന്നിട്ടുണ്ട്. ഇപ്പൊ അതാണ് ആകെയുള്ള പ്രതീക്ഷ. "

ഷൈല വിജയനെ തുറിച്ചു നോക്കി. അയാൾ പുറത്തേക്ക് മുഖം വെട്ടിച്ചു.

"ഏത് വൈദ്യനെയാ ഏട്ടത്തി കാണിക്കുന്നേ ? "

മാലതി ആകാംക്ഷയോടെ ഷൈലയെ നോക്കി

"കാക്കട്ടൂർ മനയിലെ നാരായണൻ തമ്പി വൈദ്യർ. മാലതിയ്ക്ക് അറിയുമോ? "

"അറിയാം ഏട്ടത്തി. പണ്ട് എന്റെ ചെറുപ്പത്തിലും  ഇടക്കിടക്ക് വൈദ്യരുടെ അടുത്ത് മരുന്ന് വാങ്ങാൻ പോയിട്ടുണ്ട്. "

"അതു തന്നെ മാലതി വയസ്സ് 70 ആയെങ്കിലും ഇപ്പോഴും ആളുകളെ പരിശോധിക്കാറുണ്ട് വൈദ്യർ. ദിവസവും എത്ര പേരാണെന്ന് അറിയുമോ മറ്റു ഗ്രാമങ്ങളിൽ നിന്നു വരെ
ചികിത്സക്ക് എത്തുന്നേ"

വിജയൻ അദ്ദേഹത്തെ കുറിച്ച് വാചാലനായി

"ബാക്കി പിന്നെ സംസാരിക്കാം അവർ ഇപ്പൊ വന്നതല്ലേയുള്ളൂ. മക്കൾ ഒന്ന് വിശ്രമിക്കട്ടെ "

മുത്തശ്ശൻ പതിയെ മുറിയിലേക്ക് കയറി വന്നു പറഞ്ഞു. മാലതിയും ശിവയും അഞ്ജലിയോട് പറഞ്ഞു പുറത്തേക്കിറങ്ങി. അനന്തു അവളെ നോക്കി ഒന്ന് പുഞ്ചിരിച്ചുകൊണ്ട് അവൾക്ക് ചാരെ വന്നു നിന്നു.

"പോട്ടെ പിന്നെ വരാം അഞ്ജലി "

"ശരി നന്ദുവേട്ടാ പിന്നെ കാണാം. "

അഞ്ജലി പറയുന്നത് കേട്ടു മുത്തശ്ശൻ വായ് പൊളിച്ചു നിന്നു. അദ്ദേഹം  വിടർന്ന കണ്ണുകളോടെ അവളെ നോക്കി. ഈ സമയം അനന്തു മുറി വിട്ടു പുറത്തേക്ക് പോയിരുന്നു.

"ആഹാ എന്റെ അഞ്ജലി കുട്ടീടെ ആൺവിരോധം ഒക്കെ മാറിയോ? "

അനന്തുവിനെ കണ്ടപ്പോൾ  മുത്തശ്ശൻ കളിയായി അവളോട് ചോദിച്ചു.

"പിന്നില്ലാതെ മുത്തശ്ശാ നല്ല അടിപൊളി മുറ ചെറുക്കനെ കിട്ടിയാൽ ഞാൻ വിടുമോ? "

മുത്തശ്ശൻ അതു കേട്ട് പൊട്ടിച്ചിരിച്ചു. അയാൾ പതിയെ മുറി വിട്ടിറങ്ങി പോയി. ഷൈല അഞ്ജലിയെ കൈകളിൽ താങ്ങിക്കൊണ്ട് പതുക്കെ കട്ടിലിൽ കിടത്തി. അവളെ പതുക്കെ കിടത്തിയ ശേഷം ഷൈല നിവർന്നു നിന്നു വിജയന് നേരെ തിരിഞ്ഞു നോക്കി.

"വിജയേട്ടാ നിങ്ങൾ അവരോട് എല്ലാം പറയാൻ തുടങ്ങുവായിരുന്നു അല്ലെ ? "

ഷൈല അയാളെ തുറിച്ചു നോക്കി

"അതേ ഷൈലേ മാലതി ചോദിച്ചപ്പോൾ ഒന്നും ഓർക്കാതെ  പറഞ്ഞു തുടങ്ങിയതാ "

"ഓർക്കണം വിജയേട്ടാ.. നമ്മുടെ മോൾക്ക് സംഭവിച്ചത് നമ്മൾ മാത്രം

അറിഞ്ഞാൽ മതി. വേറാരും ഇനി അറിയണ്ട... ആരും.. "

ഷൈല ഒരു താക്കീത് എന്നപോലെ അയാളോട് പറഞ്ഞു.

"ശരി ഷൈലേ "

വിജയനെ മറി കടന്നു കൊണ്ട് ഷൈല അടുക്കളയിലേക്ക് പോയി.

ഈ സമയം ഹാളിൽ സാധങ്ങൾ കയ്യിൽ പിടിച്ചു നിക്കുവായിരുന്നു മാലതിയും അനന്തുവും ശിവയും.

"ബലരാമാ മാലതിയ്ക്കും ശിവയ്ക്കും വടക്കിനി ഭാഗത്തുള്ള മുറി കൊടുത്തോളു. ആ പെട്ടികളും സാധങ്ങളും എടുക്കാൻ നീയും സഹായിക്ക് "

മുത്തശ്ശൻ ബലരാമനെ നോക്കി ആജ്ഞാപിച്ചു.

"ശരി അച്ഛാ "

"അനന്തുവിന് നമ്മുടെ ദേവന്റെ മുറി കൊടുത്താൽ മതി. "

മുത്തശ്ശൻ എന്തോ പറയാനാഞ്ഞതും മുത്തശ്ശി ഇടക്ക് കയറി പറഞ്ഞു. എല്ലാവരും മുത്തശ്ശിയെ അത്ഭുതത്തോടെ നോക്കി. അടിച്ചു വാരാനോ മറ്റോ അല്ലാതെ ആരെയും ആ മുറിയിലേക്ക് മുത്തശ്ശി കയറാൻ അനുവദിക്കാറില്ലായിരുന്നു.

അകാലത്തിൽ മരിച്ചു പോയ മകന്റെ ഓർമക്കായി ആ അമ്മ പൊന്നു പോലെ കാത്തു സൂക്ഷിച്ചതായിരുന്നു ആ മുറി. മുത്തശ്ശിയുടെ തീരുമാനം എല്ലാവരെയും അത്ഭുതപ്പെടുത്തി.

"നിനക്ക് കുഴപ്പമില്ലല്ലോ അല്ലെ കാർത്യായനി "

മുത്തശ്ശൻ തന്റെ സംശയം ദൂരീകരിക്കാൻ എന്നവണ്ണം ഒന്നുകൂടി ചോദിച്ചു.

"അതേ എനിക്ക് പൂർണ സമ്മതം ആണ്. എന്തോ ആ മുറി തന്നെ അനന്തു മോന് കൊടുക്കണമെന്ന് മനസ്സിൽ ആരോ പറയുന്നപോലെ"

മുത്തശ്ശി ഒന്ന് പറഞ്ഞു നിർത്തി എല്ലാവരെയും പാളി നോക്കി.

അനന്തുവിനു ആ മുറി വേണ്ട എന്ന് പറയാൻ തോന്നിയെങ്കിലും മുത്തശ്ശിയുടെ മുഖത്തെ സന്തോഷം കണ്ടപ്പോൾ തത്കാലം വേണ്ടാന്നു വച്ചു. യാത്ര ചെയ്ത ക്ഷീണമുള്ളതിനാൽ എവിടേലും ഒന്ന് കിടന്നാൽ മതിയെന്നേ അവനു തോന്നിയുള്ളൂ.

"സീതേ അനന്തുവിന് ദേവന്റെ മുറി കാണിച്ചു കൊടുക്ക്."

"ശരി അച്ഛാ "

സീത സന്തോഷത്തോടെ അനന്തുവിന്റെ അടുത്ത് വന്നു. പതിയെ അവന്റെ കയ്യിൽ പിടിച്ചു മുന്നോട്ടേക്ക് നടന്നു.അനന്തു സീതയെ അനുഗമിച്ചു.

അവർ നടുമുറ്റം കഴിഞ്ഞ് തെക്ക് ഭാഗത്തേക്ക് ഇടനാഴിയിലേക്ക് കയറിയതും അനന്തു ആകാംക്ഷയോടെ ചോദിച്ചു.

"എങ്ങോട്ടാ ആന്റി പോകന്നേ? "

"അനന്തുട്ടാ ഞാൻ മോന്റെ അമ്മായി ആണ് ട്ടോ . എന്നെ അങ്ങനെ വിളിച്ചോളൂ മോൻ. "

"സോറി അമ്മായി. "

"അതിനെന്താ കുട്ടാ .....നമ്മളെ ഇപ്പൊ പോകുന്നത് തെക്കിനിയിലേക്ക് ആണ്. "

"അതെന്തിനാ അവിടെ പോകുന്നേ? "

അനന്തു ഞെട്ടലോടെ ചോദിച്ചു.

"അവിടെയല്ലേ ദേവന്റെ മുറി. അനന്തുട്ടനെ അവിടെ ആക്കാനല്ലേ മുത്തശ്ശി പറഞ്ഞേ... സാധാരണ നിന്റെ മുത്തശ്ശി ആരെയും അങ്ങോട്ടേക്ക് അടുപ്പിക്കാറില്ല. എന്തിനു ചിലപ്പോ മുത്തശ്ശനെ പോലും കയറ്റാറില്ല."

സീത അവനെ നോക്കി പുഞ്ചിരിച്ചു.

"അല്ല.... ഈ തെക്കിനിയിൽ പ്രേതം ഒന്നും ഇല്ലല്ലോ അല്ലെ ? "

അനന്തു മുഖം തിരിച്ചു സീതയെ നോക്കി.

"ആരാ പറഞ്ഞേ തെക്കിനിയിൽ പ്രേതം ഉണ്ടെന്നു.? "

"അല്ല ഞാൻ മണിച്ചിത്രത്താഴ് സിനിമയിൽ കണ്ടിട്ടുണ്ട്. അതിൽ നാഗവല്ലിയെ തെക്കിനിയിൽ അല്ലെ ബന്ധിപ്പിച്ചേ ? "

അനന്തു തന്റെ സംശയം പ്രകടപ്പിച്ചു.

"എന്റെ അനന്തൂട്ടാ അതൊക്കെ സിനിമയിൽ അല്ലെ.. ഇത് ജീവിതമല്ലേ... ഇവിടെ അങ്ങനൊന്നും ഇല്ലാട്ടോ. മോൻ പേടിക്കണ്ട "

സീത പൊട്ടിച്ചിരിച്ചു. അനന്തു ചമ്മലോടെ സീതയുടെ കൂടെ നടന്നു. തെക്കിനി അറയിൽ ആദ്യം കണ്ട മുറിയിലേക്ക് സീത അവനെ ആനയിച്ചു. മുറിയുടെ വാതിലിൽ എത്തിയതും
വാതിലിൽ ഉള്ള താഴ് തൊട്ടു കാണിച്ചുകൊണ്ട് സീത പറഞ്ഞു.

"ഇതാണ് അനന്തൂട്ടാ ശരിക്കും ഉള്ള മണിച്ചിത്രത്താഴ്. "

"ഇതാണല്ലേ അത്. ജീവിതത്തിൽ ആദ്യമായാണ് ഇത് കാണുന്നത്. "

അവൻ താഴിലൂടെ പതിയെ കൈ വിരലുകൾ ഓടിച്ചു.

മുത്തശ്ശി കൊടുത്ത താക്കോൽ കൂട്ടം കയ്യിൽ എടുത്തു അവൾ താഴ് കഷ്ട്ടപെട്ടു തുറക്കാൻ ശ്രമിച്ചു. എന്നാൽ അത് പരാജയപെട്ടു.

തന്റെ ആരോഗ്യം മുഴുവനും സംഭരിച്ചു സീത താഴ് തുറക്കാൻ ശ്രമിച്ചെങ്കിലും നിരാശയായിരുന്നു ഫലം. സങ്കടത്തോടെ അവൾ ആ ശ്രമത്തിൽ നിന്നും പിന്മാറി.

"അനന്തൂട്ടാ പഴയ പൂട്ടല്ലേ അതാവും തുറക്കാത്തെ... മോൻ കാത്തിരുന്നു മുഷിഞ്ഞല്ലേ? "

"ഇല്ല അമ്മായി എനിക്ക് തിരക്ക് ഒന്നുമില്ലാട്ടോ."

"എന്നാലും മോനെ ഞാൻ ബുദ്ധിമുട്ടിച്ചില്ലേ...മോൻ ഇവിടെ നിക്കേ.... ഞാൻ പുറത്തുപോയി ആരെയേലും വിളിക്കട്ടെ.. എന്നിട്ട് ഈ പൂട്ട് നമുക്ക് തുറക്കാം"

സീത പോകാൻ തുനിഞ്ഞതും അനന്തു തടഞ്ഞു നിർത്തി.

"ഞാൻ ഒന്ന് ശ്രമിക്കാം അമ്മായി. "

അനന്തു അവൾക്ക് നേരെ കൈ നീട്ടി. സീത അവനു താക്കോൽകൂട്ടം കൈ മാറി. ആ താക്കോൽ കൂട്ടത്തിനു വല്ലാത്ത ഭാരമാണെന്നു അവനു തോന്നി.

അതിൽ നിന്നും താഴിനു യോജിച്ച താക്കോൽ എടുത്തു അവൻ താഴിലിട്ട് തുറക്കാൻ ശ്രമിച്ചു. എന്നാൽ അതു തുറക്കപ്പെട്ടില്ല. വീണ്ടും ശ്രമിച്ചു നോക്കിയെങ്കിലും അവൻ പരാജയപ്പെട്ടു.

ദേഷ്യത്തോടെ അനന്തു താക്കോൽകൂട്ടം ഉള്ളം കയ്യിൽ മുറുകെ പിടിച്ചു. പൊടുന്നനെ താക്കോൽ കൂട്ടത്തിലെ പൊട്ടിയ ഒരു പഴഞ്ചൻ താക്കോലിന്റെ കൂർത്ത മുന കൊണ്ട് അവന്റെ ഉള്ളം കൈ മുറിഞ്ഞു ചോര ഒഴുകി.

ആ ചോര പതിയെ താക്കോലിലേക്ക് ഒഴുകിയെത്തി. ഇതൊന്നും അറിയാതെ അനന്തു ചോര പുരണ്ട താക്കോൽ താഴിലിട്ട് തിരിച്ചതും അതു തുറന്നു.

വർഷങ്ങൾക്ക് മുൻപ് പാനം ചെയ്ത അതേ രക്തം വീണ്ടും പാനം ചെയ്ത നിർവൃതിയിൽ വർഷങ്ങളായി കാത്തിരുന്നത് സഫലമാക്കപ്പെട്ട പോലെ മണിച്ചിത്രത്താഴ് അവർക്ക് വേണ്ടി വാതിൽ തുറക്കപ്പെട്ടു.

സീത സന്തോഷത്തോടെ വാതിൽ പാളികൾ അമർത്തി തുറന്നു.കിരുകിരാ ശംബ്ദത്തോടെ അതു മലർക്കെ തുറക്കപ്പെട്ടു. സീത ഉള്ളിലേക്ക് കടന്നു..

അനന്തു പിന്നാലെ ഉള്ളിലേക്ക് കയറി.മുറിയിലേക്ക് കയറിയതും ഒരു നേർത്ത തെന്നൽ തന്നെ തഴുകി തലോടുന്ന പോലെ അവനു തോന്നി. വളരെ മനോഹരമായ ഒരു മുറി ആയിരുന്നു അത്.

ഒരു രാജകീയ പള്ളിയറ പോലെ ആണെന്ന് അവനു തോന്നിപോയി.കട്ടിലിനു നേരെ എതിർ വശത്തായി ഭിത്തിയിൽ ദേവൻ പുഞ്ചിരിച്ചുക്കൊണ്ട് നിൽക്കുന്ന ചിത്രം തൂക്കിയിട്ടിരിക്കുന്നു.

ആ ചിത്രം നോക്കുന്തോറും വല്ലാത്തൊരു അനുഭൂതി തന്നിൽ വന്നു നിറയുന്നതായി അനന്തുവിന് തോന്നി. ചിത്രത്തിൽ നിന്നും കണ്ണു വെട്ടിച്ചു അവൻ ചുറ്റുപാടും നോക്കി.

എന്തൊക്കെയോ സാധന സാമഗ്രികൾ കൂട്ടിയിട്ടിരിക്കുന്നു. അതൊക്കെ ദേവൻ അമ്മാവൻ ഉപയോഗിച്ചതാകാമെന്നു അവനു തോന്നി. കട്ടിലിന്റെ തലക്കൽ ഉള്ള ഒരു മേശയിൽ ഒരു പഴയ മോഡൽ ക്യാമറ ഇരിക്കുന്നത് അനന്തുവിന്റെ ശ്രദ്ധയിൽ പെട്ടു. അവൻ അതു പതിയെ കയ്യിൽ എടുത്തു തിരിച്ചും മറിച്ചും പരിശോധിച്ചു നോക്കി.

"ദേവന്റെ ക്യാമറയാ .. അവനു ഫോട്ടോ എടുക്കാൻ ഒക്കെ ഭയങ്കര ഇഷ്ട്ടമായിരുന്നു. "

സീത നെടുവീർപ്പെട്ടു.

അമ്മാവൻ എങ്ങനാ മരിച്ചതെന്ന് അവനു ചോദിക്കണമെന്ന് തോന്നിയെങ്കിലും പിന്നെ വേണ്ടാന്നു വച്ചു. അവൻ വന്നു മുറിയുടെ ജനാല പതിയെ തുറന്നു നോക്കി.

അതിലൂടെ അവനു നീണ്ടു കിടക്കുന്ന നെൽപ്പാടം കൺമുന്പിൽ ദൃശ്യമായി.കണ്ണിനു ഒരു കുളിർമ പോലെ അവനു തോന്നി. പാടത്തിനു സമീപം ഉള്ള കുറച്ചു കൂരകൾ കണ്ടതും അനന്തു അതു സൂക്ഷിച്ചു നോക്കി. പൊടുന്നനെ അവൻ സീതയെ നോക്കി.

"അതെന്താ അമ്മായി ആ കാണുന്നതൊക്കെ? "

അനന്തു സീതയെ കൈ കാട്ടി വിളിച്ചു. അവർ ഓടി വന്നു അവനു സമീപം വന്നു നിന്നു ജനാലയിലൂടെ എത്തി നോക്കി.

"അനന്തൂട്ടാ അതു ഇവിടെ പണിയ്ക്ക് നിക്കുന്നവരുടെ കുടിലുകൾ ആണ്. അവർ അവിടാ താമസം. ചിലരൊക്കെ ഇവിടെ ചായ്പ്പിൽ തന്നാ താമസം. "

"ചായ്പ്പോ ? "

അനന്തു മുഖം ചുളിച്ചു സംശയം പ്രകടിപ്പിച്ചു.

"അതേ എന്ന് വച്ചാൽ ഔട്ട് ഹൌസ് "

"ഹാ ഇപ്പൊ മനസ്സിലായി "

അനന്തു ചിരിയോടെ ജനാലയിൽ നിന്നും പിൻവാങ്ങി.

സീത അവിടുണ്ടായിരുന്ന അലമാരയിൽ നിന്നും ഒരു ബെഡ്ഷീറ്റും പുതപ്പും എടുത്തുകൊണ്ടു വന്നു ബെഡ്ഷീറ്റ് തട്ടി കുടഞ്ഞു വിരിച്ചു. പുതപ്പും തലയിണയും കട്ടിലിന്റെ തലയ്ക്കൽ വച്ച ശേഷം സീത അനന്തുവിനെ തിരിഞ്ഞു നോക്കി.

"മോന് മുറി ഇഷ്ട്ടായോ? "

"ഒരുപാട് ഇഷ്ട്ടമായി അമ്മായി. നല്ല റൂം ആണ് കേട്ടോ "

അനന്തു അവരെ നോക്കി പുഞ്ചിരിച്ചു.

"ഞങ്ങടെ ദേവനെ പോലെ തന്നെ ഒരു മാറ്റവുമില്ല. അതേ ശബ്ദം.... നോട്ടം..... ചിരി.... വല്ലാത്തൊരു അത്ഭുതം തന്നെ "

സീത ചിരിയോടെ അവനു നേരെ കൈ നീട്ടി. അനന്തു സീതയ്ക്ക് താക്കോൽകൂട്ടം കൈ മാറി. കയ്യിൽ നനവ് പറ്റിയതും സീത കയ്യിലേക്ക് ഉറ്റു നോക്കി. അവളുടെ കണ്ണുകൾ വിടർന്നു.

"അയ്യോ ഇതെങ്ങനെ ഇതിൽ ചോര പറ്റിയേ? "

സീത പരിഭ്രമത്തോടെ അനന്തുവിനെ നോക്കി.

അനന്തു ഞെട്ടലോടെ കൈ തിരിച്ചും മറിച്ചും നോക്കി. അപ്പോഴാണ് അവന്റെ ഉള്ളം കൈയിൽ ചോര പൊടിഞ്ഞിരിക്കുന്നതു ശ്രദ്ധയിൽ പെട്ടത്. അവൻ പതുക്കെ മുറിവിൽ അമർത്തിയപ്പോൾ അതിൽ നിന്നും വീണ്ടും ചോര പൊടിഞ്ഞു.

"അയ്യോ മോനെ ഇതെങ്ങനാ കൈ മുറിഞ്ഞേ? "

സീത അനന്തുവിന്റെ കയ്യിൽ പിടിച്ചു വെപ്രാളപ്പെട്ടു.

"അറിഞ്ഞൂടാ അമ്മായി .. താക്കോൽ വല്ലതും കൊണ്ടിട്ടാവും "

അനന്തു കൈ കുടഞ്ഞു

"മോനെ അമ്മായി മുറിവ് കെട്ടി തരാട്ടോ. കൈ അനക്കല്ലേ ... "

സീത മുറിയിൽ വെപ്രാളത്തോടെ തപ്പി ഒരു പഴയ തുണി പുറത്തെടുത്തു. അതു വലിച്ചു കീറി അവൾ അനന്തുവിന്റെ അടുത്ത് വന്നു നിന്നു.

അവന്റെ കൈ എടുത്തു പതിയെ ആ മുറിവിനു മുകളിലൂടെ സീത തുണി ചുറ്റി വരിഞ്ഞു കെട്ടിവച്ചു. അമ്മായിയുടെ സ്നേഹ പ്രകടനത്തിൽ അവന്റെ കണ്ണുകൾ ഈറനണിഞ്ഞു.

ഇത്രയും കാലം സ്നേഹിക്കാൻ ആരും ഇല്ലായിരുന്നെങ്കിൽ ഇന്ന് ഒരുപാട് പേര് തനിക്കുണ്ടല്ലോ എന്ന് അനന്തു ഓർത്തുപോയി. അവനു സന്തോഷംകൊണ്ട് വീർപ്പുമുട്ടി.

"കൈ വേദനിക്കുന്നുണ്ടോ  ഇപ്പൊ? "

"വേദന ഒട്ടും തോന്നുന്നില്ല.. "

"അനന്തൂട്ടാ യാത്ര ചെയ്ത് നല്ല ക്ഷീണം കാണൂലെ... ഒന്ന് ഉറങ്ങിക്കോട്ടോ.. അമ്മായി പിന്നെ വന്നു വിളിക്കാവേ.."

"ശരി അമ്മായി "അനന്തു തലയാട്ടി.

മുറിവ് ഭദ്രമായി വച്ചു കെട്ടി സീത മുറിവിട്ടിറങ്ങി. അനന്തു ബാഗും മറ്റു സാധങ്ങളും മുറിയുടെ ഒരു വശത്തു വച്ച ശേഷം ബാത്‌റൂമിൽ കയറി ഒന്ന് കുളിച്ചു.

ശരീരത്തിലേക്ക് പതിച്ച തണുത്ത വെള്ളം അവന്റെ ക്ഷീണത്തെ ശിരസ്സിൽ നിന്നും പാദങ്ങളിലൂടെ ഭൂമിയിലേക്ക് നിർമാർജനം ചെയ്യപ്പെട്ടു. നല്ലൊരു കുളിക്ക് ശേഷം ഷോർട്സും ടി ഷർട്ടും വലിച്ചു കയറ്റി.

നനഞ്ഞ  മുടിയിഴകൾ കൈകൾ കൊണ്ട് കോതിയൊതുക്കി അവൻ ജനാലയ്ക്ക് സമീപം വന്നു നിന്നു പുറത്തേക്ക് കണ്ണും നട്ട് ഇരുന്നു. കാലിയെ മേയ്ച്ചു നടക്കുന്നവരെയും കണ്ടത്തിൽ പണിയെടുക്കുന്നവരെയും റോഡിലൂടെ പണി കഴിഞ്ഞു നടന്നു പോകുന്നവരെയും അവൻ ഇമ വെട്ടാതെ നോക്കി നിന്നു.

പതിയെ ഒരു ദീർഘനിശ്വാസം എടുത്തു അവൻ ജനൽ പാളികൾ കൊട്ടിയടച്ചു. ഉറക്കം വരാത്തതിനാൽ രാത്രി വരെ എങ്ങനെയെങ്കിലും സമയം

ചിലവഴിക്കണമെന്നു ഓർത്തപ്പോൾ അനന്തുവിന് ഭ്രാന്ത് പിടിച്ചു.

അവൻ ദേവന്റെ ചിത്രം തൂക്കിയിട്ടതിനു സമീപം ഭിത്തിയിൽ കൈ കുത്തി നിന്നു. എന്തൊക്കെയോ മനസ്സിൽ ആലോചിച്ചുകൊണ്ടിരുന്നു.പൊടുന്നനെ ഫോൺ ശബ്ദിക്കുന്നത് കേട്ട് അവൻ തിരിഞ്ഞു കട്ടിലിലേക്ക് നോക്കി.

ആ സമയം അനന്തുവിന്റെ കൈ തട്ടി ഭിത്തിയിൽ തൂക്കിയിരുന്ന ദേവന്റെ ചിത്രം ഉലഞ്ഞപ്പോൾ അതിൽ നിന്നും എന്തോ വസ്തു നിലത്തേക്ക് വീഴുന്നത് അനന്തുവിന്റെ ശ്രദ്ധയിൽ പെട്ടു.

അവൻ പതിയെ കുനിഞ്ഞു നിന്നു  അതു കയ്യിലേക്ക് എടുത്തു. അനന്തു അതു തിരിച്ചും മറിച്ചും നോക്കി. അത് ഒരു ഡയറി ആയിരുന്നു. അതിന് ഒരുപാട് വർഷം പഴക്കം ഉണ്ടെന്നു അനന്തുവിന് തോന്നി.

അതിൽ പറ്റി പിടിച്ചിരുന്ന പൊടിപടലങ്ങളും മാറാലയും അവൻ തുടച്ചു മാറ്റി. എന്തോ ഭാഗ്യം കൊണ്ട് ഡയറിയിൽ ചിതൽ പിടിച്ചില്ല എന്ന് അവനു തോന്നി.ചിലപ്പോൾ ദേവൻ അമ്മാവന്റെ ഡയറി ആവുമെന്ന് അനന്തു ഊഹിച്ചു.

അതു മുഴുവൻ വൃത്തിയാക്കിയെടുത്തു അനന്തു കട്ടിലിൽ വന്നു ഇരുന്നു.ഉള്ളിൽ തുളുമ്പുന്ന കൗതുകത്തോടെ ഡയറി മടിയിൽ വച്ചു  പുറം പേജ് മറിച്ചു നോക്കി.

അതു കഴിഞ്ഞുള്ള രണ്ടു പേജുകളും അനന്തു മറിച്ചു നോക്കി. അത് ശൂന്യമായിരുന്നു . എന്നാൽ അടുത്ത പേജ് മറിച്ചതും അതിൽ ഒരു പെൺകുട്ടിയുടെ അവ്യക്തമായ ചിത്രം അനാവൃതമായി.

പെൻസിൽ കൊണ്ടു വരച്ച ചിത്രമായതിനാൽ പലയിടത്തും അത് മങ്ങിയിരുന്നു. ഇത്രയും കാലം ആയതുകൊണ്ടാവാം മാഞ്ഞു പോയതെന്ന് അനന്തുവിന് തോന്നി. വളരെ നിരാശയോടെ ആ പേജിലെ ചിത്രത്തിലൂടെ അവൻ പതിയെ വിരലുകൾ ഓടിച്ചു.

ആ സമയം അനന്തുവിന്റെ കാതിൽ ഒരു അശരീരി മുഴങ്ങി.

.

.

"കല്യാണി "

.

.

കല്യാണി എന്ന പേര് കേട്ടതും അനന്തുവിന്റെ ശരീരത്തിലൂടെ ഒരു മിന്നൽ പിണർ പാഞ്ഞു. അവനു തല പൊട്ടി പൊളിയുന്ന പോലെ തോന്നി.അസഹ്യമായ വേദനയിലും മുടിയിഴകൾ ബലമായി പിടിച്ചു അവൻ കട്ടിലിലേക്ക് മറിഞ്ഞു വീണു. അവന്റെ കണ്ണുകൾ കലങ്ങി മറിഞ്ഞു. പതിയെ അനന്തുവിന്  ബോധം നഷ്ടപ്പെടാൻ തുടങ്ങി.അത് പൂർണമായി മറയുമ്പോഴേക്കും അവന്റെ ചുണ്ടുകൾ പതിയെ മന്ത്രിച്ചു.

.

.

"കല്യാണി "

.

.

സുദീർഘമായ ഉറക്കത്തിനു ശേഷം അനന്തു പതിയെ കണ്ണു തുറന്നു നോക്കി. മുൻപിൽ ശിവയും സീത അമ്മായിയും നിൽക്കുന്നത് കണ്ട് അവൻ ഒന്ന്

ചിരിച്ചു.പതിയെ കണ്ണുകൾ അമർത്തി തിരുമ്മി അവൻ എണീറ്റിരുന്നു.

"അനന്തൂട്ടാ എത്ര നേരമായി ഞങ്ങൾ വിളിക്കുന്നു. എന്തൊരു ഉറക്കമാ... ക്ഷീണമൊക്കെ പോയോ ? "

സീത അവനു സമീപം ഇരുന്നു അവന്റെ ചുമലിൽ കൈ വച്ചു.

"നന്നായി ഉറങ്ങി അമ്മായി. "

അനന്തു ഉറക്കം വിട്ടു മാറാത്തതിനാൽ കണ്ണുകൾ കൂടുതൽ ചിമ്മി തുറന്നു.

"പോത്ത് പോലെ ഉറങ്ങാതെ വേഗം എണീറ്റു വാ ഏട്ടാ അങ്ങോട്ട്  "

ശിവ അവനെ കളിയാക്കുന്ന മട്ടിൽ പറഞ്ഞു

"ഏട്ടനോ  "

വിശ്വാസം വരാതെ അവൻ അവളെ തുറിച്ചു നോക്കി. എന്നിട്ട് കയ്യിൽ പതിയെ നുള്ളി.

"സ്വപ്നമല്ല സത്യം തന്നാ... ഇനി ഞാൻ ഏട്ടാ എന്നൊക്കെയെ വിളിക്കൂ "

"നാം കൃതാർത്ഥയായി ദേവി "

അനന്തു അവളെ നോക്കി കൈകൾ കൂപ്പിക്കൊണ്ട് ചിരിച്ചു. അവൾ അവന്റെ തലയ്ക്കൊരു കൊട്ട് കൊടുത്തു. സീത ഇതൊക്കെ കണ്ട് ചിരിച്ചുകൊണ്ടിരിന്നു.

"ചേട്ടന്റെയും അനിയത്തിയുടെയും തല്ലുമ്പിടി കഴിഞ്ഞെങ്കിൽ ഞങ്ങളങ്ങു പൊക്കോട്ടെ ? "

സീത  അവനെ നോക്കി കൃത്രിമ ഗൗരവത്തോടെ ചോദിച്ചു. അതുകണ്ടു അനന്തു ഒന്ന് സ്തബ്ധനായി. അവന്റെ മുഖഭാവം മാറിയതും സീത ഉറക്കെ പൊട്ടച്ചിരിച്ചു. അനന്തുവും ശിവയും ആ ചിരിയിൽ പങ്ക് കൊണ്ടു.

"താഴേക്ക് വരൂ അനന്തൂട്ടാ... അത്താഴം കഴിക്കാം.  "

"ഞാൻ വരാം അമ്മായി... ഒന്ന് മുഖം കഴുകട്ടെ"

"ശരി മോനെ  "

ശിവയുടെ കൈയും പിടിച്ചു സീത മുറിയിൽ നിന്നിറങ്ങിപ്പോയി. അനന്തു പതിയെ കട്ടിലിൽ നിന്നും എണീറ്റു ബാത്റൂമിലേക്ക് പോയി മുഖം കഴുകി വന്നു.

ടവൽ എടുത്തു മുഖം തുടച്ചു വച്ചു കട്ടിലിലേക്ക് നോക്കി. അപ്പോഴാണ് അവനു ഡയറിയുടെ കാര്യം ഓർമ വന്നതും അത് വായിക്കാൻ തുടങ്ങിയപ്പോൾ തലവേദന വന്നതുമൊക്കെ.

അനന്തു പതിയെ നെറ്റിയിൽ കൈകൊണ്ട് അമർത്തി തിരുമ്മി. ഇപ്പൊ വേദന ഒന്നും ഇല്ലന്ന് അവനു തോന്നി.മുഖം കഴുകിയപ്പോൾ കൈകൾ നനഞ്ഞതിനാൽ അനന്തു മുറിവിൽ വച്ചു കെട്ടിയ തുണി പതിയെ അഴിച്ചെടുത്തു.

പൂർണമായും അത് അഴിഞ്ഞു മാറിയതും അനന്തു ഉള്ളം കയ്യിലേക്ക് സൂക്ഷിച്ചു നോക്കി.അവിടെ മുറിഞ്ഞതിന്റെ യാതൊരുവിധ ലക്ഷണവും ഉണ്ടായിരുന്നില്ല.

പഴയ പോലെ തന്നെ ഒരു മാറ്റവുമില്ലാതെ കൈ ഇപ്പോഴും ഉണ്ടെന്നു ഓർത്തപ്പോൾ അവനു അത്ഭുതം തോന്നി. പൊടുന്നനെ അവൻ സീതയെ കുറിച്ച് ചിന്തിതനായി.

മുറിവ് കെട്ടുന്ന സമയത്ത് സീത അമ്മായി എന്തേലും മരുന്ന് ഉപയോഗിച്ചു കാണുമെന്നു അവനു തോന്നി. അതാവും മുറിവ് പെട്ടെന്നു ഉണങ്ങിപോയതെന്നു അനന്തു  കൂലങ്കഷമായി ചിന്തിച്ചു.

അത്താഴം കഴിക്കാനുള്ള വ്യഗ്രതയിൽ  മുറിവിൽ ചുറ്റിയ തുണി വേസ്റ്റ് ബാസ്കറ്റിൽ ഇട്ട് അനന്തു മുറി വെളിയിൽ നിന്നും പൂട്ടി പുറത്തേക്കിറങ്ങി.

നേരെ ഹാൾ ലക്ഷ്യമാക്കി നീങ്ങി. ഈ സമയം വേസ്റ്റ് ബാസ്കറ്റിൽ കിടന്നിരുന്ന തുണിയിൽ ഉണങ്ങി പിടിച്ചിരുന്ന രക്തക്കറ സാവധാനം മാഞ്ഞു പോയി. അത് പഴയ സ്ഥിതിയിലേക്ക് മാറി.

ഈ സമയം അനന്തു സാവധാനം നടന്നു അകത്തളത്തിലേക്ക് എത്തി.അവിടെ ഉണ്ടായിരുന്ന ബലരാമൻ അവനെയുംകൊണ്ട് ഭക്ഷണം കഴിക്കുന്ന തളത്തിലേക്ക് പോയി.

അവിടെ ഉണ്ടായിരുന്ന വലിയ ഡൈനിങ് ടേബിളിൽ ബലരാമൻ അനന്തുവിനെ ഇരുത്തി.മുത്തശ്ശി അവനു സമീപം വന്നിരുന്നു.

എല്ലാവരെയും കണ്ടതും അനന്തു പുഞ്ചിരിച്ചു കാണിച്ചു. അവിടെയുള്ള അമ്മാവന്മാരുടെ മക്കളുമായി പതിയെ സൗഹൃദം തുടങ്ങണമെന്ന് അവൻ നിശ്ചയിച്ചു.

അനന്തുവിനെ കണ്ട് ശിവജിത്തിന്റെ മുഖം കറുത്തെങ്കിലും പുറത്തു കാണിക്കാതെ ഇരുന്നു. മീനാക്ഷി അവനെ ആരാധനയോടെ നോക്കിയിരുന്നു.

അവന്റെ ഭ്രമിപ്പിക്കുന്ന സൗന്ദര്യവും തേജസ്സും അവളെ വല്ലാത്തൊരു ഉന്മാദാവസ്ഥയിൽ എത്തിച്ചു. ആൺപ്രജകൾ എല്ലാം ഇരുന്നതും മാലതി അടക്കമുള്ള സ്ത്രീ ജനങ്ങൾ പാത്രം വയ്ക്കാനും ഭക്ഷണം വിളമ്പുന്നതിലും കർമ്മനിരതരായി മാറി.

ടേബിളിൽ നിറയെ നിരത്തി വച്ചിരിക്കുന്ന വിഭവങ്ങൾ കണ്ട് അനന്തുവിന് അത്ഭുതം തോന്നി. ആദ്യമായിട്ടായിരുന്നു അത്രയും വിഭവങ്ങൾ ഒരുമിച്ചു അവൻ കാണുന്നത് തന്നെ.

മുത്തശ്ശനും മുത്തശ്ശിയും മറ്റുള്ളവരും അനന്തുവിനെ ഊട്ടിക്കുന്നതിൽ മത്സരിച്ചു. അനന്തുവിന്റെ അമ്മാവൻ വിജയൻ  മാറിയിരുന്നു ഭക്ഷണം കഴിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. മുത്തശ്ശനും മുത്തശ്ശിയും അനന്തുവിനു ഓരോ ഉരുള വീതം നൽകി.

"എന്റെ ദേവൻ ഇങ്ങനായിരുന്നു. എന്റെ കയ്യിൽ നിന്നു ഉരുള വാങ്ങി കഴിച്ചേ ബാക്കി കഴിക്കൂ "

മുത്തശ്ശി അവന്റെ കയ്യിൽ മുറുകെ പിടിച്ചു. പ്രായാധിക്യം കൊണ്ട് അവരുടെ കൈകൾ ചെറുതായി വിറ കൊള്ളുന്നതായി അവനു തോന്നി.

"അതിനെന്താ മുത്തശ്ശി എപ്പോഴും എനിക്ക് ഉരുള തന്നോളൂട്ടോ  "

അനന്തു മുത്തശിയുടെ തോളിലൂടെ കയ്യിട്ടു. മുത്തശ്ശി അവന്റെ കവിളിൽ വാത്സല്യപ്പൂർവം തലോടി. ഇതൊക്കെ കണ്ട് രോഷം പൂണ്ട ശിവജിത്ത് ഭക്ഷണം മതിയാക്കി എണീറ്റുപോയി. മുത്തശ്ശന് അത് അരോചകമായി തോന്നിയെങ്കിലും പുറത്തു കാണിച്ചില്ല

ഭക്ഷണത്തിനു ശേഷം ക്ഷീണത്തോടെ അനന്തു മറ്റ് അമ്മാവന്മാർക്കൊപ്പം അകത്തളത്തിൽ ഇരുന്നു സംസാരിച്ചുകൊണ്ടിരുന്നു. മുത്തശ്ശനും അവർക്കൊപ്പം കൂടി.

ഒരുപാട് നേരം ലോക കാര്യങ്ങളെ കുറിച്ചും രാഷ്ട്രീയത്തെ കുറിച്ചും അവർ സംസാരിച്ചുകൊണ്ടിരുന്നു. അവസാനം അനന്തു ഉറക്കം തൂങ്ങുന്നത് കണ്ടതും മുത്തശ്ശൻ അവനെ മുറിയിലേക്ക് പോകാൻ അനുവദിച്ചു.

ഉറക്കപ്പിച്ചോടെ അനന്തുവിന് കട്ടിലിൽ വന്നു കിടന്നതേ ഓർമയിൽ ഉണ്ടായിരുന്നുള്ളു. കിടന്നകിടപ്പിലെ അവൻ മയങ്ങിപോയി.

പിറ്റേ ദിവസം രാവിലെ വൈകിയാണ് അനന്തു എണീറ്റത്. കണ്ണുകൾ തിരുമ്മി അവൻ കട്ടിലിൽ നിന്നും എണീറ്റു. ഫോൺ എടുത്തു നോക്കിയപ്പോൾ സ്നേഹയുടെ മിസ്സ്ഡ് കാൾ കണ്ടു അവൻ അവളെ തിരിച്ചു വിളിച്ചു. ഒറ്റ റിങ്ങിൽ തന്നെ മറു തലയ്ക്കൽ അവൾ കാൾ എടുത്തു.

"ഡാ അനന്തൂട്ടാ "

"സ്നേഹേ പറയ് "

"എങ്ങനുണ്ടെടാ അമ്മയുടെ നാട് നിനക്ക് ഇഷ്ട്ടപെട്ടോ "

"സ്നേഹ ഇന്നലെ വൈകിയല്ലേ വന്നേ അതുകൊണ്ട് നാട് ശെരിക്കും കാണാൻ കഴിഞ്ഞതേയില്ല"

അനന്തു നിരാശ പ്രകടിപ്പിച്ചു.

"ആണോ എങ്കിൽ ഇനിയും ടൈം ഉണ്ടല്ലോ നീ ഫുൾ എൻജോയ് ചെയ്യ് "

"അത് തന്നാ എന്റെയും പ്ലാൻ "

"ഡാ ഇനി എപ്പോഴാ ക്ലാസ്സിലേക്ക് വരുവാ"

സ്നേഹ പതർച്ചയോടെ ചോദിച്ചു

"കുറച്ചു വൈകും. ചിലപ്പോ ഇനി തൊട്ട് ഇവിടുന്ന് ആവും ക്ലാസ്സിന് പോരുക "

"അയ്യോ അത് ഒരുപാട് ദൂരമില്ലേടാ "

"സാരമില്ലഡി എങ്ങനേലും അഡ്ജസ്റ്റ് ചെയ്യണം"

"എങ്കിൽ ഇടക്ക് വിളിക്കണേ "

"ഞാൻ വിളിക്കാടി ഉറപ്പായിട്ടും.. "

"ശരി ഡാ "

സ്നേഹ പൊടുന്നനെ കാൾ കട്ട് ചെയ്തു. താനും കൂടി ക്ലാസ്സിൽ ഇല്ലാത്തോണ്ട് സ്നേഹയ്ക്കും രാഹുലിനും വല്ലാത്ത വീർപ്പുമുട്ടൽ ആയിരിക്കുമെന്ന് അവനു തോന്നി.

ഇത്രയും വലിയ വീടും ചുറ്റുപാടും അനന്തുവിനെ മനം മടുപ്പിക്കുന്നുണ്ടെങ്കിലും മുത്തശ്ശന്റെയും മുത്തശ്ശിയുടെയും മറ്റു ബന്ധുക്കളുടെ സ്നേഹവും മറ്റും അവനെ വല്ലാതെ സന്തോഷത്തിൽ ആഴ്ത്തി.

അമ്മയുടെയും അനിയത്തിയുടെയും കൂടെ ഇവിടെ തന്നെ ജീവിക്കണമെന്നു ആരോ തന്റെ ഉള്ളിന്റെ ഉള്ളിൽ പറയുന്നപോലെ അവനു തോന്നി. പതിയെ മുറി വിട്ടിറങ്ങി അവൻ അടുക്കളയിലേക്ക് ചെന്നു.

വൈകി എണീറ്റതോണ്ട് ബാക്കിയുള്ളവർ നേരത്തെ തന്നെ ഫുഡ് കഴിച്ചു പോയി കാണുമെന്നു അവനു തോന്നി. ആ സമയം അടുക്കളയിൽ മാലതി ദോശമാവ് ചട്ടിയിലേക്ക് ഒഴിക്കുന്ന തിരക്കിൽ ആയിരുന്നു.

അതിനു സമീപം സീത എന്തൊക്കെയോ പച്ചക്കറി നുറുക്കുന്ന തിരക്കിലും. അവർ എന്തൊക്കെയോ പരസ്പരം പറഞ്ഞു പൊട്ടിച്ചിരിക്കുകയായിരുന്നു.

അനന്തുവിനെ കണ്ടതും മാലതി അവനെ വിളിച്ചു ദോശയും കറിയും ഒരു പാത്രത്തിൽ ആക്കി അവനു കഴിക്കാൻ നൽകി. നല്ല വിശപ്പുള്ളതോണ്ട് അനന്തു ആർത്തിയോടെ അത് കഴിച്ചു തുടങ്ങി.

"ശിവ എന്തിയെ അമ്മേ? "

"അവൾ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും കൂടെ അമ്പലത്തിൽ പോയി മോനെ"

മാലതി ദോശ ചുടുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

"മാലതി നമുക്ക് അനന്തൂട്ടന് ഒരു പെണ്ണിനെ കണ്ടു പിടിക്കണ്ടേ.. കല്യാണ പ്രായം ആയില്ലേ അവന് ? "

സീത കള്ള ചിരിയോടെ മാലതിയെയും അനന്തുവിനെയും മാറി മാറി നോക്കി. അനന്തു കല്യാണം എന്ന് കേട്ടതും കഴിച്ചോണ്ടിരുന്ന ഭക്ഷണം അവന്റെ നെറുകിൽ കയറി.

ഉറക്കെ ചുമച്ചുകൊണ്ട് അനന്തു അവിടെ ഇരുന്നു. സീത വേഗം ഒരു ഗ്ലാസ്സിലേക്ക് വെള്ളം പകർന്നു അവനു നൽകി. അവൻ അത് വേഗം കുടിച്ചു തീർത്തു. മാലതി അവന്റെ നെറുകയിൽ തട്ടികൊണ്ടിരുന്നു.

"എന്തേലും ആലോചിക്കാണ്ട് നിനക്ക് തിന്നാൻ പറ്റൂലെ "

മാലതി അവനെ ശാസിച്ചു. സീത ചിരിച്ചുകൊണ്ട് അവനെ നോക്കി. അനന്തു ചമ്മലോടെ ബാക്കി ഭക്ഷണം കഴിച്ചു തീർത്തു.

അടുക്കളയിൽ നിന്നിരുന്ന വേലക്കാരികളെ നോക്കി ചിരിച്ചുകൊണ്ട് അവൻ കൈ കഴുകി അകത്തളത്തിലേക്ക് നീങ്ങി. അവിടെ എത്തിയതും വീടിന്റെ രണ്ടാം നിലയിൽ നിന്നും ഗോവണി ഇറങ്ങി വരുന്ന മീനാക്ഷിയെ കണ്ട് അവൻ ചിരിച്ചു .

മീനാക്ഷി അവനെ നോക്കി പുഞ്ചിരിച്ചു. ഏതായാലും ശിവജിത്ത് ഇല്ലാത്ത സമയം ആയതുകൊണ്ട് അനന്തുവുമായി ഒന്ന് മുട്ടാമെന്നു അവൾക്ക് തോന്നി.

നെറ്റിയിലേക്ക് ഉതിർന്നു കിടക്കുന്ന മുടിയിഴകൾ കൈ വിരൽ കൊണ്ട് കോതിയൊതുക്കി അവൾ അനന്തുവിന്റെ സമീപം വന്ന് നിന്നു.

"ഹായ് അനന്തു "

"ഹായ് ചേച്ചി "

"ഹേയ് നോ ചേച്ചി എന്ന് വിളിക്കണ്ട ജസ്റ്റ് കാൾ മൈ നെയിം "

"ആയ്ക്കോട്ടെ മീനാക്ഷി "

സ്വല്പം അഹന്ത ആ ശബ്ദത്തിൽ ഇല്ലേ എന്ന് അനന്തുവിന് തോന്നി.

"ഇന്നലെ ശരിക്കും പരിചയപ്പെടാൻ പറ്റിയില്ല ഞാൻ കുറച്ചു ബിസി ആയിപോയി "

മീനാക്ഷി അവനെ അവനെ നോക്കി.

"കുഴപ്പമില്ല ബലരാമൻ അമ്മാവൻ പറഞ്ഞിരുന്നു മീനാക്ഷി ടീച്ചർ ആണെന്ന്. "

"അതെ അനന്തു ഞാൻ ടീച്ചർ ആണ്. അനന്തു എന്ത് ചെയ്യുന്നു? "

"ഞാൻ ഇപ്പൊ ബി. എഡ് ചെയ്യുന്നു സെക്കന്റ്‌ ഇയർ ആണ്. "

"ആഹാ അപ്പൊ എന്റെ സെയിം ഫീൽഡ് ആണല്ലേ ? "

മീനാക്ഷി അവനെ നോക്കി ചിരിച്ചു. മീനാക്ഷിയ്ക്ക് സീത അമ്മായിയുടെ അതേ ഛായ ആണെന്ന് അനന്തുവിന് തോന്നി.

"ചേട്ടൻ എവിടെ? "

"ജിത്തുവേട്ടൻ ഒരു മീറ്റിങ്ങിനു പോയി. വരാൻ ലേറ്റ് ആവും. "

"എങ്കിൽ ശരി പിന്നെ കാണാം. "

സംസാരം മടുത്ത അനന്തു പതിയെ പോകാൻ നോക്കി.

"അനന്തു എന്തേലും ആവശ്യമുണ്ടേൽ എന്നെ വിളിക്കണേ.. ഇവിടെ പുതിയതല്ലേ  അപ്പൊ എന്ത് ആവശ്യമുണ്ടേലും കാൾ മി അറ്റ് എനി ടൈം. ok "

"ആയ്കോട്ടെ  "

അനന്തുവിന് എങ്ങനേലും അവിടുന്ന് ഒന്ന് രക്ഷപെട്ടാൽ മതി എന്നായിരുന്നു.

അനന്തു പതിയെ പൂമുഖത്തേക്ക് ഇറങ്ങി ചെന്നു. ഇന്നലെ കണ്ട കാറുകൾ ഒന്നും ഇപ്പൊ കാണാത്തതിൽ അവനു ആശ്ചര്യം തോന്നി.

ഒരുപക്ഷെ ജോലിയ്ക്കോ മറ്റു ആവശ്യത്തിനോ പോയി കാണുമെന്നു അവനു തോന്നി. മുറ്റത്തു നാളികേരം കൂട്ടിയിടുന്ന പണിക്കാർ അവനെ നോക്കി ബഹുമാനത്തോടെ പുഞ്ചിരിച്ചു.

അവൻ അവരെ നോക്കി പുഞ്ചിരിച്ചു. മുറ്റം നിറയെ നാളികേരത്തിന്റെയും അടക്കയുടെയും കൂമ്പാരംകൊണ്ട് നിറഞ്ഞിരിക്കുവാനെന്നു അനന്തുവിന് തോന്നി.

വീടിനു സമീപമുള്ള നീണ്ടു കിടക്കുന്ന തൊടിയിൽ നിന്നും ഇപ്പൊ കൊണ്ടു വന്നതാകാമെന്നു അവനു തോന്നി. വീടിനു കുറച്ചു അപ്പുറം നിർത്തിയിട്ട ജീപ്പ് കാർഷിക ആവശ്യങ്ങൾക്ക് മാത്രമുള്ളതാണെന്ന് അനന്തുവിന് തോന്നി.

മുറ്റത്തിന് ഇരു വശവും മനോഹരമായ ഉദ്യാനം വളർത്തി വച്ചിരിക്കുന്നത് അനന്തുവിന് ഒരുപാട് ഇഷ്ട്ടമായി. പൊടുന്നനെ ഇടതു ഭാഗത്തു ഒരു ഛിന്നം വിളി കേട്ട് അനന്തു മുറ്റത്തേക്ക് ചാടിയിറങ്ങി നോക്കി.

അവൻ പ്രതീക്ഷിച്ചപോലെ ആനയെ കണ്ടതും അതിന്റെ അടുക്കലേക്ക് ഓടി വന്ന് വല്ലാത്ത കൗതുകത്തോടെ അതിനെ ചുറ്റിപറ്റി നിന്നു. ആന അവിടെ ഉണ്ടായിരുന്ന വലിയ മാവിൻ ചുവട്ടിൽ ഇരുന്നു വിശ്രമിക്കുകയായിരുന്നു.

നല്ല വലുപ്പമുള്ള ആനയാണെന്നു അനന്തുവിന് തോന്നി. പക്ഷെ അത് എണീറ്റു നിന്നാലേ അവന്റെ തലയെടുപ്പും ശൗര്യവും കാണാൻ പറ്റുകയുള്ളു എന്ന് അവനു തോന്നിയിരുന്നു.

അനന്തുവിനെ കണ്ടതും ഒന്നാം പാപ്പാനും രണ്ടാം പാപ്പാനും അവനെ ബഹുമാനത്തോടെ കൈകൾ കൂപ്പി. ഇവിടെ അവനെ കാണുന്ന  കണ്ണുകളിലെല്ലാം ബഹുമാനം മാത്രമാണെന്ന് അനന്തുവിന് മനസ്സിലായി. അവനും അവരെ കൈകൾ കൂപ്പി.അവർക്ക് അത് നല്ലോണം ബോധിച്ചെന്നു അവനു തോന്നി.

"എന്താ ഇവന്റെ പേര്? "

"കുഞ്ഞേ ഇവന്റെ പേര് തേവക്കാട്ട് ശേഖരൻന്നാ.. നല്ല അസ്സൽ കൊമ്പനാന "

"ആഹാ നല്ല പേരാണല്ലോ ചേട്ടമാരെ ഞാൻ ഇവനെ ഒന്ന് തൊട്ടു നോക്കട്ടെ? "

"അയ്യോ കുഞ്ഞേ ഈടത്തെ വല്യമ്പ്രാൻ കുഞ്ഞ് ഞങ്ങളെ ചേട്ടന്ന്നു വിളിച്ചത് അറിഞ്ഞാൽ ഞങ്ങടെ പണി പോകും "

പാപ്പാന്മാർ നിന്നു വിയർക്കുന്നത് അനന്തുവിനെ വല്ലാതെ ആശ്ചര്യപ്പെടുത്തി.

"അപ്പൊ പിന്നെ എനിക്ക് മൂത്തവരെ ഞാൻ ചേട്ടൻ എന്നല്ലേ വിളിക്കണ്ടേ ? "

അനന്തു അവരെ ചോദ്യഭാവേന നോക്കി.

"വേണ്ട കുഞ്ഞമ്പ്രാ... ഞങ്ങളെ പേര് ചൊല്ലി  വിളിച്ചോളൂ "

അവര് തന്നെ വിളിച്ച പേര് കേട്ട് അനന്തു ഒന്ന് ഞെട്ടിയെങ്കിലും അവൻ അത് പുറത്തു കാണിച്ചില്ല

"എന്തായാലും ഞാൻ ഒന്ന് തൊടട്ടെ "

"അതിനെന്താ കുഞ്ഞേ ധൈര്യമായിട്ട് തൊട്ടോ"

അനന്തു ശേഖരന് നേരെ കൈ നീട്ടി.

"ഡാ ശേഖരാ കുഞ്ഞമ്പ്രാന് കൈ കൊടുക്കെടാ "

പാപ്പാന്റെ ആജ്ഞ അനുസരിച്ചു ശേഖരൻ അനന്തുവിന് നേരെ കൈ നീട്ടി. അനന്തുവിന്റെ കയ്യിൽ ശേഖരൻ തുമ്പിക്കൈ കൊണ്ട് ചുറ്റി പിടിച്ചു.

ആനയുടെ തുമ്പി കൈയ്ക്ക് വല്ലാത്ത പരു പരുപ്പ്  ആണെന്ന് അവനു തോന്നി. അവൻ അതിൽ മുറുകെ പിടിച്ചു.

"ഇന്നലെ ഞങ്ങൾ വരുമ്പോൾ ഇവനെ ഇവിടെ കണ്ടില്ലല്ലോ? "

"ഇന്നലെ ഇവനെയും കൊണ്ട് ഞങ്ങൾ കൂപ്പില് തടി പിടിപ്പിക്കാൻ കൊണ്ടു പോയിന് കുഞ്ഞമ്പ്രാ അതാ "

"എവിടെയാ അത് "

"ഇവിടുന്ന് ഇച്ചിരി ദൂരമുണ്ട് കുഞ്ഞമ്പ്രാ "

അല്പ നേരം പാപ്പാന്മാരോടും ശേഖരനോടും അനന്തു ചിലവഴിച്ചു.

"അനന്തൂട്ടാ ഇങ്ങു വാ  "

സീത അമ്മായിയുടെ നീട്ടിയുള്ള വിളി കേട്ട് അനന്തു പൂമുഖത്തേക്ക് ഓടിച്ചെന്നു.

"ശേഖരന്റെ അടുത്തായിരുന്നോ നീയ് "

"അതെ അമ്മായി  "

"എങ്കിൽ വാ നിനക്ക് നമ്മുടെ വീടും ചുറ്റുപാടും മൊത്തം കാണണ്ടേ? "

സീത അവനെ ആകാംക്ഷയോടെ നോക്കി.

"വേണം അമ്മായി "

"എങ്കിൽ ഞാൻ പിള്ളേരെ വിളിക്കാം അവര് കാണിക്കുംട്ടോ "

അനന്തു അമ്മായിയെ നോക്കി തലയാട്ടി.മുറ്റത്തൂടെ ഉലാത്തികൊണ്ടിരുന്ന രേവതിയെയും അമൃതയെയും സീത കൈ കാട്ടി വിളിച്ചു. അവർ അങ്ങോട്ടേക്ക് ഓടി പിടച്ചു വന്നു.

"നിങ്ങൾ രണ്ടാളും അനന്തുവേട്ടന് നമ്മുടെ വീട് മൊത്തം കാണിച്ചു കൊടുക്കണം കേട്ടോ "

സീത അവരെ ഉറ്റു നോക്കി

"ശരി വല്യമ്മേ"

രണ്ടുപേരും ഒരേ സ്വരത്തിൽ തലയാട്ടി. ആ ശബ്ദത്തിൽ വല്ലാത്തൊരു ബഹുമാനം നിഴലിക്കുന്നതായി അവനു തോന്നി.

അവർ ഇരുവരും മുൻപിൽ നടന്നു. അനന്തു പിന്നാലെ അവരെ അനുഗമിച്ചു.

"ആദ്യം നമ്മൾ എങ്ങോട്ടാ പോകുന്നേ ? "

അനന്തു കൗതുകം മറച്ചു വെക്കാതെ ചോദിച്ചു

"പടിഞ്ഞാറ്റിനിയിലേക്ക്... "

ആദ്യമായി കണ്ടതിന്റെ അപരിചിതത്വം ആവാം അവർ മിണ്ടാത്തതിന്റെ കാരണമെന്നു അവനു തോന്നി. എന്നാലും അത് വല്ലാത്തൊരു വിടവ് സൃഷ്ട്ടിക്കുന്ന പോലെ അവനു തോന്നി.

അവർ കാണിക്കുന്ന ഓരോ കാഴ്ചകളും അവൻ കണ്ടുകൊണ്ടിരുന്നു. സമയമെടുത്ത് അവർ ആ നാല് കെട്ട് വീട് മൊത്തം കണ്ടു തീർത്തു.

വല്ലാത്തൊരു കൗതുകമായിരുന്നു അനന്തുവിന്. വീടിന് അകം കണ്ട ശേഷം പുറം കാണാൻ അവനു കൊതിയായി. അവൻ അവർക്ക് നേരെ തിരിഞ്ഞു.

"ഈ വീടിനു പുറത്തു എന്താ കാണാൻ ഉള്ളേ "

"കുളം ഉണ്ട് "

"ആണോ എന്നെ അങ്ങോട്ടേക്ക് കൊണ്ടു പോകുമോ? "

അനന്തു സന്തോഷത്തോടെ ചോദിച്ചു

"അതിനെന്താ ഏട്ടൻ വാ '

അവർക്കൊപ്പം അനന്തു നടന്നു. അമൃത ഇടക്കിടക്ക് അവനെ നോക്കി ചിരിച്ചു കാണിച്ചു. അത് കണ്ട് രേവതിയും അവനെ നോക്കി പുഞ്ചിരിച്ചു.

"രേവതി എന്താ പഠിക്കുന്നേ? "

"ഞാൻ പ്ലസ്ടു ആണ് ഏട്ടാ "

"ആഹാ അപ്പൊ ഈ കാന്താരിയോ ? "അവൻ അമൃതയുടെ തലയിൽ തലോടി.

"അവൾ അഞ്ചാം ക്ലാസ്സിൽ ആണ് പഠിക്കുന്നേ"

"ആണോ മോളെ നീ അഞ്ചിൽ ആണോ പഠിക്കുന്നെ"

അനന്തു അവളോട് കൊഞ്ചലോടെ ചോദിച്ചു. അമൃത അതെ എന്ന് തലയാട്ടി.

"മോള് എന്താ മിണ്ടാത്തെ ? "

അനന്തു അല്പം നിരാശയിലായി.

"അവൾ അങ്ങനാ.. പതിയെ മാത്രേ ആരോടേലും കൂട്ടാവൂ. "

"അങ്ങനാണല്ലേ "

അനന്തു അമൃതയെ നോക്കി പുഞ്ചിരിച്ചു. അവർ മൂവരും നടന്നു കുളക്കടവിൽ വന്നെത്തി.അനന്തു ആവേശത്തോടെ കല്പടവുകളിലൂടെ ചാടിയിറങ്ങി.

"ഏട്ടാ അവിടെ വഴുക്കലുണ്ടാവും സൂക്ഷിക്കണേ "

രേവതി വെപ്രാളത്തോടെ നെഞ്ചിൽ കൈ വച്ചു.

"ഞാൻ നോക്കിക്കോളാം രേവതിക്കുട്ടി.. "

അനന്തു അവളെ നോക്കി ഉറക്കെ പറഞ്ഞു. രേവതിയുടെ അധരങ്ങളിൽ ഒരു പുഞ്ചിരി മൊട്ടിട്ടു. അനന്തു കുളത്തിലേക്ക് ദൃഷ്ടി പതിപ്പിച്ചുകൊണ്ട് കല്പടവിലേക്ക് ഇരുന്നു. പതിയെ കുളത്തിലേക്ക് കാല് നീട്ടി വച്ചു അവൻ ഒരു ദീർഘ നിശ്വാസം വിട്ടു.

"ഞങ്ങൾ പോട്ടെ ഏട്ടാ "

രേവതിയുടെ ശബ്ദം കേട്ട് അവൻ തിരിഞ്ഞു നോക്കി.

"പൊക്കോളൂ രേവതി... കുളം കാണിച്ചു തന്നതിന് താങ്ക്സ് "

അനന്തു അവരെ നോക്കി ചിരിച്ചു. അമൃതയുടെ കയ്യും പിടിച്ചു രേവതി കളിക്കാനായി പോയി. അനന്തു കുളത്തിലെ വെള്ളത്തിൽ കാലിട്ടടിച്ചുകൊണ്ട് ഓരോന്ന് ചിന്തിച്ചു കൊണ്ടിരുന്നു.

വല്ലാത്ത ഒരു ഒറ്റ പെടൽ പോലെ അവനു തോന്നി. ആകെ നല്ല രീതിയിൽ പെരുമാറുന്നത് മുത്തശ്ശനും മുത്തശ്ശിയും ബലരാമൻ അമ്മാവനും സീത അമ്മായിയും ആണ്.

അമ്മയെയും ശിവയേയും കൂട്ടി എല്ലായിടത്തും ഒന്ന് കറങ്ങാൻ പോകണമെന്ന് അനന്തു നിശ്ചയിച്ചു. അപ്പോൾ ആ ഒരു വിരസത മാറുമെന്ന് അവൻ കണക്ക് കൂട്ടി. അതിനു മുൻപ് ഈ നാട് മൊത്തം ഒറ്റക്ക് കാണാൻ അവനു കൊതിയായി.

കുറച്ചു നേരം കല്പടവുകളിൽ ഇരുന്ന് മടുത്ത അനന്തു പതിയെ എണീറ്റു തറവാട്ടിലേക്ക് വച്ചു പിടിപ്പിച്ചു. അമ്പലത്തിൽ പോയവർ ഇതുവരെ തിരിച്ചു വരാൻ ആയിട്ടില്ലെന്ന് അവനു തോന്നി.

പതിയെ അകത്തളത്തിലേക്ക് കേറിയ അവൻ ഉള്ളിലേക്ക് നടന്നു വന്നപ്പോൾ നടു മുറ്റത്തിന് സമീപം ഇരുന്ന് സീത അമ്മായി അമ്മയ്ക്ക് മുടി ചീകി കൊടുക്കുന്നത് അനന്തു കണ്ടു.

അമ്മയും അമ്മായിയും വിശേഷങ്ങൾ പറഞ്ഞു ഇടക്ക് പൊട്ടിച്ചിരിക്കുകയും ചെയ്യുന്നു. അനന്തു പതിയെ നടന്നു മാലതിയുടെ മടിയിൽ തല വച്ചു കിടന്നു. മാലതി പതിയെ അവന്റെ മുടിയിഴകളിലൂടെ വിരൽ കൊണ്ട് കോതിയൊതുക്കി.

"അനന്തൂട്ടാ വീടൊക്കെ കണ്ടു തീർത്തോ? "

"കണ്ടു അമ്മായി  ഞാൻ കുളം കൂടി  കണ്ടിട്ട് വരുന്ന വരവാ"

"അയ്യോ എന്തിനാ മോനെ ഒറ്റക്ക് പോയെ അവിടെ മൊത്തം വഴുക്കലല്ലേ ? "

സീത  പരിഭ്രമിച്ചുകൊണ്ട് അവനോടു ചോദിച്ചു.

"ഏയ് ഞാൻ സൂക്ഷിച്ചായിരുന്നു അമ്മായി. എനിക്ക് നീന്തൽ അറിയാം "

അനന്തു അമ്മായിയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

"അതൊന്നും വേണ്ട.. ഇത് പുതിയ സ്ഥലമല്ലേ .. എല്ലാം ഒന്ന് പരിചയമായിട്ട് കുളത്തിലൊക്കെ ഇറങ്ങിയാൽ മതിട്ടോ. "

"ശരി അമ്മായി  ഞാൻ ഇനി നോക്കിക്കോളാം "

അനന്തു അവരെ നോക്കി പുഞ്ചിരിച്ചു. മാലതി ഇതൊക്കെ കേട്ടുകൊണ്ട് ഉള്ളിൽ ചിരിയോടെ അവന്റെ മുടികൾ കോതിയൊതുക്കിക്കൊണ്ടിരുന്നു.

"സീതേട്ടത്തി ജിത്തൂന്റെ വിവാഹം ഉടനെ ഉണ്ടോ ? "

മാലതി സീതയോടു ചോദിച്ചു.

"ഉണ്ട് മാലതി. ഒരു കുട്ടിയുമായി പറഞ്ഞുറപ്പിച്ചിരിക്കുവാ.. അവനു പരിചയമുള്ള കുട്ടിയാ.. ഇവിടത്തെ എം എൽ എ യുടെ മകളും കൂടിയാ.. ഞങ്ങൾക്ക് എല്ലാർക്കും ഇഷ്ട്ടമായി. "

സീത കാച്ചെണ്ണ കയ്യിലെടുത്തു മാലതിയുടെ മുടിയിൽ പതുക്കെ തേച്ചു പിടിപ്പിച്ചു.

"ആണോ എന്താ സീതേട്ടത്തി കുട്ടിയുടെ പേര് "

"സ്വാതി കൃഷ്ണ "

"ആഹാ നല്ല പേരാണല്ലോ.. "

"അതെ മാലതി. നല്ല സുന്ദരിക്കുട്ടിയാ.. ജിത്തൂന് നല്ലോണം ചേരും. അതുകൊണ്ട് എല്ലാരും കൂടി അങ്ങ് ഉറപ്പിച്ചു വച്ചു. '

"അപ്പൊ എപ്പോഴാ കല്യാണം സീതേട്ടത്തി.? "

സീത മുടിയിൽ എണ്ണ ഇട്ടു തരുന്നതിന്റെ സുഖത്തിൽ മാലതി പെട്ടെന്നു ചോദിച്ചു.

"മിക്കവാറും ഭൂമി പൂജയ്ക്ക് ശേഷം ആയിരിക്കും "

എന്തോ ഓർത്ത പോലെ സീത പെട്ടെന്നു നിശ്ചലയായി. പിന്നെ പതിയെ തന്റെ ജോലി തുടർന്നു.

"എന്നോട് ബാലരാമേട്ടൻ പറഞ്ഞിരുന്നു എല്ലാം. ഇത്തവണ ജിത്തു ആണല്ലേ അത് ? "

മാലതി സീതയെ പാളി നോക്കി. സീത അതേയെന്ന മട്ടിൽ തലയാട്ടി. എന്തോ ഒരു തരം നിസ്സംഗത ഭാവം അവളെ വേട്ടയാടിക്കൊണ്ടിരുന്നു.

എന്നാൽ മാലതിയ്ക്ക് അത് വേഗം മനസ്സിലായി. സീത എന്തോ പറയാൻ തുനിഞ്ഞതും മാലതി അനന്തു ഇവിടുണ്ടെന്ന അർത്ഥത്തിൽ സീതയെ ചൂണ്ടി കാണിച്ചു. പൊടുന്നനെ സീത ഒന്ന് അടങ്ങി.

അനന്തുവിന് ഇതൊക്കെ കേട്ടിട്ടും ഒന്നും മനസ്സിലായില്ല.അവൻ രാവിലെ ആനയെ ചുറ്റിപറ്റി നിന്ന കാര്യങ്ങൾ ഓർക്കുവായിരുന്നു.

"അമ്മേ ഞാൻ രാവിലെ ആനയുടെ പാപ്പാൻമാരുമായി സംസാരിക്കുവായിരുന്നു. അപ്പൊ ഒരു സംഭവം ഉണ്ടായി. "

"എന്താ അത് ? "

മാലതി മുഖം ചുളിച്ചു  അവനെ നോക്കി. അനന്തു പറയുന്നത് കേൾക്കാൻ സീതയും തന്റെ കാതുകൾ കൂർപ്പിച്ചു വച്ചു.

"അതോ ആ ചേട്ടന്മാരുമായി സംസാരിക്കുമ്പോ അവർ എന്നെ കുഞ്ഞമ്പ്രാ എന്ന് വിളിച്ചു. എന്താ അതിന്റെ അർത്ഥം? "

മാലതിയും സീതയും പരസ്പരം നോക്കി. സീത പതിയെ ഒന്ന് ചിരിച്ചിട്ട് അനന്തുവിനെ നോക്കി.

"അനന്തൂട്ടാ നീ ഒരു സാധാരണക്കാരൻ അല്ല ഇപ്പൊ. പഴയ അനന്തുവും ഇപ്പോഴുള്ള അനന്തുവും തമ്മിൽ നല്ല മാറ്റമുണ്ട്. അതായത് തേവക്കാട്ട് ശങ്കരന്റെയും കാർത്യായനിയുടെയും പേരക്കുട്ടി ആണ് നീ. സർവ്വോപരി തേവക്കാട്ട് കുടുംബത്തിലെ അംഗവും ആണ് . ഈ ദേശം എന്ന ഗ്രാമത്തിന്റെ കിരീടം വയ്ക്കാത്ത രാജാവ് ആണ് നിന്റെ മുത്തശ്ശൻ. അപ്പൊ ഈ നാട്ടിലെ ജനങ്ങൾക്ക് നിന്റെ മുത്തശ്ശനോടുള്ള ആദരവും ബഹുമാനവും ഭക്തിയും ആണ് നീ കാണുന്നത്. അപ്പൊ അതിൽ ബഹുമാനം നമുക്ക് എല്ലാവർക്കും കിട്ടും. പക്ഷെ മുത്തശ്ശന് കിട്ടുന്ന പോലെ ആദരവും ഭക്തിയും കിട്ടണമെങ്കിൽ നീയും മുത്തശ്ശനെ പോലെ മിടുക്കൻ ആവണം.കഴിഞ്ഞ രണ്ടു തലമുറകളിലായി നിന്റെ മുത്തശ്ശനും ദേവൻ അമ്മാവനും മാത്രമേ ആ സൗഭാഗ്യം കിട്ടിയിട്ടുള്ളൂ. ഈ തലമുറയിൽ അത് ചിലപ്പോൾ എന്റെ അനന്തൂട്ടനാവും.. "

സീതയുടെ വാക്കുകൾക്ക് വല്ലാത്തൊരു ഊർജം സൃഷ്ട്ടിക്കാൻ  സാധിക്കുന്നതായി അനന്തുവിന് തോന്നി.എങ്കിലും അവന് ഒരു സംശയം ഉടലെടുത്തു.

"ഈ സിനിമയിൽ ഒക്കെ കാണുന്ന പോലെ നമ്മൾ ഉയർന്ന ജാതിയിൽ പെട്ടവരായതുകൊണ്ടാണോ നമുക്ക് ഇത്രയും ആസ്തിയും ബഹുമാനവും ഒക്കെ? "

"അല്ല അനന്തു നമ്മളും മറ്റുള്ളവരെ പോലെ ഇടത്തരം ജാതിയിൽ പെട്ടവർ തന്നെയാ. പക്ഷെ നമ്മുടെ കുടുംബത്തിന്റെ പൂർവികർ ഈ നാടിന്റെ ജന്മികൾ ആയിരുന്നു എന്ന് മാത്രം. ഇപ്പൊ മനസ്സിലായോ ? "

മാലതി അവനെ നോക്കി

"മനസ്സിലായി അമ്മേ  "

അനന്തുവിന് തന്റെ മനസ്സിലെ പ്രഹേളിക പരിഹരിച്ചതിന്റെ സന്തോഷത്തിൽ ആയിരുന്നു.

പൊടുന്നനെ വീടിന്റെ മുറ്റത്തു കാർ വന്നു നിർത്തുന്നതിന്റെ ശബ്ദം കേട്ട് അനന്തു മാലതിയുടെ മടിയിൽ നിന്നും ചാടിയെണീറ്റു. നേരെ പൂമുഖം ലക്ഷ്യമാക്കി നീങ്ങി.

മാലതിയുടെ മുടി തലയുടെ ഉച്ചിയിൽ കെട്ടി വരിഞ്ഞു വച്ചു സീത അവളുടെ മുഖം പിടിച്ചു നേരെ നിർത്തി. രണ്ടുപേരും പരസ്പരം കണ്ണുകളിലേക്ക് ഉറ്റു നോക്കി.

"മാലതി അനന്തുവിനു ഒന്നും അറിഞ്ഞൂടല്ലേ? "

"ഇല്ല സീതേട്ടത്തി  "

മാലതി വിഷാദത്തോടെ മുഖം താഴ്ത്തി.

"പറയാൻ തോന്നിയില്ല പക്ഷെ ഈ വരവ് വളരെ അവിചാരിതമായിപ്പോയി. "

മാലതി പിറുപിറുത്തു.

"അതാവും ദൈവ വിധി.ആ ഒരു കർമ്മത്തിനു  എന്റെ മകൻ ജിത്തു ആണ് യോഗ്യൻ എന്നാ ഞങ്ങൾ എല്ലാവരും വിചാരിച്ചിരുന്നേ.. എന്നാൽ അനന്തുവിനെ കണ്ട ശേഷം എന്റെ ആ ചിന്തകൾ മാറി. അതിനു ഏറ്റവും യോഗ്യൻ നമ്മുടെ അനന്തു തന്നെയാണെന്ന്  എനിക്ക് ഇപ്പൊ തോന്നുന്നു. ജിത്തു ഉറപ്പായും അവിടെ പരാജയപ്പെടും. അത് അവനു അപകടമാണ്. എന്നാൽ അനന്തുവിന് ജയിക്കാൻ സാധിക്കും. അനന്തുവിന് മാത്രം. അതാണ് അവനെ ഈ നാടും ഈ മണ്ണും  ഇവിടുത്തെ ദേവിയും കൃത്യ സമയത്ത് തന്നെ ഇങ്ങോട്ടേക്കു എത്തിച്ചത്. "

സീത കൈ നെഞ്ചിൽ വച്ചു കണ്ണുകൾ അടച്ചു ഒരു നിമിഷം പ്രാർത്ഥിച്ചു.

അനന്തു നേരെ പൂമുഖത്തേക്ക് എത്തിച്ചേർന്നു. കാറിൽ നിന്നു ഇറങ്ങുന്ന ശിവയേയും മുത്തശ്ശനെയും മുത്തശ്ശിയേയും കണ്ട് അവനു സന്തോഷമായി.

ഇത്രയും നേരം കൊണ്ട് ശിവയെ വല്ലാതെ മിസ്സ് ചെയ്ത പോലെ അവനു തോന്നി. ശിവ ഒരു പട്ടു പാവാടയും ബ്ലൗസും ആണ് അണിഞ്ഞിരുന്നത്.  അഴിച്ചിട്ട കേശവും നെറ്റിയിൽ ചാലിച്ച ചന്ദനവും വാലിട്ടെഴുതിയ കണ്ണുകളുമായി കയ്യിൽ അമ്പലത്തിലെ പ്രസാദവും പിടിച്ചു പടി കയറി വരുന്ന അവളെ കണ്ട അനന്തുവിന് ഒരു നിമിഷം അമ്പലത്തിൽ നിന്നും ഇറങ്ങി വന്ന ദേവി ആണെന്ന് തോന്നിപോയി.

ശിവയുടെ കയ്യിൽ പിടിച്ചു മുത്തശ്ശി പതുക്കെ പൂമുഖത്തേക്ക് കയറി വന്നു. അനന്തുവിന്റെ അടുത്ത് എത്തിയതും ശിവ അവന്റെ വയറിനു ഒരു കുത്തു വച്ചു കൊടുത്തു.

"ആാാഹ്"

അനന്തു വയറിൽ കൈ വച്ചു അമർത്തി പിറു പിറുത്തുകൊണ്ട് അവളെ നോക്കി കണ്ണുരുട്ടി. ശിവ അവനെ നോക്കി കൊഞ്ഞനം കുത്തി.

"മോനെ ദേവാ  കഴിച്ചോ നീയ് ? "

മുത്തശ്ശി വാത്സല്യത്തോടെ അവന്റെ തടിയിൽ പിടിച്ചു.

"കഴിച്ചു മുത്തശ്ശി ... പിന്നെ ഞാൻ ദേവനല്ലാട്ടോ...അനന്തു ആണ്  "

അനന്തു കൊഞ്ചലോടെ മുത്തശ്ശിയോട് പറഞ്ഞു

"ഇല്ല കുട്ട്യേ നീ എന്റെ ദേവനാ.. എനിക്ക് അങ്ങനെ കാണാൻ കഴിയൂ എന്റെ ദേവൻ അതേപോലെ തന്നെ എന്റെ മാലതീടെ വയറ്റിൽ ജനിച്ചില്ലേ.. മരിക്കുന്നതിന് മുൻപേ ഒന്നൂടെ കാണാൻ കഴിഞ്ഞൂലോ എന്റെ കുട്ടീനെ "

മുത്തശ്ശി അനന്തുവിനെ പിടിച്ചു പൊട്ടി കരഞ്ഞു.മുത്തശ്ശിയെ ആശ്വസിപ്പിക്കാൻ അനന്തു പാട് പെട്ടു. അവൻ മുത്തശ്ശിയുടെ നിറഞ്ഞു ഒഴുകുന്ന കണ്ണുകൾ പതിയെ ഒപ്പി.

"ഞാൻ ദേവാന്ന് വിളിച്ചോട്ടെ എന്റെ കുട്ടീനെ? "

മുത്തശ്ശി വിതുമ്പലോടെ പതിയെ അവനോട് പറഞ്ഞു.

"വിളിച്ചോളൂ മുത്തശ്ശി. ഞാൻ മുത്തശ്ശിയുടെ ദേവൻ തന്നെയാട്ടോ. ഇനി എന്റെ മുത്തശ്ശി കരയല്ലേ"

അനന്തു അവരെ കെട്ടിപിടിച്ചു നെറ്റിയിൽ ചുണ്ടുകൾ അമർത്തി ചുംബിച്ചു. പതിയെ അവരുടെ ഏങ്ങലിന്റെ തോത് കുറഞ്ഞു വന്നു. ശിവ മുത്തശ്ശിയുടെ കയ്യിൽ പിടിച്ചു പതിയെ അകത്തളത്തിലേക്ക് നീങ്ങി.

അവർ പോകുന്നതും നോക്കി അനന്തു നോക്കി നിന്നു. പതിയെ ഒന്ന് ശ്വാസം വിട്ടു അനന്തു തിരിഞ്ഞു നോക്കിയതും മുത്തശ്ശൻ നിറ കണ്ണുകളോടെ നിൽക്കുന്നത് അവൻ കണ്ടു.

അദ്ദേഹം അവനെ കൈ കാട്ടി വിളിച്ചു. അനന്തു മുത്തശ്ശന്റെ അടുത്തേക്ക് നടന്നടുത്തു. അനന്തുവിന്റെ തോളിലൂടെ കയ്യിട്ട് ശങ്കരൻ അവനെ ചേർത്തു പിടിച്ചു.

"ആരും ഇല്ലാത്തപ്പോ ഞാനും മോനെ ദേവാ എന്ന് വിളിച്ചോട്ടെ ? "

മുത്തശ്ശന്റെ ശബ്ദത്തിലെ ഇടർച്ച അനന്തുവിനെ വല്ലാതെ സങ്കടപ്പെടുത്തി.അവൻ മുത്തശ്ശനെ ചേർത്തു പിടിച്ചുകൊണ്ടു പറഞ്ഞു.

"മുത്തശ്ശനും എന്നെ അങ്ങനെ വിളിച്ചോളൂ. എനിക്ക് സന്തോഷമേയുള്ളൂ."

അനന്തു അദ്ദേഹത്തെ നോക്കി പുഞ്ചിരിച്ചു. അവന്റെ ചിരിയും നീല കണ്ണുകളും കാണുമ്പോൾ തന്റെ ദേവൻ അടുത്ത് വന്നു നിൽക്കുന്ന പോലെ ശങ്കരന് തോന്നി.

അദ്ദേഹം വല്ലാത്തൊരു അനുഭൂതിയുടെ പരകോടിയിൽ  അനന്തുവിന്റെ കൈ പിടിച്ചു നടന്നു. പടിപ്പുര കഴിഞ്ഞു അവർ റോഡിലേക്ക് എത്തി.

അപ്പോൾ അവിടെ റോഡിന്റെ ഓരത്ത് പണിക്കാർ  കണ്ടത്തിൽ കൂട്ടിയിട്ടിരിക്കുന്ന നാളികേരം ലോറിയിലേക്ക് പെറുക്കിയിടുന്ന തിരക്കിൽ ആയിരുന്നു.റോഡിന്റെ ഓരത്തു നിന്നും ചാക്ക് കെട്ടിലേക്കും അല്ലാതെയും നാളികേരം പെറുക്കിയിട്ട് 4 പണിക്കാർ ലോറിയിലേക്ക് ധൃതിയിൽ കയറ്റുന്നു.

മുത്തശ്ശൻ വരുന്നത് കണ്ടതും പണിക്കാരും വണ്ടിയുടെ ഡ്രൈവറും എല്ലാരും ബഹുമാനത്തോടെ കൈകൾ കൂപ്പി നിന്നു.പണിക്കാർ തങ്ങളുടെ തലയിൽ കെട്ടിയിരുന്ന തോർത്ത് വലിച്ചെടുത്തു മടക്കി കുത്തിയിരുന്ന മുണ്ട് അഴിച്ചു അവർ ഭയ ഭക്തിയോടെ മുത്തശ്ശനെ വരവേറ്റത് അനന്തു പുത്തൻ അനുഭവം ആയിരുന്നു. അവൻ മുത്തശ്ശന്റെ കൈ പിടിച്ചു കൂടെ നിന്നു.

"ചെല്ലാ പണിയൊക്കെ കഴിഞ്ഞോ? "

"ഉവ്വ് തമ്പ്രാ  "

കൂട്ടത്തിൽ ഉണ്ടായിരുന്ന മെലിഞ്ഞ മധ്യവയസ്കൻ ആയ ആൾ മറുപടി പറഞ്ഞു.

"ഉച്ച ആകാൻ ആയില്ലേ വേഗം പീടികയിലേക്ക് പൊയ്ക്കോളൂ "

"ഉവ്വ് തമ്പ്രാ  "

ചെല്ലൻ മുത്തശ്ശനെ വണങ്ങി. മുത്തശ്ശൻ അല്പം ഗൗരവത്തോടെ അവരെ നോക്കിയ ശേഷം അനന്തുവിന്റെ കൈ പിടിച്ചു  മുന്നോട്ട് നടന്നു. റോഡിന്റെ ഓരം ചേർന്ന് മുത്തശ്ശന്റെ കൈയും പിടിച്ചു നീണ്ടു കിടക്കുന്ന നെൽപ്പാടത്തിന്റെ ഭംഗിയും നുകർന്നു അനന്തു നടന്നു.

ഉച്ച സമയം ആണെങ്കിലും വെയിലിനു ആക്കം ഇല്ലാത്തതിനാൽ ആ നടത്തത്തിനു ഒരു സുഖം ഉണ്ടെന്നു അനന്തുവിന് തോന്നി.

"മുത്തശ്ശാ ഇവിടെ വണ്ടികൾ ഒക്കെ കുറവാണല്ലേ? "

"അതെ ദേവാ ഇതൊരു ഗ്രാമം അല്ലേ.. ആവശ്യത്തിനുള്ള വണ്ടികളെ കാണൂ. പട്ടണത്തിലെ പോലെ സൗകര്യങ്ങൾ ഒന്നും ഇവിടെ ഇല്ല. പിന്നെ നമ്മുടെ വീട്ടിൽ മാത്രേ വണ്ടികൾ ഉള്ളൂ. "

"അതാ നല്ലത് മുത്തശ്ശാ.. ഈ ഗ്രാമത്തിന്റെ ഭംഗിയും ആസ്വദിച്ചു നടക്കാലോ.. പട്ടണം ഒക്കെ ഭയങ്കര ബോറടി ആന്നേ "

അനന്തു വായുവിൽ കൈകൾ വിടർത്തി ആവോളം ശുദ്ധ വായു ശ്വസിച്ചു. മുത്തശ്ശൻ ചിരിയോടെ അവന്റെ കൂടെ നടന്നു. വയസ്സ് 70 കഴിഞ്ഞെങ്കിലും ഇപ്പോഴും നല്ല ആരോഗ്യമുള്ള ശരീരമാണ് മുത്തശ്ശന് ഉള്ളതെന്ന് അനന്തുവിന് മനസ്സിലായി. അദ്ദേഹം അവന്റെ കൂടെ ഒരു ചെറുപ്പക്കാരനെ പോലെ ഓടി ചാടി നടന്നു.

"ഈ പ്രായത്തിലും നല്ല സ്റ്റാമിന ആണല്ലോ ഇതെങ്ങനെ? "

അനന്തു ആശ്ചര്യത്തോടെ ചോദിച്ചു.

മുത്തശ്ശൻ അവന്റെ ചെവിക്ക് പിടിച്ചു തിരിച്ചു.

"ഡാ കള്ള ചെറുക്കാ.. ആയ കാലത്ത് ഞാൻ ഒരു പുലി ആയിരുന്നു കേട്ടോ  "

"എനിക്ക് അറിയാം മുത്തശ്ശാ എനിക്ക് ചെവി വേദനിക്കുന്നേ "

അനന്തു കിടന്നു പുളഞ്ഞു. ശങ്കരൻ വേഗം അവന്റെ ചെവിയിൽ നിന്നും കയ്യെടുത്തു.

"

സീത അമ്മായിയും അമ്മയും പറഞ്ഞിരുന്നു മുത്തശ്ശൻ ഈ ഗ്രാമത്തിലെ പുലി അല്ല സിംഹം ആയിരുന്നു എന്ന്. "

അനന്തു പറഞ്ഞത് കേട്ടതും ശങ്കരൻ തന്റെ വെള്ളി നാരുകൾ വീണ മീശ പതുക്കെ കൈകൊണ്ട് തിരിച്ചു വച്ചു. എന്നിട്ട് പതുക്കെ തന്റെ താടി രോമങ്ങൾ ഒതുക്കി വച്ചു.

ശരിക്കും ഒരു വൃദ്ധനായ സിംഹത്തിന്റെ വന്യമായ ഭാവം ആ മുഖത്ത് പൊടുന്നനെ  ഓടി വന്നു മറഞ്ഞ പോലെ അനന്തുവിന് തോന്നി.

വഴിയിലൂടെ പോയ മൂന്നു നാല് പേർ മുത്തശ്ശനെ കണ്ട് ബഹുമാനത്തോടെ വഴി മാറി കൊടുത്തു. അനന്തു അതൊക്കെ കണ്ട് വല്ലാതെ ആസ്വദിച്ചു.

"മോനെ ദേവാ ഈ ഗ്രാമത്തിൽ കാണാൻ ഒരുപാട് കാഴ്ചകളുണ്ട്. മോന് അത് കാണണ്ടേ?"

"വേണം മുത്തശ്ശാ പക്ഷെ പോകാൻ എനിക്ക് വണ്ടിയൊന്നുമില്ല. എന്റെ വണ്ടി വീട്ടിൽ കിടക്കുവല്ലേ ? "

അനന്തു നിരാശയോടെ മുത്തശ്ശനെ നോക്കി.

"അതാണോ പ്രശ്നം. ഞാനിപ്പോ തന്നെ ബലരാമനെ വിളിക്കാം. ദേവന് ഇഷ്ട്ടമുള്ള പുതിയ വണ്ടി വാങ്ങിച്ചോ.. കാർ വാങ്ങാം. എത്ര പണം ചിലവായാലും സാരമില്ല "

മുത്തശ്ശൻ സന്തോഷത്തോടെ പോക്കറ്റിൽ നിന്നും ഫോൺ കയ്യിലേക്ക് എടുത്തു.

"അയ്യോ അതൊന്നും വേണ്ട മുത്തശ്ശാ.. എനിക്ക് ഏതേലും ഒരു പഴയ വണ്ടി മതി. "

"അത് പറ്റില്ല മോനെ... നമുക്ക് പുതിയ കാർ വാങ്ങാം. ഇപ്പൊ തന്നെ ബലരാമന്റെ കൂടെ പട്ടണത്തിലേക്ക് പോകാം. എന്റെ ദേവന് എന്തേലും വാങ്ങി തരാതെ എനിക്ക് സമാധാനമില്ല "

മുത്തശ്ശൻ വെപ്രാളത്തോടെ പറഞ്ഞു.

"എന്റെ മുത്തശ്ശാ ഞാനും അമ്മയും ശിവയും സാധാരണക്കാരായി അല്ലെ ജീവിച്ചേ.. ഞങ്ങൾക്ക് അതൊക്കെ ശീലമാ..വലിയ വണ്ടി വാങ്ങാനോ ഓടിക്കാനോ ഉള്ള സാമ്പത്തികം ഞങ്ങൾക്കില്ലായിരുന്നു. പിന്നെ അതൊക്കെ സ്വപ്നം കാണാമെന്നു മാത്രം "

അനന്തു ഒന്ന് നെടുവീർപ്പെട്ടു

"ഇന്നലെ വരെ എന്റെ മകളും പേരമക്കളും എങ്ങനാണ് ജീവിച്ചതെന്നു എനിക്ക് അറിഞ്ഞൂടായിരുന്നു. പക്ഷെ ഇനി മുതൽ അങ്ങനല്ല. തേവക്കാട്ട് ശങ്കരന്റെ പേരമക്കൾ ആണ് നിങ്ങൾ. എന്റെ മകൾക്കും പേരമക്കൾക്കും ജീവിക്കാനുള്ള പണം ഞാൻ ആക്കി വച്ചിട്ടുണ്ട്. ആവശ്യത്തിനും അനാവശ്യത്തിനും ചിലവഴിക്കാൻ എനിക്ക് പണം ഉണ്ട്. ഇനിയും ഒരുപാട് തലമുറകൾക്ക് ഇരുന്ന് ഉണ്ണാനുള്ളത് നമ്മുടെ കുടുംബത്തിന് ഉണ്ട്. അതുകൊണ്ട് പണത്തെ കുറിച്ച് ആലോചിച്ചു എന്റെ ദേവന് വേവലാതി വേണ്ടാ.. ഇനി പറഞ്ഞോ ഏത് വണ്ടി ആണ് വാങ്ങണ്ടേ? "

മുത്തശ്ശൻ അവനെ പ്രതീക്ഷയോടെ നോക്കി. എന്നാൽ അനന്തു പുതിയ വണ്ടി വാങ്ങുന്നതിനോട് യോജിച്ചില്ല. അവനെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചെങ്കിലും ശങ്കരൻ പരാജയപ്പെട്ടു.

അല്പ നേരം നിരാശയോടെ അദ്ദേഹം ചിന്തിച്ചു. പൊടുന്നനെ ശങ്കരൻ അനന്തുവിന്റെ രണ്ടു കൈകളിലും പിടിച്ചുകൊണ്ടു അവനെ നോക്കി.

"എന്റെ മകൻ ദേവന്റെ ഒരു വണ്ടിയുണ്ട്. എനിക്ക് അറിയുന്ന ഒരാളുടെ അടുത്ത് സൂക്ഷിക്കാൻ വച്ചിരിക്കുകയാ...നിന്റെ മുത്തശ്ശി അത് ഒരിക്കലും വേറൊരാൾക്ക് കൊടുക്കാനോ ഓടിക്കാൻ കൊടുക്കാനോ പോലും സമ്മതിച്ചിരുന്നില്ല. അങ്ങനെ ഞാൻ അത് സൂക്ഷിച്ചു വച്ചിരുന്നതാ. എന്റെ മോന് ആ വണ്ടി കൊണ്ടു തരട്ടെ "

മുത്തശ്ശന്റെ കണ്ണിലെ തിളക്കം അനന്തുവിന് തിരസ്ക്കരിക്കുവാൻ കഴിഞ്ഞില്ല.

"മുത്തശ്ശി സമ്മതിക്കുമോ? "അനന്തു ചോദ്യഭാവേന നോക്കി

"

സമ്മതിക്കും. ദേവന്റെ മുറി അനന്തുവിനു തന്നില്ലേ.. അതുപോലെ ദേവന്റെ വണ്ടിയും അനന്തുവിന് തരാൻ അവൾക്ക് സന്തോഷമേ ഉള്ളൂ. ആ വണ്ടി ഓടിക്കാൻ ഇനി എന്റെ അനന്തുവിനാവും യോഗം. "

"ശരി മുത്തശ്ശാ "അനന്തു സമ്മതം അറിയിച്ചു.

മുത്തശ്ശൻ ഉത്സാഹത്തോടെ ഫോൺ എടുത്തു ആരെയോ കാൾ ചെയ്തു. നിമിഷങ്ങൾക്കകം തങ്ങളുടെ അടുത്ത് ഡ്രൈവർ വണ്ടി കൊണ്ടു വന്നു നിർത്തിയത് അനന്തു തിരിച്ചറിഞ്ഞു.

വണ്ടിയുടെ പുറകിൽ അനന്തുവിനെയും കൊണ്ട് മുത്തശ്ശൻ കയറി ഇരുന്നു. ഡോർ അടച്ചതും ഡ്രൈവർ വെടിച്ചില്ലു പോലെ വണ്ടി മുന്നോട്ട് പായിച്ചു. 15 മിനുട്ട് യാത്രയ്ക്ക് ശേഷം അവർ ഒരു ഓടിട്ട ചെറിയ വീടിനു സമീപം കാർ കൊണ്ടു വന്നു നിർത്തി.

മുത്തശ്ശൻ വണ്ടിയിൽ നിന്നും ഇറങ്ങി. അനന്തു വണ്ടിയിൽ നിന്നും ഇറങ്ങി ചുറ്റുപാടും ഒന്ന് നിരീക്ഷിച്ചു.ശങ്കരൻ അനന്തുവിന്റെ കൈ പിടിച്ചു ആ വീടിന്റെ മുറ്റത്തേക്ക് നടന്നു. ആ വീടിനു സമീപം വേറെയും കുറച്ചു വീടുകൾ ഉണ്ടെന്നത് അവന് വല്ലാത്തൊരു കൗതുകം തോന്നി.

ഒരു ഗ്രാമത്തിലെ വീടിന്റെ നിർമാണവും വൃത്തിയും മറ്റും ഒക്കെ അവൻ ആസ്വദിച്ചുകൊണ്ടിരുന്നു . ചെറിയ വീടുകൾ ആണെങ്കിൽ കൂടിയും അവരൊക്കെ എത്ര സന്തോഷത്തോടെയാണ് ജീവിക്കുന്നതെന്ന് അനന്തു ഓർത്തു.

അവന് അവരോടൊക്കെ വല്ലാത്തൊരു അസൂയ തോന്നി. വീടിന്റെ മുറ്റത്തേക്ക് എത്തിയതും പലയിടത്തും ചിതറി കിടക്കുന്ന വണ്ടികളുടെ ഭാഗങ്ങളും ശുഷ്ക്കിച്ചതും ദ്രവിച്ചതുമായ വണ്ടികളും അവന്റെ ശ്രദ്ധയിൽ പെട്ടു. ഈ വന്നിരിക്കുന്നത് ഒരു മെക്കാനിക്കിന്റെ വീട്ടിലേക്ക് ആണെന്ന് അവനു തോന്നി.

"

ബഷീറേ "

വീടിന്റെ ഉള്ളിലേക്ക് നോക്കി മുത്തശ്ശൻ ഉറക്കെ വിളിച്ചു. അല്പ സമയത്തിനകം വീടിന്റെ ഉള്ളിൽ നിന്നും തട്ടമണിഞ്ഞ ഒരു മധ്യവയസ്സ്ക ആയ സ്ത്രീ പുറത്തേക്ക് ഇറങ്ങി വന്നു. മുത്തശ്ശനെ കണ്ടതും അവരുടെ കണ്ണുകൾ വിടർന്നു.

"

അയ്യോ അങ്ങുന്നേ എന്താ ഇവിടെ " ആ സ്ത്രീ ബഹുമാനത്തോടെ കൈകൾ കൂപ്പി.

"

ജമീല ബഷീറില്ലേ ഇവിടെ...? ഒന്ന് വിളിച്ചേ? "

"

ഓര് അപ്പുറം ആന്നു.. ഇപ്പൊ തന്നെ ഞമ്മള് വിളിച്ചോണ്ടരാ.. അങ്ങുന്നേ കേറി ഇരിക്കൂന്നെ "

"

പോയിട്ട് ധൃതിയുണ്ട് പിന്നൊരിക്കൽ ആവാം."

ശങ്കരൻ ഗൗരവത്തോടെ പറഞ്ഞു.

"

ആം"

ജമീല വേഗം ഉള്ളിലേക്ക് ഓടിപോയി. അനന്തു വെറുതെ മുറ്റത്ത് നിന്നു ചാറ്റുപാടും ഒന്ന് വീക്ഷിച്ചു. മുത്തശ്ശന്റെ വരവ് കണ്ട് ഓരോ വീടുകളിലെ പെൺപ്രജകൾ എത്തി നോക്കുന്നത് അനന്തു കണ്ടു.

ആണുങ്ങൾ ഒക്കെ എന്തെങ്കിലും ജോലിക്ക് പോയി കാണുമെന്നു അവൻ കണക്ക് കൂട്ടി.ഓടിട്ടതും ചുടുകട്ട കൊണ്ട് നിർമ്മിച്ചതുമായ ഇത്തരം വീടുകൾ ആവാം ഇവിടുത്തെ മുഖ മുദ്ര എന്ന് അവന് തോന്നി.

എങ്കിലും പലയിടത്തും വരുന്ന വരവിൽ ഓല കൊണ്ട് മേഞ്ഞ വീടുകൾ കാണാൻ കഴിഞ്ഞത് അവനെ അത്ഭുതപെടുത്തി. ഒരു ദിവസം അത്തരം ഒരു വീട്ടിൽ പോകണമെന്ന് അവനു ആഗ്രഹം തോന്നി.

ഇതുപോലെ സാധാരണക്കാരനായിരുന്ന തനിക്ക് രണ്ടു മൂന്ന് ദിവസങ്ങൾക്കൊണ്ട് വന്ന മാറ്റം ഇപ്പോഴും വിശ്വസിക്കാൻ ആകുന്നുണ്ടായിരുന്നില്ല. മനസ് ഇപ്പോഴും അതിനു പാകപ്പെട്ടിട്ടില്ല.

"

അങ്ങുന്നേ... "

വീടിന്റെ ഉള്ളിൽ നിന്നും പൊക്കം കുറഞ്ഞ ഒരാൾ വെള്ള മുണ്ടും ഉടുത്തു ഇറങ്ങി വന്നു. അതാകാം ബഷീർ എന്ന് അവനു തോന്നി. പിന്നാലെ തന്നെ തന്റെ അഴിഞ്ഞു പോയ തട്ടം ഒന്നുകൂടി ശരിയായി അണിഞ്ഞുകൊണ്ട് ജമീല പൂമുഖത്തേക്ക് വന്നു.

"

ബഷീറേ  സുഖമാണോ നിനക്ക്? "

"

അതേ അങ്ങുന്നേ  സുഖം "ബഷീർ വിനീത വിധേയനായി നിന്നു.

"

ബഷീറേ ഇതെന്റെ മാലതിയുടെ മകനാ... അവനു എന്റെ ദേവന്റെ വണ്ടി അങ്ങ് കൊടുത്തേക്ക് "

മുത്തശ്ശൻ ആജ്ഞയുടെ സ്വരത്തിൽ പറഞ്ഞു.

ബഷീർ അനന്തുവിനെ നോക്കി ചിരിച്ചുകൊണ്ട് വേഗം ഉള്ളിലേക്ക് പോയി. കയ്യിലൊരു ചാവിയുമായി പെട്ടെന്നു തന്നെ തിരിച്ചിറങ്ങി.

അനന്തുവിനെ നോക്കികൊണ്ട്  വീടിന്റെ പിന്നാമ്പുറത്തേക്ക് ബഷീർ നടന്നു. അനന്തു അയാൾക്ക് പിന്നാലെ നടന്നു. വീടിന്റെ പുറകിൽ പ്ലാസ്റ്റിക് ഷെഡിനു കീഴിൽ കൂട്ടിയിട്ടിരിക്കുന്ന സാധങ്ങൾക്ക് ഇടയിൽ ഒരുത്തൻ പഴഞ്ചനായ പ്ലാസ്റ്റിക്കിനുള്ളിൽ ചരിഞ്ഞു കിടന്നു വിശ്രമിക്കുന്നത് അനന്തു കണ്ടു.

അവൻ കൗതുകത്തോടെ ബഷീറിന്റെ ഒപ്പം വന്നു നിന്നു. ബഷീർ അനന്തുവിനെ ഒന്ന് നോക്കിക്കൊണ്ട് പ്ലാസ്റ്റിക് കൈകൊണ്ട് പതുക്കെ വലിച്ചു മാറ്റി.

അപ്പോൾ അവന്റെ കണ്മുന്നിൽ ഒരു കറുത്ത റോയൽ എൻഫീൽഡ് അനാവൃതമായി. അവൻ  പതുക്കെ അതിന്റെ ഹാന്ഡിലിൽ കൈ വച്ചു.

ആ വണ്ടിയോട് ആദ്യ കാഴ്ചയിൽ തന്നെ അനന്തുവിന് വല്ലാത്തൊരു ഇഷ്ട്ടം തോന്നിപോയി. ഈ വണ്ടിയുമായി മുൻപ് എപ്പോഴോ ഒരു ബന്ധമുണ്ടായ പോലെ അവനു തോന്നി.

നഷ്ട്ടപെട്ടു പോയ വിലപ്പെട്ട നിധി തിരിച്ചു കിട്ടിയ അനുഭവം ആയിരുന്നു അനന്തുവിന്. ആ വണ്ടിയോടു യാതൊരു വിധ അപരിചിതത്ത്വവും അവന് തോന്നിയില്ല.

അവന്റെ തലയെടുപ്പും ഭംഗിയും അനന്തുവിനെ  ഹഠാദാകർഷിച്ചു.ബഷീർ ചാവി ഇട്ട് റോയൽ എൻഫീൽഡ് ന്യൂട്രൽ ആക്കി യ ശേഷം പതിയെ വണ്ടി വീടിന്റെ ഉമ്മറത്തേക്ക് തള്ളിക്കൊണ്ട് വന്നു.

മുറ്റത്തു നിർത്തിയ ശേഷം അയയിൽ കിടന്ന നല്ല തുണി എടുത്തുകൊണ്ടുവന്നു ബഷീർ വണ്ടി നന്നായിട്ട് തുടച്ചു വൃത്തിയാക്കികൊണ്ടിരുന്നു.

"

ദേവന്റെ ഇഷ്ട്ടപെട്ട വണ്ടിയാ.. അവനു ജീവൻ ആയിരുന്നു.97 ൽ വാങ്ങിയതാ.  ജീവിതത്തിൽ ആദ്യമായും അവസാനമായും അവൻ എന്നോട് പറഞ്ഞിട്ടുള്ള ഒരേയൊരു ആഗ്രഹായിരുന്നു ഇത് "

മുത്തശ്ശന്റെ വാക്കുകളിലെ നഷ്ട്ട ബോധം അവനെ വല്ലാതെ വേദനിപ്പിച്ചു.

"

എനിക്ക് അറിയാം മുത്തശ്ശാ.. നിങ്ങൾ എല്ലാവരും ദേവൻ അമ്മാവനെ എന്തോരം സ്നേഹിച്ചിരുന്നുവെന്നു "

മുത്തശ്ശൻ അവനെ നോക്കി ചിരിച്ചുവെന്ന് വരുത്തി.

"

വണ്ടി കണ്ടീഷൻ അല്ലെ ബഷീറേ ? ""

"

അങ്ങുന്നേ ഇപ്പൊ രണ്ടു വർഷായിട്ട് വണ്ടി സ്റ്റാർട്ട് ആവുന്നില്ല... ഞമ്മള് നോക്കിയിട്ടും നടക്കാത്തോണ്ട് വെളീന്ന് ആളെ ബരുത്തിച്ചു ശരിയാക്കാൻ നോക്കീന് . പക്ഷെ നടക്ക്ന്നില്ല "

ബഷീർ പരിഭ്രമത്തോടെ മുത്തശ്ശനെ നോക്കി.

"

അങ്ങനെ പറഞ്ഞാൽ എങ്ങനാ ശരിയാകുവാ ബഷീറേ... എൻറെ കുട്ടി അത്രക്കും ആഗ്രഹിച്ചിട്ടുണ്ട്. അവന് ഞാൻ വാക്ക് കൊടുത്തുപോയി "

ശങ്കരൻ അല്പം നിരാശ കലർന്ന ദേഷ്യത്തോടെ ബഷീറിനെ നോക്കി. ബഷീർ പേടിച്ചു വിറച്ചു. എന്ത് ചെയ്യണമെന്ന് അറിയാതെ അയാൾ തന്റെ ബീവിയെ എത്തി നോക്കി. ജമീല വെപ്പ്രാളത്തോടെ അവരെ നോക്കി.

"

ബഷീറിക്ക ആ ചാവി ഒന്ന് തന്നെ "

എന്തോ ഓർത്തപോലെ അവൻ അയാൾക്ക് നേരെ കൈ നീട്ടി. ആ വണ്ടി ഒന്ന് സ്റ്റാർട്ട് ചെയ്തു നോക്കാൻ അവന്റെ മനസ്സ് വല്ലാതെ മന്ത്രിച്ചു. ബഷീർ അനന്തുവിന്റെ കയ്യിൽ ചാവി കൊടുത്തു.

"

ഞമ്മളോട് മാപ്പാക്കണേ കുഞ്ഞേ "

ബഷീർ സംഭ്രമത്തോടെ എന്നാലും അത്യധികം ദുഃഖിതനായി അവനു നേരെ കൈകൾ കൂപ്പി.

"

അയ്യോ അതൊന്നും സാരമില്ല ബഷീറിക്ക. പോട്ടെ... അത് കാര്യക്കണ്ടാട്ടൊ "

അനന്തു അയാളുടെ കൂപ്പു കൈകൾ പിടിച്ചു താഴ്ത്തി. എന്നിട്ട് അയാളെ നോക്കി ഒന്ന് പുഞ്ചിരിച്ചു.മുത്തശ്ശൻ എന്തോ ഓർത്തപോലെ ചിന്തിതനാകുകയും പൊടുന്നനെ ആ ചുണ്ടുകളിൽ പുഞ്ചിരി വിടരുകയും ചെയ്തു.

അനന്തു ചാവി കയ്യിൽ പിടിച്ചു വണ്ടിയിൽ കയറിയിരുന്നു. ചാവി ഇട്ടു തിരിച്ച ശേഷം അവന് വണ്ടിയുടെ സ്റ്റാൻഡ് മാറ്റി. കിക്കർ നേരെ വച്ചു അവൻ കണ്ണുകൾ അടച്ചു ഒന്ന് ദീർഘ നിശ്വാസം എടുത്ത ശേഷം കിക്കറിൽ അമർത്തി ചവിട്ടി.

ബുള്ളറ്റ് "കുടു കുഡു "ശബ്ദത്തോടെ  ഉറക്കം വിട്ടെണീറ്റു. അനന്തു ആക്സിലേറ്റർ തിരിച്ചു അവനെ ഒന്ന് ഇരപ്പിച്ചു. ഇരമ്പലിനൊപ്പം അവന്റെ ഉറക്കപ്പിച്ചു വിട്ടുമാറി.

അനന്തു മുത്തശ്ശനെ അത്യധികം ആഹ്ലാദത്തോടെ നോക്കി. ബഷീറും മുത്തശ്ശനും ആശ്ചര്യത്തോടെ അവനെയും ബുള്ളെറ്റിനെയും മാറി മാറി നോക്കി. ബഷീർ ആകെ കിളി പോയ അവസ്ഥയിൽ ആയിരുന്നു.

"ഇനി ഇവനാണ് എന്റെ പടക്കുതിര "

ബുള്ളറ്റിന്റെ ആക്സിലേറ്റർ തിരിച്ചുകൊണ്ട് അനന്തു അവനെ ഒന്നു ചൂടാക്കിക്കൊണ്ടിരുന്നു. മുത്തശ്ശന്റെയും ബഷീറിക്കയുടെയും മുഖത്തെ ഞെട്ടൽ കണ്ട് അനന്തു ഊറി ചിരിച്ചു. ബുള്ളറ്റിന്റെ ആർത്തനാദം കേട്ട് ജമീല ഒരടി പിന്നിലേക്ക് ഭയത്തോടെ പിന്മാറി."മോനെ ദേവാ ഞാൻ വീട്ടിലേക്ക് പോകുവാ.. മോൻ പുറകെ വാ കേട്ടോ "

മുത്തശ്ശൻ അനന്തുവിന്റെ തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു.

"വഴി ഓർമയില്ലേ നിനക്ക്? "

മുത്തശ്ശൻ ശങ്കയോടെ അവനെ നോക്കി

"അറിയാം മുത്തശ്ശാ ഞാൻ വന്നോളാം പേടിക്കണ്ടാട്ടോ  "

അനന്തു മുത്തശ്ശനെ സമാധാനിപ്പിച്ചു. അദ്ദേഹം ഒരു ദീർഘ നിശ്വാസം എടുത്തു നേരെ കാറിനു സമീപം നടന്നു.

ഡോർ തുറന്നു അനന്തുവിനെ ഒന്ന് തിരിഞ്ഞു നോക്കിയ ശേഷം ഉള്ളിലേക്ക് കയറി അദ്ദേഹം ഡോർ അടച്ചു.ഡ്രൈവർ താറാവാട്ടിലേക്ക് വണ്ടി ഓടിച്ചുകൊണ്ടുപോയി.

"ശരി കുഞ്ഞേ പിന്നെ കാണാം. ഞമ്മള് കവലയിലോട്ട് പൊക്കോട്ടെ "

ബഷീർ അനന്തുവിന്റെ അനുവാദത്തിനായി കാത്തു നിന്നു.

അത് കേട്ടതും അനന്തുവിന്റെ ഉള്ളിൽ പുഞ്ചിരി വിടർന്നു.

"കേറിക്കോ ബഷീറിക്ക ഞാൻ കൊണ്ടാക്കാം "

"അയ്യോ വേണ്ട കുഞ്ഞേ ഞമ്മള് സൈക്കിളില് പൊക്കോളാ "

"അതു പറ്റില്ല എന്റെ കൂടെ ബൈക്കിൽ കയറ്"

അനന്തു ശാഠ്യം പിടിച്ചു. നിവൃത്തിയില്ലാതെ ബഷീർ അനന്തുവിന്റെ പുറകിൽ കയറി.

അയാൾ തന്റെ ബീവിയെ ഒന്ന് പാളി നോക്കി. ജമീല സംഭ്രമത്തോടെ അയാളെ ഉറ്റു നോക്കി.

"പോകാം "

"ശരി കുഞ്ഞേ "

അനന്തു ഗിയർ മാറ്റി ബൈക്ക് മുന്നോട്ട് എടുത്തു. ബഷീർ താഴെ വീഴാതിരിക്കാൻ അവനെ വട്ടം ചുറ്റി പിടിച്ചു. ചെമ്മൺ പാതയിലൂടെ ബൈക്ക് പതിയെ ഇറക്കി റോഡിലേക്ക് കയറ്റി അനന്തു തറവാട് ലക്ഷ്യമാക്കി കുതിച്ചു പാഞ്ഞു.

റോഡിനു ഇരു വശത്തുമുള്ള പ്രകൃതി ഭംഗിയും പച്ചപ്പും ആസ്വദിച്ചു കൊണ്ട് അനന്തു ബുള്ളറ്റ് ഓടിച്ചു. വല്ലാത്തൊരു അനുഭൂതി തന്നിൽ വന്നു നിറയുന്നതായി അവനു തോന്നി.

ഏതൊരു ബൈക്ക് ആദ്യം എടുക്കുമ്പോൾ അപരിചിതത്വം തോന്നുമെങ്കിലും ഈ ബുള്ളെറ്റിനോട് മാത്രം അവനു തോന്നിയത് മുൻ പരിചയം മാത്രമാണ്.

ഒരുപാട് പ്രാവശ്യം ഓടിച്ചു പരിചയമുള്ളതുപോലെയാണ് അനന്തുവിന് തോന്നിയത്.തന്റെ യജമാനനെ വീണ്ടും കണ്ടു മുട്ടിയ സന്തോഷത്തിൽ ബുള്ളറ്റ് തറവാട് ലക്ഷ്യമാക്കി കുതിച്ചു.

കവലയിലേക്ക് എത്തിയതും ഒരു വലിയ ആൽമര ചുവട്ടിൽ അനന്തു ബുള്ളറ്റ് നിർത്തി.ബഷീറിക്ക അതിൽ നിന്നും പതുക്കെയിറങ്ങി.

"ശരി കുഞ്ഞേ "

ബഷീറിക്ക നന്ദി സൂചകമായി അവനെ നോക്കി കൈകൾ കൂപ്പി.

"ആയ്കോട്ടെ"

അനന്തു അയാളെ നോക്കി പുഞ്ചിരിച്ചുകൊണ്ട് ബുള്ളറ്റ് നേരെ ഓടിച്ചു പോയി. ബഷീറിക്ക തിരിഞ്ഞു നോക്കിയതും കുമാരേട്ടന്റെ ചായക്കടയിൽ ഒത്തു കൂടിയ 4, 5 പേർ തന്നേ പ്രതീക്ഷിച്ചു നിക്കുന്നതായി അയാൾക്ക് തോന്നി.

ബഷീർ സാവധാനം അങ്ങോട്ടേക്ക് കയറി. തോളിൽ ഇട്ടിരുന്ന തോർത്തു എടുത്തു ചായക്കടയിലെ മര ബെഞ്ചിൽ അമർത്തി തുടച്ചു അയാൾ ഇരുന്നു.

"കുമാരേട്ടാ ഞമ്മടെ പതിവ് "

"ആരാ ബഷീറേ അത്. "

ദേശം ഗ്രാമത്തിൽ ബൈക്കുകൾ വിരളം ആയതിനാൽ കുമാരൻ ആകാംക്ഷയോടെ അയാളോട് ചോദിച്ചു.

"നമ്മുടെ അങ്ങുന്നിന്റെ കൊച്ചുമോനാ "

"ബലരാമൻ അങ്ങുന്നിന്റെ മൂത്ത മോനോ? "

"അല്ല കുമാരേട്ടാ മാലതി കൊച്ചിന്റെ മോനാ"

ബഷീർ അയാളെ തിരുത്താൻ ശ്രമിച്ചു.

"ആണോ ബഷീറെ മാലതിക്കൊച്ച് ഇങ്ങോട്ട് വന്നോ ? "

കുമാരേട്ടൻ ആശ്ചര്യത്തോടെ ചോദിച്ചു.

"ഇന്നലെ വന്നതാ "

"അപ്പൊ ഉടനെ ഇനി തിരിച്ചു പോക്ക് ഉണ്ടാകുമോ ? "

ചായക്കടയിൽ ഇരുന്ന് പരിപ്പ് വട കടിച്ചു തിന്നു കൊണ്ട് പ്രായമായ ഒരാൾ ചോദിച്ചു.

"ഇല്ലാന്ന് തോന്നുന്നു. ഇനി ഇവിടെ ഉണ്ടാകും."

ബഷീർ അൽപം അസ്വസ്ഥനായി.

"ഇപ്രാവശ്യം ഭൂമി പൂജയ്ക്ക് എന്താകുമോ ആവോ? തിരുവമ്പാടിക്കാർ രണ്ടും കല്പിച്ചാന്ന കേൾക്കണേ"

കുമാരേട്ടന്റെ ഭാര്യ രാധ ഉള്ളിൽ നിന്നും ചായ നിറച്ച ഗ്ലാസ് കയ്യിൽ എടുത്തുകൊണ്ടു വന്ന് ബഷീറിന് സമീപം നീട്ടിക്കൊണ്ട് പറഞ്ഞു.

"ഇത്തവണ ആർക്കാ അതിനുള്ള യോഗം ദേവി കൊടുത്തിരിക്കുന്നേ? "

ദേശത്തെ വിദ്യാലയത്തിൽ പഠിപ്പിക്കുന്ന രവി മാഷ് എല്ലാവാരെയും നോക്കി ചോദിച്ചു.

"ബലരാമൻ അങ്ങുന്നിന്റെ മോൻ ആണെന്നാ കേട്ടത്."

ആരോ അപ്പുറത്ത് നിന്നും വിളിച്ചു പറഞ്ഞു.

"ആ കൊച്ചിന്റെ വിധി. അതിനെ കൊല്ലുമോ അതോ ജീവനോടെ ബാക്കി വെക്കുമോ എന്ന് ആർക്കറിയാം? "

രവി മാഷ് ബീഡിക്ക് തീ കൊളുത്തിക്കൊണ്ട് ചുണ്ടിലേക്ക് അടുപ്പിച്ചു. എല്ലാവരും അൽപ സമയം നിശബ്ദരായി. വരാനിരിക്കുന്ന ദുരന്തത്തെ മുൻകൂട്ടി സ്വീകരിക്കുവാൻ തയാറായിട്ടെന്ന പോലെ.

ഈ സമയം തറവാട്ടിന് മുൻപിൽ മുത്തശ്ശനും മുത്തശ്ശിയും സീതയും മാലതിയും ശിവയും ഷൈലയും മറ്റു അമ്മായിമാരും ഒക്കെ പൂമുഖത്തിരിക്കുകയായിരുന്നു. മുത്തശ്ശൻ മുറ്റത്തു അക്ഷമനായി ഉലാത്തികൊണ്ടിരുന്നു.

എന്തോ കാണിക്കാൻ ആണെന്നും പറഞ്ഞു ഇങ്ങോട്ടേക്കു എല്ലാവരെയും വിളിച്ചു കൊണ്ടു വന്നു ഇരുത്തിയിട്ട് സമയം കുറേ ആയി എന്ന് എല്ലാർക്കും തോന്നി.

"അതേയ് എന്താന്നു വച്ച പറഞ്ഞൂടെ എന്തിനാ ഞങ്ങടടുത്ത്ന്ന് ഒളിക്കണേ"

മുത്തശ്ശി കോപത്തോടെ ചോദിച്ചു.

"ഒന്ന് കാത്തിരിക്ക് എല്ലാരും"

മുത്തശ്ശൻ പറഞ്ഞു തീർത്തതും പുറത്തു ശബ്ദം കേട്ട് എല്ലാവരുടെയും കണ്ണുകൾ പടിപ്പുരയിലേക്ക് പാറി വീണു.

അപ്പോൾ അനന്തുവിന്റെ ബുള്ളറ്റ് പടിപ്പുര കടന്ന് നേരെ മനയുടെ മുറ്റത്തേക്ക് പതിയെ എത്തിച്ചേർന്നു. ബുള്ളറ്റ് ഒതുക്കി നിർത്തി അതിൽ നിന്നിറങ്ങിയ അനന്തു എല്ലാവരെയും സൂക്ഷിച്ചു നോക്കി.

എല്ലാ കണ്ണുകളും ഒരുപോലെ വിടർന്നിരിക്കുന്നു. മുത്തശ്ശി പൂമുഖത്തെ കസേരയിൽ നിന്നിറങ്ങി വന്ന് അനന്തുവിന് നേരെ നടന്നു.

ആരാണ് തന്നെ ഇങ്ങനെ പരസഹായമില്ലാതെ വീഴാതെ നടക്കാൻ സഹായിക്കുന്നതെന്ന് ആ വൃദ്ധ മാതാവിന് അറിയില്ലായിരുന്നു. കാർത്യായനി വിതുമ്പലോടെ അനന്തുവിന്റെ നെഞ്ചിലേക്ക് ചാഞ്ഞു.

അനന്തു മുത്തശ്ശിയെ കെട്ടിപ്പിടിച്ചു. മുത്തശ്ശിയുടെ കണ്ണുകളിൽ നിന്ന് മഴ പോലെ കണ്ണുനീർ പെയ്തു തുടങ്ങിയിരുന്നു.

അനന്തു മുത്തശ്ശിയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. മുത്തശ്ശി തന്റെ കൈക്കുമ്പിളിൽ അനന്തുവിന്റെ മുഖം കോരിയെടുത്തു കൊണ്ട് വിറയലോടെ പറഞ്ഞു.

"എന്റെ ദേവൻ "

മുത്തശ്ശി അനന്തുവിന്റെ കണ്ണുകളിലും നെറ്റിയിലും കവിളുകളിലും ചുംബിച്ചു. മാലതിയുടെയും സീതയുടെയും കണ്ണുകൾ ഈറനണിഞ്ഞു. മുത്തശ്ശൻ പൂമുഖത്തുള്ള ചാരു കസേരയിലേക്ക് പതിയെ അമർന്നിരുന്നു.

"ഈ വണ്ടി മുത്തശ്ശൻ മോന് സമ്മാനായിട്ട് തന്നല്ലേ, ഒരിക്കലും വിട്ടുകളയല്ലേ ഇവനെ. ദേവന്റെ ജീവൻ ആയിരുന്നു ഇവൻ."

മുത്തശ്ശി ബുള്ളറ്റിന്റെ പെട്രോൾ ടാങ്കിൽ പതിയെ കൈകൊണ്ട് തഴുകികൊണ്ട് പറഞ്ഞു.

"എനിക്ക് അറിയാം മുത്തശ്ശി ഞാൻ പൊന്നുപോലെ നോക്കിക്കോളാം. പേടിക്കണ്ട"

അനന്തു മുത്തശ്ശിയെ സമാധാനിപ്പിച്ചു. ഷൈല വന്നു മുത്തശ്ശിയുടെ കയ്യിൽ പിടിച്ചു അകത്തേക്ക് കൂട്ടിക്കൊണ്ടു പോയി. ശിവയും മാലതിയും സീതയും അനന്തുവിന് ചുറ്റുമായി വന്നു നിന്നു.

"എടാ ഏട്ടാ കോളടിച്ചല്ലോ "

ശിവ അവന്റെ കയ്യിൽ പിടിച്ചു തൂങ്ങി

"പൊന്നുമോളെ നിന്റെ സ്നേഹ പ്രകടനം എനിക്ക് മനസ്സിലായിട്ടോ..നിനക്ക് ഇതിൽ കറങ്ങാൻ പോകാൻ അല്ലെ ? "

അനന്തു സംശയത്തോടെ അവളോട് ചോദിച്ചു.

"മനസ്സിലായി അല്ലെ ? "

ശിവ വളിച്ച ചിരി അവനു കൈമാറി.

"പിന്നല്ലാതെ കൊല്ലം കുറേ ആയില്ലേ നമ്മൾ കാണാൻ തുടങ്ങിയിട്ട് "

"ഒന്ന് പോയിട്ട് വാ അനന്തൂട്ടാ ശിവ മോളുടെ ആഗ്രഹമല്ലേ? "

സീത ശിവയുടെ പക്ഷം പിടിച്ചു.

"എണ്ണ കുറവാണ് അമ്മായി. വൈകുന്നേരം ബലരാമൻ അമ്മാവൻ എണ്ണ കൊണ്ടുത്തരാമെന്നു പറഞ്ഞിട്ടുണ്ട്. അതു കിട്ടിയിട്ട് ഇവളെയും കൊണ്ട് റൈഡിനു പോകാം"

"അതാണ് എന്റെ ഏട്ടൻ ഉമ്മാ "

ശിവ അവന്റെ കവിളിൽ ചുണ്ടുകൾ ചേർത്തു.

"അമ്മ എന്താ ഒന്നും മിണ്ടാത്തെ ? "

എന്തോ ആലോചനയിൽ മുഴുകിയിരുന്ന മാലതി അതു കേട്ട് ഞെട്ടി.

"ഒന്നുമില്ലടാ ഞാൻ ദേവേട്ടനെ കുറിച്ച് ഓർക്കുവായിരുന്നു. "

മാലതി നെടുവീർപ്പെട്ടു.

"എന്തിനാ അതൊക്കെ ആലോചിച്ചു എന്റെ അമ്മ വിഷമിക്കുന്നേ? വാ നമുക്ക് അകത്തേക്ക് പോകാം. "

"വാ അനന്തൂട്ടാ അമ്മായി ഒരു സദ്യ തന്നെ ആക്കിയിട്ടുണ്ട്. കൈ കഴുകി വാ വേഗം "

സീത അമ്മായി അവനെ നോക്കി പറഞ്ഞു.

"ശരിയാ അനന്തു അമ്മായി നിങ്ങൾക്ക് വേണ്ടി എന്തൊക്കെയോ ആക്കിയിട്ടുണ്ട്.നല്ല രുചിയാ എല്ലാത്തിനും.. അമ്മായിയുടെ കൈപ്പുണ്യം നിങ്ങൾക്ക് അറിയണ്ടേ... "

മാലതി അവരെ കൊതിപ്പിച്ചു

"ശോ വെറുതെ കളിയാക്കല്ലേ മാലതി "

സീതയ്ക്ക് മാലതിയുടെ അഭിനന്ദനം ശരിക്കും പിടിച്ചു.

"അല്ല മക്കളെ നിങ്ങൾ വന്നു കഴിച്ചു നോക്ക്. വാ "

മാലതി അനന്തുവിനെ ക്ഷണിച്ചു. അനന്തു ചാവി കയ്യിൽ പിടിച്ചു പൂമുഖത്തേക്ക് നടന്നു.പൂമുഖത്തെ പടിയിൽ വച്ചിരുന്ന കിണ്ടിയെടുത്തു അതിന്റെ ഉരലിലൂടെ ഒഴുകി വരുന്ന നേർത്ത വെള്ളം കൊണ്ടു കാലുകൾ കഴുകി ശുദ്ധമാക്കി അനന്തു മാലതിയുടെ കൈയും പിടിച്ചു നേരെ ഭക്ഷണം കഴിക്കുന്ന ഹാളിലേക്ക് നടന്നു.

ഹാളിലേക്കുള്ള ഇടനാഴിയിൽ കുട്ടിപട്ടാളങ്ങൾ സദ്യ കഴിക്കാൻ ഇരുന്നു.മുത്തശ്ശിയും മുത്തശ്ശനും അനന്തുവും ശിവയും ഡൈനിങ് ടേബിളിൽ ഇരുന്നു.

മീനാക്ഷി അനന്തുവിന്റെ അടുത്ത് സ്ഥാനം പിടിച്ചു. മാലതിയും സീതയും ഷൈലയും മറ്റു അമ്മായിമാരും വിളമ്പുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു.

നനവുള്ള നാക്കില അവർക്ക് മുൻപിൽ നിരത്തി അതിൽ അച്ചാറും രസവും പച്ചടിയും പപ്പടവും നിരത്തി അവസാനം ആവി പറക്കുന്ന കുത്തരി ചോറും അവർക്ക് മുൻപിൽ വിളമ്പി.ചോറിൽ തീർത്ത കിണറിൽ സാമ്പാറും പുളിശ്ശേരിയും വിശ്രമം കൊണ്ടു.

"എല്ലാം നമ്മുടെ പറമ്പിൽ നിന്നും ഉണ്ടാക്കിയതാ.. ഒന്നും പോലും പുറത്തു നിന്നു വാങ്ങിച്ചിട്ടില്ല... വിഷമില്ലാത്ത പച്ചക്കറികളാ..പിന്നെ നമ്മുടെ പാടത്തു നിന്നുള്ള അരിയും."

മുത്തശ്ശൻ അഭിമാനത്തോടെ പറഞ്ഞു.

അനന്തു നല്ല വിശപ്പുള്ളതിനാൽ സദ്യ ആവേശത്തോടെ കഴിച്ചു. ഒരുപാട് നാളുകൾക്ക് ശേഷമാണ് അവൻ നല്ലൊരു സദ്യ കഴിക്കുന്നത്. അവന്റെ വയറും മനസ്സും ഒരുപോലെ നിറഞ്ഞു. അമ്മ പറഞ്ഞ സീത അമ്മായിയുടെ കൈപ്പുണ്യം വെറുതെ അല്ല എന്ന് അവനു തോന്നി.

അനന്തു ഇല മടക്കി വച്ചു എണീക്കാൻ നോക്കുമ്പോഴാണ് മാലതി ഒരു പാത്രവും കൊണ്ടു അങ്ങോട്ടേക്ക് വന്നത്. അനന്തു അതിലേക്ക് ഉറ്റു നോക്കി.

"നിനക്ക് ഇഷ്ട്ടപെട്ട അട പ്രഥമനാ ചെക്കാ "

മാലതി അനന്തുവിന് നേരെ പ്രഥമൻ അടങ്ങിയ പാത്രം ഉയർത്തി കാണിച്ചു പറഞ്ഞു. അനന്തു കൊതിയോടെ നാവ് കൊണ്ടു ചുണ്ട് നനച്ചു.

മാലതി അവിടുള്ള ഗ്ലാസുകളിൽ എല്ലാവർക്കുമായി പായസം വിളമ്പി. മാലതി ഗ്ലാസ് നിറച്ച് പായസം ഒഴിച്ചതും അനന്തു കൊതി സഹിക്കാനാകാതെ ഗ്ലാസ് ചുണ്ടിലേക്ക് അടുപ്പിച്ചു പായസം വലിച്ചു കുടിച്ചു.

ചൂടു പായസം നാവിലേക്ക് തെന്നിയിറങ്ങിയതും കവിളും നാവും പൊള്ളിപ്പോയ അനന്തു കഷ്ടപ്പെട്ട് അത് കുടിച്ചിറക്കി. അന്നനാള ത്തിലൂടെ ചൂട് പായസം ഇറങ്ങി പോകുന്നതിന്റെ സഞ്ചാര പദം അനന്തുവിന് തിരിച്ചറിയാൻ പറ്റി.

അമളി പറ്റിയ നാണക്കേടിൽ നിന്നും രക്ഷപ്പെടാൻ  അവൻ മുഖം താഴ്ത്തി പായസം കുടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.ശിവ ഇതൊക്കെ കണ്ട് വായ് പൊത്തി അമർത്തി ചിരിച്ചു.അനന്തു അവളെ തുറിച്ചു നോക്കി.ശിവ അത് കാര്യമാക്കാതെ മുഖം വെട്ടിച്ചു.

"അപ്പൊ ഞാൻ എണീക്കട്ടെ ?"

പായസം കുടിച്ചു കഴിഞ്ഞ ശേഷം മുത്തശ്ശൻ എല്ലാവരെയും നോക്കി പറഞ്ഞു. എല്ലാവരും അദ്ധേഹത്തെ നോക്കി തലയാട്ടി.

ശങ്കരൻ ഇല മടക്കി വച്ച് അതിനു മുകളിൽ പായസം കുടിച്ച ഗ്ലാസ് വച്ച് പതിയെ എണീറ്റു.വാഷ് ബേസിനിലേക്ക് പോയി കൈകഴുകി മുത്തശ്ശൻ ഉമ്മറത്തേക്ക് പോയി.

അനന്തു ഗ്ലാസിൽ അവശേഷിച്ച അവസാന തുള്ളി പായസവും വടിച്ചെടുത്ത് കൈ കഴുകാനായി എണീറ്റു.ഇല എടുക്കാനായി അനന്തു തുനിഞ്ഞെങ്കിലും സീത അമ്മായി അവനെ തുറിച്ചു നോക്കിയതിനാൽ ആ ശ്രമം ഉപേക്ഷിച്ചു.

വാഷ് ബേസിനിൽ കൈ കഴുകി അനന്തു നേരെ പൂമുഖത്തേക്ക് ചെന്നു. മുത്തശ്ശന്റെ ചാരു കസേരയ്ക്ക് താഴെ അവൻ ഇരിപ്പുറപ്പിച്ചു.

ഈ സമയം ശങ്കരൻ ചാരു കസേരയിൽ ഇരുന്നു എന്തോ ഗഹനമായ ചിന്തയിൽ ആയിരുന്നു. അനന്തുവിന്റെ സാമീപ്യം അറിഞ്ഞതും സ്വബോധത്തിലേക്ക് വന്ന ശങ്കരൻ അനന്തുവിനെ നോക്കി ചിരിച്ചു.

"ഊണ് ഇഷ്ട്ടായോ ദേവാ "

ചാരു കസേരയിലേക്ക് അമർന്നിരുന്നുകൊണ്ട് മുത്തശ്ശൻ തിരക്കി.

"ഇഷ്ട്ടമായി മുത്തശ്ശാ. ഒരുപാട് നാളുകൾക്ക് ശേഷം വയറു നിറച്ചു ഉണ്ടു ഞാൻ.

അനന്തു സന്തോഷത്തോടെ അദ്ദേഹത്തെ നോക്കി. അത് കേട്ടതും ആ വൃദ്ധ പിതാവിന്റെ ഉള്ളം തുടിച്ചു. ഇത്രയും കാലം തന്റെ മകളും പേര മക്കളും അനുഭവിച്ച ദാരിദ്ര്യം ഓർത്തു അയാൾക്ക് തന്നോട് തന്നെ പുച്ഛം തോന്നി.

"മുത്തശ്ശന് എന്റെ അച്ഛനോട് ദേഷ്യമാണോ ഇപ്പോഴും ? "

അനന്തു അല്പം പരിഭ്രമത്തോടെ ചോദിച്ചു. അവന്റെ ശ്വാസഗതി ഉയർന്നു. മുത്തശ്ശന്റെ മറുപടിക്കായി അവൻ കാതോർത്തു.

"ഉണ്ടായിരുന്നു ദേവാ.. പണ്ടൊക്കെ.. ഇപ്പൊ ഇല്ലാട്ടോ.. സ്നേഹം മാത്രേ ഉള്ളൂ.. നേരത്തെ തന്നെ എന്റെ മാലതിയെയും മക്കളെയും തനിച്ചാക്കി പോയതിൽ സങ്കടം മാത്രം."

ശങ്കരൻ നെടുവീർപ്പെട്ടു. അനന്തു അല്പം നേരം നിശബ്ദനായി. അച്ഛന്റെ ഓർമ്മകൾ വല്ലാത്തൊരു വേദന തന്നിൽ സൃഷ്ടിക്കുന്നതായി അവനു തോന്നി.

അതുപോലെ തന്നെ അച്ഛച്ചനും. രണ്ടുപേരും ഒരുപാട് സ്നേഹിച്ചിട്ടേ ഉള്ളൂ.. ഒരിക്കൽ പോലും വേദനിപ്പിച്ചിരുന്നില്ല.

അനന്തുവിന് വല്ലാത്ത ഒരു നഷ്ട്ട ബോധം തോന്നി. പൂമുഖത്തെ തൂണിൽ ചാരിയിരുന്ന് അവൻ മുറ്റത്തേക്ക് കണ്ണുകൾ പായിച്ചു എന്തോ ചിന്തയിൽ ആണ്ടു.

"ദേവാ ആ മുറുക്കാൻ ചെല്ലം ഇങ്ങോട്ടടുത്തെ?"

മുത്തശ്ശൻ അനന്തുവിന് സമീപത്തേക്ക് കൈചൂണ്ടി. അവൻ ആ ചെല്ലം കയ്യിൽ എടുത്തു മുത്തശ്ശന്റെ കയ്യിലേക്ക് കൊടുത്തു.

ശങ്കരൻ മുറുക്കാൻ ചെല്ലം മടിയിൽ വച്ചു പതിയെ തുറന്നു. അനന്തുവിന് അതൊരു തകര പെട്ടി പോലെയാണ് ഉള്ളതെന്ന് തോന്നി. ചെല്ലം തുറന്നു ശങ്കരൻ വെറ്റില കയ്യിലെടുത്തു അതിന്റെ ഞെട്ട് പൊട്ടിച്ചു കളഞ്ഞു.

എന്നിട്ട് ചെറിയൊരു പ്ലാസ്റ്റിക് ഡപ്പിയുടെ അടപ്പ് തുറന്നു അതിലുള്ള ചുണ്ണാമ്പ് ചൂണ്ട് വിരൽ കൊണ്ടു തോണ്ടിയെടുത്തു. അതു പതിയെ വെറ്റിലയിൽ തേച്ചു പിടിപ്പിച്ച ശേഷം ചെപ്പിൽ നിക്ഷേപിച്ചിരുന്ന പച്ചടക്ക നുറുക്കിയതിന്റെ കഷണങ്ങളിൽ നിന്നും വിരൽ തുമ്പിൽ കുറച്ചു എടുത്തു വായിലേക്ക് ഇട്ട ശേഷം മുത്തശ്ശൻ  ഒരു ഈണത്തോടെ വെറ്റില മൂന്നു നാല് മടക്കായി വച്ചു വായിലേക്ക് വച്ചു ചുണ്ടുകൾ പൂട്ടി വച്ചു ചവച്ചു.

ശങ്കരൻ ചാരു കസേരയിലേക്ക് തല ചായ്ച്ചു വച്ചു കാലിന്മേൽ കാലും കയറ്റി വച്ചു കസേരയുടെ പിടിയിൽ വിരലുകൾ കൊണ്ടു കൊട്ടികൊണ്ട് താളം പിടിച്ചു.

അനന്തു ഇത് കണ്ടു രസിച്ചിരുന്നു.മുത്തശ്ശന്റെ കിടപ്പിന് വരെ വല്ലാത്തൊരു പ്രൗഢി ആണെന്ന് അവനു തോന്നിപോയി.

"മുത്തശ്ശാ ഇന്ന് നല്ല മൂഡിൽ ആണല്ലോ എന്തുപറ്റി? "

"ഒന്നുമില്ല ദേവാ ഓരോന്നൊക്കെ ആലോചിച്ചു ഇരുന്നതാ "

"ആഹാ അതാണോ മുത്തശ്ശന് എന്തേലും ടെൻഷൻ പോലെ ഉണ്ടോ ? "

അനന്തു തന്റെ സംശയം പ്രകടിപ്പിച്ചു.

"ഇല്ല മോനെ മുത്തശ്ശന് കുഴപ്പം ഒന്നുമില്ല"

ശങ്കരൻ അവനെ നോക്കി പുഞ്ചിരിക്കുവാൻ ശ്രമിച്ചു.

"അപ്പൊ കുഴപ്പമില്ല "

അനന്തുവിന് ആശ്വാസം തോന്നി. മുത്തശ്ശനും മുത്തശ്ശിക്കും എന്തേലും വിഷമം വരുന്നത് അവനു സഹിക്കാൻ പറ്റുന്നതിലും അപ്പുറം ആയിരുന്നു.

"ദേവാ മോൻ ഇവിടുത്തെ അമ്പലത്തിൽ പോയിട്ടില്ലലോ? "

"ഇല്ല മുത്തശ്ശാ "

"എങ്കിൽ നാളെയോ മറ്റന്നാളോ നമുക്ക് പോയാലോ നിന്റെ വണ്ടിയിൽ"

"പോയേക്കാം മുത്തശ്ശാ... നമുക്ക് ഒന്ന് കറങ്ങാം കേട്ടോ എല്ലായിടത്തും "

അനന്തു ഉത്സാഹത്തോടെ പറഞ്ഞു.

"ശരി മോനെ പോയേക്കാം "

"ആഹാ എങ്ങോട്ട് പോകുന്ന കാര്യമാ പറയുന്നേ? "

മാലതി അവരെ നോക്കികൊണ്ട് ചോദിച്ചു. ശിവയും സീതയും മാലതിയുടെ പുറകെ വന്നു.

"ഞങ്ങൾ ഒന്ന് അമ്പലത്തിൽ പോകുന്ന കാര്യം പറഞ്ഞതാ"

മുത്തശ്ശൻ മുറ്റത്തേക്ക് കണ്ണും നട്ടിരുന്നു.

"അതിനു ഏട്ടൻ അമ്പലത്തിൽ ഒന്നും പോകാറില്ലല്ലോ? "

ശിവ കാര്യമായി എന്തോ കണ്ടുപിടിച്ച പോലെ പറഞ്ഞു.

"ആണോ മാലതി അനന്തു അമ്പലത്തിൽ ഒന്നും പോകാറില്ലേ? "

സീത മാലതിയെ അത്ഭുതത്തോടെ നോക്കി

"ഇല്ല സീതേട്ടത്തി അവൻ പോകാറില്ല. പണ്ടേ അങ്ങനാ "

മാലതി നിരാശയോടെ പിറുപിറുത്തു.

"സാരമില്ല അവൻ അമ്പലത്തിനു പുറത്ത് നിന്നോട്ടെ.. ഉള്ളിലേക്ക് കയറേണ്ട "

മുത്തശ്ശൻ അവന്റെ രക്ഷയ്ക്ക് എത്തി.

"അനന്തു നിനക്ക് സമ്മതം ആണോ? "

"അതേ അമ്മായി എനിക്ക് സമ്മതമാണ് "

അനന്തു പറഞ്ഞു തീർന്നതും ബലരാമന്റെ കാർ തേവക്കാട്ട് മനയുടെ മുൻപിലേക്ക് എത്തി ചേർന്നു.

കാർ ഒതുക്കി നിർത്തി ബലരാമൻ കാറിൽ നിന്നും ഇറങ്ങി. പൂമുഖത്തിരിക്കുന്ന എല്ലാരേയും അയാൾ സങ്കോചത്തോടെ നോക്കി.

"എന്തുപറ്റി എല്ലാരും പുറത്തിരിക്കുന്നേ ? "

"ഒന്നുമില്ല ഏട്ടാ വെറുതെ ഇരുന്നതാ "

മാലതി മറുപടി പറഞ്ഞു

"ഹാ പിന്നെ ഒരു കാര്യം ഉണ്ട്.. ലക്ഷ്മി വിളിച്ചിരുന്നു.. മാലതി എത്തിയ കാര്യം അവൾ അറിഞ്ഞു... നാളെ വൈകിട്ട് കാണാൻ വരുമെന്നാ പറഞ്ഞേ "

"സത്യമാണോ ഏട്ടാ ഞാനും ലക്ഷ്മിയെ കണ്ടിട്ട് വർഷങ്ങളായില്ലേ.. ഇപ്പൊ എങ്ങനാ അവൾ കാണാൻ? തടിയൊക്കെ വച്ചോ? ഇപ്പോഴും ആ നീളമുള്ള മുടി അവൾക്ക് ഉണ്ടോ ? എനിക്ക് എപ്പോഴും അസൂയ ആയിരുന്നു അവളുടെ മുടിയോട്... ലക്ഷ്മിയുടെ കല്യാണമൊക്കെ കഴിഞ്ഞോ? കുട്ടികളുണ്ടോ? ഇങ്ങോട്ട് എപ്പോഴും വരാറുണ്ടോ? "

ദീർഘ നിശ്വാസം വിട്ടുകൊണ്ട്  ഒരു നീണ്ട ചോദ്യാവലി മാലതി അവർക്ക് മുൻപിൽ നിരത്തി.

"ഇപ്പോഴും ലക്ഷ്മിയുടെ കല്യാണം കഴിഞ്ഞിട്ടില്ല മാലതി. അവൾ ഇപ്പോഴും ഒറ്റക്ക് തന്നാ ജീവിക്കുന്നെ.."

"എന്താ ഏട്ടാ ഈ പറയണേ... അവൾ ഇപ്പോഴും വേറെ കല്യാണത്തിന് സമ്മതിച്ചിട്ടില്ലേ ? "

ഞെട്ടലോടെ മാലതി ചോദിച്ചു.

"ഇല്ല മാലതി അവൾ ഇപ്പോഴും ദേവന്റെ ഓർമയിൽ ജീവിക്കുവാ.. വേറൊരു കല്യാണത്തിനും ഇതുവരെ സമ്മതിച്ചില്ല.. പാവം എന്റെ കുട്ടി "

സീത തന്റെ ദുഃഖം കടിച്ചമർത്തി.

മാലതിയും അതേ അവസ്ഥയിൽ ആയിരുന്നു. വല്ലാത്തൊരു സങ്കടം അവളിലും നുരഞ്ഞു പൊന്തി.

"ഇനി ഒന്നും പറഞ്ഞിട്ട് കാര്യമില്ല വർഷങ്ങൾ ഇത്രേം കഴിഞ്ഞില്ലേ.. വെറുതെ അതൊക്കെ ഓർത്തു സങ്കടപെടണ്ട ആരും. നാളെ ലക്ഷ്മി മോളെ നിറഞ്ഞ മനസ്സോടെ വേണം എല്ലാവരും സ്വീകരിക്കാൻ "

മുത്തശ്ശൻ അവരെ നോക്കി ആജ്ഞയുടെ സ്വരത്തിൽ പറഞ്ഞ ശേഷം പതിയെ ചാരു കസേരയിൽ നിന്നു എണീറ്റു മുറ്റത്തേക്കിറങ്ങി വീടിന്റെ പിന്നാമ്പുറം ലക്ഷ്യമാക്കി നീങ്ങി. അനന്തുവിനും ശിവയ്ക്കും ഇതൊക്കെ കെട്ടിട്ട് ഒന്നും മനസ്സിലായില്ല.

"അനന്തൂട്ടാ കാറിൽ എണ്ണ വാങ്ങി വച്ചിട്ടുണ്ട്. മോന് ഇഷ്ടമുള്ളപ്പോ അതു എടുത്തു വണ്ടിയിൽ ഒഴിച്ചോട്ടോ.. "

"താങ്ക്യൂ ബലരാമൻ അമ്മാവാ "

ബലരാമൻ അനന്തുവിന്റെ നെറുകയിൽ ഒന്ന് തഴുകി കയ്യിലുള്ള ബാഗ് സീതയ്ക്ക് കൈ മാറിയ ശേഷം നേരെ അകത്തേക്ക് നടന്നു. സീത അയാളെ അനുഗമിച്ചു.

അനന്തു ഇരിക്കുന്ന ഭാഗത്തേക്ക് ശിവയും മാലതിയും വന്നിരുന്നു. അവൻ മാലതിയുടെ മടിയിലേക്ക് തല വച്ചു കിടന്നു. മാലതി ചെറു ചിരിയോടെ അനന്തുവിന്റെ മുടിയിഴകൾ പതിയെ കോതിയൊതുക്കി.

"അമ്മേ ഇനി ഇവൻ എങ്ങാനും ആ ദേവൻ അമ്മാവന്റെ പ്രേതം ആണോ അതാണോ പുള്ളിയുടെ അതേ മുഖം ഇവനും കിട്ടിയത്? "

ശിവ ഗഹനമായ ചിന്തയിൽ ആണ്ടു.

"പ്രേതം ഞാൻ അല്ലെടി.. നിന്റെ മറ്റവനാ"

അനന്തു ദേഷ്യത്തോടെ അവളുടെ തുടയിലേക്ക് അമർത്തി ചവുട്ടി.

"ആാഹ് ഡാ പട്ടി "

വേദന കാരണം ശിവയുടെ മുഖം ചുവന്നു വന്നു. മുഖത്തെ ഞരമ്പ് തിണിർത്തു. കോപത്തോടെ അവൾ അനന്തുവിന്റെ കാലിൽ അവളുടെ നഖങ്ങൾ ആഴ്ത്തി.

"മാന്തല്ലേ കോപ്പേ "

അനന്തു വേദനയോടെ കാല് കുടഞ്ഞു.

"അടങ്ങിയിരുന്നില്ലേൽ കുളത്തിൽ കൊണ്ടുപോയി രണ്ടിനെയും ഞാൻ ഇടും പറഞ്ഞേക്കാം "

മാലതിയുടെ ശബ്ദം ഉയർന്നതോടെ അനന്തുവും ശിവയും ഒന്നടങ്ങി. അല്പ നേരം അവർ നിശബ്ദരായി. മാലതി പുറത്തെ കാഴ്ചകളിലേക്ക് കണ്ണും നട്ടിരുന്നു.

"ആരാ അമ്മേ ഈ ലക്ഷ്മി ? നേരത്തെ പറയുന്നത് കേട്ടല്ലോ? "

അനന്തു അറിയാനുള്ള ത്വരയിൽ മാലതിയെ നോക്കി.

"അനന്തു നിന്റെ മുത്തശ്ശിയുടെ ആങ്ങളയുടെ മകൾ ആണ് ലക്ഷ്മി. ഞങ്ങളുടെ എല്ലാം ലക്ഷ്മിക്കുട്ടി. ഒരു സുന്ദരിക്കുട്ടിയാ അവള്.ഒരു പഞ്ച പാവം ആയിരുന്നു ലക്ഷ്മി.ഞങ്ങൾക്ക് എല്ലാവർക്കും അവളെ വല്യ കാര്യം ആയിരുന്നു. എന്റെ ദേവേട്ടനെ ലക്ഷ്മിയ്ക്ക് ഒരുപാട് ഇഷ്ട്ടായിരുന്നു ചെറുപ്പം മുതലേ. പക്ഷെ ഞങ്ങൾ അതു വൈകിയാ അറിഞ്ഞേ. അങ്ങനെ ഞങ്ങൾ എല്ലാവരും കൂടി ദേവേട്ടന്റെയും ലക്ഷ്മിയുടെയും വിവാഹം ഉറപ്പിച്ചു. വളരെ ആർഭാടമായി തന്നെ അവരുടെ നിശ്ചയം കഴിഞ്ഞു.

അങ്ങനെ ഇവിടുത്തെ ഉത്സവം കഴിഞ്ഞു ഒരാഴ്ചയ്ക്ക് ശേഷം അവരുടെ കല്യാണം നടത്താൻ തീരുമാനിച്ചു."

മാലതി ഒന്ന് പറഞ്ഞു നിർത്തി. എന്നിട്ട് പതുക്കെ ദീർഘ നിശ്വാസം വിട്ടു.

"എന്നിട്ടോ"

അനന്തു മാലതിയെ ബാക്കി അറിയാനുള്ള വ്യഗ്രതയിൽ നോക്കി. ശിവ ആകാംക്ഷയോടെ ബാക്കി ഭാഗം കേൾക്കാൻ കാത് കൂർപ്പിച്ചു.

"ഉത്സവത്തിന് തലേന്ന് ഗ്രാമത്തിനു പുറത്തുള്ള റോഡിൽ വച്ചു ദേവേട്ടന് ആക്സിഡന്റ് ആയി എന്ന് കേട്ട് പരിഭ്രമത്തോടെ ഞങ്ങൾ ഓടി ചെന്നു.അവിടെ ചെന്നപ്പോൾ കണ്ടത് റോഡ് സൈഡിൽ ദേഹത്തൊക്കെ ചോരപ്പാടുകൾ ഉണങ്ങി പിടിച്ചു ഷർട്ട് ഒക്കെ കീറി പറിഞ്ഞു മുറിവുകൾ കൊണ്ടു വികൃതമായ മുഖവുമായി എന്റെ ദേവേട്ടന്റെ ശ്വാസം നിലച്ച ശരീരമാണ്. രാത്രി പോകുമ്പോൾ ഏതോ മരം കയറ്റി വന്ന ലോറി ഇടിച്ചിട്ടതാണത്രെ... ആരും കണ്ടില്ല.. വെളുപ്പിന് പണിക്ക് പോയ ആരൊക്കെയോ ആണ് കണ്ടത്. പാവം എന്റെ ഏട്ടൻ .

മാലതിയുടെ കണ്ണിൽ നിന്നും കണ്ണു നീർ ധാരയായി ഒഴുകി. അതു കവിളിലൂടെ ഒലിച്ചിറങ്ങി താടിയിൽ നിന്നും ഞെട്ടറ്റു വീണു മടിയിൽ ഉള്ള അനന്തുവിന്റെ കവിളിൽ ചെന്നു പതിച്ചു.

ആ അശ്രു കണം അവനെ ചുട്ടു പൊള്ളിച്ചു. അനന്തു പൊടുന്നനെ എണീറ്റു മാലതിയെ കെട്ടിപിടിച്ചു ആശ്വസിപ്പിച്ചു. മാലതിയുടെ കണ്ണുകൾ അനന്തു പതിയെ അമർത്തി തുടച്ചു.

മാലതി അനന്തുവിന്റെ നെഞ്ചിലേക്ക് പതിയെ ചാരിയിരുന്നു. അനന്തു അമ്മയുടെ നെറുകയിൽ പതിയെ തഴുകി. ശിവ വിഷാദത്തോടെ ഭിത്തിയിലേക്ക് ചാരിയിരുന്നു.

"മാതു ഇനി വിഷമിക്കല്ലെട്ടോ എനിക്കും സങ്കടമാവുന്നു "

അനന്തു ദുഖത്തോടെ പറഞ്ഞു  അതു കേട്ടതും മാലതി ഞെട്ടലോടെ അനന്തുവിൽ നിന്നും വിട്ടു മാറി. അവളുടെ കണ്ണുകൾ വിടർന്നു. കണ്ണുകൾ ചിമ്മിക്കൊണ്ട് മിടിക്കുന്ന ഹൃദയത്തോടെ മാലതി അനന്തുവിന്റെ കണ്ണിലേക്കു ഉറ്റു നോക്കി.

"നീ എന്താ എന്നെ വിളിച്ചത്? "

മാലതിയുടെ ശബ്ദത്തിലെ  ഇടർച്ച  അനന്തുവിന് മനസ്സിലായി.

"ഞാൻ എന്താ അമ്മേ വിളിച്ചേ? "

അനന്തു ഒന്നും മനസ്സിലാകാതെ മാലതിയെ നോക്കി.

"നീ എന്നെ മാതു എന്ന് വിളിച്ചില്ലേ ? "

മാലതി ആശ്ചര്യത്തോടെ അനന്തുവിനോട് ചോദിച്ചു.

"ഞാനോ? "

"അതേ നീ വിളിച്ചില്ലേ മോനെ... സത്യം പറ എന്നെ നീ അങ്ങനെ വിളിച്ചില്ലേ ? "

മാലതി അനന്തുവിന്റെ തോളിൽ പിടിച്ചു കുലുക്കി.

അനന്തു ഗത്യന്തരമില്ലാതെ ആണെന്ന് തലയാട്ടി. എന്നാൽ അമ്മയെ അങ്ങനെ വിളിച്ചത് അവന്റെ ബോധമണ്ഡലത്തിലേ ഉണ്ടായിരുന്നില്ല.

"എന്റെ ദേവേട്ടൻ എന്നെ അങ്ങനാ വിളിച്ചിരുന്നേ  മാതു എന്ന്. പെട്ടെന്നു അതു കേട്ടപ്പോൾ എന്റെ ഏട്ടൻ എന്നെ ചേർത്തു പിടിച്ചു വിളിച്ച പോലെ തോന്നി."

ദുഃഖം കടിച്ചമർത്തി മാലതി ഇരുന്നു. അനിയന്ത്രിതമായ രീതിയിൽ മാലതിയുടെ കണ്ണുകൾ നിറഞ്ഞു ഒഴുകി. അനന്തുവും ശിവയും അമ്മയെ കഷ്ട്ടപെട്ടു സമാധാനിപ്പിച്ചു.

അൽപ നേരം കൊണ്ടു സംയമനം വീണ്ടെടുത്ത മാലതി കണ്ണുകൾ അമർത്തി തുടച്ചുകൊണ്ട് എണീറ്റു നേരെ അടുക്കളയിലേക്ക് പോയി. അനന്തുവും ശിവയും മുഖത്തോട് മുഖം നോക്കിയിരുന്നു കുറച്ചു നേരം.

"ഏട്ടാ എന്തോ മൈൻഡ് ആകെ ഡിസ്റ്റർബ് ആയ പോലെ.. നമുക്ക് എങ്ങോട്ടേലും പോയാലോ? "

"പോകാം ശിവ  വാ  "

അനന്തു എണീറ്റു നിന്നു അവൾക്ക് നേരെ കൈ നീട്ടി. ശിവ അവന്റെ കയ്യിൽ ബലമായി പിടിച്ചു എണീറ്റു. രണ്ടു പേരും നടന്നു ബുള്ളറ്റിനു സമീപം എത്തി.

ബലരാമന്റെ കാറിൽ ഉള്ള എണ്ണ എടുത്തു അനന്തു ബുള്ളെറ്റിലേക്ക് ഒഴിച്ചു. എണ്ണ ഒഴിച്ച് കഴിഞ്ഞ ശേഷം  അനന്തു ബുള്ളറ്റിൽ അമർന്നിരുന്ന് ചാവി ഇട്ടു സ്റ്റാർട്ട് ചെയ്തു.

ആക്സിലേറ്റർ തിരിച്ചു അവനെ ഒന്ന് ഉഷാറാക്കി. ശിവ അവനു പുറകിൽ കയറിയിരുന്നു. മുറ്റത്തും തൊടിയിലുമൊക്കെയായി പണിയെടുക്കുന്ന ജോലിക്കാർ ബുള്ളറ്റിന്റെ ആർത്ത നാദം കേട്ട് ഒന്ന് എത്തി നോക്കിയ ശേഷം വീണ്ടും അവരുടെ ജോലികളിൽ വ്യാപൃതരായി.

അനന്തു ബുള്ളറ്റ് കറക്കിയെടുത്തു നേരെ മുന്നോട്ടേക്ക് എടുത്തു. പടിപ്പുര കഴിഞ്ഞതും റോഡിലേക്ക് ഇറക്കി എതിർ ഭാഗത്തേക്ക് കുതിച്ചു.

ചെറിയൊരു കയറ്റം കേറി എത്തിയതും അവർ എത്തിയത് ഒരു നിരപ്പായിട്ടുള്ള പ്രദേശത്താണ്. അവിടെ റോഡിനു ഇരുവശവുമായി ഒരുപാട് കുഞ്ഞു വീടുകൾ അവർക്ക് കാണാൻ കഴിഞ്ഞു.

വഴിക്കാഴ്ചകൾ കണ്ട് ബുള്ളറ്റ് ഓടിക്കവേ റോഡ് സൈഡിൽ ഒരു സ്ത്രീ തന്റെ കുഞ്ഞിനേയും ഒക്കത്തിരുത്തി വേറെ ഒരു സ്ത്രീയോട് സൊറ പറഞ്ഞിരിക്കുന്നത് അനന്തു കണ്ടു. അവൻ വേഗം അവർക്ക് സമീപം ബുള്ളറ്റ് കൊണ്ടു വന്നു പതുക്കെ നിർത്തി.

"ചേച്ചി ഇവിടെ കാണാൻ നല്ല ഭംഗിയുള്ള ഏത് സ്ഥലമാ ഉള്ളത് ? "

അവൻ പ്രതീക്ഷയോടെ അവരെ മാറി മാറി നോക്കി.

"മോനെ നേരെ കുറച്ചു പോയാൽ രണ്ടു വഴി കാണും. അതിൽ പടിഞ്ഞാറ് ഭാഗത്തേക്ക് പോയാൽ ഒരു മൊട്ട കുന്ന് കാണാം. അവിടെ ചെറിയൊരു പതി ഒക്കെ ഉള്ളതാ . അതിനു മുൻപിൽ ഉള്ള ആൽമര ചുവട്ടിൽ ഇരുന്നാൽ കാണാൻ നല്ല രസമാ... ഇപ്പൊ പോയാൽ സൂര്യൻ അസ്തമിക്കുന്നതു കാണാം."

കുഞ്ഞിനെ ഒക്കത്തു വച്ചിരിക്കുന്ന സ്ത്രീ അവരോടായി പറഞ്ഞു.

"ആയ്ക്കോട്ടെ വല്യ ഉപകാരം. "

അനന്തു ഗിയർ മാറ്റി ബുള്ളറ്റ് നേരെ വച്ചു പിടിപ്പിച്ചു. ഗ്രാമം ആണെങ്കിലും റോഡ് കുറച്ചു ശോച്യാവസ്ഥയിൽ ആണെന്ന് അനന്തുവിന് തോന്നി.

തറവാട്ടിൽ നിന്നും പട്ടണം വരെയുള്ള റോഡ് മാത്രം നന്നായി മിനുക്കിയിരുന്നു. ഒരുപക്ഷെ നല്ല വില കൂടിയ കാറുള്ളത് കൊണ്ടാവും അങ്ങനെ ചെയ്തതെന്ന് അവനു തോന്നി.

കുറേ ദൂരം മുന്നോട്ടേക്ക് പോയപ്പോൾ വഴി രണ്ടായി പിരിഞ്ഞത് അവൻ കണ്ടു. വെയിലിന് ആക്കം ഉള്ളതിനാൽ റോഡിൽ തണലുള്ള ഭാഗം നോക്കിയാണ് അനന്തു വണ്ടി ഓടിച്ചിരുന്നത്.

പടിഞ്ഞാറ് ഭാഗത്തേക്കുള്ള വഴിയിലൂടെ അവൻ വണ്ടി ഓടിച്ചു. ഒരുപാട് വളവുകളും തിരിവും കയറ്റവും അവനെ അല്പം ബുദ്ധിമുട്ടിച്ചു.

അവൻ പട്ടണത്തിൽ ആയിരുന്നപ്പോൾ ഹൈവേ റോഡിലൂടെ ഓടിച്ചുള്ള മികവ് ഇവിടെ പോരാ എന്ന് അനന്തുവിന് തോന്നി. എങ്കിലും സൂക്ഷ്മതയോടെ അവൻ വണ്ടി ഓടിച്ചു.

"ഡാ എത്താനായോ ? "

പിറകിൽ നിന്നും ശിവ അവന്റെ ചുമലിൽ കിള്ളാൻ തുടങ്ങി.

"ഇല്ലെടി നീ ഒന്ന് ക്ഷമിക്ക് "

അനന്തു ഓരോ കാഴ്ചകളും കണ്ടു കൊണ്ടു വണ്ടി ഓടിച്ചു.കുറച്ചു ദൂരം കൂടി ചെന്നപ്പോൾ റോഡിന് ഓരത്തായി കുറച്ചു ജീപ്പുകളും ബൈക്കുകളും ഒക്കെ നിർത്തി വച്ചിരിക്കുന്നത് കണ്ടു.

മുകളിൽ നിന്നും നട ഇറങ്ങി ആൾക്കാർ വരുന്നതും ചിലർ നട കയറി പോകുന്നതും അവർ കണ്ടു. അനന്തു വലിയൊരു മരത്തിനു ചുവട്ടിൽ ബുള്ളറ്റ് കൊണ്ടു വന്നു നിർത്തി. ചാവി ഊരി കയ്യിൽ പിടിച്ചുകൊണ്ടു ശിവയെ നോക്കി.

"ഇവിടാണോ കാണാൻ ഉള്ളത് ? "

ശിവ ഇടുപ്പിൽ കൈ കുത്തി അവനോട് ചോദിച്ചു.

"ആണെന്നല്ലേ ആ ചേച്ചി പറഞ്ഞേ "

അനന്തു പ്രതീക്ഷയോടെ പറഞ്ഞു.

"ആവോ ആയാൽ മതി "

"നീ കണ്ടില്ലേ ഒരുപാട് പേരെ.. അവരൊക്കെ അസ്തമയം കാണാൻ വന്നതാ.. നീ വാ .."

അനന്തു ശിവയുടെ കയ്യിൽ പിടിച്ചു നടന്നു. മലയിലേക്ക് നീണ്ടു കിടക്കുന്ന സ്റ്റെപ്സ് കണ്ടതും ശിവയ്ക്ക് അല്പം മടുപ്പ് തോന്നി.

അനന്തു അവളെ നോക്കി ചിരിച്ചു. എന്നിട്ട് അവളെ പ്രോത്സാഹിപ്പിച്ചു. ശിവ ഗത്യന്തരമില്ലാതെ അവന്റെ കയ്യും പിടിച്ചു നടന്നു.

കൈവരിയിൽ പിടിച്ചുകൊണ്ടു അവർ ഓരോ സ്റ്റെപ്പും പതിയെ കയറി.ഇടക്ക് വച്ചു മുകളിൽ നിന്നും താഴേക്ക് വരുന്നവർക്ക് മാറി കൊടുത്തു സ്ഥലം ഒരുക്കി.

ഏകദേശം 50 സ്റ്റെപ്സ് കയറി കഴിഞ്ഞതും അവർ ആ മൊട്ട കുന്നിന്റെ മുകളിൽ എത്തി. ശിവ ആകെ ക്ഷീണിതയായിരുന്നു.

അവളുടെ ചെന്നിയിലൂടെ വിയർപ്പ് ഒഴുകിക്കോണ്ടിരുന്നു. മൂക്കിൻ തുമ്പത്തും മേൽ ചുണ്ടിലും വിയർപ്പു കണങ്ങൾ പൊടിഞ്ഞു.

"ടവൽ എടുക്കായിരുന്നു മറന്നു പോയി "

നാവ് കടിച്ചുകൊണ്ട് ശിവ കൈ കൊണ്ടു മുഖത്തെ വിയർപ്പ് കൂടെ കൂടെ തുടച്ചു മാറ്റിക്കൊണ്ടിരുന്നു. അനന്തു ശിവയേയും കൊണ്ടു കുന്നിന്റെ ഉപരി തലത്തിലൂടെ പതിയെ നടന്നു.

അവിടെ ഒരു ഭാഗത്തു മരത്തിന്റെ ചുവട്ടിൽ സ്ഥാപിച്ചിട്ടുള്ള പതിയ്ക്ക് സമീപം ചിലർ തൊഴു കൈയോടെ കൂപ്പി നിൽക്കുന്നു. മറ്റു ചിലർ ഫോട്ടോ എടുക്കുന്ന തിരക്കിലും.

അനന്തു കുന്നിനു ചരുവിൽ ഉള്ള ആൽമരത്തിനു കീഴിലേക്ക് നടന്നു. അതിന്റെ ചവട്ടിൽ ഉള്ള കവുങ്ങ് മുറിച്ചു ചേർത്ത് കൊണ്ട് നിർമിച്ച ഇരിപ്പിടത്തിൽ ശിവയും അനന്തുവും ഇരുന്നു.

മൊട്ട കുന്നിന്റെ താഴ്‌വരയിൽ ഒരുപാട് വീടുകളും പ്രകൃതി രമണീയമായ കാഴ്ചകളും അവർ ആവേശത്തോടെ നോക്കി നിന്നു. അസ്തമയ സൂര്യന്റെ ചുവന്ന പ്രകാശം പ്രകൃതിയുടെ ഹരിതാഭയ്ക്ക് അൽപം ഭംഗം വരുത്തിയപ്പോലെ അവനു തോന്നി.

ഭൂമിയിൽ ആകെ ചുവന്ന ചായം വാരി വിതറി സൂര്യൻ പുതു ചിത്രത്തിൽ അൽപം മിനുക്കു പണി നടത്തുന്നു. ബ്രഷിൽ നിന്നും അനുസരണയില്ലാത്ത ചിതറി തെറിച്ച ചുവന്ന തുള്ളികൾ മാനത്തിൽ നിറ വ്യത്യാസം വരുത്തുന്നുന്നു.

പതിയെ അന്നത്തെ ആലേഖനത്തിനു അറുതി വരുത്തിക്കൊണ്ട് സൂര്യൻ ഉറങ്ങുവാനുള്ള ത്വരയിൽ ഭൂമിയുടെ മടിത്തട്ടിലേക്ക് തല ചായ്ച്ചു.നല്ലൊരു അസ്തമയം കണ്ട അനുഭൂതിയിൽ ശിവയും അനന്തുവും ഇരുന്നു.

അവർക്ക് അവിടുന്ന് എണീക്കാനേ തോന്നിയില്ല. അസ്തമയം കണ്ട ശേഷം ഓരോരുത്തർ പിന്തിരിഞ്ഞു പോകുവാൻ തുടങ്ങി.

അനന്തു ആ ഗ്രാമത്തിന്റെ ഭംഗിയും നൈർമല്യവും ആവോളം ആസ്വദിക്കുകയായിരുന്നു. ശിവയ്ക്ക് തന്റെ മനസ്സിലെ സങ്കീർണ്ണതകൾ ഒഴിഞ്ഞു മാറി. ഉഷാറോടെ അവൾ ചാടിയെണീറ്റു.

"ഡാ പോകാം നമുക്ക് "

"ആം പോയേക്കാം.. "

അനന്തു വിദൂരതയിലേക്ക് നോക്കികൊണ്ടിരുന്നു. ഈ സമയം അങ്ങ് കിഴക്ക് ഭാഗത്തു നിന്നും പറന്നു വന്ന ഒരു കഴുകൻ അനന്തു ഇരുന്ന ആൽമരത്തിനു തലയ്ക്കൽ അന്തരീക്ഷത്തിലൂടെ വലം വച്ചു ചിറകിട്ടടിച്ചു പറന്നു.

കഴുത്ത് ചരിച്ചു താഴേക്ക് നോക്കിയ കഴുകൻ എന്തോ കണ്ടതും ശബ്ദമുണ്ടാക്കിക്കൊണ്ട് പതിയെ മരത്തിന്റെ ശിഖരത്തിലേക്ക് പറന്നു വന്നിരുന്നു. പൊടുന്നനെ അതു രൂപാന്തരം പ്രാപിക്കുവാൻ തുടങ്ങി.

പതിയെ അതിന്റെ കണ്ണുകൾ രക്ത വർണ്ണമായി മാറി. കൊക്കും നഖങ്ങളും ബ്ലേഡ് പോലെ നീണ്ടു വന്നു.ഉടലും ചിറകുകളും സാവധാനം വികസിച്ചു വന്ന് അതു ഒരു ഒത്ത പക്ഷിയായി മാറി.

ആരും കണ്ടാൽ ഭയക്കുന്ന വന്യമായ രൂപം അതു കൈ വരിച്ചു. മരത്തിന്റെ ശിഖരത്തിൽ ഇരുന്ന് അതു അനന്തുവിനെ തന്നെ ഉറ്റു നോക്കി.

തന്റെ ഇരയെ കണ്ട സന്തോഷത്തിൽ ആ ഭീമാകാരനായ കഴുകൻ തന്റെ കൊക്കുകൾ ശിഖരത്തിൽ ഉരച്ചു മൂർച്ചയുണ്ടെന്നു ഉറപ്പു വരുത്തി.

"എന്നാൽ പോകാം. "

അനന്തു പതിയെ ഇരിപ്പിടത്തിൽ നിന്നും എണീറ്റു. അവൻ ഒന്നു കൂടി വിദൂരതയിലേക്ക് നോക്കികൊണ്ട് പ്രകൃതിയുടെ ഭംഗി ആസ്വദിച്ചു.

ഈ സമയം കഴുകന്റെ കണ്ണുകൾ വെട്ടി തിളങ്ങി. അതു തന്റെ ഇരയെ പിടിക്കാനുള്ള ഉദ്യമത്തിനായി പുറകിലേക്ക് ആഞ്ഞു മുന്നോട്ടേക്ക് ചാട്ടുളി പോലെ കുത്തിക്കാനായി ആഞ്ഞു.

അപ്പൊ ആൽമരത്തിനു പുറകിലുള്ള പതിയിൽ പൊടുന്നനെ ഒരു ചലനമുണ്ടായി. അതിൽ നിന്നും ഉത്ഭവിച്ച തരംഗങ്ങൾ പ്രകമ്പനത്തോടെ മണ്ണിലൂടെ ചലിച്ചു ആൽമരത്തിനു കീഴെയെത്തി.

ആൽമരത്തിനു ചുവട്ടിൽ എത്തിയതും തരംഗങ്ങൾ വൃക്ഷത്തിന്റെ ശരീരത്തിലൂടെ മുകളിലേക്ക് സഞ്ചരിച്ചു എല്ലാ ശിഖരങ്ങളിലേക്കും ദ്രുതഗതിയിൽ അത് പ്രവഹിക്കപ്പെട്ടു.

ശിഖരങ്ങളിലൂടെ സഞ്ചരിച്ച തരംഗങ്ങൾ സ്ഫുരിച്ചതും കഴുകൻ ദൂരേക്ക് ഞൊടിയിടയിൽ തെറിച്ചു വീണു. കാലിനു പൊള്ളലേറ്റ കഴുകൻ പ്രാണ രക്ഷാർത്ഥം കരഞ്ഞുകൊണ്ട് ഉരുണ്ടു പിരണ്ടെണീറ്റു.

പതിയെ വേച്ചു നടന്ന ഭീമാകാരനായ കഴുകൻ സാവധാനം യഥാ രൂപം സ്വീകരിച്ചു കിഴക്ക് ദിക്ക് ലക്ഷ്യമാക്കി വിവശതയോടെ പറന്നു.

ഈ സമയം അനന്തുവും ശിവയും സ്റ്റെപ്സ് ഇറങ്ങി കുന്നിനു താഴേക്ക് എത്തിയിരുന്നു. അവർ ബുള്ളറ്റ് നിർത്തി വച്ചിരിക്കുന്നതിനു സമീപത്തേക്ക് പോയി.

ബുള്ളെറ്റിലേക്ക് കയറി ഇരുവരും വീട്ടിലേക്ക് വച്ചു പിടിപ്പിച്ചു. കുറച്ചു നിമിഷത്തെ യാത്രയ്ക്ക് ശേഷം അവർ തറവാട്ടിലേക്ക് എത്തിച്ചേർന്നു.

ഇരുവരെയും കാണാത്തതിനാൽ സീത വഴി കണ്ണുമായി അവരെ കാത്തിരിക്കുവായിരുന്നു.

ബുള്ളറ്റിന്റെ ശബ്ദം കേട്ടപ്പോൾ സീതയിൽ ആശ്വാസത്തിന്റ വെളിച്ചം കത്തി. ബുള്ളറ്റിൽ നിന്നു ഇറങ്ങിയതും ശിവ സീതയുടെ അടുത്തേക്ക് ഓടി അവളുടെ കയ്യിൽ പിടിച്ചു കവിളിൽ മുത്തം നൽകി. സീത അവളെ ചേർത്തു പിടിച്ചു.

"എവിടെ പോയതാ ചേട്ടനും അനിയത്തിയും കൂടി ? "

സീത പരിഭവത്തോടെ ചോദിച്ചു.

"ഞങ്ങൾ സൂര്യാസ്തമയം കാണാൻ പോയതാ"

ശിവ ഉത്സാഹത്തോടെ പറഞ്ഞു.

"ഏത് ആ മൊട്ടക്കുന്നിലോ ? "

"അതു തന്നെ "

"ആരാ പറഞ്ഞേ അങ്ങോട്ട് പോയാൽ മതിയെന്ന് ? "

സീത ശിവയുടെ മുടിയിൽ പതിയെ തഴുകി.

"വഴിയിൽ കണ്ട ഒരു ചേച്ചി പറഞ്ഞതാ"

അനന്തു അതിനു ഉത്തരം നൽകി.

"ആഹാ എങ്കിൽ വേഗം രണ്ടാളും കൂടി അകത്തേക്ക് വാ ചായ കുടിക്കാം "

സീത അവരെ നോക്കി പറഞ്ഞ ശേഷം തിരിഞ്ഞു നേരെ അടുക്കളയിലേക്ക് നടന്നു. അനന്തുവും ശിവയും അമ്മായിയുടെ പുറകെ നടന്നു.

അടുക്കളയിലെത്തിയ അവർക്ക് ആവി പറക്കുന്ന ചായ കപ്പ് നീട്ടികൊണ്ട് ഷൈല അമ്മായി അവരെ നോക്കി ചിരിച്ചു. ശിവ കപ്പും വാങ്ങി സീതയുടെ പുറകെ എങ്ങോട്ടോ പോയി.

അനന്തു ചായ കപ്പ് കയ്യിൽ വാങ്ങി അതു കുടിച്ചു നോക്കി. ആ ചായ അവനു ഒരുപാട് ഇഷ്ട്ടമായി.

"അമ്മായി ആണോ ഈ ചായ ആക്കിയേ? "

"അതേ അനന്തു എന്തെ ഇഷ്ട്ടായില്ലേ? "

ഷൈല പരിഭ്രമത്തോടെ അവനെ നോക്കി.

"അയ്യോ വേറൊന്നുംകൊണ്ടല്ല നല്ല ചായ ആണ്. എനിക്ക് ഇഷ്ട്ടമായി."

അതു കേട്ടതും ഷൈലയുടെ ഉള്ളിലുള്ള പരിഭ്രമം അവളെ വിട്ടകന്നു.

"അമ്മായി അഞ്ജലിയ്ക്ക് ചായ കൊടുത്തായിരുന്നോ ? "

അനന്തു ശങ്കയോടെ ചോദിച്ചു.

"ഇല്ല അനന്തു ഞാൻ കൊടുക്കാൻ പോകുവാ"

"എങ്കിൽ എന്റെ കയ്യിൽ തരുമോ ഞാൻ അവൾക്ക് കൊടുത്തോട്ടെ ? "

പ്രതീക്ഷയോടെയുള്ള അനന്തുവിന്റെ ചോദ്യം കേട്ടതും ഷൈലക്ക് ഒരുപാട് സന്തോഷം തോന്നി.

"അതിനെന്താ അനന്തു"

ഉത്സാഹത്തോടെ ഒരു കപ്പ് ചായ കൂടി ഷൈല അനന്തുവിന്റെ കയ്യിൽ  കൊടുത്തു.

ഷൈലയെ നോക്കി പുഞ്ചിരിച്ചു കൊണ്ടു അനന്തു നടു മുറ്റത്തേക്ക് നടന്നു. അവിടുന്ന് നേരെ അഞ്ജലിയുടെ മുറിയ്ക്ക് സമീപം എത്തി.

മുറിയുടെ വാതിൽ തുറന്നിട്ടിരിക്കുന്നതിനാൽ അനന്തു അഞ്ജലി എന്ന് വിളിച്ചുകൊണ്ടു മുറിയിലേക്ക് കയറി ചെന്നു.

ഈ സമയം അഞ്ജലി മുറിയിലെ ചൂരൽ കസേരയിൽ ഇരുന്ന് ബുക്കിൽ മുഖം പൂഴ്ത്തിയിരിക്കുവായിരുന്നു. അനന്തുവിന്റെ ശബ്ദം കേട്ടതും അവൾ മുഖം ഉയർത്തി. പൊടുന്നനെ അവളുടെ അധരങ്ങളിൽ പുഞ്ചിരി വിരിഞ്ഞു.

"ആഹാ ആരിത് നന്ദുവേട്ടനോ വാ  "

"അഞ്ജലി ഞാൻ ചായ കൊണ്ടു തരാൻ വന്നതാ  "

അനന്തു  അവൾക്ക് നേരെ ചായ നീട്ടിക്കൊണ്ട് പറഞ്ഞു.

"നന്ദുവേട്ടൻ എന്തിനാ അതൊക്കെ ചെയ്തു ബുദ്ധിമുട്ടുന്നേ.. ഷൈലമ്മ കൊണ്ടു തരുമായിരുന്നല്ലോ "

അഞ്ജലി മുൻകൂറായി അവനോട് ക്ഷമ യാചിച്ചു.

"അതിനെന്താ അഞ്ജലി ഇതൊക്കെ എന്റെ സന്തോഷമല്ലേ ...ഇതാ വാങ്ങിച്ചോ "

അനന്തു നീട്ടിയ ചായക്കപ്പ് അഞ്ജലി കൈകൾ എത്തിച്ചു വാങ്ങി. സന്തോഷത്തോടെ അവൾ ചായകപ്പ് ചുണ്ടോടടുപ്പിച്ചു ഊതി കുടിച്ചു. അനന്തു അവളെ വാത്സല്യപൂർവം നോക്കി നിന്നുപോയി.

"ചായ ഊതി കുടിക്കുന്നതായിരുന്നു ഗുപ്തനിഷ്ട്ടം "

ഹരികൃഷ്ണൻസിലെ ഡയലോഗ് ഉരുവിട്ടുകൊണ്ട് അനന്തു ഊറി ചിരിച്ചു.

"ഓഹ് ഞങ്ങളൊക്കെ പിന്നെ ചായ തിളച്ച വഴി അണ്ണാക്കിലേക്ക് കമിഴ്ത്താറാണല്ലോ പതിവ്"അഞ്ജലി ഒരു ലോഡ് പുച്ഛം ഇറക്കി.

"അയ്യേ ചളി ചളി .... കട്ട ചളി "

അനന്തു അഞ്ജലിയെ കളിയാക്കി.

"എന്റെ അടുത്ത് നിന്നും ഇത്രയ്ക്കൊക്കെ നിലവാരം പ്രതീക്ഷിച്ചാൽ മതി നന്ദുവേട്ടൻ."

അഞ്ജലി മുഖം വീർപ്പിച്ചുകൊണ്ട് പറഞ്ഞു.

"ശരി മാഡം ചായ കുടിക്ക് വേഗം "

"നന്ദുവേട്ടൻ കുടിച്ചോ ? "

അഞ്ജലി തിരക്കി

"കുടിച്ചു അഞ്ജലിക്കുട്ടി"

അനന്തു അവളെ നോക്കി കണ്ണു ചിമ്മി.അനന്തു പതിയെ മുറിയിൽ ആകമാനം കണ്ണുകൾ ഓടിച്ചു. അപ്പോൾ കട്ടിലിന്റെ തലയ്ക്കൽ ഉള്ള ഒരു ഡ്രോയിങ് ബുക്ക് അവന്റെ കണ്ണുകൾ ഉടക്കി. അവൻ അതു കൈ നീട്ടി വലിച്ചെടുത്തു.

"അയ്യോ അതെടുക്കല്ലേ "

അഞ്ജലി വെപ്രാളത്തോടെ ഒച്ചപ്പാടാക്കി.

"അതെന്തേ ഞാൻ നോക്കണ്ടേ? "

അനന്തു പുരികം പൊന്തിച്ചു അവളെ നോക്കി

"വേണ്ട "

നിഷേധാർത്ഥത്തിൽ അഞ്ജലി തലയാട്ടി.

"എന്നാൽ നോക്കിയിട്ട് തന്നെ കാര്യം. "

അനന്തു അവളെ നോക്കി ചുണ്ടുകൾ കൂർപ്പിച്ചു ഡ്രോയിങ് ബുക്കിന്റെ ആദ്യ താള് മറിച്ചു. അതിനു ശേഷം വീണ്ടുമൊരു താള് കൂടി മറിച്ചു.

അതു കണ്ടതും അനന്തുവിന്റെ കണ്ണുകൾ വിടർന്നു. അവൻ അമ്പരപ്പോടെ ആ താളിൽ ആലേഖനം ചെയ്ത ചിത്രത്തിലേക്ക് നോക്കി. അഞ്ജലി ചമ്മൽ കാരണം തന്റെ കണ്ണുകൾ കൈകൾ വച്ചു മുറുകെ പൂട്ടി.

"അഞ്ജലി എന്റെ ചിത്രം എത്ര മനോഹരമായിട്ടാ വരച്ചു വച്ചിരിക്കുന്നേ..

എനിക്ക് ഒരുപാട് ഇഷ്ട്ടമായിട്ടോ "

അനന്തു അത്ഭുതത്തോടെ അഞ്ജലി വരച്ച തന്റെ ചായാ ചിത്രത്തിലേക്ക് കണ്ണുകൾ നട്ടിരുന്നു.

"സത്യമാണോ ഒരുപാട് ഇഷ്ട്ടായോ? "

അഞ്ജലി വിശ്വാസം വരാതെ അവനെ നോക്കി.

"സത്യം അഞ്ജലി. എനിക്ക് ഒരുപാട് ഇഷ്ട്ടമായി. എന്നെയും ഇങ്ങനെ വരയ്ക്കാൻ പഠിപ്പിക്കുമോ? "

"ഞാൻ പഠിപ്പിക്കാം നന്ദുവേട്ടാ "

"ആഹാ സന്തോഷം.  "

അനന്തു അഞ്ജലിയെ നോക്കി പുഞ്ചിരിച്ചു. അഞ്ജലി അനന്തുവിന്റെ നീല കണ്ണുകളും ചിരിയും ഒക്കെ നോക്കിയിരിക്കുകയായിരുന്നു. അവൾക്ക് അവന്റെ ചിരിയും സംസാരവും വല്ലാത്തൊരു ഊർജം നൽകുന്നതായി തോന്നി.

അനന്തു യാദൃശ്ചികമായി അടുത്ത താള് കൂടി മറിച്ചു. ആ താളിൽ ആലേഖനം ചെയ്തിട്ടുള്ള ചിത്രം കണ്ടതും അനന്തു സ്തബ്ധനായി.

ആ ചിത്രത്തിലൂടെ അനന്തുവിന്റെ കണ്ണുകൾ ഓടി നടന്നു.മനസ്സിനുള്ളിലേക്ക് വല്ലാത്തൊരു ദുഃഖം നുരഞ്ഞു പൊന്തുന്നപോലെ അവനു തോന്നി.ഒരു ദീർഘ നിശ്വാസം വിട്ടു ചിത്രത്തിൽ നിന്നും കണ്ണുകൾ പറിച്ചെടുത്തു അഞ്ജലിയെ അവൻ ഉറ്റു നോക്കി.

"ഇന്ന് വെളുപ്പിനെ കണ്ട സ്വപ്നമാ.. ഒരാൾ ഒരു പെൺകുട്ടിയുടെ കഴുത്തിൽ താലി ചാർത്തുന്ന രംഗം. പഞ്ഞികെട്ടുകൾ പോലുള്ള മേഘങ്ങൾക്കിടയിൽ ആയിരുന്നു അവരുടെ വിവാഹം. എന്റെ മുന്നിൽ തടസ്സം സൃഷ്ട്ടിച്ച കോട മഞ്ഞിനെ വകഞ്ഞു മാറ്റി ഞാൻ അവർക്ക്  സമീപം പതിയെ നടന്നെത്തി.അപ്പൊ അയാൾ താലി കയ്യിൽ എടുത്തു ആ പെൺകുട്ടിയുടെ കഴുത്തിൽ കെട്ടുകയായിരുന്നു. അപ്പോഴാണ് അതു നന്ദുവേട്ടൻ ആണെന്ന് എനിക്ക് മനസ്സിലായത്. അപ്പൊ ഞാൻ ആ പെൺകുട്ടിയെ പൊടുന്നനെ നോക്കി. പക്ഷെ അവളുടെ മുഖം അവ്യക്തമായിരുന്നു.ആ സമയം നാല് ദിക്കിൽ നിന്നും ഒരേ സമയം നിങ്ങൾക്ക് നേരെ പുഷ്പ്പ വൃഷ്ടി ഉണ്ടായി.വല്ലാത്തൊരു

അനുഭൂതിയോടെയാ ഞാൻ അതു കണ്ടു നിന്നത്. അതു മാത്രമല്ല ഞാൻ ആ സ്വപ്നം കാണുമ്പോൾ പഴയപോലെ എണീറ്റു നിൽക്കുവായിരുന്നു ഉഷാറോടെ... അല്ലാതെ വീൽ ചെയറിൽ ആയിരുന്നില്ല.."

അഞ്ജലി താൻ കണ്ട സ്വപ്നത്തെ കുറിച്ച് വാചാലയായി. അനന്തു ഇതിക്കെ കേട്ട് ആദ്യം അത്ഭുതം തോന്നിയെങ്കിലും പിന്നെ അതു അവളുടെ സ്വപ്നമാണല്ലോ എന്ന് ഓർത്തു അതിനെ തള്ളി കളഞ്ഞു.

അവൻ വീണ്ടും ആ ചിത്രത്തിലേക്ക് ഉറ്റു നോക്കി. താൻ ഒരു പെൺകുട്ടിയുടെ കഴുത്തിൽ താലി ചാർത്തുന്നത് അവൾ മനോഹരമായി വരച്ചു വച്ചിരിക്കുന്നു.എന്നാൽ സ്വപ്നത്തിൽ കണ്ടത് പോലെ ഇവിടെയും അവളുടെ മുഖം അവ്യക്തമാണ്.

"ശോ നല്ലൊരു സ്വപ്നം ആയിരുന്നു "

അഞ്ജലി നെടുവീർപ്പെട്ടു.

"സാരമില്ല അതു വിട് നമുക്ക് വേറെന്തെലും പറയാം."

വിഷയം മാറ്റാൻ അനന്തു ശ്രമിച്ചു. അങ്ങനെ കുറേ നേരം അവർ ഇരുന്നു വർത്തമാനം പറഞ്ഞു. കൂടുതലായി അടുത്തു.

വീടിനു പുറത്തു ഇരുൾ വ്യാപിച്ചതും ഷൈല അഞ്ജലിയെ കുളിപ്പിക്കാൻ കൊണ്ടു പോകുന്നതിനായി വന്നു. ഈ സമയം തറവാട്ടിലെ ഉദ്ദോഗസ്ഥരും മറ്റുമെല്ലാം ജോലി കഴിഞ്ഞു തിരിച്ചെത്തിയിരുന്നു.

രാത്രിയിലെ കുളിയും അത്താഴവും എല്ലാം കഴിഞ്ഞു മനയിലെ ആണുങ്ങൾ എല്ലാം മനയ്ക്ക് സമീപമുള്ള ചായ്പ്പിൽ ഒത്തുകൂടി.

മുറിയുടെ ഒത്ത നടുക്ക് വില കൂടിയ വിദേശ മദ്യത്തിന്റെ ശേഖരം കണ്ട് അനന്തുവിനു ചിരി വന്നു.മുത്തശ്ശനും മക്കളായ പ്രഭാകരനും  വിജയനും ഭാസ്കരനും പിന്നെ ശിവജിത്തും ഗ്ലാസുകളിൽ തുല്യമായി ഒഴിച്ച് ആദ്യത്തെ  സിപ് നുണഞ്ഞു.

ബലരാമൻ എല്ലാവർക്കും ഒഴിച്ച് കൊടുക്കുന്ന തിരക്കിലും അനന്തു ചിക്കൻ ഫ്രൈ പാത്രത്തിലേക്ക് ആക്കുന്ന തിരക്കിലും ആയിരുന്നു. ഇടക്കിടക്ക് അനന്തു ശിവജിത്തിനെ നോക്കി ചിരിക്കുവാൻ ശ്രമിച്ചെങ്കിലും അവൻ മൈൻഡ് ചെയ്തതേ ഇല്ല.

ശിവജിത്ത് അഹന്തയോടെ കസേരയിലേക്ക് ചാഞ്ഞിരുന്നു.ബലരാമന്റെ മൂത്ത പുത്രന്റെ പെരുമാറ്റം അനന്തുവിന് അല്പം
സങ്കടം വരുത്തിയെങ്കിലും അതു ഉള്ളിലൊതുക്കി.

"അനന്തൂട്ടാ നിനക്കും ഒഴിക്കട്ടെ? "

ബലരാമൻ കള്ള ചിരിയോടെ അവനെ നോക്കി ചോദിച്ചു

"അയ്യോ വേണ്ട അമ്മാവാ ഞാൻ കുടിക്കാറില്ല"

"ശരി മോനെ"

അയാൾ മദ്യം തീരുന്ന മുറയ്ക്ക് ഗ്ലാസ്സുകളിലേക്ക് പകർത്തുന്നതിൽ വ്യാപൃതനായി. അപ്പൊ അവിടേക്ക് ഒരു പോലീസ് ജീപ്പ് കടന്നു വന്നു.

അതിൽ നിന്നും ഇറങ്ങിയ കാക്കി അണിഞ്ഞ ഒരു മധ്യവയസ്കൻ ചായ്പ്പിലേക്ക് പൊടുന്നനെ നടന്നു വന്നു. മുറിയിലേക്ക് കയറിയ അയാൾ അവിടുള്ള മദ്യപാന സഭയെ ഒന്ന് ചുഴിഞ്ഞു നോക്കി.

മേശയ്ക്ക് സമീപം ഇരിക്കുന്ന ശങ്കരനെ കണ്ടതും അയാൾ വിനയത്തോടെ അദ്ദേഹത്തെ വണങ്ങി. വല്ലാത്തൊരു ബഹുമാനം ആ പോലീസുകാരനിൽ അനന്തു കണ്ടു.

"രാജാ ഒരു ഗ്ലാസ് ഒഴിക്കട്ടെ? "

ബലരാമൻ കുപ്പി ഉയർത്തികാണിച്ചുകൊണ്ട് ചോദിച്ചു.

"വേണ്ട ബലരാമൻ അങ്ങുന്നേ പെണ്ണുംപിള്ള തലയ്ക്കിട്ട് അടിക്കും അതാ"

രാജൻ തലചൊറിഞ്ഞുകൊണ്ട് അവരെ നോക്കി.

"നീ ഒരു എസ് ഐ തന്നെയല്ലേടാ എന്നിട്ടാണോ ഈ പേടി ? "

ശങ്കരൻ കാലിന്മേൽ കാലും കയറ്റി കസേരയിലേക്ക് അമർന്നിരുന്നു.

"എന്ത് ചെയ്യാനാ അങ്ങുന്നേ ഞാൻ ഇങ്ങനായിപ്പോയി "

"ഹാ അതെന്തേലും ആവട്ടെ.. എന്തായി കാര്യങ്ങൾ? "

ശങ്കരൻ മീശ പിരിച്ചുകൊണ്ട് ഗൗരവം കൈ വരിച്ചു.

"ശത്രു പാളയത്തു കാര്യമായ ചർച്ച ആണെന്നാ അറിഞ്ഞത്. തിരുവമ്പാടിക്കാര് ഇത്തവണ രണ്ടും കൽപ്പിച്ചാ "

"ഹ്മ്മ് ഒരു തിരുവമ്പാടിക്കാർ... എന്റെ കയ്യിൽ കിട്ടിയാൽ എല്ലാത്തിനെയും ഞെരിക്കും ഞാൻ"

പല്ലിറുമ്മിക്കൊണ്ട് ശിവജിത്ത് കയ്യിലിരുന്ന  ഗ്ലാസ് മേശയിൽ ശക്തമായി അടിച്ചു. അടിച്ച ശക്തിയിൽ അതിൽ നിന്നും മദ്യം നിലത്തേക്ക് തുളുമ്പി.

"ബലരാമൻ അങ്ങുന്നേ കുഞ്ഞിനോട് പറ അവര് നല്ല പണി തരാൻ ചാൻസ് ഉണ്ടെന്ന് "

രാജൻ പോലീസ് സങ്കോചത്തോടെ അവരെ നോക്കി.

"പ്ഫാ നായെ നിനക്ക് എന്ത് അറിയാം ഈ ശിവജിത്തിനെ കുറിച്ച് .. അവന്മാരുടെ കുടുംബം അടക്കം കത്തിക്കും ഞാൻ ഒറ്റ രാത്രികൊണ്ട്... കാണണോ തനിക്ക് ? "

ശിവജിത്ത് കസേരയിൽ നിന്നും ചാടിയെണീറ്റ് ചീറിക്കൊണ്ട് പറഞ്ഞു. രാജൻ പോലീസ് നേരിയ ഭയത്തോടെ പുറകിലേക്ക് ഒരു ചുവട് വച്ചു. രോഷത്തോടെ മുഷ്ടി ചുരുട്ടി പിടിച്ചു ശിവജിത്ത് അയാളെ തുറിച്ചു നോക്കി.

"ജിത്തൂ നീ വീട്ടിലേക്ക് കേറിപ്പോ"

ശങ്കരൻ അവനെ അനുനയിപ്പിക്കാൻ ശ്രമിച്ചു. അതു കേട്ടിട്ടും കലിയടങ്ങാതെ ശിവജിത്ത് അവിടെ തന്നെ നിന്നപ്പോൾ ശങ്കരൻ കോപത്തോടെ കസേരയിൽ നിന്നും ചാടിയെണീറ്റു.

"കേറിപ്പോടാ അകത്തേക്ക് "

ശങ്കരൻ ആജ്ഞയുടെ സ്വരത്തിൽ അവനു നേരെ അലറി. ശിവജിത്ത് നിലത്തു അമർത്തി ചവിട്ടി തന്റെ ദേഷ്യം പ്രകടിപ്പിച്ചുകൊണ്ട് മനയിലേക്ക് കയറിപ്പോയി.

മുത്തശ്ശൻ ദേഷ്യപെടുന്നത് അനന്തു ആദ്യമായി കാണുകയായിരുന്നു. അവനും എന്തോ ഒരു വയ്യായ്മ പോലെ തോന്നി.

"രാജൻ പൊയ്ക്കോ"

ശങ്കരന്റെ ആജ്ഞ കേട്ടതും ബലരാമൻ അങ്ങുന്നിന് എങ്ങനെ ഇങ്ങനൊരു മകൻ ഉണ്ടായി എന്ന് ആത്മഗതം പറഞ്ഞു രാജൻ അവരെ വണങ്ങിയിട്ട്  തിരിച്ചു ജീപ്പിലേക്ക് പോയി. അല്പ സമയം അവിടെ നിശബ്ദത തളം കെട്ടിക്കിടന്നു.

"അനന്തൂട്ടാ പോയി കിടന്നോ "

ബലരാമൻ അവനെ നോക്കി പുഞ്ചിരിക്കുവാൻ ശ്രമിച്ചു. പക്ഷെ ആ പുഞ്ചിരിക്ക് പുറകിൽ എന്തൊക്കെയോ ഒളിപ്പിച്ചു വച്ചിരിക്കുന്നതായി അനന്തുവിന് തോന്നി. അവൻ അവിടെ നിന്നും എണീറ്റു പതിയെ മനയിലേക്ക് നടന്നു.

പൂമുഖത്തു നിന്നും നേരെ തന്റെ മുറിയിലേക്ക് അനന്തു നടന്നു. ആ സമയം ആ വീടിന്റെ വലുപ്പം അവനു അല്പം അസ്വസ്ഥതയുളവാക്കി. അവസാനം നടന്നു മുറിയിലേക്ക് എത്തി വാതിൽ അടച്ചു കുറ്റിയിട്ട് അവൻ ബെഡിലേക്ക് വന്നു കിടന്നു.

എത്ര ഉറങ്ങാൻ ശ്രമിച്ചിട്ടും നിദ്രാ ദേവി അവനെ കടാക്ഷിച്ചില്ല. നിരാശയോടെ അവൻ തിരിഞ്ഞും മറിഞ്ഞും കിടന്നു. എന്തൊക്കെയോ ആലോചനകൾ അവനെ അസ്വസ്ഥനാക്കി.

ഈ മുറിയിൽ തനിക്ക് ഒരിക്കലും സമാധാനത്തോടെ ഉറങ്ങാൻ പറ്റിയിട്ടില്ലെന്ന് വിവശതയോടെ അവൻ ഓർത്തു. പെട്ടെന്നു എന്തോ ഓർത്തപോലെ അനന്തു കട്ടിലിൽ നിന്നും ചാടിയെണീറ്റു.

മുറിയിലെ മേശയുടെ വലിപ്പിൽ വച്ചിരുന്ന ദേവന്റെ ഡയറി അവൻ എടുത്തു. ഏതായാലും അതു വായിച്ചു സമയം കളയാമെന്ന ചിന്തയിൽ അനന്തു തിരിച്ചു കട്ടിലിൽ വന്നു കിടന്നു.

ഡയറി വയറിൽ ക്രമീകരിച്ചു വച്ചു. ആദ്യത്തെ രണ്ടു മൂന്ന് താൾ മറിച്ചപ്പോൾ ആ പെൺകുട്ടിയുടെ ചിത്രം വീണ്ടും അവൻ കണ്ടു. അതിനോട് എന്തോ ഒരു ആകർഷണം പോലെ അവനു തോന്നി.

ആ അവ്യക്തമായ ചിത്രം പൂർണമായിരുന്നുവെങ്കിൽ എന്ന് അവൻ ആഗ്രഹിച്ചു. അതിൽ നിന്നും കണ്ണെടുത്തു അവൻ ആ താൾ മറിച്ചു. അപ്പോൾ കണ്ട താളിൽ ദേവൻ മഷിപ്പേന കൊണ്ടു വടിവൊത്ത അക്ഷരത്തിൽ എഴുതിവച്ചിരിക്കുന്നതു അനന്തുവിന്റെ ശ്രദ്ധയിൽ പെട്ടു. അവൻ അതിലൂടെ തന്റെ കണ്ണുകൾ ഓടിച്ചു.

ഇത്ര നാളും ഞാൻ കാത്തിരുന്ന എന്റെ സഖിയെ ഞാൻ കണ്ടെത്തി. കാലം അവളെ എനിക്ക് മുൻപിൽ കൊണ്ടു വന്നു നിർത്തി.ഞാൻ ആരാധിക്കുന്ന എന്റെ ദേവിക്കും പ്രകൃതിക്കും എന്റെ മനസ്സറിഞ്ഞ നന്ദി അർപ്പിക്കുന്നു. എന്റെ കല്യാണി.ദേവന്റെ മാത്രം കല്യാണി. ഇനി ഈ ദേവന്റെ ലോകം എന്റെ കല്യാണിയ്ക്ക് ചുറ്റും മാത്രമായിരിക്കും. ഞാൻ നിന്നെ ഒരുപാട് സ്നേഹിക്കുന്നു കല്യാണിക്കുട്ടി.

അനന്തുവിന്റെ കണ്ണുകൾ ആ വാരിയിലൂടെ പല തവണ ഓടി നടന്നു. എത്ര വായിച്ചിട്ടും അവനു അതു മതിയാകാത്ത പോലെ തോന്നി. പല ആവർത്തി അവൻ വീണ്ടും വായിച്ചു. പതിയെ അടുത്ത താളിലേക്ക് അവന്റെ കണ്ണുകൾ എത്തി.

¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥

രാവിലെ തന്നെ വൈകി എണീറ്റത്തിന്റെ ദേഷ്യത്തിൽ ആയിരുന്നു ദേവൻ. ഉറ്റ സുഹൃത്തിന്റെ കുഞ്ഞിന്റെ നൂല് കെട്ടാണ്.

അപ്പൊ രാവിലെ തന്നെ അവിടെ ഹാജരാകണമെന്ന് അവന്റെ നിർദ്ദേശം ഉണ്ടായിരുന്നു. എന്നാൽ തലേന്ന് അല്പം കള്ള് കുടിച്ചതിന്റെ മന്ദതയിൽ ദേവൻ ഉറങ്ങിപ്പോയി.

രാവിലെ വൈകി എണീറ്റപ്പോഴാണ് അവനു ബോധം വന്നത്. പെട്ടെന്നു തന്നെ കുളിച്ചു റെഡി ആയി വന്നു എണ്ണ കിനിയുന്ന കോലൻ മുടിയിഴകൾ ഒതുക്കി വച്ചു ബെൽ ബോട്ടം പാന്റ്സും അയഞ്ഞ ഷർട്ടും ബെൽറ്റും അണിഞ്ഞു ഒരു കൂളിംഗ് ഗ്ലാസും മുഖത്തു ഫിറ്റ് ചെയ്തു അവൻ മുറിയിൽ നിന്നും പൂമുഖത്തേക്ക് ഇറങ്ങി വന്നു.

ഈ സമയം ശങ്കരൻ പൂമുഖത്തെ ചാരു കസേരയിൽ ഇരുന്നു റേഡിയോയിലൂടെ ആകാശവാണി കേട്ടു കൊണ്ടിരിക്കുകയായിരുന്നു. ദേവനെ കണ്ടതും അയാൾ പുഞ്ചിരിച്ചു.

"എങ്ങോട്ടാടാ രാവിലെ? "

"ഞാൻ രഘുവേട്ടന്റെ വീട്ടിൽ പോകുവാണ് അച്ഛാ.. ഇന്നാ പുള്ളിടെ കുഞ്ഞിന്റെ നൂല് കെട്ട് "

"ആണോ എപ്പോഴാ നീ തിരിച്ചു വരുന്നേ ? "

ശങ്കരൻ ഒന്നിരുത്തി മൂളിക്കൊണ്ട് ചോദിച്ചു.

"ഉച്ച കഴിഞ്ഞു തിരിക്കാം അച്ഛാ എന്തേലും ആവശ്യമുണ്ടോ? "

"ഹാ നമുക്ക് അമ്പലത്തിലേക്ക് ഒന്നു പോകണം. ഇന്നല്ലേ അവിടുത്തെ കുറി വിളിക്കുന്നേ.. പൂജാരി നമ്മളോട് പ്രത്യേകം പോകാൻ പറഞ്ഞിട്ടുണ്ട്. ഉച്ച പൂജയുടെ സമയത്ത് പോകാം എന്താ? "

"അച്ഛന്റെ ഇഷ്ട്ടം പോലെ"

ദേവൻ വിനയത്തോടെ പറഞ്ഞു.

"എന്നാൽ പൊക്കോ "

ദേവൻ തലയാട്ടികൊണ്ട് ചാവി കയ്യിൽ പിടിച്ചുകൊണ്ടു മുറ്റത്തേക്കിറങ്ങി. ഈ സമയം തൊടിയിൽ കളിക്കുകയായിരുന്ന മാലതി ഇത് കണ്ടതും ദേവന്റെ അരികിലേക്ക് ഓടി വന്നു. അവൾ നന്നായി കിതച്ചു.

"ദേവേട്ടാ പോരുമ്പോ എന്റെ നാരങ്ങ മിട്ടായി മറക്കല്ലേ കേട്ടോ"

മാലതി കൊഞ്ചിക്കൊണ്ട് ദേവനിലേക്ക് അടുത്തു നിന്നു.

"ഇല്ലെന്റെ മാതു ഞാൻ മറക്കാണ്ട് വാങ്ങിച്ചോളാ "

ദേവൻ അവളുടെ കവിളിൽ വാത്സല്യ പൂർവ്വം പതിയെ തലോടി.

"എന്റെ ചക്കരയേട്ടൻ ഉമ്മാ  "

മാലതി ദേവന്റെ കവിളിൽ ചുണ്ടുകൾ അമർത്തി. ദേവൻ അവളെ ചേർത്തു പിടിച്ച ശേഷം ബുള്ളെറ്റിലേക്ക് കയറിയിരുന്നു ചാവി ഇട്ടു തിരിച്ചു സ്റ്റാർട്ട് ചെയ്തു.

ബുള്ളെറ്റിലെ യാത്ര വല്ലാതെ ഒരു ഹരം ആയി മാറിയെന്നു അവനു ഇടക്ക് തോന്നാറുണ്ടായിരുന്നു. മാലതി അവനു നേരെ കൈകൾ വീശി.

ദേവൻ തലയാട്ടികൊണ്ട് നേരെ പടിപ്പുരയിലേക്ക് വണ്ടിയിറക്കി. റോഡിലേക്ക് കയറിയ ശേഷം നേരെ രഘുവേട്ടന്റെ വീട് ലക്ഷ്യമാക്കി നീങ്ങി.

വൈകി ചെന്നാൽ രഘുവേട്ടന്റെ വായിലിരിക്കുന്നതു കേൾക്കേണ്ടി വരുമെന്ന ബോധം ഉള്ളതോണ്ട് ആക്സിലേറ്റർ തിരിച്ചു അവൻ വേഗത്തിൽ പോയി.ചെമ്മൺ റോഡിലൂടെ ഉള്ള യാത്ര കുറേ നേരം പിന്നിട്ടിരുന്നു.

പൊടുന്നനെ മുന്നിൽ കണ്ട വളവിൽ ദേവൻ ബുള്ളറ്റ് വീശിയെടുത്തപ്പോൾ വെടി ചില്ല് പോലെ റോങ് സൈഡിലൂടെ വന്ന സൈക്കിൾ കണ്ടതും അവൻ പെട്ടെന്നു വലത്തേക്ക് വെട്ടിച്ചു.

മുടിനാരിഴ വ്യത്യാസത്തിൽ സൈക്കിളിനെ മറി കടന്നു പൊടുന്നനേ ബ്രേക്ക് പിടിച്ചതിന്റെ ആഘാതത്തിൽ ചരലിൽ ടയറുകൾ തെന്നി ബുള്ളറ്റും ദേവനും നിലത്തേക്ക് പതിച്ചു.

ദേവൻ പതിയെ ആയാസപ്പെട്ട് കൈ കുത്തി എണീറ്റു. അവനു തോളിനു ചെറിയ വേദന ഉള്ള പോലെ തോന്നി. പെട്ടെന്നാണ് സൈക്കിൾ ഓടിച്ച ആളുടെ കാര്യം അവനു ഓർമ വന്നത്.

ദേവൻ സംഭ്രമത്തോടെ എണീറ്റു സൈക്കിളിനു സമീപത്തേക്ക് ഓടി.അപ്പൊ സൈക്കിളിന്റെ അടിയിൽ പെട്ടു കിടക്കുന്ന പെൺകുട്ടിയിലേക്ക് അവന്റെ കണ്ണുകൾ പാറിയത്.

അവൾ വലിയ വായിൽ നിലവിളിക്കുന്നുണ്ടായിരുന്നു.ഒരു ബ്ലൗസും പാവാടയും ആയിരുന്നു അവളുടെ വേഷം. വേദന സഹിക്കാനാവാതെ ആ പെൺകുട്ടി കണ്ണുകൾ ഇറുക്കെ പിടിച്ചു കിടന്നു.

അവൾ വല്ലാതെ വിറയ്ക്കുന്നുണ്ടായിരുന്നു. ദേവൻ സങ്കോചത്തോടെ  അവൾക്ക് സമീപം കുത്തിയിരുന്ന് അവളുടെ ചുമലിൽ കൈകൾ വച്ചു.

"കുട്ടി കുഴപ്പം ഒന്നുമില്ലലോ അല്ലെ? "

ദേവന്റെ ശബ്ദം കേട്ടതും ആ പെൺകുട്ടി പതിയെ തലയുയർത്തി നോക്കി. അവളുടെ മുഖത്തു അസഹനീയമായ വേദന നിഴലിക്കുന്നുണ്ടായിരുന്നു.

മുഖത്തേക്ക് മുടിയിഴകൾ ഉതിർന്നു കിടന്നിരുന്നു.അവളുടെ പൂച്ച കണ്ണുകളും ചുവന്ന അധരങ്ങളും ഇരു നിറവും അവളെ ഒരുപാട് സുന്ദരിയാക്കിയിരുന്നു.

വല്ലാത്തൊരു ഐശ്വര്യം ആ മുഖത്തു തെളിഞ്ഞു നിൽക്കുന്നതായി അവനു തോന്നി. ഈ സമയം ദേവനെ കണ്ടതും ആ പെൺകുട്ടിയുടെ കണ്ണുകൾ വിടർന്നു. അവൾ ഭയ ഭക്തി ബഹുമാനത്തോടെ അവനെ നോക്കി.

"അങ്ങുന്നേ"

ആ പെൺകുട്ടി അല്പം വെപ്രാളത്തോടെ കൈ കുത്തി എണീക്കാൻ ശ്രമിച്ചു. എന്നാൽ വേദന കൊണ്ടു പുളഞ്ഞതും അവൾ ആ ശ്രമം ഉപേക്ഷിച്ചു. വയ്യായികയോടെ അവൾ ദേവനെ നോക്കി.

"അങ്ങുന്നേ അറിയാതെ വഴി തെറ്റി വന്നതാ.. എന്നോട് മാപ്പാക്കണേ "

ആ പെൺകുട്ടി അവന്റെ ക്ഷമയ്ക്കായി യാചിച്ചു. ദേവൻ അരുതാത്തതു എന്തെങ്കിലും ചെയ്യുമോ എന്ന് അവൾക്ക് നല്ല ഭയം ഉണ്ടായിരുന്നു. അവൾ അവിടെ കിടന്നു കിടികിടാ വിറച്ചുകൊണ്ടിരുന്നു.

"അയ്യോ ഇല്ല കുട്ടി അങ്ങനൊന്നും ഓർത്തു പേടിക്കണ്ട ... ഇയാൾക്ക് എന്തേലും പറ്റിയോ? "

"ഇല്ല്യ എനിക്ക് ഒന്നൂല്ല "

ആ പെൺകുട്ടി വേദന കാരണം തന്റെ കണ്ണുകൾ നിറഞ്ഞു വരാതെ

നിയന്ത്രിക്കാൻ പാടു പെട്ടു.

"ഉവ്വ ഞാൻ അതു കാണുന്നുണ്ട്. താൻ ഇപ്പൊ കരയുമല്ലോ.. വാ നമുക്ക് വൈദ്യരുടെ അടുത്തേക്ക് പോകാം "

"അയ്യോ വേണ്ട അങ്ങുന്നേ എനിക്ക് ഒന്നൂല്ല"

"ഇനി എങ്ങാനും നീ നുണ പറഞ്ഞാൽ ഞാൻ കണ്ണിൽ മുളക് തേക്കും പറഞ്ഞേക്കാം."

ദേവൻ കൃതിമ ദേഷ്യത്തോടെ അവളെ നോക്കി. അവളുടെ മാൻപേട പോലുള്ള മിഴികൾ അതുകേട്ടു ഭയക്കുന്നതും വിടരുന്നതും ചുരുങ്ങുന്നതും അനന്തുവിന്റെ ഉള്ളിലെ കാമുകനെ തൊട്ടുണർത്തി.

അവൻ അവളെ ആരാധനയോടെ നോക്കി നിന്നു. ആ പെൺകുട്ടി ആണേൽ തേവക്കാട്ട് മനയിലെ സന്തതിയുടെ മുൻപിൽ പെട്ടു പോയതിനെ പഴിച്ചുകൊണ്ടിരുന്നു.അവൾക്ക് അവരെയൊക്കെ ആകെ ഭയമായിരുന്നു.

"വാ വൈദ്യരുടെ അടുത്തേക്ക് പോകാം."

ദേവൻ പതിയെ അവളെ പിടിച്ചു എണീപ്പിച്ചു. അസഹനീയമായ വേദനയോടെ അവൾ എണീറ്റു. പതിയെ ദേവന്റെ കൈ പിടിച്ചു മുന്നിലേക്ക് നടന്നു.

ആരെങ്കിലും ഈ രംഗം കണ്ടാലുള്ള ഭവിഷ്യത്തിനെ കുറിച്ച് അവൾ ബോധവതി ആയിരുന്നു എങ്കിലും സഹായിക്കാൻ വേറെ ആരുമില്ലാത്തതിനാൽ അവൾക്ക് വേറെ നിവൃത്തിയുണ്ടായിരുന്നില്ല.ദേവൻ അവളുടെ കയ്യിൽ പിടിച്ചു നേരെ ബുള്ളറ്റിനു സമീപം എത്തി.

"എന്താ നിന്റെ പേര് ? "

അനന്തു അവളുടെ കണ്ണുകളിലേക്ക് ഉറ്റു നോക്കി.

"കല്യാണി "

ഇടർച്ചയോടെ അവൾ പറഞ്ഞു. കല്യാണി എന്ന പേര് ദേവന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. അവൻ മനസ്സിൽ ആ പേര് ഉരുവിട്ടുകൊണ്ട് നിലത്തു വീണു കിടക്കുന്ന ബുള്ളറ്റ് നേരെ പിടിച്ചു പൊന്തിച്ചു വച്ചു.എന്നിട്ട് പതുക്കെ അതിൽ കയറി അവളെ നോക്കി പുരികം ഉയർത്തി.കല്യാണി എന്താണെന്ന അർത്ഥത്തിൽ ദേവനെ വെപ്രാളത്തോടെ നോക്കി.

"ഡി വന്നു കേറാൻ"

ദേവൻ പുറകിലെ സീറ്റിലേക്ക് കൈ തട്ടി കാണിച്ചു.

"അയ്യോ അങ്ങുന്നേ ആരേലും കണ്ടാൽ പിന്നെ അതു മതി "

കല്യാണി ഭയന്ന് വിറച്ചു.

"നീ കേറുന്നോ അതോ ഞാൻ മുളക് തേക്കണോ? "

ദേവന്റെ മുഖം വലിഞ്ഞു മുറുകിയതും കല്യാണി ഭയന്നു.

"വന്നു കേറാൻ "

"അങ്ങുന്നേ എനിക്ക് ഈ കുന്ത്രാണ്ടത്തിൽ കേറാൻ അറിഞ്ഞൂടാ "

കല്യാണി നിഷ്കളങ്കതയോടെ അവനെ നോക്കി

"ഞാൻ കയറി ഇരിക്കുന്ന പോലെ അങ്ങ് ഇരുന്നാൽ മതി വേഗം "

ദേവൻ ഉള്ളിൽ ചിരിയോടെ തിടുക്കം കൂട്ടി. കല്യാണി എങ്ങനൊക്കെയോ കഷ്ട്ടപെട്ടു ബുള്ളറ്റിൽ വലിഞ്ഞു കയറി. ദേവൻ ഉള്ളിൽ ചിരിച്ചുകൊണ്ട് ബുള്ളറ്റ് നേരെ വൈദ്യരുടെ വീട് ലക്ഷ്യമാക്കി നീങ്ങി.

യാത്രയ്ക്കിടെ അപരിചിതത്വം കാരണം അവൾ ഇടക്കിടക്ക് ഇളകിക്കൊണ്ടിരുന്നതും അവൾ താഴെ വീഴുമെന്നു അവൻ ഭയപ്പെട്ടിരുന്നു. അതിനാൽ കുറഞ്ഞ വേഗതയിലാണ് ദേവൻ വണ്ടി ഓടിച്ചിരുന്നത്.

വൈദ്യരുടെ വീട്ടിലേക്ക് എത്തിയതും ദേവൻ ബുള്ളറ്റ് വീടിന്റെ മുറ്റത്തുള്ള തുളസി തറയ്ക്ക് സമീപം വണ്ടി നിർത്തി. ദേവന്റെ സഹായത്തോടെ കല്യാണി വണ്ടിയിൽ നിന്നും ഇറങ്ങി.

ബുള്ളറ്റ് ഒതുക്കി വച്ചു കല്യാണിയുടെ നേരെ തിരിഞ്ഞതും വീഴാൻ ആഞ്ഞ

അവളെ ദേവൻ താങ്ങി നിർത്തി.ദേവന്റെ കൈ അവളുടെ ഇടുപ്പിൽ പതിഞ്ഞതും കല്യാണിയിൽ അപ്പൊ സ്ത്രീ സഹജമായ ഒരു നാണം ഉടലെടുത്തു.

അവളുടെ കവിളുകൾ ചുവന്നു തുടുത്തു. വീഴ്ചയിൽ എവിടെയോ അവൾക്ക് കാൽമുട്ടിന് വേദന പറ്റിയിട്ടുണ്ടെന്ന് അവനു തോന്നി.ദേവനെ കണ്ടതും വൈദ്യൻ നാരായണ തമ്പി ബഹുമാനപൂർവ്വം എണീറ്റു വന്നു തൊഴുതു നിന്നു.

"വൈദ്യരെ ഈ കുട്ടി ഒന്നു വീണതാ പെട്ടെന്നു ഒന്നു നോക്കുമോ? "

"അതിനെന്താ കുഞ്ഞേ ഇറയത്തേക്ക് കിടത്തിക്കോളൂ "

നാരായണൻ തമ്പി ഉള്ളിലേക്ക് വിരൽ ചൂണ്ടി. ദേവൻ കല്യാണിയെ തന്റെ കൈകളിൽ കോരിയെടുത്തു. ഒരു കുഞ്ഞിനെ എടുക്കുന്ന കരുതലോടെ അവളെയും കൊണ്ടു നേരെ വീടിന്റെ ഇറയത്തേക്ക് ചെന്നു.

അവിടെ വിരിച്ചിട്ടിരുന്ന പുൽ പായയിൽ ദേവൻ കല്യാണിയെ കിടത്തി. അവൾ വേദന നിയന്ത്രണാതീതമായതിനാൽ ചുണ്ടുകൾ കടിച്ചു പിടിച്ചിരുന്നു. ഞരക്കത്തോടെ കല്യാണി നിലത്തു കിടന്നു.

ദേവൻ പരിഭ്രമത്തോടെ അവളുടെ കയ്യിൽ പിടിച്ചു അവളെ സമാധാനിപ്പിച്ചു.ദേവന്റെ നീല കണ്ണുകളിൽ വിരിയുന്ന കരുതൽ അവളുടെ വേദനയ്ക്ക് തെല്ല് ആശ്വാസം നൽകി. അവന്റെ നോട്ടത്തിന്റെ ശക്തി താങ്ങാൻ ആവാതെ അവൾ മുഖം താഴ്ത്തിയിരുന്നു.

വൈദ്യർ വിശദമായി തന്നെ കല്യാണിയെ പരിശോധിച്ചു.അവളുടെ കൈ പരിശോദിക്കുമ്പോൾ കല്യാണി വേദന കാരണം പുളഞ്ഞു . പതിയെ അവളുടെ കണ്ണുകൾ നിറഞ്ഞു ഒഴുകി.

ദേവൻ അതു കണ്ടതും ആ കണ്ണുനീർ അവന്റെ ഉള്ളിൽ കുത്തി കയറുന്ന പോലെ തോന്നി. കല്യാണി വേദന കൊണ്ടു പുളയുന്നതു അവനു കണ്ടു നിൽക്കാൻ ആയില്ല.

വലതു കൈയുടെ തള്ളവിരലിനു അസ്ഥിക്ക് ചെറിയ പൊട്ടൽ ഉണ്ടെന്നും കാലിനു വീണപ്പോൾ പറ്റിയ വേദന ആണെന്നും പെട്ടെന്നു തന്നെ മാറിക്കോളും എന്ന് വൈദ്യൻ ദേവനോട് പറഞ്ഞു.

അവൻ കല്യാണിയെ തന്നെ നോക്കി നിന്നു. അവൾ ഇതൊക്കെ കേട്ട് ചിരിക്കണോ കരയണോ എന്ന മാനസികാവസ്ഥയിൽ ആയിരുന്നു. ആവശ്യത്തിന് പച്ച മരുന്നുകളും മറ്റും എടുത്തു വൈദ്യർ കല്യാണിയുടെ തള്ള വിരലിൽ സൂക്ഷ്മതയോടെ വച്ചു കെട്ടി.10 ദിവസം കഴിഞ്ഞു വരാൻ പറഞ്ഞു അവൾക്ക് ആവശ്യമായ ഗുളികകളും വേദനയ്ക്ക് കുഴമ്പും വൈദ്യർ  പൊതിഞ്ഞു നൽകി.

"വൈദ്യരെ ഒരുപാട് നന്ദി  "

ദേവൻ അയാൾക്ക് നേരെ കൈകൾ  കൂപ്പി

"കുഞ്ഞേ ഇതെന്റെ കടമ മാത്രമാ "വൈദ്യൻ അവനെ നിരുത്സാഹപ്പെടുത്തി.

ദേവൻ ചിരിച്ചുകൊണ്ട് കല്യാണിയെ കൈകളിൽ കോരിയെടുത്ത് ബുള്ളറ്റിനു സമീപം നടന്നു. ബുള്ളെറ്റിലേക്ക് അവളെ പതിയെ ഇരുത്തിയ ശേഷം ദേവൻ മുൻപിൽ വലിഞ്ഞു കയറി ബുള്ളെറ്റ് സ്റ്റാർട്ട് ചെയ്തു.

അവിടുണ്ടായിരുന്ന ആൾക്കാർ തന്നെ നോക്കുന്നതുകണ്ട് കല്യാണിക്ക് വല്ലാത്ത വിമ്മിഷ്ടം തോന്നി. ദേവൻ കല്യാണിയുടെ കൈയിൽ പിടിച്ചു അവന്റെ വയറിൽ ചുറ്റി വച്ചു.

അവന്റെ പ്രവൃത്തിയിൽ കല്യാണി ആദ്യം ഒന്ന് അമ്പരന്നെങ്കിലും വണ്ടിയിൽ നിന്നും വീഴാതിരിക്കാൻ വേറെ വഴിയില്ലെന്ന് അവൾക്ക് മനസ്സിലായി.

വൈദ്യരെ നോക്കി തലയാട്ടിയ ശേഷം ദേവൻ വണ്ടി വീടിനു പുറത്തേക്ക് എടുത്തു. കല്യാണിയോട് അവളുടെ വീട്ടിലേക്കുള്ള വഴി ചോദിച്ചു ദേവൻ സാവധാനത്തിൽ വണ്ടി ഓടിച്ചു.

കുറച്ചു സമയത്തെ യാത്രയ്ക്ക് ശേഷം ദേശം ഗ്രാമത്തിന്റെ അതിർത്തിയിലേക്ക് അവർ എത്തി ചേർന്നു. അവിടെ ഒരു പാടത്തിനു അക്കരെയുള്ള സ്ഥലത്തേക്ക് കല്യാണി കൈ ചൂണ്ടി കാണിച്ചു.

ദേവൻ അങ്ങോട്ടേക്ക് നോക്കി. അവിടെ ഓല മേഞ്ഞ 4 കൂരകൾ അവനു കാണാൻ പറ്റി.ഒരുപക്ഷെ ഈ പാടത്തു പണിയെടുത്തു ജീവിക്കുന്നവർ ആവും ഇവരെന്ന് ദേവൻ കണക്ക് കൂട്ടി. ബുള്ളറ്റിൽ നിന്നും ഇറങ്ങി ദേവൻ കല്യാണിയെ

പിടിക്കാനാഞ്ഞു.

"അയ്യോ അങ്ങുന്നേ വേണ്ട ഞാൻ നടന്നോളാം"

"ആ കണക്കായി ഈ വയ്യായ്കയും വച്ചോ "

"അതേ ഞാൻ നടന്നോളാം  "

അവൾ വല്ലാതെ ഭയപെടുന്നതായി അവനു തോന്നി. ആ പൂച്ച കണ്ണുകളിൽ ഒരു തരം ഭയം വന്നു നിറയുന്നതായി ദേവന് തോന്നി. തല്ക്കാലം മറ്റൊന്നും ചിന്തിക്കാതെ ദേവൻ അവളെ കോരിയെടുത്തു.

പതിയെ റോഡിൽ നിന്നും പാടത്തേക്ക് ഇറങ്ങി പാട വരമ്പിലൂടെ അവളെയും താങ്ങിക്കൊണ്ട് ദേവൻ നടന്നു. കല്യാണി അവന്റെ നെഞ്ചിൽ ഒരു കുഞ്ഞിനെപ്പോലെ പറ്റിച്ചേർന്നു കിടന്നു.

ദേവൻ ശ്രദ്ധയോടെ നടന്നു പാട വരമ്പ് കഴിഞ്ഞതും മുകളിലേക്കുള്ള നടകൾ പതിയെ കേറിക്കൊണ്ടിരുന്നതും അവിടുണ്ടായിരുന്ന ജോലിക്കാർ ദേവനെ കണ്ട് ബഹുമാനത്തോടെ ഓടി വന്നു.

എന്നാൽ അതിൽ നിന്നും പ്രായമായ ഒരു അച്ഛനും അമ്മയും വെപ്രാളത്തോടെ അവനു സമീപം ഓടി വന്നു. ദേവൻ കല്യാണിയെ നോക്കികൊണ്ട് അവർക്ക് നേരെ തിരിഞ്ഞു.

"അങ്ങുന്നേ ഞങ്ങടെ കുഞ്ഞിന് എന്താ പറ്റിയേ"

കല്യാണിയുടെ അച്ഛൻ തലയിൽ കെട്ടിയിരുന്ന തോർത്ത് കയ്യിൽ പിടിച്ചു കൈകൾ കൂപ്പി നിന്നു.അമ്മ പരിഭ്രമത്തോടെ കൈകൾ കൂപ്പിക്കൊണ്ട് കല്യാണിയേയും ദേവനെയും മാറി മാറി നോക്കി.

"ഹേയ് പേടിക്കാനൊന്നുമില്ല ഒന്നു വീണതാ.. വൈദ്യരെ കാണിച്ചു. വിരലിനു പൊട്ടൽ ഉണ്ടെന്നു പറഞ്ഞു മരുന്ന് തന്നിട്ടുണ്ട്. "

"ആണോ അങ്ങുന്നേ കുഞ്ഞിനെ ഞാൻ പിടിച്ചോളാം ഇങ്ങു തന്നേക്കൂ അങ്ങുന്ന് ബുദ്ധിമുട്ട് ആവൂലെ? "

"ഇല്ലാന്നേ ഇത് എന്റെ കടമയല്ലേ അതു സാരുല്ല.. കല്യാണിയെ എവിടെയാ ഇരുത്തണ്ടേ"

കല്യാണിയുടെ അച്ഛൻ വീടിന്റെ വരാന്തയിലേക്ക്  ചൂണ്ടി കാണിച്ചു. ചാണകം കൊണ്ടു മെഴുകിയ മുറ്റവും വരാന്തയും വളരെ മനോഹരമായി സൂക്ഷിച്ചു വച്ചിരിക്കുന്നു.

അവൻ വരാന്തയിലേക്ക് നടന്നു വന്നു പതിയെ കല്യാണിയെ അവിടെ ഇരുത്തി. കല്യാണി ആശ്വാസത്തോടെ അവളുടെ അച്ഛനെയും അമ്മയെയും നോക്കി. നന്ദി സൂചകമായി ദേവനെയും ഉറ്റു നോക്കി.

"ഇപ്പൊ വേദന കുറവുണ്ടോ കല്യാണി. "

"കുറച്ചു കുറവുണ്ട്. "

"ഞാൻ പിന്നെ വരാട്ടോ. "

ദേവൻ പോകാനായി  ഇറങ്ങി.

"അങ്ങുന്നേ ഇവിടം വരെ വന്നിട്ട് ഒന്നും കുടിക്കാതെ പോകല്ലേ. ഞങ്ങൾ കുടിക്കാൻ എന്തേലും തന്നാൽ അങ്ങുന്ന് കുടിക്കുമോ? "

അയാൾ വിനയത്തോടെ ചോദിച്ചു.

"അയ്യോ അതിനെന്താ... എനിക്ക് കുഴപ്പം ഒന്നുമില്ലട്ടോ ഇവിടുന്ന് വെള്ളം കുടിക്കുന്നതിൽ.. നമ്മൾ എല്ലാരും ഒരുപോലെ തന്നല്ലേ.. ഇപ്പൊ ഒരു നൂല് കെട്ടിന് പോകാൻ ഉണ്ട്. അത്കൊണ്ട് തീരെ സമയമില്ല. പിന്നെ ഒരിക്കൽ ആവാം. "

ദേവൻ അവന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തി.

"സാരുല്ല അങ്ങുന്നേ ഞങ്ങൾക്ക് സന്തോഷമേ ഉള്ളൂ. എന്റെ കുഞ്ഞിനെ നോക്കിയതിനു വല്യ ഉപകാരം "

കല്യാണിയുടെ അച്ഛന്റെ കണ്ണുകളിൽ വല്ലാത്തൊരു ഉപകാര സ്മരണ നിറഞ്ഞു നിൽക്കുന്നതായി അവനു തോന്നി.

"അയ്യോ അതോക്കെ എന്റെ കടമയല്ലേ.. കല്യാണിയെ നല്ലോണം നോക്കുക.

ഇടക്ക് ഞാൻ വന്നു അന്വേഷിക്കാം "

ദേവൻ അയാളുടെ ചുമലിൽ തട്ടി അയാളെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു.
പോകാൻ നേരം ദേവൻ കല്യാണിയെ തിരിഞ്ഞു നോക്കി. അവളുടെ അമ്മ അവളുടെ കൈകളിൽ പതിയെ തലോടി അവളെ സമാധാനിപ്പിക്കുന്നതാണ് അവൻ കണ്ടത്.

ആ പൂച്ച കണ്ണുകൾ തന്നെ കണ്ടു എന്ന് ഉറപ്പ് വരുത്തിയതും ദേവൻ പതിയെ പിന്തിരിഞ്ഞു നടന്നു. പാടവരമ്പിലൂടെ നടന്നു വരുമ്പോഴും ദേവന്റെ മനസ്സ് ഒരു ചിത്ര ശലഭത്തെ പോലെ അവനു പിടി കൊടുക്കാതെ പാറി നടക്കുകയായിരുന്നു.

ആ പൂച്ചക്കണ്ണുകൾ തന്നെയായിരുന്നു അവന്റെ മനസ്സ് നിറയെ.. കഷ്ടപ്പെട്ട് നടന്നു അവൻ ബുള്ളറ്റിനു സമീപം എത്തി. എന്തോ അവളിൽ നിന്നും വിട്ടു പോരാൻ അവന്റെ മനസ്സ് അനുവദിക്കുന്നുണ്ടായിരുന്നില്ല.

ഒരു ദീർഘ നിശ്വാസം വിട്ടു അവൻ ബുള്ളറ്റിൽ കയറി രഘുവേട്ടന്റെ വീട് ലക്ഷ്യമാക്കി കുതിച്ചു പാഞ്ഞു.

ദേവന്റെചുണ്ടുകൾ ഒരു പേര് മാത്രം മന്ത്രിച്ചുകൊണ്ടിരുന്നു..

"കല്യാണി.... കല്യാണി "

¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥

അനന്തു വായിച്ചുകൊണ്ടിരുന്ന ഡയറി പതുക്കെ മടക്കി വച്ചു. അവൻ ആകെ ഒരു ഉന്മാദാവസ്ഥയിൽ ആയിരുന്നു.ഡയറിയിൽ ദേവൻ അമ്മാവൻ എഴുതിയ എല്ലാ കാര്യങ്ങളും നേരിട്ട് കണ്ട പ്രതീതി ആയിരുന്നു അവന്.

കുറച്ചു നേരം ദേവനെയും കല്യാണിയേയും കുറിച്ച് തന്നെ ആയിരുന്നു അവന്റെ ചിന്ത. പതിയെ ഉറക്കം അവന്റെ കണ്ണുകളിൽ ഘനീഭവിച്ചു തുടങ്ങിയപ്പോൾ അനന്തു ഡയറി തന്റെ നെഞ്ചോടു ചേർത്തു വച്ചു പതിയെ ഉറക്കത്തിലേക്ക് വഴുതി വീണു.

ഡയറിയുടെ സ്പർശനം അറിഞ്ഞ അവന്റെ ഹൃദയം അനന്തു ഉറങ്ങുമ്പോഴും ദ്രുത ഗതിയിൽ മിടിച്ചുകൊണ്ടിരിക്കുകയായിരുന്നു.

രാവിലെ എണീറ്റ അനന്തു ഭക്ഷണമൊക്കെ കഴിച്ച ശേഷം ഒരു ട്രാക്ക് സ്യൂട്ടും ടി ഷർട്ടും വലിച്ചു കേറ്റി ചാവിയും എടുത്തു ശിവ കാണാതെ മനയുടെ പുറത്തേക്കിറങ്ങി.

അവളെ കൂട്ടാതെ ഇന്ന് ഒറ്റക്ക് ദേശം ഗ്രാമം മൊത്തം കറങ്ങാനായിരുന്നു അനന്തുവിന്റെ തീരുമാനം. ശിവ കണ്ടാൽ കൂടെ വരാൻ വാശി പിടിക്കുമെന്നതിനാൽ ഒറ്റയ്ക്ക് പോകാൻ ആയിരുന്നു അവന്റെ ഉദ്ദേശം. പൂമുഖത്തു ഇരിക്കുകയായിരുന്ന മുത്തശ്ശിയുടെ കവിളിൽ അവൻ അമർത്തി ചുംബിച്ചു.

"മുത്തശ്ശി പോയിട്ട് വരാം "

"പോയിട്ട് വാ ദേവാ അധികം വൈകല്ലേട്ടോ"

കാർത്യായനി അനന്തുവിന്റെ കവിളിൽ പതിയെ തലോടി.

"ശരി മുത്തശ്ശി."

അനന്തു ചാടിയിറങ്ങി ബുള്ളറ്റിൽ കയറി നാൽ കവല ലക്ഷ്യമാക്കി നീങ്ങി. അല്പ സമയത്തെ യാത്രയ്ക്ക് ശേഷം അവൻ ഗ്രാമത്തിന്റെ കവലയിൽ എത്തി.

അവിടുത്തെ ആൾക്കാരുടെ തിരക്കും കച്ചവട സ്ഥാപനങ്ങളും വണ്ടികളും മറ്റും കണ്ട് ആസ്വദിച്ചു അനന്തു ബുള്ളറ്റ് നേരെ പുതിയെ ദിശയിലൂടെ പറപ്പിച്ചു.

റോഡിനു ഇരു വശവും പറന്നു കിടക്കുന്ന നെൽപ്പാടങ്ങളും പണിക്ക് പോകുന്ന സ്ത്രീ പുരുഷന്മാരും പച്ചപ്പും മരങ്ങളും പൂക്കളും ചെടികളും എല്ലാം കണ്ട് ആനന്ദത്തോടെ അവൻ വണ്ടി ഓടിച്ചു. ഇതൊക്കെ തനിക്ക് പുതിയ അനുഭവമാണെന്ന് അനന്തു പുളകത്തോടെ ഓർത്തു.

ബുള്ളറ്റിൽ പോകുമ്പോൾ പോലും മുഖത്തു വന്നടിക്കുന്ന കാറ്റിനു പോലും നേർത്ത ഒരു സുഖവും സൗരഭ്യവും ഉണ്ടെന്നു അവനു തോന്നി. അങ്ങനെ ഓരോന്നോക്കെ ആലോചിച്ചുകൊണ്ട് റോഡിലൂടെ ഇടക്കിടക്ക് വരുന്ന ജീപ്പുകൾക്കും മറ്റു വണ്ടികൾക്കും സൈഡ് കൊടുത്തു അവൻ മുന്നോട്ടേക്ക്

പോയിക്കൊണ്ടിരുന്നു.

ഏത് ദിശയിലേക്കാണ് പോകുന്നതെന്ന് അറിയില്ലെങ്കിലും റോഡ് ഉള്ളതുവരെ പോകാമെന്നു അനന്തു നിശ്ചയിച്ചു. അങ്ങനെ ഒരു വളവ് വീശിയെടുക്കുന്ന നേരത്ത് പെട്ടെന്നു അനന്തുവിന്റെ കാതിൽ ഒരു തണുപ്പ് തോന്നി. ഒപ്പം ഒരു അശരീരിയും.
.
.
"കല്യാണി "
.
.
അതു കേട്ടതും അനന്തുവിന്റെ ഉള്ളിലൂടെ ഒരു മിന്നൽപിണർ പാഞ്ഞു. തലയിലേക്കുള്ള രക്തയോട്ടം വർധിച്ചു. അവന്റെ കണ്ണുകൾ കലങ്ങി മറിഞ്ഞു മുന്നിലുള്ള കാഴ്ചയെ തടസ്സപ്പെടുത്തി.

തല പൊട്ടിപുളയുന്ന തരത്തിലുള്ള വേദന അവനെ നിസ്സാഹായനാക്കി. കണ്ണുകളിൽ ഇരുൾ വ്യാപിച്ചതും അനന്തു പൊടുന്നനെ കണ്ണുകൾ ചിമ്മി ചിമ്മി തുറന്നതും എന്തിലോ പോയി ബുള്ളറ്റ് ഇടിക്കുന്നത് മാത്രം അവൻ അവ്യക്തമായി കണ്ടു.

പടക്കം പൊട്ടുന്ന ശബ്‌ദത്തോടെ നിലത്തേക്ക് ഉരുണ്ടു വീണ അനന്തു സംയമനം വീണ്ടെടുത്ത് തന്റെ കണ്ണുകൾ തിരുമ്മി നോക്കി. ഇപ്പൊ അവനു എല്ലാം കാണുന്നുണ്ടായിരുന്നു.

സമാധാനത്തോടെ അവൻ ആയാസ്സപ്പെട്ടു എണീറ്റു. പുറകിലെന്തോ ഞരക്കം കേട്ട് അവൻ തിരിഞ്ഞു നോക്കിയതും സൈക്കിളിന്റെ അടിയിൽ ഒരാൾ കിടന്നു പുളയുന്നത് അവന്റെ ശ്രദ്ധയിൽ പെട്ടു.

താൻ ബോധമില്ലാതെ വണ്ടി ഓടിച്ചു അവരെ ഇടിച്ചിട്ടതാണെന്ന ചിന്ത അവന്റെ ബോധമണ്ഡലത്തിലേക്ക് എത്തിയതും ഉള്ളിൽ നുരഞ്ഞു പൊന്തുന്ന ഭയത്തോടെ അവൻ അങ്ങോട്ടേക്ക് ഓടി.

ഓടിപിടിച്ചു വന്നു നോക്കിയപ്പോൾ അവൻ കണ്ടത് ഒരു പെൺകുട്ടി സൈക്കിളിന്റെ അടിയിൽ കിടക്കുന്നതായിരുന്നു.അനന്തു വിറയലോടെ മുന്നോട്ട് ആഞ്ഞു സൈക്കിൾ എടുത്തു മാറ്റിയ ശേഷം ആ പെൺകുട്ടിക്ക് നേരെ നിലത്തു കുത്തിയിരുന്നു.

"കുട്ടി കുഴപ്പം ഒന്നുമില്ലലോ അല്ലെ? "

അനന്തുവിന്റെ ചോദ്യം കേട്ടതും ആ പെൺകുട്ടി അവനു നേരെ തലയുയർത്തി നോക്കി. അനന്തുവിന്റെ കണ്ണുകൾ ആദ്യമേ പതിഞ്ഞത് അവളുടെ പൂച്ചക്കണ്ണുകളിൽ ആയിരുന്നു.

മുഖത്തേക്ക് ഉതിർന്നു കിടക്കുന്ന മുടിയിഴകളും ചുവന്ന അധരങ്ങളും മൂക്കുത്തിയും ഇരു നിറവും അവളുടെ അഴക് കൂട്ടിയിരുന്നു. അവളുടെ മുഖത്തു നിറഞ്ഞു നിൽക്കുന്ന ഐശ്വര്യം കണ്ട് അനന്തു സ്‌തബ്‌ധനായി നിന്നു.

ഒരു ചുരിദാർ ആയിരുന്നു അവളുടെ വേഷം. അവൾ വേദന തുളുമ്പുന്ന മുഖത്തോടെ നിലത്തു കൈ കുത്തി ആയാസ്സപ്പെട്ടു എണീക്കാൻ ശ്രമിച്ചു. എന്നാൽ കഠിനമായ വേദന കാരണം അവൾ കുഴഞ്ഞു വീണു.

"എവിടെ നോക്കിയാടോ കോപ്പേ വണ്ടി ഓടിക്കുന്നേ? കണ്ണുപൊട്ടൻ ആണോ താൻ? എന്റെ കൈ ഒടിഞ്ഞു. "

അവൾ രോഷത്തോടെ അനന്തുവിന് നേരെ ചീറി.

അനന്തുവിന്റെ മുഖം കണ്ടതും അവളിൽ ഒരു ഞെട്ടലുണ്ടായി. അവളുടെ കണ്ണുകൾ വിടർന്നു. അധരങ്ങൾ വിറ കൊണ്ടു.

"സോറി കുട്ടി ഞാൻ അറിയാതെ റോങ് സൈഡിൽ വന്നുപോയതാ ക്ഷമിക്കണം."

അനന്തു നിസ്സഹായതോടെ പറഞ്ഞു.

"എന്നെ എടുത്തു ആശുപത്രിയിൽ കൊണ്ടു പോകഡോ "

സംയമനം എടുത്തു ആ പെൺകുട്ടി അവിടെ കിടന്നു നിലവിളിക്കാൻ തുടങ്ങി. അനന്തു ആകെ വെപ്രാളത്തോടെ അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

"സാരുല്ല കുട്ടി ഞാൻ ആശുപത്രിയിൽ കൊണ്ടു പോകാം "

"തന്റെ മടിയിൽ ഇരുത്തിയാണോ എനിക്ക് കുട്ടി എന്ന് പേരിട്ടത് "

അവൾ കലിപ്പോടെ ചോദിച്ചു.

ഇത് വല്ലാത്ത കുരിശായല്ലോ അനന്തു ആത്മഗതം പറഞ്ഞു അവളെ നോക്കി.

"ഞാൻ എന്താ പിന്നെ വിളിക്കണ്ടേ? "

"എന്നെ അരുണിമ എന്ന് വിളിച്ചാൽ മതി. "

"ശരി ശരി എന്നാൽ ഞാൻ അരുണിമയെ ആശുപത്രിയിൽ കൊണ്ടു പോകട്ടെ? ""

"വേഗം കൊണ്ടു പോകഡാ കാലമാടാ എനിക്ക് വേദന സഹിക്കാൻ പറ്റുന്നില്ല "

കൈ നെഞ്ചിലേക്ക് ചേർത്തു വച്ചു അരുണിമ വേദന കൊണ്ടു പുളഞ്ഞു. അനന്തു വേഗം ഫോൺ എടുത്തു മുത്തശ്ശനെ വിളിച്ചു.

എന്നാൽ മുത്തശ്ശൻ ബിസി ആയതിനാൽ ബലരാമൻ അമ്മാവന്റെ നമ്പറിലേക്ക് ഡയൽ ചെയ്തു.
ഒറ്റ റിങ്ങിനു തന്നെ അദ്ദേഹം കാൾ എടുത്തു.

"അനന്തൂട്ടാ പറയ് "

"അമ്മാവാ ഞാൻ ഒരു പ്രശ്നത്തിൽ പെട്ടിരിക്കുവാ സഹായിക്കണം"

അനന്തു അപേക്ഷയുടെ സ്വരത്തിൽ കേണു.

"അയ്യോ മോനെ എന്താ പറ്റിയേ? നീ പേടിക്കാതെ പറ... അമ്മാവനില്ലേ കൂടെ "

ബലരാമന്റെ ശബ്ദം ഉച്ചത്തിലായി.

"അമ്മാവാ ഞാൻ വരുന്ന വഴിക്ക് ഒരു ആക്സിഡന്റ് ഉണ്ടായി. ഒരു പെൺകുട്ടിടെ സൈക്കിളുമായ കൂട്ടിയിടിച്ചേ. പുറമെ വല്യ മുറിവുകൾ ഒന്നുമില്ല, പക്ഷെ അവൾ വേദന കാരണം കിടന്നു നിലവിളിക്കുവാ.എനിക്ക് ആണേൽ വിറച്ചിട്ട് ഒന്നും ചെയ്യാൻ പറ്റുന്നില്ല. "

"അനന്തു നിനക്ക് കുഴപ്പമില്ലല്ലോ? നീ ok അല്ലേ?

ബലരാമൻ ഇടർച്ചയോടെ ചോദിച്ചു. മറു തലയ്ക്കൽ അദ്ദേഹം വല്ലാതെ ടെൻഷൻ അടിച്ചതായി അനന്തുവിന് മനസ്സിലായി.

"ഇല്ല അമ്മാവാ എനിക്ക് കുഴപ്പം ഒന്നുമില്ല"

"അനന്തു നീ പേടിക്കണ്ട നമ്മുടെ ഗ്രാമത്തിന്റെ അതിർത്തിയിൽ ടൗണിലേക്കുള്ള റോഡ് സൈഡിൽ ഒരു ഹോസ്പിറ്റൽ ഉണ്ട്. നമ്മുടെ തന്നെയാ. ദേവൻ മെമ്മോറിയൽ ഹോസ്പിറ്റൽ. മോൻ അങ്ങോട്ടേക്ക് ആ കുട്ടിയേയും കൊണ്ടു വാ."

ബലരാമൻ സമാധാനത്തോടെ പറഞ്ഞു

"ശരി അമ്മാവാ "

"നിങ്ങൾ എങ്ങനെ വരും ബുള്ളറ്റ് ഓടിക്കാൻ പറ്റുമോ? വേറെ വണ്ടി വിടണോ? "

"കുഴപ്പമില്ല അമ്മാവാ ഞങ്ങൾ ബുള്ളറ്റിൽ വന്നോളാം. ഇനി ആ കുട്ടി സമ്മതിച്ചില്ലേൽ വേറെ വണ്ടി വിട്ടാൽ മതി. "

"ശരി അനന്തു ഞാൻ ഹോസ്പിറ്റലിൽ വിളിച്ചു പറഞ്ഞേക്കാം. ഞാൻ ഉടനെ അങ്ങോട്ടേക്ക് എത്താം. "

"ശരി അമ്മാവാ"

അനന്തു ഫോൺ കാൾ കട്ട് ആക്കി തിരിഞ്ഞു നോക്കി. ഈ സമയം നിലത്തു കിടന്നിരുന്ന അരുണിമ ഭദ്രകാളിയെ പോലെ അവനോട് ഉറഞ്ഞു തുള്ളി.

"ഞാൻ ഇവിടെ വയ്യാണ്ടായി കിടക്കുമ്പോൾ താൻ ഫോണിൽ സൊള്ളിക്കൊണ്ടിരിക്കുവാണല്ലേ? "

"അയ്യോ അല്ല കുട്ടി എനിക്ക് ഇവിടുത്തെ സ്ഥലം ശരിക്കും അറിഞ്ഞൂടാ. അപ്പൊ ഹോസ്പിറ്റലിലേക്കുള്ള വഴി ചോദിച്ചതാ "

"ഓഹോ അപ്പൊ വരത്തൻ ആണല്ലേ ശരി ശരി. ഏത് ഹോസ്പിറ്റലിലേക്ക് ആണ് എന്നെ കൊണ്ടു പോകുന്നേ? "

"ദേവൻ മെമ്മോറിയൽ ഹോസ്പിറ്റലിലേക്ക് "

"ഹാ തനിക് വഴി അറിയുമോ "

"മ്ച്ചും "

അനന്തു ചുമൽ കൂച്ചി.

ഇമ്മാതിരി ഒരു പൊട്ടൻ ആണല്ലോ ദൈവമേ ഇത് അവൾ ആത്മഗതം പറഞ്ഞു.

"ശരി ഞാൻ വഴി പറഞ്ഞു തരാം."

"ആയ്കോട്ടെ "

അനന്തു സന്തോഷത്തോടെ അരുണിമയുടെ  സമീപം വന്നു നിന്നു.അവൾ അവനു നേരെ കൈ നീട്ടി. അനന്തു അവളുടെ കൈ പിടിച്ചു പതിയെ സഹായിച്ചു.

അരുണിമ ആയാസത്തോടെ പതുക്കെ എണീറ്റു. ബുള്ളെറ്റിലേക്ക് നടക്കുമ്പോഴും അവൾ വേദന കൊണ്ടു പുളയുകയിരുന്നു. ചെറിയ മുടന്തും ഉണ്ടായിരുന്നു.

അനന്തു നിലത്തു കിടക്കുന്ന ബുള്ളറ്റ് എടുത്തു ഉയർത്തി നേരെ വച്ചു.

"ഈ കുന്ത്രാണ്ടത്തിൽ ആണോ ഞാൻ കേറണ്ടേ? "

അരുണിമ  ചോദ്യ ഭാവേന അവനെ മുഖം തിരിച്ചു നോക്കി. അനന്തു അതേയെന്ന അർത്ഥത്തിൽ തലയാട്ടി.

"എന്തേലും ആവട്ടെ"

അരുണിമ പിറു പിറുത്തുകൊണ്ട് വേദനയുള്ള കൈ നെഞ്ചിലേക്ക് ചേർത്തു വച്ചു അനന്തുവിന്റെ സഹായത്തോടെ ബുള്ളറ്റിൽ ഇരുന്നു.

അനന്തു ആയാസ്സപ്പെട്ടു ബുള്ളറ്റിൽ കയറി വണ്ടി സ്റ്റാർട്ട്‌ ആക്കിവന്ന വഴിയേ തിരിച്ചു പോയി. അരുണിമ കാണിച്ചു കൊടുത്ത വഴിയിലൂടെ അവൻ ബൈക്ക് സാവധാനം ഓടിച്ചുകൊണ്ടിരുന്നു.

കുറേ സമയത്തെ യാത്രയ്ക്ക് ശേഷം ശേഷം അവർ ദേവൻ മെമ്മോറിയൽ ഹോസ്പിറ്റലിന് മുൻപിൽ എത്തി. അനന്തു ബുള്ളറ്റ് ഒതുക്കി വച്ചു വണ്ടിയിൽ നിന്നുമിറങ്ങി.

പതിയെ അരുണിമയുടെ കൈ പിടിച്ചു ഇറങ്ങാൻ സാഹായിച്ചു. ആ സമയം ഒരു അറ്റൻഡർ അവരെ കണ്ട് അങ്ങോട്ടേക്ക് ഓടി വന്നു.

"ചേട്ടാ ഒരു സ്ട്രെച്ചർ എടുത്തു വരുമോ വയ്യാത്ത കുട്ടിയാ "

അനന്തു വെപ്രാളത്തോടെ ചോദിച്ചു.

"ഹേയ് സ്ട്രെച്ചർ ഒന്നും വേണ്ട ഞാൻ നടന്നോളാം"

അരുണിമ അനന്തുവിന്റെ കൈ വിട്ടു മുന്നോട്ടേക്ക് നടക്കാനാഞ്ഞു. എന്നാൽ മുട്ടു വേദന കാരണം പെട്ടെന്നു അവൾ മുന്നോട്ടേക്ക് വീഴാനാഞ്ഞതും അനന്തു അവളെ ചേർത്തു പിടിച്ചു.

അനന്തുവിന്റെ കരസ്പർശം അവളുടെ ഇടുപ്പിൽ പതിഞ്ഞതും അരുണിമയിൽ സ്ത്രീ സഹജമായ ഒരു നാണം ഉടലെടുത്തു.അവൾക്ക് വല്ലാത്ത ഒരു അനുഭൂതി തോന്നി.

എങ്കിലും കൃതിമ ഗൗരവത്തോടെ അവൾ അനന്തുവിനെ തുറിച്ചു നോക്കി. അനന്തു ദയനീയതയോടെ അവളെ നോക്കി. എന്നിട്ട് അറ്റൻഡർക്ക് നേരെ മുഖം വെട്ടിച്ചു.

"എങ്കിൽ ഒരു വീൽ ചെയർ എടുത്തിട്ട് വാ ചേട്ടാ. "

അനന്തു ഗത്യന്തരമില്ലാതെ അയാളെ നോക്കി.

"വീൽ ചെയർ വേറൊരു രോഗിയെ കൊണ്ടു വരാൻ കൊണ്ടു പോയിരിക്കുവാ. ഒരു അര മണിക്കൂർ കഴിയും."

അതു കേട്ടതും അരുണിമയും അനന്തുവും പരസ്പരം മുഖത്തോടെ മുഖം നോക്കി. അനന്തു വേറൊന്നും ചിന്തിക്കാതെ അവളെ കൈകളിൽ കോരിയെടുത്തു.

അവളുടെ പൂരപ്പാട്ട് കേൾക്കുമെന്ന് ഉറപ്പുള്ളതിനാൽ അറ്റെൻഡറെ നോക്കി അവൻ യാചിച്ചു.

"പെട്ടെന്നു കാഷ്വാലിറ്റിയിലേക്കുള്ള വഴി പറ ചേട്ടാ "

"എന്റെ കൂടെ വന്നോ "

അറ്റൻഡർ അവർക്ക് മുൻപിൽ വഴികാട്ടിയായി.

അനന്തു അരുണിമയെ നോക്കാതെ മുന്നോട്ട് നോക്കി നടന്നു. ചമ്മലോടെ അരുണിമ അവന്റെ നെഞ്ചിൽ ഒരു കുഞ്ഞിനെ പോലെ പറ്റി പിടിച്ചു കിടന്നു.

അനന്തുവിന്റെ നെഞ്ചിലെ ചൂടും ഹൃദയ മിടിപ്പും വിയർപ്പിന്റെ മണവും തനിക്ക് മുൻ പരിചയമുള്ളപോലെ അരുണിമയ്ക്ക് തോന്നിപോയി.അവൾ ആകെ അമ്പരപ്പോടെ അവന്റെ മുഖത്ത് കണ്ണു നട്ടിരുന്നു.

അനന്തു ഒരു കുഞ്ഞിനെ പോലെ അവളെ ഡോക്ടറുടെ മുറിയിലേക്ക് കൊണ്ടു പോയി. ഡോക്ടറിന്റെ കൺസൾട്ടിങ് റൂമിലേ ബെഡിൽ അനന്തു അരുണിമയെ കിടത്തി.

"ബലരാമൻ സാർ ഇപ്പൊ വിളിച്ചു പറഞ്ഞിരുന്നു. ഞാൻ കാത്തിരിക്കുവായിരുന്നു."

ഡോക്ടർ അനന്തുവിനെ നോക്കി പറഞ്ഞു. അവൻ മറുപടിയായി ഒന്നു പുഞ്ചിരിച്ചു.ഡോക്ടർ അരുണിമയെ വിശദമായി പരിശോദിച്ചു.

കൈയുടെ എക്സ് റേ എടുക്കാൻ നിർദ്ദേശിച്ചു. എക്സ് റേ എടുക്കാനായി അവൾ പോയപ്പോൾ വഴിയിൽ വച്ചു ഉണ്ടായ സംഭവങ്ങൾ അനന്തു ഒന്നിട വിടാതെ ഡോക്ടറിനോട് പറഞ്ഞു.

അവൾ തിരികെ വരുന്നവരെ അവർ അതിനെ കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നു.അരുണിമ നഴ്സിന്റെ കൂടെ വന്നു കഴിഞ്ഞതും എക്സ് റേ ഒക്കെ എടുത്തു ഡോക്ടർ സൂക്ഷ്മമായി പരിശോധിച്ചു.

"തള്ള വിരലിലെ എല്ലിന് ഫ്രാക്ചർ ഉണ്ട്. ചെറുതായിട്ട്. കാൽ മുട്ടിന്റെ വേദന വീഴ്ചയിൽ പറ്റിയതാ. ഓയിന്റ്മെന്റ് തരാം അതു പുരട്ടിയാൽ മതിട്ടോ. വേറെ കുഴപ്പം ഒന്നുമില്ലാ"

ഡോക്ടർ അരുണിമയെ ആശ്വസിപ്പിക്കുവാനായി പറഞ്ഞു.

ഡോക്ടർ മറ്റൊരു നഴ്സിന്റെ കൂടെ ഉള്ളിലുള്ള മുറിയിലേക്ക് കയറി പോയി.

റൂമിലെ ബെഡിൽ അമർന്നിരുന്ന അരുണിമ കോപത്തോടെ അവനെ നോക്കി. അനന്തു ദുഖത്തോടെ തല താഴ്ത്തി. താൻ കാരണം ഒരാൾക്ക് അപകടം പറ്റിയെന്നു ചിന്ത അവന്റെ മനസ്സിനെ കുത്തി നോവിച്ചു.

അരുണിമ അവനെ തലയാട്ടി വിളിച്ചപ്പോൾ അനന്തു അവളുടെ അടുത്തേക്ക് വന്നു നിന്നു.

"എന്റെ കയ്യിൽ നയാ പൈസ ഇല്ല... താൻ തന്നെ കൊടുത്തോണം "

അരുണിമ മുഖം വീർപ്പിച്ചു പറഞ്ഞു.

"ഞാൻ കൊടുത്തോളാം കുഴപ്പമില്ല "

അനന്തു അവളെ സമാധാനിപ്പിളിക്കുവാനായി പറഞ്ഞു.

"എങ്കിൽ തനിക്ക് കൊള്ളാം. അപ്പൊ എന്റെ സൈക്കിളോ.. അതാര് ശരിയാക്കും അതു തവിടു പൊടിയായില്ലേ? "

അരുണിമ പുലമ്പിക്കൊണ്ടിരുന്നു.

"അതും ഞാൻ തന്നെ ശരിയാക്കിക്കോളാം "

"താൻ തന്നെ ശരിയാക്കണം. തന്റെ ഉത്തരവാദിത്തമാ... നിങ്ങൾ അല്ലെ എന്നെ വന്നു ഇടിച്ചത്... എന്റെ എല്ലാ ചിലവും തന്നില്ലെങ്കിൽ ഞാൻ കേസ് കൊടുക്കും.പറഞ്ഞില്ലാന്നു വേണ്ട "

അരുണിമ അനന്തുവിനെ ഭീഷണിപ്പെടുത്തി.

"ഞാൻ കൊടുത്തോളം അരുണിമ കേസ് ഒന്നും കൊടുക്കണ്ട "

അനന്തുവിന്റെ മറുപടി കേട്ടതും അരുണിമ ഉള്ളിൽ ഊറി ചിരിച്ചു. വേദനയുള്ള കൈ അവൾ മടിയിൽ താങ്ങ് പോലെ വച്ചു. റൂമിൽ നിന്നു ഇറങ്ങിയ ഡോക്ടറും കയ്യിൽ എന്തൊക്കെയോ പിടിച്ചു നഴ്സും പുറത്തേക്കിറങ്ങി.

ഡോക്ടർ വന്നു അവളുടെ വിരലിൽ തൊട്ട് നോക്കിയപ്പോൾ അരുണിമ വേദന കാരണം ചുണ്ടുകൾ കടിച്ചു പിടിച്ചു. കണ്ണുകൾ ചിമ്മിക്കൊണ്ടിരുന്നു.അനന്തുവിന് അതു കണ്ടതും വല്ലാത്തൊരു സങ്കടം മനസ്സിൽ ഉടലെടുത്തു.

അരുണിമ വേദനിക്കുന്നത് കാണാൻ അവനു ത്രാണിയില്ലാത്ത പോലെ തോന്നി. അനന്തു അവിടെ ഒരു വിധത്തിൽ പിടിച്ചു നിന്നു. ഡോക്ടർ അവളുടെ വിരൽ ഇമ്മൊബിലൈസർ ഉപയോഗിച്ചു ഘടിപ്പിച്ചു വച്ചു.

വേദന കാരണം അരുണിമയുടെ കണ്ണുകൾ നിറഞ്ഞു വന്നിരുന്നു. അവൾ അതു പതുക്കെ തുടച്ചു വച്ചു. ഇനിയും അവളെ നോക്കി നിന്നാൽ ഞാൻ ചിലപ്പോ അവളെ പ്രേമിച്ചു പോകുമെന്ന പേടി കൊണ്ടു അനന്തു പുറത്തേക്ക് ഇറങ്ങി നിന്നു.

പെട്ടെന്നു അവന്റെ ഫോൺ ശബ്ദിച്ചു. അവൻ ഫോൺ എടുത്തു കാതോരം ചേർത്തു.

"അനന്തൂട്ടാ ഞാൻ ഹോസ്പിറ്റലിന് പുറത്തുണ്ട്."

ബലരാമന്റെ ശബ്ദം കേട്ടതും അവനു അല്പം ആശ്വാസം തോന്നി.

"അമ്മാവാ ഞാൻ അങ്ങോട്ടേക്ക് വരാം."

അനന്തു ഹോസ്പിറ്റലിന് പുറത്തേക്ക് നടന്നു. ബലരാമൻ ആശുപത്രിയുടെ ഇടനാഴിയിലൂടെ നടന്നു വരുന്നത് അവൻ കണ്ടു. അനന്തുവിനെ കണ്ടതും ബലരാമൻ വെപ്രാളത്തോടെ ഓടി വന്നു.

"അനന്തൂട്ടാ നീ ok അല്ലെ?കുഴപ്പം ഒന്നുമില്ലല്ലോ?"

അനന്തു അവനെ ചേർത്തു പിടിച്ചുകൊണ്ടു ചോദിച്ചു. അദ്ദേഹത്തിന്റെ സ്നേഹവും വാത്സല്യവും അവന്റെ മനസ്സിനെ ഒരുപാട് സന്തോഷിപ്പിച്ചു.

"എനിക്ക് കുഴപ്പമില്ല അമ്മാവാ "

"അതേതായാലും നന്നായി മോനെ... ആ കുട്ടിക്ക് എങ്ങനുണ്ട്? "

പരിഭ്രമത്തോടെ ബലരാമൻ ചോദിച്ചു.

"വിരലിനു ഫ്രാക്ചർ ഉണ്ട്. വേറെ കുഴപ്പം ഒന്നുമില്ല.

"ഹാവൂ അതു നന്നായി വേറൊന്നും പറ്റിയില്ലല്ലോ സമാധാനം. എവിടാ ഉള്ളേ ആ കുട്ടി? "

"കൺസൾട്ടിങ് റൂമിലുണ്ട്. "

"എന്നാൽ ഞാൻ ഒന്നു കാണട്ടെ "

അനന്തുവിനെ ഒന്നു നോക്കി ബലരാമൻ ഡോക്ടറുടെ റൂമിലേക്ക് നടന്നു.അനന്തു ബലരാമന്റെ പിന്നാലെ നടന്നു. റൂമിന്റെ ഡോർ തുറന്നു ബലരാമൻ ഉള്ളിലേക്ക് കയറി.

ബലരാമനെ കണ്ടതും ഡോക്ടർ ബഹുമാനത്തോടെ ചെയറിൽ നിന്നും ചാടിയെണീറ്റു. ഡോക്ടറിനെ നോക്കി ഒന്നു പുഞ്ചിരിച്ച ശേഷം ബലരാമൻ ബെഡിൽ ഇരിക്കുന്ന അരുണിമയെ പാളി നോക്കി.

അരുണിമ മുഖത്തേക്ക് ഉതിർന്നു കിടക്കുന്ന മുടിയിഴകൾ ചെവിക്ക് പിറകിലേക്ക് കോതിയൊതുക്കി ബലരാമനെ നോക്കി.

അരുണിമയെ കണ്ടതും ബലരാമൻ ഞെട്ടലോടെ തറഞ്ഞു നിന്നു.അയാളുടെ നട്ടെല്ലിലൂടെ വിറയൽ പാഞ്ഞു. അയാൾക്ക് തന്റെ കാലുകൾ കുഴഞ്ഞു പോകുന്ന പോലെ തോന്നി.വിശ്വാസം വരാതെ ബലരാമൻ അവളെ തുറിച്ചു നോക്കി.

ബലരാമൻ അരുണിമ ഇരിക്കുന്ന ബെഡിനു സമീപത്തേക്ക് അടിവച്ചടിവച്ചു നടന്നടുത്തു.അയാളുടെ ഉള്ളിൽ ആശ്ചര്യവും അതിലുപരി അമ്പരപ്പും കൂടി കലർന്നൊരു വികാരം ഉടലെടുത്തു.ബലരാമന് തന്റെ കണ്ണുകളെ അവിശ്വസിക്കാൻ സാധിച്ചില്ല. ഇമ വെട്ടാതെ അയാൾ അരുണിമയെ നോക്കി കണ്ടു. ബലരാമനെ കണ്ടതും ബഹുമാനത്തോടെ അരുണിമ കട്ടിലിൽ നിന്നും എണീക്കാൻ ശ്രമിച്ചു.

എന്നാൽ ബലരാമൻ ശാസനയോടെ അവളെ ബെഡിൽ പിടിച്ചിരുത്തി. റൂമിൽ നിന്നും ഇറങ്ങി വന്ന ഡോക്ടർ ബലരാമനെ കണ്ടതും ബഹുമാനത്തോടെ അദ്ദേഹത്തിന് സമീപത്തേക്ക് നടന്നു വന്നു.

അനന്തു മുറിയുടെ വാതിൽ പതിയെ ചാരിവച്ചു  അവിടുള്ള മേശയിൽ ചാരി നിന്നു.

"മോളെ ഇപ്പൊ എങ്ങനുണ്ട് ?  കുഴപ്പമില്ലല്ലോ അല്ലെ? "

ബലരാമൻ അരുണിമയുടെ നെറുകയിൽ വാത്സല്യപൂർവ്വം തഴുകി.

"കുഴപ്പമില്ല അങ്ങുന്നേ.... ചെറിയ വേദനയെ ഉള്ളൂ.... വേറൊന്നുമില്ല  "

അരുണിമ മറുപടി പറഞ്ഞു.

അവൾ പെട്ടന്നു സ്വന്തം അച്ഛനെ കുറിച്ച് ഓർത്തു പോയി.അവളുടെ കണ്ണുകൾ ചെറുതായി ഈറനണിഞ്ഞു.

തേവക്കാട്ട് കുടുംബത്തിലെ മൂത്ത സന്തതി തന്നെ തേടി ആശുപത്രിയിൽ വന്നതിന്റെ പൊരുൾ അരുണിമയ്ക്ക് മനസ്സിലായില്ല. എന്നാലും അനന്തുവുമായി അദ്ദേഹത്തിന് എന്തോ ബന്ധമുണ്ടെന്ന് അവൾക്ക് തോന്നി.

അവൾ അനന്തുവിനെ തുറിച്ചു നോക്കി. അവൻ അവളുടെ നോട്ടത്തിന്റെ ശക്തി താങ്ങാനാവാതെ മുഖം താഴ്ത്തി.

ആ പൂച്ചക്കണ്ണുകൾ കാണുംതോറും അതിൽ താൻ സ്വയം അലിഞ്ഞു പോകുകയാണെന്നു  അവനു തോന്നി. പൂച്ചക്കണ്ണുകളുടെ അടിമയായി മാറിയപോലെ.

മുൻപ് എപ്പോഴോ കണ്ടു പരിചയമുള്ള കണ്ണുകൾ ആണ് അതെന്നു അവനു തോന്നിയിരുന്നു. പക്ഷെ എപ്പോഴാണെന്ന് മാത്രം എത്ര ചിന്തിച്ചിട്ടും അവനു പിടി കിട്ടിയില്ല.

ഏതോ  ഒരു തരം മുജ്ജന്മ ബന്ധം അവളുമായി ഉള്ളത് പോലെ അനന്തുവിന് തോന്നി. മനസ് ഒന്നു പാകപ്പെടാൻ മുറിയിലാകമാനം അവൻ കണ്ണുകൾ ഓടിച്ചുകൊണ്ടിരുന്നു.

"ഡോക്ടർ മോൾക്ക് ഇപ്പൊ എങ്ങനുണ്ട്? "

"കുഴപ്പമില്ല അങ്ങുന്നേ..... ചെറിയൊരു ഫ്രാക്ചർ ഉണ്ട് വിരലിന്.. പിന്നെ വീണപ്പോൾ മുട്ടിനു പറ്റിയ ചെറിയ വേദനയും... അതിനു പുരട്ടാൻ ഓയിന്റ്മെന്റ് കൊടുത്തിട്ടുണ്ട്. "

"ഹ്മ്മ്... അപ്പൊ ഫ്രാക്ചർ മാറാൻ എത്ര നാൾ വേണ്ടി വരും.? "

"ഏകദേശം 2 ആഴ്ച വേണ്ടി വരും. പിന്നെ ഒരാഴ്ച കഴിഞ്ഞ് ഇങ്ങോട്ട് ഒന്നു വരേണ്ടി വരും ചെക്കപ്പിന്. "

"ശരി ഡോക്ടറെ.. ഒരാഴ്ച കഴിഞ്ഞിട്ട് ചെക്കപ്പിന് വരാം. പിന്നെ എനിക്ക് ഇത് വേണ്ടപ്പെട്ട കുട്ടിയാ.. അതുകൊണ്ട് വേണ്ടത് പോലെ നോക്കണം കേട്ടോ "

ഗൗരവത്തോടെ ബലരാമൻ ഡോക്ടറോട് പറഞ്ഞു.

"നോക്കാം അങ്ങുന്നേ.. ഇതെന്റെ മാത്രം റെസ്പൊൺസിബിലിറ്റിയാ.. അങ്ങുന്ന് അത് ഓർത്തു വറീഡ് ആവണ്ടട്ടോ "

ഡോക്ടർ ആശ്വാസത്തിന്റെ സ്വരത്തിൽ അദ്ദേഹത്തോട് പറഞ്ഞു.

"ആയ്ക്കോട്ടെ.. ഞാൻ ഒന്ന് എംഡി യെ കണ്ടിട്ട് വരാം. "

"ശരി അങ്ങുന്നേ "

ബലരാമൻ അരുണിമയെ നോക്കി പുഞ്ചിരിച്ചുകൊണ്ട് നേരെ എം ഡിയുടെ മുറിയിലേക്ക് പോയി.പോകുന്ന വഴിക്ക് അദ്ദേഹം അനന്തുവിന്റെ ചുമലിൽ തട്ടി ആശ്വസിപ്പിച്ചു.

ബലരാമൻ പോയി കഴിഞ്ഞതും അനന്തു പതിയെ അരുണിമയ്ക്ക് സമീപം വന്നു നിന്നു. അവളെ തലയുയർത്തി നോക്കി.

"ഇയാൾക്ക് എങ്ങനാ ബലരാമൻ അങ്ങുന്നുമായി പരിചയം.. താൻ അവിടുത്തെ പണിക്കാരൻ വല്ലതും ആണോ? "

അരുണിമ സംശയത്തോടെ അവനെ നോക്കി. അനന്തു ഉള്ളിൽ ചിരിയോടെ അവളോട് പറഞ്ഞു.

"അതു കുട്ടിക്കെങ്ങനെ മനസ്സായിലായി "

"അതു അങ്ങാനാവാനല്ലേ വഴിയുള്ളൂ... അല്ലാതെ തേവക്കാട്ട് കുടുംബത്തിലെ കുട്ടിയായി ജനിക്കാനുള്ള യോഗം ഒന്നും തനിക്ക് ഇല്ലാല്ലോ "

"ഹാ അതും ശരിയാ "അനന്തു പിറുപിറുത്തു.

"താൻ ആളെ കൊല്ലാൻ നടക്കുവല്ലേ... ആ കുന്ത്രാണ്ടവും കൊണ്ടു "

"കുട്ടി അതൊരു അബദ്ധം പറ്റിയതാ "

അരുണിമ അവനെ കോപത്തോടെ പൂച്ചക്കണ്ണുകൊണ്ട് തുറിച്ചു നോക്കി.

"അല്ല അരുണിമ ഒരു അബദ്ധം പറ്റിയതാ ക്ഷമിക്കണം "

അനന്തു കൈകൾ കൂപ്പി കൊണ്ടു ദയനീതയോടെ അവളെ നോക്കി. അരുണിമ പുറത്തേക്ക് വന്ന ചിരി കടിച്ചു പിടിച്ചുകൊണ്ടു പുറമെ അവനെ ഗൗരവത്തോടെ നോക്കി.

"അല്ല അവിടുത്തെ പണിക്കാരനായ തനിക്ക് എവിടുന്നാ ബുള്ളറ്റ് ഒക്കെ കിട്ടിയേ.. ഇവിടൊക്കെ സാധാരണ ബൈക്ക് അല്ലെ ആൾക്കാർക്ക് ഉള്ളൂ.. "

"അതോ.. ഞാൻ അവിടുത്തെ പുതിയ കാര്യസ്ഥന്റെ മോനാ.. അപ്പൊ അവിടുത്തെ ശങ്കരൻ അങ്ങുന്നിന്റെ മോന്റെ ഒരു പഴയ വണ്ടി അവിടെ കിടപ്പുണ്ട് നന്നാക്കാൻ അറിയുമെങ്കിൽ എടുത്തോ എന്ന് അദ്ദേഹം പറഞ്ഞു. അതുകൊണ്ട് ഞാൻ ആ ബുള്ളറ്റ് പോയി എടുത്തു കൊണ്ടു വന്നു നന്നാക്കി.. ഇപ്പൊ എന്റെ കയ്യിൽ ആണത് "

അനന്തു ചിരിയോടെ അവളോട് പറഞ്ഞു.

"അങ്ങനായാൽ തനിക്ക് കൊള്ളാം.. മര്യാദക്ക് ഓടിച്ചോണം ഇനി റോഡിൽ കൂടി...കേട്ടല്ലോ അല്ലേൽ എന്റെ വിധം മാറും. "

അരുണിമ കപട ഗൗരവത്തോടെ അവനെ നോക്കി.

"ഞാൻ നോക്കിക്കോളാം അരുണിമ "

അനന്തു മുഖത്തു അല്പം വിധേയത്വം വരുത്തിക്കൊണ്ട് പറഞ്ഞു.

അരുണിമ ആകെ അമ്പരപ്പിൽ ആയിരുന്നു. ആദ്യമായി കണ്ട ആളോട് എന്തിനാണ് ഇത്രയും ദേഷ്യപെടുന്നതെന്നു അവൾക്ക് മനസ്സിലായില്ല.

ഇയാളെ പോയി ഇടിച്ചു വീണു കിടന്നപ്പോൾ പോലും എന്തിനു ആദ്യായിട്ട് അയാളുടെ ആ നീല കണ്ണുകളും ചിരിയും ഒക്കെ ഒറ്റ നോട്ടത്തിൽ കണ്ടപ്പോ തന്നെ ആദ്യം തനിക്ക് ഞെട്ടൽ ആണ് ഉണ്ടായതെങ്കിലും പിന്നീട് താൻ അയാൾക്ക് വിധേയയായി മാറി എന്ന സത്യം അവൾ തിരിച്ചറിഞ്ഞിരുന്നു.

പക്ഷെ എന്തെങ്കിലും പറയുവാനായി വായ തുറക്കുമ്പോൾ തന്നെ വല്ലാത്തൊരു ദേഷ്യവും കോപവും നുരഞ്ഞു പൊന്തുന്നപോലെ അവൾക്ക് തോന്നി.

അത് നിയന്ത്രിക്കാനും അവൾ പരാജയപ്പെട്ടുപോകുന്നു. ആശുപത്രിയിൽ കൊണ്ടുവന്നതിനു നന്ദി പറയാനോ അല്ലെങ്കിൽ എന്തിനു പറയണം അയാളുടെ പേര് പോലും ചോദിക്കാൻ മറന്നു പോയെന്നു ഓർത്തപ്പോൾ അരുണിമ ചമ്മലോടെ അവനെ പാളി നോക്കി.

അനന്തു ആ സമയം വേറേതോ ചിന്തയിൽ ആയിരുന്നു.

"ഡോ "

"എന്താ "

അനന്തു പൊടുന്നനെ ഞെട്ടിയെങ്കിലും സംയമനം എടുത്തു അവളെ നോക്കി.

"തന്റെ പേര് എന്താ "

"അനന്തു കൃഷ്ണൻ "

"ഹാ കൊള്ളാം നല്ല പേര്.. എന്നെ ഇങ്ങോട്ട് കൊണ്ടു വന്നതിനു താങ്ക്സ് "

"ആയ്ക്കോട്ടെ "

അനന്തു ചിരിച്ചു കൊണ്ടു അരുണിമയുടെ കണ്ണുകളിലേക്ക് ഉറ്റു നോക്കി.അപ്പൊ ഈ രാക്ഷസിയുടെ ഉള്ളിലും നല്ല മനസ്സൊക്കെ ഉണ്ട്. നന്ദി പറയാനൊക്കെ അറിയാലോ എന്ന് അവൻ ആത്മഗതം പറഞ്ഞു.

"ഓവർ കിണിച്ചാൽ തന്റെ കണ്ണു ഞാൻ കുത്തിപ്പൊട്ടിക്കും പറഞ്ഞില്ലാന്നു വേണ്ട "

അരുണിമ അവനോട് ദേഷ്യത്തിന്റെ സ്വരത്തിൽ പറഞ്ഞു.

അനന്തു തെല്ല് സങ്കടത്തോടെ പുറത്തേക്ക് നോക്കിയിരുന്നു. അരുണിമയുടെ ഈയൊരു പെരുമാറ്റം അവനെ വല്ലാതെ ബുദ്ധിമുട്ടിച്ചിരുന്നു.

കുറച്ചു സമയത്തിന് ശേഷം ബലരാമൻ അങ്ങോട്ടേക്ക് വന്നു. ഡോക്ടറുമായി അല്പ സമയം സംസാരിച്ച ശേഷം അരുണിമയ്ക്ക് വേണ്ടുന്ന മരുന്നും മറ്റും വാങ്ങി അവർ ആശുപത്രിക്ക് വെളിയിൽ ഇറങ്ങി.

ഈ സമയം കൊണ്ടു അരുണിമയുടെ കാൽ മുട്ടിന്റെ വേദനക്ക് അല്പം ശമനം വന്നിരുന്നു. ഞൊണ്ടിയാണെങ്കിലും നടക്കാൻ പറ്റുന്നതിനാൽ അവൾ അനന്തുവിനെ ശല്യപെടുത്തിയില്ല.

ആശുപത്രിയുടെ വെളിയിൽ എത്തിയതും അനന്തു ബുള്ളറ്റ് എടുക്കുവാനായി അപ്പുറത്തേക്ക് പോയി. ബലരാമൻ അരുണിമയെ അവിടുള്ള ഒരു കസേരയിൽ കൊണ്ടുപോയി ഇരുത്തി. ബലരാമൻ അവൾക്ക് സമീപം വന്നിരുന്നു.

"മോള് ഈ ദേശത്തു തന്നാണോ താമസം "

ബാലരമൻ അവളെ ചോദ്യ ഭാവേന നോക്കി.

"അതെ അങ്ങുന്നേ... ഇവിടെ തന്നാ"

"അച്ഛന്റെയും അമ്മയുടെയും പേരെന്താ മോൾടെ "

"അച്ഛന്റെ പേര് ബാലൻ എന്നാ... അമ്മയുടെ പേര് ആശ.. അമ്മ അങ്ങുന്നിന്റെ സ്കൂളിലാ ജോലി ചെയ്യുന്നേ "

"എന്ത് ജോലി"

ബലരാമൻ ആകാംക്ഷയോടെ അവളെ നോക്കി.

"അവിടെ കഞ്ഞിവെപ്പാ അമ്മക്ക്.. "

"ഓഹ് ആശയുടെ മകൾ ആണല്ലേ.. ഇപ്പൊ മനസ്സിലായി.. അച്ഛന് കള്ള് ചെത്തല്ലേ പണി "

അതേ അങ്ങുന്നേ "

അരുണിമ ബഹുമാനത്തോടെ പറഞ്ഞു

"ആം.. മോൾ ഇപ്പൊ എന്താ ചെയ്യുന്നേ "

"ഞാൻ നഴ്സിംഗ് കഴിഞ്ഞു അങ്ങുന്നേ.. ഇനി പുറത്തേക്ക് പോകാനുള്ള ഒരുക്കത്തിലാ "

"നല്ലതന്നെ മോളെ... നന്നായി വരും.. എന്ത് ആവശ്യം വേണമെങ്കിലും എന്നെ വന്നു കാണണം കേട്ടോ.. എന്നെ സ്വന്തം അച്ഛനെ പോലെ കണ്ടാൽ മതി മോള്.. "

ബലരാമൻ അരുണിമയുടെ കവിളിൽ പതിയെ തലോടി. അരുണിമ ആകെ കിളി പാറി നിൽക്കുന്ന അവസ്ഥയിൽ ആയിരുന്നു.

എങ്കിലും ബലരാമന്റെ വാത്സല്യം എപ്പോഴും അവളുടെ അച്ഛനെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. ബലരാമൻ പോക്കറ്റിൽ നിന്നും ഒരു കാർഡ് എടുത്തു അവൾക്ക് നേരെ നീട്ടി.

അരുണിമ അതു വാങ്ങി ഉള്ളം കയ്യിൽ ഭദ്രമായി സൂക്ഷിച്ചു. ബലരാമൻ വേറെന്തോ ചോദിക്കാനാഞ്ഞതും അനന്തു ബുള്ളറ്റുമായി അവിടേക്ക് എത്തി.

ബാലരാമനോട് നന്ദി പറഞ്ഞു അരുണിമ ആയാസപ്പെട്ട് അവന്റെ പുറകിൽ വലിഞ്ഞു കേറി. അനന്തു ബലരാമനെ നോക്കി പുഞ്ചിരിച്ചു.

"മോളെ സേഫ് ആയിട്ട് അവളുടെ വീട്ടിൽ എത്തിക്കണം കേട്ടോ "

അനന്തു ആയ്ക്കോട്ടെ എന്ന അർത്ഥത്തിൽ തലയാട്ടി.എന്തോ ഒരു ഉൽപ്രേണയിൽ അനന്തു അരുണിമയുടെ കയ്യെടുത്തു അവന്റെ വയറിൽ പിണച്ചു വച്ചു.

അരുണിമ ആദ്യം ഒന്നു അമ്പരന്നെങ്കിലും വണ്ടിയിൽ നിന്നും വീഴാതിരിക്കാൻ വേറെ വഴി ഇല്ലാത്തതിനാൽ അവനെ അനുസരിച്ചു. അനന്തു സാവധാനം ബുള്ളറ്റ് മുൻപോട്ട് എടുത്തു.

വണ്ടിക്ക് അധികം ഇളക്കം വരുത്താതെ അനന്തു സൂക്ഷ്മമായി വണ്ടി ഓടിച്ചു. ബുള്ളറ്റിനു പുറകിൽ ഇരുന്നുകൊണ്ടുള്ള യാത്ര അവളെ ഹരം കൊള്ളിച്ചു.

മുഖത്തു ഊക്കിൽ വന്നടിക്കുന്ന തെന്നലിനും റോഡിനു ഇരുവശവും നീണ്ടു കിടക്കുന്ന പാടത്തിനും പ്രകൃതിയുടെ പച്ചപ്പിനും കുന്നുകളും മലകളും ഒക്കെ ഇന്ന് പതിവിനു വിപരീതമായി സുന്ദരമായ ഒരു അനുഭൂതി നൽകുന്നതായി അവൾക്ക് തോന്നി.

ഇതൊക്കെ മുൻപൊക്കെ ഒരുപാട് തവണ കണ്ടിട്ടുള്ളതാണെങ്കിലും ആദ്യമായി കാണുന്ന പ്രതീതി ആയിരുന്നു അരുണിമയ്ക്ക് തോന്നിയിരുന്നത്.

യാത്രയിൽ അങ്ങനെ മുഴുകിയിരിക്കവേ പൊടുന്നനെ അരുണിമയുടെ കണ്മുൻപിൽ പല തരം നിഴൽ ചിത്രങ്ങൾ മിന്നി മറയാൻ തുടങ്ങി.

ഒരു ബൈക്കിന് പിറകിൽ ഒരാളെ  കെട്ടിപിടിച്ചുകൊണ്ടു പോകുന്ന ഒരു പെൺകുട്ടിയെ അവൾ അവ്യക്തമായി കണ്ടു.പതിയെ അരുണിമയുടെ ശ്വാസ ഗതി ഉയരുവാൻ തുടങ്ങി.

അവളുടെ ചെന്നിയിൽ നിന്നും വിയർപ്പ് തുള്ളികൾ ചാലു പോലെ ഒഴുകാൻ തുടങ്ങി. കണ്ണുകൾ മങ്ങി ചെറുതായി നിയന്ത്രണം നഷ്ട്ടപ്പെടുന്ന പോലെ തോന്നിയപ്പോൾ അരുണിമ  അനന്തുവിന്റെ ചുമലിൽ തല ചായ്ച്ചു.

മുഷ്ടി ചുരുട്ടി പിടിച്ചു അനന്തുവിനെ പുറകിൽ നിന്നു ഇറുകെ പുണർന്നു അവൾ ശ്വാസം വലിച്ചു വലിച്ചു വിട്ടു. . വല്ലാതെ ക്ഷീണിച്ച അവൾ താഴെ വീണു പോകാതിരിക്കാൻ അനന്തുവിനെ ഒരു കൈ കൊണ്ടു ഇറുകെ പിടിച്ചു.

അനന്തു അവൾക്ക് ആശ്വാസത്തിനെന്ന വണ്ണം അവളുടെ കൈയിൽ മുറുകെ പിടിച്ചു. അതോടെ

അല്പ സമയം കൊണ്ടു അവൾ നോർമൽ ആയി മാറി തുടങ്ങി.പിന്നീട്  അരുണിമ കാണിച്ചു കൊടുത്ത വഴികളിലൂടെ അനന്തു ബുള്ളറ്റ് ഓടിച്ചു. കുറേ നേരത്തെ യാത്രയ്ക്ക് ശേഷം അവർ ഒരു കുന്നിൻ ചരുവിൽ എത്തിച്ചേർന്നു.

അവിടെ ദൂരെ ഒരു കുഞ്ഞു പുഴ ഒഴുകുന്നുണ്ടായിരുന്നു. അതിന്റെ കരയിൽ കുറേ പേരുടെ വീടുകൾ അനന്തുവിന് കാണാൻ പറ്റി.

"അതാ എന്റെ വീട്  "

അരുണിമ ദൂരേക്ക് കൈ ചൂണ്ടി കാണിച്ചകൊണ്ടു അലറി.

അവളുടെ മുഖം കണ്ടപ്പോൾ വല്ലാത്ത സന്തോഷത്തിൽ ആണെന്ന് അനന്തുവിന് തോന്നി. ഒരുപാട് നാളുകൾ വീട്ടിൽ നിന്നു മാറിയ ശേഷം പെട്ടെന്നു ഒരു ദിവസം സ്വന്തം വീട്ടിലേക്ക് തിരിച്ചു വന്ന ഒരു കുട്ടിയുടെ ഭാവം ആയിരുന്നു അവൾക്ക്.

അനന്തുവിന്റെ കൈ പിടിച്ചുകൊണ്ടു അവൾ അങ്ങോട്ടേക്ക് നടന്നു. വഴിയോരത്തു തന്നെ കൊന്നക്കമ്പുകൾ കൊണ്ടു ചുറ്റും വേലി കെട്ടി തീർത്ത വീട്ടിലേക്ക് അരുണിമ അവനെയുംകൊണ്ട് പോയി.

വല്ലാത്ത ഉത്സാഹത്തോടെ അവൾ നടന്നു. അനന്തു അവളുടെ കൈ പിടിച്ചു സഹായിച്ചു. വീട്ടിലേക്ക് എത്താനായതും അരുണിമയിൽ ഉണ്ടായിരുന്ന ഉത്സാഹവും സന്തോഷവും മൊത്തം കെട്ടണഞ്ഞു.

അവൾ അനന്തുവിന്റെ മുഖത്തേക്ക് നോക്കാതെ തല താഴ്ത്തിക്കൊണ്ട് നടന്നു. അനന്തു ഇപ്പൊ തന്നെ വേർപിരിയുമെന്നു ഓർത്തപ്പോൾ തന്നെ അവളുടെ ഉള്ളം വലിഞ്ഞു മുറുകി.

ഉള്ളിൽ നുരഞ്ഞു പൊന്തിയ സങ്കട കടൽ അവൾ അവൻ കാണാതെ മറച്ചു വച്ചു. വീട്ടിലേക്ക് എത്തി ചേർന്നതും അവൾ വീടിന്റെ ഉള്ളിലേക്ക് നോക്കി അലറി.

"അശാമ്മേ കൂയ്  "

അരുണിമയുടെ ശബ്ദം അവിടെങ്ങും പ്രതിധ്വനിച്ചു. അനന്തു അവളെ ഒരു അത്ഭുത ജീവിയെപ്പോലെ ഒളിഞ്ഞു നോക്കി.

അവനു വല്ലാത്ത ഒരു അനുഭവം ആയിരുന്നു ഈ പെണ്ണ്.
ഇനി ഇത് വല്ല മുക്കുവത്തി പെണ്ണാണോ ആവോ എന്ന് അവൻ ആത്മഗതം പറഞ്ഞതും അരുണിമ അവന്റെ കൈക്ക് ശക്തിയിൽ അടിച്ചു. അവൻ കൈ കുടഞ്ഞു കൊണ്ടു അവളെ നോക്കി.

"ഞാൻ മുക്കുവത്തി പെണ്ണ് ഒന്നുമല്ല... നല്ല നാടൻ പെണ്ണാന്ന് കേട്ടല്ലോ "

അരുണിമ രൂക്ഷമായി അവനെ നോക്കി.

അനന്തു ഞെട്ടലോടെ അവളെ നോക്കി. അവൻ തൊണ്ടയിൽ കുടുങ്ങിയ ഉമി നീര് കഷ്ട്ടപെട്ടു ഇറക്കി.

"അറിയാതെ പറ്റിപോയതാ സോറി "

"ഫ്മ്മ് തല്ക്കാലം ഒടക്കാൻ മൂഡില്ലാത്തോണ്ട് താൻ രക്ഷപെട്ടു "

അനന്തു സമാധാനത്തോടെ അവളുടെ വീടിനു മുറ്റത്തു നിന്നു. ഈ സമയം വീടിനു പുറത്തേക്ക് മധ്യവയസ്സ്കയായ ഒരു സ്ത്രീയും പിന്നാലെ ഒരു ചെറിയ പെൺകുട്ടിയും വീടിനുള്ളിൽ നിന്നും ഇറങ്ങി വന്നു.

അരുണിമയുടെ മുഖത്തെ വയ്യായ്മ കണ്ടതും ആ സ്ത്രീ വേവലാതിയോടെ നെഞ്ചിൽ കൈ വച്ചു അവർക്ക് സമീപത്തേക്ക് ഓടി വന്നു.

"അയ്യോ മോളെ ആരൂ... നിനക്ക് എന്താ പറ്റിയേ? "

ആ സ്ത്രീ അരുണിമയുടെ കയ്യിൽ പിടിച്ചു നിറഞ്ഞ കണ്ണുകളോടെ പുലമ്പി.അരുണിമ അവരെ സമാധാനിപ്പിക്കുവാനായി കൈകൾ കൊണ്ടു വട്ടം ചുറ്റിപിടിച്ചു. അതു അരുണിമയുടെ അമ്മയാണെന്നു അനന്തുവിന് തോന്നി.

"അമ്മേ പേടിക്കാൻ ഒന്നുമില്ല.. എന്റെ വണ്ടിയുമായി കൂട്ടിയിടിച്ചതാ.. വിരലിന് ഫ്രാക്ചർ ഉണ്ട്.. ഡോക്ടറിനെ കാണിച്ചു.. മരുന്ന് വാങ്ങിച്ചിട്ടുണ്ട്. " അനന്തു അമ്മയെ സമാധാനിപ്പിക്കുവാനായി പറഞ്ഞു.

"മോളെ എന്താ ഈ കേക്കണേ.. വണ്ടി ഇടിക്ക്യേ.. ന്താ എന്റെ കുട്ടിക്ക് പറ്റിയേ ഈശ്വരാ.. ഒന്നും പറ്റാൻഡ് നീ എന്റെ കുട്ടീനെ കാത്തൂലോ.. "

അരുണിമയുടെ അമ്മ കണ്ണുകൾ അടച്ചു നന്ദി സൂചകമായി നെഞ്ചിൽ കൈ വച്ചു.

"എന്റെ ആശാമ്മേ എനിക്ക് ഒന്നൂലാന്നെ... ഇങ്ങനെ ബേജാർ ആവാതെ.. ദേ ഞാൻ പയറു പോലെ നിക്കുന്നത് കണ്ടില്ലേ "

അരുണിമ കൊഞ്ചലോടെ ആശയുടെ ഇടുപ്പിൽ വട്ടം ചുറ്റി വലിഞ്ഞു നുറുക്കി

"കണ്ടില്ലേ കുട്ട്യേ ഈ അസ്സത്തിന്റെ കുസൃതി.. ന്റെ കണ്ണു വെട്ടിച്ചു മുങ്ങീതാ സൈക്കിളും കൊണ്ടു. ഞാൻ എന്തോരം ആധി പിടിക്കുന്നുണ്ടെന്നു ഇവൾക്ക് അറിയില്യാലോ.. "

ആശ അനന്തുവിനോടായി പറഞ്ഞു. അനന്തു അവരെ നോക്കി പുഞ്ചിരിച്ചു. അരുണിമ ചമ്മലോടെ തന്റെ മുഖം ആശയുടെ ചുമലിൽ പൂഴ്ത്തി വച്ചു.

"വേദനയുണ്ടോ എന്റെ കുട്ടിക്ക്"

ആശ സങ്കടത്തോടെ അരുണിമയുടെ വിരലിൽ പതിയെ തലോടി.

"ഇല്ല എന്റെ ആശാമ്മേ.. ഞാൻ ഓക്കേ ആന്ന്.. ഇങ്ങനെ വെറുതെ ആ കണ്ണും നിറച്ചു വരുന്നവരെക്കൊണ്ട് പറയിപ്പിക്കല്ലേ "

അരുണിമ അമ്മയുടെ നിറഞ്ഞ കണ്ണുകൾ പതിയെ ഒപ്പി.

"ഒരുപാട് നന്ദീണ്ട് കുട്ട്യേ.. എന്റെ കുട്ടീനെ നോക്ക്യേന്.. ഓളെ കൈകാര്യം ചെയ്യാൻ ച്ചിരി ബുദ്ധിമുട്ട് ആന്നേ അതാ "

"ഇല്ല അമ്മേ അരുണിമ എനിക്ക് ബുദ്ധിമുട്ട് ഒന്നും ആക്കിയില്ല.. അവളെ ഉള്ളിലേക്ക് കൊണ്ടു പോയിക്കോളൂ.. വെയിൽ കൊള്ളിക്കണ്ട "

"ശരിയാ കുട്ട്യേ.. അയ്യോ മോൻ വന്ന കാലിൽ നിക്കണെയല്ലേ ഉള്ളിലേക്ക് വാ.. ചായ കൂട്ടാം "

"വേണ്ട അമ്മേ ഇപ്പൊ ഇത്തിരി തിരക്ക് ഉണ്ടേ.. പിന്നെ ഒരിക്കൽ ആവാം "

അനന്തു പോകാനായി അമ്മയുടെ അനുവാദത്തിനായി കാത്തു നിന്നു.

"പോയി വാ കുട്ട്യേ.. ഒരിക്കെ കാണാം. "

"ശരി അമ്മേ"

അനന്തു പോകുവാനായി തയാറായി. അവൻ വീടിനു മുന്നിൽ നിൽക്കുന്ന പെൺകുട്ടിയെ നോക്കി ചിരിച്ചു.

അവൾ അനന്തുവിനെ അത്ഭുതത്തോടെ നോക്കിക്കൊണ്ട് ചിരിച്ചു കാണിച്ചു. ആ പെൺകുട്ടി അരുണിമയുടെ അനിയത്തി ആവുമെന്ന് അവനു തോന്നിയിരുന്നു.

അനന്തു പോകുവാണെന്നു കേട്ടപ്പോൾ അരുണിമയ്ക്ക് ആകെ ഒരു വല്ലായ്മ പോലെ തോന്നി. ഉള്ളിൽ ദുഃഖം നുരഞ്ഞു പൊന്തുന്ന പോലെ.

അനന്തുവിന്റെ മുഖത്തേക്ക് നോക്കാൻ ത്രാണിയില്ലാതെ അവൾ തല താഴ്ത്തി. അരുണിമ മുഖം താഴ്ത്തി നിൽക്കുന്നത് കണ്ട് അവനു സങ്കടം വന്നെങ്കിലും തല്ക്കാലം അവിടുന്ന് പോകാൻ അവൻ തീരുമാനിച്ചു.

അരുണിമയെ സുരക്ഷിതമായ കൈകളിൽ എത്തിച്ചെന്ന ചാരിതാർഥ്യത്തോടെ അവൻ അവിടുന്ന് ഇറങ്ങി തിരിച്ചു ബുള്ളറ്റിനു സമീപം നടന്നു. അവൻ പോയി കഴിഞ്ഞതും ആശ അരുണിമയുടെ മുഖത്തേക്ക് നോക്കി.

"മോളെ ആരൂ.. ആ കുട്ടി ആരാ? ഏടയിള്ളതാ മുൻപ് ഈട എങ്ങും കണ്ടിട്ടില്ലല്ലോ? "

ആശ സംശയത്തോടെ അവളെ നോക്കി.

"തേവക്കാട്ടെ പുതിയ കാര്യസ്ഥന്റെ മോനാ.. ഇവിടത്തുകാരല്ല.. പുറം നാട്ടുകാരാ"

"ഹാ അങ്ങനെ പറ.. വെറുതെ അല്ലപ്പാ അറിയാത്തെ.. നീ ഉള്ളിലേക്ക് വാ കുട്ട്യേ വെയിൽ കൊള്ളാണ്ട്..
"

ആശ അവളെയും കൊണ്ടു അകത്തേക്ക് നടന്നു. വീടിനുള്ളിലേക്ക് ആശ കയറി പോയതും അരുണിമയുടെ അനിയത്തി അവളെ അവിടെ പിടിച്ചു നിർത്തി.

അരുണിമ എന്താ എന്ന അർത്ഥത്തിൽ അവളെ തുറിച്ചു നോക്കി.

"ചേച്ചി ഈ ചേട്ടൻ തന്നല്ലേ അതും "

അരുണിമയുടെ അനിയത്തി സംശയത്തോടെ ഉള്ളിലേക്ക് കൈ ചൂണ്ടി.

അരുണിമ അവളെ നോക്കി ചിരിച്ചുകൊണ്ട് വീടിനുള്ളിലേക്ക് കയറി. അവളുടെ അനിയത്തി ഒന്നും മനസ്സിലാവാതെ തല ചൊറിഞ്ഞുകൊണ്ട് പുറത്തു നിന്നു.

അരുണിമ പതുക്കെ തന്റെ മുറിയിലേക്ക് വേച്ചു നടന്നു. കയ്യുടെ വേദനക്ക് അല്പം ശമനം ഉണ്ടെന്നു അവൾക്ക് തോന്നി. മുറിയിൽ കയറിയതും അവിടെ സ്റ്റാൻഡിൽ ഉള്ള ക്യാൻവാസിനു സമീപത്തേക്ക് അവൾ നടന്നു.

അത് ഒരു തുണി കൊണ്ടു മൂടിയിരുന്നു. അവൾ അതു വലിച്ചെടുക്കാൻ ആഞ്ഞതും താഴെ നിലത്തു ഭിത്തിയോട് ചേർന്നു ചുരുട്ടി വച്ചിരിക്കുന്ന മറ്റൊരു ക്യാൻവാസ് അരുണിമയുടെ ശ്രദ്ധയിൽ പെട്ടു.

അവൾ അതു സസൂക്ഷ്മം കയ്യെത്തിച്ചു വലിച്ചെടുത്തു. ഒന്ന് ശ്വാസം വലിച്ചെടുത്തു അവൾ ആ ചുരുൾ പതിയെ കയ്യിൽ വച്ചു നിവർത്തിയെടുത്തു.

അതിലേക്ക് അവളുടെ ദൃഷ്ടി പതിഞ്ഞു. ആ ചിത്രത്തിലേക്ക് നോക്കുന്തോറും അവളുടെ കണ്ണുകൾ വിടർന്നു വന്നു. പുഞ്ചിരിച്ചു കൊണ്ടു നിൽക്കുന്ന അനന്തുവിന്റെ ജീവൻ തുടിക്കുന്ന ചിത്രം അതിൽ ആലേഖനം ചെയ്തിരിക്കുന്നു.

അവൾ അതിലേക്ക് പ്രേമ പുരസ്സരം ഉറ്റു നോക്കി. അരുണിമയ്ക്ക് തന്റെ ശരീരമാകെ വല്ലാത്തൊരു കുളിര് വന്നു നിറയുന്ന പോലെ തോന്നി.അവന്റെ വെട്ടി തിളങ്ങുന്ന നീല കണ്ണുകൾ ആ പൂച്ചക്കണ്ണുകളെ കാന്തം പോലെ വലിച്ചടുപ്പിച്ചു.

പതിയെ അരുണിമയുടെ അധരങ്ങൾ ആ ചിത്രത്തിലേക്ക് അടുത്തു. അപ്പോഴാണ് സ്റ്റാൻഡിനു പുറത്തുള്ള മറ്റൊരു ക്യാൻവാസ് അവളുടെ ശ്രദ്ധയിൽ പെട്ടത്.

അതിൽ നിന്നും മുഖം ഉയർത്തിയ അരുണിമ ആ സ്റ്റാൻഡിനു സമീപം നടന്നു വന്നു. കയ്യിലുള്ള ക്യാൻവാസ് ബെഡിലേക്ക് ഇട്ട് തുണി കൊണ്ട് മറച്ചു വച്ച ക്യാൻവാസിലേക്ക് അവൾ നോക്കി.

പതിയെ അവളുടെ ഹൃദയമിടിപ്പ് വർധിച്ചു. നേരിയ ഭയത്തോടെ വിറയ്ക്കുന്ന കൈകളോടെ അവൾ ആ ക്യാൻവാസിനെ മറച്ചിരുന്ന തുണി പതിയെ വലിച്ചെടുത്തു മാറ്റി.

അതിൽ ആലേഖനം ചെയ്ത ചിത്രത്തിലേക്ക് നോക്കുന്തോറും അരുണിമയ്ക്ക് സങ്കടവും ദുഖവും കോപവും ഒരുപോലെ പൊന്തിവന്നു.

ആ ക്യാൻവാസിൽ ചോരയിൽ കുളിച്ചു കിടക്കുന്ന അനന്തുവിനെ ആണ് അരുണിമ ആലേഖനം ചെയ്തിട്ടുണ്ടായിരുന്നത്. പലവിധ മുറിവുകൾ കൊണ്ടും ചോര കൊണ്ടും വികൃതമായ മുഖവും ശരീരവുമായി അവൻ നിലത്തു കിടക്കുന്നു.

അവന്റെ നീല കണ്ണുകൾ ചോരമയം കൊണ്ടു പുറത്തേക്ക് ഉന്തി കണ്ണിൽ നിന്നും ഞെട്ടറ്റു വീഴുമെന്ന നിലയിൽ ആയിരുന്നു.

അതിനു സമീപം ഒരാൾ പൊക്കത്തിൽ വലിയൊരു തീനാളം എരിയുന്നു. അതിൽ അവ്യക്തമായ ആരുടെയോ കൈ കാലുകൾ കാണാം. അവന്റെ മുഖത്തു വല്ലാത്ത നിസ്സഹായത നിറഞ്ഞു നിന്നിരുന്നു.

അതിലേക്ക് നോക്കി നിൽക്കുന്തോറും അരുണിമയുടെ കണ്ണുകൾ നിറഞ്ഞു വന്നു. മുഷ്ടി ചുരുട്ടി പിടിച്ചു കോപത്തോടെ അവൾ അലറി.

അവിടെ ഉണ്ടായിരുന്ന സാധന സാമഗ്രികൾ അവൾ കൈകൊണ്ട് തട്ടി താഴെയിട്ടു. കലി തീരാതെ അവൾ മേശപ്പുറത്തിരുന്ന ചായ കൂട്ടുകൾ ക്യാൻവാസിലേക്ക് വലിച്ചെറിഞ്ഞു.

ക്യാൻവാസിൽ ചെന്നു തട്ടി ചായം നിറച്ചു വച്ച കോപ്പകളും ബ്രഷും നിലത്തേക്ക് ചിന്നി ചിതറി വീണു. ഒരു സൃഷ്ട്ടാവിനു തന്റെ സൃഷ്ടിയെ നശിപ്പിക്കാമെന്ന അധികാരത്തോടെ അവൾ ആ ചിത്രത്തെ കോപത്തോടെ വികൃതമാക്കി .കലി അല്പം ഒന്ന് അടങ്ങിയതും അവൾ കിതപ്പോടെ നിലത്തേക്ക് പതിയെ ഊർന്നു വീണു.

പടിഞ്ഞാറേ ദിക്കിൽ നിന്നും വിവശതയോടെ പറന്നു വന്ന കഴുകൻ വനത്തിനുള്ളിൽ മൂടപ്പെട്ട് കിടക്കുന്ന ഗുഹ ആകാശത്തു നിന്നും ദർശിച്ചതും രണ്ടു തവണ ഭ്രമണം ചെയ്തു പറന്ന ശേഷം അതിനെ ലക്ഷ്യം വച്ചു കൊണ്ടു കുതിച്ചു വന്നു.

ഗുഹയുടെ വായിലൂടെ മിന്നൽ പോലെ കുതിച്ചു വന്ന കഴുകൻ ഇടുങ്ങിയ അന്തരങ്ങളിലൂടെ കഷ്ടപ്പെട്ട് സഞ്ചരിച്ചു അല്പം തുറസ്സായ ഭാഗത്തെത്തി.

അവിടെ നിലത്തു രൂപം കൊണ്ടിട്ടുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള ചിതൽപുറ്റിനു മുകളിൽ അത് ചിറകിട്ടടിച്ചു വന്നിരുന്നു. കൊക്കുകൾ ചിറകിൽ ഉരസിക്കൊണ്ട് അത് ഗുഹയിലാകമാനം കുഴുത്തു ചരിച്ചു നോക്കി.

ഗുഹയുടെ ഒരു മൂലയിലായി നിലത്തു വിരിച്ച പുൽപ്പായയിൽ കാമകേളി ആടുന്ന സ്ത്രീയും പുരുഷനും അതിന്റെ ശ്രദ്ധയിൽ പെട്ടു.

പുരുഷനെ നിലത്തു കിടത്തി കാമാസക്തിയിൽ അയാളുടെ ലിംഗത്തെ ഉഴുതു മറിച്ചുകൊണ്ടൊരിക്കുന്ന ഒരു വെണ്ണക്കൽ ശിൽപ്പം. അല്പം പോലും രോമമില്ലാത്ത ശരീരത്തിൽ വെണ്ണക്കട്ടി തോറ്റു പോകും വിധം നിറവും ആകാര വടിവും ശരീര ഘടനയും അവളെ ഒരു അപ്സരസ്സിനെ പോലെ തോന്നിപ്പിച്ചു.

ഇട തൂർന്ന കാർകൂന്തൽ അവളുടെ വിശാലമായ പുറത്തു നീണ്ടു നിവർന്നു ശയിച്ചു. വില്ല് പോലെ വളഞ്ഞിരിക്കുന്ന ഒത്ത പുരികങ്ങളും വാലിട്ടെഴുതിയ കാപ്പി കണ്ണുകളും ഒതുങ്ങിയ നാസികയും റോസിതൾ പോലുള്ള അധരങ്ങളും നിരയൊത്ത മുല്ലപ്പൂ ദന്തങ്ങളും അവളുടെ അഴകിനെ ഇരട്ടിപ്പിച്ചു.

ദൈവത്തിന്റെ സൃഷ്ടിയിൽ ഏറ്റവും മനോഹരമായതിന്റെ മകുടോദാഹരണം എന്തെന്ന് ചോദിച്ചാൽ സ്ത്രീ തന്നെയാണെന്ന് ആരെക്കൊണ്ടും നിസ്സംശയം പറയിപ്പിക്കും വിധമുള്ള അപാരമായ സൗന്ദര്യവും അവളുടെ ഏറ്റവും വലിയ സവിശേഷത തന്നെയായിരുന്നു.

ശീൽക്കാരത്തോടെ അയാളുടെ ലിംഗത്തെ യോനികൊണ്ട് അവൾ ഉഴുതു മറിച്ചുകൊണ്ടിരുന്നു. സുഖാധിക്യത്താൽ അവൾ എല്ലാം മറന്നുകൊണ്ട് അയാളെ ഭോഗിച്ചുകൊണ്ടിരുന്നു.

അവളുടെ മുഴുത്ത മാറിടങ്ങൾ ശക്തിയിൽ കുലുങ്ങികൊണ്ടിരുന്നു. അവയുടെ ഭാരം താങ്ങാൻ ആ ശരീരം വല്ലാതെ കഷ്ട്ടപെട്ടു. പുരുഷൻ എല്ലാം മറന്നുകൊണ്ട് അവളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

വന്യമായ ആവേശത്തോടെ യോനി പലവിധത്തിൽ ചുഴറ്റിക്കൊണ്ട് അവൾ അയാളെ സ്വർഗം കാണിച്ചുകൊണ്ടിരുന്നു. ഇരുവരുടെയും ശീൽക്കാരവും പുലമ്പലും ആ ഗുഹയിൽ മാറ്റൊലി കൊണ്ടു.

പുരുഷന് തന്റെ വികാര വിസ്ഫോടനത്തിന്റെ പരിസമാപ്തിയിലേക്ക് എത്തിയതും ആ സുന്ദരി അവളുടെ യോനി മസിലുകൾ കൊണ്ടു അയാളുടെ ലിംഗത്തെ പിടിമുറക്കി കൂടുതൽ ആവേശത്തോടെ അയാളെ അമർത്തി ഭോഗിച്ചു.

ഓരോ ഇടവേളകളിലും അയാളുടെ ലിംഗത്തിൽ ശക്തമായ താഡനം നൽകി. രതി മൂർച്ഛയുടെ ആദ്യ വെള്ളി വെളിച്ചം അയാളുടെ കണ്ണുകളിൽ കണ്ടതും അവൾ ഒരു സിംഹിണിയെ പോലെ മുരണ്ടുകൊണ്ട് അവളുടെ യോനി മസിലുകൾകൊണ്ടു അയാളുടെ ലിംഗത്തെ ശക്തിയിൽ വലിഞ്ഞു മുറുക്കി ഭോഗിച്ചു.

അതോടൊപ്പം അവളുടെ പൂ പോലെ മൃദുലമായ വിരലുകളിലെ നഖങ്ങൾ മൂർച്ചയുള്ള ആയുധം പോലെ നീണ്ടു വന്നു. കഴുത്തിൽ പിടിമുറുക്കിയ ആ സ്ത്രീ യോനി മസിലുകളുടെ പിടി മുറുക്കി ലിംഗത്തെ ഭോഗിച്ചുകൊണ്ടു ഒടിച്ചതും അവളുടെ നഖങ്ങൾ അയാളുടെ കഴുത്തിൽ അമർന്നതും ഒരുമിച്ചായിരുന്നു.

ഒരേ സമയം ലിംഗം ഒടിഞ്ഞതിന്റെയും കഴുത്തിൽ നഖങ്ങൾ ആഴ്ന്നതിന്റെയും തിരിച്ചറിവിൽ പ്രാണൻ പോകുന്ന വേദനയോടെ അയാൾ അലറിക്കരഞ്ഞു.

അസഹനീയമായ വേദന അയാളെ തളർത്തി.മുകളിൽ കുന്തിച്ചിരിക്കുന്ന സ്ത്രീരൂപത്തെ അയാൾ തട്ടി മാറ്റാൻ ശ്രമിക്കുന്തോറും അവളുടെ ഭാരം കൂടിക്കൂടി വന്നു.

പ്രാണ രക്ഷാർത്ഥം അയാൾ ഉറക്കെ നിലവിളിച്ചു. എന്നാൽ അതിനുള്ള ത്രാണി അയാളുടെ കണ്ഠത്തിന് ഉണ്ടായിരുന്നില്ല.

ആ സ്ത്രീ കഴുത്തിലെ പിടി മുറുക്കിയതും അയാൾ കാലിട്ടടിച്ചു നോക്കി.എന്നാൽ ലിംഗം ഒടിഞ്ഞു തൂങ്ങിയതോടെ അയാളുടെ കാലുകൾക്ക് പതിയെ മരവിപ്പ് ബാധിച്ചു.

ശ്വാസ തടസം നേരിട്ടതോടെ അയാളുടെ കണ്ണുകൾ പുറത്തേക്ക് ഉന്തി വന്നു.മുഖം ഒരു വശത്തേക്ക് കോടി കടവായിൽ നിന്നും നുരയും പതയും പുറത്തേക്ക് ചുണ്ടിലൂടെ ഊറി വന്നു.

കാലനെ മുന്നിൽ കണ്ടതും അയാൾ അവസാന ശ്രമമെന്നോണം കൈകളിട്ട് അടിക്കുവാൻ ശ്രമിച്ചു. എന്നാൽ കാലുകളിൽ നിന്നും ആ മരവിപ്പ് പതിയെ അയാളുടെ നട്ടെല്ലിനെയും കൈകളെയും കീഴടക്കിയിരുന്നു.

പതിയെ അയാൾ ഇഹലോകവാസം വെടിഞ്ഞു.തന്റെ ഉദ്യമം നടന്നതിന്റെ ചാരിതാർത്ഥ്യത്തിൽ അവൾ പതിയെ എണീറ്റു.

ആ പുരുഷന്റെ കഴുത്തിൽ നിന്നും ഒഴുകുന്ന ചുടു ചോര കയ്യിൽ പതിപ്പിച്ചു അവൾ സ്വന്തം നെറ്റിയിൽ തിലകം അണിയിച്ചു. തീർത്തും നഗ്നതയോടെ അവൾ ഹോമകുണ്ഡത്തിന് സമീപം ഉള്ള പീഠത്തിലിരുന്നു.

ആ സമയം പുറ്റിനു മുകളിൽ ഇരുന്ന കഴുകൻ വിവശതയോടെ ചിറകിട്ടടിച്ചു.ചിറകടി ശബ്ദം കേട്ട ആ സ്ത്രീ അങ്ങോട്ടേക്ക് മുഖം തിരിച്ചു നോക്കി.

"നിന്റെ യാത്ര എന്തിനായിരുന്നോ അത് പരാജയത്തിൽ എത്തി ചേർന്നു അല്ലേ? ദിവ്യ ദൃഷ്ടിയിൽ നാം എല്ലാം കണ്ടിരുന്നു. "

കഴുകൻ അതേ എന്ന അർത്ഥത്തിൽ മൂളി.

"ഒരു അവസരം കൂടി നമ്മെ തേടി വരും. അവന്റെ ജീവനറ്റ ശരീരം ഞാൻ നിനക്ക് ബലിയായി നൽകും. അന്ന് നിനക്ക് ഇഷ്ട്ടമുള്ള അത്രയും ആ ശരീരത്തെ സേവിച്ചോളൂ. ഇത് നമ്മുടെ വാഗ്ദാനമാണ്. "

ആ സ്ത്രീയുടെ കണ്ണിൽ നിന്നും ഉത്ഭവിച്ച ചുവന്ന തരംഗങ്ങൾ ആ കഴുകനു മേൽ പതിച്ചു. അത് പഴയപോലെ ഭീകര രൂപിയായ പക്ഷിയായി മാറി.

അത് ആവേശത്തോടെ പുൽപ്പായയിൽ കിടക്കുന്ന മൃത ശരീരത്തെ ആർത്തിയോടെ കൊത്തി തിന്നാൻ തുടങ്ങി. ആരോടോ ഉള്ള ദേഷ്യം തീർക്കാൻ എന്നപോലെ മൃത ദേഹത്തെ ക്രൂരമായ മനോഭാവത്തോടെ കൊത്തി തിന്നുകൊണ്ടിരുന്നു.

ആ മൃതദേഹത്തിലെ കണ്ണുകൾ കഴുകൻ ആവേശത്തോടെ കൊത്തിപ്പറിച്ചു വിഴുങ്ങി.
പീഠത്തിൽ ഇരിക്കുന്ന സ്ത്രീ മനോഹരമായ പുഞ്ചിരിയോടെ പുറ്റിൽ പ്രതിഷ്ഠിച്ചിട്ടുള്ള മൂർത്തിയുടെ രൂപത്തിലേക്ക് നോക്കി തൊഴുതു.

"അഥർവ്വാ.. എന്റെ കണിക ദൈവം നിന്നിലേക്കുള്ള എന്റെ സഞ്ചാരപാത സുഗമമാക്കി തരും.ഇന്നത്തോടെ 900 പുരുഷന്മാരെ രതി വേഴ്ചയിലൂടെ നാം കീഴ്പ്പെടുത്തി വധിച്ചിരിക്കുന്നു.1000 എന്ന സംഖ്യയിലേക്ക് അത് എത്തുന്ന നാൾ വിദൂരമല്ല. അന്ന് എനിക്ക് മുൻപിൽ നീ തീർത്ത എല്ലാ ബന്ധനങ്ങളും തകർന്നു വീഴും. അതോടെ ഞാൻ പൂർവാധികം ശക്തിയോടെ നിന്നിലേക്ക് എത്തിച്ചേരുന്നതായിരിക്കും അഥർവ്വാ .. ഹ... ഹ... ഹ...

ഉത്തരത്തിലേക്ക് നോക്കി ആർത്തട്ടഹസിച്ചുകൊണ്ട് ക്രുദ്ധമായ മുഖഭാവത്തോടെ അവൾ ഇരുന്നു.

ഈ സമയം തേവക്കാട്ട് മനയിലേക്ക് ഒരു വെളുത്ത കാർ പതിയെ ഇരമ്പി വന്നു നിന്നു. മനയിലെ ആൾക്കാരും ശങ്കരനും കാർത്യായനിയും എല്ലാവരും പൂമുഖത്തു നിന്ന് കാറിലേക്ക് പ്രതീക്ഷയോടെ നോക്കി.

പിന്നിലെ ഡോർ പതിയെ തുറന്നു നാൽപ്പത് വയസോളം പ്രായമുള്ള  പാന്റ്സും ടോപ്പും അണിഞ്ഞ

ഒരു സ്ത്രീ ഇറങ്ങി വന്നു.മുഖത്തെ കൂളിങ് ഗ്ലാസ്സ്  ഊരി കയ്യിൽ പിടിച്ചുകൊണ്ടു അവൾ പൂമുഖത്തു നിൽക്കുന്ന എല്ലാവരെയും ചുഴിഞ്ഞു നോക്കി.വെളുത്തു തുടുത്ത മുഖത്തു അങ്ങിങ്ങായി കുരുക്കൾ കാണാം.

ചായം തേച്ച ചുണ്ടുകളും നെറ്റിയിലെ കുഞ്ഞു പൊട്ടും മൂക്കുത്തിയും മാത്രം അണിഞ്ഞു അവൾ തന്റെ പാറി പറക്കുന്ന മുടി പതുക്കെ വിരലുകൾ കൊണ്ടു കോതി വച്ചു.

ഹാൻഡ് ബാഗ് കയ്യിൽ പിടിച്ചു ആ സ്ത്രീ മുന്നോട്ട് നടന്നു. അവളെ കണ്ടതും മാലതിയുടെ ചുണ്ടുകൾ മന്ത്രിച്ചു.
.
.

"ലക്ഷ്മി "
.
.

ശങ്കരൻ പതിയെ മുറ്റത്തേക്കിറങ്ങി. ബലരാമൻ ഡ്രൈവറോട് പറഞ്ഞു ലഗേജ് എടുപ്പിച്ചു. കാർത്യായനി സീതയുടെ കയ്യിൽ പിടിച്ചു തിടുക്കത്തോടെ മുറ്റത്തേക്കിറങ്ങി.

കാർത്യായനിയെ കണ്ടതും ലക്ഷ്മി സന്തോഷത്തോടെ ഓടി വന്നു കെട്ടിപിടിച്ചു. കാർത്യായനി അവളെ ഇറുകെ പുണർന്നു.

"ന്റെ കുട്ടിയെ എവിടായിരുന്നു നീയ് ഇത്രയും നാളും ? "

കാർത്യായനി പരിഭവത്തോടെ ലക്ഷ്മിയോട് ചോദിച്ചു.

"എന്റെ കാർത്യായനി അമ്മേ ഞാൻ അങ്ങ് സർകീട്ട് പോയിരിക്കുവായിരുന്നില്ലേ ഗൾഫ് വരെ.. ഇപ്പൊ തിരിച്ചു വരുന്ന വഴിയാ"

ലക്ഷ്മി കാർത്യായനിയുടെ കവിളിൽ പതിയെ പിച്ചി.

"ഇനി എന്റെ കുട്ടി കുറേ നാൾ കഴിഞ്ഞ് പോയാൽ മതിട്ടോ .അതുവരെ ഞാൻ നിന്നെ എങ്ങട്ടും വിടില്ല "

"ആയ്ക്കോട്ടെ ഇനി കുറച്ചു നാൾ എന്റെ അമ്മയുടെ കൂടെ നിന്നിട്ടേ ഞാൻ പോകൂ.. "

ലക്ഷ്മി കാർത്യായനിയുടെ കാലിൽ തൊട്ട് വന്ദിച്ചു. അതിനു ശേഷം ശങ്കരന് നേരെ തിരിഞ്ഞു അദ്ദേഹത്തിന്റെ കൽക്കലേക്ക് വീഴാൻ നോക്കിയതും അദ്ദേഹം അവളെ പിടിച്ചെഴുന്നേല്പിച്ചു.

"സുഖല്ലേ മോളെ നിനക്ക് ? "

ശങ്കരൻ ലക്ഷ്മിയുടെ നെറുകയിൽ പതിയെ തലോടി.
"അതേ അച്ഛാ സുഖം "

ലക്ഷ്മി ചിരിച്ചുകൊണ്ട് തലയാട്ടി.

"വന്ന കാലിൽ നിർത്താതെ അവളെ ഉള്ളിലേക്ക് കയറ്റ് "

ബലരാമൻ പുറത്തു നിന്നും വിളിച്ചു പറഞ്ഞു.

കാർത്യായനി ലക്ഷ്മിയുടെ കയ്യിൽ പിടിച്ചുകൊണ്ടു പതിയെ മുൻപോട്ട് നടന്നു. സീതയെ കണ്ടതും ലക്ഷ്മി അവളെ ഉറ്റു നോക്കി.

"ഏട്ടത്തി "

"ലക്ഷ്മി മോളെ "

സീതയുടെ ആർദ്രമായ ശബ്ദം അവളുടെ കാതിൽ പതിഞ്ഞു. ലക്ഷ്മി അവളെ നോക്കി ചിരിച്ച ശേഷം പൂമുഖത്തേക്ക് നോക്കി.

അവിടെ രണ്ടു കണ്ണുകൾ ഈറനോടെ അവളെ തന്നെ നോക്കി നിന്നു. ലക്ഷ്മി അത് കണ്ടതും ഉത്സാഹത്തോടെ മുന്നോട്ട് നടന്നു. പൂമുഖത്തെ പടികൾ അവൾ ചാടി കേറി വന്നു.

അനങ്ങാതെ നിൽക്കുന്ന മാലതിയെ അവൾ ഓടി വന്നു കെട്ടിപിടിച്ചു. മാലതി അവളെ ഇറുകെ പുണർന്നു.

തന്റെ ബാല്യകാലസഖിയെ വർഷങ്ങൾക്ക് ശേഷം വീണ്ടും കണ്ടു മുട്ടിയ സന്തോഷത്തിൽ ആയിരുന്നു അവൾ. ലക്ഷ്മിയുടെ കണ്ണുകൾ അനുവാദമില്ലാതെ നിറഞ്ഞൊഴുകി.

പരസ്പരം കെട്ടിപിടിച്ചു ഇതുവരെ ഉണ്ടായിരുന്ന പരിഭവങ്ങളും പിണക്കങ്ങളും എല്ലാം അവർ കരഞ്ഞു തീർത്തു.

"പറയെടി എന്റെ പ്രിയ കളിക്കൂട്ടുകാരി "

ലക്ഷ്മി അവളുടെ കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണുനീർ വിരൽ കൊണ്ടു തുടച്ചു മാറ്റിക്കൊണ്ട് പറഞ്ഞു.

"സുഖമല്ലേ നിനക്ക് "

"അതേടി സുഖം "

"ആഹാ നീ അങ്ങ് ശെരിക്കും തടിച്ചല്ലോ "

"അതു നീ മെലിഞ്ഞിരിക്കുന്നോണ്ട് തോന്നണതാ "

"അപ്പൊ കുഴപ്പമില്ല മോളെ.. "

"എന്തിയെ നിന്റെ മക്കൾ? "

ലക്ഷ്മി ചുറ്റും നോക്കി

"ഇവിടുണ്ടേടി "

മാലതി അടുത്ത് നിൽക്കുന്ന ശിവയെ അവൾക്ക് സമീപം കൊണ്ടു വന്നു നിർത്തി. ലക്ഷ്മി സ്നേഹത്തോടെ അവളെ തന്നിലേക്ക് ചേർത്തു പിടിച്ചു.

ശിവ നാണത്തോടെ അവളെ നോക്കി.

"ഡീ നിന്നെ പോലെ തന്നാട്ടോ മോളും.. ഒരു മാറ്റവുമില്ല.. എന്താ മോൾടെ പേര്? "

"ശിവപ്രിയ "

"ആഹാ നല്ല പേരാണല്ലോ"

ലക്ഷ്മി അവളുടെ താടിയിൽ പതിയെ തലോടി

"ഇത്രേം കാലത്തിനിടക്ക് ഈ ഒരെണ്ണത്തിനെ നീ ട്രൈ ചെയ്തൊള്ളോ ? "

ലക്ഷ്മി കണ്ണിറുക്കി കൊണ്ടു മാലതിയെ നോക്കി.

"വാ അടക്കടി..നിനക്ക് ഒരു മാറ്റവുമില്ലല്ലോ "

മാലതി ലജ്ജയോടെ ലക്ഷ്മിയുടെ കയ്യിൽ പതിയെ തല്ലി.

"ഒരെണ്ണം കൂടി ഉണ്ട്.. പുറത്തു പോയിരിക്കുവാ.. ഇപ്പൊ വരും. "

"ആണോ എങ്കിൽ അപ്പൊ പരിചയപ്പെടാം"

ലക്ഷ്മി അവളെ നോക്കി തലയാട്ടിക്കൊണ്ട് പറഞ്ഞു.

"അതിനെന്താ നീ ആദ്യം ഉള്ളിലേക്ക് വാ "

മാലതി അവളുടെ കയ്യിൽ പിടിച്ചു ഉള്ളിലേക്ക് നടന്നു. അകത്തളത്തിലെക്ക് വന്ന അവർ അവിടുള്ള ദിവാനിൽ ലക്ഷ്മിയെ ഇരുത്തി.

ലക്ഷ്മിക്ക് അപ്പുറവും ഇപ്പുറവും ആയി മാലതിയും കാർത്യായനിയും ഇരുന്ന് അവളോട് വിശേഷങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. സീതയും ഷൈലയും മറ്റുള്ളവരും കൊട്ട നിറച്ചു പലഹാരവും മറ്റുമായി അകത്തളത്തിലേക്ക് കടന്നു വന്നു.

അതിൽ നിന്നും മധുര പലഹാരമെടുത്ത് മാലതി ലക്ഷ്മിയെ കഴിപ്പിച്ചുകൊണ്ടിരുന്നു. കാർത്യായനിയും അവൾക്ക് നേരെ അവ നീട്ടി.

എല്ലാവരുടെയും സ്നേഹ പ്രകടനത്തിൽ അവൾ വീർപ്പുമുട്ടി.അവസാനം കഴിച്ചു കഴിച്ചു വയറു പൊട്ടുമെന്ന അവസ്ഥ വന്നപ്പോൾ അവൾ സീതയെ ദയനീയമായി നോക്കി.

സീത അവളെ നോക്കി പുഞ്ചിരിച്ചു."ബാക്കി വിശേഷങ്ങൾ പിന്നെയാവാം.. അവൾ ഇത്രേം യാത്ര ചെയ്ത് വന്നതല്ലേ.. ഒന്ന് വിശ്രമിക്കട്ടെ.. "

സീത അവളുടെ രക്ഷയ്ക്കെത്തി.

"എന്നാൽ നീ പോയി ഒന്നുറങ്ങ് പെണ്ണേ...പിന്നെ കാണവേ "

മാലതി അവളുടെ കയ്യിൽ പിടിച്ചു.

"ശരിയെടി പിന്നെ കാണാം.. എനിക്ക് നല്ല തലവേദനയാ ഒന്നുറങ്ങണം. "

"ലക്ഷ്മി മോൾടെ മുറി നേരത്തെ ഒരുക്കിയില്ലേ"

ശങ്കരൻ ഗൗരവത്തോടെ വിളിച്ചു ചോദിച്ചു.

"ഉവ്വ് അച്ഛാ എല്ലാം നേരത്തെ തന്നെ ശരിയാക്കിയിട്ടുണ്ട്."

സീത ഉറക്കെ മറുപടി പറഞ്ഞു. ശങ്കരൻ ബാലരാമാനുമായി സംസാരിക്കുന്ന തിരക്കിൽ ആയിരുന്നു.

ലക്ഷ്മി മാലതിയോട് തലയാട്ടി കാണിച്ചുകൊണ്ട് സീതയുടെ കൂടെ നടന്നു. നടുമുറ്റം കഴിഞ്ഞതും ലക്ഷ്മി സീതയെ പിടിച്ചു മുഖത്തോട് നോക്കി.

"ഏട്ടത്തി മാലതി ആകെ തടിച്ചു സുന്ദരിയായല്ലേ..പണ്ട് എങ്ങനെ ഉണ്ടായിരുന്ന പെണ്ണാ.. ഇപ്പൊ ആകെ മാറി. "

"ശരിയാ ലക്ഷ്മി.. ആകെ കഷ്ടപ്പാടിൽ ആയിരുന്നു അവൾ.. ബാലരാമേട്ടനാ അവളെ കണ്ടു പിടിച്ചേ.. "

"അതു നന്നായി.. ഇത്രേം സൗകര്യങ്ങൾ ഇവിടെ ഉണ്ടായിട്ടും ആരോടുള്ള വാശി തീർക്കാനാ അവൾ ഇത്രേം കാലം ഒളിച്ചു ജീവിച്ചത്? "

ലക്ഷ്മി സംശയത്തോടെ ചോദിച്ചു.

"അച്ഛനെ പേടിച്ചിട്ടാവും അവൾ വരാതിരുന്നേ.. ഇത് അവളുടെ വീട് കൂടിയല്ലേ.. ഇവിടാ ഇനി അവൾ ജീവിക്കണ്ടേ "

ഉറച്ച ശബ്ദത്തിൽ സീത പറഞ്ഞു.

"ശരിയാ ഏട്ടത്തി.. ഇനി അവളെയും പിള്ളേരെയും എങ്ങോട്ടും വിടരുത് "

സംസാരിച്ചുകൊണ്ടു നടന്നു അവർ തെക്കിനി അറയിലേക്ക് എത്തി.അവിടുള്ള ദേവന്റെ മുറി കണ്ടതും ലക്ഷ്മി പൊടുന്നനെ തറഞ്ഞു നിന്നു.

അവൾ ആ മുറിയിലേക്ക് ഉറ്റു നോക്കി. പതിയെ അവളുടെ കാലുകൾ ആ മുറി ലക്ഷ്യമാക്കി ചലിച്ചു. മുറിയുടെ മുൻപിൽ എത്തിയതും വല്ലാത്തൊരു വിറയൽ നെഞ്ചിനുള്ളിൽ കുടി കൊള്ളുന്ന പോലെ അവൾക്ക് തോന്നി.

എന്തോ ഒരു തരം നഷ്ട്ടബോധം അവളെ അപ്പൊ വേട്ടയാടിക്കൊണ്ടിരുന്നു. പതിയെ അവൾ ആ വാതിലിൽ തള്ളിയതും അത് മലർക്കനെ തുറന്നു.

ലക്ഷ്മി സംശയത്തോടെ സീതയെ പാളി നോക്കിയ ശേഷം ഉള്ളിലേക്ക് കടന്നു ചെന്നു. മുറിയ്ക്ക് ചുറ്റുപാടും അവൾ ചുഴിഞ്ഞു നോക്കി. മുറിയിൽ ആകപ്പാടെ മാറ്റം വന്നപോലെ അവൾക്ക് തോന്നി.

അങ്ങിങ്ങായി ആരുടെയോ വസ്ത്രങ്ങൾ കൂട്ടിയിട്ടതും സാധന സാമഗ്രികൾ അടുക്കി വച്ചതും ബെഡ് മനോഹരമായി വിരിച്ചിട്ടത് കണ്ടതും അവളുടെ ഉള്ളിൽ സംശയം ഉണർന്നു.

ലക്ഷ്മി കോപത്തോടെ സീതയെ നോക്കി.

"ആരാ ഇപ്പൊ ഇവിടെ പൊറുതി ? "

ലക്ഷ്മി ചീറിക്കൊണ്ട് ചോദിച്ചു.

"മാലതിയുടെ മോനാ ലക്ഷ്മി "

സീത അല്പം ഭയത്തോടെ അവളെ നോക്കി.

"ഏട്ടത്തിക്ക് അറിയുന്നതല്ലേ വേറാരും ഈ റൂമിൽ കേറണത് എനിക്ക് ഇഷ്ടമല്ലെന്നു.. എന്നിട്ടാണോ ഇവിടെ അവനെയൊക്കെ പൊറുപ്പിച്ചത്. "

"അമ്മയുടെ അഭിപ്രായം ആയിരുന്നു മോളെ.. ഞങ്ങൾ ആരുമല്ല.. "

"ആരായാലും ഇന്ന് തന്നെ ഞാൻ അവനെ കെട്ടു കെട്ടിക്കും.. എന്റെ ദേവേട്ടന്റെ റൂമിൽ കേറാനും അന്തിയുറങ്ങാനും എനിക്ക് മാത്രേ അവകാശം ഉള്ളൂ.. അത് ഏട്ടത്തിക്ക് അറിയാലോ.. ഞാൻ ഒന്നു അമ്മയെ കാണട്ടെ"

ലക്ഷ്മി അലറിക്കൊണ്ട് മുറി വിട്ടിറങ്ങി പോയി.

സീത ഒന്ന് നെടുവീർപ്പെട്ട ശേഷം അടുക്കളയിലേക്ക് നീങ്ങി.മുറിയിൽ എത്തിയ ലക്ഷ്മി കയ്യിലെ ബാഗ് നിലത്തേക്ക് വലിച്ചെറിഞ്ഞു കട്ടിലിലേക്ക് ചെന്നു വീണു.

തലയിണയിൽ മുഖം അമർത്തി അവൾ വിങ്ങി പൊട്ടി. ദേവേട്ടന്റെ മുറി അവളുടെ അനുവാദം ഇല്ലാതെ മറ്റൊരാൾക്ക് പങ്കു വച്ചു കൊടുത്തത് അവളെ ശരിക്കും വേദനിപ്പിച്ചിരുന്നു.

കാരണം ലക്ഷ്മി പൊന്നു പോലെ സൂക്ഷിച്ചതായിരുന്നു ആ മുറിയും ദേവൻ ഉപയോഗിച്ചിരുന്ന വസ്ത്രങ്ങളും ഒക്കെ.ദേവന്റെ ഓർമ്മയ്ക്കായിട്ട്. കരഞ്ഞു കരഞ്ഞു അവസാനം ലക്ഷ്മി ഉറക്കത്തിലേക്ക് വഴുതി വീണു.

അരുണിമയുമായുള്ള ഓർമകൾ അയവിറക്കികൊണ്ട് അനന്തു ബുള്ളറ്റ് ഓടിച്ചുകൊണ്ടിരുന്നു.

അരുണിമയുടെ പൂച്ചക്കണ്ണുകളും അവളുടെ ചുവന്ന അധരങ്ങളും എന്തിനേറെ പറയുന്നു അവളുടെ ദേഹത്തു പറ്റിപ്പിടിച്ചിരിക്കുന്ന വിയർപ്പ് തുള്ളികളോട് പോലും അവനു അസൂയ തോന്നിപോയി.

എത്ര ശ്രമിച്ചിട്ടും ആ മുഖം മറക്കാനോ മറ്റെന്തെലും ചിന്തിക്കാനോ അവനു കഴിഞ്ഞില്ല. എന്തൊക്കെയോ ആലോചിച്ചുകൊണ്ട് അനന്തു അവസാനം മനയിലേക്ക് എത്തിച്ചേർന്നു.

വല്ലാത്ത ഉഷ്ണം ആയതിനാലും നിന്നിട്ട് ഇരിക്ക പൊറുതി കിട്ടാഞ്ഞിട്ടും അനന്തു കുളത്തിനു സമീപത്തേക്ക് നടന്നു. താൻ ഇപ്പൊ ഒരു സ്വപ്ന സഞ്ചാരി ആണെന്ന് അവനു തോന്നിപോയി.

എന്തൊക്കെയോ ആലോചനയിലൂടെ അവൻ കുളത്തിനു സമീപത്തേക്ക് നടന്നെത്തി.വിസ്താരമുള്ള കുളം കണ്ടതും അനന്തു പതുക്കെ കല്പടവിലൂടെ ഇറങ്ങി വന്നു.

വെള്ളം നിറഞ്ഞിരിക്കുന്ന പടവിൽ എത്തിയതും
അവൻ വെള്ളത്തിലേക്ക് എടുത്തു ചാടി.ശരീരത്തിലെ ഉഷ്ണത്തിന് ശമനം വരുത്തുവാനായി അവൻ 4, 5 തവണ മുങ്ങി നിവർന്നു. എന്നിട്ടും സമാധാനമാകാതെ അനന്തു വെള്ളത്തിലേക്ക് ഒരു പരൽ മീനിനെപ്പോലെ ഊളിയിട്ടു.

ഉറക്കം വിട്ടെണീറ്റ ലക്ഷ്മി അവശതയോടെ ബാത്റൂമിലേക്ക് നടന്നു. മുഖം കഴുകി കുളിക്കാൻ തുനിഞ്ഞതും വീട്ടു കുളത്തിന്റെ കാര്യം അവളുടെ ഓർമയിൽ വന്നു.

കയ്യിൽ ആവശ്യത്തിന് തുണി ചുറ്റിപിടിച്ചു അവൾ മുറി വിട്ടു വെളിയിൽ ഇറങ്ങി. കുളത്തിൽ ഒന്നു നീരാടിയാൽ തന്റെ ക്ഷീണം വിട്ടുപോവുമെന്ന ചിന്തയിൽ അവൾ മുറ്റത്തേക്ക് നടന്നു.

മുറ്റത്തെത്തിയതും നേരെ കുളം ലക്ഷ്യമാക്കി അവൾ നടന്നു. ദുർ ചിന്തകൾ കാരണം തന്റെ മനസ് കലുഷിതമാണെന്നു അവൾക്ക് തോന്നി. ഇപ്പൊ ഇങ്ങോട്ട് വരേണ്ടിയിരുന്നില്ല എന്ന് പോലും അവൾ ചിന്തിച്ചു .

ഏതായാലും 2 ദിവസം കഴിഞ്ഞു എന്തേലും കാരണം ഉണ്ടാക്കി മാലതിയോട് യാത്ര പറഞ്ഞു തിരിക്കാമെന്നു അവൾ കണക്ക് കൂട്ടി.

അവസാനം കുളപ്പടവിലേക്ക് അവൾ നടന്നടുത്തു. കയ്യിൽ ചുറ്റി പിടിച്ചിരുന്ന തുണികൾ നിലത്തേക്ക് ഇട്ട് അവൾ കുളപ്പടവിൽ പതിയെ അമർന്നിരുന്നു.

തന്റെ കാലുകൾ വെള്ളത്തിലേക്ക് നീട്ടി വച്ചു അവൾ ശ്വാസം വലിച്ചെടുത്തു എന്തോ ചിന്തയിൽ ആണ്ടു. വെള്ളത്തിൽ പതിയെ കാലിട്ടടിച്ചുകൊണ്ട് പടവിൽ ഉണ്ടായിരുന്ന ചെറു കല്ല് എടുത്തു അവൾ ജലോപരിതലത്തിലൂടെ വലിച്ചെറിഞ്ഞു.

ഈ സമയം വെള്ളത്തിനടിയിൽ മുങ്ങി കിടന്നിരുന്ന അനന്തു പൊടുന്നനെ ജലോപരിതലത്തിലേക്ക് ഉയർന്നു പൊന്തി വന്നു.

ശബ്ദം കേട്ട് ഞെട്ടിത്തരിച്ചു നോക്കിയ ലക്ഷ്മി ഈറനോടെ വസ്ത്രങ്ങൾ അണിഞ്ഞു വെള്ളത്തിൽ നിൽക്കുന്ന അനന്തുവിനെ കണ്ടതും അവളുടെ കണ്ണുകളിൽ ഭയം ജനിച്ചു. നട്ടെല്ലിലൂടെ കൊള്ളിയാൻ മിന്നി.

ശരീരത്തിലൂടെ ഉതിർന്നു വീഴുന്ന ജല കണങ്ങൾ അനന്തു കൈ തലം കൊണ്ടു തുടച്ചുമാറ്റികൊണ്ടിരുന്നു . അനന്തുവിനെ കണ്ട മാത്രയിൽ ലക്ഷ്മിയുടെ അധരങ്ങൾ വിറച്ചുകൊണ്ട് മന്ത്രിച്ചു.

.

.

"ദേവേട്ടൻ "

.

.

പൊടുന്നനെ ലക്ഷ്മി ബോധരഹിതയായി കുളപ്പടവിലേക്ക് വീണു. അനന്തു പേടിയോടെ പടവിലേക്ക് വേഗത്തിൽ നീന്തി വന്നു.

പടവിൽ കിടക്കുന്ന ലക്ഷ്മിയെ അവൾ സൂക്ഷിച്ചു നോക്കി. എന്നാൽ അതാരാണെന്ന് അവനു മനസ്സിലായില്ല.

തന്നെ കണ്ട് പേടിച്ചു ബോധം പോയതാണെന്ന് അവനു ഏകദേശം ഒരു ഊഹം ഉണ്ടായിരുന്നു . ഉള്ളിൽ നുരഞ്ഞു പൊന്തുന്ന പേടിയോടെ അവൻ ലക്ഷ്മിയുടെ മൂക്കിലേക്ക് വിരൽ അടുപ്പിച്ചു വച്ചു.

"ഹോ ശ്വാസം ഉണ്ട്. "

ആശ്വാസത്തോടെ അനന്തു ആൾക്കാരെ വിളിക്കാൻ മനയിലേക്ക് ഓടാൻ തയാറായി. എന്നാൽ ഒരു സ്ത്രീയെ ഇവിടെ ഒറ്റക്ക് കിടത്തുന്നത് മോശം ആണെന്ന് ഓർത്ത അനന്തു വേറൊന്നും ചിന്തിക്കാതെ ലക്ഷ്മിയെ കൈകളിൽ കോരിയെടുത്തുകൊണ്ട് പടവുകൾ വേഗത്തിൽ ഓടി കയറി.

ശേഷം തറവാട് ലക്ഷ്യമാക്കി അവൻ വേഗത്തിൽ നടന്നു. തറവാട്ട് മുറ്റത്തു നിൽക്കുകയായിരുന്ന ശങ്കരൻ ഇത് കണ്ടതും വെപ്രാളത്തോടെ ഓടി പിടച്ചു വന്നു.

"മോനെ ദേവാ എന്താ എന്റെ കുട്ടിക്ക് പറ്റിയേ?"

"അറിഞ്ഞൂടാ മുത്തശ്ശാ.. ബോധം പോയതാണെന്ന് തോന്നുന്നു. ആരേയെങ്കിലും ഒന്നു വിളിക്കുമോ ? "അനന്തു നിസ്സഹായതയോടെ അദ്ദേഹത്തെ നോക്കി.

"മോനെ ബാലരാമാ സീതേ ഇത്രടം വരെ വേഗം വാ "

മുത്തശ്ശന്റെ അലർച്ച അവിടമാകെ പ്രകമ്പനം കൊള്ളിച്ചു. അനന്തു പൂമുഖത്തു ലക്ഷ്മിയെ പതിയെ കൊണ്ടു വന്നു കിടത്തി.

അനന്തു അല്പം മാറി നിന്നു ഉള്ളിലേക്ക് തുറിച്ചു നോക്കി. ഈ സമയം കൊണ്ടു ബലരാമനും സീതയും മാലതിയും അകത്തളത്തിൽ നിന്നും ഓടി വന്നു.

പൂമുഖ തിണ്ണയിൽ കിടക്കുന്നബോധമില്ലാതെ കിടക്കുന്ന ലക്ഷ്മിയെ കണ്ട് ഉള്ളിൽ ആന്തലോടെ അവർ അവൾക്ക് സമീപം വന്നു. മാലതിയും സീതയും വെപ്രാളത്തോടെ ലക്ഷ്മിയെ തട്ടി വിളിച്ചു.

എന്നാൽ അവളിൽ നിന്നും യാതൊരുവിധ അനക്കം ഇല്ലാതായതോടെ സീത ഭയത്തോടെ ബലരാമനെ നോക്കി. അപ്പോഴേക്കും പൂമുഖത്തേക്ക് ഓടിയെത്തിയ ഷൈലയെ കണ്ടതും ബലരാമൻ അവളെ നോക്കി ആജ്ഞാപിച്ചു.

"ഷൈലേ അടുക്കളെന്ന് കുറച്ചു വെള്ളം എടുത്തിട്ട് വേഗം കൊണ്ടു വാ "

ഷൈല ബലരാമനെ നോക്കി തലയാട്ടിക്കൊണ്ട് വെള്ളം എടുക്കാനായി അടുക്കളയിലേക്ക് ഓടി. മാലതി ലക്ഷ്മിയുടെ കൈപ്പത്തിയിൽ ഉരസിക്കൊണ്ട്  ചൂട് പകർന്നുകൊണ്ടിരുന്നു. സീത ലക്ഷ്മിയുടെ തല മടി തട്ടിൽ വച്ചു പതിയെ തലോടിക്കൊണ്ടിരുന്നു.

"അനന്തൂട്ടാ എന്താ ഉണ്ടായേ... തുറന്നു പറാ "

ബലരാമൻ അവനെ ചോദ്യഭാവേന നോക്കി ചോദിച്ചു.

"ബലരാമൻ അമ്മാവാ ഞാൻ കുളത്തിൽ കുളിക്കുവായിരുന്നു.. അപ്പൊ എന്നെ ഇവർ കണ്ടതും ബോധം കെട്ട് വീണു. എന്ത് പറ്റിയതാണെന്ന് എനിക്ക് അറിഞ്ഞൂടാ"

വിറയലോടെ അനന്തു വിക്കി വിക്കി പറഞ്ഞു. അവന്റെ ഭയം കണ്ടതും ശങ്കരൻ അവന്റെ ചുമലിൽ കൈവച്ചു.

"മോനെ നീ പേടിക്കണ്ടാ ഇത് നിന്റെ തെറ്റല്ലല്ലോ.. വെള്ളം മുഖത്തു തളിക്കുമ്പോൾ ലക്ഷ്മിക്ക് ബോധം വന്നോളും. "

മുത്തശ്ശൻ അവനെ ആശ്വസിപ്പിക്കുവാനായി പറഞ്ഞു. എങ്കിലും അനന്തുവിന്റെ മനസ് പ്രക്ഷുബ്ധമായ കടലിനു തുല്യമായിരുന്നു.

അവൻ പതിയെ ഒരു ദീർഘ നിശ്വാസം വിട്ടുകൊണ്ട് മനസ്സിനുള്ളിലെ സംഘർഷം ലഘൂകരിക്കുവാൻ ശ്രമിച്ചു.

ഷൈല ജഗ്ഗിൽ നിറച്ചു വെള്ളം കൊണ്ടു വന്നു ബലരാമന് കൈ മാറി. ലക്ഷ്മിയുടെ മുഖത്തേക്ക് ബലരാമൻ കൈക്കുമ്പിലേക്ക് വെള്ളം പകർന്നു ശക്തിയിൽ തളിച്ചു.

രണ്ടാമതും വെള്ളം മുഖത്തേക്ക് തളിച്ചപ്പോൾ ലക്ഷ്മി ഞരക്കത്തോടെ കണ്ണുകൾ ചിമ്മി തുറന്നു. എല്ലാവരും സമാധാനത്തോടെ അവളെ നോക്കി.

കണ്ണുകൾ തുറന്നതും സീതയുടെ മുഖമാണ് അവൾ ആദ്യം ദർശിച്ചത്. ലക്ഷ്മി വിവശതയോടെ എണീക്കാൻ ശ്രമിച്ചു. മാലതി അവളുടെ കയ്യിൽ പിടിച്ചു സഹായിച്ചു.

സീതയുടെ നെഞ്ചിലേക്ക് അവൾ ചാഞ്ഞിരുന്നു. എന്തൊക്കെയോ ഭാവങ്ങൾ അവളുടെ കണ്ണിലൂടെ മിന്നി മറഞ്ഞു.

"ഞാൻ എങ്ങനാ ഇവിടെത്തിയെ? "

ഒന്നും മനസ്സിലാവാതെ മുഖത്തു പറ്റിപ്പിടിച്ചിരിക്കുന്ന വെള്ളത്തുള്ളികൾ തുടച്ചു മാറ്റിക്കൊണ്ട് ലക്ഷ്മി ചോദിച്ചു.

"അതൊക്കെ പിന്നീട് പറയാം.. ആദ്യം നിനക്ക് എന്താ സംഭവിച്ചേ.. നീ എന്തിനാ കുളത്തിലേക്ക് പോയെ ? "

മാലതി അവളുടെ മുഖത്തേക്ക് ഉതിർന്നു കിടക്കുന്ന മുടിയിഴകൾ കോതിയൊതുക്കിവച്ചുകൊണ്ട് ചോദിച്ചു.

"മാലതി ഞാൻ കുളിക്കാൻ വേണ്ടി കുളത്തിലേക്ക് പോയതാ.. എന്നിട്ട് ആ പടവിൽ ഇരുന്ന് എന്തോ ആലോചിക്കുവായിരുന്നു.. അപ്പൊ.."

ലക്ഷ്മി ഒന്ന് പറഞ്ഞു നിർത്തി എല്ലാവരെയും നോക്കി.

"അപ്പൊ? "

ബലരാമൻ അറിയാനുള്ള ആകാംക്ഷയോടെ അവളെ നോക്കി.

"ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ എന്ന് അറിഞ്ഞൂടാ "

"നീ പറ പെണ്ണേ.. എന്താ ഉണ്ടായേ? "

സീത അവളുടെ നെറുകയിൽ പതിയെ തലോടി.

"ആ സമയം കുളത്തിന്റെ നടുക്ക്  വെള്ളത്തിനടിയിൽ നിന്നും ദേവേട്ടൻ പൊന്തിവന്നു.. ഞാൻ ശരിക്കും ഞെട്ടിപ്പോയി. അതേ കണ്ണുകൾ അതേ മുഖം. ഹോ ശരിക്കും ന്റെ മുൻപിൽ വന്നു നിന്ന പോലത്തെ ഒരു ഫീൽ ആയിരുന്നു എനിക്ക് "

അമ്പരപ്പോടെ ലക്ഷ്മി തന്റെ അനുഭവം വിവരിച്ചു. അവൾ കൈകൾ കൊണ്ടു മുഖം മറച്ചതും എല്ലാവരുടെയും കണ്ണുകൾ പൊടുന്നനെ  പിറകിൽ നിൽക്കുന്ന അനന്തുവിലേക്ക് പാറി വീണു.

എല്ലാ കണ്ണുകളും തന്നെ തുറിച്ചു നോക്കുവാണെന്നു അനന്തുവിന് മനസ്സിലായി. അവൻ ചളിപ്പോടെ മുഖം താഴ്ത്തി.

ശങ്കരൻ അവൾക്ക് സമീപം വന്നു നിന്നു അവളുടെ തലയിൽ പതിയെ തലോടിക്കൊണ്ടിരുന്നു.

"ദേവേട്ടനെ കണ്ണു നിറച്ചും കാണാൻ പറ്റിയില്ല അച്ഛാ.. ഒരു നോക്ക് കണ്ടപ്പോഴേക്കും പെട്ടെന്നു എന്റെ ബോധം പോയി "

ലക്ഷ്മി ദുഖത്തോടെ ശങ്കരനോട് പരിഭവം പറഞ്ഞു.

"സാരുല്ല കുട്ട്യേ.. എന്റെ മോൾക്ക് ദേവനോട്  എത്രത്തോളം  ഇഷ്ട്ടം ഉണ്ടെന്നു ഞങ്ങൾക്ക് എല്ലാവർക്കും അറിയാം. "

വല്ലാത്തൊരു നഷ്ടബോധം ആ വാക്കുകളിൽ നിഴലിക്കുന്നതായി അവൾക്ക് തോന്നി.അദ്ദേഹത്തെ ആശ്വസിപ്പിക്കുവാനായി ലക്ഷ്മി അയാളുടെ കരം മുറുകെ ഗ്രഹിച്ചു.

"എന്റെ മോൾക്ക് ദേവനെ ഒന്നൂടി കാണാൻ ആഗ്രഹം ഉണ്ടോ? "

"ഒരുപാട് ആഗ്രഹം ഉണ്ട് അച്ഛാ.. പക്ഷെ ഒരിക്കലും സാധിക്കില്ലല്ലോ അത് "

അത് പറഞ്ഞപ്പോഴേക്കും ലക്ഷ്മിയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

"ഈ അച്ഛൻ അത് സാധിച്ചു തരാം "

ശങ്കരൻ ഉറച്ച ശബ്ദത്തോടെ എന്തോ തീരുമാനം കൈ ക്കൊണ്ടു.

"എങ്ങനെയാ അച്ഛാ അത് നടക്കണേ.. എല്ലാവരും എന്നെ ഓരോന്നു പറഞ്ഞു പറ്റിക്കുവാല്ലേ "

"അല്ലെടി പെണ്ണെ ഞങ്ങൾ എല്ലാവരും കൂടി ആ ആഗ്രഹം സാധിച്ചു തരാം "

മാലതി ഉത്സാഹത്തോടെ പറഞ്ഞു.

"എങ്ങനെ? "

ലക്ഷ്മി അവരുടെ വാക്കുകൾ കേട്ട് ആശ്ചര്യത്തോടെ ചോദിച്ചു.

"അങ്ങോട്ടേക്ക് നോക്ക് ലക്ഷ്മി "

ശങ്കരൻ അവളുടെ വലത് ഭാഗത്തേക്ക് വിരൽ ചൂണ്ടി. സീതയുടെ മാറിൽ ചാഞ്ഞു കിടന്ന് ലക്ഷ്മി വലതു ഭാഗത്തേക്ക് മുഖം വെട്ടിച്ചു.

അനന്തുവിനെ കണ്ടതും അവൾ ഞെട്ടലോടെ അവനെ നോക്കി. മുൻപിൽ നിൽക്കുന്നത് ദേവൻ തന്നെയാണെന്ന് ഉറപ്പിക്കാൻ ലക്ഷ്മി കണ്ണുകൾ ചിമ്മി തുറന്നു.

അവളുടെ ശ്വാസഗതി ഉയർന്നു. മാറിടം ഉയർന്നു താഴ്ന്നു. കിതപ്പോടെ അവൾ ആയാസ്സപ്പെട്ട് എണീറ്റു. അപ്പൊ ഇതാണ് അമ്മ അന്ന് പറഞ്ഞ ലക്ഷ്മി എന്ന അവതാരം എന്ന് അനന്തു മനസ്സിലാക്കി.

ലക്ഷ്മി തന്റെ അടുക്കലേക്ക് വരാൻ തുനിഞ്ഞതും അനന്തു അല്പം ശങ്കയോടെ എല്ലാവരെയും നോക്കി.

എന്നാൽ എല്ലാവരുടെയും കണ്ണുകൾ ലക്ഷ്മിയിൽ ആയിരുന്നു. ലക്ഷ്മി അവന്റെ അടുത്തേക്ക് നടന്നു വന്നു അവനെ വട്ടം ചുറ്റി പിടിച്ചു വിങ്ങി പൊട്ടി.

"ദേവേട്ടാ "

ലക്ഷ്മിയുടെ അലർച്ച അവിടെങ്ങും മാറ്റൊലി കൊണ്ടു. അവൾ അനന്തുവിനെ ഇറുകെ പുണർന്നുകൊണ്ടു അവന്റെ ചുമലിൽ മുഖം പൂഴ്ത്തി കരഞ്ഞു.

അനന്തു എന്ത് ചെയ്യണമെന്നറിയാതെ അവരെ നോക്കി. മാലതി അവനെ നോക്കി കണ്ണടച്ച് തലയാട്ടി. അനന്തു മനസ്സിലായെന്ന ഭാവത്തിൽ തലയാട്ടിക്കൊണ്ട് അവളെ ആശ്വസിപ്പിച്ചു.

കരച്ചിലിന്റെ തോത് കുറഞ്ഞു വന്നതും ലക്ഷ്മി അവനിൽ നിന്നും വിട്ടു മാറി.

"ആരാ അച്ഛാ ഇത്.. ബാലരാമേട്ടാ ആരാ ഇത് ?"

ലക്ഷ്മി അവരെ പ്രതീക്ഷയോടെ നോക്കി. എന്നാൽ ശങ്കരനും ബലരാമനും ശിലപോലെ നിന്നു.

"മാലതി സീതേട്ടത്തി നിങ്ങളെങ്കിലും പറ.. ആരാ ഇത്? "

എല്ലാവരും നിശബ്ദരായി ഇരുന്നപ്പോൾ ലക്ഷ്മി സംശയത്തോടെ അനന്തുവിനെ നോക്കി.

"ഓഹോ നീ ദേവേട്ടന്റെ ജാര സന്തതി ആണല്ലേ..? അതാണല്ലേ ആരും ഒന്നും മിണ്ടാത്തെ? "

അത് കേട്ടതും സഹിക്ക വയ്യാതെ മാലതി ചാടിയെണീറ്റു.

"തേങ്ങാക്കൊലയാ.. ഡി പൊട്ടത്തി ഇത് എന്റെ മൂത്ത മോനാ.. അനന്തു.. ഞാൻ പറഞ്ഞില്ലേ എന്റെ മോൻ പുറത്തു പോയി എന്ന്.. അത് ഇവനാ "

"എന്നാലും ഇതെങ്ങനെ? "

കിളി പോയ പോലെ ലക്ഷ്മി പിറു പിറുത്തു.

"അത് തന്നെ ആയിരുന്നു ഞങ്ങടെയും അത്ഭുതം.. എന്നാൽ ഇപ്പൊ ശരിയായി"

മാലതി ചിരിച്ചുകൊണ്ട് പറഞ്ഞു.

ലക്ഷ്മി വിശ്വാസം വരാതെ അനന്തുവിനെ തുറിച്ചു നോക്കി. അവൻ പതിയെ ചിരിക്കാൻ ശ്രമിച്ചു. എന്നാൽ ലക്ഷ്മി അവനിൽ നിന്നും മുഖം വെട്ടിച്ചു.

എന്നിട്ട് നേരെ മനയുടെ ഉള്ളിലേക്ക് കയറിപ്പോയി. ലക്ഷ്മിയുടെ പ്രതികരണം അനന്തുവിനെ തെല്ലൊന്ന് സങ്കടപ്പെടുത്തി.

ഏതായാലും  അവരുടെ കാര്യത്തിൽ തല്ക്കാലം തലയിടണ്ട എന്ന് അവൻ തീരുമാനിച്ചു.

"മോൻ വിഷമിക്കണ്ടാട്ടൊ.. അവൾ അങ്ങനാ.. പതുക്കെ ശരിയായിക്കോളും"

ശങ്കരൻ അനന്തുവിന്റെ ചുമലിൽ തട്ടിക്കൊണ്ടു പറഞ്ഞു. അവൻ മുത്തശ്ശനെ നോക്കി ചിരിച്ചുവെന്നു വരുത്തി.

മുറിയിൽ തിരിച്ചെത്തിയ ലക്ഷ്മി ആകെ സ്തബ്ധയായിരുന്നു.മാലതിയുടെ മോനെ കാണാൻ ശരിക്കും ദേവേട്ടനെ പോലെ തന്നെ ഉണ്ടെന്നു അവൾ അമ്പരപ്പോടെ ഓർത്തു.

എന്നാലും എങ്ങനെ ഇങ്ങനൊരു സാമ്യം വന്നു എന്ന് ചിന്തിച്ചു അവൾ അതിശയപ്പെട്ടു. ശരിക്കും ദേവേട്ടനെ പോലെ തന്നെ കാണാൻ.

അറിയാതെ പോയി കെട്ടിപ്പിടിച്ചപ്പോൾ പോലും ദേവേട്ടനെ കെട്ടിപ്പിടിക്കുന്ന അതേ പ്രതീതി ആയിരുന്നു തനിക്കെന്ന് അവൾ ആലോചിച്ചു.

ദേവേട്ടനെ കണ്ടപ്പോൾ തനിക്ക് ഉണ്ടായ കുളിരും വികാരവും ഒക്കെ ഓർത്തപ്പോൾ തന്നെ ലക്ഷ്മിക്ക് അല്പം ലജ്ജ തോന്നി. അവൾ തലയിണയിൽ മുഖം പൂഴ്ത്തി കിടന്നു.

എന്നാൽ പൊടുന്നനെ അവളുടെ മുഖത്തു ശൃംഗാര ഭാവം മാറി കോപം ഉടലെടുത്തു. തന്റെ ദേവേട്ടന്റെ അതേ മുഖവും കണ്ണുകളും ആയി ജനിച്ചവനോട് അവൾക്ക് വെറുപ്പ് തോന്നി.

മാലതിയോട് വല്ലാത്ത ദേഷ്യവും.ദേവേട്ടന്റെ ആ സുന്ദര മുഖവും നീല കണ്ണുകളും എല്ലാം ദേവേട്ടന് മാത്രം അധികാരം ഉള്ളതാണെന്ന് അവൾ മനസിനെ പറഞ്ഞു പഠിപ്പിച്ചു.

ചില തീരുമാനങ്ങൾ മനസ്സിൽ പറഞ്ഞുറപ്പിച്ച് അവൾ താഴേക്ക് നടന്നു.

ഈ സമയം മറ്റൊരു മുറിയിലെ കട്ടിലിൽ സീത ഇരിക്കുകയായിരുന്നു. അവളുടെ മടിയിൽ ബലരാമൻ ഉത്തരത്തിലേക്ക് കണ്ണും നട്ട് തല ചായ്ച്ചു കിടക്കുന്നു.

സീത ബലരാമന്റെ മുടിയിഴകൾ പതിയെ വിരലുകൾ കൊണ്ടു കോതിയൊതുക്കികൊണ്ടിരുന്നു.

എന്തൊക്കെയോ ചിന്തകൾ തന്റെ പതിയുടെ  മനസ്സിനെ കീഴടക്കിക്കൊണ്ടിരിക്കുവാണെന്ന് അവൾക്ക് തോന്നി. എങ്കിലും ബലരാമൻ അത് തുറന്നു പറയുവാനായി അവൾ ക്ഷമയോടെ കാത്തിരുന്നു.

ഏറെ നേരത്തെ നിശ്ശബ്ദതക്ക് ശേഷം ബലരാമൻ കിടന്ന കിടപ്പിലേ അവളുടെ മുഖത്തേക്ക് ഉറ്റു നോക്കി.

"സീതേ കല്യാണിയെ നിനക്ക് ഓർമ്മയുണ്ടോ ഇപ്പോഴും?

"പിന്നല്ലാതെ.... അവളെ ഇവിടെ ആർക്കും മറക്കാൻ പറ്റില്ലല്ലോ "

"ഷ്മ് എനിക്ക് അറിയാം. പക്ഷെ ഇന്ന് ഹോസ്പിറ്റലിൽ വച്ചു ഒരു സംഭവം ഉണ്ടായി "

"എന്താ ഏട്ടാ അത് "

സീത നെറ്റി ചുളിച്ചു

"ഞാൻ കല്യാണിയെ പോലെ തന്നെ ഉള്ള ഒരു പെൺകുട്ടിയെ കണ്ടു അവിടെ വച്ചു. "

അത് കേട്ടതും സീതയിൽ ഒരു നടുക്കം ഉണ്ടായി. വിശ്വാസം വരാതെ അവൾ ബലരാമനെ അമ്പരപ്പോടെ നോക്കി

"നീ വിശ്വസിച്ചേ പറ്റൂ.. ഞാൻ ആ കുട്ടിയെ കണ്ടു അവിടെ വച്ചു "

"ഏട്ടാ ആ കുട്ടി ആരുടെ മോളാ. പേരും മേൽവിലാസവും ഒക്കെ ഏട്ടന് അന്വേഷിക്കായിരുന്നില്ലേ? "

"ഞാൻ അന്വേഷിച്ചു സീതേ.. നമ്മുടെ സ്കൂളിൽ കഞ്ഞി വയ്ക്കുന്ന ആശയുടെ മകളാണ് അവൾ. ചെത്തുകാരൻ ബാലൻ ആണ് അവളുടെ അച്ഛൻ. ഞാൻ ഇന്ന് അവരെക്കുറിച്ച് അന്വേഷിച്ചു. അങ്ങനെ അറിഞ്ഞതാ "

"ഏട്ടാ ആ കുട്ടിയെ കാണാൻ കല്യാണിയെ പോലെ തന്നെയാണോ? "
ആകാംക്ഷയോടെ സീത വീണ്ടും ചോദിച്ചു.

"അതേ സീതേ.. കല്യാണിയെ കൊത്തി വച്ച പോലുണ്ട്. ആദ്യം കണ്ടപ്പോൾ ഞാൻ ശരിക്കും ഞെട്ടിപ്പോയി.എന്റെ മനസ് ഒന്ന് പാകപ്പെടാൻ കുറച്ചു സമയം എടുക്കേണ്ടിവന്നു. "

"ഏട്ടാ എനിക്കും ആ കുട്ടിയെ കാണാമെന്നുണ്ട്"

"ഞാൻ ഒരിക്കൽ കൊണ്ടുപോയി കാണിക്കാം സീതേ. അതുവരെ ആരും ഇതറിയണ്ടാ കേട്ടോ"

"ശരി ഏട്ടാ "

"ഹാ  "

ബലരാമൻ ഉറങ്ങുവാനായി തയാറെടുത്തു. സീതയുടെ മനസ് ആകെ കലങ്ങി മറിഞ്ഞുകൊണ്ടിരുന്നു. എന്തൊക്കെയോ അവൾ വൃഥാ ചിന്തിച്ചുകൊണ്ടിരുന്നു.

രാത്രിയിൽ കട്ടിലിൽ കിടന്നു വെരുകിനെ പോലെ തിരിഞ്ഞും മറിഞ്ഞും കിടക്കവേ അനന്തുവിന് ദേവന്റെ ഡയറിയെ കുറിച്ച് ഓർമ്മ വന്നു.

കള്ള കാമുകൻ എഴുതി വച്ചതിന്റെ ബാക്കി വായിക്കാനുള്ള ത്വരയിൽ ഉത്സാഹത്തോടെ അനന്തു ചാടിയെണീറ്റു. നേരെ മേശയ്ക്ക് സമീപം വന്നു നിന്നു വലിപ്പ് തുറന്നു വച്ചു അതിൽ നിന്നും ഡയറി സൂക്ഷ്മതയോടെ കൈ കൊണ്ടു എടുത്തു.

അതും കൊണ്ടു കട്ടിലിലേക്ക് ചാടി കയറിയ അനന്തു തലയ്ക്കു പിറകിൽ തലയിണ വച്ചു അഡ്ജസ്റ്റ് ചെയ്ത ശേഷം ചാഞ്ഞിരുന്ന് വായനയ്ക്കായി ഡയറിയുടെ താളുകൾ ഓരോന്നായി തുറന്നു.

പെൺകുട്ടിയെ അവ്യക്തമായി ആലേഖനം ചെയ്തിട്ടുള്ള താളിൽ എത്തിയതും അനന്തു ഞെട്ടലോടെ എണീറ്റിരുന്നു. അവനു തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

ഒന്നു ശ്വാസം വലിച്ചെടുത്ത ശേഷം അവൻ ഒന്നുകൂടി ആ താളിലേക്ക് സസൂക്ഷ്മം നോക്കി. മുൻപ് അവ്യക്തമായ ഒരു പെൺകുട്ടിയുടെ ചിത്രമാണ് അവിടെ ഉണ്ടായിരുന്നതെങ്കിലും ഇന്ന് അത് മാറി അതിലെ അവ്യക്ത ഭാഗങ്ങൾ തെളിഞ്ഞു വന്ന് അത് പൂർണമായ ഒരു ചിത്രമായി മാറി.

എന്നാൽ അതിന്റെ നടുക്കത്തിൽ നിന്നും മോചിതനാവാൻ അനന്തുവിന് കഴിഞ്ഞില്ല. പതിയെ ആ ചിത്രത്തിൽ അരുണിമയുടെ മുഖം തെളിഞ്ഞു വരുന്നതായി അവനു തോന്നി.

ആരോ അരുണിമയുടെ ചിത്രം പുതുതായി വരച്ചു ചേർത്ത പോലെ ആയിരുന്നു. മുൻപിൽ നടക്കുന്ന അസ്സാധാരണമായ സംഭവങ്ങൾ ഓർത്ത് അവനു ഭ്രാന്ത് പിടിച്ചു. തൽക്കാലം അരുണിമയെ കാണാനുള്ള ആഗ്രഹംകൊണ്ടാകും ഇങ്ങനൊക്കെ തനിക്ക് കാണാൻ പറ്റുന്നതെന്നു ഓർത്തു അവൻ ആശ്വസിച്ചു.

അങ്ങനെ ആണെന്ന് മനസ്സിനെ പറഞ്ഞു പഠിപ്പിച്ചു.സാവധാനം അനന്തു ഡയറിയിലേക്ക് മുഖം പൂഴ്ത്തി.

¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥

കല്യാണിയെ വീട്ടിൽ ആക്കിയ ശേഷം രഘുവേട്ടന്റെ വീട്ടിൽ പോയി നൂലുകെട്ടിനു മുഖം കാണിച്ച ശേഷം ദേവൻ ബുള്ളറ്റിൽ തിരിച്ചു വരികയായിരുന്നു. കല്യാണിയെ കണ്ട ശേഷം മനസ്സ് എവിടെയും ഉറച്ചു നിൽക്കുന്നില്ലെന്നു അവനു തോന്നി.

ആ പൂച്ചക്കണ്ണുകളോട് വല്ലാത്ത ഒരു ആരാധനയും മറ്റ് എന്തൊക്കെയോ ഒക്കെ അവന്റെ മനസിൽ തോന്നി തുടങ്ങി. ചുണ്ടിൽ ചെറു ചിരിയോടെ അവൻ ബുള്ളറ്റ് പറപ്പിച്ചു.

നാൽക്കവലയിൽ എത്തിയതും അവിടുള്ള പെട്ടിക്കടയ്ക്ക് മുൻപിൽ അവൻ വണ്ടി നിർത്തി.പെട്ടി കടയിൽ കൂടിയിരുന്ന ആൾക്കാർ എഴുന്നേറ്റ് നിന്നു അവനെ ബഹുമാനിച്ചു.

ദേവൻ എല്ലാവരെയും നോക്കി പുഞ്ചിരിച്ചു.

"ചേട്ടാ കുറച്ചു നാരങ്ങ മിട്ടായി പൊതിഞ്ഞെടുത്തോ "

"ശരി അങ്ങുന്നേ "

കടക്കാരൻ ബഹുമാനത്തോടെ വൃത്തിയുള്ള കടലാസ് കീറിയെടുത്ത് അതിൽ കുറച്ചു നാരങ്ങ മിട്ടായി ചില്ലു ഭരണിയിൽ നിന്നും കുടഞ്ഞിട്ടു.

അതിനു ശേഷം അത് വൃത്തിയായി പൊതിഞ്ഞെടുത്ത് ദേവന് നേരെ നീട്ടി.

"നന്ദി ചേട്ടാ.. ഇതാ പൈസ"

ദേവൻ പോക്കറ്റിൽ നിന്നും നാണയതുട്ട് എടുത്തു അയാൾക്ക് നേരെ നീട്ടി.

"അയ്യോ വേണ്ട അങ്ങുന്നേ.."

അയാൾ അല്പം ഭയത്തോടെ ദേവനെ നോക്കി.

"അതൊന്നും സാരമില്ല ചേട്ടാ.. ഇത് കയ്യിൽ വച്ചോ.. ഞാൻ വാങ്ങിയ സാധനത്തിന്റെ പൈസ അല്ലേ തരുന്നേ "

"അങ്ങുന്ന് വാങ്ങിയ സാധനത്തിനു എങ്ങനാ ഞാൻ പൈസ വാങ്ങുക.. ഈ കടയൊക്കെ വല്യങ്ങുന്നിന്റെ ഔദാര്യമാ.. ആ നന്ദി ഞാനും എന്റെ കുടുംബവും ഒരിക്കലും മറക്കില്ല. "

അയാൾ നന്ദിയോടെ അവനെ നോക്കി.

"അതെന്തേലും ആവട്ടെ.. ചേട്ടൻ ഇത് പിടിക്ക്"

ദേവൻ ബലമായി അയാളുടെ കയ്യിൽ പൈസ വച്ചു കൊടുത്തു. അതിനു ശേഷം അവൻ ബുള്ളറ്റ് മുന്പോട്ടെക്ക് എടുത്തു. അവൻ ആർത്ത നാദത്തോടെ ഭൂമിയെ പ്രകമ്പിപ്പിച്ചു കൊണ്ടു മുന്നോട്ട് നീങ്ങി.

"ഇത്തവണ ഭൂമി പൂജയ്ക്ക് ദേവൻ അങ്ങുന്നിനാണല്ലേ ദേവിയുടെ അരുളിപ്പാട് കിട്ടിയേ ? "

പെട്ടിക്കടയിലെ മുറുക്കാൻ ചെല്ലത്തിലേക്ക് കൈ ഇട്ടുകൊണ്ട് ഒരാൾ ചോദിച്ചു.

"അതേ.. ദേവൻ അങ്ങുന്നിനെയാ ദേവി തിരഞ്ഞെടുത്തെ.. ഇത്തവണ ആ തിരുവമ്പാടിക്കാരെയും കുന്താളപുരക്കാരെയും നമുക്ക് മുൻപിൽ അടിയറവ് പറയിപ്പിക്കണം."

ഖദർ മുണ്ടും ഷർട്ടും അണിഞ്ഞ ഒരാൾ തന്മയത്വത്തോടെ പറഞ്ഞു.അവിടെ കൂടിയ എല്ലാ നാട്ടുകാരിലും വല്ലാത്തൊരു പ്രതികാര ദാഹം അരിച്ചു കയറി.

എന്തിനോ വേണ്ടി അവർ ക്ഷമയോടെ കാത്തിരുന്നു. വരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ അവർ വ്യാപൃതരായി.

ബുള്ളറ്റിന്റെ ശബ്ദം കേട്ടതും മാലതി മനയുടെ ഉള്ളിൽ നിന്നും പുറത്തേക്കിറങ്ങി വന്നു.ദേവൻ ബുള്ളറ്റ് ഒതുക്കി വച്ചു തിരിഞ്ഞതും മാലതി ഓടി വന്നു അവനെ കെട്ടിപിടിച്ചു.

ദേവൻ സന്തോഷത്തോടെ അവളെ മുറുകെ കെട്ടിപിടിച്ചു.

"ദേവേട്ടാ എന്റെ നാരങ്ങ മിട്ടായി താ "

കൊഞ്ചലോടെ മാലതി ദേവനെ ചുറ്റിപിടിച്ചു. ദേവൻ ചിരിയോടെ പാന്റ്സിന്റെ പോക്കറ്റിൽ നിന്നും മിട്ടായിയുടെ പൊതിയെടുത്ത് അവൾക്ക് നേരെ കാണിച്ചു.

"ഇതാ മാതുകുട്ടി "

അതു കണ്ടതും മാലതിയുടെ കണ്ണുകൾ വിടർന്നു. അവൾ സന്തോഷത്തോടെ തുള്ളി ചാടിക്കൊണ്ട് അവന്റെ കയ്യിൽ നിന്നും പൊതി തട്ടിപറിച്ചെടുത്തു.

"എന്റെ ചക്കരയേട്ടൻ ഉമ്മാ "

ദേവന്റെ കവിളിൽ ചുംബിച്ചുകൊണ്ട് മിട്ടായി പൊതി നെഞ്ചോട് ചേർത്തു മാലതി അകത്തളത്തിലേക്ക് ഓടി. ഈ സമയം ശങ്കരൻ പൂമുഖത്തേക്ക് നടന്നു വന്നു.

"ദേവാ നിന്റെ തിരക്ക് ഒക്കെ കഴിഞ്ഞോ? "

"കഴിഞ്ഞു അച്ഛാ "

"എങ്കിൽ ഇന്നാ താക്കോൽ.. നമുക്ക് അമ്പലത്തിലേക്ക് പോകാം. എല്ലാവരും നമ്മളെ അവിടെ കാത്തിരിപ്പുണ്ടാകും ."

ശങ്കരൻ പോകാനുള്ള ധൃതിയിൽ ജീപ്പിനു സമീപം നടന്നു.

"ശരി അച്ഛാ പോകാം. "

ദേവൻ ചാവി കയ്യിലിട്ട് കൊണ്ടു ജീപ്പിനു സമീപത്തേക്ക് വന്നു.

ശങ്കരൻ മുൻപിൽ കയറിയതും ദേവൻ തന്റെ മഹേന്ദ്ര ജീപ്പിന്റെ ഡ്രൈവിംഗ് സീറ്റിലേക്ക് വന്നു കയറി. വണ്ടി സ്റ്റാർട്ട് ചെയ്തു ഒന്ന് ഇരപ്പിച്ച ശേഷം ദേവൻ ജീപ്പ് പടിപ്പുര കടന്നു റോഡിലേക്ക് ഇറക്കി.

ചെമ്മൺ പാതയിലൂടെ പൊടി പറത്തിക്കൊണ്ട് ജീപ്പ് മുന്നോട്ടേക്ക് കുതിച്ചു. ചെറിയ ഒരു മഴക്കോള് കാണുന്നതിനാൽ കത്തിച്ചു വിട്ടോളാൻ ശങ്കരൻ ആജ്ഞാപിച്ചു.

ദേവൻ മെയ്‌വഴക്കത്തോടെ വളവും തിരിവും ഇറക്കവും കയറ്റവും അസാമാന്യ കരുത്തോടെ ജീപ്പ് ഓടിച്ചു. ഒരു മണിക്കൂർ യാത്രയ്ക്ക് ശേഷം അവർ ദേശം ഗ്രാമത്തിന്റെയും കുന്താളപുരം ഗ്രാമത്തിന്റെയും അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന കുന്നത്ത് ദേവി ക്ഷേത്രത്തിലേക്ക് എത്തിച്ചേർന്നു.

"ദേവാ വണ്ടി ഒതുക്കി വച്ചിട്ട് വാ. ഞാൻ അമ്പലത്തിൽ കാണും "

"ശരി അച്ഛാ "

ക്ഷേത്രത്തിനു മുൻപിൽ ശങ്കരനെ ഇറക്കിയ ശേഷം വണ്ടി അല്പം മാറ്റി വയ്ക്കുന്നതിനായി ദേവൻ ജീപ്പ് മുന്നോട്ടേക്ക് എടുത്തു. അല്പം കാട് തിങ്ങി വളർന്ന റോഡിന്റെ ഓരത്ത് ജീപ്പ് ഒതുക്കി വച്ചു ദേവൻ തിരിച്ചു അമ്പലത്തിലേക്ക് നടന്നു വന്നു.

ധൃതിയിൽ റോഡിൽ നിന്നും അമ്പലത്തിലേക്കുള്ള പടവുകൾ ദേവൻ ചാടികയറുകയായിരുന്നു. പെട്ടെന്നു ഒരു പെൺകുട്ടി പടവിൽ നിന്നും തെന്നി വീഴാൻ ആയുന്നത് കണ്ടതും ദേവൻ സംഭ്രമത്തോടെ മുന്പോട്ടെക്ക് ആഞ്ഞു ചെന്നു കൈകൾ വിരിച്ചു അവളെ താഴെ വീഴാതെ താങ്ങി നിർത്തി. അവൾ ഉടുത്തിരുന്ന ഹാഫ് സാരിയുടെ വിടവിലൂടെ ആനാവൃതമായ അവളുടെ ഇളം വയറിൽ ദേവന്റെ കൈ അമർന്നു.ദേവന്റെ കരസ്പർശം ഏറ്റതും അവളുടെ ശരീരമാകെ കോരിത്തരിച്ചു. ശരീരത്തിന്റെ ഓരോ അണുവിലും അതിന്റെ പ്രതീതി അവൾ അറിഞ്ഞു

കയ്യിൽ നിന്നും പൂക്കൾ ശേഖരിച്ചിരുന്ന കൂട നിലത്തേക്ക് തെറിച്ചു വീണു. ദേവന്റെ കണ്ണുകളിൽ ആദ്യം ചെന്നു പെട്ടത് രണ്ടു പൂച്ചക്കണ്ണുകൾ ആയിരുന്നു.

ഭയത്തോടെ ഓടി കളിക്കുന്ന ആ പൂച്ചക്കണ്ണുകൾ മുൻപെങ്ങോ കണ്ടു മറന്നതാണെന്ന് അവനു തോന്നി. അവൻ പതിയെ ആ പെൺകുട്ടിയെ നേരെ നിർത്തി.

അവൾ ദേവന്റെ പിടയ്ക്കുന്ന നീലക്കണ്ണുകളിലേക്ക് ഉറ്റു നോക്കി. ആ പെൺകുട്ടിയുടെ മുഖം കണ്ടതും ദേവൻ അമ്പരപ്പോടെ അവളെ നോക്കി നിന്നു.

ദേവൻ എന്തോ പറയാൻ തുനിഞ്ഞതും സംയമനം വീണ്ടെടുത്ത ആ പെൺകുട്ടി ഞെട്ടലോടെ അവനിൽ നിന്നും വിട്ടുമാറി.അപ്പോഴാണ് അവളുടെ ഇളം വയറിലെ തണുപ്പ് അവന്റെ ഉള്ളം കയ്യിൽ അവൻ അനുഭവിച്ചറിഞ്ഞത്. കുനിഞ്ഞിരുന്ന് കൂട കയ്യിൽ എടുത്ത് നിലത്തേക്ക് ഉതിർന്നു വീണ പൂക്കൾ പെറുക്കി കൂടയിലേക്ക് തിരികെയിട്ടുകൊണ്ടിരുന്നു.

ചമ്മലോടെ ദേവനും അവളെ കൂട നിറയ്ക്കുവാൻ സഹായിച്ചു. കൂട നിറഞ്ഞതും ആ പെൺകുട്ടി എണീറ്റു നിന്നു മുഖം ഉയർത്തി അവനെ നോക്കി.

"താങ്ക്സ് "

നന്ദി സൂചകമായി അവനെ നോക്കി. അതിനു ശേഷം അവൾ പോകാനായി തിരിഞ്ഞു.

"കല്യാണി എന്താ എന്നെ ഇതുവരെ കാണാത്തപോലെ തിരിഞ്ഞു പോകുന്നേ.. നീ എന്നെ മറന്നോ ഇത്ര വേഗം "

ദേവൻ ദുഖത്തോടെ അവളുടെ പുറകിൽ നിന്നും വിളിച്ചു പറഞ്ഞു.പെട്ടെന്നുള്ള അവളുടെ ഈ പെരുമാറ്റം അവനെ നല്ലോണം വേദനിപ്പിച്ചു.

"സോറി നമ്മൾ തമ്മിൽ മുൻ പരിചയമുണ്ടോ?"

ആ പെൺകുട്ടി അവനെ തിരിഞ്ഞു നോക്കി.. അവളുടെ കണ്ണുകളിൽ തന്നോട് ഒരു അപരിചിതത്വം നിറഞ്ഞു നിൽക്കുന്നപോലെ ദേവന് തോന്നി.

"ഉണ്ട്. നമ്മൾ തമ്മിൽ ഇന്ന് രാവിലെ പരിചയപ്പെട്ടതല്ലേ....... എന്റെ വണ്ടി തന്റെ സൈക്കിളിൽ വന്നിടിച്ചത്.....തന്നെ ഞാൻ വൈദ്യന്റെ അടുത്തേക്ക് കൊണ്ടുപോയത്...... മരുന്ന് വച്ചു തന്നത്......വീട്ടിൽ കൊണ്ടു ചെന്നാക്കിയത്..... ഇതൊക്കെ താൻ ഇത്ര വേഗം മറന്നോ? "

ദേവൻ പരിഭവത്തോടെ അവളെ നോക്കി. അവൾ തന്നെ കളിപ്പിക്കുന്നതാണോ എന്ന് അവന് സംശയം ഉടലെടുത്തു.

"ഹേയ് നോ മാൻ.. ഞാൻ ഇന്ന് രാവിലെ ബോംബെയിൽ നിന്നും ഇങ്ങോട്ടേക്കു പോന്നതേയുള്ളൂ. ഞാൻ ഈ നാട്ടിൽ പുതിയതാ.. anyway എന്നെ വീഴാതെ രക്ഷിച്ചതിനു താങ്ക്സ്.. my നെയിം ഈസ് മുത്തുമണി."

ആ പെൺകുട്ടി ചിരിയോടെ ദേവനു നേരെ കൈ നീട്ടി. ദേവൻ ആശ്ചര്യത്തോടെ അവൾക്ക് നേരെ കൈ നീട്ടി.

"ദേവൻ "

"വൗ സ്വീറ്റ് നെയിം "

മുത്തുമണി അവനെ നോക്കി.

"Ok ദേവൻ.. പിന്നെ കാണാം. ഒരു പുതിയ ഫ്രണ്ടിനെ കിട്ടിയതിൽ ഒരുപാട് സന്തോഷം. "

അവനെ നോക്കി കണ്ണിറുക്കിക്കൊണ്ട് അവൾ പുറത്തേക്ക് നടന്നു. ദേവൻ അവളെ തന്നെ നോക്കി നിന്നു.

റോഡിൽ നിർത്തിയിട്ടിരിക്കുന്ന മാരുതി 800 ൽ കയറി അവൾ എങ്ങോട്ടോ പോയി മറഞ്ഞു. പക്ഷെ ആ കാർ എങ്ങോട്ടാണ് പോയതെന്ന് അവനു ചെറിയൊരു ഊഹം ഉണ്ടായിരുന്നു.

കൺമുൻപിൽ നടക്കുന്നതൊന്നും വിശ്വസിക്കാനാവാതെ അവൻ അമ്പലമുറ്റത്തുള്ള ആൽമരചുവട്ടിൽ ഇരുന്നു. രാവിലെയും വൈകിട്ടും കണ്ട ആ മുഖങ്ങൾ അവന്റെ മനസിനെ മഥിച്ചുകൊണ്ടിരുന്നു.

നേർക്കാഴ്ചകളും മനസും തുലാസിന്റെ രണ്ടു തട്ടിൽ ആയപ്പോൾ ഭ്രാന്ത് പിടിക്കുമെന്ന അവസ്ഥയിൽ രക്ഷയ്ക്കായി അവൻ ആൽമരത്തിന്റെ ചുവട്ടിൽ നീണ്ടു നിവർന്നു കിടന്നു. ആവശ്യത്തിന് ശുദ്ധ വായു ശ്വസിച്ചുകൊണ്ട് ദേവൻ മനസിനെ പാകപ്പെടുത്തികൊണ്ടിരുന്നു.

¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥

അനന്തു ഡയറിൽ നിന്നും പതിയെ മുഖം ഉയർത്തി. അതിനു ശേഷം അത് അടച്ചു വച്ചു. ദേവനെ പോലെ അവനും വല്ലാത്ത സംഘർഷത്തിൽ ആയിരുന്നു.

ദേവൻ അമ്മാവൻ രണ്ടാമത് കണ്ട കുട്ടി ആരാ? അത് കല്യാണി അല്ലേ? ഇനി അവൾ അങ്ങനെ അഭിനയിച്ചതാണോ? അതോ ഇരട്ടകൾ ആണോ അവർ? എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ അനന്തുവിന്റെ മനസ്സിനെ കുഴക്കി.

ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാതായതോടെ നിരാശയോടെ അവൻ കിടക്കുവാനുള്ള തയാറെടുപ്പ് നടത്തി.

അടുത്ത ദിവസം വൈകുന്നേരം ശങ്കരന്റെ നിർബന്ധത്താൽ എല്ലാവരും അമ്പലത്തിലേക്ക് പോകാൻ തയാറായി. ലക്ഷ്മിയെ കൂടെ വരാൻ നിർബന്ധിച്ചെങ്കിലും അവൾ കൂട്ടാക്കിയില്ല.

ഇപ്പോഴും അവരോടുള്ള അവളുടെ പരിഭവം മാറിയിരുന്നില്ല. അതിലുപരി അനന്തുവിന്റെ മുൻപിൽ പെടേണ്ട എന്ന് അവൾ വിചാരിച്ചിരുന്നു.

ദേവേട്ടന്റെ മുഖവും പേറി നടക്കുന്നവനോട് അവൾക്ക് വല്ലാത്ത വെറുപ്പ് തോന്നി.സദാസമയം അവൾ സ്വന്തം മുറിയിൽ  ചിലവഴിച്ചു.

മുത്തശ്ശന്റെ ആഗ്രഹമായതിനാൽ ശിവയും മാലതിയും സീതയും മീനാക്ഷിയും ഒക്കെ കൂടെ പോകാൻ തയാറായി. വീട്ടിൽ വച്ചു അനന്തുവിനെ ഒറ്റക്ക് കിട്ടാത്തതിനാൽ അമ്പലത്തിനുള്ളിൽ വച്ചോ പരിസരത്ത് വച്ചോ അനന്തുവിനെ ഒറ്റക്ക് കയ്യിൽ കിട്ടുമെന്ന കണക്ക് കൂട്ടലിൽ ആയിരുന്നു മീനാക്ഷി.

സീതയും മാലതിയും മീനാക്ഷിയും സാരി ഉടുത്തപ്പോൾ ശിവയും രേവതിയും ബ്ലൗസും പാവാടയും അണിഞ്ഞു സുന്ദരികുട്ടികൾ ആയി മാറി.

നീല കളർ സാരി അണിഞ്ഞു സുന്ദരിയായി നിൽക്കുന്ന മീനാക്ഷിയെ കണ്ടപ്പോഴേ മാലതി സന്തോഷത്തോടെ വന്നു അവളെ കെട്ടിപിടിച്ചു.

"എന്റെ മീനാക്ഷി മോള് എത്ര സുന്ദരിയാ അല്ലേ സീതേട്ടത്തി? "

മാലതി അവളുടെ കവിളിൽ വാത്സല്യപൂർവ്വം തലോടി.

"ഫ്മ് അത് കേട്ട് ഇപ്പൊ അവള് പൊന്തി കാണും"

സീത മാലതിയെ നോക്കി കണ്ണിറുക്കി കാണിച്ചു.

മീനാക്ഷി കോപത്തോടെ സീതയെ നോക്കി.

"അതൊന്നുമല്ല സീതേട്ടത്തി.. എന്റെ മോള് സുന്ദരിക്കുട്ടി തന്നാ.. എന്റെ അനന്തുവിന് കല്യാണ പ്രായം ആയിരുന്നെങ്കിൽ ഇപ്പൊ തന്നെ ഞാൻ രണ്ടുപേരെയും പിടിച്ചങ്ങ് കെട്ടിച്ചേനെ "

മാലതി പറഞ്ഞ വാക്കുകൾ കാതിൽ പതിഞ്ഞതും മീനാക്ഷിയ്ക്ക് കുളിരു കോരുന്ന പോലെ തോന്നി. ലജ്ജ കാരണം അവളുടെ മുഖം താഴ്ന്നു.

അനന്തുവിനെ കുറിച്ച് ഓർക്കുമ്പോൾ തന്നെ ശരീരത്തിൽ ആകെ ഒരു തരം കുളിരും തരിപ്പും ആണെന്ന് അവൾ നാണത്തോടെ ഓർത്തു.

പൊടുന്നനെ അവൾക്ക് ശിവജിത്തിന്റെ കാര്യം ഓർമ്മ വന്നു.ഇതെങ്ങാനും അവൻ കേട്ടിരുന്നേൽ ഇപ്പൊ തന്നെ കൊന്നു കറി വച്ചേനെ എന്ന് അവൾ പേടിയോടെ ഓർത്തു.

"എനിക്ക് കുഴപ്പമില്ല സമ്മതമാണ് കേട്ടോ"

സാരിയുടെ കോന്തല വിരലിൽ ചുറ്റിപിടിപ്പിച്ചുകൊണ്ടു മീനാക്ഷിയുടെ ലജ്ജയിൽ ചാലിച്ച വാക്കുകൾ പുറത്തു വന്നു.

"അയ്യേ അവളുടെ ഒരു നാണം കണ്ടില്ലേ.. പെണ്ണിന് ഇപ്പൊ തന്നെ കെട്ടാൻ മുട്ടി നിൽക്കുവാ.. ബാക്കിയുള്ളവർ എങ്ങാനും കേട്ടാൽ എന്താണാവോ സംഭവിക്കുക? "

താക്കീത് പോലെ സീത പറഞ്ഞു.

"ഓരോന്നു പറഞ്ഞു അവളെ വിഷമിപ്പിക്കല്ലേ സീതേട്ടത്തി.. എന്റെ മോള് വാ. നമുക്ക് പോകാം."

മാലതി മീനാക്ഷിയുടെ കയ്യിൽ പിടിച്ചു മുന്നോട്ട് നടന്നു. അവൾ സീതയെ നോക്കി കൊഞ്ഞനം കുത്തി. സീത ചെറു ചിരിയോടെ അവരെ അനുഗമിച്ചു.

"മോനെ അനന്തു ഈ വണ്ടി എടുത്തോ"

ശങ്കരൻ അനന്തുവിന് നേരെ ഇന്നോവയുടെ ചാവി എറിഞ്ഞു. അവൻ അത് കയ്യെത്തിച്ചു പിടിച്ചു. എല്ലാവരും കയറിയെന്നു ഉറപ്പ് വരുത്തിയതും ശങ്കരൻ മുന്നിലെ ഡോർ തുറന്നു കയറി.

അനന്തു ഡോർ തുറന്നു ഡ്രൈവിംഗ് സീറ്റിൽ കയറി അമർന്നിരുന്നു. ആദ്യമായി ഇന്നോവ ഓടിക്കുന്നതിന്റെ ആവേശത്തിൽ ആയിരുന്നു അവൻ. വണ്ടി സ്റ്റാർട്ട് ചെയ്ത് അവൻ മുൻപോട്ട് ഇറക്കി.

ദേശം കവല വരെയുള്ള റോഡ് അവനു പരിചിതമായിരുന്നു. അതിലൂടെ അവൻ സുഗമമായി വണ്ടി ഓടിച്ചു. കവല കഴിഞ്ഞതും മുത്തശ്ശൻ കാണിച്ചു കൊടുത്ത വഴിയിലൂടെ അവൻ കാർ മെയ്‌വഴക്കത്തോടെ ഓടിച്ചു.

ഏറെ നേരത്തെ യാത്രയ്ക്ക് ഒടുവിൽ അവർ ദേശം ഗ്രാമത്തിന്റെ അതിർത്തിയിൽ എത്തി. അതിലൂടെ വണ്ടി ഓടിച്ചു അവസാനം അവർ കുന്നത്ത് ദേവി ക്ഷേത്രത്തിനു മുൻപിൽ എത്തിച്ചേർന്നു.

"മോനെ അനന്തു ഇവിടെ നിർത്തിക്കോ "

"ശരി മുത്തശ്ശാ "

മുത്തശ്ശൻ കാണിച്ച സ്ഥലത്തു അനന്തു കാർ നിർത്തി. വണ്ടിയിൽ നിന്നും എല്ലാവരും പുറത്തേക്കിറങ്ങി.

"മോൻ പോയി വണ്ടി എവിടേലും വച്ചിട്ട് വാ.. ഞങ്ങൾ അമ്പലത്തിൽ കാണും കേട്ടോ"

ശങ്കരൻ അവനെ നോക്കി പറഞ്ഞു. അനന്തു തലയാട്ടിക്കൊണ്ട് വണ്ടി മുന്പോട്ടെക്ക് എടുത്തു.

അല്പം മുൻപിൽ ആയി റോഡിനു സമീപം ഉള്ള പാടത്തു എല്ലവരും വണ്ടി പാർക്ക് ചെയ്യുന്നത് കണ്ട് അനന്തു അങ്ങോട്ടേക്ക് വണ്ടി ഓടിച്ചിറക്കി.

ഭദ്രമായ ഒരു സ്ഥലത്ത് കാർ പാർക്ക് ചെയ്ത ശേഷം അനന്തു കാറിൽ നിന്നും ഇറങ്ങി ചുറ്റുമൊന്നു കണ്ണ് ഓടിച്ചുകൊണ്ട് കാഴ്ചകൾ ആസ്വദിച്ചുകൊണ്ടിരുന്നു.അത്യവശ്യം ആൾക്കാർ ഇപ്പൊ അമ്പലത്തിൽ വന്നു പോകുന്നുണ്ടെന്നു അവനു മനസ്സിലായി.

സാവധാനം അമ്പല മുറ്റത്തേക്ക് അവൻ നടന്നു. റോഡിൽ നിന്നുള്ള പടവുകൾ കണ്ടതും ഒരു ദീർഘ നിശ്വാസം വിട്ടുകൊണ്ട് അവൻ പടവുകൾ കയറാൻ തുടങ്ങി.

പൊടുന്നനെ അവനു എതിർവശം ഒരു പെൺകുട്ടി പടവിൽ കാലിടറി മുന്നോട്ടേക്ക് തെറിച്ചു വീഴാനാഞ്ഞതും അനന്തു അവളെ താങ്ങി പിടിച്ചു നിർത്തി.

ആശ്വാസത്തോടെ അവൻ അവളെ നേരെ പിടിച്ചു നിർത്തി.
അവൾ ഉടുത്തിരുന്ന ഹാഫ് സാരിയുടെ വിടവിലൂടെ ആനാവൃതമായ ഇളം വയറിൽ അനന്തുവിന്റെ കരം അമർന്നു.

അവന്റെ കരസ്പർശം ഏറ്റതും അവളുടെ ശരീരമാകെ കോരിത്തരിച്ചു. ശരീരത്തിലെ ഓരോ അണുവിലും അതിന്റെ പ്രതീതി അവൾ തിരിച്ചറിഞ്ഞു.

ആദ്യമേ അവളുടെ പൂച്ചക്കണ്ണുകളിൽ ആണ് അനന്തുവിന്റെ കണ്ണുകൾ ഉടക്കിയത്. അവളുടെ ഓടി നടക്കുന്ന പൂച്ചക്കണ്ണുകളിൽ അവൻ നോക്കി നിന്നു.

ആ പെൺകുട്ടിയും അനന്തുവിന്റെ പിടയ്ക്കുന്ന നീലക്കണ്ണുകളിലേക്ക് ഉറ്റു നോക്കി.ആ പെൺകുട്ടിയുടെ മുഖം ദർശിച്ചതും അനന്തു അമ്പരപ്പോടെ അവളെ നോക്കി.

പൊടുന്നനെ അനന്തു എന്തോ പറയാൻ തുനിഞ്ഞതും  അവൾ സംയമനം വീണ്ടെടുത്ത് അവനിൽ നിന്നും വിട്ടുമാറി.

അവളുടെ ഇളം വയറിലെ തണുപ്പ് അവന്റെ ഉള്ളം കയ്യിൽ അവൻ അനുഭവിച്ചറിഞ്ഞു. അവൾ മുഖം വെട്ടിച്ചു സങ്കോചത്തോടെ നിലത്തു വീണു കിടക്കുന്ന പൂക്കൾ കൂടയിൽ വാരിയിടുന്നതിൽ വ്യാപൃതയായി. ചമ്മലോടെ അനന്തുവും അവളെ സഹായിച്ചു.

ഈ സമയം ശ്രീകോവിലിലെ  കെടാവിളക്കിലേക്ക് എണ്ണ പകരുകയായിരുന്നു ക്ഷേത്രത്തിലെ പൂജാരി. പൊടുന്നനെ കെടാവിളക്കിലെ എരിയുന്ന തിരി കെട്ടതും അയാൾ ഭയപ്പാടോടെ ഞെട്ടിയെണീറ്റു.

ശ്രീകോവിലിനു മുൻപിൽ കെട്ടി തൂക്കിയിരുന്ന മണി വലിയ ശബ്ദത്തോടെ നിലത്തേക്ക് പതിച്ചു. ഭാഗ്യവശാൽ ആർക്കും പരിക്ക് പറ്റിയില്ല. പൂജാരി സങ്കോചത്തോടെ ദേവിയെ നോക്കി കൈകൾ കൂപ്പി തൊഴുതു.

"എന്റെ ദേവി ഈ ദുർ നിമിത്തങ്ങളുടെ അർത്ഥമെന്താ..? ആർക്കും ഒരപകടവും പറ്റാതെ നീ തന്നെ കാക്കണേ അമ്മേ ഭഗവതി"

കലുഷിതമായ മനസോടെ പൂജാരി മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു

കൂട നിറഞ്ഞു കഴിഞ്ഞതും അവൾ എണീറ്റു നിന്നു മുഖം ഉയർത്തി അനന്തുവിനെ ഒരു നോക്ക് കണ്ട് പുഞ്ചിരിച്ചുകൊണ്ട് പോകാനായി തിരിഞ്ഞു.

"അരുണിമ എന്താ എന്നെ കണ്ടിട്ടും കാണാത്ത പോലെ തിരിഞ്ഞു പോകുന്നേ? "

അവളുടെ പെരുമാറ്റത്തിൽ അനന്തു ദുഖത്തോടെ ചോദിച്ചു.

പൊടുന്നനെ ആ പെൺകുട്ടി ഒന്നു നിന്നു. അവൾ പതിയെ അനന്തുവിനെ തിരിഞ്ഞു നോക്കി

"സോറി.. അതിനു നമ്മൾ തമ്മിൽ മുന്പരിചയമുണ്ടോ? "

അവൾ സംശയത്തോടെ അവനെ നോക്കി.

"പിന്നല്ലാതെ.. ഇന്ന് രാവിലെ എന്റെ ബുള്ളറ്റിൽ വന്നിടിച്ചത് ഓർമ്മയില്ലേ? ഞാൻ ഹോസ്പിറ്റലിൽ കൊണ്ടുപോയത്? ഇയാളുടെ വിരൽ ഒടിഞ്ഞത്? ഞാൻ അവസാനം വീട്ടിൽ കൊണ്ടു ചെന്ന് ആക്കിയത്?

"ഹേയ് നോ മാൻ.. ഞാൻ ഇന്ന് രാവിലെ മുംബൈയിൽ നിന്നും ഇങ്ങോട്ടേക്കു പോന്നതേയുള്ളൂ. ഞാൻ ഈ നാട്ടിൽ പുതിയതാ..നിങ്ങൾക്ക് ആള് മാറിയതാവും. anyway എന്നെ വീഴാതെ രക്ഷിച്ചതിനു താങ്ക്സ്.. my നെയിം ഈസ് ദക്ഷിണ. ശ്രീനിവാസൻ"

ആ പെൺകുട്ടി ചിരിയോടെ അനന്തുവിന്  നേരെ കൈ നീട്ടി. അവൻ ആശ്ചര്യത്തോടെ അവൾക്ക് നേരെ കൈ നീട്ടി.

"അനന്തു  കൃഷ്ണൻ "

"വൗ സ്വീറ്റ് നെയിം "

ദക്ഷിണ  അവനെ ചിരിയോടെ നോക്കി.

"Ok അനന്തു .. പിന്നെ കാണാം. ഒരു പുതിയ ഫ്രണ്ടിനെ കിട്ടിയതിൽ സന്തോഷം "

അവനെ നോക്കി കണ്ണിറുക്കിക്കൊണ്ട് അവൾ പുറത്തേക്ക് നടന്നു.അനന്തു  അവളെ തന്നെ നോക്കി നിന്നു.

റോഡിൽ നിർത്തിയിട്ടിരിക്കുന്ന  വില കൂടിയ കാറിനു സമീപത്തേക്ക് ദക്ഷിണ നടന്നു. അനന്തു കിളി പോയ അവസ്ഥയിൽ ആൽമരചുവട്ടിലേക്ക് നടന്നു.

അതിന്റെ കീഴെ അവൻ സമാധാനത്തോടെ ഇരുന്നു.
കാറിന്റെ ഡോർ തുറന്നു കയറാൻ തുനിഞ്ഞ ദക്ഷിണ തല ചരിച്ചു അനന്തുവിനെ നോക്കി.

അവനെ കണ്ടതും ആ പൂച്ചക്കണ്ണുകൾ വിടർന്നു.അവ വല്ലാതെ വെട്ടി തിളങ്ങി. ചുണ്ടിൽ പുഞ്ചിരി ഒളിപ്പിച്ചുകൊണ്ടു അവൾ കാറിൽ കയറി ഡോർ ശക്തിയിൽ വലിച്ചടച്ചു.

പൊടുന്നനെ അത് ദൂരേക്ക് മറഞ്ഞു. ഈ സമയം അനന്തുവിനെയും

ദക്ഷിണയെയും മരത്തിന്റെ മറവിൽ നിന്നുകൊണ്ട് രണ്ടു കണ്ണുകൾ തുറിച്ചു നോക്കികൊണ്ടിരുന്നു.

ആൽമരചുവട്ടിൽ ഇരിക്കുന്ന അനന്തുവിന്റെ മനസ് ആകെ ചിന്തകളുടെ വേലിയേറ്റത്തിനും വേലിയിറക്കത്തിനും വിധേയമായികൊണ്ടിരുന്നു.

ഇന്നലെ കണ്ട അരുണിമയും ഇപ്പൊ കണ്ട ദക്ഷിണയും രണ്ടും രണ്ടാണോ? അതോ ഒന്നാണോ? എന്ന ചിന്ത അവനെ വേട്ടയാടിക്കൊണ്ടിരിന്നു.

ആലോചിച്ചു ഭ്രാന്ത് പിടിച്ചപ്പോൾ അവൻ ഓരോ ആൾക്കാരെയും കാഴ്ചകളെയും നോക്കിക്കണ്ട് മനസിനെ തണുപ്പിക്കാൻ ശ്രമിച്ചു.

ഈ സമയം ആൽമരത്തിന്റെ മറുപുറത്തു  ഒരാൾ കൈ മടക്ക് തലയണയായി വച്ചു സുഖ നിദ്രയിൽ ആയിരുന്നു. അയാൾ ഉടുത്തിരുന്ന കീറിപ്പറിഞ്ഞ ആർമി ഷർട്ടും മുഷിഞ്ഞ പാന്റ്സും വർഷങ്ങളായി വെട്ടിയൊതുക്കാത്ത താടിയും ജട പിടിച്ച് കുന്നുകൂടിയ മുടിയും അയാളെ ഒരു ഭ്രാന്തനെ പോലെ തോന്നിപ്പിച്ചു.

പൊടുന്നനെ അയാൾ ഉറക്കത്തിൽ നിന്നും ഞെട്ടിയെണീറ്റു. അന്തരീക്ഷത്തിലേക്ക് തന്റെ കോങ്കണ്ണുകൾ കൊണ്ടു നോക്കി നിമിഷനേരം അയാൾ എന്തോ ചിന്തയിൽ ആണ്ടു. പതിയെ എണീറ്റു മറുപുറം വന്നു അനന്തുവിൽ നിന്നും രണ്ടടി അകലത്തിൽ അയാൾ നിന്നു.

അനന്തുവിനെ സൂക്ഷിച്ചു നോക്കികൊണ്ട് കൈകൾ കെട്ടി വച്ചു അയാൾ ആടിക്കൊണ്ടിരുന്നു.കുറേ നേരമായുള്ള അയാളുടെ തുറിച്ചു നോട്ടം സഹിക്കവയ്യാതെ അനന്തു ഇടപെട്ടു.

"എന്താ ചേട്ടാ വേണ്ടേ? "

അനന്തു ചിരിച്ചുകൊണ്ട് ചോദിച്ചു.

"ഒടുവിൽ നീ ഈ മണ്ണിലേക്ക് തന്നെ തിരിച്ചെത്തിയല്ലേ? നിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ ? "

അയാൾ പതർച്ചയോടെ പറഞ്ഞൊപ്പിച്ചു. അത് കേട്ടതും അനന്തു നെറ്റിചുളിച്ചുകൊണ്ട് അയാളെ നോക്കി. പതിയെ അയാൾ അവിടെ നിന്നും സ്ഥലം കാലിയാക്കി.

അനന്തു അയാൾ പോകുന്നതും നോക്കി ചിരിയോടെ ഇരുന്നു. പതിയെ അവന്റെ മുഖ ഭാവം മാറി. ചുണ്ടിൽ തത്തി ക്കളിച്ചിരുന്ന പുഞ്ചിരി എങ്ങോ പോയി മറഞ്ഞു.

മുഖത്തെ പേശികളും ഞരമ്പുകളും വലിഞ്ഞു മുറുകി. ചെന്നിയിലൂടെ വിയർപ്പ് ചാലുപോലെ ഒഴുകി. ചുണ്ടുകൾ വിറച്ചു. അനന്തുവിന്റെ എരിയുന്ന കണ്ണുകൾ പതിയെ രക്തമയമായി മാറി.

ക്രുദ്ധമായ ഭാവത്തോടെ മുഷ്ടി ചുരുട്ടിപിടിച്ചു അവൻ മുഖം താഴ്ത്തിയിരുന്നു.പതിയെ ആ ചുണ്ടുകളിൽ  ക്രൂരമായ ഒരു പുഞ്ചിരി വിരിഞ്ഞു വന്നു .

ഈ സമയം ആൽമരത്തിന്റെ മറുപുറത്തു  ഒരാൾ കൈ മടക്ക് തലയണയായി വച്ചു സുഖ നിദ്രയിൽ ആയിരുന്നു. അയാൾ ഉടുത്തിരുന്ന കീറിപ്പറിഞ്ഞ ആർമി ഷർട്ടും മുഷിഞ്ഞ പാന്റ്സും വർഷങ്ങളായി വെട്ടിയൊതുക്കാത്ത താടിയും ജട പിടിച്ച് കുന്നുകൂടിയ മുടിയും അയാളെ ഒരു ഭ്രാന്തനെ പോലെ തോന്നിപ്പിച്ചു.

പൊടുന്നനെ അയാൾ ഉറക്കത്തിൽ നിന്നും ഞെട്ടിയെണീറ്റു. അന്തരീക്ഷത്തിലേക്ക് തന്റെ കോങ്കണ്ണുകൾ കൊണ്ടു നോക്കി നിമിഷനേരം അയാൾ എന്തോ ചിന്തയിൽ ആണ്ടു. പതിയെ എണീറ്റു മറുപുറം വന്നു അനന്തുവിൽ നിന്നും രണ്ടടി അകലത്തിൽ അയാൾ നിന്നു.

അനന്തുവിനെ സൂക്ഷിച്ചു നോക്കികൊണ്ട് കൈകൾ കെട്ടി വച്ചു അയാൾ ആടിക്കൊണ്ടിരുന്നു.കുറേ നേരമായുള്ള അയാളുടെ തുറിച്ചു നോട്ടം സഹിക്കവയ്യാതെ അനന്തു ഇടപെട്ടു.

“എന്താ ചേട്ടാ വേണ്ടേ? ”

അനന്തു ചിരിച്ചുകൊണ്ട് ചോദിച്ചു.

“ഒടുവിൽ നീ ഈ മണ്ണിലേക്ക് തന്നെ തിരിച്ചെത്തിയല്ലേ? നിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ ? ”

അയാൾ പതർച്ചയോടെ പറഞ്ഞൊപ്പിച്ചു. അത് കേട്ടതും അനന്തു നെറ്റിചുളിച്ചുകൊണ്ട് അയാളെ നോക്കി. പതിയെ അയാൾ അവിടെ നിന്നും സ്ഥലം കാലിയാക്കി.

അനന്തു അയാൾ പോകുന്നതും നോക്കി ചിരിയോടെ ഇരുന്നു. പതിയെ അവന്റെ മുഖ ഭാവം മാറി. ചുണ്ടിൽ തത്തി ക്കളിച്ചിരുന്ന പുഞ്ചിരി എങ്ങോ പോയി മറഞ്ഞു.

മുഖത്തെ പേശികളും ഞരമ്പുകളും വലിഞ്ഞു മുറുകി. ചെന്നിയിലൂടെ വിയർപ്പ് ചാലുപോലെ ഒഴുകി. ചുണ്ടുകൾ വിറച്ചു. അനന്തുവിന്റെ എരിയുന്ന കണ്ണുകൾ പതിയെ രക്തമയമായി മാറി.

ക്രുദ്ധമായ ഭാവത്തോടെ മുഷ്ടി ചുരുട്ടിപിടിച്ചു അവൻ മുഖം താഴ്ത്തിയിരുന്നു.പതിയെ ആ ചുണ്ടുകളിൽ  ക്രൂരമായ ഒരു പുഞ്ചിരി വിരിഞ്ഞു വന്നു .

(തുടരുന്നു)

കുന്നത്ത് ദേവി ക്ഷേത്രത്തിലെ ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ അലിഞ്ഞിരിക്കുകയാണ് അവിടുള്ള ഭക്ത ജനങ്ങൾ.

അമ്പലത്തിന്റെ മേൽക്കൂരയിൽ നിന്നും ഉച്ചഭാഷിണിയിലൂടെ ഒഴുകി പരക്കുന്ന സംഗീതം എല്ലാവരെയും കോൾമയിർ കൊള്ളിച്ചു.

ശ്രീകോവിലിൽ നിന്നും മണിയൊച്ചകളാലും  നെയ് വിളക്കിന്റെ പ്രകാശത്താലും  പൂരിതമായിരുന്നു. പൂജാരി മന്ത്രങ്ങൾ ഉരിയാടിക്കൊണ്ട് ദേവി വിഗ്രഹത്തിനു മുൻപിൽ താലത്തിലെ കുഞ്ഞു വിളക്കിൽ തിരി തെളിയിച്ചു വട്ടത്തിൽ ഉഴിഞ്ഞുകൊണ്ടിരുന്നു.

സോപാന സംഗീതം പൊഴിക്കുവാൻ തയാറെടുത്തുകൊണ്ട് ഒരാൾ ഇടക്കയും കയ്യിലേന്തി തയാറായി നിന്നു.

ശ്രീകോവിലിന്റെ മുൻപിൽ ഉള്ള ചുറ്റു വിളക്കിൽ ദീപം അണിയിക്കവേ സുന്ദരികളായ സ്ത്രീജനങ്ങളുടെ മുഖം പ്രകാശമേറ്റു വെട്ടി തിളങ്ങി.ഏത് നിമിഷവും ശ്രീകോവിലിന്റെ വാതിൽ തുറക്കപെടുമെന്ന പ്രതീക്ഷയോടെ സ്ത്രീ പുരുഷ ഭേദമന്യേ എല്ലാവരും തിക്കി തിരക്കി തൊഴുകൈകളോടെ നിന്നു.

ശങ്കരനും മാലതിയും സീതയും മീനാക്ഷിയും ശിവയും മുൻപിൽ തന്നെ ദേവിയുടെ ദർശനത്തിനായി കാത്തു നിന്നു. ഇടക്കിടക്ക് പുറകിലേക്ക് നോക്കി ആജ്ഞയോടെ പുറകിലെ തിക്കിനും തിരക്കിനും ശമനം വരുത്താൻ ശങ്കരൻ ശ്രമിച്ചുകൊണ്ടിരുന്നു.

പൊടുന്നനെ ശ്രീകോവിലിന്റെ വാതിൽ മലർക്കനെ തുറക്കപ്പെട്ടു. സർവാഭരണ വിഭൂഷിതയായ ദേവിയെ ഒരു നോക്ക് കാണാൻ എല്ലാരും തിരക്ക് കൂട്ടി.

ഭക്തർ കൂപ്പ് കൈകളോടെ പ്രാർത്ഥിച്ചുകൊണ്ട് തങ്ങളുടെ ആധിയും വ്യാധിയും അമ്മയിൽ അർപ്പിച്ചു നിർന്നിമേഷരായി നിന്നു.തേവക്കാട്ട് കുടുംബാംഗങ്ങൾ ദേവിയെ കണ്ണു നിറച്ചു കണ്ടു കൈകൾ കൂപ്പി പ്രാർത്ഥിച്ചു.

അമ്മേ, ദേവി, ഭഗവതി, എന്നിങ്ങനെയുള്ള അലയൊലികൾ അവിടമാകെ മാറ്റൊലി കൊണ്ടു

.പൂജാരി ശങ്കരന് ബഹുമാന പൂർവ്വം പ്രസാദവും മറ്റും ആദ്യമേ നൽകി. തുടർന്നു അത് ഭക്ത ജങ്ങൾക്കും കൊടുക്കപ്പെട്ടു.ഇല ചീന്തിൽ പുരണ്ടിരിക്കുന്ന ചന്ദനക്കുറി എല്ലാവരും വിരൽ കൊണ്ടു തോണ്ടിയെടുത്ത് നെറ്റിയിൽ ചാലിച്ചു.

സീത മാലതിക്കും ശിവയ്ക്കും ചന്ദനക്കുറി നെറ്റിയിൽ ചാലിച്ചു നൽകി. മാലതി മീനാക്ഷിയുടെ നെറ്റിയിൽ ചന്ദനം പുരണ്ട വിരൽ തൊട്ടുകൊടുത്തു.

ദർശനം കിട്ടിയ ജനങ്ങൾ ഒന്നൊന്നായി മാറി തുടങ്ങി.ശങ്കരനും മക്കളും പേരമക്കളും ഒന്നുകൂടി ദേവിയെ വണങ്ങി.

ഈ സമയം ക്ഷേത്ര മുറ്റത്തെ ആൽമരചുവട്ടിൽ കാറ്റേറ്റ് ഇരിക്കുകയായിരുന്നു അനന്തു. ഉച്ചഭാഷിണിയിൽ നിന്നുള്ള ഭക്തി ഗാനം അവനെ ചെറുതായി അലോസരപ്പെടുത്തുന്നുണ്ടായിരുന്നു.

എല്ലായിടത്തും കണ്ണോടിച്ചുകൊണ്ട് അവൻ സംയമനത്തോടെ ഇരുന്നു.സെറ്റ് സാരി ഉടുത്തു സുന്ദരികളായ സ്ത്രീകളും മുണ്ടും ഷർട്ടും അണിഞ്ഞ പുരുഷന്മാരും ബ്ലൗസും പാവാടയും അണിഞ്ഞ പെൺകുട്ടികളും അതിനിടയിൽ കാണുന്ന ഹാഫ് സാരീ അണിഞ്ഞ പെൺകുട്ടികളെ കൗതുകത്തോടെ വീക്ഷിക്കുകയായിരുന്നു അനന്തു.

ആ ഡ്രസ്സ് അവനു വല്ലാതെ ഇഷ്ടപ്പെട്ടിരുന്നു. അങ്ങനൊരെണ്ണം അരുണിമ ഇട്ടിരുന്നെങ്കിൽ കാണാൻ നല്ല ചേലായിരുന്നേനെ എന്നവൻ ആത്മഗതം പറഞ്ഞുകൊണ്ട് ചിരിച്ചു.

"ഹലോ എന്താ ഒരു ചിരി "

ശബ്ദം കേട്ട ഭാഗത്തേക്ക് അനന്തു തിരിഞ്ഞു നോക്കി.

മുഷിഞ്ഞ കാഷായവസ്ത്രവും ധരിച്ചു തോൾ സഞ്ചിയുമേന്തി നരച്ച മുടിയും പ്രായാധിക്യം വന്ന വരണ്ട ചർമ്മവും അയാളുടെ വിവശതയെ പുറത്തു കാണിച്ചു.

നീട്ടിവളർത്തിയ വെളുത്ത താടിരോമങ്ങളിൽ കൈകൊണ്ട് ഉഴിഞ്ഞു കൊണ്ടു ഒരാൾ തന്നെ നോക്കി നിൽക്കുന്നത് അവൻ കണ്ടു.

അയാളുടെ കണ്ണുകൾക്ക് വല്ലാത്ത തിളക്കം പോലെ ഉള്ളതായി അനന്തുവിന് തോന്നി. ഒരുപക്ഷെ അദ്ദേഹം സഞ്ചാരി ആകുമെന്ന് അവൻ നിനച്ചു.

"ഒന്നുമില്ല വെറുതെ ഓരോന്നു ഓർത്തിരുന്നതാ"

ആഗതനെ വിഷമിപ്പിക്കാത്ത മട്ടിൽ അനന്തു മറുപടി പറഞ്ഞു. ഞാൻ തനിയെ ചിരിക്കുന്നത് കണ്ട് തനിക്ക് വട്ടാണെന്ന് അയാൾ വിചാരിച്ചു കാണുമോ എന്ന പരിഭ്രമം അവന്റെ മുഖത്തു ഉണ്ടായിരുന്നു.

"ശരിയാ.... ആൽമരത്തിന്റെ ചുവട് മനസ്സിലെ ചിന്തകളുടെ കെട്ടുപാടുകളെ അഴിച്ചു വിടും. അവ ഒരു പ്രളയ സമാനമായി കുത്തിയൊഴുകും അല്ലേ ? "

അയാൾ ചിരിയോടെ അനന്തുവിന് സമീപം വന്നിരുന്നു. പൊതുവെ ഈ സാഹിത്യം അനന്തുവിന് ഇഷ്ടമില്ലാത്ത വിഭാഗം ആയതുകൊണ്ട് അവനു അയാൾ പറഞ്ഞതിന്റെ പൊരുൾ ഒന്നും മനസിലായില്ല.

"ഈ പ്രായത്തിൽ ഒരുപാട് ചിന്തിക്കണം. നമ്മുടെ രാഷ്ട്രത്തിനു ഉത്തമരായ പൗരന്മാരെ വാർത്തെടുക്കുന്നതിൽ ചിന്തകൾക്കും സ്വപ്നങ്ങൾക്കും നിശ്ചയ ദാർഢ്യത്തിനും കഠിനാധ്വാനത്തിനും ബൃഹത്തായ സ്ഥാനം ഉണ്ട്."

ആഗതന്റെ സാഹിത്യ കച്ചേരി കേട്ട് അനന്തു ദയനീയതയോടെ കണ്ണും മിഴിച്ചുകൊണ്ട് അയാളെ നോക്കി.

അവന്റെ വെപ്രാളം കണ്ട് അയാൾ പൊട്ടിചിരിച്ചുകൊണ്ട് അവന്റെ തോളിൽ കൈ വച്ചു.

"ഹേയ് എന്താ മോന്റെ പേര്? "

"അനന്തു കൃഷ്ണൻ.  "

"എവിടെയോ കണ്ടു മറന്നപോലെ...... അതാ ഞാൻ മിണ്ടാൻ വന്നേ "

"ഞാൻ ഈ നാട്ടിൽ ആദ്യമായിട്ടാ ചേട്ടാ.. എന്നെ മുൻപ് കണ്ടിട്ടുണ്ടാകാൻ വഴിയില്ല. "

"സത്യമാണോ? പക്ഷെ എന്തോ കണ്ടു മറന്ന പ്രതീതി ആണ് എനിക്ക്. "

ആഗതന്റെ കണ്ണുകൾ വല്ലാതെ വെട്ടി തിളങ്ങി. ഉഷ്ണം കാരണം അയാൾ അണിഞ്ഞിരുന്ന ജുബ്ബ വിയർത്തിൽ കുതിർന്നു.

അതിന്റെ കൈകൾ പതുക്കെ മടക്കി വച്ചു അയാൾ അവനെ ചുഴിഞ്ഞു നോക്കി.

"തൊഴുതിട്ട് വന്നിരിക്കുന്നതാണോ ഇവിടെ ? "

"അല്ല.... ഞാൻ ഇവിടെ ചുമ്മാ ഇരിക്കുവായിരുന്നു....ഇപ്പൊ വന്നേയുള്ളു. "

"ഹ്മ്മ് നല്ലത്..... ഞാനും ഒന്ന് തൊഴുതു ഇപ്പൊ പുറത്തേക്ക് വന്നതേയുള്ളു. അപ്പോഴാണ് ഇയാൾ മരച്ചുവട്ടിൽ എന്തോ ഗഹനമായ ചിന്തയിൽ ആണ്ടിരിക്കുന്നത് എന്റെ ശ്രദ്ധയിൽ പെട്ടത് "

അയാൾ ചിരിയോടെ പറഞ്ഞു. അനന്തു അയാളെ സാകൂതം നോക്കി.

"ചേട്ടൻ ഈ ദേശം ഗ്രാമത്തിൽ ഉള്ളതാണോ? "

"അല്ല കുട്ടി.. ഞാൻ ഒരു സഞ്ചാരിയാണ്.ഈ നാട് മൊത്തം ചുറ്റി കാണുന്ന ഒരു പാവം യാത്രക്കാരൻ. മരിക്കുന്നതിന് മുൻപ് 1000 ക്ഷേത്രങ്ങളിൽ പോയി തൊഴാമെന്ന നേർച്ചയുടെ ഭാഗമായി ഓരോ അമ്പലങ്ങൾ തോറും സന്ദർശിക്കുന്നു.നിറഞ്ഞ മനസോടെ തൊഴുന്നു. തിരിച്ചു പോരുന്നു. "

അയാൾ ഭക്തിയോടെ ക്ഷേത്രത്തിലേക്ക് നോക്കി തൊഴുതു. അനന്തു അയാളുടെ ഓരോ പ്രവൃത്തികളും സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരുന്നു.

"ഈ അമ്പലത്തിന്റെ ചരിത്രത്തെ കുറിച്ചു അനന്തുവിന് അറിയുമോ? "

"ഇല്ല ചേട്ടാ.... ഞാൻ കേട്ടിട്ടില്ല "

അനന്തു തന്റെ നിസ്സഹായത പ്രകടിപ്പിച്ചു. എങ്കിലും ഒരു ചരിത്രകഥ കേൾക്കാൻ പോകുന്നതിൽ അവൻ സന്തുഷ്ടനായിരുന്നു.

ആഗതൻ ഒരു ദീർഘ നിശ്വാസം വിട്ട ശേഷം ആ ക്ഷേത്രത്തിലേക്ക് ഉറ്റു നോക്കി.
കഥ ഉൾക്കൊള്ളുവാൻ എന്നവണ്ണം മനസിനെ തണുപ്പിക്കാൻ ഒരു ഇളം കാറ്റ് അനന്തുവിനെ തൊട്ടു തലോടി കടന്നു പോയി.

അതോടെ ഉഷാറോടെ അനന്തു ചെവി കൂർപ്പിച്ചു ഇരുന്നു.

"മോനെ പണ്ട് ഈ ദേശം ഗ്രാമവും കുന്താളപുരവും ഒക്കെ അറിയപ്പെട്ടിരുന്നത് വേദാരണ്യം എന്ന പേരിൽ ആയിരുന്നു. പ്രാചീന ഗോത്ര വിഭാഗത്തിലെ ജനങ്ങൾ ആണ് ഇവിടെ വസിച്ചിരുന്നത്. പൂർവ കാലത്ത് ഒരു ശപിക്കപ്പെട്ട പ്രദേശമായിരുന്നു ഈ വേദാരണ്യം. ദാരിദ്ര്യംകൊണ്ടും മാറാ രോഗങ്ങൾകൊണ്ടും ഇവിടുത്തെ ജനങ്ങൾ വല്ലാതെ പൊറുതി മുട്ടി. മഴയുടെ ലഭ്യത കുറവ് കാരണം നദിയിലെ നീരൊഴുക്ക് കുറഞ്ഞത് മൂലം കൃഷിയും മറ്റും തകർച്ചയുടെ പടു കുഴിയിലേക്ക് വീണുപോയി.അങ്ങനെ ദുരിതങ്ങളും പേറി ഇവിടുത്തെ ജനങ്ങൾ കഷ്ടതയോടെ ജീവിതം മുന്നോട്ടേക്ക് നീട്ടി. ആ സമയത്താണ് അങ്ങ് ഉത്തര ദേശത്ത് നിന്നും ഒരു സന്യാസി ഈ പ്രദേശത്തേക്ക് എത്തി ചേർന്നത്. ഇവിടുത്തെ ജനങ്ങളുടെ ദുരിതവും കഷ്ട്ടപാടും കണ്ട് അയാളുടെ മനസ് നീറി. തികച്ചു ദേവി ഭക്തനായ അയാൾ ഇവിടുത്തെ കാവിനുള്ളിൽ കയറി കൊടും തപസ് ചെയ്ത് പാർവതി ദേവിയെ പ്രത്യക്ഷപ്പെടുത്തി. അദ്ദേഹത്തിന്റെ സമർപ്പണത്തിൽ സംപ്രീതയായ ദേവി ആവശ്യമുള്ള വരം ആവശ്യപ്പെട്ടു. അദ്ദേഹം ദേവിയുടെ ദുർഗാ രൂപമായ ആധിപരാശക്തിയെ കാണാൻ ആഗ്രഹമുണ്ടെന്ന് അറിയിച്ചു. "

"എന്നിട്ടോ ദേവി ആ സന്യസിക്ക് ദർശനം നൽകിയോ ? "

അനന്തു ആകാംക്ഷയോടെ ചോദിച്ചു.

മാലതിയുടെ മടിയിൽ കിടന്നു ഇത്തരം കഥകൾ കേൾക്കാൻ അനന്തുവിന് എപ്പോഴും ഇഷ്ട്ടമായിരുന്നു.

"ദർശനം കൊടുത്തു കുട്ടി.. ആ സന്യാസിക്ക് ദേവി ദർശനം നൽകി.അയാളുടെ തപസ്സിൽ സംപ്രീതയായ ദേവി അദ്ദേഹത്തോട് ആവശ്യമുള്ള വരം ചോദിച്ചു കൊള്ളാൻ ആവശ്യപ്പെട്ടു.അപ്പോൾ ആ സന്യാസി ഇവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപാടുകളും ദുരിതങ്ങളും ദേവിയോട് പങ്കു വച്ചു. എല്ലാം കേട്ടു കഴിഞ്ഞ ദേവി സന്യാസിക്ക് ദേവിയുടെ പള്ളിവാളും കാൽ ചിലമ്പും വരദാനമായി നൽകി. തുടർന്നു ഗ്രാമത്തിൽ ഒഴുകുന്ന പുഴയ്ക്ക് സമീപം ഒരു ക്ഷേത്രം പണിയാനും അതിൽ ഈ പള്ളിവാളും ചിലമ്പും പ്രതിഷ്ഠിക്കാനും നിർദ്ദേശിച്ചു. ഗോത്രത്തിൽ നിന്നും രണ്ടു യുവാക്കളെ തിരഞ്ഞെടുത്ത് പൂജാരികളായി നിർത്താനും ഉപദേശിച്ചു.ഈ പള്ളി വാളിന്റെയും ചിലമ്പിന്റെയും പൂർണ ഉത്തരവാദിത്തം പൂജാരിമാർക്ക് ആയിരിക്കുമെന്നും അവർക്ക് എപ്പോഴും ദേവിയുടെ ശക്തിയുടെ ഒരംശം കൂടെ ഉണ്ടാകുമെന്ന വരവും നൽകി. ആ അംശം കൂടെ ഉള്ള കാലത്തോളം അവർക്ക് സമ്പദ് സമൃദ്ധിയും ഐശ്വര്യവും ആയിരിക്കുമെന്നും അനുഗ്രഹിച്ചു .അതോടൊപ്പം തന്നെ അവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന കൊടിയ ദുരിതങ്ങൾക്കുള്ള മോക്ഷം ലഭിക്കുമെന്നും ദേവി അരുളിപ്പാട് ചെയ്തു.സന്യാസിക്ക് വാളും ചിലമ്പും നൽകിയ ശേഷം ദേവി അപ്രത്യക്ഷയായി.സന്തുഷ്ടനായ സന്യാസി കൊടും വനത്തിൽ തന്റെ തപസ് പൂർത്തിയാക്കിയ ശേഷം തിരിച്ചു ഗ്രാമത്തിലേക്ക് എത്തി ചേർന്നു. ഗോത്രത്തിൽ നിന്നും രണ്ട് ചെറുപ്പക്കാരെയും കൂട്ടി സന്യാസി പുഴയ്ക്ക് സമീപം പ്രതിഷ്ഠിക്കാൻ പറ്റിയ സ്ഥലം അന്വേഷിച്ചു കണ്ടെത്തി. അവിടെ അദ്ദേഹം ദേവി നൽകിയ വാളും ചിലമ്പും പ്രതിഷ്ഠിച്ചു. പൂജ ചെയ്യേണ്ട വിധവും മറ്റും രണ്ട് ചെറുപ്പക്കർക്കും ഉപദേശം നൽകിയ ശേഷം ആ സന്യാസിയും എങ്ങോട്ടേക്കോ യാത്രയായി.അതിനു ശേഷം ആ ക്ഷേത്രത്തിൽ മുടക്കം വരാതെ അവർ പൂജ നടത്തി. ആ പൂജയിൽ ദേവി പ്രസന്നയായി. അതോടെ ഈ പ്രദേശത്തെ ആധിയും വ്യാധിയും ജനങ്ങളെ വിട്ടകന്നു.തുടർച്ചയായ മഴയിലൂടെ പുഴകൾ നിറഞ്ഞു ഒഴുകി. വരണ്ട അവസ്ഥക്ക് ശമനം ലഭിച്ചു. അതോടെ കൃഷിക്ക് പുത്തൻ ഉണർവ് ഉണ്ടായി. പലതരം കൃഷികൾ ചെയ്ത് ഗോത്ര വിഭാഗത്തിലെ ജനങ്ങൾ സന്തോഷത്തോടെ ജീവിച്ചു.

എല്ലാ കഥകളെയും പോലെ തന്നെ സന്തോഷമായി അത് പര്യവസാനിച്ചല്ലേ, എനിക്ക് ഇഷ്ട്ടമാണ് ഇങ്ങനത്തെ നാടോടി കഥകൾ കേൾക്കാൻ അനന്തു കഥ തീർന്നുവെന്ന അനുമാനത്തിൽ ആഗതനെ നോക്കി പറഞ്ഞു.

ഇല്ല മകനെ, പിന്നീടാണ് എല്ലാ പ്രശ്നങ്ങൾക്കും ഉള്ള തുടക്കം.

എന്ത് പ്രശ്നമാ അത്? എന്താ ഉണ്ടായേ ആകാംക്ഷ കാരണം അനന്തുവിന്റെ ശബ്ദം ഉച്ചത്തിലായി.

മനുഷ്യന്റെ അത്യാർത്തി, അല്ലാതെ എന്ത് ആഗതൻ നെടുവീർപ്പെട്ടു.

എന്ത് അത്യാർത്തി എനിക്ക് ഒന്നും മനസ്സിലായില്ല അനന്തു ഒന്നും മനസിലാകാതെ തല ചൊറിഞ്ഞുകൊണ്ട് അയാളെ നോക്കി.

ഹ്മ്മ് ഞാൻ പറഞ്ഞു തരാം. ആദ്യത്തെ രണ്ടു മൂന്ന് തലമുറകൾ ദേവിക്ക് വേണ്ടി സ്വയം സമർപ്പണം ചെയ്തിരുന്നുവെങ്കിലും പിന്നീട് വന്ന തലമുറകൾ ആ വാളും കാൽ ചിലമ്പും സ്വന്തമാക്കാനുള്ള ശ്രമത്തിൽ ആയിരുന്നു.അതിനു വേണ്ടിയുള്ള അധികാര വടം വലി ആയിരുന്നുഅവർക്കിടയിൽ. ആ പൂജാരിമാരുടെ പിൻ തലമുറകൾ പരസ്പരം പോരടിച്ചും യുദ്ധം ചെയ്തും ക്ഷേത്ര ഭരണം കയ്യാളുവാനും മറ്റും ശ്രമിച്ചു. അതിൽ മനം നൊന്ത ദേവി ഈ ക്ഷേത്രത്തിൽ നിന്നും ഇറങ്ങി പോയി. ദേവിയുടെ ചൈതന്യം നഷ്ടമായി ഈ ഗ്രാമക്കാർക്ക്. അങ്ങനെ വീണ്ടും ഇവിടെ പഴയപോലെ ആധിയും വ്യാധിയും കൊണ്ടു നിറയുവാൻ തുടങ്ങി.ഇതിൽ പൊറുതി മുട്ടിയ ജനങ്ങൾ പ്രശ്നം വച്ചു നോക്കി. അതിൽ ദേവിയുടെ ചൈതന്യം നഷ്ടപ്പെട്ടെന്നും ഇനിയും പഴയപോലെ ദുരിതങ്ങൾ ആ ഗ്രാമത്തിൽ

പുനർസൃഷ്ടിക്കപെടും എന്ന് വെളിവായി അതിലൂടെ. പേടിച്ചരണ്ട ഗോത്ര നിവാസികൾ ഹിമാലയ സാനുക്കളിൽ നിന്നും പണ്ഡിതന്മാരെയും പുരോഹിതന്മാരെയും കൊണ്ടു വന്നു ഒരുപാട് പൂജകളും ഹോമങ്ങളും ചെയ്യിച്ചു.എല്ലാവരുടെയും മനമുരുകിയുള്ള പ്രാർഥനകൾ കേട്ട് ദേവീ ചൈതന്യം തിരിച്ചു ആ പ്രതിഷ്ഠയിലേക്ക് എത്തിച്ചേർന്നു.അങ്ങനെ ആ ജനങ്ങളുടെ പ്രാർത്ഥനയുടെ ഫലമായി അവർക്ക് ദേവീ ചൈതന്യത്തെ തിരിച്ചു കിട്ടുകയും ചെയ്തു.അങ്ങനെ പ്രശ്നം വച്ചപ്പോ കുറച്ചു കാര്യങ്ങൾ കൂടി അവർക്ക് മുൻപിൽ തെളിഞ്ഞു വന്നു. "

"എന്തൊക്കെയാ അത് ? "

മുഖം ചുളിച്ചു കൊണ്ടു അനന്തു ചോദിച്ചു.

"ആ പൂജാരിമാരുടെ പിൻ തലമുറക്കാർക്ക് ആ വാളിലും ചിലമ്പിലും പൂർണ ഉത്തരവാദിത്തം ഉണ്ടാകുമെന്നും പക്ഷെ ഓരോ 20 വർഷങ്ങളിലുമായി അത് കൈ മറിഞ്ഞു വരുമെന്ന് തെളിഞ്ഞു വന്നു. ഈ ക്ഷേത്രവും പരിസരവും പുഴയും ഉള്ള ഭൂപ്രദേശത്തിനു ഭൂമി പൂജ ചെയ്യണമെന്നും അതിനു ശേഷം ഞാറ്റുവേലകൾക്ക് അനുസരിച്ചു ഒരു കാർഷിക ചക്രം രൂപീകരിക്കണമെന്നും തെളിഞ്ഞു വന്നു. അതിലുപരി ഭൂമി സൂര്യനെ ചുറ്റുന്ന പ്രദക്ഷിണ പാതയെ ഏകദേശം 13.5 ദിവസമുള്ള 27 ഭാഗങ്ങളായി തിരിച്ചു ഓരോന്നിനും ഓരോ പേര് നൽകണം. രാശി ചക്രത്തിന് നക്ഷത്ര ഭാഗം കടന്നു പോകാൻ സൂര്യന് വേണ്ട കാലയളവാണ് ഞാറ്റുവേല എന്നറിയപ്പെടുന്നത്. ഒരു വർഷം ലഭിക്കുന്ന മഴയുടെ വിതരണത്തെയും സസ്യങ്ങളുടെ വളർച്ചയെയും സാമ്പ്രദായിക കൃഷി അനുഭവ പരിജ്ഞാനത്തെയും അടിസ്ഥാനപ്പെടുത്തി ഞാറ്റുവേലകൾ തരം തിരിക്കണം. ഭൂമിയിൽ നിന്നും സൂര്യനെ നോക്കുമ്പോൾ സൂര്യൻ ഏത് നക്ഷത്രത്തിന്റെ അടുത്താണോ നിക്കുന്നത് ആ നക്ഷത്രത്തിന്റെ പേരിൽ ഞാറ്റുവേല എന്നറിയപ്പെടും.. അശ്വതി മുതൽ രേവതി വരെയുള്ള 27 പ്രധാനപെട്ട നക്ഷത്രങ്ങളുടെ പേരിൽ ഓരോ ഞാറ്റുവേലകളും അറിയപ്പെടണം. ഓരോ ഞാറ്റുവേലകളുടെയും ശരാശരി ദൈർഘ്യം 13.5 ദിവസം ആണെങ്കിൽ തിരുവാതിര ഞാറ്റുവേലയുടേത് 15 ദിവസം ആയിരിക്കും. 27 ഞാറ്റുവേലകളിൽ 10 എണ്ണം നല്ല മഴ ലഭിക്കുന്നവ ആയിരിക്കും. രാത്രികളിൽ പിറക്കുന്ന ഞാറ്റുവേലകൾ അത്യുത്തമം ആയിരിക്കും. ഒന്നാം ഞാറ്റുവേലയായ അശ്വതി ഞാറ്റുവേലയിൽ നെല്ല് കൃഷി ചെയ്യുക. അതിനു ശേഷം വരുന്ന ഭരണി ഞാറ്റുവേലയിൽ വിത്ത് വിതയ്ക്കുക. പിന്നീട് വരുന്ന കാർത്തിക
ഞാറ്റുവേലയിൽ നിലങ്ങളിൽ ഒന്നാം വിളയായി തയാറാക്കിയ പൊടിഞ്ഞാറ് നടുന്ന കാലമാണ്. വട്ടം വിതച്ച നെല്ലിന് കള പറിച്ചു വളം ചേർക്കണം. രോഹിണി ഞാറ്റുവേലക്ക് ശേഷം കാലവർഷം വരവാകും. അതിനു ശേഷം വിത ഉചിതമല്ല. വെയിലും മഴയും ഇടവിട്ട് കിട്ടുന്ന തിരുവാതിര ഞാറ്റുവേലയിൽ എല്ലാ വിധ ഔഷധ സസ്യങ്ങളും നടാൻ ഉചിതമായ കാലമാണ്. കാർഷിക ജോലികൾക്ക് ഏറ്റവും ഉത്തമമായ കാലമായിരിക്കും ഇത്. തിരുവാതിര ഞാറ്റുവേലയിൽ 101 വീതം മഴയും വെയിലും ഉണ്ടാകും. ഫല വൃക്ഷങ്ങൾ നടുന്നതും ഉത്തമം. പൂയം ഞാറ്റുവേലയിൽ മൂപ്പ് കൂടിയ നെല്ലിനങ്ങൾ രണ്ടാം വിളയായി കൃഷി ചെയ്യാൻ ഞാറ് പാകാൻ പറ്റിയ കാലമാണ്. ആയില്യം ഞാറ്റുവേലയിൽ നെല്ലിന് വളപ്രയോഗം നടത്തുക, പതിനൊന്നാം ഞാറ്റുവേലയായ പൂരം ഞാറ്റുവേലയിൽ നിലങ്ങളിലെ ഒന്നാം വിളയുടെ കൊയ്ത്തിനു സമയം ആഗതമാകും. രണ്ടാം വിളയ്ക്ക് നിലം ഒരുക്കണം. രണ്ടാം വിളയ്ക്കായി ഞാറ് നടാൻ പറ്റിയ കാലമാണ്. ഉത്രാടം ഞാറ്റുവേലയിൽ രണ്ടാം വിളയായി നെൽകൃഷി തുടങ്ങുന്ന കാലമാണ്. ചോതി ഞാറ്റുവേലയിൽ രണ്ടാം വിളയ്ക്ക് വള പ്രയോഗം നടത്തണം. ഇരുപത്തി ഏഴാമതും അവസാനത്തതും ആയ ഞാറ്റുവേലയായ രേവതി ഞാറ്റുവേലയിൽ ഒന്നാം വിളയ്ക്കായി നിലം ഉഴുതിടണം. ശേഷം അത് വെയിൽ കായാനിടണം. മണ്ണിനെ അത് ചൂട് പിടിപ്പിക്കും.

ആ ചൂട് പിടിപ്പിച്ച മണ്ണിൽ അടുത്ത കൃഷിയ്ക്കായുള്ള ഭൂമി പൂജ ചെയ്യണം. 5 ദിവസം നീണ്ടു നിൽക്കുന്ന ചടങ്ങുകളും ഉണ്ടാകും. ഇത്രയും ദിവസം കൃഷി ചെയ്തെടുത്ത നെല്ലിൽ നിന്നും തന്നെ ജനങ്ങൾക്ക് അന്നദാനവും നൽകണം. അവസാനത്തെ ദിവസം കൊയ്ത്തു കഴിഞ്ഞ പാടത്ത് ഒരുക്കുന്ന ഗോദയിൽ

ഈ രണ്ടു തലമുറകളിൽ പെടുന്ന കണ്ണികൾ മത്സരത്തിൽ ഏർപ്പെടണം. പരസ്പരം പോരടിക്കണം. അതിൽ വിജയിക്കുന്ന ആളുടെ കുടുംബത്തിന്റെ കൂടെ 20 വർഷം ദേവിയുടെ ശക്തിയുടെ മറ്റൊരു അംശം നിലനിൽക്കും.കൂടാതെ ആ പള്ളിവാളും ചിലമ്പിലും അവകാശവും ഉണ്ടായിരിക്കും. ക്ഷേത്ര ഭരണവും അവർക്ക് കയ്യാളാൻ സാധിക്കും.അങ്ങനെ ഓരോ 20 വർഷങ്ങളിലും ഇവിടെ ഭൂമി പൂജ നടന്നു വന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ആചാരം ഇന്നെത്തിയിരിക്കുന്നത് ഈ യുഗത്തിലാണ്."

"ഈ യുഗത്തിലോ? "

"അതേ ഈ യുഗത്തിൽ തന്നെ. ഏറിയാൽ 60 ദിനങ്ങൾക്ക് ഉള്ളിൽ ഇവിടെ 20 വർഷം കൂടുമ്പോൾ നടക്കുന്ന ആ മഹത്തായ ഉത്സവവും ആചാരവും നടക്കും. ഇവിടെ ഈ അമ്പല മുറ്റത്ത് നിർമ്മിക്കപ്പെടുന്ന ഗോദയിലെ ശക്തി പ്രകടന മത്സരം കാണാൻ ആണ് ആളുകൾ വീറോടെയും വാശിയോടെയും കാത്തിരിക്കുന്നത്. "

"അതെന്തിനാണ് ഈ ഭൂമി പൂജയ്ക്ക് അവർ ഇത്രയും വീറും വാശിയും കാണിക്കുന്നേ ? "

അനന്തു ചോദ്യഭാവേന ആഗതനെ നോക്കി.ആ പറഞ്ഞതിന്റെ പൊരുൾ അവനു മനസിലായില്ല.

"പറയാം മകനെ, ദേവ പ്രശ്നത്തിനു ശേഷം അതിൽ ചൂണ്ടി കാണിച്ച പോലെയാണ് ഇവിടുത്തെ ജനങ്ങൾ ജീവിച്ചത്. പൂജാരിമാരുടെ പിൻതലമുറക്കാർ ഒത്തൊരുമയോടെ ജീവിച്ചു. എന്നാൽ കുറച്ചു കഴിഞ്ഞതും വീണ്ടും അവർക്കിടയിൽ പ്രേശ്നങ്ങൾ ഉടലെടുത്തു. രണ്ടു കുടുംബങ്ങൾ തമ്മിലും കുടിപ്പകയായി. ഭൂമി പൂജ അവരുടെ അഭിമാനത്തിന്റെ പ്രശ്നമായി മാറി. ഭൂമി പൂജയിൽ വിജയിച്ചു ദേവിയുടെ പള്ളി വാളും ചിലമ്പും സ്വന്തമാക്കാൻ അവർ പരസ്പരം മത്സരിച്ചു. അവരുടെ മത്സരം ഇവിടുത്തെ ജനങ്ങളും ഏറ്റെടുത്തു. ജനങ്ങൾ തമ്മിൽ തെറ്റി പിരിഞ്ഞു. ഒരു പൂജാരിയുടെ പിൻ തലമുറക്കാരെ പിന്തുണക്കുന്നവർ ദേശം ഗ്രാമത്തിലും മറ്റേ പൂജാരിയുടെ പിൻ തലമുറയെ പിന്തുണക്കുന്നവർ കുന്താള പുര ഗ്രാമത്തിലുമായി ഒതുങ്ങി. പരസ്പരം ശത്രുതയോടെ ആണ് ഇരു ഗ്രാമങ്ങളിലെ ജനങ്ങളും വസിക്കുന്നത്. കാലക്രമേണ ഈ കുടുംബങ്ങൾ സമ്പത്തിലും അധികാരത്തിലും ഉന്നതിയിലേക്ക് വളർന്നു വന്നു. ആർക്കും തകർക്കാൻ പറ്റാത്ത തരത്തിൽ വലിയ ആൾക്കാർ ആയി മാറി. "

"അത് കൊള്ളാലോ.. ഏതൊക്കെയാ ആ കുടുംബങ്ങൾ? അവർ ഏത് പേരിലാ അറിയപ്പെടുന്നേ? "

"ആ രണ്ട് കുടുംബങ്ങൾ ഇവയൊക്കെയാണ്. കുന്താള പുരത്തെ തിരുവമ്പാടി എന്ന് അറിയപ്പെടുന്ന കുടുംബവും ദേശം ഗ്രാമത്തെ തേവക്കാട്ട് എന്ന കുടുംബവും. "

തേവക്കാട്ട് എന്ന പേര് കേട്ടതും അനന്തു ഞെട്ടിപ്പോയി. ആഗതൻ ഇത്രയും നേരം പറഞ്ഞുകൊണ്ടിരുന്ന ചരിത്രം തന്റെ കുടുംബത്തിന്റെയും പൂർവികരേയും കുറിച്ചാണെന്നു ഞെട്ടലോടെ അവൻ മനസിലാക്കി.

അവനു തന്റെ കാതുകളെ വിശ്വസിക്കാൻ സാധിച്ചില്ല. പല കഥകളും അമ്മ പറഞ്ഞു തന്നിട്ടുണ്ടെങ്കിലും തങ്ങളുടെ കുടുംബത്തെ പറ്റിയുള്ള ഇത്രയും ബൃഹത്തായ ചരിത്രം ഒരിക്കലും പറഞ്ഞു തന്നിട്ടില്ലെന്നു നിരാശയോടെ അവൻ ഓർത്തു.

ആകെ കിളി പാറിയ അവസ്ഥയിൽ ആയിരുന്നു അനന്തു. ആഗതൻ കഥ പറഞ്ഞ ക്ഷീണത്തിൽ തോൾ സഞ്ചിയിൽ നിന്നും വെള്ളം നിറച്ച കുപ്പിയുടെ അടപ്പ് തുറന്നു വായിലേക്ക് കമഴ്ത്തി.

ദാഹം തീരും വരെ മതി വരുവോളം കുടിച്ച അയാൾ ദാഹ ശമനത്തിന് ശേഷം കൈകൾ കൊണ്ടു ചിറി തുടച്ചു കുപ്പി സഞ്ചിയിലേക്ക് പൂഴ്ത്തി വച്ചു.

"എന്നിട്ട് ബാക്കി എന്തുണ്ടായേ ? "

കഥയുടെ ബാക്കി അറിയാനുള്ള ത്വരയിൽ അനന്തു ഉത്സാഹത്തോടെ ചോദിച്ചു.

അനന്തു നല്ലൊരു ശ്രോതാവായി മാറിയെന്നു ആഗതന് മനസിലായി. അയാൾ എന്തോ പറയാനാഞ്ഞതും അപ്പുറത്ത് നിന്നും ശബ്ദം കേട്ടു.

"അനന്തൂട്ടാ....... "

ശബ്ദം കേട്ട ഭാഗത്തേക്ക് അനന്തു മുഖം വെട്ടിച്ചു നോക്കി. സീത അമ്മായി അവനോട് പോകാം എന്ന അർത്ഥത്തിൽ കൈ കാട്ടി വിളിച്ചു. പോകാൻ താല്പര്യമില്ലാത്ത മട്ടിൽ അനന്തു എണീറ്റു.

"എന്റെ അമ്മായി ആണ്. ഞാൻ പൊക്കോട്ടെ.. കഥയുടെ ബാക്കി കേൾക്കാൻ എനിക്ക് ഭാഗ്യം ഇല്ലാന്ന് തോന്നുന്നു. "

വല്ലാത്തൊരു സങ്കടത്തോടെയാണ് അനന്തു പറഞ്ഞത്. അത് കേട്ടതും ആഗതനും ആകെ ധർമ്മ സങ്കടത്തിലായി.

ഇത്രയും നിമിഷം കൊണ്ടു ഊരും പേരും അറിയാത്ത ഈ ആഗതനോട് വല്ലാത്ത ഒരു വൈകാരികമായ ബന്ധം ഉടലെടുത്തെന്നു അവനു തോന്നിപോയി.അവൻ നിസ്സഹായതയോടെ അയാളുടെ കണ്ണുകളിലേക്ക് നോക്കി.

"സാരമില്ല മകനെ.. പൊയ്ക്കോളൂ.. അവരെ മുഷിപ്പിക്കണ്ട ... ഇനി ഒരിക്കൽ കാണാം. "

ആഗതൻ ആശ്വാസത്തിന്റെ സ്വരത്തിൽ അനന്തുവിനോട് പറഞ്ഞു.അനന്തു അദ്ദേഹത്തെ നോക്കി ചിരിച്ചുകൊണ്ട് തലയാട്ടി.
അതിനു ശേഷം പിന്തിരിഞ്ഞു സീത അമ്മായിയുടെ സമീപത്തേക്ക് പോയി.

അവൻ നടന്നു പോകുന്നത് അയാൾ നോക്കികണ്ടിരുന്നു. അനന്തു അടുത്ത് വന്നതും സീത അവന്റെ കയ്യിൽ ചുറ്റിപിടിച്ചു.

"എവിടെക്കാ അനന്തൂട്ടാ പോയേ? "

"എങ്ങോട്ടും ഇല്ല അമ്മായി. ഞാൻ ആ ആൽമര ചുവട്ടിൽ ഇരിക്കുവായിരുന്നു. "

"അവിടെന്താടാ ഒറ്റയ്ക്ക് ഇരുന്നേ "

"ഒറ്റക്ക് അല്ല അമ്മായി, വേറൊരു പുള്ളിയും ഉണ്ടായിരുന്നു. "

"എന്തിയെ അവിടെ ആരെയും കാണുന്നില്ലല്ലോ? "

സീതയുടെ കണ്ണുകൾ ആൽമര ചുവട്ടിൽ പരതിക്കൊണ്ട് സംശയത്തോടെ ചോദിച്ചു. അനന്തു ചിരിയോടെ ആൽമര ചുവട്ടിലേക്ക് കൈ നീട്ടിക്കൊണ്ട് തിരിഞ്ഞു.

എന്നാൽ അവിടം ശൂന്യമായിരുന്നു. ആരും അവിടെ ഉണ്ടായിരുന്നു. അനന്തു പരിഭ്രമത്തോടെ എല്ലായിടത്തും നോക്കി.

കഷായവസ്ത്രവും തോൾ സഞ്ചിയും അണിഞ്ഞ ആ വൃദ്ധനെ അവിടെങ്ങും അവനു കാണാൻ സാധിച്ചില്ല. ഈ സമയംകൊണ്ട് അങ്ങേരു ഇതെങ്ങോട്ട് മാഞ്ഞു പോയി എന്ന് അവൻ ചിന്തിച്ചുകൊണ്ടിരുന്നു.

"എന്താ അനന്തൂട്ടാ നോക്കുന്നെ? "

"ഒന്നുല്ല അമ്മായി ഞാൻ എന്തോ ഓർത്തു പോയതാ "

"ആണോ, എങ്കിൽ വാ നമുക്ക് പോയേക്കാം. മുത്തശ്ശൻ നിന്നെ കാത്തിരിക്കുവാ "

സീത അനന്തുവിന്റെ കൈപിടിച്ച് മുന്നോട്ടേക്ക് നടന്നു. പോകുന്ന പോക്കിൽ അനന്തു തല ചരിച്ചു ഒന്നു കണ്ണോടിച്ചെങ്കിലും ആ ആഗതനെ കണ്ടെത്തുവാൻ സാധിച്ചില്ല.

തിരക്കിനിടയ്ക്ക് അദ്ദേഹത്തിന്റെ പേര് പോലും ചോദിക്കാൻ വിട്ടുപോയെന്നു അവൻ സങ്കടത്തോടെ ഓർത്തു. സീതയുടെ കയ്യും പിടിച്ചു പടവുകളിറങ്ങി അവർ റോഡ് സൈഡിലേക്ക് എത്തി.

അനന്തു വണ്ടി പാർക്ക് ചെയ്ത സ്ഥലത്തേക്ക് പോയി. ഈ സമയം ശങ്കരനും മക്കളും പേരമക്കളും റോഡിലേക്കിറങ്ങി വന്നു.

ക്ഷേത്രത്തിലേക്ക് വന്നു പോകുന്നവർ തേവക്കാട്ട് കുടുംബങ്ങളെയും ശങ്കരനെയും ബഹുമാനത്തോടെ വണങ്ങുകയും ചിരിക്കുകയും ചെയ്തു കൊണ്ടിരുന്നു.

കുറേ പേരുമായി മാലതി പരിചയം പുതുക്കുന്നത് സീത കണ്ടിരുന്നു. വർഷങ്ങൾക്ക് ശേഷം പരിചയക്കാരെ വീണ്ടും കണ്ടു മുട്ടിയ സന്തോഷത്തിൽ ആയിരുന്നു അവൾ എന്ന് സീതക്ക് തോന്നിപോയി.

കണ്ടത്തിൽ നിന്നും കാർ എടുത്ത അനന്തു അമ്പലത്തിനു മുൻപിൽ റോഡരികിൽ ഓടിച്ചു കൊണ്ടു വന്നു നിർത്തി. ശങ്കരൻ മുൻപിലെ സീറ്റിലും ബാക്കിയുള്ളവർ പുറകിലുമായി കയറി.

മീനാക്ഷിയ്ക്ക് മുൻപിൽ ഇരിക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നെങ്കിലും മുത്തശ്ശൻ ചാടികയറിയതിനാൽ നിരാശയോടെ അവൾ പിന്നിൽ കയറി. എല്ലാവരും കയറിയെന്നു ഉറപ്പ് വരുത്തിയ ശേഷം അനന്തു കാർ തറവാട് ലക്ഷ്യമാക്കി ഓടിച്ചു.

തമാശകൾ പറഞ്ഞും കളിച്ചു ചിരിച്ചും അവർ മനയിലേക്ക് എത്തിച്ചെന്നു.വണ്ടിയിൽ നിന്നും ചാടിയിറങ്ങി എല്ലാവരും മനയിലേക്ക് കേറിപോയി.

അനന്തു വണ്ടിയിൽ നിന്നും ഇറങ്ങി ടയറിൽ കാറ്റ് കുറവാണോ എന്ന് നോക്കുന്നതിനിടക്ക് പെട്ടെന്നു പുറകിൽ ഒരു ശബ്ദം കേട്ടു.

"ഭും "

അനന്തു ഞെട്ടി പുറകിലേക്ക് നോക്കി. അവിടെ സാരീയുടെ മുന്താണി കയ്യിൽ കറക്കികൊണ്ട് നാവ് കൂർപ്പിച്ചു ചുണ്ടിനിടയിലൂടെ വെളിയിലേക്ക് കാണിച്ചു നിക്കുവാണ് മീനാക്ഷി.

ആൾ ആകെ ദേഷ്യത്തിൽ ആയിരുന്നു. അവൾ അനന്തുവിനെ തുറിച്ചു നോക്കി. കാര്യമെന്താണെന്നു മനസിലാവാതെ അവൻ നിന്നു.

മീനാക്ഷിയുടെ വിയർപ്പ് പൊടിഞ്ഞ അധരങ്ങൾക്ക് വല്ലാത്തൊരു ഭംഗി ഉണ്ടെന്നു അവനു തോന്നിപോയി.സാരി തുമ്പ് ഇടുപ്പിൽ കുത്തിവച്ചു അവൾ അവന്റെ അടുത്ത് വന്നു നിന്നു.

"ആരായിരുന്നു അനന്തു ആ പെണ്ണ്? "

"ഏത് പെണ്ണ് ? "

അനന്തു ഒന്നും മനസിലാവാതെ അവളെ സൂക്ഷിച്ചു നോക്കി.

"അനന്തുവിന്റെ ദേഹത്തു തട്ടി വീണ പെണ്ണില്ലേ, അവൾ? "

മീനാക്ഷിയുടെ മുന കുത്തിയ ചോദ്യം കേട്ടപ്പോഴാണ് അമ്പലത്തിൽ വച്ചു അരുണിമയെ പോലെയുള്ള ആ പെൺകുട്ടിയുമായി കൂട്ടിയിടിച്ച കാര്യം അവന്റെ ബോധ മണ്ഡലത്തിലേക്ക് വരുന്നത് തന്നെ.

"എനിക്ക് അറിഞ്ഞൂടാ മീനാക്ഷി അതാരാണെന്ന് ? "

"സത്യം ആണോ? "

വിശ്വാസം വരാതെ മീനാക്ഷി അവനെ ചുഴിഞ്ഞു നോക്കി. ഒരുമാതിരി പൊലീസുകാരെ പോലെ മീനാക്ഷി ചോദ്യം ചെയ്യുന്നത് അവനു ഇഷ്ടപ്പെട്ടില്ല.

"സത്യം. എനിക്ക് അറിഞ്ഞൂടാ അതാരാണെന്ന്."

"അപ്പൊ പിന്നെ നിങ്ങൾ തമ്മിൽ മിണ്ടുന്നതു ഞാൻ കണ്ടല്ലോ? എന്തായിരുന്നു അത് ? "

മീനാക്ഷി വിടാൻ ഭാവം ഇല്ലാന്ന് അനന്തുവിന് മനസിലായി.

"അതൊന്നുമില്ല... ആ കുട്ടിയെ മുൻപരിചയം ഉള്ളപോലെ എനിക്ക് തോന്നി. പക്ഷെ എനിക്ക് തെറ്റിപോയതാ.അത് ഞാൻ വിചാരിച്ച ആളല്ല"

"ഫ്മ് ഞാൻ വിശ്വസിച്ചു. ഇനി അങ്ങനെ ആരേലുമായി കൂട്ടിയിടിച്ചാൽ കൊല്ലും ഞാൻ... കേട്ടല്ലോ..."

ഒരു തമാശ എന്നപോലെ മീനാക്ഷി പറഞ്ഞ കാര്യം കേട്ട് അനന്തു ചിരിച്ചു. അവനു മുഖം നൽകാതെ അവൾ തിരിഞ്ഞു തറവാട്ടിലേക്ക് കയറിപ്പോയി. വല്ലാത്തൊരു പെണ്ണ് തന്നെ ഇതെന്ന് അവനു തോന്നിപോയി.

ഈ സമയം പടിപ്പുര കഴിഞ്ഞു തിരുവമ്പാടി മനയുടെ മുറ്റത്തേക്ക് ഇരമ്പി വന്ന കാർ ഡ്രൈവർ ചവിട്ടി നിർത്തി. അതിന്റെ പുറകിലെ സീറ്റിൽ നിന്നും ഡോർ തുറന്നു ഇറങ്ങിയ ദക്ഷിണ നേരെ മനയുടെ പൂമുഖത്തേക്ക് നടന്നു വന്നു.

കയ്യിൽ ഉള്ള പൂക്കൂട പൂമുഖപ്പടിയിൽ വച്ചു ഒരു യന്ത്രത്തെ പോലെ അവൾ നടന്നു. വേറേതോ ലോകത്ത് ആയിരുന്നു അവൾ.

അകത്തളത്തിൽ നിന്നും മുറിയിലേക്ക് അവൾ യാന്ത്രികമായി നടന്നുപോയി. ചുണ്ടിൽ ഒരു മൂളിപ്പാട്ടോടെ ചിന്താ മഗ്നയായി നടന്നു മുറിയിലേക്ക് കയറിയ അവൾ വാതിൽ അടച്ചു വച്ചു.

അല്പം മാറി നിന്നു ദക്ഷിണയെ വീക്ഷിച്ചുകൊണ്ട് ഒരാൾ നിന്നിരുന്നു.അയാൾ തന്റെ ഊന്നുവടിയുടെ പിടിയിൽ വിരലുകൾ അമർത്തി മുറുകെ പിടിച്ചു.

വലതു കൈകൊണ്ട് അയാൾ കഴുത്തിൽ അണിഞ്ഞിരുന്ന രുദ്രാക്ഷ മാലയിൽ അമർത്തി പിടിച്ചു. സംഭ്രമം നിറഞ്ഞു നിന്നിരുന്ന ആ മുഖത്തു വല്ലാത്തൊരു പൗരുഷം നിറഞ്ഞു നിന്നിരുന്നു.

കണ്ണുകൾ ബലമായി പൂട്ടി വച്ചു അയാൾ നാല് വരി മന്ത്രം ചൊല്ലി. അതിനു ശേഷം അയാൾ പതുക്കെ കണ്ണുകൾ തുറന്നു. അതിനു ശേഷം പൂജാമുറിയിലേക്ക് അയാൾ നടന്നു.

പൂജാമുറിയുടെ വാതിൽ തുറന്നു അകത്തേക്ക് കയറിയ അയാൾ വാതിൽ കൊട്ടിയടച്ചു.
മുറിയിലെ കട്ടിലിലേക്ക് മലർന്നു വീണ ദക്ഷിണ ബെഡിന്റെ പതുപതുപ്പിൽ സുഖത്തോടെ മലർന്നു കിടന്നു.

തന്റെ ഏകാന്തതയെ മറി കടക്കാൻ തലയ്ക്കൽ ഉള്ള തലയിണയെ കെട്ടിപിടിച്ചു മറ്റാരോ ആയി മനസ്സിൽ ഉപമിച്ചു അവൾ മുഖം പൂഴ്ത്തി കിടന്നു.

ഉത്തരത്തിൽ സ്വയം ഭ്രമണം ചെയ്യുന്ന ഫാനിൽ നിന്നും ഉത്ഭവിക്കപ്പെടുന്ന തണുത്ത കാറ്റ് അവളുടെ ശരീരത്തെയും മനസിനെയും ഒരുപോലെ തണുപ്പിച്ചു. മനസിലെ ചിന്താ ഭാരം കാരണം കമിഴ്ന്നു കിടന്ന ദക്ഷിണ ചുണ്ടിൽ ഒരു മൂളിപ്പാട്ടോടെ കട്ടിലിന്റെ തലക്കൽ ഉള്ള മേശപ്പുറത്ത് നിന്നും ഒരു ഡയറി വലിച്ചെടുത്തു.

കാറ്റടിച്ചു ഡയറിലേക്ക് ഉതിർന്നു വീഴുന്ന മുടിയിഴകൾ അവൾ കഷ്ട്ടപെട്ടു ഒതുക്കി വച്ചു. ഡയറിയുടെ പേജ് മറിച്ചു കൊണ്ടു അവൾ മറു കയ്യിൽ ഉള്ള പേനയുടെ അറ്റം വായിലിട്ട് കടിച്ചു പിടിച്ചു വച്ചു.

അവൾ കാലുകൾ ഉയർത്തിയതും ഉടുത്തിരുന്ന സാരി താഴേക്ക് മുട്ടുകാൽ വരെ ഊർന്നിറങ്ങി വന്നു. അതോടൊപ്പം അവളുടെ വാക്സ് ചെയ്ത സുന്ദരമായ വെളുത്തു തുടുത്ത കാലുകൾ പുറത്തേക്ക് അനാവൃതമായി.

അവൾ അവ താളത്തോടൊപ്പം ഉയർത്തുകയും താഴ്ത്തുകയും ചെയ്തു കൊണ്ടിരുന്നു. വെണ്ണക്കൽ പോലെ മിനുസമാർന്ന പാദങ്ങളും ചുവന്ന ക്യൂടെക്സ് അണിഞ്ഞ കാൽ വിരലുകൾക്ക് പോലും ആരെയും ഭ്രമിപ്പിക്കുന്ന മനോഹാരിത ഉണ്ടായിരുന്നു.

രണ്ടു മലയിടുക്കുകൾക്ക്  സമാനമായി ഉയർന്നു താഴ്ന്നു നിൽക്കുന്ന  അവളുടെ നിതംബം ആയിരുന്നു ദക്ഷിണയുടെ ഭ്രമിപ്പിക്കുന്ന ആകാരവടിവിനു മാറ്റ് കൂട്ടിയത്.

ഡയറിയിലെ ഒഴിഞ്ഞ താള് കണ്ടെത്തിയ അവളുടെ പൂച്ചക്കണ്ണുകൾ എന്തോ എഴുതുവാനായി അവൾ ചുണ്ടുകൾക്കിടയിൽ ബന്ധപ്പെട്ടു കിടന്നിരുന്ന പേനയെ മോചിപ്പിച്ച ശേഷം നേരെ ഡയറിയിലേക്ക് കൊണ്ടു വന്നു.

ദക്ഷിണയുടെ ചോര ചുണ്ടുകളുടെ സ്പർശനവും ചൂടുള്ള ഉമിനീരും പറ്റിയ ആ പേന കണ്ടിരുന്നേൽ തീർച്ചയായും ആർക്കും ആ പേന കൈ വരിച്ച സൗഭാഗ്യത്തെ ഓർത്തു അസൂയപെടുമായിരുന്നു.

പേന വിരലിലിട്ട് കറക്കികൊണ്ട് എന്തോ ആലോചിച്ച ശേഷം ചെറു ചിരിയോടെ അവൾ തന്റെ ഡയറിയിൽ ഇങ്ങനെ എഴുതി.

"പ്രണയമാണ് പ്രിയനേ..എന്നിലെ നിന്നോട്
ഒരു പാതി നീയും ... മറു പാതി ഞാനും
രണ്ടും ചേർന്നാൽ നാമെന്ന പ്രണയവും
തിരു നെറ്റിയിലെ സിന്ദൂര ചുവപ്പും നീ
എന്നിലെ പാതി ഹൃദയ താളവും നീ
എന്നിലലിഞ്ഞ പ്രണയ മഴയും നീ "

ദക്ഷിണ താൻ എഴുതിയ വരികൾ പല ആവർത്തി ഉരുവിട്ടു വായിച്ചു. അതിനു ശേഷം ഒരു ചിരിയോടെ അവൾ ആ ഡയറിയിലേക്ക് പതിയെ തല ചായ്ച്ചു കിടന്നു.

അഞ്ജലിയുടെ മുറിയിലേക്ക് കയറി ചെന്ന അനന്തു കാണുന്നത് ജനാലയിൽ തല വച്ചു കിടക്കുന്ന അവളെയാണ്.ആള് എന്തൊക്കെയോ ഗഹനമായ ചിന്തയിൽ ആണെന്ന് അനന്തുവിന് തോന്നി.

അവൻ പമ്മി പമ്മി അവളുടെ അടുത്തേക്ക് കൈ വിടർത്തി ചെന്നു.

"നന്ദുവേട്ടാ എന്താ ഒരു ചുറ്റിക്കളി? "

തിരിഞ്ഞു നോക്കാതെ പുറത്തേക്ക് കണ്ണും നട്ട് അഞ്ജലി ചോദിച്ചു.

"എന്റെ പൊന്നോ ഇതെങ്ങനെ ? "

അത്ഭുതത്തോടെ അനന്തു ചോദിച്ചു.

"എനിക്ക് സിക്സ്ത് സെൻസ് ഉണ്ടല്ലോ അതാ"

അഞ്ജലി മുഖം വെട്ടിച്ചു അവനെ നോക്കി.

"ഇയാൾ ആരാ ഏഴാം അറിവിലെ ബോധിധർമനോ? "

അനന്തു കളിയാക്കുന്ന മട്ടിൽ ചോദിച്ചു.

"അതേ വത്സാ.... നാം ബോധിധർമന്റെ പുനർജന്മം ആകുന്നു. നമ്മുടെ ശിഷ്യത്വം സ്വീകരിച്ചാലും "

അഞ്ജലി അവനു നേരെ കൈപ്പത്തി ഉയർത്തി കാണിച്ചു അനുഗ്രഹിക്കുവാനായി ഒരുങ്ങി.

"ബോധിധർമ്മാ... എനിക്ക് മറ്റേ ആ പൊടിപടലങ്ങളും കാറ്റും ഒക്കെ കൈകൊണ്ട് കറക്കി വിടാൻ പഠിപ്പിക്കുമോ ? "

അനന്തു കണ്ണിറുക്കികൊണ്ട് പറഞ്ഞു.

"നാം പഠിപ്പിക്കാം വത്സാ "

അഞ്ജലി ചുണ്ടിൽ തത്തി വന്ന ചിരി കടിച്ചു പിടിച്ചു അവന്റെ തലയിൽ കൈ വച്ചു അനുഗ്രഹിച്ചു.

"ബോധിധർമൻ നീണാൾ വാഴ്ക "

അനന്തു കൈകൾ കൂപ്പി കൊണ്ടു പറഞ്ഞു.

നിയന്ത്രണം വിട്ട അഞ്ജലി പൊട്ടിചിരിച്ചു.അനന്തു കസേരയിലേക്ക് ചാഞ്ഞിരുന്ന് അവളെ നോക്കി.

"എന്താ ഇവിടെ പരുപാടി? "

അനന്തുവിന്റെ ചോദ്യം കേട്ട് അഞ്ജലി അല്പ നേരം അവനെ നോക്കി. അതിനു ശേഷം വിദൂരതയിലേക്ക് കണ്ണ് നട്ടിരുന്നു.

"ഒന്നുല്ല നന്ദുവേട്ടാ... ഞാൻ വെറുതെ പുറത്തെ കാഴ്ചകൾ ഒക്കെ കണ്ടിരിക്കുവായിരുന്നു. "

"അഞ്ജലി പുറത്തോട്ട് ഇറങ്ങിയിട്ട് ഇപ്പൊ എത്ര കാലമായി? "

"ഞാൻ കഴിഞ്ഞ കൊല്ലം എങ്ങാണ്ട് ഇറങ്ങിയതാ... പിന്നെ ഇറങ്ങിയിട്ടില്ല."

അഞ്ജലിയുടെ ചിലമ്പിച്ച സ്വരത്തിലുള്ള മറുപടി അവന്റെ കാതിൽ പതിഞ്ഞു.വല്ലാത്തൊരു നിസ്സഹായാവസ്ഥ ആ കണ്ണുകളിൽ അവനു കാണാൻ കഴിഞ്ഞു.

ഈ മുറിയുടെ 4 ചുവരിനുള്ളിൽ ഒതുങ്ങി കൂടാൻ വിധിക്കപ്പെട്ടൊരു പെണ്മനസിന്റെ ശപിക്കപ്പെട്ട ജന്മത്തെ അവൻ നോക്കി കാണുകയായിരുന്നു.

അനന്തു അവളുടെ കയ്യിൽ മുറുകെ പിടിച്ചു.കൂടെയുണ്ട് എന്ന് അവൻ മിഴികൾ ചിമ്മി കാണിച്ചു. അഞ്ജലി ഒരു ചിരിയോടെ പുറത്തേക്ക് കണ്ണുകൾ നട്ടു.

"നമുക്ക് ഒന്നു പുറത്തേക്കൊക്കെ പോയി വന്നാലോ? "

"നമ്മളോ? എങ്ങനെ പോകും?  എന്റെ വയ്യായ്ക നന്ദുവേട്ടൻ കണ്ടില്ലേ? "

അർഹിക്കാത്തത് ആഗ്രഹിക്കാൻ പാടില്ല എന്ന അർത്ഥത്തിൽ അവൾ നിഷേധാർത്ഥത്തിൽ തലയാട്ടി.

"വയ്യായ്ക നിന്റെ ശരീരത്തിനല്ലേ മനസിനല്ലല്ലോ? ആ വയ്യായ്ക ഒക്കെ മാറാനാ നമ്മൾ പോകുന്നേ, മനസിലായോ ? "

അനന്തു അവളുടെ കണ്ണിലേക്കു ഉറ്റു നോക്കി.അവന്റെ പിടയ്ക്കുന്ന നീലക്കണ്ണുകൾക്ക് വല്ലാത്തൊരു കാന്തികശക്തി ആണെന്ന് അവൾക്ക് തോന്നിപോയി.

അനന്തു അവളുടെ അടുത്തേക്ക് എണീറ്റു വന്നു. പൊടുന്നനെ ഇരു കൈകൾകൊണ്ട് അഞ്ജലിയെ കോരിയെടുത്തു.

അഞ്ജലിക്ക് എന്താണ് സംഭവിച്ചതെന്ന് മനസ്സിലാവാൻ കുറച്ചു സമയം എടുത്തു.അപ്പോഴേക്കും അവളെയുംകൊണ്ട് അനന്തു നടന്നു നടു മുറ്റത്തേക്ക് എത്തിയിരുന്നു.

അഞ്ജലി ചമ്മലോടെ കണ്ണുകൾ ഇറുകെ പൂട്ടി. അവന്റെ നാസികയിൽ നിന്നും പൊഴിയുന്ന ചുടുനിശ്വാസം അവളെ കോരിത്തരിപ്പിച്ചു.

ഇടുപ്പിൽ പതിഞ്ഞിരിക്കുന്ന കരതലസ്പർശം അവളുടെ ഓരോ രോമരാജികളെ തൊട്ടുണർത്തി. നാണത്തോടെ അവന്റെ ഇടം നെഞ്ചിലേക്ക് അഞ്ജലി മുഖം പൂഴ്ത്തി.

നടുമുറ്റത്ത് നിന്നും അകത്തളത്തിലേക്ക് എത്തിയതും അഞ്ജലിയെയും കൊണ്ട് നടന്നു വരുന്ന അനന്തുവിനെ കണ്ട് എല്ലാരും മൂക്കത്ത് വിരൽ വച്ചു. സീത ഓടി വന്ന് അഞ്ജലിയുടെ കവിളിൽ പിച്ചി വലിച്ചു.

"ആഹ് സീതമ്മേ...."

അഞ്ജലി ചിണുങ്ങിക്കൊണ്ട് അവനെ ഇറുകെ പിടിച്ചു. സീത ചിരിച്ചു കൊണ്ടു അവളുടെ നെറുകയിൽ പതിയെ തലോടി.

"എങ്ങോട്ടാ ഈ പൂച്ചക്കുഞ്ഞിയെയും കൊണ്ട്? "

പൂച്ചക്കുഞ്ഞിക്ക് വീട്ടിൽ ചടഞ്ഞിരുന്ന് മടുത്തെന്ന്.അപ്പൊ പുറത്തൊക്കെ കാണാൻ പോകുവാ"

അനന്തു പറയുന്നത് കേട്ട് അഞ്ജലി ചുണ്ട് കൂർപ്പിച്ചു അവനെ നോക്കി.

"ശരി ശരി വേഗം പോയിട്ട് വാ.. പൂച്ചക്കുഞ്ഞിനെ നല്ലോണം നോക്കിക്കോണേ..."

"ഞാൻ നോക്കിക്കോളാം അമ്മായി."

അനന്തു സീതയെ സമാധാനിപ്പിക്കുവാനായി പറഞ്ഞു.

ഈ സമയം അകത്തളത്തിലേക്ക് എത്തിയ മീനാക്ഷി അനന്തുവിനെയും അഞ്ജലിയെയും കണ്ട് പൊടുന്നനെ തറഞ്ഞു നിന്നു.അഞ്ജലിയെ അസൂയയോടെ നോക്കിയ അവൾ വെട്ടി തിരിഞ്ഞു നേരെ മുറിയിലേക്ക് പോയി.

മുറിയിൽ കയറിയ അവൾ ദേഷ്യത്തിൽ വാതിൽ കൊട്ടിയടച്ചു.അനന്തു അവളെയുംകൊണ്ട് പൂമുഖത്തേക്ക് എത്തിയതും ഷൈല നിറകണ്ണുകളോടെ അവരെ അനുഗമിച്ചു.

"മക്കളെ ഞാനുമുണ്ട്.. ന്റെ കൈ പിടിച്ചോ"

മുത്തശ്ശി ഷൈലയ്ക്ക് നേരെ കൈ നീട്ടി.ഷൈല കാർത്യായനിയെ പടികൾ ഇറങ്ങുവാനായി സഹായിച്ചു.

അനന്തു അഞ്ജലിയെയും കൊണ്ടു നേരെ കുളപ്പടവ് ലക്ഷ്യമാക്കി നടന്നു.മനയുടെ രണ്ടാം നിലയുടെ കിളി വാതിലിലൂടെ ലക്ഷ്മിയുടെ കണ്ണുകൾ അവരെ തുറിച്ചു നോക്കികൊണ്ടിരുന്നു.

അഞ്ജലിയെയും കോരിയെടുത്തുകൊണ്ടു നടക്കുന്ന അനന്തുവിനെ കണ്ടതും എന്തൊക്കെയോ ഓർമ്മകൾ അവളുടെ ബോധമണ്ഡലത്തിലേക്ക് പൊടുന്നനെ വന്നു.

അവൾ കണ്ണുകൾ പിൻവലിച്ചു നേരെ ബെഡിലേക്ക് വന്നു കിടന്നു. നിറഞ്ഞു നിന്നിരുന്ന കണ്ണുകൾ അവളുടെ അനുവാദം കൂടാതെ തുളുമ്പി.

അവളുടെ  ഓർമകളുടെ ചൂട് ആവാഹിച്ച അശ്രുകണങ്ങൾ തലയിണയിൽ പെയ്തിറങ്ങി അഭയം പ്രാപിച്ചു.ദേവന്റെ നെഞ്ചിൽ കിടക്കുന്നത് പോലെ തലയിണയിലേക്ക് മുഖം പൂഴ്ത്തി അവൾ സ്വന്തം സങ്കടങ്ങളും വിഷമങ്ങളും തലക്കനവും ഇറക്കി വച്ചു.മനസിലെ ഭാരം ഒന്നു ഒഴിഞ്ഞപ്പോൾ അവളുടെ കണ്ണുകൾ പതിയെ അടഞ്ഞു തുടങ്ങി.

കുളപ്പടവിലേക്ക് എത്തിയ അനന്തു അഞ്ജലിയെ പതുക്കെ അവിടെ കണ്ട പടവിലേക്ക് ഇരുത്തി. ഈ സമയം ഷൈലയുടെ കൈ പിടിച്ചു കാർത്യായനിയും അങ്ങോട്ടേക്ക് നടന്നെത്തി.

എല്ലാവരും കല്പടവുകളിൽ അമർന്നിരുന്നു. അനന്തു അഞ്ജലിയോട് ചേർന്നിരുന്ന് വെള്ളത്തിലേക്ക് കാല് നീട്ടി വച്ചു.

അനന്തുവിന്റെ കണ്ണുകളിൽ ഉറ്റു നോക്കിയ ശേഷം അവൾ നോട്ടം കുളത്തിലെ നിറഞ്ഞു കിടക്കുന്ന വെള്ളത്തിലേക്ക് ദൃഷ്ടി പതിപ്പിച്ചു.ഒരുപാട് നാളുകൾക്ക് ശേഷം വീടിനു പുറത്തിറങ്ങിയതിന്റെ ഉത്സാഹത്തിലായിരുന്നു അവൾ.

അഞ്ജലി തന്റെ നാസിക വിടർത്തി ശുദ്ധ വായു ആവോളം ശ്വസിച്ചുകൊണ്ടിരുന്നു.കുളത്തിലെ നീല ജലത്തിലേക്ക് ഒരു മത്സ്യ കന്യകയെ പോലെ എടുത്തു ചാടി കുളിക്കുവാൻ അവൾ അതിയായി ആഗ്രഹിച്ചു.

എന്നാൽ തനിക് ഇപ്പൊ അതിനു പറ്റില്ലെന്നുള്ള ചിന്ത വന്നതും അഞ്ജലിയുടെ സന്തോഷമെല്ലാം എങ്ങോ പോയി.പണ്ട് ഈ കുളത്തിൽ ഒരുപാട് നീരാടിയിട്ടുള്ള കാര്യങ്ങൾ ഓർമ വന്നതും അവൾ വേദനയോടെ വിങ്ങുന്ന മനസുമായി മുഖം താഴ്ത്തിയിരുന്നു.

ഇത് കണ്ടതും അനന്തു അവളുടെ താടിയിൽ  വിരൽ കൊണ്ടു താങ്ങി പിടിച്ചുയർത്തി.

"എന്തായെ അഞ്ജലിക്കുട്ടി ? "

പുരികം ഉയർത്തിക്കൊണ്ട് അനന്തു ചോദിച്ചു.

"ഒന്നുല്ല നന്ദുവേട്ടാ.. വെറുതെ ഓരോന്ന് ഓർത്തുപോയതാ"

അഞ്ജലി കണ്ണുകൾ അടച്ചുകൊണ്ടു  പറഞ്ഞു.അഞ്ജലി എന്തോ ഒളിക്കുന്നുണ്ടെന്നു അവനു തോന്നി.

ഒരുപക്ഷെ പഴയ ഓർമകളുടെ ഒരു വേലിയേറ്റം തന്നെ ഇപ്പൊ അവളുടെ മനസ്സിൽ നടക്കുന്നുണ്ടായിരിക്കുമെന്നു അവൻ ഊഹിച്ചു. ഏതായാലും അവൾ കുറച്ചു സമയം ഈ ഒരു അന്തരീക്ഷത്തിൽ എല്ലാം മറന്നിരിക്കട്ടെ എന്ന് അവൻ തീരുമാനിച്ചു.

അവളോട് കൂടുതൽ കാര്യങ്ങൾ ചികഞ്ഞു ചോദിക്കാൻ അവൻ തുനിഞ്ഞില്ല.
പുറകിൽ കല്പടവിൽ ഇരുന്ന കാർത്യായനിക്ക് പിന്നിലായി ഷൈല സ്ഥാനം ഉറപ്പിച്ചു.

അവൾ കാർത്യായനിയുടെ മുടി പതിയെ കോതിയൊതുക്കി വിരലുകൾ വച്ചു പേനിനെ ചികയാൻ തുടങ്ങി. ഒരു കുറ്റാന്വേഷണ ഗവേഷകയെ പോലെ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ട് ഷൈല തന്റെ ജോലി തുടർന്നു.

അഞ്ജലി വെള്ളത്തിൽ മുക്കി വച്ചിരിക്കുന്ന തന്റെ മരവിച്ചു പോയ കാലിനെ കുറിച്ച് ചിന്തിക്കുകയായിരുന്നു.വെള്ളത്തിന്റെ നനുത്ത സ്പർശമോ ഇളം കുളിരോ ഒന്നും അവൾക്ക് അനുഭവിച്ചറിയാൻ പറ്റുന്നില്ലായിരുന്നു.

പടവുകളിലേക്ക് തള്ളി കയറുന്ന വെള്ളത്തിലേക്ക് അവൾ നിരാശയോടെ കൈ ഓടിച്ചു കൊണ്ടിരുന്നു.

"മോനെ അനന്തു അമ്പലമൊക്കെ ഇഷ്ട്ടപെട്ടോ നിനക്ക് ? "

മുത്തശ്ശി അവനോട് ചോദിച്ചു.

"ഇഷ്ട്ടപെട്ടു മുത്തശ്ശി.. നല്ല സ്ഥലം, ചുറ്റുപാട്, ആൾക്കാർ... ഒക്കെ എനിക്ക്  ഇഷ്ട്ടമായി.ഈ നാടിനു ഒരു വല്ലാത്ത ഫീൽ ആണ്. എന്താന്നു അറിഞ്ഞൂടാ.. ഇവിടം വിട്ട് പോകാനും തോന്നുന്നില്ല. എന്തൊക്കെയോ എന്നെ ഇവിടെ പിടിച്ചു നിർത്തുന്ന പോലെ "

അനന്തു ഒന്ന് നെടുവീർപ്പെട്ടു.

"മോൻ എങ്ങട്ടും പോണ്ട .. പോവാൻ  ഈ മുത്തശ്ശി സമ്മതിക്കില്ല. എപ്പളും എന്റെ മോളും പേരമക്കളും എന്റെ കൂടെ ഉണ്ടാവണം.

എന്റെ കണ്ണടയണ വരെ.  അനന്തുവിന്റെ തോളിൽ ആശ്രയത്തിനെന്നവണ്ണം മുത്തശ്ശി മുറുകെ പിടിച്ചു. ആ ഒരു കരുതലിൽ അനന്തു ആകെ അലിഞ്ഞുപോയി.

തന്റെ മക്കൾ തന്നെ വിട്ടു പോകുമോ എന്നുള്ള ഒരു വൃദ്ധ മാതാവിന്റെ ആധി ആ ഒരു സ്പർശനത്തിലൂടെ അവൻ അറിഞ്ഞു. അനന്തു മുത്തശ്ശിയെ സമാധാനിപ്പിക്കുവാനായി തോളിൽ പതിഞ്ഞിരിക്കുന്ന അവരുടെ കൈകളിൽ അവൻ മുറുകെ പിടിച്ചു.

"ഇല്ല മുത്തശ്ശി ഞങ്ങൾ എങ്ങോട്ടും പോകില്ല. എന്നും ഈ മുത്തശ്ശിയുടെ കൂടെ ഞങ്ങൾ കാണും... കേട്ടോ.. "

അനന്തുവിന്റെ വാക്കുകൾ കാർത്യായനിയിൽ അല്പം ആശ്വാസം ചൊരിഞ്ഞു. ഷൈല ഈ സമയം നിശബ്ദമായി ഇരുന്നു കാർത്യായനിയുടെ മുടിയിഴകൾക്കിടയിൽ വിരലുകൾകൊണ്ട് ഉഴുതു മറിക്കുന്ന തിരക്കിൽ ആയിരുന്നു.

"ഷൈലമ്മായി എന്താ ഒന്നും പറയാത്തെ? "

പുറകിൽ അമ്മായി ഉണ്ടോ എന്നറിയാൻ അവൻ അന്വേഷിച്ചു.

"ഒന്നുല്ല അനന്തു.... ഞാൻ പേൻ നോക്കുന്ന തിരക്കിൽ ആയിപോയി."

ഷൈല വീണ്ടും പേൻ നോക്കുന്നതിൽ വ്യാപൃതയായി.

"മുത്തശ്ശി പറയുന്നത് ഷൈലമ്മായിയും കേട്ടില്ലേ? "

"കേട്ടു മോനെ "

"എന്നിട്ട് എന്താ അമ്മായി ഒന്നും പറയാത്തെ? ഞങ്ങൾ ഇവിടെ നിക്കുന്നത് അമ്മായിക്ക് ഇഷ്ട്ടാണോ? "

അനന്തു ഷൈലയുടെ മനസിലിരുപ്പ് അറിയാൻ വെറുതെ ഒന്നു എറിഞ്ഞു നോക്കി.

"അയ്യോ മോനെ എനിക്കും നിന്റെ മുത്തശ്ശിയെ പോലെ മാലതിയും മക്കളും ഇവിടെ നിക്കുന്നത് തന്നാ ഇഷ്ട്ടം. ഇത് നിങ്ങടെയും കൂടി വീട് ആണ് കേട്ടോ "

ഷൈല ഒരു ഓർമപെടുത്തൽ എന്നപോലെ പറഞ്ഞു. അനന്തു വെറുതെ തലയാട്ടി.

"നന്ദുവേട്ടാ ഇന്ന് അമ്പലത്തിലേക്ക് മീനാക്ഷി ചേച്ചി വന്നിനോ? "

"വന്നു അഞ്ജലി.. എന്തേ ? "

ഒന്നും മനസിലാകാത്തപോലെ അനന്തു അവളെ നോക്കി.

"ഏയ്യ് പുള്ളികാരിക്ക് എന്റെ നന്ദുവേട്ടനോട് ഒരു ലബ് ഇല്ലേ എന്ന് എനിക്ക് സംശയം ഉണ്ട് "

അഞ്ജലി മുഖത്തു ഒരുപാട് വികാരം വാരിപ്പൂശിക്കൊണ്ട് പറഞ്ഞു.

"ആരാണെന്ന പറഞ്ഞേ എന്റെ നന്ദുവേട്ടനോ? "

അനന്തു അവളെ നോക്കി വളിച്ച ചിരി സമ്മാനിച്ചു. അഞ്ജലി നാവിൽ പറ്റിപോയ വികട സരസ്വതിയെ മനസ്സിൽ പഴിച്ചുകൊണ്ട് അവനെ പാളി നോക്കി.

അഞ്ജലിയുടെ മുഖത്തു വിരിയുന്ന നാണം കണ്ട് അനന്തുവിന് ചിരിപൊട്ടി. കവിളൊക്കെ ചുവന്നു തുടുത്തു ആപ്പിൾ പോലെ ആയെന്നു അവനു തോന്നി. മുത്തശ്ശിയുടെ അതേ സൗന്ദര്യവും ഛായയും ആണ് അവൾക്ക് കിട്ടിയിരിക്കുന്നതെന്നു അത്ഭുതത്തോടെ അവൻ ഓർത്തു.

ആരെയും കൊതിപ്പിക്കുന്ന അവളുടെ റോസിതൾ പോലുള്ള അധരങ്ങളും അതിൽ വിരിയുന്ന പാൽ പുഞ്ചിരിയുമാണ് അവളുടെ അഴകിനെ വർധിപ്പിക്കുന്നതെന്നു അനന്തുവിന് തോന്നി.

"ഹാ അതേ എന്റെ നന്ദുവേട്ടൻ.. എന്തേ പിടിച്ചില്ലേ? "

"പിന്നേ... എനിക്ക് ക്ഷ പിടിച്ചിരിക്കുന്നു. "

അനന്തു പൊട്ടിചിരിച്ചുകൊണ്ട് പറഞ്ഞു. അഞ്ജലിക്ക് അവന്റെ മുഖത്തേക്ക് നോക്കാൻ ചമ്മൽ തോന്നി.

പൊട്ടിചിരിച്ചുകൊണ്ടിരുന്ന അനന്തു പൊടുന്നനെ അത് നിർത്തി. എന്തോ ആലോചിച്ച ശേഷം അവൻ മുഖം വെട്ടിച്ചു അവളെ നോക്കി.

"നീ എന്താ എന്നോട് പറഞ്ഞേ? മീനാക്ഷിയ്ക്ക് എന്നോട് ലബ് ആണെന്നോ? "

"ആന്നേ "

"അതായത് എന്നോട് പ്രേമമോ? "

വിശ്വാസം വരാതെ അനന്തു ഉറക്കെ ചോദിച്ചു. മീനാക്ഷി അവന്റെ കയ്യിൽ മുറുക്കെ പിടിച്ചു പതുക്കെ പറയാൻ ആവശ്യപ്പെട്ടു. അനന്തു നാക്ക് കടിച്ചു പിടിച്ചു അബദ്ധം പിണഞ്ഞ പോലെ അവളെ സാകൂതം നോക്കി.

"അതേ നന്ദുവേട്ടാ.. മീനാക്ഷി ചേച്ചിക്ക് നിങ്ങളോട് കട്ട പ്രേമം ആന്ന് "

"ചുമ്മാ ഓരോന്ന് പറയാതെ അഞ്ജലിക്കുട്ടി"

മുഖത്തു അല്പം ഗൗരവം വരുത്തിക്കൊണ്ട് അനന്തു ചോദിച്ചു.

"അല്ല നന്ദുവേട്ടാ.. ഇപ്പൊ നമ്മൾ പോരാൻ നിക്കുമ്പോ പുള്ളിക്കാരി സ്റ്റെപ്പ് ഇറങ്ങി വന്നായിരുന്നു. എന്നെയും പൊക്കിപ്പിടിച്ചു നിക്കുന്ന നിങ്ങളെ കണ്ട് കുശുമ്പടിച്ചിട്ടാ ചേച്ചി തിരിച്ചു പോയേ "

അഞ്ജ്ജലി കാര്യമായിട്ട് എന്തോ കണ്ടു പിടിച്ച പോലെ പറഞ്ഞു.അനന്തു പൊടുന്നനെ മീനാക്ഷിയെ കുറിച്ച് ചിന്തിച്ചു. തന്നെക്കാളും പ്രായകൂടുതൽ ഉള്ള ചേച്ചി ഒരിക്കലും ഇങ്ങനൊരു പണിക്ക് നിക്കില്ലെന്ന് അവനു ഉറപ്പായിരുന്നു.

"ഹാ അതെന്തേലും ആവട്ടെ, നമുക്ക് വേറെന്തെലും സംസാരിക്കാം. "

വിഷയം തിരിച്ചു വിടാനായി അനന്തു ശ്രമിച്ചു.

"നന്ദുവേട്ടാ "

"എന്താ അഞ്ജലിക്കുട്ടി "

"എന്നെയും കൊണ്ടു ഈ വെള്ളത്തിലേക്ക് ഇറങ്ങുമോ ഇപ്പൊ"

"ഇപ്പൊ തന്നെ വേണോ? "

"വേണം "

അഞ്ജലി അനന്തുവിന്റെ  മുഖത്തേക്ക് പ്രതീക്ഷയോടെ നോക്കി. അവളുടെ കണ്ണുകൾ വല്ലാതെ തിളങ്ങി.  വേറൊന്നും ചിന്തിക്കാതെ അനന്തു പതിയെ വെള്ളത്തിലേക്ക് ഇറങ്ങി.

അതിനു ശേഷം അഞ്ജലിക്ക് തൊട്ടു മുൻപിൽ ഉള്ള വഴുക്കൽ ഉള്ള പടവിൽ ആയാസപ്പെട്ട് നിന്നു. അതിനു ശേഷം അവൻ അഞ്ജലിയെ ഇരു കൈകൾ കൊണ്ടു കോരിയെടുത്ത് പതിയെ വെള്ളത്തിലേക്കിറങ്ങി.

ഇത് കണ്ടതും ഷൈല ഒരു നിലവിളിയോടെ നെഞ്ചിൽ കൈ വച്ചു ചാടിയെണീറ്റു. അപ്പോഴേക്കും അഞ്ജലിയെയും കൊണ്ട് അനന്തു വെള്ളത്തിലേക്ക് ഇറങ്ങിയിരുന്നു.

ഒരുപാട് നാളുകൾക്ക് ശേഷം വീട്ടുകുളത്തിൽ വീണ്ടും ഇറങ്ങാൻ പറ്റിയതിന്റെ കൃതാർത്ഥതയിൽ ആയിരുന്നു അഞ്ജലി. ആ ഒരു നിമിഷം അവൾ ആവോളം ആസ്വദിച്ചുകൊണ്ടിരുന്നു.

"അയ്യോ മോനെ അനന്തു കേറിപ്പോര്, അഞ്ജലി മോളെ നോക്കണേ, ഇങ്ങോട്ട് വാ  "

ഷൈലയുടെ ഒച്ചപ്പാടും വെപ്രാളവും അവിടമാകെ നിറഞ്ഞു നിന്നു.അവൾ പടവുകൾ ഇറങ്ങി വന്ന് അഞ്ജലിയെ പിടിച്ചു കയറ്റാനായി മുന്നിലേക്ക് കൈകൾ നീട്ടി.

"അമ്മേ എനിക്ക് ഒന്നുല്ല... ഇച്ചിരി നേരം ഞാൻ നന്ദുവേട്ടന്റെ കൂടെ വെള്ളത്തിൽ കളിച്ചോട്ടെ? "

അനന്തു അവളെ വെള്ളത്തിൽ മുങ്ങി പൊന്തിയ ശേഷം അഞ്ജലി ഉറക്കെ വിളിച്ചു പറഞ്ഞു.

"എന്നാലും വേണ്ട മോളെ... ഇങ് കേറിപോര് "

ഷൈലയുടെ വെപ്രാളത്തിന്റെ അലയൊലികൾ അവർ ഇരുവരുടെയും കാതുകളിൽ പതിച്ചു.

"എൻറെ പൊന്നമ്മയല്ലേ... പ്ലീച്ച്  "

അഞ്ജലി കൊഞ്ചിക്കൊണ്ട് പറഞ്ഞു.

"പിള്ളേര് കളിച്ചോട്ടെ ഷൈല.. നമ്മൾ ഇവിടെ തന്നെ ഉണ്ടല്ലോ "

മുത്തശ്ശിയുടെ പ്രോത്സാഹനം കിട്ടിയതും ഷൈലക്ക് വേറെ മാർഗം ഇല്ലാതായി. അവൾ തലയാട്ടിക്കൊണ്ട് മൗനാനുവാദം നൽകി.

അഞ്ജലി സന്തോഷത്തോടെ അവനിലേക്ക് കൂടുതൽ പറ്റിച്ചേർന്നു. അനന്തു അഞ്ജലിയെയുംകൊണ്ടു വെള്ളത്തിലൂടെ നീന്തിയും മുങ്ങി നിവർന്നും സമയം കഴിച്ചു.

നനഞ്ഞു കുതിർന്നു നിൽക്കുന്ന അവളെ കണ്ടാൽ ഒരു കൊച്ചു ദേവത ആണെന്ന് ആർക്കും തോന്നി പോകുമെന്ന് അവനു മനസിലായി.അനന്തുവിന്റെ കയ്യിൽ കിടന്ന അഞ്ജലി വേറേതോ ലോകത്തായിരുന്നു.

അനന്തുവുമായുള്ള ഓരോ നിമിഷങ്ങളും സ്വർഗതുല്യമായിരുന്നു അവൾക്ക്. നന്ദുവേട്ടനുമായി വല്ലാത്തൊരു ആത്മബന്ധവും ഇഷ്ടവും അവൾക്ക് അപ്പോഴേക്കും തോന്നി തുടങ്ങിയിരുന്നു.

പക്ഷെ ആ ഇഷ്ട്ടം ഒരിക്കലും തെറ്റായ രീതിയിൽ മാറുകയില്ലെന്നു അവൾ ശഠിച്ചിരുന്നു.എന്നും നന്ദുവേട്ടന്റെ കൂട്ടുകാരിയായി ഒപ്പം നിൽക്കുവാൻ അവളുടെ മനസ് വെമ്പി.

അഞ്ജലി അനന്തുവിന്റെ കണ്ണുകളിലേക്ക് ഉറ്റു നോക്കി. ജലകണങ്ങൾ പറ്റി പിടിച്ചിരിക്കുന്ന കൺപീലികൾക്കിടയിലൂടെ പിടയ്ക്കുന്ന നീല കണ്ണുകൾ കാണുന്ന മാത്രയിൽ മനസ് കൈ വിട്ടു പോകുമോ എന്ന ഭയം അവളിൽ നിഴലിച്ചിരുന്നു.

അതുകൊണ്ട് തന്നെ അവൾ കണ്ണുകൾ ഇറുകെ പൂട്ടി അവന്റെ കൈകളിൽ ശയിച്ചു.വെള്ളത്തിലെ കേളിക്ക് മുത്തശ്ശിയുടെ ആജ്ഞ പ്രകാരം പരിസമാപ്തി വന്നതും അഞ്ജലിയെയും കൊണ്ടു അനന്തു പടവിലേക്ക് നടന്നു വന്നു.

അവിടെ ഉള്ള കല്പടവിൽ അവളെ ഇരുത്തിയതും ഷൈല ഉടുത്തിരുന്ന സാരിയുടെ മുന്താണി കയ്യിലെടുത്തു അഞ്ജലിയുടെ തല തോർത്തി കൊടുത്തു കൊണ്ടിരുന്നു.അനന്തു ഈറനോടെ കല്പടവിൽ അമർന്നിരുന്നു.

"വലിയ പെണ്ണായി എന്നിട്ടും കുട്ടിക്കളി മാറിയിട്ടില്ല ഇതുവരെ "

ഷൈല അവളുടെ തല തുവർത്തുന്നതിനിടയിൽ പറഞ്ഞു.അഞ്ജലി ചുണ്ട് കൂർപ്പിച്ചു ഷൈലയെ കോപത്തോടെ നോക്കി.

"എന്തിനാ എന്നെ നോക്കി പേടിപ്പിക്കുന്നെ? ഉള്ളതല്ലേ പറഞ്ഞേ, ഇനിയും പറയും"

ഷൈല കണ്ണുരുട്ടി അവളെ പേടിപ്പിച്ചു.

"എന്റെ പൊന്നമ്മേ ഒന്നു വായടക്ക് "

അഞ്ജലി ഗതികെട്ട് വിളിച്ചു പറഞ്ഞു. അനന്തുവിന്റെ മുൻപിൽ നിന്നും ഇങ്ങനെ ഓരോന്ന് പറയുന്നത് നിർത്തിക്കേണ്ടത് അവളുടെ ആവശ്യമായിരുന്നു.

അല്ലേൽ അവളുടെ എല്ലാ തല്ലുകൊള്ളിത്തരവും അമ്മ വിളമ്പുമെന്നു അവൾ ഭയപ്പെട്ടു.

"മതി തോർത്തിയത്.. ഞാൻ പോകുവാ ഷൈലയുടെ കൈകൾ തട്ടി മാറ്റി മുഖം വീർപ്പിച്ചു അവൾ ഗൗരവത്തോടെ ഇരുന്നു."

"മോനെ അനന്തു മോളെയും കൊണ്ടു മുറിയിലേക്ക് പൊക്കോ.. ഞങ്ങ വന്നോളാം"

മുത്തശ്ശി അവനോടായി പറഞ്ഞു.അനന്തു തലയാട്ടിക്കൊണ്ട് എണീറ്റു നേരെ അഞ്ജലിക്ക് സമീപം വന്നു നിന്നു.അഞ്ജലി അവൻ എടുക്കുന്നതിനായി തയാറായി നിന്നു.

അനന്തു നിലത്തേക്ക് ഇരുന്നു അവളെ കൈകളിൽ കോരിയെടുത്തു. പതുക്കെ പടവുകൾ കയറി അനന്തു തറവാട്ടിലേക്ക് നടന്നു.

ഷൈല അപ്പൊ വല്ലാത്ത സന്തോഷത്തിൽ ആയിരുന്നു.ഒരുപാട് നാളുകൾക്ക് ശേഷം അഞ്ജലിയുടെ സ്വഭാവത്തിൽ വന്ന മാറ്റം അവളെ മറ്റൊരു അവസ്ഥയിൽ എത്തിച്ചു.

ഇത്രയും കാലം ഒരു പാവയെ പോലെ ആ മുറിയിൽ ചടഞ്ഞു കൂടിയിരുന്ന തന്റെ മകൾ ഇന്ന് ഉഷാറോടെ പഴയ മാനസികാവസ്ഥയിലേക്ക് തിരിച്ചു വരുന്നത് ആ മാതാവിനെ സംബന്ധിച്ചിടത്തോളം ഹൃദയം വല്ലാതെ സന്തോഷം കൊണ്ടു തുടിക്കുന്നതിനു തുല്യം ആയിരുന്നു.

നിറഞ്ഞു വന്ന കണ്ണുകൾ ഷൈല കൈകൾകൊണ്ട് ഒപ്പിയെടുത്തു.അവളുടെ കയ്യിൽ മുറുകെ പിടിച്ചു കാർത്യായനി പടികൾ പതുക്കെ ചവിട്ടി കയറി.

ഈ സമയം കൊണ്ടു അനന്തു അഞ്ജലിയെയും കൊണ്ടു അവളുടെ മുറിയിൽ എത്തിയിരുന്നു. അഞ്ജലിയെ ബെഡിലേക്ക് പതിയെ ഇരുത്തിയ ശേഷം അനന്തു ഒന്നു മൂരി നിവർന്നു.

"ഹോ കോലു പോലെ ഉള്ളൂ എങ്കിലും ഒടുക്കത്തെ വെയിറ്റ് ആണല്ലോ ?"

അനന്തു കണ്ണിറുക്കി ചിരിച്ചു കാണിച്ചു.

"പിന്നെ പറയുന്ന കേട്ടാൽ തോന്നും ഞാൻ പത്തു നൂറ് കിലോ ഉണ്ടെന്ന് "

പുച്ഛത്തോടെ അവൾ ചിറി കോട്ടി പിടിച്ചു.

അഞ്ജലിയുടെ കുട്ടിക്കളിയൊക്കെ കണ്ട് അനന്തു ആകെ അത്ഭുതത്തിൽ ആയിരുന്നു. ഈ മുറിയിൽ നിന്നും പുറത്തേക്ക് ഇറങ്ങിയപ്പോൾ തന്നെ അവൾക്ക് ഇത്രയും മാറ്റം ഉണ്ടെങ്കിൽ കുറച്ചു ദിവസങ്ങൾക്കൊണ്ട് തന്നെ അവൾ പഴയ പോലെ ആകുമെന്ന് അവനു ഉറപ്പായിരുന്നു.

"നന്ദുവേട്ടാ ഇങ്ങു വാ "

അഞ്ജലി അവനെ കൈ കാട്ടി വിളിച്ചു. അനന്തു എന്താണെന്ന അർത്ഥത്തിൽ തലയാട്ടി.

അതിനു ശേഷം അവൾക്ക് നേരെ മുഖം നീട്ടി. അക്ഷമയോടെ അവളുടെ വാക്കുകൾ കേൾക്കാനായി അവൻ കാത് കൂർപ്പിച്ചു വച്ചു.

"ഉമ്മാ "

അഞ്ജലി അവന്റെ കഴുത്തിലൂടെ കയ്യിട്ട് ചുറ്റിവച്ചു അവന്റെ താടി രോമങ്ങൾ കൊണ്ടു ആനാവൃതമായ കവിളിൽ അവളുടെ വിറയ്ക്കുന്ന അധരങ്ങൾ ചേർത്തു വച്ചു.

ചുണ്ടുകൾ അമർന്നെന്നു മനസ്സിലായതും അവൾ പൊടുന്നനെ അവനെ ആ ബന്ധനത്തിൽ നിന്നും സ്വന്തന്ത്രനാക്കി.നാണത്തോടെ അവൾ മുഖം താഴ്ത്തി.

അനന്തുവിന് മുഖം കൊടുക്കാൻ അവൾക്ക് മനസ് വന്നില്ല. അനന്തു നല്ല ചൂടുള്ള ചുംബനം കിട്ടിയതിന്റെ ആലസ്യത്തിൽ ആയിരുന്നു. അവൻ സ്വബോധം വീണ്ടെടുത്ത ശേഷം അവളുടെ കവിളിൽ പതിയെ പിച്ചി വലിച്ചു. അതിനു ശേഷം മുറി വിട്ടിറങ്ങി പോയി.

¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥

നദീതീരത്തെ പർണശാലക്ക് സമീപമുള്ള തൊഴുത്തിലെ ക്ടാവിനെ തൊട്ടും തലോടിയും ഇരിക്കുകയാണ് സ്വാമിനി മായാമോഹിനി.

കഷായ വസ്ത്രധാരികളായ സ്ത്രീകൾ ഇട്ടു കൊടുത്ത കച്ചി ആ ക്ടാവ് ആർത്തിയോടെ തിന്നുകയായിരുന്നു. അഞ്ചോ ആറോ പേര് ആ തൊഴുത്തിൽ ഓരോ പണിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു.

മായാമോഹിനിക്ക് സമീപം അവരുടെ ശിഷ്യൻ നിൽപ്പുണ്ട്. ക്ടാവിനെ തൊട്ടും തലോടിയും കൊഞ്ചിച്ചും സ്വാമിനി സമയം ചിലവഴിച്ചു. നേരം സന്ധ്യയോട് അടുത്തതും അവർ പൂജയ്ക്കായി എഴുന്നേറ്റു.

സമീപം നിക്കുന്ന ശിഷ്യന്റെ മുഖം ചിന്താധീനനായി കാണപെട്ടതും അവരുടെ അധരങ്ങളിൽ ഒരു നനുത്ത പുഞ്ചിരി വിരിഞ്ഞു.

"എന്താണ് എന്റെ ശിഷ്യന്റെ മനസിനെ തളം തെറ്റിക്കുന്ന ചിന്തകൾ..? പറഞ്ഞാലും ,

മായാമോഹിനി അയാൾക്ക് അഭിമുഖമായി നിന്നു.അവരുടെ മുഖത്തു വല്ലാത്തൊരു ഐശ്വര്യം നിറഞ്ഞു നിന്നിരുന്നു.

പ്രായം നാല്പതിനോടടുത്ത ആ ശരീരത്തിൽ ഇപ്പോഴും ഒരു യുവതിയുടെ ചുറുചുറുക്കും സൗന്ദര്യവും നിലനിൽക്കുന്നു.കൊഴുപ്പ് നിറഞ്ഞ തടിച്ച ശരീരത്തിൽ കഷായവസ്ത്രത്തിനുള്ളിൽ വീർപ്പു മുട്ടി നിൽക്കുന്ന മാറിടങ്ങളും ചാടിയ വയറും ആകൃതിയൊത്ത നിതംബവും അവരുടെ സൗന്ദര്യത്തെ ഇരട്ടിയാക്കി.

"സ്വാമിനി... ഞാൻ അവരെ കുറിച്ച് ചിന്തിക്കുകയായിരുന്നു.. ആ യുവാവും പിന്നെ അയാൾ കണ്ടു മുട്ടിയ ഒരുപോലെ ഉള്ള രണ്ട് യുവതികളും. അന്ന് സ്വാമിനി പറഞ്ഞപോലെ അയാളുടെ കൂടെ പുനർജനിച്ചവരാണോ ആ യുവതികളും? "

"അതേ ശിഷ്യാ.. അവരും അയാളുടെ കൂടെ  പുനർജനിച്ചവർ തന്നെയാണ്.. ദൈവത്തിന്റെ ഓരോ ലീലകൾ "

മായാമോഹിനി ശങ്കയേതുമില്ലാതെ മറുപടി പറഞ്ഞു.

"ഹോ എന്തൊരു സൗഭാഗ്യമാണല്ലേ അവർക്ക് കിട്ടിയത്.. 3 പേരും ഒരേ പോലെ വീണ്ടും പുനർജനിച്ചിരിക്കുന്നു.അതേ രൂപവുമായി അവരുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ അല്ലേ?"

ശിഷ്യൻ ആകാംക്ഷ അടക്കാനാവാതെ ചോദിച്ചു.

"താങ്കൾക്ക് തെറ്റ് പറ്റി ശിഷ്യാ... 3 പേരല്ല, 4 പേരാണ് പുനർജനിച്ചിരിക്കുന്നത്."

ഭാവഭേദമൊന്നുമില്ലാതെ മായാമോഹിനി പറഞ്ഞു. അത് കേട്ടതും ശിഷ്യൻ ഒന്നു ഞെട്ടി. അയാൾ വിശ്വാസം വരാതെ കണ്ണു മിഴിച്ചു അവളെ നോക്കി.

"സ്വാമിനി 4 പേരോ? ഇതെങ്ങനെ സംഭവ്യമായി.. എന്തൊക്കെയാണ് ആ യുവാവിന്റെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്.? ഇത്രയും പേർ പുനർജനിക്കാൻ കാരണഭൂതനായിട്ടുള്ള ആ യുവാവുമായി മറ്റുള്ളവർക്ക് എന്താണ് ബന്ധം? ഇത്രയും വലിയൊരു സൗഭാഗ്യം അയാൾക്കെങ്ങനെ കിട്ടി? നാലാമത്തെ പുനർജ്ജന്മം ആരുടേതാണ്? "

ചോദ്യ ശരങ്ങൾ എയ്തുകൊണ്ടു അയാൾ കിതച്ചു. ഇത്രയും സങ്കീർണമായ ഒരു മനുഷ്യജീവിതത്തെ അയാൾ നേരിട്ട് പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു.സ്വാമിനിയുടെ വെളിപ്പെടുത്തൽ അയാളിൽ ശരിക്കും ഒരു ഞെട്ടലുണ്ടാക്കി.

"ശിഷ്യാ... ആ നാലാമത്തെ ആൾ ആ യുവാവിന്റെ പ്രതിയോഗി ആണ്.ആ യുവാവിനെ ഈ ജന്മത്തിൽ വധിക്കുവാൻ വേണ്ടി ജന്മം കൊണ്ട ആൾ. സമയം ആഗതമാകുമ്പോഴേക്കും യുവാവിനെ വധിക്കുവാനായി ആ പുനർജ്ജന്മ രൂപി എത്തി ചേരും. അയാൾ തന്റെ ലക്ഷ്യം നേടിയ ശേഷമേ മടങ്ങുകയുള്ളു. അതുപോലെ തന്നെ ആ യുവാവിന്റെ പുനർജ്ജന്മം അതൊരു രഹസ്യമാണ്.. അയാളുടെ നിയോഗം എന്താണെന്നു ഇപ്പൊ എനിക്ക് അത് വെളിപ്പെടുത്താൻ സാധിക്കില്ല. കാലക്രമേണ താങ്കൾക്ക് അത് മനസിലാക്കുവാൻ സാധിക്കും. അയാളുടെ പൂർവ്വജന്മം അത്രക്കും സവിശേഷമായ ഒന്നായിരുന്നു.പല ലക്ഷ്യങ്ങളും നേടാനായാണ് അയാൾ വീണ്ടും പുനർജനിച്ചത്. അയാളുടെ പൂർവ്വജന്മം എന്താന്നു വച്ചാൽ.... "

സ്വാമിനി പറഞ്ഞു മുഴുവിപ്പിക്കുന്നതിനു മുൻപേ ആകാശത്ത് വലിയൊരു ഇടി മുഴക്കം ഉണ്ടായി. അത് തുടരെ തുടരെ മുഴങ്ങി അവിടമാകെ പ്രകമ്പനം കൊള്ളിച്ചു.

കാതടപ്പിക്കുന്ന ഇടിയൊച്ച കേട്ട് ശുഷ്യൻ ഭയന്ന് കാതുകളിൽ പൊത്തി വച്ചു. സംശയം തോന്നിയ മായാമോഹിനി തൊഴുത്തിന് പുറത്തേക്കിറങ്ങി വന്നു ആകാശത്തേക്ക് ഉറ്റു നോക്കി.

ആ സമയം ആകാശത്ത് വലിയൊരു കൊള്ളിയാൻ മിന്നി. അതിനു ശേഷം
ഇരുണ്ടു മൂടിയ ആകാശത്ത് ധനുസ്സിന്റെ രൂപത്തിൽ കൊള്ളിയാൻ മിന്നി.

അതിൽ നിന്നും ഒരു അസ്ത്രം എയ്യുന്ന പോലെ ഒരു കൊള്ളിയാനും തുടരെ മിന്നി. പ്രകൃതി കാണിച്ചു തന്ന സൂചനകൾ കണ്ടതും മായാമോഹിനി കണ്ണുകൾ അടച്ചു മുഖം താഴ്ത്തി ഒരു ക്ഷമാപണം എന്നപോലെ.

"നാമിന് മനസിലായി. നാക്കുപിഴ സംഭവിച്ചതാണ് ഇനി ഒരിക്കലും ആവർത്തിക്കില്ല. നമ്മോട് ക്ഷമിച്ചാലും അഥർവ്വാ .... "

ആകാശത്തേക്ക് നോക്കി മായാമോഹിനി ഉറക്കെ പുലമ്പിക്കൊണ്ടിരുന്നു. അല്പ സമയത്തിന് ശേഷം മാനത്തെ കൊള്ളിയാന് ശമനം വന്നു.

ഇടി മുഴക്കത്തിന്റെ തോത് കുറഞ്ഞു വന്നു.ഇതൊക്കെ കണ്ട് ശിഷ്യൻ ഭയന്ന് വിറച്ചു സ്വാമിനിയുടെ പിന്നിൽ നിന്നു. പ്രകൃതി തനിക്ക് മാപ്പ് നൽകിയെന്ന് മനസ്സിലായതും മായാമോഹിനി അന്തരീക്ഷത്തിലേക്ക് നോക്കി കൈകൾ കൂപ്പി വണങ്ങി. അതിനു ശേഷം അവർ പർണശാലയിലേക്ക് മടങ്ങി...

¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥¥

അകത്തളം കഴിഞ്ഞു പൂമുഖത്തേക്ക് എത്തിയ അനന്തു ആദ്യമേ കണ്ടത് മുറ്റത്തേക്ക് ഇരമ്പി വന്നു നിൽക്കുന്ന ശിവജിത്തിന്റെ കാർ ആണ്. കാറിൽ നിന്നും ശിവജിത്തും ബലരാമനും വിജയനും ഇറങ്ങി വന്നു.

അനന്തുവിനെ കണ്ടതും കുരിശ് കണ്ട ചെകുത്താനെ പോലെ ശിവജിത്ത് നിലത്തു ഉറഞ്ഞു ചവിട്ടികൊണ്ട് ഉള്ളിലേക്ക് കയറിപ്പോയി. ബന്ധം കൊണ്ടു സ്വന്തം ചേട്ടൻ ആണെങ്കിലും ഈ ഒരു പെരുമാറ്റം അനന്തുവിനെ തെല്ലൊന്നു വിഷമിപ്പിച്ചു.

അമ്മയും ഞാനും ശിവയും വലിഞ്ഞു കേറി വന്നപോലെ ആയിരുക്കുമോ ജിത്തുവേട്ടൻ കാണുക എന്ന് അവൻ ശങ്കിച്ചു. അനന്തുവിന്റെ മുഖം കണ്ടതും ബലരാമൻ പടികൾ കയറി വന്നു അവന്റെ തോളിൽ കരം അമർത്തി.

"അനന്തൂട്ടാ അവന്റെ പെരുമാറ്റം കണ്ട് മോൻ വിഷമിക്കണ്ടാട്ടോ.. അവൻ അങ്ങനാ.. ഭയങ്കര ദേഷ്യമാ.. ആർക്കും കണ്ട്രോൾ ചെയ്യാൻ പറ്റൂല അവനെ അതാ.. തെളിച്ച വഴിയേ പോയില്ലെങ്കിൽ പോയ വഴിയേ തെളിക്കാം എന്ന് കേട്ടിട്ടില്ലേ, ഞാൻ അവനെ അവന്റെ ഇഷ്ടത്തിന് അങ്ങ് വിട്ടു കൊടുത്തു. എന്തേലും കാണിക്കട്ടെ.. മോൻ അതോർത്തു വിഷമിക്കണ്ടട്ടോ "

ബലരാമൻ അവനെ സാന്ത്വനിപ്പിക്കുവാനായി പറഞ്ഞു.

"എന്നാലും ബലരാമൻ അമ്മാവാ ജിത്തുവേട്ടന്റെ അങ്ങനൊരു പെരുമാറ്റം കാണുമ്പോൾ വല്ലാതെ വിഷമം ആവുന്നു.. എന്തിനാ ഞങ്ങളോട് അത്രയും ദേഷ്യം? "

"പോട്ടെടാ മോനെ ... നീ അത് കാര്യാക്കണ്ട... ഒന്നും മനസ്സിൽ വെയ്ക്കല്ലേട്ടോ. ഞാൻ മോനോട് മാപ്പ് ചോദിക്കുവാ "

ബലരാമൻ ക്ഷമാപണത്തോടെ അവനെ നോക്കി.

"അയ്യോ അമ്മാവാ അത് പോട്ടെ... സാരുല്ല.. ഞാൻ അത് എപ്പോഴേ മറന്നു.. "

അനന്തു അമ്മാവനെ പറഞ്ഞു വിശ്വസിച്ചു.

"ശരി മോനെ ഞങ്ങൾ നിന്റെ മുത്തശ്ശനെ കണ്ടിട്ട് വരാം.. മുത്തശ്ശൻ എവിടുണ്ട്? "

"മുത്തശ്ശൻ ഔട്ട് ഹൌസിൽ ഉണ്ട് അമ്മാവാ "

"ശരി "

ബലരാമൻ തിരിഞ്ഞു പടികളിറങ്ങി വന്നു. വിജയൻ ഒന്നും ഉരിയാടാതെ അയാളെ അനുഗമിച്ചു.

ഔട്ട് ഹൌസിൽ എത്തിയതും ശങ്കരൻ അവിടെ കസേരയിൽ ചാരിയിരുന്നു തന്റെ ഇരട്ട കുഴൽ തോക്ക് തുണി കോണ്ട് തുടച്ചു വൃത്തിയാക്കുന്ന തിരക്കിൽ ആയിരുന്നു.

അപ്പോഴാണ് മുറിയിലേക്ക് കടന്നു വന്ന ബാലരാമനെയും വിജയനെയും അയാൾ ശ്രദ്ധിച്ചത്.

"ഹാ എന്തുണ്ട് മക്കളെ വാർത്ത? "

തോക്ക് തുടച്ചു വൃത്തിയാക്കുന്ന തിരക്കിൽ ശങ്കരൻ ചോദിച്ചു.

"ഭൂമി പൂജയ്ക്ക് വേണ്ടി തിരുവമ്പാടിക്കാർ കാര്യമായി കോപ്പ് കൂട്ടുന്നുണ്ട്. "

"ഫ്മ് " ശങ്കരൻ ഒന്നു ഇരുത്തി മൂളി.

"അച്ഛാ മുംബൈയിന്നു ആ രഘുവരനും അയാളുടെ പേരകുട്ടിയും ഇങ്ങോട്ടേക്കു എത്തിയിട്ടുണ്ട് "

"ആര് ശ്രീനിവാസന്റെ മോളോ? "

ശങ്കരൻ തലയുയർത്തി അവരെ നോക്കി

"അതേ അച്ഛാ.. നമ്മുടെ ചില ശിങ്കിടികൾ ചോർത്തിയ വിവരമാ.. എത്രത്തോളം സത്യം ഉണ്ടെന്നു ഉറപ്പില്ല.. "

"എല്ലാവരും വരട്ടെടാ... അപ്പോഴല്ലേ നമ്മുടെ ഉത്സവമൊക്കെ പൊടി പൊടിക്കൂ "

ശങ്കരൻ പൊട്ടിചിരിച്ചുകൊണ്ട് തോക്ക് തുടക്കുന്നതിൽ കർമ്മ നിരതനായി.

"അച്ഛാ ജിത്തുവിന് വേണ്ട സുരക്ഷയ്ക്ക് നമ്മുടെ ആളുകളെ നിർത്തിയിട്ടുണ്ട്. അവനു എന്തേലും അബദ്ധം പിണഞ്ഞാൽ അവരു ഓടിയെത്തും
അവനെ രക്ഷിക്കാൻ.വേറാർക്കും അവനെ തൊടാൻ പോലും ആവില്ല "

ചിരിയോടെ ബലരാമൻ പറഞ്ഞു.

"ജിത്തുവിന് മാത്രമല്ല, അനന്തുവിനും സുരക്ഷയ്ക്ക് ആളെ നിർത്തണം "

പെട്ടെന്നു എന്തോ ഓർത്ത പോലെ ശങ്കരൻ പറഞ്ഞു. അച്ഛൻ എന്തൊക്കെയോ മനസ്സിൽ ഉറപ്പിച്ചു വച്ചിരിക്കുന്നുവെന്നു ബലരാമന് തോന്നി.

"എന്തിനാ അച്ഛാ അനന്തൂട്ടനും വേണമെന്ന് പറഞ്ഞത്.? "

സങ്കോചത്തോടെ അയാൾ ചോദിച്ചു.

"അനന്തുവിന്റെ മുഖം തന്നെ കാരണം ... ആ മുഖം കണ്ടാൽ പഴയ ശത്രുക്കൾ തല പൊക്കുമോ എന്ന് എനിക്ക് ഒരു പേടിയുണ്ട് "

"ഇല്ലച്ഛാ അവനു ഒന്നും സംഭവിക്കില്ല.. അനന്തൂട്ടന് വേണ്ടിയും ഞാൻ ആളെ നിർത്താം. ഒന്നും ഓർത്തു പേടിക്കണ്ട "

ബലരാമൻ ശങ്കരനെ ആശ്വസിപ്പിക്കുവാനായി പറഞ്ഞു. പക്ഷെ അയാളുടെ മനസ് പ്രക്ഷോഭമായ ഒരു കടലിനു തുല്യമായിരുന്നു. പതിവ് പോലെ കുപ്പി പൊട്ടിക്കുന്ന കലാപരിപാടിയിലേക്ക് അവർ തിരിഞ്ഞു.

ഈ സമയം തറവാട്ടിൽ മുത്തശ്ശിയുടെ മടിയിൽ കിടക്കുകയായിരുന്നു അനന്തു.മുത്തശ്ശിക്ക് സമീപം ശിവയെ മടിയിൽ കിടത്തി മാലതിയും ഇരിപ്പുണ്ട്.

മുത്തശ്ശിയുടെയും അമ്മയുടെയും പഴം പുരാണം കേട്ടു കൊണ്ടിരിക്കുകയായിരുന്നു അനന്തു. അവനു ആകെ വല്ലാതെ ബോറടിച്ചു.

മുറിയിലേക്ക് എണീറ്റു പോയാലോ എന്ന് വരെ അവൻ ചിന്തിച്ചു. അവരുടെ പുരാണം പറച്ചിലിന് ഉടനെ ഒന്നും അന്ത്യം ഉണ്ടാവില്ലെന്ന് അവനു ഉറപ്പായിരുന്നു.

"മാലതി നമുക്ക് അനന്തുവിനു ഒരു പെണ്ണ് കണ്ടു പിടിച്ചാലോ ? "

കാർത്യായനി അവന്റെ നെറുകയിൽ തലോടിക്കൊണ്ട് പറഞ്ഞു.

"ഈ കാട്ടുമാക്കാനൊക്കെ എവിടുന്ന് പെണ്ണ് കിട്ടാനാ? "

ശിവ പുച്ഛത്തോട്ട് അവനെ നോക്കി ഇളിച്ചു.

"അനന്തു ദേഷ്യത്തോടെ അവളെ നോക്കി പല്ലിറുമ്മി.

"കുറച്ചു വയസ്സ് മൂപ്പുണ്ടായിരുന്നേൽ മീനാക്ഷിയെക്കൊണ്ട് ഇവനെ കെട്ടിക്കായിരുന്നു. പക്ഷെ അവൾക്ക് നല്ലോണം വയസില്ലേ ഇവനെക്കാളും ? "

മാലതി നിരാശയോടെ പറഞ്ഞു.

"അത് നല്ല ബന്ധമായിരുന്നു മാലതി.. മീനാക്ഷിനെ നമുക്ക് എല്ലാവർക്കും അറിയുന്നതല്ലേ,എന്റെ പേരക്കുട്ടി. അപ്പൊ അവളെയും ഇവനെയും അങ്ങ് ഒന്നിപ്പിക്കായിരുന്നു.

"അതിനെന്താ അമ്മൂമ്മേ സച്ചിൻ സച്ചിന്റെ ഭാര്യയെക്കാളും വയസിനു മൂത്തതല്ലേ... അതുപോലെ ഫഹദും നസ്രിയയും.... "

ശിവ പറഞ്ഞു മുഴുവിപ്പിക്കുന്നതിനു മുൻപേ അനന്തു ഇടപെട്ടു.

"മതി... ഒന്ന് നിർത്ത്... കേട്ട് മടുത്തു ഈ ഉദാഹരണങ്ങൾ... ഒന്ന് മാറ്റി പിടിക്ക് മോളെ"

അനന്തു തല വെട്ടിച്ചു പുച്ഛത്തോടെ അവളെ നോക്കി.

"സമയമാകുമ്പോ അവന്റെ പെണ്ണ് വരുമെന്ന് എന്റെ മനസ് പറയുന്നു.. അതുവരെ നമുക്ക് നോക്കാം അല്ലേ? "

മുത്തശ്ശി ഒരു തത്വജ്ഞാനിയെ പോലെ പറഞ്ഞു.

"അതേ അമ്മേ, സമയമാകുമ്പോൾ ആ പെണ്ണ് വരട്ടെ "

മാലതി കാർത്യായനിയെ പിന്താങ്ങി. പിന്നീട് അവർ മറ്റു ചർച്ചകളിൽ വ്യാപൃതരായി. പക്ഷെ അനന്തു അപ്പോൾ ആലോചിച്ചിരുന്നത് ആ രണ്ട് പൂച്ചക്കണ്ണുകളെ കുറിച്ചായിരുന്നു.

എപ്പോ ഓർക്കുമ്പോഴും മുൻപെങ്ങോ കണ്ട് പരിചയമുള്ള പോലെ ഒരു അനുഭവം അവനു തോന്നി. ആദ്യായിട്ട് ഒരു പെൺകുട്ടി, പ്രേമം എന്ന വികാരത്തോടെ മനസിൽ ഇടം പിടിച്ചുവെന്ന സത്യം ഞെട്ടലോടെ അനന്തു മനസിലാക്കി.

വീണ്ടും വീണ്ടും ആ കണ്ണുകൾ തന്നെ നോക്കിയിരിക്കാൻ അനന്തുവിന് കൊതി തോന്നി. അപ്പോഴാണ് അവനു അമ്പലത്തിൽ വച്ചു കൂട്ടിയിടിച്ച പെണ്ണിനെ കുറിച്ച് ഓർമ വന്നത്.

അപ്പോഴും അവനു അത് അരുണിമയാണോ എന്ന സംശയം നില നിന്നിരുന്നു.നാളെ ഒന്ന് അരുണിമയുടെ വീട് വരെ പോയി നോക്കാൻ അവൻ നിശ്ചയിച്ചു.

ഇനി തന്നെ കണ്ട് ആ മൂധേവി പടവാൾ എടുക്കുമോന്ന് അവൻ ശങ്കിച്ചെങ്കിലും പോകുവാനായി തന്നെ തീരുമാനമെടുത്തു.
അത്താഴത്തിനു ശേഷം അനന്തു മുറിയിലേക്ക് പോയി.

വാതിൽ ഭദ്രമായി അടച്ച ശേഷം അനന്തു കട്ടിലിലേക്ക് മലർന്നു കിടന്നു. ദേവൻ അമ്മാവന്റെ ഡയറി വായിക്കണമെന്ന് ആഗ്രഹിച്ചെങ്കിലും മനസ് അനുവദിച്ചില്ല.

അതുകൊണ്ടു വായനക്ക് തല്ക്കാലം വിട ചൊല്ലി അവൻ അരുണിമയുടെ ഓർമകളുമായി നല്ലൊരു നിദ്രയിലേക്ക് യാത്രയായി.

പിറ്റേന്ന് രാവിലെ പ്രഭാത ഭക്ഷണത്തിനു ശേഷം അനന്തു മുറിയിൽ കിടക്കുകയായിരുന്നു. ഇവിടെ വന്നിട്ട് സ്നേഹയെയും രാഹുലിനെയും വിളിച്ചിട്ട് ദിവസങ്ങളായി എന്ന് അവൻ ഓർത്തു.

അവരെ വിളിക്കുവാനായി അവൻ ഫോൺ എടുത്തതും മുത്തശ്ശൻ മുറിയിലേക്ക് കടന്നു വന്നതും ഒരുമിച്ചായിരുന്നു.അനന്തു ഫോൺ ബെഡിലേക്കിട്ട് വേഗം ചാടിയെണീറ്റു.

"മോനെ ദേവാ "

"മുത്തശ്ശാ '

"മോൻ ഇപ്പൊ തിരക്കിലാണോ? "

"അല്ല മുത്തശ്ശാ.. പറഞ്ഞോ "

"എങ്കിലേ മോൻ ഒരു കാര്യം ചെയ്യണം. നമ്മുടെ വില്ലജ് ഓഫീസറെ വില്ലേജ് ഓഫീസിൽ ചെന്നു കൂട്ടിയിട്ട് നേരെ നമ്മുടെ കമ്പനിയിലേക്ക് പോണം.പോകേണ്ട വഴി പുള്ളിക്കാരൻ പറഞ്ഞു തരും.... കേട്ടോ "

"ശരി മുത്തശ്ശാ... ഞാൻ പോകാം "

"എന്തേലും സംശയമുണ്ടേൽ എന്നെയോ ബാലരാമനെയോ വിളിക്കണേ.. മറക്കല്ലേ. "

"ഞാൻ വിളിച്ചോളാം മുത്തശ്ശാ... പേടിക്കണ്ട "

അനന്തു മുത്തശ്ശനെ ആശ്വസിപ്പിക്കുവാനായി പറഞ്ഞു.ശങ്കരനും അവനെ ഒറ്റക്ക് വിടാൻ മനസ്സില്ലായിരുന്നു.പിന്നെ എല്ലാവരും ഓരോ തിരക്കിലായതുകൊണ്ടാണ് അനന്തുവിനെ തേടി അദ്ദേഹം എത്തിയത്.

"ബൈക്ക് എടുത്തോട്ടോ "

"ശരി മുത്തശ്ശാ "

അനന്തു ആകെ ഉത്സാഹത്തിലായിരുന്നു.
ആദ്യമായിട്ടാണ് ഇവിടെ വന്നതിനു ശേഷം മുത്തശ്ശൻ അവനോട് ഒരു ജോലി ചെയ്യാൻ ആവശ്യപ്പെട്ടത്.

അതുകൊണ്ട് തന്നെ ഈ ജോലി നല്ല വെടിപ്പായിട്ട് ചെയ്യണമെന്ന് അവൻ മനസ്സിൽ കണക്ക് കൂട്ടി. കുളി കഴിഞ്ഞ ശേഷം ഒരു ജീൻസും കാപ്പി കളർ ഷർട്ടും വലിച്ചു കയറ്റി ചാവിയുമെടുത്ത് അവൻ വീടിനു പുറത്തേക്ക് ബദ്ധപ്പെട്ടു ഇറങ്ങി വന്നു

"അതേയ് "

പുറകിൽ ഒരു ശബ്ദം കേട്ട് ബൈക്കിലേക്ക് കയറാനായി എടുത്തു വച്ച കാൽ പഴയപോലെ ആക്കി അനന്തു തിരിഞ്ഞു നോക്കി. അവിടെ സംഹാര രുദ്രയെ പോലെ നിക്കുന്ന ലക്ഷ്മിയെ കണ്ട് അവൻ ഒന്ന് ഭയന്നു.

"എങ്ങോട്ടാ ഇതും കൊണ്ട് ? "

ബുള്ളെറ്റിലേക്ക് കൈ ചൂണ്ടിക്കൊണ്ട് ലക്ഷ്മി
ഉറക്കെ ചോദിച്ചു.

"ഞാൻ ഒന്ന് പുറത്തേക്ക് പോകുവാ ലക്ഷ്മി ആന്റി "

അനന്തു ഒഴിഞ്ഞ മട്ടിൽ പറഞ്ഞു. ശേഷം അവൻ ബുള്ളെറ്റിലേക്ക് കേറാൻ തുനിഞ്ഞു.

"എങ്ങോട്ടാ എന്റെ ദേവേട്ടന്റെ വണ്ടിയും കൊണ്ട്? അതിൽ തൊട്ടാൽ നിന്റെ കൈ ഞാൻ വെട്ടും"

കണ്ണുകൾ ഒക്കെ ചുവന്നു മുഖമൊക്കെ വലിഞ്ഞു മുറുകി ഉച്ചത്തിൽ ലക്ഷ്മി വിളിച്ചു പറഞ്ഞു. മുഷ്ടി ചുരുട്ടി പിടിച്ചു ദേഷ്യം അടക്കാനാവാതെ അവൾ കിതച്ചു. അവളുടെ ഒച്ചപ്പാട് കേട്ട് എല്ലാവരും ഇറയത്തേക്ക് ഓടി വന്നു.

"എന്താ ഇവിടെ പ്രശ്നം? എന്താ മോളെ ഉണ്ടായേ? "

ശങ്കരൻ ലക്ഷ്മിയുടെ അടുത്തേക്ക് വന്നു അവളെ ചേർത്തു പിടിച്ചു.

"കണ്ടില്ലേ അച്ഛാ... ഈ ദുഷ്ടൻ എന്റെ ദേവേട്ടന്റെ വണ്ടിയുംകൊണ്ട് പോകുന്നത്. "

"മോളെ അത് ഞാൻ അനന്തുവിന് സന്തോഷത്തോടെ കൊടുത്ത സമ്മാനമാ.. അങ്ങനൊന്നും പറയല്ലേ "

"എന്തിനാ അച്ഛാ എന്നോട് ഈ ചതി ചെയ്തേ? എന്റെ അനുവാദം ഇല്ലാതെ ദേവേട്ടന്റെ മുറിയും സാധങ്ങളും ഇവന് കൊടുത്തു. ഈ വണ്ടിയും എന്തിനാ കൊടുത്തേ അവന്? ദേവേട്ടന്റെ ജീവനായിരുന്നില്ലേ ഇത്? അത് വേറാർക്കേലും കൊടുക്കാനുള്ളതാണോ ഇങ്ങനെ ? "

ലക്ഷ്മി കോപം നിയന്ത്രിക്കാനാവാതെ ഉറഞ്ഞു തുള്ളി. അതോടൊപ്പം അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

കരച്ചിലിന്റെ ലാഞ്ഛനയുള്ള ആ വാക്കുകൾ എല്ലാവരുടെയും ഹൃദയത്തിൽ തറച്ചു കയറി.അതോടെ അവൾ ശങ്കരന്റെ മാറിൽ കിടന്ന് വിങ്ങിപ്പൊട്ടി.

"ഇത് മറ്റാരുമല്ലല്ലോ മോളെ ,നമ്മുടെ മാലതിയുടെ മോനല്ലെ? നമ്മുടെ അനന്തു.. ദേവൻ നോക്കിയിരുന്ന പോലെ തന്നെ അവനും ഈ വണ്ടി പൊന്നുപോലെ നോക്കും. "

ശങ്കരൻ അവളെ അശ്വസിപ്പിക്കുവാനായി പറഞ്ഞു.വെള്ളപ്പാച്ചിൽ പോലെ ഒഴുകി തുടങ്ങിയ കണ്ണുനീർ അയാളുടുത്തിരുന്ന ഷർട്ടിലേക്ക് പറ്റിപ്പിടിച്ചു.

"ഇല്ലച്ഛാ ഒരാൾക്കും ദേവേട്ടനെ പോലെ ആ വണ്ടിയെ സ്നേഹിക്കാൻ പറ്റില്ല. കൊണ്ടു നടക്കാൻ പറ്റില്ല. എന്റെ ദേവേട്ടനെ പോലെയാകാൻ വേറാർക്കും പറ്റില്ല."

വിതുമ്പിക്കൊണ്ട് ലക്ഷ്മി പറഞ്ഞു.

"സാരുല്ല മോളെ, നീയത് വിട്.. വാ ഭക്ഷണം കഴിക്കാം."

ശങ്കരൻ അവളെയും കൊണ്ട് പോകാൻ തുനിഞ്ഞു. ഇതൊക്കെ കേട്ട് അനന്തു ആകെ പ്രാന്ത് പിടിച്ച അവസ്ഥയിൽ ആയിരുന്നു.

ആ ബുള്ളറ്റ് ഓടിച്ചു അവന് കൊതി തീർന്നിരുന്നില്ല. അപ്പോഴാണ് ലക്ഷ്മിയുടെ രോദനം പ്രശ്നത്തെ രൂക്ഷമാക്കിയത്. അവർ തന്നിൽ നിന്നും ഈ ബുള്ളറ്റിനെ പിടിച്ചു വാങ്ങുമോ എന്നവൻ വ്യഥാ സങ്കടപ്പെട്ടു.

"അച്ഛാ ആ വണ്ടി ഇങ്ങ് പിടിച്ചു വാങ്ങിക്ക് "

ലക്ഷ്മി ദയാ ഭാവത്തോടെ  അയാളെ നോക്കി.

"അതെനിക്ക് പറ്റില്ല മോളെ, അത് ഞാൻ അവന് സമ്മാനമായി കൊടുത്തതാ... ഇനി എനിക്ക് അത് തിരിച്ചു വാങ്ങാൻ പറ്റൂല... മോള് എന്നോട് ക്ഷമിക്ക്  "

ശങ്കരൻ നിസ്സഹായതയോടെ പറഞ്ഞു. അതുകേട്ടതും ലക്ഷ്മി കോപത്തോടെ അയാളിൽ നിന്നും കുതറി മാറി വിതുമ്പലോടെ ഉള്ളിലേക്ക് ഓടിപോയി.

എല്ലാവരും ആകെ പരവേശത്തിൽ ആയിരുന്നു. ലക്ഷ്മിയുടെ ഈയൊരു സ്വഭാവം എല്ലാവരെയും വല്ലാതെ വേദനിപ്പിച്ചു. ആകെ ശ്മാശാന മൂകതക്ക് സമാനമായി മാറിയിരുന്നു അവിടം . അല്പ സമയം കഴിഞ്ഞതും ശങ്കരൻ അനന്തുവിന് നേരെ തിരിഞ്ഞു.

"അനന്തൂ മോൻ പൊക്കോ.. വൈകണ്ട "

ശങ്കരൻ പറഞ്ഞു. അതുകേട്ടതും  ആശ്വാസത്തോടെ അനന്തു ബുള്ളറ്റ് എടുത്തു പറപ്പിച്ചു. അവൻ പോയി കഴിഞ്ഞതും മാലതിയും സീതയും ശങ്കരനു സമീപം വന്നു നിന്നു.

"എന്താ അച്ഛാ അവൾക്കിത്ര വാശി എല്ലാത്തിനോടും? "

മാലതി ചോദിച്ചു

"അറിഞ്ഞൂടാ മോളെ, അനന്തുവിനെ കണ്ടതിൽ പിന്നെയാ അവൾക്ക് ഈ മാറ്റം"

ശങ്കരൻ ഓർമയിൽ നിന്നും ചികഞ്ഞെടുത്തു.

"അതിപ്പോ അനന്തൂട്ടന്റെ തെറ്റല്ലല്ലോ ദേവേട്ടന്റെ ഛായയുമായി ജനിച്ചത്. അതിനു ഇങ്ങനെ ദേഷ്യപ്പെടണോ? "

സീത അനന്തുവിന്റെ പക്ഷം ചേർന്നു പറഞ്ഞു.

"പെണ്ണിന് രണ്ട് തല്ലു കിട്ടാത്ത കുഴപ്പമാ"

മാലതി കൈ തിരുമ്മിക്കൊണ്ട് പറഞ്ഞു

"ഏയ് നിങ്ങളങ്ങനൊന്നും കരുതണ്ട.. അവളെ ഒറ്റക്ക് വിട്ടേക്ക്.. കുറച്ചു
കഴിയുമ്പോ ശരിയായിക്കോളും ലക്ഷ്മി മോൾക്ക്  "

ശങ്കരൻ അവരെ സമാധാനിപ്പിക്കുവാനായി പറഞ്ഞു.

ഇതൊന്നും അറിയാതെ ലക്ഷ്മി മുറിയിലെ കട്ടിലിൽ കിടന്നു വിതുമ്പുകയായിരുന്നു.അവൾക്ക് എല്ലാവരോടും വല്ലാത്തൊരു ഈർഷ്യയും കോപവും തോന്നി.

അതിന്റെ ഇരട്ടിയായിട്ട് അനന്തുവിനോടും തോന്നി.ദേവേട്ടനെക്കാളും പ്രാധാന്യം ഇപ്പൊ ഇന്നലെ വലിഞ്ഞു കേറി വന്നവനാണെന്നു ഓർത്തപ്പോൾ അവൾക്ക് സങ്കടം വന്നു.

പതിയെ പതിയെ എല്ലാരും ദേവേട്ടനെ മറന്നു പോകുമോ എന്നും അവൾ ഭയപ്പെട്ടു.ദേവേട്ടന്റെ അച്ഛൻ പോലും ജീവിതത്തിൽ ആദ്യമായി തന്നെ ധിക്കരിച്ചത് ഓർത്തു അവളുടെ മനസ് തേങ്ങി.

ഇപ്പൊ മാലതിയുടെ മോനോട് ദേഷ്യപ്പെടാൻ പോയപ്പോൾ പോലും ആ മുഖത്തേക്ക് നോക്കാൻ തനിക്ക് ത്രാണിയില്ലാതായിരുന്നു .എല്ലാവരും കൂടി അനന്തുവിനെ സ്നേഹിക്കുന്നത് അവൾക്ക് സഹിക്കാവുന്നതിലും അപ്പുറത്തായിരുന്നു.

അവൾ എണീറ്റു നേരെ അനന്തു ഉപയോഗിക്കുന്ന ദേവന്റെ മുറിയിലേക്ക് പോയി. മുറിയുടെ വാതിൽ തള്ളി തുറന്നു അവൾ ഉള്ളിലേക്ക് കയറി.

ഭിത്തിയിൽ തൂക്കിയിരിക്കുന്ന ദേവന്റെ ചിത്രത്തിലേക്ക് അവൾ കണ്ണിമ ചിമ്മാതെ നോക്കി നിന്നു.ദേവന്റെ ചിരിയുടെയും നീല കണ്ണുകളുടെയും കാഴ്ച അവളുടെ മനസിലെ സങ്കടങ്ങളുടെ വേലിയേറ്റത്തിന്റെ ആഘാതം കുറച്ചു.

അവൾ മേശയിൽ ഉള്ള ദേവന്റെ ഫോട്ടോ എടുത്തു നേരെ സ്വന്തം മുറിയിലേക്ക് പോയി. അതിനു ശേഷം ആ ഫോട്ടോ നെഞ്ചോട് ചേർത്തു വച്ചു അവൾ കട്ടിലിൽ അമർന്നു കിടന്നു.അർദ്ധ നിദ്രയിലും അവളുടെ ചുണ്ടുകൾ മന്ത്രിച്ചു കൊണ്ടിരുന്നു..

"ദേവേട്ടൻ...... ദേവേട്ടൻ...... ദേവേട്ടൻ "

മുത്തശ്ശൻ പറഞ്ഞതനുസരിച്ചു വില്ലേജ് ഓഫീസറെ കൂട്ടാൻ അനന്തു ബുള്ളറ്റ് ശര വേഗത്തിൽ പറപ്പിച്ചുകൊണ്ടിരുന്നു. ഗ്രാമത്തിന്റെ അതിർത്തിയിൽ ഉള്ള ആശുപത്രിക്ക് സമീപം ആണ് വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്നത്.

അരുണിമയെയും കൊണ്ടു മുൻപ് പോയതിനാൽ വഴിയൊക്കെ അവന് മനഃപാഠമായിരുന്നു. തെങ്ങും തോപ്പുകളും പാടങ്ങളും മറി കടന്നു ഒരുപാട് കച്ചവട സ്ഥാപനങ്ങൾ ഇരുവശത്തും സ്ഥിതി ചെയ്യുന്ന റോഡിലൂടെ അവൻ ബുള്ളറ്റ് പറപ്പിച്ചു.

കുറേ ദൂരം മുന്നോട്ടേക്ക് എത്തിയതും മുൻപിൽ വഴി രണ്ടായി ഭാഗിക്കപെട്ടിരിക്കുന്നത് അവൻ ശ്രദ്ധിച്ചു. ആശുപത്രിയിൽ പോയ ഓർമയിൽ അനന്തു ബുള്ളറ്റ് വലത്തോട്ടുള്ള വഴിയിലേക്ക് കയറി പോകാൻ ഹാൻഡിൽ തിരിക്കാൻ ശ്രമിച്ചതും ബുള്ളറ്റ് ഇടതു വശത്തേക്ക് തനിയെ കേറി പോയി.

ആ റോഡിലൂടെ ബുള്ളറ്റ് മുന്നോട്ട് കുതിച്ചുകൊണ്ടിരുന്നു. അനന്തു ഞെട്ടലോടെ വണ്ടി ചവിട്ടി നിർത്താൻ നോക്കി. എന്നാൽ അത് പ്രവർത്തനരഹിതമായിരുന്നു.

ആ സമയം അവന്റെ നട്ടെലിലൂടെ മിന്നൽ പിണർ പാഞ്ഞു. അനന്തു വെപ്രാളത്തോടെ ഫ്രന്റ് ബ്രേക്കും പിടിച്ചു നോക്കി.എന്നാൽ അതും പ്രവർത്തനരഹിതമായിരുന്നു.

അവൻ ഭയത്തോടെ ആക്സിലേറ്ററിൽ നിന്നും കയ്യെടുത്തു. ആ സമയം വണ്ടിയുടെ വേഗത കുറഞ്ഞെങ്കിലും പൊടുന്നനെ ആക്സിലേറ്റർ മറ്റാരുടെയോ പ്രേരണ പോലെ തനിയെ വീണ്ടും തിരിഞ്ഞു. അതോടെ ബുള്ളറ്റിന്റെ കുറഞ്ഞ വേഗത കൂടിയതായി മാറി.

ബുള്ളറ്റ് സ്വയം ഗിയർ മാറ്റി മുന്നിലേക്ക് ചാട്ടുളി പോലെ കുതിച്ചു. അനന്തു പേടിയോടെ ബ്രേക്കിൽ ആഞ്ഞു ചവുട്ടിക്കൊണ്ടിരുന്നു. പക്ഷെ നിരാശയായിരുന്നു ഫലം.

മറ്റാരുടെയോ പ്രേരണയിൽ ബുള്ളറ്റ് മുന്നിലേക്ക് നീങ്ങി.വണ്ടിയിൽ നിന്നും എടുത്തു ചാടിയാലോ എന്നവൻ ചിന്തിച്ചു. എന്നാൽ ബുള്ളറ്റിനു എന്തേലും പറ്റിയാൽ ആ മൂധേവി തന്നെ ബാക്കി വച്ചേക്കില്ലെന്നു അവന് ഉറപ്പായിരുന്നു.

ഏതായാലും മരണം മുന്നിലെത്തിയെന്നു അവന് മനസിലായി. കൊല്ലങ്ങളായിട്ട് ഓടാതെ കിടന്നിരുന്ന ഒരു ബൈക്ക് എടുക്കാൻ പോയ നിമിഷത്തെ അവൻ ശപിച്ചു.

ഏതേലും കുഴിയിലോ അല്ലേൽ മരത്തിലോ ഈ വണ്ടി പോയി ഇടിക്കുമെന്നു അവന് ഏകദേശം ഉറപ്പായി. എങ്കിലും അവസാന ശ്രമമെന്നോണം ബ്രേക്കിൽ ഒന്നുകൂടി ആഞ്ഞു ചവിട്ടികൊണ്ടിരുന്നു.

പക്ഷെ ഒന്നും നടന്നില്ല.അടിക്കടി ഗിയർ മാറുന്നതും ആക്സിലേറ്റർ തിരിയുന്നതുമായ ശബ്ദം മാത്രം അവൻ ഇടക്കിടക്ക് കേട്ടുകൊണ്ടിരുന്നു.വളവും തിരിവും ബുള്ളറ്റ് അനായാസത്തോടെ സ്വയം വെട്ടിച്ചെടുത്തു.

മരിക്കാൻ സമയമായെന്ന് മനസിലായതോടെ അനന്തുവിന്റെ മുൻപിൽ അമ്മ മാലതിയുടെയും ശിവയുടെയും അച്ഛന്റെയും അച്ഛച്ചന്റെയും മുഖങ്ങൾ ഓരോന്നായി ഓർമ വന്നു.

അനന്തു വിറയലോടെ കണ്ണുകൾ അടച്ചു. റോഡിലൂടെ അനായാസം ഓടിയ ബൈക്ക് ഒരു ചകിരി ഫാക്ടറിയുടെ ഉള്ളിലേക്ക് കയറിപ്പോയി. അതിന്റെ മധ്യത്തിൽ എത്തിയതും ബുള്ളറ്റ് തനിയെ നിന്നു.

ഒന്ന് രണ്ട് തവണ മുക്രയിട്ട ശേഷം അവന്റെ കുഡു കുടു ശബ്ദം പതിയെ നിലച്ചു.അപ്പോഴത്തെ പ്രകമ്പനം കാരണം അവിടെ ജോലി ചെയ്തോണ്ടിരുന്ന 2, 3 പേർ അവനെ എത്തി നോക്കിയ ശേഷം തിരിച്ചു ജോലിയിൽ വ്യാപൃതരായി.

അനന്തു കണ്ണു തുറന്നു നോക്കിയപ്പോൾ ചുറ്റും ചകിരിയും കയറും ഒക്കെ കൂട്ടിയിട്ടിരിക്കുന്ന ഒരു സ്ഥലത്ത് എത്തിയതായിട്ടാണ് കണ്ടത്. അപ്പോഴാണ് അവന് ബുള്ളറ്റിന്റെ മുകളിൽ ഇരിക്കുകയാണെന്ന ബോധം വന്നത്.

അവൻ അതിൽ നിന്നും ചാടിയെണീറ്റു. അതിനുശേഷം ദേഹമാകെ അവൻ കയ്യോടിച്ചുകൊണ്ട് പരിശോധിച്ചു. ശരീരത്തിൽ മുറിവോ ചതവോ ഒന്നുമില്ലെന്ന് അവൻ ഉറപ്പാക്കി.

എവിടെയും വീഴാതെ അഞ്ചു മിനിറ്റോളം ബുള്ളറ്റ് തനിയെ ഇങ്ങോട്ട് ഓടി വന്നതോർത്തു അവന് അതിശയം തോന്നി. കിതപ്പടങ്ങാനായി അവൻ ശ്വാസം വലിച്ചു വിട്ടു.

എളിയിൽ കൈ കുത്തി ചുറ്റുപാടും അവനൊന്നു കണ്ണോടിച്ചു. എന്നാൽ എവിടെയാണ് ഇപ്പൊ എത്തിച്ചേർന്നതെന്ന് അവന് മനസിലായില്ല.

എങ്കിലും ജീവൻ തിരിച്ചു കിട്ടിയഒരു ആശ്വാസത്തിൽ ആയിരുന്നു അവൻ.
ഒരു നെടുവീർപ്പോടെ അനന്തു സാവധാനം ബുള്ളറ്റിൽ കേറാൻ നോക്കി.

"കൂയ് എന്താ അവിടെ? "

പുറകിൽ ഒരാളുടെ ഗാംഭീര്യമുള്ള ശബ്ദം കേട്ട് അനന്തു തിരിഞ്ഞു നോക്കി. കൈലി മുണ്ടും ഷർട്ടും അണിഞ്ഞു ചകിരി നാരിൽ കുളിച്ചിരിക്കുന്ന ഒരാൾ തന്നെ നോക്കി നിക്കുന്നത് അവൻ കണ്ടു. അവിടെ ജോലി ചെയ്യുന്ന ആളാണെന്നു അവന് മനസിലായി.

"ഒന്നുല്ല ചേട്ടാ വഴി തെറ്റിയതാ "

അനന്തു ഒരു ക്ഷമാപണമെന്നപോലെ അയാളെ കൈയുയർത്തി കാണിച്ചു. അതിനു ശേഷം അവൻ വീണ്ടും ബൈക്കിൽ കേറാൻ തുനിഞ്ഞു.

"ഡോ ഇങ്ങോട്ട് തിരിഞ്ഞേ "

അയാൾ പുറകിൽ നിന്നും ഉറക്കെ വിളിച്ചു പറഞ്ഞു. പൊന്തിച്ച കാൽ താഴ്ത്തി വച്ചു ഈർഷ്യയോടെ അനന്തു അയാളെ നോക്കി.

അനന്തുവിനെ കണ്ടതും അയാൾ മടക്കി കുത്ത് അഴിച്ചു വച്ചു അവനെ സൂക്ഷ്മതയോടെ നോക്കി. അയാളുടെ കണ്ണുകൾ ഇരയെ കണ്ട ചെന്നായയെ പോലെ തിളങ്ങി..

"നീ അവനല്ലേ ? "

അനന്തുവിന് നേരെ കൈ ചൂണ്ടി അയാൾ ആക്രോശിച്ചു.

"ആര്? എന്താ ചേട്ടാ പ്രശ്നം? "

അനന്തു ആകെ അങ്കലാപ്പിലായി.അവന് ഒന്നും മനസിലായില്ല.

"ഡാ നീയന്ന് തീർന്നതാണെന്നാ ഞാൻ വിചാരിച്ചേ? അപ്പൊ നീ ചത്തില്ലല്ലേ? ഇന്ന് നിന്റെ അവസാനമാ"

അയാൾ അലറിക്കൊണ്ട് അവനു നേരെ ഓടി വന്നു.അനന്തുഎന്തെങ്കിലും പറയുന്നതിനു മുൻപ് തന്നെ അവന്റെ ചെകിട്ടത്ത് അയാളുടെ തഴമ്പിച്ച കൈകൾ പതിഞ്ഞിരുന്നു.

"പ്ഠേ "

മുഖത്തിനിട്ട് ഊക്കിൽ അടി കിട്ടിയ ആഘാതത്തിൽ അനന്തു പുറകിലേക്ക് തെറിച്ചു വീണു. അയാൾ ഒരു വഷളൻ ചിരിയോടെ കൈകൾ തിരുമ്മിക്കൊണ്ട് അവന്റെ മുൻപിൽ വന്നു നിന്നു.

അനന്തു കവിള് തിരുമ്മിക്കൊണ്ട് പതിയെ എണീറ്റു. അടികൊണ്ട ഭാഗത്ത് 5 കൈ വിരലുകൾ അമർന്നതിന്റെ തിണിർത്ത പാട് തെളിഞ്ഞു വന്നു.അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

"ചേട്ടാ നിങ്ങൾക്ക് ആള് ....."

പറഞ്ഞു മുഴുവിപ്പിക്കും മുൻപേ അവന്റെ നെഞ്ചിൽ തന്നെ ആഞ്ഞൊരു ചവിട്ട് കിട്ടി. അവൻ പുറകിലേക്ക് മലച്ചു വീണു. അതോടൊപ്പം അയാൾ ബുള്ളറ്റ് ഉന്തിയിട്ടു.

അത് നിലത്തേക്ക് വലിയ ശബ്ദത്തിൽ ചരിഞ്ഞു വീണു. ഒച്ചപ്പാട് കേട്ട് നാലു ഭാഗത്ത് നിന്നും കുറേ ഗഡാ ഗഡിയന്മാർ ഓടി വന്നു.

എല്ലാവരും നല്ലൊരു അടിപിടി കാണാനുള്ള ഉത്സാഹത്തിൽ വട്ടം ചുറ്റി നിന്നു.

"രാഘവേട്ടാ ആ ഗേറ്റ് അടച്ചേക്ക് "

തലയിൽ ചുവന്ന തോർത്ത് കെട്ടി ബീഡി വലിച്ചുകൊണ്ടിരുന്ന ഒരു മധ്യവയസ്കനോട് അയാൾ അലറി. വലിച്ചുകൊണ്ടിരുന്ന ബീഡി കുറ്റി നിലത്തേക്ക് വലിച്ചെറിഞ്ഞ് അയാൾ ഓടി പോയി ഫാക്ടറിയുടെ ഇരുമ്പ് ഗേറ്റ് കഷ്ടപ്പെട്ട് വലിച്ചടച്ചു.

ഈ സമയം അനന്തു ചുമച്ചു കൊണ്ട് പിടഞ്ഞെണീറ്റു.നെഞ്ചിൽ കിട്ടിയ ചവിട്ട് അത്രയ്ക്കും ശക്തിയുള്ളതായിരുന്നു.

ഞരക്കത്തോടെ അവൻ അയാളെ നോക്കി. അയാൾ കോപം കത്തുന്ന കണ്ണുകളോടെ അനന്തുവിന്റെ കഴുത്തിൽ ചുറ്റിപ്പിടിച്ചു.അതിനു ശേഷം അവിടെ കെട്ടുകളായി വച്ചിരിക്കുന്ന ചാക്ക് കൂനയിലേക്ക് അവനെ ചേർത്തു പിടിച്ചു.

അയാളുടെ ഇരുമ്പ് പോലുള്ള കൈയുടെ പിടുത്തം കഴുത്തിൽ മുറുകിയതും അനന്തു പ്രാണരക്ഷാർത്ഥം അയാളെ തള്ളി മാറ്റാൻ നോക്കി.എന്നാൽ ശില പോലെ അയാൾ നിന്നതും അവൻ ശ്വാസമെടുക്കാൻ വല്ലാതെ ബുദ്ധിമുട്ടി.

മറ്റുള്ളവരുടെ സഹായത്തിനായി അനന്തു കേണു. എന്നാൽ വായിൽ നിന്നും ഒരക്ഷരം പോലും ഉരിയാടാൻ അവന് കഴിഞ്ഞില്ല. ആരും തിരിഞ്ഞു നോക്കാതായതോടെ അയാളുടെ കൈപ്പിടിയിൽ കിടന്ന് ഒടുങ്ങുമെന്ന് അവന് ഉറപ്പായി.

ശ്വാസം കിട്ടാതെ അനന്തുവിന്റെ കണ്ണുകൾ പുറത്തേക്കുന്തി. കണ്ണുകൾ നിറഞ്ഞ് തുളുമ്പി. മുഖത്തെ പേശികൾ വലഞ്ഞു മുറുകി.ഹൃദയതാളം ദ്രുതഗതിയിൽ വർധിച്ചതും ഇരയെ ഇഞ്ചിഞ്ചായി കൊല്ലാനുള്ള മോഹത്തോടെ അയാൾ അവനെ പിടുത്തത്തിൽ നിന്നും വിടുതൽ നൽകി.

അയാൾ കൈയെടുത്തതും അനന്തു ഉറക്കെച്ചുമച്ച് കൊണ്ട് നിലത്തേക്ക് കുനിഞ്ഞിരുന്നു. നെഞ്ചിൽ തടവിക്കൊണ്ട് ആഞ്ഞ് ശ്വാസം വലിച്ചു വിട്ടു.പതിയെ തലക്കറക്കത്തിന് ശമനം വന്നതും ആ നരകത്തിൽ നിന്നും എങ്ങനേലും രക്ഷപ്പെടാൻ അവന്റെ മനസ് വെമ്പി.

ഒന്നുകൂടി ആഞ്ഞ് ശ്വാസം വലിച്ച് അവൻ എണീറ്റ് ഓടാൻ ശ്രമിച്ചു. എന്നാൽ അവന്റെ കാലുകൾ ആകെ കുഴഞ്ഞു മറിഞ്ഞിരിക്കുന്ന പോലെ അവന് തോന്നി.ഓരോ അടി വയ്ക്കുമ്പോഴും കാലുകൾ തളർന്നു പോകുന്ന പോലെ തുടങ്ങിയതും വേച്ചു വച്ച് അവൻ നടക്കാൻ ശ്രമിച്ചു.

അനന്തുവിന്റെ നിസഹായത കണ്ട് ചിലരിൽ സഹതാപവും മറ്റു ചിലരിൽ ഹരവും ഉടലെടുത്തു. ആ സമയം കൂട്ടാളികളിൽ നിന്നും ഒരാൾ അയാൾക്കു നേരെ ഒരു മരക്കഷണം എറിഞ്ഞു കൊടുത്തു.

അത് ചാടിപ്പിടിച്ച അയാൾ വേദനയോടെ വേച്ചു നടക്കുന്ന അനന്തുവിനെ ക്രൂരമായ ചിരിയോടെ നോക്കി. അതിനു ശേഷം അവന്റെ തലയുടെ പിൻഭാഗം ലക്ഷ്യമാക്കി അയാൾ മരക്കഷ്ണം ശക്തിയിൽ വീശി.

"പ്ഠക് "

തലയ്ക്കു പിന്നിൽ ശക്തമായ പ്രഹരമേറ്റ അനന്തു നിലത്തേക്ക് തെറിച്ചു വീണു.

"ആഹ് "

അനന്തു പ്രാണൻ പോകുന്ന വേദനയിൽ അലറിക്കരഞ്ഞു.തലപ്പൊട്ടിപ്പുളയുന്ന വേദനയിൽ അവൻ കൈ കാലുകൾ നിലത്തിട്ടടിച്ചു.

പതിയെ അവന്റെ കണ്ണുകളിൽ ഇരുൾ വ്യാപിച്ചു.അനന്തുവിന്റെ കണ്ണുകൾ തനിയെ അടഞ്ഞു വന്നു.

അവിടെ കൂടി നിന്നവരുടെ അടക്കം പറച്ചിലോ ഹർഷാരവങ്ങളോ അല്ല അവന്റെ കാതിൽ മുഴങ്ങിയത് പകരം മറ്റൊന്നായിരുന്നു.ഒരു പെൺകുട്ടിയുടെ നനുത്ത സ്വരം

"ദേവേട്ടാ... ദേവേട്ടാ "

അനന്തു പൊടുന്നനെ ഞെട്ടിയെണീറ്റു നിന്നു.അവൻ തലയുടെ പുറകിൽ കൈകൊണ്ട് തടവി നോക്കി.

അവന് വേദനയോ യാതൊരു ബുദ്ധിമുട്ടോ തോന്നിയില്ല.കഴുത്തിൽ കൈ വച്ചു അമർത്തി. യാതൊരു വിധ വേദനയോ നീറ്റലോ ഇല്ല.

അനന്തു സന്തോഷത്തോടെ കണ്ണു മിഴിച്ചു ചുറ്റും നോക്കിയപ്പോഴാണ് താൻ ഒരു കുന്നിൻ ചരുവിൽ ആണെന്ന് അവന് മനസിലായത്. ആ ചരുവിൽ ആകമാനം നീല നിറമുള്ള പൂക്കൾ വിരിഞ്ഞു നിൽക്കുന്നുണ്ടായിരുന്നു.

ഒറ്റ നോട്ടത്തിൽ തന്നെ അവനു അത് നീലക്കുറിഞ്ഞി പൂവ് ആണെന്ന് മനസിലായി.കുന്നിൻ ചരുവിലാകെ നീല ചായം വാരി വിതറിയ പോലെ അവ അങ്ങനെ പടർന്നു കിടക്കുന്നു.

ആരെയും വശീകരിക്കുന്ന മനോഹാരിതയും സൗന്ദര്യവും അനന്തു തെല്ല് നേരത്തേക്ക് നോക്കി നിന്നു പോയി. എല്ലാം മറന്നു ആ കാഴ്ചകളിൽ അവൻ ലയിച്ചിരുന്നു.

അവൻ പതിയെ പൂക്കളെ വകഞ്ഞു മാറ്റി മുന്നിലേക്ക് നടക്കാൻ തുടങ്ങി. അല്പം നടന്നതും തൊട്ടു മുൻപിലായി ഒരു പെൺകുട്ടി നീല നിറത്തിലുള്ള സാരിയും ബ്ലൗസും അണിഞ്ഞു കയ്യിലുള്ള കൂടയിലേക്ക് നീലക്കുറിഞ്ഞി പൂക്കളിറുത്തെടുത്ത് നിക്ഷേപിച്ചു കൊണ്ടിരുന്നു.

പുറം തിരിഞ്ഞു നിൽക്കുന്ന ആ പെൺകുട്ടിയുടെ പ്രവൃത്തിയെ അല്പ നേരം വീക്ഷിച്ച ശേഷം അനന്തു മാറി പോകാനായി തുനിഞ്ഞു. അപ്പോഴാണ് ആ പെൺകുട്ടി അവളുടെ മുഖം അവന് ദർശനം നൽകിയത്.

അത് കണ്ടതും അനന്തു സന്തോഷത്തോടെ അവളുടെ അടുത്തേക്ക് ഓടി വന്നു..

"കല്യാണീ....  "

അനന്തു അവളെ നോക്കി ഉച്ചത്തിൽ അലറി. ആ അലർച്ച കേട്ട് അവൾ ഞെട്ടിപിടഞ്ഞെണീറ്റു.

എന്നിട്ട് ചുറ്റും പാടും തല ചരിച്ചു നോക്കി. അനന്തുവിനെ കണ്ടതും അവൾ അത്ഭുതത്തോടെ അവനെ നോക്കി വിളിച്ചു.

"ദേവേട്ടാ.....   "

"കല്യാണീ.... "

അനന്തു വിശ്വാസം വരാതെ അവളെ തന്നെ ഉറ്റു നോക്കി.അവളുടെ പിടയ്ക്കുന്ന പൂച്ചക്കണ്ണുകൾക്കും വിറയ്ക്കുന്ന അധരങ്ങൾക്കും തന്നോട് എന്തൊക്കെയോ പറയാനുണ്ടെന്ന് തോന്നി.

അപ്പോഴേക്കും കല്യാണി അനന്തുവിനെ കണ്ട സന്തോഷത്തിൽ കൈകൾ നീട്ടി അവനെ മാടി വിളിച്ചു. കല്യാണിയുടെ നിറഞ്ഞ മാറിൽ മുഖം പൂഴ്ത്തി വക്കാൻ കൊതിച്ചു അനന്തു അവളുടെ അടുത്തേക്ക് വരാൻ തുനിഞ്ഞതും കല്യാണിയുടെ തലയ്ക്ക് പിന്നിൽ മരക്കഷ്ണം വച്ച് പ്രഹരം കിട്ടിയതും ഒരുമിച്ചായിരുന്നു.

തലയ്ക്ക് പിറകിൽ ആഘാതമേറ്റ അവൾ നിലത്തേക്ക് കുഴഞ്ഞു വീണു.പിന്നിൽ ഒരു വഷളൻ ചിരിയോടെ കൈലിമുണ്ടും ഷർട്ടുമണിഞ്ഞ അതേ ആൾ നിൽക്കുന്നത് കണ്ട് അനന്തു ഞെട്ടി.

"കല്യാണി.... മോളെ "

അനന്തു അലറിക്കരഞ്ഞുകൊണ്ട് അവളുടെ അടുത്തേക്ക് ഓടി വന്നിരുന്നു. നിലത്തിരുന്ന് കല്യാണിയുടെ തലയെടുത്ത് മടിയിലേക്ക് വച്ച് അവൻ വിങ്ങിപ്പൊട്ടി.

"കല്യാണിക്കുട്ടി.... മോളെ... "

അനന്തു അലറിക്കൊണ്ട് അവളുടെ ചോര കിനിഞ്ഞു വന്ന കവിളുകളിലും നെറുകയിലും പതിയെ തലോടി.

"ദേവേട്ടാ....ക... കല്യാണി...ക്ക്... വേദനി...ക്കുണു "

വാക്കുകൾ കിട്ടാതെ അവൾ വിക്കി

"എന്റെ മോളെ നിനക്ക് ഒന്നുല്ലട്ടോ.. നിന്റെ ദേവേട്ടനല്ലെ കൂടെയുള്ളേ, എന്റെ കല്യാണിക്ക് ഒന്നുല്ലാട്ടോ "

അനന്തു വിതുമ്പിക്കൊണ്ട് പറഞ്ഞു. ചോരയിൽ കുളിച്ച മുഖവുമായുള്ള കല്യാണിയുടെ കിടപ്പ് കണ്ട്, അവൾ സഹിക്കുന്ന വേദന കണ്ട് അനന്തുവിന്റെ നെഞ്ച് പിടച്ചു.

"ദേവേ... ട്ടാ നിക്ക്"

"മോളെ കല്യാണി"

"ദേവ....... "പറഞ്ഞു തീരുംമുമ്പേ കല്യാണിയുടെ ശരീരത്തിൽ നിന്നും ജീവന്റെ അവസാന കണികയും പറന്നകന്നിരുന്നു.

അവളുടെ അനക്കമറ്റ ശരീരത്തെ നോക്കി അനന്തു ഒരു മരപ്പാവയെ പോലെയിരുന്നു. ജീവന്റെ പാതി തന്നിൽ നിന്നും വേർപെടുന്നതിന്റെ വേദന സഹിക്കാനാവാതെ അവൻ പൊട്ടി കരഞ്ഞു.

തന്റെ പ്രിയതമ മരണത്തെ പുൽകിയെന്ന പ്രപഞ്ച സത്യം ഉൾക്കൊള്ളാനാവാതെ അവളുടെ ചലനമറ്റ പൂച്ചക്കണ്ണുകളിലേക്ക് അവൻ ഉറ്റു നോക്കിക്കൊണ്ടിരുന്നു.

തന്റെ സഖിയുടെ ആത്മാവ് തന്നിൽ നിന്നും വേർപെട്ടു പോകാതിരിക്കാൻ ആ മൃതദേഹത്തെ അവൻ വ്യഥാ കൈകൾ കൊണ്ടു ചുറ്റി വരിഞ്ഞുകൊണ്ടിരുന്നു.

കല്യാണിയെ നെഞ്ചോട് ചേർത്തു പിടിച്ചു അനന്തു മുകളിലേക്ക് നോക്കി സർവ്വ നിയന്ത്രണങ്ങളും വിട്ട് പൊട്ടി കരഞ്ഞു

"ആാാാഹ് "

നഷ്ട്ടപെട്ടു കൊണ്ടിരുന്ന സ്വബോധം വീണ്ടെടുത്ത് അനന്തു ചാടിയെണീറ്റു. അടഞ്ഞു പോയ കണ്ണുകൾ അവൻ വലിച്ചു തുറന്നു.

ശ്വാസം വലിച്ചെടുത്തു അവൻ മുഷ്ടി ചുരുട്ടി പിടിച്ചു. ക്രോധം കൊണ്ടു അവന്റെ കണ്ണുകൾ ചോരമയമായി തീർന്നു. അവന്റെ ശരീരത്തിലെ ഓരോ പേശികളും വലിഞ്ഞു മുറുകി.

അനന്തു എണീറ്റത് കണ്ടത് ഫാക്ടറിയിൽ ചുറ്റും കൂടി നിന്നവരിൽ പലരും അത്ഭുതത്തോടെ മൂക്കത്ത് വിരൽ വച്ചു. അനന്തു എണീറ്റത് കണ്ട് നേരത്തെ അവനെ കണക്കറ്റ് ഉപദ്രവിച്ചയാൾ ക്രൂരമായ ചിരിയോടെ തന്റെ ഇരയെ വീണ്ടും ചാടി പിടിക്കാൻ വെമ്പൽ കൊണ്ടു.

പുറകിൽ അയാളുടെ സാന്നിധ്യം അവന്റെ ആറാം ഇന്ദ്രിയം തിരിച്ചറിഞ്ഞതും അവൻ ഒരു കണ്ണിറുക്കി പിടിച്ചു കാലുകൊണ്ട് അഭ്യാസത്തിലൂടെ നിലത്തു കിടക്കുന്ന മരക്കഷ്ണം അവന്റെ കയ്യിൽ എത്തിച്ചു.

കയ്യിൽ എത്തിയതും നൊടിയിടയിൽ അനന്തു പുറകിലേക്ക് തിരിഞ്ഞു അയാളുടെ മുഖം ലക്ഷ്യമാക്കി വലിച്ചെറിഞ്ഞു. കണ്ണിമ ചിമ്മുന്നത്തിനു മുൻപ് ആ മരക്കഷ്ണം അയാളുടെ മുഖം തകർത്തു കൊണ്ടു തെറിച്ചു പോയി.

"ഹാാാ "

വേദനയോടെ അയാൾ നിലത്തേക്ക് തെറിച്ചു വീണു.മറ്റുള്ളവർ കണ്ണടച്ച് തുറക്കും മുൻപ് എതിരാളി നിലത്തു വീണു കിടക്കുന്നത് കണ്ട് എല്ലാവരും ഞെട്ടി വിറച്ചു.

അപ്പോഴേക്കും ഇടത് ഭാഗത്ത് നിന്നു ഒരാൾ ആൾക്കാരെ വകഞ്ഞു മാറ്റി അനന്തുവിന്റെ അടുത്തേക്ക് ഓടി വന്നു. അടുത്തെത്തിയതും അയാൾ മുഷ്ടി ചുരുട്ടി അവന് നേരെ നീട്ടി.

അനന്തു അത് കൈപ്പിടിയിൽ ഒതുക്കിയ ശേഷം അയാളുടെ മുഷ്ടിയിൽ പിടിച്ചു ശക്തിയിൽ വലിച്ചു. നിയന്ത്രണം വിട്ട അയാൾ മുന്നിലേക്ക് ആഞ്ഞതും അനന്തു കൈ മടക്കി പിടിച്ചു അയാളുടെ മുഖം നോക്കി വീശി.

ധക്

മുഖത്തിനിട്ട് ശക്തിയിൽ പ്രഹരം കിട്ടിയ അയാൾ നിലത്തേക്ക് നടുവും തല്ലി വീണു.

ഡാാാാ

കൂട്ടത്തിൽ നിന്നും ഒരു തടിയൻ അലറി വിളിച്ചു കൊണ്ടു ഓടി വന്നു
അനന്തുവിന്റെ ഷർട്ടിന്റെ കോളറിൽ പിടിച്ചു തള്ളി.പിന്നിലേക്ക് ആഞ്ഞു പോയ അനന്തു സർവ്വശക്തിയുമെടുത്ത് മുന്നിലേക്ക് ആഞ്ഞു മുഷ്ടി ചുരുട്ടി തടിയന്റെ വയറ്റിൽ ഉഗ്രൻ താഡനം നൽകി.

ഓർക്കാപ്പുറത്ത് വയറ്റിൽ ഇടി കിട്ടിയ അയാൾ ചുമച്ചുകോണ്ട് വേദന സഹിക്കാനാവാതെ വയറു പോത്തി നിലത്തിരുന്നു. അനന്തു ഒരു കാലിൽ നിന്നു ബാലൻസ് ചെയ്തു മറു കാല് കൊണ്ടു അയാളുടെ മുഖത്തേക്ക് ഊക്കിൽ വീശി.

പ്ധക്

മുഖത്തു ഉഗ്രൻ പ്രഹരം കിട്ടിയ അയാൾ നിലത്തേക്ക് തെറിച്ചു വീണു. അപ്പോഴേക്കും ആദ്യം അനന്തുവിനെ തല്ലിയ അയാൾ മുഖത്തെ ചോരയൊക്കെ കൈകൊണ്ട് തുടച്ചു മാറ്റി അവന് നേരെ അടിവച്ചടി വച്ചു നടന്നു.

അനന്തു പൊടുന്നനെ പുറകിലേക്ക് ആഞ്ഞു വായുവിൽ ഉയർന്നു  അയാളുടെ കഴുത്തിനു നേരെ കാലു വീശി.കൂടം കൊണ്ടു അടി കിട്ടിയ പോലെ കഴുത്തൊടിഞ്ഞു അയാൾ നിലത്തേക്ക് വീണു.

വലിയ വായിൽ അയാൾ അലറി കരഞ്ഞുകൊണ്ട് നിലത്തു കിടന്ന് പിടച്ചുകൊണ്ടിരുന്നു.അയാളുടെ കടവായിലൂടെ കട്ട ചോര പുറത്തേക്കൊഴുകി.

അനന്തു പതുക്കെ അയാളുടെ അടുക്കലേക്ക് നടന്നു വന്നു

"എന്റെ കല്യാണിയെ നീ കൊല്ലുമല്ലെടാ നായെ"

രോഷത്തോടെ നിലത്തു കിടന്നു പിടയ്ക്കുന്ന അയാളുടെ കഴുത്ത് നോക്കി അവൻ ആഞ്ഞു ഒരു ചവിട്ടു കൂടി നൽകി. കഴുത്തിൽ ശക്തിയേറിയ താഡനമേറ്റതും അയാൾ ബോധരഹിതനായി.

അരിശം തീരാതെ അനന്തു വീണ്ടും വീണ്ടും അയാളുടെ ഒടിഞ്ഞ കഴുത്തിൽ ആഞ്ഞു ചവിട്ടിക്കൊണ്ടിരുന്നു. അയാൾ പ്രതികരിക്കാനാകാതെ മൂളിക്കൊണ്ട് നിസ്സഹായതയോടെ നിലത്തു കിടന്നു.

അനന്തുവിന്റെ പരാക്രമം കണ്ട് അവിടെ ചുറ്റും കൂടി നിന്നവർ ഭയന്ന് വിറച്ചു.അനന്തു മുരണ്ടുകൊണ്ട് അവരെ തുറിച്ചു നോക്കി.

എല്ലാവരും ഭയന്ന് പിറകിലേക്ക് പിന്മാറി. നിലത്തു അമർത്തി ചവിട്ടികൊണ്ട് അനന്തു നേരെ ബുള്ളറ്റിനു അരികിലേക്ക് പോയി. നിലത്തു വീണു കിടക്കുന്ന ബുള്ളറ്റ് അവൻ പൊക്കിയെടുത്തു.

അതിനു ശേഷം അതിൽ കയറിയിരുന്നു കിക്കർ ചവിട്ടി ഓൺ ആക്കി. ഉറക്കം വിട്ടെണീറ്റ അവന്റെ പടക്കുതിര മുക്രയിട്ടു കൊണ്ടു അവിടമാകെ പ്രകമ്പനം കൊള്ളിച്ചു.

ബുള്ളറ്റിന്റെ കാതടപ്പിക്കുന്ന ശബ്ദം കേട്ടതും എല്ലാവരും ഭയന്ന് അനന്തുവിനെ നോക്കി. വണ്ടി മുന്നോട്ടെടുക്കാൻ തുനിഞ്ഞതും ഭിത്തിക്ക് സമീപമുള്ള എന്തിലോ അവന്റെ കണ്ണുകൾ തറഞ്ഞു.

അവൻ ആക്സിലേറ്ററിൽ രണ്ടു തിരി തിരിച്ച ശേഷം വണ്ടി ഓഫ് ചെയ്തു. അതിൽ നിന്നും ചാടിയിറങ്ങിയ അവൻ ആ ഭിത്തിക്ക് സമീപത്തേക്ക് നടന്നു.

അത് കാണുന്തോറും ഉള്ളിൽ നുരഞ്ഞു പൊന്തിയിരുന്ന പക പതിയെ ആകാംക്ഷയായി മാറിക്കൊണ്ടിരുന്നു. ഭിത്തിയിൽ ചാരി വച്ചിരിക്കുന്ന വലിയ കണ്ണാടി ചില്ലിലൂടെ കാണുന്ന തന്റെ പ്രതിബിംബത്തെ നോക്കി കാണുകയായിരുന്നു അനന്തു.

അപ്പോഴാണ് അവന് അയാൾ തന്നെ ആദ്യം കണ്ടപ്പോൾ നീ അവനല്ലേ എന്ന് ചോദിച്ചത് അവന്റെ ബോധമണ്ഡലത്തിലേക്ക് വന്നത്.അപ്പോഴാണ് അനന്തുവിന് കാര്യങ്ങളുടെ കിടപ്പ് ഏകദേശം മനസിലായത്.

അവൻ ആ കണ്ണാടിയിൽ കാണുന്ന അവന്റെ തന്നെ പ്രതിബിംബത്തിലേക്ക് നോക്കി കൈ ചൂണ്ടി.

"അനന്തുവിനെയല്ല ദേവനെ തേടിയാണ് അവർ എത്തിയത്... ആരാണ് അവർ?"

അനന്തു രോഷത്തോടെ അവിടുണ്ടായിരുന്ന കണ്ണാടി ചില്ലു ചവിട്ടി പൊളിച്ചു. അത് തവിടുപൊടിയായി വലിയ ശബ്ദത്തോടെ നിലത്തേക്ക് ഉതിർന്നു വീണു.

മുന്നോട്ടു പോകാനുള്ള പാതയില്ലാതെ ഒന്നും മനസിലാക്കാനാവാതെ അവൻ നിസ്സഹായതയോടെ ബുള്ളറ്റിൽ വന്നിരുന്നു. എവിടുന്ന് തുടങ്ങണം, എപ്പോ തുടങ്ങണം എന്ന ചോദ്യങ്ങളുടെ നടുക്ക് കിടന്ന് ചക്രശ്വാസം വലിച്ചുകൊണ്ട്.........

ഇരു വശത്തും കടലോളം നീണ്ടു കിടക്കുന്ന നെൽപ്പാടത്തിനു ഇടയിലുള്ള വഴിയിലൂടെ ബുള്ളറ്റും കൊണ്ടു വരികയായിരുന്നു അനന്തു.

അവന്റെ ദേഹത്താകെ പൊടിയും ചകിരി നാരും മറ്റും പറ്റിപിടിച്ചു കിടക്കുന്നുണ്ടായിരുന്നു. ഇതൊന്നും വക വയ്ക്കാതെ ചിന്താ ഭാരത്തോടെ അവൻ വണ്ടി ഓടിച്ചുകൊണ്ടിരുന്നു.

യാന്ത്രികമായി ഗിയർ മാറ്റിക്കൊണ്ട് വേഗതയിൽ അവൻ പറന്നു കൊണ്ടിരുന്നു.മുഖത്തേക്ക് ഊക്കിൽ വന്നടിക്കുന്ന കാറ്റ് അവനെ വല്ലാതെ ശ്വാസം മുട്ടിച്ചു.

ഇടക്കിടക്ക് കരതലം കൊണ്ടു മുഖം അമർത്തി തുടച്ച ശേഷം മനസ്സിൽ നുരഞ്ഞു പൊന്തുന്ന ദേഷ്യത്തെ അവൻ ആക്സിലേറ്ററിൽ തീർത്തുകൊണ്ടിരുന്നു.

അനന്തുവിന്റെ ഉള്ളിൽ  ഉറഞ്ഞു തുള്ളുന്ന ചോദ്യങ്ങൾക്ക് മറുപടി തേടി അവന്റെ മനസ് അങ്ങുമിങ്ങും പാഞ്ഞുകൊണ്ടിരുന്നു.

ഫാക്ടറിയിൽ വച്ചു നടന്ന സംഭവങ്ങൾ വീണ്ടും വീണ്ടും ഓർക്കുമ്പോൾ അവന്റെ മനസ് വല്ലാതെ പിടഞ്ഞുകൊണ്ടിരുന്നു.

അടി കിട്ടി ബോധം മറയുന്ന സമയത്ത് താൻ കണ്ട സ്വപ്നം അതെന്തായിരുന്നു? അതു സ്വപ്നമായിരുന്നോ അതോ മറ്റെന്തെങ്കിലും ആയിരുന്നോ എന്ന് അവൻ ആലോചിച്ചുകൊണ്ടിരുന്നു.പക്ഷെ കൃത്യമായ ഒരു ഉത്തരം അവന് പിടി കിട്ടിയില്ല.

സ്വപ്നത്തിൽ വച്ചു കണ്ട അരുണിമയെ പോലെയുള്ള പെൺകുട്ടിയെ കണ്ടപ്പോൾ താൻ എന്തിനാണ് അവളെ കല്യാണി എന്ന് വിളിച്ചത്? അവളെന്തിനാണ് തന്നെ ദേവേട്ടൻ എന്ന് വിളിച്ചത്?

ആ മനുഷ്യൻ അവളെ നിഷ്കരുണം കൊന്നു കളഞ്ഞപ്പോൾ താൻ എന്തിനാണ് ഒരു ഭ്രാന്തനെ പോലെ അവളുടെ അടുത്തേക്ക് ഓടി വന്നു അവളെ പുണർന്നുകൊണ്ട് പൊട്ടിക്കരഞ്ഞത്?

ഈ കല്യാണി എന്റെ ആരാണ്? ഞാൻ ദേവനാണോ? അതോ ഇനി തനിക്ക് വല്ല മുഴു വട്ടാണോ?

ഇങ്ങനെ ചിന്തിച്ചുകൊണ്ടു ഫാക്ടറിയിൽ വച്ചു തലക്ക് പിറകിൽ കിട്ടിയ പ്രഹരത്തിലൂടെ  സമ്മാനമായി ലഭിച്ച വേദനയെ അവഗണിച്ചുകൊണ്ട് അവൻ ബുള്ളറ്റ് തറവാട് ലക്ഷ്യമാക്കി പറപ്പിച്ചു.

റോഡിലെ ഉരുളൻ കല്ലുകളെ തട്ടിത്തെറിപ്പിച്ചു കൊണ്ടു ഹുങ്കാര ശബ്ദത്തോടെ അവന്റെ പടക്കുതിര മുന്നോട്ടേക്ക് കുതിച്ചു.

............

തിരുവമ്പാടി മനയുടെ പിറകിൽ ഉള്ള ഔട്ട്ഹൌസിൽ ധ്യാനത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു ജയശങ്കർ.

ചുവന്ന ലങ്കോട്ടിയുമുടുത്ത് ദീർഘമായ ധ്യാനത്തിൽ മുഴുകിയിരുന്ന അയാൾ പതിയെ കണ്ണുകൾ തുറന്നു. അതിനു ശേഷം ചുറ്റുമൊന്നു കണ്ണോടിച്ചു നോക്കി.

ആ സമയം അയാൾക്ക് സമീപം ഉണ്ടായിരുന്ന 3 ദാസിമാർ മന്ദം മന്ദം അയാളിലേക്ക് അടിവച്ചടിവച്ചു നടന്നു വന്നു.

സുന്ദരിമാരായ ആ സ്ത്രീ രത്നങ്ങളെ കണ്ട അയാൾ ആവേശത്തോടെ ധ്യാനത്തിൽ ഇരുന്ന മര ബെഞ്ചിൽ നീണ്ടു നിവർന്നു കിടന്നു.

ഒറ്റ മുണ്ടും ബ്ലൗസും അണിഞ്ഞ നാല്പതു വയസ്സോളം പ്രായമുള്ള അവർ അയാൾ നീണ്ടു നിവർന്നു കിടക്കുന്ന ബെഞ്ചിന് സമീപം വന്നു നിന്നു.

പുറകിൽ തൂങ്ങി കിടക്കുന്ന മുടി മുന്നിലേക്ക് മാറിന് മുകളിലൂടെ മെടഞ്ഞിട്ടുകൊണ്ട് സുന്ദരികളിൽ ഒരുവൾ അയാളുടെ കായമുള്ള ശരീരത്തിലെ വിരിഞ്ഞു നിൽക്കുന്ന പേശികളിലൂടെ പതിയെ വിരലുകൾ ഓടിച്ചു.

മറ്റൊരു സുന്ദരി അയാളുടെ പ്രായാധിക്യം എത്തി നോക്കാത്ത കറുത്ത മുടിയിഴകളിലൂടെ മുല്ലപ്പൂ നിറമുള്ള വിരലുകൾ കൊണ്ട് പതുക്കെ കോതിയൊതുക്കുവാൻ തുടങ്ങി.

ജനൽവിടവിലൂടെ അരിച്ചിറങ്ങിയ സൂര്യ പ്രകാശം അയാളുടെ ശരീരത്തിൽ തട്ടിത്തെറിച്ചു പ്രതിഫലിച്ചു.

വെയിലിന്റെ ഇളം ചൂടും സുന്ദരിമാരുടെ കര ലാളനങ്ങളും അയാളെ സുഖത്തിന്റെ ലാഞ്ഛന പതിയെ കീഴ്പ്പെടുത്താൻ തുടങ്ങി.

മൂന്നാമത്തെ സുന്ദരി അയാൾക്ക് സമീപം വന്നു നിന്ന് അയാളുടെ ബലിഷ്ടമായ കൈകളിലും വയറിലും പതിയെ വിരലുകൾ അമർത്തി ഉഴിയുവാൻ തുടങ്ങി.

മൂന്നുപേരും മത്സരത്തോടെ തങ്ങളുടെ കാമദേവനെ പ്രസാദിപ്പിക്കുവാനായി എന്തിനും പോന്ന പോരാളികളെ പോലെ തയാറായി നിന്നു. മൂന്നാമത്തെ സുന്ദരി മൺപാത്രത്തിൽ നിറച്ചു വച്ചിരിക്കുന്ന വെളിച്ചെണ്ണ പതിയെ ഉള്ളം കയ്യിലേക്ക് ഒഴിച്ചു.

അതിനു ശേഷം അയാളുടെ ഞരമ്പുകൾ വീർത്തുന്തിയ ഭുജങ്ങളിലൂടെ പതിയെ അമർത്തി ഉഴിഞ്ഞു കൊണ്ടിരുന്നു.

അയാളുടെ തലക്കൽ നിന്നിരുന്ന ഒന്നാമത്തെ സ്ത്രീ പതുക്കെ അയാളുടെ കഴുത്തിനു ചുറ്റുമായി വിരലുകൾ അമർത്തിക്കൊണ്ട് മസ്സാജ് ചെയ്തു തുടങ്ങി.

കഴുത്തിൽ നിന്നും തോളിനു ഇരുവശത്തേക്കും ഒരു അഭ്യാസിയെ പോലെ അവൾ വിരലുകൾ കൊണ്ട് ഉഴിഞ്ഞു.

സുഖത്തിന്റെയും ആനന്ദത്തിന്റെയും ഉത്തമ ശൃംഗത്തിലേക്കുള്ള യാത്രയുടെ ആദ്യ പടി എന്ന പോലെ അയാളുടെ കണ്ണുകൾ പതിയെ കൂമ്പിയടഞ്ഞു.

സിഗരറ്റ് പുകച്ചു തീർത്ത അയാളുടെ കറുത്ത ചുണ്ടുകൾ വിറ കൊണ്ടു. ഇതിനോടകം രണ്ടാമത്തെ സുന്ദരി ഉഴിച്ചിൽ പതിയെ അയാളുടെ കാൽവിരലുകളിൽ നിന്നും ആരംഭിച്ചിരുന്നു.

വിരലുകളുടെ ഞൊട്ട പൊട്ടിച്ചുകൊണ്ട് സമർത്ഥമായി അവൾ അയാളുടെ വിരലുകളെ തഴുകി വിട്ടു.ഭുജങ്ങളിലെ ഉഴിച്ചിലിനു പരിസമാപതി വന്നതും അവൾ പതിയെ അവളുടെ പൂപോലെ മൃദുലമായ വിരലുകൾ അയാളുടെ ആകൃതിയൊത്ത വയറിൽ കാളകളെ പോലെ ഉഴുതു മറിച്ചു കൊണ്ടിരുന്നു.

എണ്ണയുടെ വഴുപ്പും വിരലുകളുടെ മൃദുല സ്പർശനങ്ങളും അയാളിലെ കാമവികാരത്തെ തൊട്ടുണർത്തി.

അവൾ ഉത്സാഹിയെ പോലെ രണ്ടു കൈകളിലെ വിരൽ കൊണ്ടു അയാളുടെ വയറിൽ ഉഴിഞ്ഞുകൊണ്ട് സംതൃപ്തി നൽകാൻ പരമാവധി ശ്രമിച്ചു.

സുഖത്തിന്റെ താള ചലനങ്ങൾ താഴെ അറിഞ്ഞു തുടങ്ങിയതും അയാൾ പതിയെ കണ്ണുകൾ വലിച്ചു തുറന്നു.

തന്റെ വയറിൽ ഉഴിഞ്ഞുകൊണ്ടിരിക്കുന്ന അപ്സരസിനെ കണ്ട് അയാളുടെ കണ്ണുകൾ വെട്ടി തിളങ്ങി.

അയാൾ കണ്ണുകൾ തുറന്നു വെന്ന് അറിഞ്ഞത് മുതൽ അവൾ ഒരു മദാലസയെ പോലെ ചിരിച്ചുകൊണ്ട് കൊഞ്ചലോടെ അയാളെ നോക്കി.

ആ നോട്ടവും കണ്ണുകളിലെ വശ്യതയും കാമം ഒളിപ്പിച്ചു വച്ചിരിക്കുന്ന പുഞ്ചിരിയും ഏതൊരാളെയും കാമഭ്രാന്തനാക്കുവാൻ പോന്നതോളം ആയിരുന്നു.

അവളെ നോക്കി പുഞ്ചിരിച്ചുകൊണ്ടു അയാൾ കണ്ണുകൾ കൊണ്ടു ആംഗ്യം കാണിച്ചു. അതു മനസിലായ പോലെ അവൾ തലയാട്ടിയ ശേഷം പതുക്കെ അവളുടെ കൈകൾ അയാളുടെ അടിവയറിലേക്ക് നീണ്ടു.

ഈ സമയം തോളിലൂടെ മസ്സാജ് ചെയ്തു കൊണ്ടിരുന്ന സുന്ദരി മുൻപിലേക്ക് ആഞ്ഞു കൈകൾ നീട്ടി അയാളുടെ മാറിടത്തെ ശക്തിയിൽ അമർത്തിക്കൊണ്ട് ഉഴിഞ്ഞു.

നീല ബ്ലൗസിൽ വീർപ്പു മുട്ടി നിൽക്കുന്ന അവളുടെ മുഴുത്ത മാറിടം കണ്ട് അയാൾ ചുണ്ട് നനച്ചുകൊണ്ട് കൊതിയോടെ നോക്കി.

ആ നോട്ടത്തിന്റെ അർത്ഥം മനസിലാക്കിയ  അവൾ കൂടുതൽ മുന്നിലേക്ക് ആഞ്ഞു അയാളുടെ മുഖത്തു മാറിടം ഉരസിക്കൊണ്ട് അയാളുടെ നെഞ്ചിൽ വിരലുകൾകൊണ്ടു ചിത്രപ്പണി ചെയ്തുകൊണ്ടിരുന്നു.

മൂന്ന് പെണ്ണുങ്ങളെയും മതി വരാതെ കൊതിതീരുവോളം ആസ്വദിക്കണമെന്നു ആലോചിച്ചുകൊണ്ട് ആ ആജാനബാഹു സ്വയമേവ നിർവൃതി അണിഞ്ഞു നീണ്ടു നിവർന്നു കിടന്നു.

പ്രായം 50 കഴിഞ്ഞ ആ ശരീരത്തിൽ യാതൊരു ചുളിവുകളോ ജരാ നരകളോ ചുഷ്കിച്ച ചർമ്മമോ ഒന്നും തന്നെയില്ലാത്തത് ആ സ്ത്രീ രത്നങ്ങളെ അത്ഭുതപ്പെടുത്തി.

കാലിൽ നിന്നും തുടകളിലേക്ക് എത്തിയ രണ്ടാമത്തെ സ്ത്രീയുടെ കരവിരുതിൽ അയാൾ സുഖം കൊണ്ടു പുളഞ്ഞു പോയി. ഇതിനു മുൻപ് ഇത്രയും മനോഹരമായി തനിക്ക് ആരും മസ്സാജ് ചെയ്തു തന്നിട്ടില്ലെന്നു അയാൾ ഓർത്തുകൊണ്ടിരുന്നു.

കാൽതുടകളിലെ മസിലുകളിലൂടെ വിരലുകൾ കൊണ്ടു അമർത്തി ഉഴിയാൻ അവൾ അല്പം കഷ്ട്ടപെട്ടു.

എങ്കിലും അയാളുടെ ബലിഷ്ടമാർന്ന കൈകാലുകളും മസിലും പേശികളും അവളുടെ ഉള്ളിലെ പുരുഷ സങ്കല്പത്തിനോട് താദാത്മ്യം പ്രാപിക്കുന്ന ഒന്നായിരുന്നു.

അയാളുടെ ശരീരത്തിലൂടെ കണ്ണുകൾ കൊണ്ടു ഉഴിഞ്ഞുകൊണ്ടു അവൾ തന്റെ ജോലിയിൽ വ്യാപൃതയായി.

കാൽ തുടകളിൽ നിന്നും പതിയെ അയാളുടെ അടി വയറിലേക്ക് അവളുടെ കൈകൾ എത്തിയതും അയാൾ സുഖം കൊണ്ടു ശ്വാസം വലിച്ചു വിട്ടു.

ഈ സമയം മൂന്നാമത്തവൾ അയാൾ ഉടുത്തിരുന്ന ലങ്കോട്ടിയിൽ നിന്നും മോക്ഷം കിട്ടാൻ പെടാപ്പാട് പെടുന്ന ആളെ നോക്കിക്കൊണ്ട് പതിയെ ലങ്കോട്ടിക്ക് ചുറ്റുമായി കൈകൾ കൊണ്ടു വരിഞ്ഞു.

രണ്ടു പേരും മത്സരത്തോടെ ലങ്കോട്ടിക്ക് ചുറ്റുമായി ഉഴിഞ്ഞു തുടങ്ങിയതും അയാളിൽ നിന്നും ചെറിയൊരു ശീല്ക്കാരം പുറപ്പെട്ടു.

തലക്കൽ നിൽക്കുന്നവളുടെ കൈകൾ പതിയെ അയാളുടെ നെഞ്ചിലൂടെ ഉഴിഞ്ഞു കൊണ്ടു വയറിലൂടെ സഞ്ചരിച്ചു അടിവയറിലേക്ക് എത്തിച്ചേർന്നു.

മൂന്നുപേരുടെയും കരലാളനങ്ങളുടെ സുഖലോലുപതയിൽ മതി മറന്നു അയാൾ വായ് പൊളിച്ചു കിടന്നു.

മൂന്ന് പേരും വശ്യതയോടെയുള്ള നോട്ടം അയാൾക്ക് നേരെ എറിഞ്ഞു കൊടുത്ത് കൂട്ടത്തിലൊരാൾ ലങ്കോട്ടിയുടെ ബന്ധനം അഴിച്ചു മാറ്റാൻ തുടങ്ങി.

സമയമെടുത്തു ചരടുകൾ അഴിച്ചു മാറ്റിയതും ലങ്കോട്ടിയുടെ അറ്റം താഴേക്ക് വീണു. അതോടൊപ്പം അയാളുടെ ഉദ്ധരിച്ച മുഴുത്ത ലിംഗം വിശ്വരൂപം പ്രാപിച്ചു മുകളിലേക്ക് ഉയർന്നു പൊങ്ങി.

ബന്ധനത്തിൽ നിന്നും മോക്ഷം പ്രാപിച്ച ലിംഗം വർധിത വീര്യത്തോടെ സട കുടഞ്ഞെണീറ്റു.അതിന്റെ തലയെടുപ്പ് കണ്ട് അയാളോട് ചേർന്നു നിന്നിരുന്ന തരുണീമണികളുടെ കണ്ണുകൾ പുറത്തേക്ക് തള്ളി വന്നു.

അവരുടെ മുഖത്തു വിരിഞ്ഞു വന്ന ഭാവമാറ്റം കണ്ട് അയാൾ ഊറി ചിരിച്ചു.കൂട്ടത്തിൽ സുന്ദരിയായ ഒരുവൾ അയാളുടെ വലിയ ലിംഗത്തെ കൈകൊണ്ട് താങ്ങി പിടിച്ചു.

ആ കറുത്ത ലിംഗത്തിലൂടെ അവളുടെ പാൽ നിറമുള്ള കരതലം മുകളിലേക്കും താഴേക്കും ഒരു യന്ത്രം പോലെ പതിയെ ചലിച്ചു.അവളുടെ കയ്യിലെ തണുപ്പ് അയാളുടെ ലിംഗം വേണ്ടുവോളം ആവാഹിച്ചു.

ആ തഴുകലിൽ സ്വയം മതി മറന്നു അയാൾ ദീർഘ നിശ്വാസം എടുത്തു.അത് കണ്ട് നിയന്ത്രണം വിട്ട രണ്ടാമത്തെ സുന്ദരിയും മൂന്നാമത്തെ സുന്ദരിയും അയാളുടെ ആ ലിംഗത്തിൽ പിടി പൊടുന്നനെ മുറുക്കി.

മൂവരും ആ ലിംഗത്തിലെ പുറം തൊലി താഴോട്ടും മേലോട്ടും ചലിപ്പിച്ചുകൊണ്ടിരുന്നു. മൂന്നു കൈകളും കൂടി അയാളിൽ പതിയെ ലിംഗ മഥനം നടത്താൻ തുടങ്ങി.

സുഖത്തിന്റെ പരകോടിയിൽ എത്തിയ അയാൾ കിതപ്പോടെ അവരെ നോക്കി. മൂവരും അയാളെ നോക്കി വശ്യമായി പുഞ്ചിരിച്ചുകൊണ്ടു ലിംഗ മഥനം തുടർന്നുകൊണ്ടിരുന്നു.

അതിലൊരുവൾ അയാൾക്ക് ചാരെ വന്നു അയാളുടെ രോമ രഹിതമായ താടിയിൽ ചുണ്ടുകൾ അമർത്തി.

പൊടുന്നനെ കവിളിൽ കിട്ടിയ മുത്തത്തിന്റെ കുളിരിൽ അയാൾ അവളുടെ കവിളിൽ പിടിച്ചു അയാളുടെ മുഖത്തോട് ചേർത്തു.

പഞ്ഞിക്കെട്ട് പോലെ മൃദുലമായ അവളുടെ കവിളുകൾ ഇറുക്കിപ്പിടിച്ചു അയാൾ അവളുടെ തൊണ്ടിപ്പഴങ്ങൾ പോലുള്ള അധരങ്ങൾ കടിച്ചെടുത്തു ഉമ്മ വച്ചു.

അവളുടെ ചുടു ചുംബനവും ഉമിനീരും അയാളിലെ കത്തുന്ന കാമാസക്തിക്ക് പെട്രോൾ ഒഴിച്ചതിനു തുല്യമായിരുന്നു.

വീണ്ടും അവളെ ചുംബിക്കാൻ ഒരുങ്ങവെ ഇടതു ഭാഗത്തുള്ള സുന്ദരിയുടെ മാറിടത്തിലേക്ക് അയാളുടെ കണ്ണുകൾ പതിഞ്ഞു.

ആർത്തിയോടെ അയാൾ ആ സ്ത്രീയുടെ കവിളിലെ പിടി വിട്ട ശേഷം ഇടതു ഭാഗത്തുള്ള പെണ്ണിന്റെ ഇടുപ്പിൽ കൈ ചേർത്തു അടുത്തേക്ക് വലിച്ചു പിടിച്ചു.

അവൾ അയാളിലേക്ക് വീഴാൻ ആഞ്ഞെങ്കിലും അയാളുടെ നെഞ്ചിൽ താങ്ങി പിടിച്ചു അവൾ എണീറ്റു നിന്നു. കണ്മുൻപിൽ മുഴുത്ത മാറിടം ദൃശ്യമായതും കൊതിയോടെ അയാൾ അത് നോക്കികൊണ്ട് വെള്ളമിറക്കി.

സഹിക്ക വയ്യാതെ അയാൾ ആ ബ്ലൗസിനുള്ളിൽ തിങ്ങി നിൽക്കുന്ന മുല വിടവിലേക്ക് മുഖം പൂഴ്ത്തി വച്ചു.

അയാളുടെ കട്ടി മീശയും നീളം കൂടിയ നാസികയും ചുണ്ടുകളും കൊണ്ടുള്ള
പരാക്രമം കാരണം ഇക്കിളിയോടെ അവൾ പുളകം കൊണ്ടു.

മുലവിടവിൽ പറ്റി പിടിച്ചിരുന്ന വിയർപ്പ് കണങ്ങൾ അയാൾ നാവ് കൊണ്ട് പതിയെ നക്കിയെടുത്തു.

ഈ സമയം മൂന്നു തരുണീമണികളും അയാളുടെ ലിംഗത്തിൽ പിടി വിടാതെ താഴേക്കും മുകളിലേക്കും വേഗതയിൽ ഉഴിഞ്ഞുകൊണ്ടിരുന്നു.

ശരീരത്തിന്റെ ഓരോ അണുവിലേക്കും സുഖാനുഭൂതി നൽകുന്ന മൂന്ന് പെണ്ണുങ്ങളെയും അയാൾ ആരാധനയോടെ നോക്കി.

സുഖ ലോലുപതയിൽ കിടക്കവേ വാതിൽ പാളികളിൽ ആരോ മുട്ടുന്നത് കേട്ട് മുഷിപ്പോടെ അയാൾ എണീറ്റിരുന്നു.

സുന്ദരിമാർ വിനയാന്വിതരായി അല്പം മാറി നിന്നു. അവരെ നോക്കി മോഹഭംഗത്തോടെ അയാൾ വാതിലിനടുത്തേക്ക് നടന്നു വന്നു.

രോഷത്തോടെ അയാൾ വാതിൽ പാളികൾ വലിച്ചു തുറന്നു. മുന്നിൽ നിൽക്കുന്ന ആളെ കണ്ടതും അയാളുടെ ദേഷ്യം ഇരട്ടിയായി.

"എന്താടി നായെ "

മുൻപിൽ മനയിൽ വേലക്ക് നിൽക്കുന്ന ദാസിയെ കണ്ടു അയാൾ ഉറഞ്ഞു തുള്ളി.

"അങ്ങു...ന്നേ തി... തിരു.. മേനി വി.. ളിക്കു..ന്നു "

ഭയന്ന് വിറച്ച ആ പെൺകുട്ടി വിക്കി വിക്കി പറഞ്ഞു.

ഏകദേശം 18 വയസ്സോളം പ്രായമുള്ള മുഷിഞ്ഞ പാവാടയും ബ്ലൗസും അണിഞ്ഞ എണ്ണ കറുപ്പിന്റെ നിറവും കുഞ്ഞി കണ്ണുകളും പ്രായത്തിൽ കവിഞ്ഞ അവളുടെ ശരീര - അവയവ വലിപ്പവും അയാളുടെ കണ്ണുകൾക്ക് വിരുന്നേകി.

മനയിലെ ഏതോ വേലക്കാരിയുടെ മകളാണിതെന്ന് ഒറ്റ നോട്ടത്തിൽ അയാൾക്ക് മനസിലായി.

നല്ല ഇളം പച്ച കരിമ്പ് തന്നെയാണ് തന്റെ മുൻപിൽ വന്നു നിൽക്കുന്നതെന്ന് മനസിലായപ്പോൾ അയാൾ അവളെ നോക്കി ഊറി ചിരിച്ചു.

ഒരു ലങ്കോട്ടി മാത്രം ഉടുത്തുകൊണ്ട് ശരീര പ്രദർശനം ചെയ്തു നിൽക്കുന്ന അയാളെ കണ്ടു നാണവും ഭയവും കൂടി കലർന്ന വികാരം അവളെ കീഴ്പ്പെടുത്തി.

ഭയവും ബഹുമാനവും കാരണം അയാളുടെ മുഖത്തേക്ക് നോക്കുവാൻ അവൾ വല്ലാതെ ബുദ്ധിമുട്ടി.പേടി കാരണം അവളുടെ കയ്യും കാലും വിറക്കാൻ തുടങ്ങി.

എങ്ങനേലും അവിടുന്ന് എങ്ങോട്ടേലും രക്ഷപെട്ടാൽ മതിയെന്ന് അവൾ ആഗ്രഹിച്ചു.

"എന്താടി പെണ്ണെ നിന്റെ പേര് ? "

വാതിൽ പാളിയിൽ ചാരിക്കൊണ്ട് അയാൾ ചോദിച്ചു.

പെണ്ണിന്റെ ബ്ലൗസിനുള്ളിൽ നിന്നും പുറത്തേക്ക് തള്ളി നിൽക്കുന്ന മാറിടത്തിൽ തന്നെയായിരുന്നു അയാളുടെ നോട്ടം.

"കവിത "

"ഷ്മ്.. നല്ല പേര്.. "

അയാൾ അവളെ ആപാദ ചൂഢം കണ്ണുകൾ കൊണ്ട് ഉഴിഞ്ഞു. അതിനു ശേഷം ആ പെൺകുട്ടിയുടെ താടിയിൽ പിടിച്ചു തടവി.

എണ്ണ കറുപ്പാണെങ്കിൽ പോലും വല്ലാത്തൊരു ശ്രീത്വം ആ മുഖത്തു തെളിഞ്ഞു നിൽപ്പുണ്ടെന്നു അയാൾക്ക് തോന്നി.

കീഴ് ചുണ്ട് കടിച്ചു പിടിച്ചു അയാൾ അവളെ തന്നെ കണ്ണുകൾ കൊണ്ട് കൊത്തി പറിച്ചു കൊണ്ടിരുന്നു.

"ശരിയങ്ങുന്നേ "

ഇത്രയും മാത്രം പറഞ്ഞു കൊണ്ട് ആ പെൺകുട്ടി മനയുടെ പിന്നാമ്പുറത്തേക്ക് ഓടിപോയി.

ഉള്ളിൽ ചിരിയോടെ അയാൾ റൂമിനുള്ളിലേക്ക് വന്നു. അതിനു ശേഷം ഒരു മുണ്ടും ഷർട്ടും ധൃതിയിൽ അണിഞ്ഞ ശേഷം സുന്ദരിമാരോട് പോകുവാൻ ആജ്ഞാപിച്ചുകൊണ്ട് മുറി വിട്ടിറങ്ങി.

പൂജാ മുറിയിലെ അനക്കം കേട്ടതും അയാൾ അങ്ങോട്ടേക്ക് നേരെ വച്ചു പിടിപ്പിച്ചു.

പൂജാമുറിയുടെ വാതിൽ തള്ളി തുറന്നു അയാൾ ഉള്ളിലേക്ക് കേറി. അകത്തു ഒരു വശത്തായി നിലത്തു നിരത്തിയ കവിടിക്ക് ചാരെ രുദ്രൻ തിരുമേനി ചമ്രം പടിഞ്ഞു ഇരിക്കുന്നത് കണ്ടു അയാൾ അങ്ങോട്ടേക്ക് വേഗം വന്നു.

അയാൾക്ക് സമീപം വന്നു നിന്നതും വിനയത്തോടെ അയാൾ അദ്ദേഹത്തെ നോക്കി.

"അമ്മാവാ എന്നെ തിരക്കീന്നു അറിഞ്ഞു.. എന്താ വിശേഷം? "

"ഹാ ജയാ നീ വന്നുവോ ഞാൻ ആകെ ധർമ്മ സങ്കടത്തിൽ ആയിരുന്നു. "

"എന്താ അമ്മാവാ ഉണ്ടായേ ? "

ജയശങ്കർ എന്ത് സംഭവിച്ചെന്ന് അറിയാനുള്ള വ്യഗ്രതയിൽ തന്റെ അമ്മാവനെ ഉറ്റു നോക്കി.

"എന്താണെന്നു അറിയില്ല ജയാ.. കുറച്ചു മുൻപ്
എനിക്കാകെ പരവേശവും ക്ഷീണവുമൊക്കെ തോന്നി.. ഞാൻ ആകെ വിയർത്തു കുളിച്ചു നിൽക്കുമ്പോഴാണ് ദക്ഷിണ മോള് അമ്പലത്തിൽ നിന്നും തിരിച്ചു വന്നത് ..."

മുഴുവനും പറയാനാവാതെ അയാൾ ദീർഘ നിശ്വാസം വിട്ടു.

"എന്താ ഉണ്ടായത് അമ്മാവാ.. ഒന്നൂടെ വ്യക്തമാക്കിയാൽ "

ജയശങ്കർ പറഞ്ഞു നിർത്തി.

അദ്ദേഹത്തെയും കൊണ്ട് ആശുപത്രിയിൽ പോകാൻ ആവും അമ്മാവൻ ഉദ്ദേശിച്ചതെന്ന് അയാൾ കരുതി.

"ജയാ ബോംബെയിൽ നിന്നും വന്ന നമ്മുടെ ദക്ഷിണ മോളില്ലേ, "

"ഹാ അമ്മാവാ മോൾക്ക് എന്തായെ? "

അയാൾ സങ്കോചത്തോടെ ചോദിച്ചു

"ഹേയ് അവൾക്ക് ഒന്നും പറ്റിയില്ല.. പക്ഷെ അവളെ ആദ്യമായി കണ്ടപ്പോൾ നിനക്ക് എന്താ തോന്നിയത്? "

"അത്.. പിന്നെ അമ്മാവാ.... "

"മടിക്കാതെ പറയ് ജയാ "

രുദ്രൻ തിരുമേനി അവനെ ഉറ്റു നോക്കി. അയാളുടെ കണ്ണുകൾ വല്ലാതെ വെട്ടി തിളങ്ങുന്നപോലെ ജയശങ്കറിന് തോന്നി.

"അത് നമ്മുടെ മുത്തുമണിയെ പോലെ തന്നെ കാണാൻ.. അതേ മുഖവും രൂപവും ചിരിയുമൊക്കെ.. മുൻപത്തെ പോലെ അതേ പൂച്ചക്കണ്ണുകളും "

ജയശങ്കർ വാചാലനായി.

"ശരിയാണ് ജയാ നീ പറഞ്ഞത്.നമ്മുടെ മുത്തുമണിയുടെ അതേ മുഖഛായയും രൂപവും ആണ് ദക്ഷ മോൾക്കും.എന്തിനു കണ്ണുകൾ പോലും പഴയതു പോലെ തന്നെ.. ആദ്യം ഒറ്റ നോട്ടത്തിൽ അവളെ കണ്ടപ്പോൾ ശരിക്കും ഒരു ഞെട്ടൽ ആയിരുന്നു എനിക്ക്.. പിന്നെ അത് യാദൃശ്ചികമായി സംഭവിച്ചതാണെന്നേ ഞാൻ കരുതിയുള്ളൂ..... പക്ഷെ ...."

പൂർത്തിയാക്കാനാവാതെ രുദ്രൻ തിരുമേനി വാക്കുകൾക്കായി പരതി. അദ്ദേഹം ആകെ അസ്വസ്ഥനായിരുന്നു.

കഴുത്തിൽ അണിഞ്ഞിരുന്ന കറുത്ത തോർത്തുമുണ്ട് കയ്യിലെടുത്ത് അയാൾ മുഖത്തും കഴുത്തിലും പറ്റിപ്പിടിച്ചിരിക്കുന്ന വിയർപ്പ് കണങ്ങൾ തുടച്ചു മാറ്റി.

പൂജാമുറിയിലെ ഉഷ്ണം തിരുമേനിയെ വല്ലാതെ ക്ഷീണിതനാക്കികൊണ്ടിരുന്നു. മുഖം അമർത്തി തുടച്ച ശേഷം അയാൾ തോർത്തുമുണ്ട് തന്റെ മടിയിലേക്ക് നിക്ഷേപിച്ചു.

"എന്താ അമ്മാവാ ഉണ്ടായേ.. വ്യക്തമായി പറയാമോ "

ജയശങ്കർ ബഹുമാനത്തോടെ അയാളോട് ചോദിച്ചു.

കുന്താള പുരത്തെ ഗർജിക്കുന്ന സിംഹം എന്ന് അറിയപ്പെടുന്ന തന്റെ അമ്മാവനും സർവോപരി നാട്ടു പ്രമാണിയുമായ തിരുവമ്പാടി രുദ്രൻ തിരുമേനി ഒരു കുഞ്ഞു കാര്യത്തിന് ഇങ്ങനെ അസ്വസ്ഥമായി ഇരിക്കുന്നത് ജയശങ്കർ തന്റെ ജീവിതത്തിൽ ആദ്യമായി കാണുകയായിരുന്നു.

അയാൾ അമ്മാവനായ രുദ്രൻ തിരുമേനിയെ സാകൂതം നോക്കി.

"എന്തൊക്കെയോ അരുതാത്തത് സംഭവിക്കുന്നു ഇവിടെ... അല്പം മുൻപ് ക്ഷേത്ര ദർശനം കഴിഞ്ഞു മടങ്ങിയെത്തിയ ദക്ഷ മോള് എന്നെ മറി കടന്നു പോയപ്പോൾ അപൂർവമായ ഒരു സുഗന്ധം എന്റെ നാസികയിലേക്കെത്തി ചേർന്നു. വളരെ വിശിഷ്ടമായ അപൂർവങ്ങളിൽ അപൂർവമായ ഒരു പരിമളം. ഈ ലോകത്ത് വച്ചു ഏറ്റവും ലഹരി കൂടിയ ആരെയും വശീകരിക്കുവാൻ തക്ക പ്രാപ്തി ഉള്ള കാമ പൂവിന്റെ സുഗന്ധം. ആ ഗന്ധം ഇന്നെനിക് അറിയാൻ പറ്റി ദക്ഷ മോളിലൂടെ... "

"അമ്മാവൻ എന്താ ഈ പറയുന്നേ.. കാമപൂവോ? അതെന്താണ്? അതിന്റെ മണം എങ്ങനെ ദക്ഷ മോൾക്ക് കിട്ടി? ഇനി ഒരുപക്ഷെ അവൾ മുംബൈയിൽ ഒക്കെ ഉപയോഗിക്കുന്ന വല്ല സ്പ്രൈ ആയിരിക്കും.മോള് മോഡലിംഗ് ഒക്കെ ചെയ്യണതല്ലേ, അപ്പൊ ആ രീതിയിൽ അല്ലേ മോള് നടക്കൂ "

ജയശങ്കർ തന്റെ മനസിൽ തോന്നിയ ശങ്ക മുന്നോട്ട് വച്ചു.

"വിഡ്ഢിത്തരം പറയാതിരിക്കൂ ജയാ.. കാമ പൂവൊക്കെ 1000 വർഷങ്ങൾക്ക് മുൻപേ വംശനാശം സംഭവിച്ചതാണ്.ഇന്നത്തെ തലമുറയിൽ ഉള്ള ആർക്കും അറിയില്ല പണ്ട് കാലത്ത് അങ്ങനൊരു പുഷ്പം ഉണ്ടായിരുന്നുവെന്നും അതിനു അഭൗമ്യമായ സുഗന്ധമുണ്ടായിരുന്നുവെന്നും എന്തിനു പറയണം ഇവിടുത്തെ ഗവേഷകർ പോലും അത് കണ്ടുപിടിച്ചിട്ടില്ല. അതൊക്കെ വാമൊഴിയായി പകർന്നു കിട്ടിയ അറിവുകളല്ലേ"

"അപ്പോൾ അമ്മാവന് അതെങ്ങനെ അതിന്റെ മണം മനസിലായി.. "

ജയശങ്കർ തന്റെ സംശയം പ്രകടിപ്പിച്ചു.

"വർഷങ്ങൾക്ക് മുൻപ് ഞാൻ ഹിമാലയം യാത്രക്ക് പോയത് നീ ഓർക്കുന്നില്ലേ ജയാ "

"ഉവ്വ് അമ്മാവാ എന്താ ആ യാത്രയിൽ സംഭവിച്ചേ "

"പറയാം ജയാ, അന്ന് ആ യാത്രയിൽ ഒരുപാട് അലഞ്ഞു തിരിഞ്ഞു നടക്കവേ ഞാൻ ഒരു നാഗ സന്യാസിനിയെ കണ്ടു മുട്ടി."

"സന്യാസിനി എന്ന് പറയുമ്പോൾ അവരൊരു സ്ത്രീ അല്ലേ അമ്മാവാ, സ്ത്രീകളും സന്യാസിമാരുടെ കൂട്ടത്തിൽ ഉണ്ടോ? "

ജയശങ്കർ സംശയം തിരുമേനിക്ക് നേരെ വച്ചു നീട്ടി.

"ഉവ്വ് ജയാ ഉത്തരേന്ത്യകളിൽ ഇതുപോലെ എത്ര സ്ത്രീകളെ വേണേലും കാണാം, സന്യാസിമാരായും സന്യാസി?മാരുടെ കൂട്ടത്തിലും. "

ജയശങ്കർ മനസിലായി എന്ന അർത്ഥത്തിൽ തലയാട്ടി. തിരുമേനി കഥ പറച്ചിൽ പുനരാരംഭിച്ചു.

"അങ്ങനെ ആ സന്യാസിനി എന്നെ അവരുടെ കുടിയിലേക്ക് ക്ഷണിച്ചു. ആഥിത്യ
മര്യാദയോടെ ഞാൻ അവരെ അനുഗമിച്ചു. ഒരു വലിയ മരത്തിന്റെ മുകളിലുള്ള ഏറുമാടത്തിൽ ആയിരുന്നു അവരുടെ താമസം. ഞാനും ഒരു സമയം പോക്കിനെന്ന പോലെ ആ ഏറുമാടത്തിലേക്ക് വലിഞ്ഞു കയറി. അവിടേക്ക് കേറിച്ചെന്ന പാടെ ഒരു അപൂർവമായ സുഗന്ധം മൂക്കിലേക്ക് വലിഞ്ഞു കയറി. വല്ലാത്തൊരു ആവേശത്തോടെ ഞാൻ ആ സുഗന്ധം വീണ്ടും വീണ്ടും ആവോളം നാസികയിലൂടെ വലിച്ചെടുത്തു. അത് ശ്വസിക്കുന്തോറും എന്റെ ശരീരത്തിലെ ക്ഷീണവും മടുപ്പും തളർച്ചയും ഒറ്റയടിക്ക് വിട്ടകന്നു. പകരം വല്ലാത്തൊരു ഊർജവും ഉന്മേഷവും എന്നിലേക്ക് ഒരു വിദ്യുത് പ്രവാഹം പോലെ കടന്നു വന്നു. പിന്നീട് പയ്യെ പയ്യെ എന്നിലേക്ക് അടങ്ങാത്ത കാമവികാരം അലയടിച്ചെത്തി. വല്ലാത്തൊരു കാമവികാരം എന്റെ മനസിനെയും ശരീരത്തെയും കീഴടക്കി.തികച്ചും ബ്രഹ്മചാരിയായി ജീവിച്ചിരുന്ന എന്നെ വെറും ഒരു നറു മണം കൊണ്ട് കാമവികാരത്തിലേക്ക് തള്ളിയിട്ട ആ നിമിഷത്തിൽ ഞെട്ടലോടെ ഞാൻ അസ്വസ്ഥനായി. ആ ഗന്ധം എന്താണെന്നും എവിടുന്ന് വരുന്നതാണെന്നും അറിയാനുള്ള ആകാംക്ഷയോടെ ഞാൻ ആ നാഗ സന്യാസിനിയെ സമീപിച്ചു.അപ്പോൾ അദ്ദേഹം ഒരു പളുങ്ക് കുപ്പിയിൽ നിറച്ചു വച്ച കറുത്ത ദ്രാവകം എനിക്ക് നേരെ നീട്ടി. അതിനു ശേഷം ആ നാഗസന്യാസിനി കുപ്പിയുടെ അടപ്പ് പതുക്കെ തുറന്നു. അത് തുറക്കപ്പെട്ടതും തൊട്ട് മുൻപ് അനുഭവിച്ച അതേ പരിമളം, അന്ധമായ കാമ വികാരത്തെ തൊട്ടുണർത്തുന്ന ആ സുഗന്ധം എനിക്ക് കൂടിയ തോതിൽ അനുഭവിച്ചറിയാൻ പറ്റി. ഞാൻ പതുക്കെ ആ കുപ്പിയുടെ

അടപ്പിലേക്ക് നാസിക നീട്ടി കൂടുതൽ ആവേശത്തോടെ ഗന്ധം ആസ്വദിച്ചു വലിച്ചെടുത്തു. അതിനു ശേഷം എന്റെ കണ്ണുകൾക്ക് കാഴ്ച കൂടുതൽ കിട്ടി തുടങ്ങി. ശരീരത്തിലെ ക്ഷീണവും മടുപ്പും മറ്റും പോയി മറഞ്ഞു അതിനു പകരം ഉന്മേഷവും ഉത്സാഹവും വന്നു നിറഞ്ഞു നിന്നു. അതോടൊപ്പം എന്റെ ലിംഗം സാവധാനം ഉദ്ധരിച്ചു വന്നു. ഞാൻ അതിശയത്തോടെ എനിക്ക് വന്ന മാറ്റങ്ങൾ നോക്കി കാണുകയായിരുന്നു.അവസാനം ഗത്യന്തരമില്ലാതെ ഞാൻ അദ്ദേഹത്തെ നോക്കി. ഒരു ചിരിയോടെ ആ സന്യാസിനി എന്നോട് പറഞ്ഞ ഒരു കാര്യം ഇപ്പോഴും എനിക്ക് ഓർമയുണ്ട്. "

"എന്താ അമ്മാവാ ആ സന്യാസി പറഞ്ഞത് "

ജയശങ്കർ അറിയാനുള്ള ത്വരയിൽ പെട്ടെന്നു ചോദിച്ചു. അയാളുടെ ചോദ്യം കേട്ടതും രുദ്രൻ തിരുമേനി ഒന്നുകൂടെ അമർന്നിരുന്നുകൊണ്ട് ജയശങ്കറെ നോക്കി.

"ജയാ ആ സന്യാസിനി എന്നോട് പറഞ്ഞത് എന്താണെന്ന് വച്ചാൽ ആ കുപ്പിയിലെ ദ്രാവകത്തിന്റെ സുഗന്ധം നാസികയിലെത്തിയാൽ പിന്നെ കാമ വികാരം ഇരട്ടിയാവുമെന്നും സ്ഖലനം സംഭവിക്കാതെ ഉദ്ധരിച്ച ലിംഗം ഒരിക്കലും താഴില്ലെന്നും..."

അത് കേട്ടതും ചെറു ചിരിയോടെ ജയശങ്കർ തിരുമേനിയെ നോക്കി. അദ്ദേഹം ചുണ്ടിൽ വന്ന ചിരി കടിച്ചു പിടിച്ചു ഒതുക്കി.

"പക്ഷെ ഞാൻ ആ ഗന്ധം നേരിട്ട് തൊടാതെ അനുഭവിച്ചതുകൊണ്ട് മാത്രം എനിക്ക് അങ്ങനൊരു സങ്കീർണ്ണത നേരിടേണ്ടി വരില്ലെന്നും അവർ പറഞ്ഞു തന്നു. പക്ഷെ എന്നെ അത്ഭുതപെടുത്തിയത് എന്താണെന്ന് വച്ചാൽ ആ നാഗ സന്യാസിനിയും അവരുടെ പൂർവികരും നൂറ്റാണ്ടുകളായി കൈ മാറി പോരുന്ന ഒരു അപൂർവ നിധിയാണത്. ഈ ലോകത്ത് ചുരുക്കം ചിലർക്ക് മാത്രം അറിയാവുന്ന അപൂർവ നിധി. "

"അമ്മാവാ എന്താണ് ആ നിധി?  എനിക്ക് ഒന്നും മനസിലാവുന്നില്ല"

ജയശങ്കർ തല ചൊറിഞ്ഞുകൊണ്ട് അയാളെ
നോക്കി.

"ജയാ ആ നിധി അവർ തലമുറകളായി കൈമാറ്റം ചെയ്യുന്നതിന് ഒറ്റ കാരണമേ ഉള്ളൂ,  അവരുടെ വംശത്തിൽ പെട്ട ഒരാളുടെ പുനർജന്മം വൈകാതെ ഉണ്ടാകുമെന്നും സമയം ആഗതമാകുമ്പോൾ ആ പുനർജന്മധാരി അവരെ തേടി ചെല്ലുമെന്നുമാണ് അവർ ഇപ്പോഴും വിശ്വസിക്കുന്നത് "

"എന്തിനായിരിക്കും അവർ ഇപ്പോഴും അയാൾക്ക് വേണ്ടി കാത്തിരിക്കുന്നത്? എന്തായിരുന്നു അയാളുടെ പഴയ ജന്മം? ആ നിധി കൊണ്ട് അയാൾക്ക് എന്താണ് വേണ്ടത്? "

ചോദ്യങ്ങൾ നിരത്തിക്കൊണ്ട് ജയശങ്കർ കിതപ്പോടെ അമ്മാവനെ നോക്കി.

"എനിക്ക് കൂടുതലായി ഒന്നുമറിയില്ല മകനേ.. പക്ഷെ ഒന്ന് മാത്രം അറിയാം. പണ്ട് കാലത്ത് ജീവിച്ചിരുന്ന അഥർവ്വൻ എന്ന യോദ്ധാവിന്റെ പുനർജന്മിക്ക് വേണ്ടിയാണ് അവർ തലമുറകളായി കാത്തിരിക്കുന്നതെന്ന്.. ആ നിധി അയാൾക്ക് കൈമാറാനാണ് കാത്തു വച്ചിരിക്കുന്നതും... "

"കേട്ടിട്ട് ഒരുമാതിരി പഴങ്കഥ പോലെയുണ്ട്. ഇതൊക്കെ ഈ കാലത്ത് നടക്കുമോ അമ്മാവാ"

ജയശങ്കറിന്റെ ചോദ്യം കേട്ടതും പുച്ഛത്തോടെ രുദ്രൻ തിരുമേനി തന്റെ മരു മകനെ നോക്കി.

"എന്റെ ദുർ മന്ത്രവാദത്തിൽ നിനക്ക് വിശ്വാസമുണ്ടോ ജയാ"

"ഉണ്ട് അമ്മാവാ ഉറപ്പായിട്ടും.. ഞാൻ അത് എത്രയോ തവണ നേരിട്ട് കണ്ടിരിക്കുന്നു"

ബഹുമാനത്തോടെ ജയ ശങ്കർ തല കുനിച്ചു.

"ഹ്മ്മ് നല്ലത് തന്നെ ജയാ.. ഇപ്പോൾ കാമ പൂവോ അഥർവ്വനോ അല്ല നമ്മുടെ വിഷയം. ദക്ഷിണ മോളിൽ നിന്നു ഉത്ഭവിച്ച ആ കാമപൂവിന്റെ ഗന്ധം അതെവിടുന്ന് മോൾക്ക് കിട്ടി? ഇനി ആ നാഗ സന്യാസി പറഞ്ഞ പോലെ ആ പുനർജ്ജന്മം നേരത്തെ നടന്നിട്ടുണ്ടാകുമോ? ആ പുനർജ്ജന്മം കൈ വരിച്ച ആളുമായി ദക്ഷ മോൾക്ക് എന്തേലും ബന്ധമുണ്ടോ? "

ചിന്തകൾ കൊണ്ട് സങ്കീർണ്ണമായ മനസുമായി രുദ്രൻ തിരുമേനി കവടി നിരത്തിയ പാലകയിലേക്ക് കണ്ണും നട്ടിരുന്നു.

ജയശങ്കർ എന്ത് ചെയ്യണമെന്ന് അറിയാതെ അമ്മാവനെ നോക്കി നിന്നു.അല്പ സമയം കഴിഞ്ഞതും രുദ്രൻ തിരുമേനി തലയുയർത്തു അയാളെ നോക്കി.

അമ്മാവന്റെ മുഖം വലിഞ്ഞു മുറുകുന്നത് കണ്ടു ജയശങ്കർ ഭയത്തോടെ അദ്ദേഹത്തെ നോക്കി.

"ജയാ നമ്മുടെ നാട്ടിലും ദേശത്തും പുതിയതായി ആരേലും കുടിയേറിയോ അല്ലാതെയോ വന്നിട്ടുണ്ടോ എന്ന് അന്വേഷിക്കണം. നാടിന്റെ മുക്കും മൂലയും അന്വേഷിക്കണം. അതുപോലെ ഇന്ന് അമ്പലത്തിൽ ആരൊക്കെ പുതിയതായി വന്നിട്ടുള്ളതെന്നും അന്വേഷിക്കണം. ഇന്ന് വൈകുന്നേരത്തിനുള്ളിൽ എനിക്ക് വിവരം കിട്ടണം. ഞാൻ പറഞ്ഞത് മനസിലായോ? "

"മനസിലായി അമ്മാവാ..ഇപ്പൊ തന്നെ വിളിച്ചു അന്വേഷിക്കാം. "

"ഹ്മ്മ്.. നീ പൊക്കോളൂ.. ഞാൻ അല്പ നേരം എന്റെ ചാത്തന്മാരെ പ്രീതിപ്പെടുത്താൻ നോക്കട്ടെ.. അപ്പോൾ എനിക്ക് എന്തേലും ഉത്തരം ലഭിക്കും.. തീർച്ച "

രുദ്രൻ തിരുമേനി പറയുന്നത് കേട്ട് ജയശങ്കർ തലയാട്ടി. അതിനു ശേഷം വാതിൽ തുറന്നു വെളിയിലേക്കിറങ്ങി. വാതിൽ പതുക്കെ ചാരി വച്ച ശേഷം അയാൾ നേരെ മുറിയിലേക്ക് നടന്നു.

പൂജാമുറിയിൽ ഇരുന്ന രുദ്രൻ തിരുമേനി മിഴികൾ പൂട്ടി വച്ചു ധ്യാനാവസ്ഥയിലേക്ക് മനസിനെ നയിച്ചുകൊണ്ട് ചാത്തന്മാരെ പ്രീതിപ്പെടുത്തുവാനായി മന്ത്രങ്ങൾ പതിയെ ഉരുവിട്ടു തുടങ്ങി.

ഈ സമയം മുറിയിലേക്ക് എത്തിയ ജയശങ്കർ അടിയിൽ ഇട്ടിരുന്ന ലങ്കോട്ടി ഊരി വലിച്ചെറിഞ്ഞു.

നിരാശയോടെ അയാൾ തന്റെ താഴ്ന്നുപോയ ലിംഗത്തിൽ പതിയെ തലോടി തുടങ്ങി. അമ്മാവൻ വിളിച്ചില്ലായിരുന്നുവെങ്കിൽ ഇപ്പൊ ആ സുന്ദരികളുടെ
കൂടെ കാമകേളിയിൽ ആറാടുമായിരുന്നു എന്നോർത്ത് അയാൾ പരിതപിച്ചു.

മൂന്നുപേരും മത്സരിച്ചു നൽകിയ സുഖം ഓർത്തപ്പോൾ തന്നെ അയാളുടെ ലിംഗം പകുതി ഉണർന്നിരുന്നു.

ഇപ്പൊ ഒരുത്തിയെ തന്റെ കാലിന്റെ അടിയിൽ കിട്ടിയില്ലേൽ ഭ്രാന്ത് പിടിക്കുമെന്നു ഉറപ്പായ അയാൾ തന്റെ രഹസ്യ ഭാര്യയുടെ അടുത്തേക്ക് പോകുവാനായി തുനിഞ്ഞു.

അപ്പോഴാണ് അമ്മാവൻ തന്നെ പ്രധാനപ്പെട്ട ഒരു കാര്യം ചെയ്യാൻ ഏൽപ്പിച്ചിരിക്കുന്നത് ജയശങ്കർ ഓർത്തത്.

നിരാശയോടെ അയാൾ എന്ത് ചെയ്യണമെന്നറിയാതെ തല ചൊറിഞ്ഞുകൊണ്ടിരുന്നു.

സമയക്കുറവ് കാരണം തല്ക്കാലം ഒന്നും ചെയ്യാൻ പറ്റില്ലെന്ന ബോധത്തോടെ അയാൾ ഹാങ്ങറിൽ തൂക്കിയിരുന്ന ഷർട്ട് എടുക്കുവാനായി കൈ നീട്ടി.

അപ്പൊ പിന്നിൽ ഒരു ശബ്ദം കേട്ട് ജയശങ്കർ തിരിഞ്ഞു നോക്കി.അയാളുടെ ഭാര്യ സിന്ധു ഉണങ്ങിയ തുണികളുമായി മുറിയിലേക്ക് കയറി വന്ന് അലമാര തുറന്ന് അതിലേക്ക് അടുക്കി വെക്കുന്നതാണ് അയാളുടെ കണ്ണിൽ പെട്ടത്.

ജയശങ്കർ ഊറി ചിരിച്ചുകൊണ്ട് സ്വന്തം ഭാര്യയെ ഉറ്റു നോക്കി. അയാളുടെ കണ്ണുകൾ ഇരയെ കണ്ട ചെന്നായയെ പോലെ വെട്ടി തിളങ്ങി.

"സിന്ധൂ.. "

"എന്താ ഏട്ടാ "

സിന്ധു തലപൊക്കി നോക്കി.

"നീയാ വാതിലടച്ചിട്ട് ഇങ്ങോട്ട് വന്നേ. "

ജയശങ്കർ അവളെ പുച്ഛത്തോടെ നോക്കി. ഒരു ആകാശ നീല കളർ സാരി അണിഞ്ഞു നനഞ്ഞ മുടി തോർത്തുമായി ചുറ്റി തലയുടെ ഉച്ചിയിൽ കെട്ടി വച്ച തന്റെ ഭാര്യയെ അയാൾ ഭാവഭേദമന്യേ നോക്കി.

ജയശങ്കറുടെ ആ നോട്ടവും വിളിയും കണ്ടപ്പോൾ ഉള്ളിൽ ആന്തലോടെ അവൾ വാതിലിനു നേരെ നടന്നു.

ആ വലിയ വാതിൽ അവൾ കഷ്ടപെട്ടു അടച്ചു വച്ചു. തിരിഞ്ഞു നിന്നു വാതിലടക്കുന്ന തന്റെ ഭാര്യയുടെ നിതംബത്തിലേക്ക് നോക്കി നിൽക്കുകയായിരുന്നു ജയശങ്കർ.

രണ്ടു പെറ്റപ്പോഴേക്കും അവൾ ഉപയോഗം കഴിഞ്ഞു ചവച്ചു തുപ്പിയ ചണ്ടി പോലെയായെന്നു അയാൾക്ക് തോന്നി.

ആണിനെ ആകർഷിക്കാൻ പോന്ന യാതൊന്നും തന്റെ മെലിഞ്ഞുണങ്ങിയ ഭാര്യയിൽ ഇല്ലെന്ന് അയാൾ പുച്ഛത്തോടെ ഓർത്തു.

പിന്നെ ഇപ്പൊ ആവശ്യം തന്റെ ആയതിനാൽ ഉപഭോക്താവിന് ഔചിത്യം പാടില്ലല്ലോ എന്നോർത്തു ഭാര്യയുടെ വരവിനായി അയാൾ അക്ഷമയോടെ കാത്തിരുന്നു.

സിന്ധു വാതിൽ പൂട്ടി വച്ചു ഭർത്താവിന്റെ അടുത്തേക്ക് അല്പം ഭയത്തോടെ നടന്നു വന്നു.

സിന്ധു അരികിൽ എത്തിയതും ജയശങ്കർ  ഇടുപ്പിൽ പിടുത്തമിട്ട് അവളെ അയാളിലേക്ക് ചേർത്തു പിടിച്ചു.

ഒന്ന് ഞെട്ടിയെങ്കിലും ഭർത്താവിന്റെ ഉദ്ദേശം മനസിലാക്കിയ  സിന്ധു ഭാര്യയുടെ കർത്തവ്യമെന്ന പോലെ കണ്ണുപൂട്ടി വച്ചു അയാളുടെ മാറിൽ കിടന്നു.

അക്ഷമയോടെ ജയശങ്കർ ഉടുത്തിരുന്ന മുണ്ട് സ്വയം വലിച്ചു പറിച്ചു കളഞ്ഞു.അതിനുശേഷം സിന്ധുവിന്റെ മെലിഞ്ഞ കൈയെടുത്ത് അയാളുടെ പകുതി ഉണർന്ന ലിംഗത്തിൽ പിടിപ്പിച്ചു.

അയാളുടെ കാമം കത്തുന്ന കണ്ണുകളിൽ തെളിഞ്ഞ ആജ്ഞ കണ്ടതും ഭയന്ന്
പോയ സിന്ധു വിറയലോടെ അയാളുടെ ലിംഗത്തിൽ പതിയെ ഉഴിയാൻ തുടങ്ങി.

ആ ലിംഗത്തെ താങ്ങി പിടിച്ചു അവൾ താഴേക്കും മേലേക്കും പതുക്കെ ചെയ്യുവാൻ തുടങ്ങി.

ജയശങ്കർ കത്തുന്ന കാമത്തോടെ സിന്ധുവിന്റെ ഇടുപ്പിൽ വീണ്ടും പിടിച്ചമർത്തി.

"ആാഹ്  "

സിന്ധുവിന്റെ വായിൽ നിന്നും അറിയാതെ ഒച്ച പുറത്തേക്ക് ചാടി.

ഇത് കണ്ട ജയശങ്കർ ഭ്രാന്തോടെ സ്വന്തം ഭാര്യയുടെ നിതംബത്തിലേക്ക് കൈനീട്ടി അതിനെ പിടിച്ചുടച്ചു.

സിന്ധു ഗത്യന്തരമില്ലാതെ കണ്ണുകൾ അടച്ചു അയാൾക്ക് വഴങ്ങി കൊടുത്തു.ഭാര്യയുടെ പേടി കണ്ടു ഉള്ളിൽ ചിരിയോടെ അയാൾ അവളുടെ നിതംബം  ഞെക്കി പിഴിഞ്ഞു കൊണ്ടിരുന്നു.

സിന്ധു വിറയലോടെ അയാളിലേക്ക് ചേർന്നു നിന്നു. അതോടൊപ്പം അയാളുടെ ലിംഗത്തിലെ ഉഴിയൽ വേഗത്തിലാക്കി.

സിന്ധുവിന്റെ കൈ സ്പർശമേറ്റ് അത് പത്തി വിടർത്തിയതും ജയശങ്കർ ക്രൂരമായ ചിരിയോടെ സ്വന്തം ഭാര്യയെ നോക്കി.

സിന്ധു ദയനീയതയോടെ അയാളെ നോക്കി അരുതേ എന്ന അർത്ഥത്തിൽ. സംഭവിക്കാൻ പോകുന്ന നിമിഷങ്ങളെ ഓർത്തു അവളുടെ ഉടൽ വിറയൽ കൊണ്ടു.

ജയശങ്കർ കൈ നീട്ടി സിന്ധുവിന്റെ ഞൊറിയിൽ പിടിച്ചു ശക്തിയിൽ വലിച്ചു.

പൊടുന്നനെ അവളുടെ സാരി താഴേക്ക് ഊർന്നു വീണു. അതിനുള്ളിൽ അവൾ അണിഞ്ഞിരുന്ന കരുമ്പനടിച്ച അടിപാവാട കണ്ടതും പുച്ഛത്തോടെ അയാൾ അത് ശക്തിയിൽ വലിച്ചു താഴ്ത്തി.

പാവാട കെട്ടു പൊട്ടി അവളുടെ കണങ്കാലിലേക്ക് ഊർന്നു വീണതും അവളുടെ നഗ്നമായ വെള്ള തുടകളും രോമങ്ങൾ വളർന്ന കാലുകളും കറുത്ത പാന്റീസും പുറത്തേക്ക് അനാവൃതമായി.

ജയശങ്കർ ഭാര്യയുടെ രോമം നിറഞ്ഞ കാലുകളെ വെറുപ്പോടെ അവഗണിച്ചു.

സുന്ദരിമാരായ പെണ്ണുങ്ങളുടെ രോമമില്ലാത്ത കാലുകൾ നക്കാൻ തന്നെ വല്ലാത്തൊരു രാസമാണെന്നു അയാൾ ഓർത്തുപോയി.

അങ്ങനത്തെ യാതൊരു ബോധവുമില്ലാത്ത ഒരു പെണ്ണിനെ കെട്ടിയതോർത്ത് അയാൾക്ക് തന്നോട് തന്നെ ദേഷ്യം തോന്നി.

തൽക്കാലം സമയം കളയാൻ ഇല്ലാത്തതിനാൽ ജയശങ്കർ ധൃതിയിൽ സിന്ധുവിനെ പിടിച്ചു തിരിച്ചു ഭിത്തിയോട് ചേർത്തു നിർത്തി.

അതിനു ശേഷം അവളുടെ പുറകിൽ നിന്നു കറുത്ത പാന്റീസ് ഊരി മാറ്റിയ ശേഷം അയാൾ തന്റെ ഉദ്ധരിച്ച ലിംഗം കയ്യിലെടുത്ത് തൊലി പുറകിലേക്ക് നീക്കി.

തുടർന്ന് സിന്ധുവിന്റെ വയറിലൂടെ കയ്യിട്ട് പിടിച്ചു.ജയശങ്കറിന്റെ കൈ കരുത്തിൽ അവൾ വിറയലോടെ നിന്നു.

സിന്ധുവിനെ ചേർത്തു പിടിച്ച ശേഷം ജയശങ്കർ മറ്റൊന്നും ആലോചിക്കാതെ തന്റെ ഭാര്യയുടെ യോനിയിലേക്ക് ലിംഗത്തെ കുത്തിക്കയറ്റി.

"ആാഹ് ഏട്ടാ ഊഹ് വേദനിക്കുന്നേ "

ലിംഗം യോനിയിലേക്ക് കുത്തികയറിയ വേദനയിൽ സിന്ധു തന്റെ ഭർത്താവിന്റെ കൈക്കുള്ളിൽ കിടന്നു പിടച്ചു.

എങ്ങോട്ടും ഓടി രക്ഷപെടാൻ ആവില്ലെന്ന് അവൾക്ക് നന്നായി അറിയുമായിരുന്നു.

അസഹ്യമായ നീറ്റൽ കാരണം അവൾ അരക്കെട്ട് ഒന്നിളക്കി. അപ്പോൾ അയാളുടെ ലിംഗം താഴേക്ക് ഊർന്നു വീണു.

ഇത് മനസിലായ ജയശങ്കർ കോപത്തോടെ അയാളുടെ ലിംഗത്തിൽ പിടിച്ചു
ശക്തിയിൽ സിന്ധുവിന്റെ യോനിക്കുള്ളിലേക്ക് കുത്തിയിറക്കി.

ഭർത്താവിന്റെ പെട്ടെന്നുള്ള ആക്രമണത്തിൽ പ്രാണൻ പോകുന്ന വേദനയിൽ സിന്ധു നിലവിളിച്ചു.

ജയശങ്കർ അതൊന്നും കൂട്ടാക്കാതെ അവളുടെ വായ് പൊത്തി പിടിച്ചു. അതിനുശേഷം ലിംഗം ഭാര്യയുടെ യോനിയിലൂടെ പതുക്കെ കയറ്റിയിറക്കികൊണ്ടിരുന്നു.

വേദന കാരണം സിന്ധുവിന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

അവൾ രക്ഷപെട്ടു പോകാൻ ഒന്ന് കുതറിയെങ്കിലും ആജാനു ബാഹുവായ സ്വന്തം ഭർത്താവിന്റെ ശക്തിക്ക് മുൻപിൽ ഒരു തൃണത്തെ പോലെ അവൾ നിസ്സഹായയായി നിന്നു.

ജയശങ്കർ എത്രയും പെട്ടെന്നു കാര്യങ്ങൾ തീർക്കാനുള്ള വെപ്രാളത്തിൽ വേഗത കൂട്ടി അരക്കെട്ട് ശക്തിയിൽ ചലിപ്പിച്ചു.

അതോടൊപ്പം അയാളുടെ ലിംഗം ശക്തിയിൽ സിന്ധുവിന്റെ യോനിയിൽ കയറിയിറങ്ങി.

സ്വന്തം ഭർത്താവിന്റെ ലിംഗം കൊണ്ടുള്ള താഡനം സഹിക്കവയ്യാതെ അവൾ കുഴഞ്ഞുകൊണ്ടിരുന്നു.

വായ് ബലമായി പൂട്ടി വച്ചതിനാൽ പുറത്തേക്ക് അവളുടെ ദയനീയമായ മൂളൽ മാത്രേ അയാൾക്ക് കേൾക്കുന്നുണ്ടായിരുന്നുള്ളു.

ഒരു മാനുഷിക ജീവി എന്ന പരിഗണന പോലുമില്ലാതെ മൃഗീയമായി അയാൾ അവളെ ഭോഗിച്ചു രസിച്ചു കൊണ്ടിരുന്നു.

സിന്ധു വേദന സഹിക്കാനാവാതെ പരമാവധി ശക്തിയിൽ അയാളുടെ കയ്യിൽ നിന്നും കുതറി മാറി രക്ഷപെടാൻ നോക്കി.

പക്ഷെ നിരാശയായിരുന്നു ഫലം.

ഭാര്യയിൽ നിന്നും കൂടുതൽ പ്രതിരോധം വന്നപ്പോൾ അത് ആസ്വദിച്ചുകൊണ്ട് അയാൾ അരക്കെട്ട് താലത്തിൽ ചലിപ്പിച്ചു കൊണ്ട് അവളിലേക്ക് നിറയൊഴിക്കുവാനായി തയാറെടുത്തുകൊണ്ടിരുന്നു.

തല്ക്കാല ആശ്വാസത്തിന് ഇവൾ മതിയെന്നു ജയശങ്കർ മനസിൽ കണക്ക് കൂട്ടി.അയാളുടെ ഭോഗാസക്തി താങ്ങാനാവാതെ സിന്ധുവിന്റെ കണ്ണുകൾ കൂമ്പിയടഞ്ഞു.

പരിസമാപ്തിയിലേക്ക് എത്താനായി എന്ന് മനസിലാക്കിയ ജയശങ്കർ കൂടുതൽ ആവേശത്തോടെ അയാളുടെ കനത്ത ദണ്ഡ് കൊണ്ടുള്ള പ്രഹരം സ്വന്തം ഭാര്യയിൽ ഏൽപ്പിച്ചുകൊണ്ടിരുന്നു.

മുറിയിൽ സിന്ധുവിന്റെ ഞരക്കവും അയാളുടെ മുക്രയും അവശേഷിച്ചുകൊണ്ടിരുന്നു.

നല്ലൊരു സുഖാനുഭൂതിക്കായി അയാൾ ശ്വാസം വലിച്ചു പിടിച്ചു അവസാനത്തേതെന്നവണ്ണം സ്വന്തം ഭാര്യയുടെ യോനിയിൽ ആഞ്ഞു പ്രഹരിച്ചുകൊണ്ടിരുന്നു.

സിന്ധുവിൽ നിന്നും അനക്കം ഒന്നും ഇല്ലാതായതോടെ ജയശങ്കർ ആവേശത്തോടെ അലറിക്കൊണ്ട് അവളിലേക്ക് ഇടിച്ചു കുത്തി പെയ്തിറങ്ങി.

അയാളുടെ ലിംഗം വെട്ടി വിറച്ചതിന്റെ പരിണിത ഫലമായി അവളുടെ ഉടൽ വിറ കൊണ്ടു.

കിതപ്പോടെ അയാൾ അരക്കെട്ട് ചലിപ്പിക്കുന്നതിന്റെ വേഗത കുറച്ചു കൊണ്ടു വന്നു.

ഭർത്താവിന്റെ ലിംഗത്തിൽ നിന്നുള്ള രേതസ്സ് ഏറ്റു വാങ്ങിക്കൊണ്ട്  സിന്ധുവിന്റെ യോനി നിറഞ്ഞൊഴുകി.

പരാക്രമം കഴിഞ്ഞതും ജയശങ്കർ അവളുടെ യോനിയിൽ നിന്നും ലിംഗം പുറത്തേക്ക് വലിച്ചെടുത്തു.സിന്ധു അയാളുടെ പിടിയിൽ നിന്നും നിലത്തേക്ക് ഊർന്നു വീണു.

നിലത്തു മുഖം അമർത്തി വച്ചു അവൾ തേങ്ങിക്കൊണ്ടിരുന്നു.

ജയശങ്കർ ഇത് കേട്ട് രൂക്ഷമായി സ്വന്തം ഭാര്യയെ നോക്കിയ ശേഷം അസ്സഹ്യതയോടെ വസ്ത്രങ്ങളിഞ്ഞു പുറത്തേക്കിറങ്ങി.

സിന്ധു ശരീരത്തിനും മനസിനുമേറ്റ മുറിവിന്റെ ആഘാതത്തിൽ തളർച്ചയോടെ നിലത്തു കിടന്നു.

യോനിയിൽ നീറ്റൽ അനുഭവപ്പെട്ടതും അവൾ കൈകൾ കൊണ്ട് അവിടെ ഇറുകി പിടിച്ചു ഒരു ഗർഭസ്ഥ ശിശുവിനെ പോലെ ചുരുണ്ടു കിടന്നു

ചുണ്ടുകൾ കടിച്ചു പിടിച്ചു അവൾ വിതുമ്പിക്കൊണ്ടിരുന്നു.കണ്ണുനീർ ചാലുപോലെ കവിളിലൂടെ ഒഴുകി.ഇങ്ങനൊരു ജീവിതം കിട്ടിയതിനു വിധിയെ പഴിച്ചുകൊണ്ട് സിന്ധു പതിയെ അബോധാവസ്ഥയിലേക്ക് വീണു.

…………

മനയുടെ മുറ്റത്തേക്ക് എത്തിച്ചേർന്നതും തണലുള്ള ഭാഗം നോക്കി അനന്തു ബുള്ളറ്റ് കൊണ്ടു വച്ചു.

വണ്ടി ഓഫ് ആക്കി അവൻ അതിൽ നിന്നും പതുക്കെയിറങ്ങി.ചുറ്റുപാടും ഒന്ന് നോക്കികൊണ്ട് അവൻ മനയിലേക്ക് കേറി ചെന്നു.

ദ്രുത ഗതിയിൽ അവൻ സ്വന്തം മുറിയിലേക്ക് എത്തിച്ചേർന്നു.ബാത്റൂമിൽ കേറി വിശാലമായ കുളിക്ക് ശേഷം അനന്തു ക്ഷീണത്തോടെ മുറിയിലേക്ക് എത്തി.

ശരീരമാകെ വല്ലാത്ത മടുപ്പും തളർച്ചയുമാണെന്നു അവന് തോന്നി.എങ്കിലും അത് വകവെക്കാതെ നനഞ്ഞ തോർത്ത് സമീപമുള്ള കസേരയിലേക്ക് വലിച്ചെറിഞ്ഞു കിടക്കാനുള്ള വ്യഗ്രതയിൽ അവൻ കട്ടിലിലേക്ക് ആടിയാടി വന്നു.

അപ്പോഴാണ് ബെഡിൽ ദേവൻ അമ്മാവന്റെ ഡയറി അവൻ കണ്ടത്. ഉറക്ക ക്ഷീണം അവന്റെ കൺ പോളകളിൽ ഭാരമായി അനുഭവപെട്ടതും അത് താങ്ങാനാവാതെ അവ പതിയെ അടഞ്ഞു തുടങ്ങി.

എന്നാൽ അനന്തു കണ്ണുകൾ ബലമായി വലിച്ചു തുറന്ന് ഡയറി എടുത്തു കയ്യിൽ പിടിച്ചു. അതിനു ശേഷം അവൻ ബെഡിലേക്ക് നീണ്ടു നിവർന്നു കിടന്നു.

ഡയറിയുടെ താളുകൾ മറിച്ചതും അതിൽ ആലേഖനം ചെയ്തിട്ടുള്ള അരുണിമയുടെ ചിത്രം കണ്ടു അനന്തു ഞെട്ടി ത്തരിച്ചിരുന്നു.

അവൻ ആ ചിത്രത്തിലേക്ക് തന്നെ കണ്ണും നട്ടിരുന്നു.ഒന്നും മനസിലാകാതെ അരുണിമയുടെ ചിത്രത്തിലേക്ക് തന്നെ നോക്കികൊണ്ട് അവൻ സമയം കഴിച്ചു.

സാവധാനം അനന്തു ഒരു കാര്യം മനസിലാക്കി. ഈ ഡയറിയിൽ കാണുന്നത് അരുണിമ അല്ലെന്നും അത് ദേവൻ അമ്മാവന്റെ കാമുകി ആയിരുന്ന കല്യാണിയും ആണെന്ന്..

പക്ഷെ എന്തുകൊണ്ട് ആരും കല്യാണിയെ കുറിച്ച് പറഞ്ഞു തന്നിട്ടില്ലാത്തത് എന്നോർത്ത് അവൻ തല പുകച്ചു.

ദേവൻ അമ്മാവനെ ഒരുപാട് സ്നേഹിക്കുന്ന ലക്ഷ്മിയാന്റിയെ കുറിച്ച് മാത്രേ എല്ലാവർക്കും ഒരുപാട് പറയാനുള്ളൂ..

എന്ത്കൊണ്ട് ആരും കല്യാണിയെ കുറിച്ച് പറയുന്നില്ല? ആർക്കും അവളെ കുറിച്ച് അറിയില്ലേ? ഇനി അങ്ങനെ അഭിനയിക്കുന്നതാണോ?

അങ്ങനെ ഒരുപാട് ചോദ്യങ്ങൾ അവന്റെ മനസിലൂടെ കടന്നു പോയി.എല്ലാറ്റിലുമുപരി ദേവൻ അമ്മാവന്റെ മുഖം തനിക്കും കല്യാണിയുടെ മുഖം അരുണിമയ്ക്കും എങ്ങനെ കിട്ടിയെന്നു ഓർത്ത് അവൻ അതിശയത്തോടെ തലക്ക് കൈ വച്ചു.

പണ്ടത്തെ നാടോടി കഥകളിൽ കേട്ട പോലത്തെ നിഗൂഢതയാണ് തന്റെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നു അവൻ ചിന്തിച്ചു.

ഡയറിയിൽ ദേവൻ കുറിച്ചിട്ട മുത്തുമണിയെ കാണുന്നത് വരെയുള്ള രംഗം വായിച്ചു മനസിൽ കാണുകയായിരുന്നു അനന്തു.

എല്ലാം കഴിഞ്ഞതും അവൻ സ്തബ്ധനായി നിന്നു. ഈ രംഗങ്ങളൊക്കെ കഴിഞ്ഞ ദിവസങ്ങളിൽ വായിച്ചിരുന്നത് അവന്റെ ഓർമയിൽ വന്നു.

അതുപോലെ ആദ്യമായി ഈ ഡയറിൽ ആ ചിത്രം കാണുമ്പോൾ അത്
പൂർണ്ണമായ ചിത്രമായിരുന്നില്ല എന്നും ഒരു ഞെട്ടലോടെ അവൻ തിരിച്ചറിഞ്ഞു.

അവ്യക്തമായിരുന്ന ആ മുഖം തന്റെ വായനക്ക് ശേഷം മറ നീക്കി പുറത്തേക്ക് വന്നിരിക്കുന്നു.

അനന്തു തന്റെ മുൻപിൽ സംഭവിക്കുന്നത് വിശ്വസിക്കാനാവാതെ താടിക്ക് കൈ കൊടുത്തിരുന്നു.

ഇത്രയും നാൾ ഡയറിയിൽ വായിച്ച കാര്യങ്ങൾ തന്റെ ജീവിതത്തിൽ സംഭവിച്ചപ്പോൾ അതൊന്നും ഓർക്കാതെ ഒരു പൊട്ടനെ പോലെ നടന്നുവെന്നോർത്ത് അവന് തന്നോട് തന്നെ പുച്ഛം തോന്നി.

ഇന്ന് തന്നെ ഒറ്റയിരുപ്പിനു ഡയറി വായിച്ചു തീർക്കാൻ അനന്തു തീരുമാനിച്ചു.സങ്കോചത്തോടെ അവൻ ഡയറിയിലേക്ക് മുഖം പൂഴ്ത്തി.

............

അച്ഛനെയും കൊണ്ട് ജീപ്പിൽ മനയിലേക്ക് തിരിച്ചു വരുമ്പോൾ ദേവൻ ആകെ ചിന്തിതനായിരുന്നു.

കല്യാണിയെ പോലെ തന്നെ കാണാൻ ഉള്ള ആ പെൺകുട്ടി, മുത്തുമണി എന്ന പേരിൽ സ്വയം പരിചയപ്പെടുത്തിയ ആളെ കുറിച്ചുള്ള ചിന്തയിൽ ആയിരുന്നു ദേവൻ.

തനിക്ക് ചുറ്റും എന്തൊക്കെയാണ് സംഭവിക്കുന്നതെന്നോർത്തുള്ള ചിന്തകൾ അവന്റെ തലക്ക് ചൂട് പിടിപ്പിച്ചു.

ഡ്രൈവിംഗ് സീറ്റിൽ ഇരിക്കുന്ന ദേവന്റെ ഞരക്കം കണ്ടു ശങ്കരൻ അവന് നേരെ മുഖം തിരിച്ചു നോക്കി.

"എന്താടാ പറ്റിയേ നിനക്ക്? "

"ഒന്നുമില്ലച്ഛാ.... "

"ഹാ നിനക്ക് കുഴപ്പമില്ലലോ അല്ലേ ? "

ശങ്കരൻ വാത്സല്യത്തോടെ അവനോട് ചോദിച്ചു.

"ഇല്ലച്ഛാ എനിക്ക് കുഴപ്പമൊന്നുമില്ല.. "

"ഹ്മ്മ്... എങ്കിൽ നീ വണ്ടി നേരെ ഓടിക്ക്.. വീട്ടിൽ ചെന്നിട്ട് എനിക്ക് പണിക്കാർക്ക് പൈസ കൊടുക്കാനുള്ളതാ "

ശങ്കരൻ ഒന്നിരുത്തി മൂളി.

"ശരിയച്ഛാ... "

ഗിയർ മാറ്റി ദേവൻ ജീപ്പ് കത്തിച്ചു വിട്ടു.

വൈകാതെ അവർ മനയിലേക്ക് എത്തിച്ചേർന്നു. ശങ്കരനെ മനയിൽ ഇറക്കി വിട്ട ശേഷം ജീപ്പ് അവിടെ വച്ചു ദേവൻ ബുള്ളറ്റ് എടുത്ത് കല്യാണിയുടെ വീട് ലക്ഷ്യമാക്കി പറന്നു.

തന്നെ വല്ലാതെ കൊതിപ്പിക്കുന്ന പൂച്ചക്കണ്ണുകൾ വീണ്ടും കാണുവാൻ അവനു വല്ലാതെ കൊതിയായി.

ധൃതിയിൽ അവൾക്ക് സമീപം എത്തിച്ചേരാൻ അവൻ വെപ്രാളപ്പെട്ടു. കുറെ ദൂരം ജീപ്പ് ഓടിയ ശേഷം കഴിഞ്ഞ ദിവസം അവളുടെ കൂടെ വന്ന ഓർമയിൽ അവൻ ആ വലിയ പാടത്തിന്റെ കരയിലെത്തി.

ബുള്ളറ്റ് ഒതുക്കി വച്ചു മിററിൽ നോക്കി മുടി പതുക്കെ ഒതുക്കി വച്ചു താടിയിലൂടെ ഒന്നുഴിഞ്ഞു കൊണ്ട് ദേവൻ മുന്നോട്ട് നടന്നു.

റോഡിൽ നിന്നും പാട വരമ്പിലൂടെ അവൻ പതിയെ നടന്നു. എത്രയും പെട്ടെന്നു അവിടെ എത്തിച്ചേരാൻ അവന്റെ മനസ് വെമ്പുകയായിരുന്നു.

വരമ്പിലൂടെ നടന്നു അവൻ ചെറിയ കയറ്റം കയറി അവളുടെ വീടിനു മുന്പിലേക്കെത്തി.മുറ്റത്ത് വലിയൊരു കച്ചിത്തുറു കൂട്ടി വച്ചത് ദേവൻ ശ്രദ്ധിച്ചു.

അതിനു തൊട്ട് പുറകിലായുള്ള തൊഴുത്തും അതിൽ നിന്നുയരുന്ന പശുവിന്റെ അമറലും മുറ്റത്ത് കൂടി ഓടി നടക്കുന്ന ക്ടാവും കോഴികളും ഒക്കെ കൊണ്ട് അവിടാകമാനം സംഭവ ബഹുലമായിരുന്നു.

കോഴികൾക്ക് തീറ്റ ഇട്ടു കൊടുത്തുകൊണ്ടിരുന്ന കല്യാണിയുടെ അച്ഛനും അമ്മയും ദേവനെ കണ്ടു ബഹുമാനം നിറഞ്ഞ വെപ്രാളത്തോടെ കയ്യിൽ വച്ചിരുന്ന പറ നിലത്തേക്കിട്ട് അവന് സമീപത്തേക്ക് ഓടി നിന്നു.

അവനെ നോക്കി അവർ കൈകൂപ്പി വണങ്ങി. ദേവൻ അവരെ അത് ചെയ്യുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തി.

അവരുടെ കൂപ്പു കൈകളെ അവൻ  ബലമായി താഴ്ത്തി വച്ചു.

"അയ്യോ അച്ഛാ അമ്മേ അങ്ങനൊന്നും ചെയ്യരുത് കേട്ടോ  "

ദേവൻ വിനയത്തോടെ പറഞ്ഞു

"അങ്ങുന്നേ ഞങ്ങളെ അങ്ങനെ വിളിച്ചു കേക്കണത് തന്നെ കോടി പുണ്യമാന്ന്.. പക്ഷെ ആരേലും കേട്ടാൽ..."

ഭയത്തോടെ കല്യാണിയുടെ അച്ഛൻ ചുറ്റുപാടും നോക്കി കൊണ്ട് പറഞ്ഞൊപ്പിച്ചു.

"അതിനിപ്പോ എന്താ കുഴപ്പം..കല്യാണിയുടെ അച്ഛനും അമ്മയും എനിക്കും അച്ഛനും അമ്മയെയും പോലെ തന്നാ.. അതുകൊണ്ട് ഞാൻ അങ്ങനെയേ വിളിക്കൂ "

"അങ്ങുന്നിന്റെ ഇഷ്ട്ടം  "

കല്യാണിയുടെ അച്ഛൻ സന്തോഷത്തോടെ ദേവനെ നോക്കി.

ശങ്കരൻ അങ്ങുന്നിന്റെ മോൻ ഈ ചേറിൽ പണിയെടുക്കുന്നവനെ അച്ഛാ എന്ന് വിളിച്ചതിന്റെ ആത്മ ഹർഷത്തിലായിരുന്നു അദ്ദേഹം.

അയാൾ അഭിമാനത്തോടെ ഭാര്യയെ ഉറ്റു നോക്കി. അവർ അത്യധികം സന്തോഷത്തോടെ അയാളെ തന്നെ നോക്കി ചിരിച്ചുകൊണ്ടിരുന്നു.

ഈ സമയം ദേവന്റെ കണ്ണുകൾ അവിടമാകെ ഒരാളെ തേടി പരതുകയായിരുന്നു. എന്നാൽ ഉദ്ദേശിച്ച ആളെ മാത്രം കണ്ടു കിട്ടിയില്ല.

"അമ്മേ കല്യാണി എവിടെ?"

ദേവൻ കല്യാണിയുടെ അമ്മയെ നോക്കികൊണ്ട് ചോദിച്ചു.

"അകത്തുണ്ട് അങ്ങുന്നേ  "

കല്യാണിയെ വിളിക്കുവാനായി ഓങ്ങിയതും ദേവൻ അരുതെന്നു പറഞ്ഞു വിലക്കി. കല്യാണിയുടെ അമ്മ തന്റെ ഭർത്താവിന്റെ പുറകിൽ വിനയത്തോടെ ഒതുങ്ങി നിന്നു.

മുന്നിലെ കോഴികളെ ആട്ടി പായിച്ചും സാധങ്ങൾ മാറ്റി വച്ചും അവളുടെ അച്ഛൻ ഉമ്മറത്തേക്കുള്ള വഴിയൊരുക്കി.ദേവൻ അവരെ നോക്കി നന്ദിയോടെ പുഞ്ചിരി തൂകി.

അതിനു ശേഷം നിശബ്ദനായി മുന്നോട്ട് നടന്നു. തിണ്ണയും കഴിഞ്ഞു  ഉള്ളിലേക്ക് അവൻ കാലു നീട്ടി വച്ചു കയറി.

സാമാന്യം പൊക്കം ഉണ്ടായിരുന്നതിനാൽ  ദേവന്റെ തല കട്ടിള യുടെ തുഞ്ചത്ത് ചെന്നു ശക്തിയിൽ ഇടിച്ചു.

ദേവൻ ഉള്ളിലേക്ക് കയറി വേദനയോടെ തല ചെന്നിടിച്ച ഭാഗത്തേക്ക് നോക്കി.കട്ടിളയുടെ വലിപ്പ കുറവിനുള്ള സമ്മാനം നെറുകയിൽ കിട്ടിയ വേദനയിൽ ദേവൻ ഒന്ന് പകച്ചു നിന്നു.

അപ്പൊ അടുക്കളയിൽ നിന്നും ഓടി കിതച്ചു വന്ന കല്യാണി ദേവനെ കണ്ടതും പൊടുന്നനെ തറഞ്ഞു നിന്നു.

അവൾ ഈറണിഞ്ഞ കൈ പാവാട തുമ്പിൽ തുടച്ചു കൊണ്ട് വെപ്രാളത്തോടെ അവനരികിലേക്ക് വന്നു.

"അങ്ങുന്നേ എന്തേലും പറ്റിയോ? "

കല്യാണി പരിഭ്രമത്തോടെ ദേവന്റെ നെറുകയിൽ കരതലം അമർത്തി വച്ചു തഴുകികൊണ്ടിരുന്നു.

ദേവൻ അവളുടെ പിടക്കുന്ന പൂച്ചക്കണ്ണുകളിലേക്ക് ആർദ്രതയോടെ നോക്കി നിന്നു.പൊടുന്നനെ കല്യാണി അവനിൽ നിന്നും വിട്ടു മാറി.

നാട്ടിലെ ജന്മിയുടെ മകനോട് അത്രയും അടുത്ത് പെരുമാറിയാൽ എന്തേലും കുഴപ്പങ്ങൾ ഉണ്ടാകുമെന്ന ചിന്ത അവളുടെ മനസിനെ പിന്നോട്ടേക്ക് വലിച്ചു.

അവൾ ഒരടി പുറകിലേക്ക് മാറി നിന്നു അവനെ ബഹുമാനത്തോടെ നോക്കി.ദേവൻഅപ്പോൾ  അവളെ ആപാദ ചൂഡം നോക്കി കാണുകയായിരുന്നു.

മുഷിഞ്ഞ ബ്ലൗസും നിറം മങ്ങിയ പാവാടയും അവളുടെ ഭംഗിക്ക് ഒരു കുറവും വരുത്തുന്നില്ലെന്നു അവൻ ഓർത്തു.

കഴുത്തിൽ ചുറ്റിയിരിക്കുന്ന കറുത്ത ചരടും കാലിലെ വെള്ളി കൊലുസും ഒക്കെ വല്ലാത്തൊരു ഭംഗി അവൾക്ക് സമ്മാനിക്കുന്ന പോലെ അവന് തോന്നി.

എന്ത് ചെയ്താലും ഈ പെണ്ണിന്റെ സൗന്ദര്യത്തിനു ഒരു മാറ്റവുമില്ലെന്നു  മനസിൽ ആത്മഗതം പറഞ്ഞു കൊണ്ട് അവളുടെ കയ്യിലേക്ക് അവൻ പാളി നോക്കി.

"കൈക്ക് വേദന കുറവുണ്ടോ?  ഇപ്പൊ എങ്ങനുണ്ട്? "

ദേവന്റെ ചോദ്യം കേട്ടതും കല്യാണി നിന്നു പരുങ്ങി.എന്ത് ചെയ്യണമെന്ന് അറിയാതെ അവൾ കുഴങ്ങി.തന്റെ പാവാട തുമ്പിൽ അവൾ  കൈ ചുറ്റി വച്ചു.

"എന്താ അവിടെ ഒരു കള്ളത്തരം..  "

ദേവൻ സംശയത്തോടെ അവളെ തുറിച്ചു നോക്കി.

കല്യാണി ഭയത്തോടെ അവിടെ നിന്നു. എന്ത് ചെയ്യണമെന്നോർത്തു അവൾ വെപ്രാളപ്പെട്ടു

"കല്യാണി നിന്റെ കൈ ഇങ്ങോട്ട് കാണിക്ക്,  എന്താ അതിൽ? "

"ഒന്നുമില്ല അങ്ങുന്നേ "

കല്യാണി ചുമൽകൂച്ചിക്കൊണ്ട് പറഞ്ഞു.

"കൈ കാണിക്കാനല്ലേ പറഞ്ഞത്  "

ശബ്ദത്തിൽ കടുപ്പം വരുത്തി  ഗൗരവത്തോടെ ദേവൻ ചോദിച്ചതും അവൾ അവിടെ നിന്നും വെട്ടി വിറച്ചു.

ശരീരമാകെ വിയർപ്പിനാൽ കുതിർന്നു.വിറയ്ക്കുന്ന കൈകൾ അവന് നേരെ അവൾ നീട്ടി.

അത് കണ്ടതും ദേവൻ അവളെ നോക്കി കണ്ണുരുട്ടി. കല്യാണി അതും കൂടി കണ്ടതോടെ കരച്ചിലിന്റെ വക്കിലെത്തി.

അവളുടെ അധരങ്ങൾ വിറച്ചു.കണ്ണുകൾ നിറഞ്ഞു.

"ഈ വയ്യാത്ത കൈയും വച്ചു എന്ത് പണിയിൽ ആയിരുന്നു? അടങ്ങി ഇരിക്കണമെന്ന് നിനക്ക് അറിഞ്ഞുടെ കല്യാണി? കണ്ടില്ലേ കൈ മൊത്തം വെള്ളം പറ്റി പിടിച്ചിരിക്കുന്നത്? ഇങ്ങനെ വെള്ളത്തിൽ കളിച്ചാൽ അതിൽ കെട്ടി വച്ച മരുന്നൊക്കെ പോകില്ലേ?  കുറച്ചെങ്കിലും ബോധം വേണ്ടേ നിനക്ക്?  "

ദേവൻ അവൾക്ക് നേരെ പൊട്ടി ത്തെറിച്ചു.

കല്യാണിയുടെ ഈ നിസ്സംഗതാ ഭാവം കണ്ടു ദേഷ്യം അടക്കാനാവാതെ അവൻ മുഷ്ടി ചുരുട്ടി വീടിന്റെ ഭിത്തിയിലേക്ക് ഇടിച്ചു.

ആ ശബ്ദം കൂടി കേട്ടതോടെ നിയന്ത്രണം വിട്ട് കല്യാണി പൊട്ടിക്കരയുവാൻ തുടങ്ങി.കണ്ണുകളിൽ നിന്നും വെള്ളം കുടുകുടാ ഒഴുകി തുടങ്ങിയിരുന്നു.

വായ് പൊത്തി പിടിച്ചു ശബ്ദം പുറത്തേക്ക് കേൾക്കാതിരിക്കാൻ കല്യാണി
കഷ്ട്ടപെട്ടു. അവളിൽ നിന്നും പൊഴിഞ്ഞ ഞരക്കവും ഞെരുങ്ങലും കേട്ടതും ദേവൻ സങ്കടത്തോടെ അവളെ നോക്കി.

ദേവൻ ചീത്ത പറഞ്ഞതിൽ സങ്കടം സഹിക്കാനാവാതെ കല്യാണി മുഖം പൊത്തി കരഞ്ഞു കൊണ്ടേയിരുന്നു.

അവൾക്ക് അവനിൽ നിന്നും ഉതിർന്ന കോപം നിറഞ്ഞ വാക്കുകൾ താങ്ങാവുന്നതിലും അപ്പുറത്തായിരുന്നു. ദേവൻ അവളെ ചീത്ത പറഞ്ഞ നിമിഷത്തെ മനസിൽ പഴിച്ചുകൊണ്ട് കല്യാണിയെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു.

പക്ഷെ അവന് അവളെ എങ്ങനെ സമാധാനിപ്പിക്കണമെന്ന് ഒരു നിശ്ചയവുമില്ലായിരുന്നു.

ദേവൻ അടുത്തേക്ക് വന്നു കല്യാണിയുടെ ചുമലിൽ കൈ വച്ചു. കല്യാണി വിതുമ്പലോടെ അവന്റെ നെഞ്ചിലേക്ക് ചാഞ്ഞു.

ദേവൻ ദുഖത്താൽ പിടയുന്ന മനസോടെ അവളെ ചേർത്തു പിടിച്ചു.കല്യാണി ദേവന്റെ ഇടം നെഞ്ചിൽ മുഖം പൂഴ്ത്തി വച്ചു.

അല്പ നേരം അങ്ങനെ നിന്നതും അവളുടെ കരച്ചിലിന്റെ തോതിന് നേരിയ ശമനം വന്നുവെന്നു അവന് തോന്നി.ദേവൻ അവളുടെ കാതിനു സമീപത്തേക്ക് അവന്റെ ചുണ്ടുകൾ എത്തിച്ചുകൊണ്ടു പറഞ്ഞു.

"എന്നോട് ക്ഷമിക്ക് കല്യാണി.. ഞാൻ മാപ്പ് ചോദിക്കുവാട്ടോ "

ദേവന്റെ ഇമ്പമുള്ള ശബ്ദം കാതിൽ പതിഞ്ഞതും മനസിലേക്ക് മഞ്ഞു പെയ്യുന്ന പ്രതീതി ആയിരുന്നു അവൾക്ക്.

പൊടുന്നനെ അവൾ അവനിൽ നിന്നും കുതറി മാറി പുറകിലേക്ക് നിന്നുകൊണ്ട് കിതച്ചു കൊണ്ടിരുന്നു. കണ്ണുനീർ ചാലുപോലെ ഒഴുകിയ വഴികൾ അവളുടെ കവിളുകളിൽ അവന് തെളിഞ്ഞു കാണാമായിരുന്നു.

കണ്ണുകൾ അമർത്തി തുടച്ചുകൊണ്ട് കല്യാണി അവനെ ഉറ്റു നോക്കി. എങ്കിലും ആ നീല കണ്ണുകളിലേക്ക് നോക്കിയിരിക്കുവാനുള്ള ത്രാണി അവൾക്ക് ഉണ്ടായിരുന്നില്ല.

എന്നാൽ ആ നീല കണ്ണുകളിൽ പൊട്ടി വിരിയുന്ന പ്രണയത്തിന്റെ ലാഞ്ഛന അവൾക്ക് ഒറ്റ നോട്ടത്തിൽ മനസിലായി.അവൾ നേരിയ നാണത്തോടെ മുഖം കുനിച്ചു.

"അങ്ങുന്നേ എന്നോട് ക്ഷമിക്കണേ.. അറിയാതെ കെട്ടി പിടിച്ചു പോയതാ "

ദേവൻ കല്യാണിയുടെ ക്ഷമ പറച്ചിൽ ഉള്ളിൽ ചിരിയോടെ കേട്ടിരുന്നു. അവളുടെ മുഖത്തു വിരിഞ്ഞു വന്ന കുഞ്ഞു നാണം അവൻ അത്ഭുതത്തോടെ നോക്കി നിന്നു.

തന്നോട് അവൾക്ക് ചെറിയൊരു അടുപ്പം തോന്നി തുടങ്ങിയെന്നു ദേവനു മനസിലായി. അവൻ കല്യാണിയെ തന്നെ ഉറ്റു നോക്കികൊണ്ടിരുന്നു.

അപ്പോഴാണ് അവൻ അവളെ ഒന്ന് കൂടി ശരിക്കും നോക്കിയത്. ആള് അടുക്കളയിൽ കാര്യമായിട്ടുള്ള പണിയിൽ ആയിരുന്നുവെന്നു അവന് മനസിലായി.

അലങ്കോലമായി ചുറ്റി വരിഞ്ഞു വച്ച മുടിയും സ്ഥാനം തെറ്റി കിടക്കുന്ന ബ്ലൗസും കൈകളിൽ പറ്റി പിടിച്ചിരിക്കുന്ന ജല കണികകളും മൂക്കിൻ തുമ്പിലും മേൽച്ചുണ്ടിലും ഒട്ടി പിടിച്ചു കിടക്കുന്ന വിയർപ്പ് തുള്ളികളും ദേവനെ വല്ലാതെ ഹരം കൊള്ളിച്ചു.

ആ വിയർപ്പ് തുള്ളികൾ നാവുകൊണ്ട് പതിയെ ഒപ്പിയെടുക്കാൻ അവന്റെ മനസ് വെമ്പൽ കൊണ്ടു.ദേവൻ സംയമനം വീണ്ടെടുത്ത് അവളുടെ പൂച്ചക്കണ്ണുകളിലേക്ക് തന്നെ ദൃഷ്ടി ഉറപ്പിച്ചു വച്ചു.

"ഇങ്ങോട്ട് വാ....."

ദേവൻ അവളെ കൈകാട്ടി വിളിച്ചു. കല്യാണി അല്പം പരിഭ്രമത്തോടെ ദേവനെ നോക്കി. പോകണോ വേണ്ടയോ എന്നോർത്ത് അവളുടെ മനസ് കൊടൂരമായ ആലോചനയിൽ ഏർപ്പെട്ടു.

"ഇങ്ങോട്ട് വരാൻ "

ദേവൻ ശബ്ദത്തിനു അല്പം കാഠിന്യം കൊടുത്തുകൊണ്ട് അവളെ വിളിച്ചു.

കല്യാണി ദേവന്റെ മുഖത്തെ ഗൗരവം കണ്ടു സംഭ്രമത്തോടെ അവന്റെ അടുത്തേക്ക് അടിവച്ചടി വച്ചു നടന്നടുത്തു.

ദേവന്റെ മുൻപിൽ ധൈര്യത്തിനായി പാവാടയിൽ മുറുകെ പിടിച്ചു കൊണ്ട് പിടയുന്ന മനസുമായി കല്യാണി നിന്നു. ദേവൻ എന്താണ് ചെയ്യാൻ പോകുന്നതെന്നോർത്തു അവൾ ഭയത്തോടെ നിന്നു.

കൈ കാലുകളിലെ  വിറയൽ കാരണം തളർന്നു പോകുമോ എന്ന് വരെ അവൾ സംശയിച്ചു.എങ്കിലും അവൾ ദേവനു മുൻപിൽ ബദ്ധപ്പെട്ടു പിടിച്ചു നിന്നു.

കല്യാണിയുടെ പകപ്പ് കണ്ടു ദേവൻ ചിരിയോടെ നിന്നു.അവൻ അവളുടെ മുഖത്തേക്ക് നോക്കികൊണ്ട് പതിയെ മീശ പിരിച്ചു.

അതും കൂടി കണ്ടതോടെ കല്യാണി പേടിച്ചു ബോധം കെട്ടു വീഴുമെന്ന അവസ്ഥയിലായി.ദേവൻ പതുക്കെ കല്യാണിയുടെ മുൻപിലേക്ക് നീങ്ങി നിന്നു.

ഇടം കൈകൊണ്ട് അവളുടെ ഇടുപ്പിലൂടെ ചുറ്റിയെടുത്ത് അവനിലേക്ക് ചേർത്തു നിർത്തി. കല്യാണി ശ്വാസം നിലച്ച പോലെ കണ്ണുകൾ പുറത്തേക്കുന്തി ഒരു പ്രതിമ കണക്കെ നിന്നു.

ദേവൻ ഒരു കള്ള ചിരിയോടെ കല്യാണിയുടെ മേൽച്ചുണ്ടിൽ പറ്റി പിടിച്ചിരിക്കുന്ന വിയർപ്പ് കണങ്ങൾ പതിയെ വിരൽകൊണ്ട് തുടച്ചു മാറ്റി.

അതിന് ശേഷം അവളുടെ മൂക്കിൻ തുമ്പിൽ ഒട്ടി പിടിച്ചു കിടക്കുന്ന വിയർപ്പ് തുള്ളികൾ പതുക്കെ ഒപ്പിയെടുത്തു.

അവ വിട്ടു പോരാൻ താല്പര്യമില്ലാത്ത മട്ടിൽ അവളെ ഒട്ടി പിടിച്ചു കിടക്കാൻ വൃഥാ ഒരു ശ്രമം നടത്തി.

ഈ ഇളം മേനിയിൽ ഞാനല്ലാതെ വേറൊന്നും ചേർന്നു കിടക്കേണ്ട അതെന്റെ അഹങ്കാരമാണെന്ന ധ്വനിയോടെ അവൻ അവളുടെ മുഖത്തെ ജല കണങ്ങളെ പതുക്കെ ഒപ്പിയെടുത്തു കൊണ്ടിരുന്നു.

ഈ സമയത്തിനോടകം കല്യാണി കണ്ണുകൾ മുറുകെ പൂട്ടി വച്ചിരുന്നു. പേടി കൊണ്ട് അവളുടെ ശംഖഴകുള്ള കഴുത്തിലൂടെ ഉമിനീരിറങ്ങി പോകുന്ന കാഴ്ച അവൻ വികാര വായ്പോടെ കണ്ടു നിന്നു.

കല്യാണിയുടെ വിറയ്ക്കുന്ന അധരങ്ങൾ കണ്ടതും ദേവൻ എല്ലാം മറന്നു അതിൽ മുത്തമിടാൻ മുഖം അടുപ്പിച്ചു. പൊടുന്നനെ ആരോ വിലക്കിയ പോലെ അവൻ മുഖം വെട്ടിച്ചു.

കല്യാണിയെ പതുക്കെ അവൻ കരവലയത്തിനുള്ളിൽ നിന്നും മോചിപ്പിച്ചു. വേറൊന്നും ഉരിയാടാതെ അവൻ പുറം തിരിഞ്ഞു വീടിനു വെളിയിലേക്കിറങ്ങി.

കല്യാണി പതുക്കെ മിഴികൾ ബലമായി വലിച്ചു തുറന്നു. മുന്നിൽ ആരെയും കാണാത്തതിനാൽ അവൾ ചുറ്റും ഒന്ന് നോക്കി.

അതിനു ശേഷം സംശയത്തോടെ വാതിൽ പ്പടിയിലേക്ക് വന്നു പുറത്തേക്ക് എത്തി നോക്കി. അപ്പൊ ദേവൻ പാട വരമ്പിലൂടെ നടന്നു പോകുന്നതാണ് കല്യാണി കണ്ടത്.

അവൾ അല്പം നിരാശയോടെ അവനിലേക്ക് തന്നെ കണ്ണും നട്ടിരുന്നു. കണ്ണിൽ നിന്നും വിദൂരതയിലേക്ക് ദേവൻ മറഞ്ഞതും അവൾ അടുക്കളയിലേക്ക് വലിഞ്ഞു.

ബുള്ളറ്റിനു സമീപം എത്തിയിട്ടും ദേവൻ ആകെ ചിന്തിതനായിരുന്നു.കല്യാണിയുടെ അനുവാദമില്ലാതെ അവളെ ചുംബിക്കാൻ പോയ നിമിഷത്തെ അവൻ മനസിൽ പഴിച്ചു.

എന്തിനാ അങ്ങനൊരു ദുസ്സാഹസ്സം കാണിക്കാൻ പോയതെന്ന് ഓർത്തു അവൻ പരിതപിച്ചു കൊണ്ടിരുന്നു.പറ്റിപോയ മണ്ടത്തരം ഓർത്തു ദേവൻ സ്വയം ചെകിട്ടത് ഒന്ന് തല്ലി.

കവിളിൽ നല്ല വേദന തോന്നിയപ്പോഴാണ് തല്ലിയത് കുറച്ചു ശക്തിയിൽ ആയിപോയെന്നു അവന് തോന്നിയത്.

രണ്ട് അമളി ഒരുപോലെ പറ്റിയ ചമ്മലിൽ അവൻ സ്വയം കവിള് തിരുമ്മികൊണ്ടിരുന്നു.

അതിനു ശേഷം ദേവൻ ബുള്ളറ്റിൽ കയറിയിരുന്നു കിക്കർ ചവിട്ടാൻ ഒരുങ്ങിയപ്പോഴാണ് ഒരു കാര്യം അവന്റെ ബോധ തലത്തിലേക്ക് വന്നത്.

അമ്പലത്തിൽ വച്ചു കണ്ടു മുട്ടിയ ആ പെൺകുട്ടിയെ കുറിച്ച് കല്യാണിയോട് ചോദിക്കാൻ വിട്ടു പോയത് അപ്പോഴാണ് അവൻ ഓർത്തത്.

അവൻ ദേഷ്യത്തോടെ ഹാന്ഡിലിൽ മുഷ്ടി ചുരുട്ടിയിടിച്ചു.ഇനി തിരിച്ചു പോയി ചോദിക്കാമെന്ന് വച്ചാൽ കല്യാണിയെ കണ്ട മാത്രയിൽ ബാക്കി എല്ലാം മറന്നു പോകുന്ന അവസ്ഥയെ അവൻ സ്വയം ഉള്ളിൽ പഴിച്ചു കൊണ്ടിരുന്നു.

അവളിൽ നിന്നും വിട്ടു പോരാനുള്ള മടി കാരണം ചിലപ്പോൾ താൻ അവളെയും തൂക്കിയെടുത്തു കൊണ്ട് വരുമെന്ന് ഉറപ്പുള്ളതിനാൽ ആ ശ്രമം അവൻ സ്വയം ഉപേക്ഷിച്ചു.

ഇനി തിരിച്ചു ചെന്നാൽ ശരിയാവില്ലെന്നു ബോധമുള്ളതിനാൽ  പതുക്കെ ബുള്ളറ്റ് മുന്നോട്ടേക്കെടുത്ത് ദേവൻ അവിടുന്ന് നിന്നും യാത്രയായി.

യാത്രയ്ക്കിടയിൽ കല്യാണിയുമൊത്ത് ചിലവഴിച്ച നിമിഷങ്ങൾ അയവിറക്കികൊണ്ടാണ് അവൻ വണ്ടി ഓടിച്ചുകൊണ്ടിരുന്നത്.

ഒരു ബോധവുമില്ലാതെയുള്ള വണ്ടി ഓടിക്കൽ കണ്ടു വഴിപോക്കരായവർ ദേവൻ അതിൽ നിന്നും വീണു പോകും എന്ന് വരെ ശങ്കിച്ചു.

ഇതൊന്നും ചിന്തിക്കാതെ സ്വപ്ന ലോകത്തിലെ ബാല ഭാസ്കരനെ പോലെ അവൻ ബുള്ളറ്റും കൊണ്ട് പറന്നു കൊണ്ടിരുന്നു.

അല്പം കഴിഞ്ഞതും  ഏഴു കുതിരകൾ വലിച്ചു കൊണ്ടു പോകുന്ന മേഘ തേരിൽ അണിഞ്ഞൊരുങ്ങി നിൽക്കുന്ന രാജകുമാരനെ പോലെ അവൻ ശീതള കാറ്റ് നൽകുന്ന സുഖാനുഭൂതിയിൽ ലയിച്ചു കണ്ണുകളടച്ചു ഇരുന്നു.

തന്റെ രാജ കുമാരിയെ സ്വന്തമാക്കാൻ സ്വയം വരത്തിൽ പങ്കെടുക്കാൻ പോകുന്ന നായകനെ പോലെ അവൻ ലക്ഷ്യ സ്ഥാനത്തേക്ക് എത്തിച്ചേരാൻ വേഗം കൊതിച്ചു.

പഞ്ഞി കെട്ടുകൾ പോലുള്ള മേഘങ്ങൾക്കിടയിലൂടെ തേരും വലിച്ചുകൊണ്ട് കുതിരകൾ സമർത്ഥമായി ഓടിക്കൊണ്ടിരുന്നു.

അനായാസമായ ആ യാത്രയുടെ ആനന്ദം നുകർന്നുകൊണ്ട് ദേവൻ തന്റെ പാതിയെ വേളി കഴിക്കുന്നതിനായുള്ള തയ്യാറെടുപ്പിൽ തേര് സ്വയം നിയന്ത്രിച്ചുകൊണ്ടിരുന്നു.

പൊടുന്നനെ ആ തേര് ശക്തിയിൽ അങ്ങോട്ടുമിങ്ങോട്ടും കുലുങ്ങി. നിയന്ത്രണം വിട്ട ദേവൻ തേരിൽ നിന്നും പുറത്തേക്ക് എടുത്തെറിയ പെട്ട പോലെ തെറിച്ചു വീണു.

"ആഹ് "

റോഡിലെ കുഴിയിൽ പെട്ട് നിയന്ത്രണം വിട്ട ബുള്ളറ്റ് തെന്നി വീണതിനൊപ്പം ദേവനും റോഡിനു വശത്തേക്ക് തെറിച്ചു വീണു.

നടുവും തല്ലി വീണ ദേവൻ ആയാസത്തോടെ പുറം തടവിക്കൊണ്ട് എണീറ്റു നിന്നു.അങ്കലാപ്പോടെ അവൻ ചുറ്റും ഒന്ന് കണ്ണോടിച്ചു നോക്കി.

കുതിരയുമില്ല, തേരുമില്ല, രാജകുമാരന്റെ വസ്ത്രങ്ങളുമില്ല ... അപ്പോഴാണ് ഇത്രയും നേരം സ്വപ്നം കണ്ടു കൊണ്ടാണ് വണ്ടി ഓടിച്ചതെന്നു അവന് മനസിലായത്.

ആരും കണ്ടില്ലെന്നു ഉറപ്പ് വരുത്തിയതും ആശ്വാസത്തോടെ അവൻ നിലത്തു വീണു കിടക്കുന്ന ബുള്ളറ്റ് എടുത്തുയർത്തി നേരെ വച്ചു.

ഇതിപ്പോ അവളെ കണ്ട ശേഷം രണ്ടാമത്തെ വീഴ്ച ആണല്ലോ എന്ന് ഓർത്ത് അവൻ ചിരിച്ചുകൊണ്ടിരുന്നു.

പൂച്ചകണ്ണിയെ കണ്ടു ഒറ്റയടിക്ക് വീണപോലെ വണ്ടി ഓടിക്കുമ്പോൾ പോലും വീണു പോകുന്ന അവസ്ഥയെ അവൻ സഹതാപത്തോടെ നോക്കി കണ്ടു.

ഈ പ്രേമം തലക്ക് പിടിച്ചാൽ കണ്ണു കാണില്ലെന്ന് പറയുന്നത് വെറുതെയല്ല എന്ന് അവന് മനസിലായി.ദേവൻ വീണ്ടും കഷ്ട്ടപെട്ടു വണ്ടിയോടിച്ചുകൊണ്ടിരുന്നു.

പിന്നെയും പലയിടത്തും വണ്ടി പാളിപ്പോയെങ്കിലും എവിടെയും വീഴാതെ ഭാഗ്യം കൊണ്ട് മാത്രം അവൻ രക്ഷപ്പെട്ടു.

ഒരു വലിയ ഇറക്കം ഇറങ്ങി വരുന്ന വഴി റോഡ് സൈഡിൽ നിന്നും ഒരു പെൺകുട്ടി അവന് നേരെ കൈ നീട്ടി.

ദേവൻ പതുക്കെ അവൾക്ക് സമീപം ബുള്ളറ്റ് കൊണ്ടു വന്നു നിർത്തി. അവൻ അവളുടെ മുഖത്തേക്ക് നോക്കി.

ആ പെൺകുട്ടി തലയിൽ വച്ചിരുന്ന വലിയ തൊപ്പി ഊരിയെടുത്ത ശേഷം മുന്നിലേക്ക് അഴിഞ്ഞു വീണ കാർകൂന്തൽ പതിയെ കോതിയൊതുക്കിക്കൊണ്ട് ദേവന്റെ മുഖത്തേക്ക് നോക്കി.

നിമിഷ നേരത്തേക്ക് അവരുടെ കണ്ണുകൾ തമ്മിലുടഞ്ഞു. ആ പെൺകുട്ടിയുടെയും ദേവന്റെയും കണ്ണുകൾ വിടർന്നു വന്നു.

"ഹേയ് നിങ്ങളെ  അന്ന് അമ്പലത്തിൽ വച്ചു കണ്ടതല്ലേ ഞാൻ.. "

ദേവൻ അതേ എന്ന അർത്ഥത്തിൽ തലയാട്ടി.

"വൗ ഇട്സ് കൂൾ.. കൂടുതൽ പരിചയപ്പെടാൻ പറ്റിയില്ല അന്ന്.. ബൈ ദി വേ മൈ നെയിം ഈസ് മുത്തുമണി "

ആ പെൺകുട്ടി അവന് നേരെ കൈ നീട്ടി.

അമ്പലത്തിൽ വച്ചു കൂട്ടിയിടിച്ച കല്യാണിയുടെ അപരയായ പെൺകുട്ടി പച്ചക്ക് തന്റെ മുൻപിൽ വന്നു നിക്കുന്നതിന്റെ ഞെട്ടലിൽ ആയിരുന്നു ദേവൻ.

മോഡേൺ ചുരിദാർ അണിഞ്ഞു തലയിൽ കൂളിംഗ് ഗ്ലാസ് പിടിപ്പിച്ച എണ്ണ മയമില്ലാത്ത മുടിയും നിറം ചാർത്തിയ അധരങ്ങളും വായിൽ നിന്നും വരുന്ന ഇംഗ്ലീഷും മാറ്റി വച്ചു നോക്കിയാൽ ഇത് അസ്സൽ കല്യാണി തന്നെയെന്ന് ആരും പറഞ്ഞു പോകുമെന്ന് അതിശയത്തോടെ അവൻ ഓർത്തുകൊണ്ടിരുന്നു.

ദേവനു അന്ന് അമ്പലത്തിൽ വച്ചു കണ്ടു മുട്ടിയ നിമിഷങ്ങളായിരുന്നു കണ്ണിനു ചുറ്റും ഓടി കൊണ്ടിരുന്നത്.

ഇതിപ്പോ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും പറ്റാത്ത അവസ്ഥ ആണല്ലോ എന്നോർത്ത് ദേവന്റെ തല ചുട്ടു പഴുത്തു.

അവളുടെ പൂച്ചക്കണ്ണുകളിലേക്ക് തന്നെ അവൻ നോക്കികൊണ്ടിരുന്നു.ദേവന്റെ മുഖത്തു മാറി മറിയുന്ന ഭാവങ്ങൾ കണ്ടു തന്നെ അയാൾക്ക് മുന്പരിചയമുള്ള പോലെയാണെന്ന് മുത്തുമണിക്ക് തോന്നി പോയി.

അവൾ വീണ്ടും അവന് നേരെ കൈ നീട്ടി കാണിച്ചു. സ്വബോധത്തിലേക്ക് വന്ന ദേവൻ ചമ്മലോടെ അവളുടെ ഉള്ളം കയ്യിലേക്ക് ചേർത്തു പിടിച്ചു.

"ദേവൻ... അല്ലേ ? "

"അതേ ദേവൻ "

"ഹ്മ്മ് ഐ റെമെമ്പർ.. എന്നാലും ഇങ്ങനെ ഒരു പെണ്ണിനെ വായി നോക്കല്ലേ കേട്ടോ.. വായിൽ ഈച്ച കേറും "

കുസൃതി ചിരിയോടെ മുത്തുമണി പറഞ്ഞു.

ദേവൻ വായ് അടച്ചു പിടിച്ചു ചമ്മലോടെ അവളെ നോക്കി. മുത്തുമണി ചിരിയടക്കാൻ പാടു പെട്ടു കൊണ്ട് അവനോട് ചോദിച്ചു.

"ദേവൻ വരുന്ന വഴിയാണോ "

"അതേ "

"ok ഒരു ഹെല്പ് ചെയ്യാമോ പ്ലീസ്.. എന്റെ വണ്ടി ബ്രേക്ക്ഡൌൺ ആയി. ഇഫ് യു ഡോണ്ട് മൈൻഡ് ഒരു ലിഫ്റ്റ് തരുമോ ? "

കണ്മഷിയെഴുതിയ കണ്ണുകളിൽ കുസൃതി ഒളിപ്പിച്ചു വച്ചു കുറുകലോടെയുള്ള മുത്തുമണിയുടെ ചോദ്യം കേട്ടതും ദേവനു അത് തിരസ്ക്കരിക്കാൻ സാധിച്ചില്ല.

വാക്കുകൾ കൊണ്ടുള്ള പ്രയോഗത്തിനു അവൻ അസ്ത്ര പ്രജ്ഞൻ ആയിരുന്നു.കല്യാണിയുടെ അപരയെ കണ്ട ഞെട്ടലിൽ നിന്നും അപ്പോഴും അവൻ വിമുക്തനായിട്ടുണ്ടായിരുന്നില്ല.

പലപ്പോഴൊക്കെ അവളുടെ ചിരിയും സംസാരവും നിൽപ്പും ഒക്കെ കണ്ടപ്പോൾ കല്യാണിയുമായി ഒരു ബന്ധവുമില്ലെന്ന് അവന് തോന്നി.

പക്ഷെ ആ പൂച്ചക്കണ്ണുകളിലെ പിടപ്പും മറ്റും കാണുമ്പോൾ അത് കല്യാണി തന്നെയാണെന്ന് അവന് ഇടക്കിടക്ക് തോന്നിപോയി.എങ്കിലും ഇത് വേറൊരു പെൺകുട്ടിയാണെന്ന് അവൻ മനസിനെ പഠിപ്പിച്ചുകൊണ്ടിരുന്നു.

തന്നെ ഇങ്ങനെ പരീക്ഷിക്കുന്ന വിധിയെ പഴിച്ചു കൊണ്ട് ദേവൻ അവളെ തന്നെ നോക്കി.

"വന്നോളൂ.. "

ദേവന്റെ വാക്കുകൾ കേട്ട മുത്തുമണി സന്തോഷത്തോടെ അവന് പിറകിൽ ബുള്ളെറ്റിലേക്ക് വലിഞ്ഞു കയറി.

അവൾ കൈകളെടുത്ത് ദേവന്റെ ചുമലിൽ അമർത്തി വച്ചു. ചുമലിൽ അനുഭവപ്പെട്ട കരതലസ്പർശനം ദേവന്റെ ഉള്ളിലാകെ വിദ്യുത് പ്രവാഹം നടത്തിയ പ്രതീതി അവന് അനുഭവപ്പെട്ടു.

ശരീരമാകെ ഒരു തരം കുളിര് വ്യാപിക്കുന്ന പോലെ. ആ കുളിരിൽ ദേവൻ മനം മറന്ന് നിന്നു.

മനസിനെ എത്ര പറഞ്ഞ് പഠിപ്പിച്ചിട്ടും കല്യാണിയിലേക്ക് ചിന്തകൾ വഴുതി പോകുന്നതിനെ സ്വയം അവൻ അപലപിച്ചു.

മനസിന്റെ താളപ്പിഴ കാരണം ഭ്രാന്ത് പിടിക്കുന്ന പോലെ ദേവന് തോന്നി. അപ്പോഴാണ് ഈ പെൺകുട്ടിയുടെ രംഗപ്രവേശം.

അതോടെ മനസിന്റെ കടിഞ്ഞാൺ ദേവന്റെ കയ്യിൽ നിന്നും നഷ്ടമായി.മൂന്ന്, നാല് തവണ ശ്വാസം ഉള്ളിലേക്ക് വലിച്ച് പുറത്തേക്ക് വിട്ട ദേവൻ തലയുയർത്തി നോക്കി.

അപ്പൊ കണ്ടത് കണ്ണിൽ പകപ്പോടെ നിൽക്കുന്ന മുത്തുമണിയുടെ കാർ ഡ്രൈവറിനെ ആയിരുന്നു.

അയാളുടെ കോപം കണ്ടതും ദേവൻ പുരികം ഉയർത്തി പിടിച്ച് പതിയെ ഇടതു കൈ ഹാൻഡിലിൽ നിന്നുമെടുത്ത് മീശയുടെ അറ്റം പതിയെ ഒതുക്കി വച്ചു.

അത് കണ്ടതും അയാൾ ഭയപ്പാടോടെ കാറിനു പിന്നിൽ മറഞ്ഞു നിന്നു. ഉള്ളിൽ ചിരിയോടെ ദേവൻ പുറകിലേക്ക് നോക്കി.

"പോയാലോ "മുത്തുമണി മുഖത്തേക്കടിക്കുന്ന വെയിലിനെ കൈ കൊണ്ട് കഷ്ടപ്പെട്ട് മറച്ചു വച്ചു ചോദിച്ചു.

"ആഹ് ശരി "

ദേവൻ മറുപടി നൽകി.

മുഖത്തേക്കടിക്കുന്ന വെയിലിന്റെ ഉഷ്ണം സഹിക്കാനാവാതെ മുത്തുമണി ഞെളിപിരി കൊണ്ടു.

അത് മനസ്സിലായതും ദേവൻ ബുള്ളറ്റ് ഓൺ ചെയ്തു മുന്നോട്ടേക്ക് എടുത്തു.
പ്രകൃതിയുടെ അഭൗമ്യ സൗന്ദര്യം ആസ്വദിച്ചുകൊണ്ടുള്ള ബുള്ളറ്റിലെ യാത്ര മുത്തുമണിയെ ആകെ ഹരം പിടിപ്പിച്ചു.

മുംബൈയിലെ തിരക്ക് പിടിച്ച ജീവിതത്തെക്കാളും ഈ ഗ്രാമീണതയിൽ ജീവിക്കുന്നവരോട് അവൾക്ക് വല്ലാതെ അസൂയ തോന്നി.

ദേവനെ ഇറുകെ പുണർന്നുകൊണ്ട് അവൾ വഴി കാഴ്ചകൾ കണ്ടു കൊണ്ടിരുന്നു.ദേവന്റെ കൂടെയുള്ള ബുള്ളെറ്റിലെ യാത്ര അവൾക്ക് വല്ലാത്തൊരു അനുഭൂതി സമ്മാനിച്ചു.

കുറേ നേരത്തെ യാത്രയ്ക്ക് ശേഷം ദേവന്റെ ബുള്ളറ്റ് കുന്താള പുരം ഗ്രാമത്തിന്റെ അതിർത്തി കടന്നിരുന്നു.

ഗ്രാമ പാതയിലൂടെ സഞ്ചരിച്ച അവന്റെ ബുള്ളറ്റ് വൈകാതെ തന്നെ തിരുവമ്പാടി മനയുടെ മുൻപിൽ ഉള്ള റോഡിൽ ചെന്നു നിന്നു.

ദേവൻ ഇറങ്ങിക്കോ എന്ന മട്ടിൽ മുത്തുമണിയെ തിരിഞ്ഞു നോക്കി. പെട്ടെന്ന് അവിടെ എത്തപ്പെട്ടതിൽ അവൾക്ക് സ്വയം നിരാശ തോന്നി.

ഈ യാത്ര പൊടുന്നനെ ഒന്നും അവസാനിക്കരുതേ എന്നായിരുന്നു അവളുടെ അകമഴിഞ്ഞ പ്രാർത്ഥന.അവൾ ബുള്ളറ്റിൽ നിന്നും ഇറങ്ങാൻ വിമ്മിഷ്ട്ടപെട്ടു.

അത് അവളുടെ മുഖത്തു നിന്നും ദേവനു മനസിലായി.

"എന്തേ ഇറങ്ങുന്നില്ലേ? "

"മ്ച്ചും"   മുത്തുമണി ചുമൽ കൂച്ചി

"പിന്നെ എന്താ ഉദ്ദേശം " ദേവൻ അല്പം കടുപ്പത്തോടെ ചോദിച്ചു.

"വീട്ടിൽ കൊണ്ടു ചെന്നാക്കുമോ ? "

പതിഞ്ഞ ശബ്ദത്തിൽ അവൾ ചോദിച്ചു. അവളുടെ പൂച്ചക്കണ്ണുകളിൽ വിരിഞ്ഞ അപേക്ഷാഭാവം നിരസിക്കാൻ ദേവനു കഴിഞ്ഞില്ല.

അവൻ തിരുവമ്പാടി മനയുടെ പടിപ്പുരയിലേക്ക് ബുള്ളറ്റ് എടുത്തു. പടിപ്പുര കഴിഞ്ഞു മനയുടെ മുറ്റത്തേക്ക് എത്തിയ ദേവന്റെ ബുള്ളറ്റ് കണ്ടു എല്ലാവരും അതിശയത്തോടെ എത്തി നോക്കി.

പലരും ഞെട്ടലോടെ നെഞ്ചത്ത് കൈ വച്ചു. ചിലർ ബുള്ളറ്റിൽ ഉള്ളത് ദേവൻ തന്നെയാണെന്ന് ഉറപ്പിച്ചു.

അവിടെ പണിയെടുത്തുകൊണ്ടിരുന്ന പണിക്കാർ  ഭയത്തോടെ പരസ്പരം ചുണ്ടനക്കി എന്തൊക്കെയോ മൊഴിഞ്ഞു കൊണ്ടിരുന്നു.

തന്നെ കണ്ടപ്പോൾ എല്ലാവർക്കും ഉണ്ടായ മാറ്റം കണ്ടു ദേവൻ ചിരിയോടെ ബുള്ളറ്റിന്റെ ആക്സിലേറ്ററിൽ പിടിച്ചു തിരിച്ചു.

അവന്റെ പട കുതിരയുടെ ആർത്ത നാദം കേട്ട് തിരുവമ്പാടി മനയിൽ നിന്നും സ്ത്രീ പുരുഷ ജനങ്ങൾ ഇറങ്ങി വന്നു. ദേവനെ കണ്ടു സ്ത്രീകൾ മൂക്കത്ത് വിരൽ വച്ചു.

മുത്തുമണി പതുക്കെ ബുള്ളറ്റിൽ നിന്നും ഊർന്നിറങ്ങി. പുരുഷ പ്രജകൾ ഇത് കണ്ടു വിളറി വെളുത്ത മുഖവുമായി ചുറ്റും നോക്കികൊണ്ടിരുന്നു.

ദേവൻ മുഖം ചരിച്ചു അവളെ നോക്കി.മുത്തുമണി നന്ദിയോടെ അവനെ തന്നെ നോക്കി നിന്നു.

അവൾ എന്തോ പറയാൻ തുനിഞ്ഞതും പിറകിൽ നിന്നുമുള്ള ചവിട്ടേറ്റ് ദേവനും ബുള്ളറ്റും നിലത്തേക്ക് തെറിച്ചു വീണു.

മുത്തുമണി ഞെട്ടലോടെ പുറകിലേക്ക് നോക്കി. അവിടെ തലയിൽ തോർത്ത് വട്ടത്തിൽ കെട്ടി വയ്ക്കുന്ന മുണ്ടും ബനിയനും ഇട്ട ആളെ അവൾ കണ്ടു.

ആ സമയം അവിടെ പണിയെടുത്തുകൊണ്ടിരുന്നവർ കയ്യിൽ കിട്ടിയ ആയുധങ്ങളുമായി മുറ്റത്തേക്ക് നടന്നടുത്തു.

ദേവൻ പതുക്കെ നിലത്തു കൈ കുത്തി എണീറ്റു. അതിനു ശേഷം ബുള്ളറ്റ് എടുത്തു പൊന്തിച്ചു വച്ചു.മുത്തുമണി അവനരികിലേക്ക് ഓടി വന്നു.

"ദേവാ എന്തേലും പറ്റിയോ ? "

അവൾ സംഭ്രമത്തോടെ അവന്റെ ദേഹത്തു പറ്റി പിടിച്ചിരുന്ന മണൽത്തരികൾ കൈകൊണ്ട് തുടച്ചു മാറ്റികൊണ്ടിരുന്നു.

ദേവൻ അവളുടെ കൈ പതുക്കെ പിടിച്ചു മാറ്റി. അവൾ അവനെ തുറിച്ചു നോക്കി.ഇപ്പൊ അങ്ങനൊരു കാഴ്ച അവളുടെ വീട്ടുകാർ കാണാതിരിക്കുന്നതാണ് നല്ലതെന്നു അവന് തോന്നി.

"മുത്തുമണി പൊക്കോളൂ  "

ദേവൻ അവളോട് പോകാനായി കേണു.എന്നാൽ അവൾ അത് അനുസരിച്ചില്ല. അവൾക്ക് ദേവനെ ഒറ്റക്ക് വിട്ടിട്ട് പോകുവാൻ തോന്നിയില്ല.

മനയിലെ ഒരു പുരുഷ കേസരി കണ്ണുകൊണ്ട് ആംഗ്യം കാണിച്ചതും രണ്ടു മൂന്നു സ്ത്രീ രത്നങ്ങൾ അങ്ങോട്ടേക്ക് ഓടി വന്നു.

അവർ മുത്തുമണിയുടെ കയ്യിൽ പിടിച്ചു ബലമായി ഉള്ളിലേക്ക് കൊണ്ടു പോകാൻ നോക്കി. എന്നാൽ അവൾ നന്നായി പ്രതിരോധിച്ചതും അവർക്ക് അവളെയും കൊണ്ട് ഉള്ളിലേക്ക് പോകാൻ സാധിച്ചില്ല.

"വിട് എന്നെ വിടാൻ "

മുത്തുമണി ചീറിക്കൊണ്ട് അവരിൽ നിന്നും കുതറി മാറാൻ നോക്കി. എന്നാൽ അവർ അവളെ കൂടുതൽ ബലം പിടുത്തതിലൂടെ മുറുകെ പിടിച്ചു വച്ചു.

മുത്തുമണി നിസ്സഹായതയോടെ ദേവനെ മുഖം ചരിച്ചു നോക്കി. ദേവൻ ഒന്നും മിണ്ടാനാകാതെ അവളുടെ പിടയ്ക്കുന്ന പൂച്ചക്കണ്ണുകളിലേക്ക് നോക്കിക്കൊണ്ടിരുന്നു.

ഈ സമയം ഇടതു വശത്തു നിന്നും ആരോ വീശിയ മരക്കഷ്ണം ദേവൻ കയ്യെത്തിച്ചു പിടിച്ചു തടഞ്ഞു.

ആ മരക്കഷ്ണത്തിൽ അവൻ  ദൃഢമായി പിടിച്ചുകൊണ്ട് അത് വീശിയ ആളെ കോപത്തോടെ എരിയുന്ന കണ്ണുകളോടെ നോക്കി.

അയാൾ ആ നോട്ടത്തിന്റെ ജ്വാല സഹിക്കാനാവാതെ കണ്ണുകൾ ചിമ്മി തുറന്ന നിമിഷം കൊണ്ട് ദേവൻ വായുവിൽ ഉയർന്നു ചാടി വലതു കാൽ വട്ടത്തിൽ വീശി അയാളുടെ കഴുത്തിനു നേരെ ലക്ഷ്യം വച്ചു.

പ്ഢക്

"ആാഹ് "

അയാൾ വേദനയോടെ നിലത്തേക്ക് മുഖമടിച്ചു വീണു. ദേവൻ ക്രോധത്തോടെ മണ്ണിൽ പുരണ്ടു കിടക്കുന്ന അയാളുടെ മുഖത്തു ആഞ്ഞു ചവിട്ടി.

മുഖമടച്ചു കാലുകൊണ്ട് ഒരു താഡനം കൂടി നൽകിയതും അയാൾ ബോധരഹിതനായി.അയാളുടെ നാസികയിൽ നിന്നും ഉതിർന്ന നിശ്വാസം നിലത്തെ മൺതരികളെ ദൂരേക്ക് തട്ടി തെറിപ്പിച്ചു.

അത് കണ്ടു മുത്തുമണിയും  തിരുവമ്പാടി മനയിൽ ഉള്ളവരും ഞെട്ടലോടെ ദേവനിലേക്ക് ദൃഷ്ടി പതിപ്പിച്ചു.

ജോലി ചെയ്യുന്നവർ മുറുമുറുപ്പോടെ അബോധാവസ്ഥയിൽ നിലത്തു കിടക്കുന്ന ആളെ നോക്കികൊണ്ടിരുന്നു.

അപ്പോഴേക്കും ദേവന്റെ പുറകിലൂടെ പമ്മി പമ്മി വന്ന മറ്റൊരാൾ പതുങ്ങിയിരുന്ന് അവന്റെ കഴുത്തിനു മുന്നിലൂടെ കയ്യിട്ട് പിടിച്ചു വച്ചു.

അയാൾ കൈകൊണ്ടു ദേവന്റെ കഴുത്തിൽ ചുറ്റിപിടിച്ചുകൊണ്ട് അവനെ ശ്വാസം മുട്ടിച്ചുകൊണ്ടിരുന്നു. ദേവൻ നിഷ്പ്രയാസം അയാളുടെ കൈ പിടിച്ചു മാറ്റി.

അതിനു ശേഷം അയാളുടെ കൈ മുട്ട് തോളിലേക്ക് പിടിച്ചു വച്ച് അവൻ താഴേക്ക് ശക്തിയിൽ വലിച്ചു.

പട്ക്

"ആാഹ് "

കൈ മുട്ട് ഒടിഞ്ഞ വേദനയിൽ അയാൾ വലിയ വായിൽ അലറിക്കൊണ്ട് നിലത്തേക്ക് കുന്തിച്ചിരുന്നു.

ഒടിഞ്ഞു  തൂങ്ങുന്ന കയ്യിലേക്ക് അയാൾ നിറഞ്ഞു തുളുമ്പുന്ന കണ്ണുകളോടെ നോക്കി കരഞ്ഞുകൊണ്ടിരുന്നു.

ഒടിഞ്ഞ കയ്യും നോക്കികൊണ്ടുള്ള  അയാളുടെ ഇരിപ്പ് കണ്ടു എല്ലാവരും ഭയന്ന് വിറച്ചു.

ജോലിയെടുക്കുന്നവരും സ്ത്രീകളും അത് കാണാൻ ത്രാണിയില്ലാതെ കണ്ണുകൾ പൊത്തി വച്ചു.അതും നോക്കികൊണ്ടിരിക്കെ മുൻപിൽ നിന്നുമൊരാൾ ദേവനു നേരെ എടുത്തു ചാടി.

നിയന്ത്രണം വിട്ട അവൻ അയാളോടൊപ്പം മണ്ണിലേക്ക് വീണു. ദേവൻ ഉരുണ്ടു പിടഞ്ഞെണീറ്റു അയാളുടെ കഴുത്തിൽ കൈ കൊണ്ട് അമർത്തി പിടിച്ചു.

ശ്വാസം കിട്ടാതെ അയാൾ നിലത്തു കൈകാലുകളിട്ടടിച്ചു.അപ്പൊ പുറകിൽ നിന്നും വന്ന ഒരു തടിയൻ ദേവനെ പൂപോലെ തൂക്കിയെടുത്ത് ദൂരേക്ക് വലിച്ചെറിഞ്ഞു.

നിലത്ത് വിരിച്ചു വച്ചിരുന്ന ഓലമെടഞ്ഞതിന്റെ കെട്ടിലേക്കാണ് ദേവൻ ചെന്നു വീണത്.അവിടെ നിന്നും കോപം വിങ്ങുന്ന മുഖത്തോടെ എണീറ്റ ദേവൻ ആ തടിയന് നേരെ കയ്യോങ്ങിക്കൊണ്ട് നടന്നു തുടങ്ങി.

അയാൾ ഉടുത്തിരുന്ന മുണ്ട് ഒന്നുകൂടി ബലമായി മുറുക്കിയുടുത്ത് ദേവനു നേരെ മുഷ്ടി ചുരുട്ടി പിടിച്ചു നിന്നു.

ദേവൻ അടുത്തെത്തിയതും അയാൾ അവന് നേരെ കൈ വീശി. എന്നാൽ ദ്രുത ഗതിയിൽ ഒഴിഞ്ഞു മാറിയ ദേവൻ തലയുയർത്തി നിന്നതും അയാൾ അവന് നേരെ കാലു വട്ടത്തിൽ വീശി.

ആ ഒരു നീക്കം മുൻകൂട്ടി കണ്ടെന്ന പോലെ ദേവൻ നിലത്തേക്ക് കുനിഞ്ഞിരുന്നു. അയാൾക്ക് ലക്ഷ്യം തെറ്റിയതും ദേവൻ പൊടുന്നനെ എണീറ്റു മുന്നോട്ട് ആഞ്ഞു അയാളുടെ മുട്ടു കാലിൽ ഇടതു കാൽ വച്ചു ചവിട്ടി വായുവിലുയർന്നു വലതു കാൽ മടക്കി മുട്ട് അയാളുടെ മുഖം നോക്കി വീശി.

കാൽമുട്ട് കൊണ്ട് മുഖത്തു കനത്ത പ്രഹരമേറ്റ അയാൾ അസഹനീയമായ വേദനയോടെ കൈകൾകൊണ്ട് മുഖം പൊത്തി പിടിച്ചു അലറി.

അയാളുടെ അലർച്ച അവിടമാകെ പ്രകമ്പനം കൊണ്ടു.പതിയെ അയാൾ കൈകൾ വിടർത്തി പിടിച്ചു മുഖം ഉയർത്തി ദേവനെ നോക്കി.

അയാളുടെ മൂക്കിൽ നിന്നും വായിൽ നിന്നും കട്ട ചോര കുടു കുടാ ഒലിച്ചു തുടങ്ങിയിരുന്നു.

അയാളുടെ നിരയൊത്ത മുൻവശത്തെ പല്ലുകളിൽ മൂന്നു നാലെണ്ണം അയാളുടെ വായിൽ നിന്നും ഒലിച്ചിറങ്ങുന്ന ചോരയ്ക്കൊപ്പം പുറത്തേക്കൊഴുകി മണ്ണിലേക്ക് വീണു അഭയം പ്രാപിച്ചു.

ആ ഭീകരമായ കാഴ്ച  എല്ലാവരുടെയും ഉള്ളിനെ പിടിച്ചുലക്കുന്നതിനു തുല്യമായിരുന്നു.ഭയത്തോടെ എല്ലാവരുടെയും കണ്ണുകൾ ദേവനു മേൽ വന്നു പതിച്ചു.

ആ സമയം വാക്കത്തിയും കയ്യിലേന്തി  മെലിഞ്ഞിട്ടുള്ള ഒരാൾ ദേവനരികിലേക്ക് ഓടിയടുത്തു.

ദേവന്റെ കഴുത്ത് നോക്കി അയാൾ മൂർച്ചയേറിയ വാക്കത്തി വീശി. തലമുന്നിലേക്ക് കുനിച്ചു ഒഴിഞ്ഞു മാറിയ ദേവൻ ചാടിയെണീറ്റു നിന്നു.

ലക്ഷ്യം തെറ്റിയ അയാൾ അലറിക്കൊണ്ട് വാക്കത്തി വലിച്ചെടുത്ത് അവന്റെ നെഞ്ചു ലക്ഷ്യമാക്കി വീണ്ടും വീശി.

അത് ദേവന്റെ നെഞ്ചിനെ തൊട്ടു തൊട്ടില്ല എന്ന മട്ടിൽ കടന്നു പോയി.ഒന്ന് പരിഭ്രമിച്ചെങ്കിലും സംയമനം വീണ്ടെടുത്ത ദേവൻ അയാളുടെ കൈക്കുഴയിലെക്ക് ചാടി പിടിച്ചുകൊണ്ടു കത്തി പിടിച്ചു മാറ്റി ദൂരേക്ക് എറിഞ്ഞു.

"ഡാ നീയെന്റെ നെഞ്ചു നോക്കി വീശുമല്ലേ? "

ദേവൻ അലറിക്കൊണ്ട് അയാളുടെ മുഖത്തേക്ക് മുഷ്ടി ചുരുട്ടി ഇടിച്ചു. അപ്പോഴും ഒരു കൈകൊണ്ട് അയാളുടെ കൈക്കുഴയിൽ അവൻ മുറുകെ പിടിച്ചിരുന്നു.

വീണ്ടും വീണ്ടും ദേവൻ അയാളുടെ മുഖത്തു കനത്ത പ്രഹരം നൽകി.അവന്റെ മുഷ്ടിയുടെ ചൂട് അറിഞ്ഞ അയാൾ മൂക്കിന്റെ പാലം തകർന്ന വേദനയിൽ അലറി വിളിച്ചു കൊണ്ട് നിലത്തു കിടന്നുരുണ്ടു.

മൂക്കിൽ നിന്നും ചോര ഒഴുകി വരുന്നത് കണ്ട ദേവൻ ഒരു ചിരിയോടെ ബാക്കിയുള്ളവരെ നോക്കി വരുവാൻ വെല്ലുവിളിച്ചു.

അപ്പോഴേക്കും മനയുടെ ഉള്ളിൽ നിന്നും രുദ്രൻ തിരുമേനിയും മുത്തുമണിയുടെ അച്ഛൻ രഘുവരനും സഹോദരൻ ശ്രീനിവാസനും ഓടി പിടഞ്ഞു ഉമ്മറത്തേക്കെത്തി.

അച്ഛനെ കണ്ടതും മുത്തുമണി തന്നെ കുടുക്കി വച്ചിരിക്കുന്നവരുടെ കൈകൾ തട്ടി മാറ്റി രഘുവരന്റെ ചാരത്തേക്ക് ഓടിയടുത്തു.

അയാളുടെ നെഞ്ചിലേക്ക് ചാഞ്ഞു കിടന്നു അവൾ സങ്കോചത്തോടെ അയാളുടെ മുഖത്തേക്ക് തന്നെ ഉറ്റു നോക്കി.

അവളുടെ പൂച്ചക്കണ്ണുകളിലെ പിടപ്പ് കണ്ടതും അയാൾ മകളെ വെപ്രാളത്തോടെ ചേർത്തു പിടിച്ചു.

"മുത്തുമണി മോളെ... എന്തുപറ്റി ? "

രഘുവരൻ അവളുടെ മുടിയിഴകൾ കോതിയൊതുക്കിക്കൊണ്ട് സ്വന്തം മകളെ ആശ്വസിപ്പിക്കുവാനായി ശ്രമിച്ചു.

"പപ്പാ  ദേവൻ എനിക്ക് ഇവിടെ വരെ ലിഫ്റ്റ് തന്നതാ.. അതിനാ ആ ഗുണ്ടകൾ അവനെ ഉപദ്രവിച്ചത്  "

"അപ്പൊ മോൾടെ കാറോ അതെവിടെ ? "

രഘുവരൻ പതിഞ്ഞ ശബ്ദത്തിൽ ചോദിച്ചു.

അത് ബ്രേക്ക്ഡൌൺ ആയി പപ്പാ..  അപ്പോഴാ ദേവനെ വഴിക്ക് വച്ചു പരിചയപ്പെട്ടത്. അവനാ എനിക്ക് ലിഫ്റ്റ് തന്നേ... ഹെല്പ് ചെയ്തു തന്ന ഒരാളെ എന്തിനാ ഇങ്ങനെ ഉപദ്രവിക്കുന്നതെന്നു ചോദിക്ക് പപ്പാ "

മുത്തുമണി പ്രതീക്ഷയോടെ രഘുവരന്റെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി.അതൊരു കഴമ്പ് നിറഞ്ഞ ആവശ്യം ആണെന്ന് തിരിച്ചറിഞ്ഞതും രഘുവരൻ രുദ്രൻ തിരുമേനിയെ മുഖം തിരിച്ചുനോക്കി.

"എന്താ ഏട്ടാ ഇത്?  ആരാ ഇയാള്?  എന്തിനാ എല്ലാരും കൂടി അയാളെ ഉപദ്രവിക്കാൻ നോക്കുന്നെ ? "

രഘുവരൻ അയാൾക്ക് നേരെ പൊട്ടി ത്തെറിച്ചു.

മകളെ അത്രയ്ക്കും ഇഷ്ട്ടപെടുന്ന ആ അച്ഛന് തന്റെ മകളുടെ മുൻപിൽ കാണിച്ചു കൂട്ടുന്ന ഈ കോപ്രായങ്ങൾക്ക് തല വച്ചു കൊടുക്കാൻ ഒരുക്കമില്ലായിരുന്നു.

അയാൾ സ്വന്തം ചേട്ടനായ രുദ്രൻ തിരുമേനിയുടെ മറുപടിക്കായി കാത്തിരുന്നു.

"രഘു അത് വേറാരുമല്ല നമ്മുടെ ശത്രുവാ...ശത്രു "

രുദ്രൻ തിരുമേനി നിന്നു കിതച്ചു.

"ഏത് ശത്രു?  എന്തൊക്കെയാ ഏട്ടൻ ഈ പറയണേ.. ഒന്ന് തെളിച്ചു പറാ  "

അല്പം മുഷിപ്പോടെ നെറ്റി ചുളിച്ചുകൊണ്ട് അയാൾ രുദ്രൻ തിരുമേനിയെ നോക്കി.

"തേവക്കാട്ട് ശങ്കരന്റെ സന്തതിയാണവൻ.അതിലുപരി നമ്മുടെ ആജന്മശത്രുവും "

രുദ്രൻ തിരുമേനി പല്ലിറുമ്മിക്കൊണ്ട് പറഞ്ഞു.രഘുവരൻ ഒന്ന് ഞെട്ടിയെങ്കിലും ദേവനെ അയാൾ മുഖം വെട്ടിച്ചു നോക്കി.

ബോംബെയിൽ ആയിരിക്കുമ്പോൾ വീട്ടുകാർ ഒരുപാട് പറഞ്ഞു കേട്ടിട്ടുള്ള ദേവനെ അയാൾ ഒരു നോക്ക് കാണുകയായിരുന്നു.

ഭയമേതുമന്യേ ദേവന്റെ തലയുയർത്തിയുള്ള ആ നിൽപ്പ് രഘുവരാണ് 'ക്ഷ 'പിടിച്ചു.ഈ മനയിലേക്ക് കേറി വന്നു ഒറ്റക്ക് നിന്നു പോരാടണമെങ്കിൽ നല്ല ചങ്കൂറ്റം ആ യുവാവിന് ഉണ്ടാകുമെന്ന് അയാൾക്ക് തോന്നി.

എങ്കിലും ഇപ്പൊ ആ ഒരു പ്രശ്നം എങ്ങനേലും പരിഹരിക്കണമെന്ന് അയാൾ മനസിൽ ഉറപ്പിച്ചിരുന്നു.

മുത്തുമണിയെ ചേർത്തു നിർത്തിയ അയാൾ അവളുടെ കണ്ണുകളിൽ വിരിയുന്ന അപേക്ഷാ ഭാവം കണ്ടതും കണ്ണിമ ചിമ്മിക്കൊണ്ട് അവളെ ആശ്വസിപ്പിച്ചു. ശേഷം അയാൾ മുഖം ചരിച്ചു രുദ്രൻ തിരുമേനിയെ നോക്കി.

"ഏട്ടാ... ഞങ്ങൾ വന്നത് എല്ലാവരുടെയും കൂടെഈ ഉത്സവത്തിന്  സന്തോഷത്തോടെ ഇരിക്കാനാ... അല്ലാതെ ഇതുപോലെ തല്ലുമ്പിടി കാണാനല്ല.. ദയവ് ചെയ്ത് അതൊന്നു നിർത്താൻ പറ അവരോട്. "

"രഘു നീയെന്താ പറഞ്ഞു വരുന്നേ ? "

പിറകിൽ നിന്നും ഘനഗാംഭീര്യമുള്ള സ്ത്രീ ശബ്ദം കേട്ട് എല്ലാവരും ഒരുപോലെ തിരിഞ്ഞു നോക്കി.

വില കൂടിയ കാഞ്ചീപുരം പട്ടു സാരി ചുറ്റിയണിഞ്ഞു കഴുത്തിലും കൈകളിലുമായി നിറഞ്ഞു നിൽക്കുന്ന പൊൻ വർണമുള്ള ആഭരണങ്ങളിഞ്ഞുകൊണ്ട് പ്രൗഢി തോന്നുന്ന  മധ്യവയസ്സ്കയായ സ്ത്രീ തിരുവമ്പാടിയുടെ അകത്തളത്തിൽ നിന്നും വെളിയിലേക്കിറങ്ങി വന്നു.

പൊക്കം കുറഞ്ഞ അവരുടെ ശരീരത്തിൽ മേദസ്സ് നിറഞ്ഞു നിന്നതിന്റെ പരിണിത ഫലമായി തടിച്ച പ്രകൃതം ആയിരുന്നു ആ സ്ത്രീക്ക്.

എല്ലാവരും ആ സ്ത്രീയെ കണ്ടതോടെ ഭയഭക്തി ബഹുമാനത്തോടെ മുൻപിലേക്ക് വഴിയൊരുക്കികൊണ്ട് രണ്ടു ഭാഗങ്ങളിലേക്ക് വകഞ്ഞു മാറ്റപ്പെട്ടു.

വലിയൊരു ബോൾ ഉരുണ്ടു വരുന്ന പോലെ. അല്പം വെള്ളി നാരുകൾ വീണ മുടിയിഴകൾ കോതി വച്ചുകൊണ്ട് അവർ മുറ്റത്ത് നിക്കുന്ന ദേവനെ ക്രോധത്തോടെ നോക്കി.

ദേവൻ ഞാനീ ലോകത്തേ അല്ല എന്ന മട്ടിൽ ചുറ്റും കണ്ണോടിച്ചുകൊണ്ടിരുന്നു. ദേവനിൽ നിന്നും കണ്ണെടുത്ത് അവൾ രഘുവരനെ തുറിച്ചു നോക്കിക്കൊണ്ട് ചോദിച്ചു.

"നീ എന്താ പറഞ്ഞു വന്നതെന്ന് "

"ചേച്ചി ആ ചെക്കൻ മോൾക്ക് ഒരു ലിഫ്റ്റ് കൊടുത്തതാ.. അതിത്ര വല്യ വിഷയം ആക്കണ്ട കാര്യമുണ്ടോ? അവനെ പറഞ്ഞു വിട്ടേരെ "

രഘുവരൻ അതു പറഞ്ഞു കഴിഞ്ഞതും മുത്തുമണി ഉള്ളിൽ കത്തിയെരിയുന്ന പ്രതീക്ഷയോടെ അയാളെ മുഖം ഉയർത്തി നോക്കി.

അയാൾ ഒന്നുമില്ലെന്ന മട്ടിൽ അവളെ കണ്ണു ചിമ്മി കാണിച്ചു. ആ സ്ത്രീയെ കണ്ട ഭയത്താൽ അവൾ സ്വന്തം അച്ഛനെ മുറുകെ പിടിച്ചു നിന്നു.

"അതെങ്ങനാ അത്ര പെട്ടെന്ന് ക്ഷമിക്കാ? ആ തേവക്കാട്ടെ സന്തതി കാലു കുത്തിയത് എവിടാണെന്നു അറിയോ? ഈ തിരുവമ്പാടിക്കാരുടെ വീടിനു മുറ്റത്താ.. നമ്മുടെ മണ്ണിലാ.. എവിടുന്നാ അവന് ഇത്രേം ധൈര്യം കിട്ടിയത് ഇവിടെ കാലു കുത്താൻ? "

രോഷത്തോടെ ആ സ്ത്രീ കിടന്നു ചീറി. അത് കേട്ടതും രഘുവരൻ നിമിഷ നേരത്തേക്ക് നിശബ്ദനായി.

പഴയ നാട്ടു പ്രമാണിയുടെ ഭാര്യയും സർവോപരി തിരുവമ്പാടി കുടുംബത്തിന്റെ അവസാന വാക്കുമായ തന്റെ സ്വന്തം സഹോദരി ലീല അന്തർജ്ജനത്തെ
ധിക്കരിക്കുന്നത് ശരിയല്ല എന്ന് രഘുവരന് തോന്നി.

എങ്കിലും തന്റെ മകളെ ഒരു ആവശ്യ ഘട്ടത്തിൽ കയ്യൊഴിയാതെ സഹായിച്ച ദേവനെ തള്ളി പറയാൻ അയാൾക്കും ആയില്ല.

എങ്കിലും ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണണമെന്ന് അയാൾ ദൃഢ നിശ്ചയം എടുത്തു.

"ചേച്ചി ഒന്നുമില്ലേലും ഞാനല്ലേ പറയുന്നത് അയാളെ വെറുതെ വിടാൻ.. എന്നെ കരുതിയെങ്കിലും അയാളെ വെറുതെ വിടണം "

രഘുവരൻ അപേക്ഷയുടെ സ്വരത്തിൽ സ്വന്തം സഹോദരിയുടെ മുൻപിൽ നിന്ന് കേണു.

"എങ്കിലും മോനെ രഘു ....."

ലീല പറഞ്ഞു മുഴുവിപ്പിപ്പിക്കും മുൻപേ രഘുവരൻ ഇടപെട്ടു.

"ഞാൻ എന്റെ മോൾക്ക് വാക്ക് കൊടുത്തു പോയി ചേച്ചി.. നിങ്ങൾ ഞങ്ങളെ നിരാശപ്പെടുത്തല്ലേ "

രഘുവരന്റെ താഴ്മയോടെയുള്ള അപേക്ഷ കേട്ട് ആ സഹോദരിയുടെ മനസ്സലിഞ്ഞു. അവർ തലയാട്ടിക്കൊണ്ട് രുദ്രൻ തിരുമേനിയെ കണ്ണുകൾ കൊണ്ട് പരതി കണ്ടു പിടിച്ചു.

"മോനെ രുദ്രാ.. അവനെ വിട്ടേര് "

"എന്നാലും ചേച്ചി "

രുദ്രൻ വിടാൻ താല്പര്യമില്ലാത്ത മട്ടിൽ ഒഴിഞ്ഞു മാറാൻ നോക്കി.

എന്നാൽ ആജ്ഞയുടെ സ്വരത്തിൽ ആ സ്ത്രീ ഒന്നിരുത്തി മൂളിയതും രുദ്രൻ അനുസരണയോടെ മുറ്റത്തു നിക്കുന്ന തിരുവമ്പാടിക്കാരുടെ ശിങ്കിടികളോടും പണിക്കാരോടും മാറി പോകാൻ ആംഗ്യം കാണിച്ചു.

ദേവൻ ഒരു ചിരിയോടെ കയ്യിലെ പൊടി തട്ടി കളഞ്ഞു കൊണ്ട് ബുള്ളെറ്റിലേക്ക് പതിയെ കയറിയിരുന്നു.

"ഭൂമി പൂജ വരേയുള്ളു നിന്റെയീ അഹന്ത. ആ ദിവസം ഞങ്ങടെ ജയശങ്കർ നിന്നെ ഗോദയിൽ വച്ചു അവന്റെ കൈകൾ കൊണ്ട് ഞെരിച്ചു ഇല്ലാതാക്കും "

രുദ്രൻ തിരുമേനി മുഷ്ടി ചുരുട്ടി പിടിച്ച ശേഷം പല്ലിറുമ്മിക്കൊണ്ട് പറഞ്ഞു.

"ഉവ്വ.. കാണാം. "

മിററിലൂടെ കാണുന്ന പ്രതിബിംബം നോക്കിക്കൊണ്ട് മീശ പതുക്കെ പിരിച്ചു വച്ച ശേഷം ദേവൻ ബുള്ളറ്റ് ചവിട്ടി ഓൺ ചെയ്തു.

ഉറക്കം വിട്ടെണീറ്റ അവന്റെ പട കുതിരയുടെ ആർത്ത നാദം കേട്ട് എല്ലാവരും ചെവി കൈകൾ കൊണ്ട് പൊത്തി വച്ചു.

ആക്സിലേറ്റർ തിരിച്ചു കൊണ്ട് അവരെ ഒന്ന് പേടിപ്പിച്ച ശേഷം അവൻ ഒറ്റ കാലിൽ നിന്ന് ബാലൻസ് ചെയ്തു കൊണ്ട് ബുള്ളറ്റ് കറക്കിയെടുത്തു.

നേരെ പടിപ്പുരയിലേക് വെടിച്ചില്ലു പോലെ പായിച്ച അവൻ റോഡിലേക്ക് കയറിയ ശേഷം തറവാട് ലക്ഷ്യമാക്കി അടിച്ചു വിട്ടു.

ദേവൻ ദൂരേക്ക് പോയി മറയുന്നത് നോക്കി നിന്ന ശേഷം ചുണ്ടിൽ ഒരു പുഞ്ചിരിയോടെ ആരാധന നിറഞ്ഞു നിൽക്കുന്ന കണ്ണുകളോടെ മുത്തുമണി അച്ഛന്റെ കൂടെ അകത്തളത്തിലേക്ക് പോയി.

.............

ഡയറിയിൽ നിന്നും കണ്ണെടുത്ത അനന്തു ഒന്ന് നെടുവീർപ്പെട്ടു.വല്ലാത്തൊരു സുഖാനുഭൂതി അവന്റെ മനസിലാകെ നിറഞ്ഞു നിന്നു.

ഡയറി താളുകളിൽ  ഓരോ വരികളിലൂടെ സഞ്ചരിക്കുമ്പോൾ ഒരു സിനിമ കാണുന്ന പ്രതീതി ആയിരുന്നു അവന്.

അതിലുപരി ആ രംഗങ്ങളൊക്കെ മുൻപൊരിക്കൽ കണ്ടതോ കേട്ടതോ അറിഞ്ഞതോ ആയ കാര്യങ്ങളാണെന്ന് അനന്തുവിന് തോന്നിപ്പോയി.

ആദ്യമായി വായിക്കുമ്പോൾ ഉണ്ടാകുന്ന അപരിചിതത്വത്തിന് പകരം പണ്ടൊരിക്കൽ അറിഞ്ഞിട്ടുള്ള കാര്യങ്ങൾ വീണ്ടും അറിയുമ്പോഴുള്ള ഒരു വികാര പ്രകടനമായിരുന്നു തന്റെ മനസിലാകെ എന്ന് അവൻ തിരിച്ചറിഞ്ഞു.

ഡയറിയിലെ ഓരോ സംഭവങ്ങളും വായിക്കുമ്പോഴും ഇനി എന്തൊക്കെയാണ് സംഭവിക്കാൻ പോകുന്നതെന്ന് അവന്റെ മനസിലൂടെ ഒരു നിഴൽ ചിത്രം പോലെ മിന്നി മറയുന്നുണ്ടായിരുന്നു.

അനന്തു അമ്പരപ്പോടെ ഡയറിലേക്ക് കണ്ണും നട്ടിരുന്നു.തന്റെ ചുറ്റും നടക്കുന്നതൊക്കെ അവിശ്വസിക്കാനുള്ള ത്രാണി അവന് നിലവിൽ  ഇല്ലായിരുന്നു.

അപ്പോഴാണ് പഴകിയ ഡയറി ത്താളിൽ അവസാനം വായിച്ചു കഴിഞ്ഞ എഴുത്തിനു താഴെ രണ്ടു മൂന്ന് വരികൾ എഴുതപ്പെട്ടത് അവന്റെ ശ്രദ്ധയിൽ പെട്ടത്.

അനന്തുവിന്റെ കണ്ണുകൾ ആ വരികളിലൂടെ ആകാംക്ഷയോടെ ഓടി നടന്നു.
.
.
.

"ഇന്നീ വേനൽ മാരുതൻ ആൽമര
പർണ്ണങ്ങളിൽ സംഗീതം
പടർത്തുമ്പോൾ
എന്റെ ഹൃദയം നീയാം
കൺകളിൽ
ഞെട്ടറ്റു വീണൂ...
നിന്റെ മുഖം എനിക്കന്യമല്ല സഖീ,
ഈ നെഞ്ചിലൊന്ന് പതിഞ്ഞതല്ലേ നീ...
ഇന്നിന്റെ കാഴ്ചയിലെ നിൻ ചിത്രം
കാലപ്രവാഹത്തിൽ ചേക്കേറിയ
വെറുമൊരു ചിന്തയാണോ സഖീ...??"
.
.
.

വരികളിലൂടെ അവന്റെ കണ്ണുകൾ പലയാവർത്തി ഓടി നടന്നു. ദേവൻ അമ്മാവൻ ഈ വരികൾ മുത്തുമണിയെ കുറിച്ചാണോ അതോ കല്യാണിയെ കുറിച്ചാണോ എഴുതിയതെന്നു കണ്ടെത്തുവാൻ അവനു സാധിച്ചില്ല.

ദൂരീകരിക്കാൻ സാധിക്കാത്ത ഒരു വലിയ സമസ്യ അവന് മുന്നിൽ ബലപ്പെട്ടു വന്നു.എല്ലാം കൂടി ആലോചിച്ചു തലക്ക് ചൂട് പിടിച്ചു തുടങ്ങിയതും ചിന്തകൾക്ക് വിരാമമിട്ടുകൊണ്ട് അനന്തു ഉറങ്ങാനായി കിടന്നു.

അപ്പോഴേക്കും നിദ്ര അവന്റെ കൺപോളകളെ പതിയെ കീഴ്പ്പെടുത്തി തുടങ്ങിയിരുന്നു.

…………

ഒരു കുന്നിൻ ചരുവിലെ മനോഹരമായ ഒരു പുൽത്തകിടി.അതിനു ചുറ്റും വലിയ മൊട്ടക്കുന്നുകളും മലകളും ഇട തിങ്ങി നിൽക്കുന്നു.

കോട മഞ്ഞിനിൽ മൂടപ്പെട്ട മലകൾക്കിടയിലുള്ള പിളർപ്പിലൂടെ കഷ്ടപ്പെട്ട് എത്തി നോക്കാൻ ശ്രമിക്കുന്ന ഉദയ  സൂര്യൻ.

കുന്നിൻ ചരുവിന് താഴെ കള കള ശബ്ദമോടെ ഒഴുകി നടക്കുന്ന കണ്ണാടി പോലെ തെളിഞ്ഞ കാട്ടു ചോല.

ഉദയ സൂര്യന്റെ നേരിയ പൊൻ കിരണങ്ങളേറ്റ്  നീർചോലയിലെ ജലം വെട്ടി തിളങ്ങി.

മരക്കൊമ്പിലിരുന്ന് കർണ മധുര തരമായ ശ്രുതി സംഗീതം പൊഴിക്കുന്ന കുയിലിന്റെ സാനിധ്യവും കാട്ട് പൂക്കളുടെ സമ്മിശ്ര മണവുമായി ഒഴുകി നടക്കുന്ന ഇളം തെന്നലും അഭൗമ്യമായ അന്തരീക്ഷം അവിടെ സൃഷ്ട്ടിച്ചുകൊണ്ടിരുന്നു.

പൊടുന്നനെ പുൽത്തകിടിയുടെ ഒത്ത മധ്യത്തിൽ വലിയൊരു പ്രകാശ വലയം പ്രത്യക്ഷപ്പെട്ടു.

ആ വലയത്തിന്റെ ഉള്ളിൽ നിന്നു ഒരു പെൺകുട്ടി പുൽത്തകിടിയുടെ മുകളിലേക്ക് ആരാലോ വലിച്ചെറിയപ്പെട്ട പോലെ തെറിച്ചു വീണു.

അവളുടെ ഉടൽ പുൽനാമ്പുകളെ സ്പർശിച്ച നിമിഷം തന്നെ കൂടുതൽ ജ്വലിച്ചുകൊണ്ട് ആ പ്രകാശവലയത്തിന്റെ വലിപ്പം ക്രമേണ കുറഞ്ഞു തുടങ്ങി.

നിമിഷങ്ങൾക്കുള്ളിൽ തന്നെ അത് ചെറുതായി വന്നു ഒരു ബിന്ദുവായി മാറിയ ശേഷം പൊടുന്നനെ അപ്രത്യക്ഷമായി.

വീണു കിടക്കുന്ന പെൺകുട്ടി നിലത്ത് കൈകൾ കുത്തി പതിയെ തലയുയർത്തി നോക്കി. ചുറ്റുമുള്ള കാഴ്ചകൾ കണ്ട് അന്ധാളിപ്പോടെ അവൾ എണീറ്റു നിന്നു.

അവൾക്ക് മുൻപിൽ തടസം നിന്നിരുന്ന കോടമഞ്ഞിന്റെ കെട്ടഴിഞ്ഞതും പതിയെ ആ പെൺകുട്ടിയുടെ മുഖം അനാവൃതമായി ത്തുടങ്ങിയിരുന്നു.

കോടമഞ്ഞ് പൂർണമായി വകഞ്ഞു മാറ്റിയതും അവളുടെ സുന്ദരമായ വദനവും പൂച്ചക്കണ്ണുകളും ചോരച്ചുണ്ടുകളും കുടുതൽ വ്യക്തതയോടെ ദൃശ്യമായി.

ആ പെൺകുട്ടിക്ക് അരുണിമയുടെ മുഖച്ഛായ ആയിരുന്നു. അരുണിമയ്ക്ക് അപ്പോഴാണ് സ്വയം അണിഞ്ഞിരുന്ന വസ്ത്രത്തിലേക്ക് കണ്ണു പതിഞ്ഞത്.

അത് കണ്ടതും വിടർന്ന മിഴികളോടെ അവൾ ആ ചേലയിലേക്ക് നോക്കി. അത്ഭുതം പൊട്ടി വിടരുന്ന ഭാവത്തോടെ അരുണിമ മഞ്ഞ നിറത്തിൽ ഗോൾഡൻ വർക്കുകളുള്ള പട്ടു പാവാടയിൽ കൈകൾ ക്കൊണ്ട് പരതി നോക്കിക്കൊണ്ടിരുന്നു.

ആ ചേലയുടെ വെട്ടിത്തിളങ്ങുന്ന സൗന്ദര്യം അവളെ വല്ലാതെ ഭ്രമിപ്പിച്ചു.ആ സമയം ചോലയിലേക്ക് ആരാലോ എടുത്തെറിയപ്പെട്ട പോലെ വലിയ കല്ല് ഊക്കിൽ വന്നു പതിച്ചു.

ജലോപരിതലത്തിലേക്ക് ശക്തിയിൽ കല്ല് വന്നു  പതിച്ചതും ആ പ്രഹരത്തിൽ ചോലയിൽ നിന്നും ജലം വശത്തേക്ക് തെറിക്കുകയും അത് പുതത്തകിടിയിൽ നിന്നിരുന്ന അരുണിമയുടെ കാർകൂന്തലിലേക്ക് വന്നു പതിക്കുകയും ചെയ്തു.

അതോടെ അവളുടെ ഉണങ്ങിയ മുടിയിഴകൾ ജല സ്പർശനത്തോടെ ഈറനണിഞ്ഞവയായി മാറി.കാർകൂന്തലിന്റെ അറ്റത്തു നിന്നും ജലകണങ്ങൾ ധാരയായി പുൽത്തകിടിയിലേക്ക് വീണു പതിച്ചു കൊണ്ടിരുന്നു.

അപ്പോൾ എങ്ങു നിന്നോ പറന്നു വന്ന നീലയും ചുവപ്പും പച്ചയും വർണങ്ങൾ വാരിപ്പൂശിയ കിളികൾ ചിലച്ചു കൊണ്ട് അരുണിമയുടെ തലയ്ക്കു ചുറ്റും കൂട്ടത്തോടെ വട്ടമിട്ടു പറന്നു കൊണ്ടിരുന്നു.

അതോടൊപ്പം ചില കിളികൾ വലിയ ശബ്ദത്തിൽ ചിറകിട്ടടിച്ചു കൊണ്ടിരുന്നു. തത്ഫലമായി അവിടെ സൃഷ്ടിക്കപ്പെട്ട കാറ്റ് അരുണിമയുടെ ഇടതൂർന്ന കാർ കൂന്തലിനെ തൊട്ടും തലോടിയും തഴുകിയും ഉണക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

പൊടുന്നനെ വലിയൊരു കാറ്റ് അവിടമാകെ വീശി. കാറ്റിന്റെ ശക്തിയിൽ പല വർണ ധാരികളായ കിളികൾ ദൂരേക്ക് വകഞ്ഞു മാറ്റപ്പെടുകയും അരുണിമയുടെ ഈറനണിഞ്ഞ കാർകൂന്തൽ കാറ്റ് അവളുടെ തന്നെ മാറിലേക്ക് മെടഞ്ഞിടുകയും ചെയ്തു.

കാറ്റിനു ശമനം വന്നതും അരുണിമ  മുന്നിലേക്ക് നടക്കാൻ തുനിഞ്ഞു.

പാവാട ത്തുമ്പ് അൽപം പൊന്തിച്ചു പിടിച്ചതും അവളുടെ സുന്ദരമായ വെള്ളി കൊലുസണിഞ്ഞ കാൽപ്പാദങ്ങൾ പയ്യെ അനാവൃതമായി.

പുൽനാമ്പുകളെ ചവിട്ടി മെതിച്ചു കൊണ്ട് അവളുടെ കാൽപാദങ്ങൾ മുന്നിലേക്ക് നടന്നു തുടങ്ങി.

നഗ്നമായ കാൽ വെള്ളയിൽ തുഷാര കിരണങ്ങൾ ഇക്കിളി കൂട്ടിയതും കൂമ്പിയടഞ്ഞ മിഴികളോടെ അവൾ ഒരു സ്വപ്ന സഞ്ചാരിയായി മാറി.

മുന്നോട്ടുള്ള പ്രയാണം തുടങ്ങിയതും മരക്കൊമ്പിൽ നിന്നും പറന്നു വന്ന ഒരു വെളുത്ത നിറമുള്ള പക്ഷി ചിറകിട്ടടിച്ചു കൊണ്ട് അവളുടെ മൂർധാവിൽ വന്നിരുന്നു.

ആ പക്ഷി അതിന്റെ കൊക്കിന്റെ അഗ്രത്തിൽ പറ്റിപിടിച്ചിരിക്കുന്ന കറുത്ത ചായം അരുണിമയുടെ കൂമ്പിടഞ്ഞ മിഴിയിണകളിൽ ഒരു ചിത്രകാരിയെപ്പോലെ കൊക്കുകൾ കൊണ്ട് വരഞ്ഞുകൊണ്ടിരുന്നു.

നിമിഷങ്ങൾക്കുള്ളിൽ ആ പക്ഷി തന്റെ ദൗത്യം പൂർത്തിയാക്കിയ ശേഷം ദൂരേക്ക് പറന്നകന്നു. വൈദഗ്ധ്യത്തോടെ കണ്ണുകൾ എഴുതപ്പെട്ട അവൾ മുന്നോട്ടു നടന്നു തുടങ്ങി.

അല്പ സമയം കഴിഞ്ഞതും ദൂരെ നിന്നും നടന്നു വരുന്ന അരുണിമയെ കണ്ട 2 കറുത്ത പക്ഷികൾ ഉത്സാഹത്തോടെ വലിയൊരു പടുകൂറ്റൻ മരത്തിന്റെ ശാഖയിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഉണക്ക ത്തൊലി കൊക്കുകൾ കൊണ്ട് കൊത്തിയെടുത്തു.

അതിനു ശേഷം ആ തൊലി കടിച്ചു മുറിച്ചു ചെറുതാക്കിയ ശേഷം അത് പതിയെ വളച്ചെടുത്തു വട്ടത്തിലാക്കി.

ആ വളയം കൊക്കിന്റെ അഗ്രം കൊണ്ട് കടിച്ചു പിടിച്ച ശേഷം അരുണിമയുടെ അടുത്തേക്ക് അവ പറന്നിറങ്ങി.

പ്രയാണത്തിലാണ്ടിരിക്കുന്ന അരുണിമയുടെ ഒഴിഞ്ഞ കാതുകളിൽ രണ്ട് പക്ഷികളും ആ വളയം പതുക്കെ കൊരുത്തിട്ടു കൊടുത്തു.

അവ ഇരു കാതുകൾക്കും പ്രത്യേക ചന്തം നൽകി.അപ്പൊഴും അരുണിമയുടെ നടത്തതിന് ഒരു വിഘ്നവും സംഭവിച്ചിരുന്നില്ല.

അവൾ തന്റെ നടപ്പ് തുടർന്നു കൊണ്ടിരുന്നു.വലിയൊരു മരച്ചുവട്ടിൽ എത്തിയതും അരുണിമയുടെ തലക്ക് മുകളിൽ പടർന്നു പന്തലിച്ച ശിഖരത്തിൽ നിന്നും സ്വർണ്ണ നിറമുള്ള നാഗം അവളുടെ കഴുത്തിലേക്ക് ഊർന്നിറങ്ങി വീണു.

ഒരു ആടയാഭരണമെന്നപോൽ പരമശിവനെ പോലെ അവൾ ആ സ്വർണ നാഗത്തെയും കണ്ഠത്തിലേറ്റി ക്കൊണ്ട് നടന്നു.

അരുണിമയുടെ നടത്തത്തിലെ ഓളത്തിനനുസരിച്ചു സ്വർണ നാഗം പത്തി വിടർത്തിക്കൊണ്ട് അവളെ നോക്കി.

അതിനു ശേഷം പതുക്കെ അവളുടെ കഴുത്തിൽ നിന്നും തലക്ക് പിന്നിലൂടെ ഇഴഞ്ഞു മൂർദ്ധാവിലേക്ക് എത്തിച്ചേർന്നു.

അവളുടെ മൂർദ്ധാവിൽ ഇരുന്നു സ്വർണ നാഗം വായുവിലേക്ക് പത്തി വിടർത്തി ആടിക്കൊണ്ട് രണ്ടു തവണ ചീറ്റി.

തുടർന്ന് നാഗം തന്റെ രണ്ടായി പിളർന്ന നാവ് മുന്നിലേക്ക് നീട്ടി അരുണിമയുടെ തിരുനെറ്റിയിലേക്ക് പത്തി വിടർത്തിക്കൊണ്ട് വന്നു.

അവൾക്ക് മുഖാമുഖം തല കീഴായി കിടന്ന നാഗം മുന്നിലേക്ക് നീട്ടി പിടിച്ച നാവിന്റെ അഗ്രം അരുണിമയുടെ നെറ്റിയിൽ ചേർത്തു വച്ചു.

അല്പ സമയം കഴിഞ്ഞതും നാഗം നാവ് പതിയെ ഉള്ളിലേക്കെടുത്തു.ആ സമയം അരുണിമയുടെ നെറ്റിയിൽ സ്വർണ നാഗത്തിന്റെ നാവ് പതിഞ്ഞിടത്ത് ചുവന്ന നിറത്തിൽ ഒരു അടയാളം അവശേഷിക്കപ്പെട്ടു.

അവളുടെ നെറ്റിയിൽ തിലകം അണിയിച്ച കൃതാർത്ഥതയോടെ ആ നാഗം അവളുടെ ഉടലിലൂടെ ഊർന്നിറങ്ങി ഭൂമിയെ സ്പർശിച്ചു.

മുന്നിലേക്കുള്ള നടത്തം തുടരവേ ആകാശത്തു നിന്നും പറന്നു വന്ന
ഭീമാകാരനായ ആൺ മയിൽ ചിറകിട്ടടിച്ചുകൊണ്ട് അരുണിമയുടെ ചുമലിൽ വന്നിരുന്നു.

ആരെയും ഭ്രമിപ്പിക്കാൻ പോന്ന വണ്ണം സുന്ദരനായ ആ പക്ഷി തന്റെ കൊക്കിൽ പറ്റി പിടിച്ചിരിക്കുന്ന ചുവന്ന ചായം അവളുടെ അധരങ്ങളിൽ അമർത്തി തേച്ചു വച്ചു.

അവളെ വേദനിപ്പിക്കാതെ തന്റെ കർമ്മം പൂർത്തീകരിച്ചുവെന്ന് ഉറപ്പ് വരുത്തിയ ശേഷം ആ ആൺ മയിൽ അരുണിമയുടെ തുടുത്ത കവിളിണയിൽ പതിയെ കൊക്കുരുമ്മിക്കൊണ്ടിരുന്നു.

അതിന് ശേഷം തന്റെ അനന്തമായ തൂവലുകളിൽ നിന്നും ഒരു മയിൽപ്പീലി കൊത്തിയെടുത്ത ശേഷം അരുണിമയുടെ കാതിനു പുറകിൽ ഇറുക്കി വച്ചു.

പതുക്കെ ആ മയിൽ അരുണിമയെ ഉണർത്താതെ സാവധാനം മുകളിലേക്ക് പറന്നുയർന്നു.

അരുണിമ സ്വപന സഞ്ചാരിയായി മുന്നിലേക്കുള്ള നടത്തം തുടർന്നതും പൊടുന്നനെ അവളുടെ പിറകിലൂടെ ഒരു കുഞ്ഞി ക്കിളി വെപ്രാളപ്പെട്ട് പറന്നു വന്നു.

അതിന്റെ കുഞ്ഞിക്കോക്കിൽ വിടരാൻ വെമ്പി നിൽക്കുന്ന മഞ്ഞ നിറമുള്ള ഒരു കുഞ്ഞു പൂമൊട്ടിനെ ഇറുക്കി വെച്ചിട്ടുണ്ടായിരുന്നു.

കുഞ്ഞിക്കിളി സാവധാനം അവൾക്ക് സമീപത്തേക്ക് പറന്നു വന്ന ശേഷം വായുവിൽ ചിറകിട്ടടിച്ചികൊണ്ട് നിന്നു.

അരുണിമ തൊട്ട് മുൻപിൽ എത്തിയതും ആ കിളി പൂമൊട്ടിലെ കുഞ്ഞു തണ്ട് അവളുടെ നാസികയിലെ കുഞ്ഞു ദ്വാരത്തിൽ പതിയെ ഇറക്കി വച്ചു.

മൂക്കുത്തിയെക്കാളും ശോഭയോടെ അത് അവളുടെ നാസികയിൽ തിളങ്ങി നിന്നു.കാടിന്റെ മക്കൾ കാടിന്റെ പുത്രിയെ മനോഹരമായി അണിയിച്ചു സുന്ദരിയാക്കി മാറ്റി.

അരുണിമ ഒരു അപ്സരസ്സിനെ പോലെ വെട്ടി തിളങ്ങി.പക്ഷി മൃഗാദികൾ അവളുടെ സൗന്ദര്യത്തിൽ ഭ്രമിച്ചു നിന്നു പോയി. ഒരു ദേവതയെ പോലെ അവൾ തന്റെ സ്വപ്ന സഞ്ചാരം തുടർന്നു കൊണ്ടിരുന്നു.

നടത്തത്തിനിടെ കാട്ടാനകളുടെ ചിന്നം വിളി കേട്ടതും അരുണിമ പൊടുന്നനെ തറഞ്ഞു നിന്നു. കൂമ്പിയടഞ്ഞ മിഴികൾ അവൾ ബദ്ധപ്പെട്ട് വലിച്ചു തുറന്നു.

തൊട്ട് മുൻപിൽ പിന്തിരിഞ്ഞു നിൽക്കുന്ന അര വരെ നഗ്നനായ ഒരു യുവാവിനെയാണ് അവൾ കണ്ടത്.

തന്റെ സ്വപ്ന സഞ്ചാരത്തിന് വിഘ്നം വന്ന നിരാശയിൽ അവൾ അവനെ തുറിച്ചു നോക്കി.ആ സമയം അവർക്കിടയിൽ മഞ്ഞു പോലെ അന്തരീക്ഷത്തിൽ അപ്പൂപ്പൻ താടികൾ കൂട്ടത്തോടെ പൊഴിയുവാൻ തുടങ്ങി.

അരുണിമ ഒരു കുട്ടിയുടെ കൗതുകം പോലെ അവ പൊഴിയുന്നത് നോക്കി നിന്നു. ആ കാഴ്ച അവൾക്ക് അതി മനോഹരമായി തോന്നി.

മനസിൽ മഞ്ഞു പെയ്യുന്ന പ്രതീതി അവളിൽ ജനിപ്പിച്ചു. കൗതുകത്തോടെ ആ കാഴ്ച നോക്കി നിൽക്കെ ആ യുവാവ് പതിയെ പിന്തിരിഞ്ഞു നിന്ന ശേഷം മുഖമുയർത്തി പിടിച്ച് അരുണിമയെ നോക്കി.

അയാളുടെ നീലക്കണ്ണുകളിലാണ് അവളുടെ കണ്ണുകൾ ഉടക്കി നിന്നത്. ഒറ്റ നോട്ടത്തിൽ തന്നെ അവളുടെ വിടർന്ന കണ്ണുകളിൽ പ്രണയത്തിന്റെ തിരമാലകൾ അലയടിച്ചു തുടങ്ങിയിരുന്നു.

അവളുടെ കവിളുകൾ ചുവന്നു തുടുത്തു. അധരങ്ങൾ വിറകൊണ്ടു.ഉയർന്ന ശ്വാസഗതിയ്ക്കൊപ്പം അവളുടെ ചുണ്ടുകൾ മന്ത്രിച്ചു.

"ദേവേട്ടൻ..... ദേവേട്ടൻ"

ദേവൻ ചിരിയോടെ അരുണിമയ്ക്ക് നേരെ കൈ നീട്ടി. അരുണിമ
സന്തോഷത്തോടെ എല്ലാം മറന്നു കൊണ്ട് ഓടി വന്നു അവന്റെ നെഞ്ചിലേക്ക് ചേക്കേറി.

തന്റെ പ്രിയനെ ചേർത്തു പിടിച്ചു കൊണ്ട് അവൾ ആ വിരിഞ്ഞ മാറിൽ പയ്യെ മുഖം പൂഴ്ത്തി വച്ചു.

ദേവൻ അവളെ ഇറുകെ പുണർന്നു കൊണ്ട് അവളുടെ ഈറൻ കാർ കൂന്തലിൽ നാസിക ചേർത്തുവച്ചു.

പല തരം കാട്ട് പൂക്കളുടെ ഗന്ധം അവൻ ആവോളം ശ്വസിച്ചു കൊണ്ടിരുന്നു. പയ്യെ മുഖം ഉയർത്തിയ അരുണിമ ദേവന്റെ മുഖം കണ്ട് മതി മറന്ന് നിന്നു പോയി.

ദേവൻ ഒരു ചിരിയോടെ അരുണിമയുടെ മുഖത്തിലൂടെ കയ്യോടിച്ചുകൊണ്ടിരുന്നു. ആ താഴുകലിന്റെ സുഖത്തിൽ അവൾ മതി മറന്നു നിന്നു.

അത് ദർശിച്ചതും ദേവൻ പ്രേമപരവേശത്തോടെ അവളുടെ നിറം ചാലിച്ച അധരങ്ങൾ നുണഞ്ഞെടുക്കുവാനുള്ള കൊതിയോടെ അവളിലേക്ക് മുഖം അടുപ്പിച്ചു.

അത് കണ്ടതും ലജ്ജയോടെ അരുണിമയുടെ കണ്ണുകൾ പയ്യെ കൂമ്പിയടഞ്ഞു.

ദേവന്റെ അധരങ്ങൾ അവളുടെ അധരങ്ങളെ കവർന്നെടുക്കാൻ തൊട്ടരികിൽ എത്തിയതും എങ്ങു നിന്നോ പറന്നു വന്ന ഭീമാകാരനായ കരിവണ്ട് മൂളക്കത്തോടെ അവരുടെ അധര പാനത്തെ തടസ്സപ്പെടുത്തി.

ഇരുവർക്കും ചുറ്റും അത് ഒരു ഗ്രഹത്തെ പോലെ ഭ്രമണം ചെയ്തു ശല്യപ്പെടുത്തിക്കൊണ്ടിരുന്നു.

അരുണിമയുടെയും ദേവന്റെയും അധരങ്ങൾ ഒത്തു ചേരാൻ ശ്രമിക്കുന്ന സന്ദർഭങ്ങളിൽ ഒരു തടസ്സമെന്ന പോലെ മൂളിക്കൊണ്ട് ആ കരിവണ്ട് അവർക്ക് ചുറ്റും പറന്നു കൊണ്ടിരുന്നു.

പൊടുന്നനെ അവരുടെ വലത് വശത്തു നിന്നിരുന്ന പടു വൃക്ഷത്തിന്റെ വശത്ത് നിന്നും ഒരു അസ്ത്രം മിന്നൽ വേഗത്തിൽ വന്നു ആ കരിവണ്ടിന്റെ കുഞ്ഞിചിറകുകളെ ഈർച്ച വാൾ പോലെ വെട്ടിയരിഞ്ഞു.

ചിറകുകൾ നഷ്ടപെട്ട ആ ശരീരം പിടച്ചിലോടെ  മണ്ണിലേക്ക് അമർന്നു വീണു. അപ്പോഴും അതിന്റെ ചിറകുകൾ അന്തരീക്ഷത്തിലൂടെ താഴേക്ക് ഇല പൊഴിയും പോലെ വീണുകൊണ്ടിരുന്നു.

കരിവണ്ടിന് സംഭവിച്ച ദുരവസ്ഥ കണ്ട അരുണിമ ദേവനെ ചേർത്തു പിടിച്ചു കൊണ്ട് അസ്ത്രം വന്ന ഭാഗത്തേക്ക് കണ്ണുകൾ പായിച്ചു.

അപ്പൊ ഒരു വലിയ പടു വൃക്ഷത്തിന്റെ മറവിൽ നിന്നും പുലിത്തോൽ മേലങ്കിയായി അണിഞ്ഞ ആരോഗ്യ ദൃഢ ഗാത്രനായ ഒരു യുവാവ് ഒരു ഭുജത്തിൽ കുന്തവും മറു ഭുജത്തിൽ ധനുസ്സുമേന്തിക്കൊണ്ട് മുൻപിലുള്ള കാടിനെ വകഞ്ഞു മാറ്റിക്കൊണ്ട് നടന്നു.

നടത്തത്തിനിടയിൽ അയാൾ അവരെ ഒന്ന് തിരിഞ്ഞു നോക്കി.തുടർന്ന് മുഖം വെട്ടിച്ചു അയാൾ മുന്നിലേക്കുള്ള നടത്തം തുടർന്നു.

സൂര്യനെ പോലെ വെട്ടി തിളങ്ങുന്ന ആ മുഖം ദർശിച്ചതും അറിയാതെ അരുണിമയുടെ ചുണ്ടുകൾ മന്ത്രിച്ചു.
.
.
"അഥർവ്വൻ "
.
.
.
അരുണിമ പെട്ടെന്ന് കണ്ണു തുറന്നു നോക്കി. മുന്പിലെ ഇരുട്ട് കണ്ടതും അവൾ ചാടിയെണീറ്റു.

അപ്പോഴാണ് അവൾക്ക് താൻ മുറിയിലെ കട്ടിലിൽ കിടക്കുവാണെന്ന ബോധം വന്നത്. അവൾ തല ചരിച്ചു ചുറ്റും ഒന്ന് നോക്കി.

ചുറ്റും അന്ധകാരം മാത്രം. ഒന്നും മനസിലാകാതെ അവൾ തല ചൊറിഞ്ഞുകൊണ്ടിരുന്നു.

പതിയെ അരുണിമ മനസ്സിലാക്കി താൻ ഇത്രയും നേരം സ്വപ്നം കാണുകയായിരുന്നു എന്ന്. വിശ്വാസം വരാതെ അവൾ തന്റെ കയ്യിൽ നുള്ളി പറിച്ചു നോക്കി.

കാരണം സ്വപനമാണെങ്കിലും എല്ലാം നേരിട്ട് കണ്ടറിഞ്ഞ പ്രതീതി ആയിരുന്നു അവൾക്ക്.എന്ത് ചെയ്യണമെന്നാലോചിച്ചു ഒരെത്തും പിടിയും കിട്ടിയില്ല.

എങ്കിലും ഇടക്കിടക്ക് അവളുടെ ബോധ തലത്തിലേക്ക് അനന്തുവിന്റെ ആ പൗരുഷവും തേജസ്സും നിറഞ്ഞു നിന്നു.ലജ്ജയോടെ അവൾ ചുണ്ട് കടിച്ചു.

എങ്കിലും ചില കാര്യങ്ങൾ  അവളുടെ മനസിൽ ബാക്കിയായി. താൻ എന്തിനാ അനന്തുവിനെ ദേവേട്ടൻ എന്ന് വിളിച്ചത്?  ആരാണീ ദേവൻ?

എന്നിങ്ങനെ ചില സംശയങ്ങൾ അവളുടെ മനസിൽ അപ്പോഴേക്കും ഉടലെടുത്തിരുന്നു. എന്നാൽ അതിന് യോജിച്ച ഉത്തരം അവൾക്ക് കിട്ടിയില്ല.

മുഖത്ത് പറ്റി പിടിച്ച വിയർപ്പെല്ലാം കൈകൊണ്ട് തുടച്ചു മാറ്റി അവൾ ഉറങ്ങാനായി കണ്ണുകൾ പൂട്ടി കിടന്നു.

പെട്ടെന്നാണ്   സ്വപ്നത്തിൽ കണ്ട അഥർവ്വന്റെ കത്തുന്ന സൗന്ദര്യവും തലയെടുപ്പും ഉറച്ച ശരീരവുമൊക്കെ അവളുടെ ബോധ തലത്തിലേക്ക് ഓടി വന്നത്.അപ്പോൾ മാത്രമാണ് സ്വപ്നത്തിൽ മൂന്നാതൊരാളെ കൂടി കണ്ട കാര്യം അവൾക്ക് ഓർമയിൽ തെളിഞ്ഞത്.

അരുണിമ പരവേശത്തോടെ ചാടിയെണീറ്റു. അമ്മയും അച്ഛനും അനിയത്തിയും അറിയാതിരിക്കാൻ അവൾ മുറിയിലുള്ള മണ്ണെണ്ണ വിളക്കിനു തിരി കൊളുത്തി.

മങ്ങിയ മഞ്ഞ വെളിച്ചം അവളുടെ മുറിയിലാകെ നിറഞ്ഞു നിന്നു.അരുണിമ സ്റ്റൂൾ വലിച്ചിട്ടു വച്ചു അതിലേക്ക് അമർന്നിരുന്നു.

അതിനു ശേഷം ക്യാൻവാസ് എടുത്തു വച്ചു ബ്രഷും നിറങ്ങളും കയ്യിൽ പിടിച്ചു അവൾ ഇരുന്നു.

കണ്ണുകൾ പതിയെ അടച്ചു വച്ചു സ്വപ്നത്തിൽ കണ്ട അഥർവ്വന്റെ മുഖം മനസിലേക്ക് കൊണ്ടു വരാൻ അവൾ ശ്രമിച്ചു.

അല്പ സമയത്തിന് ശേഷം അവളുടെ വിരലുകളിൽ അമർന്നിരിക്കുന്ന ബ്രഷ് ദ്രുത ഗതിയിൽ ക്യാൻവാസിലൂടെ ചലിച്ചു കൊണ്ടിരുന്നു.

മനസിൽ കണ്ട രൂപത്തെ അവൾ ആ ബ്രൂഷിലൂടെ നിറങ്ങളിലൂടെ കാൻവാസിലേക്ക് ആവാഹിച്ചുകൊണ്ടിരുന്നു.

എന്നാൽ അഥർവ്വന്റെ മുഖം മാത്രം അവൾക്ക് വ്യക്തമായി ഓർത്തെടുക്കാൻ സാധിക്കുന്നില്ലായിരുന്നു.

അരുണിമ നിരാശയോടെ കണ്ണുകൾ അടച്ചു വച്ചു ആ മുഖം മനസിലേക്ക് കൊണ്ടു വരാൻ ശ്രമിച്ചു.

പക്ഷെ അവൾ അതിൽ പരാജയപ്പെട്ടു.ഉള്ളിൽ തിങ്ങി നിറയുന്ന ദുഖത്തോടെ അരുണിമ അപൂർണ ചിത്രം ആലേഖനം ചെയ്യപ്പെട്ട ആ ക്യാൻവാസ് മുറിയുടെ മൂലയ്ക്ക് വലിച്ചെറിഞ്ഞു.

ഒരു മുഖം കണ്ടാൽ കാലങ്ങളോളം ഓർത്തിരിക്കാൻ കഴിവുള്ള തനിക്ക് സ്വപ്നത്തിൽ ഇത്രക്കും അടുത്തു കണ്ട ആ മുഖം ഓർത്തെടുക്കാൻ പറ്റാത്തത് എന്തൊരു പരിതസ്ഥിതി ആണെന്ന് പറഞ്ഞു കൊണ്ട് അവൾ പരിതപിച്ചുകൊണ്ടിരുന്നു.

ആദ്യമായി തന്റെ ആലേഖ്യത്തെ മനസിൽ വെറുത്തുകൊണ്ട് അവൾ കട്ടിലിൽ നീണ്ടു നിവർന്നു കിടന്നു.

നിദ്ര കടാക്ഷിക്കാത്ത കണ്ണുകളുമായി അവൾ ഇരുട്ടിലേക്ക് നോക്കി കിടന്നു.

"ആരാണ് നീ അഥർവ്വാ.. എന്റെ സ്വപ്നത്തിലേക്ക്  എന്തിനു നീ വലിഞ്ഞു കേറി വന്നു? "

അരുണിമയുടെ വായിൽ നിന്നും അല്പം ശബ്ദം കൂടിയ ചോദ്യങ്ങൾ പുറത്തേക്ക് തള്ളപെട്ടതും അവൾക്ക് അരികെ കിടക്കുകയായിരുന്ന അനിയത്തി ഒരു ഞെരക്കത്തോടെ തിരിഞ്ഞു കിടന്നു.

അരുണിമ വായ് പൂട്ടി വച്ചു കണ്ണുകൾ ഇറുകെ അടച്ചു വച്ചു കിടന്നു.

അനന്തുവിന്റെ ഓർമകളുടെ തള്ളി ക്കയറ്റം തുടങ്ങിയതും ചെറു ചിരിയോടെ തലയിണയെ മുറുകെ പുണർന്നുകൊണ്ട് അവൾ ബെഡിൽ അമർന്നു കിടന്നു.

.............

അനന്തു രാവിലെ തന്നെ ബുള്ളെറ്റിലേക്ക് അമർന്നിരുന്ന് മുഖം ഉയർത്തി നോക്കിയതും കണ്ണിൽ ഉടക്കിയത് ഉമ്മറത്തെ മുത്തശ്ശന്റെ ചാരു കസേരയിൽ ചായ കപ്പും പത്രവും പിടിച്ചു ഇരിക്കുന്ന ലക്ഷ്മിയെ ആയിരുന്നു.

അനന്തു ബുള്ളെറ്റിലേക്ക് കയറിയത് കണ്ട് അവളുടെ മുഖത്തേക്ക് കോപം ഇരച്ചെത്തി.

അവൾ അവനെ നോക്കി എന്തോ പറയാൻ തുനിഞ്ഞതും അത് മുൻകൂട്ടി കണ്ട് മനസിലാക്കിയ അനന്തു ബുള്ളറ്റുംകൊണ്ട്  വെടിച്ചില്ലു പോലെ പടിപ്പുര കഴിഞ്ഞു റോഡിലേക്ക് എത്തിയിരുന്നു.ലക്ഷ്മി ദുർഗയായി മാറുന്നതിനു മുൻപ് അവൻ സ്ഥലം കാലിയാക്കി.

അരുണിമയുടെ വീടായിരുന്നു അവന്റെ ലക്ഷ്യം. അന്ന് അവളെ വീട്ടിൽ കൊണ്ടു ചെന്നാക്കിയ ഓർമയിൽ അവൻ ബുള്ളറ്റ് ഓടിച്ചുകൊണ്ടിരിക്കുന്നു.

വളവും തിരിവും ഇറക്കവും കയറ്റവും പൊട്ടി പൊളിഞ്ഞതുമായ റോഡ് താണ്ടി അവസാനം ദേശം ഗ്രാമത്തിന്റെ അതിർത്തിയിലുള്ള അവളുടെ വീടിനു സമീപം എത്തി.

ബുള്ളറ്റ് വഴിയരികിൽ നിർത്തി വച്ച ശേഷം അന്ന് അരുണിമയെയും താങ്ങിക്കൊണ്ട് നടന്ന വഴിയിലൂടെ അവൻ നടന്നു.

അനന്തു ഒരു ചെറിയ കയറ്റം കേറി ചെന്നത് നേരെ അരുണിമയുടെ വീടിനു മുന്നിലേക്ക് ആയിരുന്നു.

അവളുടെ വീട് കണ്ടതും അനന്തു ഒന്ന് പരുങ്ങി. എന്ത് പറഞ്ഞു അങ്ങോട്ടേക്ക് കയറി ചെല്ലുമെന്നു അവൻ ചിന്തിച്ചു.

അതിലുപരി തന്നെ കാണുമ്പോൾ അവളുടെ പെരുമാറ്റം എങ്ങനാവും എന്ന ചിന്ത അവന്റെ മനസിനെ അലട്ടിക്കൊണ്ടിരുന്നു.

എന്നാലും ആ പൂച്ചക്കണ്ണുകൾ കൺ നിറയെ കാണാനുള്ള മോഹത്തോടെ അവൻ ഉള്ളിലേക്ക് കയറാൻ ഭാവിച്ചതും അരുണിമയുടെ അനിയത്തി വീടിനു പിന്നാമ്പുറത്തേക്ക് വന്നതും ഒരുമിച്ചായിരുന്നു.

അനന്തുവിനെ കണ്ടതും സന്തോഷത്തോടെ അമ്മേ എന്ന് അലറിക്കൊണ്ട് അവൾ അടുക്കള വാതിലിലൂടെ കയറി പോയി.അതിന്റെ ഫലം ഉടനെ ഇവിടെ സംഭവിക്കുമെന്ന് അവന് ഉറപ്പായിരുന്നു.

വൈകാതെ തന്നെ ഒരു മുഷിഞ്ഞ നൈറ്റി അണിഞ്ഞു എത്തിയ അരുണിമയുടെ അമ്മ ആശ  വാതിൽ പടിയിൽ പിടിച്ചു കൊണ്ട് അവനെ നോക്കി.

"മോനെ ഇങ്ങട്ട് വായോ ഉള്ളിലേക്ക്  "

"അത് അമ്മേ  "

അനന്തു പൊടുന്നനെ സ്തബ്ധനായി

"വാ മോനെ ഉള്ളിലേക്ക് " ആശ സ്നേഹത്തോടെ അവനെ ക്ഷണിച്ചു.

അവളുടെ പിറകിൽ മറഞ്ഞു നിന്ന് അരുണിമയുടെ അനിയത്തി അവനെ എത്തി നോക്കി. അനന്തു പുറത്ത് ചെരിപ്പ് ഊരി വച്ച ശേഷം ഉള്ളിലേക്ക് കയറി.

അരുണിമയുടെ അമ്മ വെപ്രാളത്തോടെ അവിടെ അയയിൽ കിടന്ന പഴഞ്ചൻ തുണി എടുത്തു കസേരയിൽ അമർത്തി തുടച്ചു കൊണ്ട് അവനോട് പറഞ്ഞു.

"ഇരിക്ക് മോനെ ഈടെ... വല്യ സൗകര്യം ഒന്നുല്ലപ്പാ ഞങ്ങടെ വീട്ടില്  "

ആശ  കുണ്ഠിതത്തോടെ പറഞ്ഞു.

"അയ്യോ അതൊന്നും കുഴപ്പമില്ല അമ്മേ.. നിങ്ങളെയൊക്കെ പരിചയപ്പെടാൻ പറ്റിയത് തന്നെ സന്തോഷം  "

അനന്തു സന്തോഷത്തോടെ കസേരയിലേക്ക് അമർന്നിരുന്നു കൊണ്ട് പറഞ്ഞു.

"മോന്റെ പേര് അന്ന് ആരു മോള് പറഞ്ഞിന്.. പക്ഷെ ഞാൻ മറന്നിറ്റല്ലോ ഈശ്വരാ "

അവളുടെ അമ്മ ജാള്യതയോടെ നെറ്റിയിൽ പതുക്കെ അടിച്ചു.

"അമ്മേ എന്റെ പേര് അനന്തു എന്നാ "

"ഹാ ഇപ്പൊ ഓർമ്മ വന്ന്... മോള് പറഞ്ഞിട്ടുണ്ട്."

"ശരിയമ്മേ "

"മോനെ അനന്തു... ഇത് ആരു മോൾടെ അനിയത്തി ആന്ന്... "

തന്റെ സമീപം ഉള്ള പെൺകൊടിയെ  അവർ അനന്തുവിന് മുൻപിലേക്ക് പിടിച്ചു നിർത്തി.
അവൾ അല്പം പരിഭ്രമത്തോടെ അവിടെ നിന്നു.

അനന്തു അവളെ നോക്കി ചിരിച്ചു. അവളും ചെറുതായി ഒരു പുഞ്ചിരി അവന് മറുപടിയായി നൽകി.

"എന്താ പേര്  "അനന്തു ചോദിച്ചു

"ശ്രീക്കുട്ടി  "

അവൾ പതിഞ്ഞ ശബ്ദത്തിൽ മറുപടി നൽകി.

"ആഹാ നല്ല പേര്  "

അനന്തു അവളെ അഭിനന്ദിച്ചു. ആ അഭിനന്ദനം അവളിൽ അല്പം ലജ്ജയുളവാക്കി.

അനന്തുവിന്റെ മുഖത്തേക്ക് നോക്കാതെ അവൾ മുഖം താഴ്ത്തി പിടിച്ചു നിന്നു.

"മോളെ നീയ് പോയിട്ട് ആരു മോളെ വിളിക്ക്"

അരുണിമയുടെ അമ്മ അവളെ മുറിയിലേക്ക് തള്ളി വിട്ടു. അവൾ ഉള്ളിലേക്ക് പോയതും അല്പം ജാള്യതയോടെ ആശ അനന്തുവിനോട് പറഞ്ഞു.

"അവൾ ഉറങ്ങുവാ മോനെ.. വെയില് കുണ്ടിക്ക് തട്ടിയാലും അവൾ അറിയൂലാ  "

അത് കേട്ടതും അനന്തു ചിരിയോടെ അമ്മയെ നോക്കി. അതിന് ശേഷം വീടിന്റെ അകം ആകമാനം ഒന്ന് കണ്ണോടിച്ചു നോക്കിക്കൊണ്ടിരുന്നു.

"മോൻ ഈടെ ഇരിക്ക്... ഞാൻ പോയിറ്റ് ചായ ആക്കട്ട്പ്പാ "

അമ്മ അവനെ അവിടെ ഒറ്റക്കാക്കിയിട്ട് അടുക്കളയിലേക്ക് പോകാനായി തുനിഞ്ഞു.

"അയ്യോ ചായ ഒന്നും വേണ്ടമ്മേ...പിന്നൊരിക്കൽ ആവാം  "

അനന്തു നിഷേധാർത്തത്തിൽ തലയാട്ടി.

എന്നാൽ അരുണിമയുടെ അമ്മ അത് വക വയ്ക്കാതെ അടുക്കളയിലേക്ക് ഓടി പോയി.

തിരിഞ്ഞു നോക്കിയതും വാതിൽ പടിയിൽ ചാരി നിന്നു തന്നെ വീക്ഷിക്കുന്ന  അരുണിമയെ കണ്ട് അനന്തു ക്ഷണ നേരത്തേക്ക് ശില പോലെ തറഞ്ഞിരുന്നു.

സംയമനം വീണ്ടെടുത്ത അവൻ കസേരയിൽ നിന്നും പിടഞ്ഞെണീറ്റു നിന്നു. അവളെ കാണുന്തോറും അവന്റെ ശ്വാസഗതി കൂടിക്കൊണ്ടിരുന്നു.

മറിച്ച്  അരുണിമയുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല.സ്വപ്നത്തിൽ കണ്ട ആളിനെ ഉറക്ക മുണർന്നു നോക്കുമ്പോൾ നേരിട്ട് കണ്ട ഉത്സാഹത്തിലായിരുന്നു അവൾ.

എങ്കിലും അത് പുറത്തു കാണിക്കാതെ കപട ഗൗരവത്തോടെ അവൾ നിന്നു.അനന്തുവിനെ കൺ നിറയെ അവൾ ഉള്ളിൽ അതിയായ
സന്തോഷത്തോടെ കണ്ടുകൊണ്ടിരുന്നു.

അരുണിമയെ കണ്ടതും തന്റെ ധൈര്യമെല്ലാം
എങ്ങോട്ടോ ചോർന്നു പോകുന്ന പോലെ അവന് തോന്നി.വിറയ്ക്കുന്ന ഉടലോടെ അവൻ അവിടെ ബലം പിടിച്ചു നിന്നു.

"മ്മ്  "

അരുണിമ അവന് നേരെ ചോദ്യ ഭാവത്തോടെ നോക്കി. അനന്തു ഒന്നുമില്ലെന്ന അർത്ഥത്തിൽ ചുമൽ കൂച്ചി.

"അതല്ല ഞാൻ ചോദിച്ചേ... താൻ എന്തിനാ വന്നത് ? "

"ഇയാളെ കാണാൻ  "

അനന്തു പ്രതീക്ഷയോടെ പറഞ്ഞു.

"അതിനു ഞാൻ ആരാ?  തന്റെ കെട്ടിയോളോ?"

ദേഷ്യം കലർന്ന ഭാവത്തോടെ അനന്തുവിനെ അവൾ തുറിച്ചു നോക്കി. അത് കേട്ടതും അനന്തു ആകെ ചൂളി പ്പോയി.

"അത് പി...ന്നെ ഞാ..ൻ "അനന്തു വിക്കി.

"പിന്നെ ഞാൻ? "

ബാക്കി കേൾക്കാനുള്ള വ്യഗ്രതയിൽ അരുണിമ എളിയിൽ കൈ കുത്തി പുരികം പൊന്തിച്ചു ചൂണ്ടുകൾ കൂർപ്പിച്ച് വച്ചു അവനെ നോക്കി.

ആ നോട്ടം അനന്തുവിന്റെ നെഞ്ചിൽ പ്രണയത്തിന്റെ ഒരായിരം പൂത്തിരി കത്തിച്ചു.ഈ പൂച്ചക്കണ്ണുകളോടുള്ള തന്റെ അഗാധമായ സ്നേഹം എങ്ങനെ പറഞ്ഞു മനസിലാക്കുമെന്നറിയാതെ അവൻ കുഴങ്ങി.

അനന്തുവിന്റെ പരുങ്ങൽ കണ്ട് ചുണ്ടിൽ പാഞ്ഞെത്തിയ ചിരി കടിച്ചു പിടിച്ചു വയ്ക്കാൻ അവൾ പാടുപെട്ടു.

എന്നാലും അവന്റെ മുൻപിൽ അവൾ പിടിച്ചു നിന്നു.

"അത് പിന്നെ ഞാൻ അരുണിമയെ കാണാൻ"

എങ്ങനൊക്കെയോ അവൻ പറഞ്ഞൊപ്പിച്ചു.

"താനെന്തിനാ എന്നെ കാണാൻ വരുന്നേ?"

അരുണിമ സംശയത്തോടെ അനന്തുവിനെ നോക്കി. അവന്റെ നീലമിഴികളിൽ പൊട്ടി വിടരുന്ന പ്രണയത്തിന്റെ ലാഞ്ഛന അവൾ ഞെട്ടലോടെ തിരിച്ചറിഞ്ഞു.

ആ കണ്ണുകളുടെ നോട്ടത്തിന്റെ ശക്തി താങ്ങാനാവാതെ അവൾ തല താഴ്ത്തി.അവന്റെ ശ്രദ്ധ മാറ്റാൻ പെട്ടെന്ന് അരുണിമ ഇടപെട്ടു.

"ഞാൻ ചോദിച്ചത് കേട്ടില്ലേ, താനെന്തിനാ എന്നെ കാണാൻ വന്നേ?"

"അത് കൈക്ക് കുറവുണ്ടോന്ന് അറിയാനാ"

അനന്തു അവളുടെ കൈയ്ക്ക് നേരെ വിരൽ  ചൂണ്ടി. അവന്റെ നോട്ടം കണ്ടതും അരുണിമ ഇമൊബിലൈസർ ഇട്ടിട്ടുള്ള തന്റെ കൈ ഒന്ന് നോക്കി നെടുവീർപ്പെട്ടു.

അതിനു ശേഷം ആ കൈ അനന്തുവിന്റെ മുഖത്തിനു നേരെ അവൾ ഉയർത്തി വച്ചു.

"ദാ കണ്ടില്ലേ? "

"ആം കണ്ടു"

"എന്നാ ഇനി പൊക്കോ "

അരുണിമ അവന് പോകേണ്ട വഴിയൊരുക്കി.അരുണിമയുടെ പ്രവൃത്തി കണ്ട് അനന്തു വിജ്രംഭിച്ചു നിൽക്കുകയായിരുന്നു.

അവൾ ഇറങ്ങി പോകാൻ ആജ്ഞാപിച്ച ശേഷം ഒരു മൂളൽ മാത്രമാണ് അവൻ പിന്നീട്  കേട്ടത്.
ഇരമ്പിയാർത്തു വന്ന സങ്കടക്കടൽ ഉള്ളിൽ പിടിച്ചു വച്ച് അവൻ നിന്നു.

അവളെ നേരിടാൻ സാധിക്കാതെ അവന്റെ മുഖം താഴ്ന്നു പോയി. അത് കണ്ടതും പറഞ്ഞത് കുറച്ചു കൂടിപ്പോയെന്ന് അരുണിമയ്ക്ക് തോന്നി.

അവൾ സ്വന്തം നാവിനെ പഴിച്ചു കൊണ്ട് അവനെ നോക്കി.

"ഇങ്ങനാണോ മോളെ വീട്ടിൽക്ക് വന്ന അതിഥിയോട് പറയാ ? "

ആശ   കൈയിൽ ആവി പറക്കുന്ന ചായ ഗ്ലാസുമായി അങ്ങോട്ടേക്ക് രംഗ പ്രവേശനം ചെയ്തു.അരുണിമ മുഖം ചുളിച്ചു അമ്മയെ നോക്കി.

എന്നാൽ അത് കാര്യമാക്കാതെ അവൾ ചായ ഗ്ലാസ് അനന്തുവിന് നേരെ നീട്ടി. അനന്തു പരിഭ്രമത്തോടെ അരുണിമയേയും അമ്മയേയും മാറി മാറി നോക്കി.

അനന്തുവിന്റെ വെപ്രാളം കണ്ട് അമ്മ ചിരിയോടെ ഗ്ലാസ് അവന്റെ കൈയിൽ പിടിപ്പിച്ചു കൊണ്ടു പറഞ്ഞു.

"മോൻ ഓള് പറയണത് കാര്യാക്കണ്ട.. അമ്മയല്ലെ ചായ തരണേ, ധൈര്യായിട്ട് കുടിച്ചോ"

അമ്മയുടെ വാക്കുകൾ കേട്ടതും അൽപം ആശ്വാസത്തോടെ അനന്തു ചായ ഗ്ലാസ് ചുണ്ടോടടുപ്പിച്ചതും അരുണിമ അടുത്ത വെടി പൊട്ടിച്ചു.

"എന്നാൽ ശരി...ചായ കുടിച്ചിട്ട് വേഗം പൊക്കോ... ഇപ്പൊ ചെന്നാല് ഊണ് കാലാകുമ്പോ വീട്ടിലേക്ക് എത്താലോ? "

അതു കേട്ടതും അനന്തു നിസഹായതയോടെ അവളെ നോക്കി.അരുണിമ മുഖം വെട്ടിച്ചു വീടിന്റെ ഉത്തരത്തിലേക്ക് നോക്കി നിന്നു.

അനന്തു വിമ്മിഷ്ട്ത്തോടെ ആ ചായ പതിയെ കുടിച്ചു കൊണ്ടിരുന്നു. ഇങ്ങോട്ട് അവളെ കാണാൻ വരേണ്ടിയിരുന്നില്ല എന്നവന് തോന്നി.

എങ്കിലും ആദ്യം മുതലേ ചോദിക്കാൻ വിചാരിച്ചിരുന്ന കാര്യം അവൻ അവൾക്ക് മുമ്പിൽ എടുത്തിട്ടു.

"ഇപ്പൊ വേദന കുറവുണ്ടോ?"

"ഹ്മ്മ് കുറവുണ്ട് "

അരുണിമ ഒഴിഞ്ഞ മട്ടിൽ മറുപടി നൽകി.

"മരുന്നൊക്കെ സമയത്ത് കഴിക്കണേ"

അനന്തുവിന്റെ സ്വരം അവളുടെ കാതിൽ ആർദ്രമായി പതിഞ്ഞു.അനന്തുവിന്റെ സ്നേഹവും കരുതലും അതിലൂടെ അവൾ അറിഞ്ഞു തുടങ്ങി.

അവൻ എപ്പോഴും കൂടെയുണ്ടാകുവാൻ അവളുടെ മനസ് ആശിച്ചെങ്കിലും എന്തോ ഒരുതരം അകൽച്ച അവനോട് തോന്നി ക്കൊണ്ടിരുന്നു. തൽക്കാലം ചിന്തകൾക്ക് വിട നൽകി അവൾ പറഞ്ഞു.

"മരുന്ന് കഴിച്ചില്ലെങ്കീ ? "

ചോദ്യത്തോടൊപ്പം പുരികം പൊക്കിയുള്ള അവളുടെ സംശയം നിറഞ്ഞ നോട്ടം കണ്ടതും അനന്തുവിന്റെ വായിലെ വെള്ളം വറ്റി.

എന്ത് പറയണമെന്ന് ഒരു നിശ്ചയമില്ലാതെ അവൻ തല ചൊറിഞ്ഞു.അനന്തുവിന്റെ ഭാവമാറ്റം കണ്ട് ഉള്ളിൽ ചിരിയോടെ പുറമേ ഗൗരവം പേറിക്കൊണ്ട് അവൾ നിന്നു.

അവൻ ചായ കുടിച്ചു കഴിയുന്ന വരെ അരുണിമ ഉത്തരത്തിലേക്ക് കണ്ണും നട്ടിരുന്നു. അവളുടെ നോട്ടം കണ്ട് അനന്തുവും മുഖമുയർത്തി മുകളിലേക്ക് നോക്കി.

മുകളിലെ ഓടിട്ട മേൽക്കൂര കണ്ടതും അനന്തു മുഖം ചുളിച്ചു അവളെ നോക്കി.

ഓഹ് മാഡം ഓടിന്റെ എണ്ണം എടുത്തോണ്ടിരിക്കുവാല്ലേ? അവൻ ആത്മഗതം പറഞ്ഞു.

"എന്തോന്നാ താൻ പിറുപിറുക്കുന്നേ?"

അരുണിമയുടെ ചോദ്യം കേട്ട് അനന്തു പൊടുന്നനെ ഞെട്ടിയെങ്കിലും അവൻ ഒന്നുമില്ലെന്ന് പറഞ്ഞു ചുമൽ കൂച്ചി.

അരുണിമ മുഖം തിരിച്ചതും അനന്തു ആശ്വാസത്തോടെ നെഞ്ചിൽ തടവിക്കൊണ്ടിരുന്നു.ചായ കുടിച്ച ശേഷം ഗ്ലാസ് അമ്മയ്ക്ക് കൈ മാറിയ ശേഷം അനന്തു പോകാനായി തിരിഞ്ഞു.

അപ്പോഴാണ് അവളുടെ കയ്യിലാകെ പറ്റിപ്പിടിച്ചിരിക്കുന്ന പല വിധ നിറങ്ങൾ അവന്റെ ശ്രദ്ധയിൽ പെട്ടത്.

"അയ്യോ ഇതെന്താ പറ്റിയേ?"

അനന്തു അവളുടെ കയ്യിലേക്ക് ചൂണ്ടി.

അപ്പോഴാണ് അവളുടെ അമ്മയും അത് ശ്രദ്ധിക്കുന്നത്. അവർ ഓടി വന്ന് അരുണിമയുടെ രണ്ടു കൈകളും ഉയർത്തി പിടിച്ചു സൂക്ഷ്മതയോടെ നോക്കി.

അവൾ ചുണ്ട് കടിച്ചു പിടിച്ചു ദൈന്യതയോടെ അമ്മയെ നോക്കി.ആശ അവളെ മുഖമുയർത്തി ശാസനയോടെ നോക്കി.

"ന്റെ ആരു മോളെ എന്തൂട്ടാ ഇതൊക്കെ... രാത്രീല് ഇതാർന്നൂലെ പണി? എന്റെ കുട്ടിക്ക് ഉറക്കൊന്നൂലെ ഈശ്വരാ "

അമ്മ ദൈവത്തോട് പരിഭവം പറഞ്ഞുകൊണ്ടിരുന്നു.സ്വന്തം മകളെ കുറിച്ചുള്ള ഒരമ്മയുടെ ആധി ആ കണ്ണുകളിൽ അനന്തു കണ്ടു.

"അമ്പലത്തീന്ന് പൂജാരിയോട് പറഞ്ഞു ന്റെ കുട്ടീടെ ദിനം മാറ്റാൻ ചരട് പൂജിച്ചു വാങ്ങാട്ടോ "

ആശ വിലപിച്ചു.

അനന്തു അതേ പറ്റി അവളുടെ അമ്മയോട് കൂടുതലായി ചോദിക്കാൻ നിന്നതും അരുണിമ അവനെ നോക്കി കണ്ണുരുട്ടിയതും ഒരുമിച്ചായിരുന്നു.

അതോടെ അവന് നിൽക്കക്കള്ളി ഇല്ലാതായി. അവസാനംമനസില്ലാമനസോടെ അവൻ പോകാൻ തയാറായി.

"ഞാൻ പോട്ടെ അമ്മേ"

അനന്തു യാത്ര ചോദിച്ചു.

"ശരി മോനെ... പിന്നൊരിക്കെ വായോ"

"വരാം അമ്മേ "

അനന്തു അമ്മയോടായി പറഞ്ഞു.ആശ  അവിടെ കിടന്ന മുഷിഞ്ഞ തുണി കൊണ്ട് അവളുടെ കയ്യിൽ ഉണങ്ങി പറ്റിപിടിച്ച നിറങ്ങൾ അമർത്തി തുടച്ചു കളയുന്ന തിരക്കിൽ ആയിരുന്നു.

അരുണിമയുടെ അനിയത്തിക്ക് ഒരു പുഞ്ചിരി സമ്മാനിച്ച ശേഷം അവൻ പോകാനായി ഇറങ്ങി.

വാതിൽ പടിയിൽ നിന്നും തിരിഞ്ഞു നോക്കിയപ്പോൾ അവനെ തന്നെ നോക്കികൊണ്ടിരുന്ന രണ്ടു പൂച്ചകണ്ണുകൾ പൊടുന്നനെ സ്ഥാനം തെറ്റി മറ്റെങ്ങോട്ടോ ദൃഷ്ടി പതിപ്പിച്ചത് ഒരു ചിരിയോടെ അവൻ നോക്കിക്കണ്ടു.

അനന്തു നേരെ ബുള്ളറ്റ് നിർത്തി വച്ച സ്ഥലത്തേക്ക് വെയിലത്ത് നടന്നു. നല്ല ഉഷ്ണം കാരണം അവന് വല്ലാതെ ദാഹിക്കുന്നുണ്ടായിരുന്നു.

ചായ കുടിച്ചത് പോരാ എന്ന് അവന് തോന്നി. ദാഹം മാറാൻ എവിടുന്നേലും  കുറച്ചു വെള്ളം വാങ്ങി കുടിക്കണമെന്ന് നിശ്ചയിച്ച് അവൻ ബുള്ളറ്റിനു സമീപം നടന്നെത്തി.

വെയിലിന്റെ കട്ടി താങ്ങാനാവാതെ അവന്റെ കണ്ണുകൾ ഇടക്കിടക്ക് അടഞ്ഞു തുടങ്ങി.ആകെ കൂടെ മുൻപിൽ ആകമാനം ഇരുട്ട് വ്യാപിക്കുന്ന പോലെ തോന്നിയതും അവൻ കണ്ണുകൾ അമർത്തി ചിമ്മി തുറന്നു.

അങ്ങനെ ചെയ്തുകൊണ്ട് അവൻ ബുള്ളെറ്റിലേക്ക് അമർന്നിരുന്നു. ചാവി ഇട്ട് കിക്കർ ചവിട്ടി ഓൺ ആക്കിയ ശേഷം അനന്തു ബുള്ളറ്റ് പതുക്കെ റോഡിലേക്കിറക്കി.

സാവധാനം അവൻ ബുള്ളറ്റ് ഓടിച്ചുകൊണ്ടിരുന്നു.മനസിലാകമാനം സങ്കടം നിറഞ്ഞു നിൽക്കുന്നത് കാരണം അനന്തുവിന് വണ്ടി ഓടിക്കുന്നതിൽ ശ്രദ്ധ കണ്ടെത്താൻ സാധിക്കുന്നില്ലായിരുന്നു.

അരുണിമയുടെ ഈയൊരു പ്രകൃതം അവനെ വല്ലാതെ വിഷമിപ്പിച്ചിരുന്നു. കാട്ടുപോത്തിന്റെ സ്വഭാവമുള്ള ഒരു പെണ്ണിനെ എങ്ങനെ വളച്ചെടുക്കുമെന്നോർത്ത് അവൻ പിരിമുറുക്കത്തോടെ ആക്സിലേറ്റർ തിരിച്ചുകൊണ്ടിരുന്നു.

വളക്കാൻ പോയിട്ട് നേരെ ചൊവ്വേ അവളുടെ മുൻപിൽ നിൽക്കാനുള്ള ധൈര്യം പോലും തനിക്കില്ലല്ലോ എന്നോർത്ത് അവന് ചിരി പൊട്ടി.

.എത്രയും പെട്ടെന്ന് തറവാട്ടിലേക്ക് എത്താൻ അവൻ കൊതിച്ചു.മുഖത്തടിക്കുന്ന വെയിലിന്റെ ചൂട് കൂടി കൂടി വന്നതും അവൻ പെട്ടെന്ന് തന്നെ എത്തിച്ചേരാനായി ആക്സിലേറ്റർ പിടിച്ചു തിരിച്ചു.

ബുള്ളറ്റ് ശര വേഗത്തിൽ മുന്നോട്ട് കുതിച്ചു.വളവും തിരിവും കഴിഞ്ഞു ഒരു ഇറക്കം ഇറങ്ങി വരുമ്പോൾ റോഡരികിൽ നിന്നു ഒരു പെൺകുട്ടി കൈ കാണിക്കുന്നത് കണ്ട് അനന്തു ബുള്ളറ്റ് വേഗത കുറച്ചു അവൾക്ക് ചാരെ കൊണ്ടു വന്നു നിർത്തി.

അവൾക്ക് സമീപമുള്ള വില കൂടിയ കാറിലേക്ക് അവന്റെ കണ്ണുകൾ പതിഞ്ഞു. അപ്പോൾ ആ പെൺകുട്ടി തലയിൽ അണിഞ്ഞ തൊപ്പി പതിയെ ഊരിയെടുത്തു.

അവളുടെ പൂച്ചക്കണ്ണുകളിൽ ആണ് അവന്റെ കണ്ണുകൾ ആദ്യം ഉടക്കിയത്.കണ്ടു പരിചയമുള്ള ആ കണ്ണുകൾ അവൻ നിമിഷ നേരത്തേക്ക് മതി മറന്നു നോക്കി നിന്നു.

ആ പെൺകുട്ടി തന്റെ മുഖത്തേക്ക് ഉതിർന്നു കിടക്കുന്ന മുടിയിഴകൾ കോതി വച്ചു അനന്തുവിനെ മുഖമുയർത്തി നോക്കി.

പൊടുന്നനെ അവളുടെ കണ്ണുകൾ വിടർന്നു വന്നു.

"ഹേയ് നമ്മൾ അന്ന് അമ്പലത്തിൽ വച്ചു കണ്ടതല്ലേ, എന്നെ ഓർമ്മയുണ്ടോ? "

അവളുടെ ശബ്ദം അവനെ സ്വബോധത്തിലേക്ക് എത്തിച്ചു.അനന്തു ഞെട്ടലോടെ അവളെ നോക്കി.

അവന് തന്റെ കണ്ണുകളെ വിശ്വസിക്കാൻ സാധിച്ചില്ല.പയ്യെ അവൻ അന്ന് അവൾ പറഞ്ഞ പേര് ഓർത്തെടുത്തു. അറിയാതെ അതവന്റെ ചുണ്ടുകൾ  മന്ത്രിച്ചു.

"ദക്ഷിണ"

"ആഹാ എന്റെ പേര് ഓർമയുണ്ടല്ലോ"

ദക്ഷിണ അത്ഭുതത്തോടെ അനന്തുവിന്റെ നീല കണ്ണുകളിലേക്ക് ഉറ്റു നോക്കി.അനന്തു അതേയെന്ന അർത്ഥത്തിൽ തലയാട്ടി.

അവനിപ്പോഴും അരുണിമയെ പോലെ തന്നെയുള്ള ഒരു പെണ്ണിനെ നേരിട്ട് കണ്ടതിന്റെ  അന്ധാളിപ്പിൽ ആയിരുന്നു.

"അനന്തു എന്റെ കാർ ഒന്ന് ബ്രേക്ക്ഡൌൺ ആയി. ഇഫ് യു ഡോണ്ട് മൈൻഡ്, എനിക്കൊരു ലിഫ്റ്റ് തരാമോ? "

ദക്ഷിണ ആവശ്യപ്പെട്ട സഹായം കേട്ട് അനന്തു ശില പോലെ നിന്നു. അവനിപ്പോഴും കിളി പാറിയ അവസ്ഥയിൽ ആയിരുന്നു.എന്ത് മറുപടി പറയണമെന്നറിയാതെ അവൻ കുഴങ്ങി.

വായിലെ വെള്ളം വറ്റി.മരുഭൂമി പോലെ അത് വരണ്ടു കിടന്നു. ഉഷ്ണം കാരണം അവൻ വിയർത്തു കുളിച്ചു. ചെന്നിയിലൂടെ വിയർപ്പ് ചാലു പോലെ ഒഴുകി.

അനന്തു ശ്വാസം വലിച്ചെടുത്ത് പയ്യെ അവളോട് പറഞ്ഞു.

"കേറിക്കോ "

അത് കേട്ടതും ദക്ഷിണ സന്തോഷത്തോടെ അവന് പിറകിലേക്ക് വലിഞ്ഞു കയറി.അവൾ അവന്റെ ചുമലിൽ  പതിയെ കര തലമമർത്തി.

ആ സ്പർശനം അറിഞ്ഞതും അനന്തുവിന് തന്റെ  ഉള്ളിലൂടെ വിദ്യുത് പ്രവാഹം നടക്കുന്ന പോലെ തോന്നി.

തൽക്കാലം അത് കാര്യമാക്കാതെ അവൻ ബുള്ളറ്റ് എടുക്കാൻ നോക്കിയതും ദക്ഷിണയുടെ കാർ ഡ്രൈവർ അവനെ പന്തം കണ്ട പെരുച്ചാഴിയെ പോലെ തുറിച്ചു നോക്കുന്നത് അനന്തു കണ്ടു.

അയാളുടെ നോട്ടം സഹിക്കാനാവാതെ അനന്തു അയാൾക്ക് നേരെ മുഖമുയർത്തി ചോദിച്ചു.

"എന്താ ചേട്ടാ

"ച്ചും "കാർ ഡ്രൈവർ ചുമൽ കൂച്ചി.

പയ്യെ അയാൾ കാറിന്റെ മറവിലേക്ക് മറഞ്ഞു നിന്നു. അനന്തു അയാളുടെ പരുങ്ങൽ സൂക്ഷ്മതയോടെ നോക്കുമ്പോഴാണ് പുറത്ത് ഒരാൾ കൈകൊണ്ട് തട്ടി വിളിച്ചത്.

"അതേയ് അനന്തു പോകാം "

ദക്ഷിണയുടെ ശബ്ദം കേട്ടതും പോകാമെന്ന മട്ടിൽ അവൻ തലയാട്ടി. അതിനു ശേഷം അവൻ പയ്യെ ബുള്ളറ്റ് മുൻപിലേക്ക് എടുത്തു.

അനന്തു വളരെ സൂക്ഷ്മതയോടെ ബുള്ളറ്റ് ഓടിച്ചുകൊണ്ടിരുന്നു. അവൻ ആകെ കൂടി പ്രാന്ത് പിടിച്ച അവസ്ഥയിൽ ആയിരുന്നു.

മുടിനാരിഴ വ്യത്യാസം പോലും കണ്ടു പിടിക്കാൻ പറ്റാത്ത തരത്തിലുള്ള ഇരട്ടകളെ കണ്ടെത്തിയ അത്ഭുതത്തിൽ ആയിരുന്നു അവൻ.

അതും യാതൊരുവിധ ബന്ധവും ഇല്ലാത്ത, ഇതുവരെ തമ്മിൽ കണ്ടിട്ടില്ലാത്ത രണ്ടു പേർ. രണ്ടു പേരെയും കാണുമ്പോൾ വല്ലാത്തൊരു മാനസികാവസ്ഥയിലേക്ക് എത്തിച്ചേരുന്ന പോലെ അനന്തുവിന് തോന്നി.

പക്ഷെ ഒരെത്തും പിടിയും കിട്ടതായതോടെ  അവസാനം അവൻ ബുള്ളറ്റ് ഓടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

ഈ സമയം ദക്ഷിണ ആകെ അത്ഭുതത്തിൽ ആറാടിക്കൊണ്ടിരിക്കുകയായിരുന്നു. എന്തെന്നാൽ മുംബൈ പോലുള്ള മെട്രോ സിറ്റിയിലെ മടുപ്പിനേക്കാൾ ഉപരി ഇവിടുത്തെ പ്രകൃതി ഭംഗിയും ജനങ്ങളും അവരുടെ ജീവിതവും ഉപജീവന മാർഗവും സംസ്കാരവും ഒക്കെ ദക്ഷിണയ്ക്ക് ഒറ്റ വരവിൽ തന്നെ മനസിനെ പിടിച്ചുലച്ചു.

അവളുടെ അച്ഛൻ ബല്യകാലത്തിൽ പറഞ്ഞു കൊടുത്തിട്ടുള്ള കേരളമെന്ന നാടിന്റെ ഭംഗിയും നൈർമല്യവും സംസ്കാരവുമൊക്കെ അവൾ ആവോളം ആസ്വദിച്ചുകൊണ്ടിരുന്നു.

അതോടൊപ്പം അനന്തുവിന്റെ കൂടെയുള്ള ഈ റൈഡ് അവളെ ഒത്തിരി സന്തോഷിപ്പിച്ചുകൊണ്ടിരുന്നു.പണ്ടെന്നോ നഷ്ട്ടപെട്ട തന്റെ വിലപ്പെട്ട നിധി തിരിച്ചു കിട്ടിയ ഉടമസ്ഥന്റെ സന്തോഷമായിരുന്നു അവൾക്ക് അനന്തുവിനെ കാണുന്ന മാത്രയിൽ മുഖത്തു വിരിഞ്ഞുകൊണ്ടിരുന്നത്.

പക്ഷെ എന്താണ് താൻ ഇങ്ങനൊക്കെ ചിന്തിക്കുന്നതെന്നു എത്ര ആലോചിച്ചിട്ടും ദക്ഷിണയ്ക്ക് മനസിലായില്ല.

മുംബൈയിൽ ഇഷ്ടം പോലെ ഡിജെ പാർട്ടികൾക്കും പിന്നെ കൂട്ടുകാരുടെ കൂടെ കറങ്ങാനും ഔട്ടിങ്ങിനും ഒക്കെ ദക്ഷിണ പോയിട്ടുണ്ടെങ്കിലും ഒരാളോട് പോലും അവൾക്ക് ഇത്രേം അടുപ്പം തോന്നിയിട്ടില്ല.

വലിയൊരു സുഹൃത് വലയം  തന്നെ അവൾക്ക് അവിടുണ്ട്. എന്നാൽ അന്ന് ക്ഷേത്രത്തിൽ വച്ചു ആദ്യമായി ഇയാളെ കൂട്ടി മുട്ടി വീഴാൻ പോയപ്പോൾ തന്നെ താങ്ങി നിർത്തിയതും തന്റെ കണ്ണുകളിലേക്ക് ആ വിടർന്ന നീലകണ്ണുകൾകൊണ്ട് ഉറ്റു നോക്കിയതും പോകാൻ നേരം പരിചയപ്പെട്ടതുമൊക്കെ ദക്ഷിണക്ക് വല്ലാത്തൊരു അനുഭൂതി പകരുന്ന സുഖമുള്ള ഓർമകളായി മാറി.

ഒരു മോഡേൺ തന്റേടി ആയിട്ടുള്ള താൻ ഇപ്പൊ തനി നാണക്കാരി നാട്ടിൻ പുറത്തുകാരിയിലേക്ക് പരകായ പ്രവേശനം ചെയ്തുകൊണ്ടിരിക്കുവാണെന്നു അവൾക്ക് തോന്നി.

ഒരുപക്ഷെ തന്റെ ഉള്ളിൽ കിടക്കുന്ന അച്ഛൻ പറഞ്ഞു തന്നിട്ടുള്ള കഥകളും നാടോടി കഥകളും മുത്തശ്ശി കഥകളും പുരാണങ്ങളുമൊക്കെ ചെലുത്തുന്ന സ്വാധീനം കൊണ്ടാകാം താൻ ഇങ്ങനെ പെരുമാറുന്നതെന്ന് അവൾ തിരിച്ചറിഞ്ഞു.

അനന്തുവിന്റെ ഒപ്പമുള്ള ആ യാത്ര  തീരാതിരുന്നെങ്കിൽ എന്നവൾക്ക് തോന്നി.

പെട്ടെന്നുള്ള തോന്നലിൽ ദക്ഷിണ അവന്റെ ചുമലിലേക്ക്  തല ചായ്ക്കാൻ ശ്രമിച്ചതും അവർക്ക് വിലങ്ങനെ ഒരു ജീപ്പ് ഇരമ്പിയാർത്തു വന്നു സഡൻ ബ്രേക്ക് ഇട്ടതും ഒരുമിച്ചായിരുന്നു.

ടയർ റോഡിലുരഞ്ഞ് ഉണ്ടായ ശബ്ദത്തോടൊപ്പം അവിടകമാനം പൊടി പറത്തിക്കൊണ്ട് ജീപ്പ് പൊടുന്നനെ നിന്നു.

അതിൽ നിന്നു ചാടിയിറങ്ങിയ കുറേ കിങ്കരന്മാർ ബുള്ളറ്റിൽ ഇരിക്കുന്ന അനന്തുവിന് നേരെ ആയുധങ്ങൾ ചൂണ്ടി ആക്രോശിച്ചുകൊണ്ട് നടന്നടുത്തു.

ചീറിപ്പാഞ്ഞ് വന്ന മഹീന്ദ്രയുടെ ജീപ്പ്  റോഡിൽ വിലങ്ങനെ സഡൻ ബ്രേക്കിട്ട് നിന്നു.

ബ്രേക്ക് ചെയ്തപ്പോൾ ഘർഷണം മൂലം ടയറുകൾ ഉരഞ്ഞപ്പോഴുണ്ടായ ശബ്ദം അവിടെ പ്രകമ്പനം കൊണ്ടു.

അവിടെ സൃഷ്ടിക്കപ്പെട്ട കാറ്റ് റോഡിൽ പറ്റിപ്പിടിച്ചിരുന്ന കരിയിലകളെയും പൊടിപടലങ്ങളെയും പറത്തിക്കളഞ്ഞു.

ബുള്ളറ്റിൽ ഇരുന്ന അനന്തു ദേഷ്യത്തോടെ ആക്സിലേറ്ററിൽ പിടിച്ചു ശക്തിയിൽ തിരിച്ചു കൊണ്ടിരുന്നു.

ബുള്ളറ്റിന്റെ ആർത്തനാദം അവിടെ അലയടിച്ചു.

ജീപ്പിൽ നിന്നും ചാടിയിറങ്ങിയ ആറേഴ് ഘടാ ഗഡിയന്മാർ വാക്കത്തിയും മരക്കഷണവും മറ്റും പിടിച്ചു കൊണ്ട് അനന്തുവിനെ തുറിച്ചു നോക്കി.

തങ്ങൾക്ക് ചുറ്റും നിൽക്കുന്ന കിങ്കരന്മാരെ കണ്ട് ദക്ഷിണയ്ക്ക് അല്പം ഭയം തോന്നി.

അവൾ അനന്തുവിന്റെ ചുമലിൽ മുറുകെ പിടിച്ചു.

എങ്കിലും അവളുടെ കൈകൾ വിറകൊള്ളുന്നത് അനന്തു അറിയുന്നുണ്ടായിരുന്നു.

കൂട്ടത്തിലൊരുത്തൻ കഴുത്തിലെ ഞൊട്ട പൊട്ടിച്ചു കൊണ്ട് മുന്നോട്ട് വന്നു.

കൂടെയുള്ളത് ഒരു പെൺകുട്ടിയായതുകൊണ്ട് നിമിഷ നേരത്തേക്ക് അനന്തുവിന് മന:സാന്നിധ്യം നഷ്ടപ്പെട്ടു.

എങ്ങനെങ്കിലും ദക്ഷിണയ്ക്ക് ഒരു പോറൽ പോലുമേൽപ്പിക്കാതെ വീട്ടിൽ കൊണ്ടു ചെന്നാക്കണമെന്ന് അവൻ കണക്ക് കൂട്ടി.

ഒറ്റയ്ക്കായിരുന്നേൽ എല്ലാത്തിനേയും ഒരുമിച്ച് നേരിടായിരുന്നു.

ഇപ്പൊ തന്റെ കൂടെയുള്ള പെൺകുട്ടിയുടെ സുരക്ഷിതത്വമാണ് പ്രധാനം.

അതോടൊപ്പം ബാക്കി എല്ലാത്തിനേയും അടിച്ചിടുക.

മുന്നോട്ട് നടന്നു വരുന്ന തടിമാടനെ അനന്തു സൂക്ഷിച്ചു നോക്കി.

ഒത്ത വലിപ്പവും വണ്ണവുമുള്ളയാൾ മുന്നോട്ടേക്ക് നടന്നു വന്ന് അനന്തുവിന്റെ കോളറിൽ കയറി പിടിച്ചു.

"ഡാ നീയൊക്കെ ഞങ്ങക്കിട്ടുണ്ടാക്കിയിട്ട് പോകാന്ന് വിചാരിച്ചോ... ങ്ഹേ "

അനന്തുവിന്റെ കോളറിൽ പിടിച്ച് അയാൾ ശക്തിയിൽ കുലുക്കി.

ആ ഒരു പിടുത്തത്തിലൂടെ അയാളുടെ കൈക്കരുത്ത് അനന്തു മനസിലാക്കി.

'അല്ല ചേട്ടാ ....നമ്മള് തമ്മില് ആദ്യായിട്ട് കാണുവാ ...പിന്നെന്താ പ്രശ്നം?"

"പ്രശ്നമറിഞ്ഞാലേ നീ പോകൂ ...അല്ലേ ?
ഡീ കൊച്ചേ ..തടി കേടാകണ്ടെങ്കിൽ അങ്ങോട്ട് മാറി നിക്കടി "

ദക്ഷിണയ്ക്ക് നേരെ അയാൾ അലറി.

ഭയന്നു വിറച്ച അവൾ അനന്തുവിനെ നോക്കി.

അവൻ ഇറങ്ങിക്കോ എന്ന മട്ടിൽ തലയാട്ടി.

പൊടുന്നനെ ബുള്ളറ്റിൽ നിന്നും ചാടിയിറങ്ങിയ അവൾ റോഡിന് ഓരം ചേർന്നു നിന്നു.

ദക്ഷിണ മാറി നിന്നതും അയാൾ അനന്തുവിനെ പിടിച്ച് വെളിയിലേക്കെറിഞ്ഞു.

റോഡിലേക്ക് കമിഴ്ന്നു വീണ അനന്തു പയ്യെ മലർന്നു കിടന്ന് അവരെ തന്നെ നോക്കി.

തന്നോടൊപ്പം നിലത്തേക്ക് വീണു കിടക്കുന്ന ബുള്ളറ്റിനെ കണ്ട് അനന്തുവിന് സഹതാപം തോന്നി.

അവൻ കൈകൾ നിലത്തു കുത്തി കാലുകൾ പ്രത്യേക ആകൃതിയിൽ പൊന്തിച്ച് അഭ്യാസിയെപ്പോലെ വായുവിൽ ഉയർന്നു ചാടി നേരെ നിന്നു.

അതു കണ്ടതും ദക്ഷിണയുടെ കണ്ണുകൾ വിടർന്നു.

പെട്ടന്ന് ആ തടിമാടൻ മുരണ്ടുകൊണ്ടു അനന്തുവിന് നേരെ മരക്കഷ്ണം വീശി.

അത് മുൻകൂട്ടി കണ്ട അവൻ തന്ത്രപൂർവം ഒഴിഞ്ഞുമാറി.

അത് ലക്ഷ്യം കാണാതെ പിഴച്ചതിന്റെ ദേഷ്യത്തിൽ അയാൾ അവന്റെ കാലിന് നേരെ ഊക്കിൽ വീശി.

അപ്പോഴക്കും വായുവിൽ ഉയർന്നു ചാടിയ അവൻ അയാളുടെ ആ ലക്ഷ്യത്തെയും നിഷ്പ്രഭമാക്കി.

തടിമാടൻ മൂന്നാമത് വീശുന്നതിന് മുൻപ് അനന്തുവിന്റെ മുഷ്ടി അപ്പോഴേക്കും അയാളുടെ മുഖത്ത് പതിച്ചിരുന്നു.

"ആാാഹ് "

അലർച്ചയോടെ അയാൾ പുറകിലേക്ക് മറിഞ്ഞു വീണു.

അത് കണ്ടതും കൂട്ടത്തിലെ മറ്റൊരുത്തൽ ആക്രോശിച്ചു കൊണ്ട് വാക്കത്തിയുമായി ഓടിയെത്തി.

അയാൾ അടുത്തെത്തിയതും നിലത്ത് കിടക്കുന്ന മരക്കഷ്ണമെടുത്ത് അനന്തു അയാളുടെ കാലുകൾ നോക്കി വീശി.

"പ്ഠക് "

കാലിൽ ശക്തിയിൽ അടി കിട്ടിയ അയാൾ മുന്നോട്ടേക്ക് മലക്കം മറിഞ്ഞു വീണു.

മുഖമടച്ചുള്ള വീഴ്ചയിൽ അയാളുടെ കൈയിൽ നിന്നും വാക്കത്തി ദൂരേക്ക് തെറിച്ചു പോയി.

ഞരക്കത്തോടെ അയാൾ കാലും തടവിക്കൊണ്ട് വിതുമ്പി.

അത് കണ്ടതും ചിരിയോടെ അവൻ ബാക്കിയുള്ളവരെ നോക്കി.

അതിൽ നിന്നും 2 പേർ വാക്കത്തിയുമായി ഒരേ സമയം ഓടി വന്നു.

രണ്ടു പേരും അനന്തുവിനെ നോക്കി ഒരേ സമയം കത്തിവീശി.

മുന്നോട്ടേക്ക് കുനിഞ്ഞു അതിൽ നിന്നും രക്ഷപ്പെട്ട അവൻ ചാടിയെണീറ്റ് ഒരാളുടെ ചുമല് നോക്കി കാലുകൊണ്ട് വീശി.

ശക്തമായ പ്രഹരം ചുമലിൽ കിട്ടിയ അയാൾ വേദനയോടെ നിലത്തേക്ക് അമർന്നിരുന്നു.

അപ്പോൾ നേരത്തെ കത്തിവീശിയ മറ്റവൻ തിരിഞ്ഞു നിന്ന് അനന്തുവിന്റെ പിൻകഴുത്തിൽ ശക്തിയിൽ ചവുട്ടി.

കഴുത്തിൽ ചവിട്ട് കൊണ്ട അനന്തു മുന്നിലേക്ക് തെറിച്ചു വീണു.

റോഡിലുരത്ത് അവന്റെ കൈയിലെ തൊലിക്ക് പലയിടത്തും പോറലേറ്റു.

അത് കാര്യമാക്കാതെ അവൻ ഉരുണ്ടു പിരണ്ടെണീറ്റു.

തന്നെ ചവിട്ടി വീഴിത്തിയവനെ ദേഷ്യത്തോടെ നോക്കി.

അയാൾ പിന്നെയും ഓടി വന്നതും അനന്തു കൈയിലുള്ള മരക്കഷ്ണം അയാൾക്ക് നേരെ എറിഞ്ഞു.

തലയിൽ കൃത്യം ഏറ് കൊണ്ട അയാൾ അലർച്ചയോടെ നിലത്തേക്ക് മറിഞ്ഞു വീണു.

ഞരക്കത്തോടെ നിലത്ത് വീണു കിടക്കുന്നവന്റെ അടി വയറ് നോക്കി അനന്തു ശക്തിയിൽ ചവിട്ടി.

അയാളുടെ അലർച്ച ഇരട്ടിയായതും അവൻ രണ്ടു മൂന്ന് തവണ കൂടി അടിവയറ് ലക്ഷ്യമാക്കി ചവിട്ടി.

അത് കൊണ്ടപ്പോഴേക്കും അയാളുടെ ബോധം നഷ്ടമായി.

പുറത്തേക്കുന്തിവന്ന കണ്ണുകളുമായി നിർജീവമായ ശരീരത്തെ പോലെ അയാൾ നിലത്ത് കിടന്നു.

അയാളെ നോക്കി നിൽക്കുമ്പോഴാണ് അനന്തുവിന്റെ കഴുത്തിലൊരു പിടി വീണത്.

അവൻ മുഖം തിരിച്ചു നോക്കിയതും മൂക്കിലൂടെ ചോരയൊലിപ്പിച്ചു കൊണ്ട് നിൽക്കുന്ന തടിമാടനെയാണ് കണ്ടത്.

കഴുത്തിലെ പിടുത്തം മുറുകിയതും ശ്വാസം വലിക്കാൻ അനന്തു നന്നേ ബുദ്ധിമുട്ടി.

ആ പിടിയിൽ നിന്നും രക്ഷപ്പെടാൻ അനന്തു ശ്രമിച്ചു.

പക്ഷെ ആ നീരാളിപ്പിടുത്തത്തിൽ നിന്നും കുതറി മാറാൻ അവന് കഴിഞ്ഞില്ല.

കഴുത്തിൽ നല്ലോണം വേദനയെടുത്തു തുടങ്ങിയതും അവൻ അയാളുടെ കഴുത്തിന് പുറകിൽ പിടിച്ചു കൊണ്ട് പൊടുന്നനെ മുന്നിലേക്ക് വലിച്ചിട്ടു.

ചുമലിൽ നിന്നും ചാക്കുകെട്ട് നിലത്തേക്കിടുന്ന പോലെ അയാൾ വീണു.

ഒന്നെണീക്കുന്നതിന് മുൻപ് അനന്തുവിന്റെ വലതുകാൽ അയാളുടെ നടുവിൽ പതിഞ്ഞിരുന്നു.

"ആാാഹ് "

നട്ടെല്ലിന് പരിക്ക് പറ്റിയ വേദനയിൽ അയാൾ കിടന്നലറി.

കലിയടങ്ങാതെ അനന്തു അയാളുടെ നടുവിന് കനത്ത പ്രഹരം നൽകിക്കൊണ്ടിരുന്നു.

നട്ടെല്ലിന് കിട്ടിയ സാരമായ താഡനം അയാളെ ക്ഷീണിതനാക്കി.

പ്രാണൻ പോകുന്ന വേദനയിൽ അയാൾ തൊണ്ട പൊട്ടുമാറ് ഉച്ചത്തിൽ അലറി.

അപ്പോഴാണ് മറുപുറത്ത് നിന്ന് നേരത്തെ അനന്തു വീഴ്ത്തിയ മറ്റൊരാൾ ഞെരുങ്ങിക്കൊണ്ട് എണീറ്റു നിന്നത്.

അയാൾ ആടിയാടി അവനു നേരെ നടന്നടുത്തു.

അയാൾ അടുത്തെത്തിയതും അനന്തു നെഞ്ച് നോക്കി മുഷ്ടി ചുരുട്ടിയിടിച്ചു.

കനത്ത ഇടി നെഞ്ചിൽ കൊണ്ട അയാൾ ബോധരനിതനായി പുറകിലേക്ക് മറിഞ്ഞു വീണു.

ഏഴ് പേരിൽ നാല് പേര് വീണു കിടക്കുന്നത് കണ്ട അവൻ ചിരിയോടെ ദക്ഷിണയെ നോക്കി.

നിസംഗതയോടെയുള്ള അവളുടെ നോട്ടത്തിന്റെ അർത്ഥം അവന് പിടി കിട്ടിയില്ല.

തെല്ലൊന്ന് ശ്രദ്ധ പാളിയതും പുറകിൽ നിന്നും തലയ്ക്കിട്ട് പ്രഹരമേറ്റതും ഒരുമിച്ചായിരുന്നു.

അനന്തു നിലത്തു കിടക്കുന്ന ബുള്ളറ്റിന്റെ മുകളിലേക്ക് മറിഞ്ഞു വീണു.

വീഴ്ചയ്ക്കിടെ ഹാൻഡിൽ ഇടുപ്പിൽ കുത്തി അവന് ശക്തമായ വേദന ഉടലെടുത്തു.

ഇടുപ്പിൽ അമർത്തി പിടിച്ചു കൊണ്ട് അവൻ എണീക്കാൻ ശ്രമിച്ചു.

പക്ഷെ കഠിനമായ വേദന അവനെ തളർത്തിക്കൊണ്ടിരുന്നു.

കൊലച്ചിരിയോടെ തന്നെയും നോട്ടമിട്ടു കൊണ്ടുവരുന്ന മൂന്ന് കിങ്കരന്മാരെയും അവൻ ദയനീയമായി നോക്കി.

ബുള്ളറ്റിന്റെ മുകളിൽ നിന്നും എണീക്കാൻ ശ്രമിച്ചെങ്കിലും അത് പരാജയപ്പെട്ടുകൊണ്ടിരുന്നു.

അസഹനീയമായ വേദന അവന്റെ മനസ്സിനെയും ശരീരത്തെയും ഒരുപോലെ കീഴ്പ്പെടുത്തി.

കിടന്ന കിടപ്പാലെ അവൻ ദക്ഷിണയെ പാളി നോക്കി.

അവളുടെ കണ്ണുകളിൽ തെളിഞ്ഞിരുന്ന ഭയം, കൂടാതെ അതിനു മറയെന്നോണം ജ്വലിച്ചു കൊണ്ടിരുന്ന കണ്ണുകൾ, അത് അനന്തുവിനെ വല്ലാത്തൊരു അവസ്ഥയിലെത്തിച്ചു.

ദക്ഷിണ ഓടി വന്ന് അനന്തുവിനെ ചേർത്തു പിടിച്ചു കൊണ്ടു പറഞ്ഞു.

"അനന്തൂ ...എന്താ പറ്റിയേ നിനക്ക് ?ഗെറ്റപ്പ് മാൻ ....നിന്റെ ശക്തി എന്താന്നെന്ന് അവർക്ക് കാണിച്ചു കൊടുക്ക് ...ബി സ്ട്രോങ് "

അനന്തു അതിശയത്തോടെ അവളെ നോക്കി.

അരുണിമ തന്റെ മുൻപിൽ വന്നു നിന്ന് പറയുന്ന പോലെ അവന് തോന്നി.

ഒരു നിമിഷം അത് തന്റെ അരുണിമ ആയിരുന്നെങ്കിയെന്ന് അവൻ ആഗ്രഹിച്ചു പോയി.

ദക്ഷിണയുടെ വാക്കുകൾക്ക് വല്ലാത്തൊരു ഊർജമായിരുന്നു.

അത് കാതിൽ പതിഞ്ഞതും അനന്തു പതിയെ എണീക്കാൻ നോക്കി.

അത് കണ്ട് ദക്ഷിണയുടെ കണ്ണുകൾ വിടർന്നു.

മുഖം തിളങ്ങി.

അപ്പോഴേക്കും കൂട്ടത്തിലൊരുത്തൻ വന്ന് ദക്ഷിണയെ തള്ളിയിട്ടു.

അവൾ റോഡിലേക്ക് തെറിച്ചു വീണു.

അത് കണ്ട് അനന്തുവിന് കോപം ഇരച്ചു കയറി.

"ഡാ... ഇനി അവളെ തൊട്ടാലുണ്ടല്ലോ "

"ഫ്ഭാ ...വായടക്കെടാ പന്ന നായിന്റെ മോനെ... നീ ഞങ്ങടെ കൂടെയുള്ളവന്മാരെ അടിച്ചിടുമല്ലേ?"

മൂന്നു പേരിൽ ഒരുത്തൻ അവന് നേരെ ചീറി.

അയാൾ ദേഷ്യത്തോടെ വന്ന് അനന്തുവിനെ പിടിച്ചു റോഡിലൂടെ വലിച്ചിഴച്ചു.

ഉച്ചവെയിലിൽ ചുട്ടു പഴുത്തു നിൽക്കുന്ന റോഡിൽ കൈയും കാല്പാദങ്ങളുമുരഞ്ഞ് അനന്തുവിന് പൊള്ളലേറ്റു.

അവൻ വിവശതയോടെ കഴുത്തിലെ പിടി വിടുവിക്കാൻ നോക്കി.

"കൊല്ലടാ ഈ മൈരനെ "

അവന്റെ കഴുത്തിലെ പിടി വിട്ടു കൊണ്ട് അയാൾ അലറി.

മൂന്നു പേരും ക്രോധമായ മുഖത്തോടെ അനന്തുവിനെ നോക്കി.

എന്നിട്ട് നിലത്തു വീണു കിടക്കുന്ന വാക്കത്തി അവർ കൈയിലെടുത്തു.

അത് കണ്ടതും അതുവരെ ഇല്ലാതിരുന്ന ഭയം അവനിൽ ഉടലെടുത്തു.

ഉച്ച വെയിലിൽ അവരുടെ കൈകളിൽ ഇരുന്ന വാക്കത്തികൾ വെട്ടിത്തിളങ്ങി.

ഏതോ കൊല്ലന്റെ ആലയിൽ നിന്നും അത് തനിക്കു വേണ്ടി പണിയിച്ചു കൊണ്ടുവന്നതാണെന്ന് കത്തിയുടെ തിളക്കം കണ്ടതോടെ അനന്തുവിന് മനസിലായി.

ഭയം നെറുകും തലയിലേക്ക് അരിച്ചെത്തിയതും പതിയെ അവന് കാഴ്ച മങ്ങാൻ തുടങ്ങി.

കണ്ണു ചിമ്മി തുറന്നു കൊണ്ട് ദയനീയമായി അവരെ തന്നെ നോക്കി.

മൂന്നു പേരും തൊട്ട് മുമ്പിൽ എത്തിയതും അനന്തു കണ്ണുകളടച്ചു.

ദീർഘശ്വാസം വലിച്ചുകൊണ്ട് മിടിക്കുന്ന ഹൃദയത്തോടെ ഇരുന്നു.

മരണത്തെ വരവേൽക്കുവാനായി.

ക്രൂരമായ ചിരിയോടെ അതിലൊരുവൻ ആക്രോശിച്ചു കൊണ്ട് അവന്റെ കഴുത്ത് നോക്കി കത്തി വീശി.

"പ്ധക്ക്"

"ആാാഹ് "

മുൻപിലൊരലർച്ച കേട്ടതും അനന്തു നടുങ്ങി.

അൽപസമയം കഴിഞ്ഞിട്ടും തനിക്ക് ഒന്നും പറ്റാത്തതിനാൽ പയ്യെ കണ്ണു തുറന്ന് നോക്കി.

മുൻപിൽ ഒരുത്തൻ വീണു കിടക്കുന്നത് കണ്ട് അനന്തു കണ്ണു മിഴിച്ചു കൊണ്ട് ചുറ്റും നോക്കി.

ബാക്കിയുള്ള രണ്ടു പേർ ഭയത്തോടെ നോക്കുന്നയിടത്തേക്ക് അവൻ കണ്ണുകൾ പായിച്ചു.

അവിടെ രൗദ്രഭാവം പൂണ്ട് നിൽക്കുന്ന ദക്ഷിണയെ കണ്ട് അനന്തു ഞെട്ടി.
.
.
.
.

അയാൾ അനന്തുവിന് നേരെ വാക്കത്തി വീശിയതും ദക്ഷിണ അത് മുൻകൂട്ടി കണ്ടിരുന്നു.

അവൾ നിന്ന നിൽപ്പിൽ തിരിഞ്ഞു വന്നു വായുവിൽ ഉയർന്നു ചാടി അയാളുടെ കഴുത്ത് നോക്കി ടോർണാഡോ കിക്ക് ചെയ്തു.

കഴുത്തിൽ ശക്തമായി പ്രഹരമേറ്റ് അയാൾ അലർച്ചയോടെ നിലത്തേക്ക് കുഴഞ്ഞു വീണു.

ആ അലർച്ച കേട്ടാണ് അനന്തു കണ്ണു തുറന്നു നോക്കിയത്.

ദക്ഷിണയുടെ മറ്റൊരു മുഖം കണ്ട് അനന്തു സത്യത്തിൽ ഞെട്ടിപ്പോയി.

അവളുടെ കണ്ണുകളിൽ വിരിഞ്ഞ പക കണ്ടതും ഒന്നും മനസിലാകാതെ അവൻ തല കുടഞ്ഞു.

അവളുടെ ആ ഭാവമാറ്റം ആരെയും ഒന്ന് ഭയപ്പെടുത്തുന്നതായിരുന്നു.

കൂടെയുള്ള ശിങ്കിടികൾ പരുങ്ങലോടെ ഒരടി പിറകിലേക്ക് വച്ചു അവളെ കണ്ണു മിഴിച്ചു നോക്കി.

ബോക്സിങ് റിങ്ങിൽ ഉള്ളതുപോലുള്ള ദക്ഷിണയുടെ നിൽപ്പ് കണ്ട് അനന്തുവിന് സംശയം തോന്നി.

അവൾ ബോക്സിങ് പടിച്ചിട്ടുണ്ടോ എന്ന്.

നിലത്തു വീണു കിടക്കുന്നവനെ കണ്ട് കലിയോടെ ഒരുവൻ അവൾക്ക് നേരെ ഓടി വന്നു.

ഒരടി മുന്നിലെത്തിയതും അയാൾ മുഷ്ടി ചുരുട്ടി ദക്ഷിണയുടെ മുഖത്തിനു നേരെ വീശി.

പിന്നിലേക്കാഞ്ഞു അതിൽ നിന്നും ഒഴിഞ്ഞു മാറിയ അവൾ പൊടുന്നനെ അരക്കെട്ടിനു അനുസൃതമായി കാൽ മുന്നിലേക്ക് മടക്കികൊണ്ടു ഉയർത്തി അയാളുടെ കാൽമുട്ട് നോക്കി ഒരു ചവിട്ട് കൊടുത്തു.

കാൽമുട്ടിലെ മർമത്തിൽ തന്നെ ചവിട്ട് കിട്ടിയ അയാൾ ഒടിഞ്ഞു തൂങ്ങിയ കാലുമായി പ്രാണവേദനയോടെ അലറി.

"ഷട്ട് യൂ ബ്ലഡി"

ആ ശബ്ദം ദക്ഷിണയെ വല്ലാതെ  ആലോസരപ്പെടുത്തി.

അനന്തു ഇതൊക്കെ കണ്ട് ആകെ മിഴുങ്ങസ്യയായി ഇരിക്കുവായിരുന്നു.

അവളുടെ ഓരോ ചടുല നീക്കങ്ങളും അവനെ വല്ലാതെ അത്ഭുതപ്പെടുത്തി.

ഈ സമയം പൊക്കമുള്ള ഒരുത്തൻ വന്ന് ദക്ഷിണയെ കടന്നു പിടിച്ചു.

ആ പിടുത്തം മുറുക്കിക്കൊണ്ട് അയാൾ ഊറി ചിരിച്ചു.

അത് കണ്ടതും കലിപൂണ്ട അവൾ ഇടത് കൈ അയാളുടെ തോളിന് അടിയിലൂടെയിട്ടു.

അയാളുടെ കൈക്കുഴയിൽ മുറുകെ പിടിച്ച ശേഷം ശക്തിയിൽ തോള് താഴ്ത്തിയതും തന്റെ അരക്കെട്ടിലുണ്ടായിരുന്ന കൈ അയഞ്ഞതും കണ്ണിമ ചിമ്മുന്നതിന് മുൻപ് അയാളുടെ അടിവയറു നോക്കി മുട്ടുകാലുകൊണ്ട് ശക്തിയിൽ അവൾ രണ്ടു തവണ തൊഴിച്ചു.

ആ പ്രഹരമേറ്റതും അയാൾ പിടഞ്ഞുകൊണ്ടു നിലത്തേക്ക് ഊർന്നു വീണു.

ശ്വാസമെടുക്കാൻ അയാൾ പാടുപെട്ടു.

വീണു കിടക്കുന്നവനെ പുച്ഛത്തോടെ  നോക്കിക്കൊണ്ടിരുന്നതും മുൻപേ ദക്ഷിണയിൽ നിന്നും ടോർണാഡോ കിക്ക് കിട്ടിയവൻ വേച്ചുകൊണ്ട് അവൾക്ക് നേരെ വീണ്ടും ആടിയാടി വന്നു.

അത് കണ്ടതും ദക്ഷിണ നൃത്ത ചുവടുകളോടെ ഒരു പൂമ്പാറ്റയുടെ ലാഘവത്തോടെ പാറി നടന്നുകൊണ്ടു തന്റെ ഇരയെ ആകർഷിച്ചുകൊണ്ടിരുന്നു.

അവൾ അകന്നു പോകുന്നത് കണ്ട് അയാൾ മുഷ്ടി ചുരുട്ടി പിടിച്ചുകൊണ്ടു അടുത്തു.

അത് കണ്ടതും ദക്ഷിണ ശരീരമൊന്നു വളച്ചുകൊണ്ട് അയാളുടെ മുഖത്തിനു നേരെ ശക്തിയിൽ പഞ്ച് ചെയ്തു.

ആ പ്രഹരം കിട്ടിയതും അയാൾ ബോധക്ഷയത്തോടെ പിറകിലേക്ക് മറിഞ്ഞു വീണു.

എല്ലാ ശിങ്കിടികളും നിലത്തു വീണു കിടക്കുന്നത് കണ്ടതും ദക്ഷിണ ഒന്നു നെടുവീർപ്പെട്ടു.

അതിനു ശേഷം അവൾ അനന്തുവിന് സമീപം വന്നെത്തി.

ഇത്രയും നേരം കൺമുൻപിൽ സംഭവിച്ച അവളുടെ ഒറ്റയാൾ പോരാട്ടം വിശ്വസിക്കാനാവാതെ അവൻ നോക്കി കാണുകയായിരുന്നു.

അനന്തു ആദ്യമായിട്ടായിരുന്നു ഒരു പെണ്ണ് നന്നായി ഫൈറ്റ് ചെയ്യുന്നത് നേരിട്ട് കാണുന്നത്.

ദക്ഷിണയോട് അവന് ആരാധന തോന്നി.

ചുണ്ടിലൊരു ചിരിയോടെ ദക്ഷിണ വന്ന് അവനു നേരെ കൈ നീട്ടി.

ആ തുടുത്ത ഉള്ളംകൈയിൽ പിടിച്ചതും പൂ പോലെ മൃദുലമായ ആ കൈകൾക്ക് ഇത്രയും ശക്തി എവിടുന്ന് കിട്ടുന്നുവെന്ന് ആലോചിച്ച് അവൻ അത്ഭുതപ്പെട്ടു.

ആ കയ്യിൽ പിടിച്ചു അവൻ എണീറ്റു.

എന്നാൽ ദക്ഷിണ ശക്തിയിൽ വലിച്ചതിന്റെ ഫലമായി അനന്തു അവളുടെ മാറിലേക്കാണ് വന്നു വീണത്.

അവൻ തന്റെ നെഞ്ചോടു വന്നു ചേർന്നതും ദക്ഷിണയുടെ കൈകൾ അറിയാതെ തന്നെ അവനെ വിരിഞ്ഞു മുറുക്കിയിരുന്നു.

ഇരുവരുടെയും കണ്ണുകൾ തമ്മിൽ ഉടക്കി ആ ഉരസലിൽ തീപ്പൊരി പാറി.

ആരെയും ആകർഷിക്കുന്ന ആ നീലക്കണ്ണുകൾ പണ്ടെന്നോ കണ്ടു മറന്ന പ്രതീതിയായിരുന്നു ദക്ഷിണയ്ക്ക്.

എന്നാൽ അനന്തുവിന് ആ കണ്ണുകൾ കാണുന്തോറും അരുണിമയെയാണ് ഓർമ വന്നത്.

അവളുടെ കണ്ണുകളിൽ നോക്കിയിരിക്കുന്ന പോലെയാണ് അവനു തോന്നിയത്.

"ഇപ്പൊ എങ്ങനുണ്ട് അനന്തു ...വേദന കുറവുണ്ടോ ?"

ദക്ഷിണ സങ്കടത്തോടെ അവനെ നോക്കി.

"ഹ്മ്മ് കുറവുണ്ട് ..."

അനന്തു ഇടുപ്പിൽ പയ്യെ തിരുമ്മിക്കൊണ്ട് പറഞ്ഞു.

അപ്പോഴും അവിടെ വേദന ബാക്കിയായിരുന്നു.

"ഞാനില്ലായിരുന്നേൽ ഇപ്പൊ കാണായിരുന്നു.. തന്റെ ഡെഡ് ബോഡി അവന്മാർ ഇപ്പൊ എടുത്തേനെ "

ദക്ഷിണയുടെ പറച്ചിൽ കേട്ട് അനന്തുവിന് നാണക്കേട് തോന്നി.

"അല്ല അനന്തു ..എന്റെ അച്ഛച്ചൻ പണ്ടെനിക്ക് പറഞ്ഞു തന്നിട്ടുള്ള മുത്തശ്ശിക്കഥകളിൽ നായികയെ ഗുണ്ടകളിൽ നിന്നും രക്ഷിക്കാൻ വരുന്ന നായകന്റെ കഥയായിരുന്നു ഉണ്ടായിരുന്നത് ..ഇതിപ്പോ നായകനെ രക്ഷിക്കാൻ വന്ന നായിക എന്നായി മാറിയല്ലേ.. ജസ്റ്റ് ഫോർ എ ചേഞ്ച് "

ദക്ഷിണയുടെ മറുപടിയോടൊപ്പം വന്ന കുസൃതി ചിരി കണ്ടതും അനന്തുവിന് ആകെ വയ്യാതെയായി.

സ്വയം തൊലിയുരിയുന്ന പോലെ അവന് തോന്നി.

ഭൂമി പിളർന്ന് താഴേക്ക് പോയിരുന്നെങ്കിലെന്ന് അവൻ ആശിച്ചു.

നാണക്കേട് കാരണം അവളുടെ മുഖത്ത് നോക്കാൻ അനന്തു ബുദ്ധിമുട്ടി.

"സോറി "

"ഹേയ് ..ലീവ് ഇറ്റ് മാൻ ..ഞാൻ ചുമ്മാ പറഞ്ഞതല്ലേ ..തനിക്ക് ഹർട്ട് ആയോ ?"

ദക്ഷിണ ക്ഷമാപണത്തോടെ അവനോടു ചോദിച്ചു.

"ഏയ് ഇല്ല താങ്ക്സ് എന്നെ രക്ഷിച്ചതിന്"

താങ്ക്സ് ഒക്കെ ഇയാൾടെ പോക്കറ്റിൽ വച്ചോ"

അവൾ പുച്ഛത്തോടെ ചിറി കോട്ടി

"പിന്നെയോ?"

"എന്നെ വീട് വരെ ഡ്രോപ്പ് ചെയ്യണം.. പറ്റുമോ?"

"പിന്നെന്താ ..കേറിക്കോ "

അനന്തു ചിരിയോടെ തലയാട്ടി.

ദക്ഷിണയും അവനൊപ്പം ബുള്ളറ്റുയർത്താൻ സഹായിച്ചു.

ബുള്ളറ്റ് സ്റ്റാർട്ട് ചെയ്തതും അവൾ അനന്തുവിന്റെ പുറകിൽ കയറിയിരുന്നു.

തന്റെ പടക്കുതിരയെ ഒന്ന് ഇരപ്പിച്ച ശേഷം അവൻ ദേശം ഗ്രാമത്തിന്റെ അതിർത്തിയ്ക്ക് പുറത്തേക്ക് യാത്രയായി.

യാത്രയിലുടനീളം ദക്ഷിണ ചിന്തയിൽ ആയിരുന്നു.

എന്തായിരുന്നു അവരെ തല്ലാൻ എന്നെ പ്രേരിപ്പിച്ചത്?

ജീവനുവേണ്ടി കേഴുന്ന ഒരാളായതുകൊണ്ടോ ?

അതായിരുന്നില്ല കാരണം...

പിന്നെയോ?

ആ നീല കണ്ണുകൾ ആയിരുന്നില്ലേ?

ആയിരുന്നോ?

ആയിരിക്കണം..

പെട്ടെന്ന് എന്തു പറ്റിയെന്ന് എനിക്ക് പോലും അറിയില്ല..

ഒന്നു മാത്രമറിയാം.

അവന്റെ രോമത്തിൽ പോലും മറ്റൊരുത്തൻ തൊടുന്നത് എനിക്ക് സഹിക്കാവുന്നതിനും അപ്പുറമാണ്.

അതിന് അനന്തു നിന്റെയാരാ?

അറിയില്ല പക്ഷെ ഒന്നറിയാം.

അവൻ എന്റെ ആരെല്ലാമോ ആയിരുന്നു.

മുജ്ജന്മത്തിലെന്ന പോലെ.

ചിന്തകൾ കാടു കേറിയതും ഒരു ചിരിയോടെ അവൾ കാഴ്ചകൾ കണ്ടു കൊണ്ടിരുന്നു.

പത്ത് മിനുട്ട് കഴിഞ്ഞതും കുന്താളപുരം ഗ്രാമം അവരെ സ്വാഗതം ചെയ്തു.

ഒരു നദിയ്ക്ക് കുറുകെയുള്ള പാലം മറികടന്ന് അവർ എത്തിയത് കുന്താളപുരത്തേയ്ക്കായിരുന്നു.

കുന്താളപുരത്തെയും ദേശത്തേയും തമ്മിൽ വേർതിരിച്ചിരുന്നത് ഈ നദിയായിരുന്നു.

തേൻ നദിയെന്ന് അത് അറിയപ്പെട്ടു.

തേൻ പോലെ ശുദ്ധമായ ജലമൊഴുകുന്നതിനാലാണ് ആ പേര് ലഭിച്ചതത്രേ.

തേൻ നദിയിലെ ജലം എവിടെ നോക്കിയാലും സ്ഫടികം പോലെ വെട്ടിത്തിളങ്ങുമായിരുന്നു.

പനിനീർ പോലെ ശുദ്ധമായ ജലത്തെ ഗർഭം ധരിച്ചുകൊണ്ട് ഒഴുകുന്ന നദി.

ആ നദിയുടെ സൗന്ദര്യം ആസ്വദിച്ചു കൊണ്ട് കുന്താളഗ്രാമത്തിന്റെ ഗ്രാമീണതയിലേക്ക് ഭംഗിയിലേക്ക് ബുള്ളറ്റ് അവരെയും കൊണ്ട് പറന്നു.

ദക്ഷിണയുമൊന്നിച്ചുള്ള ആ യാത്ര വളരെ മനോഹരമായിരുന്നു.

ആ ഗ്രാമത്തിന്റെ പച്ചപ്പും സൗന്ദര്യവും അനന്തുവിന് നന്നേ ബോധിച്ചു.

എങ്ങും നിറഞ്ഞു നിൽക്കുന്ന വൃക്ഷലതാദികളും പുൽനാമ്പുകളും കുന്നും മലകളും തണുത്ത കാറ്റും മഴക്കോളും ഒക്കെ അനന്തുവിന് പുതു ലഹരി സമ്മാനിച്ചു.

പ്രകൃതിയുടെ വശ്യമനോഹാരിതയിൽ മതി മറന്നു കൊണ്ട് അവൻ ബുള്ളറ്റ് ഓടിച്ചുകൊണ്ടിരുന്നു.

അങ്ങനെ മുന്നോട്ട് പോക്കോണ്ടിരിക്കെ ചില കാര്യങ്ങൾ അവന്റെ മനസിലേക്ക് ഓടിയെത്തി.

അത് ദക്ഷിണയോട് ചോദിക്കാൻ അവന്റെ മനസ് വെമ്പി.

"കരാട്ടെ എങ്ങനറിയാം?"

"എന്തോ കേട്ടില്ല "

ബുള്ളറ്റിന്റെ ഖഡ് ഘഡ് ശബ്ദത്തിൽ അനന്തു പറഞ്ഞത് ദക്ഷിണ അവ്യക്തമായാണ് കേട്ടത്.

"കരാട്ടെ എങ്ങനറിയാമെന്ന്?"

ഓഹ് അതോ ..ഞാൻ മാർഷ്യൽ ആർട്സിന്റെ വല്യ ഫാനാണ് ..പിന്നെ കരാട്ടെ ബ്ലാക്ക് ബെൽറ്റ് ആണ് ..അവിടെ മുംബൈയിൽ കുറേ കുട്ടികൾക്ക് കരാട്ടെ ക്ലാസ് എടുത്തു കൊടുക്കാറുണ്ട്"

"ആണോ ചുമ്മാ ചോദിച്ചതാ "

അനന്തുവിന്റെ മറുപടി കേട്ട് ദക്ഷിണ പുഞ്ചിരിച്ചു.

അവളുടെ മനോഹരമായ പുഞ്ചിരി ബുള്ളറ്റിന്റെ മിററിലൂടെ അനന്തു ശ്രദ്ധിച്ചു.

അങ്ങനെ സംസാരിച്ചു കൊണ്ടു അവർ തിരുവമ്പാടി മനയുടെ മുൻപിൽ
എത്തിയത് അറിഞ്ഞിരുന്നില്ല.

അതിനിടക്ക് അനന്തുവും ദക്ഷിണയും തമ്മിൽ കൂടുതൽ അടുത്തിരുന്നു.

"എന്റമ്മോ ഇതാണോ തന്റെ വീട്?"

തിരുവമ്പാടി മനയുടെ വലിപ്പവും തലയെടുപ്പും കണ്ട് അനന്തുവിന് ആകെ അത്ഭുതം തോന്നി.

"ഹ്മ്മ് അതെന്നേ ...എന്തേ അനന്തുവിന് ഇഷ്ട്ടായോ?"

"പിന്നില്ലേ ഒരുപാട് ..ഇത് കണ്ടിട്ട് എട്ടു കെട്ട് ആണെന്ന് തോന്നുന്നല്ലോ "

അനന്തു സംശയത്തോടെ പറഞ്ഞു.

"ശരിയാ അനന്തു പറഞ്ഞത് ..ഇത് എട്ടുകെട്ടാ.. നൂറ്റാണ്ടുകളുടെ പഴക്കം ഉണ്ട് ഞങ്ങളുടെ കുടുംബത്തിന് .."

ദക്ഷിണ അഭിമാനത്തോടെ പറഞ്ഞു.

"ഓഹോ എന്താ തന്റെ കുടുംബത്തിന്റെ പേര്?"

"തിരുവമ്പാടി "

ദക്ഷിണ പറഞ്ഞത് കേട്ട് അനന്തു ഞെട്ടി.

തിരുവമ്പാടി എന്ന പേര് അവന്റെ ബോധ മണ്ഡലത്തിലേക്ക് പൊടുന്നനെ ഓടി വന്നു.

അന്ന് ആ ക്ഷേത്ര മുറ്റത്ത് വച്ചു പരിചയപ്പെട്ട ആ സഞ്ചാരി തന്നോട് പറഞ്ഞ ഈ നാടിന്റെ ചരിത്രവും ഐതിഹ്യവും അതോടൊപ്പം അദ്ദേഹത്തിന്റെ നാവിൽ നിന്നും ഉച്ചരിക്കപ്പെട്ട രണ്ട് നാമങ്ങൾ.

തിരുവമ്പാടിയും തേവക്കാട്ടും .

അപ്പൊ ഇതാണല്ലേ ആ കഥയിൽ ഉള്ള തിരുവമ്പാടി മനയും കുടുംബങ്ങളും.

അപ്പൊ ദക്ഷിണ തിരുവമ്പാടി കുടുംബത്തിലെ അംഗമാണല്ലേ ?

സർവ്വോപരി തങ്ങളുടെ ശത്രുക്കൾ.

അനന്തു ചിരിയോടെ ഓർത്തു.

"എന്താ ചിരിക്കുന്നെ?"

ദക്ഷിണയുടെ ചോദ്യമാണ് അനന്തുവിനെ ചിന്തകളിൽ നിന്നും ഉണർത്തിയത്.

"ഏയ് ഒന്നൂല്ല ..ഞാൻ വെറുതെ "

"ഓക്കേ"

"ആയ്ക്കോട്ടെ ..പിന്നെ കാണാം എപ്പോഴേലും "

"ഹേയ് പോകുവാണോ ?തറവാട്ടിലോട്ട് വാ... എല്ലാരേം പരിചയപ്പെടാം"

"അത് വേണ്ടാ പിന്നൊരിക്കലാവാം ..അതിന് നിന്നാൽ പിന്നെന്റെ തടി കേടാവും"

ഒന്നും മനസിലാകാതെ ദക്ഷിണ മുഖം ചുളിച്ചു നോക്കി.

"വേറൊരു ദിവസം വരാം.

"ഷുവർ അനന്തു... ലെറ്റ്സ് ഹോപ്പ്.. അപ്പൊ താങ്ക്സ് പറയുന്നില്ല ..ഓക്കേ ബൈ സീ യൂ.."

"ശരി "

അനന്തു അവളെ നോക്കി തലയാട്ടി

ദക്ഷിണയെ തിരുവമ്പാടി പടിപ്പുരയുടെ മുന്നിൽ കൊണ്ടുചെന്ന ശേഷം അനന്തു ബുള്ളറ്റുമായി തിരിച്ചുപോയി.

ചുണ്ടിൽ ഒരു മൂളിപ്പാട്ടോടെ ദക്ഷിണ തറവാടിന്റെ അങ്കണത്തിലേക്ക് പതിയെ നടന്നു.

മടക്ക യാത്ര അനന്തുവിന് പുത്തൻ അനുഭവം പകർന്നു നൽകുന്നതായിരുന്നു.

കുന്തളഗ്രാമത്തിന്റെ ഭംഗിയും നുകർന്നുകൊണ്ട് അനന്തു ബുള്ളറ്റ് ഓടിച്ചുകൊണ്ടിരുന്നു.

ആ ഗ്രാമത്തിന്റെ ഭംഗിയും നൈർമല്യവും അവനെ വല്ലാതെ ആകർഷിച്ചു.

നല്ല ശുദ്ധ വായു ശ്വസിച്ചു കൊണ്ട് അവൻ വണ്ടിയോടിച്ചു.

ദേശം ഗ്രാമത്തെക്കാളും എന്തു കൊണ്ടും ഭംഗി കൂടുതൽ കുന്താള പുരത്തിനാണെന്ന് അവന് തോന്നി.

നല്ല കുളിരുള്ള തണുത്ത കാറ്റും പ്രകൃതി സൗന്ദര്യവും ആസ്വദിച്ചു കൊണ്ട് അവൻ വണ്ടിയോടിച്ചുകൊണ്ടിരുന്നു.

അല്പം ദൂരം പിന്നിട്ടതും അനന്തു തേൻ നദിക്ക് കുറുകെയുള്ള പാലത്തിലൂടെ കടന്നു പോയി.

ദേശം ഗ്രാമത്തിന്റെ അതിർത്തി പിന്നിട്ടു സ്വന്തം ഗ്രാമത്തിൽ എത്തിയതും അനന്തുവിന് വല്ലാത്തൊരു സുരക്ഷിതത്വം തോന്നി.

ദേശം ഗ്രാമ വീഥികളിലൂടെ ഒരുപാട് ദൂരം സഞ്ചരിച്ച് അവൻ ദേശം നാൽ കവലയിലേക്ക് എത്തിച്ചേർന്നു.

അവിടെത്തിയതും അവനു വല്ലാതെ ദാഹിച്ചു.

അടുത്തു കണ്ട ചായക്കടയ്ക്ക് സമീപം അനന്തു ബുള്ളറ്റ് കൊണ്ടു വന്നു നിർത്തി.

ചാവി ഊരിയെടുത്ത ശേഷം അവൻ ചായക്കടയിലേക്കുള്ള പടികൾ ഓരോന്നായി കയറി.

അവിടെ കണ്ട മരബെഞ്ചിൽ അവൻ അമർന്നിരുന്നു.

അവന് സമീപമുള്ള മറ്റു രണ്ടു ബെഞ്ചുകളിൽ മൂന്നു നാല് പേർ പത്രം വായിച്ചോണ്ടും ചായ കുടിച്ചു കൊണ്ടും ഇരിക്കുന്നുണ്ടായിരുന്നു.

അവർ അനന്തുവിനെ ശ്രദ്ധിക്കുന്നമട്ടേയില്ല.

ഗ്രാമീണത വിളിച്ചോതുന്ന ആ ചായക്കട അനന്തുവിനെ ആശ്ചര്യപ്പെടുത്തി.

"എന്താ മോനെ വേണ്ടേ?"

ചായക്കടക്കാരൻ കുമാരേട്ടൻ അപ്പുറത്തുള്ള ആൾക്ക് ചായ നൽകിക്കൊണ്ട് ചോദിച്ചു.

അവന്റെ മുഖം കണ്ടതും അയാളുടെ മുഖത്ത് അമ്പരപ്പ് വിരിഞ്ഞു.

"കഴിക്കാൻ എന്താ ഉള്ളേ ചേട്ടാ ?"

അനന്തു തിരക്കി.

"ഉള്ളിവട,നെയ്യപ്പം,പരിപ്പുവട,ബോണ്ട,സുഖിയൻ പിന്നെ നല്ല ചൂട് ഇലയടയും "

കുമാരേട്ടൻ പറഞ്ഞതുകേട്ട് അനന്തുവിന്റെ കണ്ണുകൾ സമീപത്തുള്ള പഴക്കം ചെന്ന ചില്ലരമാലയിലേക്ക് നീണ്ടു.

അതിൽ കിടക്കുന്ന നയന മനോഹരങ്ങളായ പലഹാരങ്ങൾ അവനെ മാടി വിളിച്ചു.

അത് കണ്ടതും അവന്റെ കണ്ണുകൾ തിളങ്ങി.

അതിൽ ഏതെടുക്കുമെന്നോർത്ത് ആശയകുഴപ്പത്തിലായി.

"ചേട്ടാ പരിപ്പ് വട മതി"

"ശരി മോനെ... കുമാരേട്ടൻ തിരിഞ്ഞു നിന്നുകൊണ്ട് ചില്ലരമാലയിൽ നിന്നും ഒരു പിഞ്ഞാണം എടുത്തു തോർത്തുകൊണ്ട് അമർത്തി തുടച്ചു വൃത്തിയാക്കി.

അതിനു ശേഷം അലമാരയുടെ ഡോർ തുറന്നു 2 പരിപ്പ് വട ഇട്ട പിഞ്ഞാണം അവന് നേരെ നീട്ടി.

അനന്തു അത് വാങ്ങിയ ശേഷം ഒരു പരിപ്പ് വട കയ്യിലെടുത്തു നാസികയിലേക്ക് അടുപ്പിച്ചു വച്ചു .

പരിപ്പ് വടയുടെ അഭൗമ്യമായ ഗന്ധം അവനെ വല്ലാതെ ആകർഷിച്ചു.

കൊതിയോടെ അനന്തു അത് വായിലേക്ക് അടുപ്പിച്ചപ്പോഴാണ് കുമാരേട്ടന്റെ അടുത്ത ചോദ്യം വന്നത്.

"ചായയെടുക്കട്ടെ മോനെ?"

"ആയ്ക്കോട്ടെ ചേട്ടാ "

അനന്തു സമ്മതമെന്ന മട്ടിൽ തലയാട്ടി.

കുമാരേട്ടൻ കട്ടനിലേക്ക് പാല് ചേർത്തു കൊണ്ട് ചായ അടിച്ചോണ്ടിരുന്നതും അവൻ പരിപ്പ് വട കഴിച്ചുകൊണ്ടിരുന്നു.

അസാധ്യമായ അതിന്റെ മണവും രുചിയും ആസ്വദിച്ചുകൊണ്ട് കൊണ്ടിരുന്നതും അനന്തുവിന്റെ മനസിന്റെ കടിഞ്ഞാൺ തെല്ലൊന്ന് നഷ്ട്ടപെട്ടു.

അവൻ ആർത്തിയോടെ അതിലേക്ക് മൂക്കും കുത്തി വീണു.

ഈ സമയം കുമാരേട്ടൻ നല്ല ചൂട് ചായ ആക്കിക്കൊണ്ട് അനന്തുവിനോട്
വിശേഷം തിരക്കി.

"മോൻ എവിടുത്തുകാരനാ?"

"ഞാൻ ഇവിടെ തന്നെ ഉള്ളതാ ചേട്ടാ"

"പക്ഷെ ഇതിനു മുൻപ് ഇവിടെ കണ്ടിട്ടില്ലല്ലോ?"

കുമാരേട്ടൻ സംശയം പ്രകടിപ്പിച്ചു.

"അതോ ഞാനിവിടെ വന്നിട്ട് കുറച്ചായിട്ടെ യുള്ളൂ "

"എന്താ വീട്ടുപേര്?"

"തേവക്കാട്ട്"

"തേവക്കാട്ടെ?"

കുമാരേട്ടൻ സങ്കോചത്തോടെ ചോദിച്ചു.

ബാക്കിയുള്ളവരുടെ ദൃഷ്ടി തന്നിലാണെന്ന് അവൻ അസ്വസ്ഥതയോടെ തിരിച്ചറിഞ്ഞു.

തേവക്കാട്ട് ശങ്കരന്റെ കൊച്ചു മോനാ.
മാലതിയുടെ മകൻ.

അനന്തു പറഞ്ഞത് കേട്ട് എല്ലാവരും മരബെഞ്ചിൽ നിന്നും ചാടിയെണീറ്റു.

അനന്തുവിനെ ബഹുമാനത്തോടെ നോക്കി കൈകൾ കൂപ്പി.

കുമാരേട്ടനും അതുപോലെ ചെയ്തു.

"ഹേയ് അതൊന്നും സാരുല്ല ....എല്ലാരും ഇരുന്നോ കേട്ടോ "

അനന്തു അവരെ വിലക്കി.

പക്ഷെ അവർ കൂട്ടാക്കാൻ തയാറായില്ല.

അവർ കടയുടെ മൂലയ്ക്ക് തമ്പടിച്ചു നിന്നു.

കുമാരേട്ടൻ വെപ്രാളത്തോടെ അലമാരയിൽ നിന്നും പുതിയൊരു ഗ്ലാസ് എടുത്തു കഴുകി വൃത്തിയാക്കി ചൂട് ചായ അതിലേക്ക് പകർന്നു.

ആ ഗ്ലാസ് അയാൾ അനന്തുവിന് നേരെ നീട്ടി.

അനന്തു അത് കയ്യോടെ വാങ്ങിച്ചു ഊതി കുടിച്ചോണ്ടിരുന്നു.

"ഞങ്ങളറിഞ്ഞിരുന്നു മാലതി കുഞ്ഞും മക്കളും ഇവിടെ എത്തിയിട്ടുണ്ടെന്നു ഉത്സവം കൂടാൻ"

കുമാരേട്ടന്റെ സ്വതസിദ്ധമായ പറച്ചിൽ കേട്ട് അനന്തു ചിരിച്ചു.

"അപ്പൊ കുഞ്ഞംബ്രാന്റെ അച്ഛനോ?"

"അച്ഛൻ മരിച്ചു പോയി വർഷങ്ങൾക്ക് മുൻപ്"

"അതങ്ങനാ ...നല്ലവരെയൊക്കെ ദൈവം നേരത്തെ വിളിക്കും "

രാമേട്ടൻ അനന്തുവിനെ ആശ്വസിപ്പിക്കുവാനായി പറഞ്ഞു.

അവൻ ഒന്നും മിണ്ടാതെ ചായ കുടിച്ചു കൊണ്ടിരുന്നു.

അനന്തു ചായ കുടിച്ചു കഴിഞ്ഞതും കുമാരേട്ടൻ അകത്തേക്ക് നോക്കി വിളിച്ചു.

"രാധേ എടീ രാധേ "

"എന്താ മനുഷ്യ ..."

അകത്തു നിന്നും ഒരു കിളി നാദമുയർന്നു.

"ഇങ്ങോട്ട് ഒന്നു വാടി"

കുമാരേട്ടന്റെ അലർച്ച കേട്ടതും ഉള്ളിൽ നിന്നും ഒരു കൊലുസിന്റ നേർത്ത ശബ്ദം കേട്ട് തുടങ്ങി.

പയ്യെ അത് കൂടി വന്നതും ആ ഭാഗത്തേക്ക് അനന്തുവിന്റെ കണ്ണുകൾ പാറി.

അപ്പോൾ മുപ്പത് വയസ് പ്രായം തോന്നിക്കുന്ന ഒരു സ്ത്രീ അങ്ങോട്ടേക്ക് കടന്നു വന്നു.

കൈയിൽ ഒരു തവിയും പിടിച്ചു കൊണ്ട് അവൾ കുമാരേട്ടനെ നോക്കി.

ആദ്യം തന്നെ അവളുടെ കരിമഷി ക്കണ്ണുകളിലായിരുന്നു അവന്റെ കണ്ണുകളുടക്കിയത്.

നീണ്ടു നിൽക്കുന്ന നാസികത്തുമ്പിൽ വിയർപ്പ് കണങ്ങൾ പറ്റി പിടിച്ചിരിക്കുന്നു.

വെളുത്ത കവിളിണകൾക്ക് അഴകേ കിക്കൊണ്ട് തൊണ്ടിപ്പഴങ്ങൾ പോലുള്ള അധരങ്ങൾ തിളങ്ങി നിൽക്കുന്നു.

ഇടതൂർന്ന മുടി ഉച്ചിയിൽ അമ്മൻകെട്ട് പോലെ വരിഞ്ഞുവെച്ചിട്ടുണ്ടായിരുന്നു.

ആ തടിച്ച ശരീരപ്രകൃതിയിൽ ചന്ദന നിറമുള്ള ബ്ലൗസ് ഇരുഗോളങ്ങളെയും പൊതിഞ്ഞു വച്ചിരുന്നു.

പൊക്കിളിനു മുകളിലൂടെ ഉടുത്ത ഒറ്റമുണ്ടിനും ബ്ലൗസിനുമിടയിലൂടെ നേർത്ത ചാല് പോലെ ആ അണി വയറ് കാണാം.

ഇടുപ്പിൽ പതിഞ്ഞ ചുളിവിൽ വിയർപ്പ് കണങ്ങൾ പറ്റി പിടിച്ചിരിക്കുന്നു.

മാറത്ത് സ്ഥാനം തെറ്റി കിടക്കുന്ന തോർത്ത് നേരെയിട്ടു കൊണ്ട് രാധ അവരെ നോക്കി.

അവിടെ ഉള്ളവരുടെ മുഴുവൻ കണ്ണുകളും ഒറ്റമുണ്ടിൽ എടുത്തു നിൽക്കുന്ന അവരുടെ നിതംബത്തിലാണെന്ന് ഒറ്റനോട്ടത്തിൽ അനന്തുവിന് മനസിലായി.

"എടീ രാധേ ...ഇതാരാ വന്നേന്ന് നോക്ക് നമ്മുടെ ശങ്കരൻ അങ്ങുന്നിന്റെ കൊച്ചു മോനാ ..മാലതി കുഞ്ഞിന്റെ മകൻ"

കുമാരേട്ടന്റെ പെടപ്പും സന്തോഷവും കണ്ട് രാധ അനന്തുവിനെ നോക്കി.

അവന്റെ തേജസുള്ള മുഖം ഐശ്വര്യവും വെട്ടിത്തിളങ്ങുന്ന മുഖവും നീല കണ്ണുകളും കണ്ടതും രാധ അറിയാതെ തന്നെ അവനെ നോക്കി കൈകൂപ്പി.

അനന്തു രാധയെ നോക്കി പുഞ്ചിരിച്ചു.

അവളും അറിയാതെ പുഞ്ചിരി തൂകി.

"കുഞ്ഞമ്പ്രാ ഇതെന്റെ കെട്ടിയോളാ രാധ"

കുമാരേട്ടൻ പറഞ്ഞത് കേട്ട് അനന്തു അക്ഷരാർത്ഥത്തിൽ ഞെട്ടി.

അത് കേട്ടതും രാധയുടെ മുഖം മങ്ങി.

വിശ്വാസം വരാതെ അവൻ അവർ ഇരുവരെയും മാറി മാറി നോക്കി.

രാധയെ കണ്ടാൽ അരായാലും കുമാരേട്ടന്റെ മകളാണെന്നേ പറയൂ.

കാരണം അയാൾക്ക് അത്രത്തോളം പ്രായാധിക്യം ഉണ്ടായിരുന്നു.

ഇതെന്തായാലും പുള്ളിക്ക് കിട്ടിയ ലോട്ടറിയാണെന്ന് അവന് തോന്നി.

ഇത്രേം നേരം രാധ അനന്തുവിനെ തന്നെ ഇമവെട്ടാതെ നോക്കി നിൽക്കുകയായിരുന്നു.

"ചേട്ടാ കുറച്ച് വെള്ളം കിട്ടുവോ?"

"അതിനെന്താ അങ്ങുന്നേ ..രാധേ വേഗം പോയി നല്ല വെള്ളം എടുത്തിട്ട് വാ "

കുമാരേട്ടൻ കൽപ്പിച്ചതും രാധ അകത്തേക്ക് കയറി പോയി.

പിന്നാലെ അനന്തുവും ഉള്ളിലേക്ക് കയറി.

അങ്ങോട്ട് കയറിയപ്പോഴാണ് മറ്റൊരു മുറിയുടെ തുറന്നു കിടന്ന വാതിൽ അനന്തു കാണുന്നത്.

അവൻ അങ്ങോട്ടേക്ക് പതുക്കെ കയറി ചെന്നു.

അപ്പോൾ രാധ ഗ്ലാസിൽ വെള്ളം പകർന്നുകൊണ്ടിരിക്കുകയായിരുന്നു.

അവനെ കണ്ടതും അവൾ ചിരിയോടെ തന്റെ ജോലി തുടർന്നു.

എങ്കിലും തന്റെ മുൻപിൽ നിൽക്കുന്ന ഒത്ത പുരുഷനെ അവൾക്ക് നോക്കാതിരിക്കാൻ കഴിഞ്ഞില്ല.

അനന്തുവിന്റെ ഒത്ത ശരീരവും കൈകളിൽ എടുത്തു കാണിക്കുന്ന ദൃഢമായ മസിലും പേശികളും വീർത്തുന്തിയ ഞരമ്പുകളും ഒക്കെ രാധയ്ക്ക് വല്ലാത്തൊരു അനുഭൂതി സമ്മാനിച്ചു.

അവന്റെ വിരിഞ്ഞ മാറിൽ തല ചായ്ക്കാൻ ഏതൊരു പെണ്ണിനേയും പോലെ അവളും കൊതിച്ചു.

അനന്തു രാധയുടെ അടുത്തേക്ക് വന്നു ചേർന്നു നിന്നു.

ഈ സമയം അവളുടെ ശ്വാസഗതി വേഗത്തിലായി മാറി.

അനന്തു അവളുടെ ഇടുപ്പിൽ കൈ ചേർത്തു വലിച്ചു.

രാധ ഒരിളം തെന്നൽ പോലെ അവന്റെ നെഞ്ചിലേക്ക് വന്നു പതിച്ചു.

രണ്ടു പേരുടെയും കണ്ണുകൾ തമ്മിൽ കോർത്തു.

പയ്യെ അവന്റെ ഇരു കൈകളും നാഗങ്ങൾ ഇണ ചേരുന്ന പോലെ അവളുടെ ബ്ലൗസിന് പുറത്തൂടെ കൊരുത്തു.

അവന്റെ സ്പർശനത്തിലൂടെ രാധയുടെ മനസ് കെട്ടുകൾ പൊട്ടിച്ചു പട്ടത്തെ പോലെ പാറി നടന്നുകൊണ്ടിരുന്നു.

അവന്റെ വിയർപ്പ് മണം അവളെ ഒരുന്മാദാവസ്ഥയിൽ എത്തിച്ചു.

ഇടുപ്പിലൂടെ ഇഴഞ്ഞു നടന്ന അവന്റെ കൈകൾ അവളെ കൂടുതൽ ചുറ്റി വരിഞ്ഞു.

പയ്യെ അനന്തു മിഴികൾ പൂട്ടിക്കൊണ്ട് മുഖം രാധയ്ക്ക് നേരെ അടുപ്പിച്ചു.

അത് കണ്ടതും കൂമ്പിയടഞ്ഞ മിഴികളുമായി രാധ അവനോട് സഹകരിച്ചു.

ആ തൊണ്ടിപ്പഴങ്ങൾ കൊതിയോടെ നുണഞ്ഞെടുക്കാൻ തുനിഞ്ഞതും പൊടുന്നനെ അവരുടെ പുറകിൽ ഒരു സ്ഫോടന ശബ്ദം ഉണ്ടായി.

അതു കേട്ട് അനന്തുവും രാധയും ഭയത്തോടെ പരസ്പരം വിട്ടുമാറി.

അവിടെ അടുപ്പിൽ നിന്നും തീ ആളി കത്തുന്നതാണ് അവർ കണ്ടത്.

രാധ കിതച്ചുകൊണ്ട് നെഞ്ചിൽ കൈവച്ചു.

ആ തീജ്വാലയിലേക്ക് ഒരു നിമിഷം അനന്തുവിന്റെ നോട്ടം പാറിയതും പയ്യെ അവന്റെ കണ്ണുകൾ ചുവന്നു വന്നു.

പൊടുന്നനെ ശരം പോലെ അവൻ പുറത്തേക്ക് ഓടി പോയി.

രാധ പരിഭ്രമത്തോടെ വിറകുകൾ മാറ്റി വച്ചു എരിയുന്ന തീയുടെ കാഠിന്യം കുറച്ചു.

പുറത്തേക്ക് പോയ അനന്തുവിനെ അവൾ എത്തി നോക്കി.

പെട്ടെന്ന് എന്തോ തോന്നിയതും രാധ സംശയത്തോടെ മുണ്ടിനു പുറത്തൂടെ തുടയിടുക്കിലേക്ക് കൈ നീട്ടി.

അവിടെ നനവ് തിരിച്ചറിഞ്ഞതും അവളുടെ മുഖം പ്രസന്നമായി.

കവിളുകളിൽ ചുവന്ന രക്തം തളം കെട്ടി കിടന്നു.

ലജ്ജയോടെ രാധ വേഗം തന്നെ ടോയ്‌ലറ്റിലേക്ക് പോയി.

ചായക്കടയ്ക്ക് പുറത്തേക്ക് ഇറങ്ങി വന്ന അനന്തുവിന് തലയ്ക്കുള്ളിൽ വല്ലാത്തൊരു പെരുപ്പ് തോന്നി.

അവൻ തല തടവിയും കണ്ണുകൾ ചിമ്മി തുറക്കുകയും ചെയ്തു കൊണ്ടിരുന്നു.

ചെറുതായി തല കറങ്ങുന്ന പോലെ അവന് അനുഭവപ്പെട്ടു.

ഒപ്പം ശരീരത്തിലനുഭവപ്പെടുന്ന ക്ഷീണവും തളർച്ചയും.

"അങ്ങുന്നേ വേറെന്തേലും വേണോ ?"

രാമേട്ടന്റെ ചോദ്യമാണ് അവനെ സ്വബോധത്തിലേക്ക് തിരിച്ചു കൊണ്ടുവന്നത്.

പൊടുന്നനെ അനന്തു ഞെട്ടലോടെ ചുറ്റു നോക്കി.

അവന്റെ കണ്ണുകൾ മിഴിച്ചു വന്നു.

"ങ്ഹേ..ഞാനെങ്ങനാ ഇവിടെത്തിയെ ?

ഇത്രയും നേരം അവിടെ ചായ കുടിച്ചു കൊണ്ടിരിക്കുകയായിരുന്നില്ലേ ?

പിന്നെപ്പോഴാ ഞാനിവിടെ വന്നു നിന്നത് ?"

അനന്തു ആത്മഗതം പറഞ്ഞു കൊണ്ട് തല ചൊറിഞ്ഞു.

അവന് എല്ലാം കൂടി ആലോചിച്ച് വട്ടു പിടിക്കുമെന്ന് തോന്നി.

"വെള്ളം കുടിച്ചില്ലേ അങ്ങുന്നേ ..മറ്റെന്തെലും വേണോ?"
"വെള്ളമോ ?കുടിച്ചോന്നോ ?ആര് ?"

അനന്തു ഒന്നും മനസിലാകാതെ കുമാരേട്ടനെ തുറിച്ചു നോക്കി.

"ഇപ്പൊ അങ്ങുന്ന് വെള്ളം കുടിക്കാൻ അകത്തോട്ട് പോയില്ലേ? രാധ വെള്ളം തന്നില്ലേ?"

കുമാരേട്ടൻ ചോദിച്ചു.

ആ ചോദ്യത്തിന്റെ ഉള്ളടക്കം മനസിലാകാഞ്ഞിട്ടും അനന്തു വെറുതെ തലയാട്ടി.

അത് കണ്ടതും കുമാരേട്ടന്റെ മുഖത്തു പുഞ്ചിരി വിടർന്നു.

പോകാനിറങ്ങിയപ്പോഴാണ് അനന്തു ചായയുടെ
പൈസ കൊടുത്തിട്ടില്ലെന്ന കാര്യമോർത്തത്.

അവൻ തിരിഞ്ഞു വന്ന് പോക്കറ്റിൽ നിന്നും പേഴ്സടുത്തു.

"അയ്യോ അങ്ങുന്നേ പൈസയൊന്നും വേണ്ട"

കുമാരേട്ടൻ നിഷേധാർത്ഥത്തിൽ തലയാട്ടിക്കൊണ്ട് പറഞ്ഞു.

"അത് സാരമില്ല കുമാരേട്ടാ.. ഇത് കൈയിൽ വച്ചോ "

അനന്തു പണമെടുത്ത് അയാൾക്ക് നേരെ നീട്ടി.

വേണ്ടങ്ങുന്നേ ഈ കടേം എന്റെ ജീവിതോം എല്ലാം ശങ്കരൻ അങ്ങുന്ന് തന്നതാ ..ആ അങ്ങുന്നിന്റെ കൊച്ചുമോനോട് പൈസ വാങ്ങീന്ന് അറിഞ്ഞാൽ ദൈവം പോലും പൊറുക്കൂലാ..അത്രയ്ക്ക് കടപ്പാട് അങ്ങുന്നിനോടുണ്ട് "

കുമാരേട്ടന്റെ ദയനീയമായ മുഖം കണ്ടതും പിന്നീട് നിർബന്ധിക്കാൻ അവൻ പോയില്ല.

അയാളോട് യാത്ര പറഞ്ഞു കൊണ്ട് അനന്തു ഇറങ്ങി.

ശങ്കരൻ അങ്ങുന്നിന്റെ കൊച്ചുമോനെ കാണാൻ അവിടെ വലിയൊരു ജനാവലി തടിച്ചുകൂടിയിരുന്നു.

എല്ലാവരും അനന്തുവിനെ ഒരു നോക്ക് കണ്ട ശേഷം തൃപ്തിയോടെ നിന്നു.

എല്ലാവരെയും നോക്കി പുഞ്ചിരി തൂകിയ ശേഷം അനന്തു ബുള്ളറ്റിൽ കയറി അവിടെ നിന്നും യാത്രയായി.

"നമ്മുടെ ദേവൻ അങ്ങുന്നിന്റെ അതേ മുഖം അല്ലേ?"

80 വയസോളം പ്രായമുള്ള പാളത്തൊപ്പിയണിഞ്ഞ ഒരു വൃദ്ധൻ കുമാരേട്ടനോട് ചോദിച്ചു.

"അതേ അപ്പുവേട്ടാ ..ഞാനും അതന്നെ വിചാരിച്ചേ "

കുമാരേട്ടൻ ചിരിയോടെ പറഞ്ഞു.

അനന്തു പോയ ശേഷം എല്ലാവരും അവിടെ നിന്നും പിരിഞ്ഞു പോയി.
.
.
.
.
ഈ സമയം അങ്ങ് മൈലുകൾക്കപ്പുറം വടക്കു കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന സാംഭവ വനം.

അതിന്റെ മധ്യത്തിലുള്ള ചുടലക്കാട്ടിലേക്ക് ആകാശത്തു നിന്നും ഒരു ഭീമൻ കഴുകൻ ചിറകടിച്ചു കൊണ്ട് പറന്നു വന്നു.

ചുടലക്കാടിന് സമീപമുള്ള ഉണങ്ങിക്കരിഞ്ഞ മരത്തിന്റെ ശിഖരത്തിൽ അത് പറന്നു വന്ന് ഇരുന്നു.

ആ ശോഷിച്ച ശിഖരത്തിൽ അത് അള്ളിപ്പിടിച്ചിരുന്നു.

സാംഭവമെന്ന ഘോരവനത്തിലേക്ക് മൃതദേഹങ്ങൾ ദഹിപ്പിക്കാൻ മാത്രമായിരുന്നു ആളുകൾ എത്തിയിരുന്നത്.

ആ ചുടലക്കാടിന്റെ ഒരു മൂലയ്ക്ക് ഒരു മണിക്കൂർ മുൻപ് കൊണ്ടുവന്ന മതദേഹം ദഹിപ്പിക്കുന്ന തിരക്കിൽ ആയിരുന്നു ആ അഘോരി സന്യാസി.

ആ മഞ്ചൽ പൂർണമായും കത്തിത്തീരാനായതും അഘോരി തന്റെ മടിക്കുത്തിൽ നിന്നും ഒരു പിടി ഭസ്മമെടുത്ത് നെഞ്ചോട് ചേർത്ത് കണ്ണുകൾ പൂട്ടിയ ശേഷം മന്ത്രം ജപിച്ചു.

മന്ത്രം ജപിച്ചു കഴിഞ്ഞതും കണ്ണുകൾ തുറന്ന ആ അഘോരി കത്തി തീരാനായ മഞ്ചലിലേക്ക് ദൃഷ്ടി പതിപ്പിച്ചു.

അതിനുശേഷം ഉള്ളംകൈയ്യിലെ ഭസ്മം ശക്തിയിൽ അങ്ങോട്ടെറിഞ്ഞു.

ഭസ്മം വന്നു വീണതും ആ തീ നാളങ്ങൾ സ്ഫോടന ശബ്ദത്തോടൊപ്പം ആളിക്കത്തി.

അതിന്റെ ജ്വാല അനിയന്ത്രിതമായി മുകളിലേക്കുയർന്നു.

ആളിക്കത്തുന്ന തീ നാമ്പുകൾ കണ്ട് അഘോരിയുടെ കണ്ണുകൾ രൗദ്രഭാത്തിൽ പിടഞ്ഞു കൊണ്ടിരുന്നു.

അഘോരി ആ തീ ആളിക്കത്തിച്ച  സമയത്തായിരുന്നു ആലിംഗനബദ്ധരായിരുന്ന രാധയെയും അനന്തുവിനെയും ഞെട്ടിച്ചു കൊണ്ട് അവിടെ അടുക്കളയിലെ അടുപ്പിൽ  നിന്നും തീയുയർന്നത്.

ആ തീജ്വാല യിലൂടെ കുതറി മാറുന്ന അനന്തുവിനെയും രാധയെയും കണ്ട് അഘോരിയുടെ മുഖത്ത് ക്രൂരമായ പുഞ്ചിരി വിടർന്നു.

സമീപത്ത് കമിഴ്ത്തി വച്ച തലയോട്ടിയിൽ നിറച്ചു വച്ച ചാരായം അയാൾ ഒരു കവിൾ പതിയെ മോന്തി.

വീണ്ടും എരിയുന്ന തീയിലേക്ക് കണ്ണു നട്ടിരുന്നു.

കോപം കൊണ്ട് അയാളുടെ മുഖം അപ്പോഴും  വിറയ്ക്കുകയായിരുന്നു

"നീ ഇപ്പോഴും ആ ചട്ടക്കൂടിൽ നിന്നും പുറത്തുവന്നിട്ടില്ല അഥർവ്വാ..

ഞാനൊരിക്കൽ സൂചിപ്പിച്ചിരുന്നു നീ തെറ്റായ ദിശയിലേക്ക് സഞ്ചരിക്കുമ്പോൾ നിനക്ക് വഴികാട്ടിയായി ഞാൻ വരുമെന്ന് ...

കന്യകാത്വം വെടിയാത്ത പെൺകുട്ടിയെ അല്ലാതെ മറ്റൊരുവളെയും നിനക്ക് തൊടാനാവില്ല ..

വിധി അതിനോട് അനുകൂലമല്ല..

നിന്റെ ശത്രുവിന് വേണ്ടി നീ കരുതിയിരിക്കുക..

തയാറായിരിക്കുക..

ബാഹ്യശക്തികൾക്ക് അടിമപ്പെടാതെ നീ നീയാകുക..

സ്വയം സംരക്ഷണം നൽകുക..

ഒരിക്കൽ ഞാൻ നിന്റെ മുൻപിൽ വരും..

അതു വരെ നിന്റെ ജീവൻ നിന്നെ കൈ വെടിയാതിരിക്കട്ടെ...

ഹ ഹ ഹ ഹ "

അഘോരിയുടെ അട്ടഹാസം ആ ചുടലക്കാടാകെ മുഴങ്ങി കേട്ടു.

അപ്പോഴും രൗദ്രമായ ഭാവം ആ മുഖത്തിൽ നിന്നും അകന്നു പോയിരുന്നില്ല.
.
.
.
.
ഈ സമയം അനന്തു തറവാട്ടിലേക്കുള്ള യാത്രയിലായിരുന്നു.

വെയിലിന്റ കാഠിന്യം അവനെ വല്ലാതെ തളർത്തി.

എങ്കിലും തലയിലെ പെരുപ്പ് ആക്സിലേറ്ററിൽ അവൻ തീർത്തു കൊണ്ടിരുന്നു.

അൽപസമയം കൊണ്ട് അവൻ തേവക്കാട്ട് മനയുടെ പടിപ്പുരയിലേക്കെത്തിച്ചേർന്നു.

മനയുടെ മുറ്റത്തേക്ക് ബുള്ളറ്റും കൊണ്ട് അനന്തു വന്നു.

അവിടെ കൂടി നിൽക്കുന്ന ആൾക്കാരെ കണ്ട് അനന്തു സംഭ്രമത്തോടെ അവരെ നോക്കി.

അവിടെ മനയുടെ ഔട്ട് ഹൗസിനോട് ചേർന്ന് നിലത്ത് പൂഴിമണൽ കുന്നു കൂട്ടിയിരിക്കുന്നു.

ചില പണിക്കാർ അവിടെ തൂമ്പ കൊണ്ട് കിളച്ചു കൊണ്ടിരിക്കുന്നു.

ബുള്ളറ്റ് അവിടെ വച്ച് അനന്തു അതൊക്കെ നോക്കിക്കണ്ടു.

അപ്പോഴാണ് മനയുടെ ഉള്ളിൽ നിന്നും ബലരാമനും ശിവജിത്തും അങ്ങോട്ടേക്ക് ഇറങ്ങി വന്നത്.

അനന്തുവിനെ കണ്ടതും ബലരാമൻ ചിരിയോടെ അവനു സമീപം നടന്നു വന്നു.

ബലരാമൻ ഉഷാറോടെ ആരുടെ അടുത്തേക്കാണോ പോയത് അയാൾടെ മുഖം കണ്ടതും ശിവജിത്തിന്റെ മുഖം കറുത്തു.

അവൻ പല്ലിറുമ്മിക്കൊണ്ട് അവിടെ നടക്കുന്ന പണികളിൽ മുഴുകി.

അനന്തുവിന്റെ തോളത്ത് കൈയിട്ടു കൊണ്ട് ബലരാമൻ ചോദിച്ചു.

"അനന്തൂട്ടാ എങ്ങോട്ടാ പോയേ?"

"ഞാൻ വെറുതെ പുറത്തേക്കൊക്കെ പോയതാ അമ്മാവാ.. നല്ല സ്ഥലമല്ലേ ഇവിടൊക്കെ കാണാൻ ..ഒരുപാട് കാഴ്ചകൾ ഉണ്ടല്ലോ"

"ആഹാ നമ്മുടെ നാടൊക്കെ ഇഷ്ടപ്പെട്ടല്ലേ? ഇന്ന് എങ്ങോട്ടാ പോയേ ?"

ബലരാമൻ ഉത്സാഹത്തോടെ ചോദിച്ചു.

അമ്മാവാ ഞാൻ നമ്മുടെ ഗ്രാമത്തിനോട് ചേർന്ന് മറ്റൊരു ഗ്രാമമില്ലേ ?ഒരു പുഴയ്ക്ക് കുറുകെ പാലമൊക്കെയുള്ളേ?"

"ഏത് കുന്താളപുരമോ ?"

ബലരാമൻറ മുഖം പൊടുന്നനെ കറുത്തു.

അത് അനന്തു ശ്രദ്ധിക്കുകയും ചെയ്തു.

"അതെ അമ്മാവാ നല്ല സ്ഥലമാട്ടോ അവിടം.. എന്ത് ഭംഗിയാണെന്നോ കണ്ടു കൊതി തീർന്നില്ല.

"ഹ്മ് ഇനിയങ്ങോട്ട് പോകണ്ട കേട്ടോ അനന്തൂട്ടാ "

ഗൗരവത്തോടെ ബലരാമൻ പറഞ്ഞു.

"അതെന്താ അങ്ങനെ?"

"അതൊക്കെയുണ്ട് ..എല്ലാം ഞാൻ വിശദമായി പറയാം.. പിന്നീട്"

"അയ്ക്കോട്ടെ "

അനന്തു തലയാട്ടി.

"ഹ്മ്മ്"

"ഇതെന്താ അമ്മാവാ ?"

അവിടെ പണിയെടുത്തു കൊണ്ടിരിക്കുന്ന ആളുകളെ ചൂണ്ടിക്കാണിച്ചു കൊണ്ട് അനന്തു ചോദിച്ചു.

"ഭൂമിപൂജ അടുത്തു വരുവല്ലേ അനന്തൂട്ടാ.. അപ്പൊ അതിനുള്ള ഒരുക്കങ്ങളാ ഇതൊക്കെ"

"ഇതുകൊണ്ട് എന്താ അമ്മാവാ ചെയ്യാൻ പോണേ?"

"അനന്തൂട്ടാ ഇവിടെ മൊത്തം പണിക്കാര് കിളച്ചു നിരപ്പാക്കും
. അതിനു ശേഷം അവിടെ മണൽ നിറച്ച് ഗോദ പോലെ ഒരുക്കും ..അതിൽ വെച്ചായിരിക്കും ശിവജിത്ത് പ്രാക്ടീസ് ചെയ്യാ."

"എന്ത് പ്രാക്ടീസാ അമ്മാവാ ?"

"ഹോ അത് ഞാൻ മറന്നു പോയി അനന്തൂട്ടാ..
ഭൂമി പൂജയെക്കുറിച്ച് അറിയോ നിനക്ക്?കേട്ടിട്ടുണ്ടോ?"

ബലരാമൻ കൈ കെട്ടി വച്ച് അവനെ നോക്കി.

"ഉണ്ട് അമ്മാവാ കേട്ടിട്ടുണ്ട്.. "

"മിടുക്കൻ ...അപ്പൊ ഭൂമിപൂജയുടെ അവസാനം കൊയ്ത്ത് കഴിഞ്ഞ പാടത്ത് ഒരുക്കുന്ന ഗോദയിൽ വച്ച് ഒരു ഏറ്റുമുട്ടൽ ഉണ്ട് ..നമ്മുടെ കുടുംബത്തിലെ അംഗവും മറ്റാരു കുടുംബത്തിലെ അംഗവും തമ്മിൽ അവിടെ വച്ച് ഏറ്റുമുട്ടും"

"ഞാൻ കേട്ടിട്ടുണ്ട് അമ്മാവാ"

"ഹാ അപ്പൊ ഇത്തവണ അവിടെ ഏറ്റുമുട്ടാൻ പോകുന്നത് ശിവജിത്താണ് ..നിന്റെ ചേട്ടൻ.. അതു കൊണ്ട് ഈ ഗോദ ഒരുക്കുന്നത് അവനു ള്ള പ്രാക്ടീസിന് വേണ്ടിയാ..നമ്മുടെ ശത്രുവിനെ തോൽപ്പിക്കാൻ "

ബലരാമന്റെ വാക്കുകളിലെ പകയുടെ ധ്വനി അനന്തു തിരിച്ചറിഞ്ഞു.

അവന് എന്ത് പറയന്നമെന്ന് ഒരു നിശ്ചയവുമില്ലായിരുന്നു.

ബലരാമനെ ആശ്വസിപ്പിക്കാനെന്നോണം അനന്തു പുഞ്ചിരി തൂകി.

അനന്തുവിന്റെ ചുമലിൽ ഒന്നു തട്ടിയ ശേഷം ബലരാമൻ അവിടെ പണിയെടുത്തു കൊണ്ടിരുന്നവർക്ക് നിർദേശങ്ങൾ നൽകിക്കൊണ്ടിരുന്നു.

അവിടെ മസിലുപിടിച്ചു നിൽക്കുന്ന ശിവജിത്തിനെ അനന്തു പാളി നോക്കി.

പുള്ളിക്കാരനോട് മിണ്ടണമെന്ന് അതിയായ ആഗ്രഹമുണ്ടേലും അങ്ങേരുടെ ഗൗരവം കാണുമ്പോഴെ അനന്തുവിന് ചെറിയൊരു പേടി തോന്നി.

ആൾടെ അവഗണന കാണുമ്പോൾ അനന്തുവിന് വല്ലാതെ വിഷമം തോന്നാറുണ്ട്.

സ്വന്തമായി ഒരേട്ടൻ ഇല്ലാത്തതു കൊണ്ട് ശിവജിത്തിന്റെ കൂടെ കറങ്ങാനും അടി കൂടാനും ഒക്കെ അവന് അതിയായ ആഗ്രഹമുണ്ടായിരുന്നു.

അനന്തു പതിയെ ശിവജിത്തിന് സമീപത്തേക്ക് നടന്നടുത്തു.

"ഏട്ടാ "

"ഹ്മ് "

ശിവജിത്തിന്റെ മൂളൽ അനന്തു കേട്ടു.

"ഏട്ടനാണല്ലേ ഭൂമിപൂജക്ക് പങ്കെടുക്കുന്നേ?"

"ആഹ് "

ശിവജിത്ത് താൽപര്യമില്ലാത്ത മട്ടിൽ മറുപടി പറഞ്ഞു.

അത് കേട്ടതും അനന്തുവിന് സങ്കടം തോന്നി.

അവൻ ഒന്നും മിണ്ടാതെ മനയുടെ ഉള്ളിലേക്ക് നടന്നു.

അകത്തളത്തിലേക്ക് കാലെടുത്തു വച്ചതും മുത്തശ്ശൻ വരുന്നതാണ് അവൻ കണ്ടത്.

അനന്തു അദ്ദേഹത്തിന് മങ്ങിയ പുഞ്ചിരി സമ്മാനിച്ചു.

ആ മുഖത്തെ തെളിച്ച കുറവ് ഞൊടിയിടയിൽ തന്നെ ആ വൃദ്ധ മനുഷ്യൻ കണ്ടെത്തി.

"മോനെ ദേവാ ..എന്തേ മുഖം മങ്ങിയ പോലെ?"

"ഒന്നുല്ല മുത്തശ്ശാ "

അനന്തു ചിരിയുടെ മൂടുപടം അണിഞ്ഞുകൊണ്ട് പുഞ്ചിരിക്കുവാൻ ശ്രമിച്ചു.

"പറ മോനെ.. എന്തുണ്ടായെ ?വയ്യേ നിനക്ക്? "

ശങ്കരൻ കൊച്ചു മോന്റെ നെറ്റിയിലും കവിളിലും കരതലമമർത്തിക്കൊണ്ട് ചോദിച്ചു.

മുത്തശ്ശന്റെ കെയറിങ് അനന്തുവിന് വല്ലാത്തൊരു ആശ്വാസം പകർന്നു.

"മുത്തശ്ശാ അത് ജിത്തേട്ടൻ ഇപ്പോഴും ഞങ്ങളെ അന്യരെ പോലെയാ കാണുന്നെ.. ഒന്ന് മിണ്ടുന്നു പോലുമില്ല ..അതോർക്കുമ്പോ വല്ലാതെ സങ്കടം തോന്നി."

അനന്തു മുത്തശ്ശന് മുൻപിൽ തന്റെ പരാതിയുടെ ഭാണ്ഡക്കെട്ട് ഓരോന്നായി അഴിച്ചു.

"മോനെ അവൻ അല്ലേലും അങ്ങനാ.. വല്ലാത്ത ഒരു ചൂടൻ സ്വഭാവമാ അവന് കിട്ടിയേ.. പൊതുവെ ആരോടും മിണ്ടാത്ത സ്വഭാവവും.. മോൻ അതൊന്നും കാര്യാക്കണ്ട ..ചുമ്മാ ഓരോന്ന് ഓർത്ത് പേടിക്കണ്ടട്ടോ "

ശങ്കരൻ അനന്തുവിന്റെ ചുമലിൽ തട്ടി ആശ്വസിപ്പിച്ചു.

അനന്തു ശരിയെന്ന മട്ടിൽ തലയാട്ടി.

അവനെ സമാധാനിപ്പിച്ച ശേഷം ശങ്കരൻ പുറത്തേക്കിറങ്ങി പോയി.

അനന്തു നേരെ അടുക്കളയിലേക്ക് പോയി.

അവിടെ മാലതിയും സീതയും അടുക്കളപ്പണിയിൽ മുഴുകിയിരിക്കുകയായിരുന്നു.

അനന്തു നേരെ മാലതിയുടെ അടുത്തേക്ക് ചെന്ന് അവരെ പൂണ്ടടക്കം കെട്ടിപിടിച്ചു.

അവന്റെ പ്രവൃത്തിയിൽ പെട്ടെന്ന് ഞെട്ടിയ മാലതി സ്വന്തം മകനാണെന്ന് തിരിച്ചറിഞ്ഞതും അവന്റെ കവിളിൽ പതിയെ തലോടി.

അമ്മയുടെ മുടിയിൽ നിന്നും വല്ലാത്തൊരു സുഗന്ധം വരുന്നത് അവന്റെ ശ്രദ്ധയിൽപ്പെട്ടു.

അവൻ ആ ഗന്ധം ആവോളം വലിച്ചെടുത്തു.

"അമ്മേ ഈ മുടിയ്ക്കെന്താ ഒരു മണം ..നല്ല രസമുണ്ടല്ലോ"

"ഡാ ..അത് കാച്ചെണ്ണയുടെ മണമാ.. നിന്റെ മുത്തശ്ശിയുടെ സ്പെഷ്യൽ ആന്ന് "

"അത് കൊള്ളാല്ലോ അമ്മേ.. ഇത് എപ്പോഴും തേക്കണം കേട്ടോ നല്ല മണം .."

അനന്തു വീണ്ടും അത് നാസികയിലൂടെ വലിച്ചെടുത്തു.

"അനന്തൂട്ടാ ചായ വേണോ നിനക്ക് ?"

സീത അമ്മായിടെ ചോദ്യം കേട്ടതും അനന്തു അവരെ തിരിഞ്ഞു നോക്കി.

"ഇപ്പൊ വേണ്ട അമ്മായി.. പിന്നെ മതിട്ടോ"

ശരി മോനെ സീത വീണ്ടും പണികളിൽ മുഴുകി.

രണ്ടു പേരും ബിസി ആയതിനാൽ അനന്തു അവരെ വിട്ട് നേരെ അകത്തളത്തിലേക്ക് നടന്നു വന്നു.

അവിടുന്ന് ഉള്ളിലേക്ക് വന്ന് നടു മുറ്റത്തേക്കിറങ്ങി.

ഒരു മഴ പെയ്തിരുന്നേൽ ഇവിടെ നിന്ന് മഴ നനയാമായിരുന്നു എന്ന് അവൻ വെറുതെ കനവ് കണ്ടു.

മിനുസമാർന്ന തറയിലൂടെ അവൻ നടന്നു.

ഓരോ കാലടിയിലും തണുപ്പ് അവന്റെ കാൽവെള്ളയിലൂടെ ശരീരത്തിലേക്ക് അരിച്ചു കയറിക്കൊണ്ടിരുന്നു.

വടക്കിനി ഭാഗത്ത് എത്തിയപ്പോഴാണ് അവിടെ അഞ്ജലിയുടെ മുറിയുടെ വാതിൽ മലർക്കെ തുറന്നിട്ടിരിക്കുന്നത് അവന്റെ ശ്രദ്ധയിൽപെട്ടത്.

അനന്തു ആ മുറിയിലേക്ക് പയ്യെ കടന്നു വന്നു.

ഈ സമയം അഞ്ജലി പൂർത്തിയാകാത്ത  ചിത്രത്തിന് മുൻപിൽ ഇരിക്കുകയായിരുന്നു.

അവൾ ആകെ അസ്വസ്ഥയായിരുന്നു.

അനന്തു വന്നിട്ടും അവൾ കാൻവാസിലേക്ക് തന്നെ കണ്ണും നട്ടിരുന്നു.

"എന്താണ് മാഡം കാര്യായിട്ട് ഒരു ചിത്രം വര"

അനന്തു അവളുടെ നെറുകയിൽ തലോടിക്കൊണ്ട് ചോദിച്ചു"

"നന്ദുവേട്ടാ ചിത്രം വരയിലാ ..പക്ഷെ ഒരു കൺഫ്യൂഷൻ"

"എന്ത് കൺഫ്യൂഷൻ?"

"അത് കണ്ടോ ..ഞാനൊരു ചിത്രം വരക്കുന്നത്.. ശക്തമായ തിരമാലകൾക്കൊപ്പം കുതിച്ചുയരുന്ന വഞ്ചി ..അത് തുഴയുന്ന ഒരു മനുഷ്യനും ..അപ്പൊ ബാക്ക്ഗ്രൗണ്ടിൽ എന്ത് നിറം നൽകുമെന്ന ഞാൻ ആലോചിക്കുന്നേ?"

അഞ്ജലി ചിന്തിതയായി.

"അത്രേയുള്ളൂ സിംപിൾ ..അതിനാണോ അഞ്ജലിക്കുട്ടി ഇങ്ങനെ തലപൊകയ്ക്കുന്നെ?"

അനന്തു നിസാര മട്ടിൽ പറഞ്ഞു.

"ഓഹോ എന്നാൽ നന്ദുവേട്ടൻ പറയ് ഏതൊക്കെ കളറാ അടിക്കണ്ടേ എന്നു "

അഞ്ജലി സന്തോഷത്തോടെ അവനെ നോക്കി.

"ബാക്ക്ഗ്രൗണ്ടിൽ കറുപ്പ് അടിക്ക്.. പിന്നെ മനുഷ്യന് ബ്രൗൺ കളർ അടിക്ക് ..അതുപോലെ തിരമാലയ്ക്ക് ചുവപ്പ് അടിക്ക് ..പിന്നെ വ....."

"എന്തോന്നാ എന്തോന്നാ.. തിരമാലയ്ക്ക് ചുവപ്പ് കളറോ ? "

അഞ്ജലി അന്തം വിട്ട് കുന്തം വിഴുങ്ങിയപോലെ നിന്നു.

ചിത്രകലാബോധം ഏട്ടന് ഇത്തിരി കൂടുതലാണെന്ന് അഞ്ജലി ചിരിയോടെ ഓർത്തു.

"അതിനെന്താ തിരമാലക്ക് ചുവപ്പ് കളർ അടിച്ചൂടെ ?'

അനന്തു പുരികം കൂർപ്പിച്ച് അവളെ നോക്കി.

"ഹെന്റെ നന്ദുവേട്ടാ ഇങ്ങനാണോ ഏട്ടൻ പിള്ളേരെ പഠിപ്പിക്കാൻ പോകുന്നേ?"

"അതും തിരമാലയും തമ്മിലെന്ത് ബന്ധം?"

"കുന്തം... ശോ ഈ നന്ദുവേട്ടന്റെ ഒരു കാര്യം"

അഞ്ജലി തലക്കടിച്ചു കൊണ്ട് പറഞ്ഞു.

അവൾ ഒരു നീല മിഡിയും ചാര നിറമുള്ള ടോപ്പും ആയിരുന്ന ധരിച്ചിരുന്നത്.

അത് അവൾക്ക് നന്നായി ഇണങ്ങുന്നുണ്ടായിരുന്നു.

"ആഹാ ഇന്ന് സുന്ദരിക്കുട്ടി ആയിട്ടുണ്ടല്ലോ.. എന്താ വിശേഷം ?"

അനന്തു അവളുടെ സൗന്ദര്യം ആസ്വദിച്ചു കൊണ്ട് ചോദിച്ചു.

"ഏയ് ചുമ്മാ ഒരാഗ്രഹം കൊണ്ട് ഇട്ടു നോക്കിയതാ കൊള്ളാവോ? "

അവൾ പ്രതീക്ഷയോടെ നോക്കി.

ആ നോട്ടം കണ്ടതും അനന്തു പുഞ്ചിരിയോടെ പറഞ്ഞു.

"ഹ്‌ മ്മ് നന്നായിട്ടുണ്ട് "

അവന്റെ മറുപടി കേട്ടതും അഞ്ജലിയുടെ അധരങ്ങളിൽ ഒരു പുഞ്ചിരി മൊട്ടിട്ടു.

നാണം കൊണ്ട് ചുവപ്പ് രാശി പടർന്ന കവിളിണകളിൽ നുണക്കുഴികൾ എടുത്തു നിന്നു.

അനന്തു അവളെ ഇമവെട്ടാതെ നോക്കി.

ആ നോട്ടം താങ്ങാനാവാതെ അവളുടെ മുഖം താഴ്ന്നു.

എപ്പോഴും ഈ മുഖം ഇങ്ങനെ ഉയർന്നു നിക്കണം.

ആർക്കു മുന്നിലും താഴാൻ പാടില്ല കേട്ടോ.

അഞ്ജലിയുടെ താടിയിൽ പിടിച്ചുയർത്തിക്കൊണ്ട് അനന്തു പറഞ്ഞു.

അവൾ കണ്ണുകൾ ചിമ്മിക്കൊണ്ട് അവനെ നോക്കി.

"നീ കണ്ണൊന്നും എഴുതാറില്ല പെണ്ണെ?"

"ഉണ്ടല്ലോ ചെക്കാ എന്തേയ്?"

"ഹേയ് നിന്റെ കണ്ണൊക്കെ എഴുതി കാണാൻ ഒരാഗ്രഹം ..അതാ ചോദിച്ചേ"

"ആഹാ ആഗ്രഹം കൊള്ളാല്ലോ "

അഞ്ജലി അവന്റെ മൂക്കിൻ തുമ്പിൽ പിടിച്ചുകൊണ്ട് പറഞ്ഞു.

അനന്തു പുഞ്ചിരിച്ചുകൊണ്ട് അവൾക്ക് സമീപം ഇരുന്നു.

അഞ്ജലി വീണ്ടും ക്യാൻവാസിലേക്ക് കണ്ണും നട്ടിരുന്നു.

അനന്തു അന്നേരം അരുണിമയെ കുറിച്ചുള്ള ചിന്തയിൽ ആയിരുന്നു.

ആ പൂച്ചക്കണ്ണിൽ ഇതുപോലെ കരിമഷി എഴുതിയിട്ടുണ്ടായിരുന്നേൽ കാണാൻ നല്ല ചേലായേനെ.

ഒരു നോക്ക് അങ്ങനെ കാണാൻ എപ്പോഴാണോ പറ്റുക.

അനന്തു നെടുവീർപ്പെട്ടു.

"ആരാ നന്ദുവേട്ടാ ആ പെണ്ണ്?"

"ഏത് പെണ്ണ് ?"

അവൻ ഒന്നും മനസിലാകാതെ അഞ്ജലിയെ നോക്കി.

"അല്ലാ ഇപ്പൊ നന്ദുവേട്ടന്റെ മനസിൽ വന്ന പെണ്ണില്ലേ ?അതാരാന്നാ ചോദിച്ചേ'

"അ...അത്..പ്..പിന്നെ അഞ്ജലിക്ക് എങ്ങനെ അറിയാം"

"എന്റെ നന്ദുവേട്ടാ ആ മനസിൽ എന്തൊക്കെ തോന്നിയാലും ഈ നീലക്കണ്ണുകളിലൂടെ എനിക്ക് അത് തെളിഞ്ഞു കാണും ..ഇപ്പൊ മനസ്സിലായോ?"

"ഹോ ഭയങ്കരം തന്നെ"

അനന്തു അത്ഭുതത്തോടെ അവളെ നോക്കി.

"അപ്പൊ പറ മോനെ.. ഏതാ ആ പെണ്ണ്?"

"അതോ ...അതൊക്കെയുണ്ട്"

"ആരാ ?മീനാക്ഷി ചേച്ചി ആണോ?"

'ദേ എന്നെക്കൊണ്ട് പറയിപ്പിക്കല്ലേ?"

"ശോ അപ്പൊ എന്റെ ഗസ്സിങ് തെറ്റിയോ?"

"ആഹ് തെറ്റി "

അനന്തു ഗൗരവത്തോടെ പറഞ്ഞു.

"ആഹാ നന്ദുവേട്ടനും കലിപ്പോ ..ഞാൻ ചുമ്മാ പറഞ്ഞതല്ലേ ..ആരാ കക്ഷി?"

അഞ്ജലിയുടെ ചോദ്യം കേട്ടിട്ടും കേൾക്കാത്ത മട്ടിൽ അവൻ മുഖം വീർപ്പിച്ചിരുന്നു.

"ഓഹ് ഇങ്ങനൊരു കലിപ്പൻ ..ഞാൻ ചുമ്മാ പറഞ്ഞതാ നന്ദുവേട്ടാ"

അഞ്ജലി ചിണുങ്ങിക്കൊണ്ട് അവന്റെ കവിളുകൾ പിച്ചി.

"ആാഹ് '₹

അനന്തു വേദനയോടെ അവളെ തുറിച്ചു നോക്കി.

അത് കണ്ടതും അഞ്ജലി പൊട്ടിച്ചിരിച്ചു.

ആ ചിരിയുടെ അഴകിൽ അനന്തുവും അലിഞ്ഞില്ലാണ്ടായി.

അവനും പുഞ്ചിരിയോടെ അവളെ നോക്കി.

രണ്ടു പേരും കണ്ണുകളിൽ നോക്കിക്കൊണ്ട് ചിരിച്ചുകൊണ്ടിരുന്നു.

"അപ്പൊ പറ ആരാ ആ ഭാഗ്യവതി? "

അഞ്ജലി തന്റെ കാതുകളിൽ കൂർപ്പിച്ചു

'അരുണിമ എന്നാ പേര് ..നല്ല കുട്ടിയാ .. പൂച്ചക്കണ്ണൊക്കെ ഉണ്ട് അവൾക്ക് ..ഈ നാട്ടിലുള്ളതാ "

"ഈശ്വരാ നന്ദുവേട്ടനും ലബ്ബോ എനിക്ക് വയ്യ"

"പിന്നല്ലാന്ന്"

"ഉം എന്നിട്ട് നന്ദുവേട്ടനെ അവൾക്കും ഇഷ്ട്ടായോ?"

"എവിടുന്ന് ..അതൊരു കാട്ടുപോത്തല്ലേ എന്നെ അടുപ്പിക്കുന്നതു പോലുമില്ല "

അനന്തു സങ്കടത്തോടെ പറഞ്ഞു.

അവന്റെ മുഖം മങ്ങിയതും അഞ്ജലിയുടെ മനസ് നീറി.

"എങ്ങനാ ഏട്ടാ അവളെ കണ്ടേ ..ഫുൾ സ്റ്റോറി പറയ് "

അഞ്ജലി പറഞ്ഞത് കേട്ട് അനന്തു ഒന്നു ശ്വാസം വലിച്ചു വിട്ടു.

അതിനു ശേഷം അവൻ പതിയെ തന്റെ ഓർമകളിലേക്ക് ഊളിയിട്ടു.

അതിലൂടെ ഒരു പരൽ മീനിനെ പോലെ അവൻ സഞ്ചരിച്ചു.

അരുണിമയെ കണ്ടു മുട്ടിയപ്പോൾ തൊട്ട് ഇന്ന് രാവിലെ വരെ സംഭവിച്ച കാര്യങ്ങൾ ഒന്നിട വിടാതെ അനന്തു പറഞ്ഞു തീർത്തു.

ഇതൊക്കെ കേട്ട് അഞ്ജലിയുടെ കണ്ണ് മിഴിച്ചു വന്നു.

അവൾ താടിക്ക് കൈ കൊടുത്തിരുന്നു.

"എടാ കള്ളാ ഇത്രയൊക്കെ ഒപ്പിച്ചു വച്ചിട്ട് ഒരു വാക്ക് പോലും എന്നോട് പറയാതെ പൂച്ചയെ പോലെ പതുങ്ങി നടന്നല്ലേ ...ഞാൻ കണ്ടു പിടിക്കില്ലെന്ന് വിചാരിച്ചല്ലേ "

അഞ്ജലി അനന്തുവിന്റെ ചെവിയിൽ പിടുത്തമിട്ടു.

"ഹോ എന്റെ അഞ്ജലിക്കുട്ടി സോറി സോറി എന്റെ ചെവി വേദനിക്കുന്നു പിടി വിട് പിടി വിട് "

"ഹ്മ്മ് ഞാൻ സോറി വരവ് വച്ചിരിക്കുന്നു

അതും പറഞ്ഞുകൊണ്ട് ചെവിയിലെ പിടുത്തം അവൾ വിട്ടു.

അനന്തു ചെവി തിരുമ്മിക്കൊണ്ട് അവളെ നോക്കി.

"കുറുമ്പ് ഇച്ചിരി കൂടുന്നുണ്ടേ ..മനുഷ്യന്റെ ചെവി പോയി."

അനന്തു ചെവിയിലെ തടവൽ തുടർന്നു.

"വേദനിച്ചോ നന്ദുവേട്ടാ ?"

ദയനീയമായ മുഖ ഭാവത്തോടെ അവൾ ചോദിച്ചു.

അത് കണ്ടതും അനന്തുവിന് പാവം തോന്നി.

"ഏയ് അത് വിട്ടുകളാ ..എനിക്ക് വേദനയൊന്നുമില്ല."

അത് കേട്ടതും അഞ്ജലിയുടെ മുഖം വിടർന്നു.

"എന്നാലും നല്ല കാമുകൻ തന്നെ അവളുടെ മുൻപിൽ ചെല്ലുമ്പോ മുട്ടിടിക്കും അല്ലേ ?'

വായ് പൊത്തി പിടിച്ചുള്ള അഞ്ജലിയുടെ ചിരി കണ്ട് അനന്തുവിന് ചൊറിഞ്ഞു കയറി.

"ഓഹ് നീ ഇവിടിരുന്നോ ഞാൻ പോകുവാ"

അനന്തു പോകാൻ എണീറ്റതും അഞ്ജ്ജലി അവനെ പിടിച്ചു ബലമായി അവിടെ ഇരുത്തി.

"ശോ അങ്ങനെ പോകാതെ ...എനിക്കും അരുണിമയെ എപ്പോഴാ കാണാൻ പറ്റുക?"

അത് കേട്ടതും അനന്തു തല പുകഞ്ഞു ആലോചിച്ചു.

പക്ഷെ നല്ലൊരു ബുദ്ധി അവനും തോന്നിയില്ല.

"അറിഞ്ഞൂടാ അഞ്ജലികുട്ടി നല്ല ഐഡിയ ഒന്നും കിട്ടുന്നില്ല."

"അതിന് വഴിയുണ്ട് നന്ദുവേട്ടാ "

"എന്ത് വഴി ?'

അനന്തു പ്രതീക്ഷയോടെ അവളെ നോക്കി.

നന്ദുവേട്ടൻ അവളെ കുറിച്ച് പറയ് ഞാൻ വരയ്ക്കാം ....എപ്പടി"

"സെമ്മയാര്ക്ക് "

അനന്തു പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഒരു മിനിറ്റേ "

അഞ്ജലി അവിടെ കിടന്നിരുന്ന ഡ്രോയിങ് ബുക്ക് കയ്യിലെടുത്തു.

കൂട്ടത്തിൽ ഒരു പെൻസിലും എടുത്തു കയ്യിൽ പിടിച്ച ശേഷം അവൾ അനന്തുവിനെ നോക്കി.

അത് കണ്ട അനന്തുവിന്റെ കണ്ണുകൾ തിളങ്ങി.

അവന്റെ കണ്ണുകളിലൂടെ ആ തിളക്കം അഞ്ജലി തിരിച്ചറിഞ്ഞു.

ഡ്രോയിങ് ബുക്കിലെ ഒരു പേജ് എടുത്തു വച്ച ശേഷം അഞ്ജലി പറഞ്ഞു.

"നന്ദുവേട്ടാ... പറ അരുണിമയെ കുറിച്ച് ..എല്ലാം പറ"

അഞ്ജലി പ്രോത്സാഹിപ്പിച്ചതും അനന്തു ഒരു നിമിഷം കണ്ണുകൾ അടച്ചു പിടിച്ചു.

അരുണിമയുടെ ചിരിയ്ക്കുന്ന മുഖം മനസിലേക്ക് കൊണ്ടു വന്നതും അവൻ കണ്ണുകൾ തുറന്നു.

"ഷ്മ്മ് റെഡി"

അനന്തു പറഞ്ഞതും അഞ്ജലിയും തയാറായി.

അനന്തു പറഞ്ഞു കൊടുത്തപോലെ അരുണിമയെ മനസിൽ കണ്ട് അഞ്ജലി വരച്ചുകൊണ്ടിരുന്നു.

ഏകദേശം അര മണിക്കൂർ കൊണ്ട് അവരുടെ ചിത്ര രചന തയാറായി.

അനന്തു അത്ഭുതത്തോടെ ആ സൃഷ്ടി കയ്യിലെടുത്തു നോക്കി.

അവന്റെ മിഴികൾ ആ ചിത്രത്തിൽ തന്നെ ദൃഷ്ടി പതിപ്പിച്ചു.

അഞ്ജലി അനന്തുവിന്റെ മനസിലുള്ള അരുണിമയെ അസാധ്യമായി വരച്ചിരുന്നു.

അനന്തു ആഹ്ലാദത്തോടെ അഞ്ജലിയെ ചേർത്തു പിടിച്ചു.

"എന്റെ മോളെ ഇതെങ്ങനെ..? വിശ്വസിക്കാൻ പറ്റുന്നില്ല ..അടിപൊളി ആയിട്ടുണ്ട് ..ഇതു തന്നാ എന്റെ അരുണിമ ..എന്റെ മാത്രം അരുണിമ"

അനന്തു പുലമ്പിക്കൊണ്ടിരുന്നു.

അത് കേട്ടതും അഞ്ജലിയുടെ ഉള്ളം നിറഞ്ഞു.

"എന്നാലും നന്ദുവേട്ടാ ആകെ 2 തവണയേ നിങ്ങൾ തമ്മിൽ കണ്ടിട്ടുള്ളു പക്ഷെ എങ്ങനെ ഇത്ര കൃത്യമായിട്ട് ആളെ കുറിച്ചുള്ള മൈന്യൂട്ട് ആയിട്ടുള്ള കാര്യങ്ങൾ വരെ പറഞ്ഞു തന്നു'

അഞ്ജലി സംശയത്തോടെ അവനെ നോക്കി.

"അതോ... അരുണിമയെ ആദ്യമായി കണ്ടപ്പോ എന്തോ മുജ്ജന്മ ബന്ധം ഉള്ളത് പോലെയാ എനിക്ക് തോന്നിയെ..

പണ്ടെപ്പോഴോ കണ്ടു മറന്ന ഒരു മുഖം പോലെ..

അവളുടെ വിയർപ്പിന്റെ ഗന്ധം വരെ എനിക്ക് അറിയാം..

പക്ഷെ കോമഡി എന്താന്ന് വച്ചാൽ അവളുടെ വിയർപ്പിന്റെ മണം ഇതുവരെ നേരിട്ട് എനിക്ക് കിട്ടിയിട്ടില്ല"

"ഛെ വൃത്തികെട്ടവൻ "

അഞ്ജലി ലജ്ജയോടെ അവന്റെ കൈകളിൽ തട്ടി.

അനന്തു നാക്ക് വെളിയിലിട്ട് അവളെ നോക്കി ഗോഷ്ടി കാണിച്ചു

"ആഹാ എന്തൊക്കെയാണോ ആവോ.. എനിക്കൊന്നും മനസിലാകുന്നില്ല."

"അതിനു കുട്ടിക്ക് സെൻസ് വേണം.. സെൻസിബിലിറ്റി വേണം "

മമ്മൂട്ടി സ്റ്റൈലിൽ അനന്തു പറഞ്ഞു.

"ആണോ ..ഞാനേ മോഹൻലാലിൻറെ ആളാ.. നീ പോ മോനെ ദിനേശാ '

അഞ്ജലി അവനെ നോക്കി ഒരു ലോഡ് പുച്ഛം വിതറി.

"ശരി മാഡം അപ്പോഴേ ഞാൻ ഈ വരച്ചത് എടുക്കുവാട്ടോ"

"എന്തിനാ റൂമിൽ ചെന്നിട്ട് വെള്ളമിറക്കാനോ'

"അങ്ങനൊന്നുമില്ലാന്നേ ..ചുമ്മാ ഒരു രസം"

"ശരി ശരി സാറ് സ്ഥലം വിട് എനിക്കിവിടെ പണിയുണ്ട്"

"ആയ്ക്കോട്ടെ മാഡം '

അഞ്ജലിയുടെ കവിളിൽ തട്ടിക്കൊണ്ടു അനന്തു എണീറ്റു പോയി.

അനന്തു പോയി കഴിഞ്ഞതും അഞ്ജലിയുടെ മുഖം പൊടുന്നനെ മ്ലാനമായി.

അവൾ നിറഞ്ഞ ദുഖത്തോടെ അവിടെ ഒളിപ്പിച്ചു വച്ചിരുന്ന ചുവന്ന പനിനീർ പുഷ്പം കയ്യിലെക്കെടുത്തു.

അത് കണ്ടതും അവളുടെ മിഴികൾ നിയന്ത്രണം വെട്ടിച്ചു നിറഞ്ഞൊഴുകി.

പിടയുന്ന മനസോടെ അവൾ ഉള്ളം കയ്യിൽ വച്ചു ആ പുഷ്പത്തിനെ ഞെരിച്ചു കൊന്നു.

അവളുടെ ഉള്ളം കയ്യിൽ കിടന്ന്  പിടഞ്ഞുകൊണ്ടാണ് ആ പൂവ് ശ്വാസം മുട്ടി മരിച്ചത്.

തോരാത്ത കണ്ണുകളുമായി അവൾ വീൽ ചെയറിലേക്ക് ചാരിയിരുന്നു.

അവളുടെ ഉയർന്ന മിടിപ്പ് ആരും ശ്രദ്ധിച്ചിരുന്നില്ല.

മുറിയിൽ എത്തിയതും അനന്തു കുളിക്കാനായി ബാത്റൂമിൽ കയറി.

നല്ല ക്ഷീണം അവന്റെ ശരീരത്തെയും മനസിനെയും ബാധിച്ചിരുന്നു.

ഷവറിനിടയിൽ അവൻ സംയമനത്തോടെ നിന്നു.

തലയിലെ പെരുപ്പും മനസിലെ വേദനകളും ആ ജലധാരയോടൊപ്പം അവനെ വിട്ട് ഒഴുകിപോയി.

ഈ സമയം ലക്ഷ്മി പതുക്കെ ദേവന്റെ മുറിയിലേക്ക് കടന്നു വന്നു.

ദേവൻ ഉപയോഗിച്ചിരുന്ന ഓരോ വസ്തുക്കളെ തൊട്ടും തലോടിയും അവൾ നടന്നു.

അവനുമായുള്ള ഓർമ്മകൾ അവൾ അയവിറക്കികൊണ്ടിരുന്നു.

ഇപ്പോഴും ആ മുറിയിലേക്ക് വരുമ്പോൾ പോലും ദേവന്റെ മണം അനുഭവിച്ചറിയാൻ പറ്റുന്നുണ്ടെന്ന് അത്ഭുതത്തോടെ അവൾ ഓർത്തു.

അങ്ങനെ ആ റൂമിൽ ഭ്രമണം ചെയ്തു നാടക്കുമ്പോഴാണ് മേശപ്പുറത്തു വച്ചിട്ടുള്ള പേപ്പർ അവളുടെ ശ്രദ്ധയിൽപെട്ടത്.

ലക്ഷ്മി അതെടുത്തു കയ്യിൽ പിടിച്ചു.

ഒരു പേപ്പർ ചുരുട്ടി വച്ചിട്ടുള്ളതാണെന്ന് അവൾക്ക് മനസിലായി.

അവൾ പയ്യെ ആ ചുരുൾ നിവർത്തിയെടുത്തു.

അത് കണ്ടതും ലക്ഷ്മിക്ക് തലയിൽ കൊള്ളിയാൻ മിന്നുന്ന പോലെ തോന്നി.

ഒപ്പം കാതടപ്പിക്കുന്ന ശബ്ദങ്ങളും അവൾക്ക് കേൾക്കുന്ന പോലെ അനുഭവപ്പെട്ടു.

തന്റെ കണ്ണുകളെ വിശ്വസിക്കാൻ അവൾക്ക് സാധിച്ചില്ല.

അതിലുള്ള പെൺകുട്ടിയുടെ ചിത്രം കണ്ട് ലക്ഷ്മിയുടെ മനസ് പിടഞ്ഞു.

അവളുടെ കൈകൾ വിറ കൊണ്ടു.

നിറഞ്ഞു വന്ന കണ്ണുകൾ  അവളുടെ കാഴ്ച്ചയിൽ നിന്ന ആ ചിത്രത്തെ പതിയെ മായിച്ചു തുടങ്ങി.

തൊണ്ടയിൽ കരച്ചിൽ കുടുങ്ങിയ പോലെ.

ലക്ഷ്മി ശ്വാസമെടുക്കാൻ വല്ലാതെ പാടുപെട്ടു.

അപ്പോഴാണ് അനന്തു കുളി കഴിഞ്ഞു അരയിൽ ടവൽ ചുറ്റിക്കൊണ്ട് പുറത്തേക്ക് വന്നത്.

അത് കണ്ടതും ലക്ഷ്മിയുടെ നിയന്ത്രണം വിട്ടുപോയി.

അവളുടെ വായ് പൊത്തിയുള്ള കരച്ചിൽ കേട്ട് അന്ധാളിപ്പോടെ അവൻ ചുറ്റും നോക്കി.

അപ്പോഴാണ് ലക്ഷ്മി ആന്റി തന്റെ മുറിയിൽ നിന്ന് വിതുമ്പുന്നത് അനന്തു കാണുന്നത്.

ആളുടെ കയ്യിലുള്ള പേപ്പറിലേക്ക് ഒരു നിമിഷം ശ്രദ്ധ പാളിയതും അനന്തു ഞെട്ടി.

അവൻ ഭയത്തോടെ അവളെ നോക്കി.

അനന്തു എന്തെങ്കിലും പറയും മുൻപേ ലക്ഷ്മി കരഞ്ഞുകൊണ്ട് മുറി വിട്ടിറങ്ങിപോയിരുന്നു.

"ശോ ഏത് നേരത്താണോ അരുണിമയുടെ ചിത്രം അവിടെ വയ്ക്കാൻ തോന്നിയെ? അഞ്ജലിയോട് ഇനി എന്ത് സമാധാനം പറയും?"

അനന്തു ആകെ ചിന്തിതനായി.

എന്നാലും അരുണിമയുടെ ചിത്രം കണ്ടിട്ട് എന്തിനാ ലക്ഷ്മി ആൻറി കരഞ്ഞേ ?

ഇനി ദേവൻ അമ്മാവന്റെ കാമുകിയെ കുറിച്ച് ലക്ഷ്മി ആന്റിക്ക് അറിയുമോ?

അരുണിമയും കല്യാണിയും കാണാൻ ഒരു പോലല്ലേ ഇനി അത് കല്യാണിയാണെന്ന് തെറ്റിദ്ധരിച്ചോ ആവോ ?

അനന്തു തല പുകഞ്ഞ് ആലോചിച്ചുകൊണ്ടിരുന്നു.

പക്ഷെ ഒരുത്തരവും അവന് ലഭിച്ചില്ല.

തൽക്കാലം ബെഡിലേക്ക് മലർന്ന് കിടന്ന് മയക്കത്തെ വരവേറ്റു

ഈ സമയം മുറിയിലെ കട്ടിലിൽ കമിഴ്ന്നു കിടന്ന് പൊട്ടിക്കരയുകയായിരുന്നു ലക്ഷ്മി.

കരഞ്ഞ് കലങ്ങിയ കണ്ണുകളുമായി അവൾ തലയിണയെ കെട്ടിപ്പിടിച്ചു കിടന്നു.

കല്യാണിയുടെ മുഖം അവളുടെ മനസ്സിനെ വേട്ടയാടിക്കൊണ്ടിരുന്നു.

വീണ്ടും ആ മുഖം കണ്ടതിന്റെ നീറ്റലിൽ ആയിരുന്നു അവൾ.

പിടയുന്ന മനസുമായി അവൾ കടിച്ചു പിടിച്ചു തേങ്ങി.

ആകെ ഒറ്റയ്ക്കായ പോല അവൾക്ക് തോന്നി.

ഇപ്പൊ തനിക്ക് ആരുമില്ല.

എല്ലാവരും ആ വലിഞ്ഞു കേറി വന്നവന്റെ പുറകെയാണ്.

മനസിലെ നൊമ്പരം കുറഞ്ഞതും അവൾ തലയിണയിൽ മുഖം പൂഴ്ത്തി കിടന്നു.

ഒരു ആശ്വാസത്തിനായി.
.
.
.
.
തിരുവമ്പാടി മനയുടെ മുറ്റത്ത് നിന്ന് നാട്ടുകാരുടെ പരാതി കേൾക്കുകയായിരുന്നു രുദ്രൻ തിരുമേനി.

തൊട്ടടുത്ത് തന്നെ ജയശങ്കർ കയ്യും കെട്ടി നിൽപ്പുണ്ടായിരുന്നു.

അവരെ വീക്ഷിച്ചു കൊണ്ട് രുദ്രൻ തിരുമേനിയുടെ സഹോദരി ലീല അന്തർജ്ജനം കാലിന്മേൽ കാലും കയറ്റി വച്ചു തിളങ്ങുന്ന പട്ടു സാരിയും അണിഞ്ഞുകൊണ്ട് ഇരിപ്പുണ്ടായിരുന്നു.

അവരുടെ സമീപത്തായി മനയിലെ മറ്റ് അന്തർജനങ്ങളും നിൽപ്പുണ്ടായിരുന്നു.

അവിടെ സന്നിഹിതരായിരുന്ന പരാതിക്കാരായ ജനങ്ങൾ ഉന്നയിച്ച ആവശ്യം ഇതായിരുന്നു.

തേവക്കാട്ട് കുടുംബം ഭൂമി പൂജയ്ക്ക് വേണ്ടുന്ന ഒരുക്കങ്ങളൊക്കെ നേരത്തെ തുടങ്ങി.

പക്ഷെ തിരുവമ്പാടിക്കാർ അതിനുള്ള യാതൊരു ഒരുക്കങ്ങളും ഇതുവരെ തുടങ്ങിയിട്ടില്ലായിരുന്നു.

അതുകൊണ്ട് തന്നെ ജനങ്ങൾ ആകെ അക്ഷമരായിരുന്നു.

"നിങ്ങൾ ആരും ഒന്നുംകൊണ്ട് പരിഭ്രാന്തരാകണ്ട..

എല്ലാം അതിന്റെ വഴിയേ നടക്കും..

ഇപ്പൊ കൊയ്ത്തൊക്കെ നല്ല രീതിയിൽ തുടരട്ടെ..

സംക്രമത്തിനു നടക്കുന്ന ഭൂമി പൂജയിൽ നമ്മുടെ ജയശങ്കർ വിജയിക്കും..

ഈ കുടുംബത്തിന്റെ അഭിമാനം കാക്കും..

ആ ദിവസത്തിന് വേണ്ടി എല്ലാവരും ക്ഷമയോടെ കാത്തിരിക്കുക"

രുദ്രൻ തിരുമേനിയുടെ കണ്ണുകളിലെരിഞ്ഞ പകയുടെ കനൽ അവിടെ കൂട്ടം കൂടി നിന്നവരിലേക്കും പടർന്നു പിടിച്ചു.

എല്ലാവരും പകയോടെ ആ ദിവസത്തിന് വേണ്ടിയുള്ള കാത്തിരിപ്പിൽ ആയിരുന്നു.

"ആ ബലരാമന്റെ സന്തതിയെ ജയൻ ഗോദയിൽ വച്ചു ഇല്ലാതാക്കും..അതോടെ ആ കുടുംബം വെണ്ണീറാകുന്നത് എനിക്ക് കാണണം ഈ കണ്ണുകൾ കൊണ്ട് "

ലീലയുടെ വാക്കുകൾ അവിടുള്ളവരുടെ പകയെ ആളി കത്തിച്ചു.

ജനക്കൂട്ടം പിന്തിരിഞ്ഞു പോയതും അവർക്കിടയിലൂടെ ഓടി ചാടി വരുന്ന ദക്ഷിണയെ അപ്പോഴാണ് രുദ്രൻ തിരുമേനി ശ്രദ്ധിച്ചത്.

"വല്യച്ഛ "

ദക്ഷിണ ചിരിയോടെ രുദ്രൻ തിരുമേനിയെ ഓടി വന്നു പുണർന്നു.

"ആഹാ വല്യച്ഛന്റെ സുന്ദരിക്കുട്ടി എങ്ങോട്ടാ പോയേ?"

അവളുടെ മുഖത്തേക്ക് പാറി വീണ മുടിയിഴകൾ ഒതുക്കി വച്ചു കൊണ്ട് രുദ്രൻ തിരുമേനി ആരാഞ്ഞു.

"ഞാൻ നമ്മുടെ ഗ്രാമമൊക്കെ ചുറ്റി കാണാൻ പോയതല്ലേ"

"എന്നിട്ടോ ഇഷ്ടപ്പെട്ടോ?"

"പിന്നില്ലേ ഇറ്റ് വാസ് എ വണ്ടർഫുൾ എക്സ്പീരിയൻസ് ..എന്ത് രസാ ഇവിടൊക്കെ കാണാൻ ഒരുപാട് ഇഷ്ട്ടായി"

പെട്ടെന്ന് ഫോൺ കാൾ വന്നതും ജയശങ്കർ അവിടുന്ന് മാറിപ്പോയി.

"ശേ എന്താ കുട്ടീ ഇത് ..ഇമ്മാതിരി കളസോം ഇട്ടൊണ്ടാണോ ഈ ഗ്രാമത്തിലൂടെ നടക്കുന്നേ.. നമ്മുടെ കുടുംബത്തിന് ചില ആചാരങ്ങളും മര്യാദകളും ഒക്കെ ഇണ്ട്"

ലീല അന്തർജ്ജനം അവിടിരുന്നു പിറുപിറുത്തു.

അപ്പോഴാണ് അവിടുള്ള അച്ഛന്റെ സഹോദരിയെ ദക്ഷിണ ശ്രദ്ധിക്കുന്നത്.

അവൾ അല്പം ഭയത്തോടെ രുദ്രൻ തിരുമേനിയുടെ കൈകളിൽ മുറുകെ പിടിച്ചു.

"എന്താ ചേച്ചിയിത് ..അവള് പട്ടണത്തില് വളർന്ന കുട്ടിയല്ലേ..അപ്പൊ ആ ഒരു രീതിയിലല്ലേ അവള് ജീവിക്കൂ..ഇത് പഴയ കാലമൊന്നുമല്ലല്ലോ "

രുദ്രൻ തിരുമേനി അവളുടെ രക്ഷയ്ക്കെത്തി.

"ആവോ ഞാനൊക്കെ പഴഞ്ചനല്ലേ എനിക്ക് ഇതൊന്നും പിടിക്കില്ല ശിവ ശിവ..കാലത്തിന്റെ ഒരു പോക്കേ "

ലീല നാമം ജപിച്ചുകൊണ്ട് പയ്യെ എണീറ്റു പോയി.

അവർ അകത്തേക്ക് പോയതും ദക്ഷിണയ്ക്ക് അല്പം സമാധാനം തോന്നി.

"മോള് അതൊന്നും കേട്ട് പേടിക്കണ്ട ..പഴയ തലമുറയിൽ ഉള്ളവരല്ലേ.. അവര്ക് ഈ പരിഷ്കാരം ഒന്നും പിടിക്കില്ല ..മോള് ചെന്നോ അച്ഛൻ ഉള്ളിലുണ്ട്"

"ശരി വല്യച്ഛാ "

ദക്ഷിണ ചിരിച്ചുകൊണ്ട് ഉള്ളിലേക്ക് പോയി.

അവൾ പോയതും രുദ്രൻ തിരുമേനി തന്റെ ഉള്ളം കയ്യിലെ ഊന്നു വടിയിൽ ഒന്നുകൂടി മുറുകെ പിടിച്ചു.

എന്നിട്ട് അപ്പുറത്ത് നിൽക്കുകയായിരുന്ന ജയനെ കൈകാട്ടി വിളിച്ചു.

അയാൾ ഓടി വന്നതും രുദ്രൻ തിരുമേനി നേരെ പൂജാമുറിയിലേക്ക് ചെന്നു.

ജയനും അദ്ദേഹത്തെ അനുഗമിച്ചു.

പൂജാമുറിയിൽ കവടി നിരത്തുന്ന പാലകയ്ക്ക് സമീപം അദ്ദേഹം വന്നിരുന്നു.

ജയശങ്കർ വന്നു നോക്കിയതും എന്തോ ആലോചനയിൽ മുഴുകിയിരിക്കുന്ന അമ്മാവനെയാണ് അയാൾ കണ്ടത്.

"എന്താ അമ്മാവാ മുഖത്തൊരു വൈക്ലബ്യം പോലെ "

ജയശങ്കറുടെ ചോദ്യമാണ് രുദ്രൻ തിരുമേനിയെ ചിന്തകളിൽ നിന്നും ഉണർത്തിയത്.

അദ്ദേഹം തന്റെ മരുമകനെ ഇമ വെട്ടാതെ ഉറ്റു നോക്കി.

"പറ അമ്മാവാ എന്താ ഉണ്ടായേ?"

"ജയാ എന്റെ മനസാകെ അസ്വസ്ഥമായിരിക്കുണൂ "

"എന്തുപറ്റി അമ്മാവാ എന്തേലും വയ്യായ്ക"

ജയശങ്കർ സങ്കോചത്തോടെ ചോദിച്ചു.

ഏയ്യ് അതല്ല ജയാ..ദക്ഷിണ മോള് അവൾ നമുക്ക് ഒരു പ്രഹേളികയായി മാറിയിരിക്കുന്നല്ലോ "

"മോൾക്ക് എന്താ പറ്റിയേ അമ്മാവാ.. എനിക്കൊന്നും മനസിലാകുന്നില്ല "

ജയശങ്കർ ദയനീയമായ മുഖ ഭാവത്തോടെ അദ്ദേഹത്തെ നോക്കി.

"കുറച്ചു മുൻപ് അവളെ നമ്മള് കണ്ടില്ലേ.. വീണ്ടും ആ പുഷ്പത്തിന്റെ സുഗന്ധം വന്നിരിക്കുന്നു"

"ഏത് പുഷ്പത്തിന്റെ ?"

ജയൻ ഒന്നും മനസിലാകാതെ അദ്ദേഹത്തെ നോക്കി.

"കാമപൂവിന്റെ ഗന്ധം ജയാ.. ഞാൻ പറഞ്ഞിരുന്നില്ലേ നിന്നോട് ..ഇത്ര പെട്ടെന്ന് മറന്നോ നീയ് "

രുദ്രൻ തിരുമേനിയുടെ നെറ്റി ചുളിഞ്ഞു.

"ഇപ്പൊ ഓർമ വന്നു അമ്മാവാ"

"�he്മ്മ് ..വീണ്ടും ആ പുഷ്പത്തിന്റെ സുഗന്ധം ദക്ഷ മോളിൽ നിന്നും എനിക്ക് കിട്ടി."

പരവേശത്തോടെയാണ് രുദ്രൻ തിരുമേനി അത് പറഞ്ഞത്.

അദ്ദേഹം അനുഭവിക്കുന്ന മാനസിക സമ്മർദ്ദം ആ വാക്കുകളിലൂടെ ജയശങ്കർ തിരിച്ചറിഞ്ഞു.

"പക്ഷെ അമ്മാവാ എനിക്ക് അങ്ങനെ ഒരു മണവും വന്നില്ലല്ലോ?"

"ജയാ ഞാനൊരു ദുർമന്ത്രവാദിയാണ്..

അതുകൊണ്ടാണ് എനിക്ക് ആ സുഗന്ധം തിരിച്ചറിയാൻ സാധിച്ചത് ..

നിന്നെ പോലുള്ള സാധാരണക്കാർക്ക് അത് തിരിച്ചറിയാൻ പറ്റില്ല..

അതിന് പരിമിതികളുണ്ട് ..

കാരണം കാമ പൂവ് അത്രത്തോളം പ്രത്യേകത നിറഞ്ഞതാണ്.."

"അപ്പൊ അമ്മാവനെ അലട്ടുന്നതെന്താ?"

"എന്റെ ബലമായ സംശയം ദക്ഷ മോൾക്ക് യോദ്ധാവായിരുന്ന അഥർവ്വനുമായി എന്തോ ബന്ധമുണ്ടെന്നാ "

രുദ്രൻ തിരുമേനിയുടെ ചിലമ്പിച്ച വാക്കുകൾ പുറത്തേക്ക് വന്നു.

അയാൾ ഒന്ന് നെടുവീർപ്പെട്ടു.

രുദ്രൻ തിരുമേനിക്ക് വന്ന മാറ്റങ്ങളെ നോക്കി കാണുകയായിരുന്നു ജയശങ്കർ.

"അമ്മാവന് ഇത്രയ്ക്കും ഭയമോ എനിക്ക് വിശ്വസിക്കാനേ പറ്റുന്നില്ല ഇനി ആ ഭൂമി പൂജയ്ക്ക് സാക്ഷാൽ അഥർവ്വൻ തന്നെ ഇറങ്ങി വന്നാലും ഞാനേ ജയിക്കൂ "

ജയശങ്കന്റെ അമിതമായ ആത്മവിശ്വാസം കണ്ടതും രുദ്രൻ തിരുമേനി ഒന്ന് പതറി.

എങ്കിലും സംയമനം വീണ്ടെടുത്ത് അദ്ദേഹം പൊട്ടിച്ചിരിച്ചു.

ആ ചിരിയ്ക്ക് മറ്റെന്തൊക്കെയോ അർത്ഥ തലങ്ങൾ ഉണ്ടെന്ന് ജയന് തോന്നി.

"എന്താ അമ്മാവാ ഇങ്ങനെ ചിരിക്കൂന്നേ അതിലെന്തോ ഒരു പന്തികേട് പോലെ"

"ഹ ഹ ഹ  നീയിപ്പൊ ആരെയാണ് വെല്ലു വിളിച്ചതെന്ന് അറിയുമോ?"

"അഥർവ്വനെയല്ലേ ?"

ജയശങ്കർ പുച്ഛത്തോടെ പറഞ്ഞു.

"അല്ല വീര യോദ്ധാവായ അഥർവ്വനെ..

നാഗ കന്യകയുടെയും ഗന്ധർവ്വ കുമാരന്റെയും പുത്രനായ അഥർവ്വൻ...

പാതി ഗന്ധർവ്വൻ മറുപാതി നാഗം..

അവന്റെ ചെറു വിരലിനുള്ള ശക്തി പോലും നിനക്ക് ഉണ്ടാവില്ല..

കാരണം അവന്റെ കഥ ആ ഇതിഹാസ കഥ അത്രയ്ക്കും മൂല്യമേറിയതാണ്.

നൂറ്റാണ്ടുകൾക്ക് മുൻപ് സംഭവിച്ച പ്രതിഭാസം.

അവനോളം വീര യോദ്ധാവായ മറ്റൊരാൾ ഈ ലോകത്തുണ്ടോ എന്ന് തന്നെ സംശയമാണ് "

രുദ്രൻ തിരുമേനി വാചാലനായി.

അഥർവ്വനെ കുറിച്ച് അദ്ദേഹം പുകഴ്ത്തി പറഞ്ഞത് ജയശങ്കർക്ക് അത്രത്തോളം പിടിച്ചില്ല.

അയാൾ മുഖവും വീർപ്പിച്ചു കയ്യും കെട്ടി നിന്നു.

"നീ പിണങ്ങാൻ വേണ്ടി പറഞ്ഞതല്ല ജയാ..ഒരു സത്യം പറഞ്ഞു എന്ന് മാത്രം ..കാമ പൂവുമായി ദക്ഷ മോൾക്ക് എന്താണ് ബന്ധം എന്നറിയണം.. അതുപോലെ അഥർവ്വന്റെ പുനർജ്ജന്മം സംഭവിച്ചിട്ടുണ്ടെങ്കിൽ അയാളുമായി മോൾക്ക് ഏതുവിധേനയുള്ള ബന്ധമാണുള്ളതെന്ന് കണ്ടെത്തണം അതു പോ....."

"എന്റെ അമ്മാവാ ആരോ പറഞ്ഞു തന്ന നാടോടി കഥയും വിശ്വസിച്ചോണ്ടിരിക്കുവാണോ ഇപ്പോഴും കഷ്ട്ടം തന്നെ ഇത് ഇരുപതാം നൂറ്റാണ്ട് അല്ലേ പുനർജന്മവും കാമപൂവും കേട്ടിട്ട് കലി വരുന്നു "

ജയശങ്കർ മുഷ്ടി ചുരുട്ടി പിടിച്ചു ക്രോധിതനായി.

"എന്റെ കണക്ക് കൂട്ടലുകൾ ഒന്നും തെറ്റാറില്ല ജയാ.. ഈശ്വരൻ എന്നെക്കൊണ്ട് ഓരോന്ന് തോന്നിപ്പിക്കണതാ "

രുദ്രൻ തിരുമേനി മിഴികൾ പൂട്ടി നെഞ്ചിൽ കൈ വച്ചുകൊണ്ട് പറഞ്ഞു.

ജയശങ്കറിന്റെ അമിതമായ ആത്മവിശ്വാസം അദ്ദേഹത്തെ തെല്ലൊന്ന് ആശങ്കയിലാഴ്ത്തി.

കേട്ട് പഠിച്ചില്ലേൽ അവസാനം അവൻ കൊണ്ടു പഠിക്കേണ്ടി വരും.

അതിനു മുൻപ് ഭൂമി പൂജയ്ക്ക് അവന്റെ വിജയത്തിന് വേണ്ടുന്ന എല്ലാ കാര്യങ്ങളും ചെയ്യണം.

"എന്താ അമ്മാവാ ആലോചിക്കുന്നേ?"

"ഒന്നുമില്ല ജയാ"

"ആഹ് പിന്നെ അമ്മാവാ നമ്മൾ അയച്ച ആളുകൾ വിളിച്ചിരുന്നു..മാലിനിയുടെ ചെക്കനെ അങ്ങ് പൊക്കാൻ നോക്കി അവർ"

"ഏത് ശങ്കരന്റെ മോളോ?"

"അത് തന്നെ "

"എന്നിട്ട്"

"എന്നിട്ട് അവന്മാർ പൊക്കാൻ ചെന്നതും ആ ചെക്കൻ അവരെ അടിച്ചോടിച്ചെന്നു..എല്ലാം പരിക്ക് പറ്റി നമ്മുടെ ആശുപത്രിയിൽ തന്നെ കിടപ്പുണ്ട്"

ജയശങ്കർ പല്ലിറുമ്മിക്കൊണ്ട് പറഞ്ഞു.

"അത്രയും പേരെ അവൻ ഒറ്റക്ക് നേരിട്ടെന്നോ?"

"ഹ്മ്മ് അതേ "

"വിശ്വസിക്കാനാവുന്നില്ല..പുതിയതായിട്ട് ആരേലും ഇരു ഗ്രാമങ്ങളിലും വന്നോ?"

"ആകെ വന്നത് മാലതിയും അതിന്റെ സന്തതികളുമാ"

"ഓഹോ ആ സന്തതിയെ അവര് കണ്ടോ?"

"കണ്ടു അമ്മാവാ "

"എന്നിട്ട് അവര് ഒന്നും ചെയ്തില്ലേ.. മഠയന്മാർ"

"അവിടെയാണ് കുഴപ്പം അമ്മാവാ "

"എന്ത് കുഴപ്പം?"

രുദ്രൻ തിരുമേനി ദേഷ്യത്തോടെ അവനെ തുറിച്ചു നോക്കി.

"കേട്ടപ്പോൾ എനിക്കും എന്തോ വിശ്വസിക്കാൻ തോന്നിയില്ല പക്ഷെ കുറേ പേര് ഇപ്പൊ അതേക്കുറിച്ചു എന്നോട് സൂചിപ്പിച്ചു."

"നിന്ന് പരുങ്ങാതെ കാര്യം പറാ ജയാ "

രുദ്രൻ തിരുമേനിയുടെ ശബ്ദം ഉയർന്നതും ജയശങ്കറിന് വേറെ വഴിയില്ലാണ്ടായി.

"അത് പിന്നെ ആ മാലതിയുടെ ചെക്കന് തേവക്കാട്ടെ ദേവന്റെ മുഖഛായ ഉണ്ടെന്നൊക്കെ"

അത് കേട്ടതും രുദ്രൻ തിരുമേനി ആകെ വിളറി വെളുത്തു.

അദ്ദേഹത്തിന്റെ മുന്നിൽ എരിഞ്ഞു കൊണ്ടിരുന്ന വിളക്കിലെ തിരി പൊടുന്നനെ കെട്ടു.

അതോടൊപ്പം അദ്ദേഹത്തിന്റെ കൺപീലികൾ മൂന്ന് തവണ തുടിച്ചു.

അതോടൊപ്പം ഇടതു കൈത്തണ്ടയിലെ ഞരമ്പും മൂന്ന് തവണ തുടിച്ചു.

അതോടെ രുദ്രൻ തിരുമേനിക്ക് ശരീരമാകെ ആവി കേറുന്ന പോലെ തോന്നി.

ഇരുന്നയിരുപ്പിൽ അദ്ദേഹം വിയർത്തു കുളിച്ചു.

അദ്ദേഹത്തിന്റെ ശ്വാസഗതി ഉയർന്നു നെഞ്ചിടിപ്പ് ക്രമാതീതമായി വർധിച്ചു.

അമ്മാവനുണ്ടായ മാറ്റങ്ങൾ കണ്ട് ജയശങ്കർ പൊടുന്നനെ ശങ്കയിലായി.

അവൻ അദ്ദേഹത്തിന് സമീപം വരാൻ തുനിഞ്ഞു.

'അരുത് ജയാ..ആ പൂജാമുറിയുടെ വാതിൽ
അടച്ചു വേഗം പുറത്തിറങ്ങൂ"

"അമ്മാവാ അത് '

"പുറത്തിറങ്ങാൻ "

ഘോരമായ ശബ്ദത്തിൽ രുദ്രൻ തിരുമേനി ഗർജ്ജിച്ചു.

ആ ശബ്ദം കേട്ട് ജയശങ്കർ ഞെട്ടി.

അയാൾ വേഗം തന്നെ പുറത്തേക്കിറങ്ങി പൂജാമുറിയുടെ വാതിൽ കൊട്ടിയടച്ചു.

രുദ്രൻ തിരുമേനി ആ പൂജാമുറിയിലിരുന്ന് ഉരുകുകയായിരുന്നു.

ജയശങ്കർ പറഞ്ഞ കാര്യങ്ങൾ അദ്ധേഹത്തെ തളർത്തി.

ദേവന്റെ മുഖഛായയുള്ള ആൾ ഉണ്ടെങ്കിൽ അതൊരിക്കലും നല്ലതിനാകില്ല.

അത് കേട്ടതും മനസിലേക്ക് അരിച്ചെത്തിയത് ഭയമായിരുന്നു.

ഒന്നിനെ പോലും ഭയക്കാത്ത ഞാൻ കൺമുന്നിൽ നടക്കുന്ന മായക്കാഴ്ചകൾ കണ്ട് അസ്വസ്ഥനാണ്.

ഓരോന്നും മനസിനെ തളർത്തിക്കളയുന്നു.

ഭൂമിപൂജ കഴിയുന്നവരെ എങ്ങനെങ്കിലും പിടിച്ചു നിക്കണം ജയശങ്കറിന്റെ വിജയത്തിന് വേണ്ടി.

ശ്വാസം ഒന്നു വലിച്ചു വിട്ട ശേഷം രുദ്രൻ തിരുമേനി രാശി പലക എടുത്തു മാറ്റിവച്ചു.

അതിനു ശേഷം സമീപത്തുള്ള ഭാണ്ഡത്തിൽ നിന്നും കളിമണ്ണിൽ തീർത്ത ഒരു കുട്ടിച്ചാത്തന്റെ രൂപം കൈയിലെടുത്തു.

അത് കൈയിൽ പിടിച്ചുകൊണ്ട് പൂജാമുറിയോട് ചേർന്നുള്ള മറ്റൊരു മുറിയിലേക്ക് രുദ്രൻ തിരുമേനി കടന്ന് ചെന്നു.

അവിടെ മുറിയുടെ മധ്യത്തിലായി എരിഞ്ഞു കൊണ്ടിരിക്കുന്ന ഹോമകുണ്ഡം കാണാം.

അതിനു തൊട്ടു മുകളിലായി കുട്ടിച്ചാത്തന്റെ കോലം വരച്ചു വച്ചിട്ടുണ്ടായിരുന്നു.

മുറിയിൽ നിറയെ കെടാവിളക്കുകളും തെളിയിച്ചു വച്ചിട്ടുണ്ടായിരുന്നു.

അതിന്റെ ദീപശോഭ അവിടുത്തെ ഇരുട്ടിനെ പോലും വകഞ്ഞു മാറ്റി.

മുറി നിറയെ ചുവന്ന പട്ടിനാലും തുണികളാലും പൂരിതമായിരുന്നു.

ആ ഹോമകുണ്ഡത്തിന് സമീപം അദ്ദേഹം നിലത്ത് ചമ്രം പടിഞ്ഞു ഇരുന്നു.

രുദ്രൻ തിരുമേനി കുട്ടിച്ചാത്തന്റെ കളി രൂപത്തെ ഉള്ളംകൈയിൽ മുറുക്കി പിടിച്ചു.

"എന്ത് കണ്ടിട്ടായാലും ഈ സമസ്യയക്ക് ഒരുത്തരം കണ്ടെത്തുക തന്നെ..അതിനുള്ള ശക്തി ചാത്തന്മാർ എനിക്ക് തരട്ടെ "

രുദ്രൻ തിരുമേനി കൈകൾ കൂപ്പി തൊഴുതു.

മനസിനെ ദൃഢപ്പെടുത്തിയതും അദ്ധേഹം ഉള്ളം കൈയിലെ ആ രൂപം ഹോമകുണ്ഡത്തിലെ അഗ്നിയിലേക്ക് നിക്ഷേപിച്ചു.

പതിയെ അത് തീജ്വാലയ്ക്കിടയിൽപ്പെട്ട് കത്തി തുടങ്ങി.

അതേ സമയം അവിടെ ഒരു തരം ദുർഗന്ധവും വമിക്കുവാൻ തുടങ്ങി.

ആ ഗന്ധം നാസികയിലെത്തിയതും രുദ്രൻ തിരുമേനി തന്നെ സേവിക്കുന്ന ചാത്തന്റ ആഗമനത്തിനായി മിഴികൾ പൂട്ടി വച്ച് ക്ഷമ യോടെ മന്ത്രം ജപിച്ചു തുടങ്ങി.

"ഗോ മദ്ധ്യം ബാലഭൂതം

ശഷ്ടം കോവം ഭദ്രം വിലാസം

മായാരൂപമ രൂപം ഭുവ

ഭൂത ധൂർത്ത മൂർത്ത നാനാ

രോഗ വർദ്ധഞ്ചിഷ്ട്ര ശിഷ്ട്ര

ചണ്ഡാളി ബഹ്മൻ വിഷ്ണു

മഹേശ്വരൻ കുഷ്ണി ഗോ രൂപ

ത്സാ ബാലം ശ്വാൻ"

ആഗമന മന്ത്രം അദ്ധേഹം 101 തവണ ഉരുവിട്ടുകൊണ്ടിരുന്നു.

അതു കഴിഞ്ഞതും രുദ്രൻ തിരുമേനി പയ്യെ കണ്ണു തുറന്നി.

പെട്ടെന്ന് ആ കണ്ണുകൾ വിടർന്നു.

എന്തോ കണ്ടതും ആ കണ്ണുകളിലെ തിളക്കം കൂടി വന്നു.

ആ കളിമൺ രൂപം എരിഞ്ഞടങ്ങിയതും ഹോമകുണ്ഡത്തിൽ നിന്നും ഒരു പുക ചുരുൾ പ്രത്യക്ഷപ്പെട്ടു.

പയ്യെ അത് വികസിച്ചു വന്നു.

ആ പുകച്ചുരുളിൽ നേരിയ തോതിൽ ചാത്തന്റെ കണ്ണുകൾ രുദ്രൻ തിരുമേനിക്ക് കാണാൻ സാധിച്ചു.

അത്യധികം സന്തോഷത്തോടെ അദ്ദേഹം അതിനെ വരവേറ്റു.

അതിഭീകരമായ മുരൾച്ച അതിൽ നിന്നും പുറത്തു വന്നു.

"ഹ്രാഹ്......"

കുട്ടിചാത്തൻ മുൻപിൽ നിൽക്കുന്നത് കണ്ട് രുദ്രൻ തിരുമേനി അട്ടഹസിച്ചു.

"ഹ ഹ ഹ ഹ എനിക്ക് മുൻപിലുള്ള ഓരോ പ്രഹേളികയും ഇതാ അഴിഞ്ഞു തുടങ്ങുന്നു"

ഉള്ളിൽ നുരയുന്ന കോപത്തോടെ രുദ്രൻ തിരുമേനി അലറി.

തനിക്ക് മുൻപിൽ നിൽക്കുന്ന കുട്ടിച്ചാത്തനെ അദ്ദേഹം ഉറ്റു നോക്കി.

അടുത്തതായി കർണ സേവ മന്ത്രം കുട്ടിച്ചാത്തനിൽ പ്രയോഗിക്കാനായിരുന്നു രുദ്രൻ തിരുമേനിയുടെ മനസിലിരുപ്പ്.

അതായത് ഉപാസകൻ ഉദ്ദേശിക്കുന്ന വ്യക്തിയുടെ ഭൂതം, ഭാവി, വർത്തമാന കാല വിവരങ്ങൾ കർണ സേവ മന്ത്രത്തിലൂടെ കുട്ടി ചാത്തൻ ഉപാസകന്റെ ചെവിയിൽ പറഞ്ഞു കൊടുക്കുമായിരുന്നു.

കുട്ടിച്ചാത്തൻ മുൻപിൽ നിന്നതും രുദ്രൻ തിരുമേനി ആ കണ്ണുകളിൽ ഉറ്റു നോക്കിക്കൊണ്ട് കർണ സേവ മന്ത്രം ജപിച്ചു തുടങ്ങി.

"യൂം കുറും കുട്ടി കുട്ടി

ച്ചാത്താ ശ്രൊത്രെ

വച്ചനം ചൊല്ല ബാല ഭൂതാ "

കർണ സേവ മന്ത്രം അവിടെ മുഴങ്ങിയതും കുട്ടിച്ചാത്തൻ നിന്ന നിൽപിൽ രണ്ടു വട്ടം ആടി.

അത് കണ്ടതും രുദ്രൻ തിരുമേനിയുടെ മനസിലേക്ക് ഒരു വ്യക്തി ഓടിയെത്തി.

അത് അദ്ദേഹത്തിന്റെ കൃഷ്ണമണികളിലൂടെ പ്രതിഫലിച്ചതും കുട്ടിച്ചാത്തൻ ഒറ്റയടിക്ക് അപ്രത്യക്ഷനായി.

അതു കണ്ട രുദ്രൻ തിരുമേനിയുടെ മനം ആഹ്ളാദത്താൽ മതി മറന്നു.

താൻ ഉദ്ധേശച്ച കാര്യങ്ങൾ 90 ശതമാനം പരിപൂർണതയിൽ എത്തിയതിന്റെ സന്തോഷത്തിലായിരുന്നു അയാൾ.

ആശ്വാസത്തോടെ ഒന്നു നെടുവീർപ്പെട്ടതും പൊടുന്നനെ ആ കുട്ടിച്ചാത്തൻ അവിടെ വീണ്ടും പ്രത്യക്ഷനായി.

അത് രുദ്രൻ തിരുമേനിയുടെ കാതിന് അരികിലേക്ക് വളഞ്ഞു വന്നു.

അദ്ധേഹം കണ്ണുകൾ കൊണ്ട് ആംഗ്യം കാണിച്ചതും രുദ്രൻ തിരുമേനി മനസിൽ കണ്ട ആളുടെ ഭൂതം ഭാവി വർത്തമാനം എന്നിവ കുട്ടിച്ചാത്തൻ അഞ്ച് നിമിഷം കൊണ്ട് ചൊല്ലിക്കൊടുത്തു.

എല്ലാം കഴിഞ്ഞ് ചാത്തൻ പിന്മാറിയതും അദ്ധേഹം നടുങ്ങി.

കേട്ടതൊന്നും വിശ്വസിക്കാനാവാതെ തരിച്ചിരിക്കുകയായിരുന്നു രുദ്രൻ തിരുമേനി.

അയാൾക്ക് തല കറങ്ങുന്ന പോലെ തോന്നി.

അതോടൊപ്പം ഭയം നെഞ്ചിനുള്ളിൽ ഉരുണ്ടു പിരണ്ട് കൂടുന്നത് അയാൾ തിരിച്ചറിഞ്ഞു.

ശരീരം വിറക്കാൻ തുടങ്ങിയതും മറു മന്ത്രം ജപിച്ച് കുട്ടിച്ചാത്തനെ അദ്ദേഹം മായ്ച്ചു കളഞ്ഞു.

അപ്പോഴും കേട്ട കാര്യങ്ങൾ ഒരു ഇടിമുഴക്കം പോലെ ആ കാതുകളിൽ പ്രകമ്പനം കൊള്ളു ന്നുണ്ടായിരുന്നു.

മന്ത്രം ചൊല്ലി ഹോമകുണ്ഡത്തിലെ അഗ്നി കെടുത്തിയതും രുദ്രൻ തിരുമേനി ചാടിയെണീറ്റു.

ഊന്നുവടിയിൽ ബലമായി പിടിച്ചു കൊണ്ട് അദ്ധേഹം മുന്നോട്ട് നടന്നു.

നടക്കുമ്പോഴും കൈയിലെ വിറയൽ ഊന്നുവടിയിലേക്ക് പടർന്നിരുന്നു.

അതിനാൽ ഇടക്കിടക്ക് ഉള്ളംകൈയിൽ നിന്നും അത് വഴുതി പോയികൊണ്ടിരുന്നു.

എങ്കിലും വീണു പോകാതെ പൂജാമുറിയുടെ വാതിൽ അദ്ധേഹം പരവേശത്തോടെ വലിച്ചു തുറന്നു.

പുറത്ത് നിൽക്കുന്ന ജയശങ്കറിനെ ഗൗനിക്കാതെ അദ്ധേഹം ധൃതിയിൽ മുന്നോട്ട് നടന്നു.

രണ്ടാംനിലയിൽ കയറിയ അദ്ധേഹം തെക്കിനി ഭാഗത്തേക്ക് നടന്നു.

തെക്കിനിയിലെ വലിയ അറയുടെ മുൻപിലെത്തിയ രുദ്രൻ തിരുമേനി ആ വലിയ വാതിലുകൾ തള്ളിത്തുറന്നു.

വലിയൊരു മുറുമുറുപ്പോടെ കൊട്ടിയടച്ച വാതിലുകൾ അദ്ധേഹത്തിനു മുന്നിൽ വഴി മാറി.

അതിലൂടെ മുന്നോട്ട് നീങ്ങിയ രുദ്രൻ തിരുമേനി ഉള്ളിലുള്ള മറ്റൊരു മുറിയുടെ മുൻപിലെത്തിച്ചേർന്നു.

അതിന്റെ ഇരുവാതിലുകളും തള്ളിത്തുറന്നു കൊണ്ട് അദ്ധേഹം ഉള്ളിലേക്ക് കടന്നു.

ഉള്ളിലെ പരിതാപകരമായ അവസ്ഥ കണ്ട് രുദ്രൻ തിരുമേനിക്ക് വീർപ്പുമുട്ടി.

റൂമിന്റെ മുക്കിനും മൂലയ്ക്കും ചെമ്പും പാത്രങ്ങളും വിളക്കുകളും മറ്റു സാധന സാമഗ്രികളും കൂടിക്കിടക്കുന്നു

അതിലാകെ പൊടിയും മാറാലയും പിടിച്ച് നാശ കോശമായി കിടക്കുകയാണ്.

അതിനിടയിലൂടെ നടന്ന തിരുമേനി നേരെ ചെന്ന് മച്ചിലേക്കുള്ള ഗോവണി പിടിച്ചു താഴ്ത്തി.

ദ്രവിച്ച കാലപ്പഴക്കം ചെന്ന ഗോവണിയിലൂടെ അദ്ധേഹം മുകളിലേക്ക് കയറുവാൻ ആരംഭിച്ചു.

രുദ്രൻ തിരുമേനിയുടെ ഓരോ കാലടിയിലും ഞെരിഞ്ഞമർന്ന ഗോവണിയുടെ നേർത്ത നിലവിളി അവിടെ മുഴങ്ങി.

അത് കാര്യമാക്കാതെ സൂക്ഷിച്ചു നടന്ന അദ്ധേഹം മച്ചിന് മുകളിൽ എത്തിച്ചേർന്നു.

അവിടെ നാലുപാടും അദ്ധേഹത്തിന്റെ കണ്ണുകൾ പരതി നടന്നു.

അപ്പോഴാണ് ഒരു മൂലയ്ക്ക് ആമാട പെട്ടിയോട് സാദൃശ്യമുള്ളതും എന്നാൽ നല്ല വലിപ്പമുള്ളതുമായ ഒരു പെട്ടി അവിടെ നിലത്ത് വെച്ചിരിക്കുന്നത് അദ്ധേഹത്തിന്റെ ശ്രദ്ധയിൽ പെട്ടത്.

രുദ്രൻ തിരുമേനി പയ്യെ അങ്ങോട്ട് നടന്നു വന്നു.

അതിന്റെ താക്കോൽ കുറച്ചു നേരത്തെ തിരച്ചിലിന് ശേഷം കണ്ടെത്തി.

അത് കയ്യിൽ ഇറുക്കി പിടിച്ച് അദ്ധേഹം പൂട്ടിനുള്ളിലേക്ക് കടത്തി.

പൊടുന്നനെ അതിന്റെ മുകൾഭാഗം ബന്ധനം കൈവിട്ട് ഉയർന്നു താണു.

ആ ഭാഗം തിരുമേനി പതിയെ പൊന്തിച്ചു നോക്കി.

അതിൽ വിവിധ ങ്ങളായ താളിയോലകളുടെ കമനീയ ശേഖരമാണ് ഉണ്ടായിരുന്നത്.

രുദ്രൻ തിരുമേനി ശങ്കയോടെ ആ താളിയോല ഗ്രന്ഥങ്ങൾ ഓരോന്നായി പരിശോധിക്കാൻ തുടങ്ങി.

താൻ ആഗ്രഹിക്കുന്നത് കണ്ടെത്താനള്ള വാഞ്ഛയിൽ ആയിരുന്നു അദ്ദേഹം.

തിരച്ചിൽ പുരോഗമിച്ചുകൊണ്ടിരുന്നു.

കുറേയധികം താളിയോലക്കെട്ടുകളുടെ ശേഖരം തിരുമേനിയെ തെല്ലൊന്ന് അലോസരപ്പെടുത്തി.

എങ്കിലും അദ്ധേഹം പ്രതീക്ഷ കൈവിടാതെ പരതിക്കൊണ്ടിരുന്നു.

ചില മുഷിഞ്ഞതും ദ്രവിച്ചതുമായ തളിയോലക്കെട്ടുകൾ സൂക്ഷ്മതയോടെ
കൈകാര്യം ചെയ്തു.

അവസാനം തേടിയ വള്ളി കാലിൽ ചുറ്റി എന്ന് പറയും പോലെ ഇത്രയും നേരം എന്താണോ അന്വേഷിച്ചു കൊണ്ടിരുന്നത് അത് രുദ്രൻ തിരുമേനി കണ്ടത്തി.

വിടർന്ന കണ്ണുകളോടെ ഒരു കുഞ്ഞിനെയെടുക്കുന്ന പോലെ അദ്ധേഹം ഉള്ളംകൈയിൽ ആ താളിയോല ഗ്രന്ഥം കോരിയെടുത്തു.

ആ വിരലുകൾ പയ്യെ അതിലൂടെ ഓടി നടന്നു.

അല്പം മങ്ങിയ പ്രാകൃതമായ മലയാള അക്ഷരങ്ങൾ അതിൽ കുറിക്കപ്പെട്ടത് അദ്ധേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു.

നാരായം കൊണ്ട് എഴുതിയവ ആയതിനാലും നൂറ്റാണ്ടുകളുടെ പഴക്കമുള്ളതുകൊണ്ടും അതിലെ മിക്ക അക്ഷരങ്ങളും ദ്രവിക്കുകയോ മാഞ്ഞു പോകുകയോ ചെയ്തിട്ടുണ്ടായിരുന്നു.

രുദ്രൻ തിരുമേനി ആ കെട്ടഴിച്ച് താളിയോലകൾ ഓരോന്നായി വിടർത്തി.

അതിലൂടെ അദ്ധേഹത്തിന്റെ കണ്ണുകൾ പാഞ്ഞു.

പുറംചട്ടയിൽ എന്തോ രേഖപ്പെടുത്തിയത് അദ്ധേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടതും അതു ഉറക്കെ വായിച്ചു.
.
.
"വൈരജാതൻ"
.
.
അത് വായിച്ചതും തിരുമേനിയിൽ വല്ലാത്ത ആകംക്ഷ നിറഞ്ഞു വന്നു.

അതിന്റെ സംഗ്രഹം കൂടുതലായി അറിയാൻ അതിലേക്ക് മുഖം പൂഴ്ത്തി.

വൈരജാത വംശജരുടെ കഥയായിരുന്നു അത്.

വൈരജാതനായ വില്ലാളി വീരൻ അഥർവ്വന്റെ കഥ.

നൂറ്റാണ്ടുകളുടെ ചരിത്രമുള്ള കഥ.

എന്തിന് വേണ്ടിയാണോ തിരഞ്ഞത് അത് കൈവശം കിട്ടിയതിന്റെ ചാരിതാർത്ഥ്യത്തിൽ ആ താളിയോലയുടെ സാരാംശത്തിലേക്ക് അദ്ധേഹം കടന്നു.

.

.
.
.
ഈ സമയം തേവക്കാട്ട് തറവാട്ടിൽ എല്ലാവരും കൂടി വിശേഷം പറഞ്ഞിരിക്കുകയായിരുന്നു.

മുത്തശ്ശിയുടെ മടിയിൽ തല ചായ്ച്ചു വച്ച് അനന്തു കിടപ്പുണ്ട്.

കാർത്യായനി അവന്റെ മുടിയിഴകളിലൂടെ വിരലുകൾ ഓടിച്ചു കൊണ്ടിരുന്നു.

അവർക്ക് സമീപം ബലരാമനും വിജയനും ഷൈലയും ഇരിപ്പുണ്ട്.

സീതയുടെ മടിയിൽ തല ചായ്ച്ചു കൊണ്ട് ശിവപ്രിയയും അവർക്ക് സമീപത്തായി മാലതിയുമുണ്ട്.

ശങ്കരൻ പഴയ കാര്യങ്ങളൊക്കെ പറഞ്ഞു കൊണ്ട് മാലതിയെ കളിയാക്കികൊണ്ടിരുന്നു.

അവളുടെ ചെറുപ്പത്തിലെ കുസൃതിയും കൊഞ്ചലുകളുമൊക്കെ അവർ പങ്കുവച്ചു.

മാലതിയ്ക്ക് ചമ്മൽ കാരണം മുഖം ചുവന്നു തുടുത്തു.

അമ്മയുടെ കുട്ടിക്കാല കൃസൃതികൾ അനന്തു നന്നായി ആസ്വദിച്ചു കൊണ്ടിരുന്നു.

ഇതൊക്കെ അവൻ ആദ്യമായി കേൾക്കുന്നതായിരുന്നു.

അന്നേരം തന്റെ അച്ഛനെ അവൻ വല്ലാതെ മിസ് ചെയ്തു.

ഇപ്പൊ അച്ഛനും കൂടി ഉണ്ടായിരുന്നെങ്കിൽ എന്ത് രസമായിരുന്നേനെ.

എല്ലാവരുടെയും സ്നേഹം അച്ഛനും കിട്ടുമായിരുന്നു.

അതൊക്കെ ഓർത്തപ്പോൾ ഒരു കുഞ്ഞുനോവ് അവന്റെ മനസിലേക്ക് ഓടിയെത്തി.

നെറുകയിൽ ലഭിക്കുന്ന മുത്തശ്ശിയുടെ കരിലാളനം അവനെ തണുപ്പിച്ചു.

"അച്ഛാ ഭൂമിപൂജയ്ക്കുള്ള ഒരുക്കങ്ങൾ തുടങ്ങിയോ ?"

മാലതിയുടെ ശബ്ദമാണ് അനന്തുവിനെ ചിന്തകളിൽ നിന്നും ഉണർത്തിയത്.

അവൻ മുത്തശ്ശന്റെ മറുപടിക്കായി കാതോർത്തു.

"തുടങ്ങി മോളെ ഇത്തവണ ഉത്സവമൊക്കെ കെങ്കേമമാക്കാനാ സംഘാടകരുടെ തീരുമാനം.. കുറേ VIP കൾ ഒക്കെ വരുന്നുണ്ട് "

"സിനിമാ നടന്മാരൊക്കെ വരുവോ മുത്തശ്ശാ?"

ശിവപ്രിയയുടെ കൊഞ്ചിക്കൊണ്ടുള്ള ചോദ്യം കേട്ടതും ശങ്കരൻ ചിരിച്ചു കൊണ്ടു പറഞ്ഞു.

"അറിയില്ല ശിവ മോളെ ആരെയാ ക്ഷണിക്കുന്നതെന്ന്?"

"എങ്കിൽ നമുക്ക് ദുൽഖർ സൽമാനെ വിളിക്കാം "

ശിവ ഉത്സാഹത്തോടെ സീതയുടെ മടിയിൽ നിന്നും ചാടിയെണീറ്റു.

"നമുക്ക് നോക്കാട്ടോ "

ശങ്കരൻ തന്റെ പേരമകളെ വാത്സല്യത്തോടെ നോക്കി.

ഇവൾക്കാരേലും ദുൽഖറിന്റെ കൈവിഷം കൊടുത്തിട്ടുണ്ടോ ഇങ്ങനൊരു ദുൽഖർ പ്രാന്തി.

അനന്തു പുച്ഛത്തോടെ അനിയത്തിയെ നോക്കി ചിറി കോട്ടി.

ഇത് കണ്ടതും ശിവ അവനെ നോക്കി കൊഞ്ഞനം കുത്തി.

രണ്ടു പേരുടെയും കുട്ടിക്കളി കണ്ട് മാലതി അവരെ രൂക്ഷമായി ഒന്നു നോക്കി.

അത് കണ്ടതും രണ്ടു പേരും നല്ല കുട്ടികളെ പോലെ ഇരുന്നു.

"ഏതായാലും രാമ പണിക്കാരോട് ഇത്രടം വരെ ഒന്നു വരാൻ പറയണം.ജിത്തൂന്റെ കാര്യം ഒന്ന് നോക്കണം.ഭൂമി പൂജയ്ക്ക് ശേഷം അവന്റെ വിവാഹം നടത്താം.അതുപോരെ ?"

ശങ്കരൻ എല്ലാവരോടുമായി ചോദിച്ചു.

മകന്റെ വിവാഹ കാര്യം കേട്ടപ്പോൾ അച്ഛനായ ബാലരാമനും അമ്മയായ സീതയ്ക്കും അതിയായ സന്തോഷം തോന്നി.

മാലതി ആനന്ദത്തോടെ ഏട്ടത്തിയായ സീതയുടെ കയ്യിൽ മുറുകെ പിടിച്ചു.

"കല്യാണം നമുക്ക് അങ്ങു ആഘോഷിക്കണം. ദേശം ഗ്രാമം മൊത്തം ഒരു ഉത്സവം പോലെ അത് കൊണ്ടാടണം "

വിജയന്റെ വാക്കുകൾ എല്ലാവരും ഏറ്റു പിടിച്ചു.

ശങ്കരൻ അതിനുള്ള സമ്മതം മൂളി.

"അല്ലാ മീനാക്ഷിയ്ക്കും കല്യാണ പ്രായം ആയില്ലേ അവളുടെ കാര്യവും നോക്കണ്ടേ?"

കർത്യായനി അവരോടായി ചോദിച്ചു.

"അതിപ്പോ മോൾടെ അച്ഛനും അമ്മയും പറയട്ടെ..എന്നിട്ടല്ലേ നമുക്ക് തീരുമാനം എടുക്കാൻ പറ്റു "

ശങ്കരൻ ബാലരാമനെ ഉറ്റു നോക്കി.

ആ നോട്ടം കണ്ടതും അദ്ദേഹം മറുപടി പറഞ്ഞു.

"അച്ഛാ ഞങ്ങളിതുവരെ അതേപ്പറ്റി ചിന്തിച്ചിട്ടെയില്ല.അവളിപ്പോഴും എനിക്കും സീതയ്ക്കും കൊച്ചു കുട്ടിയാ.അപ്പൊ അവൾക്ക് വിവാഹ പ്രായം ആയെന്നു എല്ലാവർക്കും തോന്നുന്നുണ്ടേൽ ഒരു തീരുമാനം എടുത്തോളൂ എനിക് സന്തോഷമേയുള്ളൂ"

അച്ഛന്റെ വാക്കുകൾ കേട്ടതും മീനാക്ഷിയ്ക്ക്  നാണമായി.

അവൾ ഒളികണ്ണിട്ട് അനന്തുവിനെ നോക്കി.

എന്നാൽ അവൻ ഇതൊന്നും ശ്രദ്ധിക്കാതെ മുത്തശ്ശിയുടെ മടിയിൽ കിടയ്ക്കു കയായിരുന്നു.

ഇത് കണ്ടതും മീനാക്ഷിക്ക് അല്പം നീരസം തോന്നി.

അവൾ ഒന്നും മിണ്ടാതെ മുഖം വീർപ്പിച്ചിരുന്നു.

"ജിത്തൂട്ടൻ അവന്റെ പെണ്ണിനെ കണ്ടുപിടിച്ചപോലെ നീയാരേലും കണ്ടു വച്ചിട്ടുണ്ടോ പെണ്ണേ ?"

മുത്തശ്ശിയുടെ ചോദ്യം കേട്ട് മീനാക്ഷിക്ക് വല്ലാതെ ചമ്മൽ തോന്നി.

എല്ലാവരുടെയും നോട്ടം തന്നിലേക്കാണെന്നു അറിഞ്ഞതും അവൾ ആകെ അസ്വസ്ഥയായി.

മീനാക്ഷിയുടെ മുഖത്തെ ഭാവ മാറ്റം കണ്ടതും എല്ലാവരുടെയും മുഖത്ത് അമ്പരപ്പ് വിരിഞ്ഞു.

അത് കണ്ടതും മാലതിയ്ക്ക് ഏകദേശം കാര്യങ്ങളുടെ കിടപ്പ് മനസിലായി.

"മീനുമോളെ നിനക്ക് ആരോടേലും ഇഷ്ടമുണ്ടോ ? ഉണ്ടേൽ പറഞ്ഞോ നമുക്ക് രണ്ടു കല്യാണവും ഒരു പന്തലിൽ നടത്താം"

മാലതിയുടെ വാക്കുകൾ കേട്ടതും മീനാക്ഷിയ്ക്ക് അല്പം ആശ്വാസം തോന്നി.

എങ്കിലും തന്റെ മനസിലുള്ളത് പുറത്തു പറയാനുള്ള ധൈര്യം അവളുടെ കൈ വശം ഉണ്ടായിരുന്നു.

എല്ലാവരെയും ഒന്ന് നോക്കിയ ശേഷം മീനാക്ഷി എണീറ്റു വന്ന് മുത്തശ്ശന് സമീപം വന്നിരുന്നു.

അദ്ദേഹം അവളുടെ നെറുകയിലൂടെ പയ്യെ തലോടി.

"മോള് പറഞ്ഞോ.. പേടിക്കുവോന്നും വേണ്ട ആരാ ആള്?"

ആ ചോദ്യം കേട്ടതും മീനാക്ഷി അദ്ദേഹത്തെ നോക്കി.

ഇനി ഒന്നും മറച്ചു വയ്ക്കണ്ടതില്ല.

എല്ലാം പറയാനുള്ള സമയം ഇതാണ്.

എല്ലാവരും അറിയണം ഞാനാരെയാണ് സ്നേഹിക്കുന്നതെന്ന്.

മനസിൽ ആത്മഗതം പറഞ്ഞു കൊണ്ട് മീനാക്ഷി ഒന്നു നെടുവീർപ്പെട്ടു.

"മുത്തശ്ശാ എനിക് അനന്തുവിനെയാ ഇഷ്ട്ടം. മാലതി ആന്റിയുടെ മകൻ .ഐ റിയലി ലവ് ഹിം"

മീനാക്ഷിയുടെ വെളിപ്പെടുത്തൽ കേട്ട് എല്ലാരും ഒന്നു നടുങ്ങി.

മാലതിയും സീതയും ബാലരാമനും ഞെട്ടി തരിച്ചിരിക്കുകയായിരുന്നു.

ശിവപ്രിയ ഇത് കേട്ട് വായും പൊളിച്ചു മീനാക്ഷിയെ നോക്കി.

മുത്തശ്ശനും മുത്തശ്ശിക്കും മറിച്ചായിരുന്നില്ല അവസ്ഥ.

എല്ലാവരും അനന്തുവിനെയും മീനാക്ഷിയെയും മാറി മാറി നോക്കി.

അനന്തു ആകെ കിളിപോയ അവസ്ഥയിൽ ആയിരുന്നു.

ഒന്നും മനസ്സിലാവാതെ അവൻ മീനാക്ഷിയെ തുറിച്ചു നോക്കി.

അവൾ അത് കണ്ടില്ലെന്ന് നടിച്ചു.

"അനന്തു ...മീനാക്ഷി പറഞ്ഞത് ശരിയാണോ? നിങ്ങൾ തമ്മിൽ ഇഷ്ടത്തിലാണോ?"

ശങ്കരൻ ശബ്ദത്തിന് കട്ടി കൊടുത്തു കൊണ്ട് ചോദിച്ചു.

"അയ്യോ മുത്തശ്ശാ ഞാനിതൊന്നും അറിഞ്ഞിട്ട് പോലുമില്ല..എനിക് ഒന്നും അറിഞ്ഞൂടാ.."

അനന്തു വെപ്രാളത്തോടെ ഉറക്കെ പറഞ്ഞു.

"അപ്പൊ നിനക്ക് അവളോട് ഇഷ്ടമൊന്നുമില്ലേ?"

മുത്തശ്ശന്റെ ഗൗരവം പൂണ്ട മുഖം കണ്ടതും അനന്തു ആകെ വല്ലാതായി.

"ഇല്ല മുത്തശ്ശാ എനിക്ക് അങ്ങനൊരു ഇഷ്ട്ടം മീനാക്ഷിയോട് ഇല്ല ..ഇനിയൊട്ടു തോന്നത്തുമില്ലാ "

അനന്തു ദയനീമായി മാലതിയെ നോക്കി.

ആ അമ്മയുടെ കണ്ണുകളിൽ തൻറെ മകനോടുള്ള അടങ്ങാത്ത വിശ്വാസം ഒളി മിന്നുന്നത് ശങ്കരൻ ശ്രദ്ധിച്ചു.

അത് കണ്ടതും അനന്തുവിനും അല്പം ആശ്വാസം തോന്നി.

"മുത്തശ്ശാ എനിക്ക് അനന്തുവിനെയാ ഇഷ്ട്ടം പക്ഷെ അവന് എന്നൊടുണ്ടോന്ന് ഇപ്പോഴും അറിഞ്ഞൂടാ "

മീനാക്ഷി പ്രതീക്ഷയോടെ ശങ്കരനെ നോക്കി.

ആ വീട്ടിലെ അവസാന വാക്ക് അദ്ദേഹമായിരുന്നു.

സ്വന്തം മകളുടെ കാര്യമാണെങ്കിലും അച്ഛന്റെ അഭിപ്രായം അറിയാൻ ബലരാമൻ ക്ഷമയോടെയിരുന്നു.

"ബാലരാമാ എന്താ നിന്റെ അഭിപ്രായം ?"

ശങ്കരൻ സോഫയിലേക്ക് ചാരിയിരുന്നുകൊണ്ട് കൈകൾ കെട്ടി വച്ചു സ്വന്തം മകനെ ഉറ്റു നോക്കി.

"അറിയില്ല അച്ഛാ....അച്ഛൻ എന്ത് തീരുമാനമെടുത്താലും ഞങ്ങക്ക് സമ്മതമാണ്"

ബലരാമൻ അതും പറഞ്ഞുകൊണ്ട് സീതയെ പാളി നോക്കി.

അവൾ ആ തീരുമാനത്തെ സാധൂകരിക്കുന്ന വിധത്തിൽ തന്റെ ഭർത്താവിനെ നോക്കി തലയാട്ടി.

"സീതേ നിന്റെ അഭിപ്രായമോ ?"

ശങ്കരൻ തന്റെ മരുമകളോട് ആ ചോദ്യം ആവർത്തിച്ചു.

പെട്ടെന്നുള്ള ആ ചോദ്യം സീതയെ ഞെട്ടിച്ചു.

പക്ഷെ അതിനു ബദലായിട്ടുള്ള ഒരുത്തരം ബാലരാമനെ പോലെ അവളുടെ കൈ വശവും ഉണ്ടായിരുന്നില്ല.

"ബാലരമേട്ടൻ പറഞ്ഞപോലെ..എല്ലാം അച്ഛന്റെ ഇഷ്ട്ടം പോലെ ചെയ്താട്ടെ"

അവരുടെ മറുപടികൾ അനന്തുവിൻറെ നെഞ്ചിലേക്ക് അസ്ത്രം കണക്കെ തറഞ്ഞു കയറികൊണ്ടിരുന്നു.

അത് അവന്റെ മനസിനെ ആഴത്തിൽ കുത്തി പരിക്കേൽപ്പിച്ചു.

ആ വേദനയിൽ പുളഞ്ഞുകൊണ്ട് എല്ലാം നഷ്ടപെട്ടവനെ പോലെയിരുന്നു.

ബലരാമൻ അമ്മാവനും സീത അമ്മായിയും ഉറപ്പായിട്ടും എതിർക്കുമെന്നാണ് അനന്തു മനസിൽ കരുതിയിരുന്നത്.

പക്ഷെ ഇത് ആകെ കീഴ്മേൽ മറിഞ്ഞ പോലെയായി മാറി.

മീനാക്ഷിക്ക് തന്നോടുള്ളത് പ്രേമമല്ല മറിച്ച് ഇൻഫാക്ച്ചുവേഷൻ ആണെന്ന് ഉറക്കെ വിളിച്ചു പറയാൻ അനന്തുവിന് തോന്നി.

ചേട്ടന്റെ അവസ്ഥ കണ്ട് ചിരിക്കണോ കരയണോ എന്നറിയാതെ ശിവ അന്തംവിട്ടിരുന്നു.

"എടി ഭാര്യേ നിനക്ക് എന്താ പറയാനുള്ളേ?"

കർത്യാനിയുടെ കൈയിൽ പിടിച്ചുകൊണ്ട് ശങ്കരൻ ചോദിച്ചു.

അതിന് മറുപടിയെന്നോണം ഒരു പുഞ്ചിരിയോടെ അവർ പറഞ്ഞു തുടങ്ങി.

"രണ്ടുപേരും എന്റെ മക്കൾ തന്നാ..അവര് ഒന്നാകുന്നതിന് എനിക്ക് വിരോധൊന്നൂല്ല "

ആ മറുപടി കേട്ടതും ബാലരാമന്റെയും സീതയുടെയും മുഖത്തു പുഞ്ചിരി വിരിഞ്ഞു.

ശങ്കരൻ മാലതിയെ നോക്കിയതും എല്ലാവരുടെയും കണ്ണുകൾ അങ്ങോട്ടേക്കായി.

വിജയനും ഷൈലയും മാലതിയുടെ മറുപടി എന്താണെന്ന് അറിയുവാൻ അക്ഷമരായി കാത്തിരുന്നു.

"മോളെ മാലതി നിന്റെ അഭിപ്രായമെന്താ? അനന്തുവിന്റെ കാര്യമായതോണ്ടു നിനക്കാണല്ലോ ഞങ്ങളെക്കാൾ കൂടുതൽ അവകാശം അവനിലുള്ളത്. മോള് എന്തു പറഞ്ഞാലും അത് നമ്മൾ അനുസരിക്കും. വേണംന്ന് പറഞ്ഞാലും വേണ്ടാന്ന് പറഞ്ഞാലും ഞങ്ങൾ നിന്റെ കൂടെ നിക്കും "

ശങ്കരൻ പറഞ്ഞു കഴിഞ്ഞതും മറുപടിയെന്നോണം മാലതിയുടെ മുഖത്തൊരു മന്ദഹാസം വിരിഞ്ഞു.

അവൾ തന്റെ മാതാപിതാക്കൾക്ക് അഭിമുഖമായി ഇരുന്നുകൊണ്ട് പറഞ്ഞു.

"അച്ഛാ അമ്മേ ..എനിക്ക് മീനാക്ഷിയെ ഇഷ്ട്ടാണ് ..ഒത്തിരി ഇഷ്ട്ടമാണ് ..എന്റെ മോളെ പോലെ തന്നാ അവളും..പക്ഷെ എന്റെ മോന് അങ്ങനൊരു ആഗ്രഹം അവളോടില്ലെന്നു എന്റെ മനസ് പറയുന്നു.അപ്പൊ അവന് ഇഷ്ടമില്ലാത്തത് ഒന്നും ഞാൻ ചെയ്യൂല.അവൻ പറയട്ടെ മീനാക്ഷിയെ കല്യാണം കഴിക്കാൻ താൽപര്യമുണ്ടോ എന്ന്"

മാലതിയുടെ അഭിപ്രായത്തിൽ കഴമ്പുണ്ടെന്ന് എല്ലാർക്കും തോന്നി.

എല്ലാവരുടെയും കണ്ണുകൾ അനന്തുവിലേക്ക് നീണ്ടു.

അതോടൊപ്പം മീനാക്ഷിയുടെ പിടയ്ക്കുന്ന മിഴികളും അവനെ തേടിയെത്തി.

എങ്ങനേലും ഈ കുടുക്കിൽ നിന്ന് രക്ഷപ്പെടാൻ തീരുമാനമെടുത്ത് അവൻ എല്ലാവരെയും നോക്കി.

തനിക്ക് മീനാക്ഷിയെ ഇഷ്ടമല്ല എന്ന് അനന്തു ഉറക്കെ വിളിച്ചു കൂവാൻ തുടങ്ങിയതും കഴുത്തിലൊരു പിടി വീണതും ഒരുമിച്ചായിരുന്നു.

അവൻ കണ്ണു മിഴിച്ചുകൊണ്ട് ചുറ്റും നോക്കി.

കനലെരിയുന്ന കണ്ണുകളോടെ ക്രോധമായ ഭാവത്തോടെ ഉറഞ്ഞു തുള്ളുന്ന ശിവജിത്തിനെ കണ്ട് അനന്തു ഞെട്ടി.

"നിനക്കെന്റെ പെങ്ങളെ പ്രേമിക്കണം അല്ലെടാ ബാസ്റ്റഡ് ?"

ശിവജിത്ത് അലറിക്കൊണ്ടു അവന്റെ കഴുത്തിലെ പിടുത്തം മുറുക്കി.

തൊണ്ട കുഴയിലെ പിടുത്തം മുറുകിയതും അനന്തു ശ്വാസം കിട്ടാതെ പിടഞ്ഞു.

ശിവയുടെ വലിഞ്ഞു മുറുകിയ മുഖം അവൻ അടഞ്ഞു പോകുന്ന കണ്ണുകളിലൂടെ ഒരു നോക്ക് കണ്ടു.

ഇരുമ്പ് പോലുള്ള അവന്റെ കയ്യിൽ നിന്നും വിട്ടു മാറാൻ അനന്തുവിന് കഴിഞ്ഞില്ല.

ശ്വാസം കിട്ടാതെ പൊടുന്നനെ പിടഞ്ഞതും അനന്തുവിന്റെ മനസിലേക്ക് ചില നിഴൽ ചിത്രങ്ങൾ അനുവാദമില്ലാതെ ഓടിയെത്തി.

ക്ലീൻ ഷേവ് ചെയ്ത താടിയും കട്ടി മീശയും പുരികത്തിലുള്ള വെട്ടേറ്റ പാടും മുറിച്ചെവിയും ഉള്ള ഒരാൾ തന്റെ കഴുത്തിൽ കുത്തി പിടിച്ചിരിക്കുന്നതായിരുന്നു അവൻ കണ്ടത്.

അരികെ ആളി കത്തുന്ന തീയിലേക്ക് നോക്കി ചോരയൊലിപ്പിച്ച മുഖവുമായി അലറുന്ന തന്റെ മുഖം കണ്ടതും അനന്തു ഞെട്ടിത്തരിച്ചിരുന്നു.

എങ്കിലും ആ മുറിച്ചെവിയന്റെ മുഖം മായാതെ തന്നെ അനന്തുവിന്റെ മനസിൽ തങ്ങി നിന്നു.

ശിവജിത്തിന്റെ പിടുത്തം ദൃഢമായതും അവൻ കണ്മുന്നിൽ കണ്ടു കൊണ്ടിരുന്ന നിഴൽ ചിത്രങ്ങൾ പതിയെ അപ്രത്യക്ഷമായി.

അവിടെ ശിവജിത്തിന്റെ മുഖം തെളിഞ്ഞു വന്നു.

അപ്പോഴേക്കും ശങ്കരനും ബാലരാമനും വിജയനും ഓടി വന്നു ശിവജിത്തിനെ പിടിച്ചു മാറ്റി.

ശിവജിത്ത് അലറികൊണ്ട് കലി തീരാതെ അനന്തുവിന് നേരെ മുഷ്ടി ചുരുട്ടി ഉറഞ്ഞുകൊണ്ടിരുന്നു.

അവനെ അടക്കി നിർത്താൻ അവർ പാടുപെട്ടു.

ഈ സമയം അനന്തു ഉറക്കെ ചുമച്ചുകൊണ്ടു നിലത്തേക്ക് അമർന്നിരുന്നു.

കുറച്ചു കൂടി വൈകിയിരുന്നേൽ ഇപ്പോ കാറ്റ് പോയിരുന്നേനെ എന്നവന് തോന്നി.

അനന്തു ശ്വാസം ആഞ്ഞു വലിച്ചു കൊണ്ടിരുന്നു.

കണ്ണുകൾ ഒക്കെ നിറഞ്ഞൊഴുകി കടവായിൽ നിന്നും ഉമിനീര് പുറത്തേക്കൊലിച്ചു.

മാലതി വെപ്രാളത്തോടെ ഓടി വന്ന് അവനെ ചേർത്തു പിടിച്ചു.

സാരിയുടെ മുന്താണി കൊണ്ട് അവന്റെ ചുണ്ടും വായും തുടച്ചു വൃത്തിയാക്കി

മാറി നിൽക്കുന്ന ശിവജിത്തിനെ അവർ കോപത്തോടെ നോക്കി.

സങ്കടം സഹിക്ക വയ്യാതെ മാലതി അനന്തുവിന്റെ നെഞ്ചിൽ തടവിക്കൊണ്ടിരുന്നു.

ശിവ അനന്തുവിന്റെ കയ്യിൽ പിടിച്ചു തടവിക്കൊണ്ടിരുന്നു.

സ്വന്തം ഏട്ടന് അങ്ങനൊരു ഗതി വന്നത് ആ അനിയത്തിയുടെ മനസിനെ പൊള്ളിച്ചു.

അവൾക്ക് ഒന്നു ഉറക്കെ കരയാൻ തോന്നി.

സീത ഓടി വന്നു അനന്തുവിന്റെ തല തന്റെ മടിയിലേക്ക് കേറ്റി വച്ചു.

ആ നെറുകയിൽ സങ്കടം ഘനീഭവിക്കുന്ന മുഖത്തോടെ സീത തടവിക്കൊണ്ടിരുന്നു.

അപ്പോഴും അനന്തു ശ്വാസമെടുക്കാൻ വല്ലാതെ പാടു പെടുന്നുണ്ടായിരുന്നു.

മാലതി അവന്റെ നെഞ്ചിലൂടെ കൈ വെച്ചു അമർത്തി ഉഴിഞ്ഞു കൊണ്ടിരുന്നു.

അതിലൂടെ കുറച്ചു ആശ്വാസം അനന്തുവിനു കിട്ടി തുടങ്ങി.

ആവന്റെ കൺ കോണുകളിലൂടെ ഒഴുകി വരുന്ന നീർമുത്തുകൾ മാലതി പയ്യെ കൈകൊണ്ട് ഒപ്പിയെടുത്തുകൊണ്ടിരുന്നു.

"മോനെ അനന്തു ഒന്നു നോക്കെടാ ഇത് അമ്മയാടാ മോനെ പറ എന്തെങ്കിലും അമ്മയോട് "

മാലതി സഹിക്കവയ്യാതെ അവനെയും കെട്ടിപിടിച്ചിരുന്നു.

ജനിച്ച കാലം തൊട്ട് ഇതുവരെ ഒരു ഈർക്കിലി കമ്പ് കൊണ്ട് പോലും മാലതി അവനെ വേദനിപ്പിച്ചിട്ടില്ലായിരുന്നു.

അതിനുള്ള അവസരം അവൻ ഒരുക്കിയിട്ടില്ല എന്ന് പറയുന്നതാവും ശരി.

എന്നും അവൻ അനുസരണയുള്ള ഒരു കുട്ടിയായിട്ടാ വളർന്നിരുന്നത്.

ഇന്ന് ആദ്യമായി തന്റെ മോനെ വേറൊരാള് നോവിക്കുന്നത് കണ്ടപ്പോൾ ആ പെറ്റ വയറിന് സഹിച്ചില്ല.

നെഞ്ചിൽ ആരോ ഭാരം എടുത്തു വച്ച പോലെ മാലതിയ്ക്ക് തോന്നി.

ഉള്ളിൽ നുരഞ്ഞു പൊന്തുന്ന സങ്കട കടൽ പുറത്തേക്ക് ഒഴുകി വരാതിരിക്കാൻ അവൾ പാടുപെട്ടു.

"മോനെ കണ്ണ് തുറക്കെടാ എന്നിട്ട് അമ്മയോട് മിണ്ട് "

മാലതി പുലമ്പിക്കൊണ്ടു അവന്റെ മുഖം ഇളക്കിക്കൊണ്ടിരുന്നു.

ആ പിടച്ചിലിൽ അനന്തു പയ്യെ കണ്ണുകൾ തുറന്നു.

അത് കണ്ടതും മാലതി ആഹ്ലാദത്തോടെ അവനെ നോക്കി.

അവൻ കണ്ണു മിഴിച്ചുകൊണ്ടു ചുറ്റും പരതി.

അത് കണ്ടതും ശിവയ്ക്കും സീതയ്ക്കും ആശ്വാസം തോന്നി.

"അമ്മേ "

അനന്തുവിന്റെ ആ വിളി മാലതിയുടെ ഉള്ളിൽ കത്തിയെരിയുന്ന ദുഃഖത്തിന്റെ ഭാരം അല്പം കുറച്ചു.

"എന്താ മോനെ പറയ് "

മാലതി സന്തോഷത്തോടെ അവനെ നോക്കി.

"എന്നെയൊന്ന് എണീപ്പിച്ചേ "

അനന്തുവിൻറെ ചിലമ്പിച്ച ശബ്ദം അവരുടെ കാതിൽ പതിഞ്ഞു.

അത് കേട്ടതും അവർ അനന്തുവിനെ പയ്യെ എണീപ്പിച്ചിരുത്തി.

അനന്തു കഴുത്തിലൊന്നു തടവി.

"ശ് ശ് ശ് "

നീറ്റൽ അനുഭവപ്പെട്ടതും അവൻ കഴുത്തിൽ നിന്നും കൈ പിൻവലിച്ചു.

അത് കണ്ടതും ശിവ അവന്റെ കഴുത്തിലേക്ക് സൂക്ഷിച്ചു നോക്കി.

"അമ്മേ ഏട്ടന്റെ കഴുത്ത് നോക്കിയേ..വിരലിന്റെ പാട് കാണാം "

ശിവ പറയുന്നത് കേട്ട് മാലതിയും സീതയും അവന്റെ കഴുത്തിലേക്ക് സൂക്ഷിച്ചു നോക്കി.

അവൾ പറഞ്ഞത് ശരിയായിരുന്നു.

കഴുത്തിൽ വിരൽ അമർന്നതിന്റെ ചുവന്നു തിണിർത്ത പാട് ശിവജിത്തിനെ കോപത്തിന്റെ ബാക്കി പത്രമെന്നോണം അവിടെ അവശേഷിക്കുന്നുണ്ടായിരുന്നു.

അതും കൂടി കണ്ടതോടെ മാലതിയുടെ മനസ് വിങ്ങി.

തന്റെ മകനെ നെഞ്ചോടു പുണർന്നു മാലതി അറിയാതെ വിതുമ്പി പോയി.

"അ...മ്മേ....കഴ്ത്ത്.... വേദ്നിക്കുവാ"

അനന്തുവിന്റെ തൊണ്ടയിൽ നിന്നും അപൂർണ്ണമായ വാക്കുകൾ പുറത്തേക്ക് വന്നു.

മാലതി നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ അവനെ
സമാധാനിപ്പിച്ചുകൊണ്ടിരുന്നു.

കഴുത്തിലെ തിണിർത്ത പാടുകളിൽ അവർ ചുണ്ടുകൾ അടുപ്പിച്ചു പയ്യെ ഊതിക്കൊണ്ടിരുന്നു.

അമ്മയുടെ സ്നേഹനിർഭരമായ പരിചരണത്തിലൂടെ അനന്തുവിന് അല്പം ആശ്വാസം തോന്നി തുടങ്ങി.

മാലതിയുടെ കയ്യിൽ പിടിച്ചു അവൻ പയ്യെ എണീറ്റു നിന്നു.

ഈ സമയം ബാലരാമനും ശങ്കരനും ശിവജിത്തിനെ മുറുക്കെ പിടിച്ചു സോഫയോട് ചേർത്തിരുത്തിയിട്ടുണ്ടായിരുന്നു.

അവർ ഇരുവരും അവനെ ചേർത്തു പിടിച്ചു ബലമായി പൂട്ടി വച്ചു.

ആ ബന്ധനത്തിൽ കിടന്ന് ശിവജിത്ത് കുതറി മാറാൻ നോക്കി.

പക്ഷെ സാധിച്ചില്ല.

"അച്ഛാ എന്നെ വിടാൻ"

ശിവജിത്ത് ബാലരാമനു നേരെ രൂക്ഷമായി നോക്കിക്കൊണ്ട് ഉറഞ്ഞു തുള്ളി.

"ഡാ അടങ്ങിയിരിക്കേടാ...കൊച്ചു മോനാണെന്നൊന്നും ഞാൻ നോക്കില്ല കേട്ടോ "

മുത്തശ്ശന്റെ ദേഷ്യം നിറഞ്ഞ വാക്കുകൾ കേട്ടിട്ടും അവൻ കൂട്ടാക്കിയില്ല.

ശിവജിത്ത് പകയോടെ അവനെ കൊല്ലാനുള്ള ദേഷ്യത്തോടെ അനന്തുവിന് നേരെ ചീറി.

വെരുകിനെ പോലെ അവൻ വീണ്ടും കുതറി മാറാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ഏറെ നേരം അവന്റെ ശൗര്യത്തിന് മുൻപിൽ പിടിച്ചു നിൽക്കാൻ ബാലരാമനും ശങ്കരനും കഴിഞ്ഞില്ല.

തെല്ലൊരു നിമിഷം അവരുടെ ശ്രദ്ധ പാളിയതും ശിവജിത്ത് അവരുടെ കയ്യിൽ നിന്നും കുതറി മാറി ചാടിയെണീറ്റു.

അവിടെ നിൽക്കുന്ന അനന്തുവിനെ കണ്ടു നാഗത്തെ പോലെ ചീറ്റിക്കൊണ്ടു അവനു നേരെ കുതിച്ചു.

ശിവജിത്ത് കുതിച്ചു വരുന്നത് കണ്ട അനന്തു തന്റെ ദേഹത്തുള്ള മാലതിയുടെയും ശിവയുടെയും കൈകൾ വിടുവിച്ചു.

ആവോളം ശ്വാസം വലിച്ചെടുത്തു അവൻ ശിവജിത്തിനെയും പ്രതീക്ഷിച്ചു നിന്നു.

അവൻ അടുത്തെത്തിയതും പൊടുന്നനെ അനന്തുവിന്റെ മുഖം വലിഞ്ഞു മുറുകി.

കൈകളിലെ പേശികൾ കൂടുതൽ ദൃഢമായി.

സിരകളിലെ രക്തയോട്ടം വേഗത്തിലായി.

തന്റെ ശരീരത്തിലെ ശക്തി മൊത്തം വലതു കയ്യിലേക്ക് ആവാഹിച്ച അനന്തു സമീപത്തുള്ള ഗ്ലാസ് കൊണ്ട് നിർമിച്ച മേശയിലേക്ക് ആഞ്ഞടിച്ചു.

അവന്റെ കാരിരുമ്പിന്റെ ശക്തിയുള്ള കൈകൊണ്ടുള്ള പ്രഹരമേറ്റ് ഗ്ലാസ് വലിയ ശബ്ദത്തോടെ പൊട്ടി തകർന്നു വീണു.

ആ സ്‌ഫോടന ശബ്ദം കേട്ട് ചിലർ ഭയത്തോടെ ചെവി പൊത്തി.

നിലത്തു ചിതറി കിടക്കുന്ന ഗ്ലാസ് തരികളിലേക്കും അനന്തുവിന്റെ മുഖത്തേക്കും ശിവജിത്ത് മാറി മാറി നോക്കി.

അവന്റെ സംഹാര രൗദ്ര ഭാവം കണ്ട് ശിവജിത്തിന്റെ മുഖത്ത് ഭയം നിഴലിച്ചു.

രക്തമൊഴുകുന്ന കൈയുമായി അനന്തു ശിവജിത്തിനെ നോക്കി.

രൗദ്രം കൊണ്ടു ജ്വലിക്കുന്ന ആ നോട്ടം കണ്ട് ബാലരാമനും ശങ്കരനും വരെ ഭയന്നു വിറച്ചു പോയി.

ശിവജിത്തിനെ നോക്കി ചൂണ്ടു വിരൽ കൊണ്ട് നിഷേധാർത്ഥത്തിൽ ആംഗ്യം കാണിച്ച ശേഷം അനന്തു ശിവപ്രിയയുടെയും മാലതിയുടെയും കൈ പിടിച്ചു മുറിയിലേക്ക് പോയി.

അവർ പോയി കഴിഞ്ഞതും ശിവജിത്ത് കൊടുങ്കാറ്റു പോലെ പുറത്തേക്ക് പോയി.

ഒന്നും മിണ്ടാതെ ബാലരാമനും ശങ്കരനും വിജയനും സോഫയിൽ തന്നെയിരുന്നു.

സീത യും ഷൈലയും മറ്റു പണിക്കരികളും കൂടി നിലത്തു കിടക്കുന്ന തവിടു പൊടിയായ ഗ്ലാസ് അടിച്ചു വാരിക്കൊണ്ടിരുന്നു.

കാർത്യായനി ഒന്നും മിണ്ടാതെ മുഖം വീർപ്പിച്ചിരുന്നു.

എന്ത് തന്നെയായാലും അനന്തുവിനോട് ശിവജിത്ത് അങ്ങനെ ചെയ്തതിനോട് യോജിക്കാൻ ആ വൃദ്ധ മാതാവിന് കഴിഞ്ഞിരുന്നില്ല.

അവരുടെ മനം ദുഃഖത്താൽ നിറഞ്ഞു കവിഞ്ഞു.

"എന്റെ തെറ്റാ അച്ഛാ... മകൻ ഒരു താന്തോന്നിയായി വളർന്നതിന് ഞാനാണ് കാരണം ..എന്നോട് ക്ഷമിക്ക് അച്ഛാ "

ബലരാമൻ വ്യസനത്തോടെ ശങ്കരനോട് മാപ്പിരന്നു.

"മാപ്പ് നീ എന്നോടല്ല അനന്തുവിനോടും മാലതിയോടും പറ ...അവരാണ് നിന്നോട് ക്ഷമിക്കേണ്ടത് "

"ഞാൻ മാപ്പ് പറയാം അച്ഛാ...ഇങ്ങനൊരു എടുത്തു ചാട്ടക്കാരനായ മോനെ കിട്ടിയ എന്റെ തലവിധി "

ബലരാമൻ പുലമ്പിക്കൊണ്ടു നെറ്റിയിൽ കൈത്തലം കൊണ്ട് അടിച്ചുകൊണ്ടിരുന്നു.

അത് കേട്ടതും സീതയ്ക്കും വല്ലാതെ മനോവിഷമമുണ്ടായി.

തെക്കിനിയിൽ ദേവന്റെ മുറിയിലെ കട്ടിലിൽ കിടക്കുവായിരുന്നു അനന്തു.

നേരിയ ഒരു അസ്വസ്ഥത ഉണ്ടെന്നൊഴിച്ചാൽ മറ്റൊരു കുഴപ്പവും അവനുണ്ടായിരുന്നില്ല.

മാലതിയുടെ മടിയിൽ തല ചായ്ച്ചു കിടക്കുകയായിരുന്നു അവൻ.

ഏട്ടന്റെ കാലുകൾ തന്റെ മടിയിൽ വച്ചിട്ട് ശിവ പതിയെ ഉഴിയുന്നുണ്ടായിരുന്നു.

ഇന്നെന്തോ വല്ലാത്തൊരു ദിവസമായിരുന്നു.

മൊത്തം അടിയും ഇടിയും തന്നെ.

ഞാനിപ്പോ ഒരു ചെണ്ടയായി മാറി.

എല്ലാരുടെയും തല്ലു കൊള്ളുന്ന ചെണ്ട.

സത്യത്തിൽ അനന്തുവിന് ആകെ മടുപ്പായി തുടങ്ങി.

ഇങ്ങനെ പോയാൽ തല്ലുകൊണ്ട് ഞാൻ ചാകുന്ന അവസ്ഥ വരും.

ആത്മഗതം പറഞ്ഞുകൊണ്ട് അനന്തു കണ്ണുകളടച്ചു കിടന്നു.

വാതിലിനടുത്ത് കാൽപെരുമാറ്റം കേട്ടതും അവൻ കണ്ണു തുറന്നു നോക്കി.

മുന്നിൽ നിൽക്കുന്ന ആളെ കണ്ട് അവൻ പയ്യെ എണീറ്റിരുന്നു.

"മോനെ വേദനയുണ്ടോടാ "

ബലരാമൻ ദുഃഖത്തോടെ അവന്റെ കഴുത്തിൽ പയ്യെ തലോടി.

"ഇല്ല അമ്മാവാ സാരുല്ല അതു വിട് "

"എന്നാലും മോനെ ഞാൻ മാപ്പ് ചോദിക്കുവാ മോനോട്...ശിവയോട് വിരോധം ഒന്നും തോന്നല്ലേട്ടോ"

"ഏയ് അങ്ങാനൊന്നുമില്ലാന്നേ... അമ്മാവൻ പൊയ്ക്കോ ..അതിനി കാര്യക്കണ്ട "

അനന്തു പതിയെ പറഞ്ഞു.

ബലരാമൻ അതു കേട്ടതും ഒന്നു പുഞ്ചിരിച്ചു.

എന്നിട്ട് മാലതിയുടെ മുഖത്തേക്ക് നോക്കി.

അവിടെ ആകെ തളം കെട്ടി കിടക്കുന്ന നിസംഗതാ ഭാവമാണ് ബാലരാമന് കാണാൻ കഴിഞ്ഞത്.

മാലതിയുടെ ആ ഇരുപ്പ് അയാളെ സങ്കടപെടുത്തി.

"മോളെ മാലതി "

"സാരുല്യ ഏട്ടാ... ഞങ്ങളിവിടുന്നു പോകുവാ.. നാളെ രാവിലെ തിരിച്ചു പോണം "

മാലതി പറഞ്ഞത് കേട്ട് എല്ലാവരും ഒരുപോലെ ഞെട്ടി.

അനന്തു വിശ്വാസം വരാതെ അമ്മയെ കണ്ണു മിഴിച്ചു നോക്കി.

ഇത്രയും കടുത്ത തീരുമാനം മാലതി എടുക്കുമെന്ന് ബലരാമൻ സ്വപ്നേപി വിചാരിച്ചില്ല.

അയാൾ തൊഴുകയ്യോടെ മാലതിയോട് പറഞ്ഞു.

"മോളെ നീ ക്ഷമിക്കണം അവനോട്. ചെറുപ്പത്തിൽ തല്ലി വളർത്താത്തതിന്റെയാ ഇപ്പൊ ഈ കാണിക്കുന്നെ... എല്ലാം എന്റെ തെറ്റാ ...കൊന്നു കളയാൻ പറ്റില്ലല്ലോ മോൻ ആയിപ്പോയില്ലേ "

ബലരാമൻ അപേക്ഷാ സ്വരത്തിൽ മാലതിയോട് കേണു.

പക്ഷെ അവൾ അതൊന്നും കൂട്ടാക്കിയില്ല.

അനന്തുവിനെ ദേഹത്ത് ആരേലും തൊടുന്നത് പോലും അവൾക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു.

തന്റെ ഇരു മക്കളെയും നെഞ്ചോടു ചേർത്തു കൊണ്ട് അവൾ പുലമ്പി.

"എന്റെ മക്കളെ ഇനിയും തൊടാൻ ഞാനാരെയും സമ്മതിക്കില്ല...ഇവിടുത്തേക്കാളും സുരക്ഷിതത്വം ഞങ്ങടെ പഴയ വീട്ടിലുണ്ടായിരുന്നു..അതുകൊണ്ടു ഞങ്ങൾ അങ്ങോട്ട് മാറുകയാണ്..നാളെ തന്നെ.. എട്ടാനൊന്നും തോന്നരുത്..അച്ഛനോടും അമ്മയോടും ഞാൻ പറഞ്ഞോളാം "

മാലതിയുടെ ദൃഢമായ സ്വരം അവിടെ മുഴങ്ങി.

അമ്മയുടെ ദേഷ്യവും വാശിയും അനന്തുവും ശിവയും ആദ്യമായി നോക്കി കാണുകയായിരുന്നു.

ഒരിക്കൽ പോലും മാലതി ഇങ്ങനെ വാശി പിടിക്കുന്നത് അവർ കണ്ടിട്ടുണ്ടായിരുന്നില്ല.

മാലതിയുടെ ദേഷ്യം കൊണ്ടു വിറക്കുന്ന മുഖം കണ്ടതും കൂടുതൽ ഒന്നും പറയാതെ ബലരാമൻ അവിടുന്ന് പിൻവാങ്ങി.

അദ്ദേഹം പോയി കഴിഞ്ഞതും പക്ഷികൾ കുഞ്ഞുങ്ങളെ തന്റെ ചിറകിനടിയിൽ സംരക്ഷിക്കുന്ന പോലെ മാലതി അവരെ തന്റെ മാറോടു ചേർത്തു വച്ചു.

അപ്പോഴും അവളുടെ മനം ഒരു കാര്യം മാത്രം ഉരുവിട്ടുകൊണ്ടിരുന്നു.

പഴയ വീട്ടിലേക്കുള്ള മടക്കയാത്രയെക്കുറിച്ച്.
.
.
.
.
തുള്ളിക്കൊരു കുടം കണക്കെ കോരിച്ചൊരിയുന്ന മഴ.

ഭാരമുള്ള മഴത്തുള്ളികൾ ഭൂമി ദേവിയെ പോലും വേദനിപ്പിച്ചുകൊണ്ടിരുന്നു.

ശക്തമായ കാറ്റിനൊപ്പം കാർമേഘങ്ങൾ തെന്നി നിരങ്ങി ആ വനമാകെ ഈറനണിയിച്ചുകൊണ്ടിരിഞ്ഞു.

മഴയ്ക്ക് അകമ്പടിയെന്നോണം ഇടക്കിടക്ക് ഇടിയും മിന്നലും ശക്തമായ വരവറിയിച്ചുകൊണ്ടിരുന്നു.

ജീവജാലങ്ങൾ പ്രണനും കൊണ്ടു അവരുടെ ആവാസവ്യവസ്ഥയിൽ അഭയം പ്രാപിച്ചു.

എങ്ങും മഴയുടെ സംഹാര താണ്ഡവം മാത്രം.

ആ വനത്തിന്റെ ഒത്ത മധ്യത്തിലായി അതി മനോഹരമായ ഒരു വെള്ളച്ചാട്ടം അനുസ്യൂതമായി ജല പ്രവാഹം നടത്തിക്കൊണ്ടിരുന്നു.

മാനം മുട്ടെ വലിപ്പമുള്ള ആ വെള്ളച്ചാട്ടത്തിലൂടെ വരുന്ന ജലം താഴെയുള്ള വലിയ ശിലകളെ തച്ചു തകർത്തുകൊണ്ടു ഒഴുകികൊണ്ടിരുന്നു.

ആ വെള്ളച്ചാട്ടത്തിനു സമീപമുള്ള കാടും പടലും മൂടിയ ഗുഹയിലെ വിള്ളലിലൂടെ നേരിയ തോതിൽ വെളുത്ത പുക അന്തരീക്ഷത്തിലേക്ക് അലിഞ്ഞു ചേരുന്നുണ്ടായിരുന്നു.

സാമാന്യം വലിപ്പമുള്ള ആ ഗുഹയിൽ മധ്യത്തിലായി എരിയുന്ന ഹോമാകുണ്ഡത്തിനു സമീപം അപ്സരസ്സിനെ പോലൊരുവൾ മിഴികൾ പൂട്ടി വച്ചു ധ്യാനനിമഗ്നയായിരുന്നു.

അവളുടെ അഭൗമ്യ സൗന്ദര്യവും കടഞ്ഞെടുത്ത അംഗലാവണ്യവും ആരെയും കൊതിപ്പിക്കുന്നതായിരുന്നു.

അവളുടെ മേനിയോട് ചേർന്നു കിടന്ന പുലിത്തോൽ കൊണ്ടുള്ള വസ്ത്രം കാടിന്റെ വന്യത അവൾക്ക് സമ്മാനിച്ചു.

ധ്യാനത്തിൽ ആണെങ്കിൽ കൂടിയും ആ പവിഴാധരങ്ങളിൽ ഒരു മന്ദഹാസം തൂകി നിന്നു.

പതിയെ അവർക്ക് മുന്നിലുള്ള ഹോമാകുണ്ഡത്തിലുള്ള തീജ്വാല ക്രമേണ ഇരട്ടിയായി വർധിച്ചു.

ഒരാൾ പൊക്കത്തിൽ തീ ജ്വാലകൾ ഉയർന്നതും ആ സ്ത്രീ നിശബ്ദമായി എന്തോ മന്ത്രിച്ചു.

മന്ത്രണം അവസാനിച്ചതും തീജ്വാലകൾ രൂപംകൊണ്ടു ഒരു ബാണമായി മാറി.

സ്വർണ വർണമായ ആ ബാണത്തിനു മുൻപിൽ വെളുത്ത താമരപ്പൂവ് ആയിരുന്നു ഉണ്ടായിരുന്നത്.

ആ ബാണം പ്രത്യക്ഷമായതും സ്ത്രീ ധ്യാനം അവസാനിപ്പിച്ചു മിഴികൾ പതിയെ തുറന്നു.

തീയിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന സ്വർണ ബാണം കണ്ടു ആ മാൻപേട മിഴികൾ വിടർന്നു.

തിളങ്ങുന്ന കണ്ണുകളോടെ അവൾ ആംഗ്യം കാണിച്ചതും ആ ബാണം ധനുസ്സിൽ നിന്നും എയ്ത പോലെ മുന്നോട്ട് കുതിച്ചു.

അത് പോയി കഴിഞ്ഞതും ആ മുഖത്തു ക്രൂരമായ ഒരു പുഞ്ചിരി വിടർന്നു.

ഗുഹയിൽ നിന്നും പുറപ്പെട്ട ആ ബാണം മൈലുകൾ താണ്ടി ഒരുപാട് ദൂരം സഞ്ചരിച്ചു അവസാനം ദേശം ഗ്രാമത്തിലേക്കെത്തിച്ചേർന്നു.

ചായക്കടയിൽ ഇരിക്കുന്ന അനന്തുവിനെ കണ്ടതും തന്റെ ലക്ഷ്യം കണ്ടെത്തിയതും വ്യഗ്രതയിൽ അത് പാഞ്ഞു വന്നു അനന്തുവിന്റെ ഹൃദയത്തിൽ ചെന്നു തറച്ചു.

അപ്രത്യക്ഷമായിരുന്ന ആ ബാണം ആരുടെയും ശ്രദ്ധയിൽ പെട്ടില്ല.

നെഞ്ചിൽ അസ്ത്രം തറച്ചതും പൊടുന്നനെ അനന്തുവിന് മനസ് സ്വബോധത്തിൽ നിന്നും ഉപബോധ മനസിലേക്ക് വഴിമാറി.

ഉപബോധ മനസിലൂടെ ആരോ തരുന്ന നിർദേശങ്ങൾക്ക് അനുസരിച്ചു അവൻ അവിടെ നിന്നും എണീറ്റു.

നേരെ ഉള്ളിലേക്ക് ചെന്നതും പുറം തിരിഞ്ഞു നിൽക്കുന്ന രാധയുടെ മുഴുത്ത നിതംബവും ബ്ലൗസിനും മുണ്ടിനും ഇടയിലൂടെ നേർത്ത ചാലു പോലെ കാണുന്ന വെളുത്ത് കൊഴുത്ത വയറിലുമാണ് കണ്ണുകൾ പതിഞ്ഞത്.

അത് കണ്ടതും അനന്തുവിന്റെ ഉള്ളിൽ മോഹം ഉദിച്ചു.

വെള്ളം തന്ന രാധയെ ചേർത്തു പിടിച്ചതും ചുംബിക്കാനൊരുങ്ങിയതും ആരോ ഒരാൾ അവന്റെ ഉള്ളിൽ നിന്നും പറഞ്ഞു തന്നതുകൊണ്ടായിരുന്നു.

അവൻ ആ നിർദേശങ്ങൾ അക്ഷരം പ്രതി അനുസരിച്ചു.

കാമത്തോടെ അവളുടെ തേനൂറുന്ന അധരങ്ങളിൽ ചുംബിക്കാനൊരുങ്ങിയതും പൊടുന്നനെ പുറകിൽ ഉണ്ടായ സ്ഫോടന ശബ്ദം കേട്ടപ്പോഴാണ് അനന്തു രാധയിൽ നിന്നും വിട്ടു മാറി പുറത്തേക്കിറങ്ങി പോകുന്നത്.

പുറത്തു വന്നപ്പോഴാണ് അനന്തു സ്വബോധത്തിലേക്ക് തിരിച്ചു വന്നത്.

പക്ഷെ തൊട്ട് മുൻപ് സംഭവിച്ചതൊന്നും അവന്റെ ബോധ മണ്ഡലത്തിൽ ഉണ്ടായിരുന്നില്ല.

അനന്തു കടയുടെ പുറത്തേക്ക് ഇറങ്ങിവരുന്നത് ദിവ്യദൃഷ്ടിയിലൂടെ ഗുഹയിലിരുന്ന സ്ത്രീ ദർശിച്ചു.

അത് കണ്ടതും കോപം കൊണ്ടു തിളക്കുന്ന മുഖവുമായി അവൾ കണ്ണു തുറന്നു.

ആ മാൻ പേടമിഴികൾ കനല് പോലെ ചുവന്നു വന്നു.

പക കൊണ്ടു വിറക്കുന്ന ഉടലുമായി അവൾ എരിയുന്ന ഹോമാകുണ്ഡത്തിലേക്ക് നോക്കി അലറി.

"നിന്റെ കൈവശമുള്ള ത്രൈലോക്യ വശീകരണ മന്ത്രം ഞാൻ നേടിയെടുക്കും അഥർവ്വാ..

അതിന് ശേഷം നിന്റെ മരണം.

നിന്റെ മരണ ദൂതുമായി ഞാനിതാ വരികയായി.

ഇനി വരുന്ന പൗർണമി നാളിൽ നീ എന്റേതാകും.

അതിനു ശേഷം ഞാൻ നിനക്ക് മരണം വിധിക്കും.

അതുവരെ എന്റെ കഴുകൻ കണ്ണുകളിൽ നിനക്ക് മോചനമില്ല

ഹ ഹ ഹ ഹ"

അമാലികയുടെ അലർച്ച ആ ഗുഹയിലാകെ പ്രതിധ്വനിച്ചു.

ആരാണ് അവൾ?

അഥർവ്വന്റെ മരണ ദൂതുമായി വരുന്നവൾ ?

അമാലിക.......അമാലിക

മുറിയിൽ നിന്നും മാലതിയും ശിവയും ഇറങ്ങിപോയപ്പോഴേക്കും വല്ലാത്തൊരു ശൂന്യത അനന്തുവിന് അനുഭവപ്പെട്ടു.

ഒരുതരം ഒറ്റപ്പെടൽ.

തങ്ങൾ 3 പേരും ഇപ്പൊ അനാഥരായ പോലെ.

ഈ കുടുംബത്തിൽ തങ്ങൾ അധികപറ്റായ പോലെ

ഓരോന്ന് ഓർക്കുന്നതോറും അനന്തുവിന് ചങ്ക് പെടയ്ക്കുന്ന പോലെ തോന്നി.

അവൻ നെഞ്ചിൽ ഉഴിഞ്ഞുകൊണ്ട് ഉത്തരത്തിൽ കറങ്ങുന്ന ഫാനിലേക്ക് കണ്ണും നട്ട് കിടന്നു

ഈ വീട്ടിലേക്ക് കയറി വന്നപ്പോൾ ഒരുപാട് പ്രതീക്ഷകൾ ഉണ്ടായിരുന്നു.

ഇതുവരെ അനുഭവിച്ച ദാരിദ്ര്യത്തിന് ഒരറുതി വരുമെന്നും ഇതുവരെ ലഭിക്കാത്ത ബന്ധുജനങ്ങളുടെ സ്നേഹം അനുഭവിക്കാമെന്നും വൃഥാ സ്വപ്നം കണ്ടു.

എല്ലാം വെറുതെയായിരുന്നു ബന്ധുക്കൾ ശത്രുക്കൾ എന്ന് പറയുന്നത് എത്ര സത്യമാണ്.

അതിന്റെ സാധുത ഇപ്പോഴാണ് തിരിച്ചറിയുന്നത്.

രക്തബന്ധത്തിന് തന്നെയാണ് തന്നോടുള്ള ദേഷ്യവും വാശിയും.

അതും സ്വന്തം ജ്യേഷ്ഠൻ.

നിരാശയോടെ അനന്തു നെടുവീർപ്പെട്ടു.

കൂലങ്കഷമായ മനസിനെ അടക്കി നിർത്തുന്നതിൽ അവൻ പരാജയപ്പെട്ടു.

പെട്ടെന്നാണ് അവന്റെ തലയിൽ ഒരു കൊള്ളിയാൻ മിന്നിയത്.

ശിവജിത്ത് കഴുത്തിൽ പിടി മുറുക്കിയ സമയത്ത് കണ്ണിൽ തെളിഞ്ഞ ആ മുറിച്ചെവിയന്റെ മുഖം.

ക്ലീൻ ഷേവ് ചെയ്ത താടിയും കട്ടി മീശയും വെട്ടേറ്റ പുരികവുമായി ക്രൂരമായ പുഞ്ചിരിയോടെ തന്നെ നോക്കിയവൻ.

ആരാണവൻ?

അയാളുമായി തന്റെ ബന്ധം എന്താ?

എന്തിനാണ് ഇങ്ങനെ ഓരോരോ നിഴൽ ചിത്രങ്ങൾ കണ്മുൻപിൽ തെളിയുന്നത്?

ഇതൊക്കെ കൂടി ഭ്രാന്തിന്റെ താഴ്‌വരയിലേക്ക് തന്നെ തള്ളിയിടുന്നു.

ഭ്രാന്തിന്റെ ആഗാധതയിലേക്ക് താൻ വീണു പോകുന്നു.

അച്ചിൽ നിർമിച്ച പോലെ ആ മുഖം ഇപ്പോഴും തന്റെ മനസിലുണ്ട്.

അത് കാണുന്തോറും പകയും വിദ്വേഷവും തന്നിൽ നുരഞ്ഞു പൊന്തുന്നു.

അയാളെ കൊല്ലാനുള്ള കലി മനസിലേക്ക് അലയടിക്കുന്നു.

തനിക്ക് ആരോടും ഇത്രയും ദേഷ്യം ഇതുവരെ തോന്നിയിട്ടില്ല.

എന്തിന് ജിത്തേട്ടനോട് പോലും തോന്നിയിട്ടില്ല.

പക്ഷെ അയാളുടെ മുഖം കാണുമ്പോൾ ആ മുറി ചെവി കാണുമ്പോൾ തനിക്ക് നിയന്ത്രിക്കാൻ സാധിക്കുന്നില്ല.

ക്രോധം തന്റെ സിരകളിലൂടെ രക്തത്തിന് പകരമായി ഓടിക്കൊണ്ടിരിക്കുന്നു

മുഖത്തെ പേശികൾ വലിഞ്ഞു മുറുകിയതും അനന്തു തലയിണയിൽ മുഖമമർത്തി കിടന്നു.

ഒരാശ്വാസത്തിനെന്നവണ്ണം
.
.
അന്നത്തെ ദിവസം മുഴുവൻ തേവക്കാട്ട് കുടുംബാംഗങ്ങളുടെ സംസാര വിഷയം ഇതു തന്നെയായിരുന്നു.

മാലതിയും മക്കളും അടുത്ത ദിവസം തേവക്കാട്ട് മനയുടെ പടിയിറങ്ങുമെന്ന് ഏകദേശം ഉറപ്പായി.

ശങ്കരൻ അടക്കം പലരും മാലതിയെ ഇതിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചു.

പല അനുരഞ്ജന നീക്കങ്ങളും നടത്തി.

പക്ഷെ മാലതി തന്റെ തീരുമാനത്തിൽ തന്നെ ഉറച്ചു നിന്നു.

ശില പോലെ.

ആർക്കും ആ മാതൃഹൃദയത്തിൽ ഉണ്ടായ മുറിവുണക്കാൻ കഴിഞ്ഞില്ല.

ഒരു തരത്തിൽ പറഞ്ഞാൽ അവരെ സംബന്ധിച്ചു അതൊരു കാള രാത്രി തന്നെയായിരുന്നു.

എങ്ങും കനത്ത ദുഃഖം മാത്രം ഘനീഭവിക്കുന്നു.

ഈ വാർത്ത ശിവജിത്തിനെ ഏറെ ആനന്ദിപ്പിച്ചു.

എന്നാൽ മീനാക്ഷിയെ സംബന്ധിച്ചു ഇതൊരു ഓർക്കപ്പുറത്തേറ്റ തിരിച്ചടിയായിരുന്നു.

തന്റെ കൈക്കുമ്പിളിൽ നിന്നും വഴുതിപോയ സ്വർണ മത്സ്യത്തിനെ പോലെ അനന്തുവിന് വേണ്ടി അവൾ കേണു.

ശിവജിത്തിനെ പോലെ തന്നെ ഈ വാർത്ത കേട്ട് പുളകിതയായ മറ്റൊരാൾ കൂടി മനയിലുണ്ടായിരുന്നു.

ലക്ഷ്മി

അനന്തുവിന്റെ ശല്യം ഇതോടെ തീർന്നു
കിട്ടുമെന്ന് ഉറപ്പായ അവൾ തന്റെ മുറിയിലെ സ്വകാര്യതയിൽ സമയം കഴിച്ചു.

ദേവന്റെ ഓർമകളും പേറി.

മുറിയിൽ കിടന്നിട്ട് ഒട്ടും ഉറക്കം വരാതിരുന്ന അനന്തു പയ്യെ എണീറ്റ് പുറത്തേക്കിറങ്ങി നടന്നു.

അഞ്ജലിയുടെ മുറിയായിരുന്നു ലക്ഷ്യം.

തെക്കിനി അറിയിലേക്ക് എത്തിയതും റൂമിലെ വെളിച്ചം കണ്ടപ്പോൾ അഞ്ജലി ഉറങ്ങിയിട്ടില്ലെന്ന് അവന് മനസിലായി.

മുറിയിലേക്ക് കയറിയതും ജനൽപ്പടിയിൽ തല ചായ്ച്ചു ആകാശത്തേക്ക് കണ്ണും നട്ടിരിക്കുന്ന അഞ്ജലിയെയാണ് അവന്റെ കണ്മുന്നിൽ തെളിഞ്ഞത്.

നീല പട്ടു പാവാടയും ബ്ലൗസും ആയിരുന്നു അവളുടെ വേഷം.

നനവുള്ള കേശഭാരം മുതുകിലേക്ക് വിടർത്തിയിട്ടിരിക്കുന്നു.

കുളി കഴിഞ്ഞ് ഇപ്പൊ വന്നതേയുള്ളു എന്ന് സാരം.

അനന്തു പതിയെ നടന്നു വന്നു അഞ്ജ്ജലിക്ക് സമീപമുള്ള കസേരയിൽ ഇരുന്നു.

അപ്പോഴാണ് അവൾ അനന്തു റൂമിലേക്ക് വന്നത് പോലും ശ്രദ്ധിച്ചത്.

അവന്റെ കണ്ണിലേക്കു അവൾ ഉറ്റു നോക്കി.

ആ നോട്ടം അനന്തുവിനെ വല്ലാതെ പിടിച്ചുലച്ചു.

എന്തൊക്കെയോ അർഥതലങ്ങൾ മറഞ്ഞിരിക്കുന്ന അവളുടെ കലങ്ങിയ മിഴികൾ.

അവ ചുവന്നു തിണിർത്തിരിക്കുന്നു.

ചുവന്ന രക്തക്കുഴലുകൾ പൊന്തി നിൽക്കുന്നു.

അധരങ്ങൾ വല്ലാതെ വിറയ്ക്കുന്നു.

തേങ്ങൽ പുറത്തേക്ക് വരാതിരിക്കാൻ കടിച്ചു പിടിച്ചിരിക്കുന്നത് പോലെ അഞ്ജലിയുടെ ആ ഭാവം കണ്ടതും അനന്തുവിന്റെ നെഞ്ചോന്നു കാളി.

"മോളെ അഞ്ജലി"

ആർദ്രമായ ആ ഒരൊറ്റ വിളിയിൽ അഞ്ജലി മുള ചീന്തും പോലെ പൊട്ടി കരഞ്ഞു.

കണ്ണുനീർ ധാരയായി ഒഴുകി തുടങ്ങി.

അനന്തു മുന്നോട്ടേക്ക് ആഞ്ഞ് അവളെ ചേർത്ത് പിടിച്ചു.

അവന്റെ ചുമലിൽ അഞ്ജലി മുഖം പൂഴ്ത്തി തേങ്ങിക്കൊണ്ടിരുന്നു.

അവളുടെ കവിളിൽ നിന്നും ഇറ്റു വീണ അശ്രു അവന്റെ നെഞ്ചിനെ പൊള്ളിച്ചുകൊണ്ട് ഒഴുകി.

ആ കരവലയത്തിൽ കിടന്നതും അഞ്ജലിയുടെ തേങ്ങൽ നേർത്തു വരാൻ തുടങ്ങി.

ആ കരവലയത്തിന് എന്തോ മാന്ത്രികത ഉള്ളപോലെ.

അൽപ നേരം കൊണ്ട് അഞ്ജലിയുടെ മനസിൽ ആശ്വാസ തരംഗങ്ങൾ ഓടിയെത്തി തുടങ്ങി

കരച്ചിൽ നേർത്തു വന്നതും അനന്തു അവളുടെ മുഖം കോരിയെടുത്ത് ആ നെറ്റിത്തടത്തിൽ പതിയെ ചുംബിച്ചു.

ആ ചുംബനം അവളുടെ ശരീരത്തിലേക്ക് കനത്ത കുളിരു പ്രവഹിപ്പിച്ചു.

അതോടെ അഞ്ജലിയുടെ മനസിലെ സംഘർഷങ്ങളും വേദനകളും ലഘൂകരിക്കപ്പെട്ടു.

ഒരു കുഞ്ഞിനെ പോലെ അവന്റെ മാറിൽ അവൾ പറ്റിച്ചേർന്നു.

അവസാന തുള്ളി നീർമുത്തും അനന്തു അഞ്ജലിയുടെ കണ്ണിൽ നിന്നും ഒപ്പിയെടുത്തു.

അപ്പോഴും അവന്റെ ചുമലിൽ തല ചായ്ക്കാൻ അവൾ വെമ്പി.

അനന്തുവിന്റെ നോട്ടം നേരിടാനാവാതെ അഞ്ജലി കണ്ണുകൾ മുറുകെ പൂട്ടി

അപ്പോഴും അവർക്കിടയിൽ നിശബ്ദത മാത്രമായിരുന്നു.

കൂട്ടിനായി അവർ ഇരുവരുടെയും നിശ്വാസങ്ങളും.

അൽപ സമയം കഴിഞ്ഞതും അഞ്ജലി കണ്ണു തുറന്ന് അനന്തുവിനെ നോക്കി.

ആ കണ്ണുകൾ എന്തോ ആവശ്യപ്പെടുന്ന പോലെ അനന്തുവിന് തോന്നി.

"നന്ദുവേട്ടാ എന്നെ മടിയിലിരുത്തുവോ? "

അഞ്ജലിയുടെ കെഞ്ചൽ തിരസ്കരിക്കാൻ അവന് കഴിഞ്ഞില്ല.

അത് കേട്ടതും ഒരു പുഞ്ചിരി അവന്റെ അധരങ്ങളിൽ മോട്ടിട്ടു.

"ശരി പെണ്ണേ"

അനന്തു സമ്മതം അറിയിച്ചതും അഞ്ജലിയുടെ കണ്ണുകൾ തിളങ്ങി.

വീൽ ചെയറിൽ ഇരുന്നുകൊണ്ട് അവൾ അവന് നേരെ കൈ നീട്ടി.

അതു കണ്ടതും പുഞ്ചിരിയോടെ അനന്തു എണീറ്റു വന്നു അവളിലേക്ക് ചാഞ്ഞു.

ഇടുപ്പിൽ അവന്റെ കൈ പതിഞ്ഞതും അതിനിടയിൽ പെട്ട നേർത്ത ബ്ലൗസ് ചുക്കി ചുളിഞ്ഞു അഞ്ജലിയെ ഇക്കിളിപ്പെടുത്തി.

അവളുടെ ഇടുപ്പിലെ മാംസളതയെ മറയ്ക്കുന്നതിൽ ബ്ലൗസ് പൂർണമായും പരാജയമായി മാറി.

കയ്യിൽ അനുഭവപ്പെട്ട പതുപതുപ്പ് അവഗണിച്ചുകൊണ്ട് അനന്തു അഞ്ജലിയെ പതിയെ കോരിയെടുത്ത് തന്റെ മടിയിലിരുത്തി.

അവന്റെ വയറിലൂടെ അഞ്ജലി ചുറ്റി പിടിച്ചു.

ബ്ലൗസ്സിൽ ഉന്തി നിൽക്കുന്ന അവളുടെ മാർക്കുടങ്ങൾ അനന്തുവിന്റെ നെഞ്ചിൽ ഞെരിഞ്ഞമർന്നു.

ഓറഞ്ചിനോളം മുഴുപ്പുള്ള രണ്ടു മുയൽ കുഞ്ഞുങ്ങൾ.

"അതേയ് ഇവർക്കൊക്കെ ശ്വാസം മുട്ടുന്നുണ്ടാവും "

അവളുടെ മാറിലേക്ക് ചൂണ്ടിക്കൊണ്ട് അനന്തു പറഞ്ഞു.

"ഷീ വഷളൻ "

അഞ്ജലി ചമ്മലോടെ കണ്ണുകൾ പൂട്ടി വച്ചു.

അവനെ നേരിടാൻ അവൾ ബുദ്ധിമുട്ടി.

അനന്തു ഒരു ചിരിയോടെ അഞ്ജലിയെ ചേർത്ത് പുണർന്നു.

അപ്പോൾ അവൾ മുഖം ഉയർത്തി അവന്റെ കവിളിൽ പല്ലുകൾ താഴ്ത്തി.

"ആാഹ് വേദനിക്കുന്നു പെണ്ണേ"

അനന്തു കിടന്നു പുളഞ്ഞു.

"വഷളത്തരം പറഞ്ഞിട്ടല്ലേ?"

അവൾ ചുണ്ട് കൂർപ്പിച്ചു.

"അയ്യേ ഇതിനൊക്കെ ആരേലും വഷളത്തരം എന്ന് പറയുമോ?"

"പിന്നെ പറയാതെ"

"അതെന്താ അമ്മിഞ്ഞ അത്ര മോശപ്പെട്ട വാക്കാ?"

അനന്തുവിന്റെ ചോദ്യം കേട്ടതും നാണം കൊണ്ട് കൂമ്പിയടഞ്ഞ മിഴികളുമായി അഞ്ജലി വീണ്ടും അവന്റെ ചുമലിൽ മുഖം പൂഴ്ത്തി.

ഇതൊക്കെ കേൾക്കുമ്പോൾ ശരീരമാകെ കോരിത്തരിക്കുന്ന പോലെ അവൾക്ക് തോന്നി.

രോമകൂപങ്ങൾ വരെ പൊന്തി നിക്കുന്നു.

ശ്വാസഗതി ക്രമേണ കൂടുന്നു.

അനന്തുവിന്റെ നെഞ്ചിനെ ഉരുമ്മിക്കൊണ്ട് മാറിടം പൊങ്ങി താഴുന്നു.

ഒരു വിഷറി പോലെ.

തന്റെ ശരീരത്തിലുണ്ടായ മാറ്റങ്ങൾ കണ്ട് അവൾക്ക് അത്ഭുതം തോന്നി.

അനന്തു അഞ്ജലിയുമായുള്ള ഈ സംസാരം വളരെയധികം ആസ്വദിക്കുന്നുണ്ടായിരുന്നു.

പക്ഷെ കാമം എന്ന വികാരം അപ്പോഴും അവനെ കീഴ്പ്പെടുത്തിയിരുന്നില്ല.

കാരണം അഞ്ജലി അവന്റെ എല്ലാമായിരുന്നു.

വീണ്ടും അവർക്കിടയിൽ മൗനം തളം കെട്ടി കിടന്നു.

അഞ്ജലി അവന്റെ ചുമലിൽ മുഖം പൂഴ്ത്തി കിടന്നു.

അനന്തു ആകാശത്തേക്ക് കണ്ണു നട്ടു.

അവിടെ പരിമിതമായ നക്ഷത്ര കൂട്ടങ്ങളേയെ അവന് കാണാൻ സാധിച്ചുള്ളൂ.

ചെറിയൊരു മഴക്കാർ ഉള്ളതുപോലെ.

നല്ല ശീതളിമയാർന്ന തെന്നൽ ആ മുറിയിലേക്ക് പതിയെ ഒഴുകിയെത്തി.

അത് അവർ ഇരുവരെയും ഒരുപോലെ തൊട്ടു തലോടി കടന്നുപോയി.

"അതേയ് മാഡം"

അനന്തുവിന്റെ വിളി കേട്ട് അഞ്ജലി തല
പൊക്കി നോക്കി.

"എന്താ നന്ദുവേട്ടാ?"

"ഇതിൽ പാലുണ്ടോ?"

വീണ്ടും അവളുടെ മാറിലേക്ക് അവന്റെ ചൂണ്ടു വിരൽ നീണ്ടു.

അതു കേട്ടതും നാണത്തിന്റെ ചുവപ്പ് രാശികൾ അവളുടെ തുടുത്ത കവിളുകളിൽ തെളിഞ്ഞു തുടങ്ങിയിരുന്നു.

"ഇല്ല നന്ദുവേട്ടാ പാല് കുച്ചണോ എന്റെ ചെക്കന്?"

"വേണം"

അനന്തു തലയാട്ടി.

"എന്നാ കുച്ചോ ദാ "

അഞ്ജലി അവന് നേരെ തന്റെ മാറിടം തള്ളിച്ചു കാണിച്ചു.

അത് കണ്ടതും അനന്തുവിന്റെ കണ്ണു മിഴിച്ചു വന്നു.

അവളുടെ ചെന്നിയിലൂടെ ഒഴുകിയിറങ്ങിയ ശ്വേത കണം ശംഖഴകുള്ള കഴുത്തിനെ ചുംബിച്ചുകൊണ്ട് പതിയെ ബ്ലൗസ്സിൽ തള്ളി നിൽക്കുന്ന രണ്ടു ഗോളങ്ങളുടെ താഴ്വാരങ്ങളിലേക്ക് യാത്രയായി.

ചുണ്ട് കടിച്ചു പിടിച്ചു അഞ്ജലി കണ്ണിറുക്കിയതും അവളുടെ വശ്യതയാർന്ന മുഖഭാവം അനന്തുവിനെ പരവേശനാക്കി.

അവളുടെ ഇടുപ്പിൽ അനന്തു കൈ നീട്ടി ശക്തിയിൽ പിച്ചി.

"ഹൌ "

വേദന കൊണ്ട് അഞ്ജലി തുള്ളി പോയി.

അത്ര ശക്തിയിൽ ആയിരുന്നു അനന്തു അവിടെ നുള്ളിയത്.

അവൾ അവിടെ തടവിക്കൊണ്ട് മുഖം ചുളിച്ചു.

"ദുഷ്ടൻ അവിടുത്തെ ഇറച്ചി പറിച്ചെടുത്തൂന്നാ തോന്നണേ വേദനിക്കുന്നു"

ചുണ്ട് കൂർപ്പിച്ചു അവൾ അനന്തുവിനെ നോക്കി.

അത് കണ്ടതും അനന്തുവിന് പാവം തോന്നി.

"എവിടെ ഞാൻ നോക്കട്ടെ"

അനന്തു അങ്ങോട്ട് കൈ നീട്ടിയതും അഞ്ജലി അത് തട്ടി മാറ്റി.

അനന്തു വീണ്ടും ബലം പ്രയോഗിച്ചതും അവൾ അതിനു വഴങ്ങി.

അനന്തു അവളുടെ ഇടുപ്പിനോട് പറ്റിച്ചേർന്നു കിടക്കുന്ന ബ്ലൗസ് പൊന്തിച്ചു നോക്കി.

അവിടെ വട്ടത്തിൽ ചുവന്ന പാട് തണിർത്തു കിടപ്പുണ്ടായിരുന്നു.

അതിൽ നിന്നും ചോര തൊട്ടെടുക്കാവുന്ന പാകത്തിൽ.

അതു കണ്ടതും അനന്തുവിന് സങ്കടം ഇരട്ടിച്ചു.

അവൻ പയ്യെ ആ പാടിൽ വിരൽ ചേർത്ത് തഴുകി.

മൃദുലമായ ആ തഴുകൽ അഞ്ജലിയെ കുളിരണിയിച്ചു കൊണ്ടിരുന്നു.

പതിയെ അവിടെ തലോടുന്നത് നിർത്തിയ ശേഷം അനന്തു അങ്ങോട്ടേക്ക് മുഖം അടുപ്പിച്ചു.

അഞ്ജലിയുടെ ഇടുപ്പിലെ മാംസളതയിലെ പാടിൽ അധരങ്ങൾ അമർത്തി ചുംബിച്ചു.

"ശ് ശ് സ് സ്"

ആ ചുംബനം കിട്ടിയതും അവളിൽ നിന്നും ഒരു കുഞ്ഞു നിശ്വാസം പുറത്തേക്ക് വന്നു.

അഞ്ജലിക്ക് മുള്ളിൽ നിക്കുന്ന പോലെ തോന്നി.

ആ ചുംബനത്തിന്റെ ആലസ്യത്തിൽ അനന്തുവിന്റെ മുതുകിൽ അവളുടെ വിരലുകൾ ആഴ്ന്നിരുന്നു.

"ഇപ്പൊ വേദന പോയോ?"

"ഉം "

അഞ്ജലി തലയാട്ടി.

അതു കണ്ടതും അനന്തു പുഞ്ചിരിച്ചു.

"ഇങ്ങനെ വേദന മാറാൻ ഉമ്മ തരുവോ നന്ദുവേട്ടൻ?"

"അതിനെന്താ തരാലോ"

അനന്തു പറഞ്ഞത് കേട്ടതും അവളുടെ മുഖം പൗർണ്ണമി പോലെ തെളിഞ്ഞു.

ആ പ്രകാശമേറ്റ് ദുഃഖത്തിന്റെ കാർമേഘങ്ങൾ ആ മുഖത്തെ വിട്ടകന്നു.

പൊടുന്നനെ അഞ്ജലി തന്റെ കൈത്തണ്ടയിൽ സ്വയം പിച്ചി.

"ശ് ശ് ശ് "

സ്വയം മുളക് കടിച്ച പോലെ അവൾ എരിവ് വലിച്ചു കയറ്റി.

എന്നിട്ട് ഒളികണ്ണോടെ അവനെ നോക്കി.

അഞ്ജലിയുടെ ഓസ്കാർ അഭിനയം കണ്ട അനന്തു കള്ള ചിരിയോടെ അവളുടെ കൈ തണ്ടയിൽ പതിയെ ചുണ്ടുകൾ ചേർത്തു.

"ഇവിടേം വേദനയുണ്ട് നന്ദുവേട്ടാ "

കൈ തണ്ടയിലെ ചുംബനം ഏറ്റു വാങ്ങി നിമിഷങ്ങൾക്കകം അവൾ സ്വന്തം കവിളിൽ തൊട്ടു കാണിച്ചു.

അതു കണ്ടതും അനന്തു അഞ്ജലിയുടെ തുടുത്ത മിനുസമാർന്ന കവിളിണയിൽ പതിയെ ഒന്ന് ചുംബിച്ച ശേഷം പല്ലുകൾ അമർത്തി കടിച്ചു.

"സ് സ് സ് വേദനിക്കുണൂ നന്ദുവേട്ടാ "

അഞ്ജലി കൊഞ്ചി.

ചിമ്മിയടയുന്ന ആ കണ്ണുകളിൽ തന്നെയായിരുന്നു അനന്തുവിന്റെ നോട്ടം മുഴുവൻ.

അനന്തുവിന്റെ ഓരോ ചുംബനങ്ങളും അവളെ പുളകം കൊള്ളിച്ചു.

"ദേ ഇവിടെ ഭയങ്കര വേദനയാ "

കഴുത്തിൽ അവൾ തൊട്ടു കാണിച്ചു.

അനന്തുവിന്റെ അധരങ്ങൾ അടുത്തതായി പതിഞ്ഞതും അവിടെ തന്നെ.

പിൻകഴുത്തിൽ അവന്റെ ചുണ്ടുകൾ പതിഞ്ഞതും അഞ്ജലി ഒന്നു കുറുകി.

മുഖത്തു ഓരോ കോണിലും അഞ്ജലി തൊട്ടു കാണിച്ചു.

അവിടാകമാനം അനന്തുവിന്റെ ചുണ്ടുകൾ ഓടി നടന്നു.

അവസാനം അവൾ കള്ള ചിരിയോടെ അവനെ നോക്കി.

അനന്തു എന്താണെന്ന മട്ടിൽ അവളെയും ഉറ്റു നോക്കി.

അഞ്ജലി പതിയെ ബ്ലൗസിന്റെ മുൻഭാഗം മാറിടം വരെ ഉയർത്തി പിടിച്ചു.

അതിനു ശേഷം തന്റെ പൊക്കിളിൽ അവൾ തൊട്ടു കാണിച്ചു.

"ദേ ഇവിടെയും വേദനയാ നന്ദുവേട്ടാ വേഗം ഉമ്മ താ "

അഞ്ജലിയുടെ കൊഞ്ചൽ കേട്ട് അനന്തുവിന്റെ കണ്ണുകൾ അങ്ങോട്ടേക്ക് പാറി.

മടക്കു വീണ അണിവയറിൽ തന്നെ എത്തി നോക്കുന്ന നയന മനോഹരമായ പൊക്കിൾ ചുഴി.

ആരെയും വശീകരിക്കാൻ പോന്ന അത്രയും ഭംഗി അതിനുണ്ട്.

ഏതൊരു ആണിനെയും വശീകരിക്കാൻ പോന്ന വിധം ഒരു പെണ്ണിന്റെ കയ്യിലുണ്ടാകുന്ന ഏറ്റവും വലിയ വശീകരണ തന്ത്രം അഥവാ വശീകരണ മന്ത്രം
അതു നാഭിച്ചുഴി തന്നെയാണ്.

ആരെയും മോഹിപ്പിക്കുന്ന ഒറ്റക്കണ്ണ്.

അതു കണ്ടതും അനന്തുവിനു അതിശയം തോന്നി.

അഞ്ജലിയുടെ അണിവയറിന്റെ ഭംഗിയും പൊക്കിൾ ചുഴി ഒരേ സമയം ഇരട്ടിപ്പിക്കുന്നു.

അവൻ അതിൽ തന്റെ വിരലിട്ട് ഒന്നു കറക്കി.

"ആാാഹ്

അഞ്ജലി അവന്റെ മടിയിൽ കിടന്നു വിറച്ചു.

അതുകണ്ടതും അവന് ചിരിയടക്കാൻ പറ്റിയില്ല.

അഞ്ജലി ചമ്മലോടെ അവന്റെ ചുമലിൽ വീണ്ടും മുഖം പൂഴ്ത്തി കിടന്നു.

അവളുടെ ബ്ലൗസ് താഴ്ത്തി തിരശീലയെന്ന പോലെ ആ കാഴ്ച്ചയെ മറച്ചു

അതിനു ശേഷം അഞ്ജലിയുടെ മുഖം പയ്യെ കൈക്കുമ്പിളിൽ കോരിയെടുത്തു.

"ഇപ്പൊ അഞ്ജലിക്കുട്ടി ഹാപ്പിയായോ?"

"ഉം "

ആയല്ലോ അവൾ സന്തോഷത്തോടെ തല കുലുക്കി.

അനന്തുവുമായുള്ള ഈ സംസാരം അവൾക്ക് നന്നേ ഇഷ്ട്ടപ്പെട്ടു.

"ഇനി പറ എന്തിനാ നേരത്തെ വിഷമിച്ചിരുന്നേ? കരഞ്ഞേ?"

അവന്റെ ചോദ്യം കേട്ടതും അഞ്ജലിയുടെ ഉണ്ടകണ്ണുകൾ ചെറുതായി ചുരുങ്ങുകയും വികസിക്കുകയും ചെയ്തു.

"നന്ദുവേട്ടൻ പോകുവാണെന്നു കേട്ടു ശരിയാണോ?"

നിസംഗതയോടെയുള്ള ആ നോട്ടം അവന്റെ നെഞ്ചിലാണ് പതിഞ്ഞത്.

കുറ്റവാളിയെ പോലെ ആ ശിരസ് താണു.

അതേയെന്ന അർത്ഥത്തിൽ.

"സത്യാണോ നന്ദുവേട്ടാ എന്നെ വിട്ടു പോകുവാണോ?"

"പോകണം അഞ്ജലിക്കുട്ടി അമ്മയുടെ തീരുമാനമാ ഇനി ആരെക്കൊണ്ടും അതു മാറ്റാൻ സാധിക്കില്ല"

അനന്തു നിരാശയോടെ പറഞ്ഞു.

"ഞാൻ പറഞ്ഞു നോക്കാം മാലതിയാന്റിയോട് എന്നിട്ട് കാലു പിടിക്കാം"

അഞ്ജലി ഉദ്വേഗത്തോടെ അവനെ ഉറ്റു നോക്കി.

"അതുകൊണ്ടൊന്നും കാര്യമില്ല പെണ്ണെ അമ്മയ്ക്ക് വാശി കയറിയാൽ പിന്നെ ആരെക്കൊണ്ടും മാറ്റുവാൻ പറ്റില്ല"

അതുകൂടി കേട്ടതോടെ അവസാനമായി ഉണ്ടായിരുന്ന പ്രതീക്ഷയും അവളെ കൈ വിട്ടു.

"പോയി കഴിഞ്ഞാൽ നന്ദുവേട്ടൻ എന്നെ മറക്കുവോ?"

"എനിക്കതിനു പറ്റുമെന്ന് തോന്നുന്നുണ്ടോ നിനക്ക്?"

"എനിക്കറിയാം നന്ദുവേട്ടൻ എന്നെ മറക്കില്ലാന്ന് എന്റെ ചക്കരയേട്ടൻ ഉമ്മാ "

അനന്തുവിന്റെ കവിളിൽ തന്റെ ചുണ്ടുകൾ അമർത്തിയ ശേഷം അഞ്ജലി വീണ്ടും ആ ചുമലിലേക്ക് മുഖം പൂഴ്ത്തി.

അനന്തു അവളുടെ നെറുകയിൽ പതിയെ തലോടിക്കൊണ്ടിരുന്നു.

പെട്ടെന്നെന്തോ ഓർത്തപോലെ അഞ്ജലി തലയുയർത്തി നോക്കി.

"അയ്യോ നന്ദുവേട്ടാ അപ്പൊ അരുണിമ ചേച്ചിയോ?

ചേച്ചിയെ മിസ് ചെയ്യില്ലേ?"

അവളുടെ കണ്ണുകളിൽ തെളിഞ്ഞ വിഷാദ ഭാവം അനന്തുവിലേക്കും സംക്രമിക്കപ്പെട്ടു.

"മിസ് ചെയ്യും പെണ്ണെ എല്ലാരേയും മിസ് ചെയ്യും അരുണിമയെ,എന്റെ അഞ്ജലിക്കുട്ടിയെ, മുത്തശ്ശൻ, മുത്തശ്ശി,
ദേശം ഗ്രാമം പിന്നെ ആ ബുള്ളറ്റിനേയും"

"അതെന്താ ബുള്ളറ്റിനെ മിസ് ചെയ്യണേ?"

ആകാംക്ഷയോടെയുള്ള ആ ചോദ്യം കേട്ടതും അനന്തു പുഞ്ചിരിച്ചു.

"എനിക്കെല്ലാമെല്ലാമാണ് ആ ബുള്ളറ്റ് ഒരിക്കലും അവനോട് എനിക്കൊരു അപരിചിതത്വം തോന്നിയിട്ടില്ല.

മുൻപെപ്പോഴോ അതുമായി പരിചയമോ ബന്ധമോ ഉണ്ടായിരുന്നെന്ന് പലപ്പോഴും തോന്നി പോകാറുണ്ട് "

"എപ്പോഴൊക്കെ?"

"ആ ബുള്ളറ്റ് ഓടിക്കുമ്പോൾ"

"ശരിക്കും എനിക്ക് തോന്നാറുണ്ട് നന്ദുവേട്ടൻ ദേവൻ അമ്മാവന്റെ പുനർജ്ജന്മം ആണോയെന്ന്? "

"അതെന്താ അങ്ങനെ തോന്നിയെ?"

അനന്തു ചിരിയോടെ അഞ്ജലിയുടെ കുസൃതി കണ്ണുകളിൽ നോട്ടമെറിഞ്ഞു.

"അന്ന് നന്ദുവേട്ടൻ പറഞ്ഞിട്ട് ഞാൻ അരുണിമ ചേച്ചിയുടെ ചിത്രം വരച്ചില്ലേ?

അപ്പൊ തോന്നി ചേച്ചിയും നന്ദുവേട്ടനുമൊക്കെ പുനർജനിച്ചതാണോയെന്ന്?"

അഞ്ജലിയുടെ ഭീകരമായ സംശയം കേട്ട് അവൻ പൊട്ടിച്ചിരിച്ചു.

ആ ചിരി നിയന്ത്രിക്കാൻ പോലും അവന് കഴിഞ്ഞില്ല.

പൊടുന്നനെ സ്വിച്ചിട്ട പോലെ അവന്റെ ചിരിനിന്നു.

ആ കണ്ണുകളിൽ ഏതൊക്കെയോ തെളിയുന്നപോലെ അഞ്ജലിക്ക് തോന്നി.

"അഞ്ജലി അരുണിമ പുനർജ്ജന്മം ആണെന്ന് നിനക്ക് തോന്നാനുള്ള കാരണം? "

അനന്തു സംശയത്തോടെ അവളുടെ ഇരു തോളുകളിലും പിടിച്ചു കുലുക്കിക്കൊണ്ട് ചോദ്യം ആരാഞ്ഞു.

"അത് പിന്നെ ഞാൻ ആ ചേച്ചിയുടെ അതേ ഫോട്ടോസ് മുൻപ് കണ്ടിട്ടുണ്ട്"

"എവിടെ വച്ചു?"

അതു കേട്ടതും അനന്തുവിന്റെ കണ്ണുകൾ വജ്രം പോലെ വെട്ടി തിളങ്ങി.

അവന്റെ വെപ്രാളം കണ്ടതും അഞ്ജലിക്ക് ആകാംക്ഷയേറി.

"തെക്കിനിയിലെ നിലവറയിൽ"

"ഞാൻ താമസിക്കുന്നതിന്റെ അവിടെയോ?"

"അതു തന്നെ.. പണ്ടൊരിക്കൽ ഞങ്ങൾ സാറ്റ് കളിക്കുമ്പോ ഒളിക്കാനായി ആ നിലവറയിലേക്കാ ഞാൻ ഓടിക്കയറിയെ.

അപ്പൊ അബദ്ധവശാൽ ആ ഫോട്ടോ ഞാൻ കണ്ടിരുന്നു.പിന്നെ അന്ന് ആ ചിത്രം വരച്ചു കഴിഞ്ഞപ്പോഴാ എനിക്കിതൊക്കെ ഓർമ വന്നേ"

"എന്റെ മുത്തേ നീ അന്യയമാണ് "

അനന്തു അത്യാഹ്ലാദത്തോടെ അഞ്ജലിയെ ഇറുകെ പുണർന്നു.

അവന്റെ ചുണ്ടുകൾ അവളുടെ കവിളിണയിൽ ഇറക്കി വയ്ക്കാനും അവൻ മറന്നില്ല.

അഞ്ജലി സേതുരാമായ്യർ CBI യെ പോലെ അന്യായ ജാഡയൊക്കെ മുഖത്തേക്ക് വലിച്ചു കേറ്റി എന്തോ വല്യ കാര്യം കണ്ടുപിടിച്ചു എന്ന മട്ടിൽ ഇരുന്നു.

അനന്തു ഒരു കള്ള ചിരിയോടെ അഞ്ജലിയേയും കൊണ്ട് തെക്കിനി ഭാഗത്തേക്ക് നടന്നു.

അവിടെ ഓട്ടു പത്രങ്ങളും വാർപ്പും ചെമ്പും അങ്ങനെ കുറെ സ്ഥാപകജംഗമ വസ്തുക്കൾ കൂട്ടിയിട്ടയിടത്തേക്ക് അവർ എത്തി.

ഒരു കുഞ്ഞിനെ പോലെ അഞ്ജലിയെ തന്റെ ഒക്കത്ത് അനന്തു വച്ചിട്ടുണ്ടായിരുന്നു.

"അതു നോക്ക് നന്ദുവേട്ടാ"

അഞ്ജലി കൈ ചൂണ്ടി കാണിച്ച ഭാഗത്തേക്ക് അനന്തുവിൻറെ കണ്ണുകൾ പാഞ്ഞു.

അവിടെ തറയുടെ മുകളിൽ നിവർത്തിയിട്ടിരിക്കുന്ന പൊടി പിടിച്ച ചുവന്ന പരവതാനിയാണ് കാണാൻ സാധിച്ചത്.

"അതു ചുരുട്ടി വയ്ക്ക് നന്ദുവേട്ടാ "

അഞ്ജലി ആവേശത്തോടെ ആക്രോശിച്ചു.

അതു കേട്ടതും അല്പം സംശയം നുരഞ്ഞു പൊന്തിയെങ്കിലും അവൻ അങ്ങോട്ട് നടന്നു.

നിലത്ത് അഞ്ജലിയെ പതുക്കെ ഇറക്കി വച്ച ശേഷം തറയിൽ കിടക്കുന്ന പരവതാനി ചുരുട്ടി തുടങ്ങി.

അത് ചുരുട്ടി വച്ചതും തറയുടെ മുകളിലായി വാതിൽ പോലെ ഒരു ഭാഗം ഉള്ളത് അവന്റെ ശ്രദ്ധയിൽ പെട്ടു.

ഒരു മാൻഹോൾ പോലെ.

അതിന്റെ പിടിയിൽ പിടിച്ചു അനന്തു അത് ബലമായി വലിച്ചു തുറന്നു.

അപ്പോൾ ഉള്ളിലേക്ക് നീണ്ടു കിടക്കുന്ന പിരിയൻ ഗോവണിയാണ് അവർ ഇരുവരുടെയും മുന്നിൽ തെളിഞ്ഞത്.

"ഞാനിപ്പോ വരാം "

അതും പറഞ്ഞുകൊണ്ട് അനന്തു മുറിയിൽ പോയി ഒരു വലിയ എമർജൻസി ലാമ്പും ടോർച്ചും ഒക്കെ എടുത്തിട്ട് തിരിച്ചു വന്നു.

അപ്പോഴും അവിടെ അഞ്ജലി ആ നിലവറയിലെ ഇരുട്ടിലേക്ക് കണ്ണും നട്ട് താടിക്ക് കൈ കൊടുത്ത് ഇരിക്കുവായിരുന്നു.

അഞ്ജലിയുടെ കയ്യിൽ എമർജൻസി ലാമ്പ് നൽകിയ ശേഷം അവളെയും കൈകളിൽ കോരിയെടുത്തുകൊണ്ട് അനന്തു ആ പിരിയൻ ഗോവണിയുടെ പഴകിയ നടകൾ പതിയെ ഇറങ്ങി.

അഞ്ജലിക്ക് ഇതൊരു വല്ലാത്ത അനുഭവമായിരുന്നു.

പൊതുവെ ഇത്തരത്തിലുള്ള അഡ്വഞ്ചറസ് ട്രിപ്പ് അവളുടെ പ്രധാന വിനോദമായിരുന്നു.

കാലടികൾ പിഴക്കാതെ ഗോവണിയിലൂടെ അനന്തു അഞ്ജലിയെയും കൊണ്ട് ഇറങ്ങി.

പെട്ടെന്നു അവൾ കുടുകുടെ ചിരിക്കാൻ തുടങ്ങി.

"നീ എന്താടി പെണ്ണെ ഇങ്ങനെ ചിരിക്കുന്നേ?"

"ഏയ് ഞാൻ ആലോചിക്കുവായിരുന്നു കൊച്ചു ടീവിയിൽ ഡോറയും ബുജിയും കൂടി പോകുന്നപോലുണ്ടല്ലേ?"

"എന്ത് "

"നമ്മൾ പോകുന്നത്"

"ദേ ഒറ്റ ചവിട്ട് വച്ചു തന്നാലുണ്ടല്ലേ അസ്ഥാനത്തെ അവളുടെ അളിഞ്ഞ കോമഡി"

അനന്തു പിരിമുറുക്കത്തോടെ നടന്നു.

"എനിക്കിത്രക്കൊക്കെ സ്റ്റാൻഡേടെയുള്ളൂ"

അവൾ പുച്ഛത്തോടെ ചിറി കോട്ടി.

അതു കണ്ടതും ഊറി വരുന്ന പുഞ്ചിരി കടിച്ചു പിടിച്ചു കൊണ്ട് അവൻ ഗോവണിയിലൂടെ ഇറങ്ങി വന്നു.

ചുറ്റും തല ചരിച്ചു നോക്കി.

കണ്ണിലേക്കു കുത്തി കേറുന്ന കുറ്റാകൂരിരുട്ട്.

കനത്ത ശാന്തത നിറഞ്ഞു നിൽക്കുന്നു.

അവർ ഇരുവരുടെയും നിശ്വാസങ്ങൾ മാത്രം ആ അറയിൽ വ്യാപിച്ചു.

"ആ ലാമ്പ് ഓണാക്ക് "

അനന്തു അഞ്ജലിയെ കുലുക്കിക്കൊണ്ട് പറഞ്ഞു.

പെട്ടെന്ന് സംയമനം വീണ്ടെടുത്ത അവൾ ലാമ്പിന്റെ സ്വിച്ച് ധൃതി പിടിച്ചു ഓണാക്കി.

അതിൽ നിന്നും നിലവറയിൽ വെളുത്ത പ്രകാശം ചൊരിയപ്പെട്ടു.

എല്ലായിടത്തും അവന്റെ കണ്ണുകൾ ഓടി നടന്നു.

പലയിടത്തും മാറാലയും പൊടി പടലങ്ങളും പിടിച്ചു കിടക്കുന്നു.

പഴമയുടെ ഗന്ധം അവിടമാകെ നിറഞ്ഞു നിക്കുന്നു.

ഒട്ടനവധി ചെമ്പു പാത്രങ്ങളും വിളക്കുകളും പഞ്ചലോഹ വിഗ്രഹങ്ങളും പൊടിയിൽ കുളിച്ചിരിക്കുന്നു.

പണ്ടത്തെ രാജസദസുകളിൽ ഉണ്ടായിരുന്ന മനോഹരങ്ങളായ രാജകീയ ഇരിപ്പിടങ്ങളും ഉപകരണങ്ങളും വസ്തുക്കളും ആയുധങ്ങളും മറ്റും അവിടെ അലസമായി കൂടി കിടക്കുന്നു.

ഈ കാഴ്ചകൾ അഞ്ജലിയുടെ മനസിനെ കീഴ്പ്പെടുത്തി.

അത് ഭയത്തിലേക്ക് വഴിമാറി.

നെഞ്ചിടിപ്പ് ക്രമാതീതമായി കൂടുന്നത് അവൾ തിരിച്ചറിഞ്ഞു.

എന്നാൽ അനന്തു ഇതൊക്കെ കൗതുകത്തോടെ നോക്കി കാണുകയായിരുന്നു.

"ഇതൊക്കെ നമ്മുടെ പൂർവികർ ഉപയോഗിച്ചിരുന്നതാ നന്ദുവേട്ടാ അതൊക്കെ കൈമാറി വന്നപ്പോ ആകെ നാശകോശമായി മാറി"

അഞ്ജലി പറഞ്ഞത് കേട്ടിട്ടും അനന്തു തലയാട്ടിയതെ ഉള്ളു.

"എവിടെയാ നീ അരുണിമയുടെ ചിത്രം കണ്ടേ?"

അനന്തു ആകാംക്ഷയോടെ ചോദിച്ചു.

അതുകേട്ടതും അവൾ അൽപ നേരം തന്റെ ചിന്തകളുമായി മൽപ്പിടുത്തം നടത്തി.

അവസാനം അത് ഓർമ വന്നതും അവളുടെ അധരങ്ങളിൽ ഒരു പുഞ്ചിരി പൂവ് മോട്ടിട്ടു.

"അവിടെയാ കണ്ടത്"

അഞ്ജലി ലാമ്പ് നീട്ടിയ ഭാഗത്തേക്ക് അനന്തു സൂക്ഷിച്ചു നോക്കി.

ആ വെളിച്ചത്തിൽ അവനൊന്നും കാണാൻ കഴിഞ്ഞില്ല.

മാറാലയും അഴുക്കും മറ്റും പിടിച്ച അറയുടെ ഒരു മൂലയായിരുന്നു അത്.

അവിടെ മറ്റൊന്നും തന്നെ കാണാൻ അവന് സാധിച്ചില്ല.

നിരാശയോടെ അനന്തു ഒരു ദീർഘ നിശ്വാസം വിട്ടു.

"സോറി നന്ദുവേട്ടാ ഞാൻ കാരണം സങ്കടമായല്ലേ?"

അഞ്ജലി വിഷാദത്തോടെ പറഞ്ഞു.

അവന്റെ നോട്ടം നേരിടാനാവാതെ അവളുടെ തല താണു.

പ്രതീക്ഷയുടെ അങ്ങേയറ്റം കടന്നു വന്ന് ഇത്രത്തോളം കഷ്ടപ്പെട്ട ഒരുദ്യമം പാഴായി പോയതിന്റെ വേദനയായിരുന്നു അവൾക്ക്.

"സാരുല്ല പെണ്ണേ ചിലപ്പോ നിനക്ക് മാറിപോയതാകും നമുക്ക് പോകാം "

അവന്റെ ശബ്ദത്തിലെ നിരാശയുടെ ധ്വനി വീണ്ടും അവളെ സങ്കടക്കയത്തിലേക്ക് തള്ളിയിട്ടു.

അഞ്ജലിയെയും കൊണ്ട് പോകാനായി  തിരിഞ്ഞതും ഒരു മിന്നായം പോലെ ആ ലാമ്പിന്റെ ശുഭ്രപ്രകാശത്തിൽ എന്തിലോ അനന്തുവിന്റെ കണ്ണുടക്കി.

"മോളെ അങ്ങോട്ടേക്ക് ലൈറ്റ് അടിച്ചേ?"

അവന്റെ തിടുക്കം കണ്ടതും അഞ്ജലി ഒന്നും മനസിലാകാതെ ആ ദിശയിലേക്ക് ടോർച് തിരിച്ചു.

ഇരുട്ടിനെ കീറിമുറിച്ചുകൊണ്ട് ആ കൃത്രിമ പ്രകാശം കാണിച്ചു തന്ന കാഴ്ച്ച കണ്ട് അനന്തുവിന്റെ കണ്ണുകൾ വിടർന്നു.

അവന്റെ ആകാംക്ഷ നിറഞ്ഞ നോട്ടം കണ്ട് അഞ്ജലിയും അങ്ങോട്ടേക്ക് തുറിച്ചു നോക്കി.

അവിടെയുള്ള കാഴ്ച്ച കണ്ട് അവളുടെ കണ്ണുകളും തിളങ്ങി.

അഞ്ജലിയേയും കൊണ്ട് അനന്തു പതിയെ ആ അറയുടെ ഭിത്തിയിലേക്ക് നടന്നടുത്തു.

മുന്നിലുള്ള തടസങ്ങൾ വകഞ്ഞു മാറ്റി മാറാലകൾ തുടച്ചു മാറ്റി അവർ അവിടേക്ക് വന്നു നിന്നു.

നിലവറയിലെ അസഹനീയമായ ഉഷ്ണം അവർ ഇരുവരെയും ഒരുപോലെ തളർത്തി.

വിയർപ്പിൽ കുളിച്ചതും ഇരു ശരീരങ്ങളും തമ്മിൽ ഒട്ടിച്ചേർന്നു.

വായു സഞ്ചാരത്തിന്റെ കുറവും ഇരുട്ടും അവർക്ക് മുന്നിൽ വലിയ കടമ്പ പോലെ നിന്നു.

അഞ്ജലിയുടെയും അനന്തുവിന്റെയും ദേഹത്തു നിന്നും ഒഴുകിയ വിയർപ്പ് തുള്ളികൾ നിലവറയിലെ അന്ധകാരത്തിലേക്ക് മറഞ്ഞു.

ആകെ നനഞ്ഞു കുതിർന്ന പോലെ.

അപ്പോഴും അനന്തുവിന്റെ കണ്ണുകൾ ആ ഭിത്തിയിൽ തന്നെയായിരുന്നു.

അവിടെ കൊത്തുപണികൾ ഒക്കെ ചെയ്തിട്ടുള്ള മനോഹരമായ ഒരു വാതിൽ ഉണ്ടായിരുന്നു.

രണ്ടു വാതിൽ പാളികൾ കൂടി ചേർന്നത്.

അതിനു ചുറ്റും എന്തൊക്കെയോ ശില്പങ്ങൾ വിഗ്രഹങ്ങൾ എന്നിവ കൃത്യതയോടെ കൊത്തി വച്ചിരിക്കുന്നു.

നാഗങ്ങളുടെ കൊത്തുപണികൾ ആണ് അധികവും.

ഇരു പാളികളുടെ മുകൾ തട്ടിൽ നിന്നും സർപ്പിള രീതിയിലുള്ള നാഗത്തിന്റെ ഉടൽ നിർമിതി താഴേക്ക് വന്ന ശേഷം വീണ്ടും ലംബാകൃതിയിൽ മുകളിലേക്ക് വന്നു ഇണ ചേരുന്ന പോലെ പരസ്പരം അതിന്റെ ആഗ്ര ഭാഗങ്ങൾ തമ്മിൽ കൂട്ടി മുട്ടുന്നു.

അത് തുറക്കപ്പെട്ടിട്ട് വർഷങ്ങളായെന്ന് അനന്തുവിന് മനസിലായി.

അഞ്ജലി ഇത്രയും വലുപ്പമുള്ള വാതിൽ ഈ മനയിൽ ആദ്യമായി കണ്ടതിന്റെ അത്ഭുതത്തിൽ ആയിരുന്നു.

"നന്ദുവേട്ടാ എന്തൊക്കെയാ ഇത് ഒരുമാതിരി മണിച്ചിത്രത്താഴിൽ ഉള്ള പോലെ എനിക്കാകെ പേടി തോന്നുന്നു"

അഞ്ജലിയെ ഭയം ക്രമേണ കീഴ്പ്പെടുത്തി തുടങ്ങിയിരുന്നു.

എന്നാൽ അനന്തു അതൊന്നും ആയിരുന്നില്ല ശ്രദ്ധിച്ചത്.

അവന്റെ കണ്ണുകൾ അതിനെ സസൂക്ഷ്മമം വീക്ഷിച്ചുകൊണ്ടിരുന്നു.

അതിലൂടെ ആ മിഴികൾ ഓടി നടന്നു.

പെട്ടെന്ന് അവ വല്ലാതെ തിളങ്ങി.

എന്തോ കണ്ടെത്തിയെന്ന ഭാവമോടെ.

"യുറേക്കാ "

അനന്തു നിലവറയിൽ നിന്നും ഉറക്കെ അട്ടഹസിച്ചു.

അതുകേട്ടു അഞ്ജലിയുടെ ഉള്ള ധൈര്യവും ചോർന്നു പോയി.

അവൾ ഭയത്തോടെ അനന്തുവിനെ ചേർത്തു പിടിച്ചു.

"നന്ദുവേട്ടാ എന്തിനാ ഇങ്ങനെ ചിരിക്കുന്നേ?"

അവൾ വിട്ടു മാറാത്ത ഭയവുമായി അനന്തുവിനെ തുറിച്ചു നോക്കി.

"ഞാൻ കണ്ടുപിടിച്ചു പെണ്ണെ ഇതെന്താണെന്ന്?"

"എങ്കിൽ പറ നന്ദുവേട്ടാ എന്താ ഇത്"

അഞ്ജലി അനന്തുവിന്റെ കണ്ടുപിടുത്തം എന്താണെന്ന് അറിയാൻ അക്ഷമയോടെ ചെവി കൂർപ്പിച്ചു.

"അഞ്ജലി ഇത് നാഗബന്ധനം ആണ്.

ഒരു പൂട്ട് ആണ്.

അതും വളരെ അപൂർവമായത്"

"അതെന്താ അങ്ങനെ "

അഞ്ജലി ഒന്നും മനസിലാകാതെ കിതപ്പോടെ അവനെ നോക്കി.

"വളരെ നിഗൂഢമായ നിർമിതി ആണിത്.

ശബ്ദ വീചികൾ വച്ചാണ് നാഗപ്പൂട്ട് തുറക്കുകയും അടക്കുകയും ഒക്കെ ചെയ്യുന്നത്"

"ശബ്ദ വീചികളോ അതെന്താ?"

അഞ്ജലി ഒന്നും മനസിലാവാതെ താടിക്ക് കൈ കൊടുത്തു.

"എന്ന് വച്ചാൽ ഒരു വ്യക്തിയുടെ പ്രത്യേക രീതിയിലുള്ള ശബ്ദം പൂട്ടിനുള്ളിലേക്ക് ചെല്ലുമ്പോൾ അതിലെ ഒരു നേർത്ത ലോഹ തകിട് പ്രത്യേക രീതിയിൽ ചലിക്കും.

ഈ ചലനം തൊട്ടടുത്തുള്ള ലോഹ സംവിധാനത്തെ ചലിപ്പിച്ചു പൂട്ട് അടക്കുകയും തുറക്കുകയും ചെയ്യും.

എന്നാൽ മറ്റൊരാളുടെ ശബ്ദം ആണേൽ അതു മറുവശത്തൂടെ പുറത്തെത്തും ഇതാണ് നാഗബന്ധനം.

അനന്തു പറഞ്ഞു നിർത്തി.

"ഹോ ഇതൊക്കെ ആരാ കണ്ടു പിടിച്ചേ?"

അഞ്ജലി അങ്ങേയറ്റം ആകാംക്ഷയോടെ ചോദിച്ചു.

അവൾക്ക് ഇതിൽ കുറച്ചു ഇന്റെരെസ്റ്റ് കേറി തുടങ്ങിയിരുന്നു.

"അത് അറിയില്ല അഞ്ജലി പക്ഷെ ഇതൊക്കെയാണ് കേരളത്തിന്റെ തനതായ തച്ചു ശാസ്ത്രം"

"ശോ കേട്ടിട്ട് രോമാഞ്ചം വരുന്നു അല്ലാ ഇതൊക്കെ നന്ദുവേട്ടന് എങ്ങനെ അറിയാം?"

അഞ്ജലി അവന് നേരെ അടുത്ത സംശയമെറിഞ്ഞു.

"എനിക്ക് ഇതൊക്കെ പറഞ്ഞു തന്നത് എന്റെ അച്ഛച്ചനാ പെണ്ണേ ആളൊരു തത്വജ്ഞാനി ആയിരുന്നു പണ്ഡിതനും"

"ആണോ?"

"അതേലോ പിന്നെ വേറൊരു കാര്യം ഉണ്ട്. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ ബി നിലറയെ കുറിച്ച് കേട്ടിട്ടുണ്ടോ?"

"ഉണ്ടോന്നോ ഇഷ്ട്ടം പോലെ"

"ഹാ ആ നിലവറയുടെ പൂട്ടും ഇതും ഒന്നു തന്നെയാണ്"

"അത് കേട്ടതും അഞ്ജലി ഞെട്ടി.

വിശ്വാസം വരാതെ അവനെ സൂക്ഷിച്ചു നോക്കി.

"നന്ദുവേട്ടാ സത്യാണോ?"

"സത്യമാണ് അഞ്ജലി പക്ഷെ എന്നോട് അച്ഛച്ചൻ പറഞ്ഞത് നാഗബന്ധനം ലോകത്ത് ഒരിടത്തേയുള്ളു അത് പത്മനാഭക്ഷേത്രത്തിൽ ആണെന്നാ"

"അതെങ്ങനെ ശരിയാകും ഒരിടത്തെ അതുള്ളുവെങ്കിൽ ഇവിടെ അതെങ്ങനെ വന്നു?"

അഞ്ജലി ആകെ മാനസിക സമ്മർദ്ദത്തിലായി.

ഒരു യോദ്ധാവിനെ പോലെ തന്റെ ചിന്തകളോട് അവൾ പട വെട്ടിക്കൊണ്ടിരുന്നു.

"നിന്റെ ചോദ്യത്തിൽ കഴമ്പുണ്ട് പെണ്ണെ.

അച്ഛച്ചൻ പറഞ്ഞ ഒരു കാര്യം ഞാനോർക്കുന്നു.

നാഗപ്പൂട്ട് ഉണ്ടാക്കിയ ആള് ആരാണെന്ന് അറിയില്ലെന്ന്.

അങ്ങനാണേൽ ആ ശില്പി തന്നാവും ഇവിടെയും രഹസ്യമായി ഈ പൂട്ട് നിർമിച്ചത്

അല്ലേൽ?"

"അല്ലെങ്കിൽ?"

അഞ്ജലി നെറ്റി ചുളിച്ചു.

അനന്തു പറയാൻ പോകുന്ന കാര്യം ശ്രവിക്കാൻ അവൾ ചെവി കൂർപ്പിച്ചു.

"അല്ലെങ്കിൽ ഇത് വല്ല ഡ്യൂപ്ലിക്കേറ്റും ആയിരിക്കും.

അമേരിക്കക്കാർ എന്ത് സാധനം കണ്ടു പിടിച്ചാലും ചൈനക്കാർ അതിന്റെ അസ്സൽ ഡ്യൂപ്ലിക്കേറ്റ് ഇറക്കൂലെ അതുപോലെ "

അവൻ പറഞ്ഞത് കേട്ട് അവൾക്കും ആകെ സംശയമായി.

"അപ്പൊ നമ്മളിതെങ്ങനെ തുറക്കും?"

അഞ്ജലിയുടെ ചോദ്യത്തിന് അനന്തു അറിയില്ലെന്ന് മറുപടി പറഞ്ഞു.

അവർ നാഗപൂട്ടിന് കീഴെ തറയിൽ ഇരുന്നു.

ആജാനുബാഹുവായ വാതിൽ പാളികൾ അവർക്ക് മുന്നിൽ തലയുയർത്തി നിന്നു.

സഹികെട്ടു അവർ അവിടെയിരുന്നു.

ആ വാതിൽ തുറക്കുന്നതിനെ പറ്റി അവർക്കൊരു ധാരണയുമുണ്ടായിരുന്നില്ല.

പെട്ടെന്ന് അനന്തു എണീറ്റ് ആ വാതിൽ മുഴുവനായും പരിശോധിച്ചു തുടങ്ങി.

അവന്റെ കണ്ണുകൾ അതിന്റെ മൂക്കിനും മൂലയ്ക്കും ഒഴുകി നടന്നു.

കൈകൾ ആ വാതിലിൽ തഴുകി.

അത് ഇരുമ്പ് കൊണ്ടുള്ള നിർമ്മിതിയായിരുന്നു.

അഞ്ജലിയെയും കൊണ്ട് അവൻ നാഗബന്ധനത്തിന് സമീപമെത്തി.

അഞ്ജലി അനന്തുവിന്റെ ഓരോ നീക്കങ്ങളും ഇമ ചിമ്മാതെ കാണുകയായിരുന്നു.

അവന്റെ കാട്ടികൂട്ടലുകൾ കണ്ട് അവൾക്ക് ചിരി പൊട്ടി.

"അല്ലാ സേതുരാമായ്യർ CBI വല്ലതും
കണ്ടുപിടിച്ചോ?"

"CBI യ്ക്ക് പറ്റുമോന്ന് അറിഞ്ഞൂടാ പക്ഷെ സാം അലക്സിന് പറ്റും"

"ഏത്?"

"മെമ്മറീസിലെ സാം അലക്സ് "

അനന്തു അഭിമാനത്തോടെ പറഞ്ഞു.

"ആര് പറഞ്ഞു?സേതുരാമയ്യർക്കേ പറ്റൂ"

അഞ്ജലി വാശി പിടിച്ചു.

"ശോ ഇപ്പൊ അതൊന്നുമല്ലല്ലോ നമ്മുടെ വിഷയം ഈ വാതിൽ എങ്ങനേലും തുറക്കണം"

"എങ്ങനാ തുറക്കണ്ടേ?"

"ഈ പൂട്ടിലേക്ക് ചുണ്ടുകൾ അടുപ്പിച്ചു പാസ്സ്‌വേർഡ് പറയണം"

"ഓഹ് ഹൈടെക് ഹൈടെക് "

അഞ്ജലി അവനെ കളിയാക്കി.

"ഹാ അങ്ങനെയും പറയാം പെണ്ണെ"

"അപ്പൊ പാസ്സ്‌വേർഡ് എന്താ നന്ദുവേട്ടാ?"

"എന്തേലും പേരോ മറ്റോ ആയിരിക്കും"

അനന്തു അർദ്ധോക്തിയിൽ പറഞ്ഞു നിർത്തി.

"അത്രേയുള്ളൂ സിമ്പിൾ "

അഞ്ജലി മുഖത്തേക്ക് പാറി കിടക്കുന്ന മുടിയിഴകൾ കോതി വച്ചു പുച്ഛത്തോടെ അവനെ നോക്കി.

ഇതൊക്കെയെന്തോന്ന് എന്ന മട്ടിൽ.

അനന്തു ചിരി കടിച്ചു പിടിച്ചു നിന്നു.

നാഗപൂട്ടിലേക്ക് മുഖം അടുപ്പിച്ചു അഞ്ജലി ഉറക്കെ പറഞ്ഞു.

"അഞ്ജലി"

സ്വന്തം പേര് പറഞ്ഞു കഴിഞ്ഞ് അഞ്ജലി പ്രതീക്ഷയോടെ തലയുയർത്തി നോക്കി.

പക്ഷെ അവിടെ ഒരു മാറ്റവും സംഭവിച്ചില്ല.

"അഞ്ജലി വിജയൻ"

വാതിൽ തുറക്കാത്ത ദേഷ്യവും ചമ്മലും കൂടിയായപ്പോൾ അവൾക്ക് വിറഞ്ഞു കയറി.

ഇതൊക്കെ കണ്ട് അനന്തു പരിസരം മറന്ന് ചിരി തുടങ്ങി.

"ഓഹ് എന്നാ സാറിന്റെ പേര് പറഞ്ഞു നോക്കാം "

അഞ്ജലി കുറച്ചു ജാഡയൊക്കെ ഇട്ട് വാശി പുറത്ത് പറഞ്ഞു.

അപ്പോഴും അനന്തു ചിരി നിർത്തിയിരുന്നില്ല.

"അനന്തു"

അഞ്ജലി ആ പേര് പറഞ്ഞു കഴിഞ്ഞതും പെട്ടെന്ന് ഒരു ശബ്ദം കേട്ടു.

എന്തോ വീണ പോലെ.

അഞ്ജലി ഭയന്ന് വിറച്ചുകൊണ്ട് അനന്തുവിനെ ചുറ്റി പിടിച്ചു.

"നന്ദുവേട്ടാ ഇതാ പാസ്സ്‌വേർഡ് ശബ്ദം കേട്ടില്ലേ വാതിൽ തുറക്കുന്നതിന്റെ?"

അഞ്ജലി വർധിത ആവേശത്തോടെ പറഞ്ഞു.

"എടി പോത്തേ അതു കണ്ടോ?"

അനന്തു കൈ ചൂണ്ടിയ ഭാഗത്തേക്ക് അഞ്ജലി തുറിച്ചു നോക്കി.

അത് കണ്ടതും ആ ഉണ്ടക്കണ്ണുകൾ മിഴിച്ചു വന്നു.

അവിടുണ്ടായിരുന്ന ഒരു മേശയുടെ മുകളിൽ പരതി കളിക്കുന്ന വലിപ്പമുള്ള ഒരു ഗൗളി.

അത് ചിലച്ചുകൊണ്ട് മേശയുടെ മറു ഭാഗത്തേക്ക് മറഞ്ഞു.

അത് കണ്ടതും അഞ്ജ്ജലിക്ക് ആകെ ചമ്മലായി.

ഇതുപോലെ അവൾ ആരുടെ മുന്നിലും ഇതുവരെ നാണം കെട്ടിട്ടുണ്ടായിരുന്നില്ല.

അനന്തു ചിരി അടക്കിക്കൊണ്ട് പറഞ്ഞു.

"ആ പല്ലി താഴെ വീണത് ഞാൻ കണ്ടിന് ആ ശബ്ദമാ നീ കേട്ടത്"

അവൻ പറഞ്ഞത് കേട്ട് അഞ്ജലി അവനെ ഇറുക്കി പിടിച്ചു.

അവൾക്ക് തന്റെ ചമ്മലടക്കാനായിരുന്നു പാട്.

പിന്നീടവിടെ ഒരു യുദ്ധമായിരുന്നു.

പാസ്സ്‌വേർഡുകളുമായുള്ള യുദ്ധം.

"തേവക്കാട്ട്, മുത്തശ്ശൻ, മുത്തശ്ശി, അച്ഛൻ, അമ്മ, ദേശം, വിജയൻ, ഷൈല, തെക്കിനി"

ഇതൊക്കെ കേട്ട് അനന്തു താടിക്ക് കൈ കൊടുത്തിരുന്നു പോയി.

അവൾ കണ്ടു പിടിക്കുന്ന പാസ്സ്‌വേർഡുകൾ കേട്ട് അവന് തല കറങ്ങി.

"ഹോ മതിയഞ്ജലി ഒന്നു നിർത്ത്"

സഹികെട്ട അനന്തു ഉറക്കെ പറഞ്ഞു.

പക്ഷെ അഞ്ജലി നിർത്താൻ തയാറായിരുന്നില്ല.

വീണ്ടും അവൾ തുടർന്നു.

"ബിരിയാണി"

"ബിരിയാണിയോ?"

"ഹാ അതേ നന്ദുവേട്ടാ ബിരിയാണി എനിക്ക് ഭയങ്കര ഇഷ്ട്ടാ"

"അതിനു?"

അനന്തു ഒന്നും മനസിലാവാതെ അവളെ തുറിച്ചു നോക്കി.

"അപ്പൊ അത് പാസ്സ്‌വേർഡ് ആയിരിക്കുവോ എന്ന് തോന്നി"

"ബിരിയാണി എങ്ങനെ പാസ്സ്‌വേർഡ് ആകും?"

"ഒരുപക്ഷെ ഈ വാതിൽ ആക്കിയ ആൾക്ക് ബിരിയാണി ഇഷ്ട്ടാണെങ്കിലോ?"

അഞ്ജലി എന്തോ കാര്യമായി കണ്ടു പിടിച്ച പോലെ പറഞ്ഞു.

അനന്തു ഗത്യന്തരമില്ലാതെ അവളെ തൊഴുതു.

ഒരു നിമിഷം കഴിഞ്ഞതും പൊടുന്നനെ അനന്തുവിന്റെ തലയിൽ ഒരു കൊള്ളിയാൻ മിന്നി.

ഇരുമ്പു കൂടം കൊണ്ട് അടി കിട്ടിയ പോലെ അവൻ മുഖം പൊത്തിയിരുന്നു.

അഞ്ജലി വെപ്രാളത്തോടെ അവനെ കുലുക്കി വിളിച്ചു.

പക്ഷെ അതൊന്നും അവന്റെ കാതിൽ പതിയുന്നില്ലായിരുന്നു.

പൊടുന്നനെ കണ്ണിലാകെ ഇരുട്ട് കയറി കാഴ്ച്ച ശക്തി നഷ്ട്ടമായി.

കാതിൽ ഒരു നനുത്ത കുളിര് അനുഭവപ്പെട്ടു.

അതോടൊപ്പം ഒരശരീരിയും.

"ഹ് ഹ് സ് സ് സ് സാ.......... ഹ്"

കാതിൽ അനുഭവപ്പെട്ട ശീൽക്കാരം അവന്റെ കർണപുടങ്ങളെ തകർക്കാൻ തക്ക ശേഷിയുള്ളതായിരുന്നു.

അതിനു കൂട്ടായി തലപൊട്ടിപ്പുളയുന്ന വേദനയും.

നിസഹായതയോടെ അനന്തു കുനിഞ്ഞിരുന്നു.

അവന്റെ ദേഹം വിറച്ചു കൊണ്ടിരുന്നു.

അഞ്ജലി ഒന്നും മനസിലാവാതെ അവനെ ചുറ്റി പിടിച്ചു കിടന്നു.

അവനെ കുലുക്കി വിളിക്കാൻ അവൾ ശ്രമിച്ചുകൊണ്ടിരുന്നു.

പക്ഷെ സാധിക്കുന്നില്ല.

ചെറിയ മൂളിച്ച പോലെയായിരുന്നു അഞ്ജലിയുടെ ശബ്ദം അവന്റെ കാതിൽ പതിഞ്ഞത്.

അനന്തുവിന്റെ തല ബലമായി പിടിച്ചു അഞ്ജലി മടിയിലേക്കെടുത്തു വച്ചു.

അവന്റെ മുടിയിഴകിൽ അവളുടെ വിരലുകൾ ഓടി നടന്നു.

ആ സ്പർശനം അല്പം ആശ്വാസം അനന്തുവിന് പകർന്നു നൽകി.

അവന്റെ നെറ്റിയിൽ അഞ്ജലി നേർത്ത ചുംബനം നൽകി.

ആ ചുംബനത്തിന് വല്ലാത്തൊരു ശക്തിയായിരുന്നു.

അതിലൂടെ അവന്റെ ശരീരമാകെ തണുപ്പ് പ്രവാഹിച്ചു.

മനസ് ഒന്ന് തണുത്തതും അനന്തു പതിയെ എണീറ്റിരുന്നു.

ചെറിയൊരു ക്ഷീണം അവനുണ്ടായിരുന്നു.

എങ്കിലും അത് കാര്യമാക്കിയില്ല.

"നന്ദുവേട്ടാ എന്നെ പേടിപ്പിച്ചു കളഞ്ഞല്ലോ എന്താ പറ്റിയെ?"

അഞ്ജലി ചോദ്യ ശരങ്ങൾ ഓരോന്നായി അവനിലേക്ക് എയ്തു.

"എനിക്ക് അങ്ങനെ ഇടക്കൊക്കെ വരുന്നതാ
എല്ലാം പിന്നെ പറയാം "

അഞ്ജലി അതിനെ കുറിച്ച് കൂടുതലായി ചോദിക്കാൻ തുനിഞ്ഞെങ്കിലും തല്ക്കാലം വായടച്ചു.

തലക്കനം ഒന്നു കുറഞ്ഞതും അനന്തു കണ്ണു ചിമ്മി തുറന്നു.

മുന്നിൽ തെളിഞ്ഞത് നാഗബന്ധനം ആണ്.

അതു കണ്ടതും അവന്റെ കണ്ണുകൾ രക്തമായമായി മാറി.

മുഖം ക്രോധം കൊണ്ടു വിറഞ്ഞു.

പേശികൾ വലിഞ്ഞു മുറുകി.

അനന്തുവിന്റെ പല്ലിറുമ്മൽ കേട്ട് തിരിഞ്ഞു നോക്കിയ അഞ്ജലി കണ്ടത് ക്രോധം കൊണ്ട് വിറഞ്ഞു കയറുന്ന അവന്റെ തന്നെ മുഖമായിരുന്നു.

അത് രക്തമയമായിരുന്നു.

അതു കണ്ട് അവളും ഭയന്ന് വിറച്ചു.

നാഗബന്ധനത്തിൽ ആയിരുന്നു അവന്റെ തിളങ്ങുന്ന നീല കണ്ണുകളുടെ ദൃഷ്ടി പതിഞ്ഞത്.

പതിയെ മുഖം അങ്ങോട്ട് കൊണ്ടു വന്നു ചുണ്ടുകൾ അടുപ്പിച്ചുകൊണ്ട് അനന്തു പറഞ്ഞു

"ഹ് ഹ് സ് സ് സ് സാ........... ഹ്"

അവനിൽ നിന്നും ഉച്ചരിക്കപ്പെട്ട ശബ്ദ വീചികൾ നാഗബന്ധനത്തിനുള്ളിലേക്ക് കടന്നു.

നിമിഷങ്ങൾക്കകം ആ വലിയ ഇരുമ്പ് വാതിലിൽ ഒരനക്കം കേട്ടു.

അതു കേട്ട് അഞ്ജലിയും അനന്തുവും കണ്ണും കണ്ണും നോക്കിയിരുന്നു.

ഇതൊക്കെ എങ്ങനെ എന്ന ഭാവത്തിൽ ആയിരുന്നു അവൾ.

ആശ്ചര്യമായിരുന്നു സ്ഥായിഭാവം.

പൊടുന്നനെ ഇരു വാതിലിൽ നിന്നും സർപ്പ ഉടലിലൂടെ നാഗത്തെ പോലെ നീളമുള്ള ഒരു രൂപം ഇഴഞ്ഞു വന്നു.

വാതിലിന്റെ മുകളിൽ നിന്നും താഴേക്ക് അത് ഇഴഞ്ഞു വന്നുകൊണ്ടിരുന്നു.

അഞ്ജലി അത് കണ്ടതും ഭയന്ന് നിലവിളിച്ചുകൊണ്ട് അനന്തുവിനെ ചുറ്റി പിടിച്ചു.

എന്നാൽ അവൻ അക്ഷമയോടെ അതു നോക്കി കാണുകയായിരുന്നു.

വാതിലിന്റെ അടിയിലേക്ക് ഇഴഞ്ഞു വന്ന ആ രണ്ടു രൂപങ്ങൾ പരസ്പരം കെട്ടു പിണഞ്ഞുകൊണ്ട് ഇണ ചേരുന്ന പോലെ മുകളിലേക്ക് ഇഴഞ്ഞു വന്നു.

നാഗബന്ധനത്തിന് അടിയിലുള്ള പൊത്തിലേക്ക് ഇരു നാഗ രൂപങ്ങളും പരസ്പരം ഇഴഞ്ഞു വന്നു.

ആ പൊത്തിനുള്ളിൽ വച്ചു അവ പരസ്പരം ചുംബിച്ചു.

പൊടുന്നനെ ഉള്ളിൽ എന്തൊക്കെയോ കറങ്ങുന്നതും ഉരസുന്നതുമായ അലയൊലികൾ അവരുടെ കാതിൽ പതിഞ്ഞു.

അത് നിന്നതും വാതിലിലുള്ള പരിച പോലെ വലുപ്പമുള്ള ഒരു വൃത്തം ഒരു തവണ പ്രദക്ഷിണം ചെയ്തു.

അതിനു ശേഷം വലിയ ശബ്ദത്തോടെ നാഗബന്ധനം തുറക്കപ്പെട്ടു.

നാഗബന്ധനത്തിന് മുകളിൽ ഉണ്ടായിരുന്ന പരസ്പരം ചേർന്നു നിന്ന നാഗങ്ങളുടെ രൂപം പതുക്കെ പിന്നിലേക്ക് വലിഞ്ഞു തുടങ്ങി.

വാതിൽ തുറക്കപ്പെട്ടു എന്നതിന്റെ സൂചനയാണ് അതെന്ന് അനന്തുവിന് മനസിലായി.

മുന്നിൽ നടക്കുന്ന അത്ഭുതപ്രതിഭാസങ്ങൾ കണ്ണു നിറച്ചു കാണുകയായിരുന്നു അഞ്ജലി.

ആകാംക്ഷ അവളെയും കീഴ്പ്പെടുത്തി കളഞ്ഞു.

നാലു കണ്ണുകളും ഒരുപോലെ വല്ലാതെ വെട്ടി തിളങ്ങി.

"നന്ദുവേട്ടാ ഏട്ടൻ സൂപ്പറാ എങ്ങനാ ഇത് തുറന്നെ?"

അഞ്ജലി അമ്പരപ്പോടെ അവനെ ഉറ്റു നോക്കി.

"എനിക്ക് അറിഞ്ഞൂടാ അഞ്ജലിക്കുട്ടി എന്തോ ഭാഗ്യം എന്നെ പറയാൻ പറ്റൂ"

"എന്നാലും ആ പാസ്‌വേഡ് നന്ദുവേട്ടൻ പറഞ്ഞത് അതെങ്ങനെ?"

"ആവോ എനിക്കറിയില്ല "

അനന്തു കൈ മലർത്തി.

"എന്നാലും പറ നന്ദുവേട്ടാ എങ്ങനെ പാസ്സ്‌വേർഡ് കിട്ടിയേ?"

അഞ്ജലി ചിണുങ്ങിക്കൊണ്ട് അവന്റെ നെഞ്ചിൽ വിരലുകൊണ്ട് ചൊറിഞ്ഞു.

"സത്യായിട്ടും എനിക്കറിഞ്ഞൂടാ പെണ്ണെ

പെട്ടെന്ന് ആരോ എന്തോ ഒരശരീരി പോലെ പറഞ്ഞതാ

അതാ പെട്ടെന്ന് വയ്യാണ്ടായേ

എനിക്കിടക്കൊക്കെ ഇങ്ങനെ വരാറുണ്ട്."

"ഇതെന്തോന്ന് വല്ല അസുഖമാണോ?"

അഞ്ജലിയ്ക്ക് സംശയം തോന്നി.

"അറിഞ്ഞൂടാ ഇടക്കൊക്കെ അങ്ങനെ അശരീരി പോലെ എന്തൊക്കെയോ തോന്നാറുണ്ട്

അന്നേരം തല പൊട്ടി പുളയുന്ന വേദനയാ

ജീവൻ പോകുന്ന പോലെ "

അനന്തു തന്റെ സങ്കടങ്ങളുടെ ഭാണ്ഡക്കെട്ട് അഴിച്ചു.

"പോട്ടെ നന്ദുവേട്ടാ സാരമില്ല എന്നാലും എന്റെ സംശയം ഇതൊന്നുവല്ല ഈ വാതിൽ എങ്ങനെ തുറന്നു?"

അവൾ ചിന്തിതയായി.

"അതിനു കാരണം ഈ വാതിലിന്റെ പാസ്‌വേഡ് അവസാനമായി ആക്കിയത് ദേവൻ അമ്മാവൻ ആണ്.

ഈ രഹസ്യമുറി ചിലപ്പോ പുള്ളി ഉപയോഗിച്ചതാവും"

"അതെങ്ങനെ ഉറപ്പിക്കാൻ പറ്റും?"

"പറ്റും കാരണം ഒരിക്കൽ സീതമ്മായി പറഞ്ഞത് എനിക്ക് ഓർമയുണ്ട്.

ദേവൻ അമ്മാവന്റെ അതേ രൂപവും കണ്ണുകളും ശബ്ദവുമാ എനിക്കെന്ന്"

"അതും ഇതും തമ്മിലെന്ത് ബന്ധം?"

അക്ഷമയോടെ അഞ്ജലി ആരാഞ്ഞു.

"ബന്ധമുണ്ട് എന്റെയും ദേവൻ അമ്മാവന്റെയും ശബ്ദം ഒരേ പോലെയായതുകൊണ്ടാ ഈ വാതിൽ തുറക്കപ്പെട്ടത് അതിനർത്ഥം പാസ്സ്‌വേർഡ് സെറ്റ് ചെയ്തത് അമ്മാവൻ ആണെന്ന് മനസിലായോ?"

"ഓഹോ ഇത് കൊള്ളാലോ എന്തൊക്കെയാണോ ഇവിടെ നടക്കുന്നെ എനിക്ക് വിശ്വസിക്കാനേ പറ്റുന്നില്ല"

"നീയറിയാത്ത ചില കാര്യങ്ങൾ കൂടിയുണ്ട് പെണ്ണേ"

"അതെന്താ നന്ദുവേട്ടാ പറയ്?"

അഞ്ജലിയുടെ ആവശ്യപ്രകാരം അനന്തു തന്റെ ചരിത്രം മുഴുവൻ അഞ്ജലിയോടായി പറഞ്ഞു തുടങ്ങി.

വീട്ടിലെ അച്ഛച്ചൻറെ തകരപ്പെട്ടിയിൽ നിന്നും മന്ത്ര ശക്തിയുള്ള താലിയോല ലഭിച്ചതും അതിലെ വശീകരണ മന്ത്രം ഇന്ദു ചേച്ചിയിലും സ്നേഹയിലും പ്രയോഗിച്ചതും അതിൽ സ്നേഹയുമായി ശരീരം പങ്കിട്ടതും ദേവൻ അമ്മാവന്റെ മുറിയിൽ നിന്നും കിട്ടിയ ഡയറിയും അതിൽ അടയാളപ്പെടുത്തിയ കാര്യങ്ങൾ തന്നെ തന്റെ ജീവിതത്തിൽ സംഭവിച്ചതും ഇടയ്ക്കിടെ കേൾക്കുന്ന ഓരോ അശരീരികളും ഒക്കെ ഓരോന്നായി ഒരു കുറ്റസമ്മതം പോലെ അനന്തു പറഞ്ഞു തീർത്തു.

എല്ലാം കേട്ടു കഴിഞ്ഞതും അഞ്ജലിക്ക് തല കറങ്ങുന്ന പോലെ തോന്നി.

ആകെ കൂടെ ഒരു പെരുപ്പ് പോലെ.

"കള്ള കാഫിർ എന്തൊക്കെയാ ചെയ്തു വച്ചേ ഇതെന്റെ നന്ദുവേട്ടൻ തന്നാണോ?"

അഞ്ജലി അവന്റെ ചെവിക്ക് പിടിച്ചു തിരുമ്മി.

"ഔഹ് വിട് പെണ്ണേ "

അനന്തു നിസ്സഹായതയോടെ അവളെ നോക്കി.

"വിടൂല മോനെ എന്തൊക്കെയാ കാണിച്ചു കൂട്ടിയെ എന്റെ നന്ദുവേട്ടൻ

അപ്പൊ സാറിന്റെ കന്യകാത്വം ഒക്കെ നേരത്തെ നഷ്ടപ്പെട്ടതാണല്ലേ?"

അഞ്ജലി കപട ഗൗരവത്തോടെ അവനെ തുറിച്ചു നോക്കി.

അതു കേട്ടതും അനന്തു ചൂളിപ്പോയി.

അവളെ നേരിടാനാവാതെ അവന്റെ മുഖം താഴ്ന്നു പോയി.

അവളുടെ മുന്നിലിരുന്ന് ഉരുകി തീരുകയായിരുന്നു.

സകല പാപങ്ങൾക്കും കുറ്റങ്ങളേറ്റ് പറഞ്ഞു പശ്ചാത്തപിക്കുന്ന ആ മനസിനെ കണ്ടില്ലെന്ന് നടിക്കാൻ അഞ്ജലിയുടെ ലോല മനസിന് കഴിഞ്ഞില്ല.

അനന്തുവിനെ തന്റെ മാറോട് ചേർത്തണച്ചുകൊണ്ട് വാത്സല്യം തുളുമ്പുന്ന വാക്കുകളോടെ അവൾ പറഞ്ഞു തുടങ്ങി.

"എന്റെ നന്ദുവേട്ടൻ ഇന്നലെ വരെ എങ്ങനായിരുന്നുവെന്ന് എനിക്കറിയണ്ട

പക്ഷെ ഇപ്പൊ തൊട്ട് പുതിയ ഒരാളായി ഏട്ടൻ മാറണം

മനസിൽ മറ്റു ദുർചിന്തകൾ ഒന്നും പാടില്ല

അരുണിമ ചേച്ചി മാത്രമായിരിക്കണം ആ മനസിൽ

പിന്നെ സ്നേഹ ചേച്ചിയോടും ഇന്ദു ചേച്ചിയോടും മാപ്പ് പറയണം."

"ഉം "

അനന്തു തലയാട്ടി.

"അതുപോലെ കല്യാണി ചേച്ചിയുടെയും ദേവൻ അമ്മാവന്റെയും പുനർജ്ജന്മം ആണോ നിങ്ങളെന്നും അറിയണം"

"ഏയ് ഇക്കാലത്തു അങ്ങനൊക്കെ സംഭവിക്കുവോ അഞ്ജലിക്കുട്ടി എനിക്ക് വിശ്വാസം വരുന്നില്ല"

"പക്ഷെ നമുക്ക് ചുറ്റും ആവിശ്വാസനീയമായ കാര്യങ്ങളല്ലേ നടക്കുന്നെ അതിൽ വിശ്വസിച്ചേ പറ്റൂ"

"ആഹാ കൊള്ളാലോ എന്റെ അഞ്ജലിക്ക് പെട്ടെന്ന് ഭയങ്കര പക്വത വന്നല്ലോ"

അനന്തുവിന്റെ മുഖത്തു സന്തോഷം കളിയാടി.

"ഹാ എന്റെ ചെക്കന് വേണ്ടിയല്ലേ അപ്പൊ എനിക്ക് ഇതുപോലത്തെ ട്രാൻസ്ഫോർമേഷൻ ഒക്കെ നടത്തണ്ടേ "

"ഓഹോ നീയാര് അന്യനിലെ വിക്രമോ?"

"ഹേയ് അതുക്കും മേലെ"

അഞ്ജലി കൈ ചുഴറ്റി ആക്ഷൻ കാണിച്ചു.

അതു കണ്ട് അനന്തു പൊട്ടിചിരിയോടെ അവളെ ഇറുകെ പുണർന്നു.

"അല്ല നന്ദുവേട്ടാ ആ ഡയറി ആദ്യം വായിക്കുമ്പോ തന്നെ എന്തുകൊണ്ട് സംശയം വന്നില്ല?

വായിച്ചത് തന്നെയാണ് നന്ദുവേട്ടന്റെ ജീവിതത്തിൽ സംഭവിക്കുന്നതെന്ന്?"

"അവിടാണ് ഏറ്റവും വലിയ കോമഡി ഈ ഡയറിയിൽ വായിച്ച കാര്യം പിറ്റേന്ന് ഞാൻ മറന്നു പോകും അങ്ങനൊരു സംഭവം എന്റെ ഓർമയിൽ പോലും കാണില്ല.

"ഇതിനൊക്കെ ഒരു വഴിയുണ്ട് ആ ഡയറി ഫുള്ളും ഒറ്റയടിക്ക് വായിച്ചു തീർക്കണം അപ്പൊ ഏറെകുറെ സംശയം തീർന്നു കിട്ടും"

അഞ്ജലി പ്രതീക്ഷയോടെ പറഞ്ഞു.

"അവിടാണ് അടുത്ത കോമഡി അഞ്ജലിക്കുട്ടി ഞാൻ ആ ഡയറിയിൽ നിന്ന് ഏതേലും കുറച്ചു സീക്വൻസ് വായിച്ചു കഴിഞ്ഞാൽ പിന്നെ ഒന്നുകിൽ അറിയാതെ ഉറക്കത്തിലേക്ക് വഴുതി വീഴും

അല്ലേൽ നെഞ്ചിലേക്ക് ഒരു പിടപ്പ് കേറി വരും

ശരീരമാകെ തളർന്നു പോകുന്ന പോലെ

കൂടാതെ ശ്വാസം മുട്ടലും

അതോടെ ഞാൻ ആ പണി നിർത്തും

അതാണ് പതിവ്"

"ഝ്മ് ഇതു കൊള്ളാലോ എന്തൊക്കെയോ നിഗൂഢതകളുണ്ട് നന്ദുവേട്ടനെ ചുറ്റിപ്പറ്റി ഈ നാട്ടിലേക്കുള്ള വരവ് അത് വെറുതെയല്ല എനിക്കുറപ്പാ"

അഞ്ജലിയുടെ മുഖം ഗൗരവതരമായി.

"കണ്ടു പിടിക്കണം എല്ലാം
പക്ഷെ നാളെ നന്ദുവേട്ടൻ ഞങ്ങളെ വിട്ടു പോകുവല്ലേ?"

അതു പറയുമ്പോഴേക്കും കനത്ത വിഷാദം അവളെ പിടിമുറുക്കിയിരുന്നു.

"ഞാൻ പോയാലും ഇടക്ക് വരും എന്റെ അഞ്ജലിക്കുട്ടിയെ കാണാൻ.

അതും കൂടി കേട്ടതോടെ ഒരു വിങ്ങലോടെ അഞ്ജലി അനന്തുവിന്റെ മാറിൽ പറ്റി ചേർന്നു കിടന്നു.

പക്ഷെ ആ തേങ്ങലിന് അൽപ്പായുസ്സെ ഉണ്ടായിരുന്നുള്ളു.

അവന്റെ ലാളനങ്ങളിൽ അതും അലിഞ്ഞില്ലാണ്ടായി.

"വാതിൽ തുറക്കാം"

അനന്തു അനുവാദത്തിനായി കാത്തിരുന്നു.

അഞ്ജലി സമ്മതമെന്ന മട്ടിൽ തലയാട്ടി.

ആ വലിയ ഇരുമ്പ് വാതിൽ അനന്തു പണിപ്പെട്ടു സർവ ശക്തിയുമെടുത്തു തള്ളി തുറന്നു.

വലിയൊരു മുരൾച്ചയോടെ ഇരു വാതിൽ പാളികളും പയ്യെ തുറക്കപ്പെട്ടു.

അവിടെയും കൂരിരുട്ട് മാത്രമാണ് അവരെ ഒരുമിച്ച് വരവേറ്റത്.

അഞ്ജലിയെ കൈകളിൽ കോരിയെടുത്ത് അവൻ നെടുവീർപ്പെട്ടു.

അഞ്ജലി കയ്യിലുള്ള ലാമ്പ് ഓണാക്കി ആ ഇരുളിലേക്ക് നീട്ടിപിടിച്ചു.

ആ വാതിൽ പിന്നിട്ട് അവർ ഉള്ളിൽ കണ്ട അറയിലേക്ക് കയറി.

അതിനു ജാലകം ഉണ്ടായിരുന്നില്ല.

തികച്ചും ശാന്തമായ ഒരു അറ.

ഇരുട്ടിനെ കൂട്ടു പിടിച്ചു അത് പതുങ്ങിയിരുന്നു.

ഇത്രയും വർഷങ്ങൾ ആരുടേയും കണ്ണിൽ പെടാതെ.

അറയിൽ കയറിയതും ഭിത്തിയിൽ ഒരുപാട് ചിത്രങ്ങൾ തൂക്കിയിട്ടിരിക്കുന്നത് അവരുടെ ശ്രദ്ധയിൽ പെട്ടു.

ആരോ വരച്ചു വച്ച ജീവസ്സുറ്റ ചിത്രങ്ങൾ.

ആർക്കുവേണ്ടിയോ കാത്തിരുന്ന പോലെ.

ആദ്യം കണ്ട ചിത്രത്തിലേക്ക് അവരുടെ കണ്ണുകൾ പതിഞ്ഞു.

റോഡിൽ കൂടി പോകുന്ന ഒരു ബുള്ളറ്റ്.

അതിൽ ഒരു പുരുഷനെ ചേർത്തു പിടിച്ചിരിക്കുന്ന ഒരു സ്ത്രീ.

പുറം തിരിഞ്ഞിരിക്കുന്നതിനാൽ അവരുടെ മുഖം വ്യക്തമല്ല.

അഞ്ജലിക്ക് അതു കണ്ടിട്ട് ഒന്നും മനസിലായില്ല.

പക്ഷെ അനന്തുവിന് ആ ചിത്രം മുൻപരിചയമുള്ള പോലെയാണ് തോന്നിയത്.

പണ്ടെപ്പോഴോ കണ്ടു മറന്ന പ്രതീതി.

അതിലെ ബുള്ളറ്റും ഇപ്പൊ തന്റെ കയ്യിലിരിക്കുന്ന ബുള്ളറ്റും ഒരേതാണെന്ന സംശയം അവനിൽ ബലപ്പെട്ടു.

പിന്നെ കണ്ട ചിത്രം ഒരു വലിയ മറച്ചുവട്ടിൽ ഒരു പുരുഷന്റെ ചുമലിൽ തല ചായ്ച്ചു കിടക്കുന്ന സ്ത്രീ.

ഇതിലും അവരുടെ മുഖം വ്യക്തമല്ല.

പക്ഷെ ആ പെണ്ണ് ഒരു ഹാഫ് സാരീ ആയിരുന്നു ഉടുത്തിരുന്നത്.

ആ പുരുഷൻ ഷർട്ടും മുണ്ടും ആണെന്ന് വ്യക്തം.

മൂന്നാമത്തെ ചിത്രം കണ്ടതും അവർ ഇരുവരുടെയും കണ്ണുകൾ ഒരുപോലെ വിടർന്നു.

അതു കണ്ടിട്ടും അഞ്ജലിക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല.

"നോക്കിയേ നന്ദുവേട്ടാ അത് നന്ദുവേട്ടനും അരുണിമ ചേച്ചിയും അല്ലെ?"

അവളുടെ ആവേശം മൊത്തം ആ അലർച്ചയിൽ ഉണ്ടായിരുന്നു.

ഷ്മ് ശരിയാ പെണ്ണെ പക്ഷെ അത് ഞങ്ങളല്ല ദേവനും കല്യാണിയും ആണ്.

അനന്തു അവളെ തിരുത്തി.

"എന്നാലും ഇതെങ്ങനെ നന്ദുവേട്ടാ

എന്തൊരു സാമ്യമാ നിങ്ങൾ രണ്ടുപേരും

ദേ നോക്കിയേ കല്യാണി ചേച്ചി അരുണിമ ചേച്ചിയെ പോലെ തന്നെയുണ്ട്

അതേ ചിരിയും പൂച്ചക്കണ്ണുകളും

ഹോ എന്തൊക്കെയാണോ ഇവിടെ നടക്കുന്നെ"

"ഉവ്വാ ഇതൊക്കെ കണ്ടിട്ട് എനിക്ക് തല പെരുക്കുന്ന പോലെയാ തോന്നുന്നേ"

"എന്നാലും എന്റെ സംശയം നിങ്ങൾ രണ്ടു പേരും പുനർജ്ജന്മം ആണെന്നാ സിനിമയിൽ കാണുന്ന പോലെ"

"ഏത് സിനിമ?"

അനന്തു അവളെ പാളി നോക്കി.

"മയിൽപ്പീലിക്കാവ് കണ്ടിട്ടില്ലേ?

പിന്നെ ധീരയും

മയിൽപ്പീലിക്കാവിൽ ചാക്കോച്ചനും ജോമോളും ഡബിൾ റോളാ

അവര് പുനർജനിക്കുന്നുണ്ട്"

അഞ്ജലി ചിരിയോടെ പറഞ്ഞു.

"ഓഹ് ഞാൻ അത് കണ്ടിട്ടില്ല ഇതുവരെ"

അനന്തു ചുമൽ കൂച്ചി.

"പക്ഷെ എനിക്കൊരു സംശയം ഉണ്ട്

നന്ദുവേട്ടാ "

അഞ്ജലി കാര്യമായി എന്തോ കണ്ടു പിടിച്ച പോലെ ഭയങ്കര ഗൗരവം മുഖത്തേക്ക് വാരി വിതറി.

ഒരു അപസർപ്പകയെ പോലെ അവളുടെ കണ്ണുകൾ തിളങ്ങി.

"എന്താ നിന്റെ സംശയം?"

ആ സിനിമയിൽ തിലകൻ ചേട്ടനാണ് ജോമോളെ കൊല്ലുന്നത്

ആ വീട്ടിലെ തല മൂത്ത കാരണവർ ആയിരുന്നു അദ്ദേഹം

അതുപോലെ ഇനി നമ്മുടെ മുത്തശ്ശൻ എങ്ങാനുമാണോ നിങ്ങളെ കൊന്നത്

മുത്തശ്ശനല്ലേ മനയിലെ കാരണവർ "

അഞ്ജലി ചിന്താവിഷ്ടയായ ശ്യാമളയായി മാറി.

"ദേ ഒരൊറ്റ ചവിട്ട് വച്ചു തന്നാലുണ്ടല്ലോ

അവളുടെ ഒടുക്കത്തെ സംശയം "

അനന്തു കോപത്തോടെ അവളെ നോക്കി.

"സോറി നന്ദുവേട്ടാ എങ്കിൽ അത് വിട് നമുക്ക് ധീരയിലെ കഥ പറയാം

അതിൽ റാം ചരണും കാജലും ഇതുപോലെ പുനർജനിക്കുന്നുണ്ട്"

"ഹോ കഥ പറയണ്ട പെണ്ണേ ഞാനത് കണ്ടിട്ടുണ്ട്"

"ആണോ അപ്പൊ മറ്റേ ഗുണ്ടയും നിങ്ങളെ പോലെ പുനർജനിച്ചിട്ടുണ്ടാകും"

"കഴിഞ്ഞോ?"

അനന്തു മീശ പിരിച്ചുകൊണ്ട് അവളെ തുറിച്ചു നോക്കി.

ആ നോട്ടം കണ്ടതും അവൾ ചൂളിപ്പോയി.

"എന്താ നന്ദുവേട്ടാ എന്റെ ബുദ്ധി കൂടിപ്പോയോ?"

ഹേയ് കുറഞ്ഞില്ലെങ്കിലെ ഉള്ളു നീയാ പാവം മുത്തശ്ശനെ കൊലയാളി ആക്കിയില്ലേ? "

"നന്ദുവേട്ടാ കേസ് അന്വേഷണത്തിന്റെ ഭാഗമായി നമുക്ക് മുന്നിൽ വരുന്നവരെയെല്ലാം നമ്മൾ സംശയിക്കണം"

"ഓഹ് നീയാര് ലേഡി ഷെർലോക് ഹോംസോ?"

"യെസ് മാൻ "

അഞ്ജലി അല്പം ജാഡയോടെ ഇരുന്നു.

"ഈ പെണ്ണിന്റെയൊരു കാര്യം"

അനന്തു ചിരിച്ചുകൊണ്ട് അടുത്ത ചിത്രത്തിലേക്ക് നോക്കി

പക്ഷെ ആ ചിത്രത്തിന്റെ ഉള്ളടക്കം അവരെ ഒരുപോലെ നിരാശരാക്കി.

ഒരു തൊട്ടിൽ ആയിരുന്നു അതിൽ വരച്ചു വച്ചിട്ടുണ്ടായിരുന്നത്.

ആ ചിത്രത്തിന്റെ അർത്ഥം എന്താണെന്ന് എത്ര ആലോചിച്ചിട്ടും അവർക്ക് മനസിലായില്ല.

അവസാനം ചിന്തകൾക്ക് വിരാമമിട്ടുകൊണ്ട് അവർ ആ അറയിൽ തിരച്ചിൽ ആരംഭിച്ചു.

ഒരു പ്രത്യേകത എന്തെന്നാൽ ആ അറ മനയിലെ മറ്റുള്ള മുറികളെ അപേക്ഷിച്ചു വളരെ വൃത്തിയുള്ളതായിരുന്നു.

അനാവശ്യ പൊടിപടലങ്ങളോ മാറാലകളോ ഒന്നും തന്നെ അവിടെ ഉണ്ടായിരുന്നില്ല.

അവിടെ അറയുടെ ഒരു മൂലയ്ക്ക് ഒരു വലിയ ഇരുമ്പ് പെട്ടി മാത്രമാണ് തിരച്ചിലിനൊടുവിൽ അവർക്ക് കാണാൻ സാധിച്ചത്.

അഞ്ജലിയെ ആ പെട്ടിക്ക് സമീപം അനന്തു ഇരുത്തി.

രണ്ടുപേരുടെയും കണ്ണുകൾ അതിനെ ചൂഴ്ന്നെടുക്കുവായിരുന്നു.

അഞ്ജലി അത് തുറക്ക് എന്ന അർത്ഥത്തിൽ അവന് നേരെ കണ്ണു ചിമ്മി.

അവൻ ശരിയെന്നു തലയാട്ടിയ ശേഷം അതിന്റെ കൊളുത്ത് ഊരി മാറ്റി.

"വേഗം തുറക്ക് നന്ദുവേട്ടാ ഇതിലും വല്ല വശീകരണ മന്ത്രം ആണെങ്കിലോ എനിക്ക് ധൃതിയായി "

അഞ്ജലി അക്ഷമയോടെ ഇരുന്ന ഇരുപ്പിൽ ആടിക്കൊണ്ടിരുന്നു.

"ഉം നോക്കിയിരുന്നോ ഇപ്പൊ കിട്ടും"

അനന്തു അവളെ കളിയാക്കി.

അതിനു ശേഷം ആ പെട്ടി അവൻ വലിച്ചു തുറന്നു.

അതേ സമയം അവർ ഇരുവരുടെയും കണ്ണുകൾ അതിലേക്ക് പാറി വീണു.

കുറെ സാമഗ്രികൾ അതിൽ സംഭരിച്ചു വച്ചിട്ടുണ്ടായിരുന്നു.

അഞ്ജലി അത്ഭുതത്തോടെ അവ ഓരോന്നായി കയ്യിലേക്കെടുത്തു നോക്കി.

പണ്ടത്തെ ഇല്ലന്റ് മോഡലിലുള്ള കുറെ കത്തുകൾ

നീല നിറമുള്ള ഒരു ബ്ലൗസും പാവാടയും

പൊട്ടിയ കുപ്പിവള കഷ്ണങ്ങൾ

കരിമണി മാല, വെള്ളി പാദസരം

പിന്നെ ഒരു താലിയും

ഇത്രയും വസ്തുക്കളെയായിരുന്നു ഈ ഇരുമ്പ് പെട്ടി ഇത്രയും കാലം പൊന്നു പോലെ സംരക്ഷിച്ചത്.

അഞ്ജലി ആ കത്തുകളുടെ കമനീയ ശേഖരമെടുത്തു വായിച്ചു നോക്കാൻ തുടങ്ങി.

അനന്തു ആ വസ്തുക്കളിലൂടെ തന്റെ കൈ വിരലുകൾ ഓടിക്കുകയായിരുന്നു.

മനസിൽ എന്തോ ഒരു വിങ്ങൽ പോലെ.

തന്റെ വേണ്ടപ്പെട്ട ആരുടെയോ ആണ് ഇതൊക്കെയെന്ന് മനസിനുള്ളിൽ നിന്നും ആരോ വിളിച്ചു പറയുന്നു.

നഷ്ട്ടപ്പെട്ടു എന്ന് കരുതിയതൊക്കെ തിരിച്ചു കിട്ടിയ പോലെ.

കലുഷമായ അവന്റെ മനസിൽ ചിന്തകളുടെ പെരുമഴ പെയ്തിറങ്ങി.

വിരലുകളിൽ എന്തോ ചുറ്റി പിണഞ്ഞപ്പോഴാണ് അനന്തു ചിന്തകളിൽ നിന്നും തിരിച്ചു വന്നത്.

കയ്യിൽ കുടുങ്ങിക്കിടക്കുന്ന കരിമണിമാല.

ഇപ്പോഴും അതിന്റെ തിളക്കത്തിന് യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല.

ആ മാല പെട്ടിയിൽ തന്നെ നിക്ഷേപിച്ച് അനന്തു ആ താലിമാല കയ്യിലെടുത്തു.

ആ നിമിഷം അവന്റെ മനസിനെ വിരഹം കീഴ്പ്പെടുത്തി.

ഒരായിരം മുള്ളുകൾ ഒരുമിച്ചു തറഞ്ഞു കയറുന്ന വേദനയിൽ അവൻ പിടഞ്ഞു.

ശ്വാസം തൊണ്ടക്കുഴിയിൽ കുടുങ്ങി കിടന്നു.

നെഞ്ചിനുള്ളിൽ ഒരു കൊള്ളിയാൻ മിന്നി.

അറിയാതെ അനന്തുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

അപ്പോഴും ആ താലിയിൽ തന്നെയായിരുന്നു അവന്റെ കണ്ണ്.

ആ അശ്രുകണങ്ങൾ ധാരയായി കയ്യിലെ താലിയിലേക്ക് ഇറ്റു വീണു.

ചുടു കണ്ണുനീരിന്റെ സ്പർശനമേറ്റതും ആ താലി നാഗത്തെ പോലെ പിടഞ്ഞു.

കത്തുകളിൽ നിന്നും തലയുയർത്തിയും അനന്തുവിന്റെ നിറഞ്ഞൊഴുകുന്ന കണ്ണുകളാണ് അഞ്ജലി പൊടുന്നനെ കണ്ടത്.

"അയ്യോ നന്ദുവേട്ടാ എന്തായിത് എന്താ പറ്റിയെ?"

അഞ്ജലി വിളിച്ചിട്ടും ഒരു കുലുക്കവുമില്ലാതെ ഒരു സ്വപ്നത്തിലെന്ന പോലെ അവൻ നിന്നു.

അതു കണ്ടതും അവൾക്ക് ഭയമായി.

"നന്ദുവേട്ടാ............"

അഞ്ജലി ഉറക്കെ അവനെ കുലുക്കി വിളിച്ചു.

പൊടുന്നനെ സ്വപ്നത്തിൽ നിന്നെന്ന പോലെ അവൻ ബോധ മണ്ഡലത്തിലേക്ക് തിരിച്ചു വന്നു.

"എന്താ അഞ്ജലി?"

"നന്ദുവേട്ടാ എന്താപറ്റിയെ?എന്തിനാ എന്റെട്ടൻ കരഞ്ഞേ?"

അഞ്ജലി നിറ കണ്ണുകളോടെ അത് ചോദിച്ചപ്പോഴാണ് അനന്തു തന്റെ കണ്ണുകളിൽ തൊട്ടു നോക്കിയത്.

അവിടെ നനവ് തിരിച്ചറിഞ്ഞതും അവൻ ഞെട്ടി.

"ഞാനെപ്പോഴാ പെണ്ണെ കരഞ്ഞേ?"

അനന്തു അന്ധാളിപ്പോടെ ചോദിച്ചു.

"ഞാൻ നോക്കുമ്പോ നന്ദുവേട്ടൻ ഈ താലിയിലേക്ക് നോക്കി കരയുവായിരുന്നു.
എന്താ പറ്റിയെ എന്തിനാ കണ്ണു നിറഞ്ഞെ?"

അഞ്ജലിയുടെ ചോദ്യത്തിന് അൽപ നേരം അവൻ മൗനം പാലിച്ചു.

അഞ്ജലിയുടെ കണ്ണുകൾ അപ്പോഴും അവനിലായിരുന്നു.

"എനിക്കറിയില്ല അഞ്ജലിക്കുട്ടി ഈ താലി കണ്ടപ്പോ മനസിൽ ഒരു വിങ്ങലാ തോന്നിയെ

നെഞ്ചിനുള്ളിൽ ഒരു വേദന പോലെ

നഷ്ട്ടപെട്ടത് തിരിച്ചു കിട്ടിയ ഫീലായിരുന്നു
എനിക്ക്

അതിനിടക്ക് കണ്ണുകൾ നിറഞ്ഞത് പോലും ഞാനറിഞ്ഞില്ല.

അനന്തു തന്റെ നിസ്സഹായത വെളിപ്പെടുത്തി.

"സാരമില്ല നന്ദുവേട്ടാ ഇനി അതൊന്നും ചിന്തിക്കണ്ട നമുക്ക് ബാക്കി നോക്കാം"

അഞ്ജലി അനന്തുവിനെ പ്രോത്സാഹിപ്പിച്ചു.

അല്പം ഉഷാറ് കിട്ടിയതും അനന്തു പെട്ടിയിലേക്ക് കണ്ണു തിരിച്ചു.

പക്ഷെ മ്ലാനമായിരുന്നു ആ മുഖഭാവം.

പെട്ടിയിലുള്ള നീല ബ്ലൗസ് അവൻ കയ്യിലെക്കെടുത്തു.

സ്വല്പം പഴയ മോഡൽ ആയിരുന്നു അത്.

അത് നോക്കുന്തോറും എന്തൊക്കെയോ വയ്യായ്മയും മറ്റും അവന് തോന്നി.

ആ ബ്ലൗസ് അവൻ നെഞ്ചോട് ചേർത്തു വച്ചു.

കൂടിയ നെഞ്ചിടിപ്പ് ക്രമേണ കുറഞ്ഞു വന്നു

അതോടെ അല്പം ആശ്വാസം അവന് കിട്ടി തുടങ്ങി.

പിന്നീട് എന്തോ പ്രേരണയാൽ ആ ബ്ലൗസ് മുഖത്തേക്ക് അടുപ്പിച്ചു നാസിക ചേർത്തു വച്ചു.

നാസികയിലൂടെ ആവാഹിച്ചെടുത്ത മണം അനന്തുവിനെ വല്ലാതെ മത്തു പിടിപ്പിച്ചു.

തലച്ചോറിനെ ഉന്മേഷിപ്പിച്ചു.

സിരകളിൽ കൂടി രക്തയോട്ടം വേഗത്തിലായി മാറി ൽ.

കണ്ണുകൾ വിടർന്നു.

തനിക്ക് സംഭവിക്കുന്ന മാറ്റങ്ങൾ അവൻ തിരിച്ചറിഞ്ഞു.

"അതേ മണം"

"എന്താ?"

അഞ്ജലി ഒന്നും മനസിലാവാതെ അവനെ നോക്കി.

ബ്ലൗസിലേക്ക് മുഖം പൂഴ്ത്തിയ അനന്തുവിനെയാണ് അവൾ കണ്ടത്.

"ഞാൻ അന്ന് പറഞ്ഞില്ലേ അരുണിമയുടെ മണം ഇതിലും അതേ മണമാ അവളുടെ വിയർപ്പിന്റെ ഗന്ധം"

"പ്രാന്തായോ നന്ദുവേട്ടാ "

അഞ്ജലി തലക്ക് കൈകൊടുത് അവനോട് ചോദിച്ചു.

"ഞാൻ ഭ്രാന്ത് പറയുന്നതല്ല അഞ്ജലിക്കുട്ടി എന്നെ വിശ്വസിക്ക്"

അനന്തുവിന്റെ നിസ്സഹായത നിറഞ്ഞ കണ്ണുകൾ അവളെ വിഷമിപ്പിച്ചു.

"വാ നന്ദുവേട്ടാ നമുക്ക് പോകാം ഇനിം ഇവിടെ നിന്നാൽ ശരിയാവില്ല "

അഞ്ജലി സാധനങ്ങളൊക്കെ എടുത്തു ഭദ്രമായി പെട്ടി പൂട്ടി വച്ചു തന്റെ കയ്യിൽ പിടിച്ചു.

അനന്തു ഒന്നും മിണ്ടാതെ അവളെയും കൊണ്ട് ആ അറയുടെ വെളിയിലിറങ്ങി.

അതിനു ശേഷം പിരിയൻ ഗോവണിയിലൂടെ കയറി വന്നു.

നിലവറ പുറത്തു നിന്നും പൂട്ടി പുറത്തേക്കിറങ്ങി വരുമ്പോഴാണ് ലക്ഷ്മി അവരെ കയ്യോടെ പിടി കൂടിയത്.

"അഞ്ജലി എവിടെ പോയതാ നീ?"

അവളുടെ ചീറൽ കേട്ട് അവൾ ഭയന്നു.

"ഞാൻ നന്ദുവേട്ടന്റെ കൂടെ വന്നതാ"

"എവിടേക്ക്?"

"ഈ മുറി വരെ"

"കണ്ണീക്കണ്ടവന്മാരുടെ കൂടെ നീ പോകുവോടി പ്രായപൂർത്തിയായ പെണ്ണാ നീയ് ഒരുത്തനെയും വിശ്വസിക്കരുത് ഇല്ലെങ്കിൽ നിന്റെ അമ്മയോട് എനിക്ക് പറയേണ്ടി വരും"

ലക്ഷ്മി ഒരു താക്കീത് പോലെ അഞ്ജലിയോട് പറഞ്ഞു.

അവൾ അത് കേട്ട് തലയാട്ടിയതല്ലാതെ ഒന്നും ഉരിയാടിയില്ല.

അനന്തുവിനെ നോക്കി ദാഹിപ്പിക്കുന്ന രീതിയിൽ നോട്ടമെറിഞ്ഞ ശേഷം ലക്ഷ്മി പുറത്തേക്ക് പോയി.

ലക്ഷ്മി പോയെന്ന് ഉറപ്പ് വരുത്തിയതും അഞ്ജലി കൊഞ്ഞനം കുത്തി.

അതു കണ്ടതും അനന്തുവിന് ചിരിപൊട്ടി.

അവളെയും കൊണ്ട് അവൻ നേരെ മുറിയിലേക്ക് നടന്നു
.
.
.
.
ഈ സമയം ഒരു ദീർഘയാത്രയൊക്കെ കഴിഞ്ഞു വന്നതിന്റെ ക്ഷീണത്തിൽ അരുണിമ തന്റെ മുറിയിലെ ബെഡിൽ കിടന്നുറങ്ങുകയായിരുന്നു.

ബൾബിൽ നിന്നുള്ള പ്രകാശം ആ മുറിയിൽ പ്രവഹിക്കുന്നുണ്ട്.

കയ്യിലുള്ള നെബുലൈസർ ഇപ്പോഴും കാണാം.

ഉറക്കത്തിനിടയിലും ആ മുഖത്തു എന്തൊക്കെയോ ഭാവങ്ങൾ വിരിയുന്നുണ്ട്.

വളരെ അവ്യക്തമായവ.

അതോടൊപ്പം ഇടക്കിടെ അവൾ പൂണ്ടടക്കം ഞെട്ടുന്നു.

വല്ലാതെ തണുപ്പ് തോന്നിയതിനാൽ ഉറക്കത്തിനിടയിലും അവൾ ചുരുണ്ടു കിടന്നു.

ഏതോ സ്വപ്നത്തിലാണെന്ന് വ്യക്തം.

പതിയെ കൂമ്പിയടഞ്ഞ ആ മിഴിക്കോണുകളിലൂടെ നീരുറവ പ്രവഹിച്ചു തുടങ്ങി.

അപ്പോഴും അവൾ ഗാഢമായ മയക്കത്തിൽ ആയിരുന്നു.

പക്ഷെ അതിനു പ്രതിഫലമെന്നോണം അവളുടെ അധരങ്ങൾ പതിയെ മന്ത്രിച്ചു.

"ദേവേട്ടൻ...... ദേവേട്ടൻ"

അരുണിമയെ ചോറുണ്ണാൻ വേണ്ടി വിളിക്കാൻ വന്നതായിരുന്നു ആശ.

അപ്പോഴാണ് കട്ടിലിൽ കിടന്ന് വിറങ്ങലിച്ചുകൊണ്ട് പിറുപിറുക്കുന്ന തന്റെ മകളെ അവർ കണ്ടത്.

പതിയെ അരുണിമയ്ക്ക് സമീപം അവർ ഇരുന്നു.

അപ്പോഴും നാമജപം പോലെ അരുണിമ ദേവൻ എന്ന നാമം ഉരുവിടുന്നുണ്ടായിരുന്നു.

"മോളെ ആരു എണീക്ക് ചോറ് കയിക്കണ്ടേ വാ"

ആശ മകളെ കുലുക്കി വിളിച്ചു.

സ്വപ്നത്തിൽ നിന്നും ഞെട്ടി പിടഞ്ഞെനീറ്റ അരുണിമ ചുറ്റും തല ചരിച്ചു നോക്കി.

അപ്പോഴാണ് തന്റെ മകളുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നത് ആ അമ്മയുടെ ശ്രദ്ധയിൽ പെട്ടത്.

"മോളെ എന്തിനാ ന്റെ കുട്ടി കരയണേ? എന്താണ്ടായേ? "

ആശ സംഭ്രമത്തോടെ അവളുടെ കണ്ണുകൾ ഒപ്പി.

"ഞാൻ കരഞ്ഞില്ലമ്മേ "

അരുണിമ പയ്യെ എണീറ്റിരുന്നു കൊണ്ട് പറഞ്ഞു.

"ഉവ്വ് ന്നിട്ടാണല്ലോ ന്റെ കുട്ടി ദേവേട്ടാന്ന് പറഞ്ഞിറ്റ് കരഞ്ഞേ"

ആശ അവളുടെ നെറുകയിൽ പതിയെ തഴുകി.

"എന്തോ സ്വപ്നം കണ്ടമ്മേ അതാവും ചിലപ്പോ"

അരുണിമ അമ്മയെ സമാധാനിപ്പിക്കുവാനായി പറഞ്ഞു.

ആശ തെല്ലു സങ്കടത്തോടെ തന്റെ മകളുടെ പാറി കിടക്കുന്ന മുടിയൊക്കെ കോതിവച്ചു.

കണ്ണുകൾ ഒക്കെ തുടച്ചു മാറ്റി കവിളിൽ പതിയെ പിച്ചി.

"ന്റെ കുട്ടീടെ സങ്കടം മാറാൻ ഞാൻ നേർച്ച നേരണുണ്ട് പിന്നൊരു പൂജിച്ച ഏലസ് അമ്മ കെട്ടി തരാട്ടോ"

"എന്റമ്മേ നിങ്ങ കെട്ടി തന്ന ചരട് കാരണം മനുഷ്യന് ശ്വാസം മുട്ടുവാ അതു മാത്രം കെട്ടിയിട്ട് എനിക്ക് രണ്ടു കിലോ കൂടി അറിയോ"

"ന്റെ കുട്ടി ദൈവദോഷം പറയല്ലേ "

ആശ സങ്കോചത്തോടെ മൊഴിഞ്ഞു.

"ഞാൻ സത്യാവസ്ഥ പറഞ്ഞതാ ആശാമ്മേ"

അരുണിമ നിസ്സഹായതയോടെ അവരെ നോക്കി.

"വേഗം എണീറ്റ് മുഖം കഴുകി ചോറുണ്ണാൻ വാ അമ്മ വിളമ്പി വയ്ക്കാം കേട്ടോ"

ആശ പതിയെ അവിടുന്ന് എണീറ്റുപോയി.

അരുണിമ ചോറുണ്ണാനായി എഴുന്നേറ്റു കട്ടിലിലിരുന്നു.

അപ്പോൾ അവളുടെ മനസിലൂടെ ഓടിയ സംശയം ഇതായിരുന്നു.

ആരാണ് ദേവേട്ടൻ?
.
.
.
.
പിറ്റേ ദിവസം ദുഃഖം ഘനീഭവിച്ച പ്രഭാതത്തെയാണ് തേവക്കാട്ട് മന വരവേറ്റത്.

ഉത്സവപൂരിതമായിരുന്ന ആ വീട് ഇന്ന് പൂരം കൊടിയേറിയ പറമ്പ് പോലെ ശൂന്യമായി കിടന്നു.

എല്ലാവരുടെ കണ്ണുകളിലും വിഷാദം തളം കെട്ടി കിടന്നു.

എന്നാൽ ലക്ഷ്മിയും ശിവജിത്തും മാത്രം പതിവിന് വിപരീതമായി ഇന്ന് ഭയങ്കര സന്തോഷത്തിലായിരുന്നു.

രാവിലെ പത്തു മണിയോടു കൂടി പ്രഭാത ഭക്ഷണത്തിനു ശേഷം മാലതിയും മക്കളും തേവക്കാട്ട് മനയോട് വിട പറയാൻ തയാറായി നിന്നു.

ബാഗുകളൊക്കെ പാക്ക് ചെയ്ത് അവർ പോകാൻ തയാറായി.

മനയുടെ പൂമുഖത്തേക്ക് ഇറങ്ങി വന്ന മാലതി അമ്മ കാർത്യായനിയുടെയും അച്ഛൻ ശങ്കരന്റെയും അനുഗ്രഹം വാങ്ങി.

കാർത്യായനി നൊമ്പരത്തോടെ കണ്ണുകൾ ഒപ്പിക്കൊണ്ടിരുന്നു.

ശങ്കരനും മറിച്ചായിരുന്നില്ല അവസ്ഥ.

സീതയും ബാലരാമനും എങ്ങനെ അവരെ ആശ്വസിപ്പിക്കണമെന്ന് അറിയാതെ ഉഴറി.

വിജയനും ഷൈലയും അഞ്ജലിയും അവിടെയുള്ള സെറ്റിയിൽ ഇരിപ്പുണ്ടായിരുന്നു.

ലക്ഷ്മി ഉള്ളിലൂറുന്ന ചിരിയോടെ പുറത്ത് ഭാവ മാറ്റങ്ങൾ വരുത്തിക്കൊണ്ട് അവിടൊരു തൂണിൽ ചാരിയിരുന്നു.

ഈ സമയം മീനാക്ഷി അങ്ങോട്ടേക്ക് വന്നു

മാലതിയുടെ കാലിൽ വീണു.

"അയ്യോ എന്താ മീനുമോളെ ഇത്?"

"സോറി ആന്റി ഞാൻ കാരണമല്ലേ ഇതൊക്കെയുണ്ടായേ?എന്നെ ശപിക്കല്ലേ ആന്റി അയാം സോറി"

മീനാക്ഷി മുഖം പൊത്തി വിതുമ്പി.

അത് മാലതിയെ സങ്കടപെടുത്തി.

അയ്യേ മീനു മോള് കരയുവാണോ?നീ ആന്റിടെ ചുന്ദരിക്കുട്ടിയല്ലേ...
ആന്റിക്ക് സങ്കടം ഒന്നുമില്ലാട്ടോ സത്യം... ഇനിയെന്റെ മോള് കരയല്ലേ"

മാലതി അവളെ ആശ്വസിപ്പിച്ചു.

അതിനു ശേഷം മീനാക്ഷി അനന്തുവിന് മുൻപിൽ വന്നു നിന്നു.

ഒരു കുറ്റവാളിയെ പോലെ അവളുടെ തല താഴ്ന്നു.

"സോറി അനന്തു എല്ലാത്തിനും...എന്നോട് ദേഷ്യം തോന്നരുത് കേട്ടോ"

അവളുടെ ദുഃഖം നിഴലിക്കുന്ന വാക്കുകൾ അവന്റെ കാതിൽ പതിഞ്ഞു.

അതുകേട്ടതും അനന്തുവിനും സങ്കടം തോന്നി.

കാരണം മീനാക്ഷിയോട് ഒരു തരി വെറുപ്പ് പോലും അവനിതുവരെ തോന്നിയിരുന്നില്ല.

"സാരമില്ല മീനാക്ഷി എനിക്ക് വെറുപ്പൊന്നുമില്ലട്ടോ "

അനന്തുവിന്റെ ആശ്വാസ വാക്കുകൾ അവൾക്ക് മഞ്ഞു പെയ്യുന്ന പ്രതീതി സമ്മാനിച്ചു.

മനയിലെ കുട്ടിപ്പട്ടാളങ്ങളോടും മറ്റു അമ്മാവന്മാരോടും അമ്മായിമാരോടും യാത്ര ചോദിച്ച ശേഷം അവർ പോകാനായി തയാറായി.

മുത്തശ്ശി കയ്യിലണിഞ്ഞിരുന്ന ഒരു മോതിരം എടുത്ത് ശിവയുടെ വിരലിൽ അണിയിച്ചു.

മകളും പേരമക്കളും തന്നെ വിട്ടു പോകുന്നതിൽ ആ മാതൃ ഹൃദയം വല്ലാതെ വിതുമ്പി.

അനന്തു പോകുന്നതിലായിരുന്നു അവരെ ഏറ്റവും കൂടുതൽ വിഷമിപ്പിച്ചിരുന്നത്.

ദേവൻ അവരെ വിട്ടു പോകുന്ന പോലെയായിരുന്നു.

അത്രയ്ക്കും ഹൃദയഭേദകമായ വേദന ആയിരുന്നു അവർക്ക്.

മുത്തശ്ശൻ അനന്തുവിനെ ചേർത്തു പിടിച്ചു.

അദ്ദേഹത്തിന്റെ സ്നേഹത്തിൽ അവൻ അലിഞ്ഞില്ലാതായി.

അവനും ഏറെക്കുറെ പൊട്ടികരയുമെന്ന അവസ്ഥയിൽ ആയിരുന്നു.

"മുത്തശ്ശാ അവനെ ഞാൻ കൊണ്ടു പോയിക്കോട്ടെ?"

മുറ്റത്ത് നിർത്തിയിട്ടിട്ടുള്ള ബുള്ളറ്റിലേക്ക് ചൂണ്ടി കാണിച്ച് അനന്തു ചോദിച്ചു.

"മോനെ നീ കൊണ്ടു പൊയ്ക്കോടാ..നീ ഞങ്ങടെ ദേവനാ...ദേവന് ഞങ്ങൾ തന്ന സമ്മാനം"

മുത്തശ്ശൻ പറഞ്ഞതു കേട്ട് അനന്തു സന്തോഷത്തോടെ അദ്ദേഹത്തെ ഒന്നുകൂടി പുണർന്നു.

അതിനു ശേഷം കസേരയിൽ ഇരിക്കുന്ന
മുത്തശ്ശിയ്ക്ക് സമീപം വന്നിരുന്നു.

"മുത്തശ്ശി"

"ഞങ്ങളെ വിട്ടു പോകുവല്ലേ?ഞാൻ പിണക്കാ "

കർത്യായനി മുഖം വീർപ്പിച്ചു മറ്റെങ്ങോട്ടോ നോക്കി.

"എന്റെ മുത്തശ്ശി അമ്മയുടെ തീരുമാനമല്ലേ... എനിക്ക് എതിർക്കാനാവില്ലല്ലോ മുത്തശ്ശിക്ക് അറിയുന്നതല്ലേ അമ്മയുടെ വാശി"

കാർത്യായനി അതു കേട്ടതും അനന്തുവിനെ കെട്ടിപിടിച്ചു ഇരു കവിലുകളിലും തെരു തെരെ ചുംബിച്ചു.

അവരുടെ സ്നേഹ പ്രകടനം കണ്ട്
എല്ലാവരുടെയും കണ്ണുകൾ ഈറനണിഞ്ഞു.

ഇതൊക്കെ കണ്ടുകൊണ്ട് പുറത്തേക്ക് കണ്ണും നട്ടിരിക്കുവായിരിക്കുന്നു അഞ്ജലി.

അനന്തു അവളുടെ മുഖം കൈക്കുമ്പിളിൽ കോരിയെടുത്ത് ആ നെറ്റിയിൽ സ്വന്തം നെറ്റി ചേർത്തു മുട്ടിച്ചു.

അപ്പോൾ നാണത്തിൽ കുതിർന്ന പുഞ്ചിരി അവളുടെ അധരങ്ങളിൽ മോട്ടിട്ടു.

പക്ഷെ തന്റെ ഹൃദയ തന്ത്രികൾ മീട്ടിക്കൊണ്ടിരുന്ന വിരഹ ഗാനം മറ്റാരും കേൾക്കാതെ അഞ്ജലി സമർത്ഥമായി മറച്ചു പിടിച്ചു

അനന്തു വിഷാദത്തോടെ അവളിൽ നിന്നും വിട്ടകന്നു.

അപ്പോഴാണ് സീത പലഹാരങ്ങളടങ്ങിയ ഒരു ബാഗ് അകത്തളത്തിൽ വച്ചത് എടുക്കാൻ മറന്നു പോയത് ഓർത്തത്.

അനന്തുവിനെയും വിളിച്ചുകൊണ്ട് അവർ മനയുടെ ഉള്ളിലേക്ക് കടന്നു പോയി.

സാധങ്ങളൊക്കെ കാറിന്റെ ഡിക്കിയിലേക്ക് ഓരോന്നായി ഡ്രൈവർ എടുത്തു വച്ചു കൊണ്ടിരുന്നു.

പോടുന്നനെ ഒരാൾ തേവക്കാട്ട് മനയുടെ പടിപ്പുര കടന്ന് നടന്നു വരികയാണ്.

കാഷായ വസ്ത്രധാരിയായ അദ്ദേഹത്തിന്റെ ചുമലിൽ ഒരു തോൾ സഞ്ചി കിടപ്പുണ്ടായിരുന്നു.

വിയർപ്പിൽ കുതിർന്ന കാഷായ വസ്ത്രം അദ്ദേഹത്തിന്റെ ദേഹത്തോട് ഒട്ടി ചേർന്നു നിൽപ്പുണ്ടായിരുന്നു.

കൈകളിലും കഴുത്തിലും രുദ്രാക്ഷ മണികളുടെയും കമനീയ ശേഖരങ്ങൾ മാലകളായും കാപ്പുകളായും അണിഞ്ഞിട്ടുണ്ടായിരുന്നു.

നീണ്ടു കിടക്കുന്ന പഞ്ഞി പോലുള്ള താടിയുടെ ആഗ്രം അദ്ദേഹത്തിന്റെ മാറിനെ ചുംബിച്ചു കൊണ്ടിരുന്നു.

നീണ്ടു കിടക്കുന്ന മുടിയിഴകൾ പുറകിലേക്ക് വൃത്തിയായി ചീകിയൊതുക്കിയിരുന്നു.

നീണ്ടു മെലിഞ്ഞ ശരീര പ്രകൃതിയെങ്കിലും മുഖത്തു ദിവ്യത്വം വിളങ്ങി നിന്നു.

മനയുടെ മുറ്റത്തെത്തിയതും അവിടെ കണ്ട ആൾക്കൂട്ടം കണ്ട് ആ രൂപത്തിന്റെ നടത്തം മന്ദഗതിയിലായി.

ആൾക്കൂട്ടത്തിലെ ഓരോരുത്തരിലും ആ കണ്ണുകൾ ചികഞ്ഞു കൊണ്ടിരുന്നു.

പെട്ടെന്നാണ് കാർത്യായനി മുറ്റത്തു കൂടെ നടന്നു വരുന്ന ആളെ കണ്ടത്.

ഇളം വെയിലത്തു നടന്നു വരുന്ന ആളെ കണ്ടതും അവരുടെ കണ്ണുകൾ വിടർന്നു.

സംശയത്തോടെയെങ്കിലും ആ രൂപത്തെ അവർ ഒരു നിമിഷം ഉറ്റു നോക്കി.

പെട്ടെന്ന് ആ മുഖത്തു ഭാവങ്ങൾ മിന്നി മറിഞ്ഞു.

എന്തോ കണ്ടു പിടിച്ച പോലെ.

"നോക്കിയേ ഏട്ടാ ഇതാരാ വരണേന്ന്"

കാർത്യായനിയുടെ ഒച്ചപ്പാട് കേട്ട് എല്ലാവരുടെയും കണ്ണുകൾ അങ്ങോട്ടേക്ക് പാറി വീണു.

മുറ്റത്തു വന്നു നിൽക്കുന്ന ആളെ കണ്ടതും ശങ്കരന്റെ ചുണ്ടുകൾ മന്ത്രിച്ചു.

"യതീന്ദ്രൻ"

തേവക്കാട്ട് ശങ്കരന്റെ ഒരേയൊരു അനുജൻ.

ബാലരാമൻ ഒരു ഞെട്ടലോടെ അതിലുപരി സന്തോഷത്തോടെ അദ്ദേഹത്തെ പോയി പുണർന്നു.

"ഇളയച്ഛ "

സ്നേഹാദ്രമായിരുന്നു ആ വിളി.

അതിൽ യതീന്ദ്രൻ അലിഞ്ഞില്ലാതായി.

"മോനെ ബാലരാമ സുഖമാണോ നിനക്ക്? "

അദ്ദേഹം വിശേഷം തിരക്കി.

"സുഖം ഇളയച്ഛ വരൂ വന്ന കാലിൽ പുറത്തു നിൽക്കാതെ "

ബാലരാമൻ അദ്ദേഹത്തെ ക്ഷണിച്ചു.

"ഹ്മ് "

ഒരു മൂളലിൽ മറുപടിയൊതുക്കി ചിരിയോടെ
അദ്ദേഹം പൂമുഖത്തേക്ക് കയറി വന്നു.

അവിടെ കയ്യും കെട്ടി ഗൗരവത്തോടെ നിക്കുന്ന ശങ്കരനെ കണ്ട് യതീന്ദ്രന് അല്പം ഭയം തോന്നി.

ഒരു സിംഹത്തെ പോലെ തന്റെ വന്യത പുറപ്പെടുവിച്ചു അദ്ദേഹം നിന്നു

ശങ്കരന് സമീപത്തേക്ക് യതീന്ദ്രൻ വന്നു നിന്നു.

"ഏട്ടാ എന്നോട് ക്ഷമിക്ക് അനിയന്റെ അറിവില്ലായ്മയായി കണ്ട് പൊറുക്കൂലേ?"

യതീന്ദ്രന്റെ പറച്ചിൽ കേട്ട് ശങ്കരന് സഹിക്കാനായില്ല.

അദ്ദേഹം തന്റെ സഹോദരനെ ഗാഢമായി പുണർന്നു.

ജ്യേഷ്ട്ടനുജന്മാരുടെ സ്നേഹ പ്രകടനം കണ്ട് എല്ലാവരും കിളി പോയ പോലായിരുന്നു.

മിക്കവരുടെ കണ്ണുകളിലും അദ്ദേഹം ഒരു അജ്ഞാതനായിരുന്നു.

ഒരു അപരിചിതൻ.

"യതീ എവിടായിരുന്നു കഴിഞ്ഞ 23 വർഷങ്ങളായിട്ട്

ഞങ്ങളൊക്കെ എന്തോരം വിഷമിച്ചിട്ടുണ്ടെന്ന് അറിയോ നിനക്ക് വേണ്ടി.

ദേ നോക്കിയെ കിളവനായിപ്പോയി ഇവൻ..

ഇപ്പൊ കണ്ടാൽ എന്റെ ചേട്ടൻ ആണെന്നെ പറയൂ"

ശങ്കരന്റെ അഭിപ്രായം കേട്ട് യതി പൊട്ടിച്ചിരിച്ചു.

"ഏട്ടാ ഇവിടുന്ന് പോയതിന് ശേഷം അലഞ്ഞു തിരിഞ്ഞു നടക്കുവായിരുന്നു.

ഒരുപാട് ക്ഷേത്രങ്ങൾ,ബുദ്ധ വിഹാരങ്ങൾ പള്ളി മുറ്റങ്ങൾ എന്നിവിടങ്ങളിൽ ഭിക്ഷ തെണ്ടിയും പട്ടിണി കിടന്നും ജീവിച്ചു.

"അമ്പലങ്ങളൊക്കെ കേറിയിറങ്ങി അവസാനം ശ്രീബുദ്ധനെ പോലെ ബോധോധയം വന്നപ്പോ പിന്നീട് ഒരു സന്യാസി കൂട്ടത്തിലായിരുന്നു വാസം"

ഒരു സഞ്ചാരിയും സന്യാസിയുമാണ് ഇപ്പൊ ഞാൻ.

ഹിമാലയം ആണ് ലക്ഷ്യം."

യതീന്ദ്രൻ പറയുന്നത് ഓരോരുത്തരും ശ്രദ്ധാ പൂർവ്വം കേട്ടിരുന്നു.

ഒരു സന്യാസി ശ്രേഷ്ഠനാണ് വന്നിട്ടുള്ളതെന്ന് അറിഞ്ഞതും എല്ലാവരിലും ബഹുമാനം തലപൊക്കി തുടങ്ങി.

"എങ്കിലും നീ ഞങ്ങളോട് ചെയ്തത് ക്രൂരത തന്നെയാ.

ഒരു രാത്രിയിൽ ആരും അറിയാണ്ട് ഇറങ്ങി പോയിട്ട് ഇപ്പൊ വർഷങ്ങൾക്ക് ശേഷം തിരിച്ചു വന്നിരിക്കുവാ.

ചൂരലെടുത്തു ഒരു അടി കൊടുക്കുവാ വേണ്ടേ "

ഇത്രയും നേരം മിണ്ടാതിരുന്ന കാർത്യായനി തന്റെ മൗനം കൈ വെടിഞ്ഞുകൊണ്ട് പറഞ്ഞു.

"എന്നോട് ക്ഷമിക്ക് ഏട്ടത്തിയമ്മേ ആ ഒരു ദുർബല നിമിഷത്തിൽ ദേവന്റെ മരണം അറിഞ്ഞതും എല്ലാം കൈവിട്ടു പോയ പോലെയായിരുന്നു

ഉൾനെഞ്ചിലെ നീറ്റൽ കനലായി പുകഞ്ഞു തുടങ്ങിയതും സഹിക്ക വയ്യാതെ ഇറങ്ങി പോയതാ"

അദ്ദേഹത്തിന്റെ നഷ്ട്ട ബോധം നിറഞ്ഞ വാക്കുകൾ അവരെയും തെല്ലോന്ന് വേദനിപ്പിച്ചു.

പക്ഷെ അവരെ അതിൽ നിന്നും പിന്തിരിപ്പിച്ചത് യതീന്ദ്രൻ തന്നെയായിരുന്നു.

"ഇവിടെന്താ ഒരു ആൾക്കൂട്ടം?"

"ഹാ യതീ വിട്ടു പോയി ഇതാരാണെന്ന് മനസ്സിലായോ?"

മാലതിയെ ചൂണ്ടി കാണിച്ചുകൊണ്ട് ശങ്കരൻ ചോദിച്ചു.

"ഇല്ല മനസിലായില്ല ആരാ ഏട്ടാ ഇത്?"

യതീന്ദ്രന്റെ ചോദ്യം വന്നതും ശങ്കരൻ പൊട്ടി ചിരിച്ചു.

"എടോ ഇത് നമ്മുടെ മാലതിയാ"

ശങ്കരൻ പറഞ്ഞത് കേട്ട് ആവിശ്വസനീയതയോടെ യതി അവളെ തുറിച്ചു നോക്കി.

മാലതി കുഞ്ഞു പുഞ്ചിരിയോടെ ഇളയച്ഛനെ നോക്കി നിന്നു.

"മോളെ മാലതി എനിക്ക് വിശ്വസിക്കാൻ പറ്റുന്നില്ല

ഇത് നീയായിരുന്നോ?

പണ്ട് എങ്ങനെ ഉണ്ടായിരുന്ന പെണ്ണാ അതും നീർക്കോലി പോലെ

ഇപ്പൊ തടിച്ചിയായി നീ "

ഇളയച്ഛന്റെ വാക്കുകൾ കേട്ട് മാലതിക്ക് ചമ്മലായി.

മിക്കവാറും ഇനിയും പഴങ്കഥകൾ പറഞ്ഞു തന്നെ നാറ്റിച്ചിട്ടേ ഇളയച്ഛൻ അടങ്ങു.

അവൾ ആത്മഗതം പറഞ്ഞു.

"സുഖമാണോ മോളെ നിനക്ക്?"

"സുഖമാണ് ഇളയച്ഛ"

"അപ്പൊ നിന്റെ ഭർത്താവ്,മക്കൾ?

അതു കേട്ടതും മാലതി ഒന്നു നെടുവീർപ്പെട്ടു.

"ഏട്ടൻ 5 വർഷം മുന്നേ മരിച്ചു...രണ്ടു മക്കളുണ്ട്"

"എന്നിട്ട് അവരെവിടെ?"

അദ്ദേഹത്തിന്റെ കണ്ണുകൾ ചുറ്റിനും പരതി.

"മോളെ ശിവാ വാ"

മാലതി തന്റെ മകളെ കൈകാട്ടി വിളിച്ചു.

ശിവപ്രിയ മാലതിയ്ക്ക് സമീപം വന്നു നിന്നു.

"ഇതാ ഇളയച്ഛ എന്റെ ഇളയ മകൾ"

ശിവയെ യതീന്ദ്രന്റെ സമീപം മാലതി പറഞ്ഞു വിട്ടു.

ശിവയെ കണ്ടതും അദ്ദേഹത്തിൻറെ മുഖത്തു വാത്സല്യം കളിയാടി.

അവളെ തന്റെ നെഞ്ചോട് ചേർത്തു പുണർന്നു.

ഒരച്ഛന്റെ കരുതൽ പോലെ.

"ശിവ മോള് ഏട്ടത്തിയമ്മയെ പോലെ തന്നാണല്ലേ കാണാൻ "

യതി അവരോടായി ചോദിച്ചു.

"അതേ ഇളയച്ഛ അമ്മയുടെ അതേ കട്ടാ"

ബാലരാമൻ അദ്ദേഹത്തിന്റെ ചുമലിൽ പറ്റി പിടിച്ചു കിടക്കുന്ന തോൾ സഞ്ചി വാങ്ങിച്ചു കൊണ്ട് പറഞ്ഞു.

"ഹ്മ് സന്തോഷം...എവിടെ മൂത്തയാളെവിടെ?"

യതി അവിടെയുള്ള ആൺ പ്രജകളെ ചുഴിഞ്ഞു നോക്കി.

"മോനെ ആനന്തൂ ഇത്രടം വരെ വാ "

മാലതി അകത്തേക്ക് നോക്കി വിളിച്ചു കൂവി.

അവരെ കാണാഞ്ഞിട്ട് വീണ്ടും അവൾ അലറി വിളിച്ചു.

പക്ഷെ യതീന്ദ്രൻ അവളെ തടഞ്ഞു.

"മാലതി സമയമുണ്ടല്ലോ വിശദമായി അവരെ പിന്നീട് കാണാം അകത്തേക്ക് വാ"

"അയ്യോ ഇളയച്ഛ ഞങ്ങൾ പോകാനായി ഇറങ്ങുവായിരുന്നു "

മാലതി സങ്കോചത്തോടെ പറഞ്ഞു.

"നീയെങ്ങോട്ടാ പോകുന്നെ ഈ ബാഗൊക്കെ ആയി"

"ഞങ്ങൾ പട്ടണത്തിലേക്ക് പോകുവാണ്... അവിടെയായിരുന്നു ഞങ്ങൾ...കുറച്ചു ദിവസം മുൻപേ വന്നതാ....ഇപ്പൊ പോകാൻ സമയമായി ഇളയച്ഛ"
"
എങ്കിലും മാലതി നീ ഇപ്പൊ പോയാൽ അതും ഭൂമി പൂജ അടുത്തിരിക്കുന്ന സമയത്ത്"

യതി ഒന്നു പറഞ്ഞു നിർത്തി അവളെ നോക്കി.

"അപ്പൊ ഇളയച്ഛൻ ഭൂമി പൂജയ്ക്കായി വന്നതാണോ?"

മാലതി സംശയത്തോടെ അദ്ദേഹത്തെ നോക്കി.

"അതേ മോളെ കൂടെ എല്ലാവരെയും കാണാമെന്നു വച്ചു ഇത്തവണ ആരാ ഏട്ടാ ഭൂമി പൂജയ്ക്ക്?"

യതീന്ദ്രന്റെ നോട്ടം മാലതിയിൽ നിന്നും ശങ്കരനിലേക്ക് തിരിഞ്ഞു.

"ബാലരാമന്റെ മകനാടാ ശിവജിത്ത്"

"എന്നിട്ട് ആളെവിടെ കണ്ടില്ലല്ലോ?"

"ജിത്തൂ ഇങ്ങോട്ട് വാ "

കുറച്ചപ്പുറം മാറി നിക്കുന്ന ശിവജിത്തിനെ നോക്കി ബലരാമൻ കൈകാട്ടി വിളിച്ചു.

അവൻ അങ്ങോട്ടേക്ക് ഓടി വന്നു.

"ഇതാ ഇളയച്ഛ എന്റെ മകൻ ശിവജിത്ത്"

തന്റെ മകനെ പിടിച്ചു ബാലരാമൻ അദ്ദേഹത്തിന് മുന്നിൽ നിർത്തി.

"ഏമ്മ് മിടുക്കൻ ബാലരാമന്റെ അതേ രൂപം ഭാവം....ദേവിയുടെ അരുളിപ്പാട് ആവും അല്ലെ?"

യതീന്ദ്രൻ അവരെ നോക്കി.

"അതേ ഇളയച്ഛ"

"ദേവിക്ക് തെറ്റു പറ്റില്ല...ഏമ്മ് നല്ലത്...മോന് എല്ലാം അറിയുന്നതല്ലേ..അവരെ പരാജയപ്പെടുത്താൻ മനസ് കൊണ്ടും ശരീരം കൊണ്ടും തയാറല്ലേ?"

"അതേ വല്യച്ഛ ഞാൻ തയാറാണ്...ആ കുടുബത്തെ മുച്ചൂട് മുടിക്കും ഞാൻ.. ഇതെന്റെ പ്രതിജ്ഞയാ"

"ബലേഭേഷ് മിടുക്കൻ അതാവണം തേവക്കാട്ടിലെ ഓരോ ആൺ തരികളും"

ശിവജിത്തിന്റെ ചുമലിൽ തട്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു.

ഈ സമയത്താണ് അനന്തുവും സീതയും അങ്ങോട്ട് കടന്നു വന്നത്.

അവന്റെ കയ്യിൽ വലിയൊരു ബാഗ് ഉണ്ടായിരുന്നു.

സീതയെ കണ്ടതും യതീന്ദ്രൻ പുഞ്ചിരി തൂകി.

സീത ആശ്ചര്യത്തോടെ അദ്ദേഹത്തെ നോക്കി മറുപടിയായി ഒന്നു പുഞ്ചിരിച്ചു.

അവർക്ക് പുറകെ വരികയായിരുന്ന അനന്തുവിൽ യതിയുടെ കണ്ണുകൾ ഒരു നിമിഷം തറഞ്ഞു നിന്നു.

കണ്മുന്നിൽ വന്നു നിൽക്കുന്ന ആളുടെ രൂപം കണ്ട് അദ്ദേഹത്തിന് തല പെരുത്തു.

കണ്ണുകൾ വിടർന്നു.

അവ തിളക്കത്തോടെ നിന്നു.

താൻ പകൽ സ്വപ്നം കാണുകയാണോ?

അതോ ഇതു തന്റെ തോന്നലാണോ?

ദേവൻ തന്റെ കൺമുന്നിൽ വന്നു നിൽക്കുന്നു.

അതേ മുഖം അതേ ചിരി.

അതേ ഒളിമിന്നുന്ന നീല കണ്ണുകൾ.

യതീന്ദ്രൻ കണ്ണുകൾ ചിമ്മി തുറന്നു.

ഇപ്പോഴും അതിന്റെ നോട്ടം തന്നിൽ ആണ്.

"ഏട്ടാ ഇത് "

അല്പം സംഭ്രമത്തോടെ യതി ശങ്കരനെ പാളി നോക്കി.

"ഇളയച്ഛ ഇതെന്റെ മൂത്ത മകനാ അനന്തു"

മാലതി പറഞ്ഞ വാക്കുകൾ കേട്ട് ആവിശ്വസനീയതയോടെ അദ്ദേഹം നിന്നു.

ഇപ്പോഴും തന്റെ കാതുകളെ വിശ്വസിക്കാൻ കഴിയുന്നില്ല.

"അതേ യതി ഇത് മാലതിയുടെ മോനാ"

ശങ്കരൻ അതിനെ സധൂകരിക്കുന്ന പോലെ പറഞ്ഞു.

യതീന്ദ്രൻ പതുക്കെ മുന്നോട്ട് വന്ന് അനന്തുവിന്റെ ചുമലിൽ പിടിച്ചു.

ശേഷം അവന്റെ മുഖത്തൂടെ ആ കൈകൾ ഓടി നടന്നു.

അപ്പോഴേക്കും അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞിരുന്നു.

ഓരോ സ്പർശനത്തിലും ആ കൈകളുടെ വിറയൽ അനന്തുവിന് അനുഭവിക്കാൻ പറ്റി.

എന്തോ ഒരു ശൂന്യത പോലെ.

അനന്തു വല്ലാത്തൊരു മാനസികാവസ്ഥയിൽ ആയിരുന്നു.

"ദേവൻ................"

യതീന്ദ്രൻ അവനെ വാരി പുണർന്നു.

അതിർ വരമ്പുകൾ പൊട്ടിച്ചെറിഞ്ഞു ആ സന്യാസി ശ്രേഷ്ഠന്റെ കണ്ണുകളും നിറഞ്ഞൊഴുകി.

അപ്പോഴും അനന്തു വല്ലാത്ത മൗനത്തിൽ ആയിരുന്നു.

ഒന്നും മിണ്ടാനും പറയാനും പറ്റാത്ത അവസ്ഥ.

സംയമനം വീണ്ടെടുത്ത് യതി തന്റെ ജ്യേഷ്ട്ടനെ പാളി നോക്കി.

"അവനെ കണ്ടപ്പോൾ ഞങ്ങളും ഇങ്ങനെ തന്നായിരുന്നു...ദേവന് പകരമായി ഇവിടുത്തെ ദേവി തന്നതാ ഇവനെ...ഞങ്ങടെ കൊച്ചുമോനെ ഞങ്ങളിൽ നിന്നും പറിച്ചു മാറ്റല്ലേ മാലതി...ഞാൻ വേണമെങ്കിൽ മോൾടെ കാലു പിടിക്കാം "

ശങ്കരൻ നിരാശയോടെ കേണു.

സ്വന്തം അച്ഛൻ തന്റെ മുന്നിൽ നിന്നും കൈകൂപ്പിക്കൊണ്ട് കരയുന്നത് ആ മകളെ സംബന്ധിച്ചു മരണത്തിന് തുല്യമായിരുന്നു.

താൻ കാരണം ആരുടെ മുന്നിലും താഴാത്ത അച്ഛന്റെ തല ഇന്ന് തനിക്ക് മുന്നിൽ താഴ്ന്നു.

അതും തന്റെ നിർബന്ധ ബുദ്ധിയും അനാവശ്യ വാശിയും കാരണം.

"അച്ഛാ എന്നോട് ക്ഷമിക്ക് ഞാൻ അപ്പോഴത്തെ വാശിക്ക്"

മാലതി അപ്പോഴേക്കും ഏറെക്കുറെ വിതുമ്പാൻ തുടങ്ങിയിരുന്നു.

കുറ്റബോധം അവളെ അലട്ടിക്കൊണ്ടിരുന്നു.

"മാലതി നിങ്ങൾ ഇവിടുന്ന് ഒരിക്കലും പോകാൻ പാടില്ല

കുറച്ചു മുന്നേ ആയിരുന്നേൽ ഞാൻ ചിലപ്പോ സമ്മതിച്ചേനെ

പക്ഷെ ഇനി ഒരിക്കലും സമ്മതിക്കില്ല

23 വർഷങ്ങൾ കഴിഞ്ഞു വന്നതാണ് ഞാൻ

നിനക്ക് എന്ത് സംഭവിച്ചെന്നും എവിടായിരുന്നുവെന്നും എനിക്ക് അറിയില്ല

പക്ഷെ നിങ്ങളുടെ ഇപ്പോഴത്തെ വരവ് അതൊരിക്കലും വെറുതെയല്ല എന്നെന്റെ മനസ് പറയുന്നു"

അവസാനം ആ വാചകം പറയുമ്പോൾ യതിയുടെ കണ്ണുകൾ അനന്തുവിൽ തന്നെയായിരുന്നു.

ഈ നിഗൂഢതയ്ക്ക് ഒരു പരിഹാരം കണ്ടെത്തണം.

അനന്തു എന്നത് ഇപ്പൊ തന്നെ സംബന്ധിച്ചു അതൊരു പ്രഹേളിക തന്നെയാണ്.

ഈ സമസ്യയുടെ ആഴങ്ങളിലേക്ക് ഇറങ്ങി ചെല്ലണം.

തനിക്ക് ആവശ്യമായവ കണ്ടെത്തണം.

യതിയുടെ മനസ് മന്ത്രിച്ചു കൊണ്ടിരുന്നു.

പക്ഷെ ഇതൊന്നും മനസിലാക്കാതെ അനന്തു അദ്ദേഹത്തെ നോക്കി ചിരിച്ചുകൊണ്ടിരുന്നു.

തിരിച്ചു പോകാനുള്ള തന്റെ തീരുമാനത്തെ തിരുത്തിക്കുറിച്ച് കൊണ്ട് മാലതി അനന്തുവിനെയും ശിവയെയും കൊണ്ട് മനയിലേക്ക് കടന്നു.

23 വർഷങ്ങൾക്ക് ശേഷം തിരിച്ചു വന്ന തന്റെ അനുജനെ സൽക്കരിക്കാൻ ശങ്കരൻ ഉത്തരവിട്ടു.

ഇന്ന് തേവക്കാട്ട് മനയിൽ കാർമേഘങ്ങൾ ഒഴിഞ്ഞു മാറി ആനന്ദത്തിന്റെ പ്രകാശം പരന്നു.

ഇന്ന് മനയിലെ ജനങ്ങൾ ഉത്സവാഘോഷത്തിൽ ആണ്.

ഇളയച്ഛനെ കാണാൻ ലക്ഷ്മി മുറിയിൽ നിന്നും പുറത്തേക്ക് വന്നു.

ഒരുപാട് നേരം അവർ ഇരുവരും സംസാരിച്ചു.

ദേവനെ പോലെ തന്നെ ലക്ഷ്മിയും അവർക്കൊരു തീരാവേദനയാണെന്ന് അപ്പോഴാണ് യതി തിരിച്ചറിയുന്നത്.

ഇപ്പോഴും ദേവനെ കാത്ത് ജീവിക്കുന്ന ഒരു പൊട്ടി പെണ്ണ്.

സ്നേഹം കൊണ്ട് അവൾ എല്ലാവരെയും കീഴ്പ്പെടുത്തി കളഞ്ഞു.

യതിക്ക് അവളോട് അഭിമാനവും ബഹുമാനവും തോന്നി.

വിജയനും ഷൈലയും അദ്ദേഹത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കാൻ മുൻകൈ എടുത്തു.

മാലതി ആന്റി തീരുമാനം പിൻവലിച്ചതിൽ അഞ്ജലി ഭയങ്കര സന്തോഷത്തിൽ ആയിരുന്നു.

എന്നും അനന്തുവിനോട് തല്ലു കൂടി നടക്കാമെന്ന് ഓർത്തപ്പോൾ തന്നെ അവൾക്ക് സ്വയം കുളിരു കോരി.

എന്നാൽ ശിവജിത്ത് മാത്രം ഒരു ഭ്രാന്തനെ പോലെ തന്റെ കാറിൽ കയറി എങ്ങോട്ടേക്കോ വച്ചു പിടിച്ചു.

കോപം നിയന്ത്രിക്കാനാവാതെ.

അനന്തു ഇനി തന്റെ കൺവെട്ടത്ത് ഉണ്ടാകുമല്ലോ എന്നോർത്തപ്പോഴാണ് മീനാക്ഷിയുടെ കലുഷമായ മനസിന് അല്പം ആശ്വാസം തോന്നിയത്.

ഭൂമി പൂജയ്ക്ക് മുൻപ് തന്നെ അവനെ ക്കൊണ്ട് തന്നോട് ഇഷ്ടമാണെന്നു പറയിക്കാൻ അവൾക്ക് വാശിയായി.

എല്ലാവരുടെയും മുൻപിൽ വച്ചു തന്നെ അപമാനിച്ചതിനുള്ള പ്രതികാരം താൻ വീട്ടും.

തന്റെ കാൽക്കീഴിൽ ഒരു പട്ടിയെ പോലെ അനന്തു കിടക്കും.

തന്റെ കാലു നക്കി തുടച്ചു വൃത്തിയാക്കും.

ഐ വിൽ ടേക് ഇറ്റ് ആസ് എ ചാലഞ്ച്.

മുഷ്ടി ചുരുട്ടി ബെഡിൽ ഇടിച്ചു കൊണ്ട് മീനാക്ഷി ഗണ്യമായി ഉയർന്ന തന്റെ കോപം അടക്കാൻ പാടുപെട്ടു.

പൊടുന്നനെ ബെഡിൽ കിടന്ന ഐഫോൺ വിറയലോടെ ശബ്ദിച്ചു.

മീനാക്ഷിയുടെ കണ്ണുകൾ ഡിസ്പ്ലേയിലേക്ക് പാറി.

അതിൽ എഴുതി കാണിച്ച പേര് കണ്ട് അവളുടെ കണ്ണുകൾ വിടർന്നു.

"രാധിക"

ധൃതിയിൽ ആ കാൾ കണക്ട് ചെയ്ത് ഫോൺ അവൾ കാതോരം ചേർത്തു.

"ഡി രാധൂ"

"മോളെ മീനുക്കുട്ടി "

മറു വശത്തു നിന്നും മനോഹരമായ കിളി നാദം പൊട്ടി ഒഴുകിയെത്തി.

"പറയെടി"

"എന്തായി നിന്റെ പ്രാണനാഥൻ പോയോ?"

"ഏയ് ഇല്ലെടി അപ്പോഴേക്കും പുതിയ കാരക്ടർ മനയിലേക്കെത്തി..അതുകൊണ്ട് അവരുടെ പോക്ക് ക്യാൻസൽഡ് "

മീനാക്ഷി ആ സന്തോഷ വിവരം രാധികയെ അറിയിച്ചു.

"അപ്പൊ ചിലവുണ്ട് മോളെ"

"നടത്താഡീ"

"ഷ്മ് എങ്ങനുണ്ട് നിന്റെ സ്വന്തം ചേട്ടന്റെ റെസ്പോൺസ്?"

ആ വെട്ടു പോത്തോ?ഇതുവരെ ഞാൻ ജിത്തൂവേട്ടന്റെ മുന്നിൽ പോയി പെട്ടിട്ടില്ല.. ഒളിച്ചു നടക്കുവാ..എങ്ങാനും എന്നെ അങ്ങേരുടെ കയ്യിൽ കിട്ടിയാൽ വധിച്ചു കളയും"

"ഉയ്യോ എങ്കിൽ നിന്നെ ദൈവം തന്നെ കാക്കട്ടെ"

"ഷ്മ് എന്തായി ഞാൻ പറഞ്ഞ കാര്യം?"

പെട്ടെന്നെന്തോ ഓർത്ത പോലെ മീനാക്ഷി തിരക്കി.

"അതൊക്കെ റെഡിയാ നിനക്കെപ്പോ വേണംന്ന് പറഞ്ഞാ മതി"

രാധിക മറുപുറത്ത് അല്പം ഗൗരവത്തിലായി.

ഡീ ഇതൊക്കെ ഈ കാലത്ത് നടക്കുവോ? "

"നടക്കും...ഞാനല്ലേ പറയുന്നേ..ഇതും കൊണ്ട് ഞാനെത്രയെണ്ണത്തിനെ വളച്ചിട്ടുണ്ടെടി"

രാധികയുടെ കള്ള ചിരി മീനാക്ഷിയുടെ കാതിൽ പതിഞ്ഞു.

"അമ്പടി കള്ളി അപ്പൊ ഇങ്ങനാണല്ലേ നീ ഇടക്കിടക്ക് സ്കൂളീന്ന് മുങ്ങണത്.

മീനാക്ഷിയുടെ അതിശയം ആ വാക്കുകളിൽ അകമ്പടിയായി ഉണ്ടായി.

"അല്ലാതെ പിന്നെങ്ങനാന്നാ നിന്റെ വിചാരം?

എനിക്ക് മനസിൽ തോന്നിയവനെ ഞാൻ വശീകരിച്ചെടുത്തു കൊണ്ടു പോകും

എന്റെ കടി തീരുന്നവരെ ഞാനവന് കാലകത്തി കൊടുക്കും

പിന്നൊഴിവാക്കി അടുത്തവനെ ചാക്കിട്ടു പിടിക്കും"

രാധികയുടെ കുണുങ്ങിയുള്ള ചിരി അവിടെ മുഴങ്ങി.

"ഓഹ് എന്തെളുപ്പത്തിലാ പറയുന്നേ..... ഒരുമാതിരി കടേന്ന് സാധങ്ങളൊക്കെ പർച്ചേസ് ചെയ്യുന്ന പോലെ"

"മോളെ നീ അധികം പുച്ഛിക്കല്ലേ....

എത്രയെണ്ണം പുറകെ നടന്നു നിന്റെ ഉപ്പ് നോക്കാൻ...

അതും നല്ല ചൊങ്കന്മാര്...

എന്നിട്ട് നീ അടുപ്പിച്ചോ ഒന്നിനെയെങ്കിലും?

ഹോ നിനക്ക് പകരം ഞാനെങ്ങനുമായിരുന്നേൽ ഒരേ സമയം രണ്ടു ചെറുക്കന്മാരുടെ കൂടെ അർമാദിച്ചേനെ"

"എടി ഇതെന്തൊരു കാമപ്രാന്താ ഇതിനൊരു അന്ത്യമില്ലേ?"

"ഇല്ല മോളെ ഞാനും എന്റെ കഴപ്പും ഇച്ചിരി മുറ്റിയതാ "

രാധികയുടെ പൊട്ടിച്ചിരി മീനാക്ഷിക്ക്
അപ്പോഴും കേൾക്കാമായിരുന്നു.

"ഷ്മ് നീ എത്രതെണ്ണത്തിന്റെ കൂടെ വേണേലും കിടന്നോ നോ പ്രോബ്ലം പക്ഷെ എനിക്ക് അനന്തുവിനെ മതി"

"ഓഹ് അവളുടെയൊരു അനന്തു അവനാരാടി കാമദേവനോ?"

രാധിക ദേഷ്യം പിടിച്ചു.

"ഹാ ഒരു കുഞ്ഞു കാമദേവനാ മോളെ"

എങ്കിൽ നീയാ ചെക്കന്റെ ഫോട്ടോ വാട്സ്ആപ്പ് ചെയ്യ് ഞാനൊന്നു നോക്കട്ടെ"

"അയക്കാടി..ഞാൻ പറഞ്ഞ കാര്യം എന്തായി?"

"ഷ്മ് ഞാൻ പറഞ്ഞില്ലേ റെഡിയാണെന്ന് അവനെ നിനക്ക് വശീകരിച്ചെടുത്താൽ പോരെ "

"അതുമതി"

"ഹാ ശരി നീയൊരു കാര്യം ചെയ്യ്

ഒരു മന്ത്രം ഉണ്ട് വശ്യ കാര്യ സാധ്യത്തിനാ

ആ മന്ത്രം കൃത്യം 21 ദിവസം മുടക്കം വരാതെ ഡെയിലി 108 തവണ ചൊല്ലണം

പിന്നെ കാര്യങ്ങളൊക്കെ നിസാരം"

"എടീ ഇതൊക്കെ ഉള്ളതാണോ?"

മീനാക്ഷി സംശയം പ്രകടിപ്പിച്ചു.

"അതേടി ഇതും കൊണ്ടല്ലേ ഞാൻ ഓരോ ചെക്കന്മാരെ വളച്ചെടുത്തു സുഖിക്കുന്നത്

എന്റെ കാലു വരെ ഇവന്മാര് നക്കി തരും"

ഇറോട്ടിക് ആയിട്ടുള്ള കാര്യം എത്തിയതും രാധികയുടെ ശബ്‌ദം ഉഷാറായി.

"നീ പറ ഞാനെന്താ ചെയ്യണ്ടേ?"

"ഷ്മ് പറയാം അതിനു മുൻപ് നീയൊരു കാര്യം മനസിലാക്കണം

ഇതൊരു മന്ത്രമാണ്

സാധാരണക്കാർക്ക് ഈ മന്ത്രം സ്വായത്തമാക്കാൻ സാധിക്കില്ല

പക്ഷെ ഈ മന്ത്രം എന്റെ അച്ഛന്റെ കയ്യിൽ നിന്നുമാണ് ഞാൻ സിദ്ധിച്ചത്

കാരണം അച്ഛൻ മന്ത്ര തന്ത്രങ്ങളിൽ ഒക്കെ അഗ്രഗണ്യനാണ്

അതുകൊണ്ട് തന്നെ എന്നിൽ നിന്നും നിനക്ക് ഈ മന്ത്രം സിദ്ധിക്കാം എന്റെ അനുവാദത്തോടെ"

രാധിക ഒറ്റ ശ്വാസത്തിൽ പറഞ്ഞു തീർത്തു.

അവളുടെ കിതപ്പ് മറുപുറത്ത് കേൾക്കാമായിരുന്നു.

"നീ ഒരു മാതിരി ഹൈപ്പ് കൂട്ടി എന്റെ ബിപി കൂട്ടല്ലേ ഒന്നു തെളിച്ചു പറ"

മീനാക്ഷി അക്ഷമതയോടെ മൊഴിഞ്ഞു.

"എടി മീനു എന്ന് വച്ചാൽ നീ സാധാരണക്കാരി ആണേൽ ഈ മന്ത്രം ജപിക്കുവാൻ ആദ്യമേ സ്നാനം ചെയ്യണം

അതിനു ശേഷം ബെഡ്റൂമിന്നോ പൂജാമുറിന്നോ ഇത് ജപിക്കാം

ഇത് ജപിക്കുന്ന വേളയിൽ മറ്റാരും കേൾക്കാൻ പാടില്ല

തികച്ചും ഏകാഗ്രമായിരിക്കണം

പിന്നെ ജപിക്കുന്നതിന് മുൻപ് കിഴക്ക് മുഖമായി പുൽപ്പായ വിരിച്ചു അതിൽ ഇരിക്കണം

രുദ്രാക്ഷ മണിമാല മാത്രേ ദേഹത്തു ധരിക്കാൻ പാടുള്ളു

ഇങ്ങനെ കുറച്ചു ചിട്ടവട്ടങ്ങളുണ്ട്"

"ശോ ഇത് കുറെയുണ്ടല്ലോ?"

മീനാക്ഷിയുടെ മടി രാധിക തിരിച്ചറിഞ്ഞു.

"ഹാ അതെനിക്കറിയാം നിനക്ക് പറ്റൂലാന്ന്

അതാണ് ഞാൻ പറഞ്ഞത് മന്ത്രം സ്വയത്തമാക്കിയ ആളിൽ നിന്നും നേരിട്ട് സിദ്ധിക്കണം

അപ്പൊ ഇതുപോലെ നിനക്ക് കഷ്ട്ടപെടണ്ട"

രാധിക അമർത്തി ചിരിച്ചു.

"അതുമതി മോളെ എങ്കിൽ നീ ഇപ്പൊ തന്നെ പഠിപ്പിച്ചിച്ചു താ"

"ഒന്നടങ്ങ് പെണ്ണെ അത് ഫോണിൽ കൂടെ പറയാനൊന്നും പറ്റില്ല

നേരിട്ട് വേണം പറയാൻ

ഞാൻ 2 ദിവസം കഴിഞ്ഞ് അങ്ങോട്ടിറങ്ങാം"

"ആഹ് ശരി ഞാൻ പിന്നെ വിളിക്കാം ബൈ"

"ബൈ ഡാ"

മീനാക്ഷി ഫോൺ കട്ട് ചെയ്തു.

അതിനു ശേഷം മാലതിയുടെ ഫോണിൽ നിന്നും ആരുമറിയാതെ അടിച്ചു മാറ്റിയ അനന്തുവിന്റെ ഒരു പിക് അവൾക്കയച്ചു കൊടുത്തു.

എന്നിട്ട് ഫോൺ ബെഡിലേക്കെറിഞ്ഞു അവൾ നിലകണ്ണാടിയുടെ മുന്നിൽ വന്നു നിന്നു.

വിശ്വാസം വരാതെ തിരിഞ്ഞും മറിഞ്ഞും സ്വന്തം സൗന്ദര്യം വിലയിരുത്തി നോക്കി.

ടൈറ്റ് ഉള്ള ചുരിദാർ ആയതുകൊണ്ട് തന്റെ മുന്നഴകും പിന്നഴകും മീനാക്ഷിയ്ക്ക് വ്യക്തമായി കാണാമായിരുന്നു.

എങ്കിലും ഒന്നുകൂടി നെഞ്ചു തള്ളിച്ചു മാറിടത്തിന്റെ വലിപ്പം കൂട്ടാൻ നോക്കി.

ഒതുങ്ങിയ അരക്കെട്ടിന്റെ ഘടന പരിശോദിച്ചു.

ഷേപ്പ് ഒത്ത തന്റെ വയറിലൂടെ കൈകൾ ഓടിച്ചു നോക്കി.

യോഗ സ്ഥിരമായി ചെയ്യുന്നത് കൊണ്ട് ഇങ്ങനൊരു ഉപകാരമുണ്ടായതിന് അവൾ മനസാലെ മുത്തശ്ശനെ സ്മരിച്ചു.

മനയിലെ കുട്ടികളെല്ലാം യോഗയോ അല്ലേൽ അയോധന കലകളിൽ ഏതേലുമൊന്ന് നിർബന്ധമായും പഠിക്കണമെന്നത് അവിടുത്തെ അലിഖിത നിയമമായിരുന്നു.

ഒന്നുകൂടി മനസ് നിറച്ചു തന്റെ സൗന്ദര്യം ആസ്വദിച്ച ശേഷം മീനാക്ഷി ബാത്‌റൂമിലേക്ക് കയറി.

ഈ സമയം രാധിക റൂമിലിരുന്ന് ഫോണിൽ മുടങ്ങി പോയ ബ്ലൂ ഫിലിം ദർശനം വീണ്ടും പുനരാരംഭിച്ചു.

അതു കാണുന്തോറും അവളുടെ വികാരങ്ങൾ മൂർച്ഛിച്ചു വന്നു.

ശ്വാസഗതി വേഗത്തിലായി.

സീലിംഗ് ഫാനിൽ നിന്നുമുള്ള ശക്തിയേറിയ കാറ്റിനു പോലും അവളുടെ മേനിയിൽ പൊട്ടി മുളച്ച വിയർപ്പ് കണങ്ങളെ അടക്കി നിർത്താൻ സാധിച്ചില്ല.

അരക്കെട്ട് വരെ ആലസ്യത്തോടെ പരന്നു കിടക്കുന്ന പുതപ്പിനു മുകളിലേക്കുള്ള കാഴ്ച്ച.

ഒരു മത്സ്യ കന്യകയെ പോലെ വളഞ്ഞു കിടന്ന് ശയിക്കുന്ന ഒരു സുന്ദരി.

പിങ്ക് ബ്രായിൽ വീർപ്പ് മുട്ടി നിൽക്കുന്ന മുലകുംഭങ്ങൾ.

ശ്വാസത്തിനനുസരിച്ച് ഉയർന്നു താണു.

പുതപ്പിന്റെ അറ്റത്തെ പിഞ്ഞിയ നൂലിഴകൾ മയിൽപ്പീലി പോലെ അവളുടെ കൊഴുത്ത അണിവയറിനെ ഉരുമ്മിക്കൊണ്ടിരുന്നു.

ഇടയ്ക്കിടെ അത് അവളെ ഇക്കിളിപ്പെടുത്തി.

ഇരു നിറമെങ്കിലും ആ കൊഴുത്ത കൈകൾ പോലും ആരെയും വശീകരിക്കാൻ പോന്ന വിധമായിരുന്നു.

"ക്ണിം ക്ണിം"

ഫോണിലെ നോട്ടിഫിക്കേഷൻ സൗണ്ട് കേട്ട് ഈർഷ്യയോടെ രാധിക തന്റെ കേശം മാറിനു മുകളിലൂടെ കോതിയിട്ട ശേഷം വാട്സ്ആപ്പ് തുറന്നു.

മീനാക്ഷിയുടെ മെസ്സേജ് കണ്ടതും സംശയത്തോടെ അവൾ അത് തുറന്നു നോക്കി.

മനോഹരമായി നീലകണ്ണുകളായിരുന്നു അവളുടെ കണ്ണുകളിൽ ആദ്യം പതിഞ്ഞത്.

നീല ഷർട്ടും നീല കരയുള്ള വെള്ള മുണ്ടും ധരിച്ച സുന്ദരനായ ഒരു യുവാവ്.

ചിലപ്പോ അതിലുമുപരി എന്ന് പറയേണ്ടി വരും.

അത്രക്കും വെട്ടി തിളങ്ങുന്ന സൗന്ദര്യം.

ആ കണ്ണുകൾക്ക് പോലും വല്ലാത്ത വശ്യ ശക്തി.

അതി മനോഹരമായ പുഞ്ചിരി.

മുല്ലപ്പൂ നിറമുള്ള ദന്തങ്ങൾ

ഒതുങ്ങിയ നാസികതുമ്പ്

നെറ്റിയിലേക്ക് ഉതിർന്നു കിടക്കുന്ന കോലൻ മുടിയിഴകൾ

മീനാക്ഷിയെ ഒരിക്കലും കുറ്റപ്പെടുത്താൻ പറ്റില്ല.

തനിക്കാണ് തെറ്റ് പറ്റിയത്

ഇതൊരു കൊച്ചു ഗന്ധർവ്വൻ തന്നെയാണ്.

ആരു കണ്ടാലും മൂക്കുംകുത്തി വീണു പോകും ഈ ഒരൊറ്റ നോട്ടത്തിൽ

താൻ പോലും വീണുപോയി.

ഇത്രയും സുന്ദരനായ ഒരു പുരുഷനെ തന്റെ ജീവിതത്തിൽ ഇതുവരെ കണ്ടിട്ടില്ല.

ആ കൈകൾക്കുള്ളിൽ കിടന്നു ഞെരിയാൻ കൊതി തോന്നുന്നു.

അവന്റെ കരലാളനങ്ങളേറ്റു പൂത്തു തളിർക്കാൻ തന്റെ ഉടൽ വെമ്പൽ കൊള്ളുന്നു.

ആ ചുണ്ടുകൾ നൈവേദ്യമായി തരുന്ന ചുംബനങ്ങളേറ്റു വാങ്ങാൻ ശരീരത്തിലെ ഓരോ അണുവും പോർവിളി കൂട്ടുന്നു.

തന്റെ ഇരു ഗോളങ്ങളെ പിടിച്ചുടയ്ക്കാനും നാഭിയിൽ ആ പരുപരുത്ത നാവ് കാട്ടുന്ന കുസൃതിയിൽ ഇക്കിളിക്കൊണ്ട് പുളയാനും മനസ് കാമിക്കുന്നു

തന്റെ മദനപൊയ്കയിലെ തേൻ ശേഖരത്തെ തുള്ളി വിടാതെ വറ്റിച്ചു കുടിച്ച് ആ പൗരുഷത്തെ ഒരു കാട്ടു മൃഗത്തിന്റെ വന്യതയോടെ തന്നിൽ കോർത്തെടുക്കുവാനും ഒരു വേശ്യയെ പോലെ ആ അരക്കെട്ട് കൊണ്ട് തന്നെ മൃഗീയമായി ഭോഗിച്ചു കീഴ്പ്പെടുത്താനും എന്നിലെ കാമാസക്തിയെ തണുപ്പിക്കാനും നിന്നിലെ പുരുഷന് മാത്രമേ സാധിക്കൂ

രാധിക അരക്കെട്ടിനു മുകളിൽ ഉണ്ടായിരുന്ന പുതപ്പ് വായുവിലേക്ക് വലിച്ചെറിഞ്ഞു.

പാന്റീസ് ഊരി മാറ്റി ആ തുടയിടുക്കിലെ നാനവിലേക്ക് വഴു വഴുപ്പിന്റെ ആഴങ്ങളിലേക്ക് അവളുടെ വിരലുകൾ നിധി വേട്ടയ്ക്കെന്ന പോലെ സഞ്ചരിച്ചു.

മൊബൈൽ സ്ക്രീനിൽ പുഞ്ചിരിച്ചു നിൽക്കുന്ന അനന്തുവിൽ ആയിരുന്നു അവളുടെ കണ്ണുകൾ അപ്പോഴും.

അവനെ അവ കാർന്നു തിന്നുകൊണ്ടിരുന്നു.

പതിയെ തുടങ്ങിയ തുടയിടുക്കിലെ അവളുടെ കയ്യുടെ ചലനം ക്രമേണ ത്വരിത ഗതിയിലായി.

അതിനനുസരിച്ചു രാധികയുടെ വികാരം ഉച്ചസ്ഥായിയിലായി.

അനന്തുവെന്ന പൂർണചന്ദ്രനാൽ അവളുടെ കാമത്തെ വേലിയേറ്റം പോലെ ആകർഷിച്ചുകൊണ്ടിരുന്നു.

മുഖഭാവങ്ങൾ മാറി മറിഞ്ഞു കൊണ്ടിരുന്നു.

മുഖം കോടിയ പോലെയായി.

ഉള്ളിൽ ആർത്തിരമ്പുന്ന കാമപർവതം ഏതു നിമിഷവും പൊട്ടി തെറിക്കാണെന്നവണ്ണം തയാറായി നിന്നു.

അനന്തുവിനെ മനസിൽ കണ്ടു കൊണ്ട് അവൻ തന്നെ ഭോഗിക്കുന്ന പോലെ രാധിക സ്മരിച്ചു.

ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത അനുഭൂതിയും വികാരവും അവളുടെ ഓരോ രോമരാജികളെ തൊട്ടുണർത്തി.

വിരലുകളുടെ സ്ഥാന ചലനത്തിന് അനുസരിച്ച് അവളുടെ മേനി വെട്ടി വിറച്ചു.

തന്റെ അടങ്ങാത്ത കാമത്തെ അടക്കാൻ വന്ന അനന്തുവിനെ മനസാ സ്മരിച്ചുകൊണ്ട് രാധികയുടെ സ്വയംഭോഗം മുന്നേറിക്കൊണ്ടിരുന്നു.

പെട്ടെന്ന് ഡാം പൊട്ടിയ പോലെ അവളുടെ തുടയിടുക്കിൽ നിന്നും അനുസ്യൂതമായ ജലപ്രവാഹം ഉണ്ടായി.

അവളിലെ കാമപർവതം നിബന്ധനകൾ ഭേദിച്ചു പൊട്ടിയൊഴുകി.

അതിലൂടെ രാധികയുടെ കാമസത്ത് ഒഴുക്കിക്കൊണ്ടിരുന്നു.

ഉടലൊന്നു വെട്ടിവിറച്ചുകൊണ്ട് അവൾ വില്ല് പോലെ വളഞ്ഞു കിടന്നു.

ഇത്രയും സുഖം രാധിക ജീവിതത്തിലാദ്യമായി അനുഭവിക്കുകയയിരുന്നു.

മനസ് കൊണ്ട് അവൾ അനന്തുവിന്റെ കാമുകിയായി കഴിഞ്ഞിരുന്നു.

അഭൗമ അനുഭൂതി അനുഭവിച്ചതിന്റെ ആനന്ദത്തിൽ വാടിയ ചെമ്പിൻ തണ്ട് പോലെ അവൾ ബെഡിൽ കിടന്നു.

അപ്പോഴും അനന്തുവിൽ തന്നെയായിരുന്നു അവളുടെ കണ്ണുകൾ.

കുറുക്കനെ പോലെ ആ കണ്ണുകൾ തിളങ്ങി.

എന്തോ കാര്യ സാധ്യത്തിനായി.
.
.
.
.
നദിക്കരയിലെ പർണശാലയിൽ സന്ധ്യ മയങ്ങി ഇരുട്ട് വീണു തുടങ്ങി.

സന്യാസിമാരും അവരുടെ ശിഷ്യത്വം സ്വീകരിക്കുന്നവരും ആൺ പെൺ ഭേദമന്യേ ആ മഠമാകെ ചിരാതുകൾ കൊണ്ട് ദീപാലങ്കാരമാക്കുകയാണ്.

അന്നത്തെ പൂജയ്ക്ക് വേണ്ടി.

മിക്കവരും നിർദ്ദേശങ്ങൾക്കായി സ്വാമിനി മായമോഹിനിയെ സമീപിച്ചുകൊണ്ടിരുന്നു.

അവർക്ക് സമീപം സ്വാമിനിയുടെ പ്രിയപ്പെട്ട ശിഷ്യനും ഉണ്ടായിരുന്നു.

അവിടുത്തെ അലങ്കാരങ്ങൾ സ്വാമിനി ഇടയ്ക്കിടെ വിലയിരുത്തിക്കൊണ്ടിരുന്നു.

ആ ദീപപ്രഭയിൽ അവരുടെ സൗന്ദര്യം ഇരട്ടിയായി മാറി.

കാഷായ വസ്ത്രത്തിൽ എത്ര ഒളിപ്പിച്ചിട്ടും അവരുടെ ആകരവാടിവും അവയവ മുഴുപ്പും തെളിഞ്ഞു കാണുന്നുണ്ട്.

ഒരു കുട്ടിയാനയെ പോലെ ആ തടിച്ചു കൊഴുത്ത ദേഹം നടക്കുമ്പോഴും ഉരുളുകയാണെന്ന് തോന്നും.

"സ്വാമിനി ഇപ്പോഴും മനസിൽ ഒരുപാട് സമസ്യകൾ കുന്നു പോലെ കൂടി കിടക്കുന്നു"

"പറയൂ ശിഷ്യ അവയെന്തൊക്കെയാണ്? നാം ഓരോന്നായി പരിഹരിച്ചു തരാം"

സ്വാമിനി അതിനു ബദലായി പറഞ്ഞു.

"സ്വാമിനി അങ്ങ് പറഞ്ഞത് ആ യുവാവ് ദേവൻ എന്നയാളുടെ പുനർജ്ജന്മം ആണെന്ന്

പക്ഷെ ഇപ്പൊ തോന്നുന്നു അഥർവ്വനുമായി അവന് എന്തോ ബന്ധം ഉണ്ടെന്ന്

അതിലെ സത്യാവസ്ഥ എന്ത്?

അതുപോലെ ദക്ഷിണയിൽ നിന്നും വമിക്കുന്ന കാമപ്പൂവിന്റെ ഗന്ധം അതിന്റെ ഉറവിടം എവിടെയാണ്?

അതുപോലെ അഥർവ്വന്റെ പുനർജ്ജന്മം ഉണ്ടാകുമെന്നല്ലേ ആ നാഗസന്യാസിമാർ വിശ്വസിക്കുന്നത് അപ്പൊ അതാരാണ്?

ഇനി അങ്ങ് പറഞ്ഞപോലെ അഥർവ്വന്റെ പുനർജന്മം ഉണ്ടെങ്കിൽ അവർക്ക് ഇവരുമായി ബന്ധമുണ്ടെൽ 4 പുനർജന്മങ്ങൾക്ക് പകരം 5 പുനർജ്ജന്മങ്ങൾ സംഭവിച്ചിട്ടുണ്ടാവില്ലേ?"

ശിഷ്യൻ തനിക്ക് നേരെ നീട്ടി തന്ന ചോദ്യ ശേഖരം കേട്ട് ലളിതമായ ഒരു പുഞ്ചിരിയാണ് സ്വാമിനിയിൽ നിന്നുമുണ്ടായത്.

"എല്ലാത്തിനും കഥാന്ത്യത്തിൽ ഒരുത്തരമുണ്ടാകും ശിഷ്യാ

അഥർവ്വനെ കുറിച്ച് നാമന്ന് പറഞ്ഞു തുടങ്ങിയപ്പോൾ പ്രകൃതിക്ക് ഉണ്ടായ ഭവ മാറ്റങ്ങൾ നീയും നേരിട്ട് ദർശിച്ചിരുന്നതല്ലേ

അതുകൊണ്ട് അത് ആത്മഹത്യാപരമായ തീരുമാനം ആയിപ്പോകും

ഒന്നുറപ്പിച്ചു പറയാം ഈ കഥയിൽ എനിക്കുമൊരു കർത്തവ്യം ഉണ്ട്

താങ്കൾ പറഞ്ഞ ആ യുവാവ് ദേവനിലേക്കുള്ള പരകായ പ്രവേശം സാധ്യമാക്കിയതിന് ശേഷം ഇവിടെ ഒരിക്കൽ നമ്മെ തേടി വരും

നമുക്ക് അതിനായി കാത്തിരിക്കാം

പക്ഷെ ഒന്നു മാത്രം വ്യക്തമായി പറയാം

ഇത് കേവലം അനന്തുവിന്റെയോ ദേവന്റെയോ കഥയല്ല മറിച്ച് അഥർവ്വന്റെ കഥയാണ്

വീരശൂര പരാക്രമി ആയിരുന്ന കാനനത്തിൽ അധിവസിച്ചിരുന്ന ഒരു യോദ്ധാവിന്റെ കഥ

ബ്രഹ്മഗിരി മലനിരകളുടെ താഴ്വരയിൽ വസിച്ചിരുന്ന കാനന പുത്രന്റെ കഥ

വൈരജാതരുടെ കഥ

അവരുടെ അധിപനായിരുന്ന അഥർവ്വന്റെ കഥ"

അത് പറയുമ്പോഴേക്കും സ്വാമിനിയുടെ മുഖത്തു വല്ലാത്ത ഭക്തിയും ബഹുമാനവും കളിയാടി.

ആരാണ് അഥർവ്വൻ?

അവരുമായുള്ള അനന്തുവിന്റെ ബന്ധം എന്ത്?

ദക്ഷിണയും അരുണിമയും പുനർജനിച്ചതെന്തിന്?

അമാലിക എന്ന വശ്യ സുന്ദരിയുടെ പ്രതികാര കഥയെന്ത്?പുനർജ്ജന്മം എന്തിന്?

എല്ലാ നിഗൂഢതകളും പതിയെ അഴിഞ്ഞു തുടങ്ങും

അതിനുള്ള സമയം ആഗതമാകുന്നു.

അനന്തുവും ശിവയും മാലതിയും തേവക്കാട്ട് മനയിൽ എത്തിയിട്ട് ഇന്നേക്ക് ഒരാഴ്ച്ച തികഞ്ഞു.

ഇനി 3 ആഴ്ചകൾ മാത്രമാണ് ഭൂമിപൂജയ്ക്കായി ശേഷിക്കുന്നത്.

പരമ്പരാഗതമായി കിട്ടിയ ഒരു തകര പെട്ടിയിൽ നിന്നും ലഭിച്ച അപൂർവമായ വശീകരണ മന്ത്രം അവന്റെ ജീവിതത്തെ തന്നെ മാറ്റി മറിച്ചു കൊണ്ടിരിക്കുന്നു.

വീടിനടുത്തുള്ള ഒരു സ്ത്രീയെ വായിനോക്കിയിരുന്ന സാധാരണക്കാരനായ ഒരു ചെറുപ്പക്കാരൻ എന്ന നിലയിൽ നിന്നും കഥ മുന്നോട്ട് പോകുന്നതിനനുസരിച്ചു നായകന് ഒരുപാട് മാറ്റങ്ങൾ സംഭവിച്ചു.

പുനർജന്മവും മിത്തും ഇതിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടതാണ്.

അതായത് വശീകരണ മന്ത്രം ലഭിക്കുന്ന ഒരു യുവാവും അതിലൂടെ ഒരുപാട് സ്ത്രീകളെ വശീകരിക്കുന്നതും സാമ്പത്തികമായി ഉന്നതിയിൽ എത്തിച്ചേരുന്നതുമായിരുന്നു എന്റെ മനസിൽ.

ഇതായിരുന്നു ഞാൻ ഉദ്ദേശിച്ചിരുന്ന വശീകരണ മന്ത്രംത്തിന്റെ ഇതിവൃത്തം.

പക്ഷെ മൂന്ന് പാർട്ട് കഴിഞ്ഞതു മുതൽ ഒരുപാട് മാറ്റങ്ങൾ കഥയിലേക്ക് ഞാൻ കൊണ്ടു വന്നു.

എനിക്ക് ഏറ്റവും ഇഷ്ട്ടപ്പെട്ട വിഭാഗമായ പുനർജന്മവും ഇതിലേക്ക് കൂട്ടി ചേർത്തു.

ഈ കഥക്ക് മൂന്ന് ഭാഗങ്ങളാണ്.

അതായത് അനന്തുവിന്റെ കഥ, ദേവന്റെ കഥ പിന്നെ അഥർവ്വന്റെ കഥ.

ഇതു കേവലം അനന്തുവിന്റെയോ ദേവന്റെയോ കഥയല്ല മറിച്ച് അഥർവ്വന്റെ കഥയാണ്.

ഈ കഥയുടെ ആദ്യ ഭാഗമായ അനന്തുവിലൂടെയാണ് കഥ മുന്നോട്ട് നീങ്ങുന്നത്.

അതു കുറച്ചു ഭാഗങ്ങൾ കൂടി വന്നു കഴിയുമ്പോൾ അതിനു തിരശീല വീഴുന്നതാണ്.

പിന്നീട് അനന്തുവിലൂടെ ദേവന്റെ കഥയാവും  സംഭവ്യമാകുക.

ഈ കഥയുടെ പ്രധാനപ്പെട്ട രണ്ടാം ഭാഗം കഥയുടെ മർമ്മ ഭാഗമായ ഭൂമി പൂജയ്ക്ക് ശേഷം കഥ മൂന്നാം ഭാഗത്തിലേക്ക് കടക്കും.

അഥർവ്വന്റെ കഥയിലേക്ക്.

അഥർവ്വന് ഈ കഥയിൽ റോൾ എന്താണെന്ന് ഭൂമി പൂജ കഴിഞ്ഞു നിങ്ങൾക്ക് മനസിലാവും.

ഇതൊരു വലിയ കഥയാണ്.

ആരെയും ബോറടിപ്പിക്കാതെ എല്ലാവർക്കും വായനാസുഖം നൽകിക്കൊണ്ട് എന്റെ കഥ മുന്നോട്ട് പോകട്ടെ.

എല്ലാവരുടെയും സ്നേഹവും സപ്പോർട്ടും പ്രതീക്ഷിക്കുന്നു.

തേവക്കാട്ട് മനയിലേക്കുള്ള യതീന്ദ്രന്റെ വരവ് അക്ഷരാർത്ഥത്തിൽ എല്ലാവരെയും ആനന്ദത്തിൽ ആഴ്ത്തിയിരിക്കുകയാണ്.

മനയിൽ ഒരു ഉത്സവത്തിന്റെ പ്രതീതിയാണ് ഇപ്പോഴും.

അദ്ദേഹത്തിന്റെ വരവ് വളരെ നിഗൂഢമാണ്.

ആ വരവിനു പിന്നിൽ എന്തൊക്കെയോ അർത്ഥതലങ്ങൾ ഉണ്ട്.

വഴിയേ അതൊക്കെ മറ നീക്കി പുറത്തു വരട്ടെ.

ഈ സമയത്ത് ഒരു സന്യാസി ശ്രേഷ്ഠന്റെ ആഗമനം എങ്ങനെ ഗുണം ചെയ്യുമെന്ന് കണ്ടു തന്നെ അറിയാം.

ഭൂമി പൂജയ്ക്കുള്ള ഒരുക്കങ്ങൾ ദേശം ഗ്രാമത്തിലും കുന്താളപുരത്തും തുടങ്ങി.

ഇരു ഗ്രാമങ്ങളിലും കൊയ്ത്തൊക്കെ തകൃതിയായി നടക്കുന്നു.

ഭൂമി പൂജ വെറുമൊരു ഉത്സവം മാത്രമല്ല മറിച്ച് അവിടുത്തെ ജനങ്ങളെ സംബന്ധിച്ചു അവരുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന വികാരമാണ്.

ലോകത്ത് നടന്നിട്ടുള്ള മിക്ക യുദ്ധങ്ങളും ഒന്നുകിൽ മണ്ണിനു വേണ്ടിയോ പെണ്ണിന് വേണ്ടിയോ സമ്പത്തിനു വേണ്ടിയോ ആണ്.

ഇവിടെയും അതിനു മാറ്റമില്ല.

ദേവി കാളി അനുഗ്രഹിച്ചു നൽകിയ പള്ളിവാളും ചിലമ്പും സ്വന്തമാക്കാനുള്ള ഇരു കുടുംബങ്ങളുടെ നെട്ടോട്ടം.

അവരെ പിന്തുണക്കുന്ന രണ്ടു ചേരികളും.

മാസാവസാനം സംക്രമത്തിന് തന്നെ ഭൂമി പൂജ നടത്തപ്പെടും.

മുപ്പത് ഭൗമ ദിനങ്ങൾ തികയുന്ന നാൾ തന്നെയാണ് ദുർ മന്ത്രവാദിനിയായ അമാലികയുടെ വരവ്.

ശത്രു സംഹാരം തന്നെയാണ് ആ ത്രിപുര സുന്ദരിയുടെ ലക്ഷ്യം അല്ലെങ്കിൽ നിയോഗം.

ഈ ചുരുങ്ങിയ കാലത്തിനിടയിൽ അനന്തു ദേവനിലേക്കുള്ള പരകായ പ്രവേശനം നടത്തിയില്ലെങ്കിൽ മരണം സുനിശ്ചിതമാണ്.

അതിനു അനന്തുവിന് കഴിയട്ടെ എന്ന് തന്നെ പ്രത്യാശിക്കാം.

അല്ലെങ്കിൽ അവിടെ വച്ചു വശീകരണ മന്ത്രം എന്ന കഥയ്ക്ക് അന്ത്യം സംഭവിക്കും തീർച്ച.

അപ്പൊ കഥയിലേക്ക് കടക്കാം.

.
.
.
.
രാവിലെ തന്നെ ആരോ കുലുക്കി വിളിക്കുന്നത് കേട്ടാണ് അനന്തു കണ്ണു തുറന്നു നോക്കിയത്.

തലേന്ന് രാത്രി വൈകി ഉറങ്ങിയതിന്റെ മന്ദത അപ്പോഴും അവന്റെ കൺപോളകളെ തളർത്തുന്നുണ്ടായിരുന്നു.

കണ്ണുകൾ അമർത്തി തിരുമ്മിക്കൊണ്ട് അവൻ ഒരു കോട്ടുവാ ഇട്ടു.

അതിനുശേഷം കണ്ണുകൾ വലിച്ചു തുറന്നു.

തൊട്ടു മുൻപിൽ കുനിഞ്ഞു നിൽക്കുന്ന അനിയത്തി ശിവയായിരുന്നു രാവിലത്തെ കണി.

കുളിച്ചു സുന്ദരിയായി ഒരു ഓറഞ്ച് കളർ പട്ടു പാവാടയൊക്കെ ഉടുത്ത് നനവുള്ള കാർകൂന്തൽ മാറിന് കുറുകെ മേടഞ്ഞിട്ടുകൊണ്ട് അവൾ അവനെ നോക്കി പുഞ്ചിരിച്ചു.

ഒരു കൊച്ചു ദേവി തന്നെ.

മുത്തശ്ശിയുടെ സൗന്ദര്യം അതുപോലെ തന്നെ അവൾക്ക് കനിഞ്ഞു കിട്ടിയിട്ടുണ്ട്.

ആഹാ സുന്ദരിയായിട്ടുണ്ടല്ലോ കാണാൻ ദേവിയെ പോലുണ്ട്.

അനന്തുവിന്റെ പുകഴ്ത്തൽ കേട്ട് ശിവയ്ക്ക് നാണം തോന്നി.

അവൾ ഉള്ളിൽ നിറഞ്ഞ സന്തോഷത്തോടെ അവനു സമീപം ബെഡിൽ ഇരുന്നു.

രാവിലെ തന്നെ സ്വന്തം ചേട്ടന്റെ വായിൽ നിന്നും പുകഴ്ത്തൽ കിട്ടിയതിന്റെ ആനന്ദലബ്ധിയിൽ ആയിരുന്നു അവൾ.

"എന്നൊക്കെ പറയണെങ്കിലെ കാണുന്നവൻ കണ്ണു പൊട്ടനായിരിക്കണം...............ഇതൊരുമാതിരി വെള്ളരി കണ്ടതിലെ കണ്ണേറ് കോലം പോലെ "

അനന്തുവിന്റെ കളിയാക്കൽ ഉച്ചത്തിലായിരുന്നു.

അതുകേട്ടതും എവിടുന്നൊക്കെയാ ദേഷ്യം വിറഞ്ഞു കയറിയതെന്ന് ശിവയ്ക്ക് പോലും അറിഞ്ഞൂടായിരുന്നു.

അനന്തുവിന്റെ താടിക്ക് തട്ടിയിട്ട് അവൾ ചാടിയെണീറ്റു ഡോറിന് സമീപത്തേക്ക് ഓടി.

എന്നിട്ട് അവിടെ ബ്രേക്ക് പിടിച്ച പോലെ നിന്ന ശേഷം പുറം തിരിഞ്ഞു അനന്തുവിനെ നോക്കി.

കൊഞ്ഞനം കുത്തിക്കൊണ്ട് അവൾ പറഞ്ഞു.

"പോടാ പട്ടി"

അതുകേട്ടു അവൻ ചാടിയെണീക്കുമ്പോഴേക്കും അവൾ സ്ഥലം കാലിയാക്കിയിരുന്നു.

ചെറു ചിരിയോടെ അവൻ എണീറ്റ് ഫ്രഷ് ആയി.

അതിനു ശേഷം നേരെ അടുക്കളയിലേക്ക് വച്ചു പിടിച്ചു.

പക്ഷെ അവിടെ വേലക്കാരികളായ സ്ത്രീകൾ മാത്രമാണ് ഉണ്ടായിരുന്നത്.

അപ്പോഴാണ് മനയിലെ സ്ത്രീ പുരുഷ ജനങ്ങളും കുട്ടി പട്ടാളങ്ങളും അമ്പലത്തിലേക്ക് എന്തോ വിശേഷ പൂജയ്ക്ക് കുറച്ചു മുന്നേ പോയെന്ന് അവൻ മനസിലാക്കിയത്.

വേലക്കാരികളായ ചേച്ചിമാരോട് പരിചയം സ്ഥാപിച്ച ശേഷം അവൻ ഭക്ഷണം കഴിച്ചു.

അതിനു ശേഷം മനയുടെ പുറത്തുകൂടി ഉലാത്തിക്കൊണ്ടിരുന്നു.

അവിടുത്തെ ഗജവീരൻ ഇന്നും കൂപ്പില് തടി പിടിക്കാനായി പോയെന്ന് അറിഞ്ഞപ്പോ അവനു നഷ്ടബോധം തോന്നി.

അവിടെ ആരുമില്ലാത്തതിനാൽ അനന്തുവിന് വല്ലാതെ ബോറടിച്ചു.

അപ്പോഴാണ് ഇന്ന് അരുണിമയുമായി ചെക്കപ്പിന് പോകേണ്ട ദിവസമാണെന്ന് ഓർത്തത്.

അന്ന് പോയി കണ്ടതിനു ശേഷം പിന്നീട് താനങ്ങോട്ട് തിരിഞ്ഞു നോക്കിയിട്ടില്ല.

അവളെ ഒന്നു കാണണമെന്നുണ്ട്.

പക്ഷെ ആ പൂതനയുടെ ചൂടൻ സ്വഭാവം മാത്രം സഹിക്കാൻ പറ്റുന്നില്ല.

എന്തൊരു ദേഷ്യമാണോ ആവോ?

ഇങ്ങനെയുമുണ്ടോ ഒരു പെണ്ണ്?

പക്ഷെ ആ പൂച്ചകണ്ണിയെ തനിക്ക് ഇഷ്ട്ടാണ്.

ഒത്തിരി ഒത്തിരി ഇഷ്ട്ടാണ്.

കാട്ടു പോത്തിനെ പോലെ കുത്താൻ വരുന്ന അവളോട് എങ്ങനെ തന്റെ പ്രണയം അറിയിക്കും.

മിക്കവാറും അവളെന്റെ കൂമ്പ് ഇടിച്ചു വാട്ടും.

അതോർത്തപ്പോ തന്നെ അനന്തുവിന് മുട്ടിടിക്കാൻ തുടങ്ങി.

അല്പ നേരത്തെ ചിന്തക്ക് ശേഷം അവൻ സ്വന്തം മുറിയിലേക്ക് പോയി.

നിലവറയിൽ നിന്നും കിട്ടിയ പെട്ടിയിലെ കത്തും പിന്നെ ദേവന്റെ ഡയറിയുമെടുത്ത് അവൻ അഞ്ജലിയുടെ മുറി ലക്ഷ്യമാക്കി നീങ്ങി.

അവൻ പ്രതീക്ഷിച്ച പോലെ തന്നെ മുറിയിൽ അഞ്ജലി തന്റെ ചിത്രങ്ങൾക്ക് നിറങ്ങൾക്കൊണ്ട് ജീവൻ പകരുകയായിരുന്നു.

അപ്പോഴാണ് അനന്തു കേറി വരുന്നത് അവൾ കണ്ടത്.

"നന്ദുവേട്ടാ വാട്ട് എ സർപ്രൈസ്?"

അഞ്ജലിയുടെ കണ്ണുകൾ തിളങ്ങി.

"ഞാൻ കേറി വരുന്നതിന് എന്തിനാ ഇത്രയും സസ്പെൻസ്?"

"അതുപിന്നെ ഓരോ തവണയും നന്ദുവേട്ടനോടൊപ്പം ചിലവഴിക്കുന്ന നിമിഷങ്ങൾ എന്നെ സംബന്ധിച്ചു ഒരുപാട് വിലപ്പെട്ടതാണ് "

അഞ്ജലി ഒരു പുഞ്ചിരിയോടെ പറഞ്ഞു നിർത്തി.

"എങ്കിൽ പിന്നെ നിന്നെയിന്ന് വെറുപ്പിച്ചിട്ട് തന്നെ കാര്യം"

അനന്തു അവിടുള്ള ബെഡിലേക്ക് മലർന്നു കിടന്നു.

അവൾ തന്റെ വീൽ ചെയർ അവനു നേരെ തിരിച്ചു വച്ചു.

"എന്താ നന്ദുവേട്ടാ ഇന്ന് പ്ലാൻ?"

അഞ്ജലിയുടെ ചോദ്യം കേട്ടതും അനന്തു ഒന്നു നെടുവീർപ്പെട്ടു.

"അരുണിമയെ കാണാൻ പോകണം.............അവളുടെ ചെക്കപ്പിന്"

"ഓഹ് ഞാനതു മറന്നു...........പറഞ്ഞ പോലെ നന്ദുവേട്ടൻ ആ ചേച്ചീനെ ബുള്ളെറ്റ് വച്ചു ഇടിച്ചു തെറിപ്പിച്ചില്ലേ?"

വായ് പൊത്തിക്കൊണ്ട് അവൾ ചിരി തുടങ്ങി.

"ദേ പെണ്ണെ എന്നെക്കൊണ്ട് പറയിപ്പിക്കല്ല്............അവൾ തന്നെയാ റോങ്ങ് സൈഡിൽ കൂടെ വന്നത്..........എന്നിട്ട് എന്റെ മെക്കിട്ടാ കേറുന്നേ?"

"അതുപിന്നെ നന്ദുവെട്ടനല്ലേ അതിന്റെ ഉത്തരവാദിത്വം........... അതുകൊണ്ടാവും............പറയായിരുന്നില്ലേ നന്ദുവേട്ടന് തേവക്കാട്ട് ശങ്കരന്റെ കൊച്ചു മോനാണെന്ന്"

അഞ്ജലിയുടെ പറച്ചിൽ കേട്ട് അനന്തുവിന് ചിരി വന്നു.

"ഉവ്വാ എങ്കിൽ കാണാമായിരുന്നു എന്റെ മുന്നിൽ പഞ്ച പുച്ഛമടക്കി നിൽക്കുന്നത്............അപ്പൊ അവളുടെ ശൂരത്വവും കലിപ്പുമൊക്കെ എനിക്ക് കാണാൻ പറ്റുവോ?"

"ഓഹോ എന്തൊരു ത്യാഗം...........ഇവിടുത്തെ കൊച്ചു മോനാണെന്ന് പറഞ്ഞാൽ ചേച്ചി നന്ദുവേട്ടന്റെ പുറകെ നടന്നേനെ"

"ഹ്മ്മ് ഇപ്പൊ നടന്നത് തന്നെ...........അങ്ങനാണേൽ അവൾക്ക് എന്നോട് ബഹുമാനം എന്ന ഒരൊറ്റ വികാരമേ ഉണ്ടാകൂ............മറ്റൊന്നും തോന്നില്ല............അതുകൊണ്ടാ ഞാനത് മറച്ചു വച്ചത്"

"അപ്പൊ എന്തായാലും ഒരിക്കെ ചേച്ചി ഈ സത്യമൊക്കെ അറിയില്ലേ?"

അഞ്ജലി തന്റെ സംശയം പ്രകടിപ്പിച്ചു.

"അതപ്പോഴല്ലേ അന്നേരം നോക്കാം"

"ഹ്മ്മ് "

അഞ്ജലി ഒന്നു മൂളി.

അതിനു ശേഷം അവന്റെ കയ്യിലുള്ള കത്തുകൾ എടുത്തു വായിച്ചു തുടങ്ങി.

ഒന്നു രണ്ടു കത്തുകൾ വായിച്ചപ്പോൾ തന്നെ അവൾക്ക് മടുപ്പ് തോന്നി.

"നന്ദുവേട്ടാ ഈ കത്തൊക്കെ വായിച്ചോ? ഇതിൽ നിന്നുമെന്തൊക്കെയാ മനസിലായെ?

അഞ്ജലിയിൽ ആകാംക്ഷ നുരഞ്ഞു പൊന്തി.

"അത് കല്യാണി ദേവൻ അമ്മാവന് അയച്ച കത്തുകളാണ്............അവരുടെ പ്രണയ ദൂതുകൾ..............മിക്കതിലും അവരുടെ പ്രേമ സല്ലാപങ്ങൾ തന്നെയാണ്...........മറ്റൊന്നുമില്ല"

ഉത്തരത്തിൽ കറങ്ങുന്ന സീലിംഗ് ഫാനിൽ കണ്ണു നട്ടുകൊണ്ട് അവൻ പറഞ്ഞു.

"എങ്കിൽ പിന്നെ ഞാൻ അമ്മാവന്റെ ഡയറി വായിച്ചു നോക്കാം............അതിൽ നിന്നും എന്തേലും കിട്ടാതിരിക്കില്ല"

അഞ്ജലിയുടെ പറച്ചിൽ കേട്ട് അനന്തു ബെഡിൽ വച്ച ഡയറി എടുത്ത് അവൾക്ക് കൊടുത്തു.

വീൽ ചെയറിലേക്ക് ചാരിയിരുന്നുകൊണ്ട് അവൾ ഡയറിയുടെ താളുകൾ ഓരോന്നായി മറിച്ചു തുടങ്ങി.

ഈ സമയം ബെഡിൽ കിടന്നിരുന്ന അനന്തുവിന്റെ കണ്ണുകൾ പതിയെ അടഞ്ഞു തുടങ്ങി.

പൊടുന്നനെ അവനെ മയക്കം പിടി മുറുക്കി.

കണ്ണുകളിൽ രക്തം കിനിയുന്നതിനാൽ കാഴ്ച പകുതി നഷ്ടപ്പെട്ടിരിക്കുന്നു.

മങ്ങിയ കാഴ്ച്ചയിലും അനന്തു കണ്ടു വലിയൊരു തീനാളം.

അതിനു നല്ല വലിപ്പുമുണ്ട്.

അതിൽ നിന്നും ഒരു പെൺകുട്ടിയുടെ നിലവിളി ഉറക്കെ മുഴങ്ങുന്നു.

അതു കേട്ടതും പാതി ബോധത്തോടെ അനന്തു എണീറ്റു ഓടാൻ നോക്കി.

ആ പെൺകുട്ടിയെ രക്ഷപെടുത്താൻ.

പക്ഷെ അവന്റെ കൈകാലുകൾ ആരോ ബന്ധിച്ചിരിക്കുന്നു.

ഒരടി ചലിക്കാനാവാതെ ഹൃദയഭേദകമായ ആ കാഴ്ച്ച അവൻ നിസ്സഹായതയോടെ കണ്ടു നിന്നു.

ആ ബന്ധനത്തിൽ നിന്നും കുതറി മാറാൻ ശ്രമിച്ചപ്പോഴൊക്കെ അതു കൂടുതലായി മുറുകിക്കൊണ്ടിരുന്നു.

അവൻ ഞെരുങ്ങിക്കൊണ്ട് നിലത്തു വീണു.

പെട്ടെന്ന് തീയണഞ്ഞു.

ആ കത്തി കരിഞ്ഞ രൂപം ഒരു പിടച്ചിലോടെ അവനു മുൻപിൽ വന്നു വീണു.

പാതി കത്തി കരിഞ്ഞ ആ മുഖത്തു നിന്നും പുക പുറത്തേക്ക് വമിക്കുന്നുണ്ടായിരുന്നു.

അതിന്റെ പൂച്ചക്കണ്ണുകൾ ഒരു ഗോട്ടി പോലെ പുറത്തേക്ക് തള്ളി വന്നു.

കത്തി കരിയാത്ത മുഖത്തിന്റെ ഒരു ഭാഗം കണ്ടതും അനന്തുവിന്റെ നെഞ്ചോന്ന് കാളി.

അതിനു അരുണിമയുടെ രൂപമായിരുന്നു.

തന്നെ നിസ്സഹായതയോടെ നോക്കിക്കൊണ്ട് ആ രൂപം അവസാനമായി ഒന്നു പിടച്ചു.

ആ ശരീരത്തിൽ അവശേച്ചിരുന്ന ജീവന്റെ അവസാനത്തെ കണികയും അപ്പോഴേക്കും നഷ്ടപ്പെട്ടിരുന്നു.

അതു കണ്ടതും അവന്റെ മിഴികൾ നിറഞ്ഞൊഴുകി.

ശരീരം മരവിച്ചു.

തൊണ്ട പൊട്ടുമാറ് ഉച്ചത്തിൽ അവൻ നിലവിളിച്ചു.

"അരുണിമാ.............."

അലർച്ചയോടെ അനന്തു ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു.

അഞ്ജലി ആ അലർച്ച കേട്ട് ഞെട്ടി വിറച്ചു.

അവൻ ശ്വാസം വലിച്ചെടുത്തുകൊണ്ട് കിതപ്പോടെ ചുറ്റും നോക്കി.

അവന്റെ നെഞ്ചിടിപ്പ് വേഗത്തിൽ ആയിരുന്നു.

സ്വപ്നമാണെന്ന് തിരിച്ചറിഞ്ഞതും ആശ്വാസത്തോടെ അവൻ നെഞ്ചിൽ കൈ വച്ചു.

"നന്ദുവേട്ടാ എന്താ പറ്റിയെ?"

അഞ്ജലിയുടെ സംഭ്രമം കണ്ട് അനന്തുവിന് എന്ത് പറയണമെന്ന് അറിയില്ലായിരുന്നു.

അവനെ ആശ്വസിപ്പിക്കാനെന്ന വണ്ണം അഞ്ജലിയുടെ കരങ്ങൾ അവന്റെ കരങ്ങളെ മുറുകെ കവർന്നു.

അതു പതിയെ അവന്റെ നെഞ്ചിടിപ്പ് കുറച്ചു കൊണ്ടു വന്നു.

ഒന്നു ശ്വാസം വലിച്ചു വിട്ട ശേഷം അവൻ അവളെ പാളി നോക്കി.

"വീണ്ടും ഓരോ ചീത്ത സ്വപ്നങ്ങൾ തന്റെ സമാധാനത്തെ കാർന്നു തിന്നുന്നു."

അനന്തുവിന്റെ മറുപടി കേട്ട് അഞ്ജലി ഒന്നും മിണ്ടാതെയിരുന്നു.

അവൾക്കും എന്തു പറയണമെന്ന് ഒരു നിശ്ചയമുണ്ടായിരുന്നില്ല.

പരസ്പരം ഒന്നും മിണ്ടാതെ അവർ ഇരുന്നു.

അവർക്കിടയിക്കുള്ള മൗനത്തെ ഭജിച്ചത് അഞ്ജലി തന്നെയായിരുന്നു.

"അല്ല നന്ദുവേട്ടാ ഈ ഡയറിക്ക് എന്തോ ഒരു കുഴപ്പമുണ്ട്?"

"എന്ത് കുഴപ്പം?"

അനന്തു ഒന്നും മനസിലാവാതെ പുരികം കൂർപ്പിച്ചു അവളെ നോക്കി.

"ഈ ഡയറിൽ നിന്നാണ് ദേവൻ അമ്മാവന്റെയും കല്യാണിയുടെയും കാര്യങ്ങൾ അറിഞ്ഞതെന്നല്ലേ പറഞ്ഞെ............പക്ഷെ ഞാൻ നോക്കിയിട്ട് ഒന്നും മനസിലാകുന്നില്ലല്ലോ?"

"നീ ശരിക്കും നോക്ക് അഞ്ജലി.............ആദ്യത്തെ രണ്ടു മൂന്ന് പേജ് കഴിയുമ്പോ കല്യാണിയുടെ ചിത്രം കാണാൻ പറ്റും..............പിന്നെ തൊട്ടാ ഓരോ കാര്യങ്ങൾ അതിൽ എഴുതിയിട്ടുള്ളത്"

അനന്തുവിന് ക്ഷമ നശിച്ചു.

ഇപ്പോഴും ആ സ്വപ്നം കണ്ടതിന്റെ ഹാങ്ങോവറിൽ ആയിരുന്നു അവൻ.

"ദേ നന്ദുവേട്ടാ ഞാനൊരു കുത്ത് വച്ചു തരും..............വെറുതെ ആളെ കളിയാക്കുന്നോ? ഈ ഡയറിയിലെ ഓരോ പേജും ബ്ലാങ്ക് ആണ്............ഒന്നും അതിൽ കാണുന്നില്ല"

അഞ്ജലി കലിപ്പോടെ ആ ഡയറി അവനു നേരെ നീട്ടി.

അവൾ പറഞ്ഞത് കേട്ട് അനന്തു ഞെട്ടലോടെ ചാടിയെണീറ്റു.

അവൾ പറഞ്ഞത് വിശ്വസിക്കാനാവാതെ അവൻ ആ ഡയറി പിടിച്ചു വാങ്ങി.

അതിനു ശേഷം അതിലെ ഓരോ പേജുകളും സങ്കോചത്തോടെ മറിച്ചു നോക്കി.

പക്ഷെ അത് അഞ്ജലി പറഞ്ഞ പോലെ ആയിരുന്നില്ല.

കല്യാണിയുടെ ചിത്രങ്ങളും തുടർന്ന് ദേവനെഴുതിയ കാര്യങ്ങളും അതിൽ തെളിഞ്ഞു വന്നു.

"പക്ഷെ അഞ്ജലി എനിക്കെല്ലാം കാണാല്ലോ?"

അനന്തു സംശയത്തോടെ പറഞ്ഞു നിർത്തി.

അതു കേട്ടതും അഞ്ജലിയും ഒന്നു ഞെട്ടി.

അവൾ അവന്റെ കയ്യിൽ നിന്നും ഡയറി പിടിച്ചു വാങ്ങി മറിച്ചു നോക്കി.

ധൃതിയിൽ ആ കൈവിരലുകൾ ഓരോ പേജിനെയും തഴുകി കടന്നു പോയി.

"ഞാൻ പറഞ്ഞത് ശരിയാ നന്ദുവേട്ടാ.............പുതിയ ഒരു ബുക്ക് വാങ്ങിയ പോലെയുണ്ട്.............എല്ലാ പേജും കാലിയാണ് കണ്ടില്ലേ?"

അഞ്ജലി ഒരു കാലിയായ പേജ് എടുത്തു അവനു നേരെ കാണിച്ചു.

പക്ഷെ അനന്തു നോക്കിയപ്പോൾ ആ പേജിൽ ദേവൻ തന്റെ വൃത്തിയായ കൈപ്പടയിൽ എഴുതി വച്ചിരിക്കുന്നത് അവന്റെ ശ്രദ്ധയിൽ പെട്ടു.

ഇതെന്തൊരു മറിമായം അവളെ ആവിശ്വസിക്കാനാവില്ല.

തന്റെ കണ്മുൻപിൽ നടക്കുന്നതൊക്കെ സത്യമോ അതോ മിഥ്യയോ?

അനന്തുവിനു ഭ്രാന്ത് പിടിക്കുന്ന പോലെ തോന്നി.

അവൻ തല ചൊറിഞ്ഞുകൊണ്ട് മുരണ്ടു.

തന്റെ നിരാശ മൊത്തം മുടിയിഴകൾ ക്കിടയിൽ നഖങ്ങൾ താഴ്ത്തി ചൊറിഞ്ഞു കൊണ്ടു തീർത്തു.

അനന്തുവിന്റെ പരാക്രമം കണ്ട് അഞ്ജലി ഒന്നു ഭയന്നു.

"സത്യമാ നന്ദുവേട്ടാ............എന്റെ അമ്മ സത്യം.............ഞാൻ പറഞ്ഞത് ശരിയാ എനിക്ക് ആ ഡയറിയിൽ ഒന്നും കാണാൻ സാധിക്കുന്നില്ല"

അഞ്ജലി തന്റെ നിസഹായാവസ്ഥ വെളിപ്പെടുത്തി.

"എനിക്ക് മനസിലായി അഞ്ജലി...........വീണ്ടുമൊരു നിഗൂഢത കൂടി.............മുന്നോട്ട് പോകുന്തോറും കുരുക്കുകൾ മുറുകിക്കൊണ്ടിരിക്കുകയാണല്ലോ "

അനന്തു അവളെ ആശ്വസിപ്പിക്കാനായി പറഞ്ഞു.

"എല്ലാം ശരിയാവും നന്ദുവേട്ടാ............ഓരോന്നിനും ഓരോ ടൈം ഉണ്ടെന്നല്ലേ"

"ഹ്മ് "

അനന്തു ഒന്നു മൂളി.

വീണ്ടും അവർ ഇരുവരും നിശബ്ദതയുടെ മൂടുപടം അണിഞ്ഞു.

"നന്ദുവേട്ടാ എനിക്കൊരു ഡൌട്ട്"

അതെന്താണെന്ന് അറിയാൻ അനന്തു അഞ്ജലിയുടെ കണ്ണുകളിലേക്ക് ഉറ്റു നോക്കി.

"നന്ദുവേട്ടന്റെ ഹാൻഡ്റൈറ്റിങ്ങും ദേവൻ അമ്മാവന്റെ ഹാൻഡ്റൈറ്റിങ്ങും സെയിം ആണോന്ന് നോക്കിയേ?"

അവളുടെ അലർച്ച കേട്ട് അനന്തു കയ്യിലുള്ള ഡയറിയുടെ താളിലേക്ക് സൂക്ഷിച്ചു നോക്കി.

അതു നോക്കിയതും അവന്റെ കണ്ണുകൾ വിടർന്നു.

ആ നീലകണ്ണുകൾ വല്ലാതെ തിളങ്ങി.

"നീ പറഞ്ഞത് ശരിയാ അഞ്ജലിക്കുട്ടി..............ഞങ്ങടെ ഹാൻഡ് റൈറ്റിംഗ്സ് തമ്മിൽ നല്ല സാമ്യം ഉണ്ട് "

അഞ്ജലിക്ക് ബാക്കിയെന്താണ് പറയാനുള്ളതെന്ന് അറിയാനുള്ള ആകാംക്ഷയോടെ അവൻ അവളെ നോക്കി.

"വെറുതെ എന്തോ തോന്നിയപ്പോ ചോദിച്ചതാ നന്ദുവേട്ടാ.............കൂടുതലായിട്ട് ഒന്നുമില്ല"

അവന്റെ പ്രതീക്ഷ കത്തി നിൽക്കുന്ന കണ്ണുകൾ കണ്ടപ്പോ ഈയൊരു മറുപടി പറയാനാണ് അവൾ ആഗ്രഹിച്ചത്.

അത് കേട്ടു കഴിഞ്ഞതും അനന്തുവിന്റെ മുഖം വാടി.

അവൻ ഒന്നും മിണ്ടാതെ വീണ്ടും സീലിംഗ് ഫാനിൽ കണ്ണും നട്ടു കിടന്നു.

"നന്ദുവേട്ടാ"

"എന്താ പെണ്ണെ?"

അനന്തു അവളെ മുഖം വെട്ടിച്ചു നോക്കി.

"എന്നെ നന്ദുവേട്ടന്റെ അടുത്ത് കിടത്തുമോ?"

അവളുടെ കൊഞ്ചൽ കേട്ട് അനന്തുവിന്റെ അധരങ്ങളിൽ പുഞ്ചിരി തെളിഞ്ഞു.

അവൻ എണീറ്റു വന്ന് അഞ്ജലിയെ കൈകളിൽ കോരിയെടുത്തു.

എന്നിട്ട് കട്ടിലിൽ പതിയെ കിടത്തി.

അതിനു ശേഷം അനന്തു അവളുടെ ചാരെ ചേർന്നു കിടന്നു.

അഞ്ജലി അവിടെയുള്ള ഡയറിയെടുത്തു അനന്തുവിന്റെ കയ്യിൽ കൊടുത്തു കൊണ്ട് പറഞ്ഞു.

"നന്ദുവേട്ടാ ബാക്കി കഥ വായിക്ക്.............എനിക്കും അറിയണം അവരുടെ പ്രണയ കഥ"

അവളുടെ ഉത്സാഹം കേട്ട് അനന്തു ചെറു ചിരിയോടെ മുൻപ് വായിച്ചു തീർത്ത പേജ് എടുത്തു.

അതിനു ശേഷം അടുത്ത പേജ് പതിയെ മറിച്ചു
.
.
.

.
തേൻ നദിയെ മറി കടന്ന് ദേശം ഗ്രാമത്തിൽ എത്തിയതും ദേവനിൽ നിന്നും ഒരു നെടുവീർപ്പുണ്ടായി.

ബുള്ളറ്റ് വളരെ സാവധാനമാണ് പൊക്കോണ്ടിരിക്കുന്നത്.

വണ്ടി വളരെ യാന്ത്രികമായി ആണ് പോകുന്നത്.

ദേവന്റെ ചിന്ത ഇവിടെങ്ങുമായിരുന്നില്ല.

അത് കല്യാണിയിലും മുത്തുമണിയിലുമായിരുന്നു.

ഒരേ പോലെയിരിക്കുന്ന രണ്ടു പേർ.

അവരുടെ കണ്ണുകൾ പോലും വളരെ സാമ്യം.

ഒരു അച്ചിൽ വാർത്തെടുത്ത പോലെ.

എങ്കിലും ഇങ്ങനുണ്ടോ ഒരു സമാനത.

വിശ്വസിക്കാനാവുന്നില്ല.

ദേവന്റെ മനസിൽ ചിന്തകൾ കൂടാരം പണിതു കൊണ്ടിരുന്നു.

അതിനു ശേഷം അവൻ മനയിലേക്ക് വേഗതയിൽ പോയി.

ഇന്ന് ഉച്ചക്ക് ശേഷം തോട്ടത്തിൽ നാളികേരം പറിക്കുന്നതിനാൽ അങ്ങോട്ട് പോകണമെന്ന് അച്ഛന്റെ നിർദ്ദേശമുണ്ട്.

അതിനാൽ അവൻ പെട്ടെന്ന് തന്നെ മനയിലേക്ക് എത്തി ചേർന്നു.

എങ്ങും നിൽക്കാനും ഇരിക്കാനും പറ്റാത്ത അവസ്ഥ.

ആകെ കൂടെ ഒരു മരവിപ്പ് പോലെ.

തലക്ക് ഭ്രാന്ത് പിടിക്കുന്ന പോലെ തോന്നിയതും അവൻ അവിടെയുള്ള ബാത്റൂമിലേക്ക് കുളിക്കാനായി കയറി.

ഒരു കുളിയൊക്കെ കഴിഞ്ഞു അരയിൽ തോർത്ത് ചുറ്റിക്കൊണ്ട് ദേവൻ മുറിയിലേക്ക് വന്നു.

അലമാരയിൽ നിന്നും മുണ്ടും ഷർട്ടും തപ്പുന്നതിനിടെ ഒരു മണി കിലുങ്ങുന്ന ശബ്ദം അവന്റെ റൂമിലേക്ക് ഒഴുകിയെത്തി.

അതുകേട്ടതും എന്താണെന്ന് അറിയാനുള്ള വ്യഗ്രതയിൽ അവൻ വാതിലിന് സമീപത്തേക്ക് നടന്നു.

പെട്ടെന്ന് ആരോ മുറിയിലേക്ക് ഓടി കയറി.

ആഗതൻ വന്ന വരവിൽ തന്നെ ദേവന്റെ നെഞ്ചിലിടിച്ചു പിറകിലേക്ക് മറിഞ്ഞു വീഴാനായി തുടങ്ങി.

അപ്പോഴേക്കും ദേവന്റെ ഉരുക്കു കൈകൾ ആളുടെ അരയിലൂടെ ചുറ്റിയിരുന്നു.

ദേവൻ കണ്ണിമ ചിമ്മി തുറന്നു.

തന്റെ കയ്യിൽ താങ്ങി നിൽക്കുന്ന ലക്ഷ്മി.

അവളുടെ വാലിട്ടെഴുതിയ മിഴികളിൽ ആയിരുന്നു അവന്റെ കണ്ണുകളുണ്ടാക്കിയത്.

അവ കൂമ്പിയടഞ്ഞിരുന്നു.

അടഞ്ഞ കൺപോളകളിൽ കൃഷ്ണമണികൾ തുള്ളി കളിക്കുന്നത് അവൻ കണ്ടു നിന്നു.

ഹാഫ് സാരിയിലൂടെ കാണുന്ന അണിവയറിന്റെ നേർത്ത ചാലിൽ ആയിരുന്നു ദേവന്റെ കരം പതിഞ്ഞത്.

ആ സ്പർശനത്തിൽ മതി മറന്നുകൊണ്ട് അവൾ പുളഞ്ഞു.

പെണ്ണിന്റെ ഇളക്കം കണ്ടതും ദേവൻ ആ കൈ അവളുടെ അരക്കെട്ടിലൂടെ ഊരിയെടുത്തു.

താങ്ങ് നഷ്ടപ്പെട്ടതും ചക്ക വീഴുന്ന പോലെ അവൾ കുണ്ടിയും കുത്തി തറയിൽ വീണു.

"ഔഹ് ദേവേട്ടാ.............എന്റെ നടു "

ലക്ഷ്മി കണ്ണും നിറച്ചുകൊണ്ട് അവനെ നോക്കി.

നടുവിലൂടെ അവൾ സ്വന്തം കൈകൊണ്ട് ഉഴിയുന്നുണ്ട്.

"എന്തിനാ ഇപ്പൊ ഇങ്ങോട്ട് തള്ളി കേറി വന്നേ...........നിന്റെ നടുവിനെന്തു പറ്റി?"

"എന്നെ തള്ളി താഴെയിട്ടതും പോരാ എന്നിട്ട് കളിയാക്കുന്നോ?"

അവൾ ദേവനെ തറപ്പിച്ചു നോക്കി.

"ഒരു ബോധവുമില്ലാതെ ഇങ്ങോട്ട് ഓടിക്കയറിയതാരാ?ഞാനാണോ ?"

ദേവൻ സ്വയം ന്യായീകരിക്കാൻ ശ്രമിച്ചു.

"എന്റെ പോന്നു ദേവേട്ടാ............നിങ്ങളെ ഒന്നു കാണാനുള്ള ആഗ്രഹം കൊണ്ടല്ലേ ഞാനിങ്ങോട്ട് ഓടി വന്നത്"

ലക്ഷ്മി പതുക്കെ എണീറ്റു നിന്നു.

"അതു കൊള്ളാം രണ്ടു ദിവസം മുന്നെയല്ലേ നീ ഇവിടുന്ന് പോയത്............അന്ന് കണ്ടത് പോരെ?"

"പോരാ ദേവേട്ടാ.............എന്റെ ദേവേട്ടനെ എത്ര കണ്ടിട്ടും എനിക്ക് മതിയാവുന്നില്ല"

അവളുടെ പ്രേമാദ്രമായ സ്വര വീചികൾ അവന്റെ കാതിൽ പതിഞ്ഞു.

പക്ഷെ അത് ശ്രദ്ധിക്കാതെ അവൻ ഊട്ടു പുരയിലേക്ക് നടന്നു.

ലക്ഷ്മിയും തുള്ളി ചാടിക്കൊണ്ട് അവനെ അനുഗമിച്ചു.

അവിടെയുള്ള മേശയിൽ അവൻ ഇരുന്നു.

ദേവന് ഭക്ഷണം വിളമ്പാൻ മേശപ്പുറത്ത് നിരത്തി വച്ചപ്പോഴാണ് അവിടെ പരുങ്ങി കളിക്കുന്ന ലക്ഷ്മിയെ കാർത്യായനി കണ്ടത്.

"ലക്ഷ്മി മോളെ ഇങ്ങോട്ട് വാ"

കാർത്യായനിയുടെ സ്നേഹപൂർവമുള്ള ക്ഷണം അവൾക്ക് നിരസിക്കാനായില്ല.

മുന്താണിയുടെ അറ്റം വിരലിൽ ചുറ്റി പിടിപ്പിച്ചു നാണം കുണുങ്ങി കൊണ്ട് അവൾ അങ്ങോട്ട് നടന്നടുത്തു.

"ദാ ഈ ചോറും കറികളും നിന്റെ ദേവേട്ടന് വിളമ്പിക്കൊടുക്ക്"

കാർത്യായനിയുടെ ആവശ്യം കേട്ടതും സ്വർഗം കീഴടക്കിയ പ്രതീതിയായിരുന്നു അവൾക്ക്.

തെളിഞ്ഞ മുഖമോടെ ഒരു ഭാര്യയുടെ കർത്തവ്യമെന്ന പോലെ ലക്ഷ്മി ദേവന് ചോറും കറികളും പതിയെ വിളമ്പി.

എന്നാൽ ദേവാനോ തിടുക്കപ്പെട്ട് ഭക്ഷണം കഴിച്ചു കഴിഞ്ഞ ശേഷം അവിടുന്ന് പുറത്തേക്കിറങ്ങി.

അവിടെ മതിലിനോട് ചേർന്ന് ഒരു വശത്തായി അല്പം പണിക്കാർ ചേർന്ന് നിലത്തു കിളിക്കുന്നുണ്ട്.

ഭൂമി പൂജയ്ക്ക് വേണ്ടിയുള്ള പരിശീലനത്തിനായുള്ള ഗോദയുടെ നിർമാണം.

അവിടെ അവർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു കൊണ്ട് യതീന്ദ്രനും ശങ്കരനും നിൽപ്പുണ്ട്.

ഉച്ച വെയിലിന്റെ ആക്കത്തിന് അല്പം കുറവുണ്ട്.

ദേവൻ പതിയെ അങ്ങോട്ട് നടന്നു വന്നു.

"ഹാ നീ ഭക്ഷണം കഴിച്ചോടാ?"

യതിയുടെ ചോദ്യം അവനെ തേടിയെത്തി.

"കഴിച്ചു ഇളയച്ഛ"

"ഡാ മോനെ നീ നമ്മുടെ തെങ്ങുംതോട്ടത്തിൽ ചെല്ല്.............അവിടെ നാളികേരം പറിക്കാൻ ആൾ വന്നിട്ടുണ്ട്...........നിന്റെയൊരു ശ്രദ്ധ വേണം കേട്ടല്ലോ"

ശങ്കരൻ ഗൗരവത്തോടെ ആവശ്യപ്പെട്ടു.

"ഞാൻ ശ്രദ്ധിക്കാം അച്ഛാ"

"ഷ്മ് "

അദ്ദേഹം മറുപടിയായി ഒന്നു മൂളി.

അതിനു ശേഷം തോട്ടത്തിലേക്ക് പോകാനായി അവൻ പടിപ്പുരയിലേക്ക് നടന്നു.

"ദേവേട്ടാ ഞാനും വന്നോട്ടെ?"

തന്റെ കണ്മഷി കണ്ണുകളിൽ കുസൃതി ഒളിപ്പിച്ചു വച്ചുകൊണ്ട് ലക്ഷ്മി ചോദിച്ചു.

"വന്നോടി പെണ്ണേ"

ദേവന്റെ സമ്മതം കിട്ടിയതും സന്തോഷത്തോടെ അവൾ അവന്റെ കയ്യും പിടിച്ചു നടന്നു.

ദേവന്റെ കൂടെയുള്ള ഓരോ നിമിഷങ്ങളും അവൾ ആസ്വദിച്ചു.

അവന്റെ ഓരോ വിരൽ സ്പർശനങ്ങളും അവളുടെ വികാരങ്ങളെ തഴുകിയുണർത്തി.

ശരീരമാകെ കുളിര് അനുഭവപ്പെട്ടു.

ഹോ തനിക്ക് എന്തൊക്കെയാണ് സംഭവിക്കുന്നത്.

ദേവേട്ടന്റെ സാമീപ്യം തന്നെ മറ്റൊരു ലോകത്തിൽ എത്തിക്കുന്നു.

ആ നെഞ്ചിലെ ചൂടും ചൂരും അറിയാൻ തന്റെ മേനിയിലെ ഓരോ അണുവും ആത്മാർഥമായി ആഗ്രഹിക്കുന്നു.

ആ കയ്യിൽ നിന്നും ഒരു തങ്കത്താലി കഴുത്തിൽ അണിയാൻ മനസ് വല്ലാതെ കേഴുന്നു.

ദേവേട്ടന്റെ വിരലുകളിൽ നിന്നുമുള്ള ഓരോ സ്പർശങ്ങൾക്കും ചുണ്ടുകളിൽ നിന്നുമുതിരുന്ന ചുംബനങ്ങൾക്കുമായി തന്റെ മേനി കൊതിക്കുന്നു.

ദേവേട്ടന്റെ കീഴിൽ ഞെരിഞ്ഞമർന്ന് പുളകം കൊള്ളുവനായി അവൾ വികാര വായ്പ്പോടെ അവനെ നോക്കി.

പക്ഷെ ഇതൊന്നും ദേവൻ ശ്രദ്ധിച്ചിരുന്നില്ല.

പറമ്പിലെ പണി തീർത്ത ശേഷം ലക്ഷ്മിയുടെ കയ്യിൽ പിടിച്ചു തറവാട്ടിലേക്ക് അവൻ നടന്നു.

വൈകുന്നേരം ക്ലാസ് കഴിഞ്ഞ് മാലതി വന്ന ശേഷം എല്ലാവരും മനയിൽ വെടി പറഞ്ഞിരിക്കുകയായിരുന്നു.

അന്ന് മുഴുവൻ തിരക്കായതിനാൽ ദേവന് മനയിലേക്ക് എത്തി ചേരാൻ സാധിച്ചിരുന്നില്ല.

ബാലരാമന്റെ കൂടെ അച്ഛൻ ഏൽപ്പിച്ച ജോലികൾ പൂർത്തികരിച്ച ശേഷം അവൻ രാത്രിയോടെ മനയിലെത്തി.

ഭക്ഷണത്തിനു മുൻപായി അവർ ഔട്ട്ഹൌസിൽ ഒന്നു കൂടി.

ശങ്കരനും യതീന്ദ്രനും ദേവനും ബാലരാമനും വിജയനും അവിടെ കൂടി.

മേശയുടെ മുകളിൽ ഇരിക്കുന്ന വിദേശമദ്യം അത് അൽപ്പാൽപ്പമായി ഒഴിച്ചു കുടിക്കുകയായിരുന്നു ശങ്കരൻ.

കസേരയിൽ കാലിന്മേൽ കാൽ കേറ്റി വച്ചു അദ്ദേഹം ചിന്തയിലാണ്ടു.

എല്ലാവർക്കും മദ്യം വിളമ്പുന്ന ജോലി ദേവനായിരുന്നു.

ഭൂമി പൂജ തന്നെയായിരുന്നു അവരുടെ ചർച്ചാ വിഷയം.

"ഒരുക്കങ്ങളൊക്കെ എവിടം വരെയെത്തി യതി?"

മദ്യം ചെറുതായി തലക്ക് പിടിച്ചതും ശങ്കരൻ യതീന്ദ്രനോടായി ചോദിച്ചു.

"എല്ലാം തുടങ്ങി ഏട്ടാ...........നന്നായി പോകുന്നുണ്ട്.............തിരുവമ്പാടിക്കാർ ഇത്തവണ രണ്ടും കല്പിച്ചാ..........ഒരുക്കങ്ങളൊക്കെ നേരത്തെ തുടങ്ങിയിട്ടുണ്ട്"

"അതിലൊന്നും കാര്യമില്ല ഇളയച്ഛ.............നമ്മുടെ ദേവനെ തൊടാൻ അവിടുത്തെ ഒരു പോങ്ങനും ഒരിക്കലും കഴിയില്ല "കമ്പിസ്റ്റോറിസ്.കോം

തന്റെ അനിയനിലുള്ള ആത്മവിശ്വാസം ബലരാമൻ പ്രകടിപ്പിച്ചു.

"അതൊക്കെ ശരിയാ ബാലരാമാ.........പക്ഷെ നന്നായി ഇനിയും പരിശീലിക്കണം..........ഇത്തവണ നമ്മുക്ക് തന്നെ ദേവിയുടെ പള്ളി വാളും ചിലമ്പും സ്വന്തമാക്കണം..........അവന്മാരെ ഇവിടുന്ന് തന്നെ ഓടിക്കണം"

യതീന്ദ്രൻ ഉഷാറോടെ ഒരെണ്ണം വീശിക്കൊണ്ട് പറഞ്ഞു.

"ഷ്മ് എതിർഭാഗത്ത് പടയൊരുക്കം തുടങ്ങിയിട്ടുണ്ട്............ബോംബെന്ന് രഘുവരനും മക്കളും ഒക്കെ വന്നിട്ടുണ്ട്"

"ഉവ്വോ അപ്പൊ ഇത്തവണ അവർ രണ്ടും കല്പിച്ചാണല്ലേ?"

ശങ്കരൻ ഒന്നിരുത്തി ചോദിച്ചു.

"അതേ അച്ഛാ "

ബാലരാമനാണ് അതിനു മറുപടി പറഞ്ഞത്.

അപ്പോഴാണ് ദേവൻ ഒന്നു ഞെട്ടിയത്.

അപ്പൊ തിരുവമ്പാടി രഘുവരന്റെ മകളാണ് തന്റെ പ്രണയിനിയുടെ മുഖ സദൃശ്യമുള്ള മുത്തുമണിയെന്ന് ദേവന് മനസിലാക്കി.

സ്വാഭാവികമായും മുത്തുമണിയിൽ നിന്നും അവന്റെ ചിന്താമണ്ഡലം കല്യാണിയിലേക്ക് ഒഴുകിയെത്തി.

എത്രയൊക്കെ ശ്രമിച്ചിട്ടും ആ പൂച്ചക്കണ്ണിയെ മറക്കുവാൻ അവനു സാധിക്കുന്നില്ലായിരുന്നു.

അങ്ങനെ ചിന്തിക്കുന്നത് പോലും മരണത്തിന് തുല്യമായി അവനു തോന്നി.

എന്റെ കല്യാണിക്കുട്ടി...........ഒന്നിനെയും ഭയമില്ലാത്ത തനിക്ക് പോലും നിന്റെ മുന്നിൽ എത്തുമ്പോൾ വല്ലാത്തൊരു വിറയൽ അനുഭവപ്പെടുന്നു.

നിന്നെ വിട്ടു കൊടുക്കാൻ തനിക്ക് സാധിക്കില്ല പെണ്ണെ.

ഈ ദേവൻ ആദ്യമായി ഒരു പെണ്ണിനെ സ്നേഹിക്കുന്നു.

അത് നീയാകുന്നു.

ഇനി നിന്നെ വേറാർക്കും താൻ നൽകില്ല.

എതിർക്കുന്നവനെയൊക്കെ താൻ വെട്ടി വീഴ്ത്തിയെന്നിരിക്കും.

തന്റെ പ്രണയ സാഫല്യം കല്യാണിയിൽ മാത്രം നിക്ഷിപ്തമായിരിക്കും.

നീയില്ലാതെ ദേവനൊരു ജീവിതമില്ല എന്റെ പ്രിയപ്പെട്ട കല്യാണിക്കുട്ടി.

അവസാനമായി കണ്ണുകൾ അടഞ്ഞു ചിതയിലേക്ക് എടുക്കും വരെ കല്യാണി എന്ന മന്ത്രം മാത്രമായിരിക്കും ഞാനുരുവിടുക.

ദേവൻ ആത്മഗതം പറയുകയാണ്.

പക്ഷെ കല്യാണിക്കുട്ടി എന്ന പദം മാത്രം അവന്റെ വായുടെ അതിർത്തികളെ ഭേദിച്ചു പുറത്തേക്ക് വന്നു.

"കല്യാണിക്കുട്ടിയോ ആരാടാ അത്?"

ബാലരാമന്റെ നോട്ടം തന്റെ നേർക്കാണെന്നെന്ന് അറിഞ്ഞതും ദേവൻ വല്ലാതെ വീർപ്പുമുട്ടി.

എന്തു പറയുമെന്നറിയാതെ അവൻ കുഴങ്ങി.

സ്വന്തം നാവിനെ അവൻ പഴിച്ചു.

"അത് ബാലരാമേട്ടാ ഞാനൊരു നോവലിലെ കാര്യം ഓർത്തതാ"

"ഓഹ് അതിലുള്ളതാണോ കല്യാണി?"

"ഹാ അതേ "

ദേവൻ തലയാട്ടി.

ബലരാമൻ സംശയമകന്ന മനസോടെ മദ്യ സേവ തുടർന്നു.

പിന്നീട് അവർ നടത്തിയത് ഭൂമിപൂജയ്ക്ക് ശേഷം ലക്ഷ്മിയുമായുള്ള ദേവന്റെ കല്യാണത്തെ പറ്റിയായിരുന്നു.

അത് കേട്ടതും മനം മടുത്ത അവൻ മനയിലേക്ക് നടന്നു.

അത്തരം ചർച്ചകൾക്ക് ചെവി കൊടുക്കാതെ.

പിറ്റേന്ന് രാവിലെ ഒരു മുണ്ടും ഷർട്ടും അണിഞ്ഞു അവൻ തന്റെ പ്രിയപ്പെട്ട ബുള്ളറ്റുമായി തറവാട്ടിൽ നിന്നുമിറങ്ങി.

കല്യാണിയുടെ വീടായിരുന്നു ലക്ഷ്യം.

അവളുടെ കൈ വിരൽ ഇന്ന് വൈദ്യനെ കാണിക്കേണ്ട സമയമായി.

അതിനാൽ അവൾക്ക് അരികിൽ എത്താൻ തിടുക്കപ്പെട്ട് അവൻ വണ്ടിയോടിച്ചു.

പരന്നു കിടക്കുന്ന പാടത്തിനോട് ചേർന്നുള്ള മൺറോഡിൽ അവൻ ബുള്ളറ്റ് കൊണ്ടു വന്നു നിർത്തി.

അതിനു ശേഷം മിററിൽ നോക്കി മുടിയൊക്കെ ഒന്നു ചീകി വച്ച ശേഷം വരമ്പിലൂടെ നടന്നു തുടങ്ങി.

ഈ സമയം കല്യാണി തന്റെ പ്രിയപ്പെട്ട മണിക്കുട്ടിക്ക് തീറ്റ കൊടുക്കുന്ന പ്രവൃത്തിലായിരുന്നു.

അവളുടെ പൊന്നോമന ആട്ടിൻക്കുട്ടിയായിരുന്നു മണിക്കുട്ടി.

ദൂരെ നിന്നും പാടവരമ്പിലൂടെ നടന്നു വരുന്ന ദേവനെ കണ്ട് കല്യാണിയുടെ അച്ഛനും അമ്മയും ഭവ്യതയോടെ നിന്നു.

ദേവൻ ആ വീട്ടു മുറ്റത്തെത്തിയതും ആ ദമ്പതികൾ അവനെ നോക്കി തൊഴുതു.

അപ്പോഴാണ് ദേവനെ കല്യാണി ശ്രദ്ധിക്കുന്നത്.

അവൾ വേഗം തന്റെ മടിയിലുള്ള മണിക്കുട്ടിയെ നിലത്തു വച്ച ശേഷം അവനെ നോക്കി പുഞ്ചിരിയോടെ തൊഴുതു.

ആ പൂച്ചക്കണ്ണുകൾ ഒരു നിമിഷം വിടർന്നു വന്നു.

ദേവനെ കണ്ട മാത്രയിൽ മുഖം ചുവന്നു തുടുത്തു.

ആ ചെഞ്ചുണ്ടുകളിൽ വിരിഞ്ഞ പുഞ്ചിരി അവനെ കൊല്ലാതെ കൊല്ലുകയായിരുന്നു.

പക്ഷെ അവൾ തൊഴുതു നിൽക്കുന്നത് കണ്ടപ്പോഴേ ദേവന് വിറഞ്ഞു കയറി.

അവൻ കോപത്തോടെ അവളെ നോക്കി.

അതു കണ്ടതും പരിഭ്രമത്തോടെ അവൾ കൈകൾ താഴ്ത്തി പിടിച്ചു.

"അച്ഛാ അമ്മേ ഞാൻ കല്യാണിയെ കൂട്ടി കൊണ്ടു പോകാൻ വന്നതാ വൈദ്യനെ കാണിക്കാൻ"

"അയ്യോ അങ്ങുന്നേ ഞങ്ങള് കൊണ്ടു പൊക്കോളാം............അങ്ങുന്നിനു അത് ബുദ്ധിമുട്ടാവില്ലേ?"

അവർ വെപ്രാളത്തോടെ തങ്ങളുടെ സന്ദേഹം പങ്കു വച്ചു.

അതു കേട്ടതും കല്യാണിയുടെ തുടുത്ത മുഖം പൊടുന്നനെ മ്ലാനമായി.

"ഒരിക്കലുമില്ല കല്യാണിയെ കൊണ്ടു പോകുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ"

"അങ്ങുന്നിന്റെ ഇഷ്ടം പോലെ"

അവളുടെ അച്ഛൻ അതിനു സമ്മതമെകിയത്തും നഷ്ടപ്പെട്ടുപോയ പ്രസരിപ്പ് വീണ്ടുമവളെ തേടിയെത്തി.

അതു കേട്ടതും ദേവൻ അവളെ നോക്കി കണ്ണുകൾ കൊണ്ട് ആംഗ്യം കാട്ടി.

അവൾ ഉടനെ തന്നെ വീടിനുള്ളിലേക്ക് ഓടിപ്പോയി.

അൽപ നേരം അവരുമായി സംസാരിച്ചു കൊണ്ടിരുന്നു ദേവൻ.

കൃഷിയാണ് അവരുടെ പ്രധാന വരുമാനം.

വർഷങ്ങൾക്ക് മുന്നേ ഇങ്ങോട്ട് തെക്കൻ കേരളത്തിൽ നിന്നും കുടിയേറിയ കുടുംബം ആയിരുന്നു അവരുടെ മുൻതലമുറക്കാർ.

അദ്ദേഹം തന്റെ വർഷങ്ങളായ അധ്വാനം കൊണ്ട് മണ്ണിൽ പൊന്നു വിളയിച്ചുകൊണ്ടിരിക്കുന്നു.

കല്യാണി ഒരു പാവാടയും ബ്ലൗസുമിട്ട് അങ്ങോട്ടേക്ക് ഓടി വന്നു.

വളരെ മുഷിഞ്ഞതായിരുന്നു അവയൊക്കെ.

ഈ പെണ്ണിന് ഇതുമാത്രെയുള്ളോ?

ദേവൻ ശങ്കിച്ചു.

ഏതായാലും തല്ക്കാലം വേറൊന്നും ചിന്തിക്കാതെ അവൻ കല്യാണിയെയും കൊണ്ട് തിരികെ നടന്നു.

പാടവരമ്പിലൂടെ വരുമ്പോഴായിരുന്നു ദേവന്റെ ചോദ്യം.

'ഇപ്പൊ വേദന കുറവുണ്ടോ കല്യാണി? "

"ഉണ്ട് അങ്ങുന്നേ"

അവൾ പെട്ടെന്ന് തന്നെ മറുപടി പറഞ്ഞു.

"കല്യാണി............. "

ദേവന്റെ നീട്ടിയുള്ള വിളി കേട്ട് അവൾ തിരിഞ്ഞു നോക്കി.

അവളുടെ പുറകിലായാണ് ദേവൻ നടന്നിരുന്നത്.

"ദയവ് ചെയ്ത് എന്നെ അങ്ങുന്നേ എന്ന് വിളിക്കുന്നത് ഒന്നൊഴിവാക്കാമോ............ എന്നെ ദേവേട്ടാ എന്ന് വിളിച്ചൂടെ"

ദേവൻ പ്രതീക്ഷയോടെ അവളെ നോക്കി.

"അയ്യോ അങ്ങുന്നേ ഞങ്ങൾക്ക് അതിനുള്ള അധികാരമൊന്നുമില്ല...........മനയിലെ ആരേലും അറിഞ്ഞാൽ പിന്നെ ഞങ്ങളെ ജീവനോടെ വച്ചേക്കില്ല"

കല്യാണിയുടെ ഉണ്ടകണ്ണുകൾ ഭയം കൊണ്ട് മിഴിച്ചു വന്നു.

"എന്നാൽ ഞാൻ പറഞ്ഞത് കേട്ടാൽ മതി.............എന്നെ ദേവേട്ടൻ എന്ന് വിളിച്ചാൽ മതി............അങ്ങനെ കേൾക്കുന്നതാ എനിക്കിഷ്ട്ടം "

ആജ്ഞയുടെ സ്വരത്തിൽ അവൻ പറഞ്ഞു.

"അത് അങ്ങുന്നേ...."

കല്യാണി എന്തോ പറയാൻ തുണിഞ്ഞതും ദേവൻ അവളെ കടുപ്പിച്ചൊന്ന് നോക്കി.

"അല്ല.....ദ്......ദെവ്.....ദേവേട്ടൻ "

ഒരു ഉത്കണ്ഠയോടെ അവൾ പറഞ്ഞൊപ്പിച്ചു.

"മിടുക്കി "

താൻറെ മീശ പിരിച്ചു വച്ചുകൊണ്ട് അവൻ പറഞ്ഞു.

അതിനു ശേഷം ദേവൻ മുൻപിൽ കേറി നടന്നു.

ചുണ്ടിൽ ഒരു മൂളി പാട്ടോടെ.

കല്യാണി അവനെ അനുഗമിച്ചു.

ബുള്ളറ്റിൽ കയറിയപ്പോൾ അന്ന് സംഭ്രമിച്ചപോലെ ഇന്ന് അവൾ അതിനു അടിമപ്പെട്ടില്ല.

അല്പം ആയാസത്തോടെ അവൾ അവന്റെ പുറകിൽ കയറിയിരുന്നു.

ദേവൻ ഒരാധികാര ഭാവത്തോടെ കല്യാണിയുടെ കൈ പിടിച്ചു തന്റെ വയറിന്റെ ചുറ്റി വച്ചു.

അതിൽ നിന്നും താഴെ വീഴാതിരിക്കാൻ ഗതികേട് കൊണ്ട് അനുസരണയോടെ അവൾ അവനെ മുറുകെ ചുറ്റി വരിഞ്ഞു.

കിക്കർ അമർത്തി ചവിട്ടിക്കൊണ്ട് അവൻ ബുള്ളെറ്റ് ഓണാക്കി.

അതിനു ശേഷം വൈദ്യരുടെ ശാലയിലേക്ക് അവർ യാത്രയായി.

കല്യാണിയുമൊത്തുള്ള രണ്ടാമത്തെ ബുള്ളറ്റ് യാത്ര.

ദേവൻ അത് നന്നായി ആസ്വദിക്കുകയാണ്.

മിററിൽ കൂടി കാണുന്ന അവളുടെ പ്രതിബിംബത്തിൽ തന്നെയായിരുന്നു അവന്റെ കണ്ണുകൾ.

ഈ യാത്ര വളരെ അവിസ്മരണീയമായ ഒന്നാണെന്ന് അവന് തോന്നിപോയി.

ദേവന്റെ പുറകിൽ ഇരുന്നുള്ള യാത്ര കല്യാണിയും നന്നായി ആസ്വദിച്ചു തുടങ്ങി.

ഒപ്പം അവന്റെ ബുള്ളറ്റ് എന്ന പടകുതിരയെയും അവൾ സ്നേഹിച്ചു തുടങ്ങി.

ഏറെ നേരത്തെ യാത്രയ്ക്ക് ശേഷം അവർ വൈദ്യരുടെ വീട്ടിലെത്തി.

പുരാതനമായ ഒരു നാലു കെട്ട് ആയിരുന്നു അത്.

ദേവനെ കണ്ടപാടേ അദ്ദേഹം ചികിത്സകൾ പാതി വഴിക്ക് നിർത്തി അവനു അടുത്തേക്ക് ഓടി വന്നു.

"അങ്ങുന്നേ എന്തുണ്ടായേ പറയൂ "

വൈദ്യരുടെ ആകാംക്ഷ നിറഞ്ഞ ചോദ്യം കേട്ടതും അവൻ കല്യാണിയുടെ നേർക്ക് നീട്ടി.

"അത് സാരമില്ല വൈദ്യരെ..........ഇപ്പൊ നടക്കുന്ന ചികിത്സ മുടക്കേണ്ട...........അത് അതിന്റെ വഴിക്ക് നടക്കട്ടെ...........ഞങ്ങള് കാത്തിരിക്കാം "

ദേവൻ ഒരു ചിരിയോടെ പറഞ്ഞു.

അതിനു ശേഷം അവിടെയൊരു മൂലയ്ക്ക് പോയിരുന്നു.

കൂടെ കല്യാണിയും.

വൈദ്യർ എന്തൊക്കെയോ സൗകര്യങ്ങൾ അവനു വേണ്ടിയിരുക്കി.

ഇരിക്കാൻ കസേര,കുടിക്കാൻ വെള്ളം,അല്ലേൽ ചായ.

ഇത്തരം ഓഫറുകൾ അവൻ സ്നേഹപൂർവം നിരസിച്ചു.

നിലവിലുള്ള രോഗിയെ ചികിൽസിച്ച ശേഷം വൈദ്യർ കല്യാണിയെ പരിശോധിച്ചു തുടങ്ങി.

മരുന്നൊക്കെ സമയത്ത് കഴിച്ചോയെന്ന് അദ്ദേഹം ചോദിച്ചറിഞ്ഞു.

അവളുടെ കൈ വിരൽ ഒന്നു കൂടി പരിശോധിച്ച ശേഷം അദ്ദേഹം ആ വിരലിനെ സ്വതന്ത്രമാക്കി.

അതിനു ചുറ്റിയിരുന്ന കെട്ടുകളും മറ്റും വൈദ്യർ പയ്യെ അഴിച്ചു മാറ്റി.

വിരലിലുള്ള കെട്ടുപാടുകൾ അഴിഞ്ഞു വീണതും ആശ്വാസത്തോടെ കല്യാണി നെടുവീർപ്പെട്ടു.

അവൾ തിരിച്ചും മറിച്ചും തന്റെ വിരലുകൾ സസൂക്ഷ്മം നോക്കി.

പയ്യെ അവ അനക്കി നോക്കി.

ദേവൻ പതിയെ മുന്നോട്ട് വന്ന് അവളുടെ വിരലുകളിൽ പതിയെ തലോടി.

"വേദനയുണ്ടോ ഇപ്പൊ?"

അവന്റെ ചോദ്യം കേട്ടതും കല്യാണി ചെറു പുഞ്ചിരിയോടെ നിഷേധാർത്ഥത്തിൽ തലയാട്ടി.

ഒരു കുഞ്ഞിനെ പോലെ തന്നെ പരിചരിക്കുന്ന ദേവന്റെ സ്നേഹം അവൾ ആ തലോടലിലൂടെ തിരിച്ചറിഞ്ഞു.

തെല്ലൊരു നിമിഷം അവന്റെ സ്നേഹത്തിനായി കല്യാണി കാംക്ഷിച്ചു.

തന്റെയുള്ളിൽ പൊട്ടി മുളയ്ക്കുന്ന പ്രേമം എന്ന വികാരത്തെ അവൾ ഞെട്ടലോടെ തിരിച്ചറിഞ്ഞു.

അതിനെ സമർത്ഥമായി മറച്ചു പിടിച്ചുകൊണ്ട് അവനു നേരെ മിഴിക്കോണുകളെറിഞ്ഞു.

ദേവൻ അവളെ പാളി നോക്കിയതും കല്യാണി പെട്ടെന്ന് നോട്ടം മാറ്റി.

അവർ കണ്ണുകൾ കൊണ്ട് കഥ പറഞ്ഞു.

തമ്മിൽ കൂട്ടിമുട്ടിയ നിമിഷങ്ങളിൽ അവരുടെ മിഴികൾ പരസ്പരം തെന്നി മാറി.

ഇരുവരും തന്റെ പങ്കാളിയുടെ കണ്ണുകളിൽ നോക്കാൻ വെപ്രാളപ്പെടുന്ന പോലെ.

വൈദ്യരുടെ സമയോചിതമായ നിർദേശങ്ങൾ കേട്ട ശേഷം ദേവൻ കല്യാണിയെയും കൊണ്ട് അവിടെ നിന്നുമിറങ്ങി.

തിരിച്ചു പോയത് വളരെ സാവധാനത്തിലായിരുന്നു.

അത്രയും പതുക്കെ ആയിരുന്നു ദേവൻ ബുള്ളറ്റ് ഓടിച്ചിരുന്നത്.

കല്യാണിയുടെ കൂടെയുള്ള അനുനിമിഷങ്ങൾ ആവോളം ആസ്വദിക്കുക അതായിരുന്നു അവന്റെ ഉദ്ദേശം.

"കല്യാണി"

"എന്താ ദേവേട്ടാ?"

"എന്താ എന്നെ വിളിച്ചേ? ഒന്നുകൂടി ഞാൻ കേൾക്കട്ടെ "

ദേവൻ അത്ഭുതപരതന്ത്രനായി.

കേട്ടത് വിശ്വസിക്കാനാവത്തെ അവൻ ഒന്നൂടി തന്റെ കാതുകളിൽ കൂർപ്പിച്ചു.

"എന്താ ദേവേട്ടാ"

കല്യാണിയുടെ മധുരമായ ശബ്ദം അവന്റെ കർണങ്ങളെ വല്ലാതെ ആനന്ദിപ്പിച്ചു.

മറ്റൊരു തരത്തിൽ പറഞ്ഞാൽ അടിവയറ്റിൽ മഞ്ഞു പെയ്യുന്ന സുഖം പോലെ.

ഈയൊരു വിളി കേൾക്കാൻ ഒരുപാടായി അവൻ കാത്തിരിക്കുന്നു.

അതു കേട്ടപ്പോൾ ലോകം കീഴടക്കിയ പ്രതീതി ആയിരുന്നു അവന്.

എന്റെ പെണ്ണിന്റെ ഈയൊരു വിളിക്കല്ലേ താൻ ഇത്രയും നാൾ ക്ഷമയോടെ കാത്തിരുന്നത്.

അവസാനം അതു കേട്ടപ്പോൾ ആ മധുര ശബ്ദം നുകർന്നപ്പോൾ മനസ് നിറഞ്ഞു.

ഇനി പതിയെ അവളെ തന്റെ പ്രണയം പറഞ്ഞു മനസിലാക്കിപ്പിക്കണം.

അതു തന്റെ ദൗത്യമാണ്.

വളരെ ദുർഘടം പിടിച്ച ദൗത്യം.

തന്റെ സ്നേഹത്തിന്റെ ആഴം അവൾ തിരിച്ചറിയണം.

നല്ലൊരു അവസരത്തിനായി താൻ കാത്തിരിക്കുന്നു

ദേവന്റെ മനസിലൂടെ പലവിധ ചിന്തകൾ കടന്നു പോയി.

അങ്ങനെ ചിന്തിച്ചു ചിന്തിച്ചു അവസാനം അതേ പാടവരമ്പത്ത് അവർ എത്തിച്ചേർന്നു.

ഇത്തവണ ബുള്ളറ്റിൽ നിന്നിറങ്ങുമ്പോൾ കല്യാണിക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നില്ല.

ബുള്ളറ്റ് അവിടെ തണൽ നോക്കി ഒതുക്കി വച്ചുകൊണ്ട് ദേവൻ അവൾക്കൊപ്പം വരമ്പിലൂടെ നടന്നു.

വേഗം വീട്ടില് എത്തി ചേരാനുള്ള വ്യഗ്രതയായിരുന്നു കല്യാണിക്ക്.

അതുകൊണ്ട് തന്നെ മറ്റൊന്നും ചിന്തിക്കാതെ ധൃതിയിൽ അവൾ നടന്നുകൊണ്ടിരുന്നു.

അങ്ങനെ നടക്കവേ ദേവൻ അവളെ നീട്ടിയൊന്ന് വിളിച്ചു.

ആ വിളി കേട്ട മാത്രയിൽ അവൾ നടത്തം തുടരവേ വെട്ടി തിരിഞ്ഞു നോക്കി.

അങ്ങനെ തിരിയവേ അവൾ ചവിട്ടിയിരുന്ന വരമ്പിന്റെ അരികിലെ മണ്ണിടിഞ്ഞു.

കാൽക്കീഴിൽ മണ്ണ് നഷ്ടപ്പെട്ടതും അവൾ ബാലൻസ് നഷ്ട്ടപ്പെട്ട് വീഴുവാൻ തുടങ്ങി.

അപ്പോഴേക്കും ദേവൻ അവളുടെ അരക്കെട്ടിലൂടെ കയ്യിട്ട് താങ്ങിയിരുന്നു.

അവളെ സുരക്ഷിതമായി പിടിച്ചുവെന്ന് ഉറപ്പിച്ച ശേഷം അവൻ കല്യാണിയെ തന്റെ നെഞ്ചിലേക്ക് വലിച്ചിട്ടു.

അവന്റെ ദൃഢമായ മാറിൽ അവൾ പറ്റി ചേർന്നു കിടന്നു.

അരക്കെട്ടിലെ അവന്റെ പിടുത്തം അവളെ തരളിതയാക്കി.

അധരങ്ങൾ വിറ കൊണ്ടു.

എങ്കിലും അവനിൽ നിന്നും കുതറി മാറാൻ വൃഥാ ശ്രമിച്ചു.

പക്ഷെ ദേവൻ അപ്പോഴേക്കും പിടുത്തം മുറുക്കിക്കൊണ്ട് അവളുടെ വിയർപ്പ് പൊടിഞ്ഞ നെറ്റിത്തടത്തിൽ പതിയെ ചുംബിച്ചു.

അതു കിട്ടിയതും കല്യാണി ഷോക്കടിച്ച പോലെ ഞെട്ടി.

തന്റെ ശരീരത്തിലൂടെ വിദ്യുത് പ്രവാഹം നടന്ന പോലെ അവൾക്ക് തോന്നി.

മേനിയിലെ രോമരാജികൾ ഓരോന്നായി എണീറ്റു നൃത്തം ചെയുന്ന പോലെ.

ദേവനെ നേരിടാൻ അവൾ നന്നേ ബുദ്ധിമുട്ടി.

നാണം കൊണ്ട് അവളുടെ കവിളുകൾ അരുണാഭമായി.

ഇതു തന്നെ യഥാർത്ഥ നേരം എന്ന് മനസിലാക്കിയ ദേവൻ അവളുടെ പൂച്ചക്കണ്ണുകളിൽ നോക്കിക്കൊണ്ട് മൊഴിഞ്ഞു.

"കല്യാണി എനിക്ക് ഒത്തിരി ഇഷ്ട്ടാണ് നിന്നെ...........ഞാൻ നിന്നെ പ്രേമിക്കുന്നു"

ആർദ്രമായി അവളുടെ കാതിൽ ആ സ്വരങ്ങൾ പതിഞ്ഞതും അവളിൽ ഒരു കൊള്ളിയാൻ മിന്നി.

അപ്പോഴവളെ കീഴ്പ്പെടുത്തിയ മാനസികാവസ്ഥ എന്തായിരുന്നുവെന്ന് കല്യാണിക്ക് പോലും നിശ്ചയമില്ലായിരുന്നു.

ഒരുപാട് നാളായി കേൾക്കാൻ കൊതിച്ച വാക്കുകൾ പെട്ടെന്നു കേട്ടതിന്റെ നടുക്കത്തിലായിരുന്നു അവൾ.

ആവിശ്വസനീയമാം വണ്ണം അവളുടെ പൂച്ചക്കണ്ണുകൾ ചുരുങ്ങുകയും വികസിക്കുകയും ചെയ്തു.

ബാർബീ ഡോൾ പോലെ കിന്നാരം പൊത്തി കളിക്കുന്ന അവളുടെ കണ്ണുകളിൽ ചുംബിക്കുവാൻ ദേവന്റെ മനസ് വെമ്പി.

പതിയെ സംയമനം വീണ്ടെടുത്ത അവൾ ദേവനെ തള്ളി മാറ്റിക്കൊണ്ട് തന്റെ കുടിലിലേക്ക് ഓടി.

തിരിഞ്ഞു നോക്കാതെയുള്ള അവളുടെ പോക്ക് അവനെ തെല്ലൊന്നു വിഷമിപ്പിച്ചു.

എങ്കിലും പെട്ടെന്ന് തന്റെ പ്രണയാഭ്യർത്ഥന കേട്ടതിന്റെ നടുക്കം ആയിരിക്കും അവൾക്കെന്ന് അവനുറപ്പായിരുന്നു.

പതിയെ ചിരിച്ചുകൊണ്ട് അവൻ ബുള്ളറ്റിനു സമീപത്തേക്ക് നടന്നു വന്നു.

അതിനു ശേഷം ബുള്ളറ്റ് ഒന്നു കറക്കിയെടുത്ത് അവൻ മന ലക്ഷ്യമാക്കി ഓടിച്ചു.

ഒരു സ്വപ്ന സഞ്ചാരിയെ പോലെ.

അപ്പോഴും മനസ് ഒന്നു മാത്രം മന്ത്രിച്ചു കൊണ്ടിരുന്നു.
.
.
"കല്യാണി... കല്യാണി... കല്യാണി..."
.
.
.
.

വായിച്ചു കഴിഞ്ഞതും അനന്തു ഡയറി പതുക്കെ അടച്ചു വച്ചു.

അതിനു ശേഷം അഞ്ജലിയെ തിരിഞ്ഞു നോക്കി.

അവൾ മിഴികളടച്ചു പിടിച്ചു കഥ കേൾക്കുകയായിരുന്നു.

അനന്തുവിൽ നിന്നും അനക്കങ്ങളൊന്നും കേൾക്കാതായതോടെ അവൾ വിമ്മിഷ്ടത്തോടെ കണ്ണുകൾ വലിച്ചു തുറന്നു.

കഥ കേൾക്കുന്നതിന് ഭംഗം വന്ന നിരാശയോടെ
കണ്ണുകൾ തുറന്നു നോക്കിയതും അഞ്ജലി കാണുന്നത് തന്നെ നോക്കി പുഞ്ചിരി തൂകുന്ന അനന്തുവിനെയാണ്.

"എന്തുപറ്റി നന്ദുവേട്ടാ?എന്തിനാ നിർത്തി കളഞ്ഞേ?"

അവൾ ഉദ്വേഗത്തോടെ ചോദിച്ചു.

"പതിവ് പോലെ തന്നെ പെണ്ണേ..........ശ്വാസം മുട്ടൽ തുടങ്ങി............ആകെയൊരു വീർപ്പുമുട്ടൽ പോലെ"

"അപ്പൊ തല്ക്കാലത്തേക്ക് ഇവിടെ വരെ നന്ദുവേട്ടൻ വായിച്ചാൽ മതിയെന്ന് ഏതോ ഒരു അജ്ഞാത ശക്തി തീരുമാനിച്ചിരിക്കണം"

"അതാരാ?"

അനന്തു ഒന്നും മനസിലാകാതെ അവളെ തുറിച്ചു നോക്കി.

"ദേവൻ അമ്മാവൻ തന്നെ അല്ലാതാരാ?"

അഞ്ജലിയുടെ മറുപടി കേട്ടതും അനന്തു ഒന്നു നെടുവീർപ്പെട്ടു.

"ശോ നല്ല രസത്തിൽ കേട്ടു വരികയായിരുന്നു.............ഇനി എന്തു സംഭവിച്ചുവെന്നറിയാതെ ഒരു സമാധാനമില്ല"

അഞ്ജലി പറഞ്ഞത് കേട്ടതും അനന്തുവിനും അത് ശരിയാണെന്ന് തോന്നി.

വല്ലാതെ ഇഴുകി ചേർന്നു പോയി അവരുടെ പ്രണയകഥയിൽ എന്തിനെന്നറിയാതെ.

ഡയറി നെഞ്ചോട് ചേർത്ത് വച്ചു അവൻ കണ്ണുകളടച്ചു കിടന്നു.

മനസ് ആകെ അസ്വസ്ഥമായ പോലെ.

എന്തിനായിരിക്കും കല്യാണി ദേവൻ അമ്മാവനിൽ നിന്നും ഓടിപ്പോയത്?

ചിന്തകൾ മനസിനെ മഥിച്ചുകൊണ്ടിരിക്കുന്നു.

നെഞ്ചിൽ എന്തോ സ്പർശനം തിരിച്ചറിഞ്ഞതും അനന്തു കണ്ണു തുറന്നു നോക്കി.

അഞ്ജലി അവന്റെ നെഞ്ചിൽ വിരലുകൊണ്ട് കിള്ളിക്കൊണ്ടിരിക്കുവാണ്.

മിഴികളിൽ ഒളിപ്പിച്ചു വച്ചിരിക്കുന്ന കുസൃതിത്തരം കണ്ടപ്പോഴേ അവന് ചിരിപ്പൊട്ടി.

അഞ്ജ്‌ലിക്ക് തന്നോടെന്തോ പറയാനുണ്ടെന്ന്.

"എന്താണ് മാഡം വേണ്ടത് പറയ് "

അനന്തു അവളോടായി പറഞ്ഞു.

"അത് നന്ദുവേട്ടാ എന്നെ കുളപ്പടവിൽ കൊണ്ടു പോകുവോ?"

അഞ്ജലിയുടെ ആവശ്യം അവന് ഒരിക്കലും നിരാകരിക്കാൻ കഴിയുമായിരുന്നില്ല.

അവൻ സമ്മതമെന്ന മട്ടിൽ തലയാട്ടിയതും അഞ്ജലിയുടെ നനുത്ത അധരങ്ങൾ അവന്റെ കവിളിൽ പതിഞ്ഞതും ഒരുമിച്ചായിരുന്നു.

പെണ്ണിന്റെ സ്നേഹ ചുംബനം കിട്ടിയതിന്റെ ഹാങ്ങോവറിൽ അനന്തു അഞ്ജലിയെയും കൊണ്ട് കുളക്കരയിലേക്ക് പോയി.

കഴിഞ്ഞ ദിവസം വെള്ളം തേകിയതിനാൽ കുളം കണ്ണാടി പോലെ തിളങ്ങുന്നുണ്ട്.

പടവിൽ അനന്തുവിന്റെ മടിയിൽ ഇരിക്കുകയായിരുന്നു അഞ്ജലി.

ആള് കാര്യമായിട്ട് എന്തോ ചിന്തയിലാണെന്ന് മുഖഭാവം കണ്ടപ്പോഴേ അനന്തുവിന് മനസിലായി.

പക്ഷെ അവളായിട്ട് തന്നെ അത് മുൻകൈയെടുത്തു പറയട്ടെയെന്ന് അവനും കരുതി.

പടവിന്റെ ഒരറ്റത്തു ഒരു പെൺകുട്ടി തന്റെ തുണികൾ നനച്ചിടുന്ന തിരക്കിൽ ആയിരുന്നു.

അവിടേക്ക് വന്ന അഞ്ജലിയെയും അനന്തുവിനെയും അവൾ ശ്രദ്ധിച്ചതേയില്ല.

ഒരു ബ്ലൗസും നേര്യതും ആയിരുന്നു അവളുടെ വേഷം.

"ആരാ അഞ്ജലി ഇതു"

അനന്തുവിന്റെ ചോദ്യം കേട്ടതും അവൾ തലപൊന്തിച്ചു നോക്കി.

"സീത അമ്മായിടെ റിലേറ്റീവ് ആണ്.............മീനാക്ഷി ചേച്ചീടെ കൂട്ടുകാരിയാ"

"ആണോ ഞാനിതുവരെ കണ്ടിട്ടില്ല"

"ഷ്മ് കാണാതിരിക്കുന്നതാ നല്ലത്...............ഒടുക്കത്തെ ജാടയാ കെട്ടിലമ്മയാന്നാ വിചാരം"

അഞ്ജലി അവളെ ഒന്നു പുച്ഛിച്ചു.

അനന്തു ആ പെൺകുട്ടിയെ ഒന്നുകൂടി നോക്കി.

അവൾ തന്റെ ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്.

"അതേയ് നന്ദുവേട്ടാ"

"എന്താ അഞ്ജലിക്കുട്ടി?"

"ഞാനൊരു ആഗ്രഹം പറഞ്ഞാൽ സാധിച്ചു തരുവോ?"

"എന്ത് ആഗ്രഹം?"

അനന്തു അവളെ പുരികം കൂർപ്പിച്ചു നോക്കി.

"അത് എനിക്ക്....എനിക്ക്....."

അഞ്ജലി മടിച്ചു മടിച്ചു പറഞ്ഞു തുടങ്ങി.

"പറ അഞ്ജ്ജലിക്കുട്ടി "

അനന്തു അവളെ പ്രോത്സാഹിപ്പിച്ചു.

"ആ വശീകരണ മന്ത്രത്തിന്റെ ഡെമോ കാണിക്കുമോ?"

"ഡെമോയോ "

അനന്തു അവളെ കണ്ണു മിഴിച്ചു നോക്കി.

"അതേ നന്ദുവേട്ടാ...........എനിക്ക് ആ മന്ത്രം എങ്ങനാ ഉപയോഗിക്കുന്നതെന്ന് കാണിച്ചു തരുമോ പ്ലീസ്"

അഞ്ജലി അവനെ വിടാതെ പിടിച്ചു അപേക്ഷിച്ചു.

അവളുടെ കൗതുകം ഓരോ നിമ്മിഷവും കൂടിക്കൊണ്ടിരുന്നു.

പക്ഷെ എന്ത് പറയണമെന്നറിയാതെ അനന്തു കുഴങ്ങി.

ഇതുവരെ ഒരു കാര്യത്തിനും അവളോട് പറ്റില്ലെന്ന് പറഞ്ഞിട്ടില്ല.

അവളുടെ ഏത് ആഗ്രഹവും സാധിച്ചു കൊടുത്തിട്ടേയുള്ളൂ.

പക്ഷെ ഇതു കുറച്ചു കടന്ന കൈ ആയിപ്പോയില്ലേ?

അനന്തുവിന്റെ ചിന്തകൾ കാട് കടന്നു.

അവൻ നിസ്സഹായതയോടെ അവളെ നോക്കി.

"സാരമില്ല നന്ദുവേട്ടാ............ഈ പൊട്ടിപെണ്ണ് എന്തൊക്കെയോ ആഗ്രഹിച്ചു പോയി............. അല്ലേലും എന്നെ പോലെ വയ്യാത്തവരുടെ ആഗ്രഹങ്ങൾ ഒരിക്കലും നടക്കില്ലല്ലോ............അത് വെറും ആഗ്രഹങ്ങളായി തന്നെ അവശേഷിക്കും"

അവസാനം ഒരു ഇമോഷണൽ ബ്ലാക്ക്മെയിലിങ് ആയിരുന്നു അവളുടെ ലക്ഷ്യം.

അനന്തുവിനെ അവൾ ഒളിക്കണ്ണിട്ടു നോക്കി.

ഈ ഒരു പ്ലാനിലെങ്കിലും അവൻ വീഴുമെന്ന് അവൾക്ക് അവസാന പ്രതീക്ഷയുണ്ടായിരുന്നു.

അനന്തു ഒന്നും മിണ്ടാതെ കുളത്തിലേക്ക് കണ്ണും നട്ടിരിക്കുകയിരുന്നു.

അഞ്ജലി പറഞ്ഞ കാര്യങ്ങളോർത്തുകൊണ്ട്.

"ശരി സമ്മതിച്ചു ഞാൻ കാണിച്ചു തരാം"

അനന്തു ഗത്യന്തരമില്ലാതെ സമ്മതം മൂളി.

ആളുടെ സമ്മതം കിട്ടിയതും അഞ്ജലി ഒന്നു ഉഷാറായി.

അവൾ അവന്റെ മടിയിൽ ഞെളിഞ്ഞിരുന്നു.

"നന്ദുവേട്ടാ മീനാക്ഷി ചേച്ചീടെ കൂട്ടുകാരിയെ വളച്ചു കാണിക്ക്...........അപ്പൊ ഞാൻ വിശ്വസിക്കാം"

"അയ്യോ അതൊന്നും പറ്റില്ല.............വല്ല പ്രശ്നം ആയാലോ?"

അനന്തു വെപ്രാളത്തോടെ പറഞ്ഞു.

"എന്റെ നന്ദുവേട്ടാ ഈ ചേച്ചി മറ്റേതാ"

"മറ്റേതോ?"

അനന്തു ഒന്നും മനസിലാവാതെ അവളെ തുറിച്ചു നോക്കി.

"ആന്നേ മറ്റേതെന്നു പറഞ്ഞാൽ ലെസ്ബിയൻ........ദത് തന്നെ"

അഞ്ജലി എന്തോ വലിയ കാര്യം കണ്ടു പിടിച്ച പോലെ പറഞ്ഞു.

"ചുമ്മാ അവളെ കുറിച്ച് അനാവശ്യം പറയാതെ?നിനക്കിതൊക്കെ എങ്ങനറിയാം?"

അനന്തു അതിശയത്തോടെ ചോദിച്ചു.

"അത് പണ്ട് അവർ രഹസ്യം പറയുന്നത് കേട്ടതാ നന്ദുവേട്ടാ...............ഈ ചേച്ചി ഒരാണിനെ പോലും അടുപ്പിക്കില്ല............മുഖത്തു പോലും നോക്കുല............നമുക്ക് മന്ത്രം ഈ ചേച്ചിയിൽ പ്രയോഗിക്കാം.............. എങ്കിലേ എനിക്കിതിന്റെ ആധികാരികത വിശ്വസിക്കാൻ പറ്റൂ"

അഞ്ജലിയുടെ തത്വം പറച്ചിൽ കേട്ട് അനന്തു ആ നിമിഷം ഞെട്ടി.

ഏതായാലും ഇതിൽ നിന്നും അവളിനി പിന്നോട്ടില്ല.

ഒരു കൈ നോക്കുക തന്നെ.

അവൻ ആത്മഗതം പറഞ്ഞു.

അതിനു ശേഷം ആ പെണ്ണിനെ സസൂക്ഷ്മമം നോക്കി.

അവൾ കാര്യമായ തുണി നനയ്ക്കലിൽ ആണ്.

"അഞ്ജലി നീയാ പെണ്ണിനെ വിളിക്കണം.......... കുറച്ചു സെക്കന്റ് അവളുടെ കണ്ണുകൾ എന്റെ കണ്ണിലായിരിക്കുന്ന രീതിയിൽ എന്തേലും ചെയ്യണം കേട്ടോ"

"ഡൺ നന്ദുവേട്ടാ "

അഞ്ജലി തമ്പ്സപ് ഉയർത്തി കാട്ടി.

അനന്തു തലയാട്ടിയതും അഞ്ജലി ആ പെണ്ണിന് നേരെ തിരിഞ്ഞു.

ഈ സമയം അനന്തുവിന്റെ മനസിൽ അപൂർവമായ ത്രലോക്യ വശീകരണ മന്ത്രം ഉടലെടുത്തു.

"രമ്യ ചേച്ചി"

അഞ്ജലിയുടെ വിളി കേട്ട് തുണി നനയ്ക്കലിനിടെ രമ്യ തലയുയർത്തി നോക്കി.

കനപ്പിച്ചെഴുതിയ കരിമഷിക്കണ്ണുകൾക്ക് വല്ലാത്തൊരു ഭംഗിയായിരുന്നു.

മേൽചുണ്ടിൽ പൊടിഞ്ഞ വിയർപ്പ് കണങ്ങൾ ചെയ്യുന്ന ജോലി ഭാരം തുറന്നു കാട്ടുന്നു.

തടിച്ച കീഴ്ച്ചുണ്ട് ഒറ്റ നോട്ടത്തിൽ ആരെയും മോഹിപ്പിക്കുന്നതായിരുന്നു.

നേർത്ത സ്വർണ മാല വെണ്ണക്കൽ കഴുത്തിൽ അങ്ങനെ ചുറ്റി പിണഞ്ഞു കിടക്കുന്നു.

മാറിടങ്ങളുടെ കനത്ത ഭാരം ബ്ലൗസിനു പുറത്തുള്ള മുഴുപ്പിലൂടെ ആർക്കും മനസിലാക്കാൻ പോന്നതായിരുന്നു.

ഒറ്റമുണ്ട് പൊക്കിളിനു മുകളിൽ ഉടുത്തതിനാൽ അണിവയറിന്റെ നേർത്ത ദർശനം മാത്രം.

കണങ്കാലിലെ സ്വർണ പാദസരത്തിൽ ചുംബിച്ചിറങ്ങി സയൂജ്യ മടങ്ങി പോകുന്ന ഓളങ്ങളുടെ കാഴ്ച്ച അതി മനോഹരം.

ആകെ കൂടെ ഒരു കൊച്ചു സുന്ദരി തന്നെയാണ് രമ്യ.

"എന്താ അഞ്ജലിക്കുട്ടി "

രമ്യ മറുപടി പറഞ്ഞു.

"ചേച്ചി ഇതെന്റെ മുറ ചെറുക്കനാ.............നന്ദുവേട്ടൻ"

അനന്തുവിനെ തൊട്ടു കാണിച്ചു കൊണ്ട് അഞ്ജലി അഭിമാനത്തോടെ പറഞ്ഞു.

അഞ്ജലി പറയുന്നത് കേട്ട് രമ്യയുടെ കണ്ണുകൾ അനന്തുവിലേക്ക് നീണ്ടു.

അതു മാത്രം മതിയായിരുന്നു അവന്.

തന്റെ കൃഷ്ണമണികളുമായി രമ്യയുടെ മിഴികൾ കോർത്തതും അനന്തു
പൊടുന്നനെ മനസിൽ തൃലോക്യ വശീകരണ മന്ത്രം മൊഴിഞ്ഞു.

"ഓം ക്ലീം ജനകെ സ്വാഹാ"

ഒരൊറ്റ തവണ മനസിൽ മന്ത്രം ഉരുവിട്ടതും അനന്തു കണ്ണുകൾ ചിമ്മി തുറന്നു.

അഞ്ജലി അപ്പോഴും രമ്യയുമായി കത്തിയടി ആയിരുന്നു.

അനന്തുവിന്റെ മുഖത്തു വന്ന മാറ്റം ശ്രദ്ധിച്ചതും രമ്യയുമായുള്ള വർത്തമാനം നിർത്തിക്കൊണ്ട് അഞ്ജലി എന്തായെന്ന അർത്ഥത്തിൽ അവനെ നോക്കി.

അവൻ തലയാട്ടിയതും അവൾ ഉത്സാഹത്തോടെ അനന്തുവിനെ ചുറ്റി പിടിച്ചു.

"ഇനി എന്താ ചെയ്യണ്ടേ നന്ദുവേട്ടാ?"

അഞ്ജലിയുടെ വാക്കുകളിൽ ആവേശം നിറഞ്ഞിരുന്നു.

"വെയിറ്റ് ആൻഡ് സീ "

രമ്യയെ ചൂണ്ടി കാണിച്ചുകൊണ്ട് അനന്തു പറഞ്ഞു.

അഞ്ജലി രമ്യയെ കണ്ണും നട്ടിരുന്നു.

അവളുടെ ആവേശം കണ്ട് അവന് പൊട്ടിച്ചിരിക്കാൻ തോന്നി.

പൊടുന്നനെ അവിടമാകെ ഒരു സൗരഭ്യം നിറഞ്ഞു.

അനന്തു ഞെട്ടിപ്പോയി.

അതേ ഗന്ധം.

ദിവസങ്ങൾക്കു മുന്നേ അച്ഛച്ചന്റെ മുറിയിൽ നിന്നും കിട്ടിയ ട്രങ്ക് പെട്ടിയിലെ താളിയോലയുടെ അതേ മണം.

എന്തൊരു അത്ഭുതമാണിത്.

ആവിശ്വസനീയം.

അനന്തു കണ്ണു മിഴിച്ചു ചുറ്റും നോക്കി.

രമ്യയുടെ കരിമഷി കണ്ണുകൾ ഇടക്കിടക്ക് തന്നിലേക്ക് നീളുന്ന പോലെ.

അനന്തു തന്നെയാണ് അത് കണ്ടു പിടിച്ചത്.

തുണി നനയ്ക്കുന്നതിനു പോലും ഒരു ലാസ്യ ഭാവം കൈവരിച്ചിരിക്കുന്നു.

ചുണ്ടിൽ ഒരു മൂളി പാട്ടോടെ താളത്തിൽ അവൾ തുണി നനയ്ക്കുന്നു.

മിഴിക്കോണുകളിൽ നിന്നും കുസൃതി ഒളിപ്പിച്ച നോട്ടം തന്നിലേക്ക് നീളുന്നത് നിസ്സഹായതയോടെ അനന്തു തിരിച്ചറിഞ്ഞു.

കഴുകിക്കൊണ്ടിരുന്ന തുണി അലക്കി പിഴിഞ്ഞ ശേഷം രമ്യ പതുക്കെ തന്റെ ബ്ലൗസിന്റെ ഹൂക്കുകൾ ഓരോന്നായി അഴിച്ചു തുടങ്ങി.

അവ ഓരോന്നായി അഴിയ്ക്കുന്ന നേരം അവളുടെ നിതബത്തിന് മാത്രമായുള്ള ഒരു താള ചലനം അനന്തുവും അഞ്ജലിയും ഒരുപോലെ ശ്രദ്ധിച്ചിരുന്നു.

ഹൂക്കുകൾ മൊത്തമായി ഊരി മാറ്റിയതും ചുവന്ന ബ്രായിൽ പൊതിഞ്ഞ അവളുടെ മുഴുത്ത മാർക്കുടങ്ങൾ അവിടെ അനാവൃതമായി.

അനന്തുവിന് നേരെ കടക്കണ്ണേറിഞ്ഞു കൊണ്ട് അവൾ ചുവന്ന ബ്രായുടെ കൊളുത്ത് അപ്രതീക്ഷിതമായി ഊരി.

ബന്ധനത്തിൽ നിന്നും മോചനം ലഭിച്ച ആ മുഴുത്ത ഗോളങ്ങൾ ഇന്നാ പിടിച്ചോ എന്ന മട്ടിൽ തുളുമ്പി നിന്നു.

വെള്ളം നിറച്ച വാട്ടർ ബലൂൺ പോലെ അവ താഴേക്ക് തൂങ്ങി നിൽക്കുന്നു.

അതിന്റെ അറ്റത്തു കല്ലിച്ചു നിൽക്കുന്ന അവളുടെ പിങ്ക് നിറമുള്ള ഞെട്ടുകൾ.

ഓർക്കപ്പുറത്തു ഈ കാഴ്ച കണ്ട് അഞ്ജലിയുടെ രണ്ടു കണ്ണുകളും മിഴിച്ചു പുറത്തേക്ക് തള്ളി വന്നു.

അവൾക്ക് വല്ലാത്ത ചമ്മലായിപ്പോയി.

ആ ഇളനീർകുടങ്ങളുടെ മുഴുപ്പ് കണ്ട് അഞ്ജലി വാ പൊളിച്ചിരുന്നു.

അനന്തു ഉള്ളിൽ ചിരിച്ചു കൊണ്ട് അവളുടെ വായ് പൊത്തി പിടിച്ചു.

അപ്പോഴാണ് അവൾക്ക് സ്വബോധം വരുന്നത്.

അനന്തുവിനെ നോക്കിയ ശേഷം അവൾ കഷ്ടപ്പെട്ട് ഉമിനീരിറക്കി.

അപ്പോഴാണ് അനന്തുവിന്റെ കാര്യം അവൾക്ക് ഓർമ വന്നത്.

അഞ്ജലി പെട്ടെന്ന് തന്നെ അവന്റെ കണ്ണുകൾ പൊത്തി പിടിച്ചു.

"ശോ അഞ്ജലി ഇതെന്തുവാ കാണിക്കുന്നേ..........എനിക്ക് കണ്ണു കാണുന്നില്ല"

അനന്തു അവളുടെ കൈ പിടിച്ചു മാറ്റാൻ നോക്കി.

"അയ്യടാ നന്ദുവേട്ടൻ ഓസിന് സീൻ പിടിക്കുവാണല്ലേ?"

അഞ്ജലി കെറുവോടെ അനന്തുവിന്റെ ഇരു കണ്ണുകളും അമർത്തി പിടിച്ചു.

"എണീറ്റു പോ നന്ദുവേട്ടാ..........."

അഞ്ജലി കാറികൂവി.

"എങ്ങോട്ട്?"

"നേരെ പോ"

"കുളത്തിലേക്കോ?"

"അല്ല കോത്താഴത്തിലേക്ക്...........ഈ നന്ദുവേട്ടന്റെ കാര്യം"

"എടീ പോത്തേ എനിക്ക് കാണുന്നില്ല.......കൈ മാറ്റ് "

"അത് സാരമില്ല നന്ദുവേട്ടാ...........തെക്കോട്ടു പോ"

"എന്തിന് എന്നെ കുഴിയിൽ കിടത്താനോ?"

"ഓഹ് അല്ലെന്റെ മനുഷ്യാ..............നേരെ പുറകിലേക്ക് തെക്കോട്ട് പോ"

അഞ്ജലി അവന്റെ ഒക്കത്തിരുന്ന് കുലുങ്ങി.

അനന്തു പരിഭ്രമത്തോടെ പടികൾ ഓരോന്നായി കയറി തുടങ്ങി.

അഞ്ജലി കണ്ണുകൾ മുറുകെ പിടിച്ചതിനാൽ ആകെ മൊത്തം ഇരുട്ടായിരുന്നു അനന്തുവിന്.

അവരുടെ പരക്കം പാച്ചിൽ കണ്ട് രമ്യക്ക് പോലും ചിരിപൊട്ടി.

എങ്കിലും അവളുടെ കണ്ണുകൾ അനന്തുവിൽ തന്നെയായിരുന്നു.

അഞ്ജലിയെയും കൊണ്ട് എങ്ങനൊക്കെയോ അവൻ മനയുടെ മുറ്റത്തെത്തി.

അപ്പോഴേക്കും അമ്പലത്തിൽ പോയവർ തിരികെ എത്തി ചേർന്നിട്ടുണ്ടായിരുന്നു.

അഞ്ജലിയെ മുറിയിൽ കൊണ്ടു ചെന്നാക്കിയ ശേഷം അനന്തു നേരെ സ്വന്തം മുറിയിലേക്ക് പോയി ഒന്നു കുളിച്ചു.

ഒരു ജീൻസും കറുത്ത കുർത്തയും അണിഞ്ഞുകൊണ്ട് അവൻ ബുള്ളറ്റിന്റെ താക്കോലും കയ്യിൽ കറക്കി ക്കൊണ്ട് ഇറങ്ങി വന്നു.

അപ്പോൾ ശങ്കരനും ബാലരാമനും യതീന്ദ്രനും പൂമുഖത്ത് ഇരുന്ന് വെടി വർത്തമാനം പറയുകയായിരുന്നു.

അപ്പോഴാണ് അനന്തു അങ്ങോട്ടേക്ക് കടന്നു വന്നത്.

"മോനെ എങ്ങോട്ടാ?"

മുത്തശ്ശൻ അവനെ സ്നേഹത്തോടെ വിളിച്ചു.

"ഞാൻ ഒരു ഫ്രണ്ടിനെ കാണാൻ പോകുവാ മുത്തശ്ശാ"

"ആണോ പോയിട്ട് വാ"

മുത്തശ്ശൻ അവനെ പോകാനായി അനുവദിച്ചു.

"ആനന്തൂ............ "

യതീന്ദ്രൻ അവനെ നീട്ടി വിളിച്ചു.

"എന്താ വല്യച്ഛ?"

"പോയി വന്നിട്ട് നമുക്ക് ഒരു സ്ഥലം വരെ പോകണം............അനന്തുവിന് എന്റെ കൂടെ വരാൻ പറ്റുമോ?"

'അതിനെന്താ ഞാൻ കൊണ്ടു പോകാലോ "

അനന്തു സന്തോഷത്തോടെ തലയാട്ടി.

"ഷ്മ് ശരി ഇപ്പൊ പോയിട്ട് വാ"

ബാലരാമനെ നോക്കി ചിരിച്ചു കാണിച്ച ശേഷം നിമിഷനേരം കൊണ്ട് ബുള്ളറ്റുമായി അവൻ പടിപ്പുര കടന്നിരുന്നു.

ബുള്ളറ്റ് ദൂരേക്ക് എത്തിയതും യതീന്ദ്രൻ പറഞ്ഞു തുടങ്ങി.

"എന്തൊരു അത്ഭുതമാണല്ലേ?ദേവന്റെ അതേ രൂപം,ഭാവം,ശബ്ദം............ശരിക്കും അവൻ പുനർജനിച്ച പോലെയുണ്ട്"

യതി പറഞ്ഞ കാര്യത്തോട് യോജിക്കുന്ന വിധത്തിൽ എല്ലാരും തലയാട്ടി.

ഈ വയസ്സാംകാലത്ത് ദേവി ഞങ്ങക്ക് തന്ന ഭാഗ്യമാണവൻ എന്റെ ദേവന്റെ വിടവ് നികത്താൻ അവനെ എന്റെ മകളുടെ വയറ്റിൽ ഒരിക്കൽക്കൂടി ജനിപ്പിച്ചില്ലേ അവനെ കണ്ടുകൊണ്ട് എനിക്കും അവൾക്കും സന്തോഷത്തോടെ മരിക്കാം ശങ്കരൻ നെടുവീർപ്പോടെ ചാരു കസേരയിലിരുന്നു
.

.
ഏറെ നേരത്തെ യാത്രയ്ക്ക് ശേഷം അനന്തു അരുണിമയുടെ വീടിനരികെ എത്തി.

ബുള്ളറ്റ് തണലുള്ള ഒരിടത്ത് വച്ച ശേഷം അരുണിമയുടെ വീട്ടിലേക്ക് നടന്നു.

പോകണോ വേണ്ടയോ എന്ന് അവൻ ആയിരം തവണയെങ്കിലും മനസിൽ കണക്ക് കൂട്ടി നോക്കി.

പക്ഷെ കൃത്യമായ ഉത്തരം അവനും ലഭിച്ചില്ല.

കുറച്ചു നേരം അവനവിടെ തന്നെ ചുറ്റി പറ്റി നിന്നു.

അതിനു ശേഷം ആളുകൾ തന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന തിരിച്ചറിവ് വന്നതും നേരെ അവളുടെ വീട് ലക്ഷ്യമാക്കി നടന്നു.

വരുന്നത് നേരിടാം എന്ന ധൈര്യമോടെ.

ചെറിയൊരു കയറ്റം കയറി എത്തിയത് അരുണിമയുടെ വീട്ടിലേക്ക് ആയിരുന്നു.

അവളെ കാണാൻ മനസ് വല്ലാതെ കൊതിക്കുന്നുണ്ടെങ്കിലും അതിലുപരി ചങ്കിലെ പിടപ്പ് കൂടുന്നത് അവൻ അറിഞ്ഞു.

അടഞ്ഞു കിടക്കുന്ന വാതിലിൽ അവൻ തുടരെ കൊട്ടി.

"വരുവാ "

ഉള്ളിൽ നിന്നും ഒരു സ്ത്രീ ശബ്ദം പുറപ്പെട്ടു.

അത് അരുണിമയുടെ അമ്മയാണെന്ന് അനന്തുവിന് മനസിലായി.

വാതിൽ വലിച്ചു തുറന്ന് ആശ പുറത്തേക്ക് തല നീട്ടി.

"ആരിത് അനന്തുമോനോ?കേറിവായോ "

വാതിൽ മുഴുവനായും തുറന്നിട്ട് ആശ അവനെ ഉള്ളിലേക്ക് ക്ഷണിച്ചു.

അനന്തു ചെറു ചിരിയോടെ ഉള്ളിലേക്ക് കയറി വന്നു.

"ഇരിക്ക് മോനെ "

ആശ അവിടെയുള്ള ഒഴിഞ്ഞ കസേരയുടെ നേർക്ക് കൈ ചൂണ്ടി.

അനന്തു അവിടെ പതിയെ അമർന്നിരുന്നു.

"അമ്മേ ഇന്ന് അരുണിമയെയും കൊണ്ട് ചെക്കപ്പിന് പോകേണ്ട ദിവസമാ............ഡോക്ടറിനെ ഞാൻ വിളിച്ചു പറഞ്ഞിട്ടുണ്ട്"

അനന്തു തന്റെ ആഗമനോദ്ദേശം എന്താണെന്നു അവിടെ വെളിപ്പെടുത്തി.

"ആണോ മോനെ?ഞാൻ ആരു മോളെ വിളിക്കാം കേട്ടോ..........മോനിവിടെ ഇരിക്കേ.............. അത് കഴിഞ്ഞ് ചായയിടാം"

ആശ മുന്താണിയുടെ അറ്റം കൊണ്ട് മുഖത്തെ വിയർപ്പൊക്കെ ഒപ്പി.

അതിനുശേഷം നേരെ അടുക്കളയിലേക്ക് പോയി.

അൽപ നേരം കഴിഞ്ഞതും ഈറൻ കൈകളോടെ ഹാളിലേക്ക് അരുണിമ പ്രത്യക്ഷപ്പെട്ടു.

മുടിയൊക്കെ ഉച്ചിയിൽ വട്ടത്തിൽ കെട്ടിവച്ചു വല്ലാത്ത ഒരു കോലത്തിലായിരുന്നു അവൾ.

കണ്ണിലൊക്കെ ക്രോധം എരിയുന്നുണ്ട്.

പതിവ് സ്ഥായി ഭാവമായ ഭദ്രകാളിക്ക് ഒരു മാറ്റവുമില്ല.

അനന്തു അവളുടെ വരവ് കണ്ടതും ആ ഇരുപ്പിൽ നിന്നും ചാടിയെണീറ്റു.

"ഡോ ഇപ്പോഴാണോ താൻ വരുന്നേ?എന്നെയിവിടെ നട തള്ളിയ പോലെ പോയതാ...........പിന്നെ മുങ്ങി നടക്കുവായിരുന്നല്ലേ "

അരുണിമ കലിപ്പിൽ അവനോട് ചോദിച്ചു.

"അയ്യോ ഇല്ല അരുണിമ..........കുറച്ചു തിരക്കിലായിപ്പോയി അതാ വരാൻ പറ്റാത്തിരുന്നേ? പിന്നെ എപ്പോഴും അ വന്നാൽ ഇഷ്ടപ്പെട്ടില്ലെങ്കിലോ എന്ന് വിചാരിച്ചു"

അനന്തു തന്റെ ഭാഗം ന്യായീകരിച്ചു.

"ഹാ ശരിയാ.........എപ്പോഴും വന്നു കേറാൻ ഇതു തന്റെ ഭാര്യ വീടൊന്നുമല്ലല്ലോ............എപ്പോഴും ഈ ബഹുമാനം കാണണം കേട്ടല്ലോ?"

ഒരു താക്കീത് പോലെ അവൾ പറഞ്ഞു.

"ഉവ്വ്"

"ഹാ താൻ ഇവിടിരിക്ക്............ഞാൻ പോയി റെഡിയായിട്ട് വരാം"

"ഇപ്പൊ വേദന കുറവുണ്ടോ?"

അനന്തു ഒരു സുഖാന്വേഷണത്തിന് തുടക്കമിട്ടു.

"ഏ്മ് "

ഒന്നു മൂളിയ ശേഷം അവൾ അകത്തേക്ക് പോയി.

അപ്പോഴാണ് അനന്തുവിന് ശ്വാസം നേരെ വീണത്.

എന്തൊരു കോലമാണോ ആവോ പെണ്ണിന്?

കുളിച്ചിട്ട് കുറെ ദിവസമായിയെന്നു തോന്നുന്നു.

മുഖമൊക്കെ വരണ്ടുണങ്ങി ആ ഐശ്വര്യമൊക്കെ എങ്ങോ പോയ പോലെ.

അസൽ ഭദ്രകാളി.

അനന്തു പതിയെ ചിരിച്ചു.

"താനെന്താടോ തനിയെ ചിരിക്കുന്നേ? ഇനി ഇതിന് അര കിറുക്ക് ആണോ ദൈവമേ?"

അനന്തുവിനെ നോക്കിക്കൊണ്ട് അരുണിമ ഉറക്കെ പറഞ്ഞു.

അപ്പോഴാണ് തനിക്ക് പറ്റിയെ അക്കിടി അവന് മനസിലായത്.

അനന്തു ഒന്നുമില്ലെന്ന മട്ടിൽ ചുമൽ കൂച്ചി.

അരുണിമ തന്റെ അടുത്ത് വന്നു നിന്നത് അവൻ ശ്രദ്ധിച്ചിരുന്നില്ല.

ഏതായാലും അവനെ അധികം മുഷിപ്പിക്കാതെ അവൾ വേഗം തന്നെ കുളിയൊക്കെ കഴിഞ്ഞു ഒരു കറുത്ത ചുരിദാർ അണിഞ്ഞുകൊണ്ട് മുടിയൊക്കെ കൊതിയൊതുക്കി ഹാളിലേക്ക് വന്നു.

ആ സമയം അനന്തു ആശമ്മയുമായി ഭയങ്കര കത്തിയടിയിൽ ആയിരുന്നു.

അത് കണ്ടതും അവളുടെ കണ്ണുകൾ തിളങ്ങി.

"ആഹാ രണ്ടാളും ഭയങ്കര വാർത്തമാനമാണല്ലോ?"

കാതിലെ ജിമിക്കി ഒന്നുകൂടി മുറുക്കിക്കൊണ്ട് അവൾ അങ്ങോട്ട് കടന്നു വന്നു.

കണ്ണൊക്കെ എഴുതി വിടർത്തിയിട്ട മുടിയുമായി അരുണിമ വന്നു നിന്നപ്പോൾ നഷ്ട്ടപ്പെട്ട ഐശ്വര്യം അവൾക്ക് വീണ്ടും തിരിച്ചു കിട്ടിയെന്ന് അവന് തോന്നിപ്പോയി.

ആ മുല്ലപ്പൂ ദന്തങ്ങളെ മറയ്ക്കുന്ന അവളുടെ ചെഞ്ചുണ്ടുകളോട് അവന് പരിഭവം തോന്നി.

ഒന്നു ചിരിക്കാൻ അവ വല്ലാതെ ബുദ്ധിമുട്ടുന്ന പോലെ.

എന്തിനാണ് പെണ്ണെ നീയീ ഗൗരവത്തിന്റെ മൂടുപടം അണിയുന്നത്?

അനന്തുവിന്റെ കണ്ണ് തന്നിലാണെന്ന് അറിഞ്ഞതും പറഞ്ഞറിയിക്കാനാവാത്ത ഒരു അനുഭൂതി ആസ്വദിക്കുകയായിരുന്നു അവൾ.

അനന്തുവിനെ കാണുമ്പോൾ മാത്രം തോന്നുന്ന ഒരു തരം വികാരം തന്നെ മൂടുന്നു.

ഇതിനെയാണോ പ്രണയം എന്ന് പറയുന്നത്?

അവൾ ആശങ്കയിലായി.

എങ്കിലും അവളുടെ അധരങ്ങളിൽ ഒരു കുസൃതി നിറഞ്ഞ പുഞ്ചിരി വിടർന്നു.

അനന്തു തന്റെ ചിരി കണ്ടെന്നു മനസിലായതും അവൾ വീണ്ടും ഗൗരവത്തിന്റെ കുപ്പായം എടുത്തണിഞ്ഞു.

"പോകാം "

അരുണിമ അവനെ നോക്കി.

"ഹ്മ്മ് പോകാം "

ചായ ഗ്ലാസ് ആശമ്മയുടെ കയ്യിൽ കൊടുത്ത് അവൻ എണീറ്റു.

ശേഷം വീടിനു മുറ്റത്തേക്കിറങ്ങി.

അവനെ അനുഗണിച്ചുകൊണ്ട് അരുണിമയും.

ആശ അവർ ഇരുവരെയും യാത്രയാക്കി.

ബുള്ളറ്റ് നിർത്തിയ ഇടത്തേക്ക് അവർ ഒരുമിച്ചു നടന്നു.

പക്ഷെ അവർക്കിടയിൽ മൗനം മാത്രമായിരുന്നു.

അധികം സംസാരങ്ങൾ ഒന്നുമുണ്ടായില്ല.

അനന്തു വേഗം പോയി ബുള്ളറ്റ് സ്റ്റാർട്ട് ചെയ്ത് ആക്സിലറ്ററിൽ രണ്ടു തിരി തിരിച്ചു.

അവൻ അരുണിമയെ തിരിഞ്ഞു നോക്കി.

"നാട്ടുകാരെ മൊത്തം അറിയിക്കണോ?"

ബുള്ളറ്റിന്റെ കാതടപ്പിക്കുന്ന ശബ്ദം കേട്ട് ഗത്യന്തരമില്ലാതെ അവൾ അവനെ തുറിച്ചു നോക്കി.

അപ്പോഴേക്കും അനന്തു പൂച്ചകുട്ടിയെ പോലെ അടങ്ങിയിരുന്നു.

അവൾ പിറകിൽ കയറിയതും അവൻ ബുള്ളറ്റ് മുന്നോട്ടേക്ക് എടുത്തു.

ആശുപത്രിയിലേക്ക് അന്നൊരിക്കെ പോയതിനാൽ വഴി അവന് കാണാപാഠമായിരുന്നു.

പതിവിന് വിപരീതമായി തന്റെ ചുമലിൽ അരുണിമയുടെ കൈത്തലം പതിഞ്ഞതും അനന്തുവിന് ശരീരമാകെ വിദ്യുത് പ്രവാഹം നടക്കുന്ന പോലെ തോന്നി.

ഒപ്പം ശരീരത്തെ കുളിരണിയിക്കുന്ന ഒരു തണുപ്പും.

മിററിൽ കൂടി ഇടയ്ക്കിടെ കാണുന്ന അവളുടെ പ്രതിബിംബത്തിലേക്ക് അറിയാതെയാണെങ്കിലും അവന്റെ കണ്ണുകൾ പാഞ്ഞു.

നല്ലൊരു യാത്രയ്ക്ക് ശേഷം അവർ ദേവൻ മെമ്മോറിയൽ ഹോസ്പിറ്റലിലേക്ക് എത്തി.

ബുള്ളറ്റ് പാർക്കിങ്ങിൽ വച്ച ശേഷം അനന്തു അരുണിമയുമായി ഡോക്ടറിന്റെ കൺസൽറിംഗ് റൂമിലേക്ക് പോയി.

ബലരാമൻ നേരത്തെ വിളിച്ചു പറഞ്ഞതിനാൽ ആരെയും കാത്തിരിക്കേണ്ട ആവശ്യം അവനുണ്ടായിരുന്നില്ല.

ആശുപത്രിയിൽ ചിലവഴിക്കുന്നതിനിടെ തനിക്ക് നേരെ നീളുന്ന സംശയ മുനകൾ അവൻ കണ്ടില്ലെന്നു നടിച്ചു.

അരുണിമയ്ക്ക് എന്തൊക്കെയോ സംശയങ്ങൾ ഉണ്ടെന്ന് ആ മുഖഭാവം വിളിച്ചോതി.

വിദഗ്ധ പരിശോധനയ്ക്ക് ശേഷം കൈയ്യിലെ നെബുലൈസർ അഴിക്കണമെന്ന് ഡോക്ടറുടെ നിർദേശം വന്നു.

ഇനി മറ്റു പ്രശ്നങ്ങൾ ഒന്നും വരില്ലെന്നും ഇപ്പോഴുള്ള മരുന്നുകൾ തന്നെ തുടർന്നോളാൻ ഡോക്ടർ അറിയിച്ചു.

അവരോട് നന്ദി പറഞ്ഞുകൊണ്ട് അവർ പുറത്തിറങ്ങി.

മെഡിക്കലിൽ നിന്നും മരുന്ന് വാങ്ങിയ ശേഷം അനന്തു അരുണിമയുടെ അടുത്തു ചെന്നു.

മരുന്ന് അവൾക്ക് കൈമാറിയ ശേഷം അനന്തു പാർക്കിങ്ങിൽ പോയി ബുള്ളറ്റും എടുത്തു കൊണ്ടു വന്നു.

അതിനു ശേഷം അവർ ആശുപത്രിയിൽ നിന്നും തിരിച്ചു.

ബുള്ളറ്റിൽ ഇരിക്കുമ്പോൾ പോലും അരുണിമ ആകെ ചിന്തയിൽ ആയിരുന്നു.

എന്തിനാണ് അനന്തുവിനെ താൻ ഇങ്ങനെ സ്വയം അകറ്റി നിർത്തുന്നത്?

അവൻ തന്റെ ആരൊക്കെയോ ആണെന്ന് അവനെ കണ്ടു മുട്ടും മുന്നേ സ്വപ്നങ്ങളിലൂടെ താൻ അറിഞ്ഞതല്ലേ?

അവന് വേണ്ടിയല്ലേ താൻ കാത്തിരുന്നത്?

അതും വർഷങ്ങളായിട്ട്?

പക്ഷെ തനിക്ക് അനന്തുവിനെ കാണുമ്പോൾ വല്ലാത്തൊരു ദേഷ്യവും വെറുപ്പും മാത്രം തോന്നുവാ.

അതോടൊപ്പം ഉള്ളു നിറച്ചും പെരുത്ത് സ്നേഹവും.

അനന്തു തന്റെയാണെന്നും തനിക്ക് വേണ്ടി പിറന്നതാണെന്നും ആരോ തന്റെ ഉള്ളറകളിൽ നിന്നും മൊഴിയുന്നുണ്ട്.

അനന്തുവിന് തന്നോടുള്ള താല്പര്യവും താൻ മനസിലാക്കിയിട്ടുണ്ട്.

പക്ഷെ എന്തിനാണ് തനിക്കിത്ര ദേഷ്യം, ക്രോധം?

ക്ഷോഭം വന്നു കഴിഞ്ഞാൽ തനിക്ക് ആത്മനിയന്ത്രണം നഷ്ട്ടപെടുന്നു.

എത്ര തവണ ശ്രമിച്ചു ഈ ക്രോധത്തെ സ്വയം നിയന്ത്രണവിധേയമാക്കാൻ.

പക്ഷെ തനിക്ക് സാധിക്കുന്നില്ല.

എപ്പോഴും യാത്ര ചെയ്യുമ്പോൾ അരുണിമയുടെ മനസ് ഇങ്ങനായിരിക്കും.

ഓരോ ചിന്തകൾക്ക് പിന്നാലെയാണ്.

അവൾ സ്വയം ആത്മഗതം പറഞ്ഞു കൊണ്ട് തന്റെ വീട്ടിലേക്ക് എത്താൻ കൊതിച്ചു.

പക്ഷെ അനന്തുവുമൊത്തുള്ള ഈ നിമിഷങ്ങൾ ജന്മാന്തരങ്ങളായി അനുഭവവേദ്യമാകുന്നതാണെന്നു പോലും അവൾക്ക് തോന്നിപ്പോയി.

ചിന്തകൾക്കധീനമായ മനസും അടങ്ങാത്ത ക്രോധവും അല്പം കുശുമ്പും പകയും വിദ്വേഷവും ഒക്കെ കൂടി കലർന്നതാണ് താൻ.

വികാരങ്ങൾ കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു അപൂർവ ജീവി.

അവൾ പുച്ഛത്തോടെ ആത്മനിരൂപണം നടത്തിക്കൊണ്ടിരുന്നു.

അനന്തു തട്ടി വിളിച്ചപ്പോഴാണ് വീട്ടില് എത്തിയ കാര്യം അവൾ അറിയുന്നത്.

സംയമനം വന്നതും അവൾ ബുള്ളറ്റിൽ

നിന്നും ചാടിയിറങ്ങി.

"ഡോ"

അരുണിമ അവനെ നീട്ടി വിളിച്ചു.

അതു കേട്ട അനന്തു അവളെ പാളി നോക്കി.

"തന്റെ ഫോൺ നമ്പർ തായോ"

"എന്തിനാ?"

"താൻ ഇനിയും ഇതുപോലെ മുങ്ങിയാലോ...........
അപ്പൊ എനിക്ക് തന്നെ വിളിച്ചു പേടിപ്പിക്കാനാ "

അരുണിമ കള്ളചിരിയോടെ അവനെ നോക്കി.

"അതിനെന്താ തരാലോ "

അനന്തു ഉത്സാഹത്തോടെ തലയാട്ടി.

അരുണിമ ഫോണിന്റെ ലോക്ക് മാറ്റി അനന്തുവിന് കൈ മാറി.

അവൻ അതു വാങ്ങി സ്വന്തം നമ്പർ അതിൽ ഡയൽ ചെയ്ത ശേഷം ഫോൺ തിരികെ അരുണിമയ്ക്ക് തന്നെ കൈ മാറി.

അനന്തുവിന്റെ നമ്പർ സേവ് ചെയ്ത അവൾ മുന്നിൽ നടന്നു തുടങ്ങി.

പിന്നാലെ അനന്തുവും.

"എങ്ങനുണ്ട് തന്റെ കാര്യസ്ഥപണിയൊക്കെ?"

അരുണിമ അവനോട് കുശലം ചോദിച്ചു.

"നന്നായി പോകുന്നു അരുണിമ.........
.സുഖ ജീവിതം"

"ഓഹ് എത്രയുണ്ട് ശമ്പളമൊക്കെ?"

"മാസം ഒരു പതിനഞ്ച് കിട്ടും "

അനന്തു ചിരിയോടെ അതിനുത്തരം നൽകി.

"നല്ലതന്നെ പൈസ അനാവശ്യമായി ഒന്നും ചിക്കവാക്കാതെ നോക്കണം കേട്ടോ..........അച്ഛനെയും അമ്മയേയും ഒക്കെ നന്നായി നോക്കണം "

അതു പറയുമ്പോഴേക്കും അരുണിമയുടെ ശബ്ദം ഇടറിയിരുന്നു.

"നോക്കാം അരുണിമ "

അനന്തു അവൾക്ക് ഉറപ്പ് നൽകി.

"ഹാ ചോദിക്കാൻ വിട്ടു...........ആശുപത്രിയിൽ എങ്ങനാ കാര്യങ്ങളൊക്കെ സ്മൂത്ത് ആയി നടന്നത്...........ഇയാൾ മുന്നേ അവിടെ ടോക്കൺ എടുത്തിരുന്നോ?

അരുണിമ അവനെ സംശയത്തോടെ ഉറ്റു നോക്കി.

"ഇല്ലല്ലോ എല്ലാം ബലരാമൻ അമ്മാവ്........അല്ല ബലരാമൻ അങ്ങുന്നിന്റെ സഹായമാ..........അരുണിമയുടെ കാര്യം നല്ലോണം നോക്കണമെന്ന് പ്രത്യേകം പറഞ്ഞിരുന്നു"

"ആണോ അതു കൊള്ളാലോ............ബാലരാമൻ അങ്ങുന്നിനെ കുറിച്ച് ഞാൻ ഒരുപാട് കേട്ടിട്ടുണ്ട്............നല്ല ആളാണെന്നൊക്കെ............അതുപോലെ സ്വഭാവവും............അവിടുത്തെ വലിയ അങ്ങുന്നിന്റെ മകളും മക്കളും പുതുതായി മനയിൽ വന്നിട്ടുണ്ടല്ലേ?"

"ആഹ് വന്നിട്ടുണ്ട്...........പട്ടണത്തിൽ നിന്നാ അവരും"

അരുണിമ തന്നെ കുറിച്ചാണ് ഉദ്ദേശിച്ചതെന്ന് അനന്തുവിന് മനസിലായി.

"ഷ്മ് ഇത്തവണ ഉത്സവമൊക്കെ പൊടി പൊടിക്കാനാവും............താൻ കണ്ടിട്ടുണ്ടോ ഇവിടുത്തെ ഉത്സവമൊക്കെ?"

അരുണിമ അവനോട് ചോദിച്ചു.

"ഞാനീ നാട്ടിൽ പുതിയതാ"

"അപ്പൊ തനിക്ക് ഭാഗ്യം ഉണ്ട്............ ഇത്തവണ ഉത്സവമൊക്കെ കാണാം"

അനന്തു അതു കേട്ട് തലയാട്ടി.

ഇന്ന് കാളിയുടെ സ്വഭാവം കാണിക്കാതെ നല്ല രീതിയിൽ അവൾ തന്നോട് മിണ്ടുന്നതിൽ അനന്തു സന്തോഷവാനായിരുന്നു.

പരമാവധി അവളുമായി അടുക്കുക എന്നത് തന്നെയായിരുന്നു അവന്റെ പരമാർത്ഥ ലക്ഷ്യം.

"അരുണിമ"

"ഏ്മ്?"

എന്തേ എന്ന അർത്ഥത്തിൽ അവൾ കനപ്പിച്ചൊന്നു മൂളി.

"തനിക്ക് ഇരട്ട സഹോദരി വല്ലതും ഉണ്ടോ?"

അനന്തു പറയുന്നത് കേട്ട് അരുണിമ നടത്തം നിർത്തി അവനെ തറപ്പിച്ചൊന്നു നോക്കി.

അനന്തു ചോദിച്ചത് അബദ്ധമായി പോയോ എന്ന പേടിയിൽ അവളുടെ മുന്നിൽ നിന്നുരുകി.

നേരത്തെ ദക്ഷിണയെ കാണുമ്പോൾ അരുണിമയെയാണ് ഓർമ വരുന്നതെങ്കിൽ ഇന്നത് അരുണിമയെ കാണുമ്പോൾ ദക്ഷിണയെയാണ്.

"എനിക്ക് അങ്ങനൊരു ഇരട്ട സഹോദരിയില്ല..........എനിക്ക് ആകെയൊരു അനിയത്തിയെയുള്ളൂ..........അവളെയാണ് നീ വീട്ടില് വച്ചു കണ്ടിട്ടുള്ളത്"

അരുണിമ തന്റെ ഭാഗം ന്യായീകരിച്ചു.

"ഒന്നുല്ല വെറുതെ ചോദിച്ചതാ"

"ഉറപ്പാണല്ലോ അല്ലെ?"

അരുണിമ ഇടുപ്പിൽ കൈ വച്ചു അവനെ സൂക്ഷിച്ചു നോക്കി.

അവളുടെ പുരികം കൂർപ്പിച്ചുള്ള ആ നോട്ടം കണ്ടപ്പോ തന്നെ അവളെ ഇറുകെ പുണർന്നു ആ ചെഞ്ചുണ്ടുകളിൽ മുത്തം വയ്ക്കാൻ അവന് തോന്നി.

പക്ഷെ അനന്തു സംയമനം പാലിച്ചിരുന്നു.

കൂടുതൽ നേരം അവളെ കണ്ടു നിന്നാൽ തന്റെ കണ്ട്രോൾ പോകുമെന്ന് അവനുറപ്പായിരുന്നു.

അതോണ്ട് അനന്തു ഒന്നും മിണ്ടാതെ നടന്നു തുടങ്ങി.

അരുണിമ അതു കണ്ടതും അവനെ മറി കടന്നു വേഗത്തിൽ നടന്നു തുടങ്ങി.

പൊടുന്നനെ കാലൊന്നു വഴുതിയതും അരുണിമ പിന്നിലേക്ക് വീഴാനായി ആഞ്ഞു.

അതു മുൻകൂട്ടി കണ്ടതും അനന്തു അവളുടെ അരക്കെട്ടിലൂടെ കയ്യിട്ട് താങ്ങി പിടിച്ചു.

അവന്റെ കരവാലയത്തിനുള്ളിൽ അവൾ സുരക്ഷിതയായി മാറി.

വല്ലാത്തൊരു സുരക്ഷിതത്വ ബോധം അവൾക്ക് അനന്തുവിൽ നിന്നും അനുഭവപ്പെട്ടു തുടങ്ങി.

എന്തിനേറെ പറയണം അനന്തുവിന്റെ നെഞ്ചിടിപ്പ് വരെ അവൾക്ക് ശ്രവിക്കാൻ പറ്റി.

അരുണിമയെ അവൻ മുറുകെ പിടിച്ചിരുന്നു.

അവന്റെ കൈകൾക്ക് പോലും വല്ലാത്ത ശക്തിയാണെന്ന് അവൾക്ക് തോന്നിയിരുന്നു.

അപ്പോഴും അനന്തുവിന്റെ കണ്ണുകൾ അവളെ ഉഴിയുകയായിരുന്നു.

പെട്ടെന്ന് വീഴാൻ പോയപ്പോഴുണ്ടായ ഭയം അവളെ നന്നേ കീഴ്പ്പെടുത്തിയിരുന്നു.

അതിനാൽ തന്നെ അവൾ കിതക്കുന്നുണ്ട്.

ഇടയ്ക്കിടെ കൂമ്പിയടഞ്ഞു പോകുന്ന അവളുടെ മിഴികളിൽ നേർത്തൊരു ചുംബനമർപ്പിക്കാൻ അവന് കൊതി തോന്നി.

അനന്തു എന്തോ പറയുവാനായി വായ തുറന്നു.

പക്ഷെ അവന്റെ വായിൽ നിന്നും വീണത് ഇതായിരുന്നു.

"കല്യാണി ഐ ലവ് യൂ........ഞാൻ നിന്നെ പ്രണയിക്കുന്നു"

അനന്തു പറഞ്ഞത് കേട്ട് നിമിഷ നേരത്തേക്ക് അവളുടെ പൂച്ചക്കണ്ണുകൾ വെട്ടി തിളങ്ങി.

അത്രയും മാത്രേ അതിനു ആയുസ് ഉണ്ടായിരുന്നുള്ളു.

പൊടുന്നനെ അവളുടെ മുഖത്തേക്ക് വന്യമായ കോപം ഇരച്ചു കയറി.

കണ്ണുകൾ രക്തമയമായി.

അനന്തുവിൽ നിന്നും കുതറി മാറിയ അവൾ  അവന്റെ കവിളിനു നേരെ കൈ വീശി.

"പ്ഠക്"

പടക്കം പൊട്ടുന്ന പോലെ അരുണിമയിൽ നിന്നും കവിളിൽ ഒരു തല്ല് ഓർക്കപ്പുറത്തു വാങ്ങിയ ഞെട്ടലിൽ ആയിരുന്നു അനന്തു.

അവളുടെ കൈക്കരുത്ത് അപ്പോഴാണ് അവനറിയുന്നത്.

തലക്ക് ചുറ്റും പലവിധ നക്ഷത്രങ്ങൾ വലം വയ്ക്കുന്ന പോലെ അവന് തോന്നി.

അത്യധികം കോപത്തോടെ അവനെ തള്ളി മാറ്റിക്കൊണ്ട് അരുണിമ സ്വന്തം വീട്ടിലേക്ക് ഓടികയറി പോയി.

അനന്തു ഒന്നും മനസിലാവാതെ കവിളും തിരുമ്മിക്കൊണ്ട് നിന്നു.

ഇപ്പൊ എന്തൊക്കെയാ നടന്നതെന്ന് അവനൊന്നും മനസിലായില്ല.

നടന്ന സംഭവങ്ങൾ അവൻ ഒരിക്കൽ കൂടി റീവൈൻഡ് ചെയ്തു.

അപ്പോഴാണ് അരുണിമയെ പ്രൊപ്പോസ് ചെയ്തത് ഞെട്ടലോടെ അവൻ തിരിച്ചറിഞ്ഞത്.

"ഹോ ഇതെന്തൊരു മറിമായം.

വിശ്വസിക്കാനാവുന്നില്ല.

അരുണിമയോട് വേറെന്തോ പറയാൻ വന്ന എന്റെ വായിൽ നിന്നും വീണത് ഐ ലവ് യൂ.

ഛെ ഏതു നേരത്താണോ ആ പരട്ട ഡയറി വായിക്കാൻ തനിക്ക് തോന്നിയത്.

അരുണിമ എന്തു വിചാരിക്കുമാവോ?

ആ പന്ന ഡയറി വായിച്ചില്ലായിരുന്നേൽ ഒരു പ്രശ്നങ്ങളും ഉണ്ടാവില്ലായിരുന്നു.

ദേവൻ കല്യാണിയെ പ്രൊപ്പോസ് ചെയ്ത പോലെ ഞാനും ചെയ്തതാണെന്നു തോന്നുന്നു.

അതല്ലേ താൻ അവളെ കല്യാണി എന്ന് അഭിസംബോധന ചെയ്തത്.

ഇപ്പോഴും താൻ ആ ഡയറിയെ ചുറ്റിപറ്റിയാണുള്ളത്.

എന്തൊരു മ്ലേച്ഛം.

അനന്തുവിന് സ്വയം പുച്ഛം തോന്നി.

തന്റെ ഇമേജ് മൊത്തം ഒരു ചീട്ടുകൊട്ടാരം പോലെ തകർന്നടിഞ്ഞതിന്റെ മനോവ്യഥയിൽ ആയിരുന്നു അവൻ.

കൂടുതലൊന്നും പറയാതെ അനന്തു തിരിച്ചു നടന്നു.

അപ്പോഴും കവിളിൽ അവൾ ബാക്കി വച്ചു പോയതിന്റെ ശേഷിപ്പായി വേദനയും മരവിപ്പുമാണ് ഉണ്ടായിരുന്നത്.

പെണ്ണിന്റെ കൈക്കരുതിന്റെ ചൂട് ആദ്യമായി ഇന്നാണ് അവനറിയുന്നത്.

അവൾ തന്നെ അടിച്ചതിന്റെ വേദനയല്ല മറിച്ചു അവൾക്കു മുന്നിൽ തെറ്റിദ്ധരിക്കപ്പെട്ടതിന്റെ നിരാശയായിരുന്നു അനന്തുവിന്.

മനസ് തുറന്നു എന്നെങ്കിലുമൊരിക്കൽ അവളോടായി താൻ പറയാൻ വച്ചിരുന്ന കാര്യം അറിയാതെ മന്ത്രിച്ചു പോയി.

എന്തൊരു നീചനാണ് താൻ.

അവളെ നഷ്ടപ്പെടുത്തിയപ്പോ സമാധാനമായോ?

തനിക്ക് ആരോട് എന്താ എങ്ങനാ എന്നൊന്നും പെരുമാറാൻ അറിയില്ലേ?

അവളെ വേദനിപ്പിച്ചതെന്തിനാ?

അത് തനിക്ക് താങ്ങാനാവില്ലെന്ന് അറിഞ്ഞൂടെ?

അവൾക്ക് മുന്നിൽ താൻ തെറ്റിദ്ധരിക്കപ്പെട്ടില്ലേ?

സ്വന്തം മനസാക്ഷിയെ അവൻ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു.

മനയിലേക്കുള്ള യാത്രയിലുടനീളം അവൻ വല്ലാത്ത പിരിമുറുക്കത്തിലായിരുന്നു.

എന്തൊക്കെയോ വിഷമങ്ങൾ അവനെ കീഴ്പ്പെടുത്തി.

മനസ് ആകെ കലുഷിതമായിരുന്നു.

ഡ്രൈവിംഗ് പോലും പലപ്പോഴും തെറ്റിപ്പോയി.

അവസാനം എങ്ങനൊക്കെയോ മനയിലേക്ക് അവൻ തിരികെയെത്തി.

മുറ്റത്ത് ഗോദയുടെ പണി തകൃതിയായി നടക്കുന്നുണ്ട്.

ബലരാമൻ അമ്മാവനിൽ നിന്നും യതീന്ദ്രൻ വല്യച്ഛൻ അതിന്റെ ചുമതല വാങ്ങിയെന്ന് തോന്നുന്നു.

പൊരി വെയിലത്ത് പണിക്കരുടെ കൂടെ നിന്ന് അദ്ദേഹം പണികളൊക്കെ കാര്യമായി നിരീക്ഷിക്കുന്നു,

വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

അനന്തുവിനെ കണ്ടതും യതീന്ദ്രൻ പുഞ്ചിരിച്ചു.

അതിനു മറുപടിയായി അനന്തുവും ഒരു പുഞ്ചിരി സമ്മാനിച്ചു.

ശേഷം മനയിലേക്ക് അവൻ കയറിപ്പോയി.

ശിവയോടൊപ്പം ഭക്ഷണം കഴിച്ച ശേഷം അനന്തു നേരെ മാലതിയുടെ അടുത്തേക്ക് പോയി.

ഏറെ നേരം അവർ വിശേഷങ്ങൾ പറഞ്ഞിരുന്നു

മനസിലെ ആസ്വസ്ഥകൾ അകറ്റി ഒന്നു പാകപ്പെടുത്തിക്കൊണ്ടിരുന്നു.

അതിനു ശേഷം അവൻ നേരെ സ്വന്തം മുറിയിലേക്കാണ് പോയത്.

അവിടെ ബെഡിൽ കിടക്കുന്ന ദേവൻ അമ്മാവന്റെ ഡയറി കണ്ടതും അനന്തുവിന് എവിടുന്നൊക്കെയാണ് കോപം ഇരമ്പി വന്നതെന്ന് ഒരു നിശ്ചയമില്ലായിരുന്നു.

അത് കയ്യിലെടുത്തു അവൻ മുറിയുടെ മൂലയിലേക്ക് വലിച്ചെറിഞ്ഞു.

അത്രയ്ക്ക് കോപം അവനെ കീഴ്പ്പെടുത്തിയിരുന്നു.

നല്ല ക്ഷീണമുള്ളതുകൊണ്ട് കിടന്ന കിടപ്പിലെ അവൻ നല്ലൊരു മയക്കത്തിലേക്ക് വഴുതി വീണു.
.
.
.
.
അനന്തു നല്ല ഉറക്കത്തിൽ ആണ്ടിരിക്കുന്ന സമയം.

പൊടുന്നനെ അവന്റെ മുറിയുടെ വാതിലുകൾ കിരു കിരാ ശബ്ദത്തോടെ മലർക്കനെ തുറക്കപ്പെട്ടു.

ഒരു സുന്ദരിയായ യുവതി ആ മുറിയിലേക്ക് മന്ദം മന്ദം കടന്നു വന്നു.

മുറിയാകമാനം അവളുടെ കണ്ണുകൾ പരതി നടന്നു.

ബെഡിൽ മലർന്നു കിടക്കുന്ന അനന്തുവിൽ ആ കണ്ണുകൾ ഉടക്കി.

അവ രണ്ടും കാമം കൊണ്ട് കത്തി ജ്വലിക്കുകയായിരുന്നു.

അനന്തുവിന് സമീപത്തേക്ക് ആ രൂപം പതിയെ നടന്നു വന്നു.

ഒരു ഷോർട്സ് മാത്രം ഇട്ടു കിടക്കുകയായിരുന്നു അവൻ.

അവന്റെ നഗ്നമായ ദൃഢമായ നെഞ്ചിൽ അവൾ കണ്ണുകൾക്കൊണ്ട് ഉഴിഞ്ഞു.

നെഞ്ചിനിരുവശത്തും കൂടാതെ അരക്കെട്ടിലുമായി വികസിച്ചു നിൽക്കുന്ന പേശികൾ കണ്ട് അവൾക്ക് കുളിരു കോരി.

സ്വയം നിയന്ത്രിക്കാനാവാതെ അവൾ മുന്നോട്ടാഞ്ഞു അനന്തുവിന്റെ തിരു നെറ്റിയിൽ ആ റോസിതൾ ചുണ്ടുകൾ അമർത്തി ചുംബിച്ചു.

ചുംബനം കിട്ടിയതും ഗാഢമായ ഉറക്കത്തിൽ പോലും അവന്റെ ചുണ്ടുകളിൽ നേർത്ത പുഞ്ചിരി ഒളി മിന്നി.

അതു ദർശിച്ചതും ആ രൂപത്തിന്റെ മിഴികൾ വീണ്ടും തിളങ്ങി.

അവയിൽ പ്രേമത്തിന്റെ ഒരു തരിമ്പ് പോലും ശേഷിച്ചിരുന്നില്ല.

പരിപൂർണമായ കാമാഗ്നി മാത്രമായിരുന്നു.

അനന്തുവിനെ മേലാസകാലം കണ്ണുകൾ കൊണ്ട് ഉഴിഞ്ഞു അവൾ അവന് സമീപം ബെഡിൽ അമർന്നിരുന്നു.

അവളുടെ നിതംബഭാരം താങ്ങാനാവാതെ ബെഡ് താഴ്ന്നു.

പതിയെ അവൾ കൈ നീട്ടി ആ വിരലുകൾകൊണ്ട് അനന്തുവിന്റെ നെഞ്ചിൽ തലോടി തുടങ്ങി.

അവന്റെ ശരീര സൗന്ദര്യം ആസ്വദിക്കുകയായിരുന്നു അവളുടെ ലക്ഷ്യം.

അവളുടെ ഓരോ സ്പർശങ്ങളും അബോധമനസിലൂടെ അവൻ അറിയുന്നുണ്ടായിരുന്നു.

അവനിൽ നിന്നും നേർത്തൊരു ഞെരുക്കം വന്നതും ആ രൂപം ഒന്നു ഞെട്ടി.

അവൾ അനങ്ങാതെ അനന്തുവിനെ തന്നെ നിരീക്ഷിച്ചുകൊണ്ടിരുന്നു.

അവന്റെ ഉറക്കം നഷ്ടപ്പെട്ടിട്ടില്ലെന്നു തിരിച്ചറിഞ്ഞതും അവൾ സധൈര്യം വീണ്ടും അവനെ തൊട്ടു തലോടിക്കൊണ്ടിരുന്നു.

പതിയെ അവന്റെ നെഞ്ചിലുഴിഞ്ഞുകൊണ്ട് അടിവയറിലേക്ക് എത്തി.

അവിടമാകെ കൊതിതീരെ ഉഴിഞ്ഞ ശേഷം അവളുടെ വിരലുകൾ ഷോർട്സിന് മുകളിൽ അവന്റെ ലിംഗത്തിൽ സ്ഥാനം പിടിച്ചു.

തേടിയ വള്ളി കാലിൽ ചുറ്റിയ പോലെ അവളിൽ നിന്നും ഒരു മന്ദഹാസം ഉതിർന്നു.

അതിനു ശേഷം അവൾ വശ്യമായി പുഞ്ചിരിച്ചു കൊണ്ട് ആ ഷോർട്സ് താഴേക്ക് വലിച്ചു.

അവന്റെ ബോക്സിറിലെ മുഴുപ്പിലായിരുന്നു അവളുടെ കണ്ണുകൾ അത്രയും.

ആ ഇന്നറും കൂടി ഊരി മാറ്റിയ ശേഷം അവൾ ഒരു നാഗത്തെ പോലെ അനന്തുവിലേക്ക് പടർന്നു കയറി.

ഗാഢമായ ഉറക്കത്തിലും അനന്തു ഇതൊന്നും അറിഞ്ഞിരുന്നില്ല.

അവനിലേക്ക് പടർന്നു കയറിയ ശേഷം അനന്തുവിനെ ഉണർത്താതെ അവൾ അണിഞ്ഞിരുന്ന ഒറ്റ മുണ്ട് പതിയെ അഴിച്ചുമാറ്റി.

മുണ്ട് താഴേക്ക് ഊർന്നു വീണതും അവളുടെ സംഗമഭൂമിയും വികാര കേന്ദ്രവും എല്ലാം ഒരു യുദ്ധതിനെന്ന പോൽ മുറ വിളി കൂട്ടി.

ബ്ലൗസ്സിൽ തിങ്ങി നിറഞ്ഞു നിൽക്കുന്ന മാർക്കുടങ്ങളെ സ്വയം ഞെക്കി പിഴിഞ്ഞുകൊണ്ട് അവൾ അനന്തുവിന്റെ ലിംഗതിനു മുകളിൽ നിതംബപാളികൾ അമർത്തി വച്ചിരുന്നു.

അവളുടെ ഗുദത്തിലേക്ക് അവന്റെ ലിംഗം അതിർ വരമ്പുകൾ ഭേദിച്ചു എത്തിയതും അവളിൽ നിന്നും ശക്തമായ നിശ്വാസമുതിർന്നു.

അപ്പോഴും അവളിലെ കാമഗ്നി ആളി കത്തുകയായിരുന്നു.

അനന്തുവിന്റെ നെഞ്ചിൽ അമർത്തി പിടിച്ചു അവൾ പതിയെ തന്റെ അരക്കെട്ട് മുന്നോട്ടും പിന്നോട്ടും ചലിപ്പിച്ചു തുടങ്ങി.

അവളുടെ നിതംബഭാരം താങ്ങാനാവാതെ അവൻ മയക്കത്തിലും ഞെരുങ്ങിക്കൊണ്ടിരുന്നു.

തന്റെ ഇരയെ കീഴ്പ്പെടുത്താൻ പോകുന്ന വന്യതയോടെ അവൾ തന്റെ അരക്കെട്ടിനു പതിയെ വേഗത കൂട്ടി.

കാമം കൊണ്ട് അവളുടെ മുഖം വലിഞ്ഞു മുറുകി.

രക്തത്തിന് പകരം കാമം സിരകളിലൂടെ ഓടി തുടങ്ങി.

തന്റെ ഉദ്യമം വിജയകരമായി തുടക്കം കുറിച്ചെന്ന തിരിച്ചറിവിൽ അവൾ
അന്ധമായി അലറി.

പൊടുന്നനെ വായുവിലൂടെ വന്ന ഒരു മിന്നൽ പിണർ അവളിൽ വന്നു പതിച്ചു.

ഉടനെ ഷോക്കേറ്റ പോലെ അവൾ അനന്തുവിൽ നിന്നും തെറിച്ചു നിലത്തേക്ക് വീണു.

ഒരു മിന്നൽ പ്രവാഹം നടന്ന പോലെ അവൾ നിലത്തു കിടന്നു പിടയുന്നുണ്ടായിരുന്നു.

സ്വന്തം ശരീരത്തിൽ നിന്നും പുകയും ദുർഗന്ധവും വമിച്ചപ്പോൾ അവൾ വെപ്രാളത്തോടെ ചാടിയെണീറ്റു.

ശരീരമൊട്ടാകെ അമർത്തി തുടച്ചുകൊണ്ട് അവൾ തന്റെ മുണ്ട് എടുത്തുടുത്ത് സംഭ്രമത്തോടെ വെളിയിലേക്ക് പാഞ്ഞു.

അപ്പോഴും അനന്തു
നിദ്രയിൽ തന്നെയായിരുന്നു.

ഒന്നും അറിയാതെ തന്റെ ക്ഷീണത്തെ അവൻ ഉറക്കത്തിലൂടെ തീർത്തു കൊണ്ടിരുന്നു.
.
.
.
.
-ഹിമാചൽ പ്രദേശ്-
.
.
ഗുഹാ കവാടത്തിനു മുന്നിൽ വെള്ളച്ചാട്ടത്തിന് കീഴെ ഒരു സ്ത്രീ കല്ലിൽ ഇരുന്നുകൊണ്ട് ധ്യാനത്തിൽ ആണ്ടിരുക്കുന്നു.

അപ്പോഴും ആ മുഖത്തു രക്തപ്രസാദം ഉണ്ട്.

അധരങ്ങളിൽ പുഞ്ചിരിയും.

മറ്റാരുമായിരുന്നില്ല അത് അമാലിക തന്നെയായിരുന്നു.

ഈ ലോകത്തിലെ ഏറ്റവും സുന്ദരിയായ സ്ത്രീ രത്നം.

തൃലോക സുന്ദരി.

അവൾ ധ്യാനത്തിലിരിക്കെ തന്റെ ദിവ്യദൃഷ്ടിയിൽ അനന്തുവിനെ ഒരുവൾ പ്രാപിക്കുവാനായി കാമത്തോടെ സമീപിച്ചത് അവൾ തിരിച്ചറിഞ്ഞു.

അത്യന്തികം ക്രോധത്തോടെ അവൾ തന്റെ ഉള്ളം കൈ വായുവിൽ ഉയർത്തി പിടിച്ചതും അതിൽ നിന്നുമൊരു മിന്നൽ പ്രകാശം ഏതോ ദിക്കിലേക്ക് യാത്രയായി.

അത് വന്നു പതിച്ചതാകട്ടെ അനന്തുവിനെ കയ്യേറ്റം ചെയത ആ സ്ത്രീയിലും.

അവൾ പ്രാണരക്ഷാർത്ഥം ഓടി മറയുന്നത് ചിരിയോടെ കണ്ടു നിന്ന അമാലിക പതിയെ തന്റെ മിഴികൾ വലിച്ചു തുറന്നു.

മുന്നിൽ ഓളം വെട്ടുന്ന സ്ഫടിക സമാനമായ ജലശയമാണ് അവൾക്ക് ദർശിക്കാനായത്.

അതിലേക്ക് വന്നു പതിക്കുന്ന നയന മനോഹരമായ വെള്ളച്ചാട്ടവും.

പതിയെ അവളുടെ അധരങ്ങൾ മൊഴിഞ്ഞു.

"നിന്നിൽ പ്രാപിക്കാൻ വരുന്ന ഒരു നാരിയെയും ഞാൻ വാഴിക്കില്ല ആഥർവ്വാ...........നീ എന്റേതാകുന്നു.............നിന്നെ പ്രാപിക്കാനും ആത്മ നിർവൃതി അടയാനും അന്ത്യത്തിൽ നിന്നെ

വധിക്കാനുമാണ് നാം നൂറ്റാണ്ടുകൾക്ക് ശേഷം പുനർജന്മം കൊണ്ടത്.............അതിലൂടെ മാത്രമേ നാം മോക്ഷം നേടുകയുള്ളു.............നമ്മുടെ ആഗമനത്തിനായി നീ ക്ഷമയോടെ കാത്തിരുന്നാലും"

അമാലികയുടെ വാക്കുകൾ ദിഗന്തങ്ങൾ കുലുങ്ങുമാറുച്ചത്തിൽ മുഴങ്ങി.

പതിവിന് വിപരീതമായി ഇന്നവൾക്ക് അട്ടഹാസമുണ്ടായിരുന്നില്ല.

ശാന്തമായിരുന്നു മുഖ ഭാവം.

തന്റെ ധ്യാനവസ്ഥ കൈവിട്ടു അവൾ പതിയെ എണീറ്റു.

ഒരു കാനന പുത്രിയെ പോലെ അവൾ ധരിച്ചിരുന്നത് പുലിത്തോൽ ആയിരുന്നു.

മാറിനെയും തുടയിടുക്കിനെയും മാത്രം മറച്ചിരുന്നു അത്.

അമാലികയുടെ ബാക്കി ശരീര സൗന്ദര്യം മിഴിവോടെ എടുത്തു കാണുന്നുണ്ട്.

കൊഴുത്ത കൈ കാലുകളും അണി വയറിലെ വട്ട കിണർ പൊക്കിൾ ചുഴിയും ആരെയും മതിഭ്രമത്തിൽ ആഴ്ത്തു മായിരുന്നു.

പാദം വരെ പുഴ പോലെ നീണ്ടു കിടക്കുന്ന കേശ ഭാരം തന്നെയായിരുന്നു അവളിലെ അഴകിലെ മകുടോദാഹരണം.

മുന്നഴക്കിനു സമാനമായ പിന്നഴകും അവളെ ഒരു രതിദേവതയെ പോലെ തോന്നിപ്പിച്ചു.

കരിമഷിയുടെ അകമ്പടിയില്ലെങ്കിലും വശ്യത തുളുമ്പുന്ന ഉണ്ടക്കണ്ണുകളും തൊണ്ടിപഴം പോലത്തെ അധരങ്ങളും ആരെയും ഒറ്റ നോട്ടത്തിൽ കാമബാണം കൊണ്ട് എയ്തു വീഴ്ത്തുമായിരുന്നു.

ഒറ്റ വാക്കിൽ അപ്സരസ്.

അഥവാ സർപ്പ സൗന്ദര്യം.

പതിയെ ആ ജലശയത്തിനടുത്തേക്ക് നടന്നെത്തിയ അവൾ കൂടുതലൊന്നും ചിന്തിക്കാനിട വരുത്താതെ അതിലേക്ക് ഒരു മത്സ്യ കന്യകയെ പോലെ എടുത്തു ചാടി.

അവളെ ആ ജലാശയം ആവേശത്തോടെ തന്നിലേക്ക് സ്വീകരിച്ചു.
.
.
.
.
-തിരുവമ്പാടി മന-
.
.
.

.
മനയിലെ വടക്കിനി ഭാഗത്തിലൂടെ നടക്കുകയായിരുന്നു ദക്ഷിണ.

തന്റെ പുസ്തകങ്ങളൊക്കെ അടുക്കി പെറുക്കി വെക്കാൻ പറ്റിയ ഒരു റൂം ആയിരുന്നു അവളുടെ ഉദ്ദേശം.

ഇവിടെ ബാൽക്കണി സെറ്റപ്പ് ഇല്ലാത്തതിനാൽ കിളി വാതിൽ സെറ്റപ് ഉള്ള ഒരു മുറിയായിരുന്നു അവളുടെ ലക്ഷ്യം.

കണ്ണാടി പോലെ മിനുസമുള്ള പ്രതലത്തിലൂടെ നടക്കുന്നതിനിടെ ഒരു അടഞ്ഞ മുറിയിൽ നിന്നും എന്തൊക്കെയോ ഞരുക്കങ്ങൾ അവൾ കേട്ടു.

അതിനെ മറികടന്നു അവൾ പോകാൻ തുണിഞ്ഞതും വീണ്ടും അത് ശ്രവിക്കുവാനിടയായി.

അവിടെ തറഞ്ഞു നിന്ന ദക്ഷിണ ആ വാതിലിനു സമീപത്തേക്ക് നടന്നടുത്തു.

പൊടുന്നനെ ആ വാതിൽ പാളികൾ അവൾക്ക് മുന്നിൽ തുറക്കപ്പെട്ടു.

അവൾ ഒന്നു ഞെട്ടി.

എങ്കിലും സംയമനത്തോടെ ദൈവത്തെ വിളിച്ചുകൊണ്ടു നെഞ്ചിൽ കൈവച്ചു അവൾ അതിന്നുള്ളിലേക്ക് കയറി.

അതിലൂടെ മുന്നോട്ട് ഒരു ഇടനാഴിലൂടേ നടന്ന് അവൾ മറ്റൊരു വാതിലിന്റെ മുന്നിലെത്തി.

അത് അടഞ്ഞു കിടക്കുകയായിരുന്നു.

എന്തോ ഒരു ഉൾപ്രേരണ പോലെ അവൾ ആ വാതിലിനു നേരെ കൈ നീട്ടിയതും അവളുടെ വിരൽ സ്പർശനമേൽക്കുന്നതിനു മുന്നേ അതും വലിയ ശബ്ദത്തോടെ തുടക്കപ്പെട്ടു.

ദക്ഷിണ അതിശയത്തോടെ ആ റൂമിനുള്ളിലേക്ക് കയറി.

വല്ലാത്തൊരു പഴമയുടെ ഗന്ധം ആയിരുന്നു അവിടെ.

ആ മുറി ഉപയോഗിക്കാതെ ഒരുപാട് കാലപ്പഴക്കം ആയെന്ന് അവൾക്ക് തോന്നി.

മുറിയാകെ പൊടി പിടിച്ചു കിടക്കുന്നു.

പലതരം വിളക്കുകളുടെ ശ്രേണി അവിടെ പൊടിയിൽ കുളിച്ചു നിക്കുന്നു.

ആകപ്പാടെ പേടിപ്പിക്കുന്ന അന്തരീക്ഷം.

എന്തോ ചത്തതിന്റെ ദുർഗന്ധം കൂടി അവിടെ വ്യാപിച്ചിട്ടുണ്ട്.

പൊടുന്നനെ ആ മുറിയുടെ മൂലയ്ക്ക് ഭിത്തിയിൽ ഒരു ആണിയിൽ അല്പം ചെരിവോടെ തൂങ്ങി പിടിച്ചു കിടക്കുന്ന ചിത്രത്തിലേക്ക് അവളുടെ കണ്ണുകൾ പതിഞ്ഞു.

ആ ചിത്രത്തിലുള്ള ആളെ ദക്ഷിണയ്ക്ക് മുൻപരിചയമുള്ള പോലെ തോന്നി.

വിറയ്ക്കുന്ന കാലടികളോടെ അവൾ ആ ചിത്രത്തിന് മുന്നിൽ എത്തി.

താൻ ഉടുത്തിരുന്ന ഹാഫ് സാരിയുടെ മുന്താണീ കൊണ്ട് അവൾ ആ ചിത്രത്തിലെ അഴുക്ക് മൊത്തം തുടച്ചു മാറ്റി.

പൂർണമായും വൃത്തിയായതും ഒന്നുകൂടി അവൾ അതിലേക്ക് നോക്കി.

ദക്ഷിണയുടെ കണ്ണുകൾ വിടർന്നു.

ഭയത്തോടെ രണ്ടു ചുവട് അവൾ പിറകിലേക്ക് വച്ചു.

തന്റെ തന്നെ പൂർണകായ ചിത്രം കണ്ട് അവൾ ഞെട്ടിത്തരിച്ചിരുന്നു.

ദക്ഷിണയ്ക്ക് തന്റെ മിഴികളെ താൻ കാണുന്ന കാഴ്ചകളെ അവിശ്വസിക്കാൻ സാധിച്ചില്ല.

തന്റെ ചിത്രം ആരോ പകർത്തി വച്ച പോലെ.

ഒരു വ്യത്യാസം പോലുമില്ല.

തന്റെ അതേ രൂപം,ഭാവം,ചിരി.

എന്തൊരു അത്ഭുതം.

ഇതാരുടെ ചിത്രമാണ്?

ദക്ഷിണ സങ്കോചത്തോടെ ആലോചിച്ചുകൊണ്ടിരുന്നു.

അപ്പോഴും അവൾക്ക് ഒരുത്തരം പിടി കിട്ടിയിരുന്നില്ല.

എങ്കിലും ആലോചനകളിൽ മുഴുകിയിരിക്കെ ഒരു നേർത്ത തെന്നൽ തന്നെ വന്നു പൊതിയുന്നത് അവൾ അറിഞ്ഞു.

അത് തന്റെ പിൻകഴുത്തിൽ നേർത്ത ചുംബനം നൽകുന്ന പോലെ.

ദക്ഷിണ ഭയന്നു വിറച്ചുകൊണ്ട് ശില പോലെ നിന്നു.

ഒന്നും ഉരിയാടാനാവാതെ.

ജനലുകളില്ലാത്ത ഈ റൂമിൽ കാറ്റ് എങ്ങനെ വന്നുവെന്ന ചിന്തയായിരുന്നു അവൾക്ക്.

പെട്ടെന്ന് മുന്നിലുള്ള ചിത്രത്തിലെ തന്റെ രൂപം ഒന്നനങ്ങിയ പോലെ അവൾക്ക് തോന്നി.

സംശയം തെളിയിക്കാൻ വീണ്ടും അവൾ ആ ചിത്രത്തിലേക്ക് കണ്ണും നട്ടിരുന്നു.

ആ ചിത്രത്തിലെ പുഞ്ചിരിച്ചു നിൽക്കുന്ന തന്റെ രൂപത്തിന് പതിയെ എന്തൊക്കെയോ മാറ്റങ്ങൾ വന്നു തുടങ്ങി.

പുഞ്ചിരി മാറി പകരം പകയും വിദ്വേഷവും വന്നു നിറഞ്ഞു.

ക്രൂരമായ പുഞ്ചിരി ആ അധരങ്ങളിൽ ഉടലെടുത്തു.

മുഖത്തിന്റെ ഒരു വശം പൊള്ളലേറ്റ പോലെ വികൃതമായി മാറി.

ആ കാഴ്ച കണ്ടതും ദക്ഷിണ ഭയന്നു വിറച്ചുകൊണ്ട് പുറം തിരിഞ്ഞോടി.

അവളുടെ ഹൃദയം രാജധാനി എക്സ്പ്രെസ് പോലെ വേഗതയിൽ മിടിച്ചു കൊണ്ടിരുന്നു.

നിർത്താതെ അവൾ കണ്ണിൽ കണ്ട വഴികളിലൂടെ ഓടിയോടി അവസാനം ഹാളിൽ എത്തി ചേർന്നു.

അതിനു ശേഷം സ്വന്തം റൂമിലേക്ക് അവൾ ഓടിപ്പോയി.

ഇതുപോലത്തൊരു മനയിൽ വഴി തെറ്റിയാൽ ആകെ പെട്ടു പോകുമെന്നു അപ്പോഴാണ് ദക്ഷിണ മനസിലാക്കുന്നത്.

സ്വന്തം മുറിയിൽ എത്തിയപ്പോഴേക്കും അവൾ നന്നേ കിതച്ചിരുന്നു.

അണച്ചുകൊണ്ട് അവൾ അവിടെയുള്ള ബെഡിൽ പോയിരുന്നു.

കിതപ്പ് കാരണം അവളുടെ മാറിടം താളത്തിനനുസൃതമായി പൊങ്ങി താഴുന്നുണ്ട്.

കിതപ്പിന് നേരിയ ശമനം വന്നതും അവൾ അവിടെ നിന്നും എണീറ്റു മുന്നിലുള്ള കസേരയിൽ അമർന്നിരുന്നു.

അപ്പോഴും അവൾക്ക് മുന്നേ കണ്ട കാഴ്ചകളെ ആവിശ്വസിക്കാൻ കഴിഞ്ഞില്ല.

വളരെ ഭയാനകരമായ അനുഭവം ആയിരുന്നു അത് അവളെ സംബന്ധിച്ചിടത്തോളം.

അവിടെയുള്ള ടവൽ എടുത്തു അവൾ മുഖം തുടച്ചു വൃത്തിയാക്കി.

മുഖത്തെ വിയർപ്പ് കാണികകളെ ആ ടവൽ വലിച്ചെടുത്തു.

ആശ്വാസത്തോടെ അവൾ കസേരയിൽ ചാഞ്ഞിരുന്നു.

അപ്പോഴാണ് മുന്നിലെ കണ്ണാടിയിലെ തന്റെ പ്രതിബിംബത്തിൽ അവളുടെ കണ്ണുകൾ ഉടക്കി നിന്നത്.

ദക്ഷിണ അല്പം പരിഭ്രമത്തോടെ സ്വന്തം മുഖം അതിൽ നോക്കിക്കണ്ടു.

പൊടുന്നനെ അവളുടെ കണ്ണുകൾ ഭയന്നു പിടഞ്ഞു.

കണ്ണാടിയിലുള്ള ദക്ഷിണയുടെ പ്രതിബിംബത്തിന്റെ മുഖത്തു പയ്യെ ഒരു പുച്ഛച്ചിരി വിടർന്നു.

ആ ചിരിയെ അധരങ്ങളിൽ ആവാഹിച്ചു കൊണ്ട് ആ രൂപത്തിന്റെ കണ്ണുകൾ ചുവന്നു വന്നു.

മുഖത്തിന്റെ നേർപകുതി മുന്നത്തെ പോലെ തന്നെ പൊള്ളലേറ്റതു പോലെയായി മാറി.

മുടിയിഴകൾ പാറി പരന്നു രൗദ്ര ഭാവം പൂണ്ടു നിൽക്കുന്ന തന്റെ തന്നെ സ്വന്തം പ്രതിബിംബം കണ്ട് ഇരുന്നയിരുപ്പിൽ അവളുടെ മുട്ടു കാലിടിച്ചു തുടങ്ങി.

ഭയം ഒരു കൊള്ളിയാൻ പോലെ നെഞ്ചിൽ മിന്നിയതും ആർത്ത നാദത്തോടെ അവൾ അവിടെ നിന്നുമെണീറ്റു ബെഡിലേക്ക് ചാടികയറി.

അവിടെയുള്ള പുതപ്പ് എടുത്തു ഒരു കവചം പോലെ സ്വന്തം ശരീരത്തെ മൂടിയ ശേഷം അവൾ വിറച്ചു കൊണ്ട് കിടന്നു.

പുതപ്പിനു കീഴെ കിടക്കുമ്പോഴും ആ രൂപം തന്റെ മേലേക്ക് ചാടി വീഴുമോയെന്ന ഭയം അവളെ വിരിഞ്ഞു മുറുക്കി.

തല്ക്കാലം ചിന്തകൾക്ക് വിരാമമിട്ടു കൊണ്ട് അവൾ കണ്ണുകൾ മുറുകെ പൂട്ടി വച്ചു വിറച്ചുകൊണ്ട് കിടന്നു.

കണ്മുന്നിൽ കണ്ടതൊന്നും മിഥ്യയല്ല യാഥാർഥ്യമാണെന്ന് അവളുടെ ബോധ മനസ് അവളോട് പറഞ്ഞുകൊണ്ടിരുന്നു.

ഒരു പൂച്ചകുഞ്ഞിനെ പോലെ അവൾ ചുരുണ്ടു കൂടി കിടന്നു.

അഗാധമായ ഭയം അവളെ കീഴ്പ്പെടുത്തിയതും അവളുടെ ഉടൽ ആലില പോലെ വിറച്ചു കൊണ്ടിരുന്നു.

വിയർപ്പ് തുള്ളികൾ അവളുടെ നെറ്റിതടത്തിൽ നിര നിരയായി തൂങ്ങി കിടന്നു.

നെട്ടെല്ലിലൂടെ വിയർപ്പ് ചാലിട്ട് ഒഴുകിയതും അസ്വസ്ഥതയോടെ അവൾ പുതപ്പ് അല്പം പൊന്തിച്ചു കണ്ണുകൾ പുറത്തേക്കിട്ടു.

റൂമിനു ചുറ്റും അവളുടെ കണ്ണുകൾ തിരഞ്ഞു.

ആസ്വഭാവികമായ ഒന്നും അവിടെ കണ്ടെത്താനായില്ല.

എങ്കിലും ആ മേശപ്പുറത്തെ സ്റ്റാൻഡിൽ ഉള്ള മിററിൽ അവൾ നോക്കി.

അവിടെയും ഒന്നും കാണാൻ കഴിഞ്ഞില്ല.

മനസിലേക്ക് അല്പം ആശ്വാസ കാണികകൾ എത്തി ചേർന്നതും ദക്ഷിണ പുതപ്പ് അല്പം ധൈര്യം സംഭരിച്ചു ഉയർത്താൻ നോക്കി.

പെട്ടെന്ന് അവിടെ ഒരു മൂളിപ്പാട്ട് കേട്ടു തുടങ്ങി.

ഒരു സ്ത്രീയുടെ ശബ്ദത്തിൽ

കുയിലിന്റെ നാദം പോലെ.

അത്രയ്ക്കും മനോഹരമായിരുന്നു അത് ശ്രവിക്കുവാൻ.

അതു കേട്ടതും ഉള്ള ധൈര്യം കൂടി ദക്ഷിണക്ക് നഷ്ടപ്പെട്ടു.

പുതപ്പിലേക്ക് ഊളിയിട്ടുകൊണ്ട് അവൾ അർജുനൻ ഫൽഗുണൻ പാർഢൻ ചൊല്ലി തുടങ്ങി.

പക്ഷെ വീണ്ടും അവിടെ ആ മൂളിപ്പാട്ട് അവിടെ മുഴങ്ങി.

പഴയ മലയാളം പാട്ടാണ് അതിന്റെ പിന്നിലുള്ളതെന്നു അവൾക്ക് തോന്നി.

ആ ഈണം അവൾക്ക് നന്നേ പരിചയമുള്ള പോലെയായിരുന്നു.

മുൻപേപ്പോഴോ കേട്ടു മറന്ന പോലെ.

"മുത്തു മണി തൂവൽ തരാം

അല്ലിതളിരാട തരാം

നറുപൂവിതളിൽ മധുരം പകരാം

ചെറു പൂങ്കാറ്റായി മെല്ലെ താരാട്ടാം"

പഴയ ആ മലയാളം പാട്ടിന്റെ വരികൾ അവളുടെ ബോധ തലത്തിൽ നിന്നും നാവിൽ തുമ്പിലേക്ക് അപ്പോഴേക്കും ഓടിയെത്തിയിരുന്നു.

ആരാണ് മൂളി പാട്ട് പാടുന്നതെന്നറിയാൻ അവളിൽ ആകാംഷ ഉണ്ടായി.

പക്ഷെ വെളിയിലേക്ക് തലയിട്ട് നോക്കാൻ അവളിലെ മനസാക്ഷി അനുവദിച്ചില്ല.

ഏറെ ഹൃദ്യമായ ആ മൂളിപ്പാട്ടിൽ ആ താരാട്ട് പാട്ടിൽ ദക്ഷിണ അങ്ങനെ ലയിച്ചു കിടന്നു.

ആ പാട്ട് തന്നെ മാനസികമായി കിഴപ്പെടുത്തുന്ന പോലെ അവൾക്ക് തോന്നി.

പൊടുന്നനെ ആ പാട്ട് നിലച്ചു.

റൂമിൽ എങ്ങും കനത്ത നിശബ്ദത വേട്ടയാടി.

ഒരു പ്രതികരണവും കേൾക്കാതായതോടെ വീണ്ടും അല്പം ധൈര്യം സംഭരിച്ചു അവൾ പുതപ്പിന് വെളിയിലേക്ക് തലയിട്ട് നോക്കി.

എങ്ങും കനത്ത നിശബ്ദത മാത്രം.

നേരിയ ഭയത്തോടെ അവൾ പുതപ്പ് മുഴുവനായും എടുത്തു മാറ്റി.

ഇത്രയും കട്ടിയുള്ള പുതപ്പിൽ അമർന്നു കിടന്നതിന്റെ ബാക്കി പത്രം അവളിൽ അവശേഷിച്ചിരുന്നു.

സ്ഥാനം മാറി കിടക്കുന്ന സാരിയുടെ വിടവിലൂടെ ദക്ഷിണയുടെ വയറിന്റെ നല്ലൊരു ഭാഗം കാണാമായിരുന്നു.

ഇരുത്തത്തിനനുസൃതമായി സൃഷ്ടിക്കപ്പെട്ട മടക്കിൽ വിയർപ്പ് കണങ്ങൾ പൊടിഞ്ഞിരിക്കുന്നു.

ശംഖഴകുള്ള കഴുത്തിലൂടെ ഊർന്നിറങ്ങിയ തുള്ളികൾ അവളുടെ ബ്ലൗസിനുള്ളിൽ പൊതിഞ്ഞിരിക്കുന്ന രണ്ടു ഗോളങ്ങൾക്കിടയിൽ അഭയം പ്രാപിച്ചു.

വിയർത്തൊട്ടിപിടിച്ച ബ്ലൗസ്സിൽ അങ്ങിങ്ങായി വിയർപ്പ് പറ്റിപിടിച്ചതിന്റെ നനവ് മാത്രം അവശേഷിച്ചിരുന്നു.

ഇരു കക്ഷങ്ങളും വിയർപ്പിനാൽ ഒരുപോലെ നനഞ്ഞു കുതിർന്നിരുന്നു.

അവളുടെ തിങ്ങി നിറഞ്ഞു നിൽക്കുന്ന മാറിടങ്ങളുടെ എളിയ ദർശനം അവിടെ വെളിവായി.

തന്റെ സ്ഥാനം തെറ്റി കിടക്കുന്ന വസ്ത്രങ്ങളുടെ ചാപല്യത്തെ പഴിച്ചു കൊണ്ട് അവൾ അത് സ്വയമേവ നേരെയാക്കിയിട്ടു.

അവളുടെ പൂച്ചകണ്ണുകൾ മുറിയിലാകമാനം ഓടി നടന്നു.

അതിനു ശേഷം സംഭ്രമത്തോടെ അവൾ ആ കണ്ണാടിക്ക് സമീപത്തേക്ക് നടന്നു.

ഭയം കാരണം അവളുടെ ഓരോ കാലടികളും വിറച്ചു.

പക്ഷെ അങ്ങോട്ട് തന്നെ പോകണമെന്ന് ആരോ തന്റെ ഉള്ളിൽ നിന്നു പറയുന്ന പോലെ അവൾക്ക് തോന്നി.

ധൈര്യം ആവോളം സംഭരിച്ചു പതിയെ ആ സ്റ്റാൻഡിനു സമീപത്തേക്ക് നടന്നെത്തിയ ദക്ഷിണ മുഷ്ടി ചുരുട്ടി പിടിച്ചു കണ്ണാടിയിലേക്ക് തുറിച്ചു നോക്കി.

കണ്ണാടിയിൽ പുഞ്ചിരിക്കുന്ന തന്റെ പ്രതിബിംബം അതുകണ്ടതും ശ്വാസം നിലച്ച പോലെ അവൾക്ക് തോന്നി.

ഒന്നും ഉരിയാടാനാവാതെ വായ് പൊത്തി പിടിച്ചു അവൾ ഭയന്നു വിറച്ചു.

അവൾക്ക് എങ്ങോട്ടേലും ഓടിയൊളിക്കണമെന്ന് തോന്നി.

പക്ഷെ കാലുകൾ അനക്കാൻ കഴിയുന്നില്ലായിരുന്നു.

മഞ്ഞിൽ പുതഞ്ഞ പോലെ അത് മരവിച്ചങ്ങനെ നിന്നു.

ദക്ഷിണയുടെ കണ്ണുകൾ ഭയം മൂലം ചിമ്മി തുറന്നുകൊണ്ടിരുന്നു.

തന്റെ ശരീരത്തിൽ എന്തൊക്കെയോ മാറ്റങ്ങൾ വരുന്ന പോലെ അവൾക്ക് തോന്നി.

ആകപ്പാടെ ഒരു തരിപ്പും കുളിരും.

"ദക്ഷിണ.......... "

കണ്ണാടിയിലെ പ്രതിബിംബം തന്റെ പേര് നീട്ടി വിളിക്കുന്നത് കണ്ട് അവൾ ഒന്നുകൂടി ഭയത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തി ചേർന്നു.

"എ....എന്റെ....പ്....പേർ....പേര് എങ്ങനെ?

വിറച്ചുകൊണ്ടിരിക്കെ അവൾക്ക് പറഞ്ഞത് സ്വയം മുഴുവിക്കാനായില്ല.

അപ്പോഴേക്കും അവളുടെ വാക്കുകളെ ഭയം കീഴ്പ്പെടുത്തി കളഞ്ഞു.

"എനിക്കറിയാം ദക്ഷിണ കാരണം നീയാണ് ഞാൻ..........ഞാനാണ് നീയും"

അതും പറഞ്ഞുകൊണ്ട് അവളുടെ അതേ രൂപം അട്ടഹസിക്കുവാൻ തുടങ്ങി.

"നോ..... നീ ഞാനല്ല...........എനിക്ക് വല്ല ഹാലൂസിനേഷനും തോന്നിക്കാണും...........ഇതൊക്കെ ജസ്റ്റ് ഒരു ഡ്രാമ മാത്രമാണ് "

ഭയത്തിനിടയിലും ദക്ഷിണ പല്ലുകൾ ഞെരിച്ചു കൊണ്ട് പറഞ്ഞു.

ഇപ്പൊ അനുഭവിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയെ അവൾ തീർത്തും വെറുത്തിരുന്നു.

"അല്ല ദക്ഷിണ നമ്മൾ രണ്ടും രണ്ടല്ല...........ഒന്നാണ്............ഒരേ സത്വം ഒരേ ആത്മാവ് ഒരേ മനസഃക്ഷി ഒരേ ചിന്തകൾ ഒരേ കണ്ണുകൾ ഒരേ....."

"സ്റ്റോപ്പ് ഇറ്റ് "

ദക്ഷിണ സ്വന്തം പ്രതിബിംബത്തിനോട് ഷൗട്ട് ചെയ്തു.

ആ രൂപം പറഞ്ഞ കാര്യങ്ങൾ സമ്മതിക്കുവാൻ അവളുടെ മനസാക്ഷി അനുവദിച്ചില്ല.

"ഇതുപോലുള്ള വിഡ്ഢിത്തരങ്ങൾക്ക് ചെവി കൊടുക്കാൻ എനിക്ക് നേരമില്ല...........വിൽ യൂ പ്ലീസ് സ്റ്റോപ്പ് ദിസ് ബുൾഷിറ്റ്."

ദക്ഷിണ കണ്ണാടിക്ക് നേരെ വിരൽ ചൂണ്ടിക്കൊണ്ട് ചീറി.

"നെവർ ദക്ഷിണ........... ബി കൂൾ...........ഞാൻ നീയാണെന്ന് മനസിലാക്കുക..........എനിക്ക് വേണ്ടിയാണ് നീ ജന്മമെടുത്തതെന്ന് മനസിലാക്കുക...........എന്റെ ലക്ഷ്യങ്ങളാണ് നിന്റെ ലക്ഷ്യങ്ങളെന്ന് മനസിലാക്കുക...........ഞാൻ നഷ്ടപ്പെടുത്തിയതെന്തോ അത് നിന്നിലൂടെ ഞാൻ നേടുമെന്ന് മനസിലാക്കുക........"

"Damn ഇറ്റ് "

ദക്ഷിണ കോപത്തോടെ മേശയിൽ മുഷ്ടി ചുരുട്ടിയിടിച്ചു.

അവൾക്ക് ഇപ്പൊ പഴയതു പോലെ ഭയമോ മറ്റൊന്നോ ഒന്നുമില്ലായിരുന്നു.

എങ്ങനേലും ഈ സമസ്യയിൽ നിന്നും രക്ഷതേടാൻ അവളുടെ മനസ് വെമ്പി.

"ദക്ഷിണ ഒന്നു ശ്രവിക്കൂ.............ഞാൻ നിന്റെ പൂർവ കാല ജന്മമാണ് നീയോ എന്റെ പുനർജന്മമവും............സമയം ആഗതമാകുമ്പോൾ ഞാൻ നിന്നിൽ പൂർവ ജന്മ സ്മൃതികളോടെ ഉടലെടുക്കും...........അതിനു വേണ്ടി ഞാൻ കാത്തിരിക്കുന്നു.............ഇനിയീ കണ്ണാടി ചില്ലുകളിൽ നീയെന്നെ മാത്രമേ ദർശിക്കൂ...........ദക്ഷിണ ഇപ്പോൾ ഞാൻ പോകുന്നു.............. നീ എന്നെ ഭയപ്പെടരുത്"

അത്രയും പറഞ്ഞുകൊണ്ട് ആ രൂപം കണ്ണാടിയിൽ നിന്നും മറഞ്ഞു.

ഇപ്പൊ ദക്ഷിണയുടെ നിർവികാരത നിറഞ്ഞ സ്വന്തം മുഖമായിരുന്നു കണ്ണാടിയിൽ പ്രതിഫലിച്ചത്.

ദക്ഷിണ ഭയമറ്റ മനസോടെ അവിടെയുള്ള ചെയറിൽ അമർന്നിരുന്നു.

അല്പം മുന്നേ നടന്നതൊന്നും വിശ്വസിക്കാനാവാതെ മേശയിൽ കൈമുട്ട് താങ്ങായി വച്ചു കൈക്കുമ്പിളിൽ അവൾ തൻറെ മുഖം ഒളിപ്പിച്ചു വച്ചു.

ഒരാശ്വാസത്തിനെന്ന വണ്ണം
.
.
.
.
ഒരു ഇരവും പകലും നീണ്ടു നിന്ന ഗവേഷണങ്ങൾക്ക് ശേഷം രുദ്രൻ തിരുമേനി തന്റെ അറയിൽ നിന്നും പുറത്തിറങ്ങി.

കയ്യിലുള്ള താലിയോലയിലേക്ക് അദ്ദേഹത്തിന്റെ ദൃഷ്ടി പതിഞ്ഞു.

എന്തോ കണ്ടെത്തിയ സന്തോഷം ആ മുഖത്തു കളിയാടുന്നുണ്ട്.

അദ്ദേഹത്തിന്റെ ഉള്ളം കയ്യിൽ ആ താളിയോലകൾ ഞെരിഞ്ഞമർന്നു.

അവ ആ ഉള്ളം കയ്യിൽ കിടന്ന് ശ്വാസം മുട്ടി.

വൈരജാതനായ അഥർവ്വനെ സംബന്ധിച്ച ചില ഞെട്ടിപ്പിക്കുന്ന രേഖകൾ താലിയോലയിൽ നിന്നും കണ്ടെത്തി.

രുദ്രൻ തിരുമ്മേനി അതിനെ മനസിലിട്ട് മഥിക്കുകയായിരുന്നു.

അപ്പോഴാണ് ഒരു അലർച്ച അദ്ദേഹത്തിന്റെ കാതുകളിൽ വന്നു പതിച്ചത്.

സംഭ്രമത്തോടെ അദ്ദേഹം മുഖമുയർത്തി നോക്കിയതും കണ്ടത് ദക്ഷിണ വാലിന്മേൽ തീ പിടിച്ച പോലെ ഓടുന്നതായിരുന്നു.

അതു ദർശിച്ച മാത്രയിൽ അദ്ദേഹം നെഞ്ചും തടവിക്കൊണ്ട് തന്റെ ഊന്നു വടി നിലത്തു ആഞ്ഞു കുത്തിക്കൊണ്ട് മുന്നോട്ടേക്ക് നടന്നു.

എന്തോ അപകടം ദക്ഷിണ മോൾക്ക് സംഭവിച്ചെന്ന് അദ്ദേഹത്തിന്റെ മനസ് പറഞ്ഞു.

പെട്ടെന്നൊരു ഉൾപ്രേരണയിൽ ദക്ഷിണക്ക് പിറകെ പോകാതെ അവളിറങ്ങി ഓടിയ റൂമിലേക്ക് അദ്ദേഹം ഓടിച്ചെന്നു.

അവിടെ സംശയസ്പദമായി ഒന്നും തന്നെ കണ്ടെത്താൻ സാധിച്ചില്ല.

പെട്ടെന്നു ഉള്ളിലായി ഇടനാഴിയുടെ ഒരു കോണിൽ മറ്റൊരു മുറി ദർശിച്ചതും അദ്ദേഹം അങ്ങോട്ടേക്ക് ഓടിപിടഞ്ഞെത്തി.

ആ മുറിയുടെ വാതിൽ തുറക്കപ്പെട്ടത് കണ്ട് സങ്കോചത്തോടെ രുദ്രൻ തിരുമേനി ആ മുറിയിലേക്ക് കയറി.

അവിടെ കണ്ട കാഴ്ച അദ്ദേഹത്തെ ഞെട്ടിക്കുന്നതായിരുന്നു.

മുറിയുടെ ഭീതിയിലുള്ള മുത്തുമണിയുടെ ഛായാചിത്രത്തിന് സംഭവിച്ച മാറ്റങ്ങൾ കണ്ട് അദ്ദേഹം ഉൾക്കിടിലത്തോടെ ആ ചിത്രത്തിനു സമീപത്തേക്ക് നടന്നടുത്തു.

ആ ചിത്രത്തിലെ മുത്തുമണിയുടെ മുഖത്തിന്റെ നേർപകുതി പൊള്ളലേറ്റ പോലെ കിടപ്പുണ്ട്.

അവളുടെ പൂച്ചക്കണ്ണുകളിൽ പകയും ക്രോധവും സമ്മിശ്രമായ ഒരു വികാരം തെളിഞ്ഞു നിന്നു.

ആ ചിത്രത്തിലെ മുത്തുമണിയുടെ കണ്ണുകൾ ഇമ ചിമ്മുന്നു.

ജീവനുള്ളത് പോലെ.

ആ മായകാഴ്ച കണ്ട് രുദ്രൻ തിരുമേനിക്ക് വിശ്വസിക്കാനായില്ല.

അദ്ദേഹത്തിന്റെ മനസിലെ ചില സംശയങ്ങൾ ശരി വെക്കുന്ന തരത്തിൽ അടിവരയിടുന്ന കാഴ്ചകൾ ആയിരുന്നു അപ്പൊ സംഭവിച്ചുകൊണ്ടിരുന്നത്.

"വല്ല്യച്ഛ"

മുത്തുമണിയുടെ ശബ്ദം കാതിൽ പതിഞ്ഞതും രുദ്രൻ തിരുമേനിയൊന്ന് ഞെട്ടി.

അദ്ദേഹം കണ്ണുകൾ പൂട്ടി വച്ചു എന്തോക്കെയോ മന്ത്രങ്ങൾ ജപിച്ചു തുടങ്ങി.

അപ്പോഴും ആ മുറിയാകെ അസ്സഹനീയമാം വിധം കുളിര് അനുഭവപ്പെട്ടത് അദ്ദേഹത്തെ വല്ലാതെ കുഴക്കി.

മന്ത്രോച്ചാരണം കഴിഞ്ഞതും രുദ്രൻ തിരുമേനി പ്രതീക്ഷയോടെ കണ്ണുകൾ തുറന്നു നോക്കി.

അവിടെ മുത്തുമണിയുടെ ഛായചിത്രം ഇപ്പൊ പഴയതു പോലെ തന്നെയുണ്ട്.

ഒരു മാറ്റവും സംഭവിച്ചിട്ടില്ല.

അതു കണ്ടതും അദ്ദേഹം ആശ്വാസത്തോടെ നെടുവീർപ്പെട്ടു.

അതിനു ശേഷം രുദ്രൻ തിരുമേനി റൂമിനു വെളിയിലേക്കിറങ്ങി.

ചിന്താഭാരമേറിയ മനസോടെ അദ്ദേഹം വീണ്ടും തന്റെ അറിയിലേക്ക് പോയി.
..
.
.
.
തേവക്കാട്ട് മനയിൽ നിന്നും യാത്ര തിരിച്ച ആ വിലകൂടിയ കാർ ഓടിച്ചു കൊണ്ടിരുന്നത് ബാലരാമൻ ആയിരുന്നു.

കൂടെ ഉണ്ടായിരുന്നത് അദ്ദേഹത്തിന്റെ ഭാര്യ സീതയും.

യാത്രയിലുനീളം അവർ മൗനം പാലിച്ചു.

ദേശം നാല്കവല കഴിഞ്ഞതും സീത തന്നെ മുൻകൈയെടുത്തു ആ മൗനത്തിന് വിരാമമിട്ടു.

"എങ്കിലും എനിക്കിപ്പോഴും വിശ്വസിക്കാൻ പറ്റുന്നില്ല ബാലരാമേട്ടാ...........അനന്തൂട്ടനെ പോലെ ആ മോളും ഉണ്ടെന്ന്.............എന്തൊക്കെ അത്ഭുതങ്ങൾ ആണല്ലേ നമുക്ക് ചുറ്റും സംഭവിക്കുന്നത്..........ഞാൻ വല്ലാത്ത ആകാംക്ഷയിലാ ഇപ്പോഴും"

സീതയുടെ വാക്കുകളിൽ ആശ്ചര്യം തുളുമ്പി നിന്നു.

"വിശ്വസിക്കാതെ പറ്റില്ലല്ലോ സീതേ...........
അനന്തുവിനെ നമ്മൾ നേരിട്ട് കണ്ടില്ലേ...........അതുപോലെ ആ കുട്ടിയേയും കാണും"

ഭാര്യയുടെ വാക്കുകളെ ശരിവച്ചുകൊണ്ട് അദ്ദേഹം ഡ്രൈവിങ്ങിൽ ശ്രദ്ധ തിരിച്ചു.

ഏറെ നേരത്തെ യാത്രയ്ക്ക് ശേഷം അവർ ദേശം ഗ്രാമത്തിന്റെ അതിർത്തിയിൽ എത്തി ചേർന്നു.

അവിടെ ഒരു പുഴ ഒഴുകുന്നതിന്റെ കരയിൽ അവർ വണ്ടി കൊണ്ടു ചെന്നു നിർത്തി.

അതിനു ശേഷം അവർ ഇരുവരും കാറിൽ നിന്നും പതിയെ ഇറങ്ങി.

ചാവി കയ്യിൽ മുറുകെ പിടിച്ചുകൊണ്ടു ബാലരാമൻ മുന്നേ നടന്നു.

പിറകെ സീതയും.

ഒരൂഹം വച്ചു ബാലരാമൻ എത്തേണ്ട വീട് കണ്ടു പിടിച്ചിരുന്നു.

അവർ നേരെ എത്തിച്ചേർന്നത് അരുണിമയുടെ വീട്ടിലും.

വീടിനു മുന്നിൽ നിന്നുകൊണ്ട് ബാലരാമൻ അകത്തേക്ക് നോക്കി വിളിച്ചു.

"ആരൂല്ലെ ഇവിടെ? "

അദ്ദേഹത്തിന്റെ ഘനഗാംഭീര്യമുള്ള ശബ്ദം അവിടെ മുഴങ്ങിയതും ആരുടെയോ കാലൊച്ചകൾ അവരെയും തേടിയെത്തി.

മുറ്റത്തേക്കിറങ്ങി വന്ന ആശ വന്നിരിക്കുന്ന അഥിതികളെ കണ്ട് ആദ്യം ഒന്നു അമ്പരന്നു.

അതിനു ശേഷം തൊഴുകൈയ്യോടെ അവർ പിടച്ചുകൊണ്ട് മുറ്റത്തേക്കിറങ്ങി.

"അങ്ങുന്നേ ന്തൊരു അതിശയാ ഇതു.......... എനിക്ക് വിശ്വസിക്കാൻ കഴിയണില്ല്യ............ഞങ്ങളെ വീട്ടിലേക്ക് വായോ"

ആശക്ക് വെപ്രാളം കാരണം എന്തൊക്കെയാ പറയുന്നതെന്ന് ഒരു ബോധമില്ലായിരുന്നു.

അവരുടെ ക്ഷണം സ്വീകരിച്ചു ബാലരമനും സീതയും ആ വീട്ടിലേക്ക് കയറി.

പിറകെ ആശയും.

പെട്ടെന്ന് ആശ അവിടെയുണ്ടായിരുന്ന നല്ലൊരു തുണി എടുത്തുകൊണ്ടു വന്നു കസേരകൾ വൃത്തിയിൽ തുടക്കാൻ തുടങ്ങി.

പക്ഷെ അപ്പോഴേക്കും സീത ശാസനയോടെ അതിനെ എതിർത്തു.

അതിനു ശേഷം അവർ ആ കസേരകളിൽ ഇരുന്നു.

വീടൊക്കെ ആകെ അലങ്കോലമായി കിടക്കുന്നത് കണ്ട് ആശക്ക് വല്ലാതെ ചളിപ്പ് തോന്നി.

തന്റെ രണ്ടു പ്രിയപ്പെട്ട മാനസ പുത്രിമാരെ അവർ മനസാലെ സ്മരിച്ചു.

"പേരെന്താന്നാ പറഞ്ഞെ?"

ആശയെ ചൂണ്ടി കാണിച്ചുകൊണ്ട് സീത ചോദിച്ചു.

"ന്റെ പേര് ആശാന്നാ"

തന്റെ സ്വതസിദ്ധമായ പുഞ്ചിരി വെളിവാക്കിക്കൊണ്ട് ആശ പറഞ്ഞു കൊടുത്തു.

"അതെ സീതേ...........ആശ നമ്മുടെ സ്കൂളിൽ കഞ്ഞിവെപ്പാ...........കെട്ടിയോൻ രാജൻ കള്ളു ചെത്താ തൊഴിൽ...........മനയിലെ പൂജകളിൽ ഇടക്ക് നല്ല പനങ്കള്ള് ഒക്കെ കൊണ്ടു തരുന്നത് അവനാ"

ബാലരാമൻ സീതയോടായി പറഞ്ഞു.

"പറഞ്ഞ പോലെ രാജനെവിടെ?"

ബാലരാമൻ അതു ചോദിച്ചതും ആശ മണ്ടത്തരം പറ്റിയെ പോലെ തന്റെ കൈത്തതലം നെറ്റിയിൽ മുട്ടിച്ചു.

ശേഷം വേഗം തന്നെ മറ്റൊരു മുറിയിലേക്ക് കയറി പോയി.

അവിടെ ഉറങ്ങുകയായിരുന്ന തന്റെ കെട്ടിയോനെ പിടിച്ച പിടിയാലേ വലിച്ചു കൊണ്ടു വന്നു.

ബലരാമനെ കണ്ടതും രാജൻ അത്യധികം ബഹുമാനത്തോടെ അവരെ വണങ്ങി.

"രാജാ സുഖം തന്നെയല്ലേ?"

"സുഖം തന്നെ അങ്ങുന്നേ"

രാജൻ ബഹുമാനത്തോടെ മൊഴിഞ്ഞു.

"ആശേ വേഗം ചായ വെക്ക് "

രാജൻ അവളെ നോക്കി കണ്ണുരുട്ടിയതും ആശ ധൃതിയിൽ അടുക്കളയിലേക്ക് ഓടുവാനായി തുനിഞ്ഞു.

പക്ഷെ അപ്പോഴേക്കും സീത അവളെ തടഞ്ഞിരുന്നു.

"അതൊന്നും വേണ്ട ആശേ..........നിങ്ങളെ കാണാൻ വന്നതാ ഞങ്ങള്.........പെട്ടെന്ന് തന്നെ തിരിച്ചു പോണം...........ബാലരാമേട്ടന് വേറൊരാളെ അർജെന്റ് ആയി കാണാനുണ്ട്"

സീത പറഞ്ഞത് കേട്ടിട്ട് ആശ ആകെ നടുക്കടലിൽ പെട്ട അവസ്ഥയിലായി.

ചായ വെക്കണമെന്നുമുണ്ട് അവരാണേൽ നിഷേധിക്കുകയും ചെയ്യുന്നു.

ആശയുടെ മാനസികാവസ്ഥ കണ്ട് സീത അവളുടെ രക്ഷയ്ക്ക് വന്നു.

"എവിടെ മക്കള്?ഞങ്ങള് അരുണിമ മോളെ കാണാൻ വന്നതാ"

സീതയുടെ പറച്ചിൽ കേട്ട് തന്റെ മകളെ ഇവർക്കെങ്ങനെ പരിചയമെന്ന് ആശക്ക് തോന്നിയെങ്കിലും തത്കാലം അവരെ വിളിക്കുവാൻ അവർ നിശ്ചയിച്ചു.

"ഇവിടിരുന്നോട്ടോ മക്കള് പൊഴേൽ നനക്കാൻ പോയിരിക്ക്യ............ഞാൻ ചെന്ന് വിളിച്ച് വരാ"

സീത തലയാട്ടിയതും ആശ നേരെ പുഴയിലേക്ക് വച്ചു പിടിച്ചു.

ഈ സമയം ബാലരാമൻ രാജനോട് കള്ളു ചെത്തുന്നതിനെ കുറിച്ച് എന്തൊക്കെയോ ചോദിക്കുന്നുണ്ടായിരുന്നു.

പക്ഷെ സീത അതിനു ചെവി കൊടുത്തില്ല.

ഈ സമയം മക്കളെ പിടിച്ച പിടിയാലേ ആശ അവർക്ക് മുന്നിലേക്ക് ഹാജരാക്കി.

അലസമായി കെട്ടിവച്ച മുടിയുമായി സോപ്പ്കാരത്തിന്റെ വഴുവഴുപ്പ് കയ്യിലേന്തിക്കൊണ്ട് അരുണിമ നിൽക്കുന്നത് കണ്ട് സീത ആന്തലോടെ എണീറ്റു നിന്നു.

അവളുടെ തിളങ്ങുന്ന പൂച്ചക്കണ്ണുകളിൽ ആയിരുന്നു സീതയുടെ നോട്ടം ചെന്നു പതിച്ചത്.

അവളുടെ മുഖം കൂടുതൽ ദൃഢമായി തന്റെ മനസിൽ ആഴത്തിൽ പതിപ്പിക്കുമ്പോഴും സീതയുടെ ചുണ്ടുകൾ മന്ത്രിച്ചു.

"കല്യാണി"

കല്യാണി എന്ന പദം കേട്ടതും അരുണിമയിൽ ആകപ്പാടെ മാറ്റങ്ങൾ സംഭവിച്ചു തുടങ്ങി.

വല്ലാത്തൊരു കുളിരും വിറയലും അവൾക്ക് അനുഭവപ്പെട്ടു.

സീതയിൽ തന്നെയായിരുന്നു അവളുടെ കണ്ണുകളും.

ഈ സമയം സീത പതിയെ അവൾക്കരികിലേക്ക് നടന്നു വന്നു.

അതിനു ശേഷം അരുണിമയെ ഒന്നുകൂടി നോക്കി നിന്നു.

തുടർന്നു അവളുടെ മുഖത്ത് അനുസരക്കേടോടെ പറ്റി പിടിച്ച മുടിയിഴകളെ ശാസനയുടെ സ്വരത്തിൽ സീത കോതിയൊതുക്കി വച്ചു.

അരുണിമയുടെ കവിളിൽ പതിയെ പിച്ചി.

സീതയുടെ ആ പ്രവൃത്തി അവൾക്ക് നന്നേ ഇഷ്ട്ടായി.

കൂടാതെ അരുണിമയ്ക്ക് അരികിൽ നിൽക്കുന്ന കുറുമ്പിയെയും വാത്സല്യത്തോടെ സീത നോക്കി.

"ഇതാ എന്റെ മക്കള് "

ആശ അവരെ ചേർത്തു പിടിച്ചുകൊണ്ടു പറഞ്ഞു.

അവരുടെ പറച്ചിലിൽ നിന്നും മനസിലായെന്ന അർത്ഥത്തിൽ അവർ തലയാട്ടി.

ആശ പറഞ്ഞത് കേട്ട് അരുണിമയും അവളുടെ അനിയത്തിയും അവരെ ഒന്നാകെ വണങ്ങി.

" അയ്യോ മക്കളെ അതൊന്നും വേണ്ടാട്ടോ"

സീത അവരെ സ്നേഹപൂർവ്വം തടഞ്ഞു.

സീതയുടെ വിനയവും പെരുമാറ്റവും അരുണിമയ്ക്ക് നന്നേ ബോധിച്ചു.

"മോളെ കൈയ്ക്ക് ഇപ്പൊ എങ്ങനുണ്ട്?കുറവുണ്ടോ?

"കുറവുണ്ടമ്മേ "

അറിയാതെ അമ്മ എന്ന പദം ഉച്ചരിച്ചതും അരുണിമ ഞെട്ടലോടെ വായ് പൊത്തി.

തേവക്കാട്ട് കുടുംബത്തിലെ മരുമകളെ അമ്മയെന്നു വിളിച്ചതിന് വേറെ പൊല്ലാപ്പുണ്ടാകുമോ എന്നവൾ ഭയന്നു.

"അയ്യോ അറിയാതെ വിളിച്ചു പോയതാണേ..........ക്ഷമിക്കണേ "

അരുണിമ കൈകൾ കൂപ്പി തൊഴുതി.

"അതൊന്നും സാരമില്ല മോളെ...........ഞാനും ഒരമ്മ തന്നാ............എന്നെ അങ്ങനെ തന്നെ വിളിച്ചോട്ടോ "

സീത വാത്സല്യത്തോടെ അവളുടെ നെറുകയിൽ തലോടി.

അരുണിമ ആത്മനിർവൃതിയോടെ കണ്ണുകൾ അടച്ചു പിടിച്ചു നിന്നു.

"മോളെ അനന്തു അറിയാതെ വന്നു ഇടിച്ചു പോയതാ........... മോൾക്ക് എന്തേലും ബുദ്ധിമുട്ട് ഉണ്ടായേൽ ഞങ്ങള് അവന്
വേണ്ടി ക്ഷമ ചോദിക്കുവാ കേട്ടോ"

സീതയുടെ ക്ഷമാപണം കേട്ടതും അരുണിമ നിഷേധാർത്ഥത്തിൽ തലയാട്ടിക്കോണ്ട് അരുതെന്ന അർത്ഥത്തിൽ വിലക്കി.

"അയ്യോ അമ്മേ എന്റെ ഭാഗത്താ തെറ്റ്............ഞാനാ റോങ്ങ് സൈഡിലൂടെ വണ്ടിയോടിച്ചത് അനന്തുവിന്റെ ഭാഗത്തു ഒരു തെറ്റുമില്ല"

അരുണിമ അവനെ ന്യായീകരിച്ചു.

"അറിയാം മോളെ..........എന്തേലും ആവശ്യമുണ്ടേൽ ഞങ്ങളെ തന്നെ വിളിക്കണേ "

ബലരാമൻ അവളോടായി പറഞ്ഞു.

അതുകേട്ടതും നിറഞ്ഞ മനസോടെ അവൾ തലയാട്ടി.

അനന്തുവുമൊത്തുണ്ടായിട്ടുള്ള മധുര തര നിമിഷങ്ങളും മറ്റും ഉള്ളിലൂറുന്ന പുഞ്ചിരിയോടെ അവൾ ഓർക്കുകയായിരുന്നു.

കൂടാതെ അല്പം മുന്നേ തന്നോട് ഇഷ്ട്ടം തുറന്നു പറഞ്ഞതു വരെ.

അതോർത്തപ്പോഴേക്കും നാണത്തിന്റെ ചെറു കണികകൾ അവളെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു.

തൽഫലമായി ഒരു പുഞ്ചിരി അവളുടെ അധരങ്ങളിൽ ഉടലെടുത്തു.

അനന്തു തന്റെ കണ്ണുകളിൽ നോക്കിക്കൊണ്ട് ഇഷ്ടമാണെന്നു പറഞ്ഞ നിമിഷം അവൾ വീണ്ടും അയവിറക്കുകയായിരുന്നു.

ആ നീലക്കണ്ണുകളുടെ നോട്ടം തന്റെ ആഴങ്ങളിലേക്കാണ് ഓരോ നിമിഷവും പതിഞ്ഞുകൊണ്ടിരുന്നത്.

ആദ്യ സമാഗമത്തിൽ തന്നെ ആദ്യാനുരാഗം തോന്നിയ പുരുഷൻ.

ഇപ്പോഴും തന്റെ ഹൃദയം ഓരോ നിമിഷം മിടിക്കുന്നത് പോലും അവന് വേണ്ടിയാണ്.

തനിക്ക് വേണ്ടി ജന്മം കൊണ്ടവൻ.

പക്ഷെ ഇഷ്ട്ടം തുറന്നു പറഞ്ഞതിന് ശേഷമുള്ള തന്റെ പെരുമാറ്റം കടുത്തതായിപോയി.

എന്തോ ആ സമയം അതിനെ സ്വീകരിക്കാനുള്ള മാനസികാവസ്ഥ തനിക്ക് ഉണ്ടായിരുന്നില്ല എന്നതാണ് സത്യം.

അടങ്ങാത്ത കോപം ആ നിമിഷം തന്നെ കീഴ്പ്പെടുത്തി.

ഇപ്പൊ ഒരായിരം വട്ടം മനസാലെ അനന്തുവിന്റെ കാലുകളിൽ വീണു കഴിഞ്ഞു.

താൻ ഓരോ നിമിഷവും പശ്ചാത്തപിച്ചുകൊണ്ട് തന്റെ പാപ ഭാരം ഒഴുക്കി കളയാൻ വെമ്പുന്ന മനസുമായി ഭ്രാന്തിയെ പോലെ അലയുകയാണ്.

ഇതിൽ നിന്നും തനിക്ക് മോചനമില്ലേ?

മിഴിക്കോണുകളിൽ കുമിഞ്ഞു കൂടിയ നീർക്കണങ്ങൾ സീത കാണാതെ അവൾ മറച്ചു പിടിച്ചു.

അവരുമായി അൽപ സമയം ചിലവഴിച്ച ശേഷം അവർ തിരികെ മടങ്ങി.

പോകുന്നതിനിടെ സീതയുടെ കണ്ണുകൾ ഒരിക്കൽ കൂടി അരുണിമയെ തേടിയെത്തി.

അരുണിമയെ മാത്രം.
.
.
.
-തേവക്കാട്ട് മന -
.
.
.
മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും വെരുകിനെ പോലെ ഓടി നടക്കുകയായിരുന്നു ലക്ഷ്മി.

അവളുടെ മനസ് ആകെ സംഘർഷഭരിതമായിരുന്നു.

ആകപ്പാടെ കുഴഞ്ഞു മറിഞ്ഞു കിടക്കുന്ന അവസ്ഥ.

ഉള്ളം കയ്യിൽ വില കൂടിയ മൊബൈൽ ഫോൺ ഭദ്രമായി പിടിച്ചിട്ടുണ്ട്.

അൽപ സമയം കഴിഞ്ഞതും അവളുടെ ഫോണിലേക്ക് ഒരു കാൾ തേടിയെത്തി

അതു കണ്ടതും അവളുടെ കണ്ണുകൾ മൃഗീയമായി തിളങ്ങി.

ആവേശത്തോടെ അവൾ കാൾ എടുത്തു.

"എന്തായി കാര്യങ്ങളൊക്കെ OK ആണോ?"

അവളുടെ ശബ്ദത്തിൽ വർധിത വീര്യം നിലനിന്നിരുന്നു.

മറുവശത്തു നിന്നും എന്തോ മൊഴിഞ്ഞതും അവളുടെ അധരങ്ങളിൽ ക്രൂരമായ ഒരു പുഞ്ചിരി വിടർന്നു.

"Ok ഇതാ ഡീറ്റെയിൽസ് പിടിച്ചോ........
പേര് അനന്തു.........നല്ല പൊക്കവും സൈസും ഉണ്ട്...........അവന്റെ ബൈക്ക് ബ്ലാക്ക് കളർ ബുള്ളറ്റ്..........നല്ല താടിയുമുണ്ട്...........കൊന്നു കളയണ്ട കൈയും കാലും അടിച്ചിടുക..........ദാറ്റ്സ് ആൾ...........കൃത്യം നടന്നു കഴിഞ്ഞാൽ സെക്കന്റിനുള്ളിൽ നിങ്ങൾക്ക് എമൗണ്ട് കിട്ടിയിരിക്കും...........ഐ പ്രോമിസ്"

ലക്ഷ്മി ചീറിക്കൊണ്ട് ഫോൺ കാൾ കട്ട് ചെയ്തു.

അതിനു ശേഷം അവൾ തിടുക്കത്തിൽ ബെഡിലേക്ക് ഫോൺ വലിച്ചെറിഞ്ഞു.

അപ്പോഴും അവളുടെ മുഖത്തു പക വേട്ടയടിക്കൊണ്ടിരുന്നു.

ഒപ്പം കൊലച്ചിരിയും.

അരുണിമയുടെ വീട്ടിൽ നിന്നും അവർ തിരിച്ചു പോരുകയാണ്.

സീതയും ബാലരാമനും.

കാർ ഡ്രൈവ് ചെയ്തുകൊണ്ടിരുന്ന ബലരാമൻ തന്റെ പ്രിയതമയെ ഒന്നു പാളി നോക്കി.

ആള് ചിന്താവിഷ്ടയായ ശ്യാമളയെ പോലെ ചടഞ്ഞിരിപ്പുണ്ട്.

അരുണിമയെ കണ്ട ഷോക്ക് ഇപ്പോഴും മാറിയിട്ടില്ലെന്ന് അയാൾക്ക് തോന്നി.

തല്ക്കാലം കൂടുതലൊന്നും ചിന്തിക്കാതെ അവർ നേരെ പട്ടണത്തിലേക്ക് പോയി.

അവിടെ തന്റെ ഉറ്റ സുഹൃത്തിന്റെ കുടുംബവുമായി സംബന്ധിച്ചശേഷം വൈകിട്ടോടെ അവർ മടങ്ങി.

തന്റെ ഭാര്യയെ പൊതിഞ്ഞിരിക്കുന്ന മൂകത്തിന്റെ പൊരുൾ അഴിച്ചു നോക്കാൻ ബലരാമൻ തീരുമാനിച്ചു.

"എന്താണ് ഭാര്യേ കാര്യമായ ചിന്തയിലാണല്ലോ?"

ബലരാമൻ ഗിയറിൽ നിന്നും കയ്യെടുത്ത് സീതയുടെ ഉള്ളംകയ്യിൽ പതിയെ പിടിച്ചു.

"മനസാകെ അസ്വസ്ഥമാണ് ബാലരാമേട്ടാ...................... രാവിലെ ആ കുട്ടിയെ കണ്ട ഞെട്ടൽ ഇതുവരെ മാറിയിട്ടില്ല...................... ഇപ്പോഴും ആ മുഖം എന്റെ മനസിനെ വേട്ടയാടിക്കൊണ്ടിരിക്കുവാ"

സീറ്റിലേക്ക് ചാരിയിരുന്നുകൊണ്ട് സീത മിഴികൾ അടച്ചു വച്ചു.

"നമുക്ക് ചുറ്റും പല അത്ഭുതങ്ങളും സംഭവിക്കാറില്ലേ.........................അതുപോലെ ഇതും കണ്ടാൽ മതി"

ഭാര്യയെ ആശ്വസിപ്പിക്കുവാനായി ബലരാമൻ പറഞ്ഞു.

പക്ഷെ ആ ആശ്വാസ വചനങ്ങൾ സീതയെ അനുഗ്രഹിച്ചില്ല.

ചിന്തകൾ കൊണ്ട് വിങ്ങി പൊട്ടുന്ന മനസോടെ അവൾ കാറിലിരുന്നു.

സന്ധ്യാസമയം കഴിഞ്ഞതും അവർ മനയിലേക്ക് തിരിച്ചെത്തി.

യാത്രാക്ഷീണം കാരണം സീതയ്ക്ക് നല്ലോണം തലവേദന ഉണ്ടായിരുന്നു.

ഡോർ തുറന്നതും ഭർത്താവിന്റെ കൈ തന്നിൽ പിടുത്തമിട്ടത് അവർ തിരിച്ചറിഞ്ഞു.

എന്താണെന്ന ഭാവത്തിൽ സീത ബാലരാമനെ നോക്കി.

"അരുണിമയുടെ കാര്യം നമ്മൾ മാത്രം അറിഞ്ഞാൽ മതി.....................വേറാരും അറിയണ്ട കേട്ടോ"

"ശരിയേട്ടാ!

സീത തല കുലുക്കിക്കൊണ്ട് സമ്മതിച്ചു.

ശേഷം കാറിൽ നിന്നുമിറങ്ങി നേരെ റൂമിലേക്ക് വച്ചു പിടിച്ചു.

കാർ പാർക്ക് ചെയ്തിട്ട് ബലരാമൻ നേരെ ശങ്കരന്റെ മുറിയിലേക്ക് നടന്നു പോയി.

അവിടെ ശങ്കരനും കാർത്യായനിയും എന്തൊക്കെയോ കൊച്ചു വാർത്തമാനങ്ങൾ പറഞ്ഞിരിക്കുകയായിരുന്നു.

അപ്പോഴാണ് ബാലരാമന്റെ അങ്ങോട്ടുള്ള വരവ്.

"ഹാ ബാലരാമാ നീയോ.....................വാ ഇവിടിരിക്ക് "

ബെഡിൽ കിടന്നുകൊണ്ട് തനിക്ക് ചാരെയുള്ള ഇരിപ്പിടത്തിലേക്ക് ശങ്കരൻ കൈ ചൂണ്ടി.

ബലരാമൻ ഭവ്യതയോടെ അവിടെയിരുന്നു.

"എന്താടാ എന്തേലും പറയാനുണ്ടോ?"

കാർത്യായനിയായിരുന്നു അവിടെ സംസാരത്തിനു തുടക്കം കുറിച്ചത്.

തന്റെ മൂത്ത സന്തതിയുടെ മുഖം കണ്ടപ്പോഴേ എന്തോ പറയുവാനുണ്ടെന്ന് ആ അമ്മയ്ക്ക് തോന്നിയിരുന്നു.

"ഉണ്ടമ്മേ ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്"

"എന്താടാ അത്?"

ബലരാമൻ മകനെ ഉറ്റു നോക്കി.

കുഞ്ഞികൃഷ്ണൻ സാറിനു നാളെ ഒഴിവുണ്ടെന്ന്.....................അപ്പൊ ചെറുക്കന്റെ വീട് കാണലിനു അവർ ഫാമിലിയായിട്ടു നാളെ തന്നെ പോരട്ടെ എന്ന് ചോദിച്ചു"

"എന്നിട്ട് നീയെന്തു പറഞ്ഞു?"

"അച്ഛനോട് ചോദിച്ചിട്ട് പറയാമെന്നു വിചാരിച്ചു"

"എടാ ബാലരാമാ ഇത്രേം ചെറിയ കാര്യങ്ങൾക്കൊക്കെ എന്റെ അനുവാദം ചോദിക്കേണ്ട ആവശ്യമുണ്ടോ? സന്ദർഭത്തിനനുസരിച്ച് നിനക്ക് പെരുമാറിക്കൂടെ........................അവരോട് നാളെ തന്നെ വരാൻ പറയ്......................തേവക്കാട്ട് ശങ്കരന്റെ കൊച്ചു മോനാന്ന് ശിവജിത്ത്..........................അപ്പൊ അവന്റെ വീട്ടുകാരുടെ പ്രൗഢി അവരും അറിയട്ടെ"

മീശ പിരിച്ചു വച്ചുകൊണ്ട് ശങ്കരൻ കാർത്യായനിയെ നോക്കി.

അവർ ശരിയാണെന്ന മട്ടിൽ തലയാട്ടി.

ശങ്കരൻ എന്തു തീരുമാനമെടുത്താലും ഇതുപോലെ തന്റെ ഭാര്യയുടെ അഭിപ്രായത്തിനായി ഒരു നോട്ടമെറിഞ്ഞിരിക്കും.

അത് പതിവുള്ളതാണ്.

"അയ്യോ അച്ഛാ കുഞ്ഞികൃഷ്ണൻ സാറിനു നമ്മളെ പണ്ടെ അറിയുന്നതല്ലേ "

ബാലരാമൻ എളിമയോടെ അച്ഛനെ കാര്യങ്ങൾ ധരിപ്പിക്കാൻ ശ്രമിച്ചു.

"ശരിയാണ്.......................പക്ഷെ അവിടുത്തെ സ്ത്രീജനങ്ങൾക്ക് അറിയില്ലല്ലോ.......................അപ്പൊ അവർക്കല്ലേ കൂടുതൽ മുൻതൂക്കം"

"ശരിയാ അച്ഛാ"

ബാലരാമൻ അതിനെ പിന്തുണച്ചു.

നാളത്തേക്കുള്ള ഒരുക്കങ്ങൾ വിജയനോടും ബാക്കിയുള്ളവരോടും ചെയ്യാൻ ശങ്കരൻ ഉത്തരവിട്ടു.

അതിനു ശേഷം ബാലരാമൻ അതിഥികൾ വരുന്ന കാര്യം കാലേ കൂട്ടി മാലതിയെ അറിയിച്ചു.

ശേഷം മനയിലെ മറ്റു കുടുംബാംഗങ്ങളെ കൂടിയും ഔപചാരികമായി അറിയിച്ചു.

യതീന്ദ്രനും അനന്തുവിനും ആയിരുന്നു എല്ലാത്തിനുമുള്ള ചുമതല നൽകിയത്.

അതുകൊണ്ട് തന്നെ എല്ലാ ഒരുക്കങ്ങൾക്കും മറ്റും അവർ ഓടി നടന്നു.

പലതവണ അവന്റെ ബുള്ളറ്റ് ദേശം ഗ്രാമം ചുറ്റിക്കറങ്ങി.

സാധങ്ങളെല്ലാം വാങ്ങി കൊടുത്ത് ഒരുക്കങ്ങൾക്ക് അനന്തു നേതൃത്വം കൊടുക്കുകയായിരുന്നു.

അപ്പോഴാണ് യതി വന്ന് അവനോട് മറ്റെങ്ങോട്ടോ പോകണമെന്ന് ആവശ്യപ്പെട്ടത്.

ബുള്ളറ്റിന്റെ എണ്ണ തീർന്നതിനാൽ അവിടെയുള്ള ഒരു കാറുമായി അവർ പുറപ്പെട്ടു.

കാർ ഓടിച്ചിരുന്നത് അനന്തുവും.

കുന്നത്ത് ദേവി ക്ഷേത്രത്തിലേക്ക് പോകണമെന്നാണ് യതീന്ദ്രൻ പറഞ്ഞത്.

അദ്ദേഹം ആവശ്യപ്പെട്ടത് അനുസരിച്ചു അനന്തു കാർ അങ്ങോട്ടേക്ക് ഓടിച്ചു.

ദേശം ഗ്രാമത്തിലെ ഒരൊ ഊടുവഴികൾ വരെ ഇപ്പോഴവന് കാണാപാഠമാണ്.

യാത്രയ്ക്കിടെ യതി പറഞ്ഞു തുടങ്ങി.

"നിന്റെ കൂടെ സഞ്ചരിക്കുമ്പോ ദേവൻ കൂടെയുണ്ടെന്നുള്ള പ്രതീതിയാ.....................ദേവന്റെ കൂടെ യാത്ര ചെയ്യുന്ന പോലെ തോന്നും"

അദ്ദേഹത്തിന്റെ പറച്ചിൽ കേട്ട് അനന്തു പുഞ്ചിരിച്ചു.

"ഞങ്ങൾ ഇതുപോലെ ഒരുപാട് യാത്ര ചെയ്തിട്ടുണ്ട്............................എന്റെ കൂടെ യാത്ര ചെയ്യാൻ അവന് ഒത്തിരി ഇഷ്ട്ടായിരുന്നു.......................കുഞ്ഞുനാളിലെ തൊട്ട് എന്റെ കൈവിരലേൽ തൂങ്ങി പിടിച്ചേ നടക്കൂ.........................അച്ഛനെക്കാളും ഇഷ്ട്ടം ഈ ഇളയച്ഛനോടായിരുന്നു "

യതി ഒരു നെടുവീർപ്പോടെ സീറ്റിലേക്ക് അമർന്നിരുന്നു.

അനന്തുവിന് ദേവൻ അമ്മാവനോട് അസൂയ തോന്നി.

മരിച്ചു മണ്ണടിഞ്ഞിട്ടും ഇപ്പോഴും അദ്ദേഹം ജീവിക്കുന്നു.

ഒരുപാട് പേരുടെ ഹൃത്തുക്കളിൽ.

വല്ലാത്തൊരു സൗഭാഗ്യം തന്നെയത്.

ആത്മഗതം പറഞ്ഞുകൊണ്ട് അവൻ വണ്ടിയൊടിച്ചു.

ഏറെ നേരത്തെ യാത്രക്ക് ശേഷം അവർ കുന്നത്ത് ദേവി ക്ഷേത്രത്തിലെത്തി.

അനന്തുവിനെ അവിടെ കാവൽ നിർത്തി യതീന്ദ്രൻ ക്ഷേത്രത്തിലേക്ക് തൊഴുവനായി കയറിപ്പോയി.

അത്യാവശ്യം ഭക്ത ജനങ്ങളെക്കൊണ്ട് അവിടെ നിറഞ്ഞിരുന്നു.

ഒരു വിശേഷവുമില്ലെങ്കിലും ഈ ക്ഷേത്രത്തിൽ എപ്പോഴും ആൾതിരക്ക് ആണെന്ന് അവന് തോന്നിപ്പോയി.

10 മിനിറ്റ് കഴിഞ്ഞതും യതി തൊഴുതു കഴിഞ്ഞു മടങ്ങി.

ഇളയച്ഛനെ കാത്ത് അനന്തു അവിടെ കാറിൽ ഇരിപ്പുണ്ടായിരുന്നു.

പടികൾ ധൃതിയിൽ ഇറങ്ങി വന്ന അദ്ദേഹം കാറിലേക്ക് വന്നു കയറി.

അദ്ദേഹം കയറിയതും അനന്തു കാർ മുന്നോട്ടേക്ക് എടുത്തു.

"അനന്തു എന്താ അമ്പലത്തിലേക്ക് വരാതിരുന്നേ?"

"ഒന്നുല്ല ഇളയച്ഛ.......................ഞാൻ അമ്പലങ്ങളിൽ ഒന്നും പോകാറില്ല"

"ആഹാ അപ്പൊ ഒരു യുക്തിവാദി ആണെന്നല്ലേ അതിനർത്ഥം"

അദ്ദേഹത്തിന്റെ ചോദ്യം കേട്ടതും മറുപടിയായി അനന്തുവിന്റെ ചുണ്ടുകളിൽ നനുത്ത പുഞ്ചിരി വിടർന്നു.

അതിനു ശേഷം അവൻ ഡ്രൈവിംഗിൽ ശ്രദ്ധ തിരിച്ചു.

"ദേവൻ മരിച്ചേ പിന്നെ നാട് വിട്ടതാ..........................അതിനു ശേഷം ഇപ്പോഴാ ഈ ക്ഷേത്രത്തിൽ ഒന്നുകേറാൻ പറ്റിയെ...............................അവൻ മരിച്ചപ്പോൾ ഞാനും കുറെ നിരീശ്വരവാദിയായി നടന്നു.......................പിന്നെ എന്റെ സാഹചര്യങ്ങൾ,ഞാൻ കഴിഞ്ഞ സന്യാസി മഠം.................................ഇതൊക്കെ എന്നെ മാറ്റിയെടുത്തു...............................ലൗകിക സുഖങ്ങൾ വിട്ടെറിഞ്ഞ് ഞാനുമൊരു സന്യാസിയായി മാറി..............................ഭിക്ഷുവായി വർഷങ്ങൾ നീണ്ട ജീവിതം..............................അവസാനം സ്വഗൃഹത്തിലേക്ക് ഒരു മടക്കം........................
വർഷങ്ങളെടുത്തു ദേവന്റെ മരണം നൽകിയ ആഘാതം വിട്ടു മാറാൻ......................."

മുന്നിലുള്ള കാഴ്ചകളിലേക്ക് ഒരാശ്വാസത്തിനെന്ന വണ്ണം കണ്ണു നട്ടിരുന്നു യതി.

അദ്ദേഹത്തിന്റെ മാനസികാവസ്ഥ മനസിലായ അനന്തു പിന്നീട് ഒന്നും മിണ്ടാതെ വണ്ടി ഓടിച്ചു

അവസാനം അതൊരു നാലു കെട്ട് വീട്ടിലേക്ക് എത്തി ചേർന്നു.

പടിപ്പുര കഴിഞ്ഞപാടെ കണ്ടത് വിശാലമായ അങ്കണത്തിൽ കളരി അഭ്യസിക്കുന്ന യുവതി യുവാക്കളെയായിരുന്നു.

അവരെ നിരീക്ഷിച്ചുകൊണ്ട് വയസ്സനായ ഗുരുക്കളും.

എങ്കിലും അയാളുടെ കായം കണ്ടാൽ ബലവനാണെന്നെ തോന്നൂ.

ആ മനോഹരമായ കാഴ്ച അനന്തു ഗ്ലാസിലൂടെ നോക്കി കണ്ടു.

"ഭൂമി പൂജയ്ക്ക് വേണ്ടിയുള്ള തയാറെടുപ്പിലാ എല്ലാരും.........................കണ്ടില്ലേ"

അനന്തുവിനോടായി പറഞ്ഞുകൊണ്ട് യതീന്ദ്രൻ കാറിന്റെ ഡോർ തുറന്നു പുറത്തേക്കിറങ്ങി.

ഭൂമി പൂജയുമായി ഇവർക്കെന്ത് ബന്ധം?

ഇളയച്ഛൻ എന്താണാവോ ഉദ്ദേശിച്ചേ?

തിരികെ വരുമ്പോ ചോദിക്കണം.

അനന്തു മനസിൽ പറഞ്ഞു വച്ചു.

ശേഷം ഡോർ തുറന്നു വെളിയിലേക്കിറങ്ങി.

ഏല്ലാരും ചിട്ടയായ പരിശീലനത്തിലാണ്.

ചുവടുകളൊന്നും തെറ്റാതെ അടവുകളൊന്നും പിഴക്കാതെ അവർ പരിശീലിച്ചു മുന്നേറുന്നു.

എന്തൊരു മെയ്വഴക്കം.

അനന്തു അവരുടെ പ്രകടനം കണ്ട് അത്ഭുതം കൂറി.

വിവിധ തരത്തിലുള്ള ആയുധങ്ങൾ തമ്മിൽ കലഹം കൂടുന്ന കാഴ്ച്ച.

തമ്മിൽ കോർത്ത് തീപ്പൊരി പറത്തുന്ന വാൾമുനകൾ.

പോർ വിളിയുമായി ഏറ്റു മുട്ടുന്ന കുന്ത മുനകൾ.

ആവേശത്തോടെ തന്റെ മൂർച്ചയും മെയ്വഴക്കും കാണിക്കുന്ന ഉറുമികൾ.

ആയുധങ്ങളുടെ അകമ്പടിയില്ലാതെ ഭുജങ്ങൾ കൊണ്ട് യുദ്ധം ചെയ്യുന്നവർ

ആ കാഴ്ച്ച കണ്ട് അനന്തുവിന് മതി മറന്ന പോലെയായിരുന്നു.

വല്ലാത്തൊരു ആവേശം തന്നിൽ നിറയുന്ന പോലെ.

ആ ആയുധങ്ങൾ തന്റെ സ്പർശനത്തിനായി കാത്തിരിക്കുന്ന പോലെ.

അനന്തുവിന് സ്വയം കടിഞ്ഞാൺ നഷ്ട്ടപെടുന്നതായി തോന്നി.

എന്തിനോ വേണ്ടി തന്റെ മനസ് പിടയ്ക്കുന്നു.

എന്തോ നേടുവാനായി ഉടലിലെ ഓരോ അണുവും ആത്മാർത്ഥമായി വെമ്പൽ കൊള്ളുന്നു.

മനസ് നൂല് പൊട്ടിയ പട്ടം പോലെ വിഹായസിലേക്ക് സഞ്ചരിക്കാൻ തുടങ്ങിയതും അനന്തു സംയമനം വീണ്ടെടുത്തു.

എന്നിട്ട് പതുക്കെ കാറിലേക്ക് കയറിയിരുന്നു.

അവൻ ചിന്തിക്കുകയായിരുന്നു.

ഒരു ഉത്സവത്തിന് വേണ്ടി പതിറ്റാണ്ടുകളായി കാത്തിരിക്കുക.

രണ്ടു ഗ്രാമങ്ങളിലെ നിവാസികൾ ചേരി തിരിഞ്ഞു പോരടിക്കുക.

കുടിപകയും ശത്രുതയും ആയിരിയ്ക്കും രക്തത്തിനു പകരം ഒഴുകുന്നത്.

വല്ലാത്തൊരു നാടും നാട്ടുകാരും.

അതും പോരാതെ ക്ഷേത്ര മുറ്റത്തൊരുക്കിയ ഗോദയിൽ കാണികൾക്ക് മുന്നിലെ ശക്തി പ്രകടനവും.

അതും രണ്ടു കുടുംബംങ്ങളിലെ പ്രതിനിധികൾ.

അവിടെ നിന്നും ആരാണാവോ വരാൻ പോകുന്നത്.

ഏതായാലും തീ പാറുന്നൊരു പോരാട്ടം തന്നെയുണ്ടാവും.

അനന്തുവിന് ചിരി പൊട്ടി.

അവന് ഇന്ത്യ പാകിസ്ഥാൻ ക്രിക്കറ്റ് കളിയാണ് ഓർമ വന്നത്.

ഇത്രയും ആവേശമുള്ളൊരു മാച്ച് മറ്റൊന്നും അവൻ കണ്ടിട്ടില്ല.

അതുപോലാണ് ഭൂമി പൂജയുമെന്ന് അവന്റെ ആത്മബോധം വിമർശിച്ചു.

അപ്പോഴേക്കും യതി കാറിന്റെ ബാക്ക് ഡോർ തുറന്നു.

അതിലേക്ക് ഒരു ചെറുപ്പക്കാരൻ വലിയൊരു പെട്ടി എടുത്തു വയ്ക്കുന്നത് അവൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അത് വച്ചു കഴിഞ്ഞു ഡോർ അടച്ച ശേഷം അദ്ദേഹം ഫ്രണ്ട് സീറ്റിൽ കയറിയിരുന്നു.

"പോകാം "

യതി അവനോടായി പറഞ്ഞു.

"പോകാം ഇളയച്ഛ "

അനന്തു കാർ പതിയെ റിവേഴ്‌സ് എടുത്തു.

ശേഷം റോഡിലേക്കിറക്കി വന്നവഴി തന്നെ തിരിച്ചു പോന്നു.

ഇളയച്ഛന്റെ മുഖത്തു വല്ലാത്തൊരു സന്തോഷം നിറഞ്ഞു നിൽക്കുന്നത് അവൻ ശ്രദ്ധിച്ചിരുന്നു.

"എന്തുവാ ഇളയച്ഛ ആ പെട്ടി?"

അനന്തു തന്റെ ആകാംക്ഷ അടക്കാനാവാതെ ചോദിച്ചു പോയി.

"അനന്തു അതു നമ്മൾക്ക് പരമ്പരാഗതമായി കിട്ടിയ ആയുധ പെട്ടിയാണ്..........................അതിലുള്ള ആയുധങ്ങൾ വച്ചാണ് ഭൂമി പൂജയ്ക്ക് യുദ്ധം ചെയ്യുന്നത്...............................കൂടാതെ കുറച്ചു മുന്നേ നീയൊരു പ്രായമായ മനുഷ്യനെ കണ്ടിരുന്നില്ലേ..........................ആ കളരി അദ്ദേഹത്തിന്റെയാണ്..........................ഗുരുക്കളാണ് ഭൂമി പൂജ വരെ ഈ ആയുധം സൂക്ഷിക്കുക"

യതി അവനോടായി പറഞ്ഞു.

"അപ്പൊ ഇളയച്ഛ നേരത്തെ അവിടെ ഇറങ്ങാൻ നേരം എന്നോട് പറഞ്ഞില്ലേ അവിടെ പരിശീലിച്ചവരൊക്കെ ഭൂമിപൂജയ്ക്ക് വേണ്ടിയാണെന്ന്...........................അവർക്കെന്താ അവിടെ റോൾ?

"അനന്തു അത് ഗുരുക്കളുടെ ശിഷ്യന്മാരാണ്............................. അപ്പൊ അവരാണ് നമ്മുടെ ഉത്സവം മറ്റു പ്രശ്നങ്ങൾ ഒന്നും കൂടാതെ നിയന്ത്രിക്കുക.............................. കൂടാതെ എതിർ ചേരിയിൽ നിന്നും ഒരാക്രമണം വന്നാൽ തടഞ്ഞു
നിർത്തേണ്ടത് അവരുടെ കർത്തവ്യമാണ്..............................ശരിക്കും പറഞ്ഞാൽ ദേശം ഗ്രാമത്തിന്റെ ചാവേറുകൾ ആണവർ"

യതി ഒന്നു പറഞ്ഞു നിർത്തി.

"അപ്പൊ ശിവജിത്ത് ഏട്ടനെ പരിശീലിപ്പിക്കാൻ പോകുന്നത് ഇതേ ആള് തന്നാണോ?"

അനന്തു തന്റെ മനസിലുള്ള സംശയങ്ങളുടെ കെട്ടഴിച്ചു.

"ഹ്മ് അദ്ദേഹം തന്നെയാണ്"

"അപ്പൊ എനിക്ക് ഭൂമി പൂജയ്ക്ക് പങ്കെടുക്കാൻ പറ്റുവോ ഇളയച്ഛ?"

അനന്തുവിന്റെ അസ്ഥാനത്തുള്ള ചോദ്യം കേട്ട് അദ്ദേഹം പൊട്ടിച്ചിരിച്ചു.

അനന്തു ഈ ഭൂമി പൂജയ്ക്ക് പങ്കെടുക്കാൻ തേവക്കാട്ട് കുടുംബത്തിൽ ഭരണി നക്ഷത്രത്തിൽ ജനിച്ചവർക്കേ കഴിയുകയുള്ളു..............................അതാണ് അവിടുത്തെ പതിവും"

"എന്ന് വച്ചാൽ?"

അനന്തു ഒന്നും മനസിലാകാതെ അദ്ദേഹത്തെ നോക്കി പുരികം കൂർപ്പിച്ചു.

"അത് നമ്മുടെ കുടുംബത്തിലെ പാരമ്പര്യമാ............................ ഭരണി നക്ഷത്ര ജാതക്കാരുടെ ശ്രേണി തന്നെയുണ്ടാകും................................ അതിൽ ഉള്ളവർക്ക് മാത്രേ ഭൂമി പൂജയിൽ പങ്കെടുക്കാൻ പറ്റു...............................
അതായത് ഓരോ 20 വർഷങ്ങളിലും ഭരണി നക്ഷത്രത്തിലുള്ള ഒരാൾ ജനിച്ചിരിക്കും..........................നമ്മുടെ കുടുംബത്തിലെ അവസാന ശ്രേണിയിലെ അംഗങ്ങളാണ് നിന്റെ മുത്തശ്ശനും ദേവനും പിന്നെ ശിവജിത്തും "

"ഏഹ് അപ്പൊ മുത്തശ്ശൻ ഭൂമി പൂജയിൽ പങ്കെടുത്തിട്ടുണ്ടോ?"

ഇളയച്ഛൻ പറഞ്ഞത് കേട്ട് അവൻ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി.

ഇങ്ങനൊരു ട്വിസ്റ്റ് അവൻ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല.

കേട്ടത് വിശ്വസിക്കാനാവാതെ അവൻ തുറിച്ചു നോക്കി.

"സത്യമാണ് മോനെ.......................നിന്റെ മുത്തശ്ശൻ 40 വർഷങ്ങൾക്ക് മുൻപ് നടന്ന ഭൂമി പൂജയ്ക്ക് പങ്കെടുത്തിരുന്നു............................പക്ഷെ തിരുവമ്പാടിയിലെ രുദിരൻ എന്ന് പറയുന്നയാളാ അന്ന് നിന്റെ മുത്തശ്ശനെ തോൽപ്പിച്ചത്.............................അതോടെ ദേവിയുടെ വാളും ചിലമ്പും അവർക്ക് സ്വന്തമായി............................. അതു കഴിഞ്ഞുള്ള 20 വർഷങ്ങൾക്ക് ശേഷം അടുത്ത ഭൂമി പൂജ വന്നെത്തി ............................ഞങ്ങടെ ദേവനായിരുന്നു ദേവിയുടെ അരുളിപ്പാട് കിട്ടിയത്................................പക്ഷെ പാവം അവന് അതിൽ നിർഭാഗ്യവശാൽ പങ്കെടുക്കാൻ സാധിച്ചില്ല..............................അതോടെ ആ ഉത്സവം മുടങ്ങിപ്പോയി............................പക്ഷെ ആ ചിലമ്പും വാളും ഇപ്പോഴും അവർക്ക് സ്വന്തമാണ്.................................ഇപ്പൊ ഇതാ അടുത്ത ഉത്സവം വന്നിരിക്കുന്നു.............................. ദേവിയുടെ അരുളിപ്പാട് കിട്ടിയത് ശിവജിത്തിനും............................. ബാലരാമന്റെ ഭാഗ്യം...........................അവന് വേണ്ടിയുള്ളതാ ഈ ആയുധപ്പെട്ടി......................... ഇത്തവണ നമുക്ക് നഷ്ട്ടപ്പെട്ട ആ വാളും ചിലമ്പും തിരികെ നേടണം"

ഒന്നു പറഞ്ഞു നിർത്തിയ ശേഷം യതി നെടുവീർപ്പെട്ടു.

"അല്ല ഇളയച്ഛ ദേവൻ അമ്മാവൻ ജീവനോടെ ഉണ്ടായിരുന്നേൽ ആ ഭൂമിപൂജയിൽ എന്തു സംഭവിച്ചേനെ?"അതിൽ ജയിക്കാൻ കഴിയുമായിരുന്നോ?"

അനന്തുവിന്റെ സംശയം കേട്ട് യതി പതിയെ സീറ്റ്ലേക്ക് ചാരിയിരുന്നു.

"അതിലെന്താ ഇത്ര സംശയം?ഉറപ്പായും നമ്മുടെ ദേവൻ ജയിച്ചേനെ............................ദേവിയുടെ പള്ളിവാളും കാൽ ചിലമ്പും ഏന്തേണ്ട കൈകളിൽ പകരം ഏന്തിയതോ മരണത്തെയും"

ഒരു ദീർഘ നിശ്വാസം വിട്ട് അദ്ദേഹം കണ്ണുകളടച്ചിരുന്നു.

ഈ ദേവിയുടെ അരുളിപ്പാട് എന്താണെന്ന് കൂടി ചോദിക്കുവാൻ അവൻ ആഗ്രഹിച്ചിരുന്നു.

പക്ഷെ ഇനിയും ചോദ്യങ്ങൾ ചോദിച്ചു ഇളയച്ഛനെ ബുദ്ധിമുട്ടിക്കേണ്ടെന്ന് അവൻ കരുതി.

അതിനു ശേഷം അനന്തു കാർ ഓടിക്കുന്നതിൽ ശ്രദ്ധ തിരിച്ചു.

പതിയെ അവന്റെ നീലകണ്ണുകൾ വെട്ടി തിളങ്ങി.

പൊടുന്നനെ അവൻ സംഹാര രൂപത്തിലേക്ക് പരകായം ചെയ്തു.

ഒപ്പം ചുണ്ടുകളിൽ പ്രതികാരത്തിന്റെ ലാഞ്ഛനയുള്ള പുഞ്ചിരി വിരിഞ്ഞു.

തെല്ലു നേരം കൊണ്ട് അവൻ നോർമലായി മാറുകയും ചെയ്തു.

ഞൊടിയിടയിടയിൽ സംഭവിച്ച ഈ മാറ്റങ്ങൾ ആരും ശ്രദ്ധിച്ചിരുന്നില്ല
.
.
.
.
പിറ്റേ ദിവസം തേവക്കാട്ട് മന അതിഥികളെ സൽക്കരിക്കുവാനായി ഒരുങ്ങി നിന്നു.

എല്ലാത്തിനും ഓടി നടന്നത് അനന്തുവും യതീയും ആയിരുന്നു.

ശിവജിത്ത് ഒരു മുറുമുറുപ്പോടെ എല്ലായിടത്തും ഓടി നടക്കുന്ന അനന്തുവിനെ കൊല്ലാനുള്ള ദേഷ്യത്തോടെ തുറിച്ചു നോക്കിക്കൊണ്ടിരുന്നു.

സ്ത്രീജനങ്ങളെല്ലാം അടുക്കളയിൽ തകൃതിയായിട്ടുള്ള ജോലിയിലാണ്.

അവർ വരാനായെന്ന് ഉറപ്പായതും അനന്തു ഉള്ളിലേക്ക് പോയിട്ട് അഞ്ജലിയെയും കൊണ്ട് ഹാളിലേക്ക് വന്നു.

അവിടെ മുത്തശ്ശിക്ക് സമീപം അവളെ കൊണ്ടു ചെന്നു ഇരുത്തി.

അവന്റെ ആ പ്രവൃത്തിയെ എല്ലാരും സാകൂതം നോക്കി നിന്നു.

കൂടുതലും അന്തർമുഖി ആയിരുന്ന അഞ്ജലിയുടെ ഈ മാറ്റം അവരെ സംബന്ധിച്ചു സന്തോഷമുള്ള ഒന്നായിരുന്നു.

പക്ഷെ അവൾ തന്റെ അനിയത്തി ശിവയുമായി സൗഹൃദം കൂടാത്തത് അനന്തു പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അവളോട് അത് എപ്പോഴേലും ചോദിക്കാമെന്ന് അവൻ കണക്ക് കൂട്ടി.

മീനാക്ഷി രാവിലെ തന്നെ ഒരു ദാവണിയൊക്കെ ഉടുത്തുകൊണ്ട് അവിടെയൊരു ഫാഷൻ ഷോ നടത്തുന്നുണ്ട്.

അനന്തുവിനെ പരമാവധി ഇമ്പ്രസ് ചെയ്യിപ്പിക്കുക എന്നത് തന്നെയായിരുന്നു അവളുടെ ഗൂഢതന്ത്രം.

എങ്കിലും വരാൻ പോകുന്ന അതിഥികൾക്കായി ശിവജിത്തിനെക്കാളും മീനാക്ഷിയാണ് കാത്തിരുന്നത്.

ഒരു ഖദർ ഷർട്ടും മുണ്ടും അണിഞ്ഞുകൊണ്ട് ശങ്കരൻ പൂമുഖ തിണ്ണയിലൂടെ ചന്നം പിന്നം നടക്കുന്നുണ്ട്.

അവർക്കായി ആകാംക്ഷയോടെ കാത്തിരിക്കുവാണ്.

കൂടെ ബാലരാമനുമുണ്ട്.

അവസാനം കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് മനയുടെ മുറ്റത്തേക്ക് 5 കാറുകൾ ഒരേ സമയം ഇരമ്പിയെത്തി.

അതിൽ നിന്നും ആളുകൾ ഓരോരുത്തരായി ഇറങ്ങി തുടങ്ങി.

കാറിന്റെ ഫ്രണ്ട് സീറ്റിൽ നിന്നും ഇറങ്ങിയ ഒരാൾ കൂപ്പു കൈയ്യോടെ ശങ്കരനെ നോക്കി.

ആളൊരു തടിച്ച പ്രകൃതമായിരുന്നു.

മധ്യവയസ്കൻ.

ശങ്കരൻ മുറ്റത്തേക്കിറങ്ങി വന്ന് അയാളെ പുണർന്നു.

അതാണ് MLA കൃഷ്ണൻ കുട്ടി.

ശിവജിത്തിന്റെ ഭാവി അമ്മായിയപ്പൻ.

പരസ്പരം വിട്ടു മാറി അവർ വിശേഷങ്ങൾ പറഞ്ഞു കൊണ്ടിരുന്നു.

അവിടെ നിൽക്കുന്ന മറ്റു പുരുഷ സ്ത്രീ ജനങ്ങളെയും കുട്ടിപട്ടാളങ്ങളെയും ബലരാമൻ വിനയത്തോടെ ക്ഷണിച്ചു.

അതിഥികൾ വന്നുവെന്ന് അറിഞ്ഞതും സീതയും മാലതിയും ശൈലയും മറ്റു സ്ത്രീകളും അവിടെ സന്നിഹിതരായി.

മനയുടെ അകത്തളത്തിൽ ആളുകളെകൊണ്ട് നിറഞ്ഞു.

അഥിതികളുടെ കൂട്ടത്തിലുണ്ടായ സുന്ദരിയായ ഒരു യുവതിയെ മീനാക്ഷി ഓടി ചെന്നു മുറുകെ പുണരുന്നുണ്ടായിരുന്നു.

അതാണ് രാധിക.

മീനാക്ഷിയുടെ ഉറ്റ സുഹൃത്ത്.

ശിവജിത്ത് അങ്ങോട്ടേക്ക് വന്നു നിന്നു.

അപ്പോഴാണ് യതീയും അനന്തുവും തിരക്കു പിടിച്ചു അങ്ങോട്ടേക്ക് ഓടി വന്നത്.

അനന്തു വരുന്നത് കണ്ടപ്പോഴേ മീനാക്ഷി രാധികയ്ക്ക് കണ്ണുകൾക്കൊണ്ട് സിഗ്നൽ കാണിച്ചിരുന്നു

അവളുടെ കരിമഷികണ്ണുകൾ അനന്തുവിനെ തിരഞ്ഞു.

അവൾ അയച്ചു തന്ന ഫോട്ടോയിലുള്ള ആ യുവാവിനെ നേരിട്ട് കണ്ടതും രാധികയ്ക്ക് ആകപ്പാടെ കുളിരു കോരുന്ന പോലെ തോന്നി.

മേനിയാകെ ഒരു തരിപ്പ് പടരുന്ന പോലെ.

അവന്റെ അഭൗമ്യ സൗന്ദര്യത്തെ അവൾ ആവോളം നുകരുകയായിരുന്നു.

അനന്തുവിൽ നിന്നും കണ്ണെടുക്കാൻ മറന്നുകൊണ്ട് അവൾ മതി മറന്നു നിന്നു.

മീനാക്ഷി അവളെ കുലുക്കി വിളിച്ചപ്പോഴാണ് രാധിക സ്വബോധം വീണ്ടെടുക്കുന്നത് തന്നെ.

അവർക്കിടയിൽ ഒരു പൊട്ടിച്ചിരി വിടർന്നു.

ഈ സമയമാണ് രാധികയുടെ അച്ഛൻ കുലശേഖരൻ അങ്ങോട്ടേക്ക് കടന്നു വന്നത്.

കറുപ്പ് നിറമുള്ള ജുബ്ബയും മുണ്ടും ആയിരുന്നു വേഷ്ടി.

കഴുത്തിൽ എന്തൊക്കെയോ മാലകളും കൈകളിൽ കാപ്പുകളും കാണാം.

നെറ്റിയിൽ ചുവപ്പും കറുപ്പും ചേർന്നൊരു തിലകക്കുറി.

കണ്ണുകൾ ചോരമയം.

അവയിൽ സുറുമയിട്ടിരിക്കുന്നു.

ഒരു ദുർ മന്ത്രവാദിയാണ് അയാൾ.

കൊടിയ ഘോര പ്രവൃത്തികൾ ചെയ്യുന്ന വ്യക്തിത്വത്തിനുടമയുമായിരുന്നു.

അകത്തളത്തിലേക്ക് വന്ന കുലശേഖരന്റെ സാന്നിധ്യം അറിഞ്ഞതും അവിടെയുള്ളവരുടെയെല്ലാം നോട്ടം അയാളിലേക്ക് ആയിരുന്നു.

അൽപം അസ്വസ്ഥതയോടെ അയാൾ ആ നോട്ടങ്ങളെല്ലാം അവഗണിച്ചു.

MLA കൃഷ്ണൻ കുട്ടി കുലശേഖരൻ അദ്ദേഹത്തിന്റെ സഹോദരനാണെന്ന് പറഞ്ഞുകൊണ്ട് ശങ്കരന് പരിചയപ്പെടുത്തി കൊടുത്തു.

കുലശേഖരനും ശങ്കരനും യതിയും പരസ്പരം പരിചയപ്പെട്ടു

കാവിയണിഞ്ഞു നിൽക്കുന്ന യതിയെ അദ്ദേഹം പുച്ഛത്തോടെയാണ് നോക്കിയത്.

പൊതുവെ ഇത്തരം ആളുകളെ അയാൾക്ക് ഇഷ്ട്ടമായിരുന്നില്ല.

താല്പര്യമില്ലായ്മയായിരുന്നു കാരണം.

ആരുമായും പരിചയപ്പെടുന്നതിനിടെ കുലശേഖരൻ സംസാരിച്ചിരുന്നില്ല.

ഗൗരവമുള്ള മുഖത്തെ ഒരു നേർത്ത ചിരി.

പിന്നെയൊരു കൂപ്പു കൈ.

അത്രമാത്രം.

ബലരാമൻ തൊട്ടടുത്തുള്ള അനന്തുവിനെ കുലശേഖരന് മുന്നിൽ നിർത്തി.

ശേഷം അനന്തുവിനെ അയാൾക്ക് പരിചയപ്പെടുത്തി കൊടുത്തു.

അനന്തുവിനെ കണ്ടപ്പോഴെ എന്തോ ഒരു പന്തികേട് ആ ദുർമന്ത്രവാദിക്ക് തോന്നി.

അയാൾ അവനെ ചുഴിഞ്ഞു നോക്കുന്നതിനിടെ അഭൗമ്യമായ ഒരു സൗരഭ്യം അവിടെ വ്യാപിക്കുന്നതായി കുലശേഖരന് മനസിലായി.

അയാൾ ഒരു ഞെട്ടലോടെ ആ ഗന്ധം നാസികയിലൂടെ ആഞ്ഞു ശ്വസിച്ചു.

മാന്ത്രികത നിറഞ്ഞ ആ സൗരഭ്യം അയാളെ ഒന്നു കുഴക്കി.

തെല്ലോന്ന് മദോന്മത്തനാക്കി.

പെട്ടെന്നാണ് അയാളുടെ ചിന്താമണ്ഡലത്തിൽ ഒരു പേര് വന്നത്.

"കാമ പൂവ്"

അനന്തുവിൽ നിന്നും പൊഴിയുന്ന ആ ഗന്ധം മന്ത്രവാദം അനുഷ്ഠിക്കുന്നവർക്ക് മാത്രേ പ്രാപ്തമാകൂ എന്ന് അദ്ദേഹം മനസിലാക്കിയിരുന്നു.

സംശയ ദൃഷ്ടിയുടെ അയാൾ ആദ്യമായി തന്റെ തിരുവാ തുറന്നു.

"എന്താണ് നാമധേയം?"

"അനന്തു "

അവൻ മറുപടി പറഞ്ഞു.

"നക്ഷത്രം?"

"അറിഞ്ഞൂടാ"

"ജനന സമയമ"

"അതും അറിഞ്ഞൂടാ "

അനന്തു തന്റെ നിസഹായാവസ്ഥ വെളിപ്പെടുത്തി

തന്റെ ശൗര്യം ഒട്ടും കുറയാതെ കുലശേഖരൻ അവനെ വീണ്ടും ചുഴിഞ്ഞു നോക്കി.

അവന്റെ മുഖശാസ്ത്രം അയാൾ മനസിൽ ഗണിച്ചു നോക്കി.

അതിലൂടെ തന്റെ മന്ത്രശക്തികൾ ഉപയോഗിച്ച് അനന്തുവിന്റെ വേര് തേടിപ്പോകാൻ അയാൾ തീരുമാനിച്ചു

ഒരു നിമിഷം കണ്ണുകൾ പൂട്ടി അയാൾ അവന്റെ ജീവിതഗന്ധിയുടെ അന്തരാളങ്ങളിലേക്ക് ഇറങ്ങി ചെന്നു.

തന്റെ അകക്കാഴ്ച കൊണ്ട്.

അവന്റെ ഭൂത കാലത്തിലേക്ക് അയാൾ ഇറങ്ങി നോക്കുവാൻ തീരുമാനിച്ചു.

ഒരു ദിവ്യ ജ്യോതിസ് എന്ന പോലെയുള്ള അവന്റെ ഭൂത കാലത്തിലേക്ക് പ്രവേശിക്കുവാൻ അയാൾ തയാറായി.

പക്ഷെ പൊടുന്നനെ അയാളുടെ ദിവ്യ ദൃഷ്ടിക്ക് മുന്നിൽ ഒരു നാഗം പ്രത്യക്ഷപ്പെട്ടു.

വളരെ വലുപ്പമുള്ള ഭീമാകാരമായ ഒരു നാഗം.

അതിന്റെ കണ്ണുകൾ വൈരങ്ങളായിരുന്നു.

അവയ്ക്ക് വല്ലാത്തൊരു തിളക്കവും പ്രഭയുമായിരുന്നു.

കുലശേഖരന് ശ്രദ്ധ ഒന്നു പാളിയതും ആ നാഗം തന്റെ നീളമുള്ള വാല് ചുഴറ്റിയെടുത്ത് അയാളുടെ ദിവ്യ ദൃഷ്ടിയെ പ്രഹരിച്ചു.

ഓർക്കപ്പുറത്ത് കനത്ത പ്രഹരം കിട്ടിയ അയാൾ സ്വബോധത്തിലേക്ക് തിരിച്ചു വന്നു.

അപ്പോൾ ആ നാഗത്തിന്റെ മുഖം അയാളെ തെല്ലൊന്ന് ഭയപ്പെടുത്തി.

കണ്ണുകൾ തുറന്നു കുലശേഖരൻ അനന്തുവിനെ തുറിച്ചു നോക്കി.

അയാൾക്ക് അപ്പോഴും വിശ്വസിക്കാൻ സാധിക്കുന്നില്ലായിരുന്നു.

അയാളുടെ മനസ് മൊഴിഞ്ഞു.

നാഗത്തിന്റെ കാവലുള്ള ഈ യുവാവാര്?

ഇതിനു പിന്നിലുള്ള നിഗൂഢതയുടെ ചുരുളഴിക്കണം.

അയാൾ മുഷ്ടി ചുരുട്ടി പിടിച്ചു ശ്വാസം ആഞ്ഞു വലിച്ചു.

അപ്പോഴേക്കും വിജയൻ അനന്തുവിനെ മറ്റെന്തോ ആവശ്യത്തിനായി വിളിച്ചു.

അവൻ വേഗം തന്നെ അങ്ങോട്ടേക്ക് ഓടിപ്പോയി.

അപ്പോഴും കുലശേഖരന്റെ കണ്ണുകൾ ഓടിപ്പോകുന്ന അനന്തുവിൽ തന്നെയായിരുന്നു

അതിഥികൾക്ക് അവിടുത്തെ സ്ത്രീ ജനങ്ങൾ  ചായയും പലചാരങ്ങളും നൽകി.

അവിടെയിരുന്ന് അവർ നാട്ടുകാര്യങ്ങളും രാഷ്ട്രീയവും ഇന്നത്തെ ജീവിത സാഹചര്യവും ചർച്ച ചെയ്തുകൊണ്ടിരുന്നു.

സത്കാരം പൊടി പൊടിച്ചു കൊണ്ടിരുന്നു.

ചായ കുടിക്ക് ശേഷം അഥിതികളിലെ സ്ത്രീകൾ മന മുഴുവനായും
ചുറ്റികാണാൻ പുറപ്പെട്ടു.

എല്ലാവരും നിറഞ്ഞ മനസോടെ ആ നാലുകെട്ടിന്റെ തലയെടുപ്പ് നോക്കി കാണുകയായിരുന്നു.

ശിവജിത്തിന്റെ ഭാവി അമ്മായിഅച്ഛൻ നല്ലൊരു സംസാര പ്രിയനായിരുന്നു.

എല്ലാവരെയും അദ്ദേഹം നിർമലമായ സംസാരത്തിലൂടെ കയ്യിലെടുത്തു.

അല്ലെങ്കിലും രാഷ്ട്രീയക്കാർ പൊതുവെ അങ്ങനാണല്ലോ.

പിന്നീട് പുരുഷപ്രജകളുടെ ഇടയിലേക്ക് ഭൂമി പൂജയെ പറ്റി ചർച്ച തുടങ്ങി.

അങ്ങനെ ആ ചർച്ച ഒരു വിഷയത്തിൽ നിന്നും മറ്റൊരു വിഷയത്തിലേക്ക് തെന്നി മാറിക്കൊണ്ടിരുന്നു.

സീത അമ്മായിയുടെ നിർദേശ പ്രകാരം അനന്തു രണ്ടാം നിലയിലൂടെ നടക്കുകയായിരുന്നു.

അമ്മായിയുടെ മുറിയിലുള്ള ഒരു ആൽബം എടുക്കുവാനായിരുന്നു അവന്റെ ഉദ്ദേശ്യം.

അവിടെ വന്നിരിക്കുന്ന അഥിതികൾക്ക് മുന്നിൽ കാഴ്ച്ച വയ്ക്കാൻ.

തെക്കിനി ഭാഗത്തേക്കുള്ള ഇടനാഴിയിലൂടെ അവൻ നടക്കുകയാണ്.

അപ്പോഴാണ് അവിടെയുള്ള കൈ വരിയിൽ ചാരിയിരുന്നു താഴെ നടു മുറ്റത്തേക്ക് കണ്ണും നട്ടിരിക്കുന്ന ഒരു പെണ്ണിനെ അവൻ കാണുന്നത്.

അത് മാറ്റാരുമായിരുന്നില്ല മീനാക്ഷിയുടെ സുഹൃത്ത് രാധിക ആയിരുന്നു.

ഇടനാഴിയിലൂടെ നിശബ്ദം നടന്നു വരുന്ന അനന്തുവിനെ കണ്ടതും അവളുടെ കണ്ണുകൾ വീണ്ടും തിളങ്ങി

അനന്തു തൊട്ടടുത്തെത്തിയതും രാധിക അവന് നേരെ കൈ വീശി.

"ഹായ് അനന്തു"

അപരിചിതയായിട്ടുള്ള ഒരു പെൺകുട്ടിയിൽ നിന്നും തന്റെ നാമം ഉച്ചരിക്കപ്പെടുന്നതിന്റെ സാംഗത്യം അറിയാതെ അവൻ വായ് പൊളിച്ചു നിന്നു

എങ്കിലും അവൻ സംയമനം വീണ്ടെടുത്തു അവൾക്ക് നേരെ തിരിഞ്ഞു.

"എന്നെയെങ്ങനെ അറിയാം?"

അവന്റെ വാക്കുകളിലെ അമ്പരപ്പ് അവൾ പെട്ടെന്ന് തന്നെ തിരിച്ചറിഞ്ഞു.

"അതൊക്കെ അറിയാ ആനന്തൂ......................മീനാക്ഷി എന്നോട് പറഞ്ഞിട്ടുണ്ട്.."

രാധിക ഒരു മന്ദഹസത്തോടെ മുഖത്തേക്ക് ഉതിർന്ന അനുസരണംകെട്ട മുടിയിഴകളെ ചെവിക്ക് പിന്നിലേക്ക് മാടിയൊതുക്കി.

"എന്താ പേര്?"

"രാധിക"

"ആണോ എന്താ ചെയ്യുന്നേ.?"

"ഞാൻ ടീച്ചറാണ് അനന്തു എന്ത് ചെയ്യുന്നു?"

"ഞാൻ B. Ed ചെയ്യുവാ സെക്കന്റ് year"

"ആഹാ അപ്പൊ നമ്മുടെ ഫീൽഡ് ആണല്ലേ?"

രാധിക അവനോടായി ചോദിച്ചു.

"ഹാ അതേ "

അവനും പുഞ്ചിരിക്കാതിരിക്കുവാനായില്ല.

"അപ്പൊ B. Ed കഴിഞ്ഞ് അനന്തു എന്റെയും മീനാക്ഷിയുടെയും ഒപ്പം സ്കൂളിൽ ജോയിൻ ചെയ്യുന്നുണ്ടോ?"

അവൾ കൈകൾ കെട്ടി വച്ചു അവനെ ഉറ്റു നോക്കി.

"ഏയ് ഇതുവരെ തീരുമാനിച്ചില്ല..........................എങ്ങനേലും കോഴ്സ് കംപ്ലീറ്റ് ചെയ്യട്ടെ"

"നല്ലതുതന്നെ...........................ഇപ്പൊ എവിടെ പോകുവാ?"

രാധിക അവന്റെ വരവിന്റെ ഉദ്ദേശ്യം അറിയാനുള്ള ത്വരയിൽ ചോദിച്ചു.

"ഞാൻ സീത അമ്മായിയുടെ റൂമിൽ പോകുവാ........................ അവിടെ ഒരു ആൽബം ഉണ്ട് അതെടുക്കണം"

"അത് ഞാൻ ജിത്തുവേട്ടന് എടുത്തു കൊടുത്തു അനന്തു"

വലതു ഭാഗത്തു നിന്നും മറ്റൊരു കിളി ശബ്ദം കേട്ട് അവന്റെ കണ്ണുകൾ അങ്ങോട്ട് പാറി വീണു.

വാതിൽ പടിയിൽ ചാരി നിൽക്കുന്ന മീനാക്ഷി.

അവളുടെ കണ്ണുകൾ തന്നെ വല്ലാതെ തഴുകുന്ന പോലെ അവന് തോന്നി.

"ആണോ ഞാനറിഞ്ഞില്ല..........................എങ്കിൽ പിന്നെ ഞാൻ അങ്ങോട്ട് പോകട്ടെ നിങ്ങൾ സംസാരിക്ക്"

"അതെന്താ അനന്തു ഞങ്ങളോട് ഒന്നും സംസാരിക്കില്ലെ നീ?"

മീനാക്ഷി പരിഭവം നിറച്ചുകൊണ്ട് അവന്റെ കണ്ണുകളിൽ ഉറ്റു നോക്കി.

"അയ്യോ അങ്ങനൊന്നുമില്ല....................നിങ്ങൾ സംസാരിക്കുന്നതിനിടക്ക് ശല്യപ്പെടുത്താണ്ടാന്ന് വിചാരിച്ചു "

അനന്തു മീനാക്ഷിയെ നോക്കി പറയുന്നതിനിടെ രാധികയിലേക്കും നോട്ടം പാറി വീണു.

അപ്പൊ അവൻ കണ്ടത് തന്നിലേക്ക് നീളുന്ന രാധികയുടെ ആരാധന നിറഞ്ഞ കണ്ണുകളെയായിരുന്നു.

അനന്തു അത് ശ്രദ്ധിച്ചുവെന്ന് അറിഞ്ഞതും അവൾ പെട്ടെന്ന് തന്നെ കണ്ണുകൾ മാറ്റി.

"ഓഹോ അനന്തുവിന് ആ അഞ്ജലിയോട് മാത്രേ മിണ്ടാൻ നേരമുള്ളൂ..........................എപ്പോഴും അവളെ മുട്ടിയിരുമ്മി ഇരിക്കുന്നത് കാണാലോ............................എന്നോടും അങ്ങനെ കമ്പനി കൂടുമോ ?"

മീനാക്ഷി തന്റെ പരിഭവങ്ങളുടെ കെട്ടഴിച്ചു.

"ശ്രമിക്കാം മീനാക്ഷി.......................ഞാനിപ്പോ പോട്ടെ......................... അവിടെ കുറച്ചു തിരക്കുണ്ട് "

അനന്തു അവരെ നോക്കി പോകുവാണെന്ന അർത്ഥത്തിൽ പുഞ്ചിരിച്ച ശേഷം വന്ന വഴിയേ തിരിച്ചു പോയി.

അനന്തു പോയി കഴിഞ്ഞതും മീനാക്ഷി രാധികയെ നോക്കി.

അവൾ അനന്തു പോയ ഭാഗത്തിലേക്ക് നോക്കികൊണ്ട് മനം മറന്നിരിക്കുവാണ്.

"ഡീ "

മീനാക്ഷി കോപത്തോടെ അവളുടെ കൈക്ക് തട്ടി.

അപ്പോഴാണ് രാധിക സ്വബോധത്തിലേക്ക് തിരിച്ചു വന്നത്.

"എന്റെ ചെറുക്കനെ കണ്ണു വയ്ക്കുന്നോ?"

രാധികയുടെ പ്രവൃത്തി ഇഷ്ടപ്പെടാത്ത മട്ടിൽ അവൾ ഇടുപ്പിൽ കൈ കുത്തി വച്ചു അവളെ തുറിച്ചു നോക്കി.

"എന്റെ പോന്നു മോളെ ഇതുപോലൊരു ഇടിവെട്ട് സാധനത്തിനെ ഇവിടെ വച്ചിട്ടാണോ നീ നടക്കുന്നത്............................എടി ഞാനിവനെ കെട്ടിക്കോട്ടെ............................ഈ സുന്ദരകുട്ടപ്പനെ എനിക്ക് ജീവിത കാലം മുഴുവൻ വേണം "

രാധിക ആവേശത്തോടെ പറഞ്ഞു തീർത്തു.

"ഉവ്വാ ഇമ്മിണി പുളിക്കും..............................അവനെ ഞാനാർക്കും വിട്ടു കൊടുക്കില്ല "

മീനാക്ഷിയും വിട്ടു കൊടുത്തില്ല.

"എടി എങ്കിൽ അവനുമായിട്ട് ഒരു കളിയെങ്കിലും സെറ്റ് ആക്കി താടി............................എന്നിട്ട് നീയവനെ കെട്ടുവോ ഒക്കത്തു വെക്കുവോ എന്തേലും ചെയ്യ്"

"ഒന്നു പോടീ അവനെ ഞാൻ ആർക്കും വിട്ടു തരില്ല"

മീനാക്ഷി ഉറച്ച ശബ്ദത്തിൽ പറഞ്ഞതും രാധിക ഒന്നു കുഴഞ്ഞു.

പക്ഷെ അവളിലെ വാശിക്കാരിയെ മീനാക്ഷിയുടെ വാക്കുകൾ തൊട്ടുണർത്തി.

ഇനി എന്ത് ചെയ്തിട്ടായാലും ആ ചെക്കനെ തനിക്ക് സ്വന്തമാക്കണം.

അവനെന്റെ ഉപ്പ് നോക്കിയ ശേഷം മാത്രേ മീനാക്ഷിക്ക് താനവനെ വിട്ടു കൊടുക്കു.

അതുവരെ തനിക്ക് കൊതിതീരുവോളം അവനുമായി രതിയിൽ ആറാടണം.

എന്നിലെ കാമയക്ഷിയെ അവൻ കരലാളനങ്ങൾക്കൊണ്ടും ചുംബനങ്ങൾകൊണ്ടും അഴിച്ചു വിടണം.

ഒരു പട്ടിയെ പോലെ തന്റെ കാൽ അവനെ ക്കൊണ്ട് നക്കിക്കും.

ഇതെന്റെ വാശിയാ മീനാക്ഷി.

രാധിക ആത്മഗതം പറഞ്ഞു.

ശേഷം നിതംബവുമാട്ടിക്കൊണ്ട് അവൾ താഴേക്ക് പോയി.

മീനാക്ഷി കത്തുന്ന കോപത്തോടെ വാതിൽ പാളികൾ ശക്തിയിൽ കൊട്ടിയടച്ചു.

രാധിക ഇങ്ങോട്ട് വരുംവരെ ഒരുപാട് പ്രതീക്ഷ തനിക്ക് ഉണ്ടായിരിന്നു.

അവളിലെ വശീകരണ മന്ത്രം എന്ത് വില കൊടുത്തും സിദ്ധിക്കണമെന്നും തോന്നിയിരുന്നു.

എല്ലാം അനന്തുവിന് വേണ്ടി.

പക്ഷെ കണ്ടില്ലേ താൻ ഇപ്പൊ അവളുമായി ഉടക്കിലായി.

ശോ ആ അഞ്ജലിയെ കാണുമ്പോ അസൂയ തോന്നുന്നു.

ഒരു മന്ത്രവും കുന്തവുമില്ലാതെ എത്ര ഈസിയായിട്ടാ അനന്തുവിനെ വളച്ചെടുത്തെ........

സമ്മതിക്കണം.

മീനാക്ഷിക്ക് തന്റെ കലശലായ കോപത്തെ നിയന്ത്രിക്കുവാനായില്ല.

അഥിതികളെ മുഷിപ്പിക്കാതിരിക്കാൻ അവൾ മുഖമൊക്കെ ഒന്നു കഴുകി ടവൽ കൊണ്ടു തുടച്ച ശേഷം താഴേക്ക് പോയി.

ഈ സമയമാണ് ലക്ഷ്മി പുറത്തെങ്ങോ പോയ ശേഷം തിരിച്ചു മനയിലേക്ക് വന്നത്.

തിരികെ റൂമിലേക്ക് പോകാൻ തുനിഞ്ഞ അവളെ കാർത്യായനി അവിടെ ബലം പിടിച്ചിരുത്തി.

പിന്നെ ലക്ഷ്മിക്ക് രക്ഷപ്പെടാൻ ഒരവസരവും കിട്ടിയില്ല.

ഉച്ച സമയം അടുത്തതും എല്ലാരും ഉച്ചഭക്ഷണത്തിനായി ഊട്ടു പുരയിൽ ഇരുന്നു.

വിഭവസമൃദ്ധമായ സദ്യ അവിടെ ഒരുക്കിയിരുന്നു രണ്ടു കൂട്ടം പായസവും.

എല്ലാവർക്കും കറി ആവേശത്തോടെ വിളമ്പി പോകുന്ന മാലതിയെ കണ്ടതും ലക്ഷ്മിക്ക് ഇട നെഞ്ചിൽ ഒരു നീറ്റലുണ്ടായി.

തന്റെ ഉറ്റ സുഹൃത്തിന്റെ പൊന്നു മകനാണവൻ.

അവനെന്തേലും സംഭവിച്ചാൽ അവളിലെ അമ്മ മനസ് ഒരിക്കലും
അടങ്ങിയിരിക്കില്ല.

ഒരു നിമിഷം ലക്ഷ്മിയുടെ മനസ് ആർദ്രമായി.

പക്ഷെ നിമിഷ നേരം കൊണ്ട് ആ മനസ് കല്ലായി പരിണാമം പ്രാപിച്ചു.

ഇല്ല ഒരിക്കലുമില്ല.

തന്റെ ദേവേട്ടന്റെ മുഖസാദൃശ്യവുമായി ജനിച്ചവൻ അവൻ തന്റെ കണ്മുന്നിൽ വേണ്ട.

തന്റെ ദേവേട്ടന്റെ മുഖം അത് മാറ്റാർക്കും വേണ്ട.

അത് താൻ സഹിക്കില്ല.

ലക്ഷ്മി ഒന്നും മിണ്ടാതെ സദ്യ കഴിക്കുന്നതിൽ ശ്രദ്ധ തിരിച്ചു.

പായസം വിളമ്പാനെത്തിയ അനന്തുവിനെ കണ്ടതും ലക്ഷ്മിക്ക് വിറഞ്ഞു കയറി.

അവൾ എണീറ്റു പോകുവാനായി ഭാവിച്ചതും സീത അവളുടെ കയ്യിൽ പിടിച്ചു ബലമായി അവിടെ ഇരുത്തിച്ചു.

പണ്ട് തന്റെ പിറന്നാളിന് ഇതുപോലെ ദേവേട്ടൻ വിളമ്പിയ മധുരം ഇപ്പോഴും നാവിൻ തുമ്പിലുണ്ട്.

അനന്തു വിളമ്പി വച്ചിട്ട് പോയ പായസത്തിലേക്ക് അവൾ കണ്ണു നട്ടിരുന്നു.

ശേഷം ആ സ്റ്റീൽ ഗ്ലാസ് എടുത്ത് ഒരു കവിൾ പായസം മടിയോടെ നുണഞ്ഞിറക്കി.

ലക്ഷ്മിക്ക് വല്ലാത്തൊരു ആശ്ചര്യം തോന്നി.

അന്ന് ദേവേട്ടൻ വിളമ്പിയ അതേ പായസത്തിന്റെ രുചി.

ഹോ ഒരു മാറ്റവുമില്ല.

അതുപോലെ തന്നെ.

ഈ രുചി തന്റെ മനസിനെ വല്ലാതെ പരിപോഷിപ്പിക്കുന്നു.

ലക്ഷ്മിയുടെ ചുണ്ടുകളിൽ ചെറിയൊരു പുഞ്ചിരി വിടർന്നു.

മനസ് ഒന്നു തണുത്തത് പോലെ.

അവൾ വയറു നിറയെ ആ പായസം കുടിച്ചു.

അതിന്റെ മാധുര്യം അവളുടെ മനതാരിലേക്ക് അലയടിച്ചു.

അനന്തുവിനോട് മനസിനുള്ളിൽ ചെറിയൊരു സ്നേഹവും വാത്സല്യവും അവൾക്ക് മുളപൊട്ടി തുടങ്ങി.

അപ്പോഴാണ് അനന്തുവിനെ തല്ലിക്കാനായി കിങ്കരന്മാരെ ഏർപ്പാടാക്കിയ കാര്യം അവൾ ഓർത്തത് തന്നെ.

പെട്ടന്ന് തന്നെ ലക്ഷ്മി ചാടിയെണീറ്റു പോയി കൈ കഴുകി.

എന്നിട്ട് സ്വന്തം റൂമിലേക്ക് അവൾ തിടുക്കപ്പെട്ടു ഓടിപ്പോയി.

മുറിയിലേക്ക് ഓടി പിടഞ്ഞു കയറിയ അവൾ പരതലിനിടെ കണ്ടത് ബെഡിൽ കിടക്കുന്ന ഫോൺ ആയിരുന്നു.

വേഗം തന്നെ അതെടുത്തു അതിൽ സേവ് ചെയ്ത നമ്പറിലേക്ക് അവൾ കാൾ ചെയ്തു.

പക്ഷെ മറുവശത്തു നിന്നും ഒരു പ്രതികരണവും ഇല്ലാതിരുന്നതിനാൽ അക്ഷമയോടെ വീണ്ടും കാൾ ചെയ്തു.

കലുഷിതമായിരുന്നു അവളുടെ മനസ്.

രണ്ടു തവണ റിങ് ചെയ്തതും മറുവശത്തു കാൾ കണക്ട് ആയി.

"ഹലോ"

"ഹലോ മാഡം "

ഇപ്പുറത്തു നിന്നും പരുഷമായ ശബ്ദം ഒഴുകിയെത്തി.

"ദിവാകരൻ ഞാൻ പറഞ്ഞിരുന്ന  കൊട്ടേഷനില്ലേ........................ അത് ക്യാൻസൽ ചെയ്യാനാണ് ഞാൻ വിളിച്ചത്"

"എന്താ മാഡം എന്തെങ്കിലും പ്രശനം?"

"ഹേയ് ദാറ്റ്സ് നൺ ഓഫ് യുവർ ബിസിനെസ്............................ ഞാൻ പറഞ്ഞ ആ കൊട്ടേഷനിൽ നിന്നും നിങ്ങൾ പിന്മാറണം...........................അനന്തുവിനെ ഒന്നും ചെയ്യരുത്"

"അത് മാഡം ഞങ്ങള് വാങ്ങിയ പണം ചിലവഴിച്ചു പോയി "

മറുവശത്തു അയാൾ തന്റെ നിസ്സഹായത പ്രകടിപ്പിച്ചു.

"ഇട്സ് ഒകെ എനിക്കത് റീഫണ്ട് ചെയ്യണ്ട..........................ഞാൻ പറയാതെ നിങ്ങളവനെ ഒന്നും ചെയ്യരുത്"

"ഇല്ല മാഡം"

"Ok "

അതും പറഞ്ഞുകൊണ്ട് ലക്ഷ്മി കാൾ കട്ട് ചെയ്തു.

അപ്പോഴാണ് അവൾക്ക് അൽപം ആശ്വാസം തോന്നിയത്.

ശ്വാസം ആഞ്ഞു വലിച്ചു കൊണ്ട് കിടക്കുവാനായി തിരിഞ്ഞതും ലക്ഷ്മി കണ്ടത് വാതിൽക്കൽ രൗദ്രഭാവത്തോടെ നിൽക്കുന്ന മാലതിയെ ആയിരുന്നു.

അവളുടെ കണ്ണുകൾക്ക് ചോര മയം ആയിരുന്നു.

കോപം കൊണ്ട് മാലിനിയുടെ ശരീരം വെട്ടി വിറച്ചു.

അതു കണ്ടതും ലക്ഷ്മിയുടെ ചുണ്ടുകൾ മന്ത്രിച്ചു

"മാലതി"

ആ ഒരു നിമിഷം ഭൂമി പിളർന്നു താഴെ പോയിരുന്നെങ്കിൽ എന്ന് അവൾ ആശിച്ചു
.
.
.
.
അനന്തുവിനെ തപ്പി നടക്കുകയാണ് രാധിക.

ഊണിനു ശേഷം അതിഥികൾ വിശേഷം പറയാനും മനയും പറമ്പും ചുറ്റി കാണുന്നതിലും വ്യാപൃതരായി.

അതിനാൽ അവൾ താൽക്കാലത്തേക്ക് ഒന്നു ഫ്രീയായി.

അനന്തുവിനെയും തപ്പി പോകുമ്പോഴാണ് ആള് അവിടെ വീൽ ചെയറിൽ ഇരിക്കുന്ന ഒരു പെൺകുട്ടിയുമായി കത്തിയടിക്കുന്നത് അവൾ കണ്ടത്.

ഉടൻ തന്നെ രാധിക അവനെ സമീപിച്ചു.

"അനന്തു"

"എന്താ രാധിക?"

"ഇവിടെ കുളം ഒക്കെ ഉണ്ടെന്ന് മീനാക്ഷി പറഞ്ഞിരുന്നു..........................അതെവിടെയാ?"

"ഇവിടുന്ന് നേരെ പോയാൽ മതി രാധിക............................... അവിടെ തന്നെയാ കുളം ഉള്ളത്"

"എങ്കിൽ എന്റെ കൂടെയൊന്ന് അവിടം വരെ വരാമോ ഒരു കൂട്ടിന്?"

"അല്ലാ മീനാക്ഷിയെ കൂട്ടിക്കൂടെ?"

"അവൾക്ക് ചെറിയൊരു തലവേദനയാ അനന്തു................................അതാ ഞാൻ നിന്നോട് സഹായം ചോദിച്ചേ...................................വരാമോ?

അവൾ പ്രതീക്ഷയുറ്റുന്ന മിഴികളോടെ അവനെ നോക്കി.

അനന്തു എന്താ ചെയ്യേണ്ടതെന്ന മട്ടിൽ അഞ്ജലിയെ നോക്കി.

അവൾ പൊക്കോളാൻ അവനോട് കണ്ണുകൾ കൊണ്ട് ആംഗ്യം കാണിച്ചു.

അനന്തു അഞ്ജലിയെ അവിടെ ഒറ്റക്കിരുത്തിയ ശേഷം രാധികയുടെ കൂടെ പോയി.

അവളെ അവിടെ ഒറ്റക്കിരുത്തിയതിൽ അവന് ചെറിയൊരു ദണ്ണം തോന്നിയിരുന്നു.

എങ്കിലും വന്ന അഥിതിയെ മുഷിപ്പിക്കണ്ട എന്ന് കരുതി അവൻ അവൾക്ക് കമ്പനി കൊടുത്തു.

രാധിക അവന്റെ കൂടെ കുളത്തിനടുത്തേക്ക് നടക്കുകയായിരുന്നു.

അനന്തുവിന്റെ സാമീപ്യവും നീലകണ്ണുകളും മനോഹരമായ ചിരിയുമൊക്കെ രാധികയെ വല്ലാതെ കുഴക്കി.

അവന്റെ ഓരോ നോട്ടങ്ങളും സംസാരവും എല്ലാം രാധികയിൽ വികാരത്തിന്റെ ചെറു കണിക സൃഷ്ടിച്ചിരുന്നു.

പ്രത്യക്ഷത്തിൽ പോലും അവൻ തന്നെ ഇങ്ങനെ കീഴ്പ്പെടുത്തുന്നുവെങ്കിൽ പരോക്ഷമായി അവൻ തന്നെ എന്തൊക്കെ ചെയ്യും?

ചിന്തിക്കാനേ വയ്യ.

ഇതുവരെ ആരും തരാത്ത ലൈംഗിക സംതൃപ്തി അനന്തു തനിക്ക് സമ്മാനിക്കും.

അതോർത്തപ്പോൾ തന്നെ രാധികയ്ക്ക് കുളിരു കോരി.

അവളുടെ വികാര കേന്ദ്രങ്ങളിൽ ചെറിയ രീതിയിലുള്ള കാമ പുകച്ചിലുകൾ ആരംഭിച്ചു കഴിഞ്ഞു.

ഇപ്പൊ രാധിക മീനാക്ഷിയ്ക്ക് ആയിരുന്നില്ല പ്രാമുഖ്യം കൊടുത്തിരുന്നത്.

ഭാവിയിലുണ്ടാകുവാൻ പോകുന്ന അനന്തുവുമായുള്ള രതി സംസർഗ്ഗത്തിനായിരുന്നു.

അവളുടെ ഉടലിലെ ഓരോ അണുവും അതിനു വേണ്ടി ആഗ്രഹിച്ചു.

കുളപ്പടവിൽ അനന്തുവിന് അഭിമുഖമായി ഇരിക്കുമ്പോഴും അവൾക്ക് അൽപം പരിഭ്രമം തോന്നി.

എങ്കിലും അനന്തുവിനെ എങ്ങനെയും വശത്താക്കുക എന്നത് തന്നെയായിരുന്നു അവളുടെ ഗൂഢ ലക്ഷ്യം.

അവളുടെ അച്ഛൻ ദുർമന്ത്രവാദിയായ കുലശേഖരൻ ദാനമായി നൽകിയ ആ മന്ത്രസിദ്ധി, വശീകരണ മന്ത്രം അനന്തുവിന് മേൽ പ്രയോഗിക്കാൻ അവൾ മനസാലെ തയാറായി.

ആ മന്തം അവൾ മനസിൽ ഒരു തവണ ഉരുവിട്ടു കൊണ്ടിരുന്നു.

"എന്തു രസാല്ലെ അനന്തു ഇവിടൊക്കെ കാണാൻ "

അനന്തുവിനെ മുഷിപ്പിക്കാതിരിക്കാൻ അവൾ പരമാവധി ശ്രമിക്കുന്നുണ്ട്.

"നാട്ടും പുറമല്ലേ അപ്പൊ ആ ഭംഗിയൊക്കെ കാണുമല്ലോ "

അനന്തു തന്റെ നാടിന്റെ ഭംഗിയിൽ വാചാലനായി.

"�=> എനിക്കും ഇവിടെ നിൽക്കാൻ കൊതിയുണ്ട്"

"എങ്കിൽ ഇവിടെ നിന്നോ ഞങ്ങൾക്കും സന്തോഷം "

അനന്തു അവളെ നോക്കി ആർദ്രമായി പുഞ്ചിരിച്ചു.

അവന്റെ ഓരോ നീക്കങ്ങളും ചലനങ്ങളും എല്ലാം രാധികയിലെ കാമവിത്തുകളെ മുളപ്പിച്ചു കൊണ്ടിരുന്നു.

"അനന്തു.....ഒരു നിമിഷം"

രാധിക ഉദ്വേഗത്തോടെ അവനെ വിളിച്ചു.

"എന്തോ... "

ആ ഒരു വിളി കേട്ടതും അനന്തുവിന്റെ കണ്ണുകൾ രാധികയുടെ കരിമിഴികളിലേക്ക് പാറി വീണു.

അതു മതിയായിരുന്നു രാധികയ്ക്ക്.

അനന്തുവിന്റെ നീലകണ്ണുകളിലേക്ക് ഉറ്റു നോക്കികൊണ്ട് അവൾ ഹൃദ്ധിസ്ഥമാക്കിയ വശീകരണ മന്ത്രം പ്രയോഗിച്ചു.

കുലശേഖരൻ തന്റെ മകൾക്ക് സമ്മാനിച്ച ശക്തിയേറിയ വശീകരണ പ്രയോഗം.
.
.

-സർവ വശ്യ മന്ത്രം-
.
.
അനന്തുവിന്റെ കണ്ണുകൾ തന്നിലായതും രാധിക ആ മന്ത്രം മനസിൽ ഉരുവിട്ടു.

"ഓം കാമദേവായ വിദ്മഹേ

പുഷ്പ ബാണായ ധീമഹി

തന്നോനംഗ പ്രചോദയാത്"

കാമദേവനെ സ്ഫുരിക്കുന്ന ശക്തിയേറിയ വശീകരണ മന്ത്രം.

പ്രപഞ്ചത്തിലെ ശക്തിയേറിയ മൂന്നാമത്തെ വശീകരണ പ്രയോഗം.

ആ ശ്രേണിയിൽ പ്രഥമ സ്ഥാനം വഹിക്കുന്നതോ ത്രൈലോക്യ വശീകരണ മന്ത്രവും.

പ്രപഞ്ചത്തിലെ ഏറ്റവും ശക്തവും കുറ്റമറ്റതുമായ വശീകരണ മന്ത്രം.

അനന്തുവിന് സ്വായത്തമായതും അതു തന്നെ.

അപ്പൊ രണ്ടാമത്തേതോ?

-വശ്യ മോഹിനി മന്ത്രം-

അമാലികയുടെ കൈവശമുള്ളത്.

വശീകരണ മന്ത്രം സ്വന്തമാക്കിയ രണ്ടു പേർ തമ്മിലുള്ള പോരാട്ടം.

അനന്തു വശ്യത്തിന് അടിമപ്പെടുമോയെന്ന് നോക്കി കാണാം.
.

.
.
.
രൗദ്രരൂപിണിയായി നിൽക്കുന്ന മാലതിയെ കണ്ടതും ലക്ഷ്മിക്ക് എന്തെന്നില്ലാത്ത ഭയവും കാളലും ഒരുപോലെയുണ്ടായി.

ഉള്ളം കയ്യിലെ വിയർപ്പ് അവളുടെ ഫോണിനെ നനയിച്ചു കൊണ്ടിരുന്നു.

അവൾക്ക് എന്തേലും ഉരിയാടാൻ കഴിയുന്നതിനു മുന്നേ കാറ്റ് പോലെ പാറി വന്ന മാലതി കൈ വീശി ലക്ഷ്മിയുടെ ചെകിട്ടിൽ ഒന്നു കൊടുത്തു.

"പ്ഠക്"

കിളി പറക്കുന്ന പോലത്തെ അടി കിട്ടിയതും ലക്ഷ്മി കുനിഞ്ഞിരുന്നു പോയി.

അവളുടെ ചെവിയിൽ ആരോ മൂളുന്നതായി തോന്നി.

തലകറങ്ങിയ അവൾ നിലത്തേക്ക് അമർന്നിരുന്നു.

അപ്പോഴും കവിളിൽ ഒരു മരവിപ്പ് പോലായിരുന്നു.

ഒപ്പം അസഹനീയമായ വേദനയും.

കീഴ് ചുണ്ട് പൊട്ടി ചോര കിനിയുന്നു.

അണപ്പല്ല് കൊഴിഞ്ഞോന്ന് സംശയമുണ്ട്.

ലക്ഷ്മിയുടെ ഉണ്ടക്കണ്ണുകളിൽ നിന്നും ഡാം പൊട്ടി വീണ പോലെ നീരൊഴുക്ക് ഉണ്ടായി.

അതു കണ്ടതും മാലതി സഹിക്കവയ്യാതെ ലക്ഷ്മിയുടെ അടുത്തിരുന്നു.

നിയന്ത്രണം വിട്ട ലക്ഷ്മി പൊട്ടികരഞ്ഞു കൊണ്ട് മാലതിയുടെ മാറിൽ പറ്റി ചേർന്നു കിടന്നു.

ഒരു കുഞ്ഞിനെ പോലെ.

തന്റെ ബാല്യ കാല സുഹൃത്തിന്റെ നെറുകയിൽ തലോടിക്കൊണ്ട് മാലതിയും കണ്ണു നിറച്ചു.

അവളെ വേദനിപ്പിക്കേണ്ടി വന്നതിൽ ഖേദിച്ചു.

അപ്പോഴും ഒരു കൊച്ചു കുഞ്ഞിനെ പോലെ അവൾ മാലാതിയുടെ നെഞ്ചിൽ കിടന്നു പൊട്ടി പൊട്ടി കരയുകയാണ്.

എല്ലാ സങ്കടങ്ങളും കരഞ്ഞു തീർക്കട്ടെന്ന് മാലതിയും കരുതി.

"എന്തിനാ ലക്ഷ്മി നീയെന്റെ കുഞ്ഞിനെ കൊല്ലാൻ നോക്കിയേ?"

ഗദ് ഗദ ത്തോടെ മാലതി ചോദിച്ചു.

എന്നാൽ ആ ചോദ്യം കേട്ടതും ലക്ഷ്മിയുടെ കരച്ചിൽ വീണ്ടും ഉച്ചത്തിലായി.

"അവനില്ലെങ്കിൽ പിന്നെ ഞാൻ ജീവിച്ചിരിക്കുമെന്ന് നിനക്ക് തോന്നുന്നുണ്ടോ? ഉറപ്പായും ഞാനും ചത്തു കളയും"

തികട്ടി വരുന്ന കരച്ചിൽ കടിച്ചു പിടിച്ചു കൊണ്ട് മാലതി പറഞ്ഞു.

"മാലതി സോറി..........................ഞാനറിയാതെ എന്റെ പൊട്ടബുദ്ധിക്ക് എന്തൊക്കെയോ കാട്ടി കൂട്ടി............................ എന്നോട് ക്ഷമിക്കടി"

ലക്ഷ്മി താഴെക്കൂർന്നിറങ്ങി മാലതിയുടെ ചരണങ്ങളിൽ മാപ്പിരന്നു.

മാലതി അപ്പൊ തന്നെ അവളെ പൊക്കിയെടുത്തു വീണ്ടും മാറോട് ചേർത്തു.

"എന്റെ മോനെന്ന് പറഞ്ഞാൽ അത് നിന്റെയും കൂടിയല്ലേ പെണ്ണേ............................അവനെ ദേവേട്ടനായി കാണാതെ അനന്തുവായി കാണ് "

മാലതി അവളുടെ കാതോരം പറഞ്ഞു.

"ഞാൻ ശ്രമിക്കാം മാലതി.......................... നീ പറഞ്ഞത് പോലെ അവനെന്റെയും മോനാ............................ ഇനി അങ്ങനൊന്നും ഞാൻ കാണിക്കില്ല..........................എനിക്ക് തെറ്റ് തിരുത്താൻ നീയൊരു അവസരം തരണം"

കുറ്റബോധം കൊണ്ട് പശ്ചാത്തപിക്കുന്ന ലക്ഷ്മിയെ മാലതി ഒന്നു കൂടി പുണർന്നു.

അതിനു ശേഷം അവളുടെ തിരുനെറ്റിയിൽ പതിയെ ചുംബിച്ചു.

തന്റെ ഉറ്റ സുഹൃത്തിന്റെ മനം മാറ്റത്തിൽ മാലതി മനസ് തുറന്നു സന്തോഷിച്ചു.
.
.

.
.
സർവ വശീകരണ മന്ത്രം ചൊല്ലി കഴിഞ്ഞതും രാധിക പതിയെ കണ്ണുകൾ തുറന്നു നോക്കി.

അപ്പോഴും അനന്തുവിന്റെ കണ്ണുകൾ തന്നിലാണെന്ന് തിരിച്ചറിഞ്ഞതും അവളിൽ സന്തോഷം ഇരട്ടിച്ചു.

അനന്തുവിന്റെ ഓരോ മാറ്റങ്ങൾ കാണുവാൻ അവളുടെ മനസ് തുടിച്ചു.

രാധിക വശ്യമായി പുഞ്ചിരി തൂകിയതും മറുപടിയായി ഒരു പുഞ്ചിരി നൽകിക്കൊണ്ട് അനന്തു പരന്നു കിടക്കുന്ന കുളത്തിലേക്ക് കണ്ണുകൾ പായിച്ചു.

അനന്തു കാമവായ്പ്പോടെ തന്നെ ബലമായി കീഴ്പ്പെടുത്തുന്നതും തന്നിലേക്ക് പടർന്നു കയറുന്നതും അവൾ സ്വപ്നം കണ്ടു തുടങ്ങി.

തന്നെ ഇറുകെ പുണർന്നു ആ പൗരുഷം തന്നിലേക്ക് കുത്തിയിറക്കി വന്യമായ വികാരത്തോടെ ഭോഗിക്കണമെന്ന് അവൾ ആശിച്ചു.

അതു ഓർക്കുമ്പോൾ തന്നെ അവൾക്ക് ശരീരമാകെ തരിപ്പ് കയറുന്ന പോലെ തോന്നി.

ഒപ്പം തുടയിടുക്കിൽ ചെറിയൊരു നനവും.

മുൻപാരിക്കലും തോന്നിയിട്ടില്ലാത്ത വിധം കാമം ഇപ്പൊ തന്നെ കീഴ്പ്പെടുത്തി കളഞ്ഞതിൽ രാധിക അമ്പരന്നു.

അനന്തുവിനെ കാണുന്തോറും അതിനുള്ള ആസക്തി അവൾക്ക് കൂടി കൂടി വന്നു.

പക്ഷെ ഇപ്പോഴും അനന്തുവിന്റെ കണ്ണുകൾ ആ ജലാശയത്തിൽ തന്നെയാണ്.

അവൻ എന്തൊക്കെയോയോ ആലോചിച്ചു കൂട്ടുന്ന പോലെ അവൾക്ക് തോന്നി.

സാധാരണ മന്ത്രം ചൊല്ലി കഴിയുമ്പോൾ പുരുഷന്മാർക്ക് ഉണ്ടാകുന്ന മാറ്റങ്ങൾ അനന്തുവിൽ കാണുന്നില്ല.

മാത്രമല്ല അവൻ പഴയ പോലെ തന്നെ കൂസലേതു മന്യേ ഇരിക്കുന്നു.

അതു നിരീക്ഷിച്ചപ്പോഴേക്കും രാധികയ്ക്ക് നിരാശ തോന്നി.

ആദ്യമായിട്ടായിരുന്നു അവൾക്ക് ഇങ്ങനൊരു അനുഭവം.

"രാധികേ........"

അനന്തു അവളെ നീട്ടി വിളിച്ചു.

ആ വിളി കേട്ടതും പ്രതീക്ഷ നുരയുന്ന കണ്ണുകളോടെ അവൾ അവനെ ഉറ്റു നോക്കി.

"എന്താ അനന്തു?"

"ഞാനെന്ന അങ്ങോട്ട് പോകട്ടെ......................... അവിടെ അഞ്ജലി ഒറ്റക്കേയുള്ളൂ.................................ഇവിടം കണ്ടു കഴിഞ്ഞിട്ട് സമയം പോലെ രാധിക അങ്ങോട്ട് വന്നാൽ മതി"

അനന്തുവിന്റെ പറച്ചിൽ കേട്ട് രാധികയ്ക്ക് കിളി പോയ പോലെയിരുന്നു.

അവൾ ഒന്നും മനസിലാവാതെ അവനെ തുറിച്ചു നോക്കി.

അപ്പോഴേക്കും അനന്തു എണീറ്റു തിരികെ മനയിലേക്ക് പോയിരുന്നു.

രാധിക ആ കുളത്തിലെ ജല പരപ്പിലേക്ക് ദൃഷ്ടി പതിപ്പിച്ചു.

വല്ലാത്തൊരു മാനസികാവസ്ഥയിൽ ആയിരുന്നു അവൾ.

ആദ്യമായി ആ മന്ത്രം തന്നെ ചതിച്ചുവെന്ന തോന്നൽ അവളിലുണ്ടായി.

ആദ്യമായി താൻ അത്രയ്ക്കും ആഗ്രഹിച്ച ആള് കയ്യിൽ നിന്നും വഴുതിപ്പോയി.

രാധിക ദേഷ്യത്തോടെ പല്ലിറുമ്മി.

ഇതുപോലൊരു നാണക്കേട് അവൾ സ്വപ്നത്തിൽ പോലും പ്രതീക്ഷിച്ചിരുന്നില്ല.

രാധികയുടെ മുഖമൊക്കെ വലിഞ്ഞു മുറുകി.

ചുവന്നു തുടുത്തു.

കല്പടവിൽ നിന്നും ചാടിയെണീറ്റു അവൾ ആ കല്പടവുകൾ കയറിക്കൊണ്ടിരുന്നു.

അതോടൊപ്പം തുള്ളി തെറിക്കുന്ന ആ നിതംബഗോളങ്ങളുടെ കാഴ്ച.

അതിമനോഹരം.
.
.
.
.
മുറിയിലിരുന്ന് മടിയിലുള്ള ഡ്രോയിങ് പാഡിൽ ചിത്രം വരയ്ക്കുകയായിരുന്നു അരുണിമ.

ചൂണ്ടു വിരലിനും തള്ളവിരലിനുമിടയിൽ ഇറുക്കി പിടിച്ച പെൻസിൽ ദ്രുത ഗതിയിൽ ആ പാഡിലൂടെ ചലിക്കുന്നുണ്ട്.

മറ്റൊന്നിലും അവൾ ശ്രദ്ധിക്കുന്നില്ല.

കണ്ണുകൾ ആ ചിത്രത്തിൽ തന്നെയാണ്.

10 മിനുട്ട് നീണ്ടു നിന്ന മൽപ്പിടുത്തത്തിന് ഒടുവിൽ അരുണിമയിൽ നിന്നുമൊരു നെടുവീർപ്പുണ്ടായി.

പെൻസിൽ മാറ്റി വച്ചു അവൾ ആ ഡ്രോയിങ് പാഡ് എടുത്തു നോക്കി.

അതിൽ ബുള്ളറ്റ് ഓടിക്കുന്ന അനന്തുവിന്റെ ചിത്രമായിരുന്നു ആലേഖ്യം ചെയ്തിരുന്നത്.

അരുണിമയുടേ കലാ വിരുത് പൂർണമായും പ്രകടമാക്കുന്ന കലാ സൃഷ്ടി.

അവൾ പതുക്കെ ആ ചിത്രത്തിലൂടെ വിരലുകളോടിച്ചു.

"പ്രൊപ്പോസ് ചെയ്തപ്പോൾ ഞാൻ ശരിക്കും ഭയന്നു പോയി..............................പെട്ടെന്ന് എന്തു ചെയ്യണമെന്ന് ഒരെത്തും പിടിയും കിട്ടിയില്ല................................അതാ അറിയാതെ തല്ലി പോയെ എന്നോട് ദേഷ്യമാണോ?

ചുണ്ടുകൾ കൂർപ്പിച്ചു വച്ചു അരുണിമ ചിണുങ്ങി.

"അറിയാതെ തല്ലി പോയതല്ലേ....................എന്റെ അനന്തേട്ടൻ ക്ഷമിക്ക്..........................പിണക്കം മാറിയില്ലേൽ എന്നെയും തല്ലിക്കോ ഇതാ"

സ്വന്തം കവിളിൽ തോട്ടുകൊണ്ട് അരുണിമ കൊഞ്ചലോടെ പറഞ്ഞു.

"ഇനിയും എന്നോട് പിണങ്ങല്ലേ കേട്ടോ................................അല്ലേൽ ഞാൻ ഏത്തമിടട്ടെ................................അപ്പൊ എന്റെ ചെക്കന്റെ പിണക്കം മാറുവോ?"

അരുണിമ അനന്തുവിന്റെ ചിത്രത്തിൽ തലോടിക്കൊണ്ട് വീണ്ടും ചോദിച്ചു.

"ഹ.... ഹ.... ഹ... ഹ...... ഹ"

പുറത്തു നിന്നുമൊരു പൊട്ടി ചിരി കേട്ടാണ് അരുണിമ ഞെട്ടി പിടഞ്ഞു നോക്കുന്നത്.

അപ്പോൾ കണ്ടത് വാതുക്കൽ കയ്യും കെട്ടി വച്ചു തന്നെ നോക്കി ചിരിക്കുന്ന അനിയത്തിയെ ആയിരുന്നു.

അതു കണ്ടതും അരുണിമ അവളെ നോക്കി കണ്ണുരുട്ടി.

അരുണിമയുടെ മടിയിൽ ശയിക്കുന്ന ആ ചിത്രം കയ്യിലെടുത്തു അവൾ തിരിച്ചും മറിച്ചും നോക്കി.

"എന്താണ് ചേച്ചി പെണ്ണെ ഒറ്റക്കിരുന്നു സംസാരിക്കുന്നെ? ഊളമ്പാറയ്ക്ക് ടിക്കറ്റ് എടുക്കേണ്ടി വരുവോ?"

അവൾ വായ് പൊത്തി ചിരിച്ചു.

"ഒന്നു പോടി "

അവളെ നോക്കി കൊഞ്ഞനം കുത്തി ക്കൊണ്ട് അരുണിമ ആ ചിത്രം തട്ടി പറിച്ചു.

"മനസിൽ എന്തേലുമുണ്ടേൽ ആ ഏട്ടനോട് തുറന്നു പറഞ്ഞൂടെ..............................എത്ര വർഷമായി ചേച്ചി ആ ഏട്ടന് വേണ്ടി കാത്തിരിക്കുന്നു............................. എന്തോരം സ്വപ്നങ്ങൾ കണ്ടിരിക്കുന്നു.............................എന്തിനാ ഇങ്ങനെ ബാക്കിയുള്ളവരെക്കൊണ്ട് പറയിപ്പിക്കുന്നെ?"

അവൾ ഒരു മുന്നറിയിപ്പ് പോലെ അരുണിമയെ ഓർമ്മിപ്പിച്ചു.

"അറിഞ്ഞൂടാ മോളെ........................മനസ് നിറച്ചു സ്നേഹമാണെനിക്ക്..............................പക്ഷെ അത് പ്രകടിപ്പിക്കാൻ പറ്റുന്നില്ല "

നിരാശ കാരണം അരുണിമയുടെ തല താഴ്ന്നു.

"അതിനൊരു വഴിയുണ്ട് ചേച്ചി."

"എന്താ അത്?"

അരുണിമ പ്രതീക്ഷയോടെ തന്റെ അനിയത്തിയെ ഉറ്റു നോക്കി.

"ചേച്ചിക്ക് പകരം ഞാൻ ആ ചേട്ടനെ കെട്ടാം"

അവളുടെ ബുദ്ധി പോയ പോക്ക് കണ്ട് അരുണിമ പൊട്ടിച്ചിരിയോടെ അനിയത്തിയെ കട്ടിലിലേക്ക് വലിച്ചിട്ടു.

പിന്നെ രണ്ടും കൂടെ ബെഡിൽ കിടന്നു കെട്ടി മറിഞ്ഞു.

ഒടുക്കം അടിയായി പിടിയായി നുള്ളലായി മാന്തലായി കടിക്കലായി മുടി പിടിച്ചു വലിക്കലായി ആകെ ബഹളമയം തന്നെ.

.

.

.

.

-തിരുവമ്പാടി മന-

.

.

.

.

രാവിലേ സൂര്യവന്ദനത്തിന് ശേഷം കളരിയിൽ അഭ്യാസമുറകൾ പരിശീലിക്കുകയാണ് ജയശങ്കർ.

കൂടെ ശിഷ്യന്മാരുമുണ്ട്.

50 വയസ് തികഞ്ഞെങ്കിലും ഇപ്പോഴും യുവത്വം വിട്ടു മാറാത്ത ശരീരം.

ജരാനരകൾ ഒട്ടും അയാളെ ബാധിച്ചിട്ടില്ല.

ദൃഢമായ പേശികൾ അയാളുടെ ഒത്ത ശരീരത്തിൽ എടുത്തു കാണുന്നു.

ആരു കണ്ടാലും മോഹിക്കുന്ന ശരീരം.

പുരുഷസൗന്ദര്യത്തിന്റെ മകുടോദാഹരണം.

പക്ഷെ എപ്പോഴും ക്രോധം നിറഞ്ഞു നിൽക്കുന്ന മുഖം.

ചുവന്ന കണ്ണുകൾ.

മെയ്യഴക്കമുള്ള ആ ശരീരം കൊണ്ട് ജയശങ്കർ കാണിക്കുന്ന അഭ്യാസങ്ങൾ പോലും മറ്റുള്ളവർ അസൂയയോടെയാണ് നോക്കി കാണാറുള്ളത്.

പൊടുന്നനെ അങ്ങോട്ടേക്ക് കടന്നു വന്ന മനയിലെ ജോലിക്കാരൻ ജയശങ്കറിനെ കാത്ത് രുദ്രൻ തിരുമേനി പൂജമുറിയിൽ ഇരിപ്പുണ്ടെന്ന് ധരിപ്പിച്ചു.

വിയർത്തൊലിച്ച ശരീരമായതിനാൽ വിസ്തരിച്ചുള്ള ഒരു കുളിക്ക് ശേഷം ജയശങ്കർ പൂജമുറിയിലേക്ക് നടന്നു.

അപ്പോഴാണ് മനയിലെ പുറം പണിക്ക് വന്ന പുതിയ ജോലിക്കാരിയിൽ അയാളുടെ കണ്ണുകളുടക്കിയത്.

തടിച്ചു കൊഴുത്തു മദാലസ രൂപമുള്ള ഒരുവൾ.

കണ്ടാൽ 30 വയസോളം പ്രായം.

നടക്കുമ്പോൾ തമ്മിലുരുമുന്ന ആ ചന്തിപ്പന്തുകൾ കണ്ട് അയാളുടെ വായിൽ വെള്ളമൂറി.

ഒപ്പം ബ്ലൗസ്സിൽ നിറഞ്ഞു നിൽക്കുന്ന മുഴുത്ത മാർക്കുടങ്ങൾ കണ്ട് ജയശങ്കറിന്റെ കൈകൾ തരിച്ചു.

ഇന്നേതായാലും തനിക്ക് പണിയായെന്ന് ഊറി ചിരിച്ചു കൊണ്ട് അയാൾ പൂജമുറിയിലേക്ക് കയറി.

അവിടെ നിരത്തി വച്ച കവിടിയ്ക്ക് മുന്നിൽ ചിന്താധീനനായി
ഇരിക്കുകയായിരുന്നു രുദ്രൻ തിരുമേനി.

ജയശങ്കർ മുറിയിലേക്ക് വന്നതു പോലും അദ്ദേഹം അറിഞ്ഞിരുന്നില്ല.

"അമ്മാവാ എന്നെ തിരക്കിയെന്നു അറിഞ്ഞു"

ജയശങ്കർ പറഞ്ഞു തുടങ്ങിയതും അദ്ദേഹം സ്വബോധത്തിലേക്ക് തിരികെ വന്നു.

"ഹേ... ഹ്...ഹാ...ജയാ ഇരിക്ക് "

അദ്ദേഹം തപ്പി തടഞ്ഞുകൊണ്ട് പറഞ്ഞു.

അതുകേട്ട മാത്രയിൽ വിനയാന്വിതനായി അവിടെ തിരുമേനിക്ക് മുന്നിൽ ഇരുന്നു.

"ജയാ കാര്യങ്ങൾ അത്ര പന്തിയല്ല"

"എന്താണ്ടയെ അമ്മാവാ?"

ജയശങ്കർ നിർവികരതയോടെ ചോദിച്ചു.

"കഴിഞ്ഞ ദിവസം നമ്മുടെ മുത്തുമണിയുടെ സാന്നിധ്യം നാം നേരിട്ട് ദർശിച്ചു"

"അതെങ്ങനെ അമ്മാവാ?"

ജയൻ അമ്പരപ്പോടെ അദ്ദേഹത്തെ നോക്കി.

"അത് സംഭവ്യമായി ജയാ...............................ദക്ഷിണ മോളുടെ വരവ് അത് പ്രകൃതി തന്നെ നിശ്ചയിച്ചതാണ്.......................... അതുപോലെ നീ പറഞ്ഞ ദേവന്റെ മുഖ സദൃശ്യമുള്ള തേവക്കാട്ടിലെ പുതിയ അതിഥി, അതും ദേവന്റെ പുനർജന്മമാകാനാണ് സാധ്യത"

രുദ്രൻ തിരുമേനിയുടെ വസ്തുതാവിരുദ്ധമായ കണ്ടെത്തലുകൾ കേട്ട് ജയശങ്കർ ആകെ കുഴങ്ങി.

കേട്ടത് വിശ്വസിക്കാനാവാതെ അയാൾ നിരത്തി വച്ച കവിടിയിലേക്ക് കണ്ണു നട്ടു.

"എന്നാലും ഇതൊക്കെ എങ്ങനാ അമ്മാവാ? കേട്ടിട്ട് ചിരി വരുന്നു.............................ഇതൊക്കെ ഇന്നത്തെ കാലത്ത് നടക്കുമോ?"

അനന്തരവന്റെ മറുപടി കേട്ട് രുദ്രൻ തിരുമേനി പുച്ഛത്തോടെ ചിരിച്ചു.

"ഈ പ്രകൃതിയുടെ മായകൾ ഒന്നും തന്നെ നിനക്ക് അറിയില്ല ജയാ.........................എങ്കിലും ഞാനൊന്ന് പറയാം......................... കാലം അതേ കഥ തന്നെ വീണ്ടും ആവർത്തിക്കുകയാണോയെന്ന് സംശയമുണ്ട്................................മുത്തുമണിയും ദേവനും പുനർജനിച്ചിട്ടുണ്ടെൽ തീർച്ചയായും ദേവന്റെ പ്രണയിനിയും പുനർജനിച്ചിട്ടുണ്ടാവണം"

രുദ്രൻ തിരുമേനി പറയുന്നത് കേട്ട് അൽപ നേരം ജയശങ്കർ നിശബ്ദത പാലിച്ചു.

പൊടുന്നനെ അയാളുടെ ചുണ്ടുകൾ മന്ത്രിച്ചു.

"കല്യാണി"

അതു കേട്ടതും രുദ്രൻ തിരുമേനി തലയാട്ടി.

പിന്നീട് ഒന്നും ചോദിക്കാൻ അയാൾക്ക് തോന്നിയില്ല.

ആ മാനസികാവസ്ഥ അതിനനുവദിച്ചില്ല എന്ന് വേണം പറയാൻ.

"പിന്നൊരു കാര്യം കൂടി ഞാൻ കണ്ടു പിടിച്ചു ജയാ................................ ദേവന്റെ പുനർജ്ജന്മം അഥർവ്വന്റെ വംശ പരമ്പരയിലാണ് സംഭവിച്ചിരിക്കുന്നത്.............................അതിനാൽ അവനുമൊരു വൈരജാതൻ തന്നെ"

"അതിനർത്ഥം? "

ഒന്നും മനസിലാവാതെ ജയൻ തന്റെ അമ്മാവനെ തുറിച്ചു നോക്കി.

"അതിനർത്ഥം ദേവന്റെ പുനർജന്മവും അഥർവ്വന്റെ പുനർജന്മവും ഒരാൾ തന്നെയാണോയെന്ന്?"

രുദ്രൻ തിരുമേനി തന്റെ സംശയം പങ്കു വച്ചു.

"അതിനിപ്പോ നമ്മളെന്താ ചെയ്യണ്ടേ?അമ്മാവാ അമ്മാവൻ എന്തു പറഞ്ഞാലും അക്ഷരം പ്രതി ഞാനനുസരിക്കും"

ജയശങ്കർ ബഹുമാനപൂർവ്വം പറഞ്ഞു തീർത്തു.

അനന്തരവന്റെ ഈ അനുസരണശേഷിയിൽ രുദ്രൻ തിരുമേനി നന്നേ അഭിമാനം കൊണ്ടു.

"കാലം കാത്തുവച്ച കാവ്യനീതിയെന്ന് പറയുന്ന പോലെ അഥർവ്വൻ പുനർജനിച്ചാൽ നമ്മളെ അത് ബാധിക്കുകയില്ല ജയാ.......................................അതായത് ചരിത്രഗ്രന്ഥങ്ങൾ സത്യമാണേൽ അഥർവ്വൻ സത്യമാണേൽ അഥർവ്വന്റെ കാലനും ഇതുപോലെ പുനർജനിച്ചിട്ടുണ്ടാകും.............................പ്രകൃതിയുടെ ഓരോ ലീലാവിലാസങ്ങൾ."

അതും പറഞ്ഞുകൊണ്ട് രുദ്രൻ തിരുമേനി പൊട്ടി ചിരിച്ചു.

"ആ പുനർജ്ജന്മം ആരുടേതാണ് അമ്മാവാ?"

അമ്പരപ്പോടെ ജയൻ അദ്ദേഹത്തെ ഉറ്റു നോക്കി.

"ദുർമന്ത്രവാദിനി അമാലികയുടെ............................ അവൾക്ക് അറിയാത്ത ഒരു ക്ഷുദ്ര ക്രിയകളുമില്ല................................ ദുർമന്ത്രവാദത്തിന്റെ ഏടായ അഥർവ്വ സംഹിത വരെ അരച്ചു കലക്കി കുടിച്ചവൾ.......................... സാക്ഷാൽ കാമദേവനെ വരെ പ്രീതിപ്പെടുത്തി ലൈംഗിക സംതൃപ്തിക്കായി രതിവീഴ്ചകളിൽ ആറാടുന്നവൾ"

"ശോ പെണ്ണുമ്പിള്ളയുടെ ഒരു ഭാഗ്യം"

ജയശങ്കർക്ക് ആ കഥ നന്നേ ഇഷ്ട്ടപ്പെട്ടു.

അവന്റെ മറുപടി കേട്ട് രുദ്രൻ തിരുമേനി പോലും പൊട്ടിച്ചിരിച്ചു പോയി.

"അതേ ജയാ............................അടങ്ങാത്ത കാമത്തിന്റെ നേർരൂപമാണ് അമാലിക ..,...........................അവളിൽ മയങ്ങികിടക്കുന്ന അത്രത്തോളം കാമാഗ്നി ഈ ലോകത്ത് മാറ്റാർക്കും തന്നെയില്ല................................അതുപോലെ ഇതുവരെ അവളെ രതി സംസർഗ്ഗത്തിലൂടെ കീഴ്പ്പെടുത്തിയ ഒരു പുരുഷൻ പോലുമില്ല............................കാമകലകളിൽ രതി ദേവതയെ വരെ തോൽപ്പിക്കുന്നവൾ.............................എല്ലാ പുരുഷന്മാരും തനിക്ക് താഴെയെന്നാണ് അവൾ കരുതിയിരുന്നത്..............................അതുകൊണ്ട് തന്നെയാണ് കാമദേവൻ അദ്ദേഹത്തിന്റെ സ്വന്തമായ

പഞ്ചബാണങ്ങൾ പോലും അമാലികയ്ക്ക് സമ്മാനമായി നൽകിയത്...............................അതുവഴി അവൾക്ക് ആരെ വേണേലും വശീകരിക്കാം"

(മുന്നത്തെ ഏതോ പാർട്ടിൽ അമാലിക ഹോമകുണ്ഠത്തിൽ നിന്നും ഒരു സ്വർണ ബാണം അറ്റത്തു താമര പൂവ് ഉള്ളത് ചായക്കടയിലുള്ള അനന്തുവിന് നേരെ പ്രയോഗിക്കുന്നത് എഴുതിയിട്ടുണ്ട്......ആ ബാണം ഈ പഞ്ച ബാണങ്ങളിൽ പെട്ട ഒന്നാണ് )

"കഥ കൊള്ളാമല്ലോ അമ്മാവാ...................... എന്നിട്ടെന്തുണ്ടായി?"

ജയന് ആകാംക്ഷയേറി.

"അങ്ങനെ പുരുഷ പ്രജകളെ അടിമകളായും ഭോഗവസ്തുവായും കണ്ടിരുന്ന അമാലിക ദിനം പ്രതി പലതരം ഉച്ഛാടനങ്ങളിലൂടെ ശക്തി ആവാഹിച്ചു ..............................അങ്ങനെ ഒരിക്കെ ജീവിതത്തിലാദ്യമായി അമാലികയ്ക്ക് ഒരു പുരുഷനോട് അനുരാഗം തോന്നി"

"അതാരോടാ അമ്മാവാ?"

ജയൻ ഇടയ്ക്ക് കയറി ചോദിച്ചു.

"മരതകക്കാടിന്റെ അധിപനായ അഥർവ്വനോട്"

"ഏത് മറ്റേ നാഗത്തിന്റെയും ഗന്ധർവ്വന്റെയും മകനല്ലേ?"

തനിക്ക് തോന്നിയ സംശയം ജയശങ്കർ പങ്കു വച്ചു.

"അതേ ജയാ.......................... അതു തന്നെ ആ നാഗത്തിന്റെ പേര് വൈരനാഗം എന്നായിരുന്നു............................ആ നാഗത്തെ കുലദൈവമായി ആരാധിച്ച ജനസമൂഹമാണ് വൈരജാതർ.....................ആ വൈരജാതാരുടെ അധിപനായിരുന്നു അഥർവ്വൻ..............................വൈരനാഗത്തിന്റെ പുത്രൻ.............................. മരതകകാട്ടിലായിരുന്നു അവർ വസിച്ചിരുന്നത്"

"നല്ല പേര് വൈര നാഗം "

ജയന്റെ ചുണ്ടുകളിൽ നേർത്ത പുഞ്ചിരി തൂകി.

"ഘ്മ് ആ പേരിനൊരു പ്രതേകതയുണ്ട് ജയാ........................... വൈരനാഗത്തിന്റെ കണ്ണുകൾക്ക് പകരം അവിടെ തിളങ്ങുന്ന രണ്ടു വൈരങ്ങളാണ് ഉണ്ടായിരുന്നത്...........................വളരെ ശക്തിയുള്ള വൈരങ്ങൾ.........................അതിലൊരു വൈരത്തിന് ഭൂമിദേവിയുടെ ശക്തിയും മറ്റൊരു വൈരത്തിന് സൂര്യദേവന്റെ ശക്തിയുമായിരുന്നു............................എന്ന് വച്ചാൽ ആ വൈരം കയ്യിൽ കിട്ടുന്ന ആർക്കും ഭൂമിയെയും സൂര്യനെയും കാൽക്കീഴിലാക്കാം എന്നർത്ഥം."

"അതു കൊള്ളാമല്ലോ"

"അതേ ജയാ..............അങ്ങനെയിരിക്കെ ഇന്ദ്രസദസ്സിൽ നിന്നും ഭൂമിയിലേക്ക് യാത്ര തുടർന്ന പാർദ്ധേയൻ എന്ന ഗന്ധർവ്വൻ എത്തിച്ചേർന്നത് മരതകകാട്ടിൽ ആയിരുന്നു................................ അങ്ങനെ വൈരനാഗവുമായി ആ ഗന്ധർവ്വൻ പ്രണയത്തിലായി........................... മുറപോലെ അവരുടെ ഗാന്ധർവ്വവിവാഹവും കഴിഞ്ഞു.................................. അങ്ങനെ തന്റെ യാത്രയുടെ അവസാന നാളെത്തിചേർന്നതും ഒരു മടക്ക യാത്രയ്ക്ക് ആ ഗന്ധർവ്വൻ നിർബന്ധിതനായി...........................ഇന്ദ്രസദസിലേക്ക് തിരികെ പോയി................................പക്ഷെ വൈകാതെ വൈരനാഗത്തിന് ഒരു പുത്രൻ ജനിച്ചു............................അതാണ് അഥർവ്വൻ............................. ഭൂമിദേവിയുടെയും സൂര്യദേവന്റെയും ശക്തിയുടെ ഒരംശം തന്റെ കണ്ണുകളിൽ ആവാഹിക്കുന്ന വൈര നാഗത്തിന് ജനിച്ചത് ഒരു വീരൻ തന്നെയായിരുന്നു.......................... നാഗശക്തിയും അതീന്ദ്രിയ ശക്തിയും ഉള്ളവനായിരുന്നു അഥർവ്വൻ........................ഒപ്പം പഞ്ചഭൂതങ്ങളെ തന്റെ അഞ്ച് വിരൽ തുമ്പുകളിൽ ആവഹിച്ചവൻ...........................അസ്സലൊരു യോദ്ധാവ് ആയിരുന്നു അഥർവ്വൻ.............................ഒരിക്കൽ പോലും തന്നിലടങ്ങിയ ശക്തികളെ അവൻ ദുരിപയോഗം ചെയ്തിരുന്നില്ല..........................അവസാനം പ്രായപൂർത്തി ആയപ്പോൾ ഒരു കാനന പുത്രിയെ തന്നെ അഥർവ്വൻ വിവാഹം ചെയ്യുകയുണ്ടായി..........................അവർക്ക് ഒരു പെൺ കുഞ്ഞുമുണ്ടായി........................ അങ്ങനിരിക്കെ മരതക കാടിനെ കുറിച്ചും വൈരനാഗത്തിന്റെ കണ്ണുകളിലെ വൈരങ്ങളെ കുറിച്ചും അമാലിക കേൾക്കാനിടയായി............................അതു തട്ടിയെടുത്താൽ ഈ പ്രപഞ്ചത്തെ തന്നെ കാൽക്കീഴിലാക്കാമെന്ന് അവൾ വ്യാമോഹിച്ചു..........................അങ്ങനെ ഒരിക്കെ അവൾ......"

രുദ്രൻ തിരുമേനി പറഞ്ഞോണ്ടിരിക്കെ വാതിലിൽ ഒരു മുട്ട് കേട്ടു.

അതോടെ അദ്ദേഹം കഥ പറച്ചിൽ നിർത്തി.

കഥ കേൾക്കുന്നതിന്റെ ആസ്വാദനം നഷ്ട്ടപ്പെട്ട ജയശങ്കർ ഈർഷ്യയോടെ എണീറ്റു വാതിലിന് സമീപത്തേക്ക് നടന്നു.

ശേഷം അത് വലിച്ചു തുറന്നു.

"എന്താടി?"

മുന്നിൽ നിൽക്കുന്ന തന്റെ ഭാര്യയെ കണ്ട് അയാൾക്ക് കോപം വലിഞ്ഞു കയറി.

"അമ്പ...ലത്തീന്ന് സം....ഘടകര് എത്തി....യിട്ടു....ണ്ട്"

വിറച്ചുകൊണ്ട് അവൾ പറഞ്ഞു.

"ഹ്മ്മ് പൊക്കോ "

ഗൗരവത്തോടെ അയാൾ മറുപടി പറഞ്ഞു.

അതുകേട്ടതും അവർ അവിടുന്ന് സ്ഥലം കാലിയാക്കി.

"അമ്മാവാ അമ്പലത്തീന്ന് സംഘടകർ വന്നിട്ടുണ്ട്."

"ഹാ നീയങ്ങോട്ട് ചെന്നോ ജയാ.........................ഞാൻ വന്നേക്കാം "

രുദ്രൻ തിരുമേനി പറഞ്ഞത് കേട്ട് തലയാട്ടിക്കൊണ്ട് ജയശങ്കർ അവിടുന്ന് പോയി.

ഒന്നു നെടുവീർപ്പെട്ടുകൊണ്ട് തിരുമേനിയും നേരെ പൂമുഖത്തേക്ക് നടന്നു.
.
.
.
.
-2035- ജനുവരി 18,08:02 AM
.
.
-കാലിഫോണിയ,ആപ്പിൾ വാലി വില്ലജ്-
.
.

നെറുകയിൽ നേർത്ത മുത്തം കിട്ടിയതിന്റെ ആലസ്യത്തിൽ സാരംഗി പതിയെ കണ്ണുകൾ തുറന്നു.

ഇപ്പോഴും ഉറക്കച്ചടവ് അവളുടെ കണ്ണുപോളകളിൽ ഘനീഭവിക്കുന്നുണ്ട്.

ഇന്നലെ രാത്രീ എപ്പോഴോ നെറ്റ്ഫ്ലികസും കണ്ടുകൊണ്ട് കിടന്നുറങ്ങിയതാണ്.

ദേ ഇപ്പൊ ഇമമ്മയുടെ മാറിൽ തല വച്ചു കിടക്കുന്നു.

ഇമമ്മ ആരാണെന്നല്ലേ?

അത് തന്റെ പെറ്റമ്മയാ.

അരുണിമയമ്മയെ ഷോർട് ആക്കി വിളിക്കുന്നതാണ് ഇമമ്മ..

ഉറക്കത്തിലും ഇമമ്മയുടെ വലതു കൈ തന്റെ മുതുകിലൂടെ തഴുകുന്നുണ്ട്.

ഇമമ്മയുടേ മാറിലെ ചൂട് പറ്റിയാലേ തനിക്കും ഉറങ്ങാൻ പറ്റൂ.

ചെറുപ്പം മുതലുള്ള ശീലമായി പോയി.

മകൾ ഉറക്കം വിട്ടുണർന്നു എന്നറിഞ്ഞപ്പോൾ അരുണിമ പതിയെ ബെഡിൽ എണീറ്റിരുന്നു.

"ഗുഡ് മോർണിംഗ് സാരൂ"

"മോർണിംഗ് ഇമമ്മ "

സാരംഗി ഒരു കോട്ടുവാ ഒക്കെ ഇട്ടുകൊണ്ട് പതിയെ എണീറ്റിരുന്നു.

എന്നിട്ട് അരുണിമയുടെ ചുമലിൽ തല ചായ്ച്ചു വച്ചു.

"വാവേ എണീറ്റു വാ......................ഇന്നല്ലേ നിന്റെ ഫൈനൽ എക്സാം..................ബി റെഡി മൈ ഡിയർ"

സാരംഗിയെ കുലുക്കി വിളിച്ചു കൊണ്ട് അരുണിമ എണീറ്റു.

റൂമിലെ ഹീറ്റർ ഒന്ന് അഡ്ജസ്റ്റ് ചെയ്തു വച്ചു.

ടേബിളിന്റെ മുകളിലുള്ള കണ്ണട എടുത്തു വച്ചിട്ട് നേരെ കിച്ചൺ ഏരിയയിലേക്ക് പോയി.

നല്ല മടി മനസിനെയും ശരീരത്തെയും കാർന്നു തിന്നുന്നെങ്കിലും അവൾ പതിയെ ബെഡിൽ നിന്നുമെണീറ്റു.

ശേഷം ബാത്റൂമിൽ പോയി പ്രാഥമിക കാര്യങ്ങൾക്ക് ശേഷം ഒരു കാക്ക കുളിയും കഴിഞ്ഞ് അവൾ തിരികെ റൂമിൽ വന്നു.

മുട്ട് വരെ ഇറക്കമുള്ള ഷോർട്സും ടോപ്പും വേഗം തന്നെ എടുത്തണിഞ്ഞു.

മിററിന്റെ മുന്നിൽ നിന്ന് തന്റെ പതിവ് പോലെ നിതംബത്തിന്റെ മുഴുപ്പിന് മാറ്റമുണ്ടോയെന്ന് തിരിഞ്ഞും മറിഞ്ഞും നോക്കി.

അപ്പോഴാണ് ബ്രാ ഇടാൻ അവൾ മറന്നത്.

തല്ക്കാലം അത് മാറ്റിവച്ചു ബെഡിന് കീഴെ കിടക്കുന്ന ബാഗുമെടുത്ത് ഹാളിലേക്ക് വന്നു.

അവിടെ സോഫയിലേക്ക് ബാഗ് വലിച്ചെറിഞ്ഞ ശേഷം അവൾ അടുക്കളയിലേക്ക് പോയി.

അവിടെ അരുണിമ ചുണ്ടിൽ ഒരു മൂളിപാട്ടോടെ ബ്രെഡിൽ ചീസ് തേച്ചു ടോസ്റ്റ് ചെയ്യുന്ന തിരക്കിലായിരുന്നു.

ചൂടോടെ നല്ല മൊരിഞ്ഞ ബ്രെഡ് പ്ലേറ്റിലേക്ക് നിക്ഷേപിച്ചിട്ട് അരുണിമ തന്റെ മകൾക്ക് നേരെ നീട്ടി.

കൂടെയൊരു ഓംലെറ്റും പഴവും.

ഒരു കൊഞ്ചലോടെ അവൾ ആ ബ്രെഡ് എടുത്ത് കഴിക്കാൻ തുടങ്ങി.

തനിക്കിഷ്ടപ്പെട്ട ഭക്ഷണമായതിനാൽ സാരംഗി കാര്യമായ പോളിംഗിൽ ആയിരുന്നു.

"ഇന്നത്തെ എക്സാമിന് പ്രിപേഡ് ആണോ?"

അരുണിമ കപട ഗൗരവത്തോടെ മകളെ ഉറ്റു നോക്കി.

"യെപ് ഇമമ്മ.........................എല്ലാം സെറ്റ് ആണ്................................ ഐ വിൽ ടേക്ക് ഇറ്റ് ആസ് എ ചാലഞ്ച് "

തന്റെ നീല നയനങ്ങളിൽ കുസൃതി ഒളിപ്പിച്ചുകൊണ്ട് സാരംഗി കുലുങ്ങി ചിരിച്ചു.

"ദാറ്റസ് മൈ ഗേൾ "

അരുണിമ മകളുടെ കവിളിൽ പതിയെ പിച്ചി.

അതു കേട്ടതും സാരംഗിയുടേ തുടുത്ത കവിളുകൾ ആരുണാഭമായി മാറി.

അരുണിമയും അവൾക്ക് ഓപ്പോസിറ് ആയി ചെയർ വലിച്ചിട്ടിട്ട് ഇരുന്നു.

ശേഷം ഫുഡ് പതുക്കെ കഴിക്കുവാൻ തുടങ്ങി.

ബ്രെഡ് വേഗം കഴിച്ചിട്ട് ഒരു കവിൾ ഓറഞ്ച് ജ്യൂസ് സിപ് ചെയ്തിട്ട് സാരംഗി സോഫയിലിട്ട ബാഗുമായി റൂമിലേക്ക് പോയി.

ഒന്നു രണ്ടു ബുക്കുകൾ കൂടി ബാഗിലേക്ക് ധൃതിയിൽ വച്ചിട്ട് തിരികെ പോകാൻ ശ്രമിക്കുമ്പോഴാണ് കയ്യിലൊരു ഡയറി തടഞ്ഞത്.

ഒന്നു ശങ്കിച്ചെങ്കിലും സാരംഗി തല ചൊറിഞ്ഞുകൊണ്ട് ആ ഡയറിയും കൂടി ബാഗിലേക്കിട്ടു.

"സാരൂ.............."

അരുണിമയുടെ നീട്ടിയുള്ള വിളി കേട്ടാണ് സാരംഗി വേഗം ഹാളിലേക്ക് ഓടി വന്നത്.

അവിടെ എത്തിയപ്പോഴേക്കും അരുണിമ അവളെ നോക്കി കണ്ണുകൾ കാണിച്ചു.

അതു കണ്ടതും സാരംഗി ഹാളിൽ തൂക്കിയ ഫോട്ടോയിലേക്ക് നോക്കി കൈകൾ കൂപ്പി.

തെല്ലൊരു നിമിഷം അവൾ കണ്ണുകളടച്ചു മൗനം പാലിച്ചു.

ഫോട്ടോയിലെ അനന്തുവിന്റെ പ്രതിരൂപത്തിലേക്ക് നോക്കിയതും അരുണിമയുടേ കണ്ണുകൾ നിറഞ്ഞു.

അവൾ കണ്ണട ഊരിയെടുത്ത് കരചീഫ് കൊണ്ട് കണ്ണുകളോപ്പി.

കണ്ണുകൾ തുറന്നതും ഈ കാഴ്ചയാണ് സാരംഗി കാണുന്നത്.

അവൾ ചാടിവന്നു അരുണിമയുടെ കഴുത്തിലൂടെ കയ്യിട്ട് തൂങ്ങി പിടിച്ചു.

"ഇങ്ങനെ കരയല്ലേ ഇമമ്മേ.................എന്റെ അനന്തച്ഛന് സങ്കടം വരും..............ഡോണ്ട് ബി സാഡ് "

ആ കണ്ണുകൾ അമർത്തി തുടച്ചുകൊണ്ട് അവൾ താക്കീത് പോലെ പറഞ്ഞു.

അരുണിമ തന്റെ മകളുടെ പിടയ്ക്കുന്ന നീല മിഴികളിൽ തെല്ലൊരു നിമിഷം ഉറ്റു നോക്കി.

അനന്തു കണ്മുന്നിൽ വന്നു നിൽക്കുന്ന പോലെയാണ് അവൾക്ക് തോന്നിയത്.

"കള്ളിയമ്മ.............................എന്റെ കണ്ണും നോക്കികൊണ്ട് അനന്തച്ഛനെ സ്വപ്നം കാണുവാണല്ലേ?"

അവൾ കുറുകിക്കൊണ്ട് പറഞ്ഞു.

"അതെങ്ങനെ മനസിലായി?"

അരുണിമയുടെ കണ്ണുകളിൽ അത്ഭുതം.

"എനിക്ക് അറിഞ്ഞൂടെ എന്റെ ഇമമ്മെയെ"

അരുണിമയെ പുണർന്നുകൊണ്ട് അവൾ

പറഞ്ഞു.

"ആയ്ക്കോട്ടെ മാഡം..........പോകണ്ടേ?"

"യെസ് മാം ഷാൾ വീ?"

സാരംഗി പുറത്തേക്ക് കൈ നീട്ടി.

അരുണിമ ഡോർ തുറന്നു പുറത്തിറങ്ങി.

മുറ്റത്ത് ഒരു ബ്ലാക്ക് കളർ കാർ പാർക്ക് ചെയ്തിട്ടുണ്ട്.

അരുണിമ ഡോർ ലോക്ക് ചെയ്യുമ്പോഴേക്കും സാരംഗി ഓടിപ്പോയി കാറിന്റെ ഡോർ തുറന്നു കയറി.

വിന്ററിനെ സ്വീകരിക്കാനുള്ള ഒരുക്കത്തിലായതിനാൽ എങ്ങും കനത്ത തണുപ്പ് മാത്രം.

നല്ല കാലാവസ്ഥ.

വല്ലപ്പോഴും അപ്പൂപ്പൻ താടി പോലെ വീഴുന്ന ഹിമ കണങ്ങളും.

സ്വെറ്ററിന്റെ ഉള്ളിൽ ആണെങ്കിൽ പോലും അവൾ ചെറുതായി വിറക്കുന്നുണ്ട്.

വരണ്ടു പോയ ചുണ്ടുകളെ നാവുകൊണ്ട് ഇടയ്ക്കിടെ നനച്ചു വിട്ടു.

ഡോർ ലോക്ക് ചെയ്തു കഴിഞ്ഞതും അരുണിമ തണുപ്പ് സഹിക്കാൻ വയ്യാതെ കാറിലേക്ക് ഓടി കയറി.

ശേഷം കാർ റിവേഴ്സ് എടുത്തു റോഡിലേക്കിറക്കി.

എന്നിട്ട് നേരെ മുന്നിലേക്ക് വിട്ടു.

ഹൈവേയിൽ കയറി അഞ്ചു മിനിറ്റ് കഴിഞ്ഞതും സാരംഗിയെ അവിടുത്തെ ജംഗ്ഷനിൽ ഇറക്കി വിട്ടിട്ട് അരുണിമയുടെ കാർ നേരെ ഇടത്തേക്ക് തിരിഞ്ഞു പോയി.

ബാഗ് ഒക്കത്തിൽ വച്ചു അരുണിമ പബ്ലിക് ട്രാൻസ്‌പോർട്ടിനായി വെയിറ്റ് ചെയ്തു നിന്നു.

അപ്പോഴേക്കും ഒരു ഡബിൾ ഡക്കർ ബസ് അങ്ങോട്ടേക്ക് മുക്കിയും മൂളിയും ഉരുണ്ടുരുണ്ട് വന്നു.

സാരംഗി വേഗം തന്നെ അതിന്റെ മണ്ടയിൽ ഓപ്പൺ സ്‌പേസിൽ പോയിരുന്നു.

അതിൽ കുറച്ചു native പീപ്പിൾ ഉണ്ടായിരുന്നു.

പേരിന് കുറച്ചു സഞ്ചാരികളും.

ബസ് പുറപ്പെട്ടതും തെല്ലൊരു നിമിഷം ആപ്പിൾ വാലി ഗ്രാമ സൗന്ദര്യത്തിൽ അവൾ കണ്ണു നട്ടിരുന്നു.

എങ്ങും അമ്പരചുംബികളായ കെട്ടിടങ്ങൾ മാത്രം.

തീപ്പെട്ടികൂട് അടുപ്പിച്ചു വച്ച പോലെ.

അതിനു ശേഷം ബാഗ് തുറന്ന് അതിൽ നിന്നും ഡയറിയെടുത്തു അവസാനം വായിച്ചു തീർത്ത പേജ് എടുത്തു വച്ചു.

വൃത്തിയായ കൈപ്പടയിൽ തന്റെ അച്ഛൻ അനന്തു എഴുതി വച്ച സ്വഅനുഭവങ്ങൾ.

അതിലൂടെ അവൾ തന്റെ തൂവെള്ള വിരലുകളോടിച്ചു.

മുഖത്തേക്ക് ഉതിർന്നു വീഴുന്ന മുടിയിഴകൾ അവളുടെ വായനക്ക് തടസം സൃഷ്ടിച്ചു.

നല്ല തണുപ്പ് ആണെങ്കിലും ആ ഡയറി ചൂടോടെ വായ്ക്കാൻ അവൾ കൊതിച്ചു.

3 വയസ് വരെ മാത്രേ തനിക്ക് അച്ഛന്റെ സ്നേഹം കിട്ടിട്ടുള്ളു.

അതിനു ശേഷം അച്ഛന്റെ മരണം അമ്മയെ ഒരുപാട് തളർത്തി.

പിന്നെ അമരിക്കയിൽ ഒരു വിസ ശരിയായപ്പോൾ ആ അന്തരീക്ഷത്തിൽ നിന്നുമൊരു മുക്തി വേണമെന്ന് തോന്നിയപ്പോഴാണ് ഇമമ്മ തന്നെയും പൊതിഞ്ഞെടുത്തുകൊണ്ട് വന്നത്.

ഇവിടെ സെറ്റ് ആയതിന് ശേഷം നാട്ടിലേക്ക് പോയിട്ടേയില്ല ഒരിക്കൽ പോലും.

ആരെയും കാണിക്കാതെ ആരെയും അറിയിക്കാതെ ഇമമ്മ ചിറകിനുള്ളിൽ തന്നെ പൊതിഞ്ഞു സംരക്ഷിക്കുന്നു.

ഒരു നെടുവീർപ്പോടെ അവൾ ഓർക്കുകയായിരുന്നു.

അവസാനം വായിച്ചു വച്ച പേജിൽ ഒരിക്കൽ കൂടി അവളുടെ കണ്ണുകൾ പതിഞ്ഞു.

രുദ്രൻ തിരുമേനിയിൽ നിന്നും അറിഞ്ഞ അഥർവ്വന്റെ കഥയുടെ പാതി.

അത് ഇനി മുഴവനാക്കണം.

നാട്ടിൽ നിന്നും പോരുമ്പോൾ അമ്മ അച്ഛന്റെ ഓർമ്മക്കായി എടുത്തു കൊണ്ടു വന്ന സാധനങ്ങളിൽ പെട്ടതായിരുന്നു ഈ ഡയറിയും.

കുറച്ചു നാൾ മുന്നേയായിരുന്നു ഈ ഡയറി തന്റെ കയ്യിൽ പെട്ടത്.

ഇപ്പൊ ഈ കഥ വായിക്കുമ്പോ തന്റെ അച്ഛനെ താൻ അടുത്തറിയുന്നണ്ട്.

അമ്മ പണ്ട് പറഞ്ഞു തന്നിട്ടുള്ള സിൻഡ്രല്ല കഥകൾ പോലെ ഫാന്റസി നിറഞ്ഞ അനന്തച്ഛന്റെയും ഇമമ്മയുടെയും കഥ.

അതോർത്തപ്പോഴേക്കും സാരംഗിയുടേ കണ്ണുകൾ നിറഞ്ഞു.

അമ്മയിൽ നിന്നല്ലാതെ ആദ്യമായി മറ്റൊരാളിൽ നിന്നും അവൾ തന്റെ അച്ഛനെ കുറിച്ച് അടുത്തറിയുകയാണ്.

അതും ഈ ഡയറിയിലൂടെ.

അനന്തച്ഛൻ തനിക്കായി എഴുതിയ വരികൾ പോലെ.

ഒരുപക്ഷെ അനന്തുവിനായി ദേവൻ എഴുതിയ ഡയറി പോലാകും സാരംഗിയ്ക്കായി അനന്തു എഴുതിയ ഈ ഡയറിയും.

സീറ്റിലേക്ക് ചാരിയിരുന്ന് കണ്ണുകൾ പൂട്ടുമ്പോഴും സാരംഗിയുടേ മനസിൽ അച്ഛന്റെ ഓർമ്മകൾ മാത്രമായിരുന്നു.

ബാല്യത്തിൽ എവിടെയോ മണ്മറഞ്ഞു പോയ അനന്തച്ഛന്റെ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും കരുതലിന്റെയും നനുത്ത ഓർമ്മകൾ അവൾ പൊടിതട്ടിയെടുത്തു.

വൈകുന്നേരം വരെ അഥിതികളുടെ ബഹളമായിരുന്നു തേവക്കാട്ട് മനയിൽ.

ചായകുടിയും കഴിഞ്ഞാണ് അവർ പിരിഞ്ഞത്.

പോകാൻ നേരം കൃഷ്ണൻ കുട്ടി MLA ശങ്കരനെ ഹാർദ്ധവമായി ആശ്ലേഷിച്ചു.

ഒരു പുതു ബന്ധുത്വത്തിനുള്ള തുടക്കം.

കാര്യങ്ങളൊക്കെ ഒന്നു കൂടി  ഉറപ്പിച്ച ശേഷം അദ്ദേഹം പോകാനായി ഇറങ്ങി.

കൂടെ പരിവാരങ്ങളും.

മീനാക്ഷി രാധികയെ എത്തി നോക്കി.

അവൾ അവിടെ മുഖം ഒരു കലം പോലെ വീർപ്പിച്ചു വച്ചിരിക്കുന്നു.

അവളുടെ ഭാവ മാറ്റം കണ്ട് മീനാക്ഷി ചിന്തിതയായി.

ഇവൾക്കിത് എന്തുപറ്റി?

മുഖമൊക്കെ ഒരു കൊട്ട കണക്കെ ഉണ്ടല്ലോ.

മീനാക്ഷി പിണക്കം മാറ്റാനായി രാധികയെ കൈകൾ കൊണ്ട് മാടി വിളിച്ചു.

പക്ഷെ രാധിക അതൊന്നും ശ്രദ്ധിച്ചിരുന്നില്ല.

കൈകൾ കെട്ടി വച്ചു അവൾ കാര്യമായി എന്തോ ചിന്തിക്കുകയായിരുന്നു.

കാറിന്റെ ഡോർ തുറന്നു കയറിയ കുലശേഖരൻ സീറ്റിൽ അമർന്നിരുന്നു പുറത്തേക്ക് തലയിട്ടു.

അനന്തുവിനെ ഒരു നോക്ക് കാണുകയായിരുന്നു ലക്ഷ്യം.

പക്ഷെ അവൻ അവിടെങ്ങും ഉണ്ടായിരുന്നില്ല.

മനയിലെ ആളുകൾ അതിഥികളെ പറഞ്ഞു വിടുന്ന തിരക്കിൽ ആയിരുന്നു.

അപ്പോഴാണ് അനന്തു കോലായിലേക്ക് വന്നത്.

അഞ്ജലിയെ വീൽ ചെയറിൽ ഇരുത്തി തള്ളികൊണ്ടായിരുന്നു അവൻ വന്നത്.

അനന്തുവിനെ ഒരു നോക്ക് കണ്ടതും രാധിക കോപത്തോടെ മുഖം വെട്ടിച്ചു.

തന്റെ സ്വപ്നങ്ങളെല്ലാം ശിഥിലമാക്കപ്പെട്ടതിന്റെ നിരാശയിൽ ആയിരുന്നു അവൾ.

അനന്തു തന്നെ കാണാതിരിക്കാൻ അവൾ വേഗം തന്നെ കാറിന്റെ ഡോർ തുറന്നു ഉള്ളിലേക്ക് കയറി.

അപ്പോഴാണ് കാറിലിരുന്ന കുലശേഖരൻ അനന്തുവിനെ പൊടുന്നനെ കണ്ടത്.

ഡോറിന് വെളിയിലൂടെ കയ്യിട്ട് അയാൾ അനന്തുവിനെ തന്നെ തുറിച്ചു നോക്കി.

അനന്തുവിനെ ആപാദചൂഡം അയാൾ കണ്ണുകൾ കൊണ്ട് ഉഴിഞ്ഞു.

വളരെ നിഗൂഢതകൾ നിറഞ്ഞ മാനവ ജന്മം.

ഏതോ നിധിയിലേക്കുള്ള താക്കോലെന്ന പോലെ.

അനന്തുവിനെ കുറിച്ചുള്ള ആത്മഗതത്തോടെ ഒന്നു നെടുവീർപ്പെട്ടതും പെട്ടെന്നൊരു കാഴ്ച്ച കണ്ട് കുലശേഖരൻ ഞെട്ടി.

അഞ്ജലിക്ക് സമീപം നിൽക്കുന്ന അനന്തുവിന്റെ തലക്ക് മുകളിലായി പത്തി വിടർത്തി നിൽക്കുന്ന ഒരു നാഗം.

അതിന്റെ കണ്ണുകൾ വൈരങ്ങൾ പോലെ തിളങ്ങുന്നുണ്ടായിരുന്നു.

ആ നാഗം ബാക്കി നീണ്ടു കിടക്കുന്ന ഉടൽ അനന്തുവിന്റെ ശരീരത്തിൽ ചുറ്റി പിണഞ്ഞു വച്ചിരിക്കുന്നു.

ഒരു സംരക്ഷണ കവചം പോലെ.

ആ നാഗം നാവ് നീട്ടി ചീറ്റുന്നത് കുലശേഖരന് വ്യക്തമായി കേൾക്കാമായിരുന്നു.

അതോടു കൂടി കുലശേഖരന്റെ ചിന്തകൾ പല വഴിക്ക് പോയി.

അനന്തു ഒരു സാധാരണ യുവാവ് അല്ലെന്ന് നിശ്ചയമാണ്.

ആദ്യം ആ നാഗമെന്ന സംരക്ഷണ കവചത്തെ തകർത്തെങ്കിൽ മാത്രമേ ആ യുവാവിനെ ഒന്നു സ്പർശിക്കാൻ പോലുമാകൂ.

തന്റെ മുഴുവൻ  തപഃ ശക്തിയും പ്രയോഗിച്ചു അത് ഭേദിക്കണം.

ഇനി തനിക്ക് മറ്റൊരു ലക്ഷ്യങ്ങളുമില്ല.

കുലശേഖരൻ മനസിൽ എന്തൊക്കെയോ കണക്ക് കൂട്ടി.

ഡ്രൈവർ കാർ ഓണാക്കിയപ്പോഴാണ് കുലശേഖരൻ ചിന്തകളിൽ നിന്നുമുണർന്നത്.

അപ്പോഴേക്കും ഡ്രൈവർ കാർ റിവേഴ്സ് എടുക്കുകയായിരുന്നു.

ഓരോ വണ്ടികളും കടന്നു പോകുമ്പോഴും മനയിലെ ജനങ്ങൾ അവരെ സന്തോഷത്തോടെ യാത്രയാക്കി.

കാറുകൾ പടിപ്പുര കടന്നതും ബാലരാമനിൽ നിന്നുമൊരു ദീർഘ നിശ്വാസം ഉതിർന്നു.

എല്ലാവരും തിരികെ മനയിലേക്ക് കയറിപോയി.

ഉടനെ തന്നെ ശിവജിത്തിന്റെ കല്യാണമുണ്ടാകും.

ഭൂമി പൂജയ്ക്ക് ശേഷം.

ഇരു വീട്ടുകാരും തമ്മിൽ അതിലൊരു ധാരണയായി.

ദേശത്തു നിന്നും ഏകദേശം രണ്ടു നിയോജകമണ്ഡലങ്ങൾക്കപ്പുറമാണ് കൃഷ്ണൻ കുട്ടിയുടെ നാട്.

ശിവജിത്തിന്റെ ഭാവി വധുവിന്റെ ജന്മ ദേശം.

സ്വന്തം നാടുള്ള നിയോജകമണ്ഡലത്തെയല്ല അദ്ദേഹം പ്രതിനിധീകരിക്കുന്നത്.

ഒന്നര മണിക്കൂർ യാത്രയ്ക്ക് ശേഷം രാധിക സ്വന്തം വീട്ടിലേക്കെത്തിച്ചേർന്നു.

കാറിൽ നിന്നുമിറങ്ങിയ രാധിക ഭൂമി ചവുട്ടി കുലുക്കി വീടിനുള്ളിലേക്ക് കേറിപ്പോയി.

മകളുടെ പോക്ക് കണ്ടപ്പോഴേ അതിലൊരു പന്തികേട് കുലശേഖരന് തോന്നിയിരുന്നു.

തല്ക്കാലം അത് കാര്യമാക്കാതെ അയാൾ സ്വന്തം മുറിയിലേക്ക് പോയി.

വിസ്തരിച്ചുള്ള കുളിയിലൂടെ യാത്രാക്ഷീണമകറ്റിയ ശേഷം അയാൾ ബാത്റൂമിന്റെ ഡോർ തുറന്നു വെളിയിലേക്കിറങ്ങി.

ഒരു ടവൽ കൊണ്ട് തല തോർത്തവെയാണ് മകൾ തന്റെ ബെഡിൽ കിടക്കുന്നത് കുലശേഖരൻ ശ്രദ്ധിച്ചത്.

അഴിഞ്ഞു വരുന്ന മുണ്ട് ഒന്നു കൂടി വലിച്ചു മുറുക്കിയുടുത്തു കൊണ്ട് അയാൾ രാധികയെ സൂക്ഷിച്ചു നോക്കി.

നേരത്തെ വന്നപ്പോൾ ഇട്ടിരുന്ന വേഷമായിരുന്നില്ല അവൾക്ക്.

ഇപ്പോഴത് ഒരു പാവാടയും ടി ഷർട്ടും ആയിരിക്കുന്നു.

ബെഡിൽ നടു വളച്ചു വച്ചു കൈകൾ തലക്ക് മുകളിലേക്ക് നീട്ടി ആലസ്യത്തോടെ ആയിരുന്നു രാധികയുടെ കിടപ്പ്.

പാവാടത്തുമ്പ് കാൽ മുട്ടുകൾ വരെ ഊർന്നു കയറിയിരിക്കുന്നു.

വെണ്ണ കടഞ്ഞെടുത്ത പോലത്തെ തുടകളുടെ നേരിയ ദൃശ്യം കാണാം.

തൂവെള്ള നിറമുള്ള രോമരഹിത പാദങ്ങളും ചുവന്ന ക്യൂട്ടക്സിൽ മനോഹരമായിരിക്കുന്ന നഖങ്ങളുടെ ശ്രേണിയും കണങ്കാലിനെ ഒട്ടിപിടിച്ചു കിടക്കുന്ന തങ്കകൊലുസും കണ്ടപ്പോഴേ കുലശേഖരന് പണ്ടത്തെ കഥകളിൽ വായിച്ച യക്ഷി കന്യകകളെയാണ് ഓർമ വന്നത്.

തന്റെ മകളും ഒരു യക്ഷി സൗന്ദര്യമുള്ളവൾ തന്നെ.

കിടന്ന കിടപ്പിൽ ടി ഷർട്ടിൽ ആത്തക്ക പോലെ മുഴച്ചിരിക്കുന്ന കുചകുഭങ്ങളുടെ ഉയർച്ച താഴ്ചയും മുഖത്തും കൈകളിലുമായി നീണ്ടു കിടന്ന് ശയിക്കുന്ന മകളുടെ കാർകൂന്തലഴകും കുലശേഖരന്റെ ഉള്ളിലെ കാമാസക്തിയെ തൊട്ടുണർത്തി.

സ്വന്തം മകളാണെങ്കിൽ കൂടിയും അഴകുള്ള ഒരു കൊച്ചു ദേവതയുടെ ഈ ലാസ്യമായ കിടത്തം ഏതൊരാണിനെയും ഇളക്കാൻ പോന്ന വിധമായിരുന്നു.

ഉടുത്തിരിക്കുന്ന മുണ്ടിനുള്ളിലെ പൗരുഷം പതിയെ സട കുടഞ്ഞു എണീറ്റതും കുലശേഖരൻ ഒന്ന് പതറിപ്പോയി.

ബാത്റൂമിൽ നിന്നും കുളിച്ചിറങ്ങി വന്ന അച്ഛനെ കണ്ട് ധൃതിയിൽ എണീക്കാൻ നോക്കുമ്പോഴാണ് രാധിക ആ കാഴ്ച കാണുന്നത്.

അച്ഛൻ ഉടുത്തിരിക്കുന്ന മുണ്ടിൽ ഒരാൾ തല പൊക്കി നിൽക്കുന്നത്.

അതു കണ്ടതും ചുണ്ടിലൂറുന്ന പുഞ്ചിരിയോടെ അവൾ പയ്യെ എണീറ്റു.

മകൾ തന്റെ മുണ്ടിലേക്ക് നോക്കുന്നത് കണ്ട് കുലശേഖരനും ഗൗരവമുള്ള പുഞ്ചിരി പൊഴിച്ചു.

ബെഡിൽ നിന്നും എണീറ്റ രാധിക നടന്നു വന്ന് കുലശേഖരന്റെ നെഞ്ചിൽ തല ചായ്ച്ചു വച്ചു.

അപ്പോഴേക്കും അവളുടെ കൈ അയാളുടെ ലിംഗത്തിൽ പിടി മുറുക്കിയിരുന്നു.

മകളുടെ കൈ സ്വന്തം ലിംഗത്തിൽ അമർന്നതും കുലശേഖരനിൽ നിന്നും ഒരു നിശ്വാസമുണ്ടായി.

അവൾ പതിയെ ആ ലിംഗത്തിൽ ഉഴിഞ്ഞുകൊണ്ട് അച്ഛന്റെ ഈറനുള്ള മാറിൽ പതിയെ ചുണ്ടുകൾ ചേർത്തു വച്ചു ചുംബിച്ചു.

"ഇപ്പൊ വേണ്ട മോളെ എന്റെ വൃതം മുടങ്ങില്ലേ?

കുലശേഖരൻ മകളെ അതിൽ നിന്നും മനസില്ല മനസോടെ നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചു.

"ഉം ഹും"

നിഷേധാർത്ഥത്തിൽ അവൾ തലയാട്ടി.

"വേണം മോളെ എന്റെ വൃതം,കർമം"

"ഇനിയെപ്പോഴാ ഇവനെ എനിക്ക് അച്ഛൻ തരിക?"

രാധിക കൊഞ്ചലോടെ അയാളോട് ചോദിച്ചു.

"രണ്ടു ദിവസം കഴിഞ്ഞു കർമം എപ്പൊ തീരുന്നുവോ അപ്പോൾ ഞാനെന്റെ മകളുടെ ആഗ്രഹങ്ങൾ നടത്തി തരാം...... പോരെ?"

രാധികയെ അടക്കി നിർത്താനായി കുലശേഖരൻ മൊഴിഞ്ഞു.

"ഫ്മ് "

സമ്മതമെന്ന മട്ടിൽ അവൾ മൂളി.

അപ്പോഴാണ് അയാൾക്ക് ആശ്വാസമായത്.

വികാരങ്ങളുടെ കെട്ടു പൊട്ടിയാൽ അവൾ പിന്നെയൊരു കാമയക്ഷിയാണ്.

അവിടെ അച്ഛനെന്നോ ചേട്ടനെന്നോ അനിയനെന്നോ അവൾക്ക് യാതൊരുവിധ ബോധവുമില്ല.

കാമ സംതൃപ്തി മാത്രമായിരിക്കും അവളുടെ മനസിൽ.

അതിനേത് അറ്റം വരെയും അവൾ പോകും.

ഒന്നുമില്ലേലും ഈ കുലശേഖരന്റെ മകളല്ലേ അവൾ.

അയാൾ ഊറി ചിരിച്ചുകൊണ്ട് ഓർക്കുകയായിരുന്നു.

ഇത്രേം കാലത്തെ താന്ത്രിക ജീവിതത്തിനിടയിൽ ഒരുപാട് സ്ത്രീകളുമായി അയാൾ രമിച്ചു കഴിഞ്ഞു.

ഈ ഇരു നില മണി മാളികയിൽ അയാൾക്ക് 5 ഭാര്യമാരുണ്ടായിരുന്നു.

ഓരോ ഭാര്യമാരിൽ നിന്നും മൂന്നു വീതം കുട്ടികൾ.

അങ്ങനെ 15 മക്കളുടെ പിതാവ്.

പിന്നെ എണ്ണമറിയാത്ത തന്റെ ജാര സന്തതികളും.

ഏതൊരു പെണ്ണിനെ നോട്ടമിട്ടാലും രണ്ടു ദിവസത്തിനുള്ളിൽ താനവളെ കാൽക്കീഴിലാക്കാൻ ശ്രമിക്കാറുണ്ട്.

അതിപ്പോ സ്വമനസാലെ ആയാലും ബലം പ്രയോഗിച്ചായാലും.

കാമ പൂർത്തീകരണം മാത്രമായിരിക്കും തന്റെ മനസ് നിറയെ.

തന്റെ അതേ നേർ പ്രകൃതമാണ് രാധിക.

ഒരുപക്ഷെ തന്നേക്കാളേറെ വികാരത്തിനു അടിമപ്പെട്ടവൾ.

കുലശേഖരന് തന്റെ മകളെ കുറിച്ചോർത്ത് അഭിമാനം തോന്നി.

"എന്തായിപ്പോ എന്റെ മോളുടെ മുഖത്തൊരു വാട്ടം പോലെ?"

രാധികയുടെ മുടിയിഴകൾ പതിയെ കോതി വച്ചുകൊണ്ടാണ് അയാൾ ചോദിച്ചത്.

മകളുടെ മുഴുത്ത മുലകൾ തന്റെ നെഞ്ചിലുരുമുന്നതിനനുസരിച്ച് കുലശേഖരന് തന്റെ വികാര കേന്ദ്രത്തിൽ തരിപ്പ് പോലെ അനുഭവപ്പെട്ടു തുടങ്ങി.

ചെറിയൊരു രോമാഞ്ചം പോലെ.

അവളുടെ ചുടു നിശ്വാസം അയാളുടെ പിൻ കഴുത്തിൽ ഊക്കൊടെ വന്നു പതിച്ചുകൊണ്ടിരുന്നു.

ഇങ്ങനെ പോയാൽ തന്റെ വൃതം തെറ്റുമെന്ന് അയാൾക്ക് ഉറപ്പുയുണ്ടായിരുന്നു.

രാധികയെ പതുക്കെ അയാൾ അടർത്തി മാറ്റി.

അവളുടെ മുഖത്തു വാശി പിടിച്ചു വാങ്ങാൻ ശ്രമിച്ച കളിപ്പാട്ടം നഷ്ട്ടപ്പെട്ട കൊച്ചു കുഞ്ഞിന്റെ ഭാവമായിരുന്നു.

"അച്ഛാ ആ മന്ത്രം എന്നെ ചതിച്ചു"

രാധിക ഒരു പരാതി പോലെ പറഞ്ഞു.

"നീയാ വശ്യ മന്ത്രം ആ യുവാവിന് നേരെ പ്രയോഗിച്ചല്ലേ?"

"അച്ഛനെങ്ങനെ മനസിലായി?"

രാധികയുടെ കണ്ണുകളിൽ അത്ഭുതം നിറഞ്ഞു.

"ഞാൻ സമീപത്തു തന്നെ ഉണ്ടായിരുന്നത് കൊണ്ട് നീയാ മന്ത്രം പ്രയോഗിച്ചപ്പോൾ തന്നെ എനിക്ക് അതിന്റെ സൂചനകൾ കിട്ടിയിരുന്നു."

"ആ കുളപ്പടവിൽ വച്ചായിരുന്നു ഞാനത് പ്രയോഗിച്ചത്........പക്ഷെ അനന്തുവിന് ഒരു മാറ്റവുമുണ്ടായില്ല അച്ഛാ....... അവനിൽ അതേറ്റില്ല.......ആ മന്ത്രം എന്നെ ചതിച്ചു"

ഉള്ളിൽ നുരഞ്ഞു പൊന്തിയ കോപം അടക്കി വയ്ക്കാൻ രാധിക നന്നേ പാടു പെട്ടു.

"നിനക്ക് തെറ്റ് പറ്റി മകളെ ആ മന്ത്രം നിന്നെ ചതിച്ചതല്ല"

"പിന്നെയോ?"

രാധിക വിശ്വാസം വരാതെ അയാളെ തുറിച്ചു നോക്കി.

"ആ വശ്യ മന്ത്രത്തെക്കാളും പ്രഹര ശേഷി ഏറെയുള്ള വശ്യമന്ത്രം ആ യുവാവിൽ ഉണ്ടാവണം "

"അതെങ്ങനെ സാധ്യമാകും അച്ഛാ?"

"സാധ്യമാണ് മകളെ.......ആ യുവാവ് നിസാരനല്ല.........ഒരുപാട് നിഗൂഢതകൾ അവന് ചുറ്റുമുണ്ട്.........പിന്നെ നിനക്ക് ഞാൻ തന്ന മൂല മന്ത്രം ഒരാളിൽ പ്രയോഗിച്ചു ഫല പ്രാപ്തി വന്നില്ലെങ്കിൽ അതിനർത്ഥം ഒന്നുകിൽ അവർക്ക് മന്ത്ര തന്ത്രങ്ങളുമായി ബന്ധമുണ്ട് അല്ലേൽ ആ വശ്യ മന്ത്രത്തേക്കാളും ശക്തിയുള്ളത് അവരുടെ കൈവശമുണ്ടെന്നാണ്."

"അപ്പൊ അനന്തുവിന്റെ കയ്യിൽ എന്റെ കയ്യിലുള്ള മന്ത്രത്തെക്കാളും ശക്തിയുള്ളത് ഉണ്ടാകുമോ? അതെങ്ങനെ സംഭവിക്കും? ആരായിരിക്കും അവനത് നൽകിയത്?"

തന്റെ അച്ഛനു മുന്നിൽ അവൾ ചോദ്യങ്ങൾ നിരത്തി.

"ഞാനും അത് തന്നെയാണ് മോളെ ആലോചിക്കുന്നത്......... ഒന്നുറപ്പ് അവനെ കുറിച്ചുള്ള രഹസ്യങ്ങളുടെ ചുരുൾ ഞാനഴിക്കും അല്ലേൽ അവനിൽ അടങ്ങിയിട്ടുള്ള ആ വശ്യ മന്ത്രം സ്വന്തമാക്കും."

"അതെങ്ങനെ അനന്തുവിൽ നിന്നും കിട്ടും?"

രാധിക തന്റെ സംശയം പ്രകടിപ്പിച്ചു.

"ഞാനൊന്ന് ആലോചിക്കട്ടെ മോളെ എന്നിട്ട് പറയാം"

കുലശേഖരൻ മകളെ ആശ്വസിപ്പിക്കുവാനായി ശ്രമിച്ചു.

"അച്ഛാ എനിക്ക് അനന്തുവിനെ വേണം ഒരിക്കലെങ്കിലും............ ഒരു പട്ടിയെ പോലെ എന്റെ കാൽ അവൻ നക്കണം...........അച്ഛൻ എനിക്കത് സാധിച്ചു തരണം."

രോഷം കൊണ്ട് വിറയ്ക്കുന്ന മുഖമോടെ രാധിക പറഞ്ഞു.

നൊടിയിടയിൽ അവളുടെ കണ്ണുകൾ ചുട്ടു പഴുത്തു.

അനന്തുവിനെ വീഴ്ത്താൻ ശ്രമിച്ച് പരാജയപ്പെട്ടത് അവളെ സംബന്ധിച്ചു ആൾക്കൂട്ടത്തിനിടയിൽ തുണിയുരിഞ്ഞതു പോലെയായിരുന്നു.

"എന്റെ മോൾടെ ആഗ്രഹം ഞാൻ നടത്തി തരും...........ഇത് അച്ഛൻ തരുന്ന വാക്കായി മോൾ കരുതിക്കോ"

കുലശേഖരൻ പറയുന്നത് കേട്ട് രാധികയ്ക്ക് തുള്ളി ചാടാൻ തോന്നി.

തന്റെ അച്ഛൻ ഒരു വാക്ക് തന്നു കഴിഞ്ഞാൽ ആരെ കൊന്നിട്ടായാലും അത് നടത്തി തരുമെന്ന് അവൾക്ക് അറിയാമായിരുന്നു.

കുലശേഖരന്റെ കവിളിൽ ഒരുമ്മ കൊടുത്ത് രാധിക ആ മുറി വീട്ടിറങ്ങിപ്പോയി.

അനന്തുവുമായി വരാൻ പോകുന്ന രതി സംസർഗ്ഗത്തെക്കുറിച്ചായിരുന്നു അവളുടെ മനസ് നിറയെ.

ഒരു കറുത്ത മുണ്ട് വാരി ചുറ്റി കറുത്ത തോർത്ത് മുതുകിലൂടെ ഷാൾ പോലെയിട്ട് അയാൾ മാളികയുടെ പുറത്തിറങ്ങി.

അതിന്റെ പുറക് വശത്തായി ഒരു ഔട്ട് ഹൗസ് ഉണ്ടായിരുന്നു.

അതാണ് അയാളുടെ ആഭിചാരങ്ങളുടെ മൂല കേന്ദ്രം.

പതിയെ നടന്നു അയാൾ ആ ഔട്ട് ഹൗസിന്റെ വാതിലിന് പുറത്തെത്തി.

താക്കോൽ ഉപയോഗിച്ച് താഴു തുറന്ന് ഉള്ളിലേക്ക് കയറിയ അയാൾ ആ വാതിൽ അകത്തു നിന്നും പൂട്ടി സാക്ഷയിട്ടു.

അതിനു ശേഷം ആ ചായ്പ്പിന്റെ മധ്യത്തിലെത്തി.

അവിടൊരു നിർജീവമായ ഹോമ കുണ്ഠവും ആഭിചാര കർമങ്ങൾക്കുള്ള പലവിധ സാധന-സാമഗ്രികളുമുണ്ടായിരുന്നു.

ഹോമ കുണ്ഠത്തിനു മുന്നിലായി ചുവരിനോട് ചേർന്ന് ഒരാൾ പൊക്കമുള്ള ചുടല ഭദ്രകാളിയുടെ കൽ രൂപം ഉണ്ടായിരുന്നു.

ആ മൂർത്തിക്ക് പോലും വല്ലാത്തൊരു പേടിപ്പെടുത്തുന്ന ഭാവമായിരുന്നു.

അവിടെ നില പലകയിൽ പതിയെ പത്മാസനത്തിൽ ഇരുന്ന ശേഷം കുലശേഖരൻ വലതു കൈ മുഷ്ടി ചുരുട്ടി പിടിച്ച് അത് സ്വന്തം നെഞ്ചിൽ ഇരു മാറുകൾക്കും നടുവിലായി വച്ചു.

കണ്ണുകൾ പൂട്ടി അയാൾ ഏതോ മന്ത്രം ഉച്ചരിച്ചു.

പൊടുന്നനെ ആ ഹോമ കുണ്ഠത്തിൽ ജ്വാലയുണ്ടായി.

അത് ആവേശത്തോടെ കത്തി തുടങ്ങി.

കുലശേഖരൻ പതിയെ കണ്ണുകൾ തുറന്നു.

എരിയുന്ന ഹോമകുണ്ഠത്തിലേക്ക് അയാൾ തെല്ലൊരു നിമിഷം കണ്ണു നട്ടിരുന്നു.

അതിനുശേഷം അയാൾ വീണ്ടും കണ്ണുകളടച്ചു മറ്റൊരു മന്ത്രം ജപിച്ചു.

ഇത്തവണ അയാൾ കണ്ണു തുറന്നതും എരിയുന്ന ഹോമ കുണ്ഠത്തിൽ രണ്ടു വസ്തുക്കൾ പ്രത്യക്ഷപ്പെട്ടു.

അതിലൊന്ന് സ്വർണ നിറമുള്ള ഒരു തളികയായിരുന്നു.

മറ്റൊന്ന് പൂർണമായും ചില്ല് കൊണ്ട് നിർമിതമായ തളിക.

അതു രണ്ടും ഇരു കൈകളിലും ഏറ്റു വാങ്ങിക്കൊണ്ട് കുലശേഖരൻ നെടുവീർപ്പെട്ടു.

ശേഷം ആ തളികകൾ കൺ മുന്നിലുള്ള പീഠത്തിന് മുകളിൽ വച്ചു.

ആ തളികയ്ക്ക് ഇളം ചൂടായിരുന്നു.

അതിൽ ആ സ്വർണ തളികയിൽ മാത്രം എന്തൊക്കെയോ രൂപങ്ങൾ ആലേഖനം ചെയ്തിരിക്കുന്നു.

അതിനു ശേഷം കുലശേഖരൻ വീണ്ടുമൊരു മന്ത്രം ജപിച്ച ശേഷം തീ കുണ്ഠത്തിൽ നിന്നും രണ്ടു തീ നാമ്പുകൾ വേർതിരിച്ചെടുത്തു.

ചുട്ടു പൊള്ളുന്ന ആ നാമ്പുകൾ അയാൾ ശ്രദ്ധയോടെ കൈകാര്യം ചെയ്തു.

ശേഷം അവയെ മറ്റൊരു മന്ത്രം ചൊല്ലി വായുവിലേക്ക് വിട്ടു സ്വതന്ത്രമാക്കി.

ആ തീ നാമ്പുകൾ ആ മുറിയെ ഒരു തവണ വലം വച്ചു പറന്ന ശേഷം മുകളിലെ തുറന്നിരിക്കുന്ന ജനൽ പാളികൾക്കിടയിലൂടെ മുറ്റത്തേക്കിറങ്ങി.

ആ ചായ്പ്പിന് വെളിയിലെത്തിയതും അവ എന്തിനു വേണ്ടിയോ പരക്കം പാഞ്ഞു.

കുറച്ചകലെയായി അവിടെ കൂട്ടിയിട്ട പുല്ല് കെട്ടിന് ഇടയിൽ രണ്ടു കൊതുകുകൾ ഇരിപ്പുണ്ടായിരുന്നു.

രണ്ടു പെൺ കൊതുകുകൾ.

അതു ദർശിച്ചതും ആ തീ നാമ്പുകൾ പറന്നു വന്ന് ഒരേ പോലെ ആ മശകന്മാരുടെ ദേഹത്തേക്ക് തുളഞ്ഞു കയറി.

ആ കൊതുകുകൾക്ക് പിടയ്ക്കാൻ പോലും നേരം കൊടുക്കാതെ റോക്കറ്റ് പോലെ ആ രണ്ടു നാമ്പുകളും പറന്നുയർന്നു.

കൊതുകുകളുടെ ശരീരവും വഹിച്ചു കൊണ്ട്. . . . . അതിഥികളെല്ലാം പോയ ക്ഷീണത്തിൽ അനന്തു മാലതിയുടെ മടിയിൽ കിടക്കുകയായിരുന്നു.

ഒത്തിരി നാളുകൾക്ക് ശേഷമാണ് അവനിപ്പോ പഴയ പോലെ മാലതിയുടെ മടിയിൽ കിടക്കുന്നത്.

അതിന്റെയൊരു ആത്മ സംതൃപ്തി അവനിലുണ്ട്.

ലോകത്തെ ഏറ്റവും സുഖസുഷുപ്തി നൽകുന്ന തലയിണ അമ്മമാരുടെ മടിത്തട്ട് തന്നെയാണ്.

അനന്തുവിന്റെ കിടപ്പ് കണ്ട് കുശുമ്പ് മൂത്ത ശിവപ്രിയയും അവനോടൊപ്പം മാലതിയുടെ മടിയിൽ കിടന്നു.

രണ്ടു മക്കളെയും ദിവസങ്ങൾക്കു ശേഷം ഒറ്റക്ക് അടുത്തു കിട്ടിയതിന്റെ സന്തോഷത്തിൽ ആയിരുന്നു മാലതിയും.

"എന്നാലും ചേട്ടനോട് ഞാൻ പിണക്കമാ"

"അതെന്താടി?"

അനന്തു ഒന്നും മനസിലാവാതെ തല ചൊറിഞ്ഞു.

"ഇപ്പൊ ചേട്ടായിനെ ഒന്ന് അടുത്തു പോലും കിട്ടുന്നില്ല......എപ്പോഴും ബിസിയല്ലേ?"

ശിവ തന്റെ പരിഭവം വിളമ്പി.

"എന്ത് ചെയ്യാനാ മോളെ ആകപ്പാടെ തിരക്കായി പോയില്ലേ? ഇപ്പൊ ഞാനിവിടുത്തെ കണ്ണിലുണ്ണിയല്ലേ?"

ശിവയുടെ കവിളിൽ പിച്ചിക്കൊണ്ട് അനന്തു പറഞ്ഞു.

"ഉവ്വാ അവസാനം കണ്ണിലുണ്ണി കരടാകാണ്ടിരുന്നാൽ മതി."

ശിവ ഗർവ്വോടെ കെറുവിച്ചു.

"പോടീ പുല്ലേ "

അനന്തു പിറു പിറുത്തുകൊണ്ട് തിരിഞ്ഞു കിടന്നു.

"അവൾക്ക് മാത്രമല്ല വേറെയും ചിലർക്കുമുണ്ട് പരിഭവം."

എങ്ങും തൊടാത്ത മട്ടിൽ മാലതി പറഞ്ഞു.

"അതെന്താമ്മേ അങ്ങനെ പറഞ്ഞെ?"

അനന്തു ഒന്നും മനസിലാവാതെ അമ്മയെ തുറിച്ചു നോക്കി.

"സ്നേഹയും രാഹുലും ഇടക്ക് വിളിക്കാറുണ്ട്....... കോളേജിലെ നിന്റെ ആത്മാർത്ഥ സുഹൃത്തുക്കളല്ലെ...... നീയിപ്പോ അവരെ വിളിക്കുന്നേയില്ലാന്ന് പരാതി പറയുന്നുണ്ടായിരുന്നു.."

മാലതി പതിയെ പറഞ്ഞു നിർത്തി.

"അത് സാരമില്ലമേ അവരുടെ പിണക്കം ഞാൻ പിന്നെ മാറ്റിക്കോളാം."

"അതു പോട്ടെ നിന്റെ ക്ലാസ് ടീച്ചർ ഇന്ന് വിളിച്ചിരുന്നു...........ഒരാഴ്ച്ചയായി മകനെ അങ്ങോട്ടേക്ക് കാണുന്നേയില്ലല്ലോ എന്ന്......... അതോ ഇനി കോഴ്സ് നിർത്തി പോയൊയെന്ന്.?"

അമ്മയുടെ പറച്ചിൽ കേട്ടതും അനന്തുവിന് ചിരി വന്നു.

"ഇങ്ങനെ പോയാൽ മിക്കവാറും ഞാൻ കോഴ്സ് നിർത്തും........... വല്ല മെഡിക്കൽ ലീവും പറയാം......... മുത്തശ്ശന്റെ കെയർഓഫിൽ."

"ഷ്മ് നോക്കാം."

മറുപടിയായി മാലതിയൊന്ന് മൂളി.

"നിനക്കെന്തേലും എന്നോട് പറയാനുണ്ടോ?"

അവന്റെ മുടിയിഴകളിൽ തലോടിക്കൊണ്ടാണ് മാലതി അത് ചോദിച്ചത്.

അതുകേട്ടതും ഉണ്ടെന്ന അർത്ഥത്തിൽ യന്ത്രികമായി തലയാട്ടി.

"എന്താടാ പറയ്?"

"അ...അത്...പ്..പിന്...പിന്നെ"

"വിക്കാതെ പറയ് ചെക്കാ "

മാലതി അനന്തുവിന്റെ താടിക്ക് തട്ടി.

"അമ്മേ അത് പിന്നെ എനിക്കൊരു കുട്ടിയെ ഇഷ്ട്ടാണ്."

വിറച്ചുകൊണ്ടാണ് അനന്തു അത് പറഞ്ഞത്.

"ആരാടാ അത്?"

ഒരു കള്ള ചിരിയോടെ മാലതി മകന്റെ മുഖത്തേക്ക് ഉറ്റു നോക്കി.

"അഞ്ജലി ചേച്ചിയല്ലേ?"

ശിവ ഇടക്ക് കയറി ഗോൾ അടിച്ചു.

സ്വന്തം ചേട്ടന്റെ സംസാരം കേട്ട് അവൾക്ക് ആകാംക്ഷ അടക്കാനായില്ല.

അനിയത്തിയുടെ പറച്ചിൽ കേട്ട് അവളുടെ താടിക്കിട്ടൊരു തട്ട് കൊടുക്കാനാണ് അപ്പൊ അനന്തുവിന് തോന്നിയത്.

എന്നാൽ തല്ക്കാലം അവൻ സംയമനം പാലിക്കുകയാണ് ചെയ്തത്.

'ആണോടാ അഞ്ജലി മോളാണോ?"

മാലതിയുടെ ചോദ്യത്തിൽ നിറഞ്ഞു നിന്നത് കൗതുകമായിരുന്നു.

"എന്റെ പൊന്നമ്മേ അഞ്ജലിക്കുട്ടി ഒന്നുമല്ല വേറൊരു പെണ്ണാ"

"അതാരാ ചേട്ടാ?"

ശിവ കാര്യമായ ആലോചന തുടങ്ങി.

"നീ തന്നെ പറയെടാ ചെക്കാ ആരാ ആള്?"

മാലതി അവന്റെ നെറുകയിൽ പതിയെ തഴുകി.

അമ്മയുടെ സ്നേഹ നിർഭരമായ തഴുകലിന്റെ ആലസ്യത്തിൽ അനന്തുവിന്റെ കണ്ണുകളിൽ പതിയെ ഉറക്കം പിടിച്ചു.

"അമ്മേ ഈ നാട്ടിൽ തന്നെയുള്ള കുട്ടിയാ...... നല്ല കുട്ടിയാ അമ്മയ്ക്ക് ഒരുപാട് ഇഷ്ട്ടാകും..... എനിക്കുറപ്പാ."

അനന്തു തന്റെ പ്രണയിനിയെ കുറിച്ച് മാലതിക്ക് മുന്നിൽ വെളിപ്പെടുത്തി.

"ആരാടാ പെണ്ണ്?എന്താ സംഭവം?പേരെന്താ?"

അവന്റെ മൂക്കിൻ തുമ്പിൽ പിടിച്ചു കൊണ്ടാണ് മാലതി അത് ചോദിച്ചത്.

അരുണിമയെ കണ്ടതു മുതൽ അവളുമായി ഇടപഴകിയതു വരെയുള്ളതും കൂടാതെ അറിയാതെ പ്രൊപ്പോസ് ചെയ്തതടക്കമുള്ള എല്ലാ കാര്യങ്ങളും വള്ളി പുള്ളി തെറ്റാതെ അവൻ അവർക്ക് മുന്നിൽ വെളിപ്പെടുത്തി.

അനന്തുവിന്റെ ഫ്ലാഷ് ബാക്ക് പറച്ചിൽ കേട്ട് ശിവ അറിയാതെ വായ് പൊളിച്ചിരുന്നു പോയി.

മാലതിയും സമാന അവസ്ഥയിലായിരുന്നു.

"എടാ കള്ളകാമുകാ ഇത്രേമൊക്കെ ഒപ്പിച്ചു വച്ചിട്ടാണോ ഒരു വാക്ക് പറയാതിരുന്നേ?"

അനന്തുവിന്റെ ഇടുപ്പിൽ നുള്ളിക്കൊണ്ട് ശിവ പരിഭവം അറിയിച്ചു.

"ഓരോന്നിനും അതിന്റേതായ സമയമില്ലേ ദാസാ"

അനന്തു അനിയത്തിയെ നോക്കി പല്ലിളിച്ചുകൊണ്ട് പറഞ്ഞു.

"മോനെ ദാസാ നിനക്ക് അത്രയ്ക്ക് ഇഷ്ട്ടാണോ അരുണിമയെ ?

മാലതിയുടേതായിരുന്നു ചോദ്യം.

"ഒത്തിരി ഇഷ്ട്ടാണ് അമ്മേ..... ജീവനാണ്...."

"അപ്പൊ അവൾക്കും ഇഷ്ട്ടാണോ നിന്നെ?"

"അതറിയില്ലമ്മേ"

അതു പറയുമ്പോഴേക്കും അനന്തുവിന്റെ മുഖം വാടിയിരുന്നു.

"നീയവളെ വളച്ചെടുക്കെടാ ചെക്കാ എന്നിട്ട് എന്റെ മരുമോളെ ഇങ്ങോട്ട് കൊണ്ടു വായോ"

മാലതി പറയുന്നത് കേട്ട് അനന്തുവിന് തുള്ളി ചാടാൻ തോന്നി.

"ഞാൻ കൊണ്ടു വരാം അമ്മേ"

"എനിക്കും കാണണം ഏട്ടത്തിയെ"

ശിവ അവനെ കെട്ടിപിടിച്ചു കൊണ്ട് പറഞ്ഞു.

"കൊണ്ടു വരാടി പെണ്ണേ"

അനന്തു അവൾക്ക് വാക്ക് കൊടുത്തു.

അൽപ നേരം അവർ മൂവരും മറ്റെന്തൊക്കെയോ സംസാരങ്ങളിൽ മുഴുകി.

അതിനു ശേഷം അനന്തുവും ശിവയും മാലതിയുടെ മടിയിൽ കിടന്ന് ഉറക്കം പിടിച്ചു.

മക്കളുടെ ഉറക്കം കണ്ട് മാലതിയുടെ കണ്ണുകളും പതിയെ അടഞ്ഞു തുടങ്ങിയിരുന്നു.

ഈ സമയമാണ് മാലതിയുടെ മുറിയിലേക്ക് കുലശേഖരൻ തൊടുത്തു വിട്ട തീ നാമ്പുകൾ കൊതുകുകളെയും റാഞ്ചി ക്കൊണ്ട് വന്നത്.

ജനൽ പാളികളിലൂടെ കടന്നു വന്ന ശേഷം അവറ്റകൾ ആ മുറിയിലാകെ വലം വച്ചു പറന്നു കൊണ്ടിരുന്നു.

ആ തീ നാമ്പുകളുടെ ലക്ഷ്യം അനന്തു തന്നെയായിരുന്നു.

സാവധാനം താഴേക്ക് പാറി വന്ന് അവ രണ്ടും അനന്തുവിന്റെ മുഖത്ത് വന്നിരുന്നു.

ഒരു നാമ്പ് അനന്തുവിന്റെ കവിളിലെ താടി രോമങ്ങള്ക്കിടയിലും മറ്റൊന്ന് പുരികത്തിന് തൊട്ടു മുകളിലും ആയിട്ടായിരുന്നു സ്ഥാനം പിടിച്ചത്.

ഒട്ടും സമയം കളയാതെ ആ നാമ്പുകൾ ചെലുത്തിയ സമ്മർദ്ദത്തിന്റെ ഫലമായി ഇരു കൊതുകുകളും ഒരേ പോലെ കൊമ്പുകളാഴ്ത്തി അനന്തുവിന്റെ ഓരോ തുള്ളി ചുടു ചോര വീതം ഊറ്റിയെടുത്തു.

ഏറ്റെടുത്തു വന്ന കർത്തവ്യം പൂർത്തിയായതും തീ നാമ്പുകൾ ഗർഭിണികളെ പോലെ വീർത്ത വയറുള്ള കൊതുകുകളെയും കൊണ്ട് തിരികെ പറന്നു.

കുലശേഖരന് ചാരത്തേക്ക്. . . ആളി കത്തുന്ന ഹോമ കുണ്ഠത്തിനു മുന്നിൽ അക്ഷമയോടെ കാത്തിരിക്കുകയായിരുന്നു കുലശേഖരൻ.

സമയം യുഗങ്ങൾ പോലെ നീങ്ങിക്കൊണ്ട് തന്നെ പരീക്ഷിക്കുകയാണെന്ന് അയാൾക്ക് തോന്നിപോയി.

അൽപ നേരം കഴിഞ്ഞതും ഔട്ട് ഹൗസിന്റെ മധ്യത്തിലേക്ക് കൊതുകുകളെയും കൊണ്ട് തീ നാമ്പുകൾ പറന്നെത്തി.

അതു കണ്ടതും അയാളുടെ മുഖത്ത് ക്രൂരമായ പുഞ്ചിരി വിടർന്നു.

അതിലൊരു നാമ്പ് കൊതുകിനെ സ്വർണ തളികയിലും മറ്റൊരു നാമ്പ് കൊതുകിനെ ചില്ലു തളികയിലും നിഷേപിച്ചു.

അതിനു ശേഷം കത്തുന്ന ഹോമ കുണ്ഠത്തിലെ തീ ജ്വാല ആ നാമ്പുകളെ തിരികെ സ്വാഗതം ചെയ്തു.

കുലശേഖരന്റെ ആജ്ഞ കിട്ടിയതും ആ കൊതുകുകൾ അനന്തുവിൽ നിന്നും പാനം ചെയ്ത രക്തം തിരികെ തളികകളിലേക്ക് ഛർദിച്ചു.

അതിനു ശേഷം മൃത പ്രായരായ അവറ്റകൾ നിന്ന നിൽപ്പിൽ കുഴഞ്ഞു വീണു.

ആ രണ്ടു കൊതുകുകളെയും കയ്യിലെടുത്ത് ഹോമ കുണ്ഠത്തിലേക്ക് അയാൾ ബലിയായി നിക്ഷേപിച്ചു.

ആ തീയിൽ മശകന്മാർ വെന്തുരുകി മരിച്ചു.

അതിനു ശേഷം കുലശേഖരൻ ആദ്യം ചില്ലു തളിക പതിയെ ഇരു കൈകൾക്കൊണ്ടും പൊക്കിയെടുത്തു.

അത് തന്റെ മുഖത്തിനു അഭിമുഖമായി ചേർത്തു വച്ച ശേഷം അയാൾ നാവ് പുറത്തേക്ക് നീട്ടി തളികയിലെ അനന്തുവിന്റെ രക്തം ഒരു രക്ഷസിനെ പോലെ നക്കിയെടുത്തു നൊട്ടി നുണഞ്ഞു.

അത് നുണഞ്ഞിറിക്കിയ ശേഷം കുലശേഖരൻ മന്ത്രോച്ഛാരണത്തോടെ അടുത്തുള്ള തുണി സഞ്ചിയിൽ നിന്നും നീളമുള്ള ചൂരൽ വടി ഉള്ളം കയ്യിലെടുത്തു മുറുകെ പിടിച്ചു.

അതിനു ശേഷം ആ സ്വർണ തളികയിൽ ചൂരൽ വടിയുടെ അറ്റം കൊണ്ട് രണ്ടു തവണ ശക്തിയിൽ അടിച്ചു.

പ്രഹരമേറ്റതും പൊടുന്നനെ ആ തളികയിൽ ആലേഖനം ചെയ്തിട്ടുള്ള വൃത്തങ്ങളിലൂടെയും ഗണിത രൂപങ്ങളിലൂടെയും അനന്തുവിന്റെ രക്തം നേർത്ത രൂപത്തിൽ സഞ്ചരിക്കുവാൻ തുടങ്ങി.

രക്തത്തിന്റെ സഞ്ചാര പദം പൂർത്തിയായതും കുലശേഖരൻ ആർത്തട്ടഹസിച്ചു.

"ഹ...ഹ....ഹ....ഹ... ഈ കുലശേഖരനെ പരാജയപ്പെടുത്താൻ ഒരു നാഗത്തിനും കഴിയുകയില്ല...... ആ യുവാവിന്റെ എല്ലാ രഹസ്യങ്ങളും നിഗൂഢതകളും ഞാനിതാ കണ്ടെത്താൻ പോകുന്നു...... ആ യുവാവിന്റെ ജീവ ഗണിതത്തിലൂടെ"

തളികയിലെ ആലേഖനം ചെയ്ത രൂപങ്ങളാണ് ജീവ ഗണിതങ്ങൾ.

കുലശേഖരന് തലമുറകളിലൂടെ സമ്മാനമായി കൈമാറി കിട്ടിയ ഒരു അമൂല്യമായ അപൂർവ യന്ത്രം.

ഒരു സ്വർണ തളികയും അതിൽ കോറിയിട്ടുള്ള വിവിധങ്ങളായ ഗണിത രൂപങ്ങളും.

ഈ തളികയിൽ ഒരു മനുഷ്യ രക്തം വീണു കഴിഞ്ഞാൽ ആ ഗണിത രൂപങ്ങളിലൂടെ രക്തം സഞ്ചരിച്ചു തുടങ്ങും.

അങ്ങനെ സഞ്ചാര പദം പൂർത്തിയാക്കി കഴിഞ്ഞാൽ രക്തത്തിന്റെ ഉടമയുടെ ജീവഗണിതം അവിടെ സൃഷ്ടിക്കപ്പെടും.

ജീവഗണിതത്തിലൂടെ ഒരു വ്യക്തിയുടെ ഭൂതം, ഭാവി,വർത്തമാനം,പൂർവകാല ജന്മങ്ങൾ, ജനനം,മരണം, കഴിവുകൾ, ദൗർബല്യങ്ങൾ എന്നിവയൊക്കെ കണക്കാക്കാനും മനസിലാക്കുവാനും സാധിക്കും.

അതാണ് ജീവ ഗണിതത്തിന്റെ അപാരമായ കഴിവ്.

അനന്തുവിന്റെ ജീവഗണിതം പൂർത്തിയായതും കുലശേഖരൻ സന്തോഷത്തോടെ തന്റെ മന്ത്ര ശക്തികൾ ഉപയോഗിച്ച് അതിനെ വിശകലനം ചെയ്ത് അപഗ്രഥിക്കുവാൻ തുടങ്ങി.

അവന്റെ രഹസ്യങ്ങളുടെ താക്കോൽ തേടിക്കൊണ്ട് അയാളും യാത്ര തുടങ്ങി. . . . . പിറ്റേ ദിവസം രാവിലെ തേവക്കാട്ട് മനയിലേക്ക് മൂന്നു ജീപ്പുകൾ വരി വരിയായി പടിപ്പുരയും താണ്ടി കൊണ്ട് വന്നു.

വണ്ടികളുടെ ഒച്ച കേട്ടതും ഗോദയുടെ പണിയിൽ നിന്നും യതി തല പൊക്കി നോക്കി.

എങ്ങോട്ടോ പോകാനിറങ്ങിയ ബലരാമൻ കോലായിൽ തന്നെ ഷർട്ടിന്റെ കൈ തെറുത്തുകൊണ്ട് തൂണും ചാരി നിന്നു.

വണ്ടികളുടെ ശബ്ദം കേട്ടതും ഒരു ഷർട്ട് ഒക്കെ എടുത്തിട്ട് ശങ്കരൻ അങ്ങോട്ടേക്ക് കടന്നു വന്നു.

കൂടെ വിജയനും.

ആളുകളെ കണ്ടപ്പോഴേ അമ്പലത്തിലെ സംഘാടകരാണെന്ന് ശങ്കരൻ മനസിലാക്കിയിരുന്നു.

അദ്ദേഹത്തെ കണ്ടപ്പോഴേ ജീപ്പിൽ വന്നിറങ്ങിയവർ ബഹുമാനത്തോടെ തൊഴു കയ്യോടെ കോലായിലേക്ക് കയറി വന്നു.

ബാലരാമനും യതിയും കൂടി അവരെ യഥോചിതം അവിടെ ക്ഷണിച്ചിരുത്തി.

നല്ല ചൂടായതിനാൽ കോലായിലെ കാറ്റും കൊണ്ട് കുറെ പേർ അവിടെ തന്നെയിരുന്നു.

അവിടുള്ള ചാരു കസേരയിൽ ശങ്കരനും ചാരിയിരുന്നു.

"ഹ്മ് എന്താപ്പോ ഒരു വരവ് എല്ലാരും കൂടി?"

ഗൗരവത്തോടെ അദ്ദേഹം സംസാരത്തിനു തുടക്കമിട്ടു.

"അങ്ങുന്നേ ഈ മാസം സംക്രമത്തിനാ ദേവി ആഗ്രഹിക്കണത് ഭൂമി പൂജ നടക്കാൻ......... അപ്പൊ അതിനു മുന്നെ തൊയ്താരം പാടിയുണർത്തൽ ചടങ്ങ് നടത്തിയാലൊന്ന് ഒരാലോചനയുണ്ട്........ നമ്മുടെ സംഘടനയിലെ 20 പേര് തിരുവമ്പാടിക്ക് പോയിട്ടുണ്ട്........ ബാക്കിയുള്ള 20 പേര് ഇങ്ങോട്ടും വന്നു"

കൂട്ടത്തിലെ പ്രസിഡന്റ് ഉറക്കെ വിളിച്ചു പറഞ്ഞു.

"അപ്പൊ എപ്പോ നടത്താനാ തീരുമാനം?"

ബാലരാമനാണ് അത് ചോദിച്ചത്.

ഈ ഇംഗ്ലീഷ് മാസം രണ്ടാം വാരത്തിലെ അവസാന ശനിയാഴ്ച....... അന്ന് നല്ല മുഹൂർത്തമാണെന്ന സ്വർണ പ്രശ്നം വച്ചപ്പോ തെളിഞ്ഞത് ......"

പ്രസിഡന്റ് തന്നെ അതിനുമുള്ള മറുപടിയും പറഞ്ഞു.

"ഇത്തവണ തിരുവമ്പാടിക്കാരുടെ ഒരുക്കളൊക്കെ എവിടം വരെയായി?"

ശങ്കരൻ ഔൽസുക്യത്തോടെ ചോദിച്ചു.

"ദേഷ്യം തോന്നരുത് അങ്ങുന്നേ.........നമ്മളെ ക്കാളും ഒരുപാട് മുൻപിലാണെന്നെ പറയാൻ നിവൃത്തിയുള്ളൂ ....... തിരുവമ്പാടിയിലെ ജയശങ്കറൊക്കെ നേരത്തെ തന്നെ പരിശീലനം തുടങ്ങീന്നാ കേക്കണേ........കുന്താളപുരക്കാരും ഭയങ്കര ആവേശത്തിലാ...... ഗോദയുടെ നിർമാണമൊക്കെ മാസങ്ങൾക്ക് മുന്നേ ആരംഭിച്ചു കഴിഞ്ഞു..... ഇത്തവണ രണ്ടും കല്പിച്ചാ..."

"ഹ്മ് എന്തേലും സംഭാവന?"

"വേണ്ട അങ്ങുന്നേ...... ഞങ്ങള് തൊയ്താരം പാടിയുണർത്തലിന്റെ ഡേറ്റ് അറിയിക്കാൻ വന്നതാ..... പിന്നെ ക്ഷണിക്കാനും...."

"ഹ്മ്"

ശങ്കരൻ എന്തോ ആലോചനയ്ക്കിടെ ഒന്നു മൂളി.

"എല്ലാർക്കും ചായയെടുക്കാൻ പറയട്ടെ?"

ബാലരാമൻ കുശലത്തോടെ ചോദിച്ചു.

"അയ്യോ വേണ്ടങ്ങുന്നേ ഞങ്ങളിറങ്ങുവാ...... അമ്പലത്തിൽ കുറെ പണിയുണ്ട്....... കൊയ്ത്തൊക്കെ തുടങ്ങാനുള്ള തയാറെടുപ്പിലാ........ പത്തായപ്പുര വൃത്തിയാക്കി വെക്കണം.......പിന്നെ ക്ഷേത്ര മുറ്റത്തെ ഗോദയുടെ നിർമാണം........ ഒരുപാട് പണികൾ ബാക്കിയാ....."

"എങ്കിൽ ശരി എല്ലാം നന്നായി നടക്കട്ടെ."

ബലരാമൻ അവരെ പോകാനായി അനുവദിച്ചു.

എല്ലാവരോടും യാത്ര ചോദിച്ച ശേഷം സംഘാടകര് ജീപ്പുകളിൽ കയറി മടങ്ങി

"എന്തുപറ്റി അച്ഛാ?"

അച്ഛന്റെ മുഖത്തെ മൗനം കണ്ട ബലരാമൻ അതിന്റെ കാരണം ആരാഞ്ഞു.

"ഒന്നുല്ല ബാലരാമാ........ എന്തൊക്കെയോ ആലോചിച്ചു പോയി........ അത് വിട്....... ടാ യതീ ഗോദയുടെ പണിയൊക്കെ എന്തായി?"

"ഇന്നത്തോടെ കഴിയും ഏട്ടാ"

ഗോദയിലെ പണിക്കാർക്ക് നിർദേശങ്ങൾ നൽകുന്നതിനിടെ യതീന്ദ്രൻ ഉറക്കെ വിളിച്ചു പറഞ്ഞു.

"ഗുരുക്കളോ?"

"നാളെ തൊട്ട് വന്നു തുടങ്ങും"

"ഹാ നാളെ തന്നെ ശിവജിത്തിന്റെ പരിശീലനം തുടങ്ങട്ടെ...... നീ വേണം എല്ലാം നോക്കി നടത്താൻ കേട്ടല്ലോ?"

"ഉവ്വ് ഏട്ടാ"

യതിയുടെ മറുപടി കേട്ടതും ശങ്കരൻ ചാരു കസേരയിലിരുന്ന് പതിയെ ഉറക്കം പിടിച്ചു.

എല്ലാവരുടെയും ഊണിലും ഉറക്കത്തിലും ഭൂമി പൂജയെന്ന മന്ത്രണം മാത്രം. . . . . ദക്ഷിണ ഒരു കുളിയൊക്കെ കഴിഞ്ഞ് മഞ്ഞ ദാവണിയിൽ നനഞ്ഞ മുടിയിഴകൾ തോർത്തിൽ ചുറ്റി കെട്ടിയത് പതിയെ അഴിച്ചുടുത്തതും സമൃദ്ധമായ പനങ്കുല പോലത്തെ മുടിയിഴകൾ സ്വതന്ത്രമായി.

അതിനെ ഇടതു കൈകൊണ്ട് മാടിയൊതുക്കിക്കൊണ്ട് ദക്ഷിണ നില കണ്ണാടിയുടെ മുന്നിൽ ചെന്നു നിന്നു.

ദാവണിയിൽ പോലും അവളുടെ ആകാര ഭംഗിക്ക് മാറ്റ് കൂടിയതേയുള്ളൂ.

മേശ വലിപ്പിൽ നിന്നും ഒരു ചുവന്ന പൊട്ടെടുത്ത് നെറ്റിയിൽ തൊടുവാനായി അവൾ ഒരുങ്ങിയതും നിലകണ്ണാടിയിലെ തന്റെ പ്രതിബിംബത്തിലേക്ക് ഒന്നു ശ്രദ്ധ പാളി.

അവിടെ കയ്യും കെട്ടി പുച്ഛത്തോടെ ചിരിക്കുന്ന തന്റെ തന്നെ പ്രതിബിംബം.

അതു കണ്ടതും നെഞ്ചിലൊരു കാളലോടെ അവൾ രണ്ടു ചുവട് പിറകിലേക്ക് വച്ചു.

ദക്ഷിണയുടെ നെഞ്ചിടിപ്പ് പതിയെ ഉയരുവാൻ തോന്നി.

നോക്കണ്ട എന്ന് മനസിൽ പറഞ്ഞു പഠിപ്പിച്ചിട്ടും അറിയാതെ അവളുടെ കണ്ണുകൾ വീണ്ടും കണ്ണാടിയിലേക്ക് പാറി വീണു.

തന്നെയാരോ ആകർഷിക്കുന്ന പോലെ.

ഇപ്പോഴും തന്റെ പ്രതിരൂപത്തിൽ പുച്ഛമായിരുന്നു സ്ഥായി ഭാവം.

ഒരു മാറ്റവുമില്ല.

മുഖം വെട്ടിച്ചു കൊണ്ട് അവൾ പോകാൻ ശ്രമിച്ചതും പൊടുന്നനെ ഒരു പിൻവിളി വന്നു.

"ദക്ഷിണാ..............."

ആ വിളി കേട്ട് ദക്ഷിണ തിരിഞ്ഞു നോക്കി.

ആർദ്രമായിരുന്നു ആ വിളി.

അത് കാതിൽ പതിഞ്ഞതും അറിയാതെ ആണെങ്കിലും അവളുടെ കാലുകൾ ചലനമറ്റു നിന്നു.

"ദക്ഷിണാ നമുക്ക് ചെയ്തു തീർക്കാൻ അധികം സമയമില്ല....... നീ സ്നേഹിക്കുന്ന ആളെ അവൾക്ക് കൊടുക്കാതെ സ്വന്തമാക്കണം........ അവൻ നിനക്കുള്ളതാ"

മുത്തുമണി നിസ്സഹായതയോടെ ദക്ഷിണയെ ഉറ്റു നോക്കി.

"വാട്ട് ദി ഫക്ക്?എന്താ നീ പറഞ്ഞെ ഞാൻ സ്നേഹിക്കുന്നവനോ? അങ്ങനാരും ഈ ലോകത്തിലില്ല...... ആൻഡ് I am സിംഗിൾ..... എനിക്ക് ഒരാളോടും അഫയർ തോന്നില്ല..... Its impossible "

മുഷ്ടി ചുരുട്ടി പിടിച്ചു അവൾ അലറി.

മുത്തുമണിയുടെ പറച്ചിൽ അവളെ അത്രയ്ക്കും ക്രോധിതയാക്കി മാറ്റിയിരുന്നു.

"ഹ.. ഹ...ഹ...ഹ...."

മുത്തു മണി ഉറക്കെ പൊട്ടി ചിരിച്ചു

ആ കൊല ചിരി കേട്ട് അസഹ്യതയോടെ ദക്ഷിണ ചെവി പൊത്തി.

അവൾ മുഖം വക്രിച്ചു പിടിച്ചു.

"നിന്റെ ഉൾ മനസിൽ അവനുണ്ട് ........ അവനെ മാത്രമേ നിനക്ക് സ്നേഹിക്കാൻ കഴിയൂ ........ഇതിന് വേണ്ടിയാണ് ഞാൻ വര്ഷങ്ങളോളം കാത്തിരുന്നത്........ നിന്റെ മടങ്ങി വരവിനായി.....നിന്റെ പുനർജ്ജന്മം പോലും അവന് വേണ്ടിയാണ് "

മുത്തുമണി ഉറക്കെ വിളിച്ചു കൂവി.

എന്നാൽ അതൊന്നും ശ്രദ്ധിക്കാതെ ദക്ഷിണ തിരിച്ചു ഭിത്തിയലമാരയ്ക്ക് സമീപം വന്നു.....

ചുമരിൽ മുഷ്ടി ചുരിട്ടിയിടിച്ച് കലിയടങ്ങാതെ അവൾ അതിന്റെ വാതിൽ പാളികൾ ശക്തിയോടെ വലിച്ചു തുറന്നു.

ചുമരിൽ ഉരഞ്ഞു കയ്യിലെ ചർമത്തിന് പോറൽ പറ്റിയിരുന്നു.

അതിൽ അവളുടെ ഡ്രെസുകൾ കൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു.

ഉടുത്തിരുന്ന ദാവണി വലിച്ചു പറിച്ചു കളഞ്ഞു ഒരു ജീൻസും ടോപ്പും അവൾ ധൃതിയിൽ വലിച്ചു കേറ്റി.

ആകെ ആസ്വസ്ഥമായിരുന്നു ദക്ഷിണയുടെ മനസ്.

അപ്പോഴും നിലകണ്ണാടിയിൽ നിന്നും മുത്തുമണിയുടെ പുലമ്പൽ കേൾക്കാമായിരുന്നു.

ഇനി തനിക്ക് മെന്റൽ ആയിട്ടാണോ ഇത്തരം അമാനുഷിക കാഴ്ചകളുമൊക്കെ കാണുന്നതെന്ന് ദക്ഷിണക്ക് പലപ്പോഴും തോന്നിയിരുന്നു.

കണ്ണിനു കുളിർമ നൽകുന്ന കുറച്ചു പ്രകൃതി രമണീയമായ കാഴ്ചകൾ കാണാൻ അവളുടെ മനസ് വെമ്പി.

അപ്പോഴും മുത്തുമണി എന്തൊക്കെയോ വിളിച്ചു കൂവുന്നുണ്ട്.

"നീ അവനെ ഒരിക്കലും വിട്ടു കളയരുത്........ഇന്ന് നിനക്ക് വേണ്ടി ജനിച്ചവനുമായി നിന്റെ കൂടികാഴ്ച നടക്കും......ആ നിമിഷം നിന്റെ വലം കണ്ണ് തുടിക്കും...... നെഞ്ചിടിപ്പ് വേഗത്തിലാകും....... ശരീരം വിയർത്തൊഴുകും....... അടിവയറ്റിൽ ഒരു കാളലുണ്ടാകും...."

അവളുടെ പറച്ചിലുകളെ അവഗണിച്ചുകൊണ്ട് ദക്ഷിണ പോകാനായി തുനിഞ്ഞു.

അപ്പോഴാണ് ബെഡിൽ കിടക്കുന്ന DSLR ക്യാമറ ശ്രദ്ധയിൽ പെട്ടത്.

തെല്ലൊരു നിമിഷം എന്തോ ചിന്തിച്ചു നിന്ന അവൾ ആ ക്യാമറയും കയ്യിൽ എടുത്തുകൊണ്ടു റൂമിനു വെളിയിലേക്കിറങ്ങി.

കോലായിൽ എത്തിയതും അവിടെ കുറച്ചു ആൾക്കാർ നിൽക്കുന്നത് കണ്ടു.

അപ്പോഴാണ് ജയശങ്കറിന്റെ ഭാര്യ ഇടനാഴിയിലൂടെ നടന്നു വരുന്നത് അവൾ ശ്രദ്ധിച്ചത്.

ദക്ഷിണയെ കണ്ടതും അവരുടെ മുഖത്തു പുഞ്ചിരി തിളങ്ങി.

"എന്താ ആന്റി ഇത്രേം പീപ്പിൾ ഇവിടെ?"

അവൾ സംശയത്തോടെ അവർക്ക് നേരെ കൈ ചൂണ്ടി.

"മോളെ അത് കുന്നത്ത് ദേവി ക്ഷേത്രത്തിൽ നിന്നുള്ള സംഘാടകരാ....... തൊയ്താരം ചടങ്ങിന് ക്ഷണിക്കാൻ വന്നതാ"

ദക്ഷിണയുടെ സംശയത്തെ അവർ അകറ്റി.

"ഓഹ് നൈസ്"

അവൾ ആ കാഴ്ച്ച നോക്കി നിന്നു.

കോലായിൽ ചാരുകസേരയിൽ പ്രൗഢിയോടെ ഇരിക്കുകയാണ് ലീല അന്തർജനം.

കൂടാതെ രുദ്രൻ തിരുമേനിയും രഘുവരനും ജയശങ്കറും അവിടെ സന്നിഹിതരായിരുന്നു.

ചടങ്ങിന് ഔദ്യോഗികമായി അവരെ ക്ഷണിച്ച ശേഷം സംഘാടകർ മടങ്ങി.

അപ്പോഴാണ് ദക്ഷിണ അങ്ങോട്ടേക്ക് കടന്നു വന്നത്.

"അച്ഛച്ചാ "

ദക്ഷിണയുടെ നീട്ടിയുള്ള വിളി കേട്ട് രഘുവരൻ ചെവിയോർത്തു.

"എന്താ മോളെ?"

"ഞാനൊന്ന് ഹാങ്ങ് ഔട്ട് ചെയ്യട്ടെ....... വല്ലാതെ ബോറടിക്കുന്നു."

അവൾ കൊഞ്ചിക്കൊണ്ട് രഘുവരന്റെ ഷർട്ടിന്റെ ബട്ടനിൽ കിള്ളാൻ തുടങ്ങി.

എന്തേലും കാര്യം സാധിച്ചെടുക്കാനുള്ള തന്റെ കൊച്ചു മകളുടെ സ്ഥിരം ഏർപ്പാടാണ് ഈ കിള്ളൽ.

രഘുവരൻ ചിരിയോടെ ഓർത്തു പോയി.

"എന്താട്ടാനാ കൊച്ചു പറയണേ?"

മുഖം ചുളിച്ചു കൊണ്ട് ലീല ചോദിച്ചു.

ആംഗലേയ ഭാഷ പരിജ്ഞാനം കുറവുള്ള അവർക്ക് പേരകുട്ടി പറഞ്ഞ വാമൊഴി മനസിലാക്കുവാനുള്ള സാംഗത്യം ഉണ്ടായിരുന്നില്ല.

"അവൾ പുറത്തോട്ട് പൊക്കോട്ടെന്നാ ചോദിച്ചേ?"

രഘുവരൻ തന്റെ സഹോദരിക്ക് വേണ്ടി അത് മാതൃ ഭാഷയിലേക്ക് തർജമ ചെയ്തു.

"ഹൈ പെങ്കുട്ടിയോള് പുറത്ത് പോകെ..... ശിവ ശിവ"

എന്തോ വലിയ പാപം ചെയ്ത പോലെ അവർ പിറു പിറുത്തു.

അവരുടെ സംസാരശൈലി ദക്ഷിണക്ക് അത്രയ്ക്ക് പിടിച്ചില്ല.

മുംബൈയയിൽ നിന്നും വന്നപ്പോ തൊട്ടുള്ള അവരുടെ സംസാരവും ചുളിഞ്ഞ മുഖവും തുറിച്ചു നോട്ടവും കാണുമ്പോഴൊക്കെ ദക്ഷിണക്ക് ചൊറിഞ്ഞു കയറുമായിരുന്നു.

എങ്കിലും അവൾ സംയമനം പാലിച്ചു.

പക്ഷെ അവരുടെ പറച്ചിൽ കേട്ട് ദക്ഷിണയുടെ മുഖം വാടിയിരുന്നു.

അതു കണ്ടതും രഘുവരനും വല്ലാത്ത സങ്കടം തോന്നി.

"സാരല്യ മോളെ പോയിട്ട് വാ"

അച്ഛച്ചൻ പച്ചക്കൊടി വീശിയത്തും നൂറു വാട്ടിന്റെ ബൾബ് പോലെ അവളുടെ മുഖം മിന്നി തെളിഞ്ഞു.

"താങ്ക്യൂ മൈ ഡിയർ ഗ്രാൻഡ്പ"

അവൾ അദ്ദേഹത്തിന്റെ കഴുത്തിൽ പിടിച്ചു തൂങ്ങി.

"ആയ്ക്കോട്ടെ മോളെ ഡ്രൈവറെ വിടണോ?"

"ഏയ് വേണ്ട എനിക്ക് ഒറ്റക്ക് ഡ്രൈവ് ചെയ്യണം."

ദക്ഷിണയുടെ പറച്ചിൽ കേട്ടതും ജയശങ്കർ ഇടപെട്ടു.

"മോളെ എന്റെ കാറിൽ പൊക്കോ..... പുതിയ കാറാണ്..... മോൾക്ക് ഇഷ്ട്ടാവും.."

"താങ്ക്യൂ ഇളയച്ഛ."

ദക്ഷിണയുടെ സന്തോഷം കണ്ടതും നിറഞ്ഞ ചിരിയോടെ ജയൻ മുറിയിലേക്ക് പോയി.

അവിടെ മേശ വലിപ്പിൽ നിന്നും ചാവി എടുത്തുകൊണ്ട് വന്ന് ചൂടോടെ അവളെ ഏൽപ്പിച്ചു.

മനയുടെ മുറ്റത്ത് കിടക്കുന്ന കാർ കണ്ടു  ദക്ഷിണ ശരിക്കും സർപ്രൈസ്ഡ് ആയി.

അവളുടെ പൂച്ചകണ്ണുകൾ വെട്ടി തിളങ്ങി.

അത് Lincoln zephyr 1947 എന്ന കാർ ആയിരുന്നു.

Pure black.

അവരോട് യാത്ര പറഞ്ഞിട്ട് അവൾ ഓടി വന്ന് ആ കാറിന്റെ ഡോർ തുറന്നു ഡ്രൈവിംഗ് സീറ്റിൽ ചാടിക്കയറിയിരുന്നു.

അവൾ ശരിക്കും എക്സൈറ്റഡ് ആയി മാറി.

"What a royal look!!"

ദക്ഷിണയുടെ ചുണ്ടുകൾ അറിയാതെ മന്ത്രിച്ചു പോയതാണ്.

ആ കാറിന്റെ രാജകീയ ഉൾവശം അവളെ ശരിക്കും മത്തു പിടിപ്പിച്ചു.

അവളിലെ കാർ ഭ്രാന്തിയെ അത് തൊട്ടുണർത്തി.

ആ വണ്ടി ഓൺ ചെയ്ത് ഒന്ന് ഇരപ്പിച്ച ശേഷം വെടിച്ചില്ല് പോലെ അതിനെ പായിച്ചു.

പടിപ്പുരയും താണ്ടി പൊടിപറത്തിക്കൊണ്ട് കാർ മുന്നോട്ട് കുതിച്ചു.

ആ പോക്ക് കണ്ടതും ജയനും ലീലയും അറിയാതെ നെഞ്ചിൽ കൈ വച്ചു.

സംഭ്രമത്തോടെ.

എന്നാൽ അത് കണ്ടതും രഘുവരൻ ചിരിക്കുകയാണ് ചെയ്തത്.

"നിങ്ങൾ പേടിക്കണ്ട മുംബൈയിൽ റേസിംഗ് ട്രാക്കുകളിലെ സ്ഥിരം സാനിധ്യമാണവൾ.........റെഡ് ബുൾ ആണ് സ്പോൺസർ ചെയ്യുന്നത്......രണ്ടു ടൂർണമെന്റ്ൽ champoinship നേടിയിട്ടുണ്ട്."

ചിരിയോടെ അദ്ദേഹം ഉള്ളിലേക്ക് കടന്നു പോയി. . . . .

അനന്തുവിന്റെ ജീവ ഗണിതത്തെ ഗണിച്ചു നോക്കുന്നതിനിടയിൽ രാത്രി പോയി മറഞ്ഞു നേരം പുലർന്നത് പോലും കുലശേഖരൻ അറിഞ്ഞിരുന്നില്ല.

അപ്പോഴും അയാൾ തന്റെ കർമത്തിൽ വ്യാപൃതനായിരുന്നു.

ചിട്ടയോടെ, ശുദ്ധിയോടെ.

എന്തൊക്കെയോ ചില കാര്യങ്ങൾ കണ്ടെത്തിയതിന്റെ സന്തോഷം അയാളുടെ ക്രൂരമായ കണ്ണുകളിൽ കാണാമായിരുന്നു.

രാവിലെ ചായ മോന്തിക്കൊണ്ട് ബാൽക്കണിയിൽ നിന്ന് ഏതോ തന്റെ ആൺ സുഹൃത്തുമായി കൊഞ്ചികുഴഞ്ഞുകൊണ്ടിരിക്കെയാണ് രാധിക ഔട്ട്ഹൌസിൽ ഒരു വെളിച്ചം കണ്ടത്.

അച്ഛന്റെ പൂജകളെല്ലാം അവിടെയാണ് നടക്കുന്നതെന്ന് അവൾക്ക് അറിയാമായിരിന്നു.

എങ്കിലും അച്ഛന്റെ ഈ അപ്രതീക്ഷിതമായിട്ടുള്ള വെളുപ്പാൻ കാലത്തെ പൂജയിൽ സംശയം തോന്നിയ രാധിക പൊടുന്നനെ ആ കാൾ കട്ട് ചെയ്തു.

ശേഷം സ്റെപ്സ് ഇറങ്ങി താഴേക്ക് വന്നു.

ഒരു ടി ഷർട്ടും മുട്ടു വരെ നീളമുള്ള ത്രീഫോർത്തുമായിരുന്നു അവളുടെ ദേശീയ വേഷം.

തിണ്ണയിലേക്ക് ഇറങ്ങി വന്ന അവൾ മുറ്റത്തെ ഇന്റർ ലോക്കിലേക്ക് ചാടിയിറങ്ങിയിട്ട് ഔട്ട് ഹോസ്സിലേക്ക് നടന്നു.

അവിടുത്തെ വാതിൽ ചാരിയതെ ഉണ്ടായിരുന്നുള്ളു.

വാതിൽ തുറന്ന് അകത്തു കയറിയതും രാധിക കാണുന്നത് വിരലുകൊണ്ട് വായുവിൽ എന്തൊക്കെയോ എഴുതി കൂട്ടുന്ന തന്റെ അച്ഛനെ ആയിരുന്നു.

ഒന്നു മുരണ്ടുകൊണ്ട് അവൾ അങ്ങോട്ടേക്ക് കയറി ചെന്നു.

മകളുടെ വരവ് മുന്നേ തന്നെ കുലശേഖരൻ തിരിച്ചറിഞ്ഞിരുന്നു.

അയാൾ തലയുയർത്തി തന്റെ മകളെ ആപാദചൂഡം നോക്കി.

"എന്താ അച്ഛാ ഈ നേരത്തൊരു പൂജ..... പതിവില്ലാത്തതാണല്ലോ?"

തന്റെ സംശയം രാധിക വെളിപ്പെടുത്തി.

"ഇന്നലെ അർദ്ധരാത്രി തുടങ്ങിയ ഇരുത്തമാ മോളെ...... ഇപ്പോഴും നടു നിവർത്തിയിട്ടില്ല."

തന്റെ ആത്മാർത്ഥത അയാൾ പ്രകടിപ്പിച്ചു.

"എന്ത് പൂജയാ അച്ഛാ ആ വൃതത്തിന്റെയാണോ?"

"അല്ല മകളെ ഇന്നലെ അവിടെ വച്ചു കണ്ട ആ യുവാവിനെ കുറിച്ചുള്ള അന്വേഷണമായിരുന്നു."

കുലശേഖരൻ അവളെ ഉറ്റു നോക്കി.

"ആര് അനന്തുവോ?"

"ഹ്മ് അതേ"

അച്ഛന്റെ മറുപടി കേട്ടതും രാധികയുടെ കണ്ണുകൾ തിളങ്ങി.

അവൾ ആകാംക്ഷയോടെ അച്ഛൻ ബാക്കി പറയുന്നതിനായി കാതോർത്തു.

"എന്നിട്ടോ എന്തായി അച്ഛാ?"

"മണിക്കൂറുകൾ നീണ്ടു നിന്ന കർമങ്ങൾ നടത്തി....... അവസാനം ചില നിഗമനങ്ങളിൽ എത്തി ചേർന്നിട്ടുണ്ട്."

"നിഗമനങ്ങളോ?"

രാധിക ഒന്നും മനസിലാവാതെ ചുണ്ട് കൂർപ്പിച്ചു വച്ചു.

"ഹ്മ് അതേ മോളെ........എന്ന് വച്ചാൽ അവനെ സംബന്ധിക്കുന്ന ചില ഞെട്ടിപ്പിക്കുന്ന രഹസ്യങ്ങൾ........ ആ നിഗൂഢതകളിൽ ചിലതിന്റെ ചുരുളുകൾ ഞാൻ അഴിച്ചെടുത്തു."

കുലശേഖരൻ അഹന്തയോടെ പറഞ്ഞു നിർത്തി.

"എന്തൊക്കെയാ അച്ഛാ അത് വേഗം പറാ."

ആകാംക്ഷ അടക്കാനാവാതെ അവൾ കുലശേഖരന് സമീപത്തായി ചമ്രം പടിഞ്ഞിരുന്നു.

"പറയാം മോളെ ഓരോന്നായി ഞാൻ പറയാം...... ഇന്നലെ ഞാൻ നിർമിച്ച ജീവഗണിതത്തിലൂടെ അവന്റെ ഭൂതകാലത്തിലേക്ക് ഇറങ്ങി ചെന്നു...... ചില വിവരങ്ങൾ അതിൽ നിന്നും ലഭിച്ചിട്ടുണ്ട്."

"എന്നെ ടെൻഷൻ അടിപ്പിച്ചു കൊല്ലാതെ പറ അച്ഛാ"

രാധിക താടിക്ക് കൈ കൊടുത്തു അവിടിരുന്നു.

കുലശഖരൻ ഇത്രേം ഹൈപ്പ് ഇടുന്നത് അവൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.

"അതേ മോളെ ആ യുവാവിന്റേത് സാധാരണമായ ഒരു ജന്മമല്ല മറിച്ച് വളരെ സങ്കീർണമായ, നിഗൂഢമായ,അത്ഭുതമായ ഒന്നാണ്."

"എന്ന് വച്ചാൽ?.."

രാധികയ്ക്ക് അച്ഛൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് ഒന്നും മനസിലായില്ല.

"മോളെ ഒരു മനുഷ്യ ശരീരത്തിൽ എത്ര നാസികയുണ്ട്?"

"ഒന്ന്"

രാധിക മടിച്ചു മടിച്ചു പറഞ്ഞു.

അച്ഛന്റെ ഈ ഒടുക്കത്തെ ഹൈപ്പിൽ അവൾക്ക് ക്ഷമ കെടാൻ തുടങ്ങി.

"അപ്പൊ ഹൃദയം?"

കുലശേഖരൻ മറ്റൊരു ചോദ്യം ആവർത്തിച്ചു.

"അതും ഒന്ന്."

"തലച്ചോർ?"

"അതും ഒന്നല്ലേ ഉള്ളു അച്ഛാ"

"അപ്പൊ നാവ്?"

"ഒന്ന്"

ഉള്ളിൽ നുരഞ്ഞു പൊന്തിയ ദേഷ്യത്തെ അടക്കി നിർത്തി അവൾ പതിയെ പറഞ്ഞു.

കുലശേഖരന്റെ ഈ പ്രവൃത്തിയോട് അവൾക്ക് കലശലായ കോപം തോന്നി തുടങ്ങി.

"അപ്പൊ ഒരു മനുഷ്യ ശരീരത്തിൽ കുടി കൊള്ളുന്ന ആത്മാവിന്റെ എണ്ണമോ?"

"അതും ഒന്നാണല്ലോ അച്ഛാ"

അവൾ സഹി കെട്ട് വിളിച്ചു കൂവി.

"ഷ്മ് ശരിയാണ്......പക്ഷെ അവിടെയാണ് വ്യത്യാസം."

"എന്ത് വ്യത്യാസം?"

രാധിക ഒന്നും മനസിലാവാതെ അയാളെ നോക്കി പുരികം കൂർപ്പിച്ചു.

"ഈ ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും ഒരാത്മാവിനെ മാത്രമേ സ്വന്തം ശരീരത്തിൽ ഉൾക്കൊള്ളുവാൻ കഴിയൂ...... എന്നാൽ അനന്തുവിന്റെ ശരീരത്തിൽ കുടി കൊള്ളുന്നത് രണ്ടു ആത്മാക്കളാണ്."

കുലശേഖരൻ വെളിപ്പെടുത്തിയ ഞെട്ടിപ്പിക്കുന്ന സത്യം കേട്ട് അവൾ ഭയന്നു വിറച്ചു.

"അ.... അത്....അതെങ്...അതെങ്ങനെ നടക്കും അച്ഛാ?"

അവൾ വായും പൊളിച്ചിരുന്നു പോയി.

കേട്ടതൊന്നും വിശ്വസിക്കാതിരിക്കാൻ അവൾക്ക് കഴിയുന്നില്ലായിരുന്നു.

കാരണം തന്റെ അച്ഛന്റെ കണ്ടുപിടുത്തങ്ങൾ ഒരിക്കലും തെറ്റാറില്ലെന്ന് അവൾക്ക് നന്നായി അറിയാം.

"എന്നാൽ അവിടെയാണ് ബഹുരസമായ മറ്റൊരു കാര്യം."

കുലശേഖരൻ പറയുന്നത് കേട്ട് അവൾ ചെവി കൂർപ്പിച്ചു.

"എന്താ അച്ഛാ പറഞ്ഞു വരുന്നേ?"

"ഞാൻ പറഞ്ഞു വന്നത് ആ യുവാവിന്റെ ശരീരത്തിൽ കുടി കൊള്ളുന്ന രണ്ടു ആത്മാക്കളിൽ ഒന്ന് പൂർണകായ ആത്മാവും  മറ്റൊന്ന് അർദ്ധ കായ ആത്മാവും ആണ്."

അച്ഛൻ പറയുന്നത് കേട്ടു രാധികയ്ക്ക് ഒന്നും മനസിലായില്ല.

"മോളെ അതിന്റെ അർത്ഥം ആ രണ്ടു ആത്മാക്കളിൽ ഒന്ന് അർദ്ധമാണ്...... അതായത് ഒരു ആത്മാവിന്റെ ഛേദിച്ച നേർ പകുതി........ആ പകുതിയായിട്ടുള്ള ആത്മാവും പിന്നെ പൂർണമായിട്ടുള്ള മറ്റൊരു ആത്മാവും"

ഇതൊക്കെ കേട്ട് രാധികയ്ക്ക് എവിടുന്നൊക്കെയോ പേടി അരിച്ചു കയറുന്ന പോലെ തോന്നി.

അനന്തുവിനോട് മിണ്ടാൻ പോയ നിമിഷത്തെ അവൾ സ്വയം പഴിച്ചു.

"അപ്പൊ അച്ഛൻ പറഞ്ഞു വരുന്നത് അനന്തു പ്രേതമാണെന്നാണോ?"

രാധിക തന്റെ സംശയം പങ്കു വച്ചു.

അതു കേട്ടതും കുലശേഖരന്റെ മുഖത്തു നേർത്ത പുഞ്ചിരി വിടർന്നു.

"ഒരിക്കലുമല്ല മകളെ.......ഈ ഭൂമിയിൽ പിറന്നു വീഴുന്ന ഓരോ ജീവികൾക്കും ഓരോ നിയോഗങ്ങളുണ്ട്..... എന്നാൽ ഇവിടെ പ്രകൃതിയുടെ നിയമങ്ങളെ തെറ്റിച്ചു രണ്ടു ആത്മാക്കളെ പേറിക്കൊണ്ട് ഒരുവൻ ജന്മം പൂണ്ടിരിക്കുന്നു....... അതിനർത്ഥം അവന് രണ്ടു നിയോഗങ്ങൾ ഉണ്ടെന്നാണ്...... അതിനു വേണ്ടിയാണ് ആ യുവാവ് ജന്മം കൊണ്ടത്..."

"അപ്പൊ അതിലൊരു ആത്മാവ് എങ്ങനെ നേർ പകുതിയായി?"

രാധിക വീണ്ടും ചോദിച്ചു.

"അതു തന്നെയാണ് എന്നെയും കുഴപ്പിക്കുന്നത്....... മറ്റൊരു കാര്യം കൂടി ഞാൻ കണ്ടെത്തിയിട്ടുണ്ട്"

"എന്താ അത്?"

അവൾ ഭയത്തിനിടയിലും ആകാംക്ഷാഭരിതമായി ചോദ്യമെറിഞ്ഞു.

ഇതൊക്കെ കേട്ട് രാധികയ്ക്ക് ഭ്രാന്ത് പിടിക്കുന്ന പോലെ തോന്നി.

"ആ യുവാവിന്റെ ഉടലിലെ രണ്ടു ആത്മാക്കളിൽ പൂർണകായത്തിനു വർഷങ്ങളുടെ പഴക്കമേയുള്ളൂ........ എന്നാൽ ആ അർദ്ധ കായ ആത്മാവിനു സഹസ്രങ്ങളുടെ കാല പഴക്കമുണ്ട്."

"എന്ന് വച്ചാൽ എത്രയുണ്ടാകും? "

രാധിക അമ്പരപ്പോടെ ചോദിച്ചു.

"ആയിരം വർഷങ്ങൾക്കു മുകളിൽ "

അതു കേട്ടതും അവൾ വീണ്ടും ഞെട്ടി.

ആവശ്യമില്ലാതെ ഓരോ ഏടാകൂടത്തിൽ എടുത്തു ചാടിയതിന് അവൾക്ക് മനോ വിഷമമുണ്ടായി.

"ഇതിനെ കുറിച്ച് കൂടുതലെങ്ങനാ അച്ഛാ അറിയുക? ആയിരം വർഷങ്ങളിലധികം പഴക്കമുള്ള ആ ആത്മാവ് ആരുടേതാ?"

"അറിയില്ല മകളെ എല്ലാം ഞാൻ പതിയെ കണ്ടെത്തും...... കുറച്ചു നിഗൂഢതകളെങ്കിലും മറ നീക്കി പുറത്തു വന്നല്ലോ...... ഇനിയും വരും...... എനിക്കൊരു കാര്യം ഉറപ്പാണ്...... അവൻ എന്തിലേക്കോ ഉള്ള നിധിയാണ്..... എന്നാൽ ആ നിധി പണമോ സ്വർണമോ നവ രത്നങ്ങളോ ഒന്നുമല്ല മറ്റെന്തോ ആണ്..."

കുലശേഖരൻ പതിയെ നെടുവീർപ്പെട്ടു.

ഇത്രയും കാര്യങ്ങൾ തന്നെ രാധികയ്ക്ക് താങ്ങാവുന്നതിലും അധികമായിരുന്നു.

അതിനാൽ തന്നെ അവൾ പതിയെ അവിടുന്ന് എണീറ്റു പോയി.

ഒന്നും ഉരിയാടാതെ.

കൂടെ കുലശേഖരനും. . . . . ജയശങ്കറിന്റെ പുതിയ കാർ ദക്ഷിണയെ ശരിക്കും ഹരം പിടിപ്പിച്ചു.

ചില ഹിന്ദി സിനിമകളിൽ കണ്ടിട്ടുണ്ടെങ്കിലും ജീവിതത്തിലാദ്യമായിട്ടാണ് ഈ കാർ അവൾ ആദ്യമായി കാണുന്നതും തൊടുന്നതും.

അതുകൊണ്ട് തന്നെ അവൾ വല്ലാത്ത ആവേശത്തിലായിരുന്നു.

കുന്താളപുരം ഗ്രാമത്തിലെ ഇടുങ്ങിയ വഴിയിലൂടെ ആ കാർ മൂളിച്ചയോടെ പറന്നു.

കാടുകൾ തിങ്ങി വളർന്ന ഇടവഴിയിലൂടെ ഒരു കുട്ടിയാനയെ പോലെ അത് മുന്നോട്ട് കുതിച്ചു.

കുന്താള പുരവും കടന്ന് ദേശം ഗ്രാമത്തിന്റെ അതിർത്തിയിൽ അവൾ എത്തിച്ചേർന്നു.

മുംബൈയിൽ നിന്നും വന്ന ശേഷം കുറച്ചു ദിവസങ്ങൾക്കു ശേഷമാണ് അവൾ സ്റ്റീറിങ്ങിൽ ഒന്നു തൊടുന്നത്.

അതിന്റെയൊരു റിലാക്സേഷൻ അവളിലുണ്ട്.

ദക്ഷിണയുടെ ഉള്ളിലെ ദാഹിയായ സാരഥിയെ അടക്കി നിർത്താൻ Lincoln Zephyr തന്നെ ധാരാളമായിരുന്നു.

ദേശം ഗ്രാമത്തിന്റെ അതിർത്തിയിലൂടെയായിരുന്നു അവളുടെ യാത്ര അപ്പോൾ.

അവിടെ നീണ്ടു പരന്നു കിടക്കുന്ന നെൽ പാടത്തിന്റെ ഒത്ത മധ്യത്തിലായി വലിയൊരു മൊട്ടക്കുന്ന് സ്ഥിതി ചെയ്യുന്നുണ്ട്.

അതിന്റെ മണ്ടയ്ക്കായി പടർന്നു പന്തലിച്ച ഒരു വലിയ ആല്മരവും അതിനു ചുവട്ടിലായി ഒരു കുഞ്ഞു പ്രതിഷ്ഠയും ഉണ്ടായിരുന്നു.

ദൂരെ നിന്നും ആ കാഴ്ച്ച കണ്ടപ്പോൾ തന്നെ വഴിവക്കിൽ അവൾ ആകാംക്ഷയോടെ കാർ കൊണ്ടു വന്നു നിർത്തി.

എന്നിട്ട് കോ സീറ്റിൽ ഉള്ള ക്യാമറയും കയ്യിലെടുത്തുകൊണ്ട് ഡോർ തുറന്നു പുറത്തേക്കിറങ്ങി.

നല്ലൊരു കുളിർമയുള്ള അന്തരീക്ഷമായിരുന്നു അവിടം.

ഈ സഹോദരി ഗ്രാമവും തന്റെ ഗ്രാമം പോലെ മനോഹരിയാണെന്ന് ദക്ഷിണ ഓർത്തു പോയി.

ഒന്നു ശ്വാസം വലിച്ചെടുത്തു അവൾ ആ പാട വരമ്പിലൂടെ പതിയെ നടന്നു കൊണ്ടിരുന്നു.

അവിടെ കൊയ്ത്തിനായി കൂടിയിരിക്കുന്ന പണിക്കാർ അവളുടെ വരവ് സാകൂതം നോക്കുന്നുണ്ടായിരുന്നു.

മോഡേൺ വേഷവും ഇട്ടു വരുന്ന ഒരു സുന്ദരി പെൺകൊടിയെ കണ്ട അമ്പരപ്പിൽ ആയിരുന്നു അവർ.

ചുറ്റുമുള്ള കാഴ്ചകളിൽ കണ്ണോടിച്ചുകൊണ്ട് വരമ്പിലെ ചളിയിൽ കാൽ പുതഞ്ഞു പോകാതെ പുല്ലിനെ പോലും ചവുട്ടി മെതിക്കാതെ സൂക്ഷിച്ചു കാലടികൾ വച്ചു പൂമ്പാറ്റകളോട് സംസാരിച്ചുകൊണ്ട് അവൾ നടന്നു.

ഒറ്റക്ക് നടന്നു വരുന്ന ഒരു സുന്ദരി പെണ്ണിനെ കണ്ടു അവൾക്ക് വട്ടാണെന്ന് പോലും അവർക്ക് തോന്നി.

നടന്നു നടന്ന് അവൾ ആ ഇളം വെയിലിലൂടെ മൊട്ടക്കുന്നിന്റെ അടിയിലെത്തി.

ശേഷം ആ കുന്നിലെ കൃത്രിമമായി സൃഷ്ടിച്ച നടകളിലൂടെ അവൾ കയറി തുടങ്ങി.

ഓരോ നടകൾ കേറുന്തോറും അവൾ കണക്കെടുപ്പ് നടത്തിക്കൊണ്ടിരുന്നു.

അവസാനം 150 മത്തെ നട കൂടി താണ്ടിയതും മൊട്ടക്കുന്നിന്റെ മണ്ടയിൽ അവളെത്തി.

ദക്ഷിണ ഏതോ വലിയ ലക്ഷ്യം കൈ വരിച്ച പോലെ നെടുവീർപ്പെട്ടു.

അവൾ നന്നേ അണയ്ക്കുന്നുണ്ടായിരുന്നു.

നെറ്റിയിൽ മൊട്ടിട്ടുകിടന്ന വിയർപ്പ് തുള്ളികൾ ചാലിട്ട പോലെ അവളുടെ ചെന്നിയിലൂടെ ഊർന്നിറങ്ങി.

കഴുത്തിലും നെറ്റിയിലുമുള്ള സ്വേദ കണങ്ങൾ തുടച്ചു മാറ്റിക്കൊണ്ട് അവൾ ആ അൽമര ചുവട്ടിലെ തറയിൽ ഇരുന്നു.

ദക്ഷിണ ചുറ്റും തല തിരിച്ചു നോക്കി.

ദേശം ഗ്രാമത്തിന്റെ അതി മനോഹരമായ വ്യൂ അവിടെ നിന്നും കാണാമായിരുന്നു.

ആ കാഴ്ച അവളെ ഒരുപാട് പുളകിതയാക്കി.

അവിടെ അലയടിക്കുന്ന ഇളം കാറ്റ് അവളുടെ ഉടലിലെ വിയർപ്പ് കണ്ണങ്ങളെ നനുത്ത സ്പർശനത്തോടെ ഒപ്പിയെടുത്തു കൊണ്ടിരുന്നു.

മുംബൈ പോലൊരു മെട്രോ സിറ്റിയിൽ ജനിച്ചതിനെ ഒരു നിമിഷം അവൾ വെറുത്തു പോയി.

അവൾ ഇരിക്കുന്ന ആൽമരത്തിനു നല്ല കാതലുള്ളതായിരുന്നു.

അതിനാൽ തന്നെ രണ്ടാൾ കൈകൾ കൂട്ടി പിടിച്ചാലെ അതിന്റെ പകുതി വരെ എന്തി പിടിക്കാൻ സാധിക്കൂ.

അതിനാൽ തന്നെ ആ മരത്തിന്റെ മറുവശത്തു ഇരിക്കുന്നവരെ പോലും ദക്ഷിണക്ക് കാണാൻ കഴിയുന്നില്ലായിരുന്നു.

വിരലിലെണ്ണാവുന്ന ആളുകളെ അവിടെ ഉണ്ടായിരുന്നുള്ളു.

പെട്ടെന്നവിടെ മണികൾ കിലുങ്ങുന്ന ശബ്ദം അവളുടെ കാതിലെത്തി.

ദക്ഷിണയുടെ കണ്ണുകൾ അങ്ങോട്ടേക്ക് പാറി വീണു.

അവിടെ ഒരാൾ പൊക്കത്തിൽ ഒരു ചെമ്പക മരമുണ്ടായിരുന്നു.

അതിന്റെ ചില്ലകൾ നിറയെ ചുവന്ന ചരടിൽ കോർത്ത കുഞ്ഞു മണികളെ കെട്ടി തൂക്കിയത് അവളുടെ ശ്രദ്ധയിൽ പെട്ടു.

ആ കാഴ്ച കണ്ടു അവൾക്ക് അത്ഭുതം തോന്നി.

അനേകം മണികൾ ചുവന്ന ചരടിൽ ആ മരത്തിൽ കെട്ടി വച്ചിട്ടുണ്ട്.

"എന്തിനാ ചേട്ടാ ആ മണികൾ ചെമ്പക മരത്തിൽ കെട്ടി വയ്ക്കുന്നെ?"

ഒരു കുഞ്ഞു പെൺകുട്ടി ഒരു മുതിർന്ന ചെറുപ്പക്കാരന്റെ കയ്യും പിടിച്ചു നിൽക്കുവായിരുന്നു.

ആ പെൺകുട്ടി കൂടെയുള്ള ചെറുപ്പകാരനോട് ചോദിച്ച ചോദ്യമാണ് ദക്ഷിണ കേട്ടത്.

പെട്ടെന്നവൾ അതിനു കാതു കൊടുത്തു.

"അത് മോളെ പെൺകുട്ടികൾ ചെയ്യുന്ന ഒരു കർമ്മമാ അത്........ അവർക്ക് ഭാവിയിൽ നല്ലൊരു വരനെ കിട്ടാനും മംഗല്യ ഭാഗ്യം ലഭിക്കാനും അതു കഴിഞ്ഞുള്ള ഏഴു ജന്മങ്ങളിലും അയാളെ തന്നെ വരനായി കിട്ടുവാനുമാണ് ഈ ചടങ്ങ് ചെയ്യുന്നത്."

ചെറുപ്പക്കാരൻ പറഞ്ഞു നിർത്തി.

"എനിക്കും അങ്ങനെ ചെയ്യണം ഏട്ടാ.......എന്താ ഞാൻ ചെയ്യണ്ടേ?"

ആ പെൺകുട്ടി കൊഞ്ചലോടെ ആ ചെറുപ്പക്കാരനോട് ചോദിച്ചതും ദക്ഷിണക്ക് അവളോട് വാത്സല്യം തോന്നി.

"അവിടെ ആ മരത്തിനന് കീഴിലുള്ള മണിയും ചരടും എടുത്ത് ഈ പ്രതിഷ്ടയ്ക്ക് മുന്നിൽ വന്നു പ്രാർത്ഥിക്കുക........എന്നിട്ട് ആ ചരടിന്റെ ഒരറ്റത്തു മണി കെട്ടിയിട്ട് മറ്റേയറ്റം മരത്തിന്റെ കൊമ്പിൽ കെട്ടി തൂക്കണം "

ഒരു അധ്യാപകനെ പോലെ അയാൾ നിർദേശം നൽകിയതും ദക്ഷിണ അറിയാതെ ചിരിച്ചു പോയി.

ആ പെൺകുട്ടിയുടെ ഓരോ ചലനങ്ങളും അവൾ നിരീക്ഷിച്ചു കൊണ്ടിരുന്നു.

ആ കുട്ടി  ചെറുപ്പക്കാന്റെ കൈ വിട്ട് ആ ചെമ്പക മരത്തിന്റെ ചോട്ടിലേക്കോടി.

അവിടെ ഒരു തളികയിൽ നിന്നും ചുവന്ന ചരടും മറ്റൊരു തളികയിൽ നിന്നും കുഞ്ഞു മണിയും ഭക്തി നിർഭരമായ മനസോടെ എടുത്ത ശേഷം പ്രതിഷ്ടക്ക് നേരെയോടി.

അവിടെ ചെന്ന് ഭക്തിയോടെ കൈകൾ കൂപ്പി നിന്ന് പ്രാർത്ഥിച്ച ശേഷം ആ പെൺകുട്ടി തിരികെ നടന്നു വന്ന് കയ്യിലുള്ള മണിയിൽ ചരട് കെട്ടിയ ശേഷം മറ്റേയറ്റം ചെമ്പക മരത്തിലും ചാർത്തി.

അതിനു ശേഷം അവർ തിരികെ പോയി.

ദക്ഷിണ വല്ലാത്തൊരു അനുഭൂതിയിൽ ആയിരുന്നു.

സാധാരണ ഇത്തരം ഭക്തി അവൾക്ക് കുറവാണെങ്കിലും ആ പെൺകുട്ടിയുടെ സമർപ്പണം കണ്ടു അവളുടെ മനസ് നിറഞ്ഞു.

ഇതുപോലുള്ള യുക്തിരഹിതമായ കോപ്രായങ്ങൾക്ക് അവൾ കൂട്ടു നിൽക്കാറില്ലെങ്കിലും പതിവിന് വിപരീതമായി ഇന്നാരോ തന്നോട് ആ കർമം ചെയ്യണമെന്ന് പറയുന്ന പോലെ അവൾക്ക് തോന്നി.

ദക്ഷിണ ഒരു ചിരിയോടെ ആ മരച്ചോട്ടിൽ പോയി ചുവന്ന ചരടും കുഞ്ഞു മണിയും കയ്യിലെടുത്തു.

ശക്തമായ കാറ്റിനനുസൃതമായി കുഞ്ഞു മണികളും കുസൃതിയോടെ നൃത്തം വയ്ക്കുന്നുണ്ട്.

ആ കാഴ്ചകൾ കണ്ടു കൊണ്ട് അവൾ നേരെ ആ പ്രതിഷ്ഠക്ക് മുന്നിൽ പോയി നിന്നു.

അതാരുടെ പ്രതിഷ്ഠയാണെന്നോ എന്താണ് പ്രാർത്ഥിക്കേണ്ടതെന്നോ ദക്ഷിണക്ക് അറിയില്ലായിരുന്നു.

എങ്കിലും അവൾ നിറഞ്ഞ മനസോടെ കൈകൾ കൂപ്പി തൊഴുതു.

തെല്ലൊരു നിമിഷം.

അതിനു ശേഷം അവൾ തിരികെ ചെമ്പക ചോട്ടിലേക്ക് നടന്നു.

അവിടെ എത്തിയ ശേഷം കയ്യിലുള്ള മണിയിൽ ചരട് കോർത്തു കെട്ടിയ ശേഷം അവൾ ആ മരത്തിന്റെ ചില്ലയിൽ അത് കടും കെട്ടിട്ട് വച്ചു.

വല്ലാത്തൊരു അനുഭൂതി തന്നിൽ നിറയുന്ന പോലെ അവൾക്ക് തോന്നി.

അതിനു ശേഷം അവൾ ക്യാമറ എടുത്തുകൊണ്ട് ആൽമരത്തിന്റെ മറുവശത്തു പോയി നിന്നു.

അവിടുന്നുള്ള അതി മനോഹരനായ വ്യൂ അവൾ തന്റെ dslr ക്യാമെറയിൽ ഒന്നിട വിടാതെ ഒപ്പിയെടുത്തു കൊണ്ടിരുന്നു.

ഈ സമയമാണ് അരുണിമയും അവളുടെ അനിയത്തിയും ആ മൊട്ടക്കുന്നിലേക്ക് പടികൾ കയറി എത്തി ചേർന്നത്.

ഒരു മഞ്ഞ ചുരിദാറും കറുപ്പ് ലെഗ്ഗിൻസും ആയിരുന്നു അവളുടെ വേഷം.

അനിയത്തി ഒരു പട്ടു പാവാടയും ബ്ലൗസും ആയിരുന്നു.

അൽപ്പ നേരം അവിടെ വിശ്രമിച്ച ശേഷം അവൾ സഹോദരിയുടെ കൂടെ ആ ചെമ്പക ചോട്ടിലേക്കെത്തി.

അവിടെയുള്ള തളികകളിൽ നിന്ന് അവർ ഇരുവരും ഒരുമിച്ച് ചരടും മണികളും കയ്യിലെടുത്തു.

ഈ സമയം അരുണിമയ്ക്ക് ഒരു വിളിപ്പാടകലെ ദക്ഷിണ നിന്ന് ക്യാമറ ഓരോ പോയിന്റിലേക്കും സൂം ചെയ്ത് ഫോട്ടോയെടുക്കുകയായിരുന്നു.

ആവശ്യത്തിനുള്ള ഫോട്ടോസ് എടുത്തു കഴിഞ്ഞതും അവൾ ക്യാമറ കയ്യിൽ തൂക്കി പിടിച്ചു കൊണ്ട് അൽമരത്തിന്റെ മറുവശത്തൂടെ തിരികെ പോകുവാനായി നടന്നു തുടങ്ങി.

പൊടുന്നനെ ഒരു കാറ്റ് ശക്തിയിൽ തഴുകിയതും അരുണിമ ഞെട്ടിപ്പോയി.

അവൾക്ക് വല്ലാത്തൊരു സ്നേഹവും വാത്സല്യവും മനസിൽ നൊടിയിടയിൽ ഉടലെടുത്തു.

തന്റെ ആരോ അവിടെ ഉണ്ടെന്ന് അരുണിമയുടെ മനസ് പറയുകയായിരുന്നു.

അവൾ അങ്കലാപ്പോടെ ചുറ്റും നോക്കി.

എന്നാൽ ഒന്നും തന്നെ കാണാനായില്ല.

പെട്ടെന്ന് തന്റെ ഉൾ മനസ് അൽമരത്തിന്റെ മറവിലേക്ക് വരാൻ പറയുന്ന പോലെ അരുണിമയ്ക്ക് തോന്നി.

അനിയത്തിയെ അവിടെ വിട്ട് അവളുടെ കാലുകൾ യന്ത്രികമായി ധ്യതിയിൽ അങ്ങോട്ടേക്ക് ചലിച്ചു.

ചേച്ചിയുടെ മാറ്റം കണ്ടു ഒന്നും മനസിലാകാതെ അവൾ തല ചൊറിഞ്ഞു.

ദക്ഷിണ ഫോട്ടോ എടുത്തു കൊണ്ടിരുന്ന സ്ഥാനത്ത് വന്നു നിന്നതും അരുണിമയ്ക്ക് വല്ലാത്തൊരു നഷ്ട ബോധം തോന്നി.

പെട്ടെന്ന് അവളിൽ വിഷാദം വന്നു നിറഞ്ഞു.

അപ്പോഴേക്കും ദക്ഷിണ ആൽമരത്തിന്റെ മറു വശത്തു എത്തിയിരുന്നു.

അരുണിമ നിൽക്കുന്നതിന്റെ എതിർ വശം.

പെട്ടെന്ന് ഒരു കാറ്റ് അവളെ ശക്തിയിൽ തഴുകിയതും അരുണിമയിൽ വന്ന പോലെ ദക്ഷിണയിലും ചില മാറ്റങ്ങൾ സംഭവിച്ചു.

സന്തോഷത്തോടെ ഇരുന്ന അവളുടെ മനസ് ആകെ കലങ്ങി മറിഞ്ഞു.

അരുണിമയ്ക്ക് ആരോടോ സ്നേഹവും വാത്സല്യവും തോന്നിയപ്പോൾ ദക്ഷിണക്ക് തോന്നിയത് വന്യമായ കോപവും വിദ്വേഷവും ആയിരുന്നു.

അകാരണമായി അവളുടെ മുഖത്തെ പേശികൾ വലിഞ്ഞു മുറുകി ദൃഢമായി.

ആ സ്ഥലത്ത് നിന്നും കാണാമറയത്തേക്ക് ഓടി രക്ഷപ്പെടാൻ തന്നോട് ആരോ പറയുന്ന പോലെ ദക്ഷിണക്ക് തോന്നി.

അവൾ മുഷ്ടി ചുരുട്ടി പിടിച്ചു കൊണ്ട് ആ മൊട്ടക്കുന്നിന്റെ നടകൾ ഓടിയിറങ്ങി.

ആ സമയം അവൾ വല്ലാത്തൊരു മാനസികാവസ്ഥയിൽ ആയിരുന്നു.

ദക്ഷിണയുടെ നിയന്ത്രണത്തിൽ പോലും അല്ലായിരുന്നു അപ്പോൾ മനസ്.

മറ്റാരോ നിയന്ത്രിക്കുന്ന യന്ത്രമനുഷ്യനെ പോലെയായിരുന്നു അവൾ.

അല്ലെങ്കിൽ hypnotise ചെയ്യപ്പെട്ട പോലെ.

ആൽമരത്തിന്റെ മറ്റേവശത്തു എത്തിയതും അരുണിമ സൂക്ഷിച്ചു നോക്കി.

ആ മൊട്ടക്കുന്നിലേക്കുള്ള പടികൾ ആരും ഇറങ്ങി പോകുന്നില്ലായിരുന്നു.

എന്നാൽ ആരൊക്കെയോ കേറി വരുന്നത് കാണാമായിരുന്നു.

തല കുലുക്കികൊണ്ട് നിരാശയോടെ അരുണിമ ആ പ്രതിഷ്ഠക്ക് സമീപത്തേക്ക് നടന്നു.

കുട്ടിച്ചാത്തന്റെ പ്രതിഷ്ഠ ആയിരുന്നു അത്.

അവിടെ നിന്ന് ഉള്ളുരുകി പ്രാർത്ഥിച്ച ശേഷം അനിയത്തിയുടെ കൂടെ അവൾ എത്തി ചേർന്നത് ആ ചെമ്പക ചോട്ടിലായിരുന്നു.

അനിയത്തിയെ നോക്കി പല്ലിളിച്ച ശേഷം അരുണിമ കുഞ്ഞു മണിയിൽ കോർത്ത ചരട് അവിടെ മര ചില്ലയിൽ പതിയെ കെട്ടി വച്ചു.

അത് കെട്ടുമ്പോഴും അനന്തുവായിരുന്നു അവളുടെ മനസ് നിറയെ.

അനിയത്തി അവളെ തോണ്ടിയപ്പോഴാണ് അരുണിമ ചിന്തയിൽ നിന്നുമുണർന്നത്.

ചളിപ്പോടെ അവൾ അത് മുറുക്കി കെട്ടിയ ശേഷം ഒന്നു കൂടി തൊഴു കയ്യോടെ പ്രാർത്ഥിച്ചു.

പൊടുന്നനെ അവിടെ തെളിഞ്ഞ ആകാശത്ത് മുഴക്കത്തോടെ ഇടി വെട്ടി.

തുടരെ തുടരെ അത് മുഴങ്ങി.

പട്ടാ പകൽ ഇടി വെട്ടുന്നത് കേട്ട് അവിടുള്ളവർ മൂക്കത്ത് വിരൽ വച്ചു.

മാറി വരുന്ന പ്രകൃതി പ്രതിഭാസങ്ങളെ കുറിച്ച് അവർ വാചാലയായി.

എന്നാൽ പ്രകൃതി നൽകിയ ദുസ്സൂചന ആയിരുന്നു അത്.

ദക്ഷിണ ചെമ്പക ചില്ലയിൽ കെട്ടിയ ചരടിനോട് ചേർത്താണ് അബദ്ധ വശാൽ അരുണിമയും ചരട് കെട്ടിയത്.

എന്തൊക്കെയോ ദുരന്തങ്ങൾക്കുള്ള ഒരു തുടക്കമാണിതെന്ന പോലെ.

ഒരു മുന്നറിയിപ്പ്.

കാത്തിരുന്നു കാണാം.

നെൽ കതിരുകൾ വിളഞ്ഞു കിടക്കുന്ന പാടങ്ങൾക്ക് നടുവിലൂടെ കരിനാഗത്തെ പോലെ സർപ്പിളമായി കിടക്കുന്ന കറുത്ത റോഡിലൂടെ ദക്ഷിണയുടെ ലിങ്കൺ സെഫിയർ കുതിച്ചു പാഞ്ഞു.

സ്റ്റീയിറങ്ങിൽ അവളുടെ നേര്മമായ വിരലുകൾ ദൃഢമായി അമർന്നു.

അവൾ നന്നേ അണയ്ക്കുന്നുണ്ട്.

മേൽച്ചുണ്ടിനൊപ്പം സ്ഥാനം പിടിച്ച സ്വേദ കണങ്ങളെ അവൾ കൈകൊണ്ട് തുടച്ചെടുത്തു.

നന്നേ വിയർത്തു കുളിച്ചു.

ഭ്രാന്ത് പിടിച്ച പോലെ ആയിരുന്നു അപ്പോൾ ദക്ഷിണ

ആരെയൊക്കെയോ കൊല്ലാനുള്ള വെറി പോലെ.

സ്പീഡ് മീറ്ററിൽ വേഗത കൂടി വന്നു.

റേസിംഗ് ട്രാക്കുകളെ അനുസ്മരിപ്പിക്കും വിധം അവൾ ആയാസ രഹിതമായി കാർ ഓടിച്ചു.

അവളുടെ ക്രോധം അല്ലെങ്കിൽ പക ഒക്കെയാണ് അവളെ നല്ലൊരു കാർ racer ആക്കിയത്.

മത്സരിച്ച ചാമ്പ്യൻഷിപ്പുകളിൽ എല്ലാം വിജയം.

ഒരിക്കലും പരാജയം എന്നത് ജീവിതത്തിൽ അറിഞ്ഞിട്ടില്ല.

ഏകാകിനി ആയിട്ടായിരുന്നു മുംബൈയിലെ അവളുടെ ജീവിതം.

മെട്രോ പൊളിറ്റൻ സിറ്റിയുടെ സന്തതിയായ അവൾ ഇന്ന് ആ ഗ്രാമവും അവിടുത്തെ നിഷ്കളങ്കതയും മണ്ണിനോടും ചെടികളോടും ഒക്കെ കൂടുതൽ ഇഴ ചേർന്നിരിക്കുന്നു.

വിട്ടു പിരിയാനാവാത്ത വിധം.

ഒരു ചെറിയ വളവ് ലിങ്കൻ സെഫിയർ വെട്ടിച്ചെടുത്തു വന്നതും പൊടുന്നനെ ദക്ഷിനണയുടെ കാൽ ബ്രേക്കിൽ അമർന്നു.

Drift ചെയ്ത പോലെ കാർ റോഡിൽ വിലങ്ങനെ വന്നു നിന്നു.

ടയർ റോഡിലുരയുന്ന ശബ്ദം അവിടമാകെ മുഴങ്ങി.

കാർന്റെ ഫ്രണ്ട് ഡോർ തുറന്ന് പുറത്തേക്ക് ഇറങ്ങിയതും എന്തോ കണ്ടു ദക്ഷിണയുടെ പൂച്ചകണ്ണുകൾ കൂടുതൽ തിളങ്ങി.

മുന്നിൽ വഴിയരികിലായി ബുള്ളറ്റിൽ എന്തോ പണിയെടുക്കുന്ന അനന്തു.

ബുള്ളറ്റ് സെൻട്രൽ സ്റ്റാൻഡിൽ നിർത്തി വച്ചിട്ടുണ്ട്.

ബൈക്കിനു എന്തോ കംപ്ലയിന്റ് ആണെന്ന് ദക്ഷിണക്ക് മനസിലായി.

അവൾ മന്ദം മന്ദം അങ്ങോട്ട് നടന്നു.

തന്റെ അടുത്തേക്ക് ആരോ നടന്നടുക്കുന്നത് അനുഭവപ്പെട്ട അനന്തു പതിയെ തലയുയർത്തി നോക്കി.

ദക്ഷിണ

അവൻ പതിയെ മന്ത്രിച്ചു.

അനന്തു..... എന്താ ഇവിടെ..... എന്ത് പറ്റി?

അവളുടെ പൂച്ചക്കണ്ണുകൾ ബുള്ളറ്റിലേക്ക് നീണ്ടു.

അറിഞ്ഞൂടാ ദക്ഷിണ..... എന്തോ സ്റ്റാർട്ടിങ് ട്രൗബ്ൾ..... എത്ര നോക്കിയിട്ടും മനസിലാവുന്നില്ല.

അനന്തു തല ചൊറിഞ്ഞു കൊണ്ടു പറഞ്ഞു.

നമുക്ക് എവിടുന്നേലും മെക്കാനിക്കിനെ വിളിച്ചോണ്ട് വരാം...... അതുവരെ വണ്ടി ഇവിടെ നിക്കട്ടെ..... വാ ഞാൻ ഡ്രോപ്പ് ചെയ്യാം

ഇവിടെ ആകെ ഒരു മെക്കാനിക്കെ ഉള്ളൂ..... ബഷീറിക്ക..... പുള്ളിയോട് പറയാം

യെസ്...... അതുമതി..... വാ ഞാൻ ഡ്രോപ്പ് ചെയ്യാം.

ആദ്യം ഒന്ന് ശങ്കിച്ചെങ്കിലും അനന്തു പിന്നീട് സമ്മതിച്ചു.

ദക്ഷിണയുടെ കൂടെ അവൻ കാറിൽ കയറി.

ദക്ഷിണ കാർ മുന്നോട്ടെടുത്തു.

ആ കാർ അനന്തുവിന് നന്നേ ഇഷ്ട്ടപ്പെട്ടു.

പോകുന്ന പോക്കിൽ ബഷീറിക്കയെ വിളിച്ചു ബുള്ളറ്റിന്റെ കാര്യം പറയാനും അനന്തു മറന്നില്ല.

കാറിന്റെ മ്യൂസിക് സിസ്റ്റം ഓപ്പൺ ചെയ്ത് ദക്ഷിണ പാട്ട് പ്ലേ ചെയ്തു.

കാർ മുന്നോട്ട് പൊക്കൊണ്ടിരുന്നു.

അനന്തുവിന് എങ്ങനെ സംസാരിച്ചു തുടങ്ങണമെന്ന് ഡൌട്ട് തോന്നി.

അനന്തു...... ഹൌ ആർ യൂ...... വീട്ടിൽ എല്ലാർക്കും സുഖമാണോ

ഹാ സുഖം.... ദക്ഷിണക്കോ....

പരമസുഖം

ഇനി എപ്പോഴാ തിരികെ മുംബൈക്ക്

അതെന്താ അനന്തുവിന് എന്നെ പറഞ്ഞു വിടാൻ ധൃതിയായോ

ദക്ഷിണ ചുണ്ട് കൂർപ്പിച്ചു അവനെ നോക്കി.

അയ്യോ...... അങ്ങനൊന്നുമില്ല..... ഞാൻ ചുമ്മാ ചോദിച്ചതാ

അമളി പറ്റിയ പോലെ അനന്തു മിണ്ടാതെ പുറത്തേക്ക് കണ്ണു നട്ടിരുന്നു.

ലീവ് ഇറ്റ്....... Anyway അനന്തു ഞാൻ ഈ ഗ്രാമത്തിൽ പുതിയതാ.... എനിക്ക് ഇവിടെ ആരെയും പരിചയവുമില്ല..... ഈ ഗ്രാമം ഒക്കെ ചുറ്റി കാണാമെന്നു എനിക്കുണ്ട്.... അനന്തു എന്നെ ഹെല്പ് ചെയ്യുവോ

ഞാൻ എങ്ങനെ

അനന്തു എന്നെ എല്ലായിടത്തും കൊണ്ടു പോകുമോ....

അതിനു എനിക്ക് ഇവിടം വല്യ പരിചയമില്ല ദക്ഷിണ

ഇട്സ് ഒക്കെ അനന്തു.... അറിയുന്നത് മതി.

ഷ്മ്..... നോക്കാം.

താങ്ക്യൂ

അനന്തുവിന്റെ സമ്മതം കിട്ടിയതും ദക്ഷിണ കൂടുതൽ ഉഷാറോടെ കാർ ഓടിച്ചു.

എങ്കിൽ ഇന്ന് തന്നെ തുടങ്ങിയാലോ.

ഏയ് ഇന്ന് വേണ്ട..... നാളെ പോരെ

അതെന്താ

അനന്തുവിന്റെ മറുപടി കേട്ട് ദക്ഷിണ മുഖം ചുളിച്ചു.

നാളെ എന്റെ ബുള്ളറ്റും കൊണ്ടു വരാം..... എന്നിട്ട് കറങ്ങാൻ പോകാം.....

യെസ് അതുമതി

അത് കേട്ടതും ദക്ഷിണ കൂടുതൽ എക്സൈറ്റഡ് ആയി.

അങ്ങനെ കാർ തേവക്കാട്ടിൽ മനയുടെ പടിപ്പുരയും താണ്ടി മുറ്റത്തേക്ക് വന്നു നിന്നു.

കാറിൽ നിന്നുമിറങ്ങിയ അനന്തു നന്ദിയോടെ ദക്ഷിണയെ നോക്കി.

വരൂ..... എല്ലാവരെയും പരിചയപ്പെടാം

വേണ്ട അനന്തു.... മറ്റൊരിക്കലാകാം.... ഇപ്പൊ കുറച്ചു ബിസിയാണ്

സ്നേഹപൂർവ്വം അനന്തുവിന്റെ ക്ഷണം നിരസിച്ച ശേഷം അവനെ തന്നെ നോക്കി കണ്ണിറുക്കിക്കൊണ്ട് ദക്ഷിണ കാറുമായി മടങ്ങി.

അപ്പോഴും അനന്തു ഒന്ന് മാത്രം മന്ത്രിച്ചു കൊണ്ടിരുന്നു.

അരുണിമ.......... അരുണിമ.

. . . . . . രാവിലെ തന്നെ തന്റെ പൂജകൾ നടക്കുന്ന അറയുടെ ഉള്ളിൽ ധ്യാന നിരതനായി ഇരിക്കുകയായിരുന്നു കുലശേഖരൻ.

കൈകളിൽ ചിന്മുദ്ര പതിപ്പിച്ചിരിക്കുന്നു.

കഠിനമായ ധ്യാനം തന്നെ.

ഹോമകുണ്ഠത്തിലെ തീജ്വാല കെടാൻ വെമ്പുന്ന പോലെ ക്ഷയിച്ചിരിക്കുന്നു.

കുല ശേഖരന്റെ മറുപുറത്ത് സുന്ദരിയായ വെളുത്തു തുടുത്ത ഒരു യുവതി ഇരിക്കുന്നത് കാണാം.

ഉടൽ പൂർണമായും നഗ്നം

തൂവെള്ള നിറമുള്ള ഉടലിൽ ഏതൊരു ആണിനെയും വശീകരിക്കാൻ പോന്ന വിധം മുഴുത്ത മുലകളും പൊക്കിളും കാണാൻ സാധിക്കും.

വിയർപ്പിന്റെ നനവുള്ള ഉടലിൽ കാർ കൂന്തൽ മുന്നിലേക്ക് മെടഞ്ഞിട്ടിരിക്കുന്നു.

യുവതിയുടെ കഴുത്തിൽ ഒരു ഹാരം അണിയിച്ചിട്ടുമുണ്ട്.

ധ്യാനത്തിൽ നിന്നുണർന്ന കുലശേഖരൻ പുഞ്ചിരിയോടെ പതിയെ എഴുന്നേറ്റു.

ശേഷം ആ യുവതിക്ക് സമീപം വന്നിരുന്നു.

ആ യുവതി വികാര വായ്പ്പോടെ കുലശേഖരനെ ഇടങ്കണ്ണിട്ട് നോക്കി.

കുലശേഖരന്റെ വശ്യ മന്ത്ര പ്രയോഗത്തിൽ മനം മയങ്ങിരിക്കുകയാണ് ആ യുവതി.

കുലശേഖരൻ തന്റെ കൈ ആ യുവതിയുടെ തുടയിടുക്കിലേക്ക് നീട്ടി.

കാമവേശത്താൽ ആ യുവതിയുടെ യോനി ദളങ്ങൾ മദജലം കൊണ്ടു കുളിച്ചിരിക്കുകയാണ്.

കുലശേഖരന്റെ വിരൽ സ്പർശിച്ച മാത്രയിൽ ആ യോനി ദളങ്ങൾ ഞൊടിയിടയിൽ വിടർന്നു.

കുലശേഖരൻ ചൂണ്ടു വിരലും നടുവിരലും നീട്ടി ആ യുവതിയുടെ യോനി ദളങ്ങൾക്കിടയിലൂടെ ആഴത്തിലിറക്കി.

ഇളം ചൂടുള്ള വഴു വഴുപ്പുള്ള യോനി അകം കുലശേഖരനെ പുളകം കൊള്ളിച്ചു.

കുലശേഖരന്റെ വിരൽ ആഴ്ന്നിറങ്ങുന്നത് അനുസരിച്ച് ആ യുവതി വികാരംകൊണ്ട് പുളഞ്ഞു.

യുവതിയുടെ കണ്ണുകൾ മുകളിലേക്ക് മറിഞ്ഞു.

ശ്വാസമേറി വന്നു.

മുലക്കണ്ണുകൾ ചുവന്ന് തുടുത്തു.

യുവതിയുടെ യോനിയിൽ നിന്നും വിരൽ പുറത്തേക്കെടുത്ത കുലശേഖരൻ മന്ത്രോച്ചാരണത്തോടെ വിരലിൽ പറ്റിയ യുവതിയുടെ രേതസ് അഗ്നിയിലേക്ക് സമർപ്പിച്ചു.

അത് സമർപ്പിക്കപ്പെട്ടതും അഗ്നി കൂടുതൽ ആവേശത്തോടെ ആളി കത്താൻ തുടങ്ങി.

ഹോമകുണ്ഠത്തിലെ അഗ്നിയിൽ നിന്നും കറുത്ത പുകയ്ക്കൊപ്പം ദുർഗന്ധവും അറയിൽ നിറഞ്ഞു.

പൊടുന്നനെ തീജ്വാലക്ക് മുകളിലായി ഒരു അവ്യക്ത രൂപം തെളിഞ്ഞു.

പതിയെ അത് വ്യക്തമായി വന്നു.

കറുത്ത പുക പോലെ തോന്നിച്ച ആ രൂപം പതിയെ വലുതായി വന്നു ആജാനുബഹുവായി മാറി.

ഒരേ സമയം പുകയിൽ വിരാജിക്കുന്ന ഒരു ദുർ ഭൂതം ആയിരുന്നു അത്.

അതിനു തന്റെ രൂപം വലുതാക്കാനും ചെറുതാക്കാനും സാധിക്കുമായിരുന്നു.

തനിക് മുന്നിൽ തന്റെ ആജ്ഞ അനുസരിക്കാൻ തയാറായി നിക്കുന്ന അടിമയെ കുലശേഖരൻ തുറിച്ചു നോക്കി.

ഹേയ് ദുർഭൂതമേ..... ഇതാ നിനക്കുള്ള ബലി..... നിന്റെ ദാഹവും വിശപ്പും ശമിപ്പിച്ചാലും

തനിക് അരികിലിരിക്കുന്ന കന്യകയിലേക്ക് അയാൾ വിരൽ ചൂണ്ടി.

ആ ദുർ ഭൂതത്തിന്റെ ദൃഷ്ടി വികാര വായ്പ്പോടെ പുളയുന്ന കന്യകയിലേക്ക് നീണ്ടു.

കറുത്ത പുക പടലം പോലെ പതിയെ അത് ആ കന്യകയ്ക്ക് നേരെ പടർന്നു വന്നു.

ശേഷം ആ ദുർ ഭൂതം ആ കന്യകയെ പ്രാപിക്കുവാൻ തുടങ്ങി.

വിവർണമായ രതി സുഖത്തിനു അടിമപ്പെട്ട അവൾ കിടന്നു പുളന്നു തുടങ്ങി.

അപശബ്ദങ്ങൾ പ്രകടിപ്പിച്ചു.

തന്റെ ഇരയെ ആർത്തിയോടെ വിഴുങ്ങുന്ന ആ ദുർ ഭൂതത്തെ കുലശേഖരൻ ആനന്ദത്തോടെ നോക്കി നിന്നു.

വൈകാതെ രതി ചലനങ്ങളിൽ ഏർപ്പെട്ട ഇരുവരും അതിൽ മതി മറന്നു ലയിച്ചു.

കൂടം കൊണ്ടു പ്രഹരമേൽക്കുന്ന വിധത്തിൽ അവളുടെ ഉടൽ വെട്ടി വിറച്ചു.

ഓരോ പ്രഹരമേൽക്കുമ്പോഴും അവളുടെ യോനിയിൽ നിന്നും ചോര വെളിയിലേക്ക് ചീന്തി.

അപ്പോഴും അവൾ കാമവേശത്താൽ പിടയുകയായിരുന്നു.

വശ്യ മന്ത്രം പ്രയോഗം അത്രമാത്രം അവളുടെ മനസിനെ കീഴ്പ്പെടുത്തിയിരുന്നു.

ആ കന്യകയെ ലൈംഗികമായി കീഴ്പ്പെടുത്തിയ ശേഷം ആ ദുർ ഭൂതം ജീവനോടെ അവളുടെ ഉടൽ പതിയെ ഭക്ഷിക്കുവാനായി തുടങ്ങി.

ചുടു ചോരയുടെ മണം അറയിലാകെ വ്യാപിച്ചു.

രക്തം പാനം ചെയ്യുന്ന ശബ്ദം അവിടെ മുഴങ്ങി.

ദുർഭൂതം തന്റെ ദാഹം ശമിച്ചതിന്റെ ആശ്വാസത്തിൽ ആയിരുന്നു.

ജീവനകന്ന കന്യകയുടെ ഉടൽ ദൂരേക്ക് വലിച്ചെറിഞ്ഞ ശേഷം പതിയെ അത് കുലശേഖരന് നേരെ തിരിഞ്ഞു.

കല്പിച്ചാലും യജമാനൻ..... എന്താണ് നാം അങ്ങേക്ക് വേണ്ടി ചെയ്യേണ്ടത്.?

ദുർഭൂതത്തിന്റെ വാക്കുകൾ കേട്ട കുലശേഖരൻ സന്തോഷത്തോടെ മൊഴിഞ്ഞു.

ഈ ജീവ ഗണത്തിന്റെ അവകാശിയെ എനിക്ക് വേണം..... ജീവനോടെ

തറയിലെ പട്ടു തുണിയിൽ ഇരിക്കുന്ന ജീവ ഗണിതതെ ഒന്നു ചുഴിഞ്ഞ് നോക്കിയ ശേഷം അത് അപ്രത്യക്ഷമായി. . . . . . ശങ്കരൻ മുത്തശ്ശൻ ഏൽപ്പിച്ച ദൗത്യവുമായി സഞ്ചരിക്കുകയായിരുന്നു അനന്തു.

കാര്യസ്ഥൻ ചേട്ടനുമായി ഒരു സ്ഥലം വരെ പോകാനുണ്ട്.

അതിനായി ഒരു ജീപ്പുമായി ഇറങ്ങിയതാണ് അനന്തു.

കാര്യസ്ഥൻ ശങ്കുണ്ണി ചേട്ടന്റെ വീട്ടിലേക്കുള്ള ഇടവഴിയിലേക്ക് ജീപ്പ് കയറ്റി വച്ച ശേഷം അനന്തു പതിയെ അതിൽ നിന്നുമിറങ്ങി.

മുന്നോട്ടുള്ള ഊടു വഴിയിലൂടെ അവൻ നടക്കാൻ തുടങ്ങി.

ഇടക്കിടക്ക് കരിയില അമരുന്ന ശബ്ദവും മരങ്ങൾ ആടിയുളയുന്ന ശബ്ദവും കേട്ട് ഞെട്ടലോടെ അനന്തു പിറകിലേക്ക് നോക്കി ക്കൊണ്ടിരുന്നു.

തന്നെ ആരോ പിന്തുടരുന്ന പോലെ ആവന് തോന്നി.

എന്നാൽ ആരെയും കാണുവാൻ സാധിച്ചില്ല.

തന്റെ തോന്നലായിരിക്കുമെന്ന് വിചാരിച് ആശ്വാസത്തോടെ അനന്തു മുന്നോട്ട് നടന്നു.

പൊടുന്നനെ ആജാനുബാഹുവായ ഒരു രൂപം  മിന്നൽ വേഗതയിൽ വന്നു അനന്തുവിനെ പിന്നിലൂടെ പ്രഹരിച്ചു.

ആാഹ്

പ്രഹരമേറ്റ അനന്തു സമീപത്തുള്ള കുട്ടിക്കാട്ടിലേക്ക് തെറിച്ചു വീണു.

ഭയന്നു പോയ അനന്തു തത്ര പാടോടെ ദേഹത്തുള്ള പോടിയൊക്കെ തട്ടി മാറ്റി എഴുന്നേറ്റു.

കൈ മുട്ടിനു താഴെ അല്പം തൊലി പോയിട്ടുണ്ട്.

അവൻ പതിയെ ചുറ്റും തല തിരിച്ചു നോക്കിക്കൊണ്ട് മുകളിലേക്ക് കയറി തുടങ്ങി.

പൊടുന്നനെ മരത്തിനു മുകളിൽ നിന്നും പുക പോലത്തെ ഒരു കൈ രൂപം താഴേക്ക് നീണ്ടു വന്നു അനന്തുവിന്റെ കഴുത്തിൽ ചുറ്റിപിടിച്ചു.

എന്നിട്ട് അനന്തുവിനെയും കൊണ്ടു മുകളിലേക്ക് ഉയർന്നു.

രണ്ടു വലിയ മുളകൾക്ക് കുറുകെ കാലുകൾ വച്ചു ബാലൻസ് ചെയ്ത് അനന്തുവിനെ കൂടുതൽ ഉയരത്തിലേക്ക് വലിച്ചു.

ഭൂമിയിൽ നിന്നും മേൽപ്പോട്ടുയർന്ന അനന്തു പ്രാണ രക്ഷാർത്ഥം ആ ദുർ ഭൂതത്തിന്റെ കൈയിൽ കിടന്ന് പിടഞ്ഞു.

ശ്വാസം വലിക്കാൻ പോലും കഴിയാതെ അവൻ കാലിട്ടിളക്കി..

അവൻ പിടയുന്നതിന് അനുസരിച്ച് കഴുത്തിലെ പിടുത്തവും മുറുകി.

അനന്തുവിന്റെ കണ്ണുകൾ കലങ്ങി മറിഞ്ഞു.

അവന്റെ ബോധം നശിച്ചു.

ഘ്രോഘ്രോആആആആആ

ആ ദുർ ഭൂതം ഇടിമുഴക്കുന്ന പോലെ അലറി വിളിച്ചു.

സ്......... സ്........... സ്.......... സ്

പൊടുന്നനെ ഒരു ശീൽക്കാരം കേട്ട് ദുർഭൂതത്തിന്റെ മിഴികൾ മുന്നോട്ട് പാഞ്ഞു

അവിടെ ആജാനുബാഹുവായ ഒരു കരിനാഗം ഫണമുയർത്തി പിടിച്ചു കൊണ്ടു നിൽക്കുന്നു.

അതിന്റെ മിഴികൾ വൈരക്കൽ പോലെ തിളങ്ങുന്നവയായിരുന്നു.

നാഗത്തിന്റെ ഉദ്ദേശ്യ ശുദ്ധി അറിയാതെ ദുർ ഭൂതം വീണ്ടും അലറി വിളിച്ചു.

സ്....... സ്........ സ്........... സ്..

ഇത്തവണ നാഗം അനന്തുവിന് വേണ്ടി വന്നതാണെന്ന് ദുർ ഭൂതത്തിന് മനസിലായി.

അവനെ വിട്ട് തരാനാണ് അത് തന്നോട് കൽപ്പിക്കുന്നത്.

എന്നാൽ പിടി വിടാതെ പുച്ഛത്തോടെ ആ ദുർ ഭൂതം നാഗത്തിന് നേരെ തീ ഗോളമെറിഞ്ഞു.

എന്നാൽ ആ തീഗോളത്തെ ആ നാഗം തന്റെ കണ്ണുകളിലൂടെ ആവാഹിച്ച് ഇല്ലാതാക്കി.

അതുകണ്ടു കലിപൂണ്ട ദുർഭൂതം അനന്തുവിനെ ദൂരേക്ക് വലിച്ചെറിഞ്ഞിട്ട് നാഗത്തിന് നേരെ കുതിച്ചു.

ഇത് കണ്ട നാഗം വായ തുറന്ന് നാവു നീട്ടി തന്റെ ഉഗ്രവിഷം ആ ദുർ ഭൂതത്തിന് നേരെ തുപ്പി.

കൊടിയ വിഷം വന്നു പതിച്ചതും ആ ദുർഭൂതത്തിന്റെ നിലവിളി നിമിഷ നേരത്തേക്ക് അവിടെ മുഴങ്ങി.

ശേഷം അത് കരിഞ്ഞില്ലാതായി.

പൊടുന്നനെ ആ കരിഞ്ഞ അവശിഷ്ടങ്ങളിൽ നിന്നും ദിവ്യമായ ഒരു പ്രകാശം സൃഷ്ടിക്കപ്പെട്ടു.

കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം.

അത് പാറി വന്നു ആ നാഗത്തിന്റെ വൈര കണ്ണുകളിൽ ലയിച്ചു.

ശേഷം ആ നാഗം പതിയെ അനന്തുവിന് നേരെ തിരിഞ്ഞു.

അവിടെ കരിയിലകൾക്ക് മുകളിൽ ജീവന്റെ അവസാന കണികയും വേർപെടാനെന്ന പോലെ അനന്തുവിന്റെ നിശ്ചല ദേഹം കിടക്കുന്നു.

കൈ കാലുകളിലും മുഖത്തും ഒക്കെയായി പോറലേറ്റിട്ടുണ്ട്.

അതിൽ ചോരയുടെ ലാഞ്ചന കാണാം.

ആ നാഗം തന്റെ ഭീമാകാരമായ വലിപ്പം പതിയെ ലഘുകരിച്ചുകൊണ്ടു അനന്തുവിന് സമീപം ഇഴഞ്ഞെത്തി.

ഇപ്പൊ അതിനു 18 അടി നീളമെങ്കിലും കാണും.

ആ നാഗം പതിയെ അതിന്റെ ഫണം താഴേക്ക് നീട്ടി നാവ് വെളിയിലേക്ക് ഇട്ടു.

അതോടൊപ്പം അതിന്റെ ശീൽക്കാരം അവിടെ മുഴങ്ങി.

അനന്തുവിന്റെ മുഖത്തിന് നേരെ ഫണം എത്തിയതും നാഗം നാവ് നീട്ടി അവന്റെ തിരുനെറ്റിയിൽ ഒന്ന് സ്പർശിച്ചു.

നാവിന്റെ സ്പർശനം ഏറ്റതും അനന്തുവിന്റെ ഉടലിലെ പോറലുകൾ നിമിഷ നേരം കൊണ്ട് അപ്രത്യക്ഷമായി.

അവന്റെ ചെറുവിരൽ പതിയെ ഒന്നനങ്ങി.

അവന്റെ ദേഹത്തവശേഷിച്ച ജീവന്റെ അവസാനത്തെ കണിക ക്രമേണ ഇരട്ടിയായി തുടങ്ങി.

ആ സമയം ആ നാഗത്തിന്റെ വൈരക്കണ്ണുകളിൽ മാതൃവാത്സല്യം ആണ് നിറഞ്ഞു നിന്നത്.

അനന്തുവിൽ ചെറിയ അനക്കങ്ങൾ ഉണ്ടായി തുടങ്ങിയതും ആ നാഗം പതിയെ കുറ്റിച്ചെടികൾക്കിടയിലേക്ക് പിൻവലിഞ്ഞു.

അപ്പോഴും അതിന്റെ ദൃഷ്ടി അനന്തുവിൽ തന്നെയായിരുന്നു.

അഞ്ചു നിമിഷം കഴിഞ്ഞതും അനന്തു പതിയെ കണ്ണു തുറന്നു.

അവൻ പതിയെ നിലത്തു കൈ കുത്തി എണീറ്റു.

എന്നിട്ട് ചുറ്റും നോക്കി.

ശേഷം ദേഹത്തു പറ്റി പിടിച്ച പൊടി പടലങ്ങൾ തുടച്ചു കളഞ്ഞു.

കാര്യസ്ഥൻ ശങ്കുണ്ണി ചേട്ടന്റെ വീട്ടിലേക്ക് നടന്നു വന്ന താൻ എങ്ങനാ ഈ കാട്ടിൽ കിടന്നുറങ്ങിയതെന്ന് എത്ര ആലോചിച്ചിട്ടും അനന്തുവിന് പിടി കിട്ടിയില്ല.

അവസാനം ഉത്തരങ്ങളൊന്നുമില്ലാതെ ചുറ്റും ഒന്നു നോക്കിയ ശേഷം അവൻ മുമ്പോട്ട് നടന്നു.

ആ സമയവും വലിയൊരു പൂമരത്തിന്റെ ശിഖരത്തിൽ തൂങ്ങി കിടന്ന് ആ നാഗം അനന്തുവിനെ തന്നെ വീക്ഷിക്കുകയായിരുന്നു. . . . . . . . അസ്വസ്ഥതയോടെ പൂമുഖത്തെ പൂന്തോട്ടത്തിൽ ഉലാത്തുകയായിരുന്നു കുലശേഖരൻ.

അപ്പോഴാണ് കുലശേഖരന്റെ മകൾ രാധിക അവിടേക്ക് കടന്ന് വന്നത്.

തന്റെ അച്ഛന്റെ വിളറിയ മുഖവും അസ്വസ്ഥതയും കണ്ടപ്പോഴേ കാര്യമായ എന്തോ പന്തികേട് ഉണ്ടെന്ന് അവൾ ഗണിച്ചെടുത്തു.

എന്തുപറ്റി അച്ഛാ

രാധിക ഓടി വന്നു കുലശേഖരനെ പുണർന്നു.

ആദ്യമായി നമ്മുടെ കർമത്തിന് പാകപ്പിഴ സംഭവിച്ചിരിക്കുന്നു മകളെ

എന്തു പാകപിഴ

അവൾ ഒന്നും മനസിലാവാതെ അച്ഛനെ തുറിച്ചു നോക്കി.

മകളെ ഞാൻ ഇന്ന് ഒരു ദുർ ഭൂതത്തെ ആവാഹിച്ച് ആ പയ്യന് നേരെ പ്രയോഗിച്ചിരുന്നു..... അവനെ ബന്ധനസ്ഥനാക്കുവാൻ.

എന്നിട്ടോ

അവൾ ആകാംക്ഷയോടെ ചോദിച്ചു.

പക്ഷെ അത് ഫലവത്തായില്ലെന്ന് മാത്രമല്ല വിപരീതഫലവും സംഭവിച്ചിരിക്കുന്നു.

എന്നു വച്ചാൽ എന്താ അച്ഛാ..... എനിക്ക് ഒന്നും പിടി കിട്ടുന്നില്ല.

മകളെ ആ യുവാവ് നിസാരനല്ല..... ഞാനൊരു ദുർ ഭൂതാതെ അവന് നേരെ പ്രയോഗിച്ചിരുന്നുവെന്ന് പറഞ്ഞുവല്ലോ.....അവന്റെ ശക്തി പരീക്ഷിക്കാൻ...... എന്നാൽ ആ ദുർ ഭൂതത്തെ അവൻ ഇല്ലാതാക്കി..... എന്റെ ഒരു അടിമയെ എനിക്ക് നഷ്ട്ടപ്പെട്ടിരിക്കുന്നു.

ഇതിനാണോ എന്റെ അച്ഛൻ ഇങ്ങനെ വേവലാതിപെടുന്നെ.... അച്ഛന്റെ കഴിവ് എത്രത്തോളമുണ്ടെന്ന് എനിക്ക് അറിയാ.... മറ്റൊരു ദുർ ഭൂതത്തെ കൂടി അവന് എതിരെ അയച്ചാൽ പോരെ

പാടില്ല മകളെ..... ഞാൻ ചെയ്ത കർമത്തിന്  പാകപിഴ കൂടാതെ സംഭവിച്ച വിപരീത ഫലം എന്താണെന്ന് നിനക്ക് അറിയണ്ടെ

അറിയണമെന്ന മട്ടിൽ രാധിക തലയാട്ടി.

ആ വിഷ്ഠി ദുർ ഭൂതം ആ യുവാവിനെ പോയി പ്രഹരിച്ചു..... ആ പ്രഹരമേറ്റത്തോടെ അവനിലെ ആത്മാവിനു ക്ഷതം സംഭവിച്ചിരിക്കുന്നു...... ഞാൻ പറഞ്ഞിരുന്നില്ലേ ഒരിക്കൽ ആ യുവാവിൽ സഹസ്രങ്ങളുടെ പഴക്കമുള്ള ആത്മാവും ദശകങ്ങളുടെ പഴക്കമുള്ള ആത്മാവുമുണ്ടെന്നു...... അതിൽ ദശകങ്ങളുടെ പഴക്കമുള്ള ആത്മാവിനു ദുർഗുണം ആയിരുന്നു ആധാരമായിയുണ്ടായിരുന്നത്....... ആ ദുർ ആത്മാവിനെ സഹസ്രങ്ങളുടെ പഴക്കമുള്ള ആത്മാവിന്റെ സത് ഗുണങ്ങൾ പൊതിഞ്ഞു സംരക്ഷിച്ചിരുന്നു..... ഒരു ആവരണം പോലെ..... ആ പ്രഹാരത്തിലൂടെ ആ ആവരണം തകർക്കപ്പെട്ടിരിക്കുന്നു.

അതുകൊണ്ട് എന്ത് സംഭവിക്കും അച്ഛാ

അൽപം ഭയത്തോടെ അവൾ ചോദിച്ചു.

ആ ദുരാത്മാവിന്റെ ഗുണഗണങ്ങൾ അവന് ലഭിക്കും..... അവനിലെ ശാന്തതയെ കൈ വെടിഞ്ഞു ഒരു ദുരാത്മാവിനെ പോലെ സംഹാര താണ്ഡവമാടും...... അവനിലെ സത് ഗുണങ്ങൾ നശിക്കും

കുലശേഖരന്റെ വാക്കുകൾ കേട്ട് രാധിക ഭയന്നു.

എങ്കിലും ഒരു ധൈര്യത്തിനായി അവൾ അച്ഛനെ മുറുകെ പിടിച്ചു.

നമുക്ക് അതുകൊണ്ട് എന്തേലും ദോഷമുണ്ടോ അച്ഛാ

ഇല്ല മകളെ.... നമ്മെ അത് ബാധിക്കുകയില്ല.

മകളുടെ ചോദ്യത്തിന് മറുപടിയായി അയാൾ ആശ്വാസവാക്കുകൾ ചൊരിഞ്ഞു.

ഇന്നത്തോടെ എന്റെ കഠിനമായ ഉപാസനകളിലൂടെ ആ ജീവ ഗണിതത്തിൽ അടങ്ങിയിരിക്കുന്ന സഹസ്രങ്ങളുടെ പഴക്കമുള്ള ആത്മാവ് ആരെന്ന് ഞാൻ കണ്ടെത്തും...... എന്റെ മകൾ ഒന്നും ഓർത്തു ഭയപ്പെടേണ്ടതില്ല...... അന്തിമ വിജയം നമ്മോടൊപ്പം തന്നെയായിരിക്കും

കുലശേഖരൻ തന്റെ മകളെ നെഞ്ചോട് ചേർത്തു പിടിച്ചു.

. . . . . . . രാത്രിയുടെ ഏഴാം യാമം.

സുഖകരമായ മയക്കത്തിലായിരുന്ന ബഷീറിക്ക എന്തോ എഞ്ചിൻ സ്റ്റാർട്ട് ആവുന്ന ശബ്ദം കേട്ട് ഞെട്ടിയുണർന്നു.

ഭാര്യ ആമിനയെ അയാൾ കുലുക്കി വിളിച്ചെങ്കിലും അവര് പോത്തു പോലെ കിടന്നുറങ്ങുകയായിരുന്നു.

തന്റെ പണിശാലയിൽ മോഷ്ടിക്കാൻ ഏതേലും കള്ളന്മാർ കയറിയെന്ന ശങ്കയോടെ ബഷീറിക്ക പാതി ധൈര്യത്തോടെ കട്ടിലിൽ നിന്നും എണീറ്റു.

തലയിണയുടെ അടിയിൽ കിടന്ന ടോർച്ച് എടുത്തു അലമാരയുടെ പിന്നിലുള്ള നീളൻ മരവടിയും കയ്യിൽ കരുതിക്കൊണ്ട് ബഷീറിക്ക ഹാളിലേക്ക് നടന്നെത്തി.

ധൈര്യം സംഭരിച്ചുകൊണ്ടു ബഷീറിക്ക വാതിലിന്റെ സാക്ഷ പതിയെ എടുത്തു മാറ്റി.

വാതിൽ പാളികൾ മലർക്കേ തുറന്നുകൊണ്ട് ബഷീറിക്ക മുറ്റത്തേക്കിറങ്ങി.

ആ സമയം ഇടത് വശത്തെ പണി ശാലയിൽ നിന്നും ഒരു റോയൽ എൻഫീൽഡ് ഹുങ്കാര ശബ്ദത്തോടെ ബഷീറിക്കയുടെ മുന്നിലേക്ക് കുതിച്ചു ചാടി

എന്തോ മുന്നിലേക്ക് വീഴുന്നത് അവ്യക്തമായി കണ്ട ബഷീറിക്ക ഭയന്നു വിറച്ചുകൊണ്ട് പുറകിലേക്ക് മറിഞ്ഞു വീണു.

വീഴ്ച്ചയിൽ നിന്നും എഴുന്നേറ്റ് നോക്കിയ ബഷീറിക്ക മുന്നിലെ കാഴ്ച കണ്ടു നടുങ്ങി.

ഉച്ചക്ക് വല്ല്യങ്ങുന്നിന്റെ കൊച്ചു മകൻ കംപ്ലയിന്റ് ആയിട്ട് അയച്ചു തന്ന ബുള്ളറ്റ് തന്റെ മുന്നിൽ നിൽക്കുന്നു.

വണ്ടി ഓൺ ആണ്.

ലൈറ്റ് തെളിഞ്ഞിട്ടുണ്ട്.

ആരോ ആക്സിലേറ്റർ പിടിച്ചു തിരിക്കുന്നതിനനുസരിച് ബുള്ളറ്റ് ഇര പിടിക്കുന്ന പുലിയെ പോലെ കുതിച്ചു ചാടാനൊരുങ്ങി നിൽക്കുന്നു.

ബുള്ളറ്റിൽ ആരുമില്ല.

എന്നാൽ അത് തനിയെ ബാലൻസ് ചെയ്തു നിക്കുന്നു.

ബഷീറിക്ക സ്പീഡ് മീറ്ററിലേക്ക് വിറച്ചുകൊണ്ട് നോക്കി.

അതിൽ താക്കോൽ പോലുമില്ല.

അതുകൂടി കണ്ടതോടെ ശരീരത്തിലൂടെ കൊള്ളിയാൻ പായുന്ന പോലെ ബഷീറിക്കയ്ക്ക് തോന്നി.

തന്റെ ശരീരം ഒന്നനക്കാൻ പോലുമാകാതെ അദ്ദേഹം വിറച്ചുകൊണ്ടിരുന്നു.

തന്റെ ശരീരത്തിൽ പതിയെ തണുപ്പ് അനുഭവപ്പെട്ടു തുടങ്ങിയെന്നു തോന്നിയതും ബഷീറിക്ക നിലം പതിച്ചതും ഒരുമിച്ചായിരുന്നു.

ഉടൻ തന്നെ ആ ബുള്ളറ്റ് ബഷീറിക്കയെ മറി കടന്നുകൊണ്ട് മൺ റോഡിലേക്ക് കുതിച്ചു ചാടി.

ശേഷം ഇരുട്ടിലേക്ക് മറഞ്ഞു.

ഈ സമയം തേവക്കാട്ട് മനയുടെ പടിപ്പുരയോട് ചേർന്നുള്ള റോഡിൽ ഒരു രൂപം ഇരുട്ടിൽ മറഞ്ഞിരിപ്പുണ്ടായിരുന്നു.

അത് ആരെയോ പ്രതീക്ഷിച്ചിയ്ക്കുകയായിരുന്നു.

അൽപം കഴിഞ്ഞതും ആ ബുള്ളറ്റ് എവിടുന്നോ പാഞ്ഞു വന്നു ആ രൂപത്തിന് മുന്നിൽ സുഡൻ ബ്രേക്കിട്ട് നിന്നു.

വണ്ടിയുടെ ഹെഡ് ലാമ്പിൽ നിന്നുള്ള വെളിച്ചത്തിൽ ആ രൂപം കുറെ കൂടെ വ്യക്തമായി വന്നു.

അത് അനന്തുവായിരുന്നു.

അവന്റെ നീല കണ്ണുകൾ ആ ഇരുട്ടിലും വല്ലാതെ തിളങ്ങുന്നുണ്ടായിരുന്നു.

ബുള്ളറ്റ് വന്നു നിന്നതും അനന്തു പതിയെ അതിലേക്ക് കയറി.

അവൻ ഇരുന്നതും ആ ബുള്ളറ്റിന്റെ ഹെഡ് ലാമ്പ് കൂടുതൽ ശോഭയോടെ പ്രകാശിച്ചു.

തൻറെ യജമാനനെ സ്വീകരിച്ച പടക്കുതിരയെ പോലെ അത് തയാറായി നിന്നു.

ബുള്ളറ്റിന്റെ ആക്സിലേറ്ററിൽ പിടിച്ചു ഞെരിച്ചുകൊണ്ട് അനന്തു ആർത്തു ചിരിച്ചു.

കൊലവെറി നിറഞ്ഞ അട്ടഹാസം.

പകയെരിയുന്ന കണ്ണുകൾ.

അത് അനന്തു ആയിരുന്നോ...

അല്ല..

പിന്നെയോ...

ദേവൻ.

തേവക്കാട്ടിൽ ശങ്കരൻ മകൻ ദേവൻ

ഇനി പകയുടെ പ്രതികാരത്തിന്റെ നാളുകൾ...!!!!!!

സമയം വെളുപ്പിന് 1.31 AM

തേൻ നദിയുടെ കരയോട് ചേർന്നുള്ള ഭാഗത്തു ഒരു കള്ള് ഷാപ്പ് ഉണ്ട്.

അവിടെ കള്ള് ഷാപ്പിന് വെളിച്ചമെന്നോണം ഒരു ഫിലമെന്റ് ബൾബ് ആർക്കോ വേണ്ടി കത്തുന്നുണ്ടായിരുന്നു.

ഈ സമയം കള്ള് ഷാപ്പിന്റെ ഉള്ളിൽ നിന്നും ഒരുത്തൻ പുറത്തേക്കിറങ്ങി വന്നു.

കറുത്ത് തടിച്ച മധ്യവയസ്കനായ ഒരാൾ.

അയാൾ കള്ളി മുണ്ടും ബനിയനുമായിരുന്നു ധരിച്ചിരുന്നത്.

മുണ്ട് മടക്കി കുത്തി ഒരു കള്ള് കുപ്പി കയ്യിലും കക്ഷത്തിൽ പ്ലാസ്റ്റിക് കവറും തിരുകി വച്ചുകൊണ്ട് അയാൾ മുന്നോട്ട് നടന്നു.

ചുണ്ടിൽ എരിയുന്ന ദിനേശ് ബീഡി മാത്രമാണ് അയാൾക്ക് എന്നും പ്രിയം.

എങ്കിലും ഇന്ന് 2 കുപ്പി നേരത്തെ അകത്താക്കിയിരുന്നു.

ഇന്നത്തെ പണിയും കഴിഞ്ഞ് നല്ല കീറും കീറിയിട്ട് ഇപ്പൊ വീട്ടിലേക്കുള്ള പോക്കാണ് അയാൾ.

നിലാവുള്ള നേരത്ത് റോഡിന്റെ ഓരത്തൂടെ അയാള് നടന്നു.

കള്ളും ബീഡിയും അയാളെ നന്നായി ഹരം പിടിപ്പിക്കുന്നുണ്ടായിരുന്നു.

വീട്ടിൽ കാത്തിരിക്കുന്ന ഭാര്യ രമണിയുമായി കെട്ടി മറിയാനുള്ള ആർത്തിയോടെ അയാൾ തന്റെ ലിംഗത്തിൽ തിരുമ്മിക്കൊണ്ട് നടന്നു.

വീട്ടിലെത്താൻ അയാൾക്ക് നന്നേ ധൃതിയായി.

ഒരു വളവ് തിരിഞ്ഞു പോരവേ പൊടുന്നനെ അയാളുടെ മുഖത്തേക്ക് ഏതോ വാഹനത്തിന്റെ ലൈറ്റ് ശക്തിയിൽ പതിച്ചു.

ഛെഹ്...... ഏതു മൈരനാടാ അത്

മുഖത്തേക്ക് അടിക്കുന്ന തീവ്ര പ്രകാശത്തെ വിഫലമാക്കാനുള്ള ഒരു പാഴ് ശ്രമമെന്നോണം അയാൾ മുഖത്തിന് നേരെ കൈപ്പത്തിക്കൊണ്ട് മറച്ചു.

പൊടുന്നനെ ഒരു ബൈക്കിന്റെ ഇരമ്പൽ കേട്ട അയാൾ മുഖത്തു നിന്നും കൈയ്യെടുത്തിട്ട് മുന്നോട്ട് സൂക്ഷിച്ചു നോക്കി.

അത്ഭുതമെന്നോണം ആ സമയം  ബൈക്കിന്റെ ഹെഡ് ലാമ്പ് പതിയെ പുറകിലേക്ക് വളഞ്ഞു.

ലാമ്പിലെ വെളിച്ചം ബൈക്കിൽ ഇരിക്കുന്ന ആളുടെ മുഖത്തു പതിച്ചു.

അപ്പോഴാണ് ആ മുഖം അയാൾ കണ്ടത്.

ബൈക്കിൽ ഇരിക്കുന്ന ആളുടെ നീലക്കണ്ണുകളാണ് അയാൾ ആദ്യം കണ്ടത്.

ഒന്നും മനസിലാവാതെ അയാൾ ആ മുഖം തന്നെ ഒന്നൂടേ സൂക്ഷിച്ചു നോക്കി.

പൊടുന്നനെ അയാളുടെ മുഖം വലിഞ്ഞു മുറുകി

നെഞ്ചിലൂടെ ഒരു വെള്ളിടി വെട്ടി.

വിറയ്ക്കുന്ന ചുണ്ടുകളാൽ അയാൾ പിറുപിറുത്തു.

ദ്...... ദേ..... ദെവ്....... ദേവേട്ടൻ

ഹ...... ഹ........ ഹ....... അപ്പൊ നീയെന്നെ മറന്നില്ല...... അല്ലെ രാഘവാ..... ഇത്രേം വർഷങ്ങൾക്ക് ശേഷവും

ദേവൻ കൊല ചിരിയോടെ ബുള്ളറ്റിന്റെ ആക്സിലേറ്റർ പിടിച്ചു തിരിച്ചു.

ബുള്ളറ്റിന്റെ പടക്കം പൊട്ടുന്ന പോലത്തെ ശബ്ദം കൂടി കേട്ടത്തോടെ രാഘവന്റെ ബോധം ഇപ്പൊ പോകുമെന്നായി.

ദേവേട്ടാ...... എന്നെ ഒന്നും ചെയ്യല്ലേ.......അന്നെനിക്കൊരു തെറ്റ് പറ്റിപ്പോയി.

രാഘവൻ തൊഴു കൈയ്യോടെ ദേവനെ നോക്കി നിലവിളിച്ചു.

ഞാനും അന്ന് നിന്റെയൊക്കെ കാൽ പിടിച്ചു പറഞ്ഞതല്ലേ രാഘവാ...എന്നിട്ടും നീയൊക്കെ കൂടി എന്റെ പെണ്ണിനെ...... അവളെ എങ്കിലും ജീവനോടെ ബാക്കി വയ്ക്കായിരുന്നില്ലേ നായേ

ദേവൻ അലറിക്കൊണ്ട് രാഘവനെ തുറിച്ചു നോക്കി.

പറ്റിപ്പോയി ദേവേട്ടാ....... മാപ്പാക്കണം

രാഘവൻ തൊഴുകൈയോടെ കരുണക്കായി ദേവനെ നോക്കി.

ഇല്ല രാഘവാ..... നിനക്ക് മാപ്പില്ല......കൂടെ നിന്റെ പങ്കാളികൾക്കും.

അതും പറഞ്ഞുകൊണ്ട് ദേവൻ സർവ ക്രോധത്തോടെ ബുള്ളറ്റ് ഇരപ്പിച്ചു.

അത് കേട്ടതും രാഘവൻ കയ്യിലെ കുപ്പിയും കക്ഷത്തിലെ കവറും വലിച്ചു ചാടി പിന്നിലേക്ക് ഓടി.

സർവ ശക്തിയുമെടുത്തുകൊണ്ടു.

അത് കണ്ടതും ദേവൻ ആർത്തട്ടഹസിച്ചുകൊണ്ടു ബുള്ളറ്റ് മുന്നോട്ട് ചാടിച്ചു.

മുന്നിൽ കാണുന്ന റോഡിലൂടെ രാഘവൻ വേഗത്തിൽ ഓടിക്കൊണ്ടിരുന്നു.

പിന്നാലെ ദേവനും.

കാട്ടിൽ ഇരയെ വേട്ടയാടുന്ന പോലെയാണ് ദേവൻ രഘുവനെ വേട്ടയാടിക്കൊണ്ടിരുന്നത്.

പ്രാണരക്ഷാർത്ഥം ഓടുന്ന രാഘവനെ കാണും തോറും ദേവന്റെ രസം കൂടി കൂടി വന്നു.

രാഘവനെ ഇപ്പൊ ഇടിക്കും ഇടിക്കില്ല എന്ന മട്ടിൽ ദേവൻ ബുള്ളറ്റ് ഓടിച്ചുകൊണ്ടിരുന്നു.

ഊരിപോകുന്ന മുണ്ടിന്റെ അറ്റം വലിച്ചു മുറുക്കികൊണ്ട് രാഘവൻ മുന്നിലേക്ക് ഓടിക്കൊണ്ടിരുന്നു.

നിലാ വെളിച്ചം അയാൾക്ക് മുന്നിലേക്കുള്ള പ്രയാണത്തിനായി സാധുത നൽകി.

എല്ലാം മറന്നുകൊണ്ട് രാഘവൻ ഓടിക്കൊണ്ടിരിക്കെ ദേവൻ ബുള്ളറ്റും കൊണ്ട് ചീറി പാഞ്ഞു വന്നു രാഘവനെ പിന്നിൽ നിന്നും ഇടിച്ചു തെറിപ്പിച്ചു.

ഇടി കിട്ടിയ രാഘവൻ ദൂരേക്ക് മൂക്കും കുത്തി വീണു.

വീഴ്ചയിൽ തന്നെ രാഘവന്റെ ബോധം നശിച്ചിരുന്നു.

--------------------------------------------------

വായിൽ രക്തത്തിന്റെ ചവർപ്പ് അനുഭവപ്പെട്ടപ്പോഴാണ് രാഘവൻ പതിയെ കണ്ണ് തുറക്കുന്നത്.

തലക്ക് വല്ലാത്ത കനം തോന്നിയതിനാൽ രാഘവന് കൺ പോളകൾ തുറക്കാൻ വല്ലാതെ ബുദ്ധിമുട്ടി.

എങ്കിലും അയാൾ കഷ്ടപ്പെട്ട് അവ വലിച്ചു തുറന്നു.

തുഫ്ഫ്

വായിലേക്ക് ഊറി വരുന്ന രക്തം അയാൾ പുറത്തേക് തുപ്പി കളഞ്ഞു.

മുക്കിൽ നിന്നും രക്തധാര നല്ലോണം ഉണ്ട്.

രാഘവൻ പതിയെ എഴുന്നേൽക്കാൻ ശ്രമിച്ചു.

പക്ഷെ സാധിച്ചില്ല.

ശരീരം മുഴുവൻ നുറുങ്ങുന്ന പോലത്തെ വേദന

അപ്പോഴാണ് തന്റെ കൈ കാലുകൾ ബന്ധനാവസ്ഥയിൽ ആണെന്ന് രാഘവൻ തിരിച്ചറിഞ്ഞത്.

രാഘവൻ ജെട്ടി ഇട്ടുകൊണ്ട് മാത്രമാണ് കിടന്നിരുന്നത്.

രാഘവന്റെ മുണ്ടും ബനിയനും വച്ചു തന്നെ കൈകാലുകൾ ബന്ധിച്ചിരിക്കുന്നു.

രാഘവൻ ഞെരുങ്ങിക്കൊണ്ട് ഇടത് ഭാഗത്തേക്ക് നോക്കി.

പൊടുന്നനെ അവിടെ ദൂരെയായി ഒരു വാഹനത്തിന്റെ എഞ്ചിൻ ഓൺ ആവുകയും ലൈറ്റ് തെളിയുകയും ചെയ്തു.

അപ്പോഴാണ് താൻ നടു റോഡിൽ കിടക്കുകയാണെന്ന് രാഘവൻ മനസിലാക്കിയത്.

ആ വാഹനം ഫസ്റ്റ് ഗിയർ ഇട്ടുകൊണ്ട് മുന്നോട്ട് വരുവാൻ തുടങ്ങി.

അതൊരു ലോറിയാണെന്ന് ഇതിനകം രാഘവൻ മനസിലാക്കിയിരുന്നു.

ലോറി തന്റെ 100 മീറ്റർ അടുത്തെത്തിയപ്പോഴാണ് അത് ഓടിക്കുന്ന ആളെ രാഘവൻ കണ്ടത്.

അത് ദേവനായിരുന്നു.

ലോറിയുടെ മുകളിൽ തേവക്കാട്ടിൽ എന്ന് എഴുതിയിരിക്കുന്നു.

ലോറി 50 മീറ്റർ കൂടി പിന്നീട്ടതും രാഘവൻ കണ്ടു....... കൊലവെറി നിറഞ്ഞവന്റെ ചിരി..... പകയുടെ പ്രതികാരത്തിന്റെ സംഹാരത്തിന്റെ ചിരി

ലോറിയുടെ വളയം ദേവന്റെ കയ്യിൽ കിടന്ന് ഞെരിഞ്ഞു.

ആ ലോറി ഒരു മുതലയെ പോലെ തന്നെ കാർന്നു തിന്നുവാൻ ഓടിയടുക്കുവാണെന്ന് രാഘവൻ തിരിച്ചറിഞ്ഞു.

അവസാന ദയ യ്ക്കെന്ന പോലെ രാഘവൻ ദേവന്റെ കണ്ണുകളിലേക്ക് നോക്കി.

അവിടെ കരുണയുമില്ല ദയയുമില്ല

പകയും പ്രതികാരവും മാത്രം

ആ സമയം ദേവന്റെ ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരി കണ്ടതും രാഘവൻ പൊടുന്നനെ എന്തോ ഓർത്തുപോയി.

അയാളുടെ മറവിയുടെ ആഴങ്ങളിലേക്ക് ഊളിയിട്ട ചില ഓർമ്മകൾ . . . . . . -23 വർഷം മുന്നേ - . . . -അർദ്ധരാത്രി -

ജീപ്പിൽ നിന്നും ഇറങ്ങിയ രാഘവൻ പുറകിലേക്ക് പോയി എന്തോ ഒന്ന് താങ്ങിയെടുത്തു പുറത്തേക്ക് കൊണ്ടു വച്ചു.

അത് ദേവനായിരുന്നു.

നിശ്ചലമായ ദേവന്റെ ശരീരം.

മുഖത്തും ദേഹത്തും ഒക്കെയായി അടിയേറ്റതിന്റെയും ചതവിന്റെയും പാടുകൾ കാണാം.

മുഴുവൻ രക്തമയം മാത്രം.

പൊടുന്നനെ അവിടേക്ക് ഒരാൾ ബുള്ളറ്റും ഓടിച്ചുകൊണ്ട് വന്നു.

ജീപ്പിന് മറു വശം നിർത്തി വച്ച ശേഷം അയാൾ ബുള്ളറ്റ് സെൻട്രൽ സ്റ്റാൻഡിലേക്ക് ഇട്ടു.

അയാൾ ഒരു മുറി ചെവിയൻ ആയിരുന്നു

അയാൾ പിറകിലേക്ക് വന്നു ദേവന്റെ മൃത ശരീരത്തിലേക്ക് പുച്ഛത്തോടെ നോക്കിക്കൊണ്ട് പറഞ്ഞു.

വാ..... എടുത്തു പൊന്തിക്ക്

അയാളുടെ ആജ്ഞ കേട്ടതും രാഘവൻ ദേവനെ പൊക്കിയെടുത്തു.

ഒപ്പം സഹായത്തിനായി അയാളും.

സെൻട്രൽ സ്റ്റാൻഡിൽ വച്ചിരിക്കുന്ന ബുള്ളറ്റിന്റെ സീറ്റിലേക് ദേവനെ കിടത്തിയ ശേഷം മുറി ചെവിയൻ രാഘവനെ നോക്കി സിഗ്നൽ നൽകി.

അത് കണ്ടതും രാഘവൻ മുണ്ടും മടക്കി കുത്തിക്കൊണ്ട് മുന്നോട്ട് ഓടി.

അത് കണ്ടതും വെടല ചിരിയോടെ മുറി ചെവിയൻ ജീപ്പിലേക്ക് കയറി സ്റ്റാർട്ട് ചെയ്ത് പിറകിലുള്ള പോക്കറ്റ് റോഡിലേക്ക് പതിയെ കയറ്റി വച്ചു.

ശേഷം ഗ്ലാസ്സിലൂടെ മുന്നോട്ട് നോക്കികൊണ്ടിരുന്നു.

അവിടെ ബുള്ളറ്റും ദേവനെയും കാണാം.

അൽപം കഴിഞ്ഞതും ഒരു ലോറി പാഞ്ഞു വരുന്നതിന്റെ ശബ്ദം കേട്ടതും അയാൾ കണ്ണുകളടച്ചുകൊണ്ടു ചെവികൾ കൂർപ്പിച്ചു.

ഓടി വന്ന ലോറി ശക്തിയിൽ എന്തിലോ ചെന്നു ഇടിക്കുന്നതും ഇടികൊണ്ട ആ വസ്തു ദൂരേക്ക് തെറിച്ചു പോയി വീഴുന്നതും തകരുന്നതും ആ മുറി ചെവിയൻ തുറന്നു വച്ച ചെവികളിലൂടെ കേട്ടുകൊണ്ട് ആസ്വദിച്ചു.

മുന്നിൽ ബുള്ളറ്റിൽ കിടക്കുന്ന ദേവനെ കണ്ടതും രാഘവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

വിജയത്തിന്റെ പുഞ്ചിരി.

ഗിയർ മാറ്റി ആക്സിലേറ്ററിൽ അയാൾ ഞെരിച്ചതും ലോറി പാഞ്ഞു വന്നു ബുള്ളറ്റിനെ ഇടിച്ചു തെറിപ്പിച്ചു.

ബുള്ളറ്റ് ഒരു വശത്തേക്കും ദേവൻ മറു വശത്തേകും തെറിച്ചു വീണു.

സംഭവം ആരും കണ്ടില്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം രാഘവൻ ലോറിയുമായി കടന്നു കളഞ്ഞു. . . . . . ലോറിയുമായി ദേവൻ തൊട്ടു മുന്നിലെത്തിയതും രാഘവന്റെ മനസിൽ ഞൊടിയിടയിൽ പാഞ്ഞ ഓർമ്മകൾ ആയിരുന്നു അത്.

അപ്പോഴേക്കും കണ്ണൊന്നു ചിമ്മി തുറക്കുന്ന വേഗതയിൽ രാഘവന്റെ ദേഹത്തൂടെ ലോറി പാഞ്ഞു കയറിയിരുന്നു.

ആാാാാഹ്ഹ്ഹ്ഹ്ഹ്

ലോറി മറി കടന്നതും രാഘവന്റെ ചതഞ്ഞരഞ്ഞ ഉടൽ അവിടെ കിടപ്പുണ്ട്.

രക്തം ചീന്തിയിട്ടുണ്ട്.

അസ്തിയും മാംസവും ഒക്കെ ചിതറി തെറിച്ചിരിക്കുന്നു.

ചെറിയൊരു പിടപ്പോടെ രാഘവൻ എന്നന്നേക്കുമായി ഇല്ലാതായി.

കാലം കാത്തുവച്ച കാവ്യ നീതി.

--------------------------------------------------

രാവിലെ ശിവ വന്നു വിളിക്കുമ്പോഴാണ് അനന്തു കണ്ണുകൾ തുറന്നത്.

ഡാ ചേട്ടാ വേഗം എണീക്ക് അവിടെ മുത്തശ്ശൻ കയറു പൊട്ടിക്കുന്നുണ്ട് നിന്നെ കാണാഞ്ഞിട്ട്

എന്തിന്

അനന്തു ഒന്നും മനസിലാവാതെ കണ്ണുകൾ തിരുമ്മിക്കൊണ്ട് കോട്ടുവാ വിട്ടു.

അത് നമ്മുടെ ഫാക്റ്ററിയിൽ വർക്ക് ചെയ്യുന്ന ഏതോ തൊഴിലാളി മരിച്ചെന്നു.... അപ്പൊ മുത്തശ്ശൻ നിന്നെയും കൂട്ടി പോകണമെന്ന പറഞ്ഞെ..... വേഗം റെഡി ആയിട്ട് വാ

അനന്തുവിന്റെ തലക്കിട്ട് ഒരു കൊട്ട് കൊടുത്തിട്ട് ശിവ ഇറങ്ങിയോടി.

അനന്തു ചിരിയോടെ വേഗം ടോയ്‌ലെറ്റിലേക്ക് പോയി.

ഒന്ന് ഫ്രഷ് ആയിട്ട് ഫുഡ് ഒക്കെ കഴിച്ച് അവൻ കാർ എടുത്തു.

കൂടെ ശങ്കരൻ മുത്തശ്ശനുമുണ്ട്.

കാർ പടിപ്പുര കടന്ന് മുന്നോട്ട് നീങ്ങി.

പതിവിന് വിപരീതമായി മുത്തശ്ശൻ മിണ്ടാതെ ഇരിക്കുന്നത് കണ്ടു അനന്തു തന്നെ സംസാരത്തിന് തുടക്കം കുറിച്ചു.

എന്തുപറ്റി മുത്തശ്ശാ..... മുഖം ഒക്കെ വല്ലാത്ത പോലെ

അനന്തു ഗിയർ മാറ്റിക്കൊണ്ട് ചോദ്യമെറിഞ്ഞു.

നമ്മടെ ഫാക്റ്ററിയിലെ ജോലി ചെയ്തിരുന്ന ഒരു തൊഴിലാളി മരിച്ചു മോനെ.

ആണോ മുത്തശ്ശാ.... എന്ത് പറ്റിയതാ

അനന്തു അല്പം വിഷമത്തോടെ ചോദിച്ചു.

അറിയില്ല മോനെ.... രാത്രി ലോറി ഇടിച്ചതാ.... നമ്മുടെ തന്നെ ഫാടറിയിലെ ലോറിയാ.... ആരേലും കരുതി കൂട്ടി ചെയ്തതാണോ എന്നറിയില്ല..... ഏതായാലും നമുക്ക് ഒന്ന് പോയി നോക്കാം

ശരി മുത്തശ്ശാ..... അയ്യോ ചോദിക്കാൻ വിട്ടുപോയി.... മരിച്ചയാളുടെ പേരെന്താ മുത്തശ്ശാ

രാഘവൻ

ശങ്കരൻ മറുപടി നൽകി

രാഘവൻ

അനന്തു ആ നാമം പതിയെ മന്ത്രിച്ചു കൊണ്ടു കാർ ഓടിച്ചുകൊണ്ടിരുന്നു.

---------------------------------------------------

പൂന്തോട്ടത്തിലെ ഊഞ്ഞാലിൽ ഇരുന്നു ആടുകയായിരുന്നു രാധിക.

അനന്തുവിന്റെ ജീവ ഗണിതത്തിന്റെ കുരുക്ക് അഴിക്കാനായി മണിക്കൂറുകളായി അറയിൽ കേറിയതാണ് കുലശേഖരൻ.

അതിന്റെ ഒരു മടുപ്പിൽ ഇരിക്കുകയിരുന്നു രാധിക.

അനന്തുവിനെ കുറിച്ച് അച്ഛൻ കണ്ടു പിടിച്ച കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയാൻ അക്ഷമയോടെ കാത്തിരിക്കുകയായിരുന്നു അവൾ.

പൊടുന്നനെ അറയുടെ വാതിൽ തള്ളി തുറന്ന് പുറത്തേക്കിറങ്ങിയ കുലശേഖരൻ വെപ്രാളപ്പെട്ടുകൊണ്ട് വീടിന്റെ മുറ്റത്തേക്ക് ഓടിയെത്തി.

സുശീലാ........... സുശീലാ

കുലശേഖരന്റെ ശബ്ദം അവിടെ പ്രതിധ്വനിച്ചതും മധ്യവയസ്കനായ ഒരാൾ അവിടേക്ക് ഓടി പാഞ്ഞെത്തി.

സ്വാമി......... പറഞ്ഞാലും

ഷ്മ്........ സുശീലാ വേഗം കുന്താള പുറത്തേക്ക് വണ്ടി വിടുക

അതും പറഞ്ഞുകൊണ്ട് കുലശേഖരൻ കാറിലേക് ചാടിക്കയറി.

അത് കണ്ടതും സുശീലനും ഡ്രൈവിംഗ് സീറ്റിലേക്ക് ഓടിക്കയറി.

ഡോർ അടച്ചിട്ടു സുശീലൻ പിറകിലേക്ക് തിരിഞ്ഞു നോക്കി.

കുന്താള പുരത്ത് എവിടെക്കാ പോകണ്ടേ സാമി.

തിരുവമ്പാടി മന

ഡ്രൈവറുടെ ചോദ്യം കേട്ടതും കുലശേഖരൻ മറുപടി പറഞ്ഞു.

അത് കേട്ടതും സുശീലൻ കാറിനെ മുന്നോട്ട് കുതിപ്പിച്ചു.

രാധിക ഓടി വന്നപ്പോഴേക്കും കാർ പടിപ്പുര താണ്ടിരുന്നു.

അവൾ നിരാശയോടെ കോലായിലെ ചാരു കസേരയിലേക്ക് ഇരുന്നു.

--------------------------------------------------

തിരുവമ്പാടി മനയുടെ മുന്നിൽ കാറിൽ നിന്നുമിറങ്ങിയ കുലശേഖരൻ ആദ്യം കാണുന്നത് കോലായിലെ ചാരു കസേരയിൽ തന്നെയും കാത്തിരിക്കുന്ന രുദ്രൻ തിരുമേനിയെ ആയിരുന്നു.

വായിലെ മുറുക്കാൻ വെള്ളം മുറ്റത്തേക്ക് നീട്ടി തുപ്പിക്കൊണ്ട് കുലശേഖരൻ കോലായിയുടെ പടികൾ കയറി വന്നു.

കുലശേഖരനെ കണ്ടതും രുദ്രൻ തിരുമേനി ചാരു കസേരയിൽ നിന്നും എഴുന്നേറ്റിരുന്നു.

ചാത്തന്മാർ വഴി അറിഞ്ഞുവല്ലേ നമ്മുടെ ആഗമനം

ഉവ്വ്

വടിയിൽ ബലമായി കുത്തിക്കൊണ്ട് രുദ്രൻ തിരുമേനി മൊഴിഞ്ഞു.

തന്റെ പ്രിയ സ്നേഹിതനെ വർഷങ്ങൾക്ക് ശേഷം കാണാനായതിന്റെ അതീവ സന്തോഷം ആ മുഖത്തു പ്രകടമായിരുന്നു.

കുലശേഖരൻ സന്തോഷത്തോടെ രുദ്രൻ തിരുമേനിയെ പുണർന്നു.

തിരികെ തിരുമേനിയും.

അവർ ഒരുമിച്ച് അകത്തളത്തിലേക്ക് നടന്നെത്തി.

ജയശങ്കറിന്റെ ഭാര്യ ഒരു ട്രേയിൽ ചായയും പലഹാരങ്ങളുമായി അവിടേക്ക് കടന്നെത്തി.

പിന്നാലെ ലീല അന്തർജ്ജനവും.

അവരെ കണ്ടതും കുലശേഖരൻ തൊഴുതുകൊണ്ട് വന്ദിച്ചു.

അന്തർജ്ജനം തിരികെയും.

ഇരുവരും ചുടല ഭദ്രകാലിയുടെ ആരാധകരാണ്.

ആ ഒരു സ്നേഹവും ബഹുമാനവും ഇരുവർക്കുമുണ്ട്.

എല്ലാവരുമായുള്ള സംസാരത്തിനിടെ കുലശേഖരൻ ചായ കുടിക്കുവാൻ തുടങ്ങി.

അപ്പോഴാണ് ദക്ഷിണയുടെ ലിങ്കൻ സെഫിയർ അങ്ങോട്ടേക്ക് പാഞ്ഞു വന്നത്.

കാറിൽ നിന്നുമിറങ്ങിയ ദക്ഷിണ താക്കോൽ വിരലിലിട്ട് കറക്കിക്കൊണ്ടാണ് അവിടേക്ക് എത്തിയത്.

ചുണ്ടിൽ മൂളി പാട്ടോടെ അകത്തളത്തേക്ക് എത്തിയ ദക്ഷിണ ആഗതരെ കണ്ടു പൊടുന്നനെ സ്റ്റക്ക് ആയി.

ആഹ് വന്നല്ലോ ഞങ്ങടെ കുറുമ്പി....... കുലശേഖരാ ഇതാണ് ഞങ്ങടെ ദച്ചു കുട്ടി.......എന്റെ സഹോദരൻ രഘുവരന്റെ പൗത്രിയാ

ദക്ഷിണയെ പാളി നോക്കിക്കൊണ്ട് രുദ്രൻ തിരുമേനി പറഞ്ഞു.

അപ്പോഴാണ് കുലശേഖരൻ ദക്ഷിണയെ ശ്രദ്ധിക്കുന്നത്.

പൂച്ചകണ്ണുകളുള്ള ചുണ്ടിൽ വശ്യതയും ആകാരഭംഗിയുമുള്ള ദക്ഷിണയെ കണ്ടപ്പോൾ തന്നെ കുലശേഖരന്റെ ഉള്ളിലെ മൃഗം ഉണർന്നു.

ഒരു തവണ എങ്കിൽ ഒരു തവണ ഈ സൗന്ദര്യം ധാമത്തെ പ്രാപിക്കണമെന്ന് മനസാൽ ആഗ്രഹിച്ചു.

പൊടുന്നനെ അവിടെ വ്യാപിച്ച സൗരഭ്യം നാസികയിലൂടെ തുളഞ്ഞു കയറിയതും കുലശേഖരൻ ചിന്തകളിൽ നിന്നും ഞെട്ടിയുണർന്നു.

ഏഹ്....... ഇത് കാമ പൂവിന്റെ ഗന്ധം അല്ലെ

കുലശേഖരൻ ഞെട്ടലോടെ ചുറ്റും നോക്കി.

അപ്പോഴാണ് ഒരു സത്യം കുലശേഖരൻ തിരിച്ചറിഞ്ഞത്.

കാമ പ്പൂവിന്റെ ഗന്ധം ദക്ഷിണയിൽ നിന്നുമാണ് വമിക്കുന്നത്.

ആ അസുലഭമായ സുഗന്ധം കുലശേഖരനെ അത്രയധികം മദോന്മത്തനാക്കി.

വശീകരണ പ്രയോഗങ്ങളെക്കാൾ തീവ്രതയേറിയ ഈ കാമ പ്പൂവിന്റെ പിന്നിലുള്ള നിഗൂഢ രഹസ്യം അറിയാൻ അയാളുടെ മനം തുടിച്ചു.

വശ്യ മന്ത്രം പ്രയോഗം കൈവശമുള്ള തന്നെ പോലും വശീകരിക്കാൻ തക്ക ശക്തിയുള്ള വശീകരണം കാമപ്പൂവിന്റെ സുഗന്ധത്തിനുണ്ട്.

അസംഭവ്യം.

കുലശേഖരൻ കുടില ചിരിയോടെ രുദ്രൻ തിരുമേനിയെ പാളി നോക്കി.

കാമപ്പൂവിനെ കുറിച്ച് കുലശേഖരന് സൂചന കിട്ടിയെന്ന് ഇതിനോടകം തന്നെ രുദ്രൻ തിരുമേനി മനസിലാക്കിയിരുന്നു.

കുലശേഖരൻ ദക്ഷിണയെ തന്നെ നോക്കി ഊറ്റി കുടിച്ചു കൊണ്ടിരുന്നു.

അയാളുടെ നോട്ടം അസ്സഹനീയമായി തോന്നിയ ദക്ഷിണ മുഖം ചുളിച്ചു കൊണ്ടു നേരെ സ്വന്തം മുറിയിലേക്ക് പോയി.

ചായ സൽക്കാരം കഴിഞ്ഞതും ഇരുവരും നേരെ രുദ്രൻ തിരുമേനിയുടെ അറയിലേക്ക് പോയി.

രുദ്രൻ തിരുമേനിയുടെ മുറിയിൽ എത്തിയതും കുലശേഖരൻ ആകെ ആസ്വസ്ഥനായിരുന്നു.

എന്ത് പറ്റി കുലശേഖരാ?

രുദ്രൻ തിരുമേനി സുഹൃത്തിന്റെ ഉള്ളറിയാനായി ചോദ്യമെറിഞ്ഞു.

ഒരു യുവാവ് ഇപ്പൊ വലിയൊരു ചോദ്യ ചിഹ്നമായി മുന്നിൽ നിൽക്കുകയാണ് രുദ്രാ...... എന്റെ ഊണും ഉറക്കവും നഷ്ടപ്പെട്ടിട്ട് ദിവസങ്ങളായി

ഏതാണാ പയ്യൻ? മഹാനായ ദുർ മന്ത്രവാദിയായ കുലശേഖരന് പോലും പിടി കൊടുക്കാത്ത ആൾ?

രുദ്രൻ അല്പം തമാശയോടെ പറഞ്ഞു.

തേവക്കാട്ട് ശങ്കരന്റെ കൊച്ചു മകൻ

കുലശേഖരൻ പറയുന്നത് കേട്ട് രുദ്രന്റെ മുഖം മങ്ങി.

ചിരി മാഞ്ഞു.

നിനക്ക് മനസ്സിലായോ അവൻ ആരാണെന്ന്? അവന്റെ അസ്തിത്വം എന്താണെന്ന്?

ഫ്മ്

കുലശേഖരന്റെ ചോദ്യം കേട്ടതും രുദ്രൻ തലയാട്ടി.

എങ്കിൽ പറ ആരാണെന്ന്?

ദേവൻ...... തേവക്കാട്ടിൽ ശങ്കരൻ മകൻ ദേവൻ

രുദ്രൻ തിരുമേനി പല്ലിറുമ്മിക്കൊണ്ട് പറഞ്ഞു.

നിനക്ക് തെറ്റ് സംഭവിച്ചു രുദ്രാ..... ആ യുവാവിൽ അടങ്ങിയിരിക്കുന്നത് ദേവൻ മാത്രമല്ല....

പിന്നെ?

രുദ്രൻ തിരുമേനി ഒന്നും മനസിലാവാതെ കുലശേഖരനെ തുറിച്ചു നോക്കി.

അഥർവ്വൻ

കുലശേഖരൻ പറയുന്നത് കേട്ട് രുദ്രൻ തിരുമേനി ഞെട്ടിയെഴുന്നേറ്റു.

കാതിൽ ഒരു മൂളക്കം മാത്രമാണ് പിന്നീട് അദ്ദേഹം കിട്ടിയത്.

ആ അറയിൽ വച്ചു അവർ തമ്മിൽ എല്ലാ കാര്യങ്ങളും പരസ്പരം പങ്കു വച്ചു.

അവർ കണ്ടെത്തിയ സത്യങ്ങൾ.

എല്ലാം തിരിച്ചറിഞ്ഞതും ഇരുവരും ഞെട്ടലോടെയിരിക്കുകയായിരുന്നു.

അല്പം നേരത്തേക്ക് അവർക്ക് ഒന്നു ഉരിയാടുവാൻ പോലും സാധിച്ചില്ല.

അപ്പൊ അഥർവ്വന്റെ കഥ സത്യമാണല്ലേ?

അതേ കുലശേഖരാ....... എന്റെ ചാത്തന്മാർ എനിക്ക് ഓതി തന്നതാ

അപ്പൊ അഥർവ്വനൊപ്പം മഹാ ദുർമന്ത്രവാദിനി അമാലികയും പുനർജനിച്ചിട്ടുണ്ടാവില്ലേ?

ഉണ്ടാവണം

രുദ്രൻ തിരുമേനി മറുപടി പറഞ്ഞു.

അഥർവ്വനെ കുറിച്ച് അടങ്ങിയ വൈരജാതൻ എന്ന താളിയോല ഗ്രന്ഥം കുലശേഖരൻ രുദ്രൻ തിരുമേനിയുടെ പക്കൽ നിന്നും ഭദ്രമായി വാങ്ങി.

ഭൂമി പൂജയുടെ ഒരുക്കങ്ങൾ എങ്ങനെ പോകുന്നു

നന്നായി പോകുന്നു..... ജയശങ്കറിന്റെ ഒരുക്കങ്ങൾ ഗംഭീരമായി മുന്നോട്ട് പോകുന്നു.

ഷ്മ്...... ആ പയ്യൻ തന്നെയാണോ ഗോദയിൽ ഇറങ്ങുന്നത്

അല്ല കുലശേഖരാ...... തേവക്കാട്ടിൽ ബാലരാമന്റെ മകൻ ശ്രീജിത്ത്

അത് കേട്ടതും കുലശേഖരന് ശങ്ക തോന്നി.

അതെങ്ങനെ ശരിയാവും രുദ്രാ...... മുറ പ്രകാരം ഭരണി നക്ഷത്ര ജാതർക്കല്ലേ ഭൂമി പൂജയ്ക്ക് പങ്കെടുക്കാൻ പറ്റു

അതേ കുലശേഖരാ

തേവക്കാട്ട് കുടുംബത്തിൽ അനന്തു അല്ലാതെ മറ്റൊരു ഭരണി നക്ഷത്രക്കാരനുമില്ല...... മുറ പ്രകാരം ആ പയ്യനാണ് ഭൂമി പൂജയ്ക്ക് പങ്കെടുക്കേണ്ടത്

അതെങ്ങനെ ശരിയാവും?

രുദ്രൻ തിരുമേനി ഞെട്ടലോടെ നോക്കി.

അതങ്ങനല്ലേ ശരിയാവേണ്ടത്?

കുലശേഖരൻ അർത്ഥം വച്ച പോലെ പറഞ്ഞ ശേഷം താലിയോലയുമായി അവിടെ നിന്നുമിറങ്ങി.

കാറിൽ കയറി വീട്ടിലേക്കുള്ള തിരിച്ചു വരവിലും രുദ്രൻ തിരുമേനി പറഞ്ഞ രണ്ടു തലമുറകളുടെ കഥ ഓർക്കുകയായിരുന്നു കുലശേഖരൻ

അഥർവ്വന്റെയും ദേവന്റെയും.

---------------------------------------------------

രാഘവന്റെ വീട്ടിൽ ചെന്നെത്തിയപ്പോഴേക്കും അവിടെ ആളുകളെ കൊണ്ട് നിറഞ്ഞിരുന്നു.

കാർ റോഡരികിൽ ഒതുക്കി വച്ചിട്ട് അനന്തു മുത്തശ്ശനൊപ്പം മരണ വീട്ടിലേക്ക് നടന്നു.

അദ്ദേഹത്തെ കാണുന്നവർ ബഹുമാനത്തോടെ വഴി മാറി കൊടുക്കുന്നുണ്ട്.

ഒരു ഓല പുരയുടെ മുറ്റത്തേക്കാണ് അവർ നടന്നെത്തിയത്.

അനന്തുവിന്റെ കയ്യിലുള്ള റീത്ത് വാങ്ങി ശങ്കരൻ രാഘവന്റെ മൃത ദേഹത്തിന് കാൽക്കൽ കൊണ്ടു വച്ചു.

അവിടെ നിന്നും തൊഴുത ശേഷം രാഘവന്റെ ഭാര്യയോട് അദ്ദേഹം സംസാരിച്ചു.

എല്ലാ വിധ സഹായ വാഗ്ദാനങ്ങളും നൽകി.

എല്ലാവരുടെയും കണ്ണുകൾ വല്ല്യങ്ങുന്നിന്റെയും കൊച്ചു മകന്റെയും നേരെയായിരുന്നു.

അതിനു ശേഷം അവർ വീട്ടിലേക്ക് മടങ്ങി.

വീട്ടിലേക്ക് ഉള്ള മടക്കത്തിലാണ് ശങ്കരന് ബലരാമന്റെ കാൾ വന്നത്.

ഫോൺ കാൾ സംസാരിച്ചു കഴിഞ്ഞതും ശങ്കരന്റെ മുഖം വിവർണമായി.

എന്തുപറ്റി മുത്തശ്ശാ

അനന്തു പതിയെ ചോദിച്ചു

മോനെ ദേവാ....... നീ നേരെ പോലീസ് സ്റ്റേഷനിലേക്ക് വണ്ടി വിട്

അതെന്തിനാ മുത്തശ്ശാ

ഏയ് ഒരു ചെറിയ എൻക്വയറിങ്..... ബാലരാമനാ വിളിച്ചേ

ഷ്മ് ശരി മുത്തശ്ശാ

അനന്തു കാർ തിരിച്ചെടുത്തു പോലീസ് സ്റ്റേഷനിലേക്ക് വിട്ടു.

പത്തു മിനുട്ട് കഴിഞ്ഞതും അവർ പോലീസ് സ്റ്റേഷനിൽ എത്തി.

കാറിൽ നിന്നും ഇറങ്ങി വരുന്ന ശങ്കരനെ കണ്ടു പോലീസുകാർ എല്ലാം ബഹുമാനത്തോടെ നോക്കി നിന്നു.

അച്ഛാ..... എന്താ വൈകിയേ?

ബലരാമൻ പരാതിപ്പെട്ടു.

ഞാനാ രാഘവന്റെ വീട് വരെ ഒന്നു പോയെടാ...... വരുന്ന വഴിയാ

ആണോ.... എന്നാൽ വായോ..... S I ഇപ്പൊ തന്നെ വരും........ അനന്തു വാടാ

ഹാ ശരി അമ്മാവാ

അനന്തു മുന്നിൽ നടന്നു

പിന്നാലെ ശങ്കരനും

പോലീസ് സ്റ്റേഷന്റെ ഉള്ളിലുള്ള വെയ്റ്റിംഗ് റൂമിൽ ഇരിക്കുകയാണ് മൂവരും.

പൊടുന്നനെ അവിടേക്ക് ഒരു പോലീസ് ജീപ്പ് ഇരമ്പലോടെ കടന്നു വന്നു.

അതിൽ നിന്നും മധ്യവയസ്കനായ പോലീസുകാരൻ ചാടിയിറങ്ങി.

അതായിരുന്നു SI പ്രദീപൻ

ആട്ടിൻ തോലിട്ട ചെന്നായ എന്ന് വേണമെങ്കിൽ പറയാം.

പോലീസ് ഡിപ്പാർട്മെന്റ്ലെ ഏറ്റവും വൃത്തികെട്ട പോലീസ് ഉദ്യോഗസ്ഥൻ.

ആരെയും കൂസാത്ത പ്രകൃതം.

SI പ്രദീപൻ പടികൾ ചാടി കയറി സ്റ്റേഷന്റെ ഹാളിലേക്ക് എത്തി.

എന്നിട്ട് നേരെ സ്വന്തം റൂമിലേക്ക് പോയി.

അയാളുടെ ജാഡ കണ്ടപ്പോഴേ ബാലരാമന് അടിമുടി വിറച്ചു കയറിയിരുന്നു.

എങ്കിലും സംയമനം പാലിച്ചു എന്ന് വേണം പറയാൻ.

അൽപം കഴിഞ്ഞതും ഒരു കോൺസ്റ്റബിൾ ഓടി വന്നു ശങ്കരനോട് പറഞ്ഞു.

വല്യങ്ങുന്നിനോടും എല്ലാരോടും അകത്തേക്ക് കേറാൻ സാർ പറഞ്ഞിട്ടുണ്ട്.

കോൺസ്റ്റബിൾ പറയുന്നത് കേട്ട് ശങ്കരനും ബലരാമനും അനന്തുവും നേരെ SI യുടെ ഓഫീസ് റൂമിലേക്ക് കയറി.

അവിടെ അവരെയും പ്രതീക്ഷിച്ചുകൊണ്ട് ഇരിക്കുകയാണ് SI പ്രദീപൻ

ശങ്കരനെയും ബാലരാമനെയും കണ്ടതോടെ അയാളുടെ ചുണ്ടിൽ പുച്ഛചിരി വിടർന്നു.

അപ്പോഴാണ് അവർക്ക് പിന്നാലെ കയറുന്ന അനന്തുവിനെ അയാൾ കാണുന്നത്.

അനന്തുവിനെ ദർശിച്ച മാത്രയിൽ ആ നീലകണ്ണുകൾ വീക്ഷിച്ച മാത്രയിൽ പ്രേതത്തെ കണ്ട പോലെ പ്രദീപന്റെ മുഖം വിളറി വെളുത്തു.

പ്രജീപൻ തന്റെ ഓർമയിൽ നിന്നും ആ മുഖത്തിന്റെ പേര് ഓർത്തെടുത്തു.

ദേവൻ.

അവിശ്വസനീയതയോടെ അയാൾ പിറുപിറുത്തു.

മൂവരും അകത്തു കയറിയതും SI പ്രദീപൻ കസേരകളിലേക്ക് വിരൽ ചൂണ്ടി.

അവർ അവിടെ പതിയിരുന്നു.

അവർക്ക് എതിരെയുള്ള ചെയ്യറിൽ പ്രദീപനും പയ്യെ ഇരുന്നു.

SI പ്രദീപന്റെ കണ്ണുകൾ അപ്പോഴും അനന്തുവിനെ തന്നെ ചുഴിയുകയായിരുന്നു.

ഇത്?

പ്രദീപൻ ഒന്നും മനസിലാവാതെ ബലരാമനെ നോക്കി

സംശയ ഭാവത്തോടെ

എന്റെ പെങ്ങളുടെ മകനാ....... അനന്തു

ബാലരാമൻ പറയുന്നത് കേട്ടാണ് അൽപം ആശ്വാസം SI പ്രദീപന്റെ ഉള്ളിൽ വിരിഞ്ഞത്.

എങ്കിലും വിശ്വാസം വരാതെ അയാൾ ശങ്കരനെ നോക്കി.

ബലരാമൻ പറഞ്ഞത് ശരിയാ...... എന്റെ കൊച്ചു മകനാണ്

അപ്പോഴാണ് തലയിൽ നിന്നും ഒരാധി SI പ്രദീപനിൽ നിന്നും ഒഴിഞ്ഞത്.

മേശപ്പുറത്തിരിക്കുന്ന ബെല്ലിലേക്ക് പ്രദീപന്റെ വിരൽ അമർന്നു.

ട്രണീം ട്രണീം

ബെൽ കേട്ടതും ഒരു കോൺസ്റ്റബിൾ ഉള്ളിലേക്ക് കയറി വന്നു.

പ്രദീപനെ നോക്കി അയാൾ സല്യൂട്ട് ചെയ്തു

അയാളുടെ ചെവിയിൽ സ്വകാര്യമായി എന്തോ പറഞ്ഞ ശേഷം പുറത്തേക്ക് പറഞ്ഞയച്ചു.

എന്താണ് സർ ഞങ്ങളെ വിളിപ്പിച്ചത്?

ബലരാമൻ അക്ഷമയോടെ ചോദിച്ചു.

ഹ്മ്മ് പറയാം..... നിങ്ങളുടെ ഫാക്ടറിയിലെ തൊഴിലാളിയായിരുന്ന രാഘവൻ മരിച്ചത് നിങ്ങൾ അറിഞ്ഞിരുന്നോ?

ഹ്മ്മ് അറിഞ്ഞിരുന്നു.

ശങ്കരൻ മറുപടി പറഞ്ഞു.

എന്നാൽ രാഘവൻ മരണപ്പെട്ടത് അർദ്ധരാത്രിയോട് കൂടി ഒരു ലോറി ഇടിച്ചിട്ടാണ്...... അതൊരു കൊലപാതകമായിരുന്നു......a Planned murder...... മറ്റൊരു സത്യാവസ്ഥ എന്തെന്നാൽ നിങ്ങളുടെ തന്നെ കമ്പനിയിലെ ലോറി ഉപയോഗിച്ചാണ് കൃത്യം നടത്തിയിരിക്കുന്നത്

സർ അതിനു ഞങ്ങളെ എന്തിനാണ് വിളിച്ചു വരുത്തിയത്.

പറയാം മിസ്റ്റർ ബലരാമൻ...... നിങ്ങളുടെ തന്നെ ഫാക്റ്ററിയിൽ ജോലി ചെയ്യുന്ന ആരോ ആണ് കൃത്യത്തിനു പിന്നിൽ...... ഞങ്ങളുടെ ബലമായ സംശയമാണ് അത്..... അതുകൊണ്ട് നിങ്ങളുടെ ഫാക്ടറി സേർച്ച് ചെയ്യാനുള്ള അനുവാദം തരണം.

SI പ്രദീപൻ പറഞ്ഞത് കേട്ട് ബലരാമനും ശങ്കരനും അല്പം നേരം ചിന്തിതരായി.

ശരി...... നിങ്ങടെ ആഗ്രഹം പോലെ തന്നെ നടക്കട്ടെ

ശങ്കരൻ ടേബിളിൽ വിരലുകൾ കൊണ്ട് കൊട്ടി.

താങ്ക്സ്.

എങ്കിൽ ഞങ്ങള് പോക്കോട്ടെ

യെസ് ഷുവർ

SI പ്രദീപൻ ബഹുമാനത്തോടെ കസേരയിൽ നിന്നും എഴുന്നേറ്റ് പുറത്തേക്കുള്ള വഴി കാണിച്ചു.

ബലരാമന്റെ കൂടെ ശങ്കരൻ ഇറങ്ങി.

പിന്നാലെ അനന്തുവും

അനന്തു ഇറങ്ങി പോകവേ SI പ്രദീപനെ നോക്കി പുഞ്ചിരിച്ചു.

തിരിച്ചു ഒരു പുഞ്ചിരി പ്രദീപനും സമ്മാനിക്കാൻ മറന്നില്ല.

മൂവരും ഓഫീസ് റൂമിൽ നിന്നുമിറങ്ങിയതും പ്രദീപന്റെ ചുണ്ടിലെ പുഞ്ചിരി മങ്ങി.

അയാൾ വേഗം തന്നെ പുറത്തേക്കിറങ്ങി.

അവിടെ അനന്തുവും ബാലരമനും ശങ്കരനും കാറിലേക്ക് കയറുന്നതേ ഉണ്ടായിരുന്നുള്ളു.

അവർ പോയി കഴിഞ്ഞതും പ്രദീപൻ സ്വന്തം റൂമിലേക്ക് മടങ്ങി.

ആ സമയം മുന്നേ വന്ന കോൺസ്റ്റബിൾ വീണ്ടും അങ്ങോട്ട് കയറി വന്നു

സർ

കോൺസ്റ്റബിൾ വന്നപാടെ പ്രദീപന് സല്യൂട്ട് അടിച്ചു.

എന്താടോ കിട്ടിയോ?

കിട്ടി സർ

കയ്യിലിരുന്ന മൊബൈൽ അയാൾ പ്രദീപന് നേരെ നീട്ടി.

അതിൽ അനന്തുവിന്റെ ചിത്രം ആയിരുന്നു ഉണ്ടായിരുന്നത്.

അത് കണ്ടതും പ്രദീപന്റെ ചുണ്ടിൽ ഒരായിരം പുഞ്ചിരി വിടർന്നു.

വേഗം ഇമെയിൽ അയക്ക്

കുടില ചിരിയോടെ പ്രദീപൻ എഴുന്നേറ്റ് ടോയ്‌ലെറ്റിലേക്ക് പോയി.

--------------------------------------------------

പർണശാലയിലെ പുതുതായി പെറ്റു വീണ ക്ടാവിനെ തൊട്ടും തലോടിയും സമയം കളയുകയാണ് സ്വാമിനി മായാമോഹിനി.

ആ ക്ടാവിന്റെ കൂടെ സമയം കൊല്ലവേ തന്റെ കുട്ടിക്കാലത്തെ ഓർമ്മകൾ ആയിരുന്നു അവരെ വലം വച്ചു കൊണ്ടിരുന്നത്.

ബാല്യകാലത്തിൽ തന്റെ അമ്മയുടെ കൂടെ പുല്ല് ചെത്താൻ പോകുന്നതും ക്ടാവിന്റെയും പശുവിന്റെയും കൂടെ കളിച്ചതുമൊക്കെ.

ക്ടാവിനെ തൊട്ടുരുമ്മിയും ഉമ്മ വച്ചും കൊതി തീർത്ത മായാമോഹിനി നേരെ നദീ തീരത്തേക്ക് പോയി.

അവിടെ കരയോട് തല തല്ലി പോകുന്ന ഓളങ്ങളെ നോക്കി നിൽക്കുകയായിരുന്നു മായാമോഹിനി.

അന്തരീക്ഷത്തിലെ നല്ല തണുപ്പ് അവരെ പൊതിയുന്നുണ്ടായിരുന്നു

ശരീരത്തേക്ക് സൂചി കുത്തി കയറുന്ന പോലത്തെ അത്രയും തണുപ്പ്

ആ തണുപ്പിൽ എല്ലാം മറന്ന് ധ്യാനത്തിൽ മുങ്ങിയിരിക്കുയായിരുന്നു അവർ.

സ്വാമിനി

ഫ്മ് പറഞ്ഞോളു ശിഷ്യാ

ധ്യാനത്തിൽ നിന്നുമുണർന്ന മായാമോഹിനി പതിയെ പറഞ്ഞു.

എങ്ങനെയാണ് സ്വാമിനി ആ യുവാവിന്റെ ദേഹത്തു രണ്ടു ആത്മാക്കൾ കുടി കൊണ്ടത്? രണ്ടു നിയോഗങ്ങൾ പരമ ലക്ഷ്യമായി ആവിർഭവിച്ചത്

ശിഷ്യന്റെ ചോദ്യം കേട്ടതും ആദ്യമൊന്ന് പുഞ്ചിരിക്കുവാനാണ് മായാമോഹിനിക്ക് തോന്നിയത്.

ഞാൻ ആദ്യമേ പറഞ്ഞത് ഓർമ്മയുണ്ടോ നമ്മുടെ ശിഷ്യന്.... ഇത് കേവലം അനന്തുവിനെയോ ദേവനെയോ ചുറ്റി പിണഞ്ഞ് കിടക്കുന്ന കഥയല്ല..... ഇത് അവന്റെ കഥയാണ്....... വീരനായ വൈരജാതൻ അഥർവന്റെ കഥ........ നമ്മളൊക്കെ അതിന്റെ ഒരു ഭാഗമാണ്...... പ്രകൃതിയുടെ ഓരോ ലീലകൾ

മായാമോഹിനി മനോഹരമായ പുഞ്ചിരി പൊഴിച്ചു കൊണ്ട് പറഞ്ഞു.

അപ്പൊ ദേവന്റെ ജന്മ നിയോഗമെന്ത്? അഥർവ്വന്റെയോ?

ശിഷ്യൻ കൗതുകത്തോടെ ചോദിച്ചു.

ദേവന്റെ ജന്മ നിയോഗം എന്തായിരിക്കും? ശിഷ്യന്റെ നിഗമനം എന്താണ്? പറയൂ നാം കേക്കട്ടെ

കൈകൾ പിണച്ചു വച്ചു കൊണ്ടാണ് സ്വാമിനി ചോദിച്ചത്

അതിൽ എന്താണിത്ര സംശയം....... ഭൂമി പൂജ തന്നെ....... ഭൂമി പൂജ പങ്കെടുക്കാൻ തയാറെടുക്കവേയല്ലേ അവിചാരിതമായി ദേവൻ കൊല്ലപ്പെട്ടത്....... അപ്പൊ ദേവൻ പുനർജ്ജനിച്ചത് ഭൂമി പൂജയ്ക്ക് വേണ്ടി തന്നെയാവും........ ശരിയല്ലേ

ശിഷ്യൻ ഗൗരവത്തോടെ പറഞ്ഞു.

ഹ........ ഹ......... ഹ അങ്ങനെ എങ്കിൽ ഞാനൊരു ചോദ്യം ചോദിക്കട്ടെ

ഫ്മ് ചോദിച്ചോളൂ.

ഭൂമി പൂജയ്ക്ക് വേണ്ടിയാണ് ദേവൻ പുനർജനിച്ചതെങ്കിൽ എന്തുകൊണ്ട് ദേവനൊരു ദുരാത്മാവ് ആയി മാറി?

അത്....... പ്...... പിന്നെ

ശിഷ്യന് പൊടുന്നനെ ഉത്തരം മുട്ടി.

നമ്മുടെ പ്രിയ ശിഷ്യാ ശ്രവിച്ചാലും....... ദേവൻ ഒരു ദുരാത്മാവ് ആയി പുനർജനിച്ചത് കേവലം ഭൂമി പൂജയ്ക്ക് വേണ്ടിയായിരുന്നില്ല.......അവന്റെ പ്രതികാരം നടപ്പിലാക്കാൻ മാത്രമാണ്...... പ്രതികാരവും സംഹാരവും ആണ് ആ ദുരാത്മാവിന്റെ ലക്ഷ്യം...... അതിനാലാണ് ആ ദുരാത്മാവിന്റെ ഗുണഗണങ്ങൾ അനന്തുവിന് കിട്ടാതിരിക്കാൻ ആ സത് ആത്മാവ് ശ്രമിച്ചുകൊണ്ടേയിരുന്നത് ഇക്കാലമത്രയും.... എന്നാൽ കുലശേഖരന്റെ അടിമയായ ദുർ ഭൂതത്തിന്റെ പ്രഹരം കിട്ടിയതോടെ ആ കെട്ടുപാടുകൾ തകർക്കപ്പെട്ടു...... ഇനി ദേവനെ തളക്കുക അസാധ്യം.

മായാമോഹിനി പതിയെ പറഞ്ഞു നിർത്തി.

അപ്പൊ ദേവന്റെ പ്രതികാരം നടക്കുമെന്ന് ഉറപ്പായി..... അപ്പൊ അഥർവ്വന്റെ ആത്മാവോ? അഥർവ്വന്റെ ജന്മ നിയോഗം എന്താണ്? സത് ആത്മാവ് ആയോണ്ട് ദേവനെ പോലെ പ്രതികാരം ആയിരിക്കില്ലല്ലേ?

ശിഷ്യൻ ചിരിയോടെ ചോദിച്ചു.

ഹ....... ഹ......... ഹ ദേവൻ പ്രതികാര ദാഹിയായ ദുരത്മാവ് ആണേൽ അഥർവ്വൻ ദുരാത്മക്കളുടെ മൂർത്തിയായിട്ട് വരും ഹ...... ഹ........ ഹ

മായാമോഹിനി പറഞ്ഞത് മനസിലാവാതെ ശുഷ്യൻ മുഖം ചുളിച്ചു.

അതെന്താ സ്വാമിനി അങ്ങനെ?

അതങ്ങനെയാണ് ശുഷ്യാ....... അനന്തുവിന്റെ ശരീരത്തിൽ കുടി കൊള്ളുന്നത് അഥർവ്വന്റെ അർദ്ധ കായ ആത്മാവ് ആണ്........ ആത്മാവിന്റെ സാത്വികമായ നേർ പകുതിയാണ് അനന്തുവിൽ ഉള്ളത്

അപ്പൊ മറു പകുതി?

ശിഷ്യൻ സംശയത്തോടെ ചോദിച്ചു.

മറു പകുതി ഏതോ ഒരു ലോകത്തുണ്ട്...... നമ്മുടെ കയ്യെത്താത്ത അത്രയും ദൂരെ....... ദുരാത്മാവിന്റെ ഗുണഗണങ്ങളോടെ...... ആ ആർദ്ധ കായ ആത്മാവിനു കൂടി ഉണ്ടായിരുന്ന സാത്വിക ഗുണത്തിന് അപക്ഷയം സംഭവിച്ചിരിക്കുന്നു........ അത് ഇപ്പൊ ദുരാഗ്രഹിയായ ഒരു ആത്മാവ് ആയി മാറിയിരിക്കുന്നു

എന്തൊക്കെയാണോ ഞാൻ ഈ കേൾക്കുന്നത്..... ഇതൊക്കെ സംഭവ്യമാണോ സ്വാമിനി? വിശ്വസിക്കാനെ കഴിയുന്നില്ല

വിശ്വസിക്കണം ശിഷ്യാ

ഫ്മ്..... എനിക്ക് മറ്റൊരു സംശയം കൂടിയുണ്ട്.

ഉണർത്തിച്ചാലും

അനന്തു അഥർവ്വനാണെങ്കിൽ എന്തുകൊണ് ദേവന്റെ മുഖസാദൃശ്യം കിട്ടി? അഥർവ്വന്റെ മുഖം എന്തുകൊണ്ട് കിട്ടിയില്ല.

ശിഷ്യന്റെ ബുദ്ധി കൂർമതയിൽ സ്വാമിനിക്ക് അഭിമാനം തോന്നി

അതിനൊരു കാരണമുണ്ട് ശിഷ്യാ

എന്താണത്?

അഥർവ്വന്റെ ആത്മാവിനെ മാത്രം ഉൾക്കൊണ്ടാണ് അനന്തു പുനർജനിച്ചിരുന്നതെങ്കിൽ അനന്തുവിന്റെയുള്ളിലെ അഥർവ്വനെ ദുർ മന്ത്രവാദിനി അമാലിക നിഷ്പ്രയാസം കണ്ടെത്തിയേനെ...... അഥർവ്വന്റെ പുനർജന്മത്തിൽ അമാലികയുടെ കണ്ണിൽ പൊടിയാടാനാണ് അഥർവ്വൻ അനന്തുവിനെ മാതാവ് വയറിൽ ചുമക്കുന്ന നേരം തൊട്ടേ തയാറായിരുന്നത്....... പ്രസവത്തോടെ അനന്തുവിന്റെ പോക്കിൽ കൊടി മുറിച്ചു മാറ്റപ്പെട്ട നിമിഷം അമ്മയുമായുള്ള ബന്ധം നഷ്ട്ടപ്പെട്ട അനന്തുവിലേക്ക് അഥർവ്വൻ കുടി കൊണ്ടത്..... ഒപ്പം ദേവന്റെ ആത്മാവിനെയും

എന്നിട്ട്?

ശിഷ്യൻ ആവേശത്തോടെ ബാക്കിയറിയുവാനായി ചോദിച്ചു.

ദേവന്റെ ആത്മാവിനെ കൂടി സന്നിവേശിപ്പിച്ച ശേഷം അഥർവ്വൻ ആരോരുമറിയാതെ അനന്തുവിൽ കുടി കൊണ്ടു....... എല്ലാവരിൽ നിന്നുമുള്ള ഒരു മറ മാത്രമായിരുന്നു അഥർവ്വന് ദേവന്റെ ആത്മാവ്

അതുകൊണ്ട് ദേവന് എന്തു ഗുണം ഉണ്ടായി?

സ്വാഭാവികമായും ഉണ്ടായ സംശയം ശിഷ്യൻ അറിയാതെ ചോദിച്ചു പോയി.

ഗുണം ഉണ്ട്....... അനന്തുവിന്റെ ജനനത്തോടൊപ്പം ദേവന്റെ മുഖം ആണ് അഥർവ്വൻ നൽകിയത്...... മാത്രമല്ല അനന്തുവിന്റെ ഉടലിലേക്ക് പ്രവേശിക്കുന്നതിന് മുന്നേ അഥർവ്വൻ ചില അനുഗ്രഹങ്ങൾ ദേവന് നൽകിയിരുന്നു

എന്തൊക്കെയാണത്?

പ്രതികാരം തീർക്കുവാനും നഷ്ട്ടപ്പെട്ടു പോയ പ്രണയിനിയുമായി വീണ്ടും കൂടി ചേരാനും

അഥർവ്വന്റെ അനുഗ്രഹം കിട്ടിയതുകൊണ്ടാണോ കല്യാണി പുനർജനിച്ചത് സ്വാമിനി?

അതേ ശിഷ്യ?

അപ്പൊ മുത്തുമണി എന്ന പെൺകുട്ടി എങ്ങനെ പുനർജനിച്ചു.

അതിനു ഒരു കാരണമുണ്ട് ശിഷ്യാ....... അരുണിമയുടെയും ദക്ഷിണയുടെയും പൂർവ ജന്മമായ കല്യാണിയും മുത്തുമണിയും ആ ജന്മത്തിൽ പിറവികൊണ്ട ഇരട്ട സഹോദരങ്ങളാണ്

ഇരട്ട സഹോദരങ്ങളോ?

ശിഷ്യൻ അത്ഭുതത്തോടെ ചോദിച്ചു.

അതേ ശിഷ്യാ..... പക്ഷെ ജന്മം കൊണ്ടു മാത്രമേ അവർ ഒന്നായിരുന്നുള്ളു..... വളർന്നതും പ്രായപൂർത്തിയായതുമൊക്കെ പരസ്പരം കാണാതെ അറിയാതെ മറ്റു കുടുംബങ്ങളിൽ ആയിരുന്നു

അതെന്താ കാരണം സ്വാമിനി

കല്യാണിയുടെ അമ്മയിൽ നിന്നും തിരുവമ്പാടിക്കാർ അപഹാരിച്ചതാണു മുത്തുമണിയെ...... അങ്ങനാണ് അവൾ തിരുവമ്പാടി മനയുടെ സന്തതിയായത്

എന്തൊക്കെയാണോ ഇവിടെ നടക്കുന്നത്..... കേട്ടിട്ട് തല പെരുക്കുന്നു

അപ്പൊ ജന്മം കൊണ്ടു കല്യാണിയും മുത്തുമണിയും ഒന്നായിരുന്നതിനാൽ അഥർവ്വനിൽ നിന്നും കല്യാണിക്ക് ലഭിച്ച വരപ്രസാദം അവർ ഇരുവർക്കും ഒരുപോലെ വന്നു ഭവിച്ചു.

അതൊക്കെ പോട്ടെ എന്റെ ശിഷ്യന്റെ സംശയങ്ങൾ മാറിയോ?

ഇല്ല..... ഒരു സംശയം കൂടി ബാക്കിയുണ്ട്

എന്താണത്?

നിറ പുഞ്ചിരിയോടെ മായാമോഹിനി ചോദിച്ചു.

അങ്ങനെയെങ്കിൽ അഥർവ്വൻ പുനർജനിച്ചുവെന്ന് അമാലിക തിരിച്ചറിഞ്ഞത് എങ്ങനെയാണ് ?

ശിഷ്യന്റെ സംശയം കേട്ടതും പിണച്ചു വച്ച കൈകൾ അഴിച്ചു മാറ്റി അവർ നദീ തീരത്തേക്ക് വീണ്ടും കണ്ണു നട്ടു.

അനന്തുവിന് വശീകരണ മന്ത്രം കിട്ടിയപ്പോൾ

വശീകരണം ലഭിച്ചെന്ന് അമാലിക മനസിലാക്കിയത എങ്ങനെ ?

ശിഷ്യന് വീണ്ടും സംശയം

ശിഷ്യാ...... അനന്തുവിന് കിട്ടിയ വശീകരണ മന്ത്രം അടങ്ങിയ ട്രങ്ക് പെട്ടി മാറ്റാരുടെയുമല്ല...... അത് അഥർവ്വന്റെ തന്നെയാണ്..... ആ പെട്ടിയിൽ കോറിയിട്ട പക്ഷിയുടെ ചിറകിലേറി വരുന്ന നഗ്നനായ യോദ്ധാവ് മാറ്റാരുമല്ല അത് അഥർവ്വനാണ്...... അഥർവ്വന്റെ അതായത് അനന്തുവിന്റെ രക്തം വീണപ്പോൾ ആ രക്തം സഞ്ചരിച്ചത് ഒരു പുഷ്പത്തിന്റെ ആകൃതിയിൽ ആയിരുന്നു....... ആ പുഷ്പം മറ്റൊന്നുമല്ല അത് തന്നെയാണ് കുലശേഖരൻ അന്വേഷിക്കുന്ന കാമപൂവ്

സ്വാമിനി ചിരിയോടെ പറഞ്ഞു.

ആ പെട്ടി ഒന്ന് കാണാൻ സാധിക്കുമോ സ്വാമിനി?

എന്താണ് ശിഷ്യന് വശ്യ മന്ത്ര പ്രയോഗം നടത്താൻ താല്പര്യമുണ്ടോ?

മായാമോഹിനി കള്ള ചിരിയോടെ ചോദിച്ചു.

അയ്യോ ഒരിക്കലുമില്ല സ്വാമിനി..... എങ്കിലും അഥർവ്വനെ കാണാൻ ഒരാഗ്രഹം

അത്രേയുള്ളോ? ശിഷ്യൻ വിഷമിക്കാതെ ആ ട്രങ്ക് പെട്ടി നിസാരമായ ഒന്നല്ല..... അതിൽ ഒരുപാട് നിഗൂഢതകളും രഹസ്യങ്ങളും ഒളിഞ്ഞിരിപ്പുണ്ട്...... അതിനു വേണ്ടി അനന്തു ഒരിക്കൽ എന്നെ തേടി വരും..... ഈ മായാ മോഹിനിയുടെ സന്നിധിയിൽ

മായാ മോഹിനിയുടെ പൊട്ടിച്ചിരി അത്രയ്ക്കും തീവ്രതയേറിയതായിരുന്നു

ശിഷ്യൻ ഇതുവരെ കാണാത്ത സ്വാമിനി മായാമോഹിനിയുടെ മറ്റൊരു മുഖം

--------------------------------------------------

തിരിച്ചു തേവക്കാട്ടിലേക്ക് എത്തിയ ശങ്കരൻ കാറിൽ നിന്നും വേഗം തന്നെ ഇറങ്ങി.

കാർ അവിടെയുള്ള മരച്ചുവട്ടിലേക്ക് നിർത്തി വച്ച അനന്തു പയ്യെ പിറകിലേക്ക് നോക്കി.

അവിടെ ഗോദയുടെ പണികൾ പൂർത്തിയായിരിക്കുന്നു.

ഒരു ഭാഗത്തു യതീന്ദ്രനും മറു ഭാഗത്തു ഗുരുക്കളും ഉണ്ട്.

ഗോദയുടെ മധ്യത്തിലുള്ള പൂഴിയിൽ ശിവജിത്ത് ഷർട്ട് ഒക്കെ അഴിച്ചു ബോഡി ഷോ കാണിക്കുന്നുണ്ട്

അനന്തുവിനെ കണ്ടതും പുച്ഛത്തോടെ ശിവജിത്ത് ഗുരുക്കളോട് ചേർന്നു നിന്നു.

വന്ദനം ചൊല്ലിയ ശേഷം ശിവജിത്തിനെക്കൊണ്ട് ഗുരുക്കൾ ചെറിയ വ്യായാമങ്ങൾ ചെയ്യിച്ചു.

അതിനു ശേഷം ഗുരുക്കൾ യതീന്ദ്രനോടായി പറഞ്ഞു

ശിവജിത്തിന് അസ്സിസ്റ്റ് ചെയ്യാനായി ഒരാൾ വേണം.

അത് കേട്ടതും ആരെ കിട്ടുമെന്ന മട്ടിൽ യതീന്ദ്രൻ ചുറ്റും നോക്കി.

അപ്പോഴാണ് അനന്തുവിൽ കണ്ണുകൾ പതിഞ്ഞത്.

ആനന്തൂ...... വാ ശിവജിത്തിനെ ഒന്ന് സഹായിക്ക്.

യ്യോ ഞാനോ

അനന്തു ഞെട്ടലോടെ ചോദിച്ചു

അതേ നീ തന്നെ വേഗം വാ

യതി അവനെ ഗോദയിലേക്ക് ക്ഷണിച്ചു.

അനന്തു മടിയോടെ ഗോദക്ക് സമീപം നടന്നെത്തി.

വന്ദനം ചൊല്ലിയ ശേഷം അനന്തു പയ്യെ ഗോദയിലേക്ക് കാൽ വച്ചു കയറി.

അനന്തുവിന്റെ കാൽ പതിഞ്ഞതും അവിടമാകെ ശക്തമായ കാറ്റ് വീശി.

സൂര്യൻ മേഘപാളികൾക്കുള്ളിൽ പോയി ഒളിച്ചു.

പ്രകൃതി എന്തൊക്കെയോ ദുസൂചനകൾ നൽകുന്ന പോലെ.

അനന്തു ഉള്ളിലേക്ക് കയറിയതും ശിവ ജിത്ത് പൊടുന്നനെ കാലു മടക്കി അനന്തുവിന്റെ മുഖത്തു പ്രഹരിച്ചു.

പ്രഹരമേറ്റതും അനന്തു ഗോദയിലെ മണ്ണിൽ മൂക്കും കുത്തി വീണു.

അവിടെ നിന്നും അനന്തു കഷ്ടപ്പെട്ട് എണീറ്റതും അനന്തുവിന്റെ പിറകിലൂടെ നെഞ്ചിനു കുറുകെയായി കൈകൾ പിണച്ച് വച്ചു ശക്തിയിൽ ലോക്ക് ചെയ്തു.

ശിവജിത്തിന്റെ കരുത്തുള്ള കൈകളിൽ കിടന്ന് അവൻ പിടഞ്ഞു.

ആരോടോ ഉള്ള വാശിക്കെന്ന പോലെ ശിവജിത്ത് കൈകൾ ഉള്ളിലേക്ക് കൂടുതലായി അമർത്തി പിടിച്ചു.

അതോടെ പ്രണാൻ പോകുന്ന പോലെ അനന്തുവിന് തോന്നി.

ശ്വാസം വിടാൻ പോലും പറ്റുന്നിലായിരുന്നു.

അത്രയ്ക്ക് ദൃഢമായിരുന്നു ശിവജിത്തിന്റെ പിടുത്തം.

ഈ പിടുത്തം ഇങ്ങനെ പോയാൽ താൻ മല മൂത്ര വിസർജനം നടത്തുന്നതിന് പുറമെ കാലപുരി പുല്കുമെന്ന് അനന്തുവിന് തോന്നി.

അനന്തു ശിവജിത്തിന്റെ കൈകൾ വിടുവിക്കാൻ നോക്കിയെങ്കിലും സാധിച്ചില്ല.. പാറ പോലെ ഉറച്ചു നിന്ന ശിവജിത്തിന് മുന്നിൽ അനന്തു തോറ്റു പോയി.

ഗുരുക്കൾ പറഞ്ഞിട്ടും ശിവജിത്ത് നിർത്തിയില്ല.

പൊടുന്നനെ അനന്തുവിന്റെ തലയാകെ പെരുത്തു.

തലച്ചോറിൽ ഒരു സ്ഫോടനം പോലെ നടന്നതും അനന്തുവിന്റെ മറിഞ്ഞു പോയ കണ്ണുകൾ പൂർവ സ്ഥിതിയിലേക്ക് മാറി.

നിമിഷ നേരത്തേക്ക് അവൻ ദേവനായി മാറി.

ദേവനായി മാറിയ നിമിഷം അനന്തു ശിവജിത്തിന്റെ ഇടത് കയ്യിലേക്ക് വലതു കൈ കൊണ്ടു പിടിച്ച ശേഷം ശരീരം ചുളിച്ചു പിടിച്ചു.

ശരീരം ചുളിച്ചപ്പോൾ അരക്കെട്ടിന്റെ ഭാഗത്തു വന്ന ഗ്യാപ്പിൽ കൂടി അനന്തു ഇടത് കൈ കയറ്റി സ്വന്തം വലത് കയ്യിൽ പിടിച്ചു.

ശേഷം ഇടത് കാൽ പിന്നിലേക്ക് വച്ചു പിന്നിലേക്ക് ഞൊടിയിടയിൽ തിരിഞ്ഞ് ശിവജിത്തിന്റെ കൈ പിടിച്ചു വളച്ചു.

അനന്തു കൈ പിടിച്ചു വളച്ചതും ശിവ ജിത്തിന്റെ ഉടൽ വളഞ്ഞു മുഖം ഭൂമി ദേവിക്ക് സമാന്തരമായി.

അതോടൊപ്പം ശിവജിത്തിന്റെ കൈകുഴ പിടിച്ചു തിരിച്ചു.

വേദനയാൽ അലറിയ ശിവ ജിത്തിനെ പുച്ഛത്തോടെ നോക്കിയ ശേഷം അനന്തു ശിവ ജിത്തിനെ ഗോദക്ക് പുറത്തേക്ക് വലിച്ചെറിഞ്ഞു.

ഗോദക്ക് പുറത്തേക്ക് തെറിച്ചു വീണ ശിവജിത്ത് സഹിക്കാനാവാത്ത വേദനയോടെ എഴുന്നേൽക്കാൻ ശ്രമിച്ചു.

എന്നാൽ അതിനു സാധിക്കാതെ വീണ്ടും മണ്ണിലേക്ക് വീണു.

അതുകണ്ടു സങ്കടം തോന്നിയ ബലരാമൻ ശിവജിത്തിനെ പയ്യെ എണീപ്പിച്ച ശേഷം മനയുടെ ഉള്ളിലേക്ക് കൊണ്ടു പോയി.

പോകുമ്പോ പോലും ശിവജിത്തിന്റെ പക എരിയുന്ന കണ്ണുകൾ അനന്തുവിന് നേരെയായി

അപമാനിക്കപ്പെട്ടവന്റെ നിരാശ ആ കണ്ണുകളിൽ നിഴലിക്കുന്നുണ്ടായിരുന്നു.

മനോഹരം

ഗുരുക്കൾ അനന്തുവിനെ അഭിനന്ദിച്ചു.

അനന്തു ഒന്നും മിണ്ടാതെ നേരെ മനയുടെ ഉള്ളിലേക്ക് നടന്നു.

അവിടെ ഇവരുടെ പ്രകടങ്ങൾ കണ്ടു കൊണ്ടു അനന്തുവിന്റെ അനിയത്തി ശിവപ്രിയ നിൽപ്പുണ്ടായിരുന്നു.

എന്റെ പൊന്നു എട്ടാ..... എന്തൊരു പെർഫോമൻസ് ആയിരുന്നു? ഇതൊക്കെ എപ്പോ പഠിച്ചു?

എന്ത്?

അനന്തു ഒന്നും മനൻസിലാവാതെ അവളെ നോക്കി.

അല്ല ആ ജാഡ തെണ്ടിയെ മലർത്തിയടിച്ചില്ലേ അതിനു?

ഞാനോ? എപ്പോ?

അനന്തു ഒന്നും ഓർമയില്ലാതെ ശിവപ്രിയയെ നോക്കി.

ദേ എട്ടാ പൊട്ടൻ കളിക്കല്ലേ..... നിങ്ങളല്ലേ ഇപ്പൊ ആ ജിത്തുവേട്ടനെ എടുത്തു പെരുമാറിയത്? ഞാൻ എന്റെ കണ്ണുകൾ കൊണ്ടു കണ്ടതല്ലേ?

ശിവപ്രിയ കലിപ്പോടെ പറഞ്ഞു.

എന്റെ പൊന്നു ശിവ ഞാനിപ്പോ മുത്തശ്ശൻറെ കൂടെ സ്റ്റേഷനിൽ നിന്നും വരുന്ന വഴിയാ..... ഞാനെങ്ങനാടി ജിത്തൂവേട്ടന്റെ കൂടെ fight ചെയ്തെന്ന് നീ പറയുന്നത്... നിനക്കെന്ന വട്ടായോ പെണ്ണെ

അനന്തു ശിവയുടെ തലയിൽ കൊട്ടിക്കൊണ്ട് ഉള്ളിലേക്ക് പോയി.

ശിവപ്രിയ അനന്തുവിന്റെ പോക്ക് മൂക്കത്ത് വിരൽ വച്ചു കാണുകയായിരുന്നു.

അപ്പോഴും അനന്തുവിന്റെ ചിന്ത ഇതായിരുന്നു.

ഞാൻ ജിത്തുവേട്ടനോട് fight കൂടി പോലും..... പെണ്ണിന് പ്രാന്തായ മട്ടുണ്ട്

അനന്തു മിണ്ടാതെ നേരെ മുറിയിലേക്ക് പോയി.

അല്പം മുന്നേ സംഭവിച്ചത് ഒന്നും തന്നെ അനന്തുവിന് ഓർമയുണ്ടായിരുന്നില്ല.

--------------------------------------------------

മുഖത്തേക്ക് ശക്തിയിൽ വെള്ളം പതിച്ചപ്പോഴാണ് ബഷീറിക്ക ഉറക്കം വിട്ടുണരുന്നത്.

കിടന്ന കിടപ്പിലെ ബഷീറിക്ക മുകളിലേക്ക് നോക്കി.

ഭാര്യ ആമിന കയ്യിലൊരു മോന്തയുമായി ബഷീറിക്കയുടെ തലക്കൽ നിൽക്കുന്നു.

നിങ്ങക്കെന്താ ഇക്ക പ്രാന്തായോ? ഈ വെറും മണ്ണിൽ കിടന്നാണോ നിങ്ങളുറങ്ങിയെ

ആമിന പരാതിപ്പെട്ടു.

പടച്ചോനെ

ബഷീറിക്ക പയ്യെ നിലത്തു കൈകൾ കുത്തി എഴുന്നേറ്റിരിക്കുവാൻ ശ്രമിച്ചു.

ഇരുന്നു കാൽ നീട്ടി മുന്നിലേക്ക് നോക്കിയ ബഷീറിക്ക കണ്മുന്നിൽ കണ്ടത് സെൻട്രൽ സ്റ്റാൻഡിൽ ഇരിക്കുന്ന ബുള്ളറ്റിനെയാണ്.

അത് തന്നെ നോക്കി പല്ലിളിക്കുന്ന പോലെ ബഷീറിക്കക്ക് തോന്നി.

ഹെന്റുമ്മാ....... ജിന്ന്

ബഷീറിക്ക ബുള്ളറ്റ് കണ്ട മാത്രയിൽ അലർച്ചയോടെ നിലം പതിച്ചിരുന്നു.

ഒപ്പം ആമിനായുടെ നിലവിളി അവിടെ മുഴങ്ങി.

ഡയറിയിൽ നിന്നും മുഖമുയർത്തിയ സാരംഗി പയ്യെ ഒന്ന് പുഞ്ചിരിച്ചു.

ശേഷം ഡയറി മടക്കി വച്ചു ഭിത്തിയിൽ അനന്തുവിന്റെ ഹാരമിട്ട ഫോട്ടോയിലേക്ക് പാളി നോക്കി.

കൊച്ചു ഗള്ളാ..... കൊള്ളാല്ലോ എന്റെ അനന്തച്ഛൻ....... ശിവജിത്തിനെ നൈസ് ആയിട്ടല്ലേ ലോക്ക് ചെയ്തത്

സാരംഗി ചിരിയോടെ സോഫയിലേക്ക് ചാരിയിരുന്നു.

അന്നേരം കിച്ചണിൽ നിന്നും തട്ടും മുട്ടും ഒക്കെ കേൾക്കുന്നുണ്ട്.

ഇമമ്മ എന്തോ കാര്യമായ പണിയിലാണ്.

സാരംഗിയുടെ നീലകണ്ണുകൾ കിച്ചനിലേക്ക് നീണ്ടു.

ചിക്കൻ ഫ്രൈ ചെയ്യുന്നതിന്റെ സ്മെൽ.

സാരംഗി കൊതിയോടെ ആ സ്മെൽ നാസികയിലൂടെ വലിച്ചെടുത്തു.

അപ്പോഴാണ് അനന്തച്ഛന്റെ ഡയറിയിൽ വായിച്ച ഒരു കാര്യം സാരംഗിയുടെ മനസിലൂടെ പാഞ്ഞത്.

അതായത് സ്വാമിനി മായാമോഹിനി അഥർവ്വന്റെ ട്രങ്ക് പെട്ടിയെ കുറിച്ച് വിവരിച്ച രംഗം.

"പക്ഷിയുടെ തോളിലേറി വരുന്ന നഗ്നനായ യുവാവും കാമപ്പൂവും"

രണ്ടു മൂന്നു തവണ സാരംഗി ആ വരി തന്നെ മനസിൽ ഉരുവിട്ടുകൊണ്ടിരുന്നു.

പെട്ടെന്ന് എന്തോ ഓർത്തതും ഞെട്ടലോടെ സോഫയിൽ നിന്നും ചാടിയെണീറ്റ സാരംഗി ഓടിയോടി വീടിന്റെ ബേസ്മെന്റിൽ എത്തി.

അവിടെയുള്ള സ്റ്റോർ റൂമിൽ എത്തിയ അവൾ അവിടെ കെട്ടി കിടക്കുന്ന പഴഞ്ചൻ സാധനങ്ങൾക്കിടയിൽ എന്തിനോ വേണ്ടി അക്ഷമയോടെ തിരഞ്ഞു കൊണ്ടിരുന്നു.

പൊടുന്നനെ കയ്യിൽ തടഞ്ഞ ട്രങ്ക് പെട്ടി കണ്ടു അവളുടെ കണ്ണുകൾ വിടർന്നു.

ശരീരമാകെ കോരിത്തരിച്ചു.

അത് അഥർവ്വന്റെ ട്രങ്ക് പെട്ടി തന്നെയായിരുന്നു.

അനന്തുവിന്റെ കൈ വശം ഉണ്ടായിരുന്നത്.

അതിലെ പൊടിയൊക്കെ തട്ടി കളഞ്ഞ ശേഷം സാരംഗി അത് തിരിച്ചും മറിച്ചും ഒക്കെ നോക്കി.

അത് തന്നെയാണോ എന്ന് ഉറപ്പിക്കാൻ.

എന്നാൽ ഇത് അത് തന്നെയായിരുന്നു.

സാക്ഷാൽ അഥർവ്വന്റെ ട്രങ്ക് പെട്ടി.

സാരംഗി തിരികെ റൂമിലേക്ക് വന്നു ഡോർ ക്ലോസ് ചെയ്തു.

എന്നിട്ട് ബെഡിൽ വന്നിരുന്നു പെട്ടി തിരിച്ചും മറിച്ചും നോക്കി.

അഥർവ്വന്റെ ചിത്രത്തിലേക്ക് അവൾ ബഹുമാനത്തോടെ നോക്കി.

വീരനായ തോജോന്മനായ ഒരു യുവാവ്.

ആരെയും മോഹിപ്പിക്കുന്ന മുഖകാന്തി.

ചിന്തയോടെ പെട്ടി മറിച്ചു കൊണ്ടു കാമപൂവിനെയും അവൾ ഒരു തവണ നോക്കി.

ആ പെട്ടി തുറന്നു നോക്കാൻ അവൾക്കും ഒരു മോഹമുദിച്ചു.

ഉടനെ തന്നെ റൂമിലെ കട്ടിങ് പ്ലയേറും സിസ്സേഴ്സും ഒക്കെ കണ്ടെത്തി തുറന്നു നോക്കാൻ ഒരു ശ്രമം നോക്കി.

പക്ഷെ നിർഭാഗ്യമെന്ന് പറയട്ടെ തുറക്കുന്നത് പോയിട്ട് അതിനു ഒരു പോറൽ പോലും വരുത്താൻ സാരംഗിക്ക് സാധിച്ചില്ല.

അനന്തുവിന് വശീകരണമന്ത്രം കിട്ടിയ പോലെ തനിക്കും എന്തെങ്കിലും മന്ത്രം കിട്ടിയിരുന്നുവെങ്കിലെന്ന് അവൾ അതിയായി ആഗ്രഹിച്ചിരുന്നു.

പെട്ടി തുറക്കാൻ പറ്റാത്ത ദേഷ്യത്തിൽ പെട്ടിക്കിട്ട് സാരംഗി മുഷ്ടി ചുരുട്ടി ഒരു ഇടി കൊടുത്തതും പെട്ടിയിലെ പുലി നഖം പോലെ കൂർത്ത വസ്തുവിന്റെ ആഗ്രത്തിൽ വിരൽ കൊണ്ടു മുറിഞ്ഞു രക്തം പെട്ടിയില്ക്ക് ധാരയായി ഒഴുകി തുടങ്ങി.

വിരലിൽ ഉണ്ടായ മുറിവിൽ നിന്നും ഒഴുകുന്ന രക്തം കണ്ടു സാരംഗി ഈർഷ്യയോടെ ടിഷ്യു പേപ്പർ കൊണ്ടു വിരൽ പൊത്തി പിടിച്ചതും അവിടെ നടക്കുന്ന അത്ഭുതം കണ്ടു വാ പൊളിച്ചതും ഒരുമിച്ചായിരുന്നു.

പെട്ടിയിൽ ആലേഖനം ചെയ്ത കാമപൂവിനു അനുസൃതമായി സാരംഗിയുടെ രക്തം സഞ്ചരിക്കുവാൻ തുടങ്ങി.

അങ്ങനെ സഞ്ചരിച്ചു അവ ഒന്നു ചേർന്നതും ട്രങ്ക് പെട്ടി ശബ്ദത്തോടെ തുറക്കപ്പെട്ടതും ഒരുമിച്ചായിരുന്നു.

ഒരായിരം പൂത്തിരി കത്തിച്ച സന്തോഷത്തോടെ അനന്തുവിനെ മനസിൽ വിചാരിച്ചുകൊണ്ടു പെട്ടി പതിയെ തുറന്നു.

എന്നാൽ നിരാശയായിരുന്നു ഫലം.

അത് ശൂന്യമായിരുന്നു.

ഒന്നും അവശേഷിച്ചിരുന്നില്ല.

അവിടെ പെട്ടി തുറന്നതും എന്തോ ഒരു പരിമളം സാരംഗിയുടെ മുറിയാകെ വ്യാപിച്ചതും ഒരുമിച്ചായിരുന്നു.

ആ ഗന്ധം ആവോളം നാസികയിലൂടെ അവൾ വലിച്ചെടുത്തു.

ഷ്മ്...... കാമപ്പൂവിന്റെ സ്മെൽ..... വണ്ടർഫുള്

വെറുതെയല്ല കുലശേഖരൻ ഇതിനു പിന്നാലെ നടക്കുന്നത്

കാമപ്പൂവിന്റെ ഗന്ധം അവളിലെ കാമത്തെ പതിയെ തിരയിളക്കി വിടാൻ നേരം അവൾ ചിന്തിച്ചു.

തന്റെ ശരീരത്തിലെ ഓരോ മാറ്റങ്ങളും അവൾ തിരിച്ചറിയൂകയായിരുന്നു.

വികാരങ്ങൾ ബാലപ്പെടുന്നതും അത്യധികം എനർജി ശരീരത്തിൽ വ്യാപിക്കുന്നതും.

സാരംഗി അറിയാതെ വിയർത്തുപോയി.

സാരംഗി നോക്കി നിൽക്കെ ട്രങ്ക് പെട്ടിയിൽ ഒരു നീലവെളിച്ചം പൊടുന്നനെ ഉണ്ടായി.

പൊടുന്നനെ അത് വലുതായി വന്നു ഒരു ചുഴിയായി രൂപാന്തരം പ്രാപിച്ചു.

കണ്മുന്നിൽ കാണുന്നത് സത്യമോ മിഥ്യയോ എന്നറിയാതെ വണ്ടറടിച്ചു ഇരിക്കുകയായിരുന്നു സാരംഗി.

ക്രമേണ ആ ചുഴി വലുതായി വന്നു അത് അതിദ്രുതം സ്വയം കറങ്ങിക്കൊണ്ടിരുന്നു.

അത് നോക്കിക്കൊണ്ടിരിക്കെ സാരംഗിക്ക് തല കറങ്ങുന്ന പോലെ തോന്നി.

പൊടുന്നനെ ആ ചുഴി സാരംഗിയെ അതിനുള്ളിലേക്ക് വലിച്ചെടുത്തു.

സാരംഗി ചുഴിക്കുള്ളിൽ പെട്ടു പോയതും ആ ട്രങ്ക് പെട്ടി താനേ അടഞ്ഞു.

---------------------------------------------------

അങ്ങ് പൂർവദിക്കിൽ വെള്ളച്ചാട്ടത്തിനടിയിൽ ഒരു പാറപ്പുറത്ത് ഇരുന്നു ധ്യാനനിമഗ്നയായി ഇരിക്കുകയായിരുന്നു ദുർമന്ത്രവാദിനി അമാലിക.

പൊടുന്നനെ ധ്യാനത്തിൽ നിന്നും ഞെട്ടിയുണർന്ന അമാലിക അത്യധികം ക്രോധത്തോടെ അണച്ചുകൊണ്ടിരുന്നു.

മിഴികൾ ഇപ്പൊ പൊട്ടി തെറിക്കുമെന്ന വിധത്തിൽ പുറത്തേക്ക് ഉന്തി വന്നു.

ആ സമയം ക്രോധം എന്ന വികാരം അവളിൽ കൊടുംബിരി കൊള്ളുകയായിരുന്നു.

അസംഭവ്യം......... അഥർവ്വന്റെ പെട്ടി സ്വന്തമാക്കാൻ വന്ന എനിക്ക് ധ്യാനത്തിനിടെ തെളിഞ്ഞ നീല കണ്ണുകളുള്ള പെൺകുട്ടിയുടെ മുഖം...... തേജോമയമായ ആരും കണ്ടാൽ കൊതിക്കുന്ന ആ മുഖം ആരുടേതാണ്? അവൾ ഭാവി കാലത്തിൽ ഉള്ളവൾ ആണെന്നാണ് എന്റെ കണികാ ദൈവം എനിക്ക് ചൂണ്ടി തരുന്നത്...... അതിനർത്ഥം ആ പെൺകുട്ടിക്ക് ആ പെട്ടി ലഭിക്കാനിടയായി എന്നല്ലേ? എങ്കിൽ തനിക്ക് സമം ഭാവി കാലത്ത് ആ പെട്ടി എത്തി ചേർന്നിട്ടില്ല എന്നല്ലേ അതിനർത്ഥം? ഒരുപക്ഷെ ആ പെട്ടി തുറക്കാൻ അവൾക്ക് സാധിച്ചുവെങ്കിൽ നിശ്ചയമായും അവൾ അഥർവ്വനുമായി ബന്ധമുള്ളവൾ തന്നെ.

അമാലിക പല്ലിറുമ്മിക്കൊണ്ട് ചാടിയെണീറ്റു.

ശേഷം തന്റെ ഗുഹയിലേക്ക് വേഗത്തിൽ നടന്നു.

അവിടെ ഗുഹയിൽ കണികാ ദൈവത്തിന്റെ പ്രതിഷ്ടക്ക് താഴെ പൂക്കളും കാട്ടു പഴങ്ങളും നിവേദ്യമായി വച്ചിരിക്കുന്നു.

അവിടെ നിർജീവമായ ഹോമകുണ്ഠത്തിനു സമീപം അമാലിക ഇരുന്നു.

അപ്പോഴും അമാലികയുടെ ക്രോധത്തിനു ഒരു ശമനവും വന്നിട്ടില്ലായിരുന്നു.

വലതു മുഷ്ടി ചുരുട്ടി പിടിച്ചു നെഞ്ചോട് ചേർത്ത് തള്ള വിരൽ ഉയർത്തി അമാലിക മന്ത്രം ജപിച്ചതും ഹോമ കുണ്ഠത്തിൽ അഗ്നി തെളിഞ്ഞു.

ആ അഗ്നിയിലേക്ക് നോക്കിയിരുന്ന അമാലികയുടെ ഇടത് കയ്യിൽ കഠാര തെളിഞ്ഞു വന്നു.

ആ കഠാരയുടെ മൂർച്ചയുള്ള അറ്റം കൊണ്ടു വലത് കൈയ്യിലെ തള്ള വിരലിൽ മുറിവേൽപ്പിച്ച ശേഷം അതിൽ നിന്നുമൊഴുകുന്ന രക്ത തുള്ളികൾ ഒന്നൊഴിയാതെ ധാരയായി അഗ്നിയിലേക്ക് സമർപ്പിച്ചു.

ശേഷം കൈ വിരലുകളിൽ ചിന്മുദ്ര പ്രകടിപ്പിച്ചു മിഴികൾ പൂട്ടി വച്ചു മന്ത്രോച്ചാരണം തുടങ്ങി.

തന്റെ മൂർത്തിയെ പ്രസാധിപ്പിക്കുവാനായി.

അമാലികയുടെ നിത്യ ഭക്തിയിൽ എന്നും സംപ്രീതനായ കണികാ ദൈവമെന്ന ദുർ മൂർത്തി അവൾക്ക് മുന്നിൽ പ്രത്യക്ഷനായി.

ഭക്തെ.......നിന്റെ അർപ്പണത്തിലും ഭക്തിയിലും എന്നും നാം സംപ്രീതനായിട്ടല്ലേ ഉള്ളൂ...... ഇന്ന് നാം വീണ്ടും നിനക്ക് ദർശനം നൽകുന്നു.

കണികാ ദൈവത്തിന്റെ അശരീരി തന്റെ കാതിൽ എത്തിയതും അമാലിക മനോഹരമായ പുഞ്ചിരിയോടെ മിഴികൾ തുറന്ന് നോക്കി.

അവിടെ വേടന്റെ വേഷത്തിൽ പുലി തോലുമുടുത്ത് കയ്യിൽ ഒരു ശൂലവും മറു കയ്യിൽ കാട്ടു പൊത്തിന്റെ അറുത്ത തലയുമായി കണിക ദൈവം പ്രത്യക്ഷമായി.

തന്റെ ആരാധന മൂർത്തിയെ കണ്ടതും അമാലിക ഭാവ്യതയോടെ വണങ്ങി.

പറഞ്ഞാലും..... എന്താണ് നമ്മുടെ ഭക്തയുടെ മനസിനെ അലട്ടുന്ന സംഘർഷങ്ങൾ

മൂർത്തേ....... ധ്യാനത്തിൽ നിമഗ്നയായിരിക്കെ ചില ദുസൂചനകൾ നിഴൽ ചിത്രങ്ങൾ പോലെ ഉൾക്കാഴ്ചയിൽ തെളിഞ്ഞു വന്നു..... എന്താണ് അതിന്റെ അർത്ഥം? പറഞ്ഞു തന്നാലും.

അമാലിക ദൃഢ സ്വരത്തിൽ ആവശ്യപ്പെട്ടു.

വരാൻ പോകുന്ന അനിഷ്ട സംഭവങ്ങൾക്കുള്ള സൂചനകളാണ് നാം നിനക്ക് തന്നത്...... നിന്റെ കർമങ്ങളിൽ എവിടൊക്കെയോ പിഴകൾ സംഭവിച്ചു...... നിന്നിൽ നിന്നും ആ പെട്ടി അകന്നു പോകുവാനാണ് സാധ്യത

കണികാ ദൈവം നിർവികാരതയോടെ പറഞ്ഞു.

എവിടെയാണ് നമുക്ക് പിഴച്ചു പോയത്?

അതു കേട്ടതും അമാലിക അക്ഷമയോടെ ചോദിച്ചു.

അഥർവ്വനെ കണ്ടെത്തുന്നതിൽ..... ബാല്യരൂപത്തിലുള്ള അഥർവ്വന്റെ പുനർജന്മത്തെ നീ കണ്ടെത്തിയിരുന്നുവെങ്കിൽ നിഷ്പ്രയാസം നിനക്ക് അവനെ വധിക്കാമായിരുന്നു..... എങ്കിൽ നിന്റെ പരമമായ ലക്ഷ്യം നിന്നെ തേടി വന്നിരുന്നേനെ...... എന്നാൽ അഥർവ്വൻ യുവാവായി പരിണമിച്ചപ്പോഴാണ് നീ അവനെ കണ്ടെത്തുന്നത്..... ഇനി അഥർവ്വനെ കീഴ്പ്പെടുത്തുക അസാധ്യം

കണികാ ദൈവം പറയുന്നത് കേട്ട് അമാലികയുടെ മുഖം ചുളിഞ്ഞു.

പരിഭവിക്കണ്ട പ്രിയ ഭക്തെ....... സ്വപ്ന ദർശനത്തിൽ നീ കണ്ട ആ നീലമിഴികൾക്കുടമ അത് മറ്റാരുമല്ല അത് അഥർവ്വന്റെ പുത്രിയുടെ പുനർജ്ജന്മം തന്നെയാണ്...... കഴിഞ്ഞ കാലഘട്ടത്തിൽ മരതക കാട്ടിൽ വച്ചു നീ ക്രൂരമായി കൊലപ്പെടുത്തിയ അഥർവ്വന്റെ പുത്രി.

കണികാ ദൈവം പറയുന്നത് കേട്ട് ഒന്നു ഞെട്ടിയെങ്കിലും അമാലിക അത് പുറത്ത് പ്രകടിപ്പിച്ചില്ല.

ഈ പുനർജ്ജന്മത്തിന്റെ ജന്മോദ്ദേശ്യം നമ്മെ വധിക്കുക എന്നതാണോ?

തീർച്ചയായും..... നമ്മുടെ പ്രിയ ഭക്തയുടെ അന്ത്യം തന്നെയാണ് അവർ ഇരുവരുടെയും പരമമായ ലക്ഷ്യം.

നാം എങ്ങനെ അഥർവ്വനെ ചെറുത്തു നിൽക്കും?ഈ മൃഗീയമായ വനത്തിൽ നിന്നും നമുക്ക് മോക്ഷം നൽകൂ മൂർത്തേ..... അഥർവ്വനെ നാം ഇപ്പൊ തന്നെ സംഹാരിക്കാം

അമാലിക ആവേശത്തോടെ പറഞ്ഞു.

അമളി പറയാതെയും പ്രവർത്തിക്കാതിരിക്കുകയും ചെയ്യുക എന്റെ പ്രിയ ഭക്തെ...... അഥർവ്വനോളം നീ ശക്തിയാർജിക്കണമെങ്കിൽ നാം നിർദേശിച്ച പോലെ 1000 പുരുഷന്മാരുമായി രതി വേഴ്ചയിൽ ആറാടി അവരെ വധിച്ച് നിന്റെ പൂർവ ജന്മ ശക്തികളെ തിരികെ സ്വയത്തമാക്കൂ......1000 പുരുഷന്മാർക്ക് തതുല്യമായ ബലം, കഴിവ്, കാഴ്ച്ച, ഘ്രാണ ശക്തി, ബുദ്ധിശക്തി,കാമം എന്നിവയാണ് അഥർവ്വനിൽ ഉള്ളത്...... അങ്ങനെയുള്ള അഥർവ്വനെ കീഴ്പ്പെടുത്തുക അത്ര നിസാരമല്ല..... ആയിരം പുരുഷന്മാരെ നീ എന്നാണോ വധിക്കുന്നത് അന്ന് മാത്രമേ നീയും അഥർവ്വനോട് ഏറ്റു മുട്ടാൻ പ്രാപ്തയാവുകയുള്ളൂ..... ഓർക്കുക തുല്യ ശക്തികളുള്ള നിങ്ങളിരുവരും പോരാടിയാൽ ഇരുവർക്കും മരണം സുനിശ്ചിതം..... എന്നാൽ കാമത്തിലൂടെ അവനെ വശീകരിച്ചു കീഴ്പ്പെടുത്തിയാൽ അഥർവ്വനെ നിഷ്പ്രയാസം വധിക്കുവാൻ സാധിക്കും...... അതോടെ നിനക്ക് ആ ലക്ഷ്യത്തിൽ എത്തിച്ചേരാനുമാകും അത് സ്വന്തമാക്കുവാനുമാകും.

കണികാ ദൈവത്തിന്റെ ദീർഘ വീക്ഷണം കേട്ട് അമാലികയ്ക്ക് അദ്ദേഹത്തോട് കൂടുതൽ ആരാധന തോന്നിപ്പോയ നിമിഷമായിരുന്നു അത്.

എല്ലാം നമ്മുടെ പദ്ധതി പ്രകാരമേ നടക്കുകയുള്ളൂ....... അന്തിമവിജയം നമുക്ക് തന്നെ

അമാലികയുടെ അട്ടഹാസം ആ ഗുഹയിലാകെ പ്രതിധ്വനിച്ചു.

പൂർവ ജന്മത്തിൽ ആരുമറിയാതെ നീ മറവ് ചെയ്ത അഥർവ്വന്റെ അർദ്ധ കായ ആത്മാവിനെ നീ കണ്ടെത്തിയോ?

കണികാ ദൈവത്തിന്റെ ചോദ്യം കേട്ടതും പൊടുന്നനെ അമാലികയുടെ ചിരി നിന്നു.

മുഖം മങ്ങി.

പരിഭവിക്കണ്ട പ്രിയ ഭക്തെ.......മറ്റൊരു കാര്യം കൂടി നാം ഉണർത്താം.....1000 പുരുഷന്മാരെ കീഴ്പ്പെടുത്തിയാൽ മാത്രമേ നിന്നിൽ മറഞ്ഞിരിക്കുന്ന പൂർവ ജന്മ സ്മൃതികൾ പുക മറയ്ക്കുള്ളിൽ നിന്നും വെളിയിൽ വരുകയുള്ളു..... എങ്കിൽ മാത്രമേ നിനക്ക് അഥർവ്വന്റെ അർദ്ധ കായ ദുരാത്മാവിനെ കണ്ടെത്തുവാൻ സാധിക്കൂ..... അഥർവ്വൻ അത് തേടി കണ്ടെത്തുന്നതിന് മുൻപ് അതിനെ നശിപ്പിക്കുവാൻ നിനക്ക് കഴിഞ്ഞാൽ കഴിഞ്ഞാൽ എന്റെ പ്രിയ ഭക്തക്ക് വിജയം സുനിശ്ചിത്തം..... പരാജയമാണെങ്കിലോ മരണവും.

കണികാ ദൈവം ഒരു ഓർമപ്പെടുത്തൽ പോലെ പറഞ്ഞു.

അത് കേട്ടതും അമാലിക ഭക്തിയോടെ തന്റെ ആരാധന മൂർത്തിയെ ഒന്നു കൂടി വണങ്ങി.

വിജയം തനിക്ക് ആവിർഭവിക്കുവാനായി.

---------------------------------------------------

കണ്ണുകൾ പയ്യെ തുറന്ന സാരംഗി ചുറ്റും ഒന്നു കണ്ണോടിച്ചു നോക്കി.

താനിപ്പോ ഏതോ ഒരു മുറിയിൽ കിടക്കുകയാണ്.

അവൾ പയ്യെ എഴുന്നേറ്റിരുന്നു.

ആ മുറിയിൽ നന്നേ ഇരുട്ടായിരുന്നു.

സാരംഗി പയ്യെ എഴുന്നേറ്റു.

നല്ല തലവേദനയുണ്ടായിരുന്നു അവൾക്ക്.

മുറിയിലെ വാതിൽ തപ്പി പിടിച്ചു സാക്ഷ തുറന്ന് അവൾ പുറത്തേക്കിറങ്ങി.

ഏതോ ഒരു വലിയ വീടിന്റെ കോലായിൽ ആണ് സാരംഗി ഇപ്പൊ നിൽക്കുന്നത്.

അവൾ ഒന്നും മനസിലാവാതെ ചുറ്റും നോക്കി.

മുത്തശ്ശാ..... ഞാൻ ശങ്കുണ്ണി ചേട്ടനെ കണ്ടിട്ട് വരാം

വീടിന്റെ ഉള്ളിൽ നിന്നും ആരുടെയോ ശബ്ദം കേട്ടതും സാരംഗി ഭയപ്പാടോടെ അവിടെ കണ്ട ഒരു തൂണിന്റെ പിന്നിൽ പോയി ഒളിച്ചു.

ഏതോ കാലടികൾ കേട്ട് അതാരാണെന്ന് അറിയാൻ ഒളിഞ്ഞു നോക്കിയ സാരംഗിയുടെ കണ്ണുകൾ വിറച്ചു.

നെഞ്ചിലൂടെ ഒരു കൊള്ളിയാൻ മിന്നി.

ഉടൽ ആകെ കോരിത്തരിച്ചു.

അനന്തച്ഛൻ

സാരംഗിയുടെ വിറയ്ക്കുന്ന അധരങ്ങൾ മന്ത്രിച്ചു.

സാരംഗി തന്റെ ജീവിതത്തിൽ ആദ്യമായി അനന്തുവിനെ കാണുകയായിരുന്നു.

അതും നേരിട്ട്.

ഇതൊരു സ്വപ്നമാണോ അതോ മിഥ്യയാണോ എന്ന് വരെ അവൾ ശങ്കിച്ചുപോയി.

കോലായിലൂടെ ഇറങ്ങിപോകുന്ന അനന്തുവിൽ തന്നെയായിരുന്നു സാരംഗിയുടെ കണ്ണുകൾ.

അനന്തുവിന്റെ നീലകണ്ണുകൾ കണ്ടതും സാരംഗിയുടെ ചൊടികളിൽ പുഞ്ചിരി വിടർന്നു.

ഇമമ്മ എന്നും പറയാറുണ്ട് അനന്തച്ഛന്റെ നീല കണ്ണുകളാണ് തനിക്ക് കിട്ടിയതെന്ന്

സാരംഗി ആലോചിക്കവേ അനന്തു ജീപ്പിലേക്ക് കയറി അവിടെ നിന്നും യാത്രയായി.

തൂണിന്റെ മറവിൽ നിന്നും പുറത്തു വന്ന സാരംഗി ആലോചിക്കുകയായിരുന്നു.

എന്ത് ഗ്ലാമറാ എന്റെ അനന്തച്ഛനെ കാണാൻ

സാരംഗിയുടെ മുഖം സന്തോഷം കൊണ്ടു ചുവന്നു തുടുത്തിരിക്കുകയായിരുന്നു.

അവൾ ആ വീടിന്റെ മുറ്റത്തേക്ക് ഇറങ്ങി തിരിഞ്ഞു നോക്കി.

പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന തേവക്കാട്ട് മന.

അപ്പോഴാണ് സാരംഗി ഒരു കാര്യം മനസിലാക്കുന്നത്.

തനിപ്പോൾ ഉള്ളത് തന്റെ തറവാട്ടിലാണ്.

ദി ഗ്രേറ്റ് ഗ്രേറ്റ് തേവക്കാട്ട് മന

സാരംഗി ആവേശത്തോടെ കൂക്കി വിളിച്ചു.

ഒപ്പം ആർപ്പ് വിളിച്ചു.

പെട്ടെന്നാണ് അവൾക്ക് സ്വബോധം തിരികെ വന്നത്.

ഈ കാണുന്നതൊക്കെ എന്താണ്?

സ്വപ്നമോ അതോ ഇല്ല്യൂഷനോ?

ഇനി താൻ വർഷങ്ങൾ പിന്നില്ലേക്ക് ടൈം ട്രാവൽ ചെയ്തോ?

അതോർത്തപ്പോ തന്നെ അവൾക്ക് കുളിരു കോരി.

അനന്തച്ചന്റെ ദേശം ഗ്രാമത്തെ പറ്റിയും തേവക്കാട്ട് മനയെ പറ്റിയും ഇമമ്മയിലൂടെ കേട്ടറിഞ്ഞ കുറെ അറിവുകൾ മാത്രമേ ഉള്ളൂ.

ഇന്നിതാ താൻ ജീവിതത്തിൽ ആദ്യമായി ഇതൊക്കെ കാണുന്നു.

അനുഭവവേദ്യമാവുന്നു

നോ വേർഡ്‌സ്

സാരംഗി ചിന്തിച്ചു കൂട്ടവേ കോലായിലേക്ക് അഞ്ജലി വീൽ ചെയറിൽ കടന്നു വന്നു.

വാവ്....... അഞ്ജലിയാന്റി....... വാട്ട് എ പ്ളസന്റ് സർപ്രൈസ്

സാരംഗി ആശ്ചര്യത്തോടെ വായ് പൊത്തി പിടിച്ചു.

ഹൌ ക്യൂട്ട്

സാരംഗി ചിരിയോടെ അഞ്ജലിയെ നോക്കി.

കോലായിലെ ചാരു കസേരയിൽ കിടന്ന പത്രമെടുത്ത് അഞ്ജലി തിരികെ അകത്തളത്തിലേക്ക് കയറി.

പിന്നാലെ സാരംഗിയും.

ആ മന മുഴുവനും സാരംഗി ചുറ്റി കാണുവാൻ തുടങ്ങി.

അവളെ ആർക്കും കാണുവാൻ സാധിക്കില്ലായിരുന്നു.

എന്നാൽ അവളുടെ കാര്യത്തിൽ അത് നേരെ തിരിച്ചുമായിരുന്നു.

അങ്ങനെ നടക്കവേ പെട്ടെന്ന് അവൾ ഓർത്തു.

ഇപ്പൊ അനന്തച്ചൻ എവിടെയെത്തി കാണും?

അങ്ങനെ ചിന്തിച്ചുകൊണ്ട് സാരംഗി കണ്ണടച്ച് തുറന്നതും സംഭവിച്ച മാറ്റങ്ങൾ കണ്ടു അവൾക്ക് ഹാർട്ട് അറ്റാക്ക് വന്നില്ലെന്നേയുള്ളൂ.

ഇപ്പൊ സാരംഗി ഉള്ളത് ഒരു ജീപ്പിന്റെ കോ ഡ്രൈവർ സീറ്റിൽ ആണ്.

ഡ്രൈവിംഗ് സീറ്റിൽ ആരാണെന്ന് അറിയാൻ അവൾ മുഖം ചരിച്ചു നോക്കി.

അത് അനന്തു ആയിരുന്നു.

കാര്യമായ ഡ്രൈവിങ്ങിലാണ് കക്ഷി.

ഇടയ്ക്കിടെ ഘട്ടറിൽ വീഴുമ്പോൾ സാരംഗിയുടെ കുണ്ടി നല്ല രീതിയിൽ വേദനയെടുത്ത് തുടങ്ങി.

അവൾ അറിയാതെ കുണ്ടി തടവിക്കൊണ്ട് അമേരിക്കയിലെ മനോഹരമായ റോഡുകൾ ഓർത്തു പോയി.

എന്നിട്ട് സാരംഗി ചിരിയോടെ അനന്തുവിനെ നോക്കി.

അനന്തച്ചാ

അവൾ പ്രതീക്ഷയോടെ വിളിച്ചു.

എന്നാൽ അനന്തു അതൊന്നും കേൾക്കുന്നില്ലായിരുന്നു

അത് കണ്ടതും അവളുടെ മുഖം വാടി.

ഒരു ഊട് വഴിക്ക് മുന്നിൽ ജീപ്പ് നിർത്തിവച്ച ശേഷം അനന്തു ആ വഴിയിലൂടെ കേറി തുടങ്ങി.

സാരംഗി എല്ലാ പ്രതീക്ഷകളുമറ്റ പോലെ ജീപ്പിൽ തന്നെയിരുന്നു.

അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

തന്നെ ആർക്കും കാണുവാനും കേൾക്കുവാനും സാധിക്കാത്തതിൽ.

അങ്ങനെ ഇരിക്കവേ പൊടുന്നനെ അവൾ ഓർത്തു.

ഡയറിയിൽ ഉള്ള പ്രകാരം ഇപ്പോഴല്ലേ അനന്തച്ഛൻ കാര്യസ്ഥൻ ശങ്കുണ്ണി ചേട്ടനെ കാണാൻ വന്നത്? അപ്പൊ ഇപ്പോഴാണോ കുലശേഖരന്റെ ദുർഭൂതം അനന്തച്ഛനെ പ്രഹരിക്കുന്നത്? പാവം എന്റെ അച്ഛൻ എവിടെയാണോ ആവോ?

നെഞ്ചിലൂടെ ഒരു കൊള്ളിയാൻ പാഞ്ഞതും സാരംഗി ജീപ്പിൽ നിന്നും ചാടിയിറങ്ങുവനായി തുനിഞ്ഞു.

കണ്ണൊന്നു ചിമ്മി തുറന്നതും മുന്നിലുള്ള കാഴ്ച കണ്ടു അവൾ ഭയന്നു.

സാരംഗി ഇപ്പൊ ഒരു വലിയ മരത്തിന്റെ ചില്ലയിൽ ഇരിക്കുകയാണ്.

ഏതോ പേരറിയാത്ത മരത്തിന്റെ ചില്ലയിലിരുന്ന് അവൾ തെല്ലോന്ന് ഭയന്നു.

അവൾ താഴെ വീഴാതിരിക്കാൻ ആ ചില്ലയിൽ പിടിച്ചിരിക്കുമ്പോഴാണ് അനന്തു ആ വഴി വരുന്നത് അവൾ കാണുന്നത്.

അവൾ പ്രതീക്ഷിച്ച പോലെ തന്നെ കുലശേഖരന്റെ ദുർ ഭൂതം നടന്നു വരികയായിരുന്ന അനന്തുവിനെ പിന്നിൽ നിന്നും പ്രഹരിച്ചു വീഴ്ത്തി.

അത് കണ്ടു അടിമുടി വിറച്ച അവൾ പല്ലിറുമ്മിക്കൊണ്ട് ചില്ലയിൽ ആഞ്ഞിടിച്ചു.

അനന്തുവിനെയും കൊണ്ടു ആകാശത്തേക്ക് ഉയർന്ന ദുർ ഭൂതത്തെ കണ്ടു അവൾ ഒന്നു അമ്പരന്നെങ്കിലും ആ ഭൂതത്തിന്റെ കയ്യിൽ കിടന്ന് പിടയുന്ന അനന്തുവിനെ കണ്ടു അവളുടെ നെഞ്ചു പിടഞ്ഞു.

കണ്ണുകൾ നിറഞ്ഞൊഴുകി.

അനന്തച്ഛനെ രക്ഷിക്കാനായി അവൾ ചില്ലയിൽ നിന്നും താഴേക്ക് ചാടാനൊരുങ്ങിയതും ആ ചില്ലക്ക് അടിയിലൂടെ ഒരു വലിയ കരിനാഗം ധൃതിയിൽ ഇഴഞ്ഞു പോകുന്നത് കണ്ടു സാരംഗി ശ്വാസമടക്കി പിടിച്ചിരുന്നു.

ഇതാണ് ആ ഡയറിയിൽ കണ്ട വൈര നാഗം എന്ന് അവൾ മനസിലാക്കി.

അനന്തുവിനെ നാഗം രക്ഷിക്കുന്നതും ദുർഭൂതത്തിന് മോക്ഷം നൽകുന്നതും ലൈവ് ആയി കണ്ട ശേഷം ആശ്വാസത്തോടെ സാരംഗി മരത്തിന്റെ ചില്ലയിലൂടെ പിടിച്ചു ഇറങ്ങുകയായിരുന്നു.

ഈ സമയം അനന്തു പോകുന്നത് മരത്തിന്റെ ചില്ലയിൽ തൂങ്ങി കിടന്ന് വീക്ഷിച്ചുകൊണ്ടിരുന്ന വൈര നാഗം പയ്യെ ഫണം താഴ്ത്തി താഴേക്ക് നോക്കി.

താനിരിക്കുന്ന ചില്ലയ്ക്ക് കീഴെയിലൂടെ ഊർന്നിറങ്ങുന്ന സാരംഗിയെ തന്നെ വൈരനാഗം വീക്ഷിക്കുകയായിരുന്നു.

സാരംഗിയെ കണ്ട മാത്രയിൽ വൈരനാഗത്തിന്റെ വൈരകണ്ണുകൾ മാതൃ വാത്സല്യത്താൽ തിളങ്ങി.

അനന്തുവിനെ ദർശിച്ച പോലെ.

എന്നാൽ സാരംഗി ഇതൊന്നും അറിഞ്ഞിരുന്നില്ല

മരത്തിൽ നിന്നും ഊർന്നിറങ്ങിയ ശേഷം എത്രയും വേഗം അവിടുന്ന് രക്ഷപ്പെടണം എന്ന ചിന്ത മാത്രമേ അവളിൽ ഉണ്ടായിരുന്നുള്ളു.

ആ കാടിനുള്ളിൽ നിന്നും പുറത്ത് കടന്നപ്പോഴാണ് അവൾക്ക് സമാധാനമായത്.

ആ കരിനാഗത്തെ കണ്ടപ്പോൾ തന്നെ സാരംഗി നന്നേ ഭയന്നു വിറച്ചിരുന്നു.

ഒരുവേള തന്റെ ശ്വാസം നിലച്ചു പോകുമോ എന്ന് പോലും അവൾ ഭയപ്പെട്ടിരുന്നു.

നല്ല ക്ഷീണവും ദാഹവും അവൾക്ക് തോന്നി.

എല്ലാവരെയും താൻ കണ്ടു..... ഇനി തന്റെ ഇമമ്മയെ കൂടി എപ്പോഴാ കാണുക?

സാരംഗിയ്ക്ക് അതും ആഗ്രഹിച്ചുകൊണ്ട് വലതു കാൽ മുന്നോട്ട് വച്ചതേ ഓർമയുള്ളു.

മുന്നിലുള്ള കാഴ്ച്ച കണ്ടു അവൾ ഞെട്ടിപ്പോയി.

സാരംഗി ഇപ്പൊ ഏതോ ഒരു കൊച്ചു വീടിനു മുന്നിലാണ്.

ഓടിട്ട അൽപം പഴക്കമുള്ള ഒരു വീട്.

വീടിന്റെ ഇടത് വശത്തായി വേലിയോട് ചേർന്നു ഒരു കോഴിക്കൂട് കാണാം.

മുറ്റത്ത് ചിക്കി നടക്കുന്ന കോഴികുഞ്ഞുങ്ങളെ കണ്ടു സാരംഗിക്ക് അശ്ചര്യം തോന്നി.

അവയെ ഒന്നു തൊടാനും പിടിക്കാനും അവൾക്ക് കൊതിയായി.

വീടിന്റെ പിന്നാമ്പുറത്ത് നിന്നും ആടിന്റെ കരച്ചിൽ കേട്ടതും സാരംഗിക്ക് കൂടുതൽ അത്ഭുതം തോന്നി.

താനിപ്പോ എവിടെയാ വന്നു പെട്ടിരിക്കുന്നത് എന്നറിയാനായി അവൾ ചുറ്റും നോക്കി.

അപ്പോഴാണ് ആ കൊച്ചു വീട്ടിൽ നിന്നും ഒരു പെൺകുട്ടി കയ്യിൽ ചായ ഗ്ലാസ്സുമായി വീടിന്റെ പുറത്ത് വന്നിരുന്നത്.

ആ പെൺകുട്ടിയെ കണ്ടതും സാരംഗിയുടെ കണ്ണുകൾ വിടർന്നു.

അത് മറ്റാരുമായിരുന്നില്ല.

അരുണിമ തന്നെയായിരുന്നു.

സാരംഗിയുടെ ഇമമ്മ.

തന്റെ അമ്മയെ ഒരു നോക്ക് കണ്ടതും സാരംഗിയുടെ കണ്ണുകൾ ഈറനണിഞ്ഞു.

അവൾ കണ്ണുകൾ പയ്യെ തുടച്ചുകൊണ്ട് മനസിൽ ഓർത്തു.

അമ്മക്ക് എങ്കിലും തന്നെ കാണാൻ പറ്റിയിരുന്നെങ്കിൽ?

ഊറി വരുന്ന മിഴിനീർ തുള്ളികളെ പാടെ അവഗണിച്ചുകൊണ്ട് അവൾ തല താഴ്ത്തി.

ആരാ?

അരുണിമയുടെ ശബ്ദം കേട്ട് സാരംഗി മുഖമുയർത്തി നോക്കി.

അരുണിമയുടെ പൂച്ചക്കണ്ണുകൾ സാരംഗിക്ക് നേരെയായിരുന്നു.

സാരംഗി ഒന്നു ഞെട്ടിയെങ്കിലും ശങ്കയോടെ പിന്നിലേക്ക് തിരിഞ്ഞു നോക്കി.

മാറ്റാരെയേലും വിളിക്കുന്നതാണോ എന്നറിയാൻ

എന്നാൽ അവിടെ ആരും തന്നെ ഉണ്ടായിരുന്നില്ല.

എന്താ കുട്ടി ഇവിടെ? ആരെ കാണാൻ വന്നതാ?

അരുണിമ വീണ്ടും ചോദ്യം ആവർത്തിച്ചു.

എന്നോടാണോ?

സാരംഗി സംശയത്തോടെ സ്വന്തം മാറിലേക്ക് വിരൽ ചൂണ്ടി.

ഷ്മ് തന്നോട് തന്നെ.

അരുണിമ പറയുന്നത് കേട്ട് സാരംഗിക്ക് തുള്ളി ചാടാൻ തോന്നി.

അപ്പൊ തനിക്ക് ഈ ലോകത്തുള്ളവരോട് സംസാരിക്കാൻ പറ്റുമെന്നത് അവൾക്കൊരു പുതിയ അറിവായിരുന്നു.

എന്റെ പ്....... പ്.......പേര് സാരംഗി..... ഒരുപാട് ദൂരെ നിന്നും വരുന്നതാ...... എനിക്ക് കുറച്ചു വ്....... വെള്ളം തരാമോ

എങ്ങനൊക്കെയോ അവൾ പറഞ്ഞൊപ്പിച്ചു.

അത് കേട്ടതും അരുണിമ സംശയത്തോടെ തലയാട്ടിക്കൊണ്ട് ഉള്ളിലേക്ക് പോയി.

അല്പം കഴിഞ്ഞതും കയ്യിലൊരു മൊന്ത നിറയെ വെള്ളവുമായി അവൾ തിരികെയെത്തി.

ദാ വെള്ളം

അരുണിമ നീട്ടിയ മൊന്ത വാങ്ങി അവൾ ആർത്തിയോടെ അതിലുള്ള വെള്ളം കുടിച്ചു തീർത്തു.

അരുണിമയുടെ കയ്യിൽ നിന്നുമാകയാൽ അത് ഇച്ചിരി സ്പെഷ്യൽ ആണെന്ന് സാരംഗിക്ക് തോന്നി.

മോളിവിടെ ആരെ കാണാൻ വന്നതാ?

ഹാളിലേക്ക് വന്ന ആശ കയ്യിലെ നനവ് മുന്താണിയിൽ തുടച്ചുകൊണ്ട് ചോദിച്ചു.

അത് പ്......പിന്നെ........ ഞാൻ...... ഇവിടെ..... ഇമമ്മ....... സോറി ഞാൻ തേവക്കാട്ട് മനയിലേക്കുള്ള വഴിയാ

സാരംഗി പയ്യെ പറഞ്ഞു.

ഉവ്വോ? അവിടെ ആരെ കാണാനാ?

ആശ ചോദിച്ചതും സാരംഗി വീണ്ടും കുഴഞ്ഞു.

എന്തു പറയുമെന്ന ശങ്കയിൽ.

അത് പിന്നെ ഞാൻ അവിടെയുള്ള അനന്തുവിനെ കാണാൻ വന്നതാ

സാരംഗിയുടെ നാവിൽ നിന്നും അറിയാതെ അനന്തുവെന്ന് വീണു.

മുന്നിൽ നിൽക്കുന്ന പെൺകുട്ടി അനന്തു എന്ന് പറയുന്നത് കേട്ട് അരുണിമയുടെ പൂച്ചകണ്ണുകൾ പ്രണയം കൊണ്ടു വിടരുകയും കവിളുകൾ ചുവക്കുകയും ചെയ്തു.

ഓഹ് അവിടുത്തെ കാര്യസ്ഥന്റെ മകൻ അല്ല?

കാര്യസ്ഥൻ?

സാരംഗി ഒന്നും മനസിലാവാതെ മുഖം ചുളിച്ചു.

അപ്പോഴാണ് ഒരു കാര്യം അവൾ ഓർത്തത്.

ഇമമ്മയോട് അനന്തച്ഛൻ തേവക്കാട്ട് മനയിലെ അംഗമാണെന്ന് പറയാതെ അവിടുത്തെ കാര്യസ്ഥന്റെ മകനാണെന് പറഞ്ഞത്.

ഹാ അത് തന്നെ

സ്വബോധത്തിലേക്ക് തിരികെ വന്ന അവൾ ശരിയാണെന്ന മട്ടിൽ തലയാട്ടി.

അരുണിമ സാരംഗിയുടെ നീലകണ്ണുകളും ചിരിയും വർത്തമാനവും ഒക്കെ ശ്രദ്ധിക്കുകയായിരുന്നു.

ആ കണ്ണുകൾക്ക് അനന്തുവിന്റെ കണ്ണുകളുമായി നല്ല സാമ്യം അവൾക്ക് തോന്നി.

പിന്നെ സാരംഗിയെ കാണുന്തോറും ഉള്ളിന്റെ ഉള്ളിൽ ഉടലെടുക്കുന്ന പേരറിയാത്ത ഒരു തരം വികാരവും.

തലയൊന്ന് പെരുത്തതും അരുണിമ ഒന്നു നെടുവീർപ്പെട്ടു.

കണ്ടാൽ 15 വയസോളം പ്രായം തോന്നിക്കുന്ന ചുരുണ്ട മുടിയിഴകളുള്ള ആ കൊച്ചു പെണ്ണിനെ കണ്ടതും ആ തേജോമയമായ മുഖം ദർശിച്ചതും അനന്തുവിനോട് മുഖസാദൃശ്യമാണ് അരുണിമയ്ക്ക് തോന്നിയത്.

ഒപ്പം കരകവിഞ്ഞൊഴുകുന്ന വാത്സല്യവും

അരുണിമയുടെ മാറുന്ന ചില മുഖ ഭാവങ്ങൾ കണ്ടു പൊട്ടി ചിരിക്കാനാണ് സാരംഗിയ്ക്ക് തോന്നിയത്.

ആശയും സാരംഗിയുടെ കുസൃതികൾ ആസ്വാദന ത്വരയോടെ താടിക്ക് കയ്യും കൊടുത്തുകൊണ്ട് നോക്കി കാണുകയായിരുന്നു.

തേവക്കാട്ട് മനയിലേക്കുള്ള വഴി?

സാരംഗി അവരോടായി ചോദിച്ചു.

ഇവിടുന്ന് ദേശം നാല്കവലയിലേക്ക് പോണം...... അവിടുന്ന് ആരോട് ചോദിച്ചാലും വഴി പറഞ്ഞു തരും.... കവലയിലേക്കുള്ള വഴി അറിയുമോ?

ആശയുടെ ചോദ്യത്തിനു മറുപടിയായി അവൾ അറിയാമെന്ന മട്ടിൽ തലയാട്ടി.

ഓക്കേ ഫൈൻ...... വെള്ളം തന്നതിന് താങ്ക്സ് എ ലോട്ട്

ആശയെ നോക്കി സാരംഗി പറഞ്ഞു.

അതിനു ശേഷം സാരംഗി ഓടി വന്നു അരുണിമയെ വാരി പുണർന്നു.

അതോടൊപ്പം തന്നെ അവളുടെ പവിഴാധരങ്ങൾ അരുണിമയുടെ കവിളിൽ മുത്തമിട്ടിരുന്നു.

ലവ് യൂ ഇമമ്മ

അരുണിമയുടെ ചെവിയിൽ അങ്ങനെ അലറിയ ശേഷം സാരംഗി തിരിച്ചോടി.

അവൾ ഉമ്മ വച്ചതിന്റെ ഷോക്കിൽ നിൽക്കുകയായിരുന്നു അരുണിമ അന്നേരം.

അന്ന് ആദ്യമായി അവളിലെ മാതൃത്വം ഉണർന്നു.

പേര് അറിയാത്ത ഏതോ ഒരു വികാരത്തിന് അവൾ അടിമപ്പെട്ടു.

അരുണിമയുടെ മാറിടം അറിയാതെ വിങ്ങി.

അപ്പോഴും ഓടിയകലുന്ന സാരംഗിയിൽ ആയിരുന്നു അരുണിമയുടെ മിഴികൾ

ഓടുന്നതിനിടെ സാരംഗി അറിയാതെ ഓർത്തുപോയി.

എന്റെ പ്രകൃതി പരമ്പരകളെ ഈ മായാ ലോകത്ത് നിന്നും തന്നെ ഒന്നു രക്ഷിച്ചിരുന്നെങ്കിൽ.

അതും പറഞ്ഞു കൊണ്ടു കണ്ണു ചിമ്മി തുറന്നതും സാരംഗി ഇപ്പൊ ഒരു റൂമിൽ ഇരിക്കുകയായിരുന്നു.

ഇനി ഇതേത് വള്ളിക്കെട്ടാണെന്ന് അറിയാൻ അവൾ പെരുപ്പോടെ തല തിരിച്ചു ചുറ്റും നോക്കി

അപ്പോഴാണ് അവൾക്ക് താനിപ്പോ അമേരിക്കയിലെ സ്വന്തം റൂമിലാണ് ഉള്ളതെന്ന്.

അപ്പോഴാണ് സാരംഗിക്ക് ആശ്വാസം തോന്നിയത്.

അവൾ മുന്നിലേക്ക് നോക്കി.

അവിടെ അഥർവ്വന്റെ പെട്ടി അടഞ്ഞു തന്നെ കിടപ്പുണ്ട്.

ഇത്രേം നേരം കണ്ടത് സ്വപ്നമാണോ അതോ മിഥ്യയാണോ എന്നോർത്ത് അവളുടെ തല പുകഞ്ഞു.

അണച്ചുകൊണ്ടു സാരംഗി പയ്യെ മടുപ്പോടെ ബെഡിലേക്ക് വീണു.

അതോടൊപ്പം അവളുടെ നീല നയനങ്ങളും പയ്യെ അടഞ്ഞു വന്നു.

തേൻ നദിയോട് ചേർന്നുള്ള കരയിൽ വലിയൊരു വനം സ്ഥിതി ചെയുന്നുണ്ട്.

തേൻ നദിയോട് ചേർന്നു നില്ക്കുന്നതിനാൽ തേൻ വനമെന്നും അത് അറിയപ്പെടുന്നു.

തേൻ വനത്തിലെ ഉൾ ഭാഗത്തു ഒരുപാട് നിബിഢ മരങ്ങൾ തിങ്ങി കൂടി വളർന്നിട്ടുണ്ട്.

പേരറിയാത്ത മരങ്ങൾ മുതൽ അപൂർവമായ സസ്യലതാദികളും വന്യ ജീവികളും അവിടെ പാർക്കുന്നു.

വൈവിദ്ധ്യമായ ഒരു ആവാസ വ്യവസ്ഥ തന്നെയായിരുന്നു അത്.

തേൻ വനത്തിന്റെ ഉൾ ഭാഗത്തു വലിയ കരിമ്പാറക്കൂട്ടങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിനോട് ചേർന്നു വലിയൊരു ഈട്ടി മരം കാണാം.

അതിന്റെ തുഞ്ചത്തെ ഒരു ചില്ലയിൽ മറ്റു ചില്ലകളുടെയും ഇലച്ചാർത്തുകളുടെയും മറവിൽ ഇരുന്നു കയ്യിലുള്ള നാടൻ തോക്കിന്റെ ഇരട്ട കുഴൽ മുന്നിലേക്ക് നീട്ടി.

ചൂണ്ടു വിരൽ കാഞ്ചിയിൽ ഭദ്രമായിരിക്കുന്നു.

ആ മറവിൽ ചുവന്നു പഴുത്ത രണ്ടു കണ്ണുകൾ മാത്രം കാണാം.

ആ കണ്ണുകൾ കരിമ്പാറകളുടെ ഒത്ത മുകളിലെ പരപ്പിൽ കാണുന്ന പുൽനാമ്പുകൾ കടിച്ചു പറിച്ചെടുക്കുന്ന ഒരു മുഴുത്ത കല മാനിൽ ആയിരുന്നു.

അതിന്റെ കൊമ്പുകൾ കിരീടം പോലെ അതിന്റെ ശിരസ്സിൽ വിളങ്ങുന്നുണ്ടായിരുന്നു.

ഇടയ്ക്കിടെ ചുറ്റും നോക്കി തന്റെ സുരക്ഷയുറപ്പിച്ചുകൊണ്ടായിരുന്നു കല മാനിന്റെ തീറ്റ.

കലമാനിനെ കണ്ടതും ആ ചോര കണ്ണുകൾ കൊല വെറിയോടെ തിളങ്ങി.

പതിയെ കാഞ്ചിയിലിരുന്ന ചൂണ്ടുവിരൽ ഒന്നനങ്ങി.

ആ സമയം കലമാനിന്റെ പിന്നിലുണ്ടായിരുന്ന പൊന്തക്കാട്ടിൽ നിന്നും ഒരു ശബ്ദം പുറപ്പെട്ടു.

വ്റൂം................. വ്റൂം.................

കർണഘടോരമായ ശബ്ദത്തോടൊപ്പം ഉണ്ടായ കണ്ണഞ്ചിപ്പിക്കുന്ന മഞ്ഞ വെളിച്ചത്തിൽ ആ തേൻ വനമൊന്ന് കിടുങ്ങി.

കാഞ്ചിയിൽ വിരലമർന്നതും കലമാൻ ഭയന്നോടിയതും ഒരുമിച്ചായിരുന്നു.

ഠോ...............ഠോ...........

ഉന്നം തെറ്റിയ വെടിയുണ്ടകൾ ഏതോ മരത്തിൽ ചെന്നു പതിച്ചു.

അപ്പോൾ പൊന്തക്കാട്ടിൽ നിന്നും ഒരു റോയൽ എൻഫീൽഡ് ഹുങ്കാര ശബ്ദത്തോടെ വെളിയിലേക്ക് ചാടി.

ഖഡ്.... ഖഡ്..... ഖഡ്.....ഖഡ്

മുന്നിലേക്ക് ചാടി വന്ന റോയൽ എൻഫീൽഡിന്റെ മുൻചക്രം അതിൽ നിന്നും വേർപെട്ട് ദൂരേക്ക് ശക്തിയിൽ തെറിച്ചു.

ശക്തിയിൽ ചിതറി തെറിച്ചുവന്ന ചക്രം മരച്ചില്ലയിൽ മറഞ്ഞിരുന്നയാളെ ചെന്നു പ്രഹരിച്ചു.

ആാ........ ഹ്..........

ചക്രത്തിൽ നിന്നുമേറ്റ പ്രഹരത്താൽ നിലതെറ്റി അയാൾ നിലം പതിച്ചു..

എല്ല് നുറുങ്ങുന്ന വേദനയോടെ അയാൾ നടു ഉഴിഞ്ഞു കൊണ്ടു പയ്യെ എണീറ്റു.

മുന്നിലേക്ക് നോക്കിയ അയാൾ കണ്ടത് പാറ പ്പുറത്ത് ഹുങ്കാര ശബ്ദത്തോടെ രാജാകീയമായി ഇരിക്കുന്ന ഒരു റോയൽ എൻഫീൽഡിനെ ആയിരുന്നു.

അതിൽ ഇരിക്കുന്ന ഒരു അവ്യക്ത രൂപമേ അയാൾ കണ്ടുള്ളു.

പൊടുന്നനെ എവിടുന്നോ ഉരുണ്ടു വന്ന ടയർ ആ റോയൽ എൻഫീൽഡ് ന്റെ ഫ്രണ്ട് മാഡ്ഗാഡിന്റെ അടിയിലേക്ക് ശബ്ദത്തോടെ ഓടി കയറുന്നത് അയാൾ ഞെട്ടലോടെ കണ്ടു നിന്നു.

ടയർ പൂർവ സ്ഥിതിയിൽ ആയതും ആ ബുള്ളറ്റ് ആ പാറ പുറത്ത് നിന്നും താഴേക്ക് എടുത്തു ചാടി.

മതിയായ ശബ്ദത്തോടെ മുന്നിലേക്ക് എടുത്തു ചാടിയ ആ ബുള്ളറ്റ് കണ്ടു അയാൾ ഭയന്ന് പിന്നിലേക്ക് മലച്ചു വീണു.

ബുള്ളറ്റിന്റെ ആക്സിലേറ്റർ തിരിയുന്നതോടൊപ്പം ആ വനമാകെ അതിന്റെ മുഴക്കം പ്രകമ്പനം സൃഷ്ടിച്ചു.

ബുള്ളറ്റിന്റെ ഹെഡ് ലാമ്പിലെ പ്രകാശം പയ്യെ അവ്യക്ത രൂപത്തിന് നേരെ പതിച്ചു.

ദ്....... ദ്...... ദവ്....... ദേവേട്ട....... ൻ

പഴക്കം ചെന്ന ഓർമയിൽ ആ മുഖം തെളിഞ്ഞു വന്നതും അയാളുടെ ശബ്ദം വിറച്ചു.

മിഴികൾ വിടർന്നു.

ശ്വാസം പോലും തെല്ലോന്ന് നിലച്ചു.

ബുള്ളറ്റിന്റെ ആക്സിലേറ്റർ തിരിച്ചുകൊണ്ട് ദേവൻ കൊലവെറിയോടെ അട്ടഹസിച്ചു.

അത് കണ്ടതും വേലപ്പന് തന്റെ ജീവൻ പോകുന്ന പോലെ തോന്നി.

പാതി മരവിച്ച ശരീരം പോലെയായിരുന്നു അന്നേരം.

23 വർഷങ്ങൾ മുന്നേയുള്ള ഒരു അർദ്ധ രാത്രി അയാൾക്ക് ഓർമ വന്നു.

അയാളെ കിടിലം കൊള്ളിച്ച ഒരു ദിനം.

--------------------------------------------------

-23 വർഷങ്ങൾക്ക് മുന്നേ-

-ഭൂമി പൂജയുടെ തലേ ദിനം-

--------------------------------------------------

തന്റെ എതിരെ വന്ന അപരിചിതരുടെ ശിങ്കിടികളുമായി ദേവൻ കരുത്തുറ്റ പോരാട്ടത്തിലായിരുന്നു.

കൈ - മെയ് മറന്നുള്ള അവരുടെ പോരാട്ടത്തിൽ തറയിലെ മണ്ണ് പോലും വിജ്രംഭിച്ചു കൊണ്ടു ഉയർന്നു പൊങ്ങിയ നിമിഷം.

വില്ലാളി വീരനായ ദേവനെ കീഴ്പ്പെടുത്താൻ പോയിട്ട് ഒന്നു തൊടാൻ പോലും പത്തു പേര് ചേർന്ന അവരുടെ സംഘത്തിനു പോലുമായില്ല.

തനിക്ക് എതിരായി വന്ന പത്തു പേരിൽ ഓരോന്നിനെയായി ദേവൻ വീഴ്ത്തിക്കൊണ്ടിരുന്നു.

ആ അഭ്യാസിയുടെ പോരാട്ടം കണ്ട് ശത്രുക്കൾക്ക് പോലും അസൂയ തോന്നിപ്പോയ നിമിഷം

അൽപം ദൂരെയുള്ള ഒരു മാവിന്റെ ചില്ലയിലുരുന്ന വേലപ്പൻ ഇതൊക്കെ താത്സമയം കാണുന്നുണ്ടായിരുന്നു.

അങ്ങ് ദൂരെ മാറി ഒരു കറുത്ത അംബാസിഡർ കാറിന്റെ ബോണറ്റിൽ ഇരുന്ന മുറി ചെവിയൻ വികട ചിരിയോടെ വായിലിരുന്ന മുറുക്കാൻ തുപ്പി കളഞ്ഞ ശേഷം വേലപ്പന് നേരെ നോക്കി കണ്ണുകൾ കൊണ്ടു സിഗ്നൽ കാണിച്ചു.

അതുകണ്ട വേലപ്പൻ പൊട്ടിച്ചിരിയോടെ കൈയിലിരുന്ന അമ്പെടുത്തു വില്ലുകുലച്ചു.

കൊടും വിഷം പുരട്ടിയ ആ അമ്പ് ദേവന് നേരെ തൊടുക്കാനായി അയാൾ തയാറെടുത്തു കൊണ്ടിരുന്നു.

ശത്രുക്കളുമായുള്ള ഭീകരമായ പോരാട്ടത്തിനിടെ ഒരു നിമിഷം നില തെറ്റി വീണ ദേവന് നേരെ ഒരിക്കലും ലക്ഷ്യം പിഴക്കാത്ത വേലപ്പൻ അമ്പ് തൊടുത്തത് പൊടുന്നനെയായിരുന്നു.

മിന്നൽ വേഗതയിൽ പാഞ്ഞു വന്ന കാഞ്ഞിരത്തിന്റെ വിഷം പുരട്ടിയ അമ്പ് ദേവന്റെ പിൻ കഴുത്തിൽ തറച്ചു.

ആഹ്ഹ്

അമ്പേറ്റ ദേവൻ അലർച്ചയോടെ നിലം പതിച്ചത് ഒരുമിച്ചായിരുന്നു.

ദേവേട്ടാ..........

ഒരു പെണ്ണിന്റെ ദയനീയമായ കരച്ചിൽ കേട്ടത് ഒരുമിച്ചായിരുന്നു.

വേലപ്പൻ നോക്കി നിൽക്കെ എവിടുന്നോ പാഞ്ഞു വന്ന ഒരു ദാവണിക്കാരി വിഷ പ്രയോഗത്താൽ തളർന്നു വീണ ദേവനെ പൊക്കിയെടുക്കാൻ ശ്രമിച്ചു.

എന്നാൽ അതിനുള്ള ആവത് അവൾക്കുണ്ടായിരുന്നില്ല എന്നതായിരുന്നു സത്യം.

ദേവന്റെ ശിരസ് തേങ്ങലോടെ മാറോട് ചേർക്കുന്ന ആ പെണ്ണിന്റെ മുഖം വേലപ്പൻ ഓർത്തെടുക്കാൻ ശ്രമിച്ചു.

പക്ഷെ സാധിച്ചില്ല.

---------------------------------------------------

ഓർമയിൽ നിന്നും ഉണർന്ന വേലപ്പൻ പേടിയോടെ നിലവിളിച്ചു.

പ്രേതം................... പ്രേതം........

വിളറിയ മുഖത്തോടെ വേലപ്പൻ ഭയന്നുകൊണ്ട് എഴുന്നേറ്റ് ഓടാൻ നോക്കി.

ഭയം കാരണം ശരീരമൊക്കെ മരവിച്ചതിന് സമാനമായിരുന്നു.

ഞെട്ടി പിടഞ്ഞു എഴുന്നേറ്റ വേലപ്പൻ സമയം പഴക്കാതെ പിന്തിരിഞ്ഞു ഇരുട്ടിലേക്ക് ഓടി.

തന്റെ ജീവനും വാരിപ്പിടിച്ചു കൊണ്ട്

ഇരുട്ടിലൂടെ ലക്ഷ്യമില്ലാതെ ഓടുന്ന വേലപ്പനെ കണ്ടു നിർത്താത്ത കൊലച്ചിരിയുമായി ദേവൻ ബുള്ളറ്റ് എടുത്തു.

തന്റെ പിന്നാലെ മരണം ഉണ്ടെന്ന അറിവിൽ തന്റെ ജീവൻ സംരക്ഷിക്കുവാനായി വേലപ്പൻ പായുകയായിരുന്നു.

അതിദ്രുതം.

തന്റെ മരണ ദൂതുമായി അടുത്തുകൊണ്ടിരിക്കുന്ന ബുള്ളറ്റിന്റെ കർണകഠോരമായ ശബ്ദം അയാളെ വിറപ്പിച്ചുകൊണ്ടിരുന്നു.

ദേവന്റെ ആത്മാവ് വർഷങ്ങൾക്ക് ശേഷം അതേ രൂപത്തിലും ഭാവത്തിലും പ്രതികാര ദാഹിയായി ഭൂമിയിലേക്ക് എത്തിയെന്നാണ് വേലപ്പൻ കരുതിയത്.

തിങ്ങി നിറഞ്ഞ കാടുകൾക്കിടയിലൂടെ നൂഴ്ന്നിറങ്ങിയും ഓടി ചാടിയും വേലപ്പൻ കുതിച്ചു.

മുന്നോട്ട്.

പൊടുന്നനെയാണ് ഒരു മരത്തിന്റെ വേരിൽ തട്ടി വേലപ്പൻ മുന്നിലേക്ക് മൂക്കും കുത്തി വീണു.

കരിയിലകൾക്ക് മുകളിൽ വീണ വേലപ്പൻ പരിക്കുകളൊന്നും പറ്റാതെ പിടഞ്ഞെണീറ്റു.

അപ്പോഴേക്കും മുന്നിൽ നിന്നും കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം മുഖത്തു വന്നു പതിച്ചതും വേലപ്പന്റെ കണ്ണുകൾ മഞ്ഞളിച്ചു പോയി.

വേലപ്പൻ കണ്ണു തിരുമ്മിക്കൊണ്ട് മുന്നിലേക്ക് നോക്കി.

അവിടെ സംഹാര രുദ്രനായി ബുള്ളറ്റിൽ ഇരിക്കുന്ന ദേവൻ.

അതു കണ്ടതും തൊണ്ട വരളുന്ന പോലെ വേലപ്പനു തോന്നി.

നാവൊക്കെ കുഴഞ്ഞു പോകുന്ന പോലെ.

രക്ഷയില്ലാതെ വേലപ്പൻ തൊഴു കയ്യോടെ മുട്ടു കുത്തിയിരുന്നു.

ദേവന്റെ കരുണയ്ക്കായി.

ദേവനിൽ നിന്നും രക്ഷ തേടാൻ.

23 വർഷങ്ങൾക്ക് മുന്നേ ചെയ്ത പാപ കറയുടെ ഫലം എന്താകുമെന്ന് വേലപ്പന് ഒരൂഹമുണ്ടായിരുന്നു.

നിന്റെ അന്ത്യമടുത്തു വേലപ്പാ...

ആ കാടാകെ ദേവന്റെ സ്വരം മുഴുങ്ങി.

ഇടി മുഴക്കം പോലെ.

അത് സഹിക്കാനാവാതെ വേലപ്പൻ ചെവികൾ പൊത്തി വച്ചു.

ദേവൻ കൊല വെറിയോടെ ആക്സിലേറ്ററിൽ ചന്നം പിന്നം ഞെരിച്ചുകൊണ്ടിരുന്നു.

ദേവൻ മുന്നിലേക്ക് നോക്കിയതും ചുറ്റും തിങ്ങിനിറഞ്ഞു നിൽക്കുന്ന വള്ളിപടർപ്പുകൾക്കിടയിൽ നിന്നും കാട്ടുവള്ളികൾ സർപ്പങ്ങളെപ്പോലെ മുന്നിലേക്ക് ഇഴഞ്ഞുവന്നു.

അവയിൽ ചിലത് വേലപ്പന്റെ ഇരുകാലുകളെയും ഇരുകൈകളെയും കഴുത്തിനെയും ലക്ഷ്യമാക്കി നീണ്ടു.

വേലപ്പന്റെ കൈകാലുകളിലും കഴുത്തിലും പിടുത്തം കിട്ടിയ വള്ളിപടർപ്പുകൾ സർപ്പങ്ങളെപ്പോലെ വേലപ്പനെ ചുറ്റിവരിഞ്ഞു.

വള്ളിപടർപ്പുകളാൽ ബന്ധനം തീർക്കപ്പെട്ട വേലപ്പൻ പതിയെ അന്തരീക്ഷത്തിലേക്ക് ഉയർന്നു.

ബന്ധനത്തിലകപ്പെട്ട വേലപ്പൻ നിസ്സഹായതയോടെ ദേവനിലേക്ക് മിഴികൾ നട്ടു.

കഴുത്തിലെ കുരുക്ക് മുറുകുന്നതിനനുസരിച്ചു വേലപ്പന് ശ്വാസതടസ്സം അനുഭവപ്പെട്ടു.

കണ്ണുകൾ നിറഞ്ഞൊഴുകി.

ആക്സിലേറ്ററിൽ നിന്നും കൈയെടുത്ത ദേവൻ കൊലചിരിയോടെ വേലപ്പനെ ഒന്ന് നോക്കി.

പതിയെ ദേവന്റെ കൈ പിന്നിലേക്ക് പോയി തിരികെ വന്നതും, ആ കൈയിലുള്ള സാധനം കണ്ടു വേലപ്പൻ നടുങ്ങി.

ഇരട്ടകുഴൽ തോക്ക്

തന്റെ തോക്ക് ദേവന്റെ കൈയിൽ കണ്ടതും വേലപ്പന് കാര്യങ്ങൾ കത്തി.

നിന്റെ അന്ത്യം അടുത്തിരിക്കുന്നു വേലപ്പാ..... ഒത്തിരിയൊത്തിരി വർഷങ്ങൾക്ക് മുന്നേ നീയും നിന്റെ കൂട്ടാളികളും ചേർന്നു എന്നെ ചതിച്ചു കൊലപ്പെടുത്താൻ ശ്രമിച്ചില്ലേ....... എന്റെ പ്രാണനാഥയെ വധിച്ചില്ലേ നീയും ആ നരാധമന്മാരും കൂടി ചേർന്നു..... വിടില്ല ഞാൻ..... ഓരോന്നിനെയും തേടി കണ്ടു പിടിച്ചു മൃഗ്ഗീയമായി ഞാൻ കൊലപ്പെടുത്തും..... അതിനു കഴിഞ്ഞില്ലേൽ ഈ ലോകത്തെ തന്നെ ഞാൻ നശിപ്പിക്കും..... സർവ്വ ചരാ ചരങ്ങളെയും ഈ പ്രകൃതിയെയും മടക്കം.

ദേവന്റെ അലർച്ച വീണ്ടും ആ വനമാകെ വന്യമായി മുഴങ്ങി.

പാതിയടയുന്ന കണ്ണുകളിലൂടെ ദേവന്റെ ഉഗ്ര രൂപം ഒരു നിമിഷം വേലപ്പൻ കണ്ടതേയുള്ളൂ.

അപ്പോഴേക്കും ദേവന്റെ ചൂണ്ടു വിരൽ ആ ട്രിഗ്ഗറിനെ അള്ളി പിടിച്ചു വലിച്ചു.

ഠേ.................

ഇരട്ട തോക്കിൻ കുഴലിൽ നിന്നും പ്രവഹിച്ച വെടിയുണ്ട കണ്ണടച്ച് തുറക്കും മുന്നേ വേലപ്പന്റെ തലയോട്ടിയും തകർത്തുകൊണ്ട് പിന്നിലെ മരത്തിൽ ചെന്നു തറച്ചു.

വള്ളിപടർപ്പിൽ പിടഞ്ഞു കൊണ്ടു തൂങ്ങിയാടുന്ന വേലപ്പന്റെ ശരീരം കണ്ടു ദേവന്റെ മനം ആനന്ദത്താൽ മുഴങ്ങി.

പിടച്ചിലോടെ അവസാന ജീവ കണികയും വേലപ്പനിൽ നിന്നകന്നതും പുച്ഛത്തോടെ ദേവൻ ബുള്ളറ്റ് എടുത്തു.

മറ്റുള്ളവർക്കൊരു താക്കീതോടെ.

--------------------------------------------------

-സാൻഫ്രാൻസിസ്കോ കാലിഫോണിയ-

-At future-

നീണ്ട മയക്കത്തിൽ നിന്നുമെഴുന്നേറ്റ സാരംഗി കഷ്ടപ്പെട്ട് തന്റെ മിഴികൾ തുറക്കുവാൻ ശ്രമിച്ചു.

പക്ഷെ ഉറക്കച്ചുവി ആയിരുന്നതിനാൽ കൺപോള ഒന്നു തുറക്കാൻ പോലും കഴിഞ്ഞില്ല.

ചടപ്പോടെ സാരംഗി കണ്ണുകൾ അമർത്തി തിരുമ്മിക്കൊണ്ട് തുറന്നു.

എന്നിട്ട് പയ്യെ ബെഡിൽ ചടഞ്ഞിരുന്നു.

തല ചൊറിഞ്ഞുകൊണ്ട്.

അപ്പോഴാണ് ബെഡിന്റെ ഓരത്ത് അഥർവ്വന്റെ ട്രങ്ക് പെട്ടി കിടക്കുന്നത് അവൾ ശ്രദ്ധിച്ചത്.

അത് പാതിയടഞ്ഞ നിലയിലായിരുന്നു.

സാരംഗി സംശയത്തോടെ ആ പെട്ടി പയ്യെ തുറക്കാൻ നോക്കി.

വീണ്ടും ആ പെട്ടിയിലെ ചുഴിയിൽ അകപ്പെട്ടു പോകുമോയെന്ന് അവൾ ഭയപ്പെട്ടു.

കാരണം അത് സ്വപനം കണ്ടതാണോ അതോ മിഥ്യയാണോ എന്നത് ഇപ്പോഴും ആവിശ്വസനീയം.

സാരംഗി ആ പെട്ടി വലിച്ചു തുറന്നു നോക്കി.

അതിൽ ചുവന്ന പട്ടിൽ പൊതിഞ്ഞ ഒരു കിഴി ഉണ്ടായിരുന്നു.

സാരംഗി അമ്പരപ്പോടെ ആ കിഴി കയ്യിലെക്കെടുത്തു.

അൽപം സംഭ്രമത്തോടെ അവൾ അതിന്റെ തുഞ്ചത്തുള്ള ചരടിൽ തീർത്ത ബന്ധനം പയെ അഴിച്ചു മാറ്റി.

പൊടുന്നനെ പട്ട് താഴേക്ക് ഊർന്നു വീണു.

അതിൽ സാരംഗി കണ്ടത് മറ്റൊന്നുമായിരുന്നില്ല.

ഒരു താളിയോല ഗ്രന്ഥം ആയിരുന്നു.

ഒരുപാട് പഴക്കമുള്ളത്.

സാരംഗി ആകെ വാണ്ടറടിച്ചു നിൽക്കുവാണ്.

അനന്തച്ഛനെ പോലെ വശീകരണ മന്ത്രം കിട്ടിയെന്ന ആവേശത്തിൽ.

അവൾ ആ താളിയോലക്കെട്ട് അഴിച്ചെടുത്ത് ഓരോ ചുരുളുകളായി നോക്കി.

അപരിചിതമായ ഏതോ ഒരു ഭാഷ കൊണ്ടു അത് രേഖപ്പെടുത്തിയിരിക്കുന്നു.

അതിലെ അക്ഷരങ്ങൾ ഒന്നും തന്നെ മനസിലായില്ല.

ഇതായിരിക്കാം വൈരജാതരുടെ ഔദ്യോഗികമായ കൊല്ലി ഭാഷയെന്ന് ഡയറി വായിച്ചതിന്റെ പരിമിതമായ അറിവിൽ അവൾ ഓർത്തെടുത്തു.

പക്ഷെ ഇതെങ്ങനെ വായിക്കും?

സാരംഗിയെ അലട്ടിയ ചോദ്യം ഇതായിരുന്നു.

അങ്ങനെ ആലോചിക്കവേ പൊടുന്നനെ ഒരു മുഖം സാരംഗിയുടെ മനസിൽ തെളിഞ്ഞു.

സമയം വൈകിക്കാതെ തന്റെ ട്രാവൽ ബാഗിൽ ആവശ്യത്തിന് മാത്രം ഡ്രെസ്സുകളെടുത്ത് അവൾ വീടിന് വെളിയിലേക്ക് ഇറങ്ങി.

നല്ല മഞ്ഞു പെയ്യുന്ന അന്തരീക്ഷം.

മൈനസ്ന് താഴെയാണ് അന്നത്തെ താപനില.

ജാക്കറ്റിന്റെ പോക്കറ്റിൽ കയ്യിട്ടു സാരംഗി മൂളിപ്പാട്ടോടെ കാറിന് നേരെ നടന്നു.

കാറിന്റെ ബൊണറ്റിലും മുകളിലും പറ്റി പിടിച്ചിരുന്ന തൂമഞ്ഞിനെ വകഞ്ഞു മാറ്റി കളഞ്ഞു അവൾ ഡോർ തുറന്ന് ഉള്ളിലേക്ക് കയറി.

കാർ ഓൺ ചെയ്തു കുറച്ചു നേരം ഒന്നു ഇരപ്പിച്ച ശേഷം സാരംഗി സാൻ ഫ്രാൻസിസ്കോ ലക്ഷ്യമാക്കി വണ്ടി ഓടിച്ചു.

സ്റ്റീറിങ്ങിൽ വിരലുകൾ കൊണ്ടു താളം കൊട്ടവേ അവളുടെ നീല നയനങ്ങൾ വല്ലാതെ കുറുകി.

2 മണിക്കൂറോളം നീണ്ട യാത്രയ്ക്ക് ശേഷം അവൾ വാഷിംഗ്ടണിൽ എത്തിചേർന്നു.

അവിടെയുള്ള ഡൌൺടൌണും കഴിഞ്ഞ് അൽപം ഉള്ളിലേക്കുള്ള റെസിഡൻഷ്യൽ ഏരിയയിലേക്ക് കാർ ഓടിച്ചു.

അൽപം കഴിഞ്ഞതും ഇരുനില വീടിനു മുന്നിൽ ഫുട്പാത്തിനോട് ചേർന്നു അവൾ കാർ പാർക്ക് ചെയ്തു.

ഡോർ തുറന്ന് പുറത്തിറങ്ങി ഡിക്കിയിൽ വച്ച ട്രാവൽ ബാഗും എളിയിലിട്ട് ആ വീടിനു മുന്നിലേക്ക് പയ്യെ നടന്നെത്തി.

പുൽ പിടിപ്പിച്ച മുറ്റമൊക്കെ കനത്ത മഞ്ഞു വീഴ്ചയാൽ നാശകോശമായിരിക്കുവാണ്.

മരച്ചില്ലകളിൽ വരെ ചില്ലുകൾ പോലെ മഞ്ഞു തണുത്തുറഞ്ഞു പറ്റിപ്പിടിച്ചിരിപ്പുണ്ട്.

അവിടെ കണ്ട കാളിംഗ് ബെല്ലിൽ സാരംഗിയുടെ വിരൽ അമർന്നു.

ട്രണീം............. ട്രണീം

ബെൽ അടിച്ചു കഴിഞ്ഞ് സാരംഗി അൽപം നേരം വെയിറ്റ് ചെയ്തു.

പൊടുന്നനെ ഡോർ തുറക്കുന്ന ശബ്ദവും ഒപ്പം ഒരു അലർച്ചയും.

സാരൂ മോളെ...............

ആ വിളി കേട്ടതും ഒന്നും പറയാതെ സാരംഗി ഓടിച്ചെന്നു ഡോർ തുറന്നയാളെ പൂണ്ടടക്കം കെട്ടിപിടിച്ചു.

അത് മറ്റാരുമായിരുന്നില്ല,ശിവപ്രിയ ആയിരുന്നു.

അനന്തുവിന്റെ പെങ്ങൾ

ഓഹ് എന്നെ ഇങ്ങനെ ഞെരിച്ചു കൊല്ലാതെടി  കാന്താരി.

ശിവ അവളുടെ ശിരസ്സിൽ ഒരു കിഴുക്ക് കൊടുത്തു.

ആാാഹ്..... നല്ല പെയിൻ ആണ് ആന്റിയമ്മ

സാരംഗി കപട ഗൗരവത്തോടെ ശിരസ്സ് തടവി.

നിന്നെ ഒത്തിരി നാൾ കഴിഞ്ഞ് കണ്ടതിന്റെ സ്നേഹ പ്രകടനം അല്ലേടി?

സാരംഗിയെ വീടിനുള്ളിലേക്ക് ആനയിക്കുന്നതിനിടയിൽ ശിവ പറഞ്ഞു.

എന്റെ അനിയനും അനിയത്തിയും എവിടെ? റൂമിൽ ആണോ?

സാരംഗി ചുറ്റും കണ്ണോടിച്ചുകൊണ്ടു ചോദിച്ചു.

ഹേയ് ഇല്ലെടാ..... അവര് എസ്കർഷന് പോയിരിക്കുവാ....2 ഡേയ്സ് കഴിഞ്ഞേ വരൂ.......നീ പിന്നെയും കോലം കെട്ടു പോയല്ലോ പെണ്ണേ

ശിവ പരിഭവത്തോടെ സാരംഗിയുടെ മുടിയിലൂടെ പയ്യെ വിരലുകൾ ഓടിച്ചു.

തോളൊപ്പം മുടി മാത്രമാണ് അവൾക്കുണ്ടായിരുന്നത്.

നെവർ...... വീട്ടിൽ നല്ല ഫുഡിങ് അല്ലെ..... ഇമമ്മ എന്നെ ഇരുത്തി കഴിപ്പിക്കും

ചെറു ചിരിയോടെയാണ് സാരംഗി പറഞ്ഞത്.

അതു പിന്നെ അങ്ങനല്ലേ വരൂ...എന്റെ ഏട്ടത്തിയമ്മയല്ലേ അത്

ശിവ അഭിമാനത്തോടെ പറഞ്ഞു.

അതെന്തേലും ആവട്ടെ......ഞാനിപ്പോ ഒരു എമർജൻസി സിറ്റുവേഷനിലാ...... ആന്റിയമ്മ എന്നെ ഹെല്പ് ചെയ്യണം

സാരംഗി തന്റെ നിസ്സഹായത ശിവയ്ക്ക് മുന്നിൽ വെളിപ്പെടുത്തി.

എന്താടി കാന്താരി നീ വല്ല കുറുമ്പും കാണിച്ചു അവിടുന്ന് മുങ്ങിയതാണോ?

ശിവ ചിരി കടിച്ചു പിടിച്ചുകൊണ്ടു ചോദിച്ചു.

അതൊന്നുമല്ല ആന്റിയമ്മേ..... എന്റെ കയ്യിൽ ഒരു താളിയോലക്കൂട്ടം ഉണ്ട്..... കൊല്ലി ഭാഷയിൽ ഉള്ളത്..... അതിന്റെ മീനിങ് ഒന്നു പറഞ്ഞു തരണം.

സാരംഗി പറയുന്നത് കേട്ട് ശിവയുടെ മുഖം മാറി.

നിനക്ക് കൊല്ലി ഭാഷയെക്കുറിച്ചു എങ്ങനെ?

ശിവ അവളെ തന്നെ തുറിച്ചു നോക്കി.

അനന്തച്ഛന്റെ ഡയറിൽ ഉണ്ടായിരുന്നതാ

അതിനു ഏട്ടൻ ഡയറിയൊക്കെ എഴുതുവായിരുന്നോ?

ശിവയ്ക്ക് വീണ്ടും സംശയം

അതൊക്കെയുണ്ടായിരുന്നു....... ഞാൻ പറഞ്ഞ പണി ആന്റിയമ്മയ്ക്ക് ചെയ്യാൻ പറ്റുവോ ഇല്ലയോ എന്ന് പറാ

സാരംഗിയ്ക്ക് അപ്പോഴേക്കും ദേഷ്യം വന്നു.

അച്ചോടാ.... എന്റെ ഏട്ടന് പോലും ഉണ്ടായിരുന്നില്ല ഇത്രയും ദേഷ്യം...... ഇത് ഏട്ടത്തിയമ്മയിൽ നിന്നും കിട്ടിയതല്ലേ?

സാരംഗിയെ അരിശം കേറ്റാനായി ശിവ ചോദിച്ചു.

ഹും...ഈ ആന്റിയമ്മ കൊള്ളൂല.... ചീത്തയാ

കൈകൾ പിണച്ചു വച്ചു സാരംഗി ശിവയോട് പിണങ്ങി.

ചെറുപ്പത്തിലെ അതേ കൊഞ്ചലും പിണക്കവും ഇപ്പോഴും അവൾക്ക് മാറ്റം വന്നിട്ടില്ലെന്ന് ശിവയ്ക്ക് തോന്നി.

പോട്ടെ സാരല്യ പെണ്ണേ....... മോള് വാ.... മോൾക് നല്ല പിസ ഞാൻ തരാം.... അതു കഴിഞ്ഞ് താളിയോലയുടെ കാര്യം നോക്കാം പോരെ?

ശിവ പറഞ്ഞത് കേട്ട് പിണക്കമൊക്കെ മറന്ന് സാരംഗി ചാടിയെഴുന്നേറ്റു.

ഹൊ പെണ്ണിന്റെ സന്തോഷം കണ്ടില്ലേ

ശിവ ചിരിയോടെ അവളുടെ കവിളിൽ പിച്ചി.

ശേഷം കിച്ചനിലേക്ക് സാരംഗിയെയും കൊണ്ടു പോയി.

വയറു നിറയെ അവളെ ഊട്ടിയ ശേഷം തന്റെ റൂമിന്റെ ഡോർ ലോക്ക് ചെയ്തു ശിവ സാരംഗിയ്ക്കൊപ്പം പതു പതുത്ത ബെഡിൽ ഇരുന്നു.

ശിവ കണ്ണുകൾകൊണ്ടു ആംഗ്യം കാണിച്ചതും സാരംഗി ബാഗ് തുറന്ന് അതിലുള്ള ചെമ്പട്ടിന്റെ കിഴി എടുത്തു കൈമാറി.

സാരംഗി തന്ന കിഴി ശിവ സൂക്ഷ്മതയോടെ തുറന്നു നോക്കി.

അതിൽ ഒരു താളിയോലക്കൂട്ടം ആയിരുന്നു ഉണ്ടായിരുന്നത്.

പയ്യെ അത് പുറത്തെടുത്തു ശിവ തിരിച്ചും മറിച്ചും നോക്കി.

കൊല്ലിയിലെ ചില അക്ഷരങ്ങൾ മാത്രം ആദ്യത്തെ താളിയോലയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

രണ്ടാമത്തെ താളിയോലയിൽ കൊല്ലിയിൽ ഒരു വരി ശ്ലോകം പോലെ എന്തോ ഒന്നു എഴുതിയിട്ടുണ്ട്.

സാരംഗിയ്ക്ക് അതൊന്നും മനസിലായില്ല.

എന്നാൽ ശിവ അത് പയ്യെ വായിച്ചെടുത്തു.

അത് ഇപ്രകാരമായിരുന്നു

'നിനൻഗൈഗഉവ്വലചപു'

അതിന്റെ മലയാളം പരിഭാഷ ഇപ്രകാരമായിരുന്നു.

"ഈ താളിയോല കൈവശം ലഭിക്കുന്നയാൾ ഈ മന്ത്ര പ്രയോഗത്തിനു അർഹനാകുന്നു "

ശിവ പയ്യെ പറഞ്ഞു നിർത്തി.

അതെന്ത് മന്ത്രമായിരിക്കും?

ശിവ ആത്മഗതം പറഞ്ഞത് ഇച്ചിരി ഉച്ചത്തിലായി.

അതു കേട്ട ശിവ ചുമൽ കൂച്ചിക്കൊണ്ട് അവളെ തന്നെ നോക്കി.

എന്റെ അനന്തച്ഛ വല്ല വശീകരണ മന്ത്രവും ആയിരിക്കണേ

സാരംഗിയുടെ ചങ്കിടിപ്പ് ഉയർന്നു.

ശിവ അടുത്ത താളിയോല എടുത്തു.

അതിൽ മന്ത്രം ഏതാണെന്നു കൊല്ലി ഭാഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ശിവ അതു പയ്യെ വായിച്ചെടുത്തു.

സാരംഗി മിടിക്കുന്ന ഹൃദയത്തോടെ അത് കേട്ടു നിന്നു.

'രങ്ങ്ദദ് ഹം ചതുപുര'

ശിവ ആ മന്ത്രം പയ്യെ വായിച്ചെടുത്തു.

ങ്ഹേ ഇതോ? ഇതേതു മന്ത്രം? ഡയറിയിൽ വായിച്ചത് 'വിട്കട് ചതുപുര' എന്നല്ലേ? അതായത് വശീകരണ മന്ത്രം...... അനന്തച്ചന് കിട്ടിയ മന്ത്രം...... പക്ഷെ ഇത് മറ്റൊന്നാണല്ലോ?

സാരംഗിയുടെ ഉള്ളിലെ ചങ്കിടിപ്പ് പെരുമ്പറ പോലെ കൊട്ടാൻ തുടങ്ങി.

ആന്റിയമ്മേ...... ഇതിന്റെ മീനിംഗ് എന്താ? ഈ മന്ത്രത്തിന്റെ?

ഞാൻ നോക്കട്ടെടി...... എന്നിട്ട് പറയാ

ആ മന്ത്രം രണ്ടാവർത്തി ശിവ മനസിൽ ഉരുവിട്ടു.

യെസ്....... കിട്ടി മോളെ.... ഈ രങ്ദ്ദദ് ഹം ചതുപുരയുടെ മീനിങ് എന്നാൽ മലയാളത്തിൽ കാലന്തര യാത്രാ മന്ത്രം എന്നതാണ്

എന്നുവച്ചാൽ?

ശിവ പറഞ്ഞ മലയാള വാക്കിന്റെ അർത്ഥം അവൾക്ക് പിടി കിട്ടിയില്ല.

അവൾ ആദ്യമായി കേൾക്കുന്നതായിരുന്നു.

ഇംഗ്ലീഷിൽ അതിനെ ടൈം ട്രാവൽ എന്ന് പറയും.

ശിവ പറയുന്നത് കേട്ട് സാരംഗിയ്ക്ക് തല കറങ്ങുന്ന പോലെ തോന്നി.

ഒപ്പം ശരീരമാകെ ഒരു കോരിത്തരിപ്പും.

കഴിഞ്ഞ ദിവസങ്ങളിൽ കണ്ട മായകാഴ്ചകൾ സ്വപ്നമല്ല സത്യം തന്നെയാണെന്ന് ഇതിനോടകം സാരംഗി മനസിലാക്കി.

എന്നാലും എനിക്ക് എന്തിനായിരിക്കും ടൈം ട്രാവൽ ചെയ്യാനുള്ള മന്ത്രം ലഭിച്ചത്.

സാരംഗിയ്ക്ക് ആലോചിച്ചിട്ട് ഒരെത്തും പിടിയും കിട്ടിയില്ല.

നിനക്കിതെവിടുന്ന് കിട്ടി മോളെ?

ശിവ അവളോടായി ചോദിച്ചു.

അനന്തച്ചന്റെ ഡയറിയിൽ നിന്നും കിട്ടിയതാ.

മിക്കവാറും അത് ഞങ്ങടെ അച്ഛച്ചന്റെ ആവാനാണ് സാധ്യത..... കാരണം അച്ഛച്ചന്റെ കയ്യിൽ ഇത്തരം ഒരുപാട് താളിയോലകളുടെ കളക്ഷൻ ഉണ്ടായിരുന്നു.

സാരംഗിയുടെ മുടിയിൽ തഴുകിക്കൊണ്ട് ശിവ പറഞ്ഞു.

അതു കേട്ട് സാരംഗി പയ്യെ ശിവയുടെ മടിയിൽ തല വച്ചു കിടന്നു.

എന്തൊക്കെയൊ ഓർമ്മകൾ അവളെ അലട്ടിക്കൊണ്ടിരുന്നു.

---------------------------------------------------

ആന്റിയമ്മയുടെ കൂടെ 2 ദിവസത്തെ സഹവാസത്തിന് ശേഷം സാരംഗി തിരികെ സാൻഫ്രാൻസിക്കോയിലേക്ക് യാത്ര തിരിച്ചു.

വഴിയിൽ ഓരോ മണിക്കൂർ ഇടവിട്ട് മഞ്ഞ് നീക്കം ചെയ്യുന്നതിനാൽ ഡ്രൈവിംഗ് ഒക്കെ ആയാസരഹിതമായിരുന്നു.

ഇടക്കിടക്ക് ഇമമ്മയുടെ കാൾ അവളെ തേടിയെടുത്തുന്നുണ്ടായിരുന്നു.

താൻ എവിടെ പോയാലും ഇമമ്മയ്ക്ക് അന്നും ഇന്നും വലിയ ആധിയാണ്.

സാരംഗി ചിരിയോടെ ആക്സിലേറ്ററിൽ കാൽ അമർത്തി.

ചിലയിടങ്ങളിൽ മഞ്ഞു വീണു ദുർഘടമായ പാതകളിലൂടെ അവൾ സൂക്ഷ്മതയോടെ കാർ ഓടിച്ചു.

വേഗം തന്നെ വീട്ടിൽ എത്തി ചേരുവാൻ അവൾക്ക് ധൃതിയായി.

നീണ്ടു നിവർന്ന് കിടക്കുന്ന എക്സ്പ്രെസ് ഹൈവേയിലൂടെ കാർ പാഞ്ഞു പോകവേ അങ്ങു ദൂരേയായി ഒരു മനുഷ്യൻ അവളുടെ കാറിന് നേരെയായി കൈനീട്ടി.

സാരംഗി ആ മനുഷ്യനെ ഗ്ലാസ്സിലെ ഫോഗ് തുടച്ചു മാറ്റിക്കൊണ്ട് നോക്കി.

കറുത്ത് കുറിയനായ രൂപം.

മുഖത്തു വെളുത്ത പൌഡർ പോലെ എന്തോ തേച്ചു വച്ചിരിക്കുന്നു.

നീണ്ടു കിടക്കുന്ന ജട പിടിച്ച മുടി.

കഴുത്തിൽ രുദ്രാക്ഷ മാലകൾ കാണാം.

അരയിൽ ലങ്കോട്ടി പോലെ ഒരു ഉടയാട മാത്രം.

ദേഹം മൊത്തം വെളുത്ത പൗഡർ പൂശിയിട്ടുണ്ട്.

കയ്യിലുള്ള വടിയുടെ തുഞ്ചത്ത് ഒരു തലയോട്ടി കാണാം.

അത് കണ്ടപ്പോഴേ സാരംഗിയ്ക്ക് എന്തോ പോലെ തോന്നി.

അതൊരു അഘോരി ആയിരുന്നു.

ഈ കോലമുള്ളവർ നോർത്ത് ഇന്ത്യയിൽ ധാരാളമായുണ്ടെന്നത് യൂട്യൂബിൽ കണ്ടത് അവൾ ഓർത്തു.

അഘോരി കൈ നീട്ടിയിട്ടും അത് കാണാത്ത മട്ടിൽ അവൾ കാർ നിർത്താതെ ഓടിച്ചു.

അയാളെ മറി കടന്നതും എന്തെന്നില്ലാത്ത ഒരു ആശ്വാസം സാരംഗിയ്ക്ക് തോന്നി.

250 മീറ്റർ കൂടി കഴിഞ്ഞതും മറ്റാരോ കൂടി തന്റെ കാറിന് നേരെ കൈ വീശുന്ന പോലെ സാരംഗിയ്ക്ക് തോന്നി.

അവൾ മുന്നിലേക്ക് സൂക്ഷിച്ചു നോക്കി.

അവിടെ തൊട്ട് മുന്നിലായി അതേ അഘോരി സന്യാസി തന്നെ നിൽക്കുന്നുണ്ട്.

കൊടും തണുപ്പിൽ ജാക്കറ്റോ തണുപ്പിനെ പ്രതിരോധിക്കുന്ന ഡ്രെസോ ഒന്നുമില്ലാതെ നിൽക്കുന്ന അഘോരിയെ കണ്ടു അവളുടെ ശ്വാസം നിന്നു.

എന്നാൽ സ്വബോധം വീണ്ടെടുത്ത സാരംഗി കാർ നിർത്താതെ ആക്സിലേറ്ററിൽ ആഞ്ഞു ചവിട്ടി.

കാർ മുരൾച്ചയോടെ മുന്നിലേക്ക് കുതിച്ചു.

അപ്പോഴാണ് അവളുടെ ശ്വാസം നേരെ വീണത്.

മിററിലൂടെ പിന്നിലേക്ക് നോക്കാൻ അവൾക്ക് ഭയമായിരുന്നു.

കാർ ഓടിക്കവേ ഒരു ബ്രിഡ്ജിനു മുകളിലേക്ക് കേറി.

ഗോൾഡൻ ഗേറ്റ് ബ്രിഡ്ജ് എന്നാണ് ഇത് അറിയപ്പെടുന്നത്.

പസഫിക് സമുദ്രത്തെയും സാൻഫ്രാൻസിസ്കോ ഉൾക്കടലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന 1.89 km നീളമുള്ള സസ്പെൻഷൻ ബ്രിഡ്ജ്.

ബ്രിഡ്ജിൽ കേറി 250 മീറ്റർ കഴിഞ്ഞതും അതേ അഘോരി സന്യാസിയെ വീണ്ടും കണ്ടു അവളുടെ കൈകൾ സ്റ്റീയറിങ്ങിൽ കിടന്ന് വിറക്കാൻ തുടങ്ങി.

കാർ മുന്നിലേക്ക് പോയി അഘോരിക്ക് സമീപമെത്തിയതും ഇത്തവണ വിപരീതമായി ഒരു കാര്യം നടന്നു.

അഘോരി സന്യാസി തന്റെ കയ്യിലുള്ള വടി കൊണ്ടു കാറിന്റെ ഫ്രണ്ട് ഗ്ലാസിൽ ശക്തിയിൽ പ്രഹരിച്ചു.

ഗ്ലാസിൽ പോറൽ വീണതും സാരംഗിയുടെ നിയന്ത്രണം വിട്ടതും ഒരുമിച്ചായിരുന്നു.

കാർ വെട്ടി തിരിഞ്ഞ് അടുത്തുള്ള ഡിവൈഡറിൽ പോയി ഇടിച്ചു നിന്നു.

ഇടി കഴിഞ്ഞ് അൽപം കഴിഞ്ഞപ്പോഴാണ് സാരംഗി സ്വബോധത്തിലേക്ക് തിരിച്ചു വന്നത്.

അപ്പോഴാണ് കാറിന്റെ ബോണറ്റിൽ നിന്നും കറുത്ത പുക ഉയരുന്നത് അവൾ ശ്രദ്ധിച്ചത് തന്നെ.

ഓഹ് മൈ ഗോഡ്..... മൈ കാർ..... ഇമമ്മയുടെ കയ്യിൽ നിന്നും കിട്ടിയത് തന്നെ

സാരംഗി വിഷമത്തോടെ ഡോർ തുറന്ന് പുറത്തേക്കിറങ്ങി.

അപ്പോഴാണ് അപ്പുറത്ത് ഒരു ചുരുട്ടും പുകച്ചുകൊണ്ടിരുന്ന അഘോരിയെ അവൾ കാണുന്നത്.

ഹേയ്....... യൂ സ്റ്റുപ്പിഡ്...... താൻ എന്ത് പണിയാടോ കാണിച്ചത്....... മൈ കാർ...... ഇറ്റ് ഗോഡ് ഡാമേജ്ഡ്....... ഇനി ഞാൻ ഇമമ്മയോട് എന്ത് സമാധാനം പറയും ആവോ

നെറുകയിൽ കൈ വച്ചുകൊണ്ട് സാരംഗി പരാതി പറഞ്ഞുകൊണ്ടിരുന്നു.

നീ വിഷമിക്കേണ്ടതില്ല മകളെ...... എന്റെ ഒപ്പം വരിക.........നിന്നെ ഞാൻ നിന്റെ നിയോഗത്തിലേക്ക് നയിക്കുവാൻ ആഗതനായവനാണ്.

അഘോരി സന്യാസി പയ്യെ പറഞ്ഞു.

ഓഹ് ഗോഡ്...... മലയാളി ആയിരുന്നല്ലേ...... താൻ എന്തൊക്കെയാടോ ഈ പറയുന്നത്....... നിയോഗം...... വാട്ട് ദ് ഫക്ക്...... രാവിലെ തന്നെ വന്നോളും ഓരോ മെന്റലുകൾ..... ലീവ് മീ അലോൺ

അഘോരിക്ക് നേരെ സാരംഗി അലറി.

അത് കേട്ടതും ആ അഘോരിയുടെ കണ്ണുകൾ തീക്കട്ട പോലെ ചുവന്നു.

വടിയിൽ അയാളുടെ വിരലുകൾ മുറുകുന്നത് കണ്ട് സാരംഗിയും ചെറുതായി ഭയന്നു.

പൊടുന്നനെ കയ്യിലുണ്ടായിരുന്ന വടി ആ അഘോരി സന്യാസി സാരംഗിയുടെ കാറിന് നേരെ എറിഞ്ഞു.

അവളുടെ കാറിൽ കൊണ്ടു തെറിച്ച ആ വടി തിരികെ വന്നു അവളുടെ പുറത്താണ് കൊണ്ടത്.

ആഹ്ഹ്ഹ്

പുറത്ത് വടി കൊണ്ടതും സാരംഗി അലറി വിളിച്ചു.

കാരണം അവൾക്ക് നന്നേ വേദനിച്ചിരുന്നു.

എന്നാൽ വടി പുറത്ത് വന്നടിച്ചതിന്റെ ശക്തിയിൽ അവൾ മുന്നിലേക്ക് തെറിച്ചു പോയി.

അഘോരി സന്യാസിയുടെ നേരെയാണ് അവൾ എത്തപ്പെട്ടത്.

തന്റെ കണ്മുന്നിൽ അവൾ എത്തിയതും ആ അഘോരി തന്റെ തള്ളവിരൽ അവളുടെ നെറ്റിയിൽ ചേർത്തു വച്ചു.

ആ വിരൽ സ്പർശനമേറ്റതും സാരംഗി തറഞ്ഞു നിന്നു.

എന്തൊക്കെയോ നിഴൽ ചിത്രങ്ങൾ അവളുടെ ബോധമണ്ഡലത്തിലേക്ക് വന്നു മറഞ്ഞു പോകുന്ന പോലെ.

ഒരുപാട് നിഴൽ ചിത്രങ്ങളുടെ ഒഴുക്ക് സാരംഗിയുടെ കുഞ്ഞു തലയിൽ മിന്നിമറഞ്ഞു.

അവൾക്കിപ്പോ തന്റെ തല പൊട്ടി ചിതറുമെന്ന് വരെ തോന്നിപോയി.

സാരംഗി അസഹനീയമായ തലവേദന കാരണം റോഡിലേക്ക് വേഗം മുട്ടു കുത്തിയിരുന്നു.

പയ്യെ അവളുടെ ബോധമനസിലേക്ക് വന്ന ചില നിഴൽ ചിത്രങ്ങൾ കൂടുതൽ മിഴിവായി തുടങ്ങി.

ആരുടെയൊക്കെയോ കാൽപെരുമാറ്റങ്ങൾ.

മനുഷ്യരുടെയും ആക്രോശങ്ങൾ.

കുതിരകളുടെ കാൽ കുളമ്പടികളും ചിനയ്ക്കലും.

വാൾ മുനകൾ തമ്മിൽ കൊമ്പ് കോർക്കുന്ന സംഗീതം.

സാരംഗി ഒരു ചലച്ചിത്രം പോലെ കാണുകയായിരുന്നു.

തൂവെള്ള നിറമുള്ള ഒരു സുന്ദരൻ കുതിര.

അതിന്റെ മുകളിൽ ഇരുന്നു വാൾ വീശുന്ന അതി സുന്ദരിയായ ഒരു പെൺകൊടി.

പത്തോ പതിനഞ്ചോ വയസ്സ് പ്രായം തോന്നിക്കുന്ന ഒരു പെണ്ണ്.

അവൾ അതി സമർത്ഥമായി എതിരെയുള്ളവരോട് പട വെട്ടുകയാണ്.

മെയ്യ്വഴക്കമുള്ള ഒരു അഭ്യസിയെ പോലെ അവൾ അവരെയൊക്കെ അരിഞ്ഞു തള്ളി.

പുലിത്തോൽ ഉടയാടക്ക് സമാനമായി അണിഞ്ഞിരുന്ന ആ അപൂർവ സൗന്ദര്യ ധാമത്തെ കണ്ടു സാരംഗി പോലും അസൂയപ്പെട്ടു പോയി.

അവൾ ഒരു കാനന പുത്രി ആയിരുന്നു.

കാടിന്റെ മകൾ.

വനദേവതയുടെ ആശീർവാദമുള്ള ഒരു അപ്സര കന്യക

സാരംഗി ആ പെൺകൊടിയുടെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി.

അപ്പോഴാണ് അവൾ ഒരു കാര്യം മനസിലാക്കിയത്.

ആ പെണ്ണിന് തന്റെ മുഖച്ഛായ അല്ലെ?

സംശയ നിവാരണത്തിനായി സാരംഗി ഒന്നൂടെ നോക്കി.

ശരിയാണ്....... അവൾക്ക് തന്റെ മുഖമാണ്...

സാരംഗി അത്ഭുതത്തോടെ ആ രംഗം വീക്ഷിക്കുകയായിരുന്നു.

പിന്നെ അവൾ കണ്ടത് പ്രക്ഷുബ്ധമായ ഒരു കടൽ ആയിരുന്നു.

അതിൽ വലിയൊരു കൊലയാളി ചുഴി രൂപപ്പെട്ടു.

ആ ചുഴിയിലേക്ക് സാരംഗി ഉണ്ടായിരുന്ന ബോട്ട് അകപ്പെട്ടു.

സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് അവൾ താഴ്ന്നു പോയി.

ശ്വാസം കിട്ടാതെ അവൾ പിടഞ്ഞു.

ഒരിറ്റ് ജീവ വായുവിനായി അവൾ കടലിന്റെ അടിത്തട്ടിൽ കിടന്ന് കൈ കാലുകളിട്ടടിച്ചു.

പക്ഷെ ആരുടേയും സഹായഹസ്തം അവളെ തേടിയെത്തിയില്ല.

അവിടെ കിടന്നാവും തന്റെ അന്ത്യമെന്ന് അവൾ കണക്ക് കൂട്ടി.

പൊടുന്നനെ സാരംഗി കണ്ണുകൾ വലിച്ചു തുറന്നു മുന്നിലേക്ക് നോക്കി.

അവിടെ നിർവികാരതയോടെ നിൽക്കുന്ന അഘോരിയെ കാണാം.

അവൾ ഭയത്തോടെ പിന്നിലേക്ക് മാറി ആഞ്ഞു ശ്വാസം വലിച്ചു.

ഇപ്പൊ കണ്ടത് ഒക്കെ ഒരു മിഥ്യയായിരുന്നെന്ന് വിശ്വസിക്കാൻ അവൾക്ക് കഴിഞ്ഞില്ല.

നിന്റെ നിയോഗത്തിലേക്കുള്ള ആദ്യ കാൽവെയ്പ്....... ദാ ഈ നിമിഷം മുതൽ ആരംഭിക്കുകയായി..... കാലാന്തര യാത്രാ മന്ത്ര പ്രയോഗം അറിയുവനായി നീ വാ...... എന്റെ കൂടെ വാ

അതും പറഞ്ഞുകൊണ്ട് ആ അഘോരി സന്യാസി ബ്രിഡ്ജിന്റെ കൈ വരിയിൽ നിന്നും താഴേക്ക് എടുത്തു ചാടി.

അതു കണ്ട സാരംഗി അലർച്ചയോടെ അയാളെ പിടിക്കുവാനായി എഴുന്നേറ്റ് ഓടി ബ്രിഡ്ജ്ന്റെ കൈ വരിയിൽ വന്നു നിന്ന് താഴേക്ക് നോക്കി.

എന്നാൽ ആ സന്യാസിയുടെ പൊടി പോലും കാണുന്നുണ്ടായിരുന്നില്ല.

താഴെ ഉൾക്കടൽ ആണ്.

സാരംഗി നെഞ്ചിൽ കൈ വച്ചുകൊണ്ട് പിന്നിലേക്ക് മാറി.

അപ്പോഴാണ് ഇടത് കയ്യിൽ ഒരു പഴഞ്ചൻ പേപ്പർ കഷ്ണം അവളുടെ ശ്രദ്ധയിൽ പെട്ടത്.

അവൾ ആ ചുരുൾ പയ്യെ നിവർത്തി നോക്കി.

അതു വേൾഡ് മാപ്പിൽ നിന്നും കീറിയെടുത്ത ഒരു കഷ്ണമായിരുന്നു.

അതിൽ ജപ്പാനിലെ ടോക്യോ എന്ന സ്ഥലം ആയിരുന്നു രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നത്.

ഇതും ടൈം ട്രാവൽ മന്ത്രവും ഞാനുമായി എന്ത് ബന്ധം?

ആ അഘോരി ടൈം ട്രാവൽ മന്ത്രത്തെ കുറിച്ച് അറിഞ്ഞത് അവളെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു കളഞ്ഞു.

ഇതിനു പുറകെ പോകുന്നത് ബാലിശമാകുമോ എന്നുവരെ അവൾ ഭയന്നു.

എങ്കിലും അവളിലെ ജിജ്ഞസ അതുമായി മുന്നോട്ട് പോകാൻ തന്നെ തീരുമാനിച്ചു.

സാരംഗി നേരെ തിരിഞ്ഞു നോക്കിയതും ആസിഡന്റ് ആയ കാർ പഴയ പോലെ തന്നെ ഒരു കുഴപ്പമോ കേടുപാടുകളോ ഇല്ലാതെ തന്നെ ഇരിക്കുന്നത് കണ്ടു സാരംഗിയ്ക്ക് ഇപ്പൊ ബോധം പോകുമെന്ന പോലെയായിരുന്നു.

ഈ അനന്തച്ഛന്റെ ഓരോ ലീലാവിലാസങ്ങൾ

സാരംഗി ചിരിയോടെ ഓടി വന്നു കാർ എടുത്തു.

ശേഷം വീട്ടിലേക്ക് വേഗം തന്നെ പോയി.

ഇമമ്മയോട് സ്കൂൾ പ്രൊജക്റ്റ് ചെയ്യാൻ 3 ദിവസം ദൂരേക്ക് പോകുവാണെന്നു കള്ളം പറഞ്ഞു അവൾ വീട്ടിൽ നിന്നും ചാടി.

ചിലവിനുള്ള പണം അരുണിമ അവളുടെ കയ്യിൽ കൊടുത്തിരുന്നു.

ഫ്രണ്ടിനോട് പറഞ്ഞു സാൻഫ്രാൻസികോയിൽ നിന്നും ടോക്യോയിലേക്കുള്ള ഫ്ലൈറ്റ് ടിക്കറ്റ് സാരംഗി എടുത്തു വച്ചു.

അരുണിമ ആയിരുന്നു അവളെ സാൻഫ്രാൻസിസ്കോ ഇന്റർനാഷണൽ എയർപോർട്ടിൽ കൊണ്ടുവിട്ടത്.

അമ്മയുടെയും മകളുടെയും സ്നേഹ പ്രകടനത്തിന് ശേഷം സാരംഗി ബാഗുമെടുത്ത് ഇമമ്മയോട് യാത്ര പറഞ്ഞു.

പിന്നെ എയർപോർട്ടിനുള്ളിലേക്ക് നടന്നു.

ആദ്യം അവൾ ചെക്ക് ഇൻ ചെയ്തു.

പിന്നെ സെക്യൂരിറ്റി ഗേറ്റ്സിലൂടെ ചെക്കിങ് ഒക്കെ കഴിഞ്ഞ് സാരംഗിയെ കടത്തി വിട്ടു.

ബോര്ഡിങ് ഗേറ്റ് കണ്ടു പിടിച്ച ശേഷം അവൾ അവിടെ കാത്തിരുന്നു.

എയർ കാനഡയിൽ ആയിരുന്നു അവളുടെ യാത്ര നിശ്ചയിച്ചിരുന്നത്.

വല്ലാത്തൊരു കൗതുകവും ആവേശവും ആയിരുന്നു യാത്രയിൽ ഉടനീളം അവളിൽ ഉണ്ടായിരുന്നത്.

11 മണിക്കൂറുകൾ നീണ്ട യാത്രയ്ക്ക് ശേഷം സാരംഗി Narita international Airport ൽ വന്നിറങ്ങി.

ട്രാവൽ ബാഗുമെടുത്തു അവൾ എക്സിറ് ന്റെ അവിടെയെത്തി.

എയർപോർട്ടിന് പുറത്തിറങ്ങിയാൽ പിന്നെ എങ്ങോട്ട് പോകണമെന്ന് അവൾക്ക് തന്നെ ഒരു നിശ്ചയവുമില്ലായിരുന്നു.

പുറത്തേക്കിറങ്ങിയ സാരംഗി ആ എയർപോർട്ടിലെ തിങ്ങി നിറഞ്ഞ ജനങ്ങളെ കണ്ടു അമ്പരന്നു പോയി.

അപ്പോൾ അവിടെ പുറത്ത് കാഷായ വസ്ത്രം ധരിച്ച ഒരാൾ ഒരു നെയിം ബോർഡുമായി നിൽക്കുന്നത് സാരംഗി കണ്ടു.

അതിൽ SAARANGI എന്നായിരുന്നു എഴുതിയിരുന്നത്.

സാരംഗി ആദ്യം ഒന്നു സംശയിച്ചെങ്കിലും പിന്നെ എന്തോ ആലോചിച്ച ശേഷം അയാളെ നോക്കി കൈ വീശി.

മൊട്ട തലയുള്ള ഒരാൾ.

അയാളുടെ കഴുത്തിൽ ബുദ്ധന്റെ ലോക്കറ്റ് ഉണ്ടായിരുന്നു.

ആളൊരു ബുദ്ധമത വിശ്വാസി ആവുമെന്ന് സാരംഗി കരുതി.

സാരംഗിയുടെ ബാഗ് കാറിൽ കേറ്റി വച്ച ശേഷം സാരംഗിയുമായി അയാൾ യാത്രയായി.

വന്ന ആളുടെ പേരും വിവരങ്ങളും സാരംഗി ഇതിനോടകം ചോദിച്ചു മനസിലാക്കിയിരുന്നു.

അപ്പോഴാണ് അയാൾ അവളെ പിക്ക് ചെയ്യാൻ വന്ന ഡ്രൈവർ ആണെന്ന് മനസിലാക്കിയത്.

അയാൾക്ക് ഇംഗ്ലീഷിൽ നല്ല പ്രാവീണ്യം ഉണ്ടായിരുന്നു.

നമ്മൾ എങ്ങോട്ടാ പോകുന്നത്.?

സാരംഗി അർധോക്തിയോടെ ചോദിച്ചു.

നമ്മൾ ഇപ്പൊ ജപ്പാനിൽ നിന്നും 100 km അകലെയുള്ള miage എന്ന ദ്വീപ്പിലേക്കാണ് പോകുന്നത്.

ആരാണ് നിങ്ങളെ ഇങ്ങോട്ട് വിട്ടത്....... എന്നെ പിക്ക് ചെയ്യാൻ?

അറിയില്ല..... ഈ നെയിം ബോർഡും പണവും എന്റെ വീട്ടിൽ കൊണ്ട് വന്നു തന്നതാണ്...... ഏതോ ഒരു അപരിചിതൻ

ഡ്രൈവർ പറഞ്ഞു.

അയാൾ കാണുവാൻ സന്യാസിയെ പോലെയാണോ?

സാരംഗിയ്ക്ക് ആകാംക്ഷ അടക്കാനായില്ല.

സോറി...... ഞാൻ കണ്ടിരുന്നില്ല...... എന്റെ വൈഫ് ആണ് കണ്ടത്.

ഇതിനു പിറകിൽ അഘോരി ആവുമെന്ന് ഏകദേശം അവൾക്ക് ഉറപ്പായിരുന്നു.

ഹിഷിക്കോ എന്നായിരുന്നു സാരംഗിയെ കൂട്ടാൻ വന്ന ആളുടെ പേര്.

ഹിരോഷിമ ദുരന്തത്തിന്റെ ഇരകളാണ് ഹിഷിക്കോയുടെ മുത്തു മുത്തച്ഛന്മാർ.

100 km അതിവേഗം തന്നെ അവർ കവർ ചെയ്തു.

അവിടെ നിന്നും പസഫിക് സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന miage എന്ന ദ്വീപ്പിലേക്കാണ് അവർ പോയത്.

സാരംഗി ഹിഷിക്കോയോട് miage ദ്വീപ്പിനെ പറ്റിയുള്ള കാര്യങ്ങൾ ഓരോന്നായി വിവരിക്കുവാൻ തുടങ്ങി.

അദ്ദേഹം നല്ലൊരു ഡ്രൈവർ കോ ഗൈഡ് കൂടിയാണെന്ന് സാരംഗിയ്ക്ക് തോന്നി.

ഹിഷിക്കോ പറഞ്ഞു തുടങ്ങി.

മാഡം........മിയാഗേ എന്ന ദ്വീപ്പിന് ചുറ്റുമുള്ള പസഫിക് സമുദ്രത്തിലാണ് ഡ്രാഗൺസ് triangle സ്ഥിതി ചെയ്യുന്നത്........ഈ സ്ഥലം അറിയപ്പെടുന്നത് ഡെവിൾ സീ എന്നാണ്........പഴമക്കാർ ഈ സ്ഥലത്തെ dragons triangle എന്നാണ് വിളിച്ചിരുന്നത്.......ബർമുഡ triangle പോലെ ഇതുവഴി കടന്നു പോകുന്ന

കപ്പലും വിമാനങ്ങളും എല്ലാം ഇതിലകപ്പെട്ടു അപ്രത്യക്ഷമാകും........ഇതിന്റെ ചുരുൾ അഴിക്കാൻ 1952 ഇൽ ജപ്പാനീസ് സർക്കാർ 31 സംഘമടങ്ങിയ ഒരു കപ്പൽ ഇവിടേക്ക് അയച്ചു.........ശേഷം ആ യാത്രക്കാരെ പറ്റിയോ കപ്പലിനെ പറ്റിയോ ഒരു വിവരവും ലഭിച്ചിട്ടില്ല....... ചെകുത്താൻ കടൽ എന്നാണ് ഞങ്ങൾ ആ സ്ഥലത്തെ അഭിസംബോധന ചെയ്യുന്നത്....... ആ ഡ്രാഗൺസ് ട്രയായംഗിളിൽ ഒരു വലിയ വ്യാളി ജീവിച്ചിരിപ്പുണ്ടെന്നും അതാണ് ഈ കപ്പലുകളെയും വിമാനങ്ങളെയും വരെ നശിപ്പിക്കുന്നതെന്നുമാണ് ഇവിടുത്തെ പഴമക്കാരുടെ വിശ്വാസം.

അയ്യോ അപ്പൊ നമ്മൾ അങ്ങോട്ട് പോയാൽ എന്തേലും അപകടം?

സാരംഗി അല്പം ഭയത്തോടെ ചോദിച്ചു.

ഇല്ല മാഡം....... Miage ദ്വീപ് പരിസരത്തുള്ള ഹുക്കുമ ബീച്ചിൽ നിങ്ങളെ എത്തിക്കണമെന്നാണ് എനിക്ക് കിട്ടിയ ഓർഡർ.

ഹിഷിക്കോ പറയുന്നത് കേട്ട് സാരംഗി ചിന്തിതയായി.

ഹ്മ്മ്...... ഇത് മിക്കവാറും ആ അഘോരി തന്നെയാവും.

അവൾ ആലോചിക്കവേ ഹിഷിക്കോ ഒരു പൊടുന്നനെ കാർ നിർത്തി.

സാരംഗി എന്താണെന്ന് അറിയിവനായി മുന്നിലേക്ക് നോക്കി.

നീണ്ടു കിടക്കുന്ന മണൽ പരപ്പുകൾ...... അതിനപ്പുറം അലയടിക്കുന്ന തിരമാലകളുടെ അനന്ത ശേഖരവുമായി പസഫിക് സമുദ്രവും.

ഇത് തന്നാവും ഹുക്കുമോ ബീച്ച്.

തന്റെ ഡെസ്റ്റിനേഷൻ എത്തിയെന്നു സാരംഗിയ്ക്ക് മനസിലായി.

അവൾ ഹിഷിക്കോയോട് നന്ദി പറഞ്ഞുകൊണ്ട് കാറിൽ നിന്നുമിറങ്ങി.

ശേഷം മണൽ പരപ്പിലൂടെ കഷ്ട്ടപ്പെട്ട് ബാഗും കൊണ്ട് നടന്നു.

നടന്നു നടന്നു അവൾ ബീച്ചിലെത്തി.

തൊട്ടു മുമ്പിൽ ആർത്തിരമ്പുന്ന പാൽ തിരമാലകൾ അവളെ തൊട്ടു തൊട്ടില്ല എന്ന മട്ടിൽ ഓടിയൊളിക്കുന്നു.

ആ തിരമാലകളുടെ ഭംഗി ആസ്വദിച്ചുകൊണ്ട് അവൾ അല്പസമയം ചിലവഴിച്ചു.

ഓം നമഃ ശിവായ.....ഓം നമഃ ശിവായ....

പിന്നിൽ നിന്നും പഞ്ചാക്ഷരി മന്ത്രജപം കേട്ടു ആരാണെന്നറിയാൻ സാരംഗി തിരിഞ്ഞു നോക്കി.

അത് ആ അഘോരി തന്നെയായിരുന്നു.

നീ എന്നെ തേടി വരുമെന്നുള്ളത് മുന്നേ നിർണയിക്കപ്പെട്ടിട്ടുള്ളതാണ്.........വിധിയുടെ വിളയാട്ടം പോലെ കാലം കാത്തുവച്ച കാവ്യനീതി പോലെ നമ്മുടെ സമക്ഷം നീ എത്തിച്ചേരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു........നിന്റെ നിയോഗത്തിലേക്കുള്ള വെറും വഴിക്കാട്ടി മാത്രമാണ് ഞാൻ.ഈ പ്രപഞ്ചത്തിന്റെ വെറുമൊരു കളിപ്പാവ.

അഘോരി പറഞ്ഞതിന്റെ പൊരുൾ അവൾക്ക് മനസ്സിലായില്ല.

തന്നെ തേടി ഒരു വലിയ നിയോഗം കാത്തിരിപ്പുണ്ടെന്ന് മാത്രം മനസിലായി.

നിന്റെ നിയോഗത്തിലേക്കുള്ള യാത്ര തുടരാം....... വരൂ.

അഘോരി കയ്യിലെ വടിയിൽ ഊന്നുകൊണ്ട് നടന്നു.

പിന്നാലെ സാരംഗിയും.

നടന്നു അവർ ഒരു ബോട്ടിനു സമീപമെത്തി.

അഘോരി അതിലേക്ക് ചാടി കയറി.

സാരംഗിയോടും ബോട്ടിലേക്ക് കയറാൻ ആവശ്യപ്പെട്ടു.

ആദ്യം അവൾ ഒന്നു മടിച്ചെങ്കിലും വേറെ നിവൃത്തിയില്ലാത്തോണ്ട് കേറേണ്ടി വന്നു.

യന്ത്രവൽകൃത ബോട്ട് ആയതിനാൽ അവളിൽ ആശങ്കയൊന്നും ഉണ്ടായിരുന്നില്ല.

അഘോരി ആ ബോട്ട് നേരെ ഉൾക്കടൽ ലക്ഷ്യമാക്കി ഓടിക്കുവാൻ തുടങ്ങി.

കര അവളിൽ നിന്നും അകന്നകന്ന് ഇപ്പൊ കണ്ണെത്താ ദൂരത്തായി.

അമേരിക്കയിൽ ഉള്ള ജീവിതത്തിൽ പലപ്പോഴും കറ്റമരനിലും ഉല്ലാസ കപ്പലുകളിലും ഇഷ്ടം പോലെ കേറിയിട്ടുള്ളതിനാൽ ഈ യാത്രയിൽ വല്യ പുതുമയൊന്നും അവൾക്ക് തോന്നിയില്ല.

അങ്ങനെ പോകവേയാണ് അവൾ ഹിഷിക്കോ പറഞ്ഞ dragons triangle ഓർത്തത്..

ഇനി ശരിക്കും അങ്ങനൊരു സംഭവം അവിടെ കാണുമോ?..

യാത്രയ്ക്കിടയിൽ സാരംഗിയുടെ ചിന്ത ഇത് തന്നെയായിരുന്നു.

അങ്ങനെ യാത്ര 3,4 മണിക്കൂർ പിന്നീട്ടതും മാനത്തും കടലിലും ചെറിയ മാറ്റങ്ങൾ വരാൻ തുടങ്ങി.

തെളിഞ്ഞിരുന്ന മാനം പൊടുന്നനെ ഇരുണ്ടു മൂടി മഴക്കോളുമായി എത്തി.

ഒപ്പം നല്ല ഇടിയും മഴയും.

അതോടൊപ്പം കടൽ മൊത്തം പ്രക്ഷുബ്ധമായതും സാരംഗി ഭയന്നു വിറച്ചു.

ബോട്ട് ശക്തിയിലടിക്കുന്ന തിരമാലക്കനുസരിച്ച് ആടിയുലയാൻ തുടങ്ങിയതും അവൾക്ക് ജീവൻ പോകുന്ന പോലെ തോന്നി.

ഒപ്പം കർണം പൊട്ടുന്ന പോലത്തെ ഇടി മുഴക്കങ്ങളും കൊള്ളിയാന്റെ ആകാശത്തെ ചിത്രപ്പണികളും അവളുടെ അവശേഷിച്ച ധൈര്യത്തെ കൂടി ഊറ്റിയെടുത്തുകൊണ്ടിരുന്നു.

സാരംഗി അറിയാതെ അഘോരിയെ നോക്കി.

അവിടെ ഭയം പോയിട്ട് യാതൊരു വികാരങ്ങളുടെയും ലാഞ്ചന പോലുമില്ല.

അതു കണ്ടിട്ട് സാരംഗിയ്ക്ക് അത്ഭുതം തോന്നി.

ഇതിൽ നിന്നും എങ്ങനേലും രക്ഷപെടാൻ പറ്റുമോ എന്നേറിയാൻ പിന്നിലേക്ക് നോക്കിയ സാരംഗി കണ്ടത് വലിയൊരു ആനച്ചുഴിയായിരുന്നു.

കിലോ മീറ്ററുകളോളോളം വലിപ്പമുള്ള ഉഗ്രൻ ചുഴി.

പൊടുന്നനെ തുള്ളിക്കൊരു കുടം കണക്കെ മഴ പെയ്യാനും തുടങ്ങി.

എല്ലാം കൂടി ആയപ്പോ ഇവിടേക്ക് വരാൻ തോന്നിയ നിമിഷത്തെ അവൾ സ്വയം പഴിച്ചുകൊണ്ടിരുന്നു.

മുഖത്തേക്ക് ചറപറാ മഴത്തുള്ളികൾ വീണതും സാരംഗിയ്ക്ക് ശ്വാസം മുട്ടി.

അവൾ അവിശ്വസനീയതയോടെ പിന്നിലേക്ക് നോക്കി.

ആ ചുഴിയിലേക്ക് താൻ ഇരിക്കുന്ന ബോട്ട് അടുത്തുകൊണ്ടിരിക്കുകയാണ്

സ്വപ്നത്തിൽ കണ്ടതൊക്കെ സത്യമാകാൻ പോകുന്നുവെന്ന് അവൾ മനസിലാക്കി.

സാർ....... ഈ ചുഴിയിൽ പെടാതെ ബോട്ട് മാറ്റിയോടിക്ക്..... ഇല്ലേൽ നമ്മുടെ കാര്യത്തിൽ ഒരു തീരുമാനമാകും.

അഘോരി കേൾക്കുന്ന വിധത്തിൽ അവൾ അലറി.

ആ സന്യാസിയെ എങ്ങനെ അഭിസംബോധന ചെയ്യണമെന്ന് അവൾക്ക് ഒരെത്തും പിടിയുമില്ലായിരുന്നു.

എന്നാൽ അദ്ദേഹം അതൊന്നും ചെവിക്കൊണ്ടില്ല.

മുഖം മറ്റെങ്ങോട്ടോ തിരിച്ചു വച്ചു.

അയ്യോ....... Some one ഹെല്പ് us...... വീ അർ ഇൻ dangerous സിറ്റുവേഷൻ....... ഹെല്പ് us....... ഹെൽപ് us

സാരംഗി പരമാവധി ഒച്ചയിൽ അലറി വിളിച്ചു.

പക്ഷെ കാര്യമുണ്ടായില്ല.

വൈകാതെ തന്നെ ബോട്ട് ചുഴിയിലേക്ക് കയറി.

ചുഴിയിൽ അകപ്പെട്ടതും ആ ബോട്ട് വൃത്താകൃതിയിൽ കറങ്ങാൻ തുടങ്ങി.

അതും കൂടി കണ്ടതോടെ സാരംഗിയ്ക്ക് വെപ്രാളമായി.

ആദ്യം പയ്യെ കറങ്ങിയിരുന്ന ബോട്ട് ഇപ്പൊ പയ്യെ വേഗത കൈവരിച്ചു.

നിന്റെ നിയോഗത്തിന് സമയം ആഗതമായിരിക്കുന്നു മകളെ........ തയാറാകുക....... മനസിൽ നിന്റെ പിതാവിനെ സ്മരിക്കുക...... അതിനുശേഷം കാലന്തര യാത്രാ മന്ത്രം ജപിക്കുക.

അഘോരി പറഞ്ഞത് കേട്ട് കലിയാണ് സാരംഗിയ്ക്ക് വന്നത്.

പിന്നെ ഈ ഒരു സിറ്റുവേഷനിൽ അല്ലെ മന്ത്രം ജപിക്കേണ്ടത്?

നിനക്ക് രക്ഷപെടണെമെങ്കിൽ ഞാൻ പറയുന്നത് അനുസരിക്കുക..... അല്ലേൽ ഇതൊക്കെ അർത്ഥവത്തായിത്തീരും.

വെറുതെ ആയാലും ഐ ഡോണ്ട് കെയർ..... എനിക്ക് തിരിച്ചു പോണം...... എന്നെ തിരികെ കൊണ്ടു പോകു.... പ്ലീസ്

സാരംഗി അറിയാതെ കരഞ്ഞു പോയി.

വീഴാതിരിക്കാനായി അവൾ ബോട്ടിൽ മുറുകെ പിടിച്ചു.

സാരംഗി നോക്കുമ്പോൾ കാണുന്നത് കൊലചിരിയോടെയിരിക്കുന്ന അഘോരിയെ ആയിരുന്നു.

അദ്ദേഹത്തിനു ഇങ്ങനൊരു മുഖം കൂടി ഉണ്ടെന്ന് അവൾ അറിഞ്ഞിരുന്നില്ല.

സമയം അതിക്രമിച്ചിരിക്കുന്നു...... നഷ്ട്ടപ്പെട്ടാൽ തിരികെ ലഭിക്കാത്തത് സമയം മാത്രമാണ്....... നിനക്ക് സ്വായത്തമായ ആ മന്ത്രം ജപിക്കൂ...... നീ നിന്റെ പിതാവിനെ സ്മരിക്കൂ...... രണ്ടു ജന്മങ്ങളുടെ നിയോഗങ്ങൾ പൂർത്തീകരിക്കാൻ നീ കൂടിയേ തീരു...... ചെല്ലൂ.........

ഇല്ലാ ഞാൻ പോകില്ല....... എനിക്ക് കഴിയില്ല..

സാരംഗി കണ്ണുകൾ തുറക്കാൻ പോലും ഭയന്നുകൊണ്ട് അലറി.

പോകൂ.....ഇത് നമ്മുടെ ആജ്ഞയാണ്..... പോകൂ...... ഇല്ലെങ്കിൽ നീ നമ്മുടെ കോപത്തിന് പാത്രമാവുന്നതാണ്.

അഘോരിയുടെ ക്രോധത്താൽ പൊട്ടി തെറിക്കുന്ന ശബ്ദം പോലും അവളെ പേടിപ്പിച്ചുകൊണ്ടിരുന്നു.

പ്രക്ഷുബ്ധമായ കടലിലെ ചുഴിയിലേക്ക് കൂടുതൽ അടുത്തത് ബോട്ട് താരതമ്യേന നന്നേ ചരിഞ്ഞു.

അതോടെ സാരംഗിയുടെ ചങ്കിടിപ്പ് ദ്രുതഗതിയിലായി.

കാലന്തര യാത്ര മന്ത്രം ഉടൻ തന്നെ ജപിക്കൂ...... വേഗം

അഘോരി അലറി വിളിച്ചു.

എന്നാൽ സാരംഗി അതിനു വഴങ്ങിയില്ല.

അതു കണ്ട അഘോരി ക്രോധത്തോടെ മാനത്തേക്ക് നോക്കി ഇരു കൈകളും ഉയർത്തി പിടിച്ചു.

ആ സമയം കണ്ണ്ഞ്ചിപ്പിക്കുന്ന ഒരു കൊള്ളിയാൻ ആകാശത്ത് സൃഷ്ടിക്കപ്പെട്ടു.

അതിന്റെ ഇടി മുഴക്കം ഭൂമിയെ പോലും വിറപ്പിക്കുമെന്ന് അവൾക്ക് തോന്നി.

വൈര ജാത വംശയായ അഥർവ്വന്റെ ഏക പുത്രി വില്ലാളി വീര അപ്സര കന്യകെ നിന്നോട് ഞാൻ ആജ്ഞപിക്കുന്നു...... മന്ത്രം ചൊല്ലുന്നുവോ ഇല്ലയോ?

ഇല്ലാ

ചൊല്ലുന്നുവോ ഇല്ലയോ?

ഇല്ലാ

ചൊല്ലുന്നുവോ ഇല്ലയോ?

ഇല്ലാ

അഘോരിയുടെ ചോദ്യം 3 തവണയും ശ്രവിച്ചിട്ടും സാരംഗി ഒരേ മറുപടി തന്നെ ആവർത്തിച്ചതിനാൽ ആ അഘോരിയുടെ കണ്ണുകൾ ചുട്ടു പഴുത്തു.

അദ്ദേഹം മാനത്തേക്ക് നോക്കി വീണ്ടും കൈകൾ ഉയർത്തി.

വീണ്ടും അതേ മുഴക്കത്തിൽ അതേ കൊള്ളിയാൻ മാനത്ത് രൂപപ്പെട്ടു.

അതു കണ്ടതും ചിരിയോടെ ആ അഘോരി സമയം ഒട്ടും പഴക്കാതെ തന്റെ ഇരു കൈകളും 2 തവണ വീതം കൊട്ടി കൊണ്ട് താഴേക്ക് വലിച്ചു.

ആ സമയം ആ കൊള്ളിയാൻ വളഞ്ഞു പുളഞ്ഞു വന്നു സാരംഗിയും അഘോരിയുമുള്ള ആ ബോട്ടിൽ വന്നു പതിച്ചു.

അത് പതിച്ച മാത്രയിൽ ആ ബോട്ട് വലിയ സ്ഫോടനത്തോടെ ചിന്നി ചിതറി.

മിന്നലേറ്റ സാരംഗിയും അഘോരിയും ഡ്രാഗൺസ് ട്രയാങ്കിളിലെ അപകട ചുഴിയിലേക്കാണ് വീണത്.

ചുഴിയിലകപ്പെട്ട സാരംഗി പൊടുന്നനെ ബോധരഹിതയാവുകയും ചുഴി അവളെ തന്നിലേക്ക് ആവഹിക്കുകയും വിഴുങ്ങുകയും ചെയ്തു

---------------------------------------------------

-സെക്കന്റുകൾക്ക് മുന്നേ-

അഘോരി തന്റെ കൈകൾ കൊണ്ട് ഇടി മിന്നലിനെ നിയന്ത്രിക്കുന്ന കണ്ടതും സാരംഗിയുടെ കണ്ണുകൾ വിടർന്നു.

എങ്കിലും ഭയം ലവലേശമന്യേ അവളെ വിട്ടു പോയിട്ടില്ലായിരുന്നു.

അതിശക്തമായ പ്രഹര ശേഷിയുള്ള കൊള്ളിയാൻ താഴേക്ക് വരുന്നതിന് മുന്നേ തന്നെ സാരംഗി കണ്ണുകളടച്ചു കാലാന്തര യാത്രാ മന്ത്രം ജപിച്ചു കഴിഞ്ഞിരുന്നു.

അതൊരിക്കലും ആ ആഘോരിയെ ഭയന്നു ആയിരുന്നില്ല.

പകരം അവളുടെ മനസിൽ അനന്തച്ഛൻ വന്നു പറഞ്ഞതുകൊണ്ട് മാത്രമായിരുന്നു.

കണ്ണുകളടച്ചു സാരംഗി മന്ത്രം ജപിച്ചു കഴിഞ്ഞ മാത്രയിലാണ് ആ കൊള്ളിയാൻ അവളിൽ വന്നു പതിച്ചത്.

കാലാന്തര യാത്രാ മന്ത്ര പ്രയോഗത്തിനിടെ ഇടി മിന്നലേറ്റ സാരംഗിയ്ക്ക് എന്തു സംഭവിക്കുമെന്ന് കണ്ടു തന്നെ അറിയാം.

ബാക്കി അടുത്ത പാർട്ടിൽ.

ബെഡിൽ നിന്നുമെഴുന്നേറ്റ അനന്തു ഉറക്കച്ചവോടെ കണ്ണുകൾ തിരുമ്മി തുറന്നു.

എന്നിട്ട് കയ്യും മുഖവും ഒക്കെ കഴുകി പല്ലും തേച്ച് നേരെ താഴേക്ക് ഇറങ്ങി വന്നു.

അവിടെ മുത്തശ്ശനും മുത്തശ്ശിയും ഒക്കെ പ്രാതൽ കഴിക്കാനിരിക്കുകയായിരുന്നു.

അവരുടെ കൂടെ അനന്തുവും ഇരുന്നു.

സീതമ്മായിയും മാലതിയമ്മയും ആണ് ഫുഡ് വിളമ്പുന്നത്.

അഞ്ജലിയും ശിവയും രംഗത്തേയില്ല.

നല്ല പൂപോലെ മൃദുലമായ പുട്ടും കടല കറിയും.

അനന്തു അത് വയറു നിറയെ വെട്ടി വിഴുങ്ങി.

അപ്പോഴാണ് ശങ്കരൻ മുത്തശ്ശൻ ഒരു കാര്യം ഓർത്തത്.

മോനെ ദേവാ...... ബഷീർ വിളിച്ചിരുന്നു...... ബുള്ളറ്റ് ശരിയാക്കിയെന്ന് വിളിച്ചു പറയാൻ.

ആണോ ഐവാ...... എങ്കിൽ ഞാനിപ്പോ തന്നെ പോയെടുക്കാം മുത്തശ്ശാ

ദേ അച്ഛാ ചെറുക്കന്റെ ചുറ്റിക്കളി ഇച്ചിരി കൂടിയിട്ടുണ്ട്..... ഇപ്പൊ വീട്ടിൽ വരാനേ അവന് നേരമില്ല..... നാട് മൊത്തം തെണ്ടി നടക്കുവാ.

മാലതി പറയുന്നത് കേട്ട് അനന്തു ഞെട്ടി.

ഒന്നു പോടി....... അവനേ ഈ തേവക്കാട്ട് ശങ്കരന്റെ കൊച്ചുമകനാ....... ഈ ദേശം ഗ്രാമം അവന്റെ സ്വന്തവും...... അവന് എങ്ങോട്ട് വേണേലും എപ്പോ വേണേലും പോകാം..

മൂത്തശ്ശന്റെ സപ്പോർട്ട് കിട്ടിയതും അനന്തു ഞെളിഞ്ഞിരുന്നു.

മോൻ അവള് പറയുന്നതൊന്നും കാര്യക്കണ്ട...... എങ്ങോട്ട് വേണേലും കറങ്ങാൻ പൊക്കോട്ടോ

മുത്തശ്ശിയുടെയും സമമ്മതം കിട്ടിയതും പിന്നെ അനന്തുവിന് ഇരിക്കപ്പൊറുതി ഇല്ലാതായി.

ഫുഡ് ഒക്കെ കഴിച്ചു ഒരേമ്പക്കവും വിട്ട് അനന്തു നേരെ അഞ്ജലിയുടെ മുറിയിൽ ചെന്നു.

അവിടെ ആളെ ഒന്നു കാണാത്തതിനാൽ നിരാശയോടെ അവൻ തിരികെ പോരാനൊരുങ്ങുമ്പോഴാണ് ബാത്റൂമിൽ നിന്നും ഫ്ലഷ് ചെയ്യുണ ശബ്ദം കേട്ടത്.

അപ്പൊ ആള് ഇവിടെ തന്നെയുണ്ടെന്ന് മനസിലായ അനന്തു ചിരിയോടെ നേരെ ബെഡിൽ പോയിരുന്നു.

അപ്പോഴാണ് ടേബിൾ ലാമ്പിന് കീഴെ ദേവൻ അമ്മാവന്റെ ഡയറി കിടക്കുന്നത് അവൻ കണ്ടത്.

അത് കണ്ടതും അനന്തുവിന്റെ ചിരി പതിയെ മങ്ങി.

എന്താണ് നന്ദുവേട്ടാ...... ഡയറി കണ്ടപ്പോഴേ ചിരിയൊക്കെ വാടിയോ?

അഞ്ജലി കള്ള ചിരിയോടെ ചോദിച്ചു.

ഇതെന്താ ഇവിടെ? ഇത് ഞാൻ അന്നേ കളയാൻ പറഞ്ഞതല്ലേ?

അനന്തു ഇഷ്ട്ടക്കേടോടെ ചോദിച്ചു.

അങ്ങനതങ്ങ് കളയാൻ പറ്റുവോ?

പിന്നെ?

അഞ്ജലിയുടെ ഉദ്ദേശ്യം അറിയുവാനായി അവൻ ചോദിച്ചു.

എനിക്ക് ദേവൻ അമ്മാവന്റെയും കല്യാണിയുടെയും പ്രണയ കഥ അറിയണം.

ഇപ്പോഴോ?

അനന്തു അവളെ തുറിച്ചു നോക്കി.

ഹാ ഇപ്പൊ തന്നെ.

എനിക്കെങ്ങും വയ്യ

അനന്തു വിമ്മിഷ്ടത്തോടെ മുഖം വെട്ടിച്ചു.

എന്റെ പൊന്നു നന്ദുവേട്ടനല്ലേ...... പ്ലീസ്...... പ്ലീസ്.......

അഞ്ജലി കൊഞ്ചിക്കൊണ്ട് ചോദിച്ചു.

ഹൊ...... ഈ പെണ്ണിന്റെ കാര്യം..... ശരി ശരി.

അതും പറഞ്ഞുകൊണ്ട് അനന്തു ഡയറി കയ്യിലേക്ക് എടുത്തു.

ഡാ എട്ടാ...... മുത്തശ്ശൻ നിന്നെ അന്വേഷിക്കുന്നു....... ഒരു ഡ്രൈവറെ വേണമെന്ന്

പൊടുന്നനെ റൂമിലേക്ക് കേറി വന്ന ശിവപ്രിയ വിളിച്ചു കൂവി.

ശോ..... ഈ മുത്തശ്ശന്റെ ഒരു കാര്യം.

അഞ്ജലി ഈർഷ്യയോടെ കൈകൾ പിണച്ചു വച്ചു.

പോട്ടെ അഞ്ജലിക്കുട്ടി..... ഞാൻ വന്നു കഴിഞ്ഞ് പറഞ്ഞു തരാട്ടോ.

അഞ്ജലിയുടെ കവിളിൽ സ്നേഹത്തോടെ പിച്ചിയ ശേഷം അനന്തു അകത്തളത്തിലേക്ക് പോയി.

അവിടെ മുത്തശ്ശൻ അവനെ കാത്തിരിക്കുകയായിരുന്നു.

മോനെ ദേവാ...... നമുക്ക് ഒന്നു പുറത്ത് പോകാം.

ശരി മുത്തശ്ശാ

അനന്തു ഉത്സാഹത്തോടെ പോയി മുത്തശ്ശൻറെ ഇന്നോവയുടെ ചാവി എടുത്തു കൊണ്ടു വന്നു.

കാറിൽ കയറിയിട്ട് യതീന്ദ്രനോട് പറഞ്ഞ ശേഷം അവർ യാത്രയായി.

ദേശം നാൽക്കവല കഴിഞ്ഞതും ശങ്കരൻ പറഞ്ഞു തുടങ്ങി.

മോനെ ദേവാ...... കഴിഞ്ഞ ദിവസം നമ്മടെ ഫാക്ടറിയിലെ ഒരു ജോലിക്കാരൻ മരിച്ചു പോയില്ലേ.....

അത് കേട്ടതും ശരിയാണെന്ന മട്ടിൽ അവൻ തലയാട്ടി.

ദേ ഇപ്പൊ വീണ്ടും ഒരു മരണം ദേശം ഗ്രാമത്തിൽ നടന്നിരിക്കുന്നു.

ആരാ മുത്തശ്ശാ മരിച്ചെ?

അനന്തു പയ്യെ ചോദിച്ചു.

വേലപ്പൻ എന്ന് പറയുന്ന ഒരാളാ...... ആള് ഹണ്ടിംഗിനോക്കെ പോയി കാട്ടിറച്ചി വിറ്റ് ജീവിക്കുന്നയാളാന്ന് കേട്ടിട്ടുണ്ട്..... അവന്റെ അപ്പനും അമ്മയും ഒക്കെ നമ്മടെ പാടത്തു പണിയെടുക്കുന്നവരാ...... കഷ്ടമായി പോയി അവരുടെ കാര്യം..... ഒറ്റ മകനാണ് പോലും.

മുത്തശ്ശൻ പറയുന്നത് കേട്ട് നിശബ്ദം അവൻ വണ്ടിയൊടിച്ചു.

ദേശം ഗ്രാമത്തിന്റെ അതിർത്തിയിൽ എത്തിയപ്പോൾ അവിടെ റോഡരികിൽ ആൾക്കൂട്ടം കണ്ടു.

കുറെ വാഹനങ്ങളും.

മോനെ...... കാർ അങ്ങോട്ട് ഒതുക്കിക്കോ

മുത്തശ്ശൻ ആവശ്യപ്പെട്ടതും തല കുലുക്കികൊണ്ട് അനന്തു കാർ റോഡരികിലേക്ക് ഒതുക്കി നിർത്തി.

കാറിൽ നിന്നും ഇറങ്ങിയ അനന്തു റീത്തും എടുത്തു മുത്തശ്ശൻറെ കൂടെ നടന്നു.

ആ വീട്ടിലേക്ക് ഉള്ള വഴിയിലേക്ക് കേറാൻ റോഡിൽ നിൽക്കുമ്പോഴേ കേൾക്കാമായിരുന്നു ആരുടെയൊക്കെയോ കരച്ചിലുകൾ.

അവർ അങ്ങോട്ടേക്ക് പതിയെ കയറി.

അവിടുത്തെ നാട്ടുകാർ ബഹുമാനത്തോടെ തേവക്കാട്ടിൽ ശങ്കരന് വഴി മാറി കൊടുത്തു.

വേലപ്പന്റെ മൃതദേഹത്തിനു മുന്നിലെത്തി അല്പ നേരം ബഹുമാനത്തോടെ നിന്ന ശേഷം അനന്തുവിന്റെ കയ്യിൽ നിന്നും റീത്ത് വാങ്ങി മൃതദേഹത്തിന് സമീപം വച്ചു.

ശേഷം അവർ അവിടെ നിന്നും തിരികെ വന്നു.

2,3 സുഹൃത്തുക്കളെ കണ്ട ശേഷം അവർ മനയിലേക്ക് മടങ്ങി.

മനയിൽ എത്തിയ ശേഷം ശങ്കരൻ യതീന്ദ്രനോടൊപ്പം പാടത്തേക്കാണ് പോയ്.

അനന്തു നേരെ അഞ്ജലിയുടെ അടുത്തേക്ക് പോകാൻ നിക്കുമ്പോഴാണ് ബലരാമൻ അമ്മാവന്റെ കാൾ വരുന്നത്.

അനന്തു ആ കാൾ എടുത്തു.

അമ്മാവാ....... പറയ്.

മോനെ അനന്തൂട്ടാ..... എവിടെയാ ഉള്ളെ?

ഞാൻ മനയിൽ ഉണ്ട്.

എങ്കിൽ നീ വേഗം നമ്മുടെ തേൻ നദിയുടെ ഇക്കരെക്കരയിലേക്ക് പോണം....... അവിടെ നമ്മുടെ സ്കൂളിൽ കഞ്ഞി വയ്ക്കുന്ന ആശ എന്നൊരു സ്ത്രീയുണ്ട്....... അവരുടെ മകൾക്ക് വേണ്ടി നമ്മുടെ ഹോസ്പിറ്റലിൽ ഒരു വാക്കൻസി പറഞ്ഞു വച്ചിട്ടുണ്ട്...... അപ്പൊ മോൻ പോയി ആ കുട്ടിയെ ഒന്നു കൊണ്ടു വാ കേട്ടോ.

ശരി അമ്മാവാ..... ആ പുഴയുടെ എവിടെയായിട്ടാ.....?

അവിടെ ഒരു മില്ല് ഉണ്ട്...... അതിന്റെ പിന്നിലാ

ങ്ഹേ....... അതിന്റെ പിന്നിലല്ലേ അരുണിമയുടെ വീട്

അനന്തുവിന്റെ ചിന്ത അതായിരുന്നു.

അപ്പൊ ശരി...... എന്തേലും ഡൌട്ട് ഉണ്ടേൽ വിളിക്ക്

അതും പറഞ്ഞു കൊണ്ട് ബലരാമൻ കാൾ വച്ചു

ശെടാ..... ഇതിപ്പോ ആ കുട്ടിയേയും കൊണ്ടു പോകുന്നത് അരുണിമ കണ്ടാൽ എന്താകുമോ എന്തോ?

അനന്തു വെപ്രാളത്തോടെ ബുള്ളറ്റ് എടുത്തു.

ശേഷം തേൻ നന്ദിയുടെ ഇക്കരെക്കരയിലേക്ക് ഓടിച്ചു.

അൽപം സംഭ്രമത്തോടെ.

അൽപ നേരത്തെ ഡ്രൈവിംഗു ശേഷം അനന്തു മില്ലിന് മുന്നിലെത്തി.

അവിടെ കയറി സ്കൂളിൽ ജോലി ചെയ്യുന്ന ആശയുടെ വീട് ഏതാണെന്നു ചോദിച്ചറിഞ്ഞ ശേഷം അങ്ങോട്ടേക്ക് നടക്കാൻ തുടങ്ങി.

അരുണിമയുടെ വീട്ടിലേക്കുള്ള വഴിയിലൂടെ നടക്കവേ അനന്തു നല്ല ടെൻഷനിൽ ആയിരുന്നു.

ഏതായാലും അരുണിമയെയും കണ്ടു അശയുടെ വീട് ചോദിച്ചറിയാമെന്ന് കണക്ക് കൂട്ടി.

പതുക്കെ നടന്നുനടന്നു അരുണിമയുടെ വീട്ടിൽ എത്തി.

ചേച്ചി...... ദേ ആ ചേട്ടൻ

അനന്തുവിനെ കണ്ടതും മുറ്റത്ത് അക്ക് കളിക്കുകയായിരുന്ന അനിയത്തിക്കുട്ടി വീട്ടിലേക്ക് ഓടി കയറി.

അൽപ നേരം കഴിഞ്ഞതും വിയർത്ത് കുളിച്ചൊരു രൂപം അതും ചുരിദാറിൽ പൂച്ചകണ്ണുകളും ചുണ്ടിൽ പുഞ്ചിരിയും.

മുഖത്തു ഏറെ നാൾ കാണാതെ കാത്തിരുന്ന പ്രാണനാഥനെ കണ്ടു മുട്ടിയപ്പൊ ഉള്ള ഭാവങ്ങളാൽ സമ്പന്നമായിരുന്നു.

എന്നാൽ പെട്ടെന്ന് തന്നെ അരുണിമയുടെ ചിരി മങ്ങി.

പകരം മുഖത്തു കപട ഗൗരവം ഫിറ്റ് ചെയ്തു.

എന്തിനാ പെണ്ണെ എന്നോടീ അഭിനയം?

അനന്തു സങ്കടത്തോടെയാണെങ്കിലും അവളെ തന്നെ കൺകുളിരെ കാണുകയായിരുന്നു.

എന്താ കാര്യസ്ഥന്റെ മോനു ഈ വീട്ടിൽ കാര്യം?

അരുണിമ അവനോടായി ചോദിച്ചു.

ഞാൻ ഇവിടെയുള്ള ഒരു ആശയെ തപ്പിയിറങ്ങിയതാ..... ഇവിടുത്തെ സ്കൂളിൽ കഞ്ഞി വയ്ക്കുന്ന?

എന്റെ അമ്മയാ അത്.

അരുണിമ ചുണ്ടുകൾ കോടി വച്ചു കൈകൾ പിണച്ചു വച്ചു.

ആണോ...... എന്നോട് ബലരാമൻ അമ്മാവ്..... സോറി ബലരാമൻ അങ്ങുന്ന് പറഞ്ഞു ഹോസ്പിറ്റലിൽ വാക്കൻസി ഉണ്ടെന്ന്...... അവരുടെ മകൾക്ക്...... അപ്പൊ കൂട്ടിക്കൊണ്ടു പോകാൻ വന്നതാ ഞാൻ

അനന്തു അവളോടായി പറഞ്ഞു.

ഹ്മ്...... എനിക്ക് വേണ്ടിയിട്ടാ...... അങ്ങുന്ന് പറഞ്ഞിരുന്നു.

എങ്കിൽ പോയാലോ?.

അനന്തു ചോദിച്ചു.

ഞാൻ റെഡിയാവട്ടെ...... കേറി വാ

അരുണിമ അവനെ വിളിച്ചു.

പക്ഷെ ആ താടകയുടെ സ്വഭാവം എപ്പോഴാ മാറുന്നതെന്ന് നിശ്ചയമില്ലാത്തതിനാൽ അനന്തു ആ ക്ഷണം നിരസിച്ചു കൊണ്ടു പുറത്ത് തന്നെ നിന്നു.

അര മണിക്കൂർ കഴിഞ്ഞതും അരുണിമ മഞ്ഞ നിറത്തിലുള്ള ഒരു ചുരിദാറുമണിഞ്ഞ് കണ്ണുകളൊക്കെ എഴുതി സുന്ദരിയായി ഇറങ്ങി വന്നു.

എന്റമ്മോ............

അവളുടെ പൂച്ചക്കണ്ണുകളിലെ വശ്യത അവനെ കൊത്തി വലിക്കുന്ന പോലെ തോന്നി.

അനന്തു ചിരിയോടെ കണ്ണുകൾ അടച്ചു വച്ചു

പോകാം.

ഉള്ളിലൂറി വന്ന പുഞ്ചിരി തല്ലി കെടുത്തിയിട്ട് അരുണിമ ചോദിച്ചു.

ആാഹ്.

അനന്തു മറുപടി പറഞ്ഞുകൊണ്ട് മുന്നോട്ട് നടന്നു.

പിന്നാലെ അരുണിമയും

നടന്നു നടന്നു അവർ ആ മില്ലിന് മുന്നിലെത്തി.

അവിടെയായിരുന്നു ബുള്ളറ്റ് പാർക്ക് ചെയ്തിട്ടുള്ളത്.

അനന്തു ബുള്ളറ്റിൽ കേറിയിരുന്നു കിക്കർ ചവിട്ടി ഓണാക്കി.

ഖഡ്.........ഖഡ്........... ഖഡ്........... ഖഡ്

ആക്സിലേറ്റർ തിരിച്ചുകൊണ്ട് അവൻ അരുണിമയെ നോക്കി.

അവൾ പയ്യെ അവന് പുറകിൽ കേറിയിരുന്നു.

അവൾ കേറിയതും അനന്തു ബുള്ളറ്റ് ഓടിക്കുവാൻ തുടങ്ങി.

അനന്തു ഓർക്കുകയായിരുന്നു.

ആദ്യമായി അവളെ കണ്ടു മുട്ടാൻ ഇട വരുത്തിയ ആ ആക്സിഡന്റ്.

പിന്നെ അവളെ ആദ്യമായി വണ്ടിയിൽ കേറ്റിയതും ഹോസ്പിറ്റലിൽ കൊണ്ടു പോയി ഡോക്ടറിനെ കണ്ടതുമൊക്കെ.

അനന്തു ഓരോ ഓർമകളും അയവിറക്കിക്കൊണ്ട് വണ്ടി ഓടിച്ചു.

പതിവിന് വിപരീതമായി ഇന്ന് അനന്തു സൈലന്റ് ആയി ഇരിക്കുന്നത് കണ്ടു അവൾക്കും എന്തോ വിഷമം തോന്നി.

എന്തുപറ്റി? എന്താ ഒന്നും മിണ്ടാത്തെ?

അരുണിമ അവന്റെ കാതിലേക്ക് ചുണ്ടുകൾ എത്തിച്ചു കൊണ്ടു ചോദിച്ചു.

ഹേയ്...... ഒന്നൂല്ല...... വെറുതെ

എന്നാലും പറ...... എന്തുപറ്റി?

എന്തേ ഇപ്പൊ ജോലിക്ക് പോകാൻ?

അനന്തുവിന്റെ ചോദ്യം കേട്ട് അരുണിമയ്ക്ക് ചിരിയാണ് വന്നത്.

എനിക്ക് ജോലി ചെയ്യണം ആനന്തൂ...... പിന്നെ സമ്പാദിക്കണം........ വീട്ടുകാരെ പൊന്നു പോലെ നോക്കണം....... പിന്നെ എന്റെ ഏറ്റവും വലിയ ഡ്രീം...... യൂറോപ്പ്....... അവിടെ സെറ്റിൽ ആവണം....... ഫാമിലിയായി ജീവിക്കണം

അരുണിമയുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഒക്കെ നേരിൽ കേട്ടറിഞ്ഞ അനന്തുവിൽ നിന്നും ഒരു നെടുവീർപ്പുണ്ടായി.

ഇവളെയൊക്കെ ഞാൻ എങ്ങനെ വളച്ചെടുക്കും?

അനന്തു നിരാശയോടെ ബുള്ളറ്റ് ഓടിച്ചു.

10 മിനിറ്റ് കഴിഞ്ഞതും അവർ ദേവൻ മെമ്മോറിയൽ ഹോസ്പിറ്റലിൽ എത്തി.

പാർക്കിംഗിൽ ബുള്ളറ്റ് നിർത്തിയ ശേഷം അനന്തു അവളോട് ഇറങ്ങുവാൻ പറഞ്ഞൂ.

അരുണിമ പയ്യെ ബുള്ളറ്റിൽ നിന്നുമിറങ്ങി.

ഞാൻ ഇവിടെ തന്നെ കാണും...... പോയി ബലരാമൻ അങ്ങുന്നിനെ കണ്ടിട്ട് വായോ

അനന്തു അവളോട് പറഞ്ഞിട്ട് ഹോസ്പിറ്റലിന് പുറത്തെ ചായക്കടയിലേക്ക് നടന്നു.

അനന്തുവിനെ നോക്കി നിന്ന ശേഷം ഒരു നിശ്വാസത്തോടെ അവൾ ഹോസ്പിറ്റലിലേക്ക് പോയി.

ഏകദേശം അര മണിക്കൂറ് കഴിഞ്ഞ് ഹോസ്പിറ്റലിന്റെ ഫ്രണ്ടിലൂടെ അരുണിമ നടന്നു വരുന്നത് അനന്തു കണ്ടു.

അവൻ ആ ചായ കടയിൽ നിന്നും ഒരു ചൂട് ചായ കുടിക്കുവായിരുന്നു.

അവളെ കണ്ടതും അവൻ വിസിൽ അടിച്ചു.

അതു കേട്ട അരുണിമ ചുറ്റും നോക്കി.

അപ്പോഴാണ് റോഡിന്റെ മറുവശത്തുള്ള ചായക്കടയിൽ നിന്ന് അനനന്തു കൈകാണിക്കുന്നത് അവളുടെ ശ്രദ്ധയിൽ പെട്ടത്.

അനന്ദുവിന്റെ അടുത്തേക്ക് അവൾ നടന്നടുത്തു.

അരുണിമ അടുത്ത് വന്നതും അനന്ദു മറ്റൊരു ചൂട്ചായ അവൾക്കും കൈമാറി.

അനന്തുവിന്റെ ഒപ്പം ചായക്കടയിലെ ബെഞ്ചിലിരുന്നുള്ള ആ ചായ കുടി അവൾക്ക് വല്ലാത്തൊരു അനുഭൂതിയാണ് സമ്മാനിച്ചത്.

ഉൾപ്പുളകം പോലെ ഒന്നു.

പരസ്പരം ഒന്നും ഉരിയാടാതെ അവർ ചായ കുടിച്ച് തീർത്തു.

അതിനു ശേഷം അവർ പാർക്കിംഗ് ലോട്ടിലേക്ക് നടന്നു.

അരുണിമയുടെ ഉള്ളം കയ്യിൽ പിടിക്കാൻ ഏറെ ആഗ്രഹമുണ്ടായിട്ടും പേടി കാരണം ആ ത്വരയെ അവൻ പിടിച്ചു നിർത്തി.

ബാലരാമൻ അങ്ങുന്നിനെ കണ്ടിട്ട് എന്ത് പറഞ്ഞു?

അനന്തു പയ്യെ ചോദിച്ചു.

കാര്യങ്ങളൊക്കെ സംസാരിച്ചു...... നാളെ തൊട്ട് ജോലിക്ക് കേറിക്കോളാൻ പറഞ്ഞു..... ഇവിടെ തന്നെ..... പിന്നെ എന്ത് സഹായം വേണമെങ്കിലും ചെയ്തു തരാമെന്ന് പറഞ്ഞു.... വിദേശത്തേക്ക് പോകാൻ ഒക്കെ

അരുണിമ ഒറ്റ ശ്വാസത്തിൽ പറഞ്ഞു നിർത്തി.

ഷ്മ്...... നല്ലതന്നെ....... ഒരു ജോലി കിട്ടുന്നത് നല്ല കാര്യമല്ലേ?

അനന്തുവും അവളെ പിന്താങ്ങി.

അനന്തു ബി. എഡ് കംപ്ലീറ്റ് ചെയ്തതാണെന്നല്ലേ പറഞ്ഞെ..... ജോലിക്ക് ഒന്നു ശ്രമിച്ചൂടായിരുന്നോ?

അതിനു ഞാൻ കോഴ്സ് കംപ്ലീറ്റ് ചെയ്തിട്ടില്ല.... ലാസ്റ്റ് സെമസ്റ്റർ ആണ്.... കംപ്ലീറ്റ് ചെയ്തിട്ട് നോക്കണം...... ജോലിയൊക്കെ

ഹ്മ്

അരുണിമ ഒന്നു മൂളി.

അവർ നടന്നു നടന്നു ബുള്ളറ്റിന് സമീപം എത്തിയിരുന്നു.

അനന്തു കീ ഇട്ട് ബുള്ളറ്റ് ഓൺ ചെയ്തു.

അരുണിമ കയറി കഴിഞ്ഞതും അനന്തു വീണ്ടും ബുള്ളറ്റ് ഓടിച്ചു തുടങ്ങി.

നല്ല പൊള്ളുന്ന വെയിൽ ആയതിനാൽ അനന്തു കഷ്ടപ്പെട്ടാണ് വെയിലും സഹിച്ചോണ്ട് വണ്ടി ഓടിച്ചത്.

അരുണിമ ചുരിദാറിന്റെ ഷാൾ എടുത്ത് തല വഴി മൂടിയിരുന്നു.

ഹോസ്പിറ്റലിൽ നിന്നും വിട്ട് 10 മിനുട്ട് കഴിഞ്ഞതും അവർ പട്ടണത്തിലേക്കുള്ള മെയിൻ റോഡിന് സമീപം എത്തി.

പൊടുന്നനെ ഒരു ടിപ്പർ മെയിൻ റോഡിലൂടെ പാഞ്ഞു വന്നു അവർ സഞ്ചരിച്ചുകൊണ്ടിരുന്ന ബുള്ളറ്റിനെ ഇടിച്ചു തെറിപ്പിച്ചു.

ഇടി കോണ്ടതും അനന്തുവും അരുണിമയും ദൂരേക്ക് തെറിച്ചു വീണു.

വീഴ്ച്ചയിൽ തന്നെ അനന്തുവിന്റെ തലയുടെ പിന്ഭാഗം റോഡിൽ ഇടിച്ചതിനാൽ അവൻ ഒന്നനങ്ങാൻ പോലുമാകാത്ത തരത്തിൽ നിസ്സഹായതയോടെ കിടന്നു.

അരുണിമ അടുത്തുള്ള കരിങ്കൽകൂനയിലേക്കാണ് വീണത്.

പയ്യെ അനന്തുവിന്റെ ബോധം മറഞ്ഞു തുടങ്ങി.

മൂക്കിൽ നിന്നും രക്തസ്രാവം ഉണ്ടായി.

അടഞ്ഞു പോകുന്ന കൺകോണിലൂടെ അവൻ കണ്ടു അവിടെ ദൂരെയായി കരിങ്കൽകൂനയുടെ മുകളിൽ കിടന്ന് ദേഹത്തു പരിക്കുകളുമായി നിലവിളിക്കുന്ന അരുണിമയെ.

നടു റോഡിൽ കിടന്നു പിടയുന്ന അനന്തുവിനെ കണ്ടതും നെഞ്ചു പൊടിയുന്ന വേദനയോടെ അരുണിമ അവന് സമീപം റോഡിലൂടെ ഇഴഞ്ഞു വന്നു.

അവളുടെ കൈയിലെയും മുട്ടു കാലിലെയും തൊലി റോഡിലുരഞ്ഞ് പോറി രക്തം ചീന്തി.

കഷ്ടപ്പെട്ട് അവൾ അവന് തലക്കൽ എത്തി അവന്റെ ശിരസ് എടുത്തു വയറിൽ വച്ചു.

അപ്പോഴും അരുണിമയുടെ നെറ്റി പൊട്ടി ചോര ഒഴുകുന്നുണ്ട്.

അരുണിമ തന്നെ വയറിൽ ചേർത്ത് വച്ചപ്പോഴേക്കും അനന്തുവിന്റെ കണ്ണുകൾ കൂമ്പിയടഞ്ഞു.

ഹ്..... ഹാ...... അ...... അനന്ത്...... അനന്തു

അരുണിമ അവന്റെ അടഞ്ഞു പോയ കണ്ണുകൾ നോക്കി വിളിക്കാൻ ശ്രമിച്ചു.

പക്ഷെ അവൾക്ക് വല്ലാതെ ശ്വാസം മുട്ടുന്ന പോലെ തോന്നി.

പയ്യെ തന്റെ ശിരസ് അരുണിമ റോഡിലേക്ക് ചേർത്തു വച്ചു.

പിന്നെ ആഞ്ഞൊന്നു ശ്വാസം വലിച്ചുകൊണ്ട് അരുണിമയുടെയും ബോധം നഷ്ട്ടമായി.

അവർ ഇരുവരും മരിച്ചെന്നു കണക്ക് കൂട്ടിയ ആ ലോറി ഡ്രൈവർ പുച്ഛത്തോടെ സ്റ്റീറിങ് തിരിച്ചുകൊണ്ട് പട്ടണം ലക്ഷ്യമാക്കി വണ്ടിയോടിച്ചു.

പൊടുന്നനെ ഒരു ജീപ്പ് അവിടേക്ക് ദ്രുത ഗതിയിൽ വന്നു നിരങ്ങി നിന്നു.

അതിൽ നിന്നും 4 പേർ ഇറങ്ങി.

കാഴ്ച്ചയിൽ ഏതോ കിങ്കരന്മാർ ആണെന്ന് വ്യക്തം.

അവർ കൂസലേതുമില്ലാതെ അരുണിമയുടെയും അനന്തുവിന്റെയും ബോഡി എടുത്തു ജീപ്പിന്റെ പിറകിലേക്ക് വലിച്ചെറിഞ്ഞു.

ശേഷം ആ ജീപ്പും അവരെയും കൊണ്ടു പട്ടണം ലക്ഷ്യമാക്കി നീങ്ങി.

---------------------------------------------------

-മംഗലാപുരം/കർണാടക-

-മംഗലാപുരം ഹാർബർ-

അവിടെ ഹാർബറിന് സമീപം സമുദ്രത്തിനു ഉള്ളിലേക്കായി പണിത ബ്രിഡ്ജ് കാണാം.

പഴകിയ കോൺക്രീറ്റു ബ്രിഡ്ജ്.

അതിലേക്ക് ഒരു ക്യാരാവൻ പയ്യെ ഒഴുകി വന്നു.

അതിന്റെ പിന്നിലെ ഡോർ വലിച്ചു തുറന്ന് 2 പേര് പുറത്തേക്കിറങ്ങി.

അവർ പിന്നിലേക്ക് പോയി ക്യാരവാനിന്റെ ഡിക്കി പയ്യെ തുറന്നു.

അതിൽ രക്തം വാർന്നുകൊണ്ടിരിക്കുന്ന അനന്തു ആയിരുന്നു ഉണ്ടായിരുന്നത്.

കണ്ണുകൾ നിശ്ചലം.

കൈകകാലുകൾ കയറിനാലും വായ് ടേപ്പ് കൊണ്ടും ബന്ധിചിരിക്കുന്നു.

ചുറ്റും ഒന്നു നോക്കിയ ശേഷം അവർ 2 പേരും അനന്തുവിന്റെ ബോഡി എടുത്തുകൊണ്ടു വന്നു ബ്രിഡ്ജിന്റെ അറ്റത്തു കൊണ്ടു വച്ചു.

എന്നിട്ട് വാനിൽ നിന്നും ബലം കൂടിയ കയർ എടുത്തുകൊണ്ടു വന്നു അനന്തുവിന്റെ കാലിൽ ഒന്നുകൂടി മുറുക്കി കെട്ടി.കമ്പിസ്റ്റോറിസ്.കോം

നീളം കൂടിയ ആ കയറിന്റെ അറ്റം പിടിച്ചു തയാറായി നിന്നു.

പൊടുന്നനെ ബ്രിഡ്ജിന്റെ അടിയിലൂടെ ഒരു സ്പീഡ് ബോട്ട് പോയതും അയാൾ ആ കയർ ആ ബോട്ടിനു നേരെ വലിച്ചെറിഞ്ഞു.

ആ ബോട്ടിൽ ഓടിക്കുന്നയാൾ അടക്കം 2 പേർ ഉണ്ടായിരുന്നു.

ബ്രിഡ്ജിന്റെ മുകളിൽ നിന്നവൻ എറിഞ്ഞു കൊടുത്ത കയർ ക്യാച്ച് ചെയ്ത മറ്റവൻ ആ കയറിന്റെ അറ്റം ബോട്ടിൽ കെട്ടി ബച്ചു.

ബോട്ട് മിന്നൽ വേഗതയിൽ മുന്നോട്ട് നീങ്ങി.

അതിനനുസരിച്ചു കയറിന്റെ നീളവും കുറഞ്ഞു വന്നുകൊണ്ടിരുന്നു.

അവസാനം കയർ തീർന്നതും അനന്തു ബ്രിഡ്ജിൽ നിന്നും താഴേക്ക് തെറിച്ചു സമുദ്രത്തിൽ പതിച്ചു.

അവനെയും വലിച്ചുകൊണ്ട് അവർ നടുക്കടൽ ലക്ഷ്യമാക്കി നീങ്ങി.

ആരും കണ്ടിട്ടില്ലെന്ന് ഉറപ്പ് വരുത്തിയതും ഫോൺ എടുത്തു ഏതോ നമ്പറിലേക്ക് മെസ്സേജ് വിട്ടു.

ശേഷം അവർ ക്യാരവാനുമായി സ്ഥലം വിട്ടു.

ആ മെസേജ് ഇപ്രകാരമായിരുന്നു.

"ಕೆಲಸ ಮುಗಿದಿದೆ"

"job is done"

-------------------------------------------------

മംഗലാപുരത്ത് നിന്നും 100 km അകലെയുള്ള Sringeri കടൽ തീരം.

അറേബ്യൻ കടലിൽ തന്നെ സ്ഥിതി ചെയ്യുന്ന ഒരു ഒഴിഞ്ഞ ദ്വീപ്.

ആ ദ്വീപിൽ 90 % പ്രകൃതിയാലും നിത്യ വനങ്ങളാലും സമ്പന്നമാണ്.

ആ ദ്വീപ് ലണ്ടനിലെ വ്യവസായിയും ശതകോടീശ്വരനുമായ ഒരു മലയാളിയുടേതായിരുന്നു.

പെട്ടെന്ന് ആ ദ്വീപിന്റെ കടൽ തീരത്ത് ഒരു ചോപ്പർ ചിറകടിയോടെ പറന്നു വന്നിറങ്ങി.

ആ ഹെലികോപ്റ്ററിൽ നിന്നും 15 പേരോളം കറുത്ത വസ്ത്രധാരികളായവർ ഇറങ്ങി വന്നു.

അവർ കറുത്ത ഷൂവും കറുത്ത കൂളിംഗ് ഗ്ലാസും വച്ചിരുന്നു.

അതിൽ സ്ത്രീയും പുരുഷന്മാരും ഉണ്ട്.

ഇന്ത്യൻസും പശ്ചാത്യന്മാരും ആഫ്രിക്കക്കാരുടെയും സാന്നിധ്യം അതിൽ ഉണ്ടായിരുന്നു.

ഒരു വലിയ ബോക്സ് അവരെല്ലാവരും കൂടി ചേർന്നു ആ ചോപ്പറിൽ നിന്നുമിറക്കി.

അപ്പോഴേക്കും ദ്വീപ്പിന്റെ കടൽ തീരത്തേക്ക് വലിയൊരു ട്രക്ക് ഒഴുകി വന്നു നിന്നു.

ആ ട്രക്കിന് അകമ്പടിയായി ചില കറുത്ത വാഹനങ്ങളും ഉണ്ടായിരുന്നു.

വില കൂടിയവ.

ആ ട്രക്കിലേക്ക് ബോക്സ് കയറ്റിയ ശേഷം ട്രക്ക് നേരെ ദ്വീപിന്റെ ഉള്ളിലേക്ക് മറഞ്ഞു.

ദ്വീപിന്റെ പല ഭാഗത്തായും ഈ കറുത്ത വസ്ത്രധാരികൾ ബോഡിഗാർഡ്സിനെ പോലെ ദ്വീപിന്റെ സെക്യൂരിറ്റി കർശനമായി നിരീക്ഷിക്കുന്നു.

ട്രക്ക് പോകുന്ന വഴികളിലെല്ലാം അവരെ കാണാം.

ഏകദേശം 3 മിനുട്ട് അകം ആ ട്രക്ക് വലിയൊരു കോട്ടയുടെ ഗേറ്റ്നു മുന്നിലെത്തി.

ആ കോട്ട ഒരുപാട് പുരാതനമായ ഒന്നായിരുന്നു.

ഡ്രാക്കുള കോട്ടയെ ഓർമ്മിപ്പിക്കും വിധം ഒന്ന്.

സെക്യൂരിറ്റി നോക്കുന്ന ആ ബോഡിഗാർഡ്സ് അനുമതി തന്നതും ആ ട്രക്ക് മുന്നോട്ട് പോകുവാനായി തയാറെടുത്തു.

അപ്പോഴേക്കും ആ വലിയ ഇരുമ്പ് ഗേറ്റ് പയ്യെ തുറക്കപ്പെട്ടു.

അതിന്റെ ഉള്ളിലൂടെ ആ ട്രക്ക് സാവധാനം നീങ്ങി.

ആ കോട്ടയുടെ പിന്നിലേക്ക് ആ ട്രക്ക് പതിയെ ചെന്നു.

ട്രക്ക് വന്നു നിന്നതും കോട്ടയുടെ വെളിയിൽ കാത്തു നിന്ന 2 പേർ അതിന്റെ പിറകിലെ ഡോറിന്റെ കൊളുത്ത് ഊറി വലിച്ചു തുറന്നു.

അപ്പോഴേക്കും ട്രക്കിന്റെ അകത്തു നിന്നും ഘടാഗഡിയന്മാരായ 10 ഓളം പേർ ചേർന്നു ആ ബോക്സ് താങ്ങി പിടിച്ചുകൊണ്ടു കോട്ടയുടെ അണ്ടർഗ്രൗണ്ടിലെ റൂമിലേക്ക് മാറ്റി.

അവിടെ ചെന്നു ആ ബോക്സ് അഴിച്ചതും അതിൽ മറ്റാരുമായിരുന്നില്ല.

അരുണിമയായിരുന്നു.

ബെഡിൽ കിടക്കുകയാണെങ്കിലും ബോധരഹിതയാണ്.

ഇടത് കയ്യിൽ പ്ലാസ്റ്റർ കൊണ്ട് കെട്ടി വച്ചിരിക്കുന്നു.

അസ്ഥിക്ക് പരിക്കുണ്ടെന്ന് സാരം.

തലയിൽ വലിയ ചുറ്റിക്കെട്ട് ഒക്കെയുണ്ട്.

മുഖം കറുത്തിരുണ്ടിരിക്കുന്നു.

കണ്ണുകൾക്ക് താഴെ കറുപ്പ് ഘനീഭവിച്ചിട്ടുണ്ട്.

ശ്വാസം നിലനിർത്തുന്നത് ഓക്സിജന്റെ സഹായത്താലാണ്.

അരുണിമയുടേ ജീവൻ നിലത്താൻ വേണ്ടി സകല മാന ജീവൻ രക്ഷാ ഉപകരണങ്ങളും അവിടയുണ്ട്.

മോണിറ്ററിൽ ആ സാനം താഴേക്കും മേലേക്കും പോകുന്നുണ്ട്.

ഒരു വലിയ ഗ്ലാസ് ചേമ്പറിനുള്ളിലാണ് അവൾ ഉള്ളത്.

അവൾക്ക് സമീപം വിദഗ്ദരായ മെഡിക്കൽ സംഘവും ഉണ്ട്.

അവർ നിരന്തരം അവളെ പരിശോധിച്ചു കൊണ്ടിരിക്കുന്നു.

ആ ഗ്ലാസ് ചേമ്പറിന് മുന്നിലായി ഒരുവൻ അരുണിമയെ തന്നെ നോക്കി നിൽക്കുകയായിരുന്നു.

വികലമായ നരച്ച താടിയും മുടിയും ഉള്ളൊരാൾ.

കട്ടി മീശ ആയിരുന്നു അയാളുടെ പ്രത്യേകത.

നല്ല തിളങ്ങുന്ന കളസവും ഇട്ട് ചുണ്ടിൽ എരിയുന്ന ക്യൂബൻ സിഗരറ്റുമായി അയാൾ ആലോചനയിലായിരുന്നു.

അയാൾക്ക് സമീപം കാവൽ പോലെ 5 അംഗരക്ഷകരുണ്ട്.

അവരുടെ കൈവശം തോക്കും കാണാം.

അരുണിമയെ നോക്കി മതിയായ ശേഷം അയാൾ ആ കോട്ടയുടെ ഉള്ളിലെ ലിഫ്റ്റിലേക്ക് പയ്യെ കയറി.

ലിഫ്റ്റ് അയാളെയും ആ അംഗ രക്ഷകരെയും കൊണ്ട് മുകളിലേക്ക് കയറി തുടങ്ങി.

കോട്ടയുടെ ഏറ്റവും ടോപ്പിൽ എത്തിയതും ലിഫ്റ്റ് നിന്നു.

ലിഫ്റ്റിൽ നിന്നും അയാൾ പയ്യെ പുറത്തേക്കിറങ്ങി.

ആ ഇടനാഴിയുടെ അവസാന ഭാഗത്തു ഒരു മുറി കാണാം.

അതിന്റെ ഡോർ തുറന്ന് അയാൾ ഉള്ളിലേക്ക് കയറി.

അപ്പോൾ ആ ബോഡിഗാർഡ്സ് റൂമിന് വെളിയിൽ കാവലായി നിന്നു.

ഉള്ളിലേക്ക് കയറിയ ആ മധ്യവയസ്കൻ ആ റൂമിന്റെ മധ്യത്തിലുള്ള വില കൂടിയ സെറ്റിയിൽ പോയിരുന്നു.

അതൊരു ലക്ഷ്വറി മുറിയായിരുന്നു.

ആ സമയം ബ്രായും പാന്റിയും ധരിച്ച ഒരു യുവ സുന്ദരി കൈയിൽ വില കൂടിയ വോഡ്കയുടെ കുപ്പിയും ഗ്ലാസ്സുമായി കടന്നു വന്നു.

അയാളുടെ മുന്നിലുള്ള ചെറു ടേബിളിൽ ആ വോഡ്കയും ഗ്ലാസും വച്ച ശേഷം അവൾ ചുണ്ടിൽ വശ്യതയും ആവാഹിച്ച് അയാളുടെ കാൽ ചുവട്ടിൽ ഇരുന്നു.

അപ്പൊ മറ്റൊരുവൾ ബ്രായും പാന്റീയും ഇട്ട് അങ്ങോട്ട് കടന്നു വന്നു.

അവൾ പശ്ചാത്യ രാജ്യക്കാരി ആയിരുന്നു.

അവളുടെ തൂവെള്ള നിറവും അംഗ ലാവണ്യവും കണ്ട അയാളുടെ പുരുഷത്വം പയ്യെ സട കുടഞ്ഞു എണീക്കുവാൻ ആരംഭിച്ചു.

ഈ സമയം ഒരു ആഫ്രിക്കൻ തരുണീമണിയും കൊറിയൻ തരുണീമണിയും അയാളുടെ ഇരു തുടകളിലുമായി വന്നിരുന്നു.

ആ രണ്ടു കനികളെയും അയാൾ ആർത്തിയോടെ ചേർത്തു പിടിച്ചു.

ഈ സമയം മറ്റൊരുവൾ കൂടി അങ്കത്തട്ടിലേക്ക് കടന്നു വന്നു.

അറബിക് പാരമ്പര്യം ചുടു ചോരയിൽ കൊണ്ടു നടക്കുന്നവൾ.

ആ പെണ്ണ് പയ്യെ പിറകിലൂടെ അയാളെ കെട്ടി പിടിച്ചു കവിളിൽ ചുംബിച്ചു.

5 പെണ്ണുങ്ങളോടൊപ്പം രതി ലഹരിയിൽ തിമിർക്കാൻ പോകുന്നത് ആലോചിച്ച അയാൾക്ക് ഇരിക്ക പൊറുതി ഇല്ലാണ്ടായി.

ക്ളൂൂയ്യ്യ്യ്യ്യ്യ്

അയാൾ അലറി വിളിച്ചു.

5 മാദക തിടമ്പുകൾക്കൊപ്പം വോഡ്കയും നുണഞ്ഞു കൊണ്ടു അയാൾ ബെഡിലേക്ക് മറിഞ്ഞു.

ഇനി കാമകേളിയരങ്ങിന്റെ ഊഴം.

അയാൾ മറ്റാരുമായിരുന്നില്ല.

അണ്ടർവേൾഡ് എന്ന് അറിയപ്പെടുന്ന കിങ് ഡോൺ ക്രിസ്ത്ഫർ ഡി സൂസ

ഇന്റർനാഷണൽ ലെവലിൽ വരെ പിടിപാട് ഉള്ളവൻ.

കള്ള പണ മാഫിയയും ലോബികളും ലഹരി ഇറക്കുമതിയും സെക്സ് റാക്കറ്റും അയാളുടെ വിനോദോപാധികൾ ആണ്.

തീവ്രവാദ സംഘടനകൾക്ക് ആയുധങ്ങൾ എത്തിച്ചു കൊടുക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു.

അമേരിക്ക റെഡ് കോർണറിൽ ഇട്ട നോട്ടോറിയസ് പ്രതി.

10 കോടി ഡോളർ ആണ് അമേരിക്ക ഇവന്റെ തലക്കിട്ട വില.

ആ ക്രിമിനലിന്റെ കയ്യിൽ അരുണിമയെ പോലൊരു പാവം പെണ്ണിനെ കിട്ടിയാൽ ഉള്ള അവസ്ഥ എന്താകുമെന്ന് കണ്ടു തന്നെ അറിയാം.

അനന്തു അവളെ രക്ഷിക്കുമോ ഇല്ലയോ എന്നത്.

---------------------------------------------------

സ്പീഡ് ബോട്ടുമായി നടുക്കടലിൽ എത്തിയതും അവർ കയറിന്റെ കുരുക്ക് അഴിച്ചു കളഞ്ഞു.

അതിനാൽ സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് അനന്തു ആഴ്ന്നു പൊക്കോണ്ടിരുന്നു.

അപ്പോഴും അവനിൽ ജീവന്റെ യാതൊരു കണികയും ബാക്കിയില്ലായിരുന്നു.

അനന്തുവിന്റെ മൃത ദേഹം ആയിരുന്നു സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് ആഴ്ന്നു കൊണ്ടിരുന്നത്.

അങ്ങനെ ആണ്ടു പോകവേ പവിഴപ്പുറ്റുകളുടെ കൂമ്പരത്തിൽ അനന്തുവിന്റെ മൃതദേഹത്തിന്റെ കാൽ ഉടക്കി.

ഏറെ നേരം അനന്തു അങ്ങനെ തന്നെ കിടന്നു.

അല്പം കഴിഞ്ഞതും സമുദ്രത്തിലൂടെ ഭീമാകാരമായ ഒരു കരിനാഗം ഇഴഞ്ഞു വന്നു.

കറുത്ത ഉടലും വൈരം പോലെ തിളങ്ങുന്ന കണ്ണുകളും ആയിരുന്നു അതിന്റെ പ്രത്യേകത.

അത് മറ്റാരുമായിരുന്നില്ല.

വൈര ജാത വംശരുടെ കുല ദൈവമായ വൈര നാഗം തന്നെയായിരുന്നു.

വൈര നാഗം പയ്യെ അനന്തുവിന്റെ ഉടലിനു സമീപം വന്നു.

അപ്പോഴും ആ നാഗത്തിന്റെ മിഴികളിൽ വാത്സല്യം ആയിരുന്നു ഓളം വെട്ടിയിരുന്നത്.

ആ നാഗം പയ്യെ തന്റെ ഫണം മുന്നോട്ടാഞ്ഞ് അനന്തുവിന്റെ കൈ കാലുകളിലെ ബന്ധനങ്ങളെല്ലാം ദന്തങ്ങൾകൊണ്ട് കടിച്ചു പൊട്ടിച്ചു.

ശേഷം അവന്റെ വായിൽ ഒട്ടിച്ച ടേപ്പും പറിച്ചെടുത്തു കളഞ്ഞു.

എന്നിട്ട് അനന്തുവിനെ തന്റെ വാൾ കൊണ്ട് പയ്യെ ചുറ്റി വരിഞ്ഞെടുത്തു.

അതിനു ശേഷം ആ വൈര നാഗം തന്റെ വലുപ്പം നൂറിരട്ടിയാക്കി മാറ്റി.

ഒരു ചിത്ര ശലഭം ഒരു പ്യൂപ്പയിൽ എങ്ങനെ കാണപ്പെടുമോ അതിനു സമാനമായി തന്റെ ഉടൽ കൊണ്ട് ഓവൽ ഷേപ്പ് നിർമിച്ചു.

അതിൽ വൈര നാഗം തന്റെ കൊടിയ വിഷം നിറയെ തളിച്ച ശേഷം അനന്തുവിനെ അതിലേക്ക് ആഴ്ത്തി വിട്ടു.

അതിനു ശേഷം ആ ഓവൽ ഷേപ്പ് പൂർണമായും അടച്ചുകൊണ്ട് ആ പവിഴപ്പുറ്റുകളുടെ കൂമ്പരത്തിലേക്ക് ആഴ്ന്നു.

അതിനു ശേഷം ഏഴര നാഴികയോളം കടന്നു പോയി.

കരയിൽ രാത്രിയോടടുത്തതും വൈര നാഗം പയ്യെ പവിഴപ്പുറ്റുകൾക്കിടയിൽ നിന്നും പൊന്തി വന്നു.

എന്നിട്ട് തന്റെ ഉടൽ കൊണ്ടു നിർമിച്ച ഓവൽ ഷേപ്പ് അഴിച്ചു പഴയ പോലെ ആക്കിയ ശേഷം തന്റെ കൊടിയ വിഷത്താൽ കുളിച്ചിരിക്കുന്ന അനന്തുവിനെ വാല് കൊണ്ടു ചുറ്റി പിണഞ്ഞ ശേഷം മുകളിലേക്ക് ശക്തിയിൽ വലിച്ചെറിഞ്ഞു.

കടലിന്റെ ഉപരി തലത്തിലൂടെ പറന്നു വന്ന അനന്തു കരയിലെ മണൽ പരപ്പിലാണ് വന്നു പതിച്ചത്.

ആ സമയം തന്നെ ആകാശത്ത് നിന്നും ഭീകരമായ ഒരു കൊള്ളിയാൻ പാഞ്ഞു വന്നു അനന്തുവിൽ പതിച്ചു.

ഏറെ നേരമെടുത്ത ആ മിന്നൽ പ്രഹരത്തിന് ശേഷം കരയിലെ പറന്നുയർന്ന പൊടി പടലങ്ങൾ പയ്യെ താഴ്ന്നു തുടങ്ങി.

അപ്പൊ അവിടെ അനന്തുവിനെ കാണാമായിരുന്നു.

അനന്തുവിന്റെ പാദത്തിനെ തിരകൾ അനന്ത്മായി ചുംബിച്ചു കൊണ്ടു മടങ്ങുന്നു.

എല്ലാം കെട്ടടങ്ങിയതും അനന്തുവിന്റെ ഉടൽ പയ്യെ ഒന്നനങ്ങി.

ഇടം കയ്യിലെ ചെറുവിരലും പയ്യെ അനങ്ങി.

പൊടുന്നനെ അനന്തു കണ്ണുകൾ തുറന്നു.

എന്നിട്ട് സാവധാനം ആ മണലിൽ എഴുന്നേറ്റ് നിന്നു.

ഭയാനകമായ ആ മുഖഭാവം കണ്ടു പ്രകൃതി പോലും നടുങ്ങി പോയി.

അനന്തുവിന്റെ നീല കൃഷ്ണമണികൾ നഷ്ടപ്പെട്ടിരിക്കുന്നു.

അവ ആ കണ്ണുകളിൽ ഉണ്ടായിരുന്നില്ല.

പകരം വെളുത്ത നിറം മാത്രം.

അനന്തു പുനർജ്ജനിച്ചതാണോ അതോ ദുരാത്മാവായി ഉയിർത്തെഴുന്നേറ്റതാണോ എന്ന ശങ്ക മാത്രം.

ആ സമയം അനന്തുവിന്റെ മുഖത്ത് മൃഗീയമായ ഭാവം ആയിരുന്നു.

ആ മുഖത്തെ ഓജസും തേജസും ഒക്കെ നഷ്ട്ടപ്പെട്ട പോലെ.

ആ സമയം പിന്നിലൂടെ ഇഴഞ്ഞെത്തിയ വൈര നാഗം ഒരു ചെറു വിരലിനോളം ചെറുതായ ശേഷം അനന്തുവിന്റെ കഴുത്തിൽ ഒരു ഹാരം പോലെ വിശ്രമിച്ചു.

അനന്തു പയ്യെ മുന്നിലേക്ക് നടക്കാൻ തുടങ്ങി.

ആ ബീച്ചിലൂടെ തന്നെ 3 km നടന്നു കഴിഞ്ഞതും ആൾ തിരക്കുള്ള മറ്റൊരു ബീച്ചിൽ അവൻ എത്തി ചേർന്നു

അവിടെ ധാരാളം ആളുകളും വണ്ടികളും കാണാമായിരുന്നു.

അനന്തു അവിടെ കണ്ട ആരുടെയോ ഒരു പൾസർ ബൈക്ക് എടുത്തു സ്ഥലം വിട്ടു.

അതിമാനുഷികമായ വേഗത ആയിരുന്നു അവന്.

അനന്തുവിനെ നിയന്ത്രിച്ചു കൊണ്ടിരുന്നത് മറ്റാരുമായിരുന്നില്ല.

വൈര നാഗം തന്നെയായിരുന്നു.

ദ്രുത ഗതിയിൽ അവൻ sringeri ബീച്ചിലെത്തി.

അവിടെ നിന്നും കടലിലൂടെ സ്പീഡ് ബോട്ടിൽ ഒരു മണിക്കൂർ പോയാൽ അരുണിമ അകപ്പെട്ട ആ ദ്വീപ്പിലെത്താം.

അനന്തു മറ്റൊന്നും ചിന്തിക്കാതെ കടലിലേക്ക് എടുത്തു ചാടി.

ഒരു മത്സ്യത്തിന്റെ മെയ്വഴക്കം പോലെ അനന്തു കടലിനടിയിലൂടെ നീന്തിക്കൊണ്ടിരുന്നു.

അതിദ്രുതം

അഞ്ചു മിനുട്ടിനുള്ളിൽ അവൻ ആ ദ്വീപ്പിന് സമീപം എത്തിച്ചേർന്നു.

അപ്പോഴും അനന്തുവിനെ ആ നാഗം തന്നെയായിരുന്നു നിയന്ത്രിച്ചു കൊണ്ടിരുന്നത്.

ആ ദ്വീപിലെ ബീച്ചിൽ എത്തിയതും അനന്തുവിന്റെ തൂവെള്ള നിറമുള്ള മിഴികൾ വല്ലാതെ തിളങ്ങി.

കടൽ വെള്ളത്തിലൂടെ നീന്തി കയറി അവൻ കരയിലെ മണൽ പരപ്പിൽ എത്തി ചേർന്നു.

അപ്പൊ തന്നെ ദ്വീപിൽ വന്നു കേറിയ ഒരു അപരിചിതനെ കണ്ട 3 കറുപ്പ് വസ്ത്രധാരികളായ അംഗ രക്ഷകർ ആയുധങ്ങളുമായി അവിടേക്ക് ചെന്നു.

അതിലൊരുവൻ കയ്യിൽ പിസ്റ്റളുമായി എത്തിയതും അനന്തു അയാളുടെ ഇടത് കയ്യിലെ പിസ്റ്റളിൽ കേറി പിടിച്ചു വലത് കൈ വിരൽ കൊണ്ടു അയാളുടെ കണ്ണുകൾ രണ്ടും കുത്തിപ്പൊട്ടിച്ചു.

ആാാാാഹ്ഹ്ഹ്ഹ്

കണ്ണുകൾ പൊട്ടിയതും അയാൾ പ്രാണ വേദനയാൽ അലറി.

അയാളുടെ ഇരു കൺകോണിലുമായി രക്തം ഓഴുകി വരുന്ന കാഴ്ച.

ഹൊ ഭയാനകം തന്നെ.

അതു കണ്ടതും നിമിഷ നേരത്തേക്ക് മറ്റു രണ്ടവന്മാർ തറഞ്ഞു നിന്നു പോയി.

അവരെ നോക്കി കൊലവെറിയോടെ അനന്തു നോക്കിയതും ഞെട്ടലിൽ നിന്നും വിമുക്തരായ അവർ അവന് നേരെ കുതിച്ചു.

അതു കണ്ടതും കാലുകൊണ്ട് അവർക്ക് നേരെ അനന്തു മണൽ തോണ്ടിയെറിഞ്ഞത് സെക്കണ്ടുകൾ കൊണ്ടായിരുന്നു.

കണ്ണിലും വായിലും മണൽ അകപ്പെട്ട അവർ നിന്നു നട്ടം തിരിഞ്ഞതും താഴെ കിടക്കുന്ന ഒന്നാമത്തവന്റെ പിസ്റ്റൾ എടുത്തു ഷൂട്ട് ചെയ്തതും ഒരുമിച്ചായിരുന്നു.

ഠോ.............

ഠോ.............

വെടിയൊച്ചകൾ മുഴങ്ങിയതും രണ്ടു പേരുടെയും തലകൾ ചിന്നി ചിതരിയതും ഒരുമിച്ചായിരുന്നു.

അവരെ മറി കടന്ന് അനന്തു മുന്നിലേക്ക് നടന്നു.

ബീച്ച് കഴിഞ്ഞ് മുന്നോട്ടുള്ള വഴിയിലൂടെ നടന്നതും രണ്ടു പേർ കൂടി അവനെ കണ്ടു പിടിക്കുവാനായി ഓടി വന്നു.

എന്നാൽ ദൂരെ നിന്നു തന്നെ അവൻ അവരെ ഷൂട്ട് ചെയ്തു വീഴ്ത്തി.

എന്നിട്ട് വീണ്ടും നടത്തം തുടർന്നു.

ആ സമയം വഴിയുടെ ഇരു വശത്തു നിന്നും പുലിയെ പോലെ രണ്ടു പേർ കൂടെ ആക്രമിക്കാനായി എടുത്തു ചാടി.

എന്നാൽ ഒരേ സമയം വായുവിലേക്ക് എടുത്തു ചാടിയ അനന്തു ഇരു കൈ മുഷ്ടികൾ ഉപയോഗിച്ച് അവരുടെ ശിരസു പിളർന്നു.

രക്തം പറ്റിയ കൈകളുമായി അവൻ മുന്നോട്ട് തന്നെ നടന്നു.

അരുണിമയെ വീണ്ടെടുക്കാൻ വേണ്ടി.

ഇനിയും രുദിരം പാനം ചെയ്യാൻ അവന്റെ കൈകൾ കൊതിച്ചു.

മുന്നോട്ട് വന്ന ഓരോ കറുത്ത വാസ്ത്രധാരികളെയും കൊലപ്പെടുത്തിക്കൊണ്ട് അവൻ മുന്നേറി.

ഓരോ കൊല കഴിയും തോറും വീണ്ടും ഒരു കൊല ചെയ്യാൻ കൂടി അവനെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

അങ്ങനെ അവൻ ആ കോട്ടയുടെ പടു കൂറ്റൻ ഗേറ്റിന് മുന്നിലെത്തി.

ഒന്നു വീക്ഷിച്ച ശേഷം അനന്തു ആ ഇരുമ്പ് ഗേറ്റിന് ആഞ്ഞൊരു ചവിട്ട് കൊടുത്തു.

അവന്റെ കായ ബലത്താൽ ആ ഇരുമ്പ് ഗേറ്റ് തകർന്ന് തരിപ്പണമായി.

അവിടുന്ന് കോട്ടയുടെ മുന്നിലേക്ക് അവൻ നടന്നു ചെന്നു

എതിരെ വന്നവരെയെല്ലാം ഒരേ സമയം മുഷ്ടി ഉപയോഗിച്ച് ശിരസ് തകർത്തും കഴുത്തൊടിച്ചും ആയുധങ്ങളാൽ പ്രഹരിച്ചും കൊലപ്പെടുത്തിക്കൊണ്ടിരുന്നു.

കോട്ടയുടെ മര വാതിലും ചവിട്ടി പൊളിച്ചു കൊണ്ടു ഉള്ളിൽ കയറിയ അനന്തുവിന് വൈര നാഗം താഴേക്ക് പോകാൻ ഫണം കൊണ്ടു ആംഗ്യം കാണിച്ചു.

അത് മനസിലാക്കിയ അനന്തു താഴേക്കുള്ള കോണിപടിയിലൂടെ അണ്ടർ ഗ്രൗണ്ടിൽ എത്തിച്ചേർന്നു.

അനന്തുവിന്റെ കഴുത്തിൽ കിടന്ന വൈര നാഗം ഇടത് വശത്തേക്ക് പോകാൻ ഇടത് തടിയിലുരുമ്മിയും വലത് വശത്തേക്ക് പോകാൻ വലത് താടിയിലുരുമ്മിയും ആണ് ദിശ നൽകിയത്.

അണ്ടർ ഗ്രൗണ്ടിലെ ഇടനാഴിയുടെ അങ്ങേയറ്റത്ത് ഒരു റൂം കാണാം.

അതിന്റെ ഡോർ തുറന്ന് കിടപ്പുണ്ടായിരുന്നു.

ആ ഡോറിലൂടെ കയറി വന്ന അനന്തു കാണുന്നത് ആ റൂമിന്റെ പകുതിയോളമുള്ള ഒരു ഗ്ലാസ് ചേമ്പർ ആയിരുന്നു.

അതിന്റെ ഉള്ളിൽ മെഡിക്കൽ ഉപകരണങ്ങളുടെ സഹായത്തോടെ ജീവൻ നില നിർത്തുന്ന അരുണിമയെ അനന്തു ഒരു നോക്കെ കണ്ടുള്ളു

അത് കഴിഞ്ഞ് അവിടെ നടന്ന രംഗം അനന്തു അടുത്തുള്ള സോഫ സെറ്റി പൊക്കിയെടുത്ത് ഗ്ലാസ് ചേമ്പറിന് നേരെ എറിയുന്നതാണ്.

അസ്ഥാനത്ത് ഏറു കിട്ടിയ ചേമ്പറിലെ ഗ്ലാസ് തകർന്നു തരിപ്പണമായി.

അതിലൂടെ അനന്തു ഉള്ളിലേക്ക് ചാടി കടന്നു.

അവിടെയുണ്ടായിരുന്ന മെഡിക്കൽ അംഗങ്ങളെയെല്ലാം ഓടിച്ചു വിട്ടു.

ശേഷം അനന്തു കഴുത്തിൽ അണിഞ്ഞിരുന്ന വൈര നാഗത്തെയെടുത്തു അരുണിമയുടെ മാറോട് ചേർത്തു വച്ചു.

വൈരനാഗത്തിന്റെ സംരക്ഷണം അവളിൽ ഉറപ്പായ സ്ഥിതിക്ക് അനന്തു ലിഫ്റ്റിന് നേരെ നടന്നു.

അതിൽ കയറി ഏറ്റവും ടോപ് ഉള്ള ഫ്ലോറിൽ എത്തിചേർന്നു.

ലിഫ്റ്റിൽ നിന്നുമിറങ്ങിയ അനന്തുവിനെ കണ്ടു 2 തോക്ക്ധാരികൾ അവന് നേരെ ഓടിയെടുത്തു.

മുൻപിലേക്ക് ഓടി വന്നയാൾ തൊട്ട് മുന്നിൽ എത്തിയതും അനന്തു ഭിത്തിലേക്ക് ഓടി വലിഞ്ഞു കയറി മുന്നിൽ വന്നവന്റെ ശിരസിൽ പിടിച്ചു തറയിലേക്ക് വലിച്ചടിച്ചു.

ശക്തിയിൽ.

അയാളുടെ തല ചിന്നി ചിതറിയത് കണ്ടു അനന്തുവിന് എതിരെ വരുന്നവൻ ഗത്യന്തരമില്ലാതെ തോക്ക് എടുത്തു വെടിയുതിർക്കാൻ നോക്കി.

എന്നാൽ അതിനു മുന്നേ അരയിൽ നിന്നും തോക്കെടുത്ത അവൻ അയാളുടെ മുട്ടുകാൽ നോക്കി വെടിവച്ചിട്ടു

അയാൾ വെടി കൊണ്ടു വീണതും അയാളുടെ ഗൺ എടുത്തു ബോഡിഗാർഡ്സ് ആയ മറ്റു മൂന്നു പേരെയും തെല്ലിട പോലും കളയാതെ ഷൂട്ട് ചെയ്തിട്ടു.

ആ ഇടനാഴിയിൽ ബോഡിഗാർഡ്സിന്റെ രക്തവും മാംസവും കാരണം രക്തരൂഷിതമായി

എന്നാൽ എസിയുടെ തണുപ്പിൽ 5 പെണ്ണുങ്ങളുടെ ചൂടേറ്റ് രതി മയക്കത്തിലായിരുന്ന ഡോൺ ക്രിസ്റ്റഫർ ഡി സൂസ പുറത്ത് നടക്കുന്ന ബഹളങ്ങളൊന്നും അറിഞ്ഞില്ല.

ലോക്ക് ചെയ്ത വാതിൽ ചവിട്ടി പൊളിച്ചുകൊണ്ട് അനന്തു ഉള്ളിലേക്ക് കടന്നു വന്നു.

അവിടെ കണ്ട കാഴ്ച്ച

നഗ്നയായ 5 പെണ്ണുങ്ങളുടെ കൂടെ നഗ്നത ആസ്വദിച്ച് ഉറങ്ങുന്ന ഡോൺ ക്രിസ്റ്റഫർ

അനന്തു ബെഡിന്റെ തറയിൽ കിടക്കുന്ന ഒരു വോഡ്കയുടെ കുപ്പിയെടുത്ത് അയാളുടെ തലമണ്ട നോക്കി പൊട്ടിച്ചു.

ഉറക്കത്തിൽ തലക്കടി കൊണ്ട ക്രിസ്റ്റഫർ നിലവിളിച്ചുകൊണ്ടു ചാടിയെഴുന്നേറ്റു.

അയാളുടെ നെറുകയിലെ മുറിവുകളിൽ നിന്നും രക്തം ധാരയായി ഒഴുകി വരാൻ തുടങ്ങി.

ചാടിയെഴുന്നേറ്റ ക്രിസ്റ്റോഫർ നോക്കിയപ്പോൾ കാണുന്നത് കൃഷ്ണമണികൾ ഇല്ലാത്ത കണ്ണുകളോടെ നിൽക്കുന്ന ഒരു യുവാവിനെ ആയിരുന്നു.

ആ മൃഗ്ഗീയ ഭാവം അയാളെ പോലും ഒന്നു ഭയപ്പെടുത്തി.

അനന്തുവിനെ തുറിച്ചു നോക്കിയ അയാൾ പതിയെ തന്റെ ഓർമകളിൽ നിന്നും ചില നാടകീയ രംഗങ്ങൾ അതും വർഷങ്ങൾക്ക് മുന്നേ നടന്നത് ഓർമിക്കുവാൻ തുടങ്ങി.

രംഗങ്ങൾ അരങ്ങേറാൻ കാരണഭൂതമായ വ്യക്തി.

ഇതേ മുഖവും ഇതേ രൂപവും ഉള്ള മറ്റൊരാൾ.

കണ്ടു മറന്ന ഒരു മുഖം

ക്രിസ്റ്റഫർ ആലോചനക്കിടയിലും അനന്തുവിന് നേരെ ചീറാൻ മറന്നില്ല.

ഹേയ്...... യൂ സ്കൗണ്ട്രൽ

മുറിവിൽ അമർത്തി പിടിച്ചുകൊണ്ടു തലയിണയ്ക്കടിയിലുള്ള പിസ്റ്റളിനായി അയാൾ പരതി.

അപ്പോഴേക്കും താഴെ കിടന്ന ബെഡ് ഷീറ്റ് എടുത്തു അനന്തു ക്രിസ്റ്റഫറിന്റെ കഴുത്തു നോക്കി ചുഴറ്റിയെറിഞ്ഞു.

ബെഡ് ഷീറ്റ് അയാളുടെ കഴുത്തിൽ ചുറ്റി വരിഞ്ഞതും അനന്തു അതിൽ പിടിച്ചു ഒറ്റ വലി.

അയാൾ തെറിച്ചു അവന്റെ കാൽ ചുവട്ടിൽ വന്നു കിടന്നു.

അയാൾക്ക് മിണ്ടാനോ ഉരിയാടാനോ പോലും സമയം കൊടുക്കാതെ അനന്തു ആ ബെഡ് ഷീറ്റ് കൊണ്ടു അയാളുടെ വായും മൂക്കും കണ്ണുകളും വരെ മൂടുന്ന തരത്തിൽ ചുറ്റി വച്ചു.

മൂക്കും വായും ബെഡ് ഷീറ്റിന്റെ ബന്ധനത്തിൽ അകപ്പെട്ടത്തോടെ ക്രിസ്റ്റഫറിന് ശ്വാസം മുട്ടുവാൻ തുടങ്ങി.

അയാൾ തറയിൽ കിടന്ന് കൈകാലുകളിട്ട് അടിക്കുവാൻ തുടങ്ങി.

അത് കണ്ട റൂമിലെ സ്ത്രീകൾ കിടന്ന് അലമുറയിടാനും.

അവരുടെ അലർച്ച അനന്തുവിന് അസഹനീയമായി തോന്നി.

കാതിൽ ഈയം ഉരുക്കിയൊഴിക്കുന്നത് പോലെ.

അനന്തു ബെഡ് ഷീറ്റിൽ ഒരിക്കൽ കൂടി പിടി മുറുക്കിയതും അയാൾ അവസാനമായി ഒന്നു കൂടി പിടഞ്ഞ ശേഷം നിശ്ചലമായി.

ഇഹലോക വാസം വെടിഞ്ഞു.

പോകാൻ തിരിഞ്ഞ അനന്തു പൊടുന്നനെ ആ റൂമിലെ ഫ്രെയിം ചെയ്ത ഫോട്ടോ കണ്ട് തറഞ്ഞ് നിന്നു.

ക്രിസ്റ്റഫർ ഡി സൂസ മറ്റൊരു മധ്യവയസ്കനൊപ്പം തോളോട് തോൾ ചേർന്നു എടുത്തിരിക്കുന്ന ഫോട്ടോ.

അത് മാറ്റാരുമായിരുന്നില്ല.

അതേ മുറിച്ചെവിയൻ തന്നെ ആയിരുന്നു.

ഈ കഥയിലെ ഏറ്റവും നികൃഷ്ടനായ വില്ലൻ.

ആ  ഫോട്ടോ എടുത്തു നാലു കഷ്ണമാക്കി അവൻ ഭിത്തിയിലേക്ക് വലിച്ചെറിഞ്ഞു.

അനക്കമറ്റ ക്രിസ്റ്റഫറിന്റെ ബോഡി അവിടെയിട്ട് അനന്തു തിരികെ ചേമ്പറിലേക്ക് വന്നു.

അവിടെ കണ്ട കാഴ്ച്ച.

വൈര നാഗം ഫണം ഉയർത്തി പിടിച്ചു അവൾക്ക് കാവലെന്നോണം ഇരിപ്പുണ്ട്.

മെഡിക്കൽ ഉപകരണങ്ങൾ ഇല്ലാതെ തന്നെ അരുണിമ ഇപ്പൊ നന്നായി ശ്വസിക്കുന്നുണ്ട്.

വൈര നാഗത്തിന്റെ അത്ഭുത വിദ്യ.

മുഖത്തെ കറുപ്പ് ഒക്കെ മാറി ഓജസും തേജസും തിരികെ കിട്ടിയിരിക്കുന്നു.

ശരീരത്തിലെ മുറിവുകളും പരിക്കുകളും ഒറ്റയടിക്ക് ഭേദമായിരിക്കുന്നു.

അനന്തു അവിടേക്ക് വന്നു കൈ നീട്ടിയതും വൈര നാഗം അവന്റെ കൈയിലൂടെ ഇഴഞ്ഞു മുകളിലേക്ക് കയറി.

എന്നിട്ട് കഴുത്തിലൂടെ ചുറ്റി വരിഞ്ഞു അനന്തുവിന്റെ കണ്ണുകൾക്ക് നേരെ നീങ്ങി.

അവന്റെ കണ്ണുകൾക്ക് മുകളിലൂടെ വൈര നാഗം തന്റെ ഉടൽ കൊണ്ടു ഇഴഞ്ഞു നീങ്ങി.

ഇഴഞ്ഞു നീങ്ങിയതും നാഗം അവന്റെ കഴുത്തിൽ വീണ്ടും ഒരു ഹാരത്തെ പോലെ ചുറ്റി കിടന്നു.

പയ്യെ അനന്തു കണ്ണുകൾ തുറന്നു.

അവന്റെ നീല നയനങ്ങൾ തിരികെ കിട്ടിയിരിക്കുന്നു.

മുഖത്തു മൃഗ്ഗീയ ഭാവത്തിന് പകരം നിർവികാരത മാത്രം.

കൺമുന്നിൽ അനന്തു കണ്ടത് അരുണിമയെയായിരുന്നു.

അവന്റെ കണ്ണുകൾ പിടഞ്ഞു.

നെഞ്ചകം കലങ്ങി.

വിറയ്ക്കുന്ന അധരങ്ങളാൽ അവന്റെ ശബ്ദമെത്തി.

ക്.............കല്യാണി

അനന്തു ഓടി ചെന്നു അവളെ വാരി പുണർന്നു.

മയക്കത്തിലായിരുന്ന അവളെ നെഞ്ചോട് ചേർത്ത് തിരുനെറ്റിയിലും കവിളുകളിലും തുരു തുരെ ചുടു ചുംബനങ്ങൾ നൽകി.

ഇനി ആർക്കും വിട്ടു കൊടുക്കില്ലെന്ന വാശിയോട് അവൻ അവളെ പുണർന്നു.

അത് അനന്തു തന്നെ ആയിരുന്നോ?

ആയിരുന്നില്ല.

ദേവൻ ആയിരുന്നു.

തേവക്കാട്ടിൽ ശങ്കരൻ മകൻ ദേവൻ.

അതേ അവൻ പുനർജ്ജനിച്ചിരിക്കുന്നു.

ഈ കഥയുടെ നായകൻ രാജകീയമായി തന്നെ ഭൂമിയിലേക്ക് ആഗതനായിരിക്കുന്നു.

കേവലം അർദ്ധ രാത്രികളിൽ ദുരാത്മാവ് ആയി ഉടലെടുക്കുന്ന ദേവൻ അല്ല മറിച്ച് അനന്തുവെന്ന മനുഷ്യ ഉടലിലെ ഉപബോധത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയ ദേവൻ.

ഇനി അനന്തു അല്ല മറിച്ച് ദേവൻ ആണ്.

ദേവൻ മാത്രം.

അനന്തു സാത്വിക ഭാവമാണെങ്കിൽ ദേവൻ രൗദ്ര ഭാവമാണ്.

ദുരാത്മാക്കളുടെ മൂർത്തി ഭാവം.

അരുണിമയ്ക്ക് അപ്പോഴും ബോധം വീണിരുന്നില്ല.

ദേവൻ അവളെ വാരിയെടുത്ത് ചുമലിലിട്ടു.

തന്റെ കല്യാണിയാണെന്ന് ഓർത്ത്.

തനിക്ക് നഷ്ട്ടപ്പെട്ടു പോയ പ്രണയം തിരികെ കിട്ടിയെന്ന് ഓർത്ത്.

എന്നാൽ ദേവൻ അറിഞ്ഞിരുന്നില്ല അരുണിമ ഒരു സാധാരണ പെൺകുട്ടി മാത്രമാണെന്നുള്ളത്.

അരുണിമയെയും കൊണ്ടു അവൻ ആ ദ്വീപ്പിന്റെ ബീച്ചിലെത്തി.

ദേവൻ ചുറ്റും നോക്കി.

പരന്നു കിടക്കുന്ന സമുദ്രം.

അതിലേക്ക് അരുണിമയെയും കൊണ്ടു ചാടി നീന്തിയാൽ അവൾക്ക് അപകടമാണ്.

മറ്റെന്തെങ്കിലും മാർഗം വേണം.

അവൻ ചുറ്റും നോക്കി.

അവിടെയൊരു സ്പീഡ് ബോട്ട് കാണാമായിരുന്നു.

ദേവൻ അങ്ങോട്ടേക്ക് നടന്നു.

അരുണിമയെ അതിൽ കിടത്തിയ ശേഷം ദേവൻ സ്പീഡ് ബോട്ട് മുന്നിലേക്കെടുത്തു.

കടലിലൂടെ കുതിച്ചു പായുമ്പോൾ ദേവൻ ഒന്നു പിറകിലേക്ക് നോക്കി.

ആ കോട്ട ഇപ്പൊ ശവക്കോട്ടയ്ക്ക് സമാനം.

ദേവൻ അട്ടഹസിച്ചുകൊണ്ടു ബോട്ട് ഓടിച്ചു കൊണ്ടിരുന്നു.

ദേവന്റെ പ്രതികാരം സാക്ഷാത്ക്കരിക്കുന്നത്തിനുള്ള സാമ്പിൾ വെടിക്കെട്ട് മാത്രമാണ് ഇപ്പൊ ആ ദ്വീപിൽ നടന്നത്.

വരുന്നത് വഴിയേ വച്ചു കാണാം.

തുടരും

സ്നേഹത്തോടെ ചാണക്യൻ........!!!!!!

Nb : പഴയ പോലെ കഥ സമയത്തു ഇടാൻ പറ്റുന്നില്ല..... അതുകൊണ്ട് ഇപ്പൊ പഴയ സപ്പോർട്ട് തീരെ ഇല്ലാ...എങ്കിലും ഈ കഥ നിങ്ങളെ ബോറടിപ്പിക്കില്ലെന്ന് ഞാൻ കരുതുന്നു...

വശീകരണ മന്ത്രം സീസൺ 1 ഇവിടെ കഴിഞ്ഞിരിക്കുന്നു. ഇനി സീസൺ 2 വിൽ കാണാം കേട്ടോ

അതുവരെ ഒരു ചെറിയ വലിയ ബ്രേക്ക്....